# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

2018 ജൂൺ 5, ചൊവ്വ

# ഔദ്യോഗിക റിപ്പോർട്ട്

## വാല്യം 172 - നമ്പർ 2

വില : ₹ 50

കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

## പതിനൊന്നാം സമ്മേളനം

2018 ജൂൺ 5, ചൊവ്വ

സ്പീക്കർ
**ശ്രീ. പി. ശ്രീരാമകൃഷ്ണൻ**

ഡെപ്യൂട്ടി സ്പീക്കർ
**ശ്രീ. വി. ശശി**

സെക്രട്ടറി
**ശ്രീ. വി. കെ. ബാബുപ്രകാശ്**

ചീഫ് എഡിറ്റർ
**ശ്രീമതി കെ. ചാന്ദ്നി റാണി**

എഡിറ്റിംഗ് ബ്രാഞ്ച്
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
തിരുവനന്തപുരം

543/20

# മന്ത്രിസഭാംഗങ്ങൾ

| | | |
|---|---|---|
| മുഖ്യമന്ത്രി | : | ശ്രീ. പിണറായി വിജയൻ |
| പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ബാലൻ |
| റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി | : | ശ്രീ. ഇ. ചന്ദ്രശേഖരൻ |
| തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി | : | ഡോ. കെ. ടി. ജലീൽ |
| വൈദ്യുതി വകുപ്പുമന്ത്രി | : | ശ്രീ. എം. എം. മണി |
| ജലവിഭവ വകുപ്പുമന്ത്രി | : | ശ്രീ. മാത്യു ടി. തോമസ് |
| മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി | : | ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ |
| വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി | : | ശ്രീ. എ. സി. മൊയ്തീൻ |
| വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രി | : | ശ്രീ. കെ. രാജു |
| തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി | : | ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി |
| തൊഴിലും എക്സൈസും വകുപ്പുമന്ത്രി | : | ശ്രീ. റ്റി. പി. രാമകൃഷ്ണൻ |
| വിദ്യാഭ്യാസ വകുപ്പുമന്ത്രി | : | പ്രൊഫ. സി. രവീന്ദ്രനാഥ് |
| ഗതാഗത വകുപ്പുമന്ത്രി | : | ശ്രീ. എ. കെ. ശശീന്ദ്രൻ |
| ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി | : | ശ്രീമതി കെ. കെ. ശൈലജ ടീച്ചർ |
| പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി | : | ശ്രീ. ജി. സുധാകരൻ |
| കൃഷി വകുപ്പുമന്ത്രി | : | ശ്രീ. വി. എസ്. സുനിൽ കുമാർ |
| സഹകരണവുംവിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി | : | ശ്രീ. കടകംപള്ളി സുരേന്ദ്രൻ |
| ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി | : | ശ്രീ. പി. തിലോത്തമൻ |
| ധനകാര്യവും കയറും വകുപ്പുമന്ത്രി | : | ഡോ. ടി. എം. തോമസ് ഐസക് |

# ഉള്ളടക്കം


*പേജ്*

**I. ചോദ്യോത്തരങ്ങൾ**

1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ ...01

2. രേഖാമൂലം നൽകിയ ഉത്തരങ്ങൾ

(i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...34

(ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ ...109

**II അടിയന്തരപ്രമേയം**

നിപ വൈറസ് ബാധ ... 538
(ചർച്ചയ്ക്കെടുത്തു)

**III ശ്രദ്ധ ക്ഷണിക്കൽ**

(1) വില വർദ്ധനവ്

—ശ്രീ. എ. പ്രദീപ്കുമാർ ... 539

(2) മുച്ചക്രവാഹനങ്ങളും ഇലക്ട്രോണിക് വീൽചെയറുകളും അനുവദിക്കൽ

—ശ്രീ. ഷാഫി പറമ്പിൽ ... 544

**IV സബ്മിഷൻ**

(1) തിയേറ്റർ ഉടമയുടെ അറസ്റ്റ്

—പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല) ... 549

(2) കുട്ടികളുടെ ദുരൂഹമരണം

—ശ്രീമതി ഇ. എസ്. ബിജിമോൾ ... 554

(3) പട്ടയം നൽകൽ

—ശ്രീ. ഒ. ആർ. കേളു ... 555

പേജ്

(4) ത്തുക്കപാലത്തിന്റെ അറ്റകുറ്റപ്പണികൾ

—ശ്രീമതി ഗീതാ ഗോപി ... 556

(5) ഗ്രാന്റ് അനുവദിക്കൽ

—ശ്രീ. എ. എം. ആരിഫ് ... 558

(6) ടി. ബി. സെന്റർ

—ശ്രീ. കെ. ജെ. മാക്സി ... 559

(7) തമ്മനം-പുല്ലേപ്പടി റോഡ്

—ശ്രീ. പി. ടി. തോമസ് ... 560

(8) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ

—ശ്രീ. വി. എസ്. അച്ചുതാനന്ദൻ ... 562

(9) ചെങ്കൽ ഖനനം

—ശ്രീ. വി. ടി. ബൽറാം ... 564

(10) പ്ലസ് വൺ സീറ്റ് വർദ്ധിപ്പിക്കൽ

—ശ്രീ. പി. ഉബൈദുള്ള ... 566

**V മേശപ്പുറത്തുവച്ച കടലാസ്സുകൾ**

കാര്യവിവരപ്പട്ടികയിലെ മൂന്നാമത്തെ ഇനം അനുസരിച്ചുള്ള കടലാസ്സുകൾ ... 569

**VI റിപ്പോർട്ട് സമർപ്പണം**

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് ...587

**VII റിപ്പോർട്ട് പരിഗണന**

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് ...587

**VIII നിയമനിർമ്മാണകാര്യം**

താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി)ബിൽ

(ii) 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ

(iii) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ ... 588

**IX അടിയന്തരപ്രമേയ ചർച്ച** ... 622

**നിയമനിർമ്മാണ കാര്യം -(തുടർച്ച)**

**X അറിയിപ്പ്**

ഇഫ്താർ വിരുന്ന്

—മി. ഡെപ്യൂട്ടി സ്പീക്കർ ...714

**XI അനുബന്ധം**

ആരോഗ്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച നിപ വൈറസ് ബാധയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ ...715

# കേരള നിയമസഭാ നടപടികൾ

## പതിനാലാം കേരള നിയമസഭ

### പതിനൊന്നാം സമ്മേളനം

*2018 ജൂൺ 5, ചൊവ്വ*

വാല്യം 172] ഔദ്യോഗിക റിപ്പോർട്ട് [നമ്പർ 2

നിയമസഭ 2018 ജൂൺ മാസം 05-ാം തീയതി ചൊവ്വാഴ്ച രാവിലെ 08.30-ന് ബഹുമാനപ്പെട്ട സ്പീക്കർ ശ്രീ. പി. ശ്രീരാമകൃഷ്ണന്റെ അദ്ധ്യക്ഷതയിൽ നിയമസഭാ ഹാളിൽ യോഗം ചേർന്നു.

## I ചോദ്യോത്തരങ്ങൾ

(ഈ സമ്മേളനകാലത്തിലേയ്ക്ക് അനുവദിക്കപ്പെട്ട ചോദ്യങ്ങളുടെ പട്ടികയിലെ നമ്പർ ബ്രാക്കറ്റിൽ കാണിച്ചിരിക്കുന്നു.)

## 1. വാങ്മൂലം നൽകിയ ഉത്തരങ്ങൾ

മി.സ്പീക്കർ: ഓർഡർ, ഓർഡർ........ ചോദ്യം നമ്പർ (*31).

**പെട്രോൾ ഡീസൽ വിലവർദ്ധനവ്**

1 (*31) ശ്രീ. എൻ. എ. നെല്ലിക്കുന്ന്:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. എൻ. ഷംസുദ്ദീൻ:
ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുതിച്ചുയരുന്ന പെട്രോൾ ഡീസൽ വിലമൂലം എല്ലാ മേഖലയിലും വിലക്കയറ്റം ഉണ്ടാകുന്നതിനെത്തുടർന്ന് സാധാരണ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് അറിയിക്കുമോ;

(ബി) ഓരോ ലിറ്റർ പെട്രോളും ഡീസലും വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് നികുതി ഇനത്തിൽ എത്ര രൂപ വീതമാണ് ലഭിക്കുന്നത് എന്ന് വ്യക്തമാക്കുമോ;

(സി) ഈയിനത്തിൽ സർക്കാരിന് ലഭിക്കുന്ന വാർഷിക വരുമാനം എത്രയാണെന്ന വിവരം നൽകുമോ;

(ഡി) മുൻ സർക്കാർ ചെയ്തതുപോലെ സംസ്ഥാന നികുതി കുറച്ച് സാധാരണക്കാരെ സഹായിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, (എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില ദിനംപ്രതി ഗണ്യമായി വർദ്ധിക്കുന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇത് നിത്യോപയോഗസാധനങ്ങളുടെ വിലവർദ്ധനവിന് കാരണമായിട്ടുണ്ട്. നിത്യോപയോഗ സാധനങ്ങളുടെ വിലനിയന്ത്രണത്തിന് വിപണി ഇടപെടൽ നടത്തുന്നതിനുവേണ്ടി 2015-16-ൽ സപ്ലൈകോയ്ക്ക് 99 കോടി രൂപ നൽകിയിരുന്ന സ്ഥാനത്ത് 2017-18-ൽ 200 കോടി രൂപ സർക്കാർ നൽകി. വിലക്കയറ്റം സംസ്ഥാനത്ത് ക്രമാതീതമായി ഉയരാതെ വിപണി ഇടപെടൽ നടത്തുന്നതിന് ഇത് സഹായകമായിട്ടുണ്ട്.

(ബി) 31-5-2018-ലെ കണക്കുപ്രകാരം ഒരു ലിറ്റർ പെട്രോൾ വിൽക്കുമ്പോൾ 18.51 രൂപ വിൽപ്പന നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ വിൽപ്പന നികുതി ഇനത്തിലും 19 പൈസ സെസ്സ് ഇനത്തിലും ഒരു ലിറ്റർ ഡീസൽ വിൽക്കുമ്പോൾ 13.90 രൂപ വിൽപ്പന നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ വിൽപ്പന നികുതി ഇനത്തിലും 14 രൂപ സെസ്സ് ഇനത്തിലുമായി സംസ്ഥാന സർക്കാരിന് ലഭിക്കുന്നുണ്ട്.

(സി) ഈ ഇനത്തിൽ 2017-18 സാമ്പത്തിക വർഷത്തിൽ പെട്രോളിൽ നിന്ന് 3226.91 കോടി രൂപയും ഡീസലിൽ നിന്ന് 3823.3 കോടി രൂപയുമാണ് സംസ്ഥാന സർക്കാരിന് വരുമാനമായി ലഭിച്ചത്.

(ഡി) സാധാരണക്കാരെ സഹായിക്കുന്നതിന് 1-6-2018 മുതൽ വിലയിൽ ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

ശ്രീ. പി. ടി. തോമസ്: സർ, ഡീസലിന്റെ സെസ്സ് ലിറ്ററിന് 14 പൈസ എന്നല്ലേ? 14 രൂപ എന്നാണ് മറുപടിയിൽ പറഞ്ഞിരിക്കുന്നത്.

മി. സ്പീക്കർ: ഇക്കാര്യം അങ്ങേയ്ക്ക് ഉപചോദ്യമായി ചോദിക്കാവുന്നതാണ്.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, പെട്രോളിന്റെയും ഡീസലിന്റെയും വില ഓരോ ദിവസമെന്നല്ല ഓരോ മണിക്കൂറും വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. അടുത്തകാലത്തായി കേരളീയരുടെ മനസ്സ് പിടഞ്ഞുകൊണ്ടിരിക്കുകയാണ്. നമ്മളെല്ലാവരും ഇക്കാര്യത്തിൽ ദു:ഖമുള്ളവരാണ്. എന്നാൽ പെട്രോൾ, ഡീസൽ വിലവർദ്ധനവിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി സന്തോഷിക്കുന്നുണ്ടെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് മറ്റൊന്നും കൊണ്ടല്ല, പലപ്പോഴും നിർഭാഗ്യങ്ങളും ആഗ്രഹിക്കാത്ത കാര്യങ്ങളും നമുക്ക് അനുഗ്രഹമായി മാറാറുണ്ട്. നമ്മുടെ സംസ്ഥാനം സാമ്പത്തികമായി വളരെയധികം പ്രതിസന്ധിയിലാണെന്ന് നമുക്കറിയാം. ആ സമയത്ത് ഇങ്ങനെയൊരു അനുഗ്രഹം ലഭിക്കുമ്പോൾ സ്വാഭാവികമായും ധനകാര്യ വകുപ്പുമന്ത്രി എന്ന നിലയിൽ അദ്ദേഹം സന്തോഷിക്കും എന്ന് നമുക്കറിയാം.

മി. സ്പീക്കർ: അങ്ങ് ദയവായി ചോദ്യം ചോദിക്കൂ.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, അദ്ദേഹം ഇതിൽ സന്തോഷിക്കുന്നുണ്ടാകില്ല. മുൻ സർക്കാർ ചെയ്തതുപോലെ സംസ്ഥാന നികുതി കുറച്ച് സാധാരണക്കാരെ സഹായിക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ എന്ന ചോദ്യത്തിന് മന്ത്രി നൽകിയ മറുപടി സാധാരണക്കാരെ സഹായിക്കുന്നതിന് 1-6-2018 മുതൽ വിലയിൽ ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട് എന്നാണ്. കഴിഞ്ഞ സർക്കാരിന്റെ ഭരണകാലത്ത്, എന്റെ ഓർമ്മ ശരിയാണെങ്കിൽ 15 തവണ വില വർദ്ധിപ്പിച്ചുവെന്നാണ് തോന്നുന്നത്.

മി. സ്പീക്കർ: അങ്ങ് എന്താണ് ചെയ്യുന്നത്; പ്രസംഗിച്ചു കൊണ്ടിരിക്കുകയാണോ; ചോദ്യം ചോദിക്കൂ? ഇത് ശരിയല്ല.

ശ്രീ. എൻ. എ. നെല്ലിക്കുന്ന്: സർ, ഓരോ തവണയും കേന്ദ്രം വില വർദ്ധിപ്പിക്കുമ്പോൾ അധിക വർദ്ധനവിന്റെ നികുതി വേണ്ടെന്ന് കഴിഞ്ഞ സർക്കാർ തീരുമാനിച്ചിരുന്നു. ഈ സർക്കാർ അങ്ങനെയുള്ള ഒരു തീരുമാനമെടുക്കുമോ; ഇപ്പോൾ കുറെയധികം നികുതി ലഭിച്ചിട്ടുണ്ട്, അത് വേണ്ടെന്നുവയ്ക്കാൻ സർക്കാർ തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, കഴിഞ്ഞ സർക്കാർ ചെയ്തതിനെക്കുറിച്ച് ബഹുമാനപ്പെട്ട മെമ്പർക്ക് വലിയ തെറ്റിദ്ധാരണയാണുള്ളത്. കൃത്യമായ കണക്ക് ഞാൻ പറയാം. കഴിഞ്ഞ സർക്കാർ അധികാരത്തിൽ വന്ന ആദ്യവർഷം നാല് തവണ അധിക നികുതി വേണ്ടെന്നുവച്ച് നിരക്ക് കുറയ്ക്കുകയുണ്ടായി. അതിന്റെ ഫലമായി നികുതി നിരക്ക് 29.00 ശതമാനത്തിൽ നിന്ന് 23.07 ശതമാനമായി കുറഞ്ഞു. എന്നാൽ അതിനുശേഷം പതിനെട്ട് തവണ വിലവർദ്ധനവ് ഉണ്ടായെങ്കിലും ഒരിക്കൽപ്പോലും നികുതി കുറച്ചില്ല. അതിന്റെ ഫലമായി നികുതി നിരക്ക് 31.8 ശതമാനമായി വർദ്ധിച്ചു. ഇതിനുപുറമെ ഒരു രൂപ അഡീഷണൽ സെയിൽസ് ടാക്സ് ഏർപ്പെടുത്തി. കൂടാതെ 1% സെസ്സ് നികുതിയുടെമേൽ ചുമത്തുകയും ചെയ്തു. ഇതിന്റെ ഫലമായി ഒരു ഘട്ടത്തിൽ 23 ശതമാനത്തിലേയ്ക്ക് താഴ്ന്ന നികുതി നിരക്ക് കഴിഞ്ഞ സർക്കാർ അധികാരമൊഴിയുമ്പോൾ 33.34 ശതമാനമായി, ഇഫക്ടീവായി ഉയർന്നു. ഏതാണ്ട് 600 കോടിയോളം രൂപ കഴിഞ്ഞ സർക്കാർ വേണ്ടെന്ന് വച്ചപ്പോൾ, പിന്നീടുണ്ടായ വർദ്ധനവിൽനിന്നും ഏതാണ്ട് 2000 കോടി രൂപ അധികമായി പിരിക്കുകയും ചെയ്തു എന്നുള്ളതാണ് യാഥാർത്ഥ്യം.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ തീരുമാനത്തിൽ പ്രയാസപ്പെടുന്ന കേരളീയർക്ക് ആശ്വാസം നൽകുന്നതിന് ഈ സർക്കാർ എന്തൊക്കെയോ ചെയ്തിട്ടുണ്ടെന്നാണ് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത്. അക്കാര്യത്തിൽ ഞാൻ തർക്കിക്കുന്നില്ല. കേരള സംസ്ഥാനത്തിനും നിയമസഭയ്ക്കും ഒരു പ്രത്യേകതയുണ്ട്. കേന്ദ്ര ഗവൺമെന്റിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരെ ഒന്നിച്ചുനിന്ന പാരമ്പര്യമാണ് നമുക്കുള്ളത്. ഈയടുത്ത കാലത്ത് നോട്ട് നിരോധനം വന്നപ്പോൾ ഈ സഭ പ്രത്യേക സമ്മേളനം നടത്തി അതിനെതിരെ പ്രതിഷേധിച്ചു. ഓരോ മണിക്കൂറിലും പെട്രോളിന്റെയും ഡീസലിന്റെയും വില വർദ്ധിച്ചുകൊണ്ടിരിക്കുകയാണ്. ഇത് ജനവിരുദ്ധ നയമാണെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇക്കാര്യത്തിൽ ഒറ്റക്കെട്ടായി നിന്ന് നമ്മുടെ പ്രതിഷേധം അറിയിക്കാനുള്ള നടപടി സർക്കാർ സ്വീകരിക്കുമോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഈ പ്രശ്നത്തിൽ ഇന്ത്യയിലെ എല്ലാ രാഷ്ട്രീയ പാർട്ടികളും ഒരുമിച്ച് നിൽക്കണമെന്ന അഭിപ്രായമാണുള്ളത്. കേരളത്തിലെ മുഴുവൻ രാഷ്ട്രീയ പാർട്ടികൾക്കും ഒരുമിച്ച് നിൽക്കാൻ കഴിയണം. ഇപ്പോൾ വിലവർദ്ധനവ് ഉണ്ടാകാനുള്ള കാരണമെന്താണ്? ബി.ജെ.പി. സർക്കാർ അധികാരത്തിൽ വന്നപ്പോൾ പെട്രോളിന് ഒരു ലിറ്ററിന് 9.20 രൂപയായിരുന്നു നികുതി, അത് 19.48 രൂപയായി ഉയർത്തി. വർദ്ധനവ് ഇരട്ടിയിലധികമായിരുന്നു. ഡീസൽ ഒരു ലിറ്ററിന് 3.46 രൂപയായിരുന്ന എക്സൈസ് ഡ്യൂട്ടി, അത് 15.33 രൂപയായി അഞ്ച് മടങ്ങ് വർദ്ധിപ്പിച്ചു. വിലക്കയറ്റം ഉണ്ടായിട്ടുള്ളത് ഈ വർദ്ധനവിന്റെ ഫലമായിട്ടാണ്. വില വർദ്ധിപ്പിച്ച കാലത്ത് ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞുകൊണ്ടിരുന്നതിനാൽ പെട്രോളിന്റെയും ഡീസലിന്റയും വില കൂടിയില്ല. എന്നാൽ ക്രൂഡ് ഓയിലിന്റെ വില ഉയരുന്ന ഈ വേളയിൽ മുമ്പ് വർദ്ധിപ്പിച്ച നികുതി കുറയ്ക്കുക എന്നതാണ് മിനിമം ചെയ്യേണ്ടത്. എന്നാൽ നികുതി കുറയ്ക്കാതെ അതിന് പകരം നഷ്ടം കുറയ്ക്കാൻ ബി.ജെ.പി. സർക്കാർ പെട്രോളിയം കമ്പനികളോട് വില കൂട്ടാൻ ആവശ്യപ്പെടുകയാണ്. ആ നയത്തിന്റെ ഫലമായാണ് വിലവർദ്ധനവുണ്ടാകുന്നത്. ഈ നയം തിരുത്തുന്നതിനായി മുഴുവൻ പേരും ഒരുമിച്ച് നിൽക്കണമെന്ന് ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് എനിക്കും യോജിപ്പാണുള്ളത്.

<u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: സർ, ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങൾ പെട്രോളിനെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തേണ്ട എന്ന നിലപാട് സ്വീകരിച്ചതായി അറിയുന്നു. കേരളവും അതിനൊപ്പമാണോ; പെട്രോളിനെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തി വില കുറയ്ക്കാനാവശ്യമായ നടപടി

സ്വീകരിക്കാൻ കേരളത്തിന് കഴിയുമോ? പെട്രോളിയത്തിൽനിന്ന് ബിറ്റുമിനും കാർബണുമടക്കം ഒട്ടനവധി ഉപോൽപ്പന്നങ്ങൾ ലഭിക്കുന്നുണ്ട്. അതിൽ നിന്ന് ഏകദേശം 15,000 രൂപയോളം ലഭിക്കുമ്പോൾ പെട്രോളിന് 4,500 രൂപ മാത്രമേ ചെലവാകുന്നുള്ളൂ. ഇക്കാര്യം താരതമ്യം ചെയ്ത് ഉപോൽപ്പന്നങ്ങളുടെ വില കുറച്ച് പെട്രോളിന്റെ വില കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കാൻ കേന്ദ്ര സർക്കാരിൽ സമ്മർദ്ദം ചെലുത്താൻ ഗവൺമെന്റിന് ആഗ്രഹമുണ്ടോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങ് ആവശ്യപ്പെടുന്നത് നേരത്തെ ഉന്നയിച്ചതിൽനിന്നും തീർത്തും വ്യത്യസ്തമായ കാര്യമാണ്. കേന്ദ്ര സർക്കാർ എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ചതാണ് വിലവർദ്ധനവിന് കാരണമെന്ന് എല്ലാവർക്കും അറിയാവുന്നതാണ്. വർദ്ധിപ്പിച്ച നികുതി വേണ്ടെന്നുവച്ചാൽ വില 60 രൂപയിലേയ്ക്ക് താഴും. ആ നിലപാടിൽ നിന്ന് ഒഴിഞ്ഞു മാറുന്നതിനുവേണ്ടി അതിനെ ജി.എസ്.ടി.-യിൽ കൊണ്ടുവരണമെന്ന് ഇടയ്ക്കിടയ്ക്ക് കേന്ദ്ര പെട്രോളിയം വകുപ്പുമന്ത്രി പറയുന്നു. എന്തിനാണ് ജി.എസ്.ടി.-യിലേയ്ക്ക് പോകുന്നത്; ഈ വർദ്ധിപ്പിച്ച നികുതി കുറച്ചാൽ പോരേ? അതുകൊണ്ട് കേരളമെടുത്ത നിലപാട് ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നുവെങ്കിൽ അങ്ങനെയാവട്ടെ, പക്ഷേ രണ്ട് കാര്യങ്ങൾ ഓർക്കേണ്ടതുണ്ട്. ഒന്നാമതായി, ജി.എസ്.ടി. ഇപ്പോഴും സെറ്റിൽ ചെയ്തിട്ടില്ല, അതിനിടയ്ക്ക് ആവശ്യമില്ലാത്ത ഈ മാറ്റം കൂടി വേണമോ എന്ന് ചിന്തിക്കണം. രണ്ടാമതായി, ഉൾപ്പെടുത്തിക്കഴിഞ്ഞാൽ ജി.എസ്.ടി. കോമ്പൻസേഷൻ നിയമം ഇതിനും ബാധകമാക്കണം. നമുക്ക് 15% വർദ്ധനവ് ഉണ്ടായില്ലെങ്കിൽ ആ കുറവ് നികത്തിത്തരണം. കേന്ദ്ര സർക്കാർ ഒരു ലക്ഷം കോടി രൂപയോളം നഷ്ടപരിഹാരം നൽകേണ്ടിവരും, അതാണ് നിയമം. നിയമപ്രകാരം മാത്രമേ ചെയ്യാൻ കഴിയുകയുള്ളൂ. ഇക്കാര്യത്തിൽ കേരളം ഒരു വിട്ടുവീഴ്ചയും ചെയ്യില്ല, കോമ്പൻസേഷൻ തരേണ്ടി വരും.

ശ്രീ. എൻ. ഷംസുദ്ദീൻ: സർ, ഫ്യൂവൽ റവന്യൂ ആണ് നമ്മുടെ നികുതി വരുമാനത്തിന്റെ തേർഡ് ലാർജസ്റ്റ് റവന്യൂ ഗ്രോസർ. സംസ്ഥാനത്തിന് റവന്യൂ അത്യാവശ്യമാണ്. കേന്ദ്ര-സംസ്ഥാന ഗവൺമെന്റുകൾ മനസ്സുവച്ചാൽ നിലവിലുള്ള വിലയെക്കാൾ 25 രൂപ ഒരു ലിറ്ററിന് കുറയ്ക്കാൻ കഴിയുമെന്നാണ് സാമ്പത്തിക വിദഗ്ദ്ധരുടെ കണക്ക്. വിലവർദ്ധനവിന്റെ പ്രയോജനം ഗവൺമെന്റിനാണ്. ഗവൺമെന്റിന് പ്രയോജനം വേണ്ട എന്ന നിലപാട് നമുക്കില്ല. ചെങ്ങന്നൂർ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ഇന്ധനവില ഒരു രൂപ കുറച്ചു. അതുപോലെ കുറച്ചുകൂടി വില കുറയ്ക്കണം. സംസ്ഥാന ഗവൺമെന്റിന് ഇതിൽ 23% നികുതി ലഭിക്കുന്നുണ്ട്. നൂറ് രൂപയ്ക്ക് ഡീസലടിക്കുമ്പോൾ 23 രൂപ സംസ്ഥാന ഗവൺമെന്റിനുള്ളതാണ്. ...(ബഹളം)...

മി. സ്പീക്കർ: അങ്ങ് ചോദ്യം ചോദിക്കു.

ശ്രീ. എൻ. ഷംസുദ്ദീൻ: ....(ബഹളം)..... എങ്കിൽ അവർ ചോദിക്കട്ടെ. സാധാരണക്കാരെ കുറച്ചുകൂടി സഹായിക്കുന്നതിനായി വലിയ തോതിലുള്ള കുറവിന് തയ്യാറാകുമോ? കടത്തിലായിക്കൊണ്ടിരിക്കുന്ന കെ.എസ്.ആർ.ടി.സി.-ക്ക് എങ്കിലും നികുതി 10 ശതമാനമായി കുറച്ചാൽ ആ സ്ഥാപനത്തെ രക്ഷിക്കാൻ കഴിയും. ഓരോ വർദ്ധനവിലും കെ.എസ്.ആർ.ടി.സി. കൂടുതൽ കടത്തിലേയ്ക്ക് പോയിക്കൊണ്ടിരിക്കുകയാണ്. പെട്രോൾ വിലവർദ്ധനവെങ്കിലും കെ.എസ്.ആർ.ടി.സി.-ക്ക് ബാധകമാകാത്ത സ്ഥിതിയിലെത്തിക്കാൻ ഗവൺമെന്റ് തയ്യാറാകുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഒരുമിച്ച് നിൽക്കണമെന്ന് പറഞ്ഞിട്ടിപ്പോൾ ബി.ജെ.പി. സർക്കാരിനെ ന്യായീകരിക്കുകയാണ്. ഈ പ്രശ്നത്തിന്റെ അടിസ്ഥാന കാരണം കേന്ദ്ര ഗവൺമെന്റ് നികുതി കൂട്ടിയതാണെന്ന കാര്യം ബഹുമാനപ്പെട്ട അംഗം മറന്നുപോകുന്നു. ഇത് തുടങ്ങിയത് യു. ഡി.എഫ്. സർക്കാർ അല്ല. കഴിഞ്ഞ എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് പെട്രോൾ/ഡീസൽ വിലവർദ്ധനവ് ഉണ്ടായപ്പോൾ ഒരു തവണ റവന്യൂ ന്യൂട്രൽ റേറ്റായി താഴ്ത്തി. അതിനുശേഷം യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന ആദ്യവർഷം നാല് തവണ റവന്യൂ ന്യൂട്രൽ റേറ്റായി താഴ്ത്തി. പിന്നെ താഴ്ത്തിയിട്ടില്ല. അതിനുള്ള കാരണം, എൽ.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് വാറ്റ് നികുതി ഏതാണ്ട് 20 ശതമാനം വച്ച് വളരുന്നുണ്ടായിരുന്നു. യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് ആദ്യത്തെ 2 വർഷവും 20 ശതമാനം വച്ച് കൂടി. അതുകൊണ്ട് ആ സാമ്പത്തിക പശ്ചാത്തലത്തിൽ നികുതി കുറയ്ക്കുന്നതിന് ബുദ്ധിമുട്ട് വന്നിരുന്നില്ല. എന്നാൽ അതിനുശേഷം വാറ്റിന്റെ വർദ്ധനവ് 10 ശതമാനമായിരുന്നു. നികുതി കുറയ്ക്കാൻ അന്നത്തെ ധനകാര്യ വകുപ്പുമന്ത്രി തയ്യാറാകാതിരുന്നത് അതുകൊണ്ടാണ്. ഇന്ന് 10 ശതമാനത്തിൽ തന്നെയാണ് നിൽക്കുന്നത്. അതുകൊണ്ട് നമ്മുടെ സാമ്പത്തിക പശ്ചാത്തലം മനസ്സിലാക്കി കേന്ദ്രം വർദ്ധിപ്പിച്ച നികുതി കുറയ്ക്കുക എന്നുള്ള മുദ്രാവാക്യത്തിൽ മുഴുവൻപേരും ഒരുമിച്ച് നിൽക്കാൻ തയ്യാറാകണം.

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി ഇവിടെ പറഞ്ഞത് കേന്ദ്ര ഗവൺമെന്റ് വർദ്ധിപ്പിച്ച നികുതിയെക്കുറിച്ചാണ്. അഞ്ച് വർഷം മുമ്പുണ്ടായിരുന്ന നികുതി ഇരട്ടിയാക്കി വർദ്ധിപ്പിച്ചതാണ് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന് കാരണമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. അതേ തോതിൽ ഇവിടെ സംസ്ഥാന ഗവൺമെന്റും നികുതി

വർദ്ധിപ്പിച്ചിട്ടുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. സർക്കാർ നാല് തവണ ഒഴിവാക്കി. ഇപ്രാവശ്യം ഒന്നും ഒഴിവാക്കിയില്ലായെന്നു മാത്രമല്ല, ഒരു രൂപ കുറയ്ക്കാനെടുത്ത തീരുമാനം ആളുകളുടെ കണ്ണിൽ പൊടിയിടാനുള്ള പരിപാടിയുമാണ്. അധിക വിൽപ്പന നികുതി ഉപേക്ഷിക്കുകയെന്നു മാത്രമാണ് ഒരു രൂപ കുറച്ചതുകൊണ്ട് അർത്ഥമാക്കുന്നത്. നികുതി എത്ര കൂടിയാലും അത് കൂടിക്കൊണ്ടേയിരിക്കും. അപ്പോഴും ഒരു രൂപയുടെ ഇളവ് മാത്രമേ സംസ്ഥാനത്തെ ജനങ്ങൾക്ക് കിട്ടുന്നുള്ളൂ. ഇത് കേരളത്തിലെ മറ്റ് ഉൽപ്പന്നങ്ങളുടെ വിലവർദ്ധനവിന് കാരണമാകുന്നത് എത്രയാണെന്ന് സംസ്ഥാന ഗവൺമെന്റ് കണക്കാക്കിയിട്ടുണ്ടോ?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ഈ നികുതി ഘടനയെക്കുറിച്ച് ബഹുമാനപ്പെട്ട അംഗത്തിന് വലിയ ആശയക്കുഴപ്പമുണ്ട്. കേന്ദ്ര സർക്കാരിന്റെ നികുതി ഫിക്സഡ് ചാർജാണ്. ഒരു ലിറ്ററിന്റെ ഫിക്സഡ് ചാർജാണ് അഞ്ച് മടങ്ങും ഇരട്ടിയുമായി വർദ്ധിപ്പിച്ചത്. ഇന്ത്യയിലെ സംസ്ഥാന സർക്കാരുകളുടെ നികുതി Ad valorem ആണ്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതുവരെ നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടില്ല. എന്നാൽ അങ്ങ് ചോദിക്കേണ്ടിയിരുന്നത് വില വർദ്ധിപ്പിക്കുമ്പോൾ അധിക നികുതിയുടെ നേട്ടം കിട്ടുന്നുണ്ടോ എന്നുള്ളതാണ്. ആ ഒരു രൂപയാണിപ്പോൾ വേണ്ടെന്ന് വച്ചത്. കേന്ദ്ര സർക്കാർ അടിച്ചേൽപ്പിച്ച അധിക നികുതി കുറയ്ക്കണം. അതിനുവേണ്ടി എല്ലാവരും ഒരുമിച്ച് നിൽക്കുകയാണ് വേണ്ടത്. അതിനുപകരം ബഹുമാനപ്പെട്ട മെമ്പർ ഞങ്ങളെ ചൊറിയാനാണ് നോക്കുന്നത്.

<u>ശ്രീമതി വീണാ ജോർജ്ജ്</u>: സർ, പെട്രോളിന്റെയും ഡീസലിന്റെയും വില റോക്കറ്റ് പോലെ കുതിച്ചുയരാനുള്ള അടിസ്ഥാന കാരണം കഴിഞ്ഞ യു.പി.എ. സർക്കാർ കേന്ദ്ര സർക്കാരിൽ നിന്ന് അതിന്റെ വില നിയന്ത്രണാധികാരം എടുത്തു കളഞ്ഞു എന്നുള്ളതാണ്. കേന്ദ്രസർക്കാർ അത്യന്തം നിഷേധാത്മകമായ നിലപാടാണ് സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. ഇപ്പോൾ പാചക വാതകത്തിന്റെ വിലയും കൂട്ടിയിട്ടുണ്ട്. സംസ്ഥാന സർക്കാരിന് ഈ സാഹചര്യത്തെ നേരിടാൻ എന്ത് ചെയ്യാൻ കഴിയുമെന്നുള്ളതാണ് എന്റെ ചോദ്യം?

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതുപോലെ ബി.ജെ.പി. സർക്കാർ ചെയ്യുന്നതിന്റെയൊക്കെ തുടക്കം നോക്കിയാൽ ചെന്നെത്തുന്നത് യു.പി.എ. സർക്കാരിലാണ്. ഓയിൽ പൂൾ അക്കൗണ്ടിന്റെ കാര്യം പറയുമ്പോൾ എനിക്ക് ഉറപ്പാണ് താങ്ങാൻ കഴിയാത്ത നിലയിൽ വന്നപ്പോൾ ചെയ്തതാണെന്ന്. അടിസ്ഥാന വസ്തുവെന്ന നിലയിൽ

പെട്രോളിനും ഡീസലിനും സ്ഥിരവില വേണം. അങ്ങനെ വരികയാണെങ്കിൽ നമുക്ക് ആലോചിച്ച് ഉറപ്പിച്ച് വർദ്ധിപ്പിക്കാം. കമ്പനികൾക്ക് നഷ്ടം വരുമ്പോൾ നികത്താൻ നമ്മുടെ നികുതിയുടെ ഒരു ഭാഗവും അല്ലെങ്കിൽ ഇടക്കാലങ്ങളിലുണ്ടാകുന്ന അധിക ലാഭവും ചേർത്ത് ഒരു അക്കൗണ്ട് ഉണ്ടാക്കാം. എന്നാൽ പെട്രോളിന്റെയും ഡീസലിന്റെയും വില ഉയരുന്ന സന്ദർഭത്തിൽ സർക്കാരിന് കൂടുതൽ സബ്സിഡി വേണ്ടിവന്നു. ആ നികുതി ഇതിൽനിന്നും മീറ്റ് ചെയ്യാവുന്നതേയുള്ളൂ. രണ്ടാം യു.പി.എ. സർക്കാരിന്റെ ഭരണകാലത്ത് റിലയൻസ് പെട്രോൾ പമ്പുകൾ തുറന്നു. ഓയിൽപൂൾ അക്കൗണ്ടിൽ നിന്ന് സബ്സിഡി റിലയൻസിന് കൊടുത്തില്ല. തുറന്ന പമ്പുകളൊക്കെ റിലയൻസിന് പൂട്ടേണ്ടിവന്നു. ഇന്റർനാഷണൽ എനർജി കമ്മീഷന്റെ മുന്നിൽ ഇത് വിവേചനമാണ്, W.T.O. ധാരണകൾക്ക് വിരുദ്ധമാണ് എന്നുപറഞ്ഞ് റിലയൻസ് ആക്ഷേപം ഉന്നയിച്ചു. ഇന്ത്യ ഗവൺമെന്റ് ഈ തീരുമാനത്തെ പുനഃപരിശോധിക്കുമെന്ന് ഇന്റർനാഷണൽ എനർജി കമ്മീഷന്റെ റിപ്പോർട്ടിൽ പറയുന്ന ഭാഗം ഞാൻ ഈ സഭയിൽ ഉദ്ധരിച്ചിട്ടുള്ളതാണ്. കോർപ്പറേറ്റ് താൽപ്പര്യങ്ങളാൽ അന്ന് ഓയിൽപൂൾ അക്കൗണ്ട് വേണ്ടെന്ന് വയ്ക്കുകയാണ് ചെയ്തത്. അതോടുകൂടി ഇന്നത്തെ അവസ്ഥ സംജാതമായി.

<u>ശ്രീ. അടൂർ പ്രകാശ്</u>: സർ, നമ്മുടെ സംസ്ഥാനത്ത് പെട്രോൾ, ഡീസൽ വിലവർദ്ധനവുമൂലം നിത്യോപയോഗ സാധനങ്ങൾക്ക് ക്രമാതീതമായ വിലക്കയറ്റമുണ്ടായി. അതിന് നിയന്ത്രണമുണ്ടാകേണ്ടതുണ്ട്. പെട്രോളിന്റെയും ഡീസലിന്റെയും വില കുറച്ചുകൊണ്ടുവന്നെങ്കിൽ മാത്രമേ ഇത് സാധിക്കുകയുള്ളൂ. ബി.ജെ.പി. ഗവൺമെന്റാണ് ഇതിനെല്ലാം കാരണമെന്ന് അങ്ങ് ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഒരു രൂപ കുറച്ചുവെന്ന് പറയുമ്പോൾ ഇക്കാര്യത്തിൽ സംസ്ഥാന ഗവൺമെന്റ് എന്ത് ചെയ്യാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ? അങ്ങയെ ചൊറിഞ്ഞിട്ട് കാര്യമില്ലെന്ന് ചിലപ്പോൾ മറുപടി പറയുമായിരിക്കും, ഞങ്ങൾ ചൊറിയാൻ വരുന്നില്ല, പക്ഷേ അങ്ങ് ഇതിന് ഒരു മറുപടി തരണം.

<u>ഡോ. ടി. എം. തോമസ് ഐസക്</u>: സർ, ചെയ്യാൻ ഉദ്ദേശിക്കുന്നത് ചെയ്തുകഴിഞ്ഞു. പെട്രോളിന്റെ നികുതിയിൽ 1.6 ശതമാനവും ഡീസലിന്റെ നികുതിയിൽ 2 ശതമാനത്തോളവും കുറവ് വരുത്തി. ഈയൊരു വർഷം ഇത് നിൽക്കുകയാണെങ്കിൽ സംസ്ഥാനത്തിന് 500 കോടി രൂപ ധനനഷ്ടവുമുണ്ടാകും. നമ്മൾ നികുതിയിൽ കുറവ് വരുത്തിയത് ഇന്ത്യയിൽ ഇന്നൊരു രാഷ്ട്രീയ

പ്രശ്നമായിട്ടുണ്ട്. കഴിഞ്ഞ ദിവസം ഞാൻ മഹാരാഷ്ട്രയിൽ പോയിരുന്നു. കേരളം നികുതി കുറച്ചത് ഇന്ത്യയിൽ ഏറ്റവും ഉയർന്ന നികുതിയുള്ള മഹാരാഷ്ട്രയിൽ ഒരു രാഷ്ട്രീയ പ്രശ്നമായിട്ടുണ്ട്. ബി.ജെ.പി. സർക്കാരിന് മുന്നിലും ഒരു പ്രശ്നമായി വന്നിരിക്കുകയാണ്. കേന്ദ്ര നയത്തിനെതിരെ ഇതൊരവസരമായി കരുതി ശക്തമായ സമരം നടത്താൻ നമ്മൾ തയ്യാറാണ്.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, സംസ്ഥാന സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിന്റെ പശ്ചാത്തലത്തിൽ ഏതെങ്കിലും സ്ഥാപനങ്ങൾക്ക് സംസ്ഥാന നികുതി ഈടാക്കാതെ പെട്രോളിയം ഉൽപ്പന്നങ്ങൾ നൽകുന്നുണ്ടോ; ഇതിൽ കെ.എസ്.ആർ.ടി.സി ഉൾപ്പെടുന്നുണ്ടോ ?

ഡോ. ടി. എം. തോമസ് ഐസക്: സർ, അങ്ങനെ ചെയ്യാൻ ഉദ്ദേശിക്കുന്നില്ല. കെ.എസ്.ആർ.ടി.സി.-ക്ക് കഴിഞ്ഞവർഷം 1300 കോടി രൂപ ക്യാഷ് സബ്സിഡി നൽകി. സഹായം നൽകുന്നത് നികുതിയിളവിലൂടെയല്ല, മറിച്ച് പണമായിട്ടാണ്. ഈ വർഷം 1000 കോടി രൂപയാണ് കെ.എസ്.ആർ.ടി. സി.-ക്ക് സബ്സിഡി നൽകുന്നത്. അടുത്ത വർഷവും 1000 കോടിയാണ് നൽകാൻ ഉദ്ദേശിക്കുന്നത്. അതിനുള്ളിൽ കാര്യങ്ങളൊക്കെ മെച്ചപ്പെടുമെന്നാണ് ധരിക്കുന്നത്. കെ.എസ്.ആർ.ടി.സി.-യെ സഹായിക്കാനായി സർക്കാർ ഒരു കാലത്തുമില്ലാത്ത രീതിയിൽ ഉദാരമായ സമീപനം കൈക്കൊള്ളുന്നുണ്ട്. അതുകൊണ്ട് ഇപ്പോൾ നികുതിയിളവിന്റെ കാര്യം പരിഗണനയിലില്ല.

ശ്രീ. കെ. സി. ജോസഫ്: സർ, കേരളത്തിൽ പെട്രോൾ/ഡീസൽ നികുതി വർദ്ധനവ് പിൻവലിക്കണമെന്ന് ആവശ്യപ്പെട്ട മെമ്പർമാരെ അങ്ങ് പരിഹസിക്കുകയാണ് ചെയ്തത്. ഞങ്ങൾ ബി.ജെ.പി.-യുടെ നയം ആവർത്തിക്കുകയല്ല. ഞങ്ങളുടെ ചോദ്യം വളരെ വ്യക്തമാണ്. എൽ.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്ന ദിവസം, as on that date അതായത്, ആ ഡേറ്റിലുള്ള നികുതിയിൽ ക്യാപ് ചെയ്യാൻ സാധിക്കുമോ? കോൺഗ്രസ്സിന്റെ സമീപനം കേന്ദ്ര നികുതി പിൻവലിക്കണം, വർദ്ധനവുണ്ടാകാൻ പാടില്ല എന്നുതന്നെയാണ്. പക്ഷേ അങ്ങ് ഇവിടെ കേന്ദ്ര ഗവൺമെന്റിനെ കുറ്റപ്പെടുത്തുമ്പോൾത്തന്നെ വർദ്ധനവിന്റെ ആനുകൂല്യം പറ്റുകയും അതോടൊപ്പം കുറയ്ക്കാൻ പറയുകയും ചെയ്യുന്നുണ്ട്. അതിൽ വൈരുദ്ധ്യമുണ്ട്. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് ചെയ്യണമെന്നാവശ്യപ്പെടുന്ന കാര്യം ചെയ്യാൻ കേരളം മാതൃക കാണിക്കുമോ; അങ്ങേയ്ക്ക് ഒരു പ്രത്യേക തീയതി വച്ച് നികുതി ക്യാപ് ചെയ്യാൻ സാധിക്കുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ബഹുമാനപ്പെട്ട അംഗം മന്ത്രി ആയിരുന്ന കഴിഞ്ഞ യു.ഡി.എഫ്. സർക്കാരിന്റെ ഭരണകാലത്ത് അവസാനത്തെ മൂന്നുവർഷം 18 തവണ പെട്രോളിന്റെ വില വർദ്ധിപ്പിച്ചു. ഒരു തവണപോലും കുറച്ചില്ലല്ലോ. ഞാൻ ഇപ്പോൾ അധിക നികുതി കുറച്ചിരിക്കുകയാണ്. എന്നിട്ട് അങ്ങാണ് ഈ സർക്കാർ അധികാരത്തിൽ വന്ന നിമിഷം മുതലുള്ള അധിക നികുതിയെക്കുറിച്ച് എന്നോട് പറയുന്നത്. ഞങ്ങളുടെ ഭരണകാലത്ത് വർദ്ധിപ്പിച്ചതുകൂടി കുറയ്ക്കണമെന്ന് ആവശ്യപ്പെടാതിരുന്നത് മഹാഭാഗ്യമായി ഞാൻ കരുതിക്കൊള്ളാം. ഏതായാലും സർക്കാർ ഉദ്ദേശിക്കുന്ന കാര്യം ചെയ്തുകഴിഞ്ഞു.

ശ്രീ. കെ. ബാബു: സർ, പെട്രോൾ വില നിയന്ത്രിക്കുന്നതിനുണ്ടായിരുന്ന അധികാരം യു.പി.എ. ഗവൺമെന്റ് സ്വകാര്യ കമ്പനികൾക്ക് നൽകിയതുപോലെ ഡീസലിന്റെ വില നിയന്ത്രിക്കാനുള്ള അധികാരം ഇപ്പോൾ ബി.ജെ.പി. ഗവൺമെന്റും സ്വകാര്യ കമ്പനികൾക്ക് നൽകി. അതിന്റെ ഭാഗമായി വലിയ തോതിലുള്ള വിലക്കയറ്റമാണ് എല്ലാ രംഗത്തുമുള്ളത്. പൊതുജനങ്ങൾക്കാവശ്യമായ ഗതാഗത സൗകര്യമൊരുക്കുന്ന ഓട്ടോറിക്ഷ, ടാക്സി, ബസ്, ബോട്ട്, കെ.എസ്.ആർ.ടി.സി. തുടങ്ങിയ വാഹനങ്ങൾക്ക് സബ്സിഡി നിരക്കിൽ ഇന്ധനം നൽകാൻ കഴിയുമോ?

ഡോ. ടി. എം. തോമസ് ഐസക്: സർ, ഇല്ല. സബ്സിഡി റേറ്റിൽ നൽകാൻ കഴിയില്ല. നല്ല ആശയമാണ്. പക്ഷേ സാമ്പത്തിക സാഹചര്യം അതിന് അനുവദിക്കുന്നില്ല. സർക്കാർ ഖജനാവിൽ പണമുണ്ടെങ്കിലല്ലേ ഇത്രയും വലിയ സബ്സിഡി നൽകാൻ കഴിയൂ. ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. ഒരു കാര്യംകൂടി ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞതിനോട് കൂട്ടിച്ചേർക്കാൻ ആഗ്രഹിക്കുകയാണ്. കർണ്ണാടക ഇലക്ഷന് തൊട്ടുമുമ്പുള്ള മൂന്നാഴ്ചക്കാലം എണ്ണക്കമ്പനികൾക്ക് സ്വാതന്ത്ര്യമുണ്ടായിട്ടും വില വർദ്ധിപ്പിച്ചില്ല. എന്നാൽ ഇലക്ഷൻ കഴിഞ്ഞ് രണ്ടാഴ്ചയ്ക്കുള്ളിൽ വില വർദ്ധിപ്പിച്ചിരിക്കുകയാണ്. എണ്ണക്കമ്പനികൾക്ക് വില വർദ്ധിപ്പിക്കാൻ സ്വാതന്ത്ര്യമുണ്ടെന്ന് പറയുമ്പോഴും റിലയൻസ് ഒഴികെയുള്ള കമ്പനികളുടെ ഉടമസ്ഥൻ സർക്കാർ തന്നെയാണ്. അതുകൊണ്ട് സർക്കാർ തീരുമാനിച്ചാൽ നിർത്താവുന്നതാണ്. ഏതാണ്ട് ഒന്നരക്കോടി രൂപ അധിക നികുതിയായി പിരിക്കുന്നുണ്ട്. അതിൽനിന്നും നഷ്ടം നികത്തിയാൽ പോരേ? അത് ചെയ്യാൻ കേന്ദ്ര സർക്കാർ തയ്യാറല്ല. കാരണം മറ്റൊന്നുമല്ല, എങ്ങനെയെങ്കിലും ധനക്കമ്മി പിടിച്ചുനിർത്താൻ അവർ ശ്രമിച്ചു കൊണ്ടിരിക്കുകയാണ്. ഇന്ത്യൻ രൂപയുടെ മൂല്യം ഇടിഞ്ഞു കൊണ്ടിരിക്കുകയാണ്. ധനക്കമ്മി വർദ്ധിക്കാൻ സാധ്യതയുള്ളതിനാൽ ഈ നികുതി വേണ്ടെന്നുവച്ചാൽ

ഇന്ത്യയുടെ റേറ്റിംഗ് ഇടിയാനും ഇന്ത്യയിലേയ്ക്കുള്ള വിദേശ മൂലധനത്തിന്റെ വരവ് കുറയാനും ഇന്ത്യൻ രൂപ പിടിവിട്ടുപോകാനും സാധ്യതയുണ്ട്. അങ്ങനെ പുലിപ്പുറത്താണ് കേന്ദ്ര സർക്കാർ.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിൽ സന്തോഷിക്കുന്ന രണ്ട് പേരേയുള്ളൂ. ഒന്ന്, ശ്രീ. അരുൺ ജെയ്റ്റ്ലിയും മറ്റൊന്ന് ഡോ. ടി. എം. തോമസ് ഐസക്കും. അദ്ദേഹം ന്യായവാദങ്ങൾ പറഞ്ഞ് രക്ഷപ്പെടാൻ ശ്രമിക്കുകയാണ്. ഓയിൽ പൂൾ അക്കൗണ്ടിലുണ്ടായ ഗുരുതരമായ പ്രശ്നം യു.പി.എ. ഗവൺമെന്റിന്റെ ഭരണകാലത്തുണ്ടായിരുന്നു. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിനുണ്ടായ അമിതമായ വിലവർദ്ധനവ് ചില നടപടികളിലേയ്ക്ക് പോകാൻ അന്നത്തെ ഗവൺമെന്റിനെ പ്രേരിപ്പിച്ചു. ബി.ജെ.പി.-ക്കെതിരെ ഒരുമിച്ച് നിൽക്കണമെന്ന് പറഞ്ഞിട്ട് യു.പി.എ.-യെ കടന്നാക്രമിക്കുകയാണ് ഡോ. ടി. എം. തോമസ് ഐസക് ചെയ്യുന്നത്. എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ച കേന്ദ്ര ഗവൺമെന്റിന്റെ നടപടിയാണ് പ്രശ്നമായിരിക്കുന്നത്. ഇന്ന് ക്രൂഡ് ഓയിൽ .................

മി. സ്പീക്കർ: പ്ലീസ്, അങ്ങ് ചോദ്യത്തിലേയ്ക്ക് വരൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഞാൻ ചോദ്യം ചോദിക്കുന്നില്ല. അങ്ങ് രാവിലെ മുതൽ എന്തിനാണ് അസ്വസ്ഥനാകുന്നത്? പ്രതിപക്ഷാംഗങ്ങൾ ചോദ്യം ചോദിക്കുമ്പോൾ അങ്ങ് എന്തിനാണ് അസ്വസ്ഥനാകുന്നത്? ഞാൻ ചോദ്യം ചോദിക്കുന്നില്ല. ....(ബഹളം).......

മി. സ്പീക്കർ: ഞാൻ അസ്വസ്ഥനാകുന്നില്ല. അങ്ങ് ആ രീതിയിൽ പറയരുത്. ......(ബഹളം)..... ശ്രീ. എൻ. എ. നെല്ലിക്കുന്ന് വിശദമായ പ്രസംഗത്തിന് മുതിർന്നപ്പോഴാണ് ഞാൻ ഇടപെട്ടത്. ചോദ്യോത്തരവേള എങ്ങനെയായിരിക്കണമെന്ന് അങ്ങേയ്ക്ക് അറിയാമല്ലോ. ....(ബഹളം)..... അങ്ങ് പരിണിതപ്രജ്ഞനായ പാർലമെന്റേറിയനല്ലേ? അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: ബഹുമാനപ്പെട്ട സ്പീക്കർ, ചോദ്യം ചോദിക്കുകയെന്നുള്ളത് ഒരു അംഗത്തിന്റെ അവകാശമാണ്. ചോദ്യം ഫോം ചെയ്യാനുള്ള അവസരം നൽകണം. ഇത് ശരിയായ നടപടിയല്ല. ബഹുമാനപ്പെട്ട മന്ത്രിമാർ മറുപടി പറയാൻ എത്ര സമയം എടുക്കുന്നു? ഡോ. ടി. എം. തോമസ് ഐസക് എത്ര നേരം സംസാരിച്ചു? ഇത് ശരിയായ നടപടിയല്ല.

മി. സ്പീക്കർ: ശ്രീ. എൻ. എ. നെല്ലിക്കുന്ന് 6 മിനിട്ടാണ് സംസാരിച്ചത്. പ്ലീസ്...... പ്ലീസ്........

ശ്രീ. രമേശ് ചെന്നിത്തല: ഞാൻ ഇവിടെ ചോദ്യത്തിൽനിന്നും വ്യത്യസ്തമായ കാര്യങ്ങളാണോ ചോദിച്ചത്? പ്രതിപക്ഷ നേതാവിനോടുള്ള അങ്ങയുടെ സമീപനം ഇതാണെങ്കിൽ മെമ്പർമാരോടുള്ള സമീപനം എന്തായിരിക്കും? വളരെ ദൗർഭാഗ്യകരമായിപ്പോയി.

മി. സ്പീക്കർ: പ്ലീസ്...... പ്ലീസ്.......അങ്ങ് ചോദ്യം ചോദിക്കൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, കേന്ദ്ര ഗവൺമെന്റ് എക്സൈസ് ഡ്യൂട്ടിയിൽ അമിതമായ വർദ്ധനവുണ്ടാക്കുന്നു, അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞുകൊണ്ടിരിക്കുന്നു. യു.പി.എ. ഗവൺമെന്റിന്റെ ഭരണ കാലത്തേതുപോലെയല്ല. അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില കുറഞ്ഞുവരുമ്പോഴും എക്സൈസ് ഡ്യൂട്ടി വർദ്ധിപ്പിച്ച് പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധിപ്പിച്ച് സാധാരണക്കാരെ ബുദ്ധിമുട്ടിക്കുന്ന കേന്ദ്ര ഗവൺമെന്റിനെതിരെ ഒരുമിച്ച് നിൽക്കാൻ ഞങ്ങൾ തയ്യാറാണ്. ഞങ്ങൾ ഒരുമിച്ച് നിൽക്കുകയും ചെയ്യുന്നുണ്ട്. പക്ഷെ ഇവിടത്തെ പ്രശ്നം, ശ്രീ. ഉമ്മൻ ചാണ്ടി ഗവൺമെന്റിന്റെ ഭരണകാലത്ത് നാലുതവണ അധിക വരുമാനം പിൻവലിച്ചിരുന്നു. എന്തുകൊണ്ട് അധിക വരുമാനം പിൻവലിക്കാൻ നിങ്ങൾ തയ്യാറാകുന്നില്ല? അതിനുപകരം ഞങ്ങൾ ഇൻഫ്രാസ്ട്രക്ചർ ഡെവലപ്മെന്റിനുവേണ്ടി പെട്രോളിന്റെയും ഡീസലിന്റെയും വില ഒരു രൂപ വർദ്ധിപ്പിച്ചതിനെക്കുറിച്ചാണ് പറയുന്നത്. ഞങ്ങൾ അതിൽനിന്നും ഒരു രൂപയും ചെലവഴിച്ചിട്ടില്ല. അതൊരു ഡിസ്ട്രിക്ട് ലെവൽ പ്രോജക്ടിനുവേണ്ടിയാണ് വർദ്ധിപ്പിച്ചത്. അത് അങ്ങേയ്ക്ക് ലഭിച്ചു. ആടിനെ പട്ടിയാക്കരുത്. ഡോ. ടി. എം. തോമസ് ഐസക്കിനെ ഞങ്ങളാരും ചൊറിയുന്നില്ല. കേരളത്തിലെ ജനങ്ങളെ അങ്ങ് ചൊറിയരുത് എന്നുമാത്രമേ എനിക്ക് പറയാനുള്ളൂ.

മി. സ്പീക്കർ: പ്രതിപക്ഷ നേതാവ് ചോദ്യം ചോദിച്ചില്ല.

ഡോ. ടി. എം. തോമസ് ഐസക്: സർ, 23 ശതമാനമായിരുന്ന നികുതി 31 ശതമാനത്തിൽ എത്തിയതിനുശേഷമാണ് ഒരു രൂപ വന്നത്. അതിനുമുൻപ് ഒരു രൂപ വർദ്ധിപ്പിക്കുകയല്ല ചെയ്തത്. നിരക്കിൽ വർദ്ധനവ് വരുത്തി. അങ്ങേയ്ക്ക് കണക്കുകൾ പരിശോധിക്കാവുന്നതാണ്. ഞാൻ പറയുന്നതിൽ എന്തെങ്കിലും തെറ്റുണ്ടെങ്കിൽ ഒരു പ്രൈവറ്റ് മോഷൻ എനിക്കെതിരെ നീക്കാവുന്നതാണ്. വസ്തുത ഇതാണ്. ആദ്യം പറഞ്ഞ കാര്യത്തിൽ അങ്ങ് പറഞ്ഞത് ഭാഗികമായി ശരിയാണ്. ഓയിൽ പൂൾ അക്കൗണ്ടിൽ ക്രൂഡ് ഓയിലിന്റെ വില വർദ്ധിച്ചപ്പോൾ നഷ്ടം കൂടി, പ്രതിസന്ധിയുണ്ടായി. അതിന് ഞങ്ങൾ പറഞ്ഞ പരിഹാരം സർക്കാർ കൂടുതൽ സബ്സിഡി നൽകണമെന്നാണ്. അല്ലെങ്കിൽ നിങ്ങൾക്ക് വില

വർദ്ധിപ്പിക്കാമല്ലോ. വില സനാതനമായി നിർത്തേണ്ട കാര്യമല്ല. നിങ്ങൾ അതിനുപകരം എന്താണ് ചെയ്തത്? ഇവിടെ പ്രതിസന്ധിയുണ്ടെന്നുപറഞ്ഞ് സർക്കാരിനുണ്ടായിരുന്ന വില നിയന്ത്രണാധികാരം ഓയിൽ കമ്പനികൾക്ക് വിട്ടുകൊടുത്തു. അതിനെയാണ് ഞങ്ങൾ ചോദ്യം ചെയ്യുന്നത്. അതാണ് തുടക്കം മുതൽ ഞാൻ പറഞ്ഞുകൊണ്ടിരിക്കുന്നത്. ബാക്കി കാര്യങ്ങളിൽ ഒരു സംശയവുമില്ല. ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതിനോട് ഞങ്ങൾക്ക് പൂർണ്ണമായ യോജിപ്പാണുള്ളത്. കേന്ദ്ര സർക്കാരിന്റെ നയം തിരുത്തിക്കണം. തിരുത്തിക്കുന്നതിന് ശക്തമായ പ്രതിഷേധം ഇന്ത്യയൊട്ടാകെ ഉണ്ടാകണം.

## വാണിജ്യ മേഖലയെ പ്രോത്സാഹിപ്പിക്കാൻ നടപടി

2(*32) ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. ജോർജ് എം. തോമസ്:
ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നോട്ടുനിരോധനം ഉൾപ്പെടെയുള്ള കേന്ദ്ര സർക്കാർ നയംകൊണ്ട് പ്രതിസന്ധി നേരിടുന്ന വാണിജ്യ മേഖലയെ പ്രോത്സാഹിപ്പിക്കുന്നതിന് ആരംഭിക്കാൻ ഉദ്ദേശിക്കുന്ന വാണിജ്യ മിഷന്റെ ലക്ഷ്യങ്ങൾ വ്യക്തമാക്കാമോ;

(ബി) കാർഷിക മേഖല കഴിഞ്ഞാൽ ഏറ്റവുമധികം ആളുകൾക്ക് തൊഴിൽ നൽകുന്ന ചില്ലറ വ്യാപാര മേഖലയിലേയ്ക്ക് വാൾമാർട്ടിനെ പ്രവേശിപ്പിക്കുന്ന കേന്ദ്ര സർക്കാർ നയം സംസ്ഥാനത്തെ ചെറുകിട വ്യാപാരികൾക്ക് ഉണ്ടാക്കിയിരിക്കുന്ന ആശങ്കയകറ്റാൻ എപ്രകാരം ഇടപെടാൻ കഴിയുമെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) ബഹുബ്രാൻഡ് ചില്ലറ വ്യാപാര മേഖലയിൽ നേരിട്ട് നിക്ഷേപം അനുവദിക്കുന്ന കേന്ദ്രസർക്കാർ നയം ചെറുകിട വ്യാപാരികളെയും വ്യവസായികളെയും സാമ്പത്തിക തകർച്ചയിലേയ്ക്ക് നയിക്കുമെന്നതിനാൽ ഈ നയം തിരുത്താൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ,

(എ) 2017-ലെ വ്യവസായ വാണിജ്യ നയത്തിൽ (കരട് രേഖ) വാണിജ്യമിഷൻ പദ്ധതി ഉൾപ്പെടുത്തിയിട്ടുണ്ട്. വാണിജ്യമിഷന്റെ ലക്ഷ്യങ്ങൾ ചുവടെ ചേർക്കുന്നു:

- സംസ്ഥാനത്തെ ചെറുകിട വ്യാപാരമേഖലയെ പ്രോത്സാഹിപ്പിക്കുകയും വളർത്തുകയും ചെയ്യുക. ടൂറിസം വകുപ്പുമായി ചേർന്ന് മേളകൾ സംഘടിപ്പിക്കുക.
- ഭാരതത്തിലും വിദേശങ്ങളിലുമായി നടക്കുന്ന മേജർ ടെക് ഫെയറുകളിൽ സംസ്ഥാനത്തുനിന്നും സംരംഭക പ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിന് വിവിധ രീതിയിൽ സഹായിക്കുക.
- കേരളത്തിലെ നിക്ഷേപകർ/സംരംഭകർക്ക് ദേശീയ അന്തർദ്ദേശീയ വിപണികളെപ്പറ്റി അവബോധം നൽകുക, ഡെലിഗേറ്റുകളെ ഇത്തരം മേളകളിലും സമ്മേളനങ്ങളിലും പങ്കെടുപ്പിക്കുന്നതിനുള്ള അവസരം നൽകി ബിസിനസ് ബന്ധം സ്ഥാപിക്കുക.
- ദേശീയ അന്തർദ്ദേശീയ തലങ്ങളിൽ കേരളത്തിലെ വിവിധ ഉൽപ്പന്നങ്ങളെ ആവശ്യക്കാർക്ക് നേരിട്ട് വിപണനം നടത്തുക.
- ഭക്ഷ്യ സംസ്കരണം, കൈത്തറി വസ്ത്രം, കരകൗശല സാധനങ്ങൾ, തടി ഫർണിച്ചർ, ബാംബൂ ഉൽപ്പന്നങ്ങൾ, കേരള സോപ്സ് എന്നിവയുടെ വിപണനം പ്രൊമോട്ട് ചെയ്യുന്നതിന് ഓരോ വിഭാഗത്തിനും സംസ്ഥാനതലത്തിൽ മേളകളും പ്രദർശനങ്ങളും സംഘടിപ്പിക്കുക.
- പ്രോജക്ട് കൺസൾട്ടൻസി തുടങ്ങുക.
- വിദേശ നിക്ഷേപകർക്ക് ഫെലിസിറ്റേഷൻ സേവനങ്ങൾ നടത്തുക.

(ബി & സി) ചില്ലറ വ്യാപാര രംഗത്ത് വിദേശ നിക്ഷേപം അനുവദിക്കുന്ന കേന്ദ്ര നയം തെറ്റാണെന്നാണ് സംസ്ഥാന സർക്കാരിന്റെ അഭിപ്രായം. വാൾമാർട്ടിനെപ്പോലെയുള്ള വ്യാപാര രംഗത്തെ ബഹുരാഷ്ട്ര കുത്തകകളുടെ കടന്നുവരവ് ചില്ലറ വ്യാപാര രംഗത്ത് വളരെയേറെ പ്രയാസങ്ങൾക്കും പ്രതിസന്ധികൾക്കും കാരണമാകും. ബഹുരാഷ്ട്ര കമ്പനികൾക്ക് ചില്ലറ വ്യാപാരമേഖലയിൽ നിക്ഷേപം നടത്തുന്നതിന് അനുകൂലമായ കേന്ദ്ര സർക്കാർ നയം തിരുത്തുന്നതിന് പൊതുജനങ്ങളുടെയും വ്യാപാരി സമൂഹത്തിന്റെയും പ്രതിഷേധം ഉയർന്നുവരേണ്ടതുണ്ട്.

<u>ശ്രീ. കെ. വി. വിജയദാസ്</u>: സർ, രാജ്യത്തിന്റെ മൊത്തം ദേശീയ വരുമാനത്തിന്റെ പത്ത് ശതമാനവും ആകെ തൊഴിലിന്റെ എട്ട് ശതമാനവും ചെറുകിട വ്യാപാര മേഖലയിൽനിന്നാണ് ലഭിക്കുന്നത്. ഈ മേഖലയെ തകർക്കുന്നതിന് കേന്ദ്ര സർക്കാർ വാൾമാർട്ട് പോലെയുള്ള കുത്തക സ്ഥാപനങ്ങളെ യഥേഷ്ടം കടന്നുവരാൻ അനുവദിച്ച് തൊഴിൽ നഷ്ടപ്പെടുന്നതിനിടയാക്കുന്ന സാഹചര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ ദുരന്തഫലങ്ങളിൽനിന്നും ചെറുകിട വ്യാപാര മേഖലയെ പ്രത്യേകിച്ചും

സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങളെ സഹായിക്കാൻ എന്തെല്ലാം പദ്ധതികളാണ് സർക്കാരിന്റെ മുന്നിലുള്ളത്; സർക്കാർ പ്രത്യേക പദ്ധതി തയ്യാറാക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, പ്രത്യക്ഷ വിദേശ നിക്ഷേപം ചില്ലറ വിൽപ്പന മേഖലയിൽ തുടരുന്ന ഈ നടപടി വ്യാപാര മേഖലയ്ക്ക് മാത്രമല്ല കാർഷിക മേഖലയ്ക്കും തൊഴിൽ മേഖലയ്ക്കും പ്രതിസന്ധി ഉണ്ടാക്കുന്നതാണെന്ന് സമീപകാല സംഭവങ്ങൾ തെളിയിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നയം തിരുത്തലാണ് പ്രധാനപ്പെട്ട ആവശ്യം. സംസ്ഥാനത്ത് വ്യാപാരികളുടെ ക്ഷേമം മുൻനിർത്തിയുള്ള മിഷന്റെ ഭാഗമായി നടത്തുന്ന പ്രവർത്തനങ്ങളെക്കുറിച്ചാണ് വിശദീകരിച്ചത്. അതിനാവശ്യമായ പദ്ധതികൾ നടപ്പിലാക്കാൻ തന്നെയാണ് സർക്കാർ തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. കെ. വി. വിജയദാസ്: സർ, പാലക്കാട്-കൊച്ചി വ്യവസായ ഇടനാഴിയെക്കുറിച്ചുള്ള സർക്കാർ പ്രഖ്യാപനത്തിന്മേൽ എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; പദ്ധതിയുടെ രൂപരേഖ തയ്യാറാക്കിയിട്ടുണ്ടോ; പദ്ധതി എന്ന് പ്രാവർത്തികമാകും?

ശ്രീ. എ. സി. മൊയ്തീൻ: സർ, പാലക്കാട്-കൊച്ചി വ്യവസായ ഇടനാഴിയുടെ അംഗീകാരത്തിനുവേണ്ടി പ്രൊപ്പോസൽ തയ്യാറാക്കി കേന്ദ്ര ഗവൺമെന്റിന് അയച്ചിരിക്കുകയാണ്. ആ പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്കാണ് വിശദമായ പദ്ധതിരേഖ തയ്യാറാക്കി സമർപ്പിക്കുന്നത്.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, ജി.എസ്.ടി., നോട്ടുനിരോധനം തുടങ്ങിയ നൂതന പരിഷ്കാരങ്ങൾ പക്വമല്ലാത്ത ഒരു രാജ്യത്ത് നടപ്പിലാക്കിയതിലുണ്ടായ പ്രശ്നങ്ങളാണ് ഇന്ന് ചെറുകിട മേഖലയും മറ്റു വ്യാപാര സ്ഥാപനങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുന്നത്. ഇതിന്റെ ഭാഗമായി നിരവധി ചെറുകിട കച്ചവടങ്ങളും ചെറുകിട വ്യവസായ സംരംഭങ്ങളും പൂട്ടിപ്പോയിട്ടുണ്ട്. കേരളത്തിൽ നിയോജകമണ്ഡലാടിസ്ഥാനത്തിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാനും അതോടൊപ്പം നിലവിൽ തകർന്ന സംരംഭങ്ങളെ സംരക്ഷിക്കാനും എന്തെല്ലാം നടപടികളാണ് ഈ സർക്കാർ രൂപീകരിച്ചിട്ടുള്ളത്; ഇനി ഇതുസംബന്ധിച്ച് എന്തെല്ലാം കാര്യങ്ങളാണ് വ്യവസായ വകുപ്പ് ആലോചിക്കുന്നത്?

ശ്രീ. എ. സി. മൊയ്തീൻ: സർ, വാണിജ്യ മേഖലയിലെ പ്രശ്നങ്ങൾ സംബന്ധിച്ചാണ് ചോദ്യം. നോട്ടുനിരോധനവും ജി.എസ്.ടി.-യും ചെറുകിട ഉല്പാദന മേഖലയിലും വ്യാപാര രംഗത്തുമുണ്ടാക്കിയ പ്രതിസന്ധി ഈ സഭ ഏറെ ചർച്ച

ചെയ്യതാണ്. തീർച്ചയായും അത്തരം മേഖലയിൽ ഒരു പുതിയ ഉണർവുണ്ടാക്കാനാണ് പുതിയ നിക്ഷേപ പദ്ധതികൾ വരുന്നതും പുതിയ സംരംഭങ്ങൾ ആരംഭിക്കുന്നതും ചെറുകിട മേഖലയെ പ്രോത്സാഹിപ്പിക്കുന്നതും. അതുപോലെതന്നെ തകർന്ന സ്വകാര്യ സംരംഭങ്ങളെ ഉൾപ്പെടെ പുനരുദ്ധരിക്കാൻ വേണ്ടി ഈ വർഷത്തെ ബഡ്ജറ്റിൽ തുക നീക്കിവച്ച പദ്ധതികൾ ഈ വർഷം നടപ്പാക്കുകയാണ്.

ശ്രീ. ജോർജ് എം. തോമസ്: സർ, ഗ്രാമീണ സമ്പദ്‌വ്യവസ്ഥയിലെ പ്രധാനപ്പെട്ട ഒരു ഘടകമായിരുന്ന ആഴ്ച്ചച്ചന്തകൾ. വളരെ ഗൃഹാതുരത്വമുണർത്തുന്ന ആ ചന്തകൾ ഇല്ലാതാകുകയും അവിടെ വലിയ മാളുകളും വിദേശ ബ്രാന്റഡ് ഉല്പന്നങ്ങളും ഇപ്പോൾ സ്ഥാനം പിടിച്ചിരിക്കുകയുമാണ്. അതുകൊണ്ട് കേരളത്തിലെ പഴയ ആഴ്ച്ചച്ചന്തകളെ പുതിയ കാലഘട്ടത്തിനനുസരിച്ച് പുനരാവിഷ്ക്കരിച്ച് ഒരു നിയോജകമണ്ഡലത്തിൽ ഒന്ന് വീതമെങ്കിലും നടപ്പിലാക്കാൻ ബാംഗ്ലൂർ സഫൽ മാർക്കറ്റ് പോലെയുള്ള മാർക്കറ്റുകൾ എല്ലാ നിയോജക മണ്ഡലത്തിലും ആരംഭിക്കുന്നതിനും അതുവഴി ഗ്രാമീണ കൈത്തൊഴിലുകാരുടെ ഉല്പന്നങ്ങൾ വിറ്റഴിക്കപ്പെടുന്നതിനും ആവശ്യമായ സാഹചര്യമൊരുക്കാൻ ഗവൺമെന്റ് മുൻകയ്യെടുക്കുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, കേരളത്തിൽ ഒരുകാലത്ത് സജീവമായിരുന്നതാണ് ആഴ്ച്ചച്ചന്തകൾ. മനുഷ്യന്റെ ഉപഭോഗ ആവശ്യം വ്യത്യസ്തമാകുകയും ഉല്പന്നങ്ങളിൽ വൈവിധ്യമുണ്ടാകുകയും ചെയ്തപ്പോൾ അതിന്റേതായ മാറ്റങ്ങൾ രാജ്യത്തുണ്ടായിട്ടുണ്ട്. പഴയതുപോലെ ആഴ്ച്ചച്ചന്തകൾ പുനരുജ്ജീവിപ്പിക്കാൻ പ്രയാസമുണ്ടെങ്കിലും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ പലതും അതിന്റെ പദ്ധതി പ്രവർത്തനങ്ങളുടെ ഭാഗമായി പല സ്ഥലത്തും ഇത്തരം മാതൃകാപരമായ ചന്തകൾ തുടങ്ങി ഉല്പന്നങ്ങൾ വിറ്റഴിക്കാനും കൃഷിക്കാരെയും ഉൽപ്പാദകരെയും സഹായിക്കാനുമുള്ള പദ്ധതികൾ തുടങ്ങുന്നുണ്ട്. അത്തരം ചന്തകൾ ഫലപ്രദമായി എങ്ങനെ ആധുനിക കാലഘട്ടത്തിന് അനുയോജ്യമായ രീതിയിൽ സംഘടിപ്പിക്കാൻ കഴിയുമെന്ന കാര്യം ആലോചിക്കാം. സഹകരണ മേഖലയും ഇക്കാര്യത്തിൽ നല്ല ഇടപെടലാണ് നടത്തുന്നത്.

ശ്രീ. ഡി. കെ. മുരളി: സർ, കേന്ദ്ര ഗവൺമെന്റിന്റെ ഈ നയം ഗ്രാമീണ മേഖലയിൽ വലിയ തൊഴിൽ നഷ്ടമാണ് സൃഷ്ടിക്കാൻ പോകുന്നതെന്ന് നമുക്കറിയാം. ഇതുകൂടി കണക്കിലെടുത്തുകൊണ്ട് ഓരോ നിയമസഭാ മണ്ഡലങ്ങളും കേന്ദ്രീകരിച്ച് സൂക്ഷ്മ/ചെറുകിട/ഇടത്തരം സംരംഭങ്ങളിലൂടെ ഈ മേഖലയിലെ സംരംഭകർക്ക് നൂതന വിപണന സംവിധാനം ഏർപ്പാടാക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; എങ്കിൽ അതെങ്ങനെ നടപ്പാക്കും?

ശ്രീ. എ. സി. മൊയ്തീൻ: സർ, തീർച്ചയായും നടപടി സ്വീകരിക്കും. ചെറുകിട ഉല്പാദന മേഖലയിലെ വിപണനത്തിനുവേണ്ടിയുള്ള സംവിധാനം ഇപ്പോഴുണ്ട്. എന്നാൽ എം.എസ്.എം.ഇ.-കളിൽ നിന്ന് ഇപ്പോൾ വരുന്ന ചില്ലറ വ്യാപാര മേഖലയിലെ പ്രത്യക്ഷ നിക്ഷേപത്തിൽ സാധനങ്ങൾ വാങ്ങണമെന്നുണ്ടെങ്കിലും ഫലത്തിൽ അത് നടക്കുന്നില്ല. ഗവൺമെന്റ് അനുമതി കൊടുക്കുന്ന നിയമത്തിൽത്തന്നെ വ്യവസ്ഥയുണ്ടെങ്കിലും അത് നടക്കാത്തതിന്റെ പ്രയാസങ്ങൾ കേരളത്തിലുണ്ട്. എം.എസ്.എം.ഇ.-കളെ സഹായിക്കാനും അവരുടെ ഉല്പന്നങ്ങൾ സർക്കാർ സംവിധാനത്തിൽ കഴിയുന്നിടത്തോളം വാങ്ങുന്നതിന് സിഡ്കോയെ ശക്തിപ്പെടുത്താനുമുള്ള പദ്ധതികൾ ആലോചിച്ചുകൊണ്ടിരിക്കുകയാണ്.

ശ്രീ. സജി ചെറിയാൻ: സർ, നോട്ടുനിരോധനം നമ്മുടെ സമ്പദ്ഘടനയെ വളരെയേറെ ബാധിച്ചിട്ടുണ്ട്. ചെറുകിട വ്യാപാര മേഖലയിൽ അത് വലിയ ആഘാതമാണ് സൃഷ്ടിച്ചിട്ടുള്ളത്. അതുസംബന്ധിച്ച് എന്തെങ്കിലും പഠനം നടത്തിയിട്ടുണ്ടോ; ഈ മേഖലയെ സംരക്ഷിക്കാൻ എന്തെങ്കിലും പ്രത്യേക പരിപാടി തയ്യാറാക്കിയിട്ടുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, നോട്ടുനിരോധനം രാജ്യത്തുണ്ടാക്കിയ പ്രത്യാഘാതം ചെറുകിട മേഖലയിലും പരമ്പരാഗത തൊഴിൽ മേഖലകളിലും നിർമ്മാണ മേഖലയിലും വലിയ പ്രതിസന്ധിയാണുണ്ടാക്കിയത്. അതിന്റെ ആഘാതം സംബന്ധിച്ച് വാണിജ്യ വകുപ്പ് പ്രത്യേക പഠനം നടത്തിയിട്ടില്ല. ധനകാര്യ വകുപ്പ് അത്തരം ചില കാര്യങ്ങൾ കഴിഞ്ഞ സഭയിൽ ചർച്ച ചെയ്തതാണ്. നഷ്ടപ്പെട്ടുപോയ കച്ചവടവും ധനനഷ്ടവുമെല്ലാം പ്രശ്നംതന്നെയാണ്. അതിന്റെ ആഘാതത്തിൽനിന്നും കരകയറാനാണ് നമ്മുടെ കമ്പോളത്തെ സജീവമാക്കാൻ വേണ്ടിയുള്ള സർക്കാരിന്റെ ഇടപെടൽ ഇപ്പോൾ നടക്കുന്നത്.

ശ്രീ. കെ. കൃഷ്ണൻകുട്ടി: സർ, ചില്ലറ വ്യാപര മേഖലയിൽ എഫ്.ഡി.ഐ. (ഫോറിൻ ഡയറക്ട് ഇൻവെസ്റ്റ്മെന്റ്) അനുവദിച്ചതിന്റെ ഫലമായി ഏറ്റവും കുറഞ്ഞ വിലയ്ക്ക് എവിടെ നിന്നെല്ലാം സാധനം കിട്ടുമോ അതാണ് ഇവിടെ കൊണ്ടുവന്ന് വിൽക്കുന്നത്. അതുപോലെ എവിടെയാണ് ഏറ്റവും കുറഞ്ഞ നിരക്കിൽ തൊഴിലാളികളെ കിട്ടുന്നതെന്ന് കണ്ടെത്തും. ഇപ്പോൾ ബംഗ്ലാദേശിൽ നിന്ന് തൊഴിലാളികളെ കൊണ്ടുവരാനുള്ള സൗകര്യം കേന്ദ്ര ഗവൺമെന്റ് ചെയ്തുകൊടുത്തിട്ടുണ്ട്. ഇവിടെത്തന്നെയുള്ള വലിയ മാളുകളിൽ ആസ്സാമിൽ നിന്നാണ് പച്ചക്കറികൾ കൊണ്ടുവന്ന് വിൽക്കുന്നത്. അതുകൊണ്ട് കേരളത്തിലെ കൃഷിക്കാർക്കും തൊഴിലില്ലാത്ത ചെറുപ്പക്കാർക്കും യാതൊരു ഉപയോഗവുമില്ലെന്ന് മനസ്സിലാക്കി കേന്ദ്ര ഗവൺമെന്റിന്റെ ഈ നയത്തിനെതിരായി ശക്തമായ ഒരു ഇടപെടൽ നടത്താൻ തയ്യാറാകുമോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, സർക്കാരിന്റെ നിലപാട് ഞാൻ നേരത്തെ വ്യക്തമാക്കിയിരുന്നു. ചില്ലറ വ്യാപാര മേഖലയിൽ പ്രത്യക്ഷ വിദേശ നിക്ഷേപം രാജ്യത്തിന് അപകടമാണ്. കേരളത്തിൽ തൊഴിൽ മേഖലയ്ക്ക് മാത്രമല്ല, കാർഷിക സമ്പദ്‌വ്യവസ്ഥയ്ക്കും അത് വലിയ പ്രത്യാഘാതമുണ്ടാക്കുമെന്നുള്ളത് ഉറപ്പാണ്. അതിനെതിരായുള്ള ബഹുജനാഭിപ്രായം ശക്തിപ്പെട്ടുവരണം. ആ രീതിയിലുള്ള നീക്കങ്ങളാണ് ഇന്ന് പല മേഖലയിലും നടക്കുന്നത്. മറ്റെല്ലാ മേഖലയിലുംപോലെ കൃഷിക്കാരുടെയും തൊഴിലില്ലാത്തവരുടെയും പ്രക്ഷോഭങ്ങൾ ഈ നയത്തിന്റെ ഭാഗമായിത്തന്നെയാണ് ഉയർന്നുവരുന്നത്.

ശ്രീ. വി. കെ. സി. മമ്മത് കോയ: സർ, തൊഴിലിന്റെ ഭാഗമായി ചെറുകിട വ്യാപാരം നടത്തുന്ന ധാരാളം കച്ചവടക്കാർ കേരളത്തിലുണ്ട്. ഈ കച്ചവടക്കാരെയെല്ലാം ബാധിക്കുന്ന തരത്തിലാണ് ഓൺലൈൻ വ്യാപാരം നടക്കുന്നത്. സ്വദേശിയായാലും വിദേശിയായാലും വലിയ മാളുകൾ വരുന്നതോടുകൂടി ചെറുകിട കച്ചവടക്കാർക്ക് തൊഴിൽ നഷ്ടപ്പെടുന്ന ഗുരുതരമായ അവസ്ഥയാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. ഇവരെ സഹായിക്കാൻ എന്തെങ്കിലും നടപടി സ്വീകരിക്കാൻ ആലോചിക്കുന്നുണ്ടോ?

ശ്രീ. എ. സി. മൊയ്തീൻ: സർ, ചെറുകിട മേഖലയിലെ വ്യാപാരികളുടെ പ്രശ്നങ്ങളും പ്രയാസങ്ങളും പരിഹരിക്കാനായി ചെറുകിട മേഖലയിലെ വ്യാപാരികളുടെ ഒരു ക്ഷേമനിധി രൂപീകരിക്കാനാണ് ആലോചിച്ചിട്ടുള്ളത്. അതുപോലെ വാണിജ്യ മിഷന്റെ പ്രവർത്തനം വരുന്നതോടുകൂടി കച്ചവട മേഖല കുറച്ചുകൂടി സജീവമാക്കുക എന്നുള്ളത് തന്നെയാണ് മാർഗ്ഗം. മാളുകൾ വരുന്നത് തടയാൻ നമുക്ക് സാധിക്കില്ല. മാളുകളുടെ വ്യാപനം തുടരുകയാണ്.

മി. സ്പീക്കർ: ചോദ്യം നം.(*33)-നോടൊപ്പം (*39), (*43),(*45) എന്നീ നമ്പർ ചോദ്യങ്ങൾ ക്ലബ് ചെയ്യുന്നതിന് സർവ്വശ്രീ എം. ഉമ്മർ, എം. വിൻസെന്റ്, ജോൺ ഫെർണാണ്ടസ് എന്നീ അംഗങ്ങൾ നോട്ടീസ് നൽകിയിട്ടുണ്ട്. ഇവയിൽ (*39), (*45) എന്നീ നമ്പർ ചോദ്യങ്ങൾ ചോദ്യം നം. (*33)-മായി ക്ലബ് ചെയ്യുന്നു.

## വിനോദസഞ്ചാര മേഖലയിലെ സുരക്ഷാ ക്രമീകരണങ്ങൾ

3 (*33) ശ്രീ. കെ. എസ്. ശബരീനാഥൻ:
ശ്രീ. കെ. മുരളീധരൻ:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്ത് വിദേശ വനിത കൊലചെയ്യപ്പെട്ടതിന്റെ പശ്ചാത്തലത്തിൽ

സംസ്ഥാനത്ത് വിനോദസഞ്ചാരികൾക്ക് കൂടുതൽ സുരക്ഷാ സംവിധാനം ഏർപ്പെടുത്താൻ തീരുമാനമെടുത്തിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ഹോം സ്റ്റേകൾ പ്രവർത്തിക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ പ്രസ്തുത ഹോം സ്റ്റേകൾക്കെതിരെ എന്ത് നടപടിയാണ് ഇതിനകം സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ചുമതലയുള്ള ടൂറിസം പോലീസിനെ തെരഞ്ഞെടുക്കുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കാമോ; അവർക്ക് പ്രത്യേക പരിശീലനം നൽകാറുണ്ടോയെന്ന് വിശദമാക്കാമോ;

(ഡി) വിനോദസഞ്ചാര മേഖലകളിൽ തദ്ദേശീയരായ ആളുകളെ അർഹതയുടെ അടിസ്ഥാനത്തിൽ തെരഞ്ഞെടുത്ത് ട്രാഫിക് വാർഡന്മാരായി നിയമിക്കുന്നതിന് നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,(എ) ഉണ്ട്. കോവളം ടൂറിസം ഡെസ്റ്റിനേഷനിലുണ്ടായ വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെയും ഉന്നതാധികാരികൾ പങ്കെടുത്ത യോഗം 10-5-2018-ൽ ചേരുകയുണ്ടായി. യോഗ തീരുമാനപ്രകാരം ഇത്തരം സംഭവങ്ങൾ തടയുന്നതിനും ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടി പോലീസ് വകുപ്പുമായി ചേർന്ന് ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു. അടിയന്തരമായി സ്വീകരിക്കേണ്ട നടപടികൾക്കായി 18-5-2018-ൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി സംസ്ഥാന പോലീസ് മേധാവി സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെല്ലാം ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആൻഡ് പോലീസ് അസിസ്റ്റൻസ് സെന്ററുകൾ പ്രവർത്തനമാരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്.

നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയിൽ അപകടസാദ്ധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ

സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. ടൂറിസം പോലീസിന്റെ നിലവിലുള്ള ശക്തി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഭാഷാ നൈപുണ്യ ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ, അവബോധ ക്ലാസുകൾ, ആവശ്യമായ ഇതര ട്രെയിനിംഗുകൾ എന്നിവ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖാന്തരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 പേർ ലൈഫ് ഗാർഡുകളായി സേവനം അനുഷ്ഠിക്കുന്നു. ഇവരുടെ സേവനം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കാൻ കഴിയുമോയെന്ന് പരിശോധിക്കും.

അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാന്മാരാക്കുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സി.സി.ടി.വി. സംവിധാനം, നടപ്പാതകൾ, മെച്ചപ്പെട്ട പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തിവരുന്നു.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് നേരെയുള്ള മോശപ്പെട്ട പെരുമാറ്റവും അവർ അക്രമിക്കപ്പെടുന്നതും ഒഴിവാക്കി കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾ വഴി പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) സംസ്ഥാനത്ത് വിനോദസഞ്ചാര വകുപ്പിന്റെ ക്ലാസിഫിക്കേഷൻ സർട്ടിഫിക്കറ്റ് ഇല്ലാതെ ഹോം സ്റ്റേകൾ പ്രവർത്തിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. വിനോദസഞ്ചാര വകുപ്പ് നൽകുന്ന ഹോം സ്റ്റേ ക്ലാസിഫിക്കേഷൻ ഒരു ലൈസൻസിന്റെ പരിധിയിൽ വരാത്തതിനാൽ വകുപ്പിന് അനധികൃത ഹോം സ്റ്റേകൾക്കെതിരെ നേരിട്ട് നടപടി സ്വീകരിക്കാൻ സാധിക്കുന്നില്ല. വിവിധ കാരണങ്ങൾകൊണ്ട് നിലവിലെ ഹോം സ്റ്റേ നടത്തിപ്പിൽ അഭിമുഖീകരിക്കുന്ന പ്രശ്നങ്ങൾക്ക് പരിഹാരം കാണുന്നതിലേയ്ക്ക് വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഒരു യോഗം ചേരാൻ തീരുമാനിച്ചിട്ടുണ്ട്.

(സി) ടൂറിസം പോലീസ് സംവിധാനം നടപ്പിലാക്കി ആവിഷ്കരിച്ച ആദ്യ സംസ്ഥാനങ്ങളിലൊന്നാണ് കേരളം. G.O. (Ms)3/99/Home dated 9-1-1997 പ്രകാരം പോലീസ് വകുപ്പിലെ ഒരു പ്രത്യേക വിഭാഗമായാണ് ടൂറിസം പോലീസ് പ്രവർത്തിക്കുന്നത്. ഈ വിംഗിൽ പ്രധാനമായും സീനിയർ സിവിൽ പോലീസ് ഓഫീസർമാർ, സിവിൽ പോലീസ് ഓഫീസർമാർ, വനിതാ പോലീസ് ഓഫീസർമാർ എന്നിവരുടെ സേവനമാണ് ഉറപ്പുവരുത്തിയിട്ടുള്ളത്. സർക്കാർ ഉത്തരവ് പ്രകാരം ടൂറിസം പോലീസ് ഉദ്യോഗസ്ഥരെ തെരഞ്ഞെടുക്കുന്നത് ലോക്കൽ പോലീസ് സ്റ്റേഷനിൽ നിന്നുമാണ്. ഭാഷാ നൈപുണ്യവും അധിക യോഗ്യതയും കാര്യശേഷി പാടവവുമുള്ള പോലീസുകാരെയാണ് ടൂറിസം പോലീസായി നിയോഗിക്കുക. അവർക്കാവശ്യമുള്ള ഇൻഡക്ഷൻ ട്രെയിനിംഗ്, ഭാഷാ പരിശീലന ക്ലാസുകൾ, അവബോധ ക്ലാസുകൾ, ഇതര ട്രെയിനിംഗുകൾ എന്നിവ ടൂറിസം വകുപ്പ് കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് മുഖാന്തരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. ആവശ്യമെങ്കിൽ ടൂറിസം പോലീസിന്റെ സേവനം കൂടുതൽ വിനോദസഞ്ചാര കേന്ദ്രങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിനുള്ള സാദ്ധ്യത പരിശോധിക്കുന്നതാണ്. കോവളത്ത് വിദേശ വനിത മരണപ്പെട്ട സാഹചര്യത്തിൽ ടൂറിസം സീസണിൽ ടൂറിസം പോലീസിനെ സഹായിക്കാൻ വിവിധയിടങ്ങളിൽ 20 സായുധ ബറ്റാലിയൻ ഉദ്യോഗസ്ഥരെക്കൂടി നിയോഗിക്കാനും കൂടുതൽ വനിതാ പോലീസ് കോൺസ്റ്റബിൾമാരെ വിവിധ വിനോദസഞ്ചാര മേഖലകളിലെ പോലീസ് സ്റ്റേഷനുകളിൽ കൂട്ടിച്ചേർക്കാനും അവരെ ടൂറിസം പോലീസായി ഉപയോഗപ്പെടുത്താനും വേണ്ട നടപടി പോലീസ് വകുപ്പ് സ്വീകരിച്ചുവരുന്നു.

(ഡി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷയുമായി ബന്ധപ്പെട്ട് 10-5-2018-ൽ വിനോദസഞ്ചാര വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും പോലീസ് വകുപ്പിലെ സംസ്ഥാന പോലീസ് മേധാവിയും ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പങ്കെടുത്ത മീറ്റിംഗിൽ ടൂറിസം വാർഡന്മാരെ നിയമിക്കുന്നതിനുള്ള കാര്യങ്ങൾ പരിഗണിച്ചിട്ടുണ്ട്. എന്നാൽ ഇതുമായി ബന്ധപ്പെട്ട് അന്തിമ തീരുമാനം കൈക്കൊണ്ടിട്ടില്ല.

## വിനോദസഞ്ചാര മേഖലയിലെ പ്രതിസന്ധി

4(*39) ശ്രീ. എം. ഉമ്മർ :
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് :
ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നല്കുമോ :

(എ) കോവളം വിനോദസഞ്ചാര കേന്ദ്രത്തിൽ വിദേശ വനിത കൊല്ലപ്പെട്ട സംഭവത്തെ തുടർന്ന് വിനോദസഞ്ചാര മേഖലയിലുണ്ടായിരിക്കുന്ന പ്രതിസന്ധി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ചൂഷണം അവസാനിപ്പിക്കാനും സുരക്ഷ ഉറപ്പാക്കാനും സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ,

(എ) ഇത്തരമൊരു പ്രതിസന്ധിയുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോധവത്കരണവും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും 150 സിവിൽ പോലീസ് ഓഫീസർമാരെയുമാണ് വിവിധ ജില്ലകളിലായി നിയോഗിച്ചിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പോലീസ് പട്രോളിംഗ് കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ അപകടങ്ങളോ, ജീവഹാനിയോ സംഭവിക്കാൻ സാദ്ധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 ലൈഫ് ഗാർഡുകൾ സേവനമനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. അപകടസാദ്ധ്യത സൂചിപ്പിച്ചുകൊണ്ടുള്ള

മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾ ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

കേരളത്തിലെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളെ നിരീക്ഷണ വിധേയമാക്കുന്നതിന്റെ ഭാഗമായി നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ച്, ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശങ്ങളെയുമാണ് സി.സി.ടി.വി. ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്ന കാര്യം അതാത് പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ/ പോലീസ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ഹൗസ് ബോട്ടുകളിലെ യാത്രാ സുരക്ഷിതത്വം കണക്കിലെടുത്ത് 'ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം' എന്ന സംവിധാനം ഇപ്പോൾ കുമരകത്തും ആലപ്പുഴ കായൽ പ്രദേശങ്ങളിലെ ഹൗസ് ബോട്ടുകളിലും നടപ്പിലാക്കിയിട്ടുണ്ട്. ഇത് മറ്റ് കായൽ പ്രദേശങ്ങളിലെ ഹൗസ് ബോട്ടുകളിൽക്കൂടി നടപ്പിലാക്കുന്ന കാര്യം പരിഗണനയിലുണ്ട്.

പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് മെച്ചപ്പെട്ട അടിസ്ഥാന സൗകര്യവും ശുചിത്വവും സുരക്ഷിതത്വവും ഉറപ്പുവരുത്തുന്നതിന് ടൂറിസം വകുപ്പ് ആസൂത്രണം ചെയ്തിട്ടുള്ള നൂതന കർമ്മ പദ്ധതിയായ ഗ്രീൻ കാർപ്പറ്റിൽ താഴെപ്പറയുന്ന കാര്യങ്ങൾ ഉൾപ്പെടുത്തിയിട്ടുണ്ട്.

1. വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം, സംരക്ഷണം എന്നിവ ഉറപ്പുവരുത്തൽ, അടിയന്തര ഘട്ടങ്ങളിൽ എത്രയും പെട്ടെന്ന് സഹായം ഉറപ്പാക്കുന്നതിനുള്ള സംവിധാനം.

2. ടൂറിസ്റ്റുകൾക്ക് ആവശ്യമായ വിവരങ്ങൾ നൽകുന്നതിനും പരാതികളും നിർദ്ദേശങ്ങളും സ്വീകരിക്കുന്നതിനുമുള്ള സംവിധാനം.

3. ജീവനക്കാർ, സന്നദ്ധ പ്രവർത്തകർ എന്നിവർക്ക് കൃത്യമായ പരിശീലനവും തിരിച്ചറിയൽ കാർഡ് നൽകലും.

സുരക്ഷിതത്വം ലക്ഷ്യമാക്കി കണ്ടിജൻസി റെസ്പോൺസ് സിസ്റ്റം ഇതിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. ഇതിൽ ലൈഫ് ഗാർഡുകളുടെ സേവനം, ടൂറിസം പോലീസ്, പോലീസ് എയ്ഡ് പോസ്റ്റ്, പോലീസ് പട്രോളിംഗ് എന്നിവ ഉൾപ്പെടുന്നു. കൂടാതെ സുരക്ഷിതത്വത്തിനായി പ്രധാനമായും താഴെപ്പറയുന്ന കാര്യങ്ങൾ ഉറപ്പാക്കുന്നു:

1. നിയമപാലകരുടെ സേവനം എപ്പോഴും ഉറപ്പാക്കുക.
2. നിയമലംഘന പ്രവർത്തനങ്ങൾ അധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തുക.
3. അനാശാസ്യ പ്രവർത്തനങ്ങൾക്കെതിരെ ജാഗരൂകരാകുക.
4. ടൂറിസം ബന്ധിത ഉല്ലാസ പരിപാടികൾ സുരക്ഷിതത്വ നിയമം പാലിക്കുന്നുവെന്ന് ഉറപ്പാക്കുക.
5. കായൽ, കടൽ, നദി എന്നിവയുമായി ബന്ധപ്പെട്ട ടൂറിസം പ്രവർത്തകരുടെ സാഹസിക ടൂറിസം പരിപാടികൾ സുരക്ഷിതമായി നടപ്പാക്കുന്നുവെന്ന് ഉറപ്പാക്കുക.
6. അത്യാഹിതം സംഭവിച്ചാൽ പ്രഥമ ശുശ്രൂഷ നൽകുക, ഇത്തരം ഘട്ടങ്ങളിൽ ക്രൈസിസ് മാനേജ്മെന്റ് സംവിധാനമൊരുക്കുക.

കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടി സ്വീകരിച്ചിട്ടുണ്ട്. ടൂറിസം മേഖലയിൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ കർശനമായി നടപ്പാക്കാനുള്ള അധികാരം റെഗുലേറ്ററി അതോറിറ്റിക്ക് ഉണ്ടാകും. സുസ്ഥിരവും കാര്യക്ഷമവുമായ ടൂറിസം വികസനം സാദ്ധ്യമാക്കാനും ഇതിലൂടെ ലക്ഷ്യമിടുന്നു.

## വിനോദ സഞ്ചാര വ്യവസായത്തിന് പ്രതികൂലമാകുന്ന സംഭവങ്ങൾ

5 (*45) ശ്രീ. ആന്റണി ജോൺ:
ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. എം. മുകേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്തുണ്ടായ നിർഭാഗ്യകരമായ സംഭവത്തിന്റെ പശ്ചാത്തലത്തിൽ സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിദേശികളും സ്വദേശികളുമായ വിനോദസഞ്ചാരികൾക്ക് സുരക്ഷ ഉറപ്പാക്കാനായി കൈക്കൊണ്ടിട്ടുള്ള നടപടികൾ അറിയിക്കാമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടക്കുന്ന ചൂഷണവും കബളിപ്പിക്കലും വിനോദസഞ്ചാര വ്യവസായത്തിന് പ്രതികൂലമാകുമെന്നതിനാൽ ഇത്തരം സ്ഥലങ്ങൾ കർശന നിരീക്ഷണത്തിന് വിധേയമാക്കാൻ നടപടിയെടുക്കുമോ;

(സി) ഉത്തരവാദിത്ത ടൂറിസം മിഷൻ ശക്തിപ്പെടുത്തി വിനോദ സഞ്ചാര വ്യവസായത്തിന്റെ സദ്ഫലം സാധാരണക്കാരിലേയ്ക്കെത്തിക്കാനും അതുവഴി ഇത്തരം സ്ഥലങ്ങളിൽ നിലനിൽക്കുന്ന അനഭിലഷണീയ പ്രവണതകൾ ഒഴിവാക്കാനും പദ്ധതിയുണ്ടോ; വിശദമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, (എ) കോവളം ടൂറിസം ഡെസ്റ്റിനേഷനിലുണ്ടായ വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെ ഉന്നത അധികാരികളും പങ്കെടുത്ത യോഗം 10-5-2018-ൽ ചേരുകയുണ്ടായി. യോഗതീരുമാന പ്രകാരം ഇത്തരം സംഭവങ്ങൾ തടയുന്നതിനും ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് ടൂറിസം വകുപ്പ് നടപ്പിലാക്കിവരുന്നു. ഇതിലേയ്ക്കായി സ്വീകരിക്കേണ്ട നടപടികൾക്കായി 18-5-2018-ൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെടുത്തി പോലീസ് മേധാവിയുടെ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എല്ലാ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആൻഡ് പോലീസ് അസിസ്റ്റന്റ് സെന്ററുകളും എത്രയുംവേഗം പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി ടൂറിസം മേഖലയിൽ അപകടസാദ്ധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. ടൂറിസം പോലീസിന്റെ ശക്തി വർദ്ധിപ്പിക്കുന്ന കാര്യം പരിശോധിച്ചുവരുന്നു. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും

ഭാഷാ നൈപുണ്യ ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ, അവബോധ ക്ലാസുകൾ, ആവശ്യമായ ഇതര ട്രെയിനിംഗുകൾ എന്നിവ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മുഖാന്തരം നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 പേർ ലൈഫ് ഗാർഡുകളായി സേവനമനുഷ്ഠിക്കുന്നു. ഇവരുടെ സേവനം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കാൻ കഴിയുമോയെന്ന് പരിശോധിക്കും.

അപകട സാദ്ധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തിരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാന്മാരാക്കുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾ ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സി.സി.ടി.വി. സംവിധാനം, നടപ്പാതകൾ, പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തിവരുന്നു.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് നേരെയുള്ള മോശപ്പെട്ട പെരുമാറ്റവും അവർ ആക്രമിക്കപ്പെടുന്നതും ഒഴിവാക്കി കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾ വഴി പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ബി) വിനോദസഞ്ചാര വ്യവസായത്തിന് പ്രതികൂലമാകുന്ന ഘടകങ്ങൾക്കെതിരെ കർശന നടപടി സ്വീകരിക്കുന്നതാണ്. ഇത്തരം അനഭിലഷണീയ പ്രവണതകൾ തടയുന്നതിന്റെ ഭാഗമായി ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാരംഭ നടപടി ആരംഭിച്ചിട്ടുണ്ട്.

(സി) ഉത്തരവാദിത്ത ടൂറിസം മിഷൻ ഉപയോഗപ്പെടുത്തി വിനോദസഞ്ചാരത്തിന്റെ ഗുണഫലങ്ങൾ സാധാരണക്കാരിലെത്തിക്കാനും അതുവഴി ഇത്തരം സ്ഥലങ്ങളിൽ അനഭിലഷണീയ പ്രവണതകൾ

എന്തെങ്കിലുമുണ്ടെങ്കിൽ അവ ഒഴിവാക്കാനും ഒട്ടേറെ നടപടികൾ സ്വീകരിച്ചുവരുന്നു. ഇപ്പോൾത്തന്നെ ഉത്തരവാദിത്ത ടൂറിസം മിഷൻ ഉപയോഗപ്പെടുത്തി വിവിധ ബോധവൽക്കരണ പ്രവർത്തനങ്ങൾ ഈ ലക്ഷ്യം മുൻനിർത്തി ആരംഭിച്ചിട്ടുണ്ട്. ഈ ലക്ഷ്യത്തിനായി നടത്തിയ വിവിധ അവബോധ ശില്പശാലകൾ, സെമിനാറുകൾ, പരിശീലന പരിപാടികൾ എന്നിവയിൽ ഇതിനകം 2000 പേർ പങ്കെടുത്തിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ ഇതിനോടകം 6 ജില്ലകളിൽ അവബോധത്തിനായുള്ള ശിൽപശാലകൾ പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ഉത്തരവാദിത്ത ടൂറിസം മിഷൻ മുഖേന സംസ്ഥാനത്തെ ടൂറിസം കേന്ദ്രങ്ങളിൽ സുരക്ഷാ ഓഡിറ്റ് നടത്താനും തീരുമാനിച്ചിട്ടുണ്ട്.

<u>ശ്രീ. കെ. എസ്. ശബരീനാഥൻ</u>: സർ, കേരളത്തിൽ വിഷാദരോഗത്തിന് ചികിത്സയ്ക്ക് വന്ന ലാത്വിയൻ സ്വദേശിനിയായ XXXX*യുടെ തിരോധാനവും മരണവുമൊക്കെ അന്താരാഷ്ട്രതലത്തിൽവരെ കോളിളക്കം സൃഷ്ടിച്ച ഒരു കേസാണ്. XXXX*യുടെ മരണം സ്ഥിരീകരിച്ച ഏപ്രിൽ 28 കഴിഞ്ഞ് ഇന്നേയ്ക്ക് 36 ദിവസമായിട്ടും ഇതുവരെ അതിൽ പങ്കാളികളായ എല്ലാവരെയും അറസ്റ്റ് ചെയ്യാൻ പോലീസിന് കഴിഞ്ഞിട്ടില്ല. വിദേശ വനിതയുടെ ഭർത്താവ് ശ്രീ. ആൻഡ്രൂസ് നാട്ടിലേക്ക് തിരികെ പോകാതെ ഇപ്പോഴും തിരുവനന്തപുരത്ത് ഈ കേസിന്റെ അന്വേഷണവുമായി നിൽക്കുകയാണ്. ഈ കേസ് സി.ബി.ഐ.-ക്ക് വിടണമെന്നാണ് അദ്ദേഹം പറയുന്നത്. ഇക്കാര്യത്തിൽ ആദ്യത്തെ അറസ്റ്റ് നടത്തിയതിനുശേഷം ഒരു നിസ്സംഗത സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ടോ എന്ന സംശയം പൊതുസമൂഹത്തിന് വരികയാണ്. സ്ത്രീകൾക്ക് സുരക്ഷിതമല്ലാത്ത ഒരു ടൂറിസം കേന്ദ്രമാണ് കേരളം എന്നുള്ള പ്രചരണങ്ങൾ വളരെ സംഘടിതമായി ഇന്ന് നവമാധ്യമങ്ങളിൽ നടക്കുന്നുണ്ട്. എത്രയും പെട്ടെന്ന് XXXX*യുടെ തിരോധാനവും മരണവുമായി ബന്ധപ്പെട്ട എല്ലാ പ്രതികളെയും കണ്ടെത്തുന്നതിനുള്ള തീരുമാനമെടുത്ത് കേരള ടൂറിസത്തിന് ഒരു കോട്ടവും ഉണ്ടാക്കാതിരിക്കാനുള്ള നടപടികൾ സർക്കാർ സ്വീകരിക്കുമോ?

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, XXXX*യുടെ കാണാതാകലുമായി ബന്ധപ്പെട്ട് ഗവൺമെന്റ് ഫലപ്രദമായ പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്. പോലീസിന്റെ അന്വേഷണത്തിൽ കുറ്റവാളികളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. ആൻഡ്രൂസ് ആദ്യഘട്ടത്തിലൊക്കെ തൃപ്തികരമായ നിലപാടാണ് സ്വീകരിച്ചിരുന്നത്. പിന്നീട് അദ്ദേഹം നാട്ടിലേയ്ക്ക് പോയിട്ടില്ലെന്നും കേരളത്തിൽത്തന്നെയുണ്ട് എന്നുള്ള കാര്യവും അടുത്തകാലത്താണ് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഇക്കാര്യത്തിൽ താൽപ്പര്യപൂർവ്വം ആൻഡ്രൂസിനോടൊപ്പം നിന്ന വിദേശ വനിതയുടെ അനുജത്തി

* ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖകളിൽനിന്ന് നീക്കം ചെയ്തു.

എലീസ ഗവൺമെന്റിന്റെ നടപടികളിൽ അതീവതാല്പര്യം പ്രകടിപ്പിക്കുകയും വീണ്ടും കേരളത്തിലേയ്ക്ക് വരുമെന്ന പ്രസ്താവനയോടുകൂടിയാണ് നാട്ടിലേക്ക് തിരികെ പോയതും. ഇക്കാര്യത്തിൽ ചെയ്യാൻ കഴിയുന്നതെല്ലാം ഗവൺമെന്റ് ചെയ്തിട്ടുണ്ട്. നമ്മുടെ സംസ്ഥാനത്ത് വരുന്ന വിദേശ സഞ്ചാരികളോ ആഭ്യന്തര സഞ്ചാരികളോ ആയവർക്ക് സ്ത്രീ സുരക്ഷയടക്കം ഒരുക്കുന്ന കാര്യത്തിൽ വീഴ്ചയൊന്നും വരുന്നില്ല. ഇന്ന് വിനോദസഞ്ചാര മേഖലയെന്ന നിലയിൽ കുടുംബസമേതം ആളുകൾക്ക് എത്തിച്ചേരാൻ ഏറ്റവും അനുയോജ്യമായ മനോഹരമായ സ്ഥലം നമ്മുടെ സംസ്ഥാനമാണെന്നാണ് അമേരിക്കൻ മാഗസിനായ ലോൺലി പ്ലാനറ്റ് കണ്ടെത്തിയിരിക്കുന്നത്. ഈ അനിഷ്ട സംഭവം, അല്ലെങ്കിൽ ഒരിക്കലും സംഭവിക്കാൻ പാടില്ലാത്തത് സംഭവിച്ചു എന്നത് ഒഴികെ, നമ്മുടെ സംസ്ഥാനത്ത് യാതൊരു തരത്തിലുള്ള സുരക്ഷാ വീഴ്ചയും ഉണ്ടാകുന്നില്ല എന്നുള്ള കാര്യം അറിയിക്കാൻ ആഗ്രഹിക്കുകയാണ്.

ശ്രീ. കെ. എസ്. ശബരീനാഥൻ: സർ, ഏതൊരു വിനോദസഞ്ചാര കേന്ദ്രത്തെയും ഏറ്റവുമധികം ആകർഷകമാക്കുന്നത് സുരക്ഷിതത്വത്തിന്റെ ഗ്യാരണ്ടിയാണ്. കേരളത്തിൽ പല ടൂറിസം കേന്ദ്രങ്ങളിലും മനുഷ്യനിർമ്മിതമായ അപകടങ്ങളും അതിനോടൊപ്പം സ്വാഭാവികമായ പ്രകൃതിദുരന്തങ്ങളും കാരണം കുറേ ജീവനുകൾ പൊലിയുകയാണ്. എന്റെ നിയോജകമണ്ഡലത്തിലെ കല്ലാർ ഗോൾഡൻവാലി പ്രദേശത്ത് എല്ലാ മാസവും അവിടെ പോകുന്ന യുവാക്കൾ മുങ്ങിമരിക്കുന്ന ഒരു അവസ്ഥയാണുള്ളത്. അതുപോലെയുള്ള ഒട്ടനവധി ടൂറിസ്റ്റുകൾ വരുന്ന ചെറിയ ടൂറിസം പോയിന്റുകളിൽ പ്രത്യേക സുരക്ഷാ പദ്ധതികൾ ആവിഷ്ക്കരിക്കാൻ സർക്കാരിന് പദ്ധതിയുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, എല്ലാ പ്രധാനപ്പെട്ട കേന്ദ്രങ്ങളിലും സുരക്ഷാ സംവിധാനം ഒരുക്കണമെന്നുതന്നെയാണ് ഗവൺമെന്റിന്റെ ആഗ്രഹം. അതിന്റെ നടപടികൾ നടക്കുകയാണ്. എവിടെയെങ്കിലും സുരക്ഷാ സംവിധാനമില്ലെങ്കിൽ അവിടെ സുരക്ഷാ സംവിധാനം ഏർപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കാം. പ്രധാനപ്പെട്ട എല്ലാ ബീച്ചുകളിലും ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്. 178 ലൈഫ് ഗാർഡുകൾ സംസ്ഥാനത്ത് സേവനമനുഷ്ഠിക്കുന്നുണ്ട്. ലൈഫ് ഗാർഡുകളുടെ സേവനം മെച്ചപ്പെടുത്തുന്നതിന് അവർക്ക് കൂടുതൽ പരിശീലനം നൽകുന്നുണ്ട്. അവരുടെ സേവനം കൂടുതൽ കാര്യക്ഷമമാക്കാനും തീരുമാനിച്ചിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും മറ്റും ടൂറിസം കേന്ദ്രങ്ങളിൽ സ്ഥാപിക്കുന്നുണ്ട്. അതുപോലെതന്നെ എല്ലാ പ്രധാനപ്പെട്ട ടൂറിസ്റ്റ് ഡെസ്റ്റിനേഷനുകളിലും സി.സി.ടി.വി. സംവിധാനം, നടപ്പാതകൾ, മെച്ചപ്പെട്ട ലൈറ്റിംഗ് എന്നിവ

ഏർപ്പെടുത്തുന്നതിനുള്ള തീരുമാനമെടുത്തിട്ടുണ്ട്. ആ നിലയിൽ എല്ലാ കേന്ദ്രങ്ങളിലും അവശ്യംവേണ്ട സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന് ഗവൺമെന്റ് തയ്യാറാണ്.

ശ്രീ. കെ. മുരളീധരൻ: സർ, ടൂറിസ്റ്റുകളെ, പ്രത്യേകിച്ച് വിദേശ ടൂറിസ്റ്റുകളെ ചൂഷണത്തിന് വിധേയമാക്കുന്ന ഒന്നാണ് മസാജ് സെന്റർ. ഏറ്റവും കൂടുതൽ പരാതി വന്നിട്ടുള്ളത് കോവളം ഭാഗത്തുനിന്നാണ്. വിദേശ വനിതാ ടൂറിസ്റ്റുകളെ മസാജ് സെന്ററിലേക്ക് ആകർഷിക്കുകയും അവരെ ലൈംഗികമായി ചൂഷണം ചെയ്യുകയും ചെയ്യുന്ന നിരവധി സംഭവങ്ങൾ കുറേക്കാലമായി റിപ്പോർട്ട് ചെയ്യപ്പെടുന്നുണ്ട്. ഇക്കാര്യം പരിശോധിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അനധികൃതമായി മസാജ് സെന്ററുകൾ നടത്തുന്നവർക്കെതിരെ കർശന നടപടി സ്വീകരിക്കുമോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അനധികൃതമായി പ്രവർത്തിക്കുന്ന മസാജ് സെന്ററുകൾക്കെതിരെ കർശന നടപടി സ്വീകരിക്കും. ചൂഷണം പല രൂപത്തിലാണ് ഈ മേഖലയിൽ നടക്കുന്നത്. അത് ഇക്കാര്യത്തിൽ മാത്രമല്ല, ടാക്സി ഡ്രൈവർമാരുടെ ഭാഗത്തുനിന്നും ടൂറിസ്റ്റുകളെ കൊണ്ടുനടക്കാൻ ശ്രമിക്കുന്ന ആളുകളുടെ ഭാഗത്തുനിന്നും പല തരത്തിലുള്ള ചൂഷണങ്ങളുണ്ട്. ഇത്തരത്തിലുള്ള ചൂഷണമാകെ അവസാനിപ്പിക്കുന്നതിനുള്ള ശക്തമായ നടപടി തന്നെയാണ് ഗവൺമെന്റ് സ്വീകരിച്ചിട്ടുള്ളത്.

ശ്രീ. വി. ടി. ബൽറാം: സർ, XXXX* യുടെ തിരോധാനവും മരണവുമായി ബന്ധപ്പെട്ട് ആഴ്ചകളോളം ബന്ധുക്കൾ കേരളത്തിൽ തിരച്ചിൽ നടത്തിയപ്പോൾ ഭാഷാപരമായ പ്രശ്നങ്ങളടക്കമുള്ള ഇവർക്ക് ഭാഷ അറിയാവുന്ന ഒരു ദ്വിഭാഷിയെപ്പോലും ടൂറിസം വകുപ്പിൽനിന്ന് അനുവദിച്ചുകൊടുക്കുകയോ അവരുടെകൂടെ തിരച്ചലിന് നേതൃത്വം നൽകുന്നതിന് ശ്രദ്ധ കേന്ദ്രീകരിക്കുകയോ ചെയ്തില്ല എന്നൊരാക്ഷേപം ഉയർന്നുവന്നിട്ടുണ്ട്. ഏതായാലും അങ്ങിപ്പോൾ ടൂറിസം പോലീസിനെക്കുറിച്ച് പറയുന്നത് സ്വാഗതാർഹമാണ്. ഭാഷാശേഷിയുള്ളവരെ കൂടി ഉൾപ്പെടുത്തി അത് ശക്തിപ്പെടുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. പുതിയ ടൂറിസം ഡെസ്റ്റിനേഷനുകൾ എടുക്കുമ്പോൾ പലപ്പോഴും പ്രധാന പൊട്ടൻഷ്യലുള്ള പല സ്ഥലങ്ങളും ഒഴിവായിപ്പോകുന്നുണ്ട്. ഉദാഹരണത്തിന്, ഭാരതപ്പുഴയുമായി ബന്ധപ്പെട്ട ഒരു ടൂറിസം പദ്ധതിയെക്കുറിച്ച് കഴിഞ്ഞ ദിവസങ്ങളിൽ ചർച്ച നടക്കുകയുണ്ടായി. ഞാൻ മനസ്സിലാക്കുന്നത് അതുമായി ബന്ധപ്പെട്ട പ്രാഥമിക ഡ്രാഫ്റ്റ് എന്നുപറയുന്നത് തൃശ്ശൂർ ജില്ലയിൽ ചെറുതുരുത്തി, ഷൊർണ്ണൂർവരെ എത്തിയിട്ടും അതിന്റെ അടുത്ത ഡെസ്റ്റിനേഷനായി മലപ്പുറം ജില്ലയിലേയ്ക്ക് കടക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട തൃത്താല, വെള്ളിയാങ്കൽ പോലുള്ള സ്ഥലങ്ങൾ ഇതിലുൾപ്പെട്ടതായി കാണുന്നില്ല. വളരെയധികം സാംസ്കാരിക പാരമ്പര്യമുള്ള, ഐതിഹ്യപരമായ പ്രാധാന്യമുള്ള ഒരു

* ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖകളിൽനിന്ന് നീക്കം ചെയ്തു.

സാംസ്കാരിക ടൂറിസത്തിന് സാധ്യതയുള്ള ഈ പ്രദേശങ്ങളെക്കൂടി ഉൾപ്പെടുത്തിക്കൊണ്ട് അത് സമഗ്രമാക്കാനുള്ള ഇടപെടൽ ഉണ്ടാകുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, അങ്ങ് രണ്ട് ചോദ്യങ്ങളാണ് ചോദിച്ചത്. ഒന്നാമത്തെ ചോദ്യം, XXXX*-യുടെ കാണാതാകലുമായി ബന്ധപ്പെട്ട പ്രശ്നമാണ്. അക്കാര്യത്തിൽ ടൂറിസം വകുപ്പിനെ സംബന്ധിച്ച് ഒരു പരാതിയും ഇവിടെയുണ്ടായിരുന്ന XXXX* യുടെ കുടുംബാംഗങ്ങൾ ആരുംതന്നെ ഉയർത്തിയിരുന്നില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. കാരണം, അത്രയേറെ വകുപ്പിന്റെ സഹായം അവർക്കുണ്ടായിരുന്നു എന്നുള്ളതാണ്. ഒരു ദ്വിഭാഷിയെ നൽകേണ്ടതായ ആവശ്യം ഡിപ്പാർട്ടുമെന്റിന് ഉണ്ടായിരുന്നില്ല. കാരണം അവരുടെ സുഹൃത്തും മലയാളിയുമായ ഒരാൾ അവരോടൊപ്പം സഞ്ചരിച്ചുകൊണ്ടിരുന്നു. ദ്വിഭാഷിയെ അവർ ആവശ്യപ്പെട്ടിരുന്നുമില്ല, അതുകൊണ്ടുതന്നെ കൊടുക്കേണ്ടി വന്നതുമില്ല. അവർക്ക് താമസിക്കുന്നതിനുള്ള എല്ലാ സൗകര്യവും ടൂറിസം വകുപ്പാണ് ഒരുക്കിയത്. തൈക്കാട് സർക്കാർ യാത്രി നിവാസിൽ സൗജന്യമായ താമസവും ഭക്ഷണവും 5 ലക്ഷം രൂപയ്ക്ക് തുല്യമായ യൂറോയും നൽകി. മരണ സർട്ടിഫിക്കറ്റ് വേഗം ലഭ്യമാക്കാൻ എന്റെ ഓഫീസ് തന്നെ ഇടപെട്ട് എല്ലാ സഹായവും ചെയ്തുകൊടുത്തു. അതുപോലെ XXXX*-യുടെ അനുജത്തിയുടെ ആവശ്യപ്രകാരം XXXX* യുടെ മൃതശരീരം തൈക്കാട് ശാന്തി കവാടത്തിൽ സംസ്കരിക്കുന്നതിനാവശ്യമായ സഹായം ചെയ്തുകൊടുത്തു. കൊലചെയ്യപ്പെട്ട XXXX*യുടെ അനുജത്തി ഇലീസയുടെ ആവശ്യപ്രകാരം കനകക്കുന്ന് നിശാഗന്ധിയിൽ അവരുടെ ആചാരപ്രകാരമുള്ള അനുസ്മരണ ചടങ്ങ് സംഘടിപ്പിച്ചു. ഇലീസയ്ക്ക് നാട്ടിലേയ്ക്ക് മടങ്ങുന്നതിനുള്ള വിമാന ടിക്കറ്റ് ടൂറിസം വകുപ്പാണ് നൽകിയത്. മേയ് മാസം 9-ാം തീയതി എന്റെ ഓഫീസിൽ നേരിട്ട് വന്ന് സഹായങ്ങൾക്ക് നന്ദി രേഖപ്പെടുത്തി 'ഒറ്റപ്പെട്ട ഈ സംഭവം ലോകത്ത് എവിടെയും സംഭവിക്കാമെന്നും സഹോദരിയുടെ വേർപാടിൽ ദുഃഖമുണ്ടെങ്കിലും ഇനിയും ഈ കൊച്ചുകേരളത്തിൽ വരും' എന്നുപറഞ്ഞാണ് അവർ യാത്രയായത്. മേയ് 11-ന് കൊച്ചിയിൽനിന്ന് ലണ്ടനിലേയ്ക്ക് തിരിച്ചുപോകുകയും ചെയ്തു. കനകക്കുന്ന് പരിസരത്ത് XXXX*യുടെ ഓർമ്മയ്ക്കായി അവരുടെ അനുജത്തി ഇലീസയുടെ ആഗ്രഹപ്രകാരം നട്ട മരം പ്രത്യേകം സംരക്ഷിക്കാനും സർക്കാർ നിർദ്ദേശം നൽകിയിട്ടുണ്ട്. അക്കാര്യത്തിലെല്ലാം ഗവൺമെന്റ് ശരിയായ നടപടി തന്നെയാണ് സ്വീകരിച്ചത്. പിന്നെ അദ്ദേഹം രണ്ടാമത് പറഞ്ഞ കാര്യത്തിൽ ഏതെങ്കിലും ടൂറിസ്റ്റ് കേന്ദ്രം വിട്ടുപോയിട്ടുണ്ടെങ്കിൽ അത് പരിശോധിച്ച് ഉൾപ്പെടുത്തുന്നതിൽ യാതൊരു വിഷമവുമില്ല.

---

* ബഹുമാനപ്പെട്ട സ്പീക്കറുടെ നിർദ്ദേശപ്രകാരം സഭാരേഖകളിൽനിന്ന് നീക്കം ചെയ്തു.

<u>ശ്രീ. വി. എസ്. ശിവകുമാർ</u>: സർ, തിരുവനന്തപുരത്തെ ഏറ്റവും പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഒന്നാണ് ശംഖുംമുഖം. തദ്ദേശീയരും വിദേശീയരുമായ ആയിരക്കണക്കിന് ടൂറിസ്റ്റുകളാണ് അവിടെ എത്തിച്ചേരുന്നത്. കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 4 കോടി രൂപയുടെ ഒരു പ്രോജക്ടിന് തുടക്കം കുറിക്കുകയും നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിച്ചുവരികയുമാണ്. പക്ഷെ, സമീപകാലത്ത് ശംഖുംമുഖം കടൽത്തീരത്ത് മുഴുവൻ നാശമുണ്ടായ ഒരു സാഹചര്യം വന്നിരിക്കുകയാണ്. കടലാക്രമണത്തിൽ കോടിക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച പ്രധാനപ്പെട്ട റോഡുകൾ മുഴുവൻ തകർന്നടിഞ്ഞിരിക്കുകയാണ്. തീരദേശമാകെ തകർന്നിരിക്കുന്നു. ടൂറിസ്റ്റ് കേന്ദ്രമാക്കാൻ സാധ്യതയുള്ള ഒരു പ്രദേശമെന്ന നിലയിൽ അവിടെയുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിനു വേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് പ്രത്യേകിച്ച്, ടൂറിസം വകുപ്പിന്റെ ഭാഗത്തുനിന്നുതന്നെ ഏറ്റവും അടിയന്തരമായ നടപടികൾ സ്വീകരിക്കുമോ എന്നാണ് എനിക്ക് ചോദിക്കാനുള്ളത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആ പ്രദേശം സന്ദർശിച്ചിരുന്നു. അദ്ദേഹത്തിന് കാര്യങ്ങൾ ബോധ്യപ്പെട്ടിട്ടുണ്ട്. ഗവൺമെന്റു തന്നെ മുൻകയ്യെടുത്ത് തീരദേശത്തും മത്സ്യത്തൊഴിലാളികൾക്കുമുണ്ടായ നാശനഷ്ടങ്ങൾ പരിഹരിക്കുന്നതിന് നടപടി സ്വീകരിക്കണം. ടൂറിസം മേഖലയായി ശംഖുംമുഖത്തെ മാറ്റിയെടുക്കുന്നതിനുള്ള ഏറ്റവും ശക്തമായ പ്രവർത്തനങ്ങൾ ഗവൺമെന്റിന് ഏറ്റെടുക്കാൻ കഴിയുമോ എന്നുള്ളതാണ് എന്റെ ചോദ്യം.

<u>ശ്രീ. കടകംപള്ളി സുരേന്ദ്രൻ</u>: സർ, കുറച്ചുകാലമായി ശംഖുംമുഖം കടപ്പുറം നഷ്ടപ്പെട്ടുകൊണ്ടിരിക്കുകയായിരുന്നു. ഒന്നുരണ്ട് ഘട്ടങ്ങളിലായുണ്ടായ കടൽ ക്ഷോഭത്തിൽ കടൽത്തീരമാകെ നഷ്ടപ്പെട്ടുപോകുന്ന ഒരവസ്ഥയാണ് ഉണ്ടായിട്ടുള്ളത്. ഇത് മനസ്സിലാക്കിക്കൊണ്ടുതന്നെ കടപ്പുറം സംരക്ഷിക്കുന്നതിനു വേണ്ട നടപടി ഗവൺമെന്റ് സ്വീകരിക്കുകയാണ്. അതിനാവശ്യമായ ഒരു പ്രോജക്ട് തയ്യാറാക്കുന്നതിന് ചുമതലപ്പെടുത്തിയിട്ടുണ്ട്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നിർദ്ദേശാനുസരണം ശംഖുംമുഖം, കോവളം കടൽത്തീരങ്ങളുടെ സംരക്ഷണവും ടൂറിസ്റ്റുകൾക്കാവശ്യമായ അടിസ്ഥാന സൗകര്യമൊരുക്കലുമൊക്കെ ചർച്ച ചെയ്യുന്നതിനുവേണ്ടി മുഖ്യമന്ത്രിതന്നെ പങ്കെടുക്കുന്ന ഒരു യോഗം വിളിച്ചിട്ടുണ്ട്. നിശ്ചയമായും ഗവൺമെന്റിന്റെ പ്രയോറിറ്റി പട്ടികയിൽ വരുന്നതുതന്നെയാണ് ഈ രണ്ട് കടൽത്തീരങ്ങളുടെയും സംരക്ഷണം. അതിനാവശ്യമായ നടപടി സ്വീകരിക്കും.

<u>മി. സ്പീക്കർ</u>: ബന്ധപ്പെട്ട വിദേശ വനിതയുടെ പേര് ഇവിടെ പരാമർശിക്കപ്പെടുകയുണ്ടായി. അത് രേഖകളിൽനിന്ന് ഒഴിവാക്കുന്നതാണ് ഉചിതം.

ശ്രീ. എം. ഉമ്മർ: സർ, വിദേശത്തുനിന്ന് ധാരാളം ആളുകൾ ഇവിടെ സൂചിപ്പിച്ചതുപോലെ ആയുർവേദ ചികിത്സയ്ക്കും അലോപ്പതി ചികിത്സയ്ക്കുമൊക്കെ വരുന്നുണ്ട്. അവർ ചികിത്സയ്ക്ക് വിധേയരാകുന്ന ആശുപത്രികളിൽ അവർക്കുവേണ്ട സുരക്ഷിതത്വം നൽകുന്നതിനും ചൂഷണം ഒഴിവാക്കുന്നതിനുമായി ഗവൺമെന്റ് പ്രത്യേക നിരീക്ഷണം നടത്തുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള ശ്രമം നടത്തുമോ എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഏത് വിദേശ പൗരനും നമ്മുടെ സംസ്ഥാനത്ത് എത്തിച്ചേരുമ്പോൾ ഹോട്ടൽ, റിസോർട്ട് എന്നിവിടങ്ങളിൽ എവിടെയാണോ താമസിക്കുന്നത് അവിടെനിന്നും ബന്ധപ്പെട്ട പോലീസ് സ്റ്റേഷനിലേയ്ക്ക് അവശ്യംവേണ്ട രേഖകൾ സമർപ്പിക്കുന്നുണ്ട്. അതിന്റെ തുടർച്ചയായ പരിശോധനകളും നടക്കാറുണ്ട്. ഇവിടെയുണ്ടായത് ഒരു പ്രത്യേക സംഭവമായിരുന്നു. അവർ ഒരു മാനസിക രോഗിയായിരുന്നു. ചികിത്സയ്ക്കുവേണ്ടി വന്നതാണ്. അനുജത്തിയും ഉണ്ടായിരുന്നു. അനുജത്തി യോഗാ ക്ലാസ്സിൽ പങ്കെടുക്കുന്ന സന്ദർഭത്തിലാണ് ആ ചികിത്സാ കേന്ദ്രത്തിൽനിന്ന് അവർ പുറത്തുപോയത്. അത് അനുജത്തിയുടെ ശ്രദ്ധയിൽപ്പെട്ടിരുന്നില്ല. എല്ലാ ദിവസവും നടക്കാൻ പോകുന്ന പതിവ് അവർക്കുണ്ടായിരുന്നു. അങ്ങനെ നടക്കാൻ പോയതായിരിക്കുമെന്ന് കരുതിയെങ്കിലും സമയം കഴിഞ്ഞിട്ടും കാണാതായപ്പോഴാണ് അന്വേഷണം ആരംഭിച്ചത്. അപ്പോൾ കവലയിലുള്ള ഒരു ഓട്ടോറിക്ഷയിൽ കയറി കോവളത്തേയ്ക്ക് പോയി എന്ന വിവരമാണ് ലഭിച്ചത്. അങ്ങനെ അന്വേഷണം ആരംഭിച്ചെങ്കിലും കണ്ടെത്താൻ കഴിഞ്ഞില്ല. ആശുപത്രിയിലോ അല്ലെങ്കിൽ റിസോർട്ടിലോ എത്തിയാലുള്ള കാര്യത്തെ സംബന്ധിച്ച് പരിശോധിക്കാനുള്ള സംവിധാനം ഇപ്പോഴില്ല. അതെങ്ങനെ വേണമെന്ന് ആലോചിക്കാം.

ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്: സർ, കോവളത്തുണ്ടായ ദാരുണമായ സംഭവത്തെത്തുടർന്ന് ഗവൺമെന്റ് ടൂറിസം രംഗത്ത് പുതിയ സംരക്ഷണ പദ്ധതികൾ എന്തെങ്കിലും നടപ്പാക്കാൻ ശ്രമിക്കുന്നുണ്ടോ; പ്രത്യേകിച്ച് ഹൈഡൽ ടൂറിസവും ബീച്ച് ടൂറിസവും പോലെ വളരെ റിസ്കിയായ സ്ഥലങ്ങളിൽ വിദേശത്തും സ്വദേശത്തും നിന്നുള്ള ആളുകൾ ധാരാളമായി വരുന്നുണ്ട്. ഫോർട്ട് കൊച്ചി പ്രദേശങ്ങളൊക്കെ ടൂറിസത്തിന്റെ കൊടുമുടിയിലേയ്ക്ക് ഉയർന്നു കൊണ്ടിരിക്കുകയാണ്. ഒരു ലൈഫ് ഗാർഡ് മാത്രമാണ് ബീച്ചുകളിലുള്ളത്. കോവളത്തുണ്ടായ ദാരുണ സംഭവംപോലെയുള്ളവ ഈ ലൈഫ് ഗാർഡിനെക്കൊണ്ട് തടയാൻ സാധിക്കുകയില്ല. അതിനുകൂടി ഉപയുക്തമായ രീതിയിൽ പ്രത്യേക ട്രെയിനിംഗ് ലഭിച്ച ആളുകളെ ഹൈഡൽ ടൂറിസവും ബീച്ച് ടൂറിസവും വനപ്രദേശങ്ങളിൽ നടത്തുന്ന വളരെ റിസ്കിയായ ജീവൻ നഷ്ടപ്പെടുന്ന രീതിയിലുള്ള അഡ്വഞ്ചർ ടൂറിസവുമുള്ള മേഖലകളിൽ നിയമിക്കാൻ ഗവൺമെന്റ് ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, കോവളം സംഭവത്തിന്റെ പശ്ചാത്തലത്തിൽ വളരെ സമഗ്രമായ ഒരു സുരക്ഷാ സംവിധാനത്തിനാണ് ഗവൺമെന്റ് രൂപം കൊടുത്തിരിക്കുന്നത്. ടൂറിസം പോലീസിന്റെ എണ്ണം വർദ്ധിപ്പിക്കുന്നതിന് തീരുമാനമെടുത്തിട്ടുണ്ട്. ടൂറിസം പോലീസിന്റെ കൂട്ടത്തിൽ വനിതാ പോലീസിന്റെ എണ്ണം വർദ്ധിപ്പിച്ചും നടപടി സ്വീകരിക്കുകയാണ്. തീരുമാനത്തിലെത്തിയിട്ടില്ലെങ്കിലും, ട്രാഫിക് വാർഡൻമാരുടെ രീതിയിൽ എല്ലാ പ്രധാനപ്പെട്ട ഡെസ്റ്റിനേഷനുകളിലും ടൂറിസം വാർഡന്മാരെ നിയോഗിക്കുന്നത് നന്നായിരിക്കുമെന്ന നിലയിലുള്ള ആലോചനകൾ നടന്നുവരികയാണ്. നിലവിൽ 178 ലൈഫ് ഗാർഡുകളുണ്ട്. അവരുടെ എണ്ണവും വർദ്ധിപ്പിക്കാൻ തീരുമാനമെടുക്കുകയാണ്. അവർക്ക് കൂടുതൽ പരിശീലനം നൽകി അവരുടെ സേവനം കാര്യക്ഷമമാക്കാൻ തീരുമാനമെടുത്തിട്ടുണ്ട്. അതുപോലെതന്നെ മുന്നറിയിപ്പ് ബോർഡുകൾ എല്ലാ സ്ഥലത്തും ഉണ്ടാകുമെന്നുള്ള കാര്യത്തിൽ ഉറപ്പുവരുത്തുകയാണ്. സി.സി.ടി.വി. സംവിധാനം എല്ലാ പ്രധാനപ്പെട്ട ടൂറിസം ഡെസ്റ്റിനേഷനുകളിലും ഉണ്ടാകണമെന്നുതന്നെയാണ് ആലോചിക്കുന്നത്. ടൂറിസം കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഡ്രൈവർമാർ തുടങ്ങി ടൂറിസ്റ്റുകളുമായി ഇടപെടുന്ന എല്ലാവർക്കും തിരിച്ചറിയൽ കാർഡ് നൽകുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പ്രത്യേക പരിശീലനവും ഇവർക്കായി സംഘടിപ്പിക്കുന്നതിന് തീരുമാനിക്കുകയും നടന്നുവരികയുമാണ്. വളരെ സജീവമായ ഇടപെടൽ നടക്കുന്നുണ്ട്. അപകടസാധ്യത കൂടിയ മേഖലകളിൽ എല്ലാ സുരക്ഷാ സംവിധാനങ്ങളും ഉണ്ടാകണമെന്ന നിർബന്ധ സമീപനം വകുപ്പ് സ്വീകരിക്കുന്നുണ്ട്.

ഡോ. എം. കെ. മുനീർ: സർ, വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് മനസ്സിലാകുന്നത് ആർക്കും ഗൈഡാകാം എന്നുള്ളതാണ്. ഹാബിച്വലായ ഒരു ക്രിമിനലാണ് അവിടെ ഗൈഡായി യോഗ പഠിപ്പിക്കുന്നതിനുവേണ്ടി കൊണ്ടുപോകുന്നത്. ഇങ്ങനെ വരുന്ന വിദേശികൾക്ക് അക്രഡിറ്റഡായ, ശരിയായ പരിശീലനം നൽകി ഐഡന്റിറ്റി കാർഡുള്ളവരെ മാത്രമേ ഗൈഡായി നിയോഗിക്കാവൂ എന്ന് നിർദ്ദേശം കൊടുക്കുകയും അതിനാവശ്യമായ നടപടി സ്വീകരിക്കുകയും വേണം. ഇയാൾ മുമ്പും പല കേസുകളിലും പ്രതിയായിരുന്നു. പോലീസിന് എന്തുകൊണ്ട് ഇത്തരത്തിലുള്ള ആളുകളെ മുൻകൂട്ടി അറിയാനും വിദേശികളുടെ സുരക്ഷിതത്വം ഉറപ്പുവരുത്താനും സാധിക്കുന്നില്ല എന്നതാണ് എന്റെ ചോദ്യം.

ശ്രീ. കടകംപള്ളി സുരേന്ദ്രൻ: സർ, ഇക്കാര്യത്തിൽ ഒരു അക്രഡിറ്റേഷൻ ഉണ്ടാകണമെന്നുള്ള നിലയിൽത്തന്നെയാണ് ഇപ്പോൾ തീരുമാനമെടുത്തിട്ടുള്ളത്. ഇത്തരം ടൂറിസ്റ്റ് കേന്ദ്രങ്ങളുടെ പരിസരങ്ങളുമായി ബന്ധപ്പെട്ട് ഹാബിച്വൽ ക്രിമിനൽസിനെ ഐഡന്റിഫൈ ചെയ്യാനും അവരെ ടൂറിസം കേന്ദ്രങ്ങളിൽനിന്ന് സമ്പൂർണ്ണമായി ഒഴിവാക്കാനുമാവശ്യമായ നിർദ്ദേശം പോലീസിന് നൽകിയിട്ടുണ്ട്.

(ചോദ്യോത്തര സമയം കഴിഞ്ഞു.)

# (2) രേഖാമൂലം നൽകിയ ഉത്തരങ്ങൾ

## (i) നക്ഷത്രചിഹ്നമിട്ട ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### കയർ മേഖലയിലെ പ്രശ്നങ്ങൾ

6(*34) ശ്രീ. വി. ജോയി:

ശ്രീ. രാജു എബ്രഹാം:

ശ്രീ. എ. എം. ആരിഫ്:

ശ്രീ. കെ. ജെ. മാക്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം കയർ പിരി മേഖലയിലെയും കയർ ഉല്പന്ന മേഖലയിലെയും പ്രശ്നങ്ങൾ പരിഹരിക്കാൻ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(ബി) തൊണ്ട് സംഭരണത്തിനും തൊണ്ടുതല്ല് മില്ലുകൾ വ്യാപകമാക്കാനുമുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ;

(സി) കയർഫെഡും കയർ കോർപ്പറേഷനും നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്; സംസ്ഥാനത്തും രാജ്യത്തിന്റെ ഇതര ഭാഗങ്ങളിലും വിദേശ രാജ്യങ്ങളിലും കയർ ഉല്പന്നങ്ങളുടെ വിപണി സാധ്യതയ്ക്കായി ആസൂത്രണം ചെയ്തിരിക്കുന്ന പദ്ധതിയുടെ വിശദാംശം നൽകാമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്):

(എ) കേരളത്തിലെ കയർ വ്യവസായം നേരിടുന്ന പ്രധാന വെല്ലുവിളി ചകിരിയുടെ അഭാവമാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനായി വരുന്ന മൂന്ന് വർഷത്തിനുള്ളിൽ സംസ്ഥാനത്ത് പുതിയ 1000 ഡി.എഫ്. മെഷീനുകൾ സ്ഥാപിച്ച് ചകിരി ഉല്പാദനത്തിൽ സ്വയംപര്യാപ്തത കൈവരിക്കാനുള്ള ശ്രമങ്ങൾ നടന്നുവരുന്നു. ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും ലക്ഷ്യമിടുന്നു.

പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്. കയർ ഉല്പന്നങ്ങളുടെ വിപണി ശൃംഖല വിപുലീകരിക്കാനായി പുതിയ സംവിധാനം ആവിഷ്കരിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ദേശവ്യാപകമായി വിപണന ശൃംഖല വ്യാപിപ്പിക്കാനായി ഒരു കയർ ഉല്പന്ന മാർക്കറ്റിംഗ് കമ്പനി സ്ഥാപിക്കാനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

(ബി) കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവത്കരണം നടപ്പിലാക്കിവരുന്നു. ആയതിന്റെ ഭാഗമായി 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10HP-യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറി വഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. 15HP-യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കാൻ ശേഷിയുള്ള ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ ആഭിമുഖ്യത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. വൈക്കം പ്രോജക്ടിന്റെ പരിധിയിലുള്ള 7 സംഘങ്ങളിലും തൃശൂർ പ്രോജക്ടിന്റെ കീഴിലുള്ള 10 സംഘങ്ങളിലും ഡി.എഫ്. മില്ലുകൾ പ്രവർത്തനസജ്ജമായിട്ടുണ്ട്.

(സി) കയർഫെഡ് അംഗസംഘങ്ങൾക്ക് ആവശ്യമായ ചകിരി കേരളത്തിനകത്തും പുറത്തുമുള്ള ഉല്പാദന കേന്ദ്രങ്ങളിൽനിന്നും സംഭരിച്ച് വിതരണം ചെയ്തുവരുന്നു. അംഗസംഘങ്ങൾ ഉല്പാദിപ്പിക്കുന്ന കയർ സംഭരിച്ച് ആയതിന്റെ വില സമയബന്ധിതമായി സംഘങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. ഇതുവഴി സംഘങ്ങളുടെ പ്രവർത്തനം സുഗമമായി നടത്തുന്നതിനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിനും സാധിച്ചിട്ടുണ്ട്. കയർ ഭൂവസ്ത്ര വികസനത്തിന് കയർഫെഡിന് ചുമതലയുള്ള തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ജില്ലകളിൽനിന്നും ലഭിച്ച ഓർഡറുകളിൽ 95% കയർഫെഡ് പൂർത്തീകരിച്ചിട്ടുണ്ട്. 2017-18 വർഷം കയറിന്റെ വാങ്ങൽ-വിൽപ്പന എന്നിവയിലും ടേൺ ഓവറിലും കയർഫെഡിന്റെ ചരിത്രത്തിലെ ഏറ്റവും കൂടിയ നിലയിലാണ്.

കയർ ഉല്പന്ന മേഖലയിൽ വിപണനമാന്ദ്യംമൂലം ചെറുകിട ഉല്പാദകരുടെയും സഹകരണ സംഘങ്ങളുടെയും കയ്യിൽ 2011 മുതൽ 2016 വരെ കെട്ടിക്കിടന്നിരുന്ന 10 കോടി രൂപയുടെ ഉല്പന്നങ്ങൾ സർക്കാർ സഹായത്തോടെ മുൻകൂർ പണം നൽകി കയർ കോർപ്പറേഷൻ സംഭരിച്ചു. ഈ ഉല്പന്നങ്ങൾ കെട്ടിക്കിടന്ന് നശിച്ചുപോകാതിരിക്കുന്നതിനായി 2017-ലെ ഓണക്കാലത്ത് സർക്കാർ ധനസഹായത്തോടെ 50% വിലക്കിഴിവിൽ കേരളത്തിലെമ്പാടും താൽക്കാലിക വിൽപ്പനശാലകൾ പ്രവർത്തിപ്പിച്ച് വിൽപ്പന നടത്തി. ഈ പ്രവർത്തനത്തിലൂടെ 7.5 കോടി രൂപയുടെ ഉല്പന്നങ്ങൾ 2017-18 കാലയളവിൽ വിറ്റഴിച്ചു. മേഖലയിൽ തൊഴിൽ ലഭ്യത ഉറപ്പാക്കുന്നതിനായി 16 കോടി രൂപയുടെ ഉല്പന്നങ്ങൾ ഉല്പാദിപ്പിക്കുന്നതിനുള്ള മുൻകൂർ ഓർഡറുകൾ ഉല്പാദക സംഘങ്ങൾക്ക് നൽകി ഉല്പാദന പ്രവർത്തനങ്ങൾക്ക് തുടർച്ചയുണ്ടാക്കി തൊഴിലാളികൾക്ക് തൊഴിലുറപ്പ് നൽകി.

കയർ കോർപ്പറേഷൻവഴി നടപ്പാക്കുന്ന ക്രയവിലസ്ഥിരതാ പദ്ധതി ശക്തിപ്പെടുത്തുന്നതിനായി ചെറുകിട കയർ ഉല്പന്ന നിർമ്മാതാക്കളെയും അവരുടെ സഹകരണ സംഘങ്ങളെയും ക്രയവിലസ്ഥിരതാ പദ്ധതിയിൽ ഉൾപ്പെടുത്തി അവർക്ക് ഓർഡറുകൾ നൽകി, അവർ നിർമ്മിക്കുന്ന ഉല്പന്നങ്ങൾ ക്രയവില മുൻകൂറായി നൽകി സംഭരിക്കുകയും ഈ ഉല്പന്നങ്ങൾ കയറ്റുമതിക്കാർക്ക് സഹായവിലയ്ക്ക് നൽകുകയും ചെയ്യുന്നു. ക്രയവിലസ്ഥിരതാ പദ്ധതിവഴി ഉല്പാദന പ്രവർത്തനങ്ങൾ ശക്തിപ്പെടുത്തുന്നതിനായി 23 കോടി രൂപ പ്രവർത്തന മൂലധനം അനുവദിച്ചിട്ടുണ്ട്.

കയർ ഭൂവസ്ത്രത്തിന്റെ വിപണനം നടത്തുന്നതിനായി കയർ പ്രോജക്ട് ഓഫീസുകളുടെ നേതൃത്വത്തിൽ കയർ വകുപ്പ് നേരിട്ട് പഞ്ചായത്തുകളുമായി

ചർച്ചകൾ നടത്തി 120 കോടി രൂപയുടെ കരാറുകളിൽ ഏർപ്പെടുകയും 2017-18 സാമ്പത്തിക വർഷത്തിൽ 16.50 കോടി രൂപയുടെ ഉല്പന്നങ്ങൾ കയർ കോർപ്പറേഷൻ 7 ജില്ലകളിലായി വിൽപ്പന നടത്തുകയും ചെയ്തു. കയർ ഉല്പന്ന വിപണനം മറ്റ് സംസ്ഥാനങ്ങളിലും വ്യാപിപ്പിക്കുന്നതിനായി പ്രത്യേക പദ്ധതി തയ്യാറാക്കുകയും കയർ കേരള 2017-ൽ വിജയകരമായി നടപ്പാക്കുകയും ചെയ്തു. ഇതിന്റെ ഫലമായി കേന്ദ്രസർക്കാർ സ്ഥാപനങ്ങളായ ട്രൈഫെഡ്, നോർത്ത് ഈസ്റ്റേൺ ഹാൻഡ്‌ലൂം ഡെവലപ്മെന്റ് കോർപ്പറേഷൻ, ജാർക്രാഫ്റ്റുമായി കരാറുകളിൽ ഏർപ്പെടുകയും ഇവരുടെ സഹായത്തോടെ ആഭ്യന്തര വിപണി വികസിപ്പിക്കുകയും ചെയ്തു. ഈ പരിപാടികളുടെ തുടർച്ചയായി കശ്മീർ, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ, ഡൽഹി എന്നിവിടങ്ങളിൽ പുതിയ ഡിസ്ട്രിബ്യൂട്ടർമാർ, ഡീലർമാർ എന്നിവരെ കണ്ടെത്തുകയും അവരുടെ സഹായത്താൽ ഗോഡൗണുകൾ ആരംഭിക്കുകയും ചെയ്തു.

കയർ ഉല്പാദനം ശക്തിപ്പെടുത്തുന്നതിനായി കയർ കോർപ്പറേഷന്റെ ചേർത്തല കയർ പാർക്ക് ഡിവിഷനിലും കോഴിക്കോട് ബേപ്പൂർ ഡിവിഷനിലും കയർ സ്പിന്നിംഗ് യൂണിറ്റുകൾ സജീവമാക്കുകയും ഉല്പാദനം ആരംഭിക്കുകയും ചെയ്തു. കയർ കോർപ്പറേഷന്റെ ബേപ്പൂർ ഡിവിഷനിൽ ദിവസേന 30,000 തൊണ്ട് ചകിരിയാക്കാൻ കഴിയുന്ന ഹെവി ഡ്യൂട്ടി ഡീഫൈബറിംഗ് മിൽ സ്ഥാപിച്ച് നിർമ്മാണ ജോലികൾ പൂർത്തിയാക്കിക്കൊണ്ടിരിക്കുന്നു. കയർ കോർപ്പറേഷന്റെ അടൂർ ഡിവിഷനിൽ രണ്ട് ഷിഫ്റ്റ് പ്രവർത്തനത്തിന് 12 ടൺ കയർ ഉപയോഗിക്കുന്നു. ഇതുവഴി കയർപിരി മേഖലയിലും ഒരളവരെ തൊഴിലുറപ്പ് വരുത്തുന്നതിന് കഴിയുന്നുണ്ട്. കമ്പനി നേരിട്ട് കയറ്റുമതി ചെയ്യുന്നതിനായി വിദേശ ഉപഭോക്താക്കളെ കണ്ടെത്തുന്നതിനായി പ്രത്യേക എക്സ്പോർട്ട് ഡിവിഷൻ പ്രവർത്തിപ്പിക്കുകയും ഇപ്പോൾ 8 രാജ്യങ്ങളിലേയ്ക്ക് ഉല്പന്നങ്ങൾ കയറ്റുമതി ചെയ്യുകയും ചെയ്യുന്നു.

കയർ കോർപ്പറേഷൻ ക്രയവിലസ്ഥിരതാ പദ്ധതി വഴിയും മറ്റ് മാർഗ്ഗങ്ങളിലൂടെയും സംഭരിക്കുന്ന കയർ ഉല്പന്നങ്ങൾ തുടർച്ചയായി വിപണനം ചെയ്യുന്നതിനായി കയറ്റുമതി പ്രവർത്തനങ്ങളും ആഭ്യന്തര, പ്രാദേശിക വിപണന പ്രവർത്തനങ്ങളും ശക്തിപ്പെടുത്തുക, ഇതിനായി വിദേശങ്ങളിലെ ട്രേഡ് ഫെയറുകൾ, ഇന്ത്യയിൽ മറ്റ് സംസ്ഥാനങ്ങളിലുള്ള ട്രേഡ് ഫെയറുകൾ, പ്രാദേശിക പ്രദർശന വിപണന മേളകൾ എന്നിവയിൽ സജീവമായി പങ്കെടുക്കുക, വിശേഷ ആഘോഷ അവസരങ്ങളിൽ പ്രത്യേക വിപണന ക്യാമ്പയിനുകൾ (ഓണം, ക്രിസ്തുമസ്, ദീപാവലി) ആവിഷ്കരിച്ച് നടപ്പിലാക്കുക, കയർ കേരള അന്താരാഷ്ട്ര വിപണന മേള നടത്തുന്നതിനുള്ള നോഡൽ ഏജൻസിയായി പ്രവർത്തിക്കുക എന്നീ പ്രവർത്തനങ്ങളും നടത്തിവരുന്നു.

## സൗരോർജ്ജ വൈദ്യുതി ഉല്പാദനം

7(*35) ശ്രീ. കെ. എം. ഷാജി:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ സൗരോർജ്ജ വൈദ്യുതി ഉൽപ്പാദനം എത്ര ശതമാനമാണെന്ന് കണക്കാക്കിയിട്ടുണ്ടോ;

(ബി) ഇത് വർദ്ധിപ്പിക്കുന്നതിന് എന്തെങ്കിലും പുതിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം അറിയിക്കുമോ;

(സി) സൗരോർജ്ജ രംഗത്ത് ചെലവ് കുറഞ്ഞ സാങ്കേതിക വിദ്യ വികസിപ്പിക്കുന്നതിന് എന്തെങ്കിലും പദ്ധതിയുണ്ടോ; വിശദാംശം നല്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) 2018 മേയ് 26- ാം തീയതിയിലെ കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി വൈദ്യുതി ഉപഭോഗം ഏകദേശം 70.84 ദശലക്ഷം യൂണിറ്റാണ്. ഇതിൽ എസ്.എൽ.ഡി.സി.-യിൽ ദിവസേന ലഭിക്കുന്ന കണക്കനുസരിച്ച് സൗരോർജ്ജ വൈദ്യുതി ഉല്പാദനം ഏകദേശം 0.2899 ദശലക്ഷം യൂണിറ്റാണ്. ഇത് മൊത്തം ആഭ്യന്തര ഉല്പാദനത്തിന്റെ 1.42 ശതമാനമാണ്.

(ബി) സംസ്ഥാനത്തെ സൗരോർജ്ജ പദ്ധതികളുടെ സ്ഥാപിതശേഷി ഏകദേശം 108.926 മെഗാവാട്ടാണ്. സൗരോർജ്ജ ഉല്പാദനം കൂട്ടാനുള്ള പദ്ധതികൾ ആവിഷ്കരിച്ചുവരുന്നു. 150 മെഗാവാട്ട് സോളാർ പാർക്കും മറ്റ് പദ്ധതികളും വിഭാവനം ചെയ്തിട്ടുണ്ട്. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് മുഖാന്തരം നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നു കൊണ്ടിരിക്കുന്നതുമായ വിവിധ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) -ഉം (2)- ഉം ആയി ചേർക്കുന്നു.*

സംസ്ഥാനത്തെ സൗരോർജ്ജ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അനെർട്ട് മുഖേന ചുവടെ ചേർക്കുന്ന നടപടികളാണ് സ്വീകരിക്കുന്നത്:

1. അക്ഷയ ഊർജ്ജോത്പാദനരംഗത്ത് 3 മെഗാവാട്ട് ശേഷിയുള്ള സോളാർ - വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

2. 1.4 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടറേറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

3. എം.എൻ.ആർ.ഇ.-യുടെ ഇൻസെന്റീവ് പദ്ധതി പ്രകാരം സർക്കാർ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. വൈദ്യുതി ബോർഡ്, അനെർട്ട് എന്നീ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ സൗരോർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതിക്ക് രൂപം കൊടുത്തുവരുന്നു. 2021-ഓടെ കേരളത്തിന്റെ സോളാർ വൈദ്യുതി ഉല്പാദനം 1000 മെഗാവാട്ടായി ഉയർത്തുക എന്ന ലക്ഷ്യമാണ് ഈ പദ്ധതിക്കുള്ളത്.

(സി) വിവിധ തരത്തിലുള്ള സൗരപാനലുകളാണ് സൗരോർജ്ജ വൈദ്യുതി ഉല്പാദനത്തിനായി അനെർട്ട് ഉപയോഗിക്കുന്നത്. പാനലുകളുടെ നിർമ്മാണ സാങ്കേതികവിദ്യ മെച്ചപ്പെടുന്നതനുസരിച്ച് ഇവയുടെ വില ഓരോ വർഷവും കുറഞ്ഞുവരുന്നുണ്ട്.

**വ്യവസായ വളർച്ചയ്ക്കായുള്ള നടപടികൾ**

8(*36) ശ്രീ. കെ. ബി. ഗണേഷ് കുമാർ:

ശ്രീ. കെ. കൃഷ്ണൻകുട്ടി:

ശ്രീ. സി. കെ. നാണു:

ശ്രീ. കോവൂർ കുഞ്ഞുമോൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്ക് അനുകൂലമായ സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ലളിതമാക്കുന്നതിനുമായി സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പുതിയ വ്യവസായങ്ങൾ തുടങ്ങാനുള്ള ഏകജാലക സംവിധാനം നടപ്പാക്കുന്നതിലെ പുരോഗതി വ്യക്തമാക്കാമോ;

(സി) യുവ സംരംഭകർ/വനിതാ സംരംഭകർ എന്നിവർക്കായുള്ള പ്രത്യേക സഹായ പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്കനുകൂലമായ സാഹചര്യം പ്രയോജനപ്പെടുത്തി സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്. ഇതിനായി 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ) ആക്ട് നിയമസഭ പാസ്സാക്കിയിട്ടുണ്ട്. ഈ നിയമ പ്രകാരം ആവശ്യമായ വിവിധ ലൈസൻസുകൾ, അനുവാദം, അംഗീകാരം, ക്ലിയറൻസുകൾ തുടങ്ങിയവ നൽകുന്നതിനുള്ള കാലതാമസം ഇല്ലാതാകും.

സംസ്ഥാനത്ത് സൂക്ഷ്മ ചെറുകിട വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി കെ.എസ്.ഐ.ഡി.സി.-യുടെ കീഴിലുള്ള വിവിധ വ്യവസായ പാർക്കുകളിൽ അടിസ്ഥാന സൗകര്യങ്ങളോടുകൂടിയ ഭൂമി, കെട്ടിടങ്ങൾ എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ ആക്ട് പ്രകാരം വ്യവസായ സംരംഭകർക്കനുകൂലമായി കേരള സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ടിൽ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. വിവിധ വകുപ്പുകളിൽനിന്ന് സംരംഭകർക്ക് അനുമതികൾ ലഭ്യമാക്കുന്നതിനും നിലവിലുള്ള അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം (CAF) രൂപകല്പന ചെയ്തിട്ടുണ്ട്. പ്രസ്തുത അപേക്ഷാ ഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ ക്ലിയറൻസ് സംവിധാനം (SWIFT) നടപ്പിലാക്കുന്നതാണ്. ഈ ഓൺലൈൻ സംവിധാനം വഴി അപേക്ഷകളിന്മേലുള്ള പരിശോധനകളും അനുമതികളും സമയബന്ധിതമായി നടപ്പിലാക്കുന്നതിനായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാനത്ത് രൂപീകരിച്ചിട്ടുണ്ട്.

(സി) എല്ലാ മേഖലയിൽനിന്നുമുള്ള നൂതനവും വ്യാപാരയോഗ്യവുമായ യുവസംരംഭങ്ങൾക്ക് 25 ലക്ഷം രൂപ വരെ മൂലധന സഹായം കെ.എസ്.ഐ.ഡി.സി. വഴി നൽകിവരുന്നു. സംരംഭം തുടങ്ങുന്നതിനാവശ്യമായ മൊത്തം തുകയുടെ 90 ശതമാനമോ അല്ലെങ്കിൽ 25 ലക്ഷം രൂപയോ ആണ് പ്രാഥമിക മൂലധന സഹായമായി നൽകിവരുന്നത്. ഇതുകൂടാതെ സംരംഭകർക്ക് അവരുടെ ആശയങ്ങളുടെ പൂർത്തീകരണത്തിനായി കെ.എസ്.ഐ.ഡി.സി.യുടെ വിവിധ ഇൻകുബേഷൻ സെന്ററുകളിൽ എല്ലാവിധ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ട്. സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി 3 ഇൻകുബേഷൻ സെന്ററുകളാണ് പ്രവർത്തിക്കുന്നത്. പ്രസ്തുത സ്റ്റാർട്ടപ്പ് സംരംഭങ്ങൾക്കെല്ലാം അവരുടെ ആവശ്യാനുസരണം കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും ചർച്ചാ യോഗങ്ങളും നടത്തിവരുന്നു.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് സാമ്പത്തിക സഹായം നൽകുകയെന്ന ലക്ഷ്യത്തോടെ വ്യവസായ വാണിജ്യ വകുപ്പിലുണ്ടായിരുന്ന പദ്ധതികൾ ഏകോപിച്ച് 1-4-2012 മുതൽ സംരംഭകത്വ സഹായ പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതി പ്രകാരം ഉല്പാദന സംരംഭങ്ങൾക്ക് സ്ഥിരം മൂലധനത്തിന്റെ 15% മുതൽ 30% പരമാവധി 30 ലക്ഷം രൂപ വരെ ധനസഹായം നൽകുന്നു. വനിതാ ക്ഷേമം മുൻനിർത്തി, സർക്കാർ ജെന്റർ ബഡ്ജറ്റിംഗ് വിഭാവനം ചെയ്തിട്ടുണ്ട്. കെ.എസ്.ഐ.ഡി.സി. മുഖാന്തരം " വി-മിഷൻ" വായ്പ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്.

നാനോ ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വാർഷിക പലിശയിൽ 6% മുതൽ 8% വരെ സബ്സിഡിയായി തിരികെ നൽകിവരുന്നു. വനിതാ സംരംഭകർക്ക് 8% പലിശയിളവിൽ സബ്സിഡി നൽകിവരുന്നു.

## സഹകരണ മേഖലയെ ശക്തിപ്പെടുത്താൻ നടപടി

9(*37) ശ്രീ. പി. ടി. തോമസ്:
ശ്രീ. റോജി എം. ജോൺ:
ശ്രീ. ഷാഫി പറമ്പിൽ:
ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിന് ഈ സർക്കാർ എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്;

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും കോർ ബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; ഏത് ഏജൻസിയെയാണ് ഇതിനായി നിയോഗിച്ചിട്ടുള്ളത്; ഇവർക്ക് ഇക്കാര്യത്തിലുള്ള മുൻപരിചയം വെളിപ്പെടുത്താമോ;

(സി) എത്ര കോടി രൂപയാണ് ഈ പദ്ധതിക്കായി നീക്കി വച്ചിട്ടുള്ളത്; കോർ ബാങ്കിംഗ് സംവിധാനത്തിന്റെ സോഫ്റ്റ് വെയർ തയ്യാറാക്കുന്നതിന് നിയുക്തമായിട്ടുള്ള സ്ഥാപനത്തിന് ആർ.ബി.ഐ.-യുടെ അംഗീകാരം ഉണ്ടോ;

(ഡി) സഹകരണ സംഘങ്ങളിലെ നിക്ഷേപകരുടെ വിവരങ്ങൾ ആദായനികുതി വകുപ്പിന് ആദായനികുതി നിയമത്തിലെ 133(6) പ്രകാരം ശേഖരിക്കാമെന്ന 27-8-2013-ലെ സുപ്രീംകോടതി വിധി സംസ്ഥാനത്തെ സഹകരണ സംഘങ്ങളെ എപ്രകാരം ബാധിച്ചുവെന്ന് പരിശോധിച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയെ ശക്തിപ്പെടുത്തുന്നതിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ വിവിധ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി ബംഗളൂരു ഐ.ഐ.എം. പ്രൊഫസർ എം. എസ്. ശ്രീറാം ചെയർമാനായ വിദഗ്ദ്ധ സമിതി 28-4-2017-ന് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ റിട്ടയേർഡ് നബാർഡ് ചീഫ് മാനേജർ ശ്രീ. വി. ആർ. രവീന്ദ്രനാഥ് ചെയർമാനായി ഒരു ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയുണ്ടായി. ജനങ്ങൾക്കും സംസ്ഥാനത്തിനും ഏറെ പ്രയോജനകരമായ കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനാവശ്യമായ നടപടികൾ ടാസ്ക് ഫോഴ്സ് ദ്രുതഗതിയിൽ സ്വീകരിച്ചുവരുന്നു.

2. സാമൂഹ്യ സുരക്ഷ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിലെത്തിക്കുന്ന പദ്ധതി നടപ്പിലാക്കി.

3. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതിക്ക് പിന്തുണ നൽകി ഹരിതം സഹകരണം എന്ന പേരിൽ ഒരു പദ്ധതി നടപ്പിലാക്കുകയും അതിന്റെ ഭാഗമായി ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ാം തീയതി മുതൽ 20-ാം തീയതി വരെയുള്ള കാലയളവിൽ കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളും/സ്ഥാപനങ്ങളും മുഖേന 5 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിന് ഹരിതം സഹകരണം എന്ന പേരിൽ ഒരു പദ്ധതി 2017 ജൂൺ മാസം 5-ാം തീയതി നടപ്പിലാക്കി. ഇതിന്റെ തുടർച്ചയായി ഈ വർഷവും പദ്ധതി തുടരുകയും ഓരോ വർഷവും ഓരോ ഫല വൃക്ഷത്തൈകൾ നട്ട് പരിപാലിക്കുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4. സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വില്പനവില പിടിച്ചു നിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെക്കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ചുകൊണ്ട് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിനും അതുവഴി 680 അരിക്കടകൾ ആരംഭിച്ച് 'സുവർണ മസൂരി' അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുവിപണിയിൽ വിൽപ്പന നടത്തുവാനും സാധിച്ചു.

5. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മരം മുറിക്കാതിരിക്കാൻ സഹകരണ സംഘം മരം പണയ വസ്തുവായി സ്വീകരിച്ച് ഒരംഗത്തിന് പരമാവധി 2 ലക്ഷം രൂപ 2 വർഷ കാലാവധിക്ക് വായ്പ നൽകുന്നതിനും കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് 2 ശതമാനം പലിശയിളവ് അനുവദിക്കുന്നതിനും ആദ്യമാസം ജനിക്കുന്ന പലിശയ്ക്ക് തത്തുല്യമായ തുക ബാക്ക് എന്റ് സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനം വായ്പക്കാരന്റെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നതും സംബന്ധിച്ച മാതൃക ഉപനിബന്ധന തയ്യാറാക്കി തുടർനടപടി സ്വീകരിച്ചുവരുന്നു.

6. സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിനും 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പരിപാടി 'നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2017' നടപ്പിലാക്കി.

7. ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും/കൺസ്യൂമർഫെഡിനെയും നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

8. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനിക വത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി വരുന്നു.

9. കേരള എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റുകൾ ലഭിച്ച ആയുർവ്വേദ മരുന്നുകളുടെ ഉല്പാദനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചു.

10. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം അനുവദിച്ച് അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.

11. സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നുണ്ട്.

12. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നു.

13. കേപ്പ്-ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായം നൽകി ആയതിന്റെ പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

14. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.

15. കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അതിനെ ശക്തിപ്പെടുത്താൻ നടപടി സ്വീകരിച്ചിട്ടുണ്ട്.

16. സംയോജിത സഹകരണ വികസനം (ഐ.സി.ഡി.പി.) ലക്ഷ്യമാക്കിയുള്ള എൻ.സി.ഡി.സി. ധനസഹായം ലഭ്യമാക്കി തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ രണ്ടാംഘട്ട പ്രവർത്തനം നടപ്പിലാക്കിവരുന്നു.

17. റെയ്ഡ്കോ മുഖേന ഏറെ ഗുണകരമാകുംവിധം മിനി അഗ്രോ ബസാറുകൾ, അഗ്രി ബസാറുകൾ, അഗ്രി ക്ലിനിക്കുകൾ, അഗ്രി ബിസിനസ് സെന്ററുകൾ എന്നിവ തുടങ്ങാനുള്ള നടപടി സ്വീകരിച്ചു.

18. കക്കാ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി 3 കോടി രൂപ നൽകിയിട്ടുണ്ട്.

19. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., RTGS, NEFT തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്‌വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

20. അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് അനെർട്ടുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താവിന്റെ വിഹിതം വായ്പയായി നൽകുന്നതിന് പ്രാഥമിക ബാങ്കുകളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

21. കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ് പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ് ലിമിറ്റഡിന്റെ ഉൽപ്പന്നമായ മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുകയും ചെയ്തു.

22. സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സഹകരണ വകുപ്പിന്റെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കേണ്ടതായിട്ടുള്ളത്. ഇതിലേയ്ക്കുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

23. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

24. കർഷക സേവന കേന്ദ്രം നടത്തുന്നതിന് 2016-17 വർഷം എൻ.സി.ഡി.സി. ധനസഹായം അനുവദിച്ചിട്ടുണ്ട്.

25. കൺസ്യൂമർഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിക്കുന്നതിനും ഓഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ത്രിവേണികൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനും നടപടികൾ ആരംഭിച്ചു.

26. സഹകരണ സംഘങ്ങൾ മുഖേന സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സും, കമ്മ്യൂണിറ്റി കിച്ചൻ എന്നിവ നിർമ്മിച്ചുകൊടുക്കുന്ന പദ്ധതികളും പ്രാരംഭഘട്ടത്തിലാണ്.

27. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നാഷണൽ ബുക്ക് ഫെയർ (കൃതി ഫെസ്റ്റ്) സംഘടിപ്പിക്കുകയുണ്ടായി.

28. സഹകരണ വകുപ്പ് സമ്പൂർണ്ണ ഇ-ഓഫീസ് ആക്കുകയും സഹകരണ ഓഡിറ്റ് സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു.

(ബി) സംസ്ഥാനത്തെ എല്ലാ പ്രാഥമിക കാർഷിക വായ്പ സഹകരണ സംഘങ്ങളിലും കോർബാങ്കിംഗ് സംവിധാനം നടപ്പിലാക്കുന്നതിനുള്ള നടപടികൾ പ്രാരംഭ ഘട്ടത്തിലാണ്. ഇതിനായി ഇഫ്റ്റാസ് എന്ന സ്ഥാപനം സമർപ്പിച്ച നിർദ്ദേശം പരിശോധിച്ച് ശിപാർശ സമർപ്പിക്കുന്നതിന് ഒരു ഉദ്യോഗസ്ഥതല കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കോർബാങ്കിംഗ് നടപ്പാക്കുന്നതിന് ഒരു ഏജൻസിയേയും നിയോഗിച്ചിട്ടില്ല.

(സി) ഈ പദ്ധതിക്കായി 25 കോടി രൂപ നീക്കിവച്ചിട്ടുണ്ട്. കോർബാങ്കിംഗ് സോഫ്റ്റ്‌വെയർ തയ്യാറാക്കുന്നതിന് ഒരു സ്ഥാപനത്തെയും നിയോഗിച്ചിട്ടില്ല.

(ഡി) 1961-ലെ ആദായ നികുതി നിയമത്തിലെ വകുപ്പ് 133(6) പ്രകാരം നിക്ഷേപകരുടെ വിവരങ്ങൾ ആദായ നികുതി വകുപ്പിന് ശേഖരിക്കാവുന്നതാണ്. ഈ വിഷയത്തിൽ 27-8-2013-ലെ സുപ്രീംകോടതി വിധി പ്രകാരം ആദായ നികുതി ചുമത്തുന്നതിന് നിയോഗിക്കപ്പെട്ട ഉദ്യോഗസ്ഥന് 1,00,000 രൂപയോ അതിൽ കൂടുതലോ നിക്ഷേപിക്കുകയോ ഇടപാട് നടത്തുകയോ ചെയ്യുന്ന ഏതൊരാളുടേയും വിവരം ആവശ്യപ്പെടാവുന്നതാണ്. ഇത് സഹകരണ സംഘങ്ങളിലെ ഇടപാടുകളെ പ്രതികൂലമായി ബാധിക്കുകയും ഇടപാടുകാരുടെ പേരിൽ ആദായ നികുതി വകുപ്പ് നോട്ടീസ് അയയ്ക്കുന്ന സംഘങ്ങളോട് അതൃപ്തിക്ക് കാരണമാകുകയും ചെയ്യുന്നുണ്ട്. ഇത് സഹകരണ സംഘങ്ങൾ മുഖേന ഇടപാടുകൾ നടത്തുന്നതിനുള്ള താൽപര്യം കുറയുന്നതിനും ഇടപാടുകാർ സഹകരണ സംഘങ്ങളെ സംശയദൃഷ്ടിയോടെ വീക്ഷിക്കുന്നതിനും കാരണമാകുന്നു.

ആദായ നികുതി നിയമത്തിലെ 80 പി പ്രകാരം 2005 വരെ സഹകരണ സംഘങ്ങൾക്ക് ലഭിച്ചിരുന്ന ആദായ നികുതി ഇളവ് പുനഃസ്ഥാപിച്ച് കിട്ടുകയും 2006-ലെ ഫിനാൻസ് ആക്ട് ഭേദഗതിയിലൂടെ 80 പി (4) കൂട്ടിച്ചേർത്ത് ടി വകുപ്പിന് വ്യത്യസ്ത തരത്തിൽ വ്യാഖ്യാനിക്കുന്നതിനും ആദായ നികുതിയുടെ പേരിൽ സഹകരണ സംഘങ്ങളെ അങ്ങേയറ്റം ചൂഷണം ചെയ്യുന്നതിനും ഭീഷണിപ്പെടുത്തുന്നതിനും കാരണമാകുന്നു. ആയതിനാൽ ഇത് ഒഴിവാക്കപ്പെടേണ്ടതാണ്. എന്നാൽ ഇതൊരു കേന്ദ്ര നിയമം ആയതിനാൽ

ആദായ നികുതി നിയമത്തിലെ വകുപ്പുകളിന്മേൽ സംസ്ഥാന സർക്കാരിന് പരിമിതികളുണ്ട്. 1912-ലെ സഹകരണ നിയമം അനുസരിച്ചും അതോടനുബന്ധിച്ച് സംസ്ഥാനങ്ങളിൽ നിലവിൽ വന്ന സഹകരണ നിയമ പ്രകാരം രജിസ്റ്റർ ചെയ്തു പ്രവർത്തിക്കുന്ന റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ അല്ലാത്തതുമായ മുഴുവൻ സഹകരണ സംഘങ്ങൾക്കും ആദായ നികുതി ഇളവ് ലഭ്യമാക്കാൻ കഴിയുന്ന വിധം ടി നിയമത്തിലെ 80 പി-ൽ ഭേദഗതി വരുത്തേണ്ടതാണ്. ഇക്കാര്യത്തിൽ കേന്ദ്ര ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തേണ്ടതുണ്ട്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

10(*38) <u>ശ്രീ. പി. സി. ജോർജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് നിലവിൽ വരുമെന്ന് വിശദമാക്കുമോ;

(ബി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയിൽ ഏത് പൊതുമേഖലാ കമ്പനിയുമായിട്ടാണ് കരാർ ഒപ്പിടുവാൻ പോകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി സംബന്ധിച്ച് സർവ്വീസ് സംഘടനകൾ നൽകിയ പരാതികൾ പരിഹരിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (<u>ഡോ. ടി. എം. തോമസ് ഐസക്</u>): (എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിനായി 24-4-2017-ലെ സ.ഉ.(അച്ചടി)നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. തുടർ നടപടികൾ സ്വീകരിച്ചുവരുന്നുണ്ടെങ്കിലും ടെണ്ടർ നടപടികൾ പൂർത്തിയാക്കി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ പദ്ധതി നിലവിൽ വരികയുള്ളൂ. ടി സാഹചര്യത്തിൽ മാത്രമേ ഇൻഷ്വറൻസ് കമ്പനി, പദ്ധതിയിലുള്ള ആശുപത്രികൾ എന്നിവ സംബന്ധിച്ച പൂർണ്ണ വിവരം ലഭ്യമാകുകയുള്ളൂ.

(സി) സർവ്വീസ് സംഘടനകളിൽനിന്ന് ലഭ്യമായ നിർദ്ദേശങ്ങളിൽ പ്രായോഗികവും പദ്ധതിയുടെ സാഹചര്യങ്ങൾക്ക് അനുയോജ്യവുമായവ പരിഗണിച്ചുവരുന്നു.

## സ്റ്റാർട്ടപ്പ് മിഷന്റെ പ്രവർത്തനങ്ങൾ

11(*40) ശ്രീ. എം. സ്വരാജ്:
ശ്രീ. ബി.സത്യൻ:
ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. വീണാ ജോർജ്ജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്ത്ര, സാങ്കേതികശാസ്ത്ര രംഗത്തും മറ്റ് മേഖലകളിലും പരിജ്ഞാനം നേടിയ യുവാക്കളെ തൊഴിലന്വേഷകർ എന്ന നിലയിൽനിന്നും മാറ്റി സംരംഭകരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ ആവിഷ്കരിച്ചിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകാമോ;

(ബി) സംരംഭകത്വ വികസനത്തിന് സ്റ്റാർട്ടപ്പ് മിഷൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(സി) കോവളത്ത് വച്ച് നടന്ന ഹഡിൽ കേരള സംഗമം എത്രമാത്രം പ്രയോജനപ്രദമായിരുന്നെന്ന് അവലോകനം ചെയ്തിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ;

(ഡി) കപ്പാസിറ്റി ബിൽഡിംഗ് പ്രോഗ്രാം വഴിയും ബിസിനസ് ഇൻകുബേഷൻ സെന്ററുകൾ, ഇ. ഡി. ക്ലബുകൾ എന്നിവ മുഖേനയും സംരംഭകത്വ പ്രോത്സാഹനത്തിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ & ബി) യുവാക്കളെ തൊഴിലന്വേഷകർ എന്ന നിലയിൽനിന്നും മാറ്റി സംരംഭകരാകാൻ പ്രോത്സാഹിപ്പിക്കുന്ന പ്രവർത്തനങ്ങളുടെ ഭാഗമായി "യുവസംരംഭകത്വ വികസന പദ്ധതി" സ്കൂൾതലം മുതൽ വിദ്യാർത്ഥികൾക്കിടയിലും യുവജനങ്ങൾക്കും സംരംഭകത്വ സംസ്കാരവും അഭിരുചിയും വികസിപ്പിക്കാൻ ഉതകുന്നതാണ്. ഭാവി സാങ്കേതികവിദ്യ സ്കൂൾ വിദ്യാർത്ഥികളെ പരിചയപ്പെടുത്തുക, കോളേജ് വിദ്യാർത്ഥികൾക്ക് Innovation & Entrepreneurship Development Cell (IEDC) സ്ഥാപിക്കുക, വർക്ക്ഷോപ്പ്, മറ്റ് പ്രചരണ പരിപാടികൾ, ഇൻകുബേഷൻ, ഇന്നവേഷൻ ഗ്രാന്റ്, വിപണന സഹായം, സീഡ് ഫണ്ട് ലാബുകൾ തുടങ്ങിയവയിലൂടെ യുവതയുടെ മനസ്സിൽ തൊഴിൽദാതാക്കളാവാനുള്ള സംരംഭകത്വത്തിനായി വിവിധ പദ്ധതികൾ സ്റ്റാർട്ടപ് മിഷൻ സ്വീകരിച്ചുവരുന്നു.

ശാസ്ത്ര സാങ്കേതിക രംഗത്തും മറ്റ് മേഖലകളിലും പരിജ്ഞാനം നേടിയ യുവാക്കളെ സംരംഭകരാക്കി മാറ്റുക എന്ന ലക്ഷ്യത്തോടെ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിൽ എല്ലാവിധ സൗകര്യങ്ങളോടും കൂടിയ ബിസിനസ്സ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. ഇതുകൂടാതെ പതിനൊന്നോളം കലാലയങ്ങളിലും കെ.എസ്.ഐ.ഡി.സി.-യുടെ സഹകരണത്തോടെ ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നുണ്ട്. നൂതനമായ ആശയങ്ങളുമായി വരുന്ന യുവസംരംഭകർക്ക് പ്രാഥമിക മൂലധന സഹായമായി 25 ലക്ഷം രൂപവരെ നൽകി വരുന്നു. കെ.എസ്.ഐ.ഡി.സി.-യുമായി സഹകരിക്കുന്ന യുവസംരംഭകർക്ക് കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും മറ്റ് ചർച്ചാ യോഗങ്ങളും നടത്തിവരുന്നു.

(സി) ഹഡിൽ കേരളയെ സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ട്. ഇന്റർനെറ്റ് ആൻഡ് മൊബൈൽ അസോസിയേഷൻ ഓഫ് ഇന്ത്യ സംഘടിപ്പിച്ച പ്രസ്തുത പ്രോഗ്രാമിലെ ഒരു പ്രധാന പങ്കാളി കേരള സ്റ്റാർട്ടപ് മിഷൻ ആയിരുന്നു. ദേശീയ തലത്തിലെ സ്റ്റാർട്ടപ്പുകളും സംസ്ഥാന സ്റ്റാർട്ടപ്പുകളും പങ്കെടുത്ത പ്രോഗ്രാമിൽ അന്യോന്യം സംവദിക്കുന്നതിനും മനസ്സിലാക്കുന്നതിനും സഹായകമായി. കൂടാതെ പങ്കെടുത്ത വിവിധ നിക്ഷേപകരുമായി ബന്ധം സ്ഥാപിക്കുന്നതിനും നിക്ഷേപം സംബന്ധിച്ച കാര്യങ്ങൾ ചർച്ച ചെയ്യുന്നതിനും ചില സ്റ്റാർട്ടപ്പുകൾക്ക് നിക്ഷേപം ഉറപ്പുവരുത്താനും ഇതിലൂടെ കഴിഞ്ഞിട്ടുണ്ട്. ദുബായ്, ഷാർജ ഭരണാധികാരികളും നോർവേയിൽനിന്നും ട്രൂകോളർ സ്ഥാപകനും പങ്കെടുത്തതിൽനിന്ന് അവരുമായി ബന്ധപ്പെട്ട് വിപണന സാധ്യതകളും വിജ്ഞാനവും പങ്കുവയ്ക്കുന്നതിനും ഈ പ്രോഗ്രാം സഹായിച്ചിട്ടുണ്ട്.

(ഡി) കേരള സ്റ്റാർട്ടപ് മിഷൻ നടത്തുന്ന എല്ലാ പ്രവർത്തനങ്ങളും സംരംഭകത്വത്തിനെ നേരിട്ടോ അല്ലാതെയോ പ്രോത്സാഹിപ്പിക്കുന്നതാണ്. ഇതിനായി തിരുവനന്തപുരം, എറണാകുളം, കോഴിക്കോട്, കാസർഗോഡ് എന്നിവിടങ്ങളിൽ കേരള സ്റ്റാർട്ടപ് മിഷൻ ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ നേരിട്ട് നടത്തിവരുന്നു. കൂടാതെ സർക്കാർ സ്ഥാപനങ്ങളോ മറ്റ് സ്വകാര്യ സ്ഥാപനങ്ങളോ നടത്തിവരുന്ന ഇൻകുബേറ്ററുകളെ പ്രോത്സാഹിപ്പിക്കുകയും സഹായിക്കുകയും ചെയ്തുവരുന്നു. വിദ്യാർത്ഥി ആയിരിക്കുമ്പോൾത്തന്നെ സംരംഭകത്വത്തിലേയ്ക്ക് ആകർഷിക്കുന്നതിനായി 211 കോളേജുകളിൽ ഇതിനകം ഇന്നൊവേഷൻ ആൻഡ് എന്റർപ്രണർഷിപ് വികസന സെന്ററുകൾ സ്ഥാപിച്ചിട്ടുണ്ട്. നൈപുണ്യ വികസനത്തിനായി വിവിധ തരം വർക്ക്ഷോപ്പുകൾ, മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമുകൾ, മെന്ററിങ് സെഷനുകൾ, ഹാക്കത്തോണുകൾ, ഐഡിയത്തോണുകൾ തുടങ്ങിയവ സംഘടിപ്പിക്കുന്നുണ്ട്.

കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിലുള്ള ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ മുഖേന യുവസംരംഭകർക്ക് സംരംഭകത്വ പ്രോത്സാഹനത്തിനായി കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും കാലിക പ്രസക്തിയുള്ള ചർച്ചാ യോഗങ്ങളും നടത്തിവരുന്നു.

## വൈദ്യുതി ഉല്പാദന-വിതരണ രംഗങ്ങളിലെ പദ്ധതികൾ

12(*41) ശ്രീ. അനിൽ അക്കര:

ശ്രീ. എം. വിൻസെന്റ്:

ശ്രീ. സണ്ണി ജോസഫ്:

ശ്രീ. ഷാഫി പറമ്പിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുന്നതിന് വേണ്ടി വൈദ്യുതി ബോർഡ് തനത് ഫണ്ട് ഉപയോഗിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പ്രസരണ നഷ്ടം കുറയ്ക്കുന്നതിനും വിതരണ ട്രാൻസ്ഫോർമറുകളുടെ ഓവർ ലോഡ് ഒഴിവാക്കി പരിപാലനം ഉറപ്പാക്കുന്നതിനും ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(സി) സംസ്ഥാനത്ത് വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനായുള്ള ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവൃത്തികൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) പുതിയതായി സ്ഥാപിക്കുവാൻ ലക്ഷ്യമിട്ടിരുന്ന ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം തയ്യാറാക്കി കഴിഞ്ഞു. തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ പ്രാവർത്തിക മാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സമ്പൂർണ്ണ വൈദ്യുതീകരണം, 24 മണിക്കൂറും വൈദ്യുതി, പ്രസരണ വിതരണ നഷ്ടം കുറയ്ക്കൽ എന്നീ ലക്ഷ്യങ്ങൾ സാക്ഷാത്കരിക്കുന്നതിനായി ഗ്രാമപ്രദേശങ്ങൾക്കുവേണ്ടി ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ), നഗരപ്രദേശങ്ങൾക്കായി ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്.) എന്നീ രണ്ട് സ്കീമുകൾ ഭാരത സർക്കാർ ആവിഷ്കരിച്ചിരിക്കുന്നു. ഡി.ഡി.യു.ജി.ജെ.വൈ.-യുടെ മൊത്തം പദ്ധതി തുക 482.96 കോടി രൂപയും ഐ.പി.ഡി.എസ്.-ന്റെ മൊത്തം പദ്ധതി തുക 592.07 കോടി രൂപയുമാണ്.

ടി പദ്ധതി തുകയുടെ 60 ശതമാനം കേന്ദ്രസർക്കാർ ഗ്രാന്റും 10 ശതമാനം സംസ്ഥാന വിഹിതം/വൈദ്യുതി ബോർഡ് വിഹിതവും 30 ശതമാനം അംഗീകൃത ധനകാര്യ സ്ഥാപനങ്ങളിൽനിന്നുള്ള ലോണുമാണ്. പദ്ധതിയുടെ പ്രഖ്യാപിത ലക്ഷ്യങ്ങൾ യഥാസമയം കൈവരിച്ചാൽ 30 ശതമാനം ലോൺ തുകയുടെ പകുതി (15 ശതമാനം) അധിക ഗ്രാന്റായി അനുവദിക്കുന്നതാണ്. അതായത് 75 ശതമാനം വരെ ഗ്രാന്റ് ലഭിക്കാവുന്ന പദ്ധതികളാണിത്. 30 മാസം കൊണ്ട് പദ്ധതി പൂർത്തിയാക്കേണ്ടതുണ്ട്. ഡി.ഡി.യു.ജി.ജെ.വൈ. പദ്ധതിയുടെ കാലാവധി 4-7-2018-നും ഐ.പി.ഡി.എസ്. പദ്ധതിയുടെ കാലാവധി 31-3-2019-നും അവസാനിക്കും.

സംസ്ഥാനത്ത് ഗുണമേന്മയുള്ള വൈദ്യുതി ഗുണഭോക്താക്കൾക്ക് നൽകുന്നതിനുവേണ്ടി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് തനത് ഫണ്ട് ഉപയോഗിച്ചും കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും വിവിധ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കിവരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.*

(ബി) വൈദ്യുതി വിതരണ ശൃംഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ടു ത്രീ ഫേസ് ലൈൻ കൺവെർഷൻ പ്രവൃത്തികൾ നടപ്പിലാക്കുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികളും, വിതരണ ട്രാൻസ്ഫോർമറുകളുടെ ഓവർലോഡിംഗ് ഒഴിവാക്കുന്നതിനായി ട്രാൻസ്ഫോർമറുകളുടെ ശേഷി ആവശ്യമെങ്കിൽ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

വർദ്ധിപ്പിക്കുക, ലോഡ് സെന്ററുകളിലേയ്ക്ക് അവ മാറ്റി സ്ഥാപിക്കുക, ലോഡ് ബാലൻസിംഗ് നടത്തുക തുടങ്ങിയ പ്രവൃത്തികളും, ട്രാൻസ്ഫോർമറുകളുടെ എർത്തിംഗ് നിശ്ചിത നിലവാരം പുലർത്തുന്നു എന്ന് ഉറപ്പുവരുത്തുന്ന പ്രവൃത്തിയും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ വഴി 2018-21 കാലയളവിൽ നടപ്പിലാക്കേണ്ട പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പ്രസരണ നഷ്ടം കുറച്ച് പ്രസരണ ശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി കെ.എസ്.ഇ.ബി.എൽ. ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുകയാണ്. ഈ പദ്ധതിയുടെ പൂർത്തീകരണത്തോടെ, പ്രസരണ നഷ്ടം ഏതാണ്ട് 107 MW-ഓളം കുറയുമെന്നാണ് കണക്കാക്കിയിട്ടുള്ളത്. ഇതുവഴി ഏകദേശം 521.73 മില്യൺ യൂണിറ്റ് വൈദ്യുതി ലാഭിക്കാൻ സാധിക്കുന്നതാണ്. ഇപ്പോൾ സിസ്റ്റത്തിൽ നിലവിലുള്ള പ്രസരണ നഷ്ടമായ 4.59 ശതമാനത്തിൽനിന്നും ട്രാൻസ്ഗ്രിഡ് പദ്ധതി നടപ്പാക്കുന്നതോടെ 3 ശതമാനം വരെയാകുമെന്ന് പ്രതീക്ഷിക്കുന്നു.

രണ്ടുഘട്ടങ്ങളിലായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ഈ പദ്ധതിക്ക് ഏകദേശം 10,000 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്. പ്രസ്തുത പദ്ധതിക്കാവശ്യമായ ഫണ്ട് പ്രധാനമായും കിഫ്ബിയിൽനിന്നാണ് ലഭിക്കുന്നത്. ഒന്നാംഘട്ടത്തിൽ ഉൾപ്പെടുന്ന 14 പാക്കേജുകളിൽ രണ്ടെണ്ണത്തിന് PSDF (പവർ സിസ്റ്റം ഡെവലപ്മെന്റ് ഫണ്ട്)-ന്റെ ധനസഹായം ലഭ്യമായിട്ടുണ്ട്.

14 പാക്കേജുകളായി വിന്യസിച്ചിട്ടുള്ള ഒന്നാംഘട്ടത്തിന്റെ വർക്കുകൾ ആരംഭിച്ചുകഴിഞ്ഞിരിക്കുകയാണ്. രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകൾ, പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകൾ ഇവയോട് അനുബന്ധിച്ച ലൈനുകൾ എന്നിവയുടെ നിർമ്മാണമാണ് ഒന്നാംഘട്ടത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നത്. ഒരു പാക്കേജിന്റെ പണി പൂർത്തിയായിട്ടുണ്ട്. മൂന്ന് പാക്കേജുകളുടെ വർക്ക് പുരോഗമിക്കുന്നു. അവശേഷിക്കുന്നവയിൽ രണ്ട് പാക്കേജുകൾ (മഞ്ചേരി, ചാലക്കുടി, ചിത്തിരപുരം, കോതമംഗലം എന്നിവിടങ്ങളിലെ 220 കെ.വി. സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന സബ്സ്റ്റേഷൻ പാക്കേജും ആലുവ, കലൂർ, കുന്നമംഗലം എന്നിവിടങ്ങളിൽ നിർമ്മിക്കുന്ന 220 കെ.വി., ജി.ഐ.എസ്. സബ്സ്റ്റേഷനുകൾ ഉൾപ്പെടുന്ന പാക്കേജും) ടെണ്ടർ നടപടികളുടെ വിവിധ ഘട്ടങ്ങളിലാണ്. 4 ലൈൻ പാക്കേജുകൾ ടെണ്ടർ ചെയ്യുന്നതിനായി M/s REC Limited, M/s PFC Limited എന്നീ സ്ഥാപനങ്ങളെ ചുമതലപ്പെടുത്തിയിരിക്കുകയാണ്. 2020-ൽ ഒന്നാംഘട്ടവും 2023-24-ൽ രണ്ടാംഘട്ടവും പൂർത്തീകരിക്കുവാനാകുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) സംസ്ഥാനത്ത് ഊർജ്ജ ഉല്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി നിർമ്മാണം നടന്നുവരുന്ന 10 ജലവൈദ്യുത പദ്ധതികൾ (ആകെ 190.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. വിശദാംശങ്ങൾ അനുബന്ധം (2)-ൽ ചേർത്തിരിക്കുന്നു.* ഇപ്പോൾ നിർമ്മാണത്തിലിരിക്കുന്ന പദ്ധതികളിൽ ചിന്നാർ ഒഴികെയുള്ള പദ്ധതികൾ അടുത്ത മൂന്ന് വർഷത്തിനകം പൂർത്തിയാക്കുക വഴി 166.5 മെഗാവാട്ട് വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ സാധിക്കും.

സംസ്ഥാനത്ത് ജലവൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കാനായി ഇ.എം.സി. മുഖേന സ്വകാര്യ മേഖലയുടെ പങ്കാളിത്തത്തോടെ സർക്കാർ പോളിസി പ്രകാരം മത്സര ദർഘാസിലൂടെ 2014-ൽ അനുവദിച്ച ബൂട്ട് പദ്ധതികളിൽ (കരാർ ഒപ്പിട്ട് 30 കൊല്ലത്തിനുശേഷം സർക്കാരിലേയ്ക്ക് യാതൊരു ഉപാധിയുമില്ലാതെ തിരിച്ചുവരുന്നവ) 4.5 MW-ന്റെ അരിപ്പാറ, 8 MW-ന്റെ ആനക്കാംപോയിൽ ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഇതുപോലെ അനുവദിച്ച 20 MW-ന്റെ കീഴാർകുത്ത് പദ്ധതിയും 16 MW-ന്റെ പോരു പദ്ധതിയും വനാനുമതി കിട്ടുന്നതിനായി കേന്ദ്രപരിസ്ഥിതി മന്ത്രാലയത്തിലേയ്ക്ക് അയയ്ക്കുന്നതിന് കേരള വനംവകുപ്പിന്റെ പരിഗണനയിലാണ്. 21 MW കക്കാടംപോയിൽ പദ്ധതി മഴക്കാലത്ത് അധിക വെള്ളം തിരിച്ചുവിടുന്ന തരത്തിലാണ് വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനാൽ ചാലിയാർ പഞ്ചായത്ത് അവിടത്തെ നടപടികൾ നിർത്തിവയ്പ്പിച്ചിരിക്കുകയാണ്. വെള്ളം തിരിച്ചുവിടാതെ സ്ഥാപിതശേഷി കുറച്ച് നടത്താൻ പറ്റുമോയെന്ന് വീണ്ടും പഠിച്ചുകൊണ്ടിരിക്കുകയാണ്. മഴക്കാലത്ത് അധിക വെള്ളം തിരിച്ചുവിടുന്ന തരത്തിലുള്ള നേരത്തെ വിഭാവനം ചെയ്ത പദ്ധതി മാറ്റിയാൽ ഈ പദ്ധതിയുടെ താഴെ വിഭാവനം ചെയ്ത 11 MW-ന്റെ കക്കാടംപോയിൽ രണ്ടാംഘട്ടവും നടക്കാതെ വരും. 2014-ൽ അനുവദിച്ച പദ്ധതികളുടെ വിശദവിവരം അനുബന്ധം 2-ൽ ചേർത്തിരിക്കുന്നു.*

(ഡി) പുതിയതായി സ്ഥാപിക്കാൻ ലക്ഷ്യമിട്ടിരുന്ന 13 ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിനുള്ള നടപടികളുടെ പുരോഗതി അനുബന്ധം (3)-ൽ ചേർക്കുന്നു*. 125.00 മെഗാവാട്ട് സ്ഥാപിതശേഷി വർദ്ധനവാണ് ഇതുകൊണ്ട് ലക്ഷ്യമിടുന്നത്.

2017-ൽ സർക്കാർ അനുമതി നൽകിയ 47 MW സ്ഥാപിതശേഷി വരുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ ചില സാങ്കേതിക കാരണങ്ങളാൽ സർക്കാരും പദ്ധതി നടത്തിപ്പുകാരും തമ്മിലുള്ള ഉടമ്പടി വയ്ക്കാൻ സാധിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കേരള ബാങ്ക്

13(*42) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്:
ഡോ. എം. കെ. മുനീർ:
ശ്രീ. പാറക്കൽ അബ്ദുല്ല:
ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിർദ്ദിഷ്ട കേരള ബാങ്കിന് റിസർവ് ബാങ്ക് അനുമതി നൽകിയിട്ടുണ്ടോ;

(ബി) ജില്ലാ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി അഞ്ച് ശതമാനത്തിൽ താഴെ ആക്കണമെന്ന് റിസർവ് ബാങ്ക് നിർദ്ദേശിച്ചിട്ടുണ്ടോ;

(സി) എങ്കിൽ ഇതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ഡി) കേരള ബാങ്കിന് റിസർവ് ബാങ്കിന്റെ അനുമതി എന്നത്തേക്ക് ലഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) റിസർവ് ബാങ്കിന്റെ അനുമതി ഇതുവരെ ലഭിച്ചിട്ടില്ല.

(ബി) നിർദ്ദിഷ്ട കേരള ബാങ്കിന്റെ രൂപീകരണവുമായി ബന്ധപ്പെട്ട് ജില്ലാ ബാങ്കുകളുടെ നിഷ്ക്രിയ ആസ്തി അഞ്ച് ശതമാനത്തിൽ താഴെയാക്കണമെന്ന പ്രത്യേകമായ നിർദ്ദേശം റിസർവ് ബാങ്ക് നൽകിയിട്ടില്ല.

(സി) ബാധകമല്ല.

(ഡി) റിസർവ് ബാങ്കിന്റെ അനുമതി എത്രയും വേഗം ലഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ആയതിന് ആവശ്യമായ നടപടികൾ പുരോഗമിച്ച് വരുന്നുണ്ട്.

## ടൂറിസം വികസനം

14(*43) ശ്രീ. എം. വിൻസെന്റ് :
ശ്രീ. വി.എസ്.ശിവകുമാർ :
ശ്രീ. എ.പി. അനിൽ കുമാർ :
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം രംഗത്ത് കേരളം സഞ്ചാരികൾക്ക് പ്രിയപ്പെട്ട സംസ്ഥാനമായി മാറിയതായി വിലയിരുത്തുന്നുണ്ടോ;

(ബി) 2016-നെ അപേക്ഷിച്ച് 2017-ൽ വിദേശ/ആഭ്യന്തര ടൂറിസ്റ്റുകളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ബാറുകൾ അടച്ച് പൂട്ടിയത് സംസ്ഥാനത്തെ ടൂറിസം മേഖലയെ ദോഷകരമായി ബാധിച്ചുവെന്ന് കരുതുന്നുണ്ടോ; എങ്കിൽ അതിന് ആധാരമായ വസ്തുതകൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(ഡി) കോവളത്ത് എത്തിയ വിദേശ വനിതയുടെ കൊലപാതകം കേരള ടൂറിസത്തെ ദോഷകരമായി ബാധിച്ചതായി വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിലുണ്ടായ വീഴ്ച പരിഹരിക്കുന്നതിനും ടൂറിസ്റ്റുകളുടെ സംരക്ഷണം ഉറപ്പ് വരുത്തുന്നതിനും എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഉണ്ട്.

(ബി) ഉണ്ട്. 2016-നെ അപേക്ഷിച്ച് 2017-ൽ 53,451 വിദേശ വിനോദ സഞ്ചാരികളും (5.15% വളർച്ചാനിരക്ക്) 15,00,985 ആഭ്യന്തര വിനോദ സഞ്ചാരികളും (11.39% വളർച്ചാനിരക്ക്) അധികമായി കേരളം സന്ദർശിച്ചിട്ടുണ്ട്.

(സി) സംസ്ഥാനം സന്ദർശിക്കാനെത്തുന്ന വിനോദസഞ്ചാരികളുടെ വളർച്ചാ നിരക്കിലെ കുറവ് ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് "Trade Research Survey 2016" എന്ന പഠനം നടത്തിയിട്ടുണ്ട്. പ്രസ്തുത പഠനത്തിൽ ടൂറിസം രംഗത്തെ വളർച്ചാനിരക്കിലെ ഇടിവിന്റെ മുഖ്യകാരണമായി ചൂണ്ടിക്കാണിക്കപ്പെട്ടത് ഹോട്ടലുകളുടെ പ്രധാന വരുമാന സ്രോതസ്സുകളായ മീറ്റിംഗ്, കൺവെൻഷനുകൾ, ഗ്രൂപ്പ് ടൂർ, എക്സിബിഷൻ, ഡെസ്റ്റിനേഷൻ വിവാഹങ്ങൾ എന്നിവയുടെ വളർച്ചാനിരക്കിലുള്ള ഇടിവാണ്. ഇതിനൊരു കാരണം 2017 ജൂണിന് മുമ്പ് നിലനിന്നിരുന്ന മദ്യനയം കൂടിയാണെന്ന് പ്രസ്തുത പഠനത്തിൽ കണ്ടെത്തുകയുണ്ടായി.

2017 ജൂൺ മാസമാണ് പുതിയ മദ്യനയം നിലവിൽ വന്നത്. 2017 ജൂൺ മാസം മുതൽ ഡിസംബർ മാസം വരെയുള്ള 6 മാസത്തെ കണക്കുകൾ 2016 വർഷത്തെ (6/16 മുതൽ 12/16 വരെയുള്ള കണക്കുകളുമായി താരതമ്യപ്പെടുത്തുമ്പോൾ, ആഭ്യന്തര ടൂറിസ്റ്റുകളുടെ സന്ദർശനത്തിലുണ്ടായ വ്യതിയാനം താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| ജൂൺ 2017 | 15.22% | വർദ്ധനവ് |
| ജൂലൈ 2017 | 18.52% | വർദ്ധനവ് |
| ആഗസ്റ്റ് 2017 | 9.12% | വർദ്ധനവ് |
| സെപ്റ്റംബർ 2017 | 5.29% | വർദ്ധനവ് |
| ഒക്ടോബർ 2017 | 3.14% | വർദ്ധനവ് |
| നവംബർ 2017 | 18.02% | വർദ്ധനവ് |
| ഡിസംബർ 2017 | 16.07% | വർദ്ധനവ് |

വിദേശ വിനോദസഞ്ചാരികളുടെ വരവിന്റെ വ്യതിയാനം താഴെപ്പറയും പ്രകാരമാണ്:

| | | |
|---|---|---|
| ജൂൺ 2017 | 17.85% | വർദ്ധനവ് |
| ജൂലൈ 2017 | 28.03% | വർദ്ധനവ് |
| ആഗസ്റ്റ് 2017 | -9.05% | കുറവ് |
| സെപ്റ്റംബർ 2017 | -12.62% | കുറവ് |
| ഒക്ടോബർ 2017 | -3.14% | കുറവ് |
| നവംബർ 2017 | 11.31% | വർദ്ധനവ് |
| ഡിസംബർ 2017 | 11.48% | വർദ്ധനവ് |

മേൽ കണക്കുകൾ പരിശോധിക്കുമ്പോൾ പുതിയ മദ്യനയം ആഭ്യന്തര/ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടെങ്കിലും, ജി.എസ്.ടി. നിലവിൽ വന്ന 2017 ജൂലൈയ്ക്ക് ശേഷമുള്ള മൂന്ന് മാസങ്ങളിൽ (8/2017, 9/2017, 10/2017) ആഭ്യന്തര വിനോദസഞ്ചാരികളുടെ ശതമാന വർദ്ധനവ് ഇടിയുകയും വിദേശ വിനോദസഞ്ചാരികളുടെ വളർച്ചാനിരക്ക് നെഗറ്റീവിലേയ്ക്ക് താഴുകയും ചെയ്തതായി കാണാം. എന്നാൽ വർഷാവസാനം ടൂറിസ്റ്റ് പീക്ക് സീസണായ നവംബർ, ഡിസംബർ മാസങ്ങളിൽ ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവ് ഉണ്ടായിട്ടുള്ളതായും കാണാം.

(ഡി) വിദേശ വനിതയുടെ കൊലപാതകം കേരള ടൂറിസത്തെ ദോഷകരമായി ബാധിച്ചതായി വിലയിരുത്തിയിട്ടില്ല. വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും പോലീസ് വകുപ്പിലെയും സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ ഉന്നത ഉദ്യോഗസ്ഥർ പങ്കെടുത്ത യോഗം 10-5-2018-ൽ ചേരുകയുണ്ടായി. യോഗ

തീരുമാന പ്രകാരം ഇത്തരം സംഭവങ്ങൾ തടയുന്നതിനും ആവർത്തിക്കപ്പെടാതിരിക്കുന്നതിനും വേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ ടൂറിസം വകുപ്പ് പോലീസ് വകുപ്പുമായി ചേർന്ന് അടിയന്തരമായി നടപ്പിലാക്കി വരുന്നു. സുരക്ഷയുമായി ബന്ധപ്പെട്ട് സ്വീകരിക്കേണ്ട നടപടികൾക്കായി 18-5-2018-ൽ എല്ലാ വിശദാംശങ്ങളും ഉൾപ്പെട്ട പോലീസ് മേധാവിയുടെ സർക്കുലർ നൽകിയിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിലെല്ലാം ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആൻഡ് പോലീസ് അസിസ്റ്റൻസ് സെന്ററുകൾ എത്രയുംവേഗം പ്രവർത്തനമാരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ടൂറിസം മേഖലയിൽ അപകടസാദ്ധ്യതയുള്ള സാഹചര്യങ്ങളെക്കുറിച്ച് സഞ്ചാരികളെ ബോധവൽക്കരിക്കുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് വഴി നിർദ്ദേശം നൽകിയിട്ടുണ്ട്. പരിശീലനം ലഭിച്ച ടൂറിസം പോലീസിന്റെ സേവനം പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഉറപ്പുവരുത്തിയിട്ടുണ്ട്. നിലവിൽ 150 സിവിൽ പോലീസ് ഓഫീസർമാരും 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരും ടൂറിസം പോലീസുകാരായി സേവനം നടത്തുന്നുണ്ട്. ടൂറിസം പോലീസിന്റെ സേവനം കൂടുതൽ ആവശ്യമായ ഇടങ്ങളിൽ ഉൾപ്പെടുത്തുന്നത് പരിശോധിച്ച് ഇവരുടെ എണ്ണം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. കൂടുതൽ വനിതാ ടൂറിസം പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നുണ്ട്. ടൂറിസം പോലീസിലെ എല്ലാ ഉദ്യോഗസ്ഥർക്കും ഭാഷാ നൈപുണ്യ ക്ലാസുകൾ, ഓറിയന്റേഷൻ ക്ലാസുകൾ, അവബോധ ക്ലാസുകൾ, ആവശ്യമായ ഇതര ട്രെയിനിംഗുകൾ 'കിറ്റ്സ് ' മുഖാന്തരം പോലീസ് വകുപ്പുമായി ചേർന്ന് നടപ്പാക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ സേവനവും ലഭ്യമാക്കിയിട്ടുണ്ട്. അപകട സാധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാന്മാരാക്കുന്നു. ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദസഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സി.സി.ടി.വി. സംവിധാനം, നടപ്പാതകൾ, പ്രകാശ സംവിധാനം എന്നിവ ഏർപ്പെടുത്തിവരുന്നു.

പ്രധാന ബീച്ചുകളിലെല്ലാംതന്നെ പരിശീലനം നേടിയ ലൈഫ് ഗാർഡുകളെ നിയോഗിച്ചിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 പേർ ലൈഫ് ഗാർഡുകളായി സേവനമനുഷ്ഠിക്കുന്നു. ഇവരുടെ സേവനം നിർദ്ദിഷ്ട സ്ഥലങ്ങളിൽ ഉറപ്പാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്. ഇവരുടെ കഴിവുകൾ മെച്ചപ്പെടുത്തുന്നതിന് കൂടുതൽ പരിശീലനം നൽകുന്നതിനോടൊപ്പം ആവശ്യമായ ജീവൻരക്ഷാ ഉപകരണങ്ങൾ നൽകി കൂടുതൽ പേരെ ഇതിനായി വിന്യസിക്കുന്ന കാര്യം പരിശോധനയിലാണ്.

വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സഞ്ചാരികൾക്ക് നേരെയുള്ള ആക്രമണം, മോശപ്പെട്ട പെരുമാറ്റം മുതലായവ ഇല്ലാതാക്കി കൂടുതൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നതിന് നിലവിലുള്ള സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി എല്ലാ വിനോദസഞ്ചാര കേന്ദ്രങ്ങളുടെയും പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾ വഴി പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകളിൽ, ഇടവഴികൾ, നടപ്പാതകൾ, റോഡുൾപ്പെടെയുള്ള പ്രദേശങ്ങളെയുമാണ് സി.സി.ടി.വി. ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. 34 ഇടങ്ങളിലായി 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതിക്ക് 49,19,500 (നാൽപ്പത്തി ഒൻപത് ലക്ഷത്തി പത്തൊൻപതിനായിരിത്തി അഞ്ഞൂറ് രൂപ മാത്രം) രൂപയ്ക്ക് വകുപ്പ് ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതാത് പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ/ പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്.

ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-5-2018-ൽ ചേർന്ന അടിയന്തര യോഗത്തിൽ തീരുമാനിച്ചതനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതാണ്. 18-5-2018-ലെ പോലീസ് മേധാവി നൽകിയ 23/2018-ാം നമ്പർ സർക്കുലറിൽ ടി വിശദാംശങ്ങൾ നൽകിയിട്ടുണ്ട്. പോലീസ് വകുപ്പ്, മറ്റിതര വകുപ്പുകളുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾ കൂടി സ്വീകരിച്ച് ഇവ നടപ്പിലാക്കിവരികയാണ്.

## സഹകരണ പ്രസ്ഥാനങ്ങൾ മുഖേന വികസന പ്രവർത്തനങ്ങൾ

15(*44) ശ്രീമതി പി. അയിഷാ പോറ്റി:
ശ്രീ. സി. കൃഷ്ണൻ:
ശ്രീ. സി. കെ. ശശീന്ദ്രൻ:
ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാരിന്റെ നിലപാടുകളെ അതിജീവിച്ചുകൊണ്ട് സഹകരണ സ്ഥാപനങ്ങളെ നാടിന്റെ പുരോഗതിയുടെ ചാലകശക്തിയാക്കുന്നതിന് നടത്തിവരുന്ന പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) കാർഷിക മേഖലയോടൊപ്പം തന്നെ മൂല്യവർദ്ധിത ഉല്പന്ന മേഖലയിലും ക്ഷീര മേഖലയിലും ഗാർഹിക വ്യവസായ മേഖലയിലും സഹകരണ പ്രസ്ഥാനങ്ങൾ വഴി നടത്തുന്ന വികസന പ്രവർത്തനങ്ങൾ എന്തെല്ലാമാണ്;

(സി) നെല്ല്, നാളികേരം തുടങ്ങി സംസ്ഥാനത്തെ പ്രധാന വിളകളുടെ സംഭരണത്തിനും അവയുടെ മൂല്യവർദ്ധിതോല്പന്നങ്ങളായും അല്ലാതെയുമുള്ള വിപണനത്തിനും പദ്ധതിയുണ്ടോ; വിശദാംശം നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) കേന്ദ്രസർക്കാരിന്റെ നയങ്ങൾമൂലം സംസ്ഥാനത്ത് പ്രവർത്തിക്കുന്ന സഹകരണ സ്ഥാപനങ്ങൾക്ക് അവയുടെ പ്രവർത്തനത്തിൽ നിരവധി ബുദ്ധിമുട്ടുകളുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ നോട്ട് നിരോധനംമൂലം ഉടലെടുത്ത സാമ്പത്തിക പ്രതിസന്ധി സഹകരണ മേഖലയ്ക്ക് തിരിച്ചടിയായി. 2016 ഡിസംബർ 10 മുതൽ 2017 ജനുവരി 10 വരെ സഹകരണ മേഖല സംരക്ഷണ പ്രചരണം സംഘടിപ്പിച്ചു. ഡിസംബർ 18-ന് സഹകരണ മേഖല സംരക്ഷണ ദിനമായി ആചരിച്ചു. കേന്ദ്രസർക്കാരിന്റെ മൾട്ടി സ്റ്റേറ്റ് കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് ആക്ട്, 2002 പ്രകാരം ഒന്നിലധികം സംസ്ഥാനങ്ങളിൽ പ്രവർത്തന പരിധിയുള്ള നിലവിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന മൾട്ടി സ്റ്റേറ്റ് സഹകരണ സംഘങ്ങൾക്ക് അവയുടെ പ്രവർത്തന പരിധി മറ്റ് സംസ്ഥാനങ്ങളിലേയ്ക്ക് വ്യാപിപ്പിക്കുന്നതിന് സംസ്ഥാനങ്ങളിലെ രജിസ്ട്രാർമാരുടെ എൻ.ഒ.സി. ആവശ്യമില്ലെന്ന സ്ഥിതി സഹകരണ മേഖലയുടെ പ്രവർത്തനത്തെ പ്രതികൂലമായി ബാധിച്ചു. ആയത് പരിഹരിക്കുന്നതിനായി സംസ്ഥാന സഹകരണ വകുപ്പ് പ്രസ്തുത വിഷയങ്ങൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. സഹകരണ സ്ഥാപനങ്ങളുടെ പുരോഗതിക്ക്

താഴെപ്പറയുന്ന കാര്യങ്ങൾ സർക്കാർ നടപ്പിലാക്കിയിട്ടുണ്ട്.

1. ഓഹരി, മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെ ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.
2. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനികവത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനും സഹായം നൽകി അതിന്റെ പ്രവർത്തനം സുസജ്ജമാക്കി വരുന്നു.
3. കേരള എസ്.സി./എസ്.റ്റി ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉത്പാദന യൂണിറ്റിന് പേറ്റന്റുകൾ ലഭിച്ച ആയുർവേദ മരുന്നുകളുടെ ഉല്പാദനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.
4. സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചുവരുന്നുണ്ട്.
5. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്.
6. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്.
7. കക്ക വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി 3 കോടി രൂപ നൽകിയിട്ടുണ്ട്.
8. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോ-ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം, ആർ.റ്റി.ജി.എസ്., എൻ.ഇ.എഫ്.റ്റി. തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

9. സംസ്ഥാനത്തെ കശുവണ്ടി മേഖലയിലെ പ്രതിസന്ധി പരിഹരിക്കുന്നതിനുള്ള പ്രവർത്തനങ്ങളുടെ ഭാഗമായി സംസ്ഥാന കശുവണ്ടി വികസന കോർപ്പറേഷന്റെ അഭ്യർത്ഥനയനുസരിച്ച് വിവിധ ജില്ലകളിൽ ഉത്പാദിപ്പിക്കുന്ന കശുവണ്ടി സംഭരിച്ച് കശുവണ്ടി വികസന കോർപ്പറേഷന് നൽകുന്നതിന് പ്രാഥമിക സഹകരണ സംഘങ്ങളെ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

10. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

11. കർഷക സേവന കേന്ദ്രം നടത്തുന്നതിന് 2016-17 വർഷം എൻ.സി.ഡി.സി. ധനസഹായ പ്രകാരം സർക്കാർ ഓഹരിയായി 29 പ്രാഥമിക സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ട്.

12. 2016-17-ൽ ദുർബല സംഘങ്ങളുടെ പുനരുദ്ധാരണത്തിനുള്ള സംസ്ഥാന സർക്കാരിന്റെ ധനസഹായ പ്രകാരം ഓഹരി, വായ്പ, സബ്സിഡി ഇനങ്ങളിലായി ധനസഹായം അനുവദിച്ചുവരുന്നു.

13. കാർഷിക വിപണന മേഖലയെ ശക്തിപ്പെടുത്തി വിപണന സഹകരണ സംഘങ്ങൾക്ക് ഓഹരി, വായ്പ, സബ്സിഡി എന്നീ ഇനങ്ങളിലായി തുക അനുവദിച്ചുവരുന്നു.

14. കാർഷിക സംസ്കരണ യൂണിറ്റുകളുടെ നവീകരണത്തിനുള്ള എൻ.സി.ഡി.സി. പദ്ധതിയിൽ 2016-17-ൽ തൃശ്ശൂർ ജില്ലാ നെല്ല് വിപണന സംസ്കരണ സഹകരണ സംഘത്തിന് 734.40 ലക്ഷം രൂപ ധനസഹായത്തിന് അംഗീകാരം നൽകിയിട്ടുണ്ട്.

15. റെയ്ഡ്കോയുടെ വികസനത്തിനുവേണ്ടി എൻ.സി.ഡി.സി.-യുടെ ധനസഹായത്തോടെ 2016-17 വർഷത്തിൽ 15 കോടി രൂപയുടെ പദ്ധതി അംഗീകരിച്ച് നടപ്പിലാക്കിവരുന്നു.

16. കൺസ്യൂമർഫെഡിൽ സുതാര്യത കൊണ്ടുവരുന്നതിന്റെ ഭാഗമായി ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്ന തിനുമായി ത്രിവേണികൾ ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനും നടപടി സ്വീകരിച്ചു. പ്രാഥമിക സഹകരണ സംഘങ്ങളുടെ നേതൃത്വത്തിൽ

2000 നീതി ഔട്ട്ലെറ്റും 1500 നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നഷ്ടത്തിനും ഡാമേജിനും കെടുകാര്യസ്ഥതയ്ക്കും ഇടയാക്കിയ നന്മ സ്റ്റോറുകൾ നിർത്തലാക്കി ജീവനക്കാരുടെ എണ്ണം ശാസ്ത്രീയമായി ക്രമീകരിക്കുകയും അധികമുള്ളവരെ പുനർവിന്യസിപ്പിക്കുകയും ചെയ്തു. ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ 31-3-2016-ലെ താൽക്കാലിക ബാക്കി പത്ര പ്രകാരം സഞ്ചിത നഷ്ടം 418.11 കോടി രൂപയായിരുന്നു. എന്നാൽ 2017 ഡിസംബറിലെ കണക്ക് പ്രകാരം ഫെഡറേഷന് 51 കോടി രൂപയുടെ പ്രവർത്തന ലാഭമുണ്ടായിട്ടുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സർക്കാർ സബ്സിഡി ഇനത്തിൽ നൽകുവാനുണ്ടായിരുന്ന കുടിശ്ശിക തുകയിൽ 50 കോടി രൂപ നൽകിയിട്ടുണ്ട്. കൂടാതെ 2016 റംസാൻ വിപണിക്ക് 5 കോടിയും 2017 ഓണം വിപണിക്ക് 40 കോടി രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

(ബി) കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലേയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചിട്ടുണ്ട്. കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം നൽകി ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാന സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പയെടുക്കുന്നവർക്ക് പലിശയിളവ് നൽകുന്നുണ്ട്. ഹ്രസ്വകാല വിളവായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശയിളവ് പദ്ധതി നടപ്പിലാക്കിവരുന്നു.

ക്ഷീര വികസന വകുപ്പിന്റെ നിയന്ത്രണത്തിലുള്ള ക്ഷീര സംഘങ്ങൾ വഴി ക്ഷീരകർഷകർ അളക്കുന്ന പാലിന് ലിറ്ററിന് ഒരു രൂപാ നിരക്കിൽ കാലിത്തീറ്റ ധനസഹായം അനുവദിക്കുന്നു. ഇതുമൂലം ക്ഷീരസംഘങ്ങളിൽ ലഭ്യമാകുന്ന പാലിന്റെ അളവിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്. 2017-18 വർഷത്തിൽ 14 കോടി രൂപ ഈ ഇനത്തിൽ ക്ഷീര സഹകരണ സംഘങ്ങൾ ചെലവഴിച്ചിട്ടുണ്ട്. ലക്ഷോപലക്ഷം കർഷകർക്ക് താങ്ങേകാനും ഗ്രാമീണ മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കുവാനും സഹകരണ പ്രസ്ഥാനമായ മിൽമയ്ക്ക്

കഴിഞ്ഞിട്ടുണ്ട്. ഉല്പാദനോപാധികളായ കാലിത്തീറ്റ മിനറൽ സപ്ലിമെന്റ്, കൃത്രിമ ബീജധാന സൗകര്യങ്ങൾ എന്നിവ മേഖലാ യൂണിയനുകൾ വഴി മിൽമ, കർഷകർക്ക് വിതരണം ചെയ്തുവരുന്നു. ക്ഷീര കർഷകർക്ക് അവർ സംഘങ്ങളിൽ ഒഴിക്കുന്ന പാലിന് സുസ്ഥിരമായ വില കൃത്യമായ ഇടവേളകളിൽ നൽകുന്നു. ക്ഷീര കർഷകർക്ക് അവരുടെ തൊഴിൽ ലാഭകരമാക്കുന്നതിനുവേണ്ട സൗകര്യങ്ങൾ സബ്സിഡി നിരക്കിൽ നൽകുന്നതിനും ക്ഷീര കർഷകർക്കും കന്നുകാലികൾക്കും ഇൻഷ്വറൻസ് പരിരക്ഷ ഉറപ്പാക്കുന്നതിനുംവേണ്ട നടപടികൾ മിൽമ മേഖലാ യൂണിയനുകൾ വഴി നടപ്പിലാക്കുന്നു.

(സി) കാർഷിക വിപണന മേഖല ശക്തിപ്പെടുത്തുന്നതിന് പ്രാഥമിക വിപണന സഹകരണ സംഘങ്ങൾക്കുള്ള ധനസഹായം (സബ്സിഡി/ ഓഹരി/വായ്പ) നൽകുന്നു. കാർഷിക സംസ്കരണത്തിന് ബൈലായിൽ വ്യവസ്ഥയും പശ്ചാത്തല സൗകര്യവും സ്വന്തമായി സ്ഥലവുമുള്ള എല്ലാത്തരം സഹകരണ സംഘങ്ങൾക്കും കാർഷിക സംസ്കരണ യൂണിറ്റുകൾ ആരംഭിക്കുന്നതിനും നിലവിലുള്ളവ പുനരുദ്ധരിക്കുന്നതിനും ധനസഹായം നൽകിവരുന്നു.

കർഷകരിൽനിന്നും സപ്ലൈകോ നെല്ല് സംഭരിച്ചതിന്റെ രസീത് കർഷകർ സഹകരണ ബാങ്കുകളിൽ ഹാജരാക്കുമ്പോൾ നെല്ലിന്റെ വില കർഷകരുടെ അക്കൗണ്ടിൽ പി.ആർ.എസ്. ലോൺ വഴി ലഭ്യമാക്കുന്നതിനായി ബാങ്കുകളുമായി കരാറിൽ ഏർപ്പെടുന്നതിന് സപ്ലൈകോയ്ക്ക് സർക്കാർ നിർദ്ദേശം നൽകിയിരുന്നു. പാലക്കാട് ജില്ലാ സഹകരണ ബാങ്കിൽനിന്നും 2017-18 വർഷത്തെ നെല്ല് സംഭരണത്തിനുള്ള സംഭരണ വില ഒന്നാം വിളയ്ക്ക് 56,93,93,592 രൂപയും രണ്ടാം വിളയ്ക്ക് 11,26,17,452 രൂപയും നൽകിയിട്ടുണ്ട്. നെല്ല് സംഭരണത്തിനുവേണ്ടി ജില്ലാ ബാങ്കിൽ 28488 കെ.സി.സി. അക്കൗണ്ടുകൾ ആരംഭിച്ചിട്ടുണ്ട്.

**തീർത്ഥാടന ടൂറിസം മേഖലയിലെ നേട്ടങ്ങൾ**

16(*46) ശ്രീ. വി. അബ്ദുറഹിമാൻ:
ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം തീർത്ഥാടന ടൂറിസം മേഖലയിൽ ഉണ്ടായിട്ടുള്ള പുരോഗതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) സ്വദേശി ദർശൻ, പ്രസാദ് എന്നീ കേന്ദ്രപദ്ധതികളിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ കേന്ദ്രസർക്കാരിന് സമർപ്പിച്ച ക്ഷേത്ര വികസന പദ്ധതികൾ ഏതൊക്കെയാണെന്നും അവയിൽ ഏതെല്ലാം പദ്ധതികൾക്ക് കേന്ദ്രാനുമതി ലഭിച്ചുവെന്നും വ്യക്തമാക്കാമോ;

(സി) ശബരിമലയുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ ഏതൊക്കെയാണ്;

(ഡി) ശബരിമല തീർത്ഥാടകർക്ക് വിശ്രമത്തിനും വിരിവയ്ക്കുന്നതിനും ആധുനിക സൗകര്യങ്ങളുള്ള ഇടത്താവള സമുച്ചയങ്ങൾ നിർമ്മിക്കാൻ തിരുമാനിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം തീർത്ഥാടന ടൂറിസം മേഖലയുടെ ഉന്നമനത്തിനായി താഴെപ്പറയുന്ന പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്:

| നമ്പർ | പ്രവൃത്തിയുടെ പേര് | തുക | വിവരണം |
|---|---|---|---|
| 1 | പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട്, കോലത്തുകര, തിരുവനന്തപുരം | 2,39,00,000 | പ്രവൃത്തികൾ നടന്നുവരുന്നു. |
| 2 | തിരുവനന്തപുരം ജില്ലയിലെ തെക്കൻ കുരിശുമല ഡെസ്റ്റിനേഷൻ വികസനം | 1,08,50,000 | പ്രവൃത്തികൾ നടന്നുവരുന്നു. |
| 3 | തിരുവനന്തപുരം ജില്ലയിലെ കഴക്കൂട്ടത്തെ കുളങ്ങര പിൽഗ്രിം ഹെറിറ്റേജ് സർക്യൂട്ട് | 4,95,00,000 | പ്രവൃത്തികൾ നടന്നുവരുന്നു. |
| 4 | എരുമേലി പിൽഗ്രിം ഹബ് | 2,00,00,000 | പ്രവൃത്തികൾ നടന്നുവരുന്നു. |

കൂടാതെ കേന്ദ്ര ടൂറിസം മന്ത്രാലയം നിലവിൽ അനുവദിച്ചുവരുന്ന സ്കീമുകളായ സ്വദേശ് ദർശൻ, പ്രസാദ് എന്നിവയിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന പ്രവൃത്തികൾ നടന്നുവരുന്നു:

| നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക (രൂപ ലക്ഷത്തിൽ) | അനുവദിച്ച തുക (രൂപ ലക്ഷത്തിൽ) |
|---|---|---|---|
| 1 | പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം | 4614.20 | 1305.84 |

| | | | |
|---|---|---|---|
| 2 | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) | 9998.92 | 1998.78 |
| 3 | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം | 9244.26 | 4475.49 |

(ബി) സ്വദേശ് ദർശൻ, പ്രസാദ് എന്നീ കേന്ദ്ര സ്കീമുകളിൽ ഉൾപ്പെടുത്തി സംസ്ഥാന സർക്കാർ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന് സമർപ്പിച്ച തീർത്ഥാടന കേന്ദ്രങ്ങളുടെ വികസന പദ്ധതികളുടെ വിവരവും അവയിൽ കേന്ദ്രാനുമതി ലഭിച്ചവയുടെ വിവരവും ചുവടെ ചേർക്കുന്നു :

സമർപ്പിച്ച പദ്ധതികൾ

| നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം പദ്ധതിയായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) | 9998.92 ലക്ഷം |
| 2 | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം പദ്ധതിയായ ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം | 9244.26 ലക്ഷം |
| 3 | പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം | 4614.20 ലക്ഷം |
| 4 | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി ശ്രീനാരായണ ഗുരു പിൽഗ്രിം സർക്യൂട്ട് | 1,18,00,00,000 രൂപ |
| 5 | സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി കാലടി - മലയാറ്റൂർ പിൽഗ്രിം സർക്യൂട്ട് | 59,21,71,610 രൂപ |

അനുവദിച്ച പദ്ധതികൾ

| നമ്പർ | പ്രവൃത്തിയുടെ പേര് | എസ്റ്റിമേറ്റ് തുക |
|---|---|---|
| 1 | സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം) | 9998.92 ലക്ഷം രൂപ |
| 2 | ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം | 9244.26 ലക്ഷം രൂപ |
| 3 | പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തി ഗുരുവായൂർ ക്ഷേത്ര വികസനം | 4614.20 ലക്ഷം രൂപ |

(സി) ശബരിമലയുടെ വികസനത്തിനായി നടപ്പാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)

   എസ്റ്റിമേറ്റ് തുക - 9998.92 ലക്ഷം രൂപ

   അനുവദിച്ച തുക -1999.78 ലക്ഷം രൂപ

   നിർവ്വഹണ ഏജൻസി -ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്ന ഹൈപവർ കമ്മിറ്റി

   പദ്ധതി ഘടകങ്ങൾ -

   1. ശബരിമല ക്ഷേത്രം-എരുമേലി
   2. പമ്പ
   3. ട്രക്കിംഗ് പാത്ത്
   4. സന്നിധാനം

2. സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസന പദ്ധതിയിൽ ഉൾപ്പെട്ട ഒരു ഘടകമായ ശബരിമലയുടെ വികസനം എസ്റ്റിമേറ്റ് തുക - 9244.26 ലക്ഷം രൂപ

   അനുവദിച്ച തുക -4475.49 ലക്ഷം രൂപ

   ശബരിമല ഘടകത്തിന് അംഗീകരിച്ച എസ്റ്റിമേറ്റ് തുക -600.00 ലക്ഷം രൂപ

   നിർവ്വഹണ ഏജൻസി -ശബരിമല മാസ്റ്റർ പ്ലാൻ നടപ്പിലാക്കുന്ന ഹൈപവർ കമ്മിറ്റി

   മേൽപ്പറഞ്ഞ പദ്ധതികൾ നടപ്പിലാക്കിവരുന്നു.

(ഡി) ഉണ്ട്. ശബരിമല തീർത്ഥാടനത്തിനായി സംസ്ഥാനത്തിനകത്ത്നിന്നും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്ന ഭക്തജനങ്ങൾക്ക് വിശ്രമത്തിനും വിരിവെയ്ക്കുന്നതിനും 50 കിലോമീറ്റർ ഇടവിട്ട് ക്ഷേത്രങ്ങൾ കേന്ദ്രീകരിച്ച് ഇടത്താവളങ്ങൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി ആകെ 37 ക്ഷേത്രങ്ങളെയാണ് തെരഞ്ഞെടുത്തിരിക്കുന്നത്. ഇന്ത്യൻ ഓയിൽ കോർപ്പറേഷനുമായി ചേർന്ന് ഒന്നാം ഘട്ടത്തിൽ തിരുവിതാംകൂർ ദേവസ്വത്തിന്റെ കീഴിൽ കഴക്കൂട്ടം മഹാദേവ ക്ഷേത്രം, ഹരിപ്പാട് ക്ഷേത്രം, തൃക്കാക്കര, കീഴില്ലം, ആറന്മുള ക്ഷേത്രം, മലബാർ ദേവസ്വം ബോർഡിന്റെ കീഴിൽ കാടാമ്പുഴ ഭഗവതി ക്ഷേത്രം, തിരുവങ്ങാട്, തൃത്തല്ലൂർ ശിവക്ഷേത്രം, കൊച്ചിൻ ദേവസ്വം ബോർഡിന്റെ കീഴിലുള്ള മുടിക്കോട് ക്ഷേത്രം, തിരുവഞ്ചിക്കുളം ക്ഷേത്രം എന്നീ 10 ക്ഷേത്രങ്ങൾക്ക് എം.ഒ.യു. ഒപ്പുവച്ചിട്ടുണ്ട്. ഭാരത് പെട്രോളിയവുമായി ചേർന്ന് കൂടൽമാണിക്യം ദേവസ്വത്തിൽ ഇടത്താവളം നിർമ്മിക്കാൻ ഉത്തരവ് നൽകിയിട്ടുണ്ട്.

## ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി

17(*47) ശ്രീ. എൻ. വിജയൻ പിള്ള :

ശ്രീ. ആർ. രാജേഷ് :

ശ്രീ. എ. എൻ. ഷംസീർ :

ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അടുത്ത ഒളിമ്പിക്സിൽ മെഡൽ സാധ്യത വർദ്ധിപ്പിക്കാൻ ലക്ഷ്യമിട്ട് ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ബി) ഏതെല്ലാം കായിക ഇനങ്ങളെയാണ് ഈ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) ഈ പദ്ധതിയിൽ എത്ര കായിക താരങ്ങളെയാണ് ഉൾപ്പെടുത്തിയിരിക്കുന്നതെന്നും ഇവർക്ക് പരിശീലനം നൽകാൻ എന്തെല്ലാം സംവിധാനങ്ങളാണ് ഒരുക്കിയിരിക്കുന്നതെന്നും അറിയിക്കാമോ;

(ഡി) ദേശീയ അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയികളായ കായിക താരങ്ങൾക്ക് മുൻ സർക്കാരിന്റെ കാലത്ത് കുടിശ്ശികയായിരുന്ന ക്യാഷ് അവാർഡ് കൊടുത്ത് തീർക്കുവാൻ എത്ര കോടി രൂപ ചെലവഴിച്ചു എന്ന് വ്യക്തമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ&ബി) ഉണ്ട്. അത്‌ലറ്റിക്സ്, ബാഡ്മിന്റൺ (ഷട്ടിൽ), ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഫെൻസിംഗ്, ഷൂട്ടിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളാണ് ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്.

(സി) ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിൽ തെരഞ്ഞെടുത്തിട്ടുള്ള ഷൂട്ടിംഗിൽ 10 കായിക താരങ്ങളെയും മറ്റ് 10 കായിക ഇനങ്ങളിൽ 20 കായിക താരങ്ങളെ വീതവും ഉൾക്കൊള്ളിച്ച് ആകെ 210 പേർക്ക് വിദഗ്ദ്ധ പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. എന്നാൽ പദ്ധതിയുടെ പ്രാരംഭഘട്ടത്തിൽ അത്‌ലറ്റിക്സ്, ബാഡ്മിന്റൺ, ബോക്സിംഗ്, കനോയിംഗ് & കയാക്കിംഗ്, റസ്‌ലിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഫെൻസിംഗ് എന്നീ 8 കായിക ഇനങ്ങളിൽ ആകെ 160 പേർക്ക് പരിശീലനം നൽകുവാനാണ് തീരുമാനിച്ചിരിക്കുന്നത്. അന്തർദേശീയ, ദേശീയ, സംസ്ഥാന മത്സരങ്ങളിലെ പ്രകടനങ്ങളുടെയും കായികക്ഷമതയുടെയും മികവിന്റെയും അടിസ്ഥാനത്തിൽ അതാത് കായിക അസോസിയേഷനുകൾ മുഖേനയാണ് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്.

ഓപ്പറേഷൻ ഒളിമ്പിയ പദ്ധതിയിലെ ഓരോ കായിക ഇനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്തർദ്ദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി വിദഗ്ദ്ധ പരിശീലനം നൽകുവാനാണ് ഉദ്ദേശിക്കുന്നത്. ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം ലഭ്യമാക്കുന്ന പരിശീലന പദ്ധതി കൂടിയാണിത്.

(ഡി) ദേശീയ/അന്തർദ്ദേശീയ മത്സരങ്ങളിൽ വിജയിച്ച കായിക താരങ്ങൾക്ക് 2013-14 മുതൽ 2015-16 വരെ കുടിശ്ശികയായിരുന്ന കാഷ് അവാർഡ് തുകയായ 2,42,36,440 രൂപ വിതരണം ചെയ്തിട്ടുണ്ട്.

**ഊർജ്ജോല്പാദന സ്വയംപര്യാപ്തതയ്ക്കായുള്ള പദ്ധതികൾ**

18(*48) ശ്രീ. പി. ടി. എ. റഹീം:
ശ്രീ. ബി.ഡി. ദേവസ്സി:
ശ്രീ. കെ. വി. വിജയദാസ്:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് നടപ്പാക്കി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ചെറുകിട ജല, കാറ്റാടി, സൗരോർജ്ജ വൈദ്യുത പദ്ധതികളിലൂടെ എത്ര മെഗാവാട്ടിന്റെ ഉല്പാദന വർദ്ധനവാണ് കൈവരിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ;

(സി) കളക്ടറേറ്റുകൾ, മറ്റ് സർക്കാർ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ശൃംഖലാബന്ധിത സൗരോർജ്ജ മേൽക്കൂര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുവാൻ പദ്ധതിയുണ്ടോ;

(ഡി) ജൈവ മാലിന്യത്തിൽ നിന്ന് വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കം കുറിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന്റെ ഭാഗമായി നിർമ്മാണത്തിലിരിക്കുന്ന 10 ജലവൈദ്യുതി പദ്ധതികൾ (ആകെ 190.5 മെഗാവാട്ട്) സമയബന്ധിതമായി പൂർത്തീകരിക്കുവാൻ ലക്ഷ്യമിടുന്നു. വിശദാംശങ്ങൾ അനുബന്ധം (1) ആയി ചേർത്തിരിക്കുന്നു.* കൂടാതെ, പുതിയതായി 13 ജലവൈദ്യുതി പദ്ധതികൾ ആരംഭിക്കുക വഴി 125 മെഗാവാട്ടിന്റെ അധിക സ്ഥാപിതശേഷി കൂടി ലക്ഷ്യമിടുന്നു. ഇതുസംബന്ധിച്ചുള്ള വിശദാംശങ്ങൾ അനുബന്ധം (2) ആയി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിന് വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പ്രവൃത്തികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിവരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (3)-ഉം (4)-ഉം ആയി ചേർത്തിരിക്കുന്നു*.

ഊർജ്ജോല്പാദന രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി വൻകിട പദ്ധതികളോടൊപ്പം എനർജി മാനേജ്മെന്റ് സെന്റർ മുഖേന ചെറുകിട പദ്ധതികൾക്ക് പ്രാധാന്യം നൽകിവരുന്നു. ഒറ്റപ്പെട്ട സ്ഥലങ്ങളിൽ വികേന്ദ്രീയ ഊർജ്ജ ഉല്പാദനത്തിനായുള്ള പീക്കോ, മൈക്രോ ഗ്രിഡ് പദ്ധതികൾ നടപ്പിലാക്കി വരുന്നു. ഇതുസംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു:

1. കേന്ദ്രസർക്കാരിന്റെ നവീന നവീകരണ ഊർജ്ജ മന്ത്രാലയത്തിന്റെ (MNRE) ധനസഹായത്തോടെ ഗുണഭോക്താക്കൾക്കായി (Central Financial Assistance-CFA) 110 പീക്കോ ജലവൈദ്യുതി ടർബയിനുകൾ ഇടുക്കി, വയനാട്, കോട്ടയം, പത്തനംതിട്ട, തിരുവനന്തപുരം എന്നീ ജില്ലകളിൽ നടപ്പിലാക്കിയിട്ടുണ്ട്.

2. മൈക്രോഗ്രിഡുകൾ:

    (i) തായന്നൻകുടി മൈക്രോഗ്രിഡ് പീക്കോ ജലവൈദ്യുത പദ്ധതി - ചിന്നാർ വന്യമൃഗസങ്കേതത്തിനകത്ത് ഏകദേശം അഞ്ച് കിലോമീറ്റർ ദൂരത്തുള്ള തായന്നൻകുടി എന്ന ഗോത്രവർഗ്ഗ കോളനിയിൽ 48 വീടുകൾ, ഒരു അങ്കണവാടി, ഒരു കമ്മ്യൂണിറ്റി സെന്റർ, ഒരു ഛത്രം, തെരുവ് വിളക്കുകൾ എന്നിവ സ്ഥാപിച്ച് എനർജി മാനേജ്മെന്റ് സെന്റർ വൈദ്യുതീകരിക്കുകയും അതിലേയ്ക്ക് 3kW-ന്റെ പീക്കോ ജലവൈദ്യുതി പദ്ധതി പ്രാവർത്തികമാക്കുകയും ചെയ്തു. ചിന്നാറിലെ വെള്ളം തിരിച്ചുവിട്ടാണ് ഈ പദ്ധതി പ്രവർത്തിപ്പിക്കുന്നത്.

    (ii) മറയൂരിൽനിന്നും ഏകദേശം എട്ട് കിലോമീറ്റർ ദൂരത്തിൽ വനത്തിലുള്ളിലുള്ള ഗോത്രവർഗ്ഗ കോളനിയായ ഈച്ചാംപെട്ടിയിൽ 4kW-ന്റെ പീക്കോ ജലവൈദ്യുത നിലയം സ്ഥാപിച്ച് കോളനിയിലെ 50 വീടുകൾ, അങ്കണവാടി, ഒരു സ്കൂൾ മുതലായ സ്ഥലങ്ങൾ വൈദ്യുതീകരിച്ചു. കൂടാതെ തെരുവ് വിളക്കുകളും ഇ.എം.സി. സ്ഥാപിച്ചു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

3. തിരുവനന്തപുരം നഗരത്തിലൂടെ ഒഴുകുന്ന കിള്ളിയാറിൽ കാട്ടുവെട്ടിപ്പാലത്തിനടുത്ത് (ശാസ്തമംഗലത്തിനടുത്ത് കാഞ്ഞിരംപാറ വാർഡിൽ) കുറഞ്ഞ ഉയരവ്യത്യാസം (1.5m) ഉപയോഗപ്പെടുത്തി വോർട്ടക്സ് ടർബയിൻ വഴി 20kW വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട ജലവൈദ്യുത പദ്ധതിയുടെ പണികൾ അവസാനഘട്ടത്തിലാണ്. ഈ പദ്ധതി ജൂൺ മാസം കമ്മീഷൻ ചെയ്യാൻ സാധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. ഈ വിധത്തിലുള്ള പദ്ധതി ഇന്ത്യയിൽത്തന്നെ ആദ്യമാണ്. ഇവിടെ ഒരു കൃത്രിമമായി ചുഴി സൃഷ്ടിച്ചുകൊണ്ട് ഈ ചുഴിയുടെ ശക്തിയിലാണ് ടർബയിനുകൾ കറക്കുന്നത്. ഈ 20kW-ന്റെ പദ്ധതി നിർമ്മാണത്തിനുശേഷം സ്മാർട്ട് സിറ്റിയാവുന്ന തിരുവനന്തപുരം കോർപ്പറേഷന് ഇ.എം.സി. കൈമാറുന്നതാണ്. ഈ സാങ്കേതിക വിദ്യ പ്രചരിപ്പിക്കാനുള്ള ഒരു പ്രദർശന പദ്ധതി എന്നതു കൂടാതെ ഇതിൽനിന്ന് ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.-യുടെ എൽ.റ്റി. ഗ്രിഡിലേയ്ക്ക് സിംക്രണൈസ് ചെയ്ത് വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് കൊടുക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്. ഇതിൽനിന്ന് കിട്ടുന്ന വരുമാനം വഴി തിരുവനന്തപുരം കോർപ്പറേഷന് തെരുവ് വിളക്കുകൾ കത്തിക്കുവാനുള്ള വൈദ്യുതി ചെലവ് കുറയ്ക്കുവാൻ പറ്റും. മാത്രമല്ല ഇതുപോലത്തെ ധാരാളം മൈക്രോ ജലവൈദ്യുത പദ്ധതികൾ ചെറുനദികൾ, തോടുകൾ, ജലസേചന കനാലുകൾ എന്നിവിടങ്ങളിൽ സാധ്യമാക്കി തീർക്കുന്നതിനും പ്രചോദനം നൽകും. ഇ.എം.സി. തമിഴ്നാട്ടിലെ നെയ്‌വേലിയിലെ എൻ.എൽ.സി. (ഇൻഡ്യ) ലിഗ്നൈറ്റ് തെർമൽ പ്ലാന്റിൽ പരീക്ഷിച്ച് വിജയിച്ച കൈനറ്റിക് ടർബയിൻ സാങ്കേതികവിദ്യ കെ.എസ്.ഇ.ബി.-യുടെ കക്കാട് ജലവൈദ്യുത പദ്ധതിയിലെ ടെയിൽ റേസിൽ പരീക്ഷിക്കുന്നതിനുവേണ്ടിയുള്ള ഇ-ടെണ്ടർ നടപടികൾ തുടങ്ങിക്കഴിഞ്ഞു. ഈ ടർബയിനുകൾ വെള്ളത്തിന്റെ ഒഴുക്കിന്റെ ശക്തിയിലാണ് പ്രവർത്തിക്കുന്നത്. ഇതൊരു ചെറിയ കാറ്റാടി യന്ത്രം വെള്ളത്തിൽ മുക്കിയിടുന്നതിന് സമാനമാണ്. ഇത്തരത്തിലുള്ള കൈനറ്റിക് അഥവാ വെലോസിറ്റി ടർബയിനുകൾ ഒഴുക്കുള്ള നദികളിലും തോടുകളിലും ആഴമുള്ള കനാലുകളിലും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിന് വേണ്ടി ഉപയോഗപ്പെടുത്താവുന്നതാണ്. പുഴകളിൽ ഇവ വെള്ളത്തിൽ പൊങ്ങിക്കിടക്കുന്ന ഘടകങ്ങളിൽനിന്ന് തൂക്കിയിടുവാൻ കഴിയുന്നതാണ്.

പാരമ്പര്യേതര ഊർജ്ജ രംഗത്ത് പ്രധാനമായും സൗരോർജ്ജ വൈദ്യുതിയും കാറ്റിൽനിന്നുള്ള വൈദ്യുതിയുമാണ് അനെർട്ട് മുഖേന നടപ്പാക്കിവരുന്നത്.

<u>സൗരോർജ്ജ പദ്ധതി</u>

അക്ഷയ ഊർജ്ജോത്പാദന രംഗത്ത് അനെർട്ട് രണ്ട് മെഗാവാട്ട് ശേഷിയുള്ള സോളാർ-വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ രാമക്കൽമേട്ടിൽ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ട് തന്നെ സ്ഥാപിച്ച രണ്ട് മെഗാവാട്ട് ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റിൽനിന്നും കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് വൈദ്യുതി നൽകിവരുന്നു.

ജില്ലാ കളക്ടറേറ്റ് ഉൾപ്പെടെയുള്ള സർക്കാർ സ്ഥാപനങ്ങളിൽ 1.4 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

എം.എൻ.ആർ.ഇ.-യുടെ ഇൻസെന്റീവ് പദ്ധതി പ്രകാരം മറ്റ് സർക്കാർ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പ്ലാന്റുകളും സ്ഥാപിക്കുവാൻ നടപടി സ്വീകരിച്ചുവരുന്നു.

(ബി) വെള്ളത്തൂവൽ, പെരുന്തേനരുവി എന്നീ രണ്ട് ചെറുകിട ജലവൈദ്യുതി പദ്ധതികൾ ഈ സർക്കാർ നിലവിൽ വന്നതിനുശേഷം കമ്മിഷൻ ചെയ്തിട്ടുണ്ട്. ഇതുവഴി 9.6 മെഗാവാട്ട് വൈദ്യുതി അധികമായി ഉത്പാദിപ്പിക്കുവാൻ സാധിച്ചു.

<u>സൗരോർജ്ജ വൈദ്യുതി പദ്ധതി</u>

കേരളത്തിൽ സ്വകാര്യ സംരംഭകർ ഉൾപ്പെടെ 108.926374 മെഗാവാട്ട് ഉല്പാദനശേഷിയാണ് വിവിധ സൗരോർജ്ജ പദ്ധതികളിലൂടെ കൈവരിച്ചിട്ടുള്ളത്.

<u>ചെറുകിട ജല & കാറ്റാടി വൈദ്യുതി പദ്ധതി</u>

സംസ്ഥാനത്ത് സ്വകാര്യ സംരംഭകർ വഴി കാറ്റിൽനിന്നും ചെറുകിട ജലവൈദ്യുതിപദ്ധതികളിൽനിന്നും നടപ്പിലാക്കിയ പദ്ധതികളുടെ വിശദാംശം താഴെപ്പറയും പ്രകാരമാണ്.

1. കാറ്റിൽനിന്നും അഞ്ച് സ്വകാര്യ സംരംഭകരിൽനിന്നുമായി ആകെ - 57.25 മെഗാവാട്ട്. (വിശദാംശം അനുബന്ധം (5) ആയി ചേർക്കുന്നു*.
2. ചെറുകിട ജലവൈദ്യുതി പദ്ധതികളിൽനിന്നും (12 Nos.) സ്വകാര്യ സംരംഭകരിൽനിന്നുമായി ആകെ - 70.73 മെഗാവാട്ട്. ഇവയുടെ വിശദാംശം അനുബന്ധം (6) ആയി ചേർത്തിട്ടുണ്ട്*.

സംസ്ഥാനത്ത് കെ.എസ്.ഇ.ബി.എൽ. കാറ്റിൽനിന്നും 2.025 മെഗാവാട്ടിന്റെ പദ്ധതി കഞ്ചിക്കോട് സ്ഥാപിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

സ്വകാര്യ മേഖലയിലൂടെ 34.5MW-ന്റെ ചെറുകിട ജലവൈദ്യുത പദ്ധതികൾ ഇതിനോടകം 'BOOT' അടിസ്ഥാനത്തിൽ (സർക്കാർ മത്സരദർഘാസിന്റെ അടിസ്ഥാനത്തിൽ നൽകിയവ) വൈദ്യുതി ഉല്പാദിപ്പിച്ച് കെ.എസ്.ഇ.ബി.-ക്ക് നൽകിവരുന്നു. കൂടാതെ പീക്കോ മൈക്രോ ജലവൈദ്യുത പദ്ധതികളിൽനിന്നായി 350kW സ്ഥാപിതശേഷിയും കൈവരിച്ചിട്ടുണ്ട്.

സർക്കാർ അനുമതി നൽകിയ തീയതി മുതൽ 30 കൊല്ലത്തേയ്ക്ക് 'BOOT' അടിസ്ഥാനത്തിൽ സ്വകാര്യ മേഖലയ്ക്ക് അനുവദിച്ച പദ്ധതികളിൽ ഇരുട്ടുകാനം ഒന്നും രണ്ടും ഘട്ടങ്ങൾ,അള്ളുങ്കൽ,കാരിക്കയം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ, പാതംകയം എന്നീ ചെറുകിട ജലവൈദ്യുതി പദ്ധതികൾ പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി നൽകിവരുന്നു. ഈ പദ്ധതികളുടെ ആകെ സ്ഥാപിതശേഷി 34.5MW ആണ്. 8MW ആനക്കാംപോയിൽ, 4.5 MW-ന്റെ അരിപ്പാറ എന്നീ പദ്ധതികളുടെ പണികൾ ഏതാണ്ട് 80% പൂർത്തിയായി. ഈ വർഷാവസാനത്തോടെ കമ്മിഷൻ ചെയ്യുവാൻ തരത്തിൽ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു.

ഇതുകൂടാതെ 110 പീക്കോ ജലവൈദ്യുതി ടർബയിനുകൾ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. 20kW ശേഷിയുള്ള വോർട്ടക്സ് ടർബയിനുകളുപയോഗിച്ചുകൊണ്ടുള്ള ആദ്യ പദ്ധതി തിരുവനന്തപുരം നഗരത്തിനുള്ളിൽ കിള്ളിയാറിൽ പൂർത്തീകരിച്ചുവരുന്നു. ഇ.എം.സി.-യുടെ സഹകരണത്തോടെ 110 kW-ന്റെ മാങ്കുളം (മാങ്കുളം ഗ്രാമപഞ്ചായത്ത്), 50kW-ന്റെ കല്ലാർ മൈക്രോ ജലവൈദ്യുതി പദ്ധതികൾ (ഇടുക്കി ജില്ലാ പഞ്ചായത്ത്) എന്നിവ കെ.എസ്.ഇ.ബി.-യുടെ ഗ്രിഡുമായി സിംക്രണൈസ് ചെയ്ത് വൈദ്യുതി നൽകിവരുന്നു. കൂടാതെ രണ്ട് മൈക്രോ ഗ്രിഡ് പദ്ധതികളും (1) 3kW-ന്റെ തായന്നൻകുടി (ചിന്നാർ വന്യമൃഗ സങ്കേതത്തിനകത്ത്), 4kW-ന്റെ ഈച്ചാംപെട്ടി (മറയൂർ വനപ്രദേശത്ത്) പദ്ധതികളും പൂർത്തീകരിച്ചു. ആകെ മൈക്രോ ജലപദ്ധതികളിൽക്കൂടിയുള്ള സ്ഥാപിതശേഷി 300 kW ആണ്.

അനെർട്ട് രാജ്യത്ത് ആദ്യമായി 10000 വീടുകളുടെ മേൽക്കൂരയിൽ മൊത്തം 10 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിതമല്ലാത്ത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിച്ച് നൽകുകയുണ്ടായി. ഇതിന് അനെർട്ടിന് ദേശീയ അവാർഡും ലഭ്യമായിട്ടുണ്ട്. തുടർന്ന് 1674 വീടുകളിൽ 3.4 മെഗാവാട്ട് ശൃംഖലാ ബന്ധിതമല്ലാത്ത പവർ പ്ലാന്റുകളും 8.4 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാബന്ധിത സൗരോർജ്ജ നിലയങ്ങളും സർക്കാർ സബ്സിഡിയോടെ സ്ഥാപിച്ച് നൽകുകയുണ്ടായി.

അനെർട്ടിന്റെ ആഭിമുഖ്യത്തിൽ പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് 2MW ശേഷിയുള്ള ഒരു സൗരോർജ്ജ പവർ പ്ലാന്റ് സ്ഥാപിച്ചിട്ടുണ്ട്. പ്രസ്തുത പ്ലാന്റിൽനിന്നും ഉല്പാദിപ്പിക്കുന്ന വൈദ്യുതി കെ.എസ്.ഇ.ബി.എൽ.-ന്റെ ഗ്രിഡിലേയ്ക്കാണ് കടത്തിവിടുന്നത്. 2016 ഡിസംബർ 9-ന് പദ്ധതി കമ്മിഷൻ ചെയ്തതിനുശേഷം 40 ലക്ഷം യൂണിറ്റ് വൈദ്യുതി പ്രസ്തുത പ്ലാന്റ് വഴി ഉല്പാദിപ്പിച്ചിട്ടുണ്ട്. ഇവയെല്ലാംകൂടി 24 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ നിലയങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചിട്ടുണ്ട്.

<u>കാറ്റിൽനിന്നുള്ള ഊർജ്ജം</u>

സംസ്ഥാനത്ത് കാറ്റിൽനിന്നും ഉല്പാദിപ്പിക്കുന്ന ആകെ വൈദ്യുതി 59.275MW ആണ്. ഇതിൽ കെ.എസ്.ഇ.ബി.-യുടേതായി 2.025MW പാലക്കാട് ജില്ലയിലെ കഞ്ചിക്കോട്ടും സ്വകാര്യമേഖലയിൽ പാലക്കാട് ജില്ലയിലും ഇടുക്കി ജില്ലയിലുമായി 57.25 മെഗാവാട്ട് കാറ്റാടിപ്പാടങ്ങളും സ്ഥാപിച്ചിട്ടുണ്ട്.

| Sl.No. | District | Name of Firm | No. of Machines | Total Installed Capacity (MW) |
|---|---|---|---|---|
| 1. | Palakkad | KSEB | 9 | 2.025 |
| 2. | Palakkad | Private | 31 | 18.6 |
| 3. | Palakkad | Private | 4 | 8.4 |
| 4. | Idukki | Private | 19 | 14.25 |
| 5. | Palakkad | Private | 8 | 16 |
| | Total | | | 59.275 |

(സി) കളക്ടറേറ്റുകൾ, മറ്റ് സർക്കാർ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ശൃംഖലാബന്ധിത സൗരോർജ്ജ മേൽക്കൂര വൈദ്യുത പദ്ധതി നടപ്പാക്കിവരുന്നു.

അനെർട്ടിന്റെ ഫണ്ട് ഉപയോഗിച്ച് 9 കളക്ടറേറ്റുകളുടെ മേൽക്കൂരയിൽ ശൃംഖലാബന്ധിത സൗരോർജ്ജ പദ്ധതി സ്ഥാപിക്കുന്നതിനായി അനെർട്ടിൽ വിശദമായ പ്രോജക്ട് റിപ്പോർട്ട് കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ചിട്ടുണ്ട്. ഫണ്ട് ലഭ്യമാകുന്ന മുറയ്ക്ക് പദ്ധതി ടെണ്ടർ ചെയ്യുന്നതാണ്. വിശദാംശം അനുബന്ധം (7) ആയി ചേർത്തിരിക്കുന്നു*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിവിധ പഞ്ചായത്തുകളുടെ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളുടെ മുകളിൽ പഞ്ചായത്തിന്റെ ഫണ്ട് ഉപയോഗിച്ച് സോളാർ പ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള ജോലികൾ നടന്നുവരുന്നു. ഇതിന് പുറമെ ലഭ്യമാകുന്ന അപേക്ഷകൾ പരിഗണിച്ച് സൈറ്റ് സർവ്വേ നടത്തി വിശദമായ പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കിവരുന്നു. വിവിധ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (8) ആയി ചേർത്തിരിക്കുന്നു.*

2017-18 വർഷത്തിൽ ആരംഭിച്ച പദ്ധതിയുടെ ഭാഗമായി അനെർട്ട് ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. കൂടാതെ അനെർട്ട് നേരിട്ട് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു.

കെ.എസ്.ഇ.ബി.എൽ. വഴി അനുയോജ്യമായ സ്ഥലലഭ്യതയുള്ള കളക്ടറേറ്റ് കെട്ടിടങ്ങൾ, മറ്റ് സർക്കാർ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ശൃംഖലാബന്ധിത സൗരോർജ്ജ മേൽക്കൂര വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടറേറ്റുകളിൽ ആകെ 380Kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1100Kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും കരാറായിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലായിവരുന്നു.

(ഡി) ഉണ്ട്. കൊച്ചി ബ്രഹ്മപുരത്ത് കൊച്ചി കോർപ്പറേഷൻ സ്വകാര്യ പങ്കാളിത്തത്തോടെ നടപ്പാക്കുന്ന 9.76 മെഗാവാട്ട് പദ്ധതിയിൽ നിന്നുമുള്ള വൈദ്യുതി പൂർണ്ണമായും വാങ്ങുന്നതിനുള്ള സന്നദ്ധത കെ.എസ്.ഇ.ബി.എൽ. അറിയിച്ചിട്ടുണ്ട്.

ജൈവമാലിന്യത്തിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ചെറുകിട പദ്ധതികൾ അനെർട്ട് നടപ്പാക്കിവരുന്നുണ്ട്. പ്രസ്തുത പദ്ധതി പ്രകാരം ജൈവമാലിന്യത്തിൽനിന്നും ഉല്പാദിപ്പിക്കപ്പെടുന്ന ബയോഗ്യാസ് താപ ഉപയോഗത്തിനോ വൈദ്യുതി ഉല്പാദനത്തിനോ ഉപയോഗിക്കാവുന്നതാണ്.

## സഹകരണ കോൺഗ്രസ്സിലെടുത്ത തീരുമാനങ്ങൾ

19(*49) ശ്രീ. മോൻസ് ജോസഫ്:
ശ്രീ. റോഷി അഗസ്റ്റിൻ:
ശ്രീ. പി. ജെ.ജോസഫ്:
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണ കോൺഗ്രസ്സിൽ എടുത്ത സുപ്രധാന തീരുമാനങ്ങൾ എന്തെല്ലാമാണ്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സമൂഹത്തിൽ പാർശ്വവൽക്കരിക്കപ്പെട്ട ഭിന്നലിംഗ വിഭാഗത്തിൽപ്പെട്ടവരുടെ ഉന്നമനം ലക്ഷ്യമാക്കി സഹകരണ കോൺഗ്രസ്സിൽ തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നുവോ; വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(സി) പ്രസ്തുത കോൺഗ്രസ്സിൽ എടുത്ത തീരുമാനങ്ങൾ നടപ്പിൽ വരുത്താനുള്ള പ്രവർത്തനങ്ങൾ ഏതുഘട്ടംവരെയായിട്ടുണ്ട്; പുരോഗതി വ്യക്തമാക്കുമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ):

(എ) ദക്ഷിണേന്ത്യയിലെ സഹകരണ മന്ത്രിമാരിൽ തമിഴ്നാട്, പുതുച്ചേരി മന്ത്രിമാരടക്കം പങ്കെടുത്ത 2018-ലെ കണ്ണൂരിൽ വച്ച് നടന്ന എട്ടാമത് സഹകരണകോൺഗ്രസ്സിൽ സഹകരണ നയത്തിന്റെ കരട് ചർച്ച ചെയ്ത് താഴെപ്പറയുന്ന സുപ്രധാന തീരുമാനങ്ങൾ കൈക്കൊണ്ടിരുന്നു. എന്നാൽ സഹകരണ നയം അന്തിമമായി തീരുമാനിച്ച് സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടില്ല.

1. സഹകരണ നയത്തിന്റെ കരട് അംഗീകരിച്ചു.
2. സഹകരണ മേഖലയെ അഴിമതി വിമുക്തമാക്കുന്നതിന് സഹകാരികൾ പ്രതിജ്ഞ എടുത്തു.
3. നിലവിൽ 5 വർഷം കൂടുമ്പോൾ നടത്തിവരുന്ന സഹകരണ കോൺഗ്രസ്സ് 3 വർഷം കൂടുമ്പോൾ നടത്തുന്നതിന് തീരുമാനിച്ചു.
4. ഭിന്നലിംഗ വിഭാഗത്തിന് പ്രത്യേക സഹകരണ സംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചു.
5. കേന്ദ്ര സംസ്ഥാന സർക്കാരുകളുടെ വികസന പദ്ധതികൾ നടപ്പിലാക്കുന്നതിനായുള്ള സംവിധാനമായി സഹകരണ സ്ഥാപനങ്ങളെ അംഗീകരിക്കുക.
6. സമ്പദ്ഘടനയുടെ സമസ്ത മേഖലകളിലും കരുത്തുറ്റതും ഊർജ്ജസ്വലവുമായി സഹകരണ പ്രസ്ഥാനം പടുത്തുയർത്തുവാൻ ശ്രമിക്കുക.
7. സാങ്കേതികവിദ്യ, പ്രൊഫഷണലിസം, ബാങ്കിംഗ് പ്രവർത്തനങ്ങളുടെ വിപുലീകരണം, വൈവിധ്യവൽക്കരണം എന്നിവ കാര്യക്ഷമമായി

നടപ്പിലാക്കിക്കൊണ്ട് സഹകരണ സ്ഥാപനങ്ങളുടെ ഭരണനിർവ്വഹണം സുതാര്യവും കാര്യക്ഷമവുമാക്കുക.

8. സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീ ശാക്തീകരണത്തിനും തൊഴിൽ ശക്തിയിൽ സ്ത്രീകളുടെ പങ്കാളിത്തം വർദ്ധിപ്പിക്കുന്നതിനുംവേണ്ടി പരിശ്രമിക്കുക.

9. യുവതലമുറയെ അവരുടെ ആവശ്യ നിർവ്വഹണത്തിനായി സഹകരണ സ്ഥാപനങ്ങളിലേയ്ക്ക് ആകർഷിക്കുക. ഒരു സംരംഭം എന്ന നിലയിൽ സഹകരണ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതിന് പിന്നിലെ ആശയങ്ങൾക്കും മൂല്യങ്ങൾക്കും യുവതലമുറയിൽ സ്വീകാര്യത ഉണ്ടാക്കുന്നതിന് നടപടി സ്വീകരിക്കുക.

10. 'സഹകരണം' പാഠ്യപദ്ധതിയിലെ ഒരു വിഷയമാക്കിക്കൊണ്ടും സഹകരണ വിദ്യാഭ്യാസവും ഗവേഷണവും കോളേജ്/സർവ്വകലാശാലാ തലങ്ങളിൽ പ്രോത്സാഹിപ്പിച്ചുകൊണ്ടും വിദ്യാർത്ഥികളുടെ മനസ്സിലേയ്ക്ക് സഹകരണ പ്രസ്ഥാനത്തിന്റെ ആശയവും വികാരവും പകർന്ന് നൽകുക.

11. സഹകരണ മേഖലയിൽ നൂതന ആശയങ്ങളും സംരംഭങ്ങളും പ്രോത്സാഹിപ്പിക്കുക.

12. കാർഷിക/കാർഷികാനുബന്ധ വായ്പ ഇപ്പോഴത്തെ 10% എന്നതിൽനിന്നും അടുത്ത രണ്ട് വർഷത്തിനുള്ളിൽ 25 ശതമാനവും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50 ശതമാനവുമാക്കുക.

13. കൂടാതെ സഹകരണ ബാങ്കുകളിൽ പണയം വച്ചിട്ടുള്ള സ്വർണപണയ പണ്ടങ്ങളുടെ പരിശോധന നടത്തുക, വനിതാ സഹകരണ സംഘങ്ങളുടെ വൈവിധ്യവൽക്കരണവും തൊഴിൽ വികസനവും, ക്ഷീര സംഘങ്ങളുടെ ശാക്തീകരണം, കാർഷിക മേഖലയിലെ പുരോഗതി, സഹകരണ മേഖലയിലുള്ള ടൂറിസം വികസനം, പട്ടികജാതി/പട്ടികവർഗ്ഗങ്ങളുടെ ശാക്തീകരണവും തൊഴിൽ വികസനവും മത്സ്യസഹകരണ സംഘങ്ങളുടെ വികസന സാധ്യതകൾ, കൺസ്യൂമർ സഹകരണ സംഘങ്ങൾ, മാർക്കറ്റിംഗ് സഹകരണ സംഘങ്ങൾ എന്നിവ ശക്തിപ്പെടുത്തുക.

14. കോൺഗ്രസ്സിൽ വിവിധ മേഖലയിലെ വിദഗ്ദ്ധരെ ഉൾപ്പെടുത്തി പ്രത്യേകം സെമിനാറുകൾ നടത്തുകയും വിവിധ പ്രബന്ധങ്ങൾ അവതരിപ്പിക്കപ്പെടുകയുമുണ്ടായി.

15. കേരള ബാങ്ക് രൂപീകരണത്തെക്കുറിച്ച് വിശദമായ ചർച്ചകൾ സംഘടിപ്പിക്കുകയും കേരള ബാങ്കിന്റെ പ്രാധാന്യം സഹകാരികളെ ബോധ്യപ്പെടുത്തുന്നതിനും സഹകരണ കോൺഗ്രസ്സ് സഹായകരമായി.

(ബി) കൈക്കൊണ്ടിരുന്നു. ഭിന്നലിംഗ വിഭാഗത്തിന് സംസ്ഥാന അടിസ്ഥാനത്തിൽ പ്രത്യേക സഹകരണ സംഘം രൂപീകരിക്കുന്നതിന് തീരുമാനിച്ചു.

(സി) സഹകരണ കോൺഗ്രസിൽ കൈക്കൊണ്ടതീരുമാനങ്ങൾ സർക്കാർ തലത്തിൽ തീരുമാനിച്ച് അന്തിമ ഉത്തരവായിട്ടില്ല.

## സഹകരണ മേഖലയുടെ ഉന്നമനത്തിനായുള്ള പദ്ധതികൾ

20(*50) ശ്രീ. ഇ. പി. ജയരാജൻ:
ശ്രീ. കെ. ദാസൻ:
ശ്രീ. പി. കെ. ശശി:
ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്;

(ബി) ഹരിതകേരളം മിഷന്റെ ഭാഗമായി സഹകരണ മേഖലയിൽ ഹരിതം സഹകരണം എന്ന പേരിൽ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ;

(സി) എങ്കിൽ എന്തെല്ലാം പ്രവർത്തനങ്ങളാണ് പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ഡി) സംസ്ഥാനത്തെ സഹകരണമേഖലയുടെ സമൂലമാറ്റത്തിന് ദിശാബോധം നൽകുന്നതിനായി സംഘടിപ്പിച്ച സഹകരണ കോൺഗ്രസ് 2018-ൽ ഉരുത്തിരിഞ്ഞുവന്ന പ്രധാന നിർദ്ദേശങ്ങൾ എന്തെല്ലാമായിരുന്നുവെന്ന് വിശദമാക്കാമോ?

സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): (എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം സഹകരണ മേഖലയുടെ ഉന്നമനത്തിനായി ആവിഷ്കരിച്ച് നടപ്പിലാക്കിയ പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. സംസ്ഥാന സഹകരണ ബാങ്കിനെയും 14 ജില്ലാ സഹകരണ ബാങ്കുകളെയും സംയോജിപ്പിച്ച് കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനായി ദ്രുതഗതിയിൽ നടപടി സ്വീകരിച്ചു വരുന്നു.

2. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ സഹകരണ സംഘങ്ങൾ വഴി ഗുണഭോക്താക്കളുടെ വീട്ടിൽ എത്തിക്കുന്ന പദ്ധതി നടപ്പിലാക്കി.

3. കേരള സർക്കാർ നടപ്പിലാക്കുന്ന ഹരിത കേരളം പദ്ധതിക്ക് പിന്തുണ നൽകി ഹരിതം സഹകരണം എന്ന പേരിൽ ഒരു പദ്ധതി 2017 ജൂൺ 5-ാം തീയതി നടപ്പിലാക്കുകയും അതിന്റെ ഭാഗമായി ഈ വർഷവും ലോക പരിസ്ഥിതി ദിനമായ ജൂൺ 5-ാം തീയതി മുതൽ 20-ാം തീയതി വരെയുള്ള കാലയളവിൽ കേരളത്തിലെ എല്ലാ സഹകരണ സംഘങ്ങളും/സ്ഥാപനങ്ങളും മുഖേന 5 ലക്ഷം വൃക്ഷത്തൈകൾ നടുന്നതിന് തീരുമാനിക്കുകയും ചെയ്തു.

4. സംസ്ഥാനത്തെ അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും പൊതുവിപണിയിലെ വില്പനവില പിടിച്ചുനിർത്തുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ പ്രാഥമിക സഹകരണ സംഘങ്ങളെ കൂടി ഉൾപ്പെടുത്തി കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെടുന്നതിനും ഇതുവഴി 680 അരിക്കടകൾ ആരംഭിച്ച് 'സുവർണ മസൂരി' അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുവിപണിയിൽ വിൽപ്പന നടത്താനും സാധിച്ചു.

5. പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി മരം മുറിക്കാതിരിക്കാൻ സഹകരണ സംഘം മരം പണയ വസ്തുവായി സ്വീകരിച്ച് ഒരംഗത്തിന് പരമാവധി 2 ലക്ഷം രൂപ 2 വർഷ കാലാവധിക്ക് വായ്പ നൽകുന്നതിനും കൃത്യമായി തിരിച്ചടയ്ക്കു ന്നവർക്ക് 2 ശതമാനം പലിശയിളവ് അനുവദിക്കുന്നതിനും ആദ്യമാസം ജനിക്കുന്ന പലിശയ്ക്ക് തത്തുല്യമായ തുക ബാക്ക് എന്റ് സബ്സിഡിയായി തദ്ദേശഭരണ സ്ഥാപനം വായ്പക്കാരന്റെ അക്കൗണ്ടിലേയ്ക്ക് അടയ്ക്കുന്നതും സംബന്ധിച്ച മാതൃക ഉപനിബന്ധന തയ്യാറാക്കി തുടർ നടപടി സ്വീകരിച്ചുവരുന്നു.

6. സഹകരണ സംഘങ്ങളുടെ/ബാങ്കുകളുടെ കുടിശ്ശിക കുറയ്ക്കുന്നതിനും കൃത്യമായ വായ്പാ തിരിച്ചടവ് പ്രോത്സാഹിപ്പിച്ച് സംഘങ്ങളെ/ ബാങ്കുകളെ പരമാവധി കുടിശ്ശിക രഹിത സ്ഥാപനങ്ങളാക്കി മാറ്റുന്നതിനും 2017 ഫെബ്രുവരി 1 മുതൽ മാർച്ച് 31 വരെ സഹകരണ മേഖലയിൽ ഒരു ഊർജ്ജിത കുടിശ്ശിക നിവാരണ പരിപാടി 'നവകേരളീയം കുടിശ്ശിക നിവാരണം-ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി 2017' നടപ്പിലാക്കി.

7. ഓഹരി മൂലധനം, വായ്പ, സബ്സിഡി സഹായങ്ങൾ നൽകി പ്രാഥമിക സഹകരണ സംഘങ്ങളെയും/കൺസ്യൂമർ ഫെഡിനെയും നീതി സ്റ്റോറുകൾ/നീതി മെഡിക്കൽ സ്റ്റോറുകൾ എന്നിവയെയും ശക്തിപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

8. വനിതാ സഹകരണ സംഘങ്ങളുടെ കാര്യക്ഷമമായ നടത്തിപ്പിന് വനിതാ സംഘങ്ങൾക്കും വനിതാ ഫെഡറേഷനും ആധുനിക വത്കരണത്തിനും കമ്പ്യൂട്ടർവത്കരണത്തിനും സഹായം നൽകി.

9. കേരള എസ്.സി./എസ്.റ്റി. ഫെഡറേഷന്റെ കീഴിൽ തൃശ്ശൂരിൽ പ്രവർത്തിക്കുന്ന ആയുർധാര ഉല്പാദന യൂണിറ്റിന് പേറ്റന്റുകൾ ലഭിച്ച ആയുർവേദ മരുന്നുകളുടെ ഉല്പാദനം വിപുലപ്പെടുത്തുന്നതിന് സർക്കാർ ധനസഹായം അനുവദിച്ചു.

10. ലാഭത്തിൽ പ്രവർത്തിച്ചുവരുന്ന എസ്.സി./എസ്.റ്റി. സംഘങ്ങൾക്ക് പ്രധാന പദ്ധതികൾ നടപ്പിലാക്കാൻ വേണ്ടിയുള്ള സഹായം അനുവദിച്ച് അവയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിച്ചു.

11. സംസ്ഥാനത്തെ പാവപ്പെട്ട ജനവിഭാഗങ്ങളുടെ നേട്ടം ലക്ഷ്യമിട്ടിട്ടുള്ള നൂതന സംരംഭങ്ങൾ ആരംഭിക്കുന്നതിനായി മാതൃകാ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അവയുടെ പ്രവർത്തനങ്ങൾ പ്രോത്സാഹിപ്പിച്ചു വരുന്നു.

12. പശ്ചാത്തല വികസനവുമായി ബന്ധപ്പെട്ട വിപണനം, കാർഷിക സംസ്കരണം, ആരോഗ്യം തുടങ്ങിയ മേഖലകൾക്കുവേണ്ടിയുള്ള ആർ.ഐ.ഡി.എഫ്. ധനസഹായ പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.

13. കേപ്പ്-ന്റെ കീഴിലുള്ള പ്രൊഫഷണൽ വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ അടിസ്ഥാന സൗകര്യ വികസനത്തിനും നിർമ്മാണ പ്രവർത്തനങ്ങൾക്കുമായുള്ള ധനസഹായം നൽകി പ്രവർത്തനം മെച്ചപ്പെടുത്തിയിട്ടുണ്ട്.

14. കാർഷിക ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും കർഷകരെ പ്രോത്സാഹിപ്പിക്കുന്നതിനും കൃഷി വകുപ്പുമായി ചേർന്ന് ബ്ലോക്ക് പഞ്ചായത്ത് പരിധിയിൽപ്പെടുന്ന എല്ലാ ഗ്രാമപഞ്ചായത്തുകളിലെയും കാർഷിക പ്രവർത്തനങ്ങളെ ഏകോപിപ്പിക്കുന്നതിനായി സഹകരണ സ്ഥാപനങ്ങൾ ആരംഭിച്ച കർഷക സേവന കേന്ദ്രങ്ങൾക്ക് ധനസഹായം നൽകി അതിന്റെ പ്രവർത്തനം വിപുലീകരിച്ചു..

15. കാർഷിക വിപണന മേഖലയിലെ സഹകരണ സംഘങ്ങൾക്ക് ധനസഹായം അനുവദിച്ചുകൊണ്ട് അതിനെ ശക്തിപ്പെടുത്തുവാൻ നടപടി സ്വീകരിച്ചു.

16. സംയോജിത സഹകരണ വികസനം (ഐ.സി.ഡി.പി.) ലക്ഷ്യമാക്കിയുള്ള എൻ.സി.ഡി.സി. ധനസഹായം ലഭ്യമാക്കി തൃശ്ശൂർ, പാലക്കാട്, ഇടുക്കി എന്നീ ജില്ലകളിൽ രണ്ടാംഘട്ട പ്രവർത്തനം നടപ്പിലാക്കി വരുന്നു.

17. റെയ്ഡ്കോ മുഖേന ഏറെ ഗുണകരമാകുംവിധം മിനി അഗ്രോ ബസാറുകൾ, അഗ്രി ബസാറുകൾ, അഗ്രി ക്ലിനിക്കുകൾ, അഗ്രി ബിസിനസ് സെന്ററുകൾ എന്നിവ തുടങ്ങുവാനുള്ള നടപടി സ്വീകരിച്ചു.

18. കക്കാ വ്യവസായ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി പദ്ധതിയേതര വിഭാഗത്തിൽ ഉൾപ്പെടുത്തി 3 കോടി രൂപ നൽകിയിട്ടുണ്ട്.

19. സംസ്ഥാനത്തെ പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ കോർ ബാങ്കിംഗ് സൊല്യൂഷൻ, നെറ്റ് ബാങ്കിംഗ്, എ.റ്റി.എം., RTGS, NEFT തുടങ്ങിയ ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിന്റെ ഭാഗമായി പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങളിൽ ഏകീകൃത സോഫ്റ്റ്വെയർ നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

20. അക്ഷയ ഊർജ്ജ സംവിധാനങ്ങളുടെ ഉപയോഗം വ്യാപിപ്പിക്കുന്നതിന് അനെർട്ടുമായി ചേർന്ന് തദ്ദേശഭരണ സ്ഥാപനങ്ങൾ നടപ്പാക്കുന്ന പദ്ധതികളിൽ ഗുണഭോക്താവിന്റെ വിഹിതം വായ്പയായി നൽകുന്നതിന് പ്രാഥമിക ബാങ്കുകളെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

21. കുറഞ്ഞ വിലയ്ക്ക് മലബാർ സിമന്റ് പൊതുവിപണിയിൽ ലഭ്യമാക്കുന്നതിനും അതുവഴി പൊതുമേഖലാ സ്ഥാപനമായ മലബാർ സിമന്റ് ലിമിറ്റഡിന്റെ ഉല്പന്നമായ മലബാർ സിമന്റിന്റെ വിപണനം വിപുലമാക്കുകയും ചെയ്തു.

22. സഹകരണ സംഘങ്ങൾ മുഖേന പച്ചത്തേങ്ങ സംഭരണം പുനരാരംഭിക്കുന്നതിന് കൃഷി വകുപ്പിന്റെ നേതൃത്വത്തിൽ ആരംഭിച്ചിട്ടുള്ള പ്രവർത്തനങ്ങൾ സഹകരണ വകുപ്പിന്റെ പങ്കാളിത്തത്തോടെയാണ് നടപ്പാക്കേണ്ടതായിട്ടുള്ളത്. ഇതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

23. സഹകരണ സംഘങ്ങൾ മുഖേന നെല്ല് സംഭരണം നടത്തുന്നതിനുള്ള പദ്ധതി നിർദ്ദേശം പരിഗണനയിലാണ്.

24. കർഷക സേവന കേന്ദ്രം നടത്തുന്നതിന് 2016-17 വർഷം എൻ.സി.ഡി.സി. ധനസഹായം അനുവദിച്ചിട്ടുണ്ട്.

25. കൺസ്യൂമർഫെഡിന്റെ അഴിമതി ഇല്ലായ്മ ചെയ്യുന്നതിനും സുതാര്യത കൊണ്ടുവരുന്നതിന്റെയും ഭാഗമായും ഇ-ടെണ്ടർ നടപ്പിലാക്കി. പ്രാഥമിക സഹകരണ സംഘങ്ങളിലെ പ്രതിനിധികളെ ഉൾപ്പെടുത്തി പർച്ചേസ് കമ്മിറ്റി വിപുലീകരിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റ് സ്ഥാപനത്തിന്റെ നേതൃത്വത്തിൽ ഇന്റേണൽ ആഡിറ്റ് വിഭാഗത്തിന് രൂപം നൽകി. ബിസിനസ്സ് വർദ്ധിപ്പിക്കുന്നതിനാവശ്യമായ ഇടപെടൽ നടത്തുന്നതിന്റെ ഭാഗമായി സ്റ്റുഡന്റ്സ് മാർക്കറ്റ് ആരംഭിക്കുന്നതിനും ആഫീസ് സ്റ്റേഷനറി സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുമായി ഇ-ത്രിവേണികൾ ആരംഭിക്കുന്നതിനും വ്യക്തികൾക്ക് ഓൺലൈനായി സാധനങ്ങൾ വാങ്ങുന്നതിനും വീട്ടിലെത്തിക്കുന്നതിനുമായി ഓൺലൈൻ ട്രേഡിംഗ് ആരംഭിക്കുന്നതിനും നടപടികൾ ആരംഭിച്ചു.

26. സഹകരണ സംഘങ്ങൾ മുഖേന സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്റൂം, കമ്മ്യൂണിറ്റി കിച്ചൻ എന്നിവ നിർമ്മിച്ചു കൊടുക്കുന്ന പദ്ധതികൾ പ്രാരംഭഘട്ടത്തിലാണ്.

27. സാഹിത്യ പ്രവർത്തക സഹകരണ സംഘത്തിന്റെ ആഭിമുഖ്യത്തിൽ കൊച്ചിയിൽ നാഷണൽ ബുക്ക് ഫെയർ (കൃതി ഫെസ്റ്റ്) സംഘടിപ്പിക്കുകയുണ്ടായി.

28. സഹകരണ വകുപ്പ് സമ്പൂർണ്ണ ഇ-ഓഫീസ് ആക്കുകയും സഹകരണ ഓഡിറ്റ് സോഫ്റ്റ്‌വെയർ അധിഷ്ഠിതമാക്കുകയും ചെയ്തു.

(ബി) നടപ്പിലാക്കിയിട്ടുണ്ട്.

(സി) പരിസ്ഥിതി സംരക്ഷണത്തിന്റെ ഭാഗമായി 2017-ൽ സഹകരണ വകുപ്പ് ഏറ്റെടുത്ത് നടപ്പിലാക്കിയ ഹരിതം സഹകരണം പദ്ധതിയുടെ തുടർച്ചയായി അടുത്ത 5 വർഷം കൊണ്ട് 5 ലക്ഷം ഫലവൃക്ഷത്തൈകൾ സഹകരണ സ്ഥാപനങ്ങൾ മുഖേന വച്ചുപിടിപ്പിക്കുക എന്നൊരു പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിയിലൂടെ ഒന്നാം വർഷം പ്ലാവ്, രണ്ടാം വർഷം കശുമാവ്, മൂന്നാം വർഷം തെങ്ങ്, നാലാം വർഷം പുളി, അഞ്ചാം വർഷം മാവ് എന്നിങ്ങനെയാണ്

വൃക്ഷത്തൈകൾ നട്ടുപിടിപ്പിക്കുവാൻ ലക്ഷ്യമിടുന്നത്. 2018 ജൂൺ മാസം 5-ാം തീയതി മുതൽ 20-ാം തീയതിവരെയാണ് ഇത് നടപ്പിലാക്കുന്നത്. സ്വന്തമായി ഉല്പാദിപ്പിച്ച ഏറ്റവും കുറഞ്ഞത് 10 തൈകളെങ്കിലും ഒരു സംഘം നട്ട് പരിപാലിക്കണം. എല്ലാ സഹകരണ സ്ഥാപനങ്ങളും തങ്ങളുടെ അധീനതയിലുള്ള സ്ഥലത്തും ബന്ധപ്പെട്ട അധികാരികളുടെ അനുമതിയോടെ പൊതുജനങ്ങൾക്ക് ഗുണകരമായി ഭവിക്കുന്ന പൊതുസ്ഥലങ്ങളിലും വൃക്ഷത്തൈകൾ നടാവുന്നതാണ്.

(ഡി)

- കേരള സംസ്ഥാന സഹകരണ ബാങ്കിനെയും (കെ.എസ്.സി.ബി.) 14 ജില്ലാ ബാങ്കുകളെയും സംയോജിപ്പിച്ചുകൊണ്ട് ഹ്രസ്വകാല കാർഷിക വായ്പാ ഘടനയെ പുനഃസംഘടിപ്പിക്കുക.
- കാർഷിക വായ്പ ഇപ്പോഴത്തെ 10% എന്നതിൽനിന്നും അടുത്ത രണ്ട് വർഷങ്ങൾക്കുള്ളിൽ 25 ശതമാനവും തുടർന്ന് ഘട്ടംഘട്ടമായുള്ള വർദ്ധനവിലൂടെ 50 ശതമാനവുമാക്കുക.
- പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ അവയുടെ അംഗങ്ങൾക്കും പൊതുജനങ്ങൾക്കും പലവിധ സേവനങ്ങൾ നൽകുന്ന സംഘങ്ങളായി തുടർന്നും പ്രവർത്തിക്കുക.
- പ്രാഥമിക സഹകരണ കാർഷിക ഗ്രാമവികസന ബാങ്കുകളിലൂടെ (പി.സി.എ.ആർ.ഡി.ബി.എസ്.) ദീർഘകാല സഹകരണ വായ്പാ ഘടനയെ (എൽ.റ്റി.സി.സി.എസ്.) കാർഷിക അടിസ്ഥാന സൗകര്യ വികസനത്തിന് അവരുടെ മൊത്തം വായ്പയുടെ 50% എങ്കിലും വിതരണം ചെയ്യുന്നത് ഉറപ്പാക്കുക.
- മൂല്യവർദ്ധനവിലൂടെ പ്രാദേശികനാണ്യം സമ്പാദിക്കുന്നതിന് സഹായിക്കുന്ന തരത്തിൽ സഹകരണ വിപണന സംഘങ്ങളുടെ പ്രവർത്തനത്തിൽ ദിശാമാറ്റം നടത്തുക.
- സംസ്ഥാനത്ത് നിലവിലുള്ള ഉപഭോക്തൃ സഹകരണ സംഘങ്ങളുടെ പ്രവർത്തനങ്ങൾ ഗൗരവമായി പരിശോധിക്കുകയും പ്രവർത്തനം നിലച്ചതും ദുർബലവുമായ പ്രാഥമിക ഉപഭോക്തൃ സഹകരണ സംഘങ്ങൾ അടച്ചുപൂട്ടുകയും ചെയ്യുക. അടച്ച് പൂട്ടലിന് വിധേയമാക്കപ്പെടുന്ന പ്രാഥമിക ഉപഭോക്തൃ സംഘങ്ങളുടെ പ്രവർത്തനങ്ങൾ പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളിലേയ്ക്ക് മാറ്റുക.

- നിലവിലുള്ള എല്ലാ ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളേയും ശക്തമാക്കണം. ഉപഭോക്തൃ മേഖലയിൽ പ്രവർത്തിക്കുന്ന പ്രാഥമിക കാർഷിക വായ്പാ സഹകരണ സംഘങ്ങൾക്കും ജില്ലാ മൊത്ത വ്യാപാര ഉപഭോക്തൃ സഹകരണ സംഘങ്ങളിൽ അംഗമാകുന്നതിന് അവസരം നൽകുക.
- പാലിന്റെ ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിച്ച് ഈ രംഗത്ത് സ്വയംപര്യാപ്തത കൈവരിക്കുന്നതിനായി ക്ഷീരോത്പാദനത്തെ ഒരു തൊഴിലായി (പ്രധാന തൊഴിലോ അല്ലെങ്കിൽ ഉപതൊഴിലോ) ക്ഷീര സഹകരണ സംഘങ്ങൾ വഴി പരമാവധി പ്രോത്സാഹിപ്പിക്കുക.
- മത്സ്യബന്ധനത്തിന് പ്രതികൂലമായ മാസങ്ങളിൽ മത്സ്യത്തൊഴിലാളികൾക്ക് മറ്റ് തൊഴിലുകൾ ലഭ്യമാക്കി സ്ഥിരവരുമാനം ഉറപ്പാക്കുന്നതിനുള്ള നടപടികളെടുക്കാൻ മത്സ്യ സഹകരണ സംഘങ്ങളെ പ്രോത്സാഹിപ്പിക്കുക.
- കൈത്തറി, കയർ, ചെറുകിട വ്യവസായങ്ങൾ തുടങ്ങിയ പരമ്പരാഗത വ്യവസായ മേഖലയിൽ കൂടുതൽ മാന്യതയുള്ള തൊഴിലുകൾ സൃഷ്ടിച്ചുകൊണ്ട് ഈ മേഖലയിലെ സഹകരണ സംഘങ്ങളെ സംരക്ഷിക്കുകയും വികസിപ്പിക്കുകയും ചെയ്യുക.
- തൊഴിലാളികളെ സംഘടിപ്പിച്ച് അവരെ തൊഴിൽ സഹകരണ സംഘങ്ങളുടെ പരിധിയിൽ കൊണ്ടുവരിക.
- ഉല്പാദനം, അടിസ്ഥാനസൗകര്യ വികസനം, നിർമ്മാണം എന്നീ മേഖലകളിൽ തൊഴിൽ കണ്ടെത്തുകയും തൊഴിൽ നൈപുണ്യത്തിനായി തൊഴിലാളികൾക്ക് ഈ സംഘങ്ങളിലൂടെ പരിശീലനം നൽകുകയും ചെയ്യുക.
- സഹകരണ സ്ഥാപനങ്ങളിലൂടെ സ്ത്രീകളുടെ ശാക്തീകരണത്തിനായുള്ള പരിശ്രമങ്ങളെയും സ്ത്രീ തൊഴിൽ പങ്കാളിത്തവും പ്രോത്സാഹിപ്പിക്കുക.
- കുട്ടികളിൽ സഹകരണ പ്രസ്ഥാനത്തെക്കുറിച്ച് ശരിയായ അവബോധം വളർത്തിയെടുക്കുക. സഹകരണ സ്ഥാപനങ്ങളുടെ സാധ്യതകളെ ഉപയോഗിച്ചുകൊണ്ട് വിദ്യാഭ്യാസ രംഗത്ത് കമ്പോള ശക്തികൾ നടത്തുന്ന ചൂഷണത്തിന് തടയിടുക.
- നൈപുണ്യ നിലവാരം ഉയർത്തിക്കൊണ്ട് വിപണിയിൽ കൂടുതൽ അവസരങ്ങൾ സൃഷ്ടിക്കുന്നതിനായി സർക്കാരിന്റെയും സഹകരണ ഫെഡറേഷനുകളുടെയും സഹായത്തോടെ ഉല്പാദനം വർദ്ധിപ്പിച്ച് പട്ടികജാതി/പട്ടികവർഗ്ഗ സഹകരണ സംഘങ്ങളെ സുസ്ഥിരമായി വികസിപ്പിക്കുക.

- പ്രവാസി സഹകരണ സംഘങ്ങൾ രൂപീകരിച്ചുകൊണ്ട് ജോലി മതിയാക്കി തിരിച്ചെത്തുന്ന പ്രവാസികളുടെ തൊഴിൽ നൈപുണ്യം സമൂഹ പുരോഗതിക്കായി വിനിയോഗിക്കുക.
- സാധാരണ ജനങ്ങൾക്ക് താങ്ങാനാവുന്ന നിരക്കിൽ എല്ലാത്തരം ആരോഗ്യ സേവനങ്ങളും ലഭ്യമാക്കുന്നതിന് ആശുപത്രി സഹകരണ സംഘങ്ങളെ വികസിപ്പിക്കുക.
- കേരളത്തിലെ വിനോദസഞ്ചാര മേഖലയിലെ സാധ്യതകളെ പരമാവധി പ്രയോജനപ്പെടുത്തുന്നതിനായി വിനോദസഞ്ചാര സൗകര്യങ്ങളും സേവനങ്ങളും ലഭ്യമാക്കുന്നതിനും തദ്ദേശീയ ഉല്പന്നങ്ങളുടെ ഉല്പാദന/വിപണന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനും വിനോദസഞ്ചാര സഹകരണ സ്ഥാപനങ്ങളെ ഉപയോഗിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഔദ്യോഗിക ബാങ്കിംഗ് സേവന ദാതാക്കളായി പ്രാഥമിക കാർഷിക സഹകരണ സംഘങ്ങളെ അംഗീകരിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഫണ്ടുകൾ സഹകരണ ബാങ്കുകളിൽ നിക്ഷേപിക്കുകയും എല്ലാ ബാങ്കിംഗ് ഇടപാടുകളും അവയിലൂടെ നടത്തുകയും ചെയ്യുക.
- പ്രാദേശിക സാഹചര്യങ്ങൾക്ക് അനുസൃതമായി ഉല്പാദനവും ഉല്പാദനക്ഷമതയും വർദ്ധിപ്പിക്കുവാൻ സഹകരണ സ്ഥാപനങ്ങളും തദ്ദേശഭരണ സ്ഥാപനങ്ങളും യോജിച്ച് പരിശ്രമിക്കുക. വിത്ത്, വളം, കാർഷികോപകരണങ്ങൾ എന്നിവയുടെ വിതരണത്തിനും ഉല്പന്നങ്ങളുടെ സംഭരണം, വിപണനം എന്നിവ നടത്തുന്നതിനും ഈ കൂട്ടായ്മ ഏറെ സഹായകരമായിരിക്കും.
- പലവക സഹകരണ സംഘങ്ങൾക്കായി ഒരു അപ്പക്സ് സഹകരണ ഫെഡറേഷൻ രൂപീകരിക്കുക.
- കേരള സഹകരണ നിയമം വകുപ്പ് 14 എ വിഭാവനം ചെയ്യുന്ന രീതിയിൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് പ്രോത്സാഹിപ്പിക്കുകയും ടി സംരംഭങ്ങൾക്ക് അംഗങ്ങളിൽനിന്നും മുൻഗണനാ ഓഹരി മൂലധനം സ്വീകരിക്കുന്നതിന് വ്യവസ്ഥ ചെയ്യുകയും അത്തരത്തിൽ സ്വീകരിക്കപ്പെടുന്ന മുൻഗണനാ ഓഹരി മൂലധനത്തിന് ഓഹരി അനുപാതത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സംരംഭം ഉണ്ടാക്കുന്ന അറ്റലാഭത്തിൽനിന്നും 49% വരെ ലാഭവിഹിതം നൽകുന്നതിനും വ്യവസ്ഥ ചെയ്യുക.

## പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദനക്ഷമത

21(*51) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. പി. ടി. തോമസ്:
ശ്രീ. എ. പി. അനിൽ കുമാർ:
ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പാദനക്ഷമത കൂട്ടുന്നതിനും ജീവനക്കാരുടെ കാര്യശേഷിയും വിഭവശേഷിയും വർദ്ധിപ്പിക്കുന്നതിനും എന്തെല്ലാം നടപടി സ്വീകരിച്ചിട്ടുണ്ട്; വിശദാംശം നൽകുമോ;

(ബി) നിലവിൽ എത്ര പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്; ഇപ്പോൾ ലാഭത്തിലായിരിക്കുന്ന ഏതെങ്കിലും സ്ഥാപനത്തിന്റെ കടബാധ്യത സർക്കാർ ഏറ്റെടുക്കുകയോ എഴുതിത്തള്ളുകയോ ചെയ്തിട്ടുണ്ടോ;

(സി) 2016-2017-ൽ ലാഭത്തിലായിരുന്ന ഏതെങ്കിലും കമ്പനി നഷ്ടത്തിലായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ് എന്നറിയിക്കാമോ;

(ഡി) സംസ്ഥാനത്തെ വ്യവസായ സൗഹൃദമായി മാറ്റുന്നതിന് സ്വീകരിച്ച നടപടികൾ വ്യാവസായിക അന്തരീക്ഷത്തിൽ മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഏത് രീതിയിലുള്ളതാണെന്ന് വിശദീകരിക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) വ്യവസായ വകുപ്പിന് കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ഉല്പാദനക്ഷമത കൂട്ടുന്നതിനും ജീവനക്കാരുടെ കാര്യശേഷിയും വിഭവശേഷിയും വർദ്ധിപ്പിക്കുന്നതിനും നൂതന സാങ്കേതികവിദ്യയുടെ സഹായത്തോടെ ആധുനികവത്കരണ പദ്ധതികൾ നടപ്പിലാക്കുന്നതിന് മുൻവർഷങ്ങളെ അപേക്ഷിച്ച് കൂടുതൽ ബഡ്ജറ്റ് വിഹിതം പ്രത്യേകം അനുവദിച്ചുനൽകിവരുന്നു. കൂടാതെ പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ മത്സരക്ഷമത യുള്ളവയാക്കുന്നതിനുള്ള നടപടികളും സ്വീകരിച്ചുവരുന്നു. പൊതുമേഖലാ സ്ഥാപനങ്ങളുടെ മാനേജ്മെന്റ് സംവിധാനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി അതാത് മേഖലകളിൽ വൈദഗ്ദ്ധ്യമുള്ള മാനേജിംഗ് ഡയറക്ടർമാരെ സുതാര്യമായ രീതിയിൽ തെരഞ്ഞെടുത്ത് നിയമിച്ചിട്ടുണ്ട്. ജീവനക്കാരുടെയും തൊഴിലാളികളുടെയും കാര്യശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അനുയോജ്യമായ പരിശീലന പരിപാടികൾ ആവിഷ്കരിച്ച് നടപ്പിലാക്കുന്നതാണ്.

(ബി) നിലവിൽ 14 പൊതുമേഖലാ സ്ഥാപനങ്ങളാണ് ലാഭത്തിൽ പ്രവർത്തിക്കുന്നത്. കെ.എസ്.ഡി.പി.-യുടെ വായ്പാകുടിശ്ശികയും പലിശയും ഓഹരിയാക്കി മാറ്റുന്നതിനും സഞ്ചിത നഷ്ടം എഴുതിത്തള്ളുന്നതിനും അനുമതി നൽകിയിട്ടുണ്ട്.

(സി) 2016-17-ൽ ലാഭത്തിലായിരുന്ന ട്രാക്കോ കേബിൾ കമ്പനി 2017-18-ൽ നഷ്ടത്തിലായിട്ടുണ്ട്. 2017-18-ൽ കെ.എസ്.ഇ.ബി.യിൽനിന്നും ഓർഡറുകൾ ലഭിക്കുന്നതിൽ നേരിട്ട കാലതാമസം കമ്പനിയെ പ്രതികൂലമായി ബാധിച്ചു.

(ഡി) ഉണ്ട്. കേരളത്തിൽ വ്യവസായങ്ങൾ ആരംഭിക്കുന്നത് സുഗമമാക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് പാസ്സാക്കുകയുണ്ടായി. പ്രസ്തുത ആക്ട് പ്രകാരം കേരള ഇൻഡസ്ട്രിയൽ സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ടിൽ കൂടുതൽ വ്യവസായ അനുകൂലമായ ഭേദഗതികൾ വരുത്തിയിട്ടുണ്ട്. കൂടാതെ അപേക്ഷകളുടെ പ്രോസസിംഗ് ഓൺലൈൻ ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

ഈ മാറ്റങ്ങൾ പ്രയോജനപ്പെടുത്തി വ്യവസായ സംരംഭങ്ങളുടെ എണ്ണത്തിലും നിക്ഷേപത്തിലും തൊഴിൽ ലഭ്യതയിലും ഉല്പാദനത്തിലും വർദ്ധനവ് വരുത്തുന്നതിനുള്ള നടപടികൾ വ്യവസായ വകുപ്പ് സ്വീകരിച്ചു കൊണ്ടിരിക്കുകയാണ്.

1. വ്യവസായ സംരംഭകർ തൊഴിൽദാതാക്കളും സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിൽ വലിയ സംഭാവന നൽകുന്നവരും ആണെന്നതിനാൽ അവരോട് സൗഹൃദപരമായ സമീപനം സ്വീകരിക്കേണ്ടതുണ്ടെന്ന സന്ദേശം ജനങ്ങളിൽ എത്തിക്കാൻ കഴിഞ്ഞു.

2. ജനങ്ങളിൽ പ്രത്യേകിച്ച് വിദ്യാർത്ഥികളിലും യുവാക്കളിലും സംരംഭകത്വ മനോഭാവം വളർത്തിയെടുക്കാൻ കഴിഞ്ഞു.

3. കാർഷിക വിഭവങ്ങളുടെ മൂല്യവർദ്ധനയ്ക്കായി കാർഷികോല്പന്ന സംസ്കരണ യൂണിറ്റുകൾ കേരളത്തിൽ കൂടുതലായി ഉണ്ടാകേണ്ടിയിരിക്കുന്നുവെന്നും ബോധ്യപ്പെടുത്താൻ കഴിഞ്ഞിട്ടുണ്ട്.

4. സംസ്ഥാന, അഖിലേന്ത്യ, അന്തർദേശീയ തലത്തിൽ എക്സിബിഷനുകളിലൂടെ ഉല്പന്നങ്ങളുടെ വിൽപ്പന വർദ്ധിപ്പിക്കുവാനും ലോകത്തെ പുത്തൻ പ്രവണതകൾ നേരിട്ട് കണ്ട് മനസ്സിലാക്കുന്നതിനും കൂടുതൽ അറിവ് നേടാനും സംരംഭകരെ പ്രാപ്തരാക്കാൻ കഴിഞ്ഞിട്ടുണ്ട്.

5. ചുമട്ട് തൊഴിലാളികൾ ഉൾപ്പെടെയുള്ള തൊഴിലാളികളും സംരംഭകരും തമ്മിലുള്ള ബന്ധം കൂടുതൽ ദൃഢമായിട്ടുണ്ട്.

സർക്കാർ നടപ്പിലാക്കിയ വിവിധ പദ്ധതികൾമൂലം കേരളത്തിലെ നിലവിലുള്ള വ്യവസായ സംരംഭകർക്കും നവ സംരംഭകർക്കും അനായാസം നിക്ഷേപം നടത്തുവാൻ സാധിക്കുന്നതാണ്.

## സംസ്ഥാനത്തിന്റെ വൈദ്യുതി ഉല്പാദനം

22(*52) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി. എസ്. ജയലാൽ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ഉല്പാദനം സംബന്ധിച്ച നിലവിലെ അവസ്ഥ വ്യക്തമാക്കുമോ;

(ബി) ദൈനംദിന ആവശ്യങ്ങൾക്കുള്ള വൈദ്യുതിയുടെ എത്ര ശതമാനം സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) വൈദ്യുത പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് ഈ സർക്കാർ നിലവിൽ വന്നതിനുശേഷം സാധിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) കാറ്റ്, സൗരോർജ്ജം തുടങ്ങിയ പാരമ്പര്യേതര വൈദ്യുത മേഖലകളിൽ നിന്ന് കൂടുതൽ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ എത്രത്തോളം ഫലവത്താണെന്ന് വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി):

(എ) 2018 മെയ് 26-ാം തീയതി വരെയുള്ള കണക്കനുസരിച്ച് സംസ്ഥാനത്തെ പ്രതിദിന ശരാശരി ഉപഭോഗം 70.84 ദശലക്ഷം യൂണിറ്റാണ്. ഇതിൽ ആഭ്യന്തര ഉല്പാദനം 20.32 ദശലക്ഷം യൂണിറ്റാണ്. (ജലവൈദ്യുത നിലയങ്ങളിൽനിന്നും 19.72 ദശലക്ഷം യൂണിറ്റും കാറ്റാടിപ്പാടങ്ങളിൽനിന്നും 0.1858 ദശലക്ഷം യൂണിറ്റും സൗരോർജ്ജത്തിൽനിന്നും 0.2899 ദശലക്ഷം യൂണിറ്റും കോ-ജനറേഷൻ നിലയങ്ങളിൽനിന്നും 0.1242 ദശലക്ഷം യൂണിറ്റുമാണ് ഉല്പാദിപ്പിക്കുന്നത്.) ഇതിനുപുറമെ കേന്ദ്രവിഹിതമായും ദീർഘകാല കരാറുകൾ അനുസരിച്ചും ഡീവിയേഷൻ അക്കൗണ്ട് വഴിയും ഉപഭോക്താക്കൾ നേരിട്ട് പവർ എക്സ്ചേഞ്ചിൽനിന്നും വാങ്ങുന്ന വൈദ്യുതിയുൾപ്പെടെ ഏകദേശം 50.52 ദശലക്ഷം യൂണിറ്റ് വൈദ്യുതി കൂടി ലഭ്യമാക്കിയാണ് കേരളത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്.

(ബി) സംസ്ഥാനത്തെ മൊത്തം വൈദ്യുതി ആവശ്യകതയുടെ ഏകദേശം 28.69% മാത്രമേ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുവാൻ സാധിക്കുന്നുള്ളൂ.

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം വൈദ്യുതി പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സ്വീകരിച്ച നടപടികൾ വഴി വൈദ്യുതി പ്രസരണ ശൃംഖലയിലെ പ്രസരണ നഷ്ടം 2016 ഏപ്രിലിലെ 4.56% എന്നതിൽനിന്നും 2018 മാർച്ചിൽ 4.53 ശതമാനമായി കുറഞ്ഞു.

(ഡി) സൗരോർജ്ജ പദ്ധതി

വിവിധ സൗരോർജ്ജ പദ്ധതികളിൽനിന്നും വൈദ്യുതി ഉല്പാദിപ്പിക്കാനുള്ള പ്രവർത്തികൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് നടത്തിവരുന്നു. നിർമ്മാണം പൂർത്തീകരിച്ചതും നിർമ്മാണം നടന്നുകൊണ്ടിരിക്കുന്നതുമായ സൗരോർജ്ജ പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധം (1), (2) ആയി ചേർത്തിരിക്കുന്നു*.

കാറ്റാടി വൈദ്യുത പദ്ധതി

കാറ്റിൽനിന്നും മൂന്ന് പദ്ധതികളിൽ നിന്നുമായി ആകെ 6.125 മെഗാവാട്ടിന്റെ പദ്ധതികൾ സംസ്ഥാനത്ത് നടപ്പിൽവരുത്താൻ കെ.എസ്.ഇ.ബി.എൽ. ലക്ഷ്യമിടുന്നു. സംസ്ഥാന സർക്കാരും എൻ.എച്ച്.പി.സി.യും തമ്മിലുള്ള ഉടമ്പടി പ്രകാരം പാലക്കാട് അഗളിയിൽ 82 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള കാറ്റാടിപ്പാടം സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. 8 മെഗാവാട്ട് ഇതിന്റെ ആദ്യഘട്ടമായി നടപ്പിലാക്കിവരുന്നു. കൂടാതെ, അനെർട്ടും സ്വകാര്യ സംരംഭകരും വഴി മൂന്ന് പദ്ധതികളിൽ നിന്നായി ആകെ 15 മെഗാവാട്ട് നടപ്പിലാക്കാൻ ലക്ഷ്യമിടുന്നു. ഇതിനുപുറമെ സ്വകാര്യ സംരംഭകർ വഴി കാറ്റിൽനിന്നും സംസ്ഥാനത്ത് നടപ്പിൽ വരുത്തുന്ന പദ്ധതികളിൽനിന്നും കെ.എസ്.ഇ.ബി.എൽ. റിവേഴ്സ് ടെണ്ടർ വിളിച്ച് 200 മെഗാവാട്ടിന്റെ വൈദ്യുതി വാങ്ങാനും ലക്ഷ്യമിടുന്നു. ഇവയുടെ വിശദാംശം അനുബന്ധം (3) ആയി ചേർത്തിരിക്കുന്നു*.

സംസ്ഥാനത്ത് കാറ്റിൽനിന്നും അനെർട്ട് 59.275 MW വൈദ്യുതി ഉത്പാദിപ്പിക്കുന്നുണ്ട്. ഇതിൽ 2.02 MW കെ.എസ്.ഇ.ബി.യുടേതായി പാലക്കാട് ജില്ലയിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്നു. സ്വകാര്യ മേഖലയിൽ പാലക്കാട്, ഇടുക്കി ജില്ലയിലായി 59.25 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്. ശക്തമായ കാറ്റ് നിരന്തരം വീശുന്ന സ്ഥലങ്ങൾ കണ്ടെത്തിയിട്ടുള്ളത് പ്രധാനമായും കഞ്ചിക്കോടും സഹ്യപർവ്വതത്തിന്റെ മുകൾഭാഗത്തുമാണ്. ഇടുക്കിയിലെ രാമക്കൽമേട് അത്തരത്തിലുള്ള ഒരു സ്ഥലമാണ്. അനെർട്ട് കേന്ദ്രസർക്കാർ സ്ഥാപനമായ CDAC-ന്റെ സഹകരണത്തോടെ സൗരോർജ്ജവും കാറ്റും സമന്വയിപ്പിച്ചുള്ള ഹൈബ്രിഡ് പവർ പ്ലാന്റ് രാമക്കൽമേട്ടിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനമായ എൻ.എച്ച്.പി.സി.-യുമായി ചേർന്ന് കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിന്റെ പ്രാരംഭ നടപടിയായി പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് 8 MW വിന്റ് ഫാം സ്ഥാപിക്കുവാനായി GO (MS) No. 24/2017/Power തീയതി 7-12-2017 പ്രകാരം അനുമതി നൽകിയിട്ടുണ്ട്. (പകർപ്പ് അനുബന്ധം (4) ആയി ചേർക്കുന്നു.*) ഇത് സ്ഥാപിക്കാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനെർട്ടിന്റെ റൂഫ് ടോപ് പദ്ധതി പ്രകാരം ആകെ 24 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ വൈദ്യുത നിലയം വൈദ്യുതി ഉല്പാദിപ്പിക്കുന്നുണ്ട്.

അതിലേറ്റവും വലുത് അനെർട്ട് പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് പത്ത് ഏക്കർ സ്ഥലത്ത് സ്ഥാപിച്ച് വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുന്ന രണ്ട് മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റാണ്. ഈ രംഗത്ത് ഒരു മികച്ച നേട്ടം കൈവരിക്കുവാനായി കേന്ദ്രമന്ത്രാലയമായ എം.എൻ.ആർ.ഇ.-യുടേയും എം.എൻ.ആർ.ഇ.-യുടെ കീഴിലുള്ള Solar Energy Corporation of India (SECI)-യുടെയും സഹകരണം തേടിയിട്ടുണ്ട്.

## ജി.എസ്.ടി.യും ഇ-വേ ബിൽ സംവിധാനവും

23(*53) ശ്രീ. വി. കെ. സി. മമ്മത് കോയ:
ശ്രീ. കെ. സുരേഷ് കുറുപ്പ്:
ശ്രീ. പി. ഉണ്ണി:
ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മൂല്യവർദ്ധിത നികുതി പ്രാബല്യത്തിലായിരുന്ന കാലയളവിൽ നികുതി ഉൾപ്പെടുത്തി നിശ്ചയിച്ചിരുന്ന പരമാവധി ചില്ലറ വിൽപ്പന വില ജി.എസ്.ടി. പ്രാബല്യത്തിലായതിന് ശേഷം ഉണ്ടായ നികുതി നിരക്കിലെ കുറവിനനുസൃതമായി നിർമ്മാതാക്കൾ കുറച്ച് നിശ്ചയിച്ചിട്ടുണ്ടോ എന്ന് പരിശോധിച്ചിരുന്നോ; ഇവയിൽ കുറവ് വരുത്താത്ത കേസ്സുകളിൽ ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി നടപടി സ്വീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. റിട്ടേൺ ഫയലിംഗ് നിശ്ചിത സമയ പരിധിക്കുള്ളിൽ നടക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സാധിച്ചിട്ടുണ്ടോ എന്ന് അറിയിക്കുമോ ;

(സി) ഇ-വേ ബിൽ പ്രാവർത്തികമാക്കിയത് സംബന്ധിച്ച് അവലോകനം നടത്തിയിരുന്നോ; സംവിധാനം എത്ര മാത്രം ഫലപ്രദമാണെന്ന് അറിയിക്കാമോ; ഇ- വേ ബിൽ പരിശോധനയ്ക്കും നികുതി നിർണ്ണയ പരിശോധനക്കും ആവശ്യത്തിന് ജീവനക്കാരും പര്യാപ്തമായ ഡാറ്റയും ലഭ്യമാണോ എന്ന് വെളിപ്പെടുത്തുമോ ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) പരിശോധിച്ചിട്ടുണ്ട്. ആദ്യപടിയായി 2017 സെപ്റ്റംബർ - ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പ് സർവ്വേ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെയും മറ്റ് ചരക്കുകളുടെയും വിലനിലവാരത്തിൽ ജി.എസ്.ടി.-ക്ക് മുമ്പും ജി.എസ്.ടി. വന്നതിനുശേഷവും ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉല്പാദകരുടെയും വില്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി വഴി കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റി ആവശ്യപ്പെട്ടതനുസരിച്ച് ബില്ലുകളുൾപ്പെടെയുള്ള വിശദമായ തെളിവുകൾ കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

പരിശോധനയുടെ രണ്ടാംഘട്ടമായി ഇരുപത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിൽ യോഗത്തിലെ തീരുമാനപ്രകാരം 15-11-2017 മുതൽ പ്രാബല്യത്തിൽ വരുത്തിയ നികുതികുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് വകുപ്പ് പരിശോധിക്കുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും ചില്ലറ വ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി കേന്ദ്ര ആന്റിപ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്. ഇതിന്മേൽ തുടർനടപടികൾ സ്വീകരിച്ചതായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

(ബി) ജി.എസ്.ടി. റിട്ടേൺ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യുന്നതിനുള്ള സോഫ്റ്റ്‌വെയർ ഇതുവരെയും പൂർത്തിയായിട്ടില്ല. ആയതിനാൽ റിട്ടേണുകളുടെ സംക്ഷിപ്ത രൂപമായ ജി.എസ്.ടി.ആർ. 3B ആണ് നിലവിൽ ഫയൽ ചെയ്യുന്നത്. കൂടാതെ വിൽപ്പനയുടെ (ഔട്ട് വേർഡ് സപ്ലൈ) വിശദാംശങ്ങൾ ഉൾപ്പെടുത്തി ജി.എസ്.ടി.ആർ. 1 റിട്ടേൺ മാത്രമേ ഇപ്പോൾ ഫയൽ ചെയ്യുന്നുള്ളൂ. ജി.എസ്. ടി. നെറ്റ്‌വർക്കിലെ സാങ്കേതിക തകരാറുകൾമൂലം റിട്ടേണുകൾ ഫയൽ ചെയ്യുന്നതിനുള്ള സമയപരിധി പല മാസങ്ങളിലും നീട്ടിനൽകിയിട്ടുണ്ട്. റിട്ടേണുകൾ ഫയൽ ചെയ്യുന്നതിന് കാലതാമസം ഉണ്ടാകുകയാണെങ്കിൽ ലേറ്റ് ഫീ ഈടാക്കുന്നതിന് വ്യവസ്ഥയുണ്ടെങ്കിലും സാങ്കേതിക പ്രശ്നംമൂലമായതിനാൽ അങ്ങനെ ഈടാക്കുന്ന ലേറ്റ് ഫീ ജി.എസ്.ടി. കൗൺസിലിന്റെ നിർദ്ദേശപ്രകാരം ആദ്യമാസങ്ങളിൽ തിരികെ നൽകുകയും തുടർന്ന് ലേറ്റ് ഫീ 50 രൂപയിൽനിന്നും 25 രൂപയാക്കി കുറവ് ചെയ്യുകയും ചെയ്തിട്ടുണ്ട്. മേൽ വിവരിച്ച സാങ്കേതിക പ്രശ്നങ്ങൾ നിലനിൽക്കുന്നുണ്ടെങ്കിലും റിട്ടേണുകൾ യഥാസമയം ഫയൽ ചെയ്യുന്നുവെന്ന് ഉറപ്പുവരുത്തുന്നതിന് നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) അന്തർ സംസ്ഥാന ചരക്കനീക്കത്തിന് 2018 ഏപ്രിൽ 1 മുതലും സംസ്ഥാനത്തിനകത്തുള്ള ചരക്കനീക്കത്തിന് 2018 ഏപ്രിൽ 15 മുതലുമാണ് ഇ-വേ ബിൽ നിർബന്ധമാക്കിയത്. ആയതിനാൽ ഇ-വേ ബിൽ സംവിധാനത്തിന്റെ ഫലപ്രാപ്തിയെക്കുറിച്ച് വിശദമായ പഠനം നടത്തുവാൻ സമയമായിട്ടില്ല. ഇ-വേ ബിൽ പരിശോധിക്കുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ ഓൺലൈനായി പരിശോധിക്കുന്നതിന് ആവശ്യമായ സാങ്കേതിക സംവിധാനങ്ങളും ഇന്റലിജൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. ചെക്ക്പോസ്റ്റുകൾ നിർത്തലാക്കിയതിനെതുടർന്ന് അവിടെ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യസിച്ച് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബില്ലിനെ സംബന്ധിച്ച വിവരങ്ങൾ ലഭ്യമാണെങ്കിലും റിട്ടേണുകൾ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യപ്പെടാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണമായി സംസ്ഥാനത്തിന് ലഭ്യമാകാത്തതിനാലും ഇവ തമ്മിലുള്ള സൂക്ഷ്മപരിശോധന നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

**പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശകൾ**

24(*54) ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശകൾ നടപ്പിൽ വരുത്തുമ്പോൾ കേരളത്തിന് എന്തെല്ലാം നഷ്ടങ്ങളാണുണ്ടാകുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ; ഇതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) ഇത് കേന്ദ്ര സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്താനും അപാകതകൾ പരിഹരിക്കാനും സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ; വിശദ വിവരം വെളിപ്പെടുത്തുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശകൾ കേന്ദ്രഗവൺമെന്റിന് ഇതുവരെ സമർപ്പിച്ചിട്ടില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ശിപാർശ 2019 ഒക്ടോബറിലാണ് സമർപ്പിക്കുന്നത്. പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുമ്പോൾ മാത്രമേ ഇതുസംബന്ധിച്ച് വ്യക്തത ലഭ്യമാകുകയുള്ളൂ.

(ബി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ സംസ്ഥാനത്തെ ദോഷകരമായി ബാധിക്കുന്ന നിർദ്ദേശങ്ങൾ കമ്മീഷന്റെ

ശ്രദ്ധയിൽപ്പെടുത്തുകയും സംസ്ഥാനത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് സംസ്ഥാന സന്ദർശനവേളയിൽ ധനകാര്യ കമ്മീഷന് മെമ്മോറാണ്ടം സമർപ്പിക്കുകയും ചെയ്തിട്ടുണ്ട്. ധനകാര്യ കമ്മീഷന്റെ സംസ്ഥാന സന്ദർശനവേളയിൽ വിശദമായ മെമ്മോറാണ്ടം കേരളം സമർപ്പിച്ചിട്ടുണ്ട്. മെമ്മോറാണ്ടത്തിലെ പ്രധാന ആവശ്യങ്ങൾ ഇവയാണ്.

- സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽനിന്നും 50 ശതമാനമായി ഉയർത്തുക.

- സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

- ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യയ്ക്ക് നൽകുന്ന വെയിറ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കാനുള്ള കൂടുതൽ ഫ്ലെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക് ജനസംഖ്യയ്ക്ക് തുല്യമായ വെയിറ്റേജ് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വരുമാന അന്തരത്തിനുള്ള വെയ്റ്റേജ് 50 ശതമാനത്തിൽനിന്നും 20 ശതമാനമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

| മാനദണ്ഡം | വെയിറ്റേജ് |
|---|---|
| ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി | 30% |
| ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി) | 30% |
| വരുമാന അന്തരം | 20% |
| വിസ്തീർണ്ണം | 10% |
| വനമേഖല | 10% |

- പ്രത്യേക മേഖലാ ഗ്രാന്റുകൾ നൽകാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെപ്പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്:

- തീരദേശ പരിപാലനം - 1500 കോടി
- വന സംരക്ഷണം - 1000 കോടി
- മെച്ചപ്പെട്ട തൊഴിൽ ലഭ്യതയ്ക്കാവശ്യമായ നൈപുണ്യ വികസനം-750 കോടി
- റബ്ബർ കർഷകർക്ക് ആശ്വാസം - 250 കോടി
- മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി
- റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.
- 2011-ലെ സെൻസസ് അടിസ്ഥാനമാക്കി നികുതി വിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും ബാക്കി 30% തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ് അക്കൗണ്ടിംഗിലെ ഇ-ഗവേണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.
- ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്രവിഹിതം 90% ആക്കുകയും ചെയ്യേണ്ടതാണ്. ഇതിൽനിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.
- സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP-യുടെ 3% നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.
- തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടന ഭേദഗതി ശിപാർശ ചെയ്യുക.

### ഹൈഡൽ ടൂറിസം പദ്ധതി

25(*55) ശ്രീ. അബ്ദുൽ ഹമീദ്. പി.:
ശ്രീ. പി. കെ. ബഷീർ:
ശ്രീ. പി. ബി. അബ്ദുൽ റസ്സാക്ക്:
ശ്രീ. കെ. എം. ഷാജി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ ഡാമുകൾ കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി ആവിഷ്കരിക്കാൻ ആലോചിച്ചിട്ടുണ്ടോ;

(ബി) ഏതൊക്കെ ഡാമുകൾ കേന്ദ്രീകരിച്ചാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്;

(സി) ഈ പദ്ധതിയുടെ വിശദാംശം വ്യക്തമാക്കുമോ?

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): (എ) കേരളത്തിലെ ഡാമുകൾ കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ കീഴിലുള്ള എല്ലാ ഡാമുകളും കേന്ദ്രീകരിച്ച് ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നുണ്ട്. പ്രധാനമായും ഇടുക്കി, മാട്ടുപ്പെട്ടി, പൊൻമുടി, കക്കയം, ബാണാസുരസാഗർ, പൊരിങ്ങൽകുത്ത്, ലോവർ മീൻമുട്ടി, ആഢ്യൻപാറ എന്നിവിടങ്ങളിലാണ് ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നത്.

(സി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വക ഡാമുകളിലും അതിനോടനുബന്ധിച്ചുള്ള പ്രദേശങ്ങളിലും ടൂറിസം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പാക്കുകയെന്നതാണ് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ഉദ്ദേശവും ലക്ഷ്യവും. ഡാമുകളോട് ചേർന്ന് പരിസ്ഥിതി സൗഹൃദ പാർക്കുകളും ബോട്ടിംഗ്, ബട്ടർഫ്ലൈ പാർക്കുകൾ, പൂന്തോട്ടങ്ങൾ എന്നിവ സ്ഥാപിച്ച് പരമാവധി വിനോദസഞ്ചാരികളെ ആകർഷിക്കുക എന്നതാണ് ഈ പദ്ധതി കൊണ്ട് ഉദ്ദേശിക്കുന്നത്.

**കയർ ഉല്പാദനം**

26(*56) ശ്രീ. ജോൺ ഫെർണാണ്ടസ്:
ശ്രീ. കെ. ആൻസലൻ:
ശ്രീ. രാജു എബ്രഹാം:
ശ്രീ. എം. മുകേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഉല്പാദന രംഗത്ത് കൈവരിച്ച നേട്ടങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ കാലയളവിൽ കയർ സംഭരണം, വിൽപ്പന എന്നിവയിൽ ഉണ്ടായിട്ടുള്ള വർദ്ധന എത്രത്തോളമാണെന്ന് വ്യക്തമാക്കാമോ;

(സി) കയർ മേഖലയിൽ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ഡി) മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നതിന് തയ്യാറാക്കിയ പദ്ധതി ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ; വിശദാംശങ്ങൾ നൽകുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവ്വേകാൻ കയറിന്റെ രണ്ടാം പുനഃസംഘടനാ പദ്ധതി ആസൂത്രണം ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉല്പാദിപ്പിച്ച് കയർ ഉല്പാദനം വർദ്ധിപ്പിക്കുന്നതിനും ഉല്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും കയർ മേഖലയിലെ രണ്ടാം പുനഃസംഘടന ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2017-ൽ നടന്ന 'കയർ കേരള' അന്താരാഷ്ട്ര മേളയിൽ 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് കയർ വകുപ്പിന്റെ പ്രോജക്ട് ഓഫീസർമാർ, ഗ്രാമപഞ്ചായത്ത് സെക്രട്ടറിമാർ, എം.ജി.എൻ.ആർ.ഇ.ജി.എസ്.-ന്റെ പ്രോഗ്രാം കോ-ഓർഡിനേറ്റർമാർ എന്നിവർ ചേർന്ന് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ചകിരി ഉല്പാദക, കയർപിരി, ഉല്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ പദ്ധതി നടപ്പിലായിക്കഴിഞ്ഞു. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. എന്നാൽ കേരളം ചകിരി ലഭ്യതയ്ക്ക് തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയാണ്. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കിവരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ

അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചിട്ടുണ്ട്. ഈ നടപടികളെല്ലാം 200 ദിവസത്തെ തൊഴിൽ ഉറപ്പാക്കുന്നതിന് ലക്ഷ്യംവച്ചിട്ടുള്ളതാണ്.

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി നടപടികൾ സ്വീകരിച്ചുവരുന്നു. 12 കോടി രൂപ പ്രവർത്തന മൂലധനം നൽകുന്നതിനായി 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 417 കയർ സഹകരണ സംഘങ്ങൾക്ക് 8.6 കോടി രൂപ പ്രവർത്തന മൂലധനമായി നൽകി. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

കയർ വ്യവസായ മേഖലയെ ആധുനികവൽക്കരിക്കുക എന്ന ലക്ഷ്യത്തിന്റെ ഭാഗമായി സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കിവരുന്നു. 2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 എച്ച്.പി.-യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറിവഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. 15 എച്ച്.പി.-യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ കയർമെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകി. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പൊന്നാനി പ്രോജക്ട് ആഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനമാരംഭിച്ചു. കോഴിക്കോട് ജില്ലയിലെ

ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ നേതൃത്വത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മിൽ സ്ഥാപിച്ചുകഴിഞ്ഞു. വൈക്കം പ്രോജക്ടിന്റെ കീഴിലെ സൊസൈറ്റികളിൽ 7 ചകിരിമില്ലുകളും തൃശ്ശൂർ പ്രോജക്ടിൻകീഴിൽ 10 ചകിരി മില്ലുകളും പ്രവർത്തനസജ്ജമായിട്ടുണ്ട്. ഈ മാസാവസാനം 50 ചകിരി മില്ലുകൾ പ്രവർത്തനസജ്ജമാകും.

തൊണ്ട് സംഭരണത്തിനായി ആവിഷ്കരിച്ച പദ്ധതികൾ വിജയകരമായി നടപ്പിലാക്കിവരുന്നു. എങ്കിലും ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവത്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ യന്ത്രവത്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം നടത്തും. ഇവിടെ തൊണ്ട് സംഭരണം മുതൽ ഉല്പന്ന നിർമ്മാണം വരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും.

കയർ തൊഴിലാളികളുടെ ജീവനോപാധിയായി ഈ മേഖലയെ നിലനിർത്തിക്കൊണ്ടുള്ള പുനരുദ്ധാരണ പദ്ധതികളാണ് നടപ്പിലാക്കുന്നത്. പരമ്പരാഗത കയർ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും ഈ സർക്കാർ ചുവടെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്:

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിപ്രകാരം പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകുന്നു.
3. കയറും കയറുല്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) ധനസഹായം നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവത്കരണം നടപ്പിലാക്കുന്നു.
7. ഉല്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.

8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.

10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.

11. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.

12. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

14. യന്ത്രവത്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റം ഉണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതിവഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

15. ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 137-ഓളം സ്റ്റാളുകളിലൂടെ കയർ ഉല്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതിയും നടപ്പിലാക്കി. 12.32 കോടി രൂപയുടെ ഉല്പന്നങ്ങൾ അപ്രകാരം വിറ്റഴിച്ചിട്ടുണ്ട്.

16. മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.

(ബി) 2016-17 വർഷത്തെ താരതമ്യപ്പെടുത്തി 2017-18-ലെ കണക്ക്.

| | ക്വാണ്ടിറ്റി (ക്വിന്റൽ) | | |
|---|---|---|---|
| | 2016-17 | 2017-18 | വർദ്ധനവ് (%) |
| സംഭരണം | 99793.85 | 125066.70 | 25.33 |
| വിതരണം | 93176.25 | 149319.30 | 60.25 |

മൊത്തം വിറ്റുവരവ്

| | 2016-17 | 2017-18 | വർദ്ധനവ് (%) |
|---|---|---|---|
| വിറ്റുവരവ് | 68.58 കോടി | 108.78 കോടി | 57% |

(സി) ചകിരി ദൗർലഭ്യമാണ് ഈ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. ചകിരിക്ഷാമം പരിഹരിക്കുന്നതിനായി ആധുനിക സാങ്കേതികവിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉല്പാദക കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്കരണം നടപ്പാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിക്കുന്നതിനുമുള്ള സത്വര നടപടികൾ ആരംഭിച്ചിട്ടുണ്ട്.

അടുത്ത മൂന്ന് വർഷത്തിനുള്ളിൽ ആയിരം ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ലഭ്യത ഉറപ്പുവരുത്തുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. 15 HP-യുടെ 65 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനായി 3,08,75,000 രൂപ കയർ മെഷിനറി ഫാക്ടറിക്ക് അനുവദിച്ച് നൽകിയിട്ടുണ്ട്. പ്രസ്തുത മെഷിനുകളുടെ വിതരണം ആരംഭിച്ചു. കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലുമായി 100 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനായി 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2500 ഇലക്ട്രോണിക് റാട്ടുകൾ സംഘങ്ങളിൽ സ്ഥാപിച്ചു. 5300 ഇലക്ട്രോണിക് റാട്ടുകൾ കൂടി അടിയന്തരമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചിട്ടുണ്ട്. കണ്ണൂർ പ്രോജക്ടിന്റെ പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8000 തൊണ്ട് ചകിരിയാക്കുന്ന ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-7-2017-ന് പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. കോഴിക്കോട് പ്രോജക്ടിന്റെ പരിധിയിലുള്ള ചക്കിട്ടപ്പാറയിൽ പേരാമ്പ്ര നാളികേര ഉല്പാദക കമ്പനിയുടെ ആഭിമുഖ്യത്തിൽ ഒരു ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. ഇത്തരം നടപടികളിലൂടെ ചകിരിയുടെ ലഭ്യത കൂട്ടി കയർപിരി മേഖലയിൽ കൂടുതൽ തൊഴിൽ ദിനങ്ങൾ നൽകാൻ ലക്ഷ്യമിടുന്നു.

(ഡി) മണ്ണ്-ജല സംരക്ഷണത്തിന് തയ്യാറാക്കിയ പദ്ധതിയുടെ ഭാഗമായി കയർഫെഡിന്റെയും എൻ.സി.ആർ.എം.ഐ.-യുടെയും ചുമതലയിലുള്ള ജിയോ ടെക്സ്റ്റയിൽസ് സ്കൂൾ, ത്രിതല പഞ്ചായത്തുകളിൽ ജീവനക്കാർക്കും തൊഴിലാളികൾക്കും പരിശീലനം നൽകിവരുന്നു. ത്രിതല പഞ്ചായത്തുകളിൽ

കയർ വലപ്പായ ഉപയോഗിച്ചുള്ള മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങൾ നടന്നുവരികയാണ്. കൂടാതെ എം.ജി.എൻ.ആർ.ഇ.ജി.എസ്. പദ്ധതി പ്രകാരം കയർ ഭൂവസ്ത്രം സ്ഥാപിക്കുന്നതിനുവേണ്ടി 120 കോടി രൂപയുടെ ധാരണാപത്രം "കയർ കേരള 2017" മേളയോടനുബന്ധിച്ച് ഒപ്പുവച്ചു. അതിനെ തുടർന്ന് കയർ ഭൂവസ്ത്രം ആവശ്യാനുസരണം കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾ വഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് വിതരണം ചെയ്തുവരുന്നു. 16654893 സ്ക്വയർ മീറ്റർ കയർ ഭൂവസ്ത്രത്തിനുള്ള ധാരണയായിട്ടുണ്ട്. അതിൽ 4-5-2018 വരെ 3743416 സ്ക്വയർ മീറ്റർ ഭൂവസ്ത്രം നിലവിൽ വിതരണം ചെയ്തു. കൂടാതെ സഹകരണ സംഘങ്ങൾക്ക് പി.എം.ഐ., എം.ഡി.എ. എന്നീ പദ്ധതികൾ പ്രകാരം അനുവദിച്ച തുക ഉപയോഗിച്ച് ഉല്പാദന-വിപണന പ്രവർത്തനങ്ങൾ മെച്ചപ്പെടുത്തുന്നതിനും അതിലൂടെ തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നതിനും സാധിക്കുന്നു. മാത്രമല്ല ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതിവഴിയും കയർ വ്യവസായം പരിപോഷിപ്പിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു. മണ്ണ്-ജല സംരക്ഷണ പ്രവർത്തനങ്ങളിൽ കയർ ഭൂവസ്ത്രം ഉപയോഗിക്കുന്നത് സംബന്ധിച്ച് കയർ മേഖലയിലെ പൊതുമേഖലാ സ്ഥാപനങ്ങൾവഴി തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് ആവശ്യാനുസരണം കയർ ഭൂവസ്ത്രം വിതരണം ചെയ്യുന്ന നടപടികൾ നടന്നുവരുന്നു. 2018 മേയ് മാസം വരെ 37,43,416 സ്ക്വയർ മീറ്റർ ഭൂവസ്ത്രം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്.

## സ്പിൽഓവർ പദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക ഫണ്ട്

27(*57) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീമതി ഗീതാ ഗോപി:
ശ്രീ. വി. ആർ. സുനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശ സ്ഥാപനങ്ങളിലെ സ്പിൽഓവർ പദ്ധതികൾ പൂർത്തിയാക്കുന്നതിന് പ്രത്യേക ഫണ്ട് അനുവദിക്കുന്നതിന് ആലോചിക്കുന്നുണ്ടോ;

(ബി) പ്രത്യേക ഫണ്ട് അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വ്യക്തമാക്കുമോ;

(സി) ഈ പ്രത്യേക ഫണ്ടിന്റെ ആനുകൂല്യം ലഭ്യമാക്കുന്നത് ഏതൊക്കെ പദ്ധതികൾക്കാണെന്ന് വ്യക്തമാക്കുമോ;

(ഡി) 2018-19-ലെ ബഡ്ജറ്റ് വിഹിതത്തിൽപ്പെടുത്തിയാണോ പ്രസ്തുത ഫണ്ട് അനുവദിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ-ഡി) ബഡ്ജറ്റ് തയ്യാറാക്കുന്ന വേളയിൽ പ്രാദേശിക സർക്കാരുകളുടെ സ്പിൽ ഓവർ തുക എത്രയെന്ന് കണക്കാക്കാൻ കഴിയാത്ത സാഹചര്യത്തിൽ ആയത് ബഡ്ജറ്റ് വിഹിതത്തിൽ ഉൾപ്പെടുത്തുന്ന പതിവില്ല. എന്നാൽ 21-3-2015-ലെ സ.ഉ. (അ) നമ്പർ 119/2015/ധന ഉത്തരവ് പ്രകാരം തനത് സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് വിഹിതത്തിൽനിന്നും സ്പിൽ ഓവർ പദ്ധതികളുടെ ചെലവ് വഹിക്കാവുന്നതാണ്. വികസന ഫണ്ടിനും സംരക്ഷണ ഫണ്ടിനുമാണ് ഈ ആനുകൂല്യം ലഭ്യമാക്കുന്നത്. അധിക ധനാനുമതി നൽകുന്ന കാര്യം ആവശ്യമുള്ള ഘട്ടത്തിൽ തീരുമാനിക്കുന്നതാണ്.

## വ്യാവസായിക വളർച്ചയ്ക്കായുള്ള പദ്ധതികൾ

28(*58) ശ്രീ. കെ. ജെ. മാക്സി:
ശ്രീ. എ. എം. ആരിഫ്:
ശ്രീ. വി. കെ. സി. മമ്മത് കോയ:

ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി എന്തെല്ലാം നൂതന പദ്ധതികളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടപ്പിലാക്കിയത് മൂലം വ്യവസായ രംഗത്ത് എന്തെല്ലാം മുന്നേറ്റമാണ് ഉണ്ടായിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) വ്യവസായരംഗത്തെ നവസംരംഭകർക്കായി നടപ്പിലാക്കിവരുന്ന സ്റ്റാർട്ട് അപ് പദ്ധതികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി നടപടിക്രമങ്ങൾ ത്വരിതപ്പെടുത്തിയും നിയമങ്ങൾ ഭേദഗതി ചെയ്തുകൊണ്ടും "ഈസ് ഓഫ് ഡൂയിംഗ് ബിസിനസ്" നടപ്പിലാക്കിവരുന്നു.

സംസ്ഥാനത്ത് സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായി പരിഷ്കാരങ്ങൾ വരുത്തേണ്ടത് അനിവാര്യമാണെന്ന് ഇതുസംബന്ധിച്ച് നടത്തിയ പഠനങ്ങളിലും ചർച്ചകളിലും വ്യക്തമായി. തുടർന്ന് നിലവിലെ ഏഴ് നിയമങ്ങളിൽ

ഭേദഗതി വരുത്തിക്കൊണ്ട് കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് -2018 പുറപ്പെടുവിച്ചു.

വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുംവേണ്ടി നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു:

1. നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‍വെൻഷൻ പദ്ധതി

നാനോ/കുടുംബ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 മുതൽ ഈ സംരംഭങ്ങൾക്ക് എടുക്കുന്ന വായ്പയുടെ പലിശയിളവ് (ഇന്ററസ്റ്റ് സബ്‍വെൻഷൻ) നൽകുന്ന പദ്ധതിയാണിത്.

2. പുതിയ തൊഴിലവസരങ്ങൾക്കുള്ള സ്റ്റാർട്ടപ്പ് സബ്സിഡി

എം.എസ്.എം.ഇ. മേഖലയിൽ പുതുതായി സൃഷ്ടിക്കപ്പെടുന്ന തൊഴിലവസരങ്ങൾക്ക് അനുസൃതമായി തൊഴിലാളികളുടെ വേതനത്തിന്റെ നിയമപരമായ വിഹിതങ്ങളായ ഇ.എസ്.ഐ., ഇ.പി.എഫ്. തുടങ്ങിയവയ്ക്ക് സർക്കാർ നൽകുന്ന റീ-ഇംബേഴ്സ്മെന്റ് പദ്ധതിയാണിത്.

3. ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്

സംസ്ഥാനത്തെ തടി അധിഷ്ഠിത ഫർണിച്ചർ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ എറണാകുളം, തൃശ്ശൂർ പ്രദേശത്ത് തടി, ഫർണിച്ചർ യൂണിറ്റുകൾക്കായി കേന്ദ്രസർക്കാരിന്റെ കൂടി സഹായത്തോടെ ഒരു അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കുവാൻ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

4. സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി

നിലവിലുള്ള വ്യവസായ ബിസിനസ്സ് സംരംഭങ്ങൾക്ക് അവരുടെ സാങ്കേതിക ആവശ്യങ്ങളെ അഭിസംബോധന ചെയ്ത് ആയത് നിവർത്തിക്കുന്നതിന് സർവ്വകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതികദാതാക്കൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്.

5. എം.എസ്.എം.ഇ.-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി

സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്.

6. <u>സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം</u>

പി.എം.ഇ.ജി.പി. പദ്ധതിയിലെയും നാനോ ഹൗസ്ഹോൾഡ് മേഖലയിലെയും സംരക്ഷണത്തിനായി ഒരു സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം 2018-19 മുതൽ ആവിഷ്കരിച്ചിട്ടുണ്ട്.

7. <u>തകർച്ച നേരിടുന്ന എം.എസ്.എം.ഇ.കളുടെ പുനരുദ്ധാരണ പദ്ധതി</u>

കേരളത്തിലെ തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുവാൻ 2018-19 മുതൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

8. <u>വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം</u>

സ്ത്രീകൾ, എസ്.സി./എസ്.ടി., അംഗപരിമിതർ എന്നീ വിഭാഗത്തിൽ ഉൾപ്പെട്ടവർ അടങ്ങിയ വ്യവസായ സഹകരണ സംഘങ്ങൾക്ക് വികസനം, നവീകരണം, വിപുലീകരണം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

ആകർഷകമായ പാക്കേജുകളിലൂടെ മൂന്ന് കോടിയും അതിന് മുകളിലും നിക്ഷേപം ആവശ്യമായി വരുന്ന ഇടത്തരം വൻകിട വ്യവസായങ്ങൾക്ക് ആവശ്യമായ സാമ്പത്തിക സഹായം കെ.എസ്.ഐ.ഡി.സി.-യിൽനിന്നും ലഭ്യമാക്കിവരുന്നു. മേഖലാധിഷ്ഠിത അടിസ്ഥാന സൗകര്യ വികസനത്തിനായി വിവിധ മേഖലകളിൽ വ്യവസായ പാർക്കുകളുടെ നിർമ്മാണവും കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ പുരോഗമിക്കുന്നു.

അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ചും ക്ലിയറൻസുകൾ നൽകുന്നത് സുഗമമാക്കിയും ആകർഷകമായ പാക്കേജുകളിലൂടെ നിക്ഷേപകർക്കാവശ്യമായ സാമ്പത്തിക സഹായം ലഭ്യമാക്കിയും വിവിധ വ്യവസായ വിഭാഗങ്ങളുമായി നിരന്തരം സമ്പർക്കം പുലർത്തിയും സംസ്ഥാനത്ത് ചലനാത്മകമായ വ്യാവസായിക അന്തരീക്ഷം സൃഷ്ടിക്കുന്നതിനാണ് പ്രധാനമായും ഊന്നൽ നൽകുന്നത്.

(ബി) വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽനിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ

ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് നടപ്പിലാക്കുന്നതുമൂലം വ്യവസായ രംഗത്ത് മുന്നേറ്റത്തിനുള്ള അനുകൂല ഘടകങ്ങൾ.

സംസ്ഥാനത്ത് ഒരു ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം) കെ.എസ്.ഐ.ഡി.സി., എൻ.ഐ.സി. മുഖേന നടപ്പിലാക്കിവരുന്നു. പ്രസ്തുത ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചു കൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽനിന്നുള്ള അനുമതി കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാകുന്നതാണ്. ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങുവാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ.

സർക്കാർ ഇപ്പോൾ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾമൂലം കേരളത്തിലെ നിലവിലുള്ള വ്യവസായ സംരംഭകർക്കും നവസംരംഭകർക്കും അനായാസം നിക്ഷേപം നടത്തുവാനും അതുവഴി കേരളത്തെ ഒരു വ്യവസായ നിക്ഷേപ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും സാധിക്കുമെന്ന് കരുതുന്നു.

(സി) വ്യവസായ രംഗത്തെ നവസംരംഭകർക്കായി താഴെപ്പറയുന്ന രണ്ട് പ്രധാന പദ്ധതികളിലായാണ് കേരള സ്റ്റാർട്ടപ് മിഷൻ പ്രവർത്തനം നടത്തിവരുന്നത്. യുവസംരംഭകത്വ വികസന പദ്ധതി സ്കൂൾ തലം മുതൽ സാങ്കേതികതയിലും സംരംഭകത്വത്തിലും താത്പര്യം ജനിപ്പിക്കുന്നതിനുതകുന്ന പദ്ധതി മുതൽ മികച്ച സാങ്കേതിക ആശയവുമായി സമീപിക്കുന്ന സംരംഭകന് മികച്ച കമ്പനിയായി വികസിക്കുന്നതിനുള്ള സാഹചര്യം ഒരുക്കുന്നതുവരെയുള്ള വിവിധ ഘടകങ്ങൾ അടങ്ങിയതാണ് യുവസംരംഭകത്വ വികസന പദ്ധതി.

ടെക്നോളജി ഇന്നവേഷൻ സോൺ എറണാകുളം കളമശ്ശേരിയിൽ 13.2 ഏക്കർ സ്ഥലത്ത് പൂർണ്ണതോതിലുള്ള ഒരു ഇന്നവേഷൻ ഹബ്ബ് സ്ഥാപിക്കുന്നതിനുള്ള നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു. ഓഫീസ് പ്ലാസാ കെട്ടിട സമുച്ചയത്തിന്റെ നിർമ്മാണം നടപ്പു വർഷം പൂർത്തിയാകും. ഒരു കെട്ടിട സമുച്ചയം സോഫ്റ്റ്‌വെയർ ടെക്നോളജി പാർക്ക്സ് ഓഫ് ഇൻഡ്യയാണ്

നിർമ്മിക്കുന്നത്. അത് ഉടനെ ആരംഭിക്കുമെന്ന് പ്രതീക്ഷിക്കുന്നു. മറ്റ് രണ്ട് കെട്ടിട സമുച്ചയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതി KIIFB അംഗീകരിച്ചിട്ടുണ്ട്. നിർമ്മാണ പ്രവർത്തനത്തിനുള്ള ചുമതല KSITIL-നാണ്. പ്രസ്തുത നിർമ്മാണ പ്രവർത്തനങ്ങളും താമസംവിനാ ആരംഭിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയുടെ മേൽനോട്ടത്തിലുള്ള ബയോടെക്നോളജി ഇൻകുബേറ്റർ, IIITM-K യുടെ മേൽനോട്ടത്തിലുള്ള ഇലക്ട്രോണിക്സ് ഇൻകുബേറ്റർ, കേരള സ്റ്റാർട്ട്പ് മിഷന്റെ ഇൻകുബേറ്റർ, ഫാബ് ലാബ് എന്നിവ നിലവിൽ പ്രസ്തുത സോണിൽ പ്രവർത്തിച്ചുവരുന്നു.

കേരള ക്ലേയ്സ് ആൻഡ് സെറാമിക് പ്രോഡക്ട്സ് ലിമിറ്റഡ് കണ്ണൂരിൽ സ്ഥാപിക്കുന്ന ഇൻക്യുബേറ്റർ, ICFOSS സ്ഥാപിക്കുന്ന ഫോസ് ഇൻക്യുബേറ്റർ, VSSC-യുമായി സഹകരിച്ച് സ്ഥാപിക്കുന്ന സ്പേസ് ഇൻകുബേറ്റർ എന്നിവയ്ക്ക് സഹായം നൽകുന്ന പ്രവർത്തനങ്ങളും പുരോഗമിച്ചുവരുന്നു.

വ്യവസായ രംഗത്തെ നവസംരംഭകർക്കായി കെ.എസ്.ഐ.ഡി.സി.യുടെ നേതൃത്വത്തിൽ സംസ്ഥാനത്തിന്റെ വിവിധ ഭാഗങ്ങളിലായി എല്ലാവിധ ആധുനിക സൗകര്യങ്ങളോടുംകൂടിയ മൂന്ന് ബിസിനസ് ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തിക്കുന്നു. ഇതുകൂടാതെ, കെ.എസ്.ഐ.ഡി.സി.-യുടെ സഹകരണത്തോടെ പതിനൊന്നോളം കലാലയങ്ങളിലും ഇൻക്യുബേഷൻ സെന്ററുകൾ പ്രവർത്തനമാരംഭിച്ചിട്ടുണ്ട്. നൂതനമായി ആശയങ്ങളുമായി വരുന്ന യുവസംരംഭകർക്ക് പ്രാഥമിക മൂലധനമായി 25 ലക്ഷം രൂപ വരെ നൽകിവരുന്നു. ഇതുകൂടാതെ കെ.എസ്.ഐ.ഡി.സി.-യുമായി സഹകരിക്കുന്ന യുവസംരംഭകർക്ക് കൃത്യമായ ഇടവേളകളിൽ മാർഗ്ഗനിർദ്ദേശ സെമിനാറുകളും മറ്റ് ചർച്ചായോഗങ്ങളും നടത്തിവരുന്നു.

**പതിനഞ്ചാം ധനകാര്യ കമ്മീഷൻ നിർദ്ദേശങ്ങൾ**

29(*59) ശ്രീ. പി. കെ. അബ്ദു റബ്ബ് :
ശ്രീ. ടി. എ. അഹമ്മദ് കബീർ :
ശ്രീ. മഞ്ഞളാംകുഴി അലി :
ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ നിർദ്ദേശങ്ങളിൽ സംസ്ഥാനത്തിന് ദോഷകരമായവ എന്തെല്ലാമാണ്;

(ബി) ഇക്കാര്യത്തിൽ സംസ്ഥാന സർക്കാരിന്റെ നിലപാട് ധനകാര്യ കമ്മീഷനെ അറിയിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(സി) ഏതെല്ലാം മേഖലയിലെ പ്രവർത്തനങ്ങൾക്കാണ് പ്രത്യേക കേന്ദ്ര സഹായം ആവശ്യപ്പെട്ടിട്ടുള്ളത് എന്ന് വെളിപ്പെടുത്താമോ?

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): (എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ താഴെപ്പറയുന്ന നിർദ്ദേശങ്ങൾ സംസ്ഥാനത്തിന് ദോഷകരമാണ്.

1. സംസ്ഥാനങ്ങൾക്കുള്ള നികുതി വിഹിതം നിശ്ചയിക്കുന്നതിന് മാനദണ്ഡമായി 2011-ലെ ജനസംഖ്യ ഉപയോഗിക്കുന്നത് (ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 8)

2. സംസ്ഥാനങ്ങൾക്ക് നൽകുന്ന റവന്യൂ കമ്മി ധനസഹായം പുനഃപരിശോധനാ വിധേയമാക്കുന്നത് (ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 5)

3. ഭരണഘടനാനുഛേദം 293(3) പ്രകാരം സംസ്ഥാനങ്ങൾക്ക് കടമെടുക്കുന്നതിന് കേന്ദ്രഗവൺമെന്റ് നൽകിവരുന്ന അനുവാദത്തിന് നിബന്ധനകൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുവാനുള്ള നിർദ്ദേശം (ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 6)

4. ഇൻസെന്റീവ് സംബന്ധിച്ച നിർദ്ദേശം (ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 7) ജനക്ഷേമകരമായ പദ്ധതികൾ നടപ്പിൽ വരുത്തുന്നത് നിയന്ത്രണവിധേയമാക്കുന്നത് [ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 7(viii)]

(ബി) ഉണ്ട്. പതിനഞ്ചാം ധനകാര്യ കമ്മീഷൻ സംസ്ഥാനത്ത് സന്ദർശനം നടത്തിയപ്പോൾ (28-5-2018 മുതൽ 31-5-2018 വരെ) ടേംസ് ഓഫ് റഫറൻസിലെ ദോഷകരമായ നിർദ്ദേശങ്ങൾ ശ്രദ്ധയിൽപ്പെടുത്തി സംസ്ഥാനത്തിന്റെ ആവശ്യങ്ങളടങ്ങുന്ന മെമ്മോറാണ്ടം കമ്മീഷന് കൈമാറിയിട്ടുണ്ട്. കൂടാതെ ടേംസ് ഓഫ് റഫറൻസിലെ അപാകതകൾ/ സഹകരണാത്മക ഫെഡറലിസത്തിന്റെ അന്തസ്സത്തയ്ക്ക് വിരുദ്ധമായ കാര്യങ്ങൾ തിരുത്തണമെന്ന നിലപാട് സംസ്ഥാന ധനമന്ത്രിമാരുടെ തിരുവനന്തപുരം, അമരാവതി കോൺക്ലേവുകൾ കൈക്കൊള്ളുകയും ആയത് ഒരു നിവേദനത്തിലൂടെ ആദരണീയനായ ഇന്ത്യൻ രാഷ്ട്രപതിയെ അറിയിക്കുകയും ചെയ്തിട്ടുണ്ട്.

(സി) പ്രത്യേക ഗ്രാന്റുകൾ നൽകാൻ കമ്മീഷൻ ശിപാർശ ചെയ്യുകയാണെങ്കിൽ താഴെപ്പറയുന്ന മേഖലകൾക്ക് ഗ്രാന്റ് ആവശ്യപ്പെട്ടിട്ടുണ്ട്.

(i) തീരപ്രദേശ സംരക്ഷണം - 1500 കോടി

(ii) വന സംരക്ഷണം - 1000 കോടി

(iii) റബ്ബർ കർഷകർക്കുള്ള സഹായം - 250 കോടി

(iv) മടങ്ങി വരുന്ന പ്രവാസികളുടെ പുനരധിവാസം - 1500 കോടി

(v)മെച്ചപ്പെട്ട തൊഴിൽ ലഭിക്കുന്നതിനാവശ്യമായ നൈപുണ്യ വികസനം - 750 കോടി

**ഇൻകെൽ.-ന്റെ പ്രവർത്തനങ്ങൾ**

30(*60) ശ്രീ. ആർ. രാമചന്ദ്രൻ :

ശ്രീ. ജി. എസ്. ജയലാൽ :

ശ്രീ. വി. ആർ. സുനിൽ കുമാർ :

ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിൽ ഇൻകെൽ വഹിക്കുന്ന പങ്ക് വിശദമാക്കാമോ;

(ബി) സംസ്ഥാനത്തെ ആരോഗ്യ മേഖലയിലെ അടിസ്ഥാന സൗകര്യ വികസനം, മാനേജ്മെന്റ് കൺസൾട്ടൻസി എന്നീ രംഗങ്ങളിൽ ഇൻകെൽ ഏതൊക്കെ തരത്തിലാണ് സഹായകരമാകുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഇൻകെൽ.-ന്റെ വ്യവസായ പാർക്കുകൾ എവിടെയൊക്കെയാണ്; അവിടങ്ങളിൽ നടക്കുന്ന ചെറുകിട വ്യവസായ പുരോഗതിയുടെ ഒരു വിവരണം ലഭ്യമാക്കുമോ;

(ഡി) റോഡ്, പാലം തുടങ്ങിയ അടിസ്ഥാന സൗകര്യ വികസന പദ്ധതികളിൽ ഇൻകെൽ വഹിക്കുന്ന പങ്ക് വ്യക്തമാക്കുമോ?

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): (എ) സംസ്ഥാനത്തെ വ്യവസായ അടിസ്ഥാന സൗകര്യ വികസനത്തിനതായി ഇൻകെൽ അങ്കമാലിയിൽ അഞ്ച് നിലകളിലായി അഞ്ച് ലക്ഷം ചതുരശ്ര അടി വിസ്തീർണമുള്ള രണ്ട് കെട്ടിടങ്ങൾ പണിത് പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭങ്ങൾക്ക് ദീർഘകാല പാട്ടത്തിന് നൽകിയിട്ടുണ്ട്. കൂടാതെ പുതിയ സംരംഭകരെ ഉദ്ദേശിച്ച് 8 ലക്ഷത്തോളം ചതുരശ്ര അടി വിസ്തീർണമുള്ള മറ്റൊരു കെട്ടിട സമുച്ചയം നിർമ്മിക്കുന്നതിനുള്ള നടപടികളും ഇൻകെൽ സ്വീകരിച്ചുവരുന്നു.

മലപ്പുറത്ത് വ്യവസായ സംരംഭങ്ങൾക്കും വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും മുൻഗണന നൽകിക്കൊണ്ട് ഒരു എഡ്യൂസിറ്റി വികസിപ്പിച്ചെടുത്തിട്ടുണ്ട്. കൂടാതെ, കൊച്ചിയിലെ വല്ലാർപ്പാടത്ത് ഇന്റർനാഷണൽ ട്രാൻസ്ഷിപ്പ്മെന്റ് ടെർമിനലിന് സമീപം ഒരു കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷൻ വികസിപ്പിച്ച് പ്രവർത്തന ക്ഷമമാക്കിയിട്ടുണ്ട്. സംസ്ഥാനത്ത് നിലവിൽ പ്രവർത്തിക്കുന്നതിൽവച്ച് ഏറ്റവും വലിയ കണ്ടെയ്നർ ഫ്രൈറ്റ് സ്റ്റേഷനാണിത്.

(ബി) ആരോഗ്യ കുടുംബക്ഷേമ വകുപ്പിന്റെ കീഴിൽ കിഫ്ബിയുടെ ധനസഹായത്തോടെ പത്തോളം ആശുപത്രികളുടെ നിർമ്മാണ പ്രവർത്തനത്തിനും നവീകരണത്തിനും വേണ്ടിയുള്ള എസ്.പി.വി. (പ്രത്യേക ഉദ്ദേശ കമ്പനി) ആയി ഇൻകെൽ പ്രവർത്തിക്കുന്നുണ്ട്. എസ്.പി.വി. എന്ന നിലയിൽ ആശുപത്രി കെട്ടിടങ്ങളുടെ ഡിസൈനിംഗ്, പ്ലാനിംഗ്, എസ്റ്റിമേഷൻ, ഡി.പി.ആർ. തയ്യാറാക്കൽ, ടെണ്ടറിംഗ്, നിർമ്മാണ പ്രവർത്തനങ്ങളുടെ മേൽനോട്ടം തുടങ്ങിയ വിവിധ മേഖലകളിൽ ഇൻകെൽ പ്രവർത്തിക്കുന്നു.

(സി) അങ്കമാലിയിലെ ബിസിനസ്സ് പാർക്ക്, മലപ്പുറത്തെ എഡ്യൂസിറ്റി എന്നിവയാണ് ഇൻകെലിന്റെ വ്യവസായ പാർക്കുകൾ.

അങ്കമാലിയിലെ ബിസിനസ്സ് പാർക്കിൽ അഞ്ച് നിലകളിലുള്ള രണ്ട് കെട്ടിടങ്ങളിലായി പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭങ്ങൾക്ക് ദീർഘകാല പാട്ടത്തിന് നൽകിയിട്ടുണ്ട്. കൂടാതെ അഞ്ച് ലക്ഷം ചതുരശ്ര അടി സ്ഥലത്ത് 9 വ്യവസായ സംരംഭങ്ങളും നാല് നൈപുണ്യ വികസന കേന്ദ്രങ്ങളും പ്രവർത്തിക്കുന്നുണ്ട്.

മലപ്പുറത്തെ എഡ്യൂസിറ്റിയിൽ അഞ്ച് വിദ്യാഭ്യാസ സ്ഥാപനങ്ങളും ചെരുപ്പുനിർമ്മാണം, കോൺക്രീറ്റ് മിക്സിംഗ് യൂണിറ്റ്, ജൂവലറി, ഫർണിച്ചർ നിർമ്മാണം തുടങ്ങി ഇരുപത്തിരണ്ടോളം വ്യവസായ സംരംഭങ്ങളും പ്രവർത്തിക്കുന്നു.

ഈ രണ്ട് പാർക്കുകളിലും പുതിയ വ്യവസായ സംരംഭകർക്ക് അവരുടെ ആവശ്യാനുസരണം സ്ഥലമോ കെട്ടിടഭാഗമോ നൽകുന്നതിനുള്ള നടപടികളും നടന്നുവരുന്നു.

(ഡി) കേരള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി (RICK)-യുടെ കീഴിൽ കോട്ടയത്തും തിരുവനന്തപുരത്തുമായി 58 കി.മീ. ദൈർഘ്യമുള്ള രണ്ട് റോഡുകളുടെ നവീകരണം Annuity പദ്ധതിയനുസരിച്ച് ഏറ്റെടുത്ത് നടപ്പിലാക്കി. കൂടാതെ പൊതുമരാമത്ത് വകുപ്പിന്റെയും റോഡ്സ് & ബ്രിഡ്ജസ് കോർപ്പറേഷന്റെയും കീഴിൽ 5 പാലങ്ങളുടെ പണിയും സമയബന്ധിതമായി പുരോഗമിച്ചുവരുന്നു.

## (ii) നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങളുടെ ഉത്തരങ്ങൾ

### ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പരിശോധന

1(445) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ധനകാര്യ ഇൻസ്പെക്ഷൻ വിഭാഗം പരിശോധനയിൽ കണ്ടെത്തിയ അപാകതകൾ പരിഹരിക്കുവാൻ ആവശ്യമായ നടപടികൾ സ്വീകരിക്കാറുണ്ടോ; വ്യക്തമാക്കുമോ;

(ബി) 2017 ജനുവരി മുതൽ, പരിശോധനയിൽ അപാകതകൾ കണ്ടെത്തിയ വകുപ്പുകളും ഓഫീസുകളും ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(സി) ധനവിനിയോഗത്തിന് മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾ എന്തെല്ലാമാണെന്നും പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഡി) സാമ്പത്തിക തിരിമറി നടത്തിയ സ്ഥാപനങ്ങൾ ഏതെല്ലാം; തിരിമറി നടത്തിയ തുക എത്രയെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ധനകാര്യ പരിശോധന വിഭാഗം വിവിധ ഓഫീസുകളിൽ നടത്തുന്ന പരിശോധനകളിൽ കണ്ടെത്തുന്ന അപാകതകളും പരിഹാര നിർദ്ദേശങ്ങളുമടങ്ങുന്ന പരിശോധനാ റിപ്പോർട്ടുകളിലെ ശിപാർശകളിന്മേൽ സ.ഉ(പി) നമ്പർ 506/92/ധന. തീയതി 20-8-1992, സ.ഉ(പി)നമ്പർ 2981/98/ധന തീയതി 25-11-1998, സർക്കുലർ നമ്പർ 56/FIW-ജി1/08/ധന തീയതി 30-8-2008 എന്നിവയിലെ ഉത്തരവുകൾക്ക് അനുസൃതമായി തുടർ നടപടികൾ സ്വീകരിക്കുന്നതിന് ബന്ധപ്പെട്ട ഭരണ വകുപ്പുകൾക്ക് നൽകിവരുന്നു.

(ബി) ധനകാര്യ പരിശോധന വിഭാഗം 2017 ജനുവരി 1 മുതൽ 2018 മേയ് 28 വരെയുള്ള കാലയളവിൽ നടത്തിയ പരിശോധനകളിൽ അപാകതകൾ കണ്ടെത്തിയ ഓഫീസുകളുടെയും വകുപ്പുകളുടെയും വിശദാംശങ്ങൾ അനുബന്ധത്തിൽ* ചേർത്തിട്ടുണ്ട്.

(സി) നടപടി സ്വീകരിക്കേണ്ടത് ബന്ധപ്പെട്ട ഭരണ വകുപ്പുകളാണ്. ധനവിനിയോഗത്തിനുള്ള സർക്കാർ മാർഗ്ഗനിർദ്ദേശങ്ങൾ പാലിക്കാത്ത സ്ഥാപനങ്ങൾ, പ്രസ്തുത സ്ഥാപനങ്ങൾക്കെതിരെ ശിപാർശ ചെയ്തിട്ടുള്ള നടപടികൾ എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.*

(ഡി) സാമ്പത്തിക തിരിമറി നടത്തിയ സ്ഥാപനങ്ങൾ, തിരിമറി നടത്തിയ തുക എന്നിവയുടെ വിശദാംശങ്ങൾ അനുബന്ധം-3 -ൽ ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## പങ്കാളിത്ത പെൻഷൻ പദ്ധതി

2(446) ശ്രീ. എൻ. ഷംസുദ്ദീൻ:

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതി ഉപേക്ഷിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഇതിനായി എന്തെങ്കിലും നടപടിക്രമങ്ങൾ ധനകാര്യ വകുപ്പിന്റെ ഭാഗത്തുനിന്നും ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ ഏതെല്ലാം നടപടിക്രമങ്ങളാണ് ആരംഭിച്ചിട്ടുള്ളതെന്നതിന്റെ വിശദവിവരം നൽകുമോ?

ഉത്തരം

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

## പൊതുമേഖലയിലെ പദ്ധതികൾ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുവാൻ നടപടി

3(447) ശ്രീ. റോഷി അഗസ്റ്റിൻ :

ശ്രീ. മോൻസ് ജോസഫ് :

ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടേതായ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിരുന്ന പണം മുഴുവൻ മാർച്ച് 31-ന് മുമ്പ് സർക്കാർ പിൻവലിച്ചത് കാരണം പൊതുമേഖലയിലെ പദ്ധതികൾ മുടങ്ങുന്ന സാഹചര്യം ഒഴിവാക്കുവാൻ സ്വീകരിച്ച നടപടികളെക്കുറിച്ച് വിശദമാക്കാമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾക്ക് ആഴ്ചതോറും പിൻവലിക്കാവുന്ന തുകയുടെ പരിധി കുറച്ചുകൊണ്ടിരിക്കുന്നത് കാരണം പൊതുമേഖലാ സ്ഥാപനങ്ങളുടെ ധനകാര്യ സ്ഥിതി മോശമാകുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കാമോ;

(സി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഫണ്ടിനുവേണ്ടി പലതവണ സെക്രട്ടേറിയറ്റിൽ ധനകാര്യവകുപ്പിന്റെ ഓഫീസിൽ കയറി ഇറങ്ങുന്ന അവസ്ഥയ്ക്ക് പരിഹാരം കാണുന്നതിന് ആവശ്യമായ നടപടി സ്വീകരിക്കുമോ;

(ഡി) പ്രസ്തുത നയം കാരണം പദ്ധതികൾ പാടെ നിലച്ചതായി പറയപ്പെടുന്ന അവസ്ഥ പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടേതായ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടുകളിൽനിന്നും പിൻവലിച്ച തുക തിരികെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ ധനകാര്യ (സ്കീംലൈനിംഗ്) സെക്ഷനിൽനിന്നും പുറപ്പെടുവിച്ചിട്ടുള്ള ജി.ഒ.(പി) നമ്പർ 24/2018/ ധന തീയതി 20-2-2018, ജി.ഒ.(പി) നമ്പർ 27/2018/ധന തീയതി 26-2-2018, സർക്കുലർ നമ്പർ 25/2018/ ധന തീയതി 3-4-2018, സർക്കുലർ നമ്പർ 41/2018/ ധന തീയതി 7-5-2018 എന്നീ ഉത്തരവുകളിലൂടെ വ്യക്തമാക്കിയിട്ടുണ്ട്.

(ബി) ട്രഷറി ഇടപാടുകളിലെ ക്രമീകരണത്തിന്റെ ഭാഗമായി പുറപ്പെടുവിക്കുന്ന ഉത്തരവുകളും നിർദ്ദേശങ്ങളും പൊതുമേഖലാ സ്ഥാപനങ്ങൾക്കും ബാധകമാണ്. എന്നാൽ ആഴ്ചയിൽ പിൻവലിക്കാവുന്ന തുകയ്ക്ക് എന്തെങ്കിലും പരിധി നിശ്ചയിച്ചുകൊണ്ടുള്ള നിർദ്ദേശങ്ങൾ ഒന്നുംതന്നെ ധനകാര്യവകുപ്പിൽനിന്നും പുറപ്പെടുവിച്ചിട്ടില്ല.

(സി&ഡി) അത്തരമൊരവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടില്ല. ഫണ്ട് റിലീസ് പ്രൊപ്പോസലുകൾ പരിശോധിച്ച് ആവശ്യമായവ റിലീസ് ചെയ്യുന്നതിനുള്ള അനുമതി സമയബന്ധിതമായി ധനവകുപ്പിൽനിന്നും നൽകിവരുന്നു.

**ധനവകുപ്പിന്റെ അംഗീകാരമുള്ള അക്രഡിറ്റഡ് ഏജൻസികൾ**

4(448) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ധനവകുപ്പിന്റെ അംഗീകാരമുള്ള അക്രഡിറ്റഡ് ഏജൻസികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത അക്രഡിറ്റഡ് ഏജൻസികൾക്ക് ഏതൊക്കെ പ്രവൃത്തികൾ നിർവ്വഹിക്കുന്നതിനുള്ള അംഗീകാരമാണ് നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഏതൊക്കെ അക്രഡിറ്റഡ് ഏജൻസികളുടെ അംഗീകാരം റദ്ദുചെയ്തിട്ടുണ്ടെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി)

| Sl. No. | Name of Agency | Area of Accreditation |
|---|---|---|
| (1) | (2) | (3) |
| 1 | Kerala State Electricity Board Ltd. (KSEB) | General Works as PMC |
| 2 | KITCO Ltd | General Works as PMC |
| 3 | Bharath Sanchar Nigam Ltd. (BSNL) | General Works as PMC |
| 4 | Kerala State Construction Corporation Ltd. (KSCC Ltd.) | General Works as PMC |
| 5 | Uralungal Labour Contract Co-operative Society Ltd. (ULCCS Ltd.) | General Works without bidding process as Non PMC |
| 6 | Kerala State Housing Board (KSHB) | Building works |
| 7 | Kerala State Nirmithi Kendra (KESNIK) | General Works as PMC |
| 8 | Kerala State Coastal Area Development Corporation (KSCADC) | Building works in Fisheries Sector and coastal areas |
| 9 | Kerala Police Housing and Constrution Corporation Ltd. (KPHCC) | Building works of all Departments as PMC |
| 10 | Kerala Electrical & Allied Engineering Ltd.(KEL) | Electro Mechanical works and Civil Works as PMC |
| 11 | Steel Industries Keala Ltd. (SILK) | Steel Structures, Electro Mechanical Works and Civil works which are part of the contract works where design and fabrication of steel structures is involved as PMC |

| (1) | (2) | (3) |
|---|---|---|
| 12 | Centre for Science and Technology for Rural Development (COSTFORD) | General Works as PMC. In the case of Cost effective works, that can be executed without bidding process as non PMC |
| 13 | Kerala Land Development Corporation Ltd. (KLDC) | Land Development works as PMC |
| 14 | Infrastructure Kerala Ltd. (INKEL) | Industrial Land Development works as PMC |
| 15 | Habitat | General Works as PMC. In the case of low cost or cost effective works, works can be executed without bidding process as Non PMC |
| 16 | Kerala Irrigation Infrastructure Development Corporation Ltd. (KIIDC) | Irrigation related works as PMC |
| 17 | Kerala Health Research & Welfare Society (KHRWS) | Building Works as PMC under Health Department. |
| 18 | Kerala State Electronics Development Corporation Ltd. (KELTRON) | PMC for works approved by IT Department under the scheme MLA-SDF and LACADS and Civil works costing less than Rs. 50 lakh |
| 19 | Kerala Agro Industries Corporation Ltd. (KAICO) | Industrial building works as PMC |
| 20 | District Nirmithi Kendra, Wayanad | Cost effective works without bidding process within the District of their sphere of activity as Non PMC and general works as PMC |
| 21 | District Nirmithi Kendra, Thrissur | Cost effective works without bidding process within the District of their sphere of activity as Non-PMC |

| (1) | (2) | (3) |
|---|---|---|
| 22 | District Nirmithi Kendra Kottayam | Cost effective works without bidding process within the District of their sphere of activity as Non PMC |
| 23 | District Nirmithi Kendra Kozhikkode | Cost effective works without bidding process within the District of their sphere of activity as Non PMC and general works as PMC |
| 24 | District Nirmithi Kendra Kannur | Cost Effective works without bidding process within the District of their sphere of activity as Non PMC and General Civil Construction Works as PMC |
| 25 | District Nirmithi Kendra Malappuram | Cost effective works without bidding process within the District of their sphere of activity as Non-PMC |
| 26 | District Nirmithi Kendra Palakkad | Cost effective works without bidding process within the District of their sphere of activity as Non-PMC and general works as PMC |
| 27 | District Nirmithi Kendra Kollam | Cost effective works without bidding process within the district of their sphere of activity as Non-PMC |
| 28 | District Nirmithi Kendra Alappuzha | Cost effective works without bidding process within the District of their sphere of activity as Non-PMC. Also general works as PMC |
| 29 | District Nirmithi Kendra Kasargode | Cost effective works without bidding process within the district of their sphere of activity as Non-PMC |

| (1) | (2) | (3) |
|---|---|---|
| 30 | District Nirmithi Kendra Ernakulam | Cost effective works without bidding process within the district of their sphere of activity as Non-PMC |
| 31 | HLL Infra Tech Services Ltd. (HITES) | General Works as PMC |
| 32 | WAPCOS | General Works as PMC |
| 33 | Pinarayi Industrial Co-operative Society Ltd. (PICOS) | General Works within the District of their sphere of activity as PMC for 1 year. |
| 34 | Thrissur District Labour Contract Co-operative Society | General Works without bidding process as Non PMC |
| 35 | District Nirmithi Kendra Thiruvananthapuram | Cost effective works without bidding process within the district of their sphere of activity as Non PMC |
| 36 | District Nirmithi Kendra, Pathanamthitta | Cost effective works without bidding process within the district of their sphere of activity as Non PMC |
| 37 | KEL | Electro Mechanical works and Civil works as PMC |
| 38 | HITES | General Civil Construction Works as PMC. But in the case of Construction of Kollam Medical College, the Service work of HITES will be Non-PMC |
| 39 | INKEL | General Civil Construction Works as PMC |

| (1) | (2) | (3) |
|---|---|---|
| 40 | RBDCK | Roads/Bridges/Flyover Works, General Civil Construction Works as PMC |
| 41 | HLL Life Care | Building works, General Civil Construction works as PMC |
| 42 | KSIE | General Civil Construction Works as PMC |
| 43 | FIT | General Civil Works of Government Department other than PWD as PMC |
| 44 | SIDCO | Civil Works of Government Departments other than PWD as PMC |
| 45 | District Nirmithi Kendra, Idukki | Cost effective works without bidding process within the District of their sphere of activity as Non-PMC. Also General Construction works as PMC. |

(സി) Hindustan Pre-fab Ltd.,

Kerala Transport Development Finance Corporation (KTDFC)

## തദ്ദേശഭരണ സ്ഥാപനങ്ങളുടെ ട്രഷറി നിക്ഷേപം തിരികെ ഈടാക്കിയ നടപടി

5(449) ശ്രീ. മഞ്ഞളാംകുഴി അലി :

ഡോ. എം. കെ. മുനീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിവിധ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ യഥാർത്ഥ ചെലവ് നിർവ്വഹിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ചിരുന്ന തുക പിൻവലിച്ച് സംസ്ഥാനത്തിന്റെ കണക്കിലേക്ക് തിരികെ കൊണ്ടുവരാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏതെങ്കിലും തുകകൾ തിരികെ ഈടാക്കിയിട്ടുണ്ടോ; എങ്കിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഈടാക്കിയ തുകയുടെ വിശദാംശം ലഭ്യമാക്കുമോ;

(ബി) ഇത്തരത്തിൽ തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ഈടാക്കിയ ഏതെങ്കിലും തുക തിരികെ നൽകാൻ ഉത്തരവായിട്ടുണ്ടോ; എങ്കിൽ എത്ര തുക തിരികെ നൽകിയിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(സി) തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും തുക തിരികെ ഈടാക്കിയതു കാരണം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ഏതെങ്കിലും തരത്തിലുള്ള പ്രവർത്തനങ്ങളെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോയെന്ന് ധനകാര്യവകുപ്പ് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിവിധ വകുപ്പുകൾ/പൊതുമേഖലാ സ്ഥാപനങ്ങൾ കാലാകാലങ്ങളിൽ യഥാർത്ഥ ചെലവ് നിർവ്വഹിക്കാതെ ട്രഷറിയിൽ നിക്ഷേപിച്ചിരുന്ന തുക പിൻവലിച്ച് സംസ്ഥാനത്തിന്റെ കണക്കിലേയ്ക്ക് തിരികെ കൊണ്ടുവരാൻ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ തുകകൾ തിരികെ ഈടാക്കിയിട്ടുണ്ട്.

| | | |
|---|---|---|
| കോർപ്പറേഷൻ | - | 614887019 |
| മുനിസിപ്പാലിറ്റി | - | 767387920 |
| ജില്ലാ പഞ്ചായത്ത് | - | 896877775 |
| ബ്ലോക്ക് പഞ്ചായത്ത് | - | 1007998260 |
| ഗ്രാമ പഞ്ചായത്ത് | - | 8416236204 |
| ആകെ | | 1170,33,87,178 |

(ബി) തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും ഈടാക്കിയ തുക തിരികെ നൽകാൻ ഉത്തരവായിട്ടുണ്ട്. 3-4-2018-ലെ ജി.ഒ.(ആർ.റ്റി.) നമ്പർ 3151/18/ധന പ്രകാരം തിരികെ നൽകിയ തുകകളുടെ വിശദാംശങ്ങൾ ഇപ്രകാരമാണ്.

| | | |
|---|---|---|
| കോർപ്പറേഷൻ | - | 597702986 |
| മുനിസിപ്പാലിറ്റി | - | 673205893 |
| ജില്ലാ പഞ്ചായത്ത് | - | 890509085 |
| ബ്ലോക്ക് പഞ്ചായത്ത് | - | 984044145 |
| ഗ്രാമ പഞ്ചായത്ത് | - | 8206649364 |
| ആകെ | - | 1135,21,11,473 |

30-5-2018-ലെ ജി.ഒ.(ആർ.റ്റി)നമ്പർ 4606/18/ധന പ്രകാരം തിരികെ നൽകാൻ ഉത്തരവായ തുകയുടെ വിവരം ചുവടെ ചേർക്കുന്നു:

| | | |
|---|---|---|
| കോർപ്പറേഷൻ | - | 17184033 |
| മുനിസിപ്പാലിറ്റി | - | 94182027 |
| ജില്ലാ പഞ്ചായത്ത് | - | 6368690 |
| ബ്ലോക്ക് പഞ്ചായത്ത് | - | 23954115 |
| ഗ്രാമ പഞ്ചായത്ത് | - | 209586840 |
| ആകെ | - | 35,12,75,705 |

(സി) ഇക്കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

## 2017-18 സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം

6(450) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം സംസ്ഥാനം പ്രതീക്ഷിച്ച വരുമാനം, ഏതെല്ലാം സ്രോതസ്സുകളിലൂടെ എത്ര കോടി രൂപ വീതമായിരുന്നുവെന്നും ഇതിൽ കേന്ദ്ര ഗവൺമെന്റ് വഴിയുള്ളവ, സംസ്ഥാനത്ത് നിന്നുള്ളവ ഇനം തിരിച്ച് ലഭ്യമാക്കാമോ;

(ബി) പ്രതീക്ഷിച്ച വരുമാനത്തിൽ കേന്ദ്ര ഗവൺമെന്റ് വഴിയും സംസ്ഥാന ഗവൺമെന്റ് വഴിയും 31-3-2018 വരെ ലഭിച്ച തുക, ഓരോ ഇനത്തിലും എത്ര വീതമെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനം പ്രതീക്ഷിച്ച റവന്യൂ വരുമാനവും 31-3-2018 വരെ ലഭിച്ച റവന്യൂ വരുമാനവും സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | വരുമാനം | പ്രതീക്ഷിത വരുമാനം | ലഭിച്ച വരുമാനം * |
|---|---|---|---|
| 1 | സംസ്ഥാന തനത് നികുതി വരുമാനം | 53411.49 | 48399.51 |
| 2 | സംസ്ഥാന നികുതിയേതര വരുമാനം | 12037.79 | 11179.5 |
| 3 | കേന്ദ്ര നികുതി വിഹിതം | 16891.75 | 14893.21 |
| 4 | ഗ്രാന്റ് ഇൻ-എയ്ഡ് | 11243.71 | 8454.96 |
| | റവന്യൂ വരുമാനം (1+2+3+4) | 93584.74 | 82927.18 |

* AG-യുടെ പ്രാഥമിക കണക്കുകൾ പ്രകാരം

## സാമൂഹ്യ സുരക്ഷാ പെൻഷൻ

7(451) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷ പെൻഷൻകാർക്ക് എത്ര രൂപയുടെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു; എത്ര രൂപയായിരുന്നു പെൻഷൻ; എത്ര പേർക്ക് പെൻഷൻ നല്കിയിട്ടുണ്ട്;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം സാമൂഹ്യ സുരക്ഷ പെൻഷൻ ഇനത്തിൽ എത്ര രൂപ നല്കിയിട്ടുണ്ട്; എത്ര രൂപയായി പെൻഷൻ വർദ്ധിപ്പിച്ചിട്ടുണ്ട്; എത്രപേർക്ക് നല്കി; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സാമൂഹ്യ സുരക്ഷാ പെൻഷൻകാർക്ക് 1473.67 കോടി രൂപയുടെ പെൻഷൻ കുടിശ്ശികയുണ്ടായിരുന്നു. മുൻ സർക്കാരിന്റെ കാലത്ത് ഓരോ പെൻഷൻ ഇനത്തിലുമുള്ള പെൻഷൻ തുക ചുവടെ ചേർക്കുന്നു :

| പെൻഷൻ ഇനം | | പെൻഷൻ തുക |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സിന് മുകളിൽ | 1500 |
| | 75 വയസ്സിനുള്ളിൽ | 600 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനവും അതിന് മുകളിലും | 1100 |
| | 80 ശതമാനത്തിന് താഴെ | 800 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 800 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 800 |
| കർഷകത്തൊഴിലാളി പെൻഷൻ | | 600 |

മുൻ സർക്കാരിന്റെ കാലത്ത് 3443414 പേർക്ക് പെൻഷൻ നൽകിയിട്ടുണ്ട്.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യസുരക്ഷാ പെൻഷൻ ഇനത്തിൽ 10,707 കോടി രൂപ നൽകിയിട്ടുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സാമൂഹ്യ സുരക്ഷാ പെൻഷൻ ഇനത്തിൽ ചുവടെ ചേർത്തിരിക്കും പ്രകാരം തുക വർദ്ധിപ്പിച്ച് നൽകിയിട്ടുണ്ട്:

| പെൻഷൻ ഇനം | | പെൻഷൻ തുക |
|---|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 75 വയസ്സിന് മുകളിൽ | 1500 |
| | 75 വയസ്സിനുള്ളിൽ | 1100 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 80 ശതമാനവും അതിന് മുകളിലും | 1300 |
| | 80 ശതമാനത്തിന് താഴെ | 1100 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | | 1100 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | | 1100 |
| കർഷകത്തൊഴിലാളി പെൻഷൻ | | 1100 |

നിലവിലെ പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം ചുവടെ ചേർക്കുന്നു :

| പെൻഷൻ ഇനം | പെൻഷൻ ഗുണഭോക്താക്കളുടെ എണ്ണം |
|---|---|
| ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ | 2064305 |
| ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ | 379531 |
| ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ | 1232169 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതകൾക്കുള്ള പെൻഷൻ | 77373 |
| കർഷകത്തൊഴിലാളി പെൻഷൻ | 475831 |

**സാമൂഹ്യ സുരക്ഷാ പെൻഷൻ**

8(452) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാർ കാലയളവിൽ നിലവിലുണ്ടായിരുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾ ഏതെല്ലാമാണ് ; അവ ഓരോ വിഭാഗത്തിലും എത്ര പേർക്ക് നല്കിയിരുന്നെന്നും നല്കിയിരുന്ന തുക എത്രയെന്നും നല്കുവാനുണ്ടായിരുന്ന കുടിശ്ശിക എത്രയായിരുന്നെന്നും വിഭാഗം തിരിച്ച് വിശദവിവരം ലഭ്യമാക്കുമോ;

(ബി) ഈ സർക്കാർ കാലയളവിൽ നാളിതുവരെ സാമൂഹ്യ സുരക്ഷാ പെൻഷൻ (വിഭാഗം തിരിച്ച്) വാങ്ങുന്നവർ എത്രയെന്നും, ഇതിൽ അനധികൃതമായി

ഒഴിവാക്കപ്പെട്ടവർ എത്രയെന്നും, പുതുതായി എത്ര പേർക്ക് പെൻഷൻ അനുവദിച്ചെന്നും , ഓരോ വിഭാഗത്തിനും എത്ര തുകയുടെ വർദ്ധനവു നൽകിയെന്നും വിഭാഗം തിരിച്ച് വിശദവിവരം നൽകുമോ;

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ നല്കുന്നതിനുള്ള മാനദണ്ഡങ്ങൾ ഉൾക്കൊണ്ട ഉത്തരവുകളുടെ (വിഭാഗം തിരിച്ച്) പകർപ്പുകൾ ലഭ്യമാക്കുമോ;

(ഡി) ചില അനർഹർ സാമൂഹ്യ സുരക്ഷാ പെൻഷൻ അനധികൃതമായി വാങ്ങുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;എങ്കിൽ ഇവരെ കണ്ടെത്താനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ&ബി) മറുപടി അനുബന്ധമായി ചേർത്തിരിക്കുന്നു.*

(സി) സാമൂഹ്യ സുരക്ഷാ പെൻഷൻ സംബന്ധിച്ച ഉത്തരവുകൾ സംയോജിപ്പിച്ചുകൊണ്ട് പുറപ്പെടുവിച്ച 6-11-2017-ലെ സ.ഉ.(എം.എസ്.)നമ്പർ 483/2017/ധന സർക്കാർ ഉത്തരവിന്റെ പകർപ്പ് ഉള്ളടക്കം ചെയ്യുന്നു. *

(ഡി) സാമൂഹ്യ സുരക്ഷാ പെൻഷൻ ഗുണഭോക്താക്കളിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന വിവരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇവരെ കണ്ടെത്തുന്നതിലേയ്ക്കുള്ള നടപടികളുടെ മുന്നോടിയായി ഗുലാത്തി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഫിനാൻസ് & ടാക്സേഷൻ മുഖാന്തരം ഒരു സർവ്വേ നടന്നുവരുന്നു.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

9(453) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ 2018 മാർച്ച് 31-ലെ കണക്കുപ്രകാരം ജീവനക്കാരിൽനിന്നും എത്ര തുക ശേഖരിച്ചിട്ടുണ്ട്; സർക്കാർ എത്ര രൂപ മാച്ചിങ്ങ് ഗ്രാന്റ് ആയി അടച്ചിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) ഏതു ബാങ്കിലാണ് തുക ഒടുക്കുന്നതെന്ന് അറിയിക്കുമോ;

(സി) എത്ര ജീവനക്കാർ നിലവിൽ എൻ.പി.എസ്. അംഗങ്ങളായിട്ടുണ്ടെന്നും ഇതിൽ സർക്കാർ ജിവനക്കാർ എത്രയെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ <u>പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 മാർച്ച് 31 വരെ 432.48 കോടി രൂപ</u>

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജീവനക്കാരുടെ വിഹിതമായി ശേഖരിച്ചിട്ടുണ്ട്. മാച്ചിംഗ് ഗ്രാന്റായി സർക്കാർ 432.48 കോടി രൂപ അടച്ചിട്ടുണ്ട്.

(ബി) PFRDA നിയോഗിച്ചിട്ടുള്ള ട്രസ്റ്റി ബാങ്കായ ആക്സിസ് ബാങ്ക് മുഖേനയാണ് പെൻഷൻ തുക അടവാക്കുന്നത്.

(സി) ദേശീയ പെൻഷൻ പദ്ധതിയുടെ സെൻട്രൽ റിക്കോർഡ്സ് കീപ്പിംഗ് ഏജൻസിയായ നാഷണൽ സെക്യൂരിറ്റീസ് ഡിപ്പോസിറ്ററി ലിമിറ്റഡിന്റെ പ്രതിമാസ റിപ്പോർട്ട് പ്രകാരം 2018 മാർച്ച് 31 വരെ ആകെ 89,764 ജീവനക്കാർ എൻ.പി.എസിൽ അംഗങ്ങളായിട്ടുണ്ട്. ഇതിൽ 70,257 പേർ സർക്കാർ ജീവനക്കാരാണ്.

### സംസ്ഥാനത്തെ കേന്ദ്രാവിഷ്കൃത പദ്ധതികളുടെ ഫണ്ട് വിനിയോഗം

10(454) ശ്രീ. കെ. കൃഷ്ണൻകുട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്ത് നടപ്പിലാക്കിയ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരിരുന്ന സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിഹിതങ്ങൾ പദ്ധതി തിരിച്ച് നൽകാമോ;

(ബി) 2018-19 സാമ്പത്തിക വർഷങ്ങളിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾ ഏതൊക്കെയാണെന്നും ഓരോ പദ്ധതിക്കും സർക്കാർ തയ്യാറാക്കി സമർപ്പിച്ച പ്രോജക്ടുകളുടെ തുക എത്രയാണെന്നും അതിൽ ഓരോന്നിലും സംസ്ഥാന വിഹിതം എത്രയാണെന്നും വ്യക്തമാക്കാമോ ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി വകയിരുത്തിയിരുന്ന സംസ്ഥാന സർക്കാരിന്റെയും കേന്ദ്ര സർക്കാരിന്റെയും വിഹിതങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു. *

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ നടപ്പിലാക്കാനുദ്ദേശിക്കുന്ന കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി കേന്ദ്ര സർക്കാരിന് തയ്യാറാക്കി സമർപ്പിച്ച പദ്ധതികളുടെ അടിസ്ഥാനത്തിലാണ് 2018-19 സംസ്ഥാന ബഡ്ജറ്റിൽ കേന്ദ്രാവിഷ്കൃത പദ്ധതികൾക്കായി തുക വകയിരുത്തിയിട്ടുള്ളത്. ഇപ്രകാരം വകയിരുത്തിയിട്ടുള്ള കേന്ദ്രാവിഷ്കൃത പദ്ധതികളുടെ കേന്ദ്ര വിഹിതവും സംസ്ഥാന വിഹിതവും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## റവന്യൂ വരുമാനം

11(455) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ സംസ്ഥാനത്തെ ആകെ റവന്യൂ വരുമാനം എത്രയെന്നും ഏറ്റവുമധികം വരുമാനം ഏത് മേഖലയിൽ നിന്നാണ് ലഭ്യമായതെന്നും വ്യക്തമാക്കാമോ;

(ബി) ഓരോ വർഷത്തേയും കണക്ക് വെവ്വേറെ വെളിപ്പെടുത്താമോ?

ഉത്തരം

(എ&ബി) 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ റവന്യൂ വരുമാനം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| | 2016-17 | 2017-18 |
|---|---|---|
| റവന്യൂ വരുമാനം | 75611.72 | 82927.19 (അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം) |

ഇതിൽ ഏറിയ പങ്കും സംസ്ഥാന തനത് നികുതി വരുമാനത്തിൽ വാറ്റ്/ജി.എസ്.റ്റി., സെയിൽ ടാക്സ്) നിന്നുമാണ് ലഭിക്കുന്നത്.

## കഴിഞ്ഞ സാമ്പത്തിക വർഷത്തിലെ ബഡ്ജറ്റ് വിഹിതവും ചെലവും

12(456) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-മാർച്ച് 31-ന് അവസാനിച്ച സാമ്പത്തിക വർഷത്തിലെ കണക്കുപ്രകാരം പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതമായി അനുവദിച്ച തുകയും ചെലവഴിച്ച തുകയും ഉൾപ്പെടുത്തിയ വിശദമായ സ്റ്റേറ്റ്മെന്റ് വകുപ്പ് തിരിച്ച് നൽകുമോ;

(ബി) ഏതെങ്കിലും വകുപ്പ് റ്റി.എസ്.ബി. അക്കൗണ്ടുകളിലോ റ്റി.എസ്.പി. അക്കൗണ്ടുകളിലോ തുക വകമാറ്റിയിട്ട് എക്സ്പെൻഡീച്ചർ രേഖപ്പെടുത്തിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇപ്രകാരം ചെയ്യുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ പ്ലാൻ, നോൺ പ്ലാൻ ഇനങ്ങളിൽ ബഡ്ജറ്റ് വിഹിതമായി (ഉപധനാഭ്യർത്ഥന ഉൾപ്പെടെ) വകയിരുത്തിയ തുകയും അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം 2018 മാർച്ച് 31 വരെ ചെലവഴിച്ച തുകയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു*.

(ബി) വിവരം ശേഖരിച്ചുവരുന്നു.

**നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിന് നടപടി**

13(457) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന്റെ നികുതി-നികുതിയേതര വരുമാനം എത്രയായിരുന്നുവെന്ന് വ്യക്തമാക്കാമോ;

(ബി) 2018-19 സാമ്പത്തിക വർഷത്തിൽ നികുതി-നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കുന്നതിനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ ധനസ്ഥിതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കാമോ;

(ഡി) സംസ്ഥാനത്ത് ഏതെങ്കിലും തരത്തിലുള്ള ചെലവുകൾക്ക് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) അക്കൗണ്ടന്റ് ജനറലിന്റെ പ്രാഥമിക കണക്കുകൾ പ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ സംസ്ഥാനത്തിന് ലഭിച്ച നികുതി-നികുതിയേതര വരുമാനം സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| ക്രമ നമ്പർ | ഇനം | ലഭിച്ച വരുമാനം |
|---|---|---|
| 1 | സംസ്ഥാന തനത് നികുതി വരുമാനം | 48399.51 |
| 2 | സംസ്ഥാന നികുതിയേതര വരുമാനം | 11179.5 |
| 3 | കേന്ദ്ര നികുതി വിഹിതം | 14893.21 |
| 4 | ഗ്രാന്റ് ഇൻ-എയ്ഡ് | 8454.96 |
| | റവന്യൂ വരുമാനം (1+2+3+4) | 82927.18 |

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടുവരികയാണ്. എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിന് സർക്കാർ ഉദ്ദേശിക്കുന്നു. നികുതിപിരിവ് കാര്യക്ഷമമാക്കുന്നതിനായി വിവര സാങ്കേതികവിദ്യയുടെ സാദ്ധ്യതകൾ പ്രയോജനപ്പെടുത്തുകയും ഇന്റലിജൻസ് സ്ക്വാഡുകളെ പുനഃസംഘടിപ്പിക്കുകയും ചെയ്യുന്നതാണ്. നികുതി കുടിശ്ശിക അസസ്മെന്റ് കാര്യക്ഷമമാക്കുകയും റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തുകയും നികുതി ചോർച്ച തടയുന്നതിന് നടപടി സ്വീകരിക്കുകയും ചെയ്യും. മോട്ടോർ വാഹന നികുതി ഇനത്തിൽ വർദ്ധനവ് ലഭിക്കുന്ന രീതിയിൽ ആവശ്യമായ പരിഷ്കാരങ്ങൾ വരുത്തുന്നതാണ്. ഭൂമിയുടെ ന്യായവിലയിൽ 10% വർദ്ധനവ് വരുത്തിയിട്ടുണ്ട്. സംസ്ഥാനത്ത് ഭൂമിയുടെ ന്യായവില യുക്തിസഹമായി പുനർനിർണ്ണയിക്കുന്നതിന് നടപടി സ്വീകരിക്കുന്നതാണ്. അബ്കാരി നിയമപ്രകാരമുള്ള ഫീസുകൾ നേരിയ തോതിൽ വർദ്ധിപ്പിക്കാനും തീരുമാനിച്ചിട്ടുണ്ട്.

ജി.എസ്.ടി.-യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതുവഴി ജി.എസ്.ടി.-യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. സർക്കാർ വകുപ്പുകൾ, പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവ 5% വർദ്ധിപ്പിച്ചിട്ടുണ്ട്.

നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണവിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ധനകാര്യ വകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്, ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിങ്ങ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്.

ഇത്തരത്തിൽ നികുതി/നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്ന് ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

(സി) 2018 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ അന്തിമ കണക്ക് അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായിട്ടില്ല. 2016-17-ലെ യഥാർത്ഥ കണക്കും 2017-18-ലെ Revised Estimate (RE)-യും അടിസ്ഥാനമാക്കിയുള്ള, സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി വിശകലനം ചെയ്യുന്നതിനുള്ള പ്രധാന ധനസൂചകങ്ങൾ അനുസരിച്ച്, 2018 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തെ സംസ്ഥാനത്തിന്റെ പൊതു സാമ്പത്തിക സ്ഥിതി സംബന്ധിച്ചുള്ള വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്.

| ഇനം | 2016-17 | 2017-18 RE |
|---|---|---|
| Gross Fiscal Deficit as % of GSDP | 4.28% | 3.31% |
| Revenue deficit as % of GSDP | 2.51% | 1.91% |
| Primary Deficit as % of GSDP | 2.32% | 1.35% |
| Total Debt Stock as % of GSDP | 30.22% | 30.71% |
| Interest payment as % of Revenue receipts | 16.02% | 15.32% |

(ഡി) വരവിന്റെയും ചെലവിന്റെയും വളർച്ചാ നിരക്കിലുള്ള അന്തരം വർദ്ധിച്ചുവരുന്ന പ്രവണത കഴിഞ്ഞ കുറച്ച് വർഷങ്ങളായി സംസ്ഥാനത്ത് നിലനിൽക്കുന്നുണ്ട്. വരവിലും ചെലവിലും വരുന്ന ഈ അന്തരം വാർഷിക പദ്ധതിക്കാവശ്യമായ പണം ലഭ്യമാക്കുന്നതിൽ വിഘാതമായി തീർന്നിട്ടുണ്ട്. ധനക്കമ്മിയും റവന്യൂ കമ്മിയും അനുവദനീയമായ പരിധിയിൽ നിലനിർത്തുവാൻ സർക്കാർ ബാദ്ധ്യസ്ഥമാണ്. മേൽ സാഹചര്യത്തിൽ സംസ്ഥാനത്തിന്റെ ആകെ ചെലവുകൾ അനുവദനീയമായ വായ്പ ഉൾപ്പെടെയുള്ള വരുമാനത്തിനകത്ത് നിർത്തുന്നതിന് കർശനമായ സാമ്പത്തിക അച്ചടക്കം അനിവാര്യമാണ്. നിലവിലുള്ള വ്യയ നിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യ ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം ഉറപ്പുവരുത്തുവാനാണ് സർക്കാർ ലക്ഷ്യമിടുന്നത്. ഇതിന്റെ ഭാഗമായി വർക്ക്സ്റ്റഡി നടത്തിയതിനുശേഷവും പുനർ വിന്യാസത്തിനുള്ള സാധ്യതകൾകൂടി പരിശോധിച്ച ശേഷവുമായിരിക്കും തസ്തികകൾ അനുവദിക്കുക. അതേസമയം സാമൂഹ്യ ക്ഷേമ ചെലവുകൾക്കോ വികസന ചെലവുകൾക്കോ നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല. കഴിഞ്ഞ രണ്ട് വർഷക്കാലംകൊണ്ട് 12685 തസ്തികകൾ സൃഷ്ടിക്കുകയും ചെയ്തിട്ടുണ്ട്. കർശനമായ പരിശോധനയ്ക്കുശേഷമേ ഗ്രാൻഡ്-ഇൻ-എയ്ഡ് സ്ഥാപനങ്ങൾ അനുവദിക്കുകയുള്ളൂ. പുതിയ വാഹനം വാങ്ങുന്നതിനും വിദേശയാത്രകൾക്കും നിയന്ത്രണം ഏർപ്പെടുത്തിയും ചെലവ് പരമാവധി കുറയ്ക്കുന്നതാണ്.

## പെൻഷന് ചെലവഴിക്കുന്ന തുക

14(458) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ജീവനക്കാരുടെ പെൻഷന് മാസംതോറും എത്ര തുക ചെലവഴിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾക്കായി മാസംതോറും എത്ര തുക ചെലവഴിക്കുന്നുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തെ ജീവനക്കാരുടെ പെൻഷന് മാസം തോറും ശരാശരി 1645 കോടി രൂപ ചെലവഴിക്കുന്നുണ്ട്.

(ബി) സംസ്ഥാനത്ത് വിവിധ ക്ഷേമ പെൻഷനുകൾ വിതരണം ചെയ്യുന്നതിന് മാസം തോറും 535 കോടി രൂപ ചെലവഴിക്കുന്നുണ്ട്.

## പൊതുകടം

15(459) ശ്രീ. മുല്ലക്കര രത്നാകരൻ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കേരളത്തിലെ പൊതുകടം എത്രയെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

അക്കൗണ്ടന്റ് ജനറലിൽനിന്നും ലഭ്യമായ പ്രാഥമിക കണക്കുകൾ പ്രകാരം 31-3-2018 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം (തനി) 142969.67 കോടി രൂപയാണ്.

## ധനകമ്മി, റവന്യൂ കമ്മി സംബന്ധിച്ച വിശദാംശം

16(460) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2011-12 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ധനകമ്മി, റവന്യൂ കമ്മി എന്നിവ സംബന്ധിച്ച വിശദാംശം അറിയിക്കാമോ;

(ബി) മുൻ സർക്കാർ അധികാരമൊഴിയുമ്പോൾ സർക്കാരിന്റെ പൊതുകടം എത്രയായിരുന്നു; 2018 ജനുവരി 31-ലെ പൊതുകടം എത്രയാണെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിന്റെ സാമ്പത്തിക സ്ഥിതി മെച്ചപ്പെടുത്തുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിച്ചു;വിശദാംശം ലഭ്യമാക്കാമോ;

(ഡി) 2011 മുതൽ 2017 വരെയുള്ള വർഷങ്ങളിലെ നികുതി വരുമാനത്തിന്റെയും നികുതിയേതര വരുമാനത്തിന്റെയും കണക്ക് വാർഷികാടിസ്ഥാനത്തിൽ ഓരോ നികുതിയും ഇനം തിരിച്ച് നൽകാമോ?

ഉത്തരം

(എ) 2011-12 മുതൽ 2017-18 വരെയുള്ള സാമ്പത്തിക വർഷങ്ങളിലെ സംസ്ഥാനത്തിന്റെ ധനകമ്മി, റവന്യൂ കമ്മി എന്നിവ സംബന്ധിച്ച വിവരങ്ങൾ ചുവടെ ചേർക്കുന്നു :

(തുക കോടിയിൽ)

| വർഷം | ധനകമ്മി | റവന്യൂ കമ്മി |
|---|---|---|
| 2011-12 | 12814.77 | 8034.26 |
| 2012-13 | 15002.46 | 9351.44 |
| 2013-14 | 16944.12 | 11308.55 |
| 2014-15 | 18641.73 | 13795.96 |
| 2015-16 | 17818.39 | 9656.81 |
| 2016-17 | 26448.35 | 15484.59 |
| 2017-18 (RE) | 22774.41 | 13079.64 |

(ബി) അക്കൗണ്ടന്റ് ജനറലിന്റെ കണക്കുകൾ പ്രകാരം 2016 മാർച്ച് 31-ലെ സംസ്ഥാനത്തിന്റെ പൊതുകടം (E) (തനി) 109730.97 കോടി രൂപയായിരുന്നു. അക്കൗണ്ടന്റ് ജനറലിന്റെ ലഭ്യമായ താൽക്കാലിക കണക്കുകൾ പ്രകാരം 2018 ജനുവരി 31 വരെയുള്ള സംസ്ഥാനത്തിന്റെ പൊതുകടം (E) (തനി) 138426.83 കോടി രൂപയാണ്.

(സി) അധിക വിഭവ സമാഹരണത്തിലൂടെയും അനാവശ്യ ചെലവ് നിയന്ത്രണത്തിലൂടെയും നികുതി പിരിവ് ഊർജ്ജിതമാക്കിയും വികസനക്ഷേമ പ്രവർത്തനങ്ങൾക്ക് പണം കണ്ടെത്താൻ സർക്കാരിന് സാധിച്ചിട്ടുണ്ട്. നിലവിലുള്ള നികുതി സമാഹരണ സംവിധാനത്തിന്റെ കാര്യക്ഷമത വർദ്ധിപ്പിക്കുക എന്ന ഉദ്ദേശ്യത്തോടുകൂടി സർക്കാരിലേയ്ക്കുള്ള പണമൊടുക്കലും സർക്കാരിൽ നിന്നുള്ള പണ വിതരണവും ഓൺലൈനായി നിർവ്വഹിക്കുന്നതിനുള്ള ഇ-ട്രഷറി സംവിധാനം നടപ്പിലാക്കിക്കഴിഞ്ഞു. ധനകാര്യ വകുപ്പ്, മറ്റ് വകുപ്പുകൾ, ബഡ്ജറ്റ്,

ഭാരതീയ റിസർവ് ബാങ്ക്, അക്കൗണ്ടന്റ് ജനറൽ, വിവിധ ബാങ്കുകൾ, വിവിധ ഡ്രോയിംഗ് ആൻഡ് ഡിസ്ബേഴ്സിംഗ് ഓഫീസർമാർ തുടങ്ങിയ എല്ലാവരെയും ഒരു കുടക്കീഴിൽ സംയോജിപ്പിച്ച് ഇടപാടുകൾ പരസ്പരം ഓൺലൈനായി നടത്തുന്നതിനായി ഒരു ഇന്റഗ്രേറ്റഡ് ഫിനാൻഷ്യൽ മാനേജ്മെന്റ് സിസ്റ്റം (IFMS) നടപ്പിലാക്കിയിട്ടുണ്ട്. സർക്കാരിന്റെ റവന്യൂ വരുമാനം ഉയർത്തുക എന്ന ലക്ഷ്യത്തോടെ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സർക്കാർ കൈക്കൊണ്ടു വരികയാണ്. ഇതിന്റെ ഭാഗമായി സർക്കാർ വകുപ്പുകൾ പൊതുമേഖല/ഗ്രാന്റ് ഇൻ എയ്ഡ് സ്ഥാപനങ്ങൾ എന്നിവ മുഖേനയുള്ള എല്ലാ സേവനങ്ങൾക്കുമുള്ള ഫീസുകൾ/ചാർജ്ജുകൾ എന്നിവ അഞ്ച് ശതമാനം വർദ്ധിപ്പിച്ചിട്ടുണ്ട്. എക്സൈസ്, രജിസ്ട്രേഷൻ, സ്റ്റാമ്പ് ഡ്യൂട്ടി, മോട്ടോർ വാഹന നികുതി തുടങ്ങിയ ഇനങ്ങളിൽ പരിഷ്കാരങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് നികുതി വരുമാനം വർദ്ധിപ്പിക്കുന്നതിനും സർക്കാർ ഉദ്ദേശിക്കുന്നു. ജി.എസ്.ടി.-യുടെ ഭാഗമായി ഇ-വേ ബിൽ സമ്പ്രദായം ആവിഷ്കരിച്ചിട്ടുണ്ട്. ഇത് ഫലപ്രദമായി നടപ്പാക്കുന്നതുവഴി ജി.എസ്.ടി.-യിൽ നിന്നുള്ള വരുമാനം വർദ്ധിക്കുമെന്ന് പ്രതീക്ഷിക്കുന്നു. ഇത്തരത്തിൽ നികുതി നികുതിയേതര വരുമാനം വർദ്ധിപ്പിച്ചുകൊണ്ടും അധിക വിഭവ സമാഹരണത്തിലൂടെയും കർശനമായ സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ടും റവന്യൂ കമ്മി കുറച്ചുകൊണ്ടുവരുന്നതിനും ധനകമ്മി അനുവദനീയമായ മൂന്ന് ശതമാനത്തിനുള്ളിൽ പരിമിതപ്പെടുത്തുന്നതിനും സർക്കാർ ലക്ഷ്യമിടുന്നു.

(ഡി) വിശദവിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

## നികുതി വരുമാനം

17(461) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷം സംസ്ഥാനത്തിന് ലഭിച്ചതും കണക്കാക്കിയിരുന്നതുമായ നികുതി വരുമാനം ,അതിൽ വന്നിട്ടുള്ള കുറവ് എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി നടപ്പാക്കിയശേഷം 2016-17, 2017-18 വർഷങ്ങളിൽ ലഭിക്കേണ്ട കേന്ദ്ര സഹായം എത്രയെന്നും എത്ര തുക ലഭിച്ചുവെന്നുമുള്ള വിശദാംശം ലഭ്യമാക്കുമോ;

(സി) നികുതിവെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) സംസ്ഥാനത്ത് എത്ര വ്യാപാരികളുണ്ടെന്നും അതിൽ എത്ര ശതമാനം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പേർ രജിസ്ട്രേഷൻ എടുത്തുവെന്നും എത്ര വ്യാപാരികൾ ഉപഭോക്താക്കൾക്ക് ബില്ലുകൾ നല്കാറുണ്ടെന്നും വ്യക്തമാക്കാമോ ;

(ഇ) ബില്ലുകൾ നൽകാത്ത വ്യാപാരികളേയും ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാത്തവരേയും കണ്ടെത്തി പ്രസ്തുത മേഖലയിലെ അഴിമതി അവസാനിപ്പിക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമായി എന്തു നടപടികൾ സ്വീകരിച്ചു വരുന്നുവെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 സാമ്പത്തിക വർഷത്തിൽ പ്രതീക്ഷിച്ച വരുമാനം 42193.70 കോടി രൂപയും ലഭിച്ച വരുമാനം 38407.20 കോടി (ജി.എസ്.ടി.യും ജി.എസ്.ടി. കോമ്പൻസേഷനും ഉൾപ്പെടെ) രൂപയും അതിൽ കുറവ് വന്നിട്ടുള്ളത് 3786.5 കോടി രൂപയുമാണ്.

(ബി) 2015-16-ലെ നികുതി പിരിവിന്റെ 14 ശതമാനം വർദ്ധനവ് കണക്കാക്കി ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും എസ്.ജി.എസ്.ടി./വാറ്റ് കളക്ഷൻ കഴിച്ചുള്ള തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്. ഇതുപ്രകാരം 2017-18 സാമ്പത്തിക വർഷത്തിൽ 2838 കോടി രൂപ നഷ്ടപരിഹാരമായി കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്.

(സി) നികുതി വെട്ടിപ്പ് തടയുന്നതിനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമായി സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. വാറ്റ് നികുതിയിനത്തിൽ കുടിശ്ശികയുള്ള റിട്ടേണുകൾ സിസ്റ്റം സ്കൂട്ടിണി സാധ്യമാകുന്ന സോഫ്റ്റ് വെയർ ഉപയോഗപ്പെടുത്തും.
2. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം നടപ്പാക്കുന്നതിന് നടപടി സ്വീകരിക്കും.
3. കുടിശ്ശിക അസസ്സ്മെന്റ് കാര്യക്ഷമമാക്കും.
4. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തും.
5. നികുതി ചോർച്ച തടയുന്നതിന് കർശന നടപടി സ്വീകരിക്കും.
6. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആംനസ്റ്റി പദ്ധതി നടപ്പിലാക്കിവരുന്നുണ്ട്.
7. നികുതി വെട്ടിപ്പിനുള്ള പ്രധാന മാർഗ്ഗമായ റെയിൽവേ വഴിയുള്ള കള്ളക്കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കുന്നതാണ്.

ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇത് GSTIN സോഫ്റ്റ്വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾമൂലമാണ്. റിട്ടേണുകളുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും നിലവിൽ ലഭ്യമല്ലാത്തതിനാൽ GST റിട്ടേൺ പരിശോധിച്ച് നികുതി അടവിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന്, നിലവിൽ പരിമിതികളുണ്ട്. GST-യുമായി ബന്ധപ്പെട്ട് 2017-18-ന്റെ Annual Return ഡിസംബർ 2018 വരെ ഫയൽ ചെയ്യാവുന്നതാണ്. അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്കൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാം എന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തിനകത്തേയും ചരക്കുനീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽനിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കി നികുതി വെട്ടിപ്പ് നല്ലൊരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. ഇതിനെത്തുടർന്ന് ആനുപാതിക നികുതി വർദ്ധന പ്രതീക്ഷിക്കുന്നു. ഇ-വേ ബിൽ കൃത്യമായി ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(ഡി) വിവരം ശേഖരിച്ച് വരുന്നു.

(ഇ) ബില്ലുകൾ നൽകാത്ത വ്യാപാരികളേയും ജി.എസ്.ടി. രജിസ്ട്രേഷൻ എടുക്കാത്തവരേയും കണ്ടെത്തി പ്രസ്തുത മേഖലയിലെ അഴിമതി അവസാനിപ്പിക്കാനും നികുതി വരുമാനം വർദ്ധിപ്പിക്കാനുമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിലെ ഇന്റലിജൻസ് വിഭാഗം പരിശോധന നടത്തുകയും കടകളിൽനിന്ന് ബില്ലുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കുകയും ചെയ്യുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## പെട്രോൾ, ഡീസൽ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം

18(462) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ വില ക്രമാതീതമായി വർദ്ധിക്കുന്നതുമൂലം പൊതുജനങ്ങൾ ബുദ്ധിമുട്ടുന്നകാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അപ്രകാരം ഇന്ധന വിലയിൽ വർദ്ധനവുണ്ടാകുമ്പോൾ സംസ്ഥാന നികുതിയിൽ നിയന്ത്രണം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) 2017-18 സാമ്പത്തിക വർഷം പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം എത്രയെന്ന് അറിയിക്കാമോ;

(ഡി) ഈ സർക്കാർ അധികാരത്തിൽവന്ന ശേഷം പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിൽ ഏതെങ്കിലും തരത്തിലുള്ള മാറ്റങ്ങൾ വരുത്തിയിട്ടുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) 1-6-2018 മുതൽ പെട്രോൾ/ഡീസൽ വിലയിൽ ഒരു രൂപ കുറയുന്ന രീതിയിൽ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) 2017-18 സാമ്പത്തിക വർഷം പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിനത്തിൽ സർക്കാരിന് ലഭിച്ച വരുമാനം ചുവടെ ചേർക്കുന്നു :

| ഇനം | ലഭിച്ച നികുതി വരുമാനം (തുക കോടിയിൽ) |
|---|---|
| പെട്രോൾ | 3226.91 |
| ഡീസൽ | 3823.3 |

(ഡി) 1-6-2018 മുതൽ പെട്രോൾ/ഡീസൽ വിലയിൽ ഒരു രൂപ കുറയുന്ന രീതിയിൽ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## സംസ്ഥാനത്തിന്റെ നികുതി വരുമാനം

19(463) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാക്കിയതിനെ തുടർന്ന് നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽനിന്നും വ്യത്യസ്തമായി ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ സംസ്ഥാനത്തെ നികുതി വരുമാനം എത്രമാത്രം വ്യത്യാസപ്പെട്ടിരിക്കുന്നുവെന്ന് കണക്കുകൾ സഹിതം അറിയിക്കാമോ;

(സി) നികുതി വരുമാനത്തിൽ ഗണ്യമായ കുറവ് വന്നിട്ടുണ്ടോ; ഇതുകാരണം സാമ്പത്തിക നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. 2018 ഏപ്രിൽ മാസത്തിൽ 2176.62 കോടി രൂപ (ജി.എസ്.ടിയും ഐ.ജി.എസ്.ടി.-യും ഉൾപ്പെടെ) വരുമാനമായി ലഭിച്ചു. ഇത് മുൻവർഷത്തെ വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 15 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) കഴിഞ്ഞ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽനിന്നും വ്യത്യസ്തമായി ഈ സാമ്പത്തിക വർഷത്തിന്റെ തുടക്കത്തിൽ സംസ്ഥാനത്തെ നികുതി വരുമാനത്തിൽ 15 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| മാസം | 2017-18-ലെ വരുമാനം | 2018-19-ലെ വരുമാനം | വർദ്ധനവ് |
|---|---|---|---|
| ഏപ്രിൽ | 1898.16 | 2176.62 | 15 ശതമാനം |

(സി) ഇല്ല.

**വാർഷിക പദ്ധതിക്കുവേണ്ടി വാങ്ങിയ വായ്പകൾ**

20(464) <u>ശ്രീ. സണ്ണി ജോസഫ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ സംസ്ഥാനത്തിന്റെ പ്രതിമാസ വരവും ചെലവും എത്ര വീതമെന്ന് വ്യക്തമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷം വാർഷിക പദ്ധതിക്കുവേണ്ടി വാങ്ങിയ വായ്പകൾ ആവർത്തന ചെലവുകൾക്കായി വകമാറ്റേണ്ടി വന്നിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്താമോ?

<u>ഉത്തരം</u>

(എ) 2017-18 വർഷത്തെ താൽക്കാലിക കണക്കുകൾ പ്രകാരം സംസ്ഥാനത്തിന്റെ ശരാശരി പ്രതിമാസ റവന്യൂ വരവ് 6910.60 കോടി രൂപയും ശരാശരി പ്രതിമാസ റവന്യൂ ചെലവ് 8157.90 കോടി രൂപയുമാണ്.

(ബി) വായ്പയായി എടുക്കുന്ന തുക പ്രധാനമായും പദ്ധതി/വികസന ചെലവുകൾക്കായിട്ടാണ് വിനിയോഗിക്കുന്നത്. എന്നാൽ വായ്പയായി എടുക്കുന്ന തുകയുടെ ഒരു ഭാഗം പദ്ധതിയേതര റവന്യൂ ചെലവുകൾക്ക് വിനിയോഗിക്കേണ്ടി വരാറുണ്ട്.

## സാമ്പത്തിക സ്ഥിതി ഭദ്രമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ

21(465) ശ്രീ. വി. ഡി. സതീശൻ :
ശ്രീ. അനിൽ അക്കര :
ശ്രീ. അൻവർ സാദത്ത് :
ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നുവെന്നത് വസ്തുതയാണോ;അതിന്റെ അടിസ്ഥാനത്തിൽ സാമ്പത്തിക സ്ഥിതി ഭദ്രമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ അടങ്ങിയ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ടോ; പ്രസ്തുത ഉത്തരവിലെ പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; വ്യക്തമാക്കാമോ;

(ബി) സർക്കാർ വകുപ്പുകളിൽ പുതിയ തസ്തികകൾ സൃഷ്ടിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ;

(സി) സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായുള്ള ആഘോഷപരിപാടികൾക്കായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളത് എന്നറിയിക്കാമോ ;

(ഡി) എല്ലാതലത്തിലും സാമ്പത്തിക അച്ചടക്കം കൊണ്ടുവരുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; അതിന്റെ ഭാഗമായി നിയമനനിരോധനം ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കാമോ ?

### ഉത്തരം

(എ) നോട്ട് നിരോധനത്തിന്റെ ഫലമായി തുടർന്നുവന്ന സാമ്പത്തിക അനിശ്ചിതാവസ്ഥയും വേണ്ടത്ര മുന്നൊരുക്കമില്ലാതെയും ധൃതിപിടിച്ചും ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം ദേശീയതലത്തിൽ പൊതുവായുമുണ്ടായിട്ടുള്ള സാമ്പത്തിക ഞെരുക്കവും സംസ്ഥാനത്തെ ബാധിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ധനദൃഢീകരണം സാധ്യമാകാനുതകുന്ന നിർദ്ദേശങ്ങൾ ഉൾക്കൊള്ളിച്ച് 17-4-2018-ൽ സർക്കാർ ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. ഉത്തരവ് അനുബന്ധമായി ചേർക്കുന്നു*.

(ബി) കഴിഞ്ഞ രണ്ട് കൊല്ലംകൊണ്ട് 12685 പുതിയ തസ്തികകൾ സൃഷ്ടിച്ചിട്ടുണ്ട്. ആരോഗ്യം, വിദ്യാഭ്യാസം എന്നീ മേഖലകളിലാണ് പ്രധാനമായും പുതിയ തസ്തിക സൃഷ്ടിക്കൽ നടത്തിയത്. അതേസമയം സർക്കാരിന്റെ

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ധനദൃഢീകരണ പ്രക്രിയയുടെ ഭാഗമായി ആവശ്യമായ വർക്ക്സ്റ്റഡിക്കുശേഷം മാത്രമേ പുതിയ തസ്തികകൾ സൃഷ്ടിക്കാൻ പാടുള്ളൂവെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്.

(സി) സർക്കാരിന്റെ രണ്ടാം വാർഷികത്തിന്റെ ഭാഗമായുള്ള ആഘോഷപരിപാടികൾക്കായി ഇൻഫർമേഷൻ & പബ്ലിക് റിലേഷൻസ് വകുപ്പിന് 3,59,60,000 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(ഡി) നിലവിലുള്ള വ്യയനിയന്ത്രണ ഉത്തരവുകൾ കർശനമായി പാലിച്ചുകൊണ്ടും ധൂർത്തും അനാവശ്യച്ചെലവുകൾ ഒഴിവാക്കിയും ചെലവുകളിൽ മിതത്വം പുലർത്തിയുമുള്ള നടപടികളിലൂടെ സാമ്പത്തിക അച്ചടക്കം പാലിക്കുവാനാണ് സർക്കാർ ശ്രമിക്കുന്നത്. നിയമനനിരോധനം ഏർപ്പെടുത്തുവാൻ സർക്കാർ ഉദ്ദേശിക്കുന്നില്ല.

## പ്രവാസി ചിട്ടി

22(466) ശ്രീ. വി. ഡി. സതീശൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് ധനസമാഹരണത്തിനായി പ്രവാസി ചിട്ടി ആരംഭിക്കുന്നതിനുള്ള സർക്കാർ തീരുമാനം പ്രാവർത്തികമാക്കുന്നതിന് നിലവിലെന്തെങ്കിലും തടസ്സം ഉണ്ടോ;

(ബി) പ്രവാസി ചിട്ടിക്ക് കേന്ദ്ര ചിട്ടി ആക്ടിലെ 73-ാം വകുപ്പിൽ നിന്ന് ഇളവ് നൽകണമെന്ന് സംസ്ഥാനം ആർ.ബി.ഐ.-യോട് ആവശ്യപ്പെട്ടിരുന്നോ; എങ്കിൽ ഇതു സംബന്ധിച്ച് ആർ.ബി.ഐ.-യുടെ നിലപാട് വ്യക്തമാക്കുമോ;

(സി) ചിട്ടി നിയമത്തിലെ സുരക്ഷിതത്വം, പണം നിക്ഷേപിക്കുന്നതിലുള്ള സ്രോതസ്സിന്റെ സുതാര്യത എന്നിവ വിലയിരുത്തുന്നതിന് റിസർവ് ബാങ്കിന് അധികാരം നൽകുന്ന വ്യവസ്ഥയിൽ പ്രവാസി ചിട്ടിയുടെ കാര്യത്തിൽ ഇളവുനൽകണമെന്ന് സംസ്ഥാന സർക്കാർ ആവശ്യപ്പെടുവാനുള്ള സാഹചര്യം എന്താണ്; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഇല്ല.

(സി) ബാധകമല്ല.

## നേമം മണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ

23(467) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17, 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ നേമം നിയോജകമണ്ഡലത്തിലെ നിർമ്മാണ പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കുമോ;

(ബി) ഈ പ്രവൃത്തികളിൽ എത്ര എണ്ണത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ കിഫ്ബി തുക അനുവദിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ അതിന് കാലതാമസം നേരിടുന്നത് എന്ത് കൊണ്ടാണെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 2016-17, 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ നേമം നിയോജകമണ്ഡലത്തിലെ പ്രവൃത്തികളുടെ വിശദവിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) 2016-17, 2017-18 വർഷത്തെ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ നേമം നിയോജകമണ്ഡലത്തിലെ 4 പ്രവൃത്തികൾക്ക് ഭരണവകുപ്പിന്റെ ഭരണാനുമതി ലഭിച്ചിട്ടുള്ളതായി അറിവുള്ളതാണ്.

(സി) ഭരണവകുപ്പിന്റെ ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ 2 പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം നൽകി തുക അനുവദിച്ചിട്ടുണ്ട്. ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി നേമം നിയോജകമണ്ഡലത്തിലെ മറ്റ് പദ്ധതികളുടെയൊന്നും വിശദമായ പദ്ധതി റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ സമർപ്പിക്കപ്പെട്ടിട്ടില്ല. പദ്ധതി നടത്തിപ്പിനായി ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. പദ്ധതിയുടെ വിശദമായ പ്രോജക്ട് റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് അത് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

## വികസന പദ്ധതികൾക്കായി വിദേശ മലയാളികളിൽനിന്ന് ധനസമാഹരണം

24(468) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ഏതൊക്കെ റോഡ് വികസന പദ്ധതികൾക്കാണ്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വിദേശ മലയാളികളിൽനിന്ന് പണം സമാഹരിക്കാൻ സംസ്ഥാന സർക്കാർ ഉദ്ദേശിക്കുന്നത്; ഏതൊക്കെ രീതിയിൽ; എത്ര തുക വരെയാണ് ആകെ ഈ രീതിയിൽ സ്വരൂപിക്കാൻ ഉദ്ദേശിക്കുന്നത് എന്ന് അറിയിക്കാമോ ;

(ബി) ഇവ സമാഹരിക്കുമ്പോൾ പ്രസ്തുത തുക തിരിച്ച് നൽകുന്ന രീതിയെ സംബന്ധിച്ച് സ്വീകർത്താവ് ദാതാവുമായി ധാരണ ഉണ്ടാക്കിയിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകാമോ;

(സി) പണം സ്വീകരിക്കുന്നത് റോഡ് ഉൾപ്പെടെയുള്ള മറ്റ് എന്തെല്ലാം വികസന പദ്ധതികൾക്ക് കൂടി വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഏതെങ്കിലും ഒരു പദ്ധതിക്കുവേണ്ടി എന്ന രീതിയിൽ കിഫ്ബി വിദേശ മലയാളികളിൽനിന്നും ധനസമാഹരണം നടത്താൻ ഉദ്ദേശിക്കുന്നില്ല. എന്നാൽ കെ.എസ്.എഫ്.ഇ.-യുമായി സഹകരിച്ച് മുന്നോട്ടുപോകുന്ന പ്രവാസി ചിട്ടിയിൽനിന്നും ലഭിക്കുന്ന ഫ്ലോട്ട് ഫണ്ട് കിഫ്ബി ബോണ്ടുകളിൽ നിക്ഷേപിക്കുവാനും ഇത് റോഡ് പദ്ധതികൾ ഉൾപ്പെടെയുള്ള കിഫ്ബിയുടെ വിവിധ പദ്ധതികളുടെ നടത്തിപ്പിനായി വിനിയോഗിക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഏകദേശം 10,000 കോടി രൂപയോളം ഈ രീതിയിൽ സമാഹരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ട്.

(ബി) കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിയിലൂടെ ഉണ്ടാകുന്ന ഫ്ലോട്ട് ഫണ്ടാണ് കിഫ്ബി ഫണ്ടുകളിൽ നിക്ഷേപിക്കുന്നത്. ഈ തുക തിരികെ കെ.എസ്.എഫ്.ഇ.-ക്ക് ലഭിക്കുന്നതിനുള്ള സംവിധാനങ്ങൾ ഈ ക്രമീകരണത്തിലുണ്ടാകും. ചിട്ടി വരിക്കാർ കെ.എസ്.എഫ്.ഇ.-ക്കാണ് പണം നൽകുന്നത്. ചിട്ടി ബിസിനസ്സിലുണ്ടാകുന്ന ഫ്ലോട്ട് ഫണ്ട് കെ.എസ്.എഫ്.ഇ.-യാണ് കിഫ്ബിയിൽ നിക്ഷേപിക്കുന്നത്. ഇവിടെ ദാതാവ് കെ.എസ്.എഫ്.ഇ.-യും സ്വീകർത്താവ് കിഫ്ബിയുമാണ്. നിയമപ്രകാരം ഉറപ്പാക്കപ്പെട്ടിട്ടുള്ള കിഫ്ബിയുടെ വരുമാനത്തിൽനിന്നുമാണ് ഈ തുകയും തിരിച്ചടയ്ക്കുന്നത്. കിഫ്ബി വിവിധ മാർഗ്ഗങ്ങളിലൂടെ സമാഹരിക്കുന്ന പണം ഇത്തരം വരുമാനം വഴിയുണ്ടാകുന്ന തിരിച്ചടവ് ശേഷിക്ക് ആനുപാതികമായി നിജപ്പെടുത്തുന്നതാണ്.

(സി) റോഡുകൾ, പാലങ്ങൾ, ജലസേചന പദ്ധതികൾ, ആശുപത്രികൾ, സ്കൂളുകൾ, ഐ.റ്റി.പാർക്കുകൾ തുടങ്ങി വിവിധ മേഖലയിലെ പദ്ധതികളുടെ നിർവ്വഹണത്തിനായി ടി തുക വിനിയോഗിക്കാനാണ് ഉദ്ദേശിക്കുന്നത്.

## കിഫ്ബിവഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ

25(469) ശ്രീ. പി. കെ. ശശി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ കിഫ്ബിവഴി നടപ്പാക്കുന്ന പ്രവർത്തനങ്ങൾ എന്തെല്ലാം എന്നും അതിനായി കിഫ്ബിയിലേയ്ക്ക് എപ്രകാരം നിക്ഷേപം സമാഹരിച്ചുവരുന്നു എന്നും എത്ര തുകയുടെ നിക്ഷേപം ഉറപ്പാക്കി എന്നും വ്യക്തമാക്കുമോ;

(ബി) 2017-18 സാമ്പത്തികവർഷം കിഫ്ബിവഴി നടത്തിയ പ്രധാന പ്രവൃത്തികൾ ഏതെല്ലാം; ഇവയ്ക്കായി എത്ര തുക വകയിരുത്തി; പൂർത്തീകരിച്ചവ ഏതെല്ലാം;വിശദമാക്കാമോ;

(സി) കിഫ്ബി നടപ്പാക്കാനായി ചുമതലപ്പെടുത്തിയ ഉദ്യോഗസ്ഥരെ സംബന്ധിച്ച വിശദാംശം ഇവരുടെ പ്രവർത്തനങ്ങൾ ഇവർക്കായി 2017-18 വർഷം നടത്തിയ ചെലവുകൾ ജീവനക്കാരുടെ എണ്ണവും തസ്തികയും വിഭാഗവും സംബന്ധിച്ച വിശദാംശങ്ങളും ലഭ്യമാക്കുമോ;

(ഡി) കിഫ്ബി വഴി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലേയ്ക്ക് നാളിതുവരെ അനുവദിച്ച പ്രവൃത്തികൾ, അവയുടെ നിലവിലെ സ്ഥിതി, അനുമതിക്കായി അപേക്ഷ ലഭ്യമായ പ്രവൃത്തികൾ എന്നിവ സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ബഡ്ജറ്റിനുപുറമെനിന്നും വിവിധ മാർഗ്ഗങ്ങളിലൂടെയുള്ള ധനസമാഹരണംവഴി സംസ്ഥാനത്തെ അടിസ്ഥാനസൗകര്യ മേഖലയിൽ 5 വർഷം കൊണ്ട് 50,000 കോടി രൂപയുടെ വികസനമാണ് ഈ സർക്കാർ ലക്ഷ്യമിട്ടിട്ടുള്ളത്. ഇതിൽ 23414.14 കോടി രൂപയുടെ അടങ്കൽ വരുന്ന പദ്ധതികൾക്ക് കിഫ്ബി ഇതിനോടകം നിർവ്വഹണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി ആക്ടിലെ വ്യവസ്ഥകൾ പ്രകാരം മോട്ടോർ വാഹന നികുതി വിഹിതം, പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള 1 രൂപ സെസ്സ് എന്നിവയിലൂടെ നാളിതുവരെ 1772.64 കോടി രൂപ കിഫ്ബി നിധിയിൽ ലഭ്യമായിട്ടുണ്ട്. കൂടാതെ, നബാർഡിന്റെ NIDA പദ്ധതിയിലൂടെ 4000 കോടി രൂപയുടെ വായ്പ ലഭിക്കുന്നതിന് ധാരണയായിട്ടുണ്ട്. ഇതിൽ ഇതുവരെ 565 കോടി രൂപയുടെ പദ്ധതികൾക്കുള്ള വായ്പാനുമതി ലഭിച്ചിട്ടുണ്ട്. ഇതിനുപുറമെ, വൻകിട അടിസ്ഥാന സൗകര്യ വികസന പദ്ധതികൾക്കുള്ള 2015-16, 2016-17 സാമ്പത്തിക വർഷത്തെ

സംസ്ഥാന ബഡ്ജറ്റ് വിഹിതത്തിൽ ബാക്കി വന്ന തുകയിൽനിന്നും ആകെ 2498.42 കോടി രൂപ പൊതുസാമ്പത്തിക വിപണിയിൽനിന്നും നിക്ഷേപമാകർഷിക്കുന്നതിനുള്ള സീഡ് ക്യാപ്പിറ്റലായി കിഫ്ബിക്ക് സർക്കാർ ലഭ്യമാക്കിയിട്ടുണ്ട്. ഇതിനെല്ലാം പുറമെ, ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാൻഡ് ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കുന്നതിനുള്ള നടപടികളും കിഫ്ബി സ്വീകരിച്ചുവരുന്നു. കിഫ്ബിയിലെ പദ്ധതികളുടെ നടത്തിപ്പിന് ഒരു നൂതന ധനസമാഹരണ മാർഗ്ഗമായി കെ.എസ്.എഫ്.ഇ.-യുടെ ആഭിമുഖ്യത്തിൽ പ്രവാസി ചിട്ടി പദ്ധതിയും ഉടൻ ആരംഭിക്കുന്നതാണ്. വിവിധ ബാങ്കുകളും കിഫ്ബിക്ക് ദീർഘകാല വായ്പകൾ ലഭ്യമാക്കാൻ സന്നദ്ധത പ്രകടിപ്പിച്ചിട്ടുണ്ട്. നിശ്ചിതമായ നിർവ്വഹണ സമയക്രമത്തോടെ കിഫ്ബി പദ്ധതികൾ അംഗീകരിക്കപ്പെടുന്നതിനാൽ നിർവ്വഹണപുരോഗതി പ്രകാരമാണ് കിഫ്ബി ആവശ്യമായ ധനസമാഹരണം നടത്തുന്നത്. സമീപകാല ആവശ്യത്തിനുതകുന്ന തുക നിലവിൽ കിഫ്ബിയുടെ പക്കലുണ്ട്. കിഫ്ബിയുടെ പദ്ധതിശ്രേണി, നിർവ്വഹണക്രമം, റേറ്റിംഗ് മുതലായവ മികച്ചതായതിനാൽ ആവശ്യാനുസരണമുള്ള ധനസമാഹരണവും സാധ്യമാണ്.

(ബി) 2017-18 സാമ്പത്തിക വർഷം കിഫ്ബി വഴി 7993.58 കോടി രൂപയുടെ പ്രവൃത്തികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*. ഇവ വിവിധ ഘട്ടങ്ങളിലായി പുരോഗമിച്ചു വരുന്നു.

(സി) കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിക്കപ്പെടുന്ന പദ്ധതി നിർദ്ദേശങ്ങൾ സൂക്ഷ്മമായി പരിശോധിക്കുന്നതിനും പദ്ധതി നടപ്പിലാക്കുന്നതിനുള്ള ധനവിനിയോഗ സംബന്ധമായ കാര്യങ്ങൾ സമയബന്ധിതമായും കാര്യക്ഷമമായും കൈകാര്യം ചെയ്യുന്നതിനും പദ്ധതി നടത്തിപ്പിന്റെ കാര്യക്ഷമത പരിശോധിക്കുന്നതിനുമായി കിഫ്ബിയിൽ ധനകാര്യ-ഭരണ വിഭാഗം, പദ്ധതി അവലോകന വിഭാഗം, ഇൻസ്പെക്ഷൻ അതോറിറ്റി എന്നീ മൂന്ന് വിഭാഗങ്ങൾ പ്രവർത്തിച്ചുവരുന്നു. 2017-18-ൽ കിഫ്ബിയിൽ പ്രവർത്തിച്ച ഉദ്യോഗസ്ഥർക്കായി നടത്തിയ ചെലവുകൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്.* ഇതിൽ ഡെപ്യൂട്ടേഷൻ, കോൺട്രാക്ട്, ധനകാര്യവകുപ്പിൽനിന്നുള്ള വർക്കിംഗ് അറേഞ്ച്മെന്റ് എന്നീ രീതിയിൽ പ്രവർത്തിക്കുന്നവർ ഉൾപ്പെടുന്നു.

(ഡി) കിഫ്ബി വഴി ഷൊർണ്ണൂർ നിയോജകമണ്ഡലത്തിലേയ്ക്ക് അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ ചേർത്തിട്ടുണ്ട്*.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കിഫ്ബി വഴി സ്വരൂപിക്കുന്ന തുക

26(470) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി വഴി സ്വരൂപിക്കുന്ന ഏതെങ്കിലും തുക സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കുന്നതിന് കിഫ്ബി നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ടോ; എങ്കിൽ നിയമത്തിൽ ഏത് വകുപ്പിലാണ് ഇപ്രകാരം വ്യവസ്ഥ ചെയ്തിട്ടുള്ളത്; വിശദാംശം ലഭ്യമാക്കുമോ;

(ബി) സർക്കാർ നൽകുന്ന ഗ്രാന്റോ മുൻകൂർ തുകകളോ ട്രഷറിയിൽ നിക്ഷേപിക്കാമെന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടോ; എങ്കിൽ ബന്ധപ്പെട്ട വകുപ്പിൽ ഇത് എപ്രകാരമാണ് വ്യവസ്ഥ ചെയ്തിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) നിലവിൽ കിഫ്ബിയിലെ തുകകൾ ട്രഷറി നിക്ഷേപമായി സൂക്ഷിച്ചിട്ടുണ്ടോ; എങ്കിൽ നാളിതുവരെ എത്ര തുക ഇത്തരത്തിൽ സൂക്ഷിച്ചിട്ടുണ്ട്;

(ഡി) ഇത് നിയമം വ്യവസ്ഥ ചെയ്യുന്ന പ്രകാരമാണോയെന്ന് പരിശോധിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ?

### ഉത്തരം

(എ&ബി) ഭേദഗതി ചെയ്ത കേരള അടിസ്ഥാന സൗകര്യ നിക്ഷേപ നിധി നിയമത്തിലെ 7-ാം വകുപ്പ് പ്രകാരം ബോർഡിന്റെ തിരിച്ചടവ് ബാധ്യതകൾ, പ്രവർത്തന ചെലവുകൾ, ഭരണപരമായ ചെലവുകൾ എന്നിവയ്ക്കായി സർക്കാർ ലഭ്യമാക്കുന്ന ബഡ്ജറ്റ് വിഹിതം ടി നിയമത്തിലെ 3-ാം വകുപ്പിൻ കീഴിലെ 5-ാം ഉപവകുപ്പിന്റെ വ്യാഖ്യാനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാന ട്രഷറിയിൽ നിക്ഷേപിക്കാവുന്നതാണ്.

(സി) കിഫ്ബിയിലേയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള കരുതൽ നിക്ഷേപമായ "സീഡ് കാപിറ്റൽ" തുകയിനത്തിൽ സംസ്ഥാന ബഡ്ജറ്റിൽനിന്നും സർക്കാർ ലഭ്യമാക്കിയിട്ടുള്ള 2498.42 കോടി രൂപയും കിഫ്ബിയുടെ പ്രവർത്തന ചെലവുകൾക്കുള്ള നീക്കിയിരുപ്പ് തുകയായ 56.13 കോടി രൂപയുമാണ് നിലവിൽ ട്രഷറി നിക്ഷേപമായി സൂക്ഷിച്ചിട്ടുള്ളത്. ഈ ഇനങ്ങളിലല്ലാതെ മറ്റൊരു തുകയും ട്രഷറി നിക്ഷേപമായി സൂക്ഷിച്ചിട്ടില്ല.

(ഡി) എ, ബി പിരിവുകൾക്കുള്ള ഉത്തരവിന്റെ വെളിച്ചത്തിൽ ഇത് നിയമാനുസൃതമാണ്.

## കിഫ്ബി ഫണ്ട് സമാഹരണം

27(471) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിക്ക് ഫണ്ട് സമാഹരിക്കുന്നതിന് ബോണ്ടുകൾ ഇറക്കുന്നതിനുള്ള തീരുമാനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇതുവഴി എത്ര തുക സമാഹരിച്ചു;

(ബി) ബോണ്ടുകൾവഴി പണം സമാഹരിക്കുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി ലഭ്യമായിട്ടുണ്ടോ;

(സി) പ്രവാസി ചിട്ടിവഴി കിഫ്ബി ഫണ്ട് സമാഹരിക്കുന്നതിനുള്ള പദ്ധതി ഏത് ഘട്ടത്തിലാണ്; ചിട്ടി എന്നത്തേക്ക് ആരംഭിക്കുവാൻ കഴിയും;

(ഡി) പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് റിസർവ് ബാങ്കിന്റെ അംഗീകാരം ആവശ്യമുണ്ടോ; ഉണ്ടെങ്കിൽ ആയത് ലഭ്യമായിട്ടുണ്ടോ?

ഉത്തരം

(എ) 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി നിധിയിലേയ്ക്കുള്ള ധനസമാഹരണത്തിന്റെ ഭാഗമായി ജനറൽ ഒബ്ലിഗേഷൻ ബോണ്ടുകൾ, ലാന്റ് ബോണ്ടുകൾ, മസാല ബോണ്ടുകൾ എന്നിവ പുറപ്പെടുവിക്കാൻ തീരുമാനിച്ചിട്ടുണ്ട്. നിലവിൽ ജനറൽ ഒബ്ലിഗേഷൻ ബോണ്ടുവഴി 3500 കോടി രൂപ സമാഹരിക്കുന്നതിനും മസാല ബോണ്ടു വഴി 2 വർഷംകൊണ്ട് 5000 കോടിയും സമാഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഇന്ത്യയ്ക്ക് പുറത്തുനിന്നും പണം ശേഖരിക്കുന്നതിന് റിസർവ് ബാങ്കിന്റെ അനുമതി ആവശ്യമുണ്ട്. അതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

(സി) 2017-18-ലെ ബഡ്ജറ്റ് പ്രഖ്യാപനമനുസരിച്ച് സംസ്ഥാനത്തെ അടിസ്ഥാന സൗകര്യ വികസനത്തിനുള്ള നിക്ഷേപ സമാഹരണത്തിന്റെ ഭാഗമായി സർക്കാർ കെ.എസ്.എഫ്.ഇ.-യുമായി ചേർന്ന് പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. പൂർണ്ണമായും ഓൺലൈനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പ്രസ്തുത പദ്ധതി യാഥാർത്ഥ്യമാക്കുന്നതിനുള്ള പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്. കേരളത്തിലെ എല്ലാ നിയമസഭാ മണ്ഡലങ്ങളിലും പ്രവാസി ബന്ധുസംഗമങ്ങൾ നടത്തുന്നതിലൂടെ പ്രവാസി ചിട്ടിയുടെ സന്ദേശം ബന്ധപ്പെട്ടവരിൽ എത്തിക്കാൻ കഴിഞ്ഞിട്ടുണ്ട്. കെ.എസ്.എഫ്.ഇ. വഴി

പ്രവാസികൾക്കായി ആരംഭിക്കുന്ന ചിട്ടിയെ പരിചയപ്പെടുത്തുന്നതിനും അവരുടെ താല്പര്യം രേഖപ്പെടുത്തുന്നതിനുമായുള്ള വെബ്സൈറ്റ് ഇപ്പോൾ ലഭ്യമാണ്. മറ്റ് അനുബന്ധ പ്രവർത്തനങ്ങളായ സോഫ്റ്റ്‌വെയർ നിർമ്മാണം, പ്രത്യേക ഓഫീസ് തുടങ്ങിയവ സജ്ജമാക്കിക്കൊണ്ടിരിക്കുകയുമാണ്. പ്രവാസി ചിട്ടി ഉടൻ ആരംഭിക്കും.

(ഡി) പ്രവാസി ചിട്ടി ആരംഭിക്കുന്നതിന് ചിട്ടി ആക്ട് പ്രകാരം റിസർവ് ബാങ്കുമായി കൺസൾട്ടേഷൻ ആവശ്യമാണ്. ഇതുസംബന്ധിച്ച് ആർ.ബി.ഐ.-യെ കൺസൾട്ട് ചെയ്തിട്ടുണ്ട്.

## കിഫ്ബി നിക്ഷേപം

28(472) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ അക്കൗണ്ടിൽ 2018 മേയ് 31 വരെയുള്ള നീക്കിയിരുപ്പ് എത്ര കോടി രൂപയാണ്;

(ബി) ഇതിൽ വിവിധ ബാങ്കുകളിലേക്കുള്ള നിക്ഷേപം എത്രയാണ്; ഓരോ ബാങ്കിലും ഉള്ള നിക്ഷേപം തരം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രസ്തുത നിക്ഷേപത്തിന് എത്ര ശതമാനം പലിശയാണ് ലഭിക്കുന്നത്?

ഉത്തരം

(എ-സി)) 2018 മേയ് 31 വരെ കിഫ്ബിയുടെ അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് തുകയും വിവിധ ബാങ്കുകളിൽ ഉള്ള നിക്ഷേപങ്ങളുടെ തരം തിരിച്ചുള്ള വിവരങ്ങളും അവയ്ക്ക് ലഭ്യമാകുന്ന പലിശ നിരക്കിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

## കിഫ്ബി പദ്ധതികൾ

29(473) ശ്രീ. റ്റി. വി. രാജേഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇതുവരെയായി കിഫ്ബി വഴി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നല്കിയിട്ടുള്ളത്; അവയുടെ വകുപ്പുതിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) എത്രകോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട് എന്ന് അറിയിക്കുമോ;

(സി) എത്രകോടി രൂപയുടെ ,എത്ര പ്രവൃത്തികളുടെ എഗ്രിമെന്റാണ് ഇതുവരെ ഒപ്പുവെച്ചിട്ടുള്ളത്; വിശദമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) സംസ്ഥാനത്ത് കിഫ്ബി വഴി നാളിതുവരെ 23,414.4 കോടി രൂപ അടങ്കലുള്ള 383 പദ്ധതികൾ അംഗീകരിച്ചിട്ടുണ്ട്. വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

(ബി) നാളിതുവരെ 3595.49 കോടി രൂപയുടെ ടെണ്ടർ നടപടികൾ പൂർത്തിയായിട്ടുണ്ട്.

(സി) നാളിതുവരെ 2497.15 കോടി രൂപയുടെ 111 പദ്ധതികളുടെ എഗ്രിമെന്റ് ഒപ്പുവച്ച് കഴിഞ്ഞിട്ടുണ്ട്. ആയതിന്റെ വകുപ്പ് തിരിച്ചുള്ള വിശദാംശം അനുബന്ധത്തിൽ ഉൾപ്പെടുത്തിയിട്ടുണ്ട്*.

## കിഫ്ബി അക്കൗണ്ടിലെ നിക്ഷേപം

30(474) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കിഫ്ബിയുടെ അക്കൗണ്ടിൽ എത്ര കോടി രൂപ നീക്കിയിരിപ്പുണ്ടെന്ന് വ്യക്തമാക്കുമോ ;

(ബി) 1-4-2018-ന് ശേഷം കിഫ്ബിയുടെ അക്കൗണ്ടിലുള്ള തുക ഏതെങ്കിലും സ്വകാര്യ/നാഷണലൈസ്ഡ് ബാങ്കുകളിൽ സ്ഥിരനിക്ഷേപമായി ഇട്ടിട്ടുണ്ടോ; എങ്കിൽ ഓരോ ബാങ്കിലും നിക്ഷേപിച്ചിട്ടുള്ള തുക എത്രയെന്നും, അതിന് ലഭിക്കുന്ന പലിശ എത്ര ശതമാനമാണെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) നിലവിൽ കിഫ്ബിയുടെ അക്കൗണ്ടിലുള്ള നീക്കിയിരിപ്പ് തുകയും 1-4-2018-നു ശേഷം വിവിധ ബാങ്കുകളിൽ സ്ഥിരനിക്ഷേപമായി ഇട്ടിട്ടുള്ള തുകയും അവയ്ക്ക് ലഭ്യമാകുന്ന പലിശനിരക്കിന്റെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

## കിഫ്ബി എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങൾ

31(475) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി നാളിതുവരെ എത്ര യോഗങ്ങൾ ചേർന്നുവെന്നും എത്ര പ്രവൃത്തികൾക്ക് അനുമതി നൽകിയെന്നും വിശദമാക്കാമോ;

(ബി) കിഫ്ബിയുടെ ഏതെല്ലാം പ്രവൃത്തികൾ ഇതിനോടകം ടെണ്ടർ ചെയ്ത് ആരംഭിച്ചുവെന്ന് വെളിപ്പെടുത്താമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നാളിതുവരെ കിഫ്ബിയുടെ 6 ബോർഡ് യോഗങ്ങളും 8 എക്സിക്യൂട്ടീവ് കമ്മിറ്റി യോഗങ്ങളും കൂടുകയും 23,414.4 കോടി രൂപയുടെ 383 പദ്ധതികൾക്ക് അംഗീകാരം നൽകുകയും ചെയ്തു.

(ബി) കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളിൽ ടെണ്ടർ നടപടികൾ ആരംഭിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പ്രവാസി ചിട്ടി വഴി കിഫ്ബി ഫണ്ട് സമാഹരണം**

32(476) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടിയിലൂടെ കിഫ്ബിയിലേക്ക് ഫണ്ട് സമാഹരിക്കാൻ കഴിഞ്ഞിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(ബി) എങ്കിൽ എത്ര തുക സമാഹരിച്ചു എന്നുള്ളതിന്റെ ജില്ല തിരിച്ചുള്ള കണക്ക് നൽകാമോ?

ഉത്തരം

(എ&ബി) പ്രവാസി ചിട്ടിയുടെ പ്രവർത്തനം ആരംഭിച്ചിട്ടില്ല.

**കോട്ടക് മഹേന്ദ്ര ബാങ്കിൽ കിഫ്ബി നിക്ഷേപിച്ച തുക**

33(477) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ അക്കൗണ്ടിലുള്ള തുകയിൽ നിന്ന് 22-1-2018 -ൽ എത്ര കോടി രൂപയാണ് കോട്ടക് മഹേന്ദ്ര ബാങ്കിൽ സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചതെന്നും അതിന്റെ പലിശ നിരക്ക് എത്ര ശതമാനമാണെന്നും അറിയിക്കുമോ;

(ബി) ക്വട്ടേഷൻ/ടെണ്ടർ വിളിച്ചാണോ പ്രസ്തുത തുക ഈ ബാങ്കിൽ നിക്ഷേപിച്ചതെന്ന് വ്യക്തമാക്കുമോ;

(സി) എങ്കിൽ ഏതൊക്കെ ബാങ്കുകളാണ് ക്വട്ടേഷനിൽ പങ്കെടുത്തതെന്ന് അറിയിക്കുമോ ;

(ഡി) വിവിധ ബാങ്കുകൾ ഓഫർ ചെയ്തിരുന്ന പലിശ നിരക്ക് എത്ര ശതമാനമാണ്?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) 2016-ലെ ഭേദഗതി ചെയ്ത കിഫ് ആക്ടിലെ 3-ാം വകുപ്പുപ്രകാരം കിഫ്ബി നിധിയിൽ ലഭ്യമായിട്ടുള്ള തുകയിൽനിന്നും 500 കോടി രൂപ 22-1-2018-ൽ കോട്ടക് മഹീന്ദ്ര ബാങ്കിൽ 5.7 ശതമാനം വാർഷിക പലിശ നിരക്കിൽ സേവിങ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. കിഫ്ബിയുടെ ഇൻവെസ്റ്റുമെന്റ് മാനേജ്മെന്റ് കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം കിഫ്ബിയുടെ എക്സിക്യൂട്ടീവ് കമ്മിറ്റി ശിപാർശ ചെയ്തതും ബോർഡ് അംഗീകരിച്ചതുമായ കിഫ്ബിയുടെ പുതിയ ഇൻവെസ്റ്റുമെന്റ് പോളിസിപ്രകാരം കിഫ്ബിയിലെ ഫണ്ടിന്റെ 20% തുകയെ ഒരു ബാങ്കിൽ ഒരേ സമയം നിക്ഷേപിക്കാവൂ. നിലവിൽ കോട്ടക് മഹീന്ദ്ര ബാങ്കിലെ നിക്ഷേപം ഈ പരിധിക്കുള്ളിലാണ്.

(ബി-ഡി) ഭേദഗതി ചെയ്ത കിഫ് ആക്ട് പ്രകാരം കിഫ്ബി നിധിയിൽ ലഭ്യമാകുന്ന തുക സംസ്ഥാന ട്രഷറിയിലല്ലാതെയുള്ള മറ്റ് വിവേകപൂർവ്വമായ നിക്ഷേപങ്ങളിൽ നിക്ഷേപിക്കാവുന്നതാണെന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്. വിവിധ ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ ഉയർന്ന റേറ്റിംഗ് നൽകിയിട്ടുള്ള കോട്ടക് മഹീന്ദ്ര ബാങ്കിൽനിന്ന് കിഫ്ബിക്ക് മെച്ചപ്പെട്ട പലിശ ലഭിക്കുന്നതോടൊപ്പം ഈ ബാങ്കിന്റെ സുഗമമായ ഓൺലൈൻ സേവനസൗകര്യം കിഫ്ബിക്ക് പ്രയോജനപ്പെടുന്നു. കിഫ്ബി നിധിയിൽ നിലവിൽ ലഭ്യമായ ഭൂരിഭാഗം തുകയും ഹ്രസ്വകാല സ്ഥിരനിക്ഷേപങ്ങളിലാണ് നിക്ഷേപിച്ചിരിക്കുന്നത്. പദ്ധതികൾ നടപ്പിലാക്കുന്ന മുറയ്ക്ക് ആവശ്യമായി വരുന്ന തുക അനായാസം വിനിയോഗിക്കുന്നതിനായാണ് ആക്ടിലെ വ്യവസ്ഥ പ്രകാരം ബാക്കി തുക സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചിട്ടുള്ളത്.

### നെന്മാറ മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ

34(478) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികളാണ് കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വിശദമാക്കുമോ;

(ബി) ഇതിൽ എത്ര പദ്ധതികൾക്കാണ് ഭരണാനുമതി ലഭിച്ചിട്ടുള്ളത് എന്ന് അറിയിക്കുമോ;

(സി) മറ്റ് പദ്ധതികൾക്ക് ഭരണാനുമതി എന്ന് ലഭിക്കുമെന്ന് വിശദമാക്കുമോ?

ഉത്തരം

(എ&ബി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച നെന്മാറ നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്ന കിഫ്ബി പദ്ധതികളുടെ വിശദാംശങ്ങളും കിഫ്ബി നാളിതുവരെ ഭരണാനുമതി നൽകിയ പദ്ധതികളുടെ വിശദാംശങ്ങളും അനുബന്ധമായി ചേർക്കുന്നു*.

(സി) ബഡ്ജറ്റിൽ പ്രഖ്യാപിച്ച കിഫ്ബി പദ്ധതികളുടെ നടത്തിപ്പിനായി ഭരണാനുമതി നൽകുന്നത് ബന്ധപ്പെട്ട ഭരണ വകുപ്പാണ്. ടി ഭരണാനുമതിയുടെ അടിസ്ഥാനത്തിൽ ഭരണ വകുപ്പ് ചുമതലപ്പെടുത്തുന്ന സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ (SPV) വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കുന്ന മുറയ്ക്ക് ആയതു പരിശോധിച്ചതിനുശേഷം കിഫ്ബി മാനദണ്ഡങ്ങൾ തൃപ്തികരമായി പാലിക്കുന്നപക്ഷം പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകുന്നതാണ്.

**കിഫ്ബിയുടെ സ്ഥിര നിക്ഷേപം**

35(479) ശ്രീ. അനിൽ അക്കര: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ അക്കൗണ്ടിലുണ്ടായിരുന്ന എന്ത് തുകയാണ് 29-1-2018 ൽ ഇൻഡസ്ഇൻഡ് ബാങ്കിൽ സ്ഥിരനിക്ഷേപം നടത്തിയതെന്നും എത്ര ശതമാനം പലിശയ്ക്കാണ് തുക നിക്ഷേപിച്ചതെന്നും വെളിപ്പെടുത്തുമോ;

(ബി) ബാങ്കുകളിൽനിന്നും ക്വട്ടേഷൻ സ്വീകരിച്ചാണോ ഈ തുക നിക്ഷേപിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; എങ്കിൽ ഏതൊക്കെ ബാങ്കുകളാണ് ക്വട്ടേഷൻ നൽകിയത്;

(സി) ക്വട്ടേഷനിൽ പങ്കെടുത്ത ബാങ്കുകൾ ഓഫർ ചെയ്ത പലിശനിരക്കുകൾ എന്തൊക്കെയായിരുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2018 ജനുവരി 29-ന് 108,18,08,932 കോടി രൂപ ഇൻഡസ് ഇൻഡ് ബാങ്കിൽ 90 ദിവസത്തേയ്ക്ക് 7.16 ശതമാനം വാർഷിക പലിശയ്ക്ക് സ്ഥിരനിക്ഷേപം നടത്തിയിരുന്നു.

(ബി&സി) അതെ. ക്വട്ടേഷൻ നൽകിയ ബാങ്കുകളും ടി ബാങ്കുകൾ ഓഫർ ചെയ്ത പലിശയും ഉൾപ്പെടെയുള്ള വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*. കിഫ് ആക്ടിലെ വ്യവസ്ഥയ്ക്ക് അനുസൃതമായും സെബി അംഗീകൃത ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകുന്ന ഉയർന്ന റേറ്റിംഗിന്റെ അടിസ്ഥാനത്തിലുമാണ് വിവിധ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നത്. മെച്ചപ്പെട്ട പലിശ നിരക്കും സുരക്ഷിതത്വവും

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പരിഗണിച്ച് സുതാര്യമായ നടപടിക്രമങ്ങൾ പാലിച്ചാണ് നിക്ഷേപങ്ങൾ നടത്തുന്നതു സംബന്ധിച്ച തീരുമാനം കൈക്കൊള്ളുന്നത്. ഒരേ ബാങ്കിൽ ഒരേ സമയം കൂടുതൽ തുകകൾ നിക്ഷേപിക്കുന്നതുമൂലം ഉണ്ടാകാവുന്ന സുരക്ഷിതത്വമില്ലായ്മ ഒഴിവാക്കാനാണ് തുക വിവിധ ബാങ്കുകളിലായി നിക്ഷേപിക്കുന്നത്. 24-1-2018-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച ഇൻവെസ്റ്റ്മെന്റ് പോളിസിയിലും ഈ വ്യവസ്ഥ നിഷ്കർഷിച്ചിട്ടുണ്ട്.

## കിഫ്ബിയുടെ പ്രവർത്തനം

36(480) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 14-2-2017 ലെ G.O.(MS)No.77/17/Fin. പ്രകാരം കിഫ്ബിയിൽ സൃഷ്ടിച്ച തസ്തികകൾ എത്രയാണ്; ഇതുപ്രകാരം എത്ര ആളുകളെ കിഫ്ബിയിൽ നിയമിച്ചു; വിശദാംശം ലഭ്യമാക്കുമോ;

(ബി) കിഫ്ബിയിലെ പ്രോജക്ട് അപ്രൈസൽ ഡിവിഷന്റേയും ഇൻസ്പെക്ഷൻ വിഭാഗത്തിന്റെയും ചുമതലകൾ എന്തെല്ലാമാണ്;

(സി) പ്രോജക്ട് അപ്രൈസൽ ഡിവിഷന്റെ കീഴിലുള്ള ചീഫ് ജനറൽ മാനേജർ, ജനറൽ മാനേജർ (അപ്രൈസൽ) എന്നിവരുടെ ചുമതലകൾ എന്തൊക്കെയാണ്;

(ഡി) പ്രോജക്ട് അപ്രൈസൽ ഡിവിഷന്റെ 2018 ഏപ്രിൽ 30 വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ എത്രയാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സ.ഉ.(കൈ) നമ്പർ 77/17/ധന പ്രകാരം 32 തസ്തികകൾ കിഫ്ബിയിൽ സൃഷ്ടിച്ചിട്ടുണ്ട്. ഇതിൽ 20 തസ്തികകളിൽ ഉദ്യോഗസ്ഥരെ നിയമിച്ചിട്ടുണ്ട്.

(ബി&സി) കിഫ്ബിയുടെ ധനസഹായത്തിനായി നിർദ്ദേശിക്കപ്പെടുന്ന പദ്ധതികളുടെ ഡി.പി.ആർ. കിഫ്ബി മാനദണ്ഡങ്ങൾക്ക് വിധേയമായി അവലോകനം നടത്തി, യോഗ്യമായവയെ ബോർഡിന്റെ അംഗീകാരത്തിനായി ശിപാർശ ചെയ്യുക എന്നതാണ് കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിന്റെ പ്രധാന ചുമതല. പദ്ധതികളുടെ പുരോഗതി വിലയിരുത്തുന്നതിനായി ബന്ധപ്പെട്ട ഭരണവകുപ്പുകളുടേയും നിർവ്വഹണ ഏജൻസികളുടേയും യോഗങ്ങൾ നടത്തി സമയബന്ധിതമായ പദ്ധതി നിർവ്വഹണം ഉറപ്പാക്കുക, പദ്ധതികളുടെ Work Break Down Structure (WBS)-ന് അംഗീകാരം നൽകുക, ബില്ലുകൾ

സമർപ്പിക്കപ്പെടുന്നത് WBS പ്രകാരമാണെന്ന് ഉറപ്പാക്കുക എന്നിവ ഉൾപ്പെടെയുള്ള സുപ്രധാന ചുമതലകളും ഈ വിഭാഗം കൈകാര്യം ചെയ്യുന്നു. ഈ പ്രവൃത്തികളുടെ മേൽനോട്ടം അപ്രൈസൽ വിഭാഗം ജനറൽ മാനേജർ നടത്തിവരുന്നു. ചീഫ് ജനറൽ മാനേജർ തസ്തികയിലേയ്ക്ക് ഇതുവരെ നിയമനം നടത്തിയിട്ടില്ല. അംഗീകാരം ലഭിച്ച പദ്ധതികളുടെ നിർവ്വഹണ പുരോഗതി വിലയിരുത്തുക, പദ്ധതി നിർവ്വഹണത്തിൽ കൃത്യമായ നടപടിക്രമങ്ങൾ പാലിച്ചിട്ടുണ്ടെന്നും ഫണ്ടുകളുടെ വിനിയോഗം കിഫ് ആക്ടിലെ വ്യവസ്ഥകൾ പ്രകാരമാണെന്ന് ഉറപ്പുവരുത്തുക എന്നിവയാണ് ഇൻസ്പെക്ഷൻ വിഭാഗത്തിന്റെ പ്രധാന ചുമതലകൾ.

(ഡി) പ്രോജക്ട് അപ്രൈസൽ ഡിവിഷന്റെ 2018 ഏപ്രിൽ 30 വരെയുള്ള എസ്റ്റാബ്ലിഷ്മെന്റ് ചെലവുകൾ 48,90,856 രൂപയാണ്.

**കിഫ്ബിയുടെ അക്കൗണ്ടിൽനിന്നും ബാങ്കുകളിൽ നിക്ഷേപിച്ച തുക**

37(481) ശ്രീ. റോജി എം. ജോൺ
ശ്രീ. കെ. സി.ജോസഫ്
ശ്രീ. വി. ഡി. സതീശൻ
ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ അക്കൗണ്ടിൽനിന്നും 29-1-2018-ൽ വിവിധ ബാങ്കുകളിൽ ഫിക്സഡ് ഡിപ്പോസിറ്റായി നിക്ഷേപിച്ച തുക എത്രയാണ്; ഏതെല്ലാം ബാങ്കുകളിലാണ് തുക നിക്ഷേപിച്ചതെന്നും അതിന്റെ പലിശ നിരക്ക് എത്രയെന്നും വ്യക്തമാക്കുമോ;

(ബി) വിവിധ ബാങ്കുകളിൽ വ്യത്യസ്ത പലിശ നിരക്കിലാണോ 29-1-2018-ൽ തുക നിക്ഷേപിച്ചത്; ഇതിനുള്ള കാരണമെന്താണ്;

(സി) കുറഞ്ഞ പലിശക്ക് തുക നിക്ഷേപിച്ചതുമൂലം ഉണ്ടായ നഷ്ടം എത്രയെന്ന് വ്യക്തമാക്കുമോ;

(ഡി) 29-1-2018-ൽ കിഫ്ബിയുടെ അക്കൗണ്ടിലെ തുക വ്യത്യസ്ത ബാങ്കുകളിൽ നിക്ഷേപിച്ചത് ക്വട്ടേഷൻ സ്വീകരിച്ചാണോ; എങ്കിൽ ക്വട്ടേഷനിലെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2018 ജനുവരി 29-നുള്ള കിഫ്ബിയുടെ ബാങ്ക് നിക്ഷേപത്തിന്റെ വിശദാംശങ്ങൾ അനുബന്ധമായി ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്നു.*

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി-ഡി) കിഫ്ബി ആക്ടിലെ വ്യവസ്ഥയ്ക്ക് അനുസൃതമായും സെബി അംഗീകൃത ക്രെഡിറ്റ് റേറ്റിംഗ് ഏജൻസികൾ നൽകുന്ന ഉയർന്ന റേറ്റിംഗിന്റെ അടിസ്ഥാനത്തിലുമാണ് വിവിധ ബാങ്കുകളിൽ നിക്ഷേപം നടത്തുന്നത്. ഒരേ ബാങ്കിൽ ഒരേ സമയം കൂടുതൽ തുകകൾ നിക്ഷേപിക്കുന്നതുമൂലം ഉണ്ടാകാവുന്ന സുരക്ഷിതത്വമില്ലായ്മ ഒഴിവാക്കാനാണ് തുക വിവിധ ബാങ്കുകളിലായി നിക്ഷേപിക്കുന്നത്. ഒരു സുതാര്യ നടപടിക്രമത്തിലൂടെ പലിശ നിരക്കും സുരക്ഷിതത്വവും കൂടി പരിഗണിച്ചാണ് തീരുമാനം കൈക്കൊള്ളുന്നത്. ഈ കാരണത്താൽ നഷ്ടമുണ്ടായിട്ടില്ല. 24-4-2018-ലെ എക്സിക്യൂട്ടീവ് കമ്മിറ്റി അംഗീകരിച്ച ഇൻവെസ്റ്റ്മെന്റ് പോളിസിയിലും ഈ വ്യവസ്ഥ നിഷ്കർഷിച്ചിട്ടുണ്ട്. 29-1-2018-ൽ വിവിധ ബാങ്കുകളിൽനിന്നും ലഭിച്ച ക്വട്ടേഷന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## കോട്ടക്കൽ മണ്ഡലത്തിലെ പ്രവൃത്തികൾക്ക് കിഫ്ബി അംഗീകാരം

38(482) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോട്ടക്കൽ നിയോജകമണ്ഡലത്തിലെ എടയൂർ ഇരിമ്പിളിയം കുടിവള്ള പദ്ധതി, കുറ്റിപ്പുറം - കാങ്കക്കടവ് റഗുലേറ്റർ കം ബ്രിഡ്ജ് എന്നിവയുടെ എസ്റ്റിമേറ്റുകളും പ്രൊപ്പോസലുകളും കിഫ്ബി അംഗീകരിച്ച് നൽകിയിട്ടുണ്ടോ;

(ബി) ഈ രണ്ട് പ്രൊപ്പോസലുകളും കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ടോ; ആയതിന് അംഗീകാരം ലഭിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി) എടയൂർ-ഇരിമ്പിളിയം കുടിവെള്ള പദ്ധതിക്കായി 75 കോടി രൂപയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ കേരള വാട്ടർ അതോറിറ്റി സമർപ്പിച്ചിട്ടുണ്ട്. ആയത് കിഫ്ബി പദ്ധതി അവലോകന വിഭാഗത്തിന്റെ പരിശോധനയിലാണ്. എന്നാൽ കുറ്റിപ്പുറം-കാങ്കടവ് റെഗുലേറ്റർ കം ബ്രിഡ്ജ് പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് നാളിതുവരെ കിഫ്ബിയിൽ ലഭിച്ചിട്ടില്ല. കിഫ്ബി മാനദണ്ഡങ്ങൾ തൃപ്തികരമായി പാലിക്കുന്ന പക്ഷം പദ്ധതികൾക്ക് കിഫ്ബിയുടെ അംഗീകാരം നൽകുന്നതാണ്.

## ചൊവ്വര ജി.എച്ച്.എസ്.-ന്റെ വികസനത്തിനായി കിഫ്ബി തീരുമാനം

39(483) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ ഭാഗമായുള്ള അഞ്ച് കോടി രൂപയുടെ ഒന്നാമത്തെ സ്കീമിൽ ഉൾപ്പെടുത്തിയിരുന്ന എറണാകുളം ജില്ലയിലെ ചെല്ലാനം പുത്തൻതോട്

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഗവ. എച്ച്.എസ്.എസ്., മൂന്ന് കോടി രൂപയുടെ രണ്ടാമത്തെ സ്കീമിലും ഉൾപ്പെട്ടതിനാൽ പ്രസ്തുത സ്കൂളിന് പകരമായി ചൊവ്വര ജി.എച്ച്.എസിന്റെ പേര് ഉൾപ്പെടുത്തുന്നതിനായുള്ള നടപടിക്രമം എന്താണെന്ന് വിശദമാക്കാമോ;

(ബി) ചൊവ്വര ജി.എച്ച്.എസ്സ്.-നെ ഉൾപ്പെടുത്തുന്നതിനായി 7-3-2017 ന് ധനകാര്യ വകുപ്പുമന്ത്രിക്ക് സമർപ്പിച്ച കത്തിന്റെ അടിസ്ഥാനത്തിൽ ധനകാര്യ വകുപ്പിലെ 489789/എഡ്യു.എ 3/2017/ധന. എന്ന ഫയലിൽ തുടർനടപടി സ്വീകരിച്ച് ഇപ്പോൾ കിഫ്ബിയിൽ പരിഗണനയിലിരിക്കുന്ന ഫയലിൽ നാളിതുവരെ തീരുമാനമെടുക്കുന്നതിൽ കാലതാമസം നേരിടുന്നതിന്റെ കാരണം വ്യക്തമാക്കാമോ;

(സി) പ്രസ്തുത തെറ്റ് തിരുത്തി എന്നത്തേക്ക് ചൊവ്വര ജി.എച്ച്.എസിനെ മൂന്ന് കോടി രൂപയുടെ സ്കീമിൽ ഉൾപ്പെടുത്താൻ സാധിക്കുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2017-18 ബഡ്ജറ്റ് പ്രസംഗത്തിൽ പൊതുവിദ്യാഭ്യാസ സംരക്ഷണയജ്ഞത്തിന്റെ രണ്ടാമത്തെ സ്കീമിന്റെ ഭാഗമായി ഒന്നാമത്തെ സ്കീമിൽ ഉൾപ്പെടാത്ത, 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന എല്ലാ സർക്കാർ സ്കൂളുകളിലെയും ഭൗതികസൗകര്യങ്ങൾ മെച്ചപ്പെടുത്തുവാൻ കിഫ്ബിയിൽനിന്നും 500 കോടി രൂപ നിക്ഷേപിക്കുന്നു എന്നും ഒരു സ്കൂളിന് പരമാവധി 3 കോടി രൂപയാണ് നൽകുക എന്നും പ്രഖ്യാപിച്ചിരുന്നു. തുടർന്ന് 2018-19 ബഡ്ജറ്റ് പ്രസംഗത്തിലെ 51-ാം ഖണ്ഡികയിൽ "കഴിഞ്ഞ വർഷം പ്രഖ്യാപിച്ച 1000 കുട്ടികളിൽ കൂടുതൽ പഠിക്കുന്ന സ്കൂളുകളുടെ ലിസ്റ്റിൽനിന്നും ഏതാനും സ്കൂളുകൾ വിട്ടുപോയി എന്നും അവർക്ക് മുമ്പ് പ്രഖ്യാപിച്ച 3 കോടി രൂപവരെയുള്ള സഹായം ലഭ്യമാക്കും" എന്നും പ്രഖ്യാപിച്ചിരുന്നു. ഈ സാഹചര്യത്തിൽ പൊതുസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള രണ്ടാമത്തെ സ്കീമിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരിക്കുന്ന ആലുവ ചൊവ്വര ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ സ്ഥിതി പരിശോധിച്ച് ഭരണാനുമതി പുറപ്പെടുവിക്കേണ്ടത് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ ചുമതലയാണ്.

(ബി) 27-3-2018-ൽ കിഫ്ബിയിൽ ലഭിച്ച 489789/എഡ്യൂ.എ 3/ 2017/ധന ഫയലിന്മേൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസമുണ്ടായിട്ടില്ല. പ്രസ്തുത ഫയലിന്മേൽ നടപടി സ്വീകരിക്കുകയും പൊതുസംരക്ഷണ യജ്ഞത്തിന്റെ ഭാഗമായുള്ള സ്കീമിൽ ഉൾപ്പെടുത്തണമെന്ന് ആവശ്യപ്പെട്ടിരുന്ന ആലുവ ചൊവ്വര ഗവ. ഹയർ സെക്കന്ററി സ്കൂളിന്റെ സ്ഥിതി പരിശോധിച്ച് അനുയോജ്യമായ നടപടി സ്വീകരിക്കുവാൻ ബന്ധപ്പെട്ട ഭരണവകുപ്പിനോട് ആവശ്യപ്പെടാവുന്നതാണെന്ന് ധന (എഡ്യൂക്കേഷൻ) വകുപ്പിനെ 14-5-2018-ൽ അറിയിച്ചിട്ടുള്ളതുമാണ്.

(സി) ബന്ധപ്പെട്ട ഭരണവകുപ്പിന്റെ ഭരണാനുമതി ലഭ്യമാകുന്ന മുറയ്ക്ക് ചൊവ്വര ജി.എച്ച്.എസ്സിനെ മൂന്ന് കോടി രൂപയുടെ സ്കീമിൽ ഉൾപ്പെടുത്താവുന്നതാണ്.

## കിഫ്ബി വഴി അനുമതി നൽകിയ കാസർഗോഡ് ജില്ലയിലെ പ്രവൃത്തികൾ

40(484) ശ്രീ. കെ. കുഞ്ഞിരാമൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ കിഫ്ബി എത്ര പ്രവൃത്തികൾക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ടെന്ന് വെളിപ്പെടുത്തുമോ?

(ബി) പ്രസ്തുത പ്രവൃത്തികളുടെ പേരും തുകയും പ്രത്യേകം പ്രത്യേകം വിശദമാക്കാമോ?

ഉത്തരം

(എ&ബി) നാളിതുവരെ കാസർഗോഡ് ജില്ലയിൽ കിഫ്ബിയിൽനിന്നും 1467.49 കോടി രൂപയ്ക്ക് സാമ്പത്തികാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പ്രവൃത്തികളുടെ പേരും തുകയും അനുബന്ധമായി ചേർക്കുന്നു. *

## കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികൾ

41(485) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല മണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഭരണാനുമതി നല്കിയിട്ടുള്ളവയിൽ സാങ്കേതികാനുമതി നൽകി ടെണ്ടർ നടപടി പൂർത്തിയാക്കിയിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) അവയിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകൾ ഏതെല്ലാം; അവയുടെ ടെണ്ടർ നടപടി വിശദമാക്കാമോ?

ഉത്തരം

(എ&ബി) വർക്കല നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പ്രവൃത്തികളിൽ ഭരണാനുമതി നൽകിയിട്ടുള്ളവയും അവയുടെ നിലവിലെ സ്ഥിതിയും അവയിൽ ഉൾപ്പെട്ടിട്ടുള്ള സ്കൂളുകൾ, അവയുടെ ടെണ്ടർ നടപടികൾ എന്നിവ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ആലപ്പുഴ ജില്ലയിലെ കിഫ്ബി പദ്ധതികൾ

42(486) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി അനുമതി നൽകിയ പദ്ധതികൾ ഏതൊക്കെയെന്ന് വിശദമാക്കാമോ;

(ബി) പ്രസ്തുത പ്രവൃത്തികൾ നടപ്പിലാക്കുന്നതിന് എസ്.പി.വി.-യെ ചുമതലപ്പെടുത്തിയിട്ടുണ്ടോ; ഉണ്ടെങ്കിൽ ഓരോ പ്രവൃത്തിക്കും ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി. ഏതാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ആലപ്പുഴ ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തി കിഫ്ബി അനുമതി നൽകിയ പദ്ധതികളും ഈ പദ്ധതികളുടെ നടത്തിപ്പിനായി ബന്ധപ്പെട്ട ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.-കളുടെ വിശദവിവരം ഉൾപ്പെടെ അനുബന്ധമായി ചേർക്കുന്നു.*

## കിഫ്ബി പദ്ധതിയിലുള്ള കണ്ണൂർ ജില്ലയിലെ റോഡുകൾ

43(487) ശ്രീ. കെ. സി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിലെ ഏതെല്ലാം റോഡുകളാണ് നവീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്നും ഓരോന്നിനും നീക്കി വച്ച തുക എത്രയാണെന്നും വെളിപ്പെടുത്തുമോ;

(ബി) ഇതിൽ ഏതെല്ലാം റോഡിന്റെ പ്രവൃത്തിയാണ് ഇതിനോടകം ടെണ്ടർ ചെയ്ത് ആരംഭിച്ചതെന്ന് വെളിപ്പെടുത്തുമോ;

(സി) കണ്ണൂർ ജില്ലയിൽ കിഫ്ബിയിൽ ഉൾപ്പെടുത്തിയ ആലക്കോട് കോളനി - കാപ്പിമല റോഡ്,കണയാർവയൽ - തിരൂർ - ഉളിക്കൽ റോഡ്,ശ്രീകണ്ഠപുരം - ചെമ്പന്തൊടി - നടുവാൽ റോഡ്,ആലക്കോട് - പാണൻപാറ - കനകകുന്ന് റോഡ്,മണക്കടവ് - മൂറിക്കടവ് - കാപ്പിമല - ആലക്കോട് റോഡുകളിൽ ഓരോന്നിന്റെയും പ്രവൃത്തി ഏതു ഘട്ടത്തിലാണെന്നും ഓരോന്നിനും അനുവദിച്ചത് എത്ര തുകയാണെന്നും വെളിപ്പെടുത്തുമോ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ-സി) കിഫ്ബി പദ്ധതിയിൽ ഉൾപ്പെടുത്തി കണ്ണൂർ ജില്ലയിൽ നവീകരിക്കുവാൻ ഉദ്ദേശിക്കുന്ന റോഡുകളും ഇവയിൽ ഓരോന്നിനും ബഡ്ജറ്റിൽ നീക്കിവച്ച തുകയും ഇതിൽ കിഫ്ബി അംഗീകരിച്ച പ്രവൃത്തികളും ഇതിൽ ടെണ്ടർ ചെയ്ത് ആരംഭിച്ച പ്രവൃത്തികളും മറ്റ് പ്രവൃത്തികളുടെ വിശദവിവരം ഉൾപ്പെടെ അനുബന്ധമായി ചേർക്കുന്നു. *

**ഒല്ലൂർ നിയോജകമണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

44(488) ശ്രീ. കെ. രാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ ലിസ്റ്റ് ലഭ്യമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടേയും നിലവിലെ അവസ്ഥ എന്താണെന്ന് വിശദീകരിക്കാമോ?

ഉത്തരം

(എ & ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കുന്ന പദ്ധതികളുടെ പട്ടികയും ഓരോ പ്രവൃത്തികളുടെ നിലവിലെ അവസ്ഥയും അനുബന്ധമായി ചേർക്കുന്നു*.

**നാദാപുരം മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

45(489) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബിവഴി എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അംഗീകാരം നൽകിയിട്ടുള്ളതെന്ന് വിശദമാക്കാമോ;

(ബി) ഓരോ പദ്ധതികൾക്കും എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(സി) അംഗീകാരം നൽകിയ പദ്ധതികളുടെ ടെണ്ടർ നടപടികൾ പൂർത്തികരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ-സി) നാദാപുരം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴി 182.55 കോടി രൂപയുടെ 6 പദ്ധതികൾക്ക് അംഗീകാരം നൽകിയിട്ടുണ്ട്. ഈ പദ്ധതികളിൽ ഓരോന്നിനും കിഫ്ബി അനുവദിച്ച തുകയും ഇവയിൽ ടെണ്ടർ നടപടികൾ പൂർത്തീകരിച്ച പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.* ടെണ്ടർ നടപടികൾ പൂർത്തീകരിക്കേണ്ടത് ഭരണവകുപ്പ് ചുമതലപ്പെടുത്തിയ എസ്.പി.വി. (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) ആണ്. ജില്ലയിലെ പദ്ധതികൾ അംഗീകരിക്കപ്പെട്ടവയിൽ 2 എണ്ണത്തിന് ടെണ്ടർ നടപടികൾ പൂർത്തിയായി കോൺട്രാക്ട് നൽകപ്പെട്ടുകഴിഞ്ഞു.

**കാട്ടാക്കട മണ്ഡലത്തിലെ കിഫ്ബി പ്രവൃത്തികൾ**

46(490) <u>ശ്രീ. ഐ. ബി. സതീഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി കാട്ടാക്കട മണ്ഡലത്തിൽനിന്നും തെരഞ്ഞെടുത്തിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണ്;

(ബി) ഇവയിൽ വിവിധ വകുപ്പുകൾവഴി സമർപ്പിക്കപ്പെട്ട കിഫ്ബിയുടെ അംഗീകാരം ലഭിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) കാട്ടാക്കട നിയോജകമണ്ഡലത്തിൽനിന്നും കിഫ്ബിയിൽ ഉൾപ്പെടുത്തുന്നതിനായി തെരഞ്ഞെടുത്തിട്ടുള്ള പദ്ധതികളുടെയും വിവിധ വകുപ്പുകൾ വഴി സമർപ്പിക്കപ്പെട്ട കിഫ്ബിയുടെ അംഗീകാരം ലഭിച്ച പദ്ധതികളുടെയും വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

**പട്ടാമ്പി മണ്ഡലത്തിൽ കിഫ്ബി വഴി അനുവദിച്ചിട്ടുള്ള പദ്ധതികൾ**

47(491) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബിവഴി പട്ടാമ്പി മണ്ഡലത്തിന് അനുവദിച്ചിട്ടുള്ള പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ പദ്ധതികളുടെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കിഫ്ബി വഴി പട്ടാമ്പി മണ്ഡലത്തിന് അനുവദിച്ചിട്ടുള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി* ചേർക്കുന്നു.

**ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ കിഫ്ബി വഴിയുള്ള പ്രവൃത്തികൾ**

48(492) <u>ശ്രീ. പി. ഉണ്ണി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽ ഏതെല്ലാം പ്രവൃത്തികൾക്കാണ് കിഫ്ബി വഴി ഫണ്ട് അനുവദിച്ചത് എന്ന് വ്യക്തമാക്കാമോ;

(ബി) ഓരോ പ്രവൃത്തിയുടേയും കാലിക സ്ഥിതി വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ഒറ്റപ്പാലം നിയോജകമണ്ഡലത്തിൽനിന്നും കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികളും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു.*

**കോഴിക്കോട് ജില്ലയിൽ കിഫ്ബി വഴിയുള്ള പൊതുമരാമത്ത് പ്രവൃത്തികൾ**

49(493) <u>ശ്രീ. പുരുഷൻ കടലുണ്ടി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിലൂടെ നാളിതുവരെ എത്ര കോടി രൂപയുടെ പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് അനുമതി നൽകിയിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) മുൻപ് ഉൾപ്പെടാതെ പോയതും എന്നാൽ പ്രധാനപ്പെട്ടതുമായ പൊതുമരാമത്ത് പ്രവൃത്തികൾക്ക് കിഫ്ബിയിൽ അനുമതി നൽകുന്നതിന് എന്തെങ്കിലും തടസ്സമുണ്ടോ;

(സി) പുതിയ പ്രവൃത്തികൾ കിഫ്ബിയിലൂടെ നടപ്പിലാക്കുന്നതിനുള്ള നടപടിക്രമങ്ങൾ അറിയിക്കാമോ?

<u>ഉത്തരം</u>

(എ) കോഴിക്കോട് ജില്ലയിൽ കിഫ്ബിയിലൂടെ നാളിതുവരെ (30-5-2018) 746.43 കോടി രൂപയുടെ 16 പൊതുമരാമത്ത് പ്രവൃത്തികൾക്കാണ് കിഫ്ബി അനുമതി നൽകിയിട്ടുള്ളത്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി&സി) കിഫ്ബി മാർഗ്ഗനിർദ്ദേശരേഖകൾപ്രകാരം ഒരു പദ്ധതി കിഫ്ബി വഴി നടപ്പിലാക്കണമെങ്കിൽ ബഡ്ജറ്റ് പ്രസംഗത്തിൽ കിഫ്ബി വഴി ഉൾപ്പെടുത്തി പ്രഖ്യാപിക്കുകയും തുടർന്ന് ബന്ധപ്പെട്ട ഭരണവകുപ്പിന്റെ ഭരണാനുമതിയോടെ പദ്ധതിയുടെ വിശദമായ റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കേണ്ടതുമാണ്. 2016-17 മുതൽ 2020-21 സാമ്പത്തിക വർഷം വരെയുള്ള അഞ്ചു വർഷ കാലയളവിനുള്ളിൽ 50,000 കോടി രൂപയുടെ പദ്ധതികൾ നടപ്പിലാക്കുക എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. എന്നാൽ ഇതിനോടകംതന്നെ 54,000 കോടി രൂപയിൽ കവിഞ്ഞ കിഫ്ബി പദ്ധതികൾ സർക്കാർ പ്രഖ്യാപിച്ചുകഴിഞ്ഞു. ഇതിൽ 23414.4 കോടി രൂപയുടെ പദ്ധതികൾക്ക് കിഫ് ബോർഡ് അംഗീകാരവും നൽകിക്കഴിഞ്ഞു. പ്രഖ്യാപിച്ച പദ്ധതികൾ ഡി.പി.ആർ. തയ്യാറാക്കി പ്രവർത്തിപഥത്തിലെത്തിക്കുന്നതിനാണ് കിഫ്ബി പരിശ്രമിക്കുന്നത്. ഇനിയും പുതിയ പദ്ധതികൾക്ക് അംഗീകാരം നൽകുന്നത് കിഫ്ബിയുടെ തിരിച്ചടവിനെ പ്രതികൂലമായി ബാധിക്കുമെന്നതിനാൽ പൊതുവിൽ പുതിയ പദ്ധതികൾ കിഫ്ബി മുഖേന ഏറ്റെടുക്കേണ്ടതില്ലെന്നതാണ് തീരുമാനം. ബഡ്ജറ്റിൽ പ്രഖ്യാപിക്കാത്ത പദ്ധതികൾ കിഫ്ബിയിൽ ഉൾപ്പെടുത്തണമെങ്കിൽ മുഖ്യമന്ത്രിയുടെയും മന്ത്രിസഭയുടെയും അംഗീകാരത്തോടെ പദ്ധതി കിഫ്ബിയിൽ സമർപ്പിക്കേണ്ടതാണ്. ഭരണവകുപ്പ് ചുമതലപ്പെടുത്തിയിട്ടുള്ള എസ്.പി.വി.-കളാണ് (സ്പെഷ്യൽ പർപ്പസ് വെഹിക്കിൾ) പദ്ധതിയുടെ വിശദമായ പദ്ധതി റിപ്പോർട്ട് കിഫ്ബിയിൽ സമർപ്പിക്കേണ്ടത്. എസ്.പി.വി.-കൾ സമർപ്പിക്കുന്ന വിശദമായ പദ്ധതി റിപ്പോർട്ട് പരിശോധിച്ച് അംഗീകാരം നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്.

**മാവേലിക്കര മണ്ഡലത്തിലെ കിഫ്ബി പദ്ധതികൾ**

50(494) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവേലിക്കര നിയമസഭാ മണ്ഡലത്തിൽ ഏതെല്ലാം പദ്ധതികളാണ് കിഫ്ബി മുഖാന്തരം നടപ്പിലാക്കുവാൻ നിർദ്ദേശിക്കപ്പെട്ടിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(ബി) ഏതെല്ലാം പ്രവൃത്തികൾക്ക് നിലവിൽ അനുവാദം നല്കി കഴിഞ്ഞു; പ്രസ്തുത പ്രവൃത്തികളുടെ നിർവ്വഹണ ഏജൻസികൾ, എസ്.പി.വി. എന്നിവ ഏതെന്ന് വിശദമാക്കുമോ;

(സി) അനുമതി ലഭിക്കാനുള്ള പ്രവൃത്തികൾ ഏതുഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) മാവേലിക്കര നിയോജകമണ്ഡലത്തിൽ കിഫ്ബി മുഖേന നടപ്പിലാക്കാൻ നിർദ്ദേശിച്ച പദ്ധതികളും അനുമതി ലഭിച്ച പദ്ധതികളും അവയുടെ നിർവ്വഹണ ഏജൻസികളുടെയും പദ്ധതികളുടെ പ്രവർത്തന പുരോഗതിയും അനുബന്ധമായി ചേർക്കുന്നു.*

**കിഫ്ബിയിൽ ഉൾപ്പെടുത്തിയ കായംകുളം മണ്ഡലത്തിലെ പ്രവൃത്തികൾ**

51(495) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കായംകുളം മണ്ഡലത്തിലെ പ്രവൃത്തികളുടെയും അവ ഓരോന്നിന്റെ പുരോഗതിയുടെയും വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

കിഫ്ബിയിൽ ഉൾപ്പെടുത്തിയിട്ടുള്ള കായംകുളം മണ്ഡലത്തിലെ പ്രവൃത്തികളുടെയും അവയുടെ പുരോഗതിയുടെയും വിശദവിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

**തലശ്ശേരിയിലെ കിഫ്ബി പ്രവൃത്തികൾ**

52(496) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18-ലെ ബഡ്ജറ്റിൽ തലശ്ശേരി നിയോജകമണ്ഡലത്തിനായി കിഫ്ബിയിൽ ഉൾപ്പെടുത്തിയ പ്രവൃത്തികൾ ഏതൊക്കെയെന്നും അവയുടെ നിലവിലെ അവസ്ഥ എന്തെന്നും വ്യക്തമാക്കാമോ?

ഉത്തരം

2017-19 വർഷത്തിൽ കിഫ്ബി മുഖേന തലശ്ശേരി മണ്ഡലത്തിൽ ഉൾപ്പെടുത്തിയ പദ്ധതികളെയും അവയുടെ നിലവിലെ സ്ഥിതിയും അനുബന്ധമായി ചേർക്കുന്നു*.

**തിരുവനന്തപുരം ജില്ലയിലെ കിഫ്ബി പദ്ധതികൾ**

53(497) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം 2018 മേയ് 31 വരെ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

കിഫ്ബിയിലൂടെ എത്ര കോടി രൂപയുടെ പദ്ധതികൾക്കാണ് അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ;

(ബി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പദ്ധതികൾക്കാണ് കിഫ്ബി അനുമതി നൽകിയതെന്ന് വ്യക്തമാക്കുമോ; ഓരോ പദ്ധതിയുടെ പേരും അനുവദിച്ച തുകയും വ്യക്തമാക്കുമോ;

(സി) തിരുവനന്തപുരം ജില്ലയിൽ ഏതെല്ലാം പദ്ധതികളാണ് അനുമതി നൽകാനായി കിഫ്ബിയുടെ പരിഗണനയിൽ ഉള്ളതെന്ന് വ്യക്തമാക്കുമോ; വിശദാംശം നൽകുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം 2018 മേയ് 31 വരെ കിഫ്ബിയിലൂടെ 22051.39 കോടി രൂപയുടെ 367 പദ്ധതികൾക്ക് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) തിരുവനന്തപുരം ജില്ലയിൽനിന്നും കിഫ്ബി അംഗീകാരം നൽകിയിട്ടുള്ള പദ്ധതികളുടെ പേരും അനുവദിച്ച തുകയും അനുബന്ധമായി ചേർക്കുന്നു.*

(സി) തിരുവനന്തപുരം ജില്ലയിൽനിന്നും കിഫ്ബിയുടെ അംഗീകാരത്തിനായി പരിഗണനയിലുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

## ആസ്തി വികസന ഫണ്ട്

54(498) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ മണ്ഡലം ആസ്തി വികസന ഫണ്ടായി ഓരോ മണ്ഡലത്തിലും എത്ര കോടി രൂപ വീതം അനുവദിക്കുമെന്നാണ് പ്രഖ്യാപിച്ചിരുന്നത്;

(ബി) ഈ ഫണ്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രവൃത്തികൾക്ക് കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ എത്ര തുകയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്;

(സി) ഇതിൽ വാട്ടർ അതോറിറ്റി, വിദ്യാഭ്യാസം, പൊതുമരാമത്ത്, ആരോഗ്യം എന്നീ മേഖലകളിൽ ഭരണാനുമതി നൽകിയതിന്റെ വിശദവിവരങ്ങൾ ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) കഴിഞ്ഞ സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ആസ്തി വികസന ഫണ്ടായി ഓരോ നിയോജകമണ്ഡലത്തിലും 5 കോടി രൂപ വീതമാണ് അനുവദിച്ചിരുന്നത്.

(ബി&സി) വിവരം ശേഖരിച്ചുവരുന്നു.

## ആസ്തി വികസന ഫണ്ട്

55(499) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2014-15, 2015-16 വർഷങ്ങളിൽ പിറവം നിയോജകമണ്ഡലത്തിൽ എം.എൽ.എ.ഡി.എഫ്., എ.ഡി.എഫ്. സ്കീമുകൾ പ്രകാരം ഭരണാനുമതി ലഭിച്ച പദ്ധതികളും ഓരോ പദ്ധതിയുടെ തുകയും സംബന്ധിച്ച വിവരങ്ങൾ അറിയിക്കുമോ;

(ബി) പ്രസ്തുത വർഷങ്ങളിൽ ഭരണാനുമതി ലഭിച്ച പദ്ധതികളിൽ സാങ്കേതികാനുമതി ലഭിക്കാത്തവയുടെയും ഇതുവരെ കമ്മീഷൻ ചെയ്യാത്തവയുടെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) 2014-15, 2015-16 സാമ്പത്തിക വർഷങ്ങളിൽ പിറവം നിയോജക മണ്ഡലത്തിൽ നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് (LAC ADF) ഉപയോഗിച്ച് അനുമതി നൽകിയ പ്രവൃത്തികളുടെ വിശദവിവരങ്ങൾ അനുബന്ധമായി നൽകുന്നു.*

(ബി) വിവരം ശേഖരിച്ചുവരുന്നു.

## പെയിൻ ആൻഡ് പാലിയേറ്റീവ് യൂണിറ്റുകൾക്ക് എം.എൽ.എ. ഫണ്ട്

56(500) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പെയിൻ ആൻഡ് പാലിയേറ്റീവ് യൂണിറ്റുകൾക്ക് ഡയാലിസിസ് യൂണിറ്റ്, ആംബുലൻസ്, മറ്റ് ചികിത്സാ സഹായങ്ങൾ എന്നിവയ്ക്ക് വേണ്ടി എം.എൽ.എ. ഫണ്ട് വിനിയോഗിക്കുന്നതിന് ആയതിന്റെ മാനദണ്ഡത്തിലും മാർഗ്ഗ നിർദ്ദേശങ്ങളിലും ആവശ്യമായ ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ വരുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

29-12-2017-ലെ സ.ഉ.(അച്ചടി) നമ്പർ 161/2017/ധന. പ്രകാരം എം.എൽ.എ.-മാരുടെ പ്രത്യേക വികസന നിധിയുമായി ബന്ധപ്പെട്ട നിലവിലുള്ള സർക്കാർ ഉത്തരവുകളും സർക്കുലറുകളും പരിഷ്കരിച്ച് ഉത്തരവായിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അനുബന്ധം 1-ലെ ഖണ്ഡിക 23 പ്രകാരം പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ആംബുലൻസുകൾ വാങ്ങുന്നതിന് അനുമതിയുണ്ട്. ടി ഉത്തരവിന്റെ ഖണ്ഡിക 6.3 പ്രകാരമുള്ള നിബന്ധനകൾ പാലിക്കുന്ന രജിസ്റ്റേർഡ് ട്രസ്റ്റുകൾ/സൊസൈറ്റികൾ എന്നിവയ്ക്ക് പ്രത്യേക വികസന നിധി ഉപയോഗിച്ച് X-ray മെഷീൻ, ഡയാലിസിസ് യൂണിറ്റ് എന്നിവ പോലുള്ള ആശുപത്രി ഉപകരണങ്ങൾ, ആംബുലൻസുകൾ, വീൽചെയറുകൾ, സ്ട്രെക്ച്ചറുകൾ എന്നിവ വാങ്ങാൻ അനുമതിയുണ്ട്. സർക്കാർ ഉടമസ്ഥതയിൽ മൂലധന സ്വഭാവമുള്ള ആസ്തികളുടെ സൃഷ്ടിക്കായാണ് നിയോജകമണ്ഡല ആസ്തി വികസന പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ആയതിനാൽ സർക്കാർ ഉടമസ്ഥതയിലല്ലാത്ത പെയിൻ ആൻഡ് പാലിയേറ്റീവ് കെയർ യൂണിറ്റുകൾക്ക് ആസ്തി വികസന ഫണ്ട് വിനിയോഗിക്കുവാൻ അനുമതിയില്ല. ആയതിലേയ്ക്കായി മാർഗ്ഗനിർദ്ദേശങ്ങളിലും മാനദണ്ഡങ്ങളിലും ഭേദഗതികളോ കൂട്ടിച്ചേർക്കലുകളോ വരുത്തുന്നത് പരിഗണനയിലില്ല.

**നൂറനാട് മുക്കാട് പാലം നിർമ്മാണം**

57(501) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണ്ഡലം ആസ്തി വികസന പദ്ധതിയിൽ ഉൾപ്പെടുത്തി നിർദ്ദേശിച്ചിരുന്ന നൂറനാട് മുക്കാട് പാലത്തിന്റെ ഭരണാനുമതിക്കും പൊതുമരാമത്ത് വകുപ്പിന് പ്രസ്തുത പ്രവൃത്തി കൈമാറുന്നതിനും സ്വീകരിച്ച നടപടികൾ വിശദമാക്കുമോ;

(ബി) പൊതുമരാമത്ത് വകുപ്പ് റോഡ്സ് ആൻഡ് ബ്രിഡ്ജസ് വിഭാഗം തയ്യാറാക്കി നല്കിയ എസ്റ്റിമേറ്റിന്മേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## മണലൂർ മണ്ഡലത്തിലെ ആസ്തി വികസന പദ്ധതികൾ

58(502) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 വർഷത്തെ എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിലേക്ക് മണലൂർ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികളിൽ ഏതെല്ലാം പ്രവൃത്തികൾക്ക് ഇതുവരെ ഭരണാനുമതി നൽകി; വിശദാംശങ്ങൾ എന്തെല്ലാം;

(ബി) അവശേഷിക്കുന്ന പ്രവൃത്തികൾക്ക് സമയബന്ധിതമായി ഭരണാനുമതി നൽകാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) 2017-18 വർഷത്തെ എം.എൽ.എ.-മാരുടെ ആസ്തി വികസന പദ്ധതിയിലേയ്ക്ക് മണലൂർ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികളും അവയുടെ വിശദാംശങ്ങളും അനുബന്ധമായി ഉൾപ്പെടുത്തിയിട്ടുണ്ട്. *

(ബി) നിർവ്വഹണ ഉദ്യോഗസ്ഥരുടെ യോഗം 14-5-2018-ന് വിളിക്കുകയും പ്രവർത്തനങ്ങൾ ത്വരിതഗതിയിലാക്കാൻ നിർദ്ദേശം നൽകുകയും ചെയ്തിട്ടുണ്ട്.

## വർക്കല മണ്ഡലത്തിലെ ആസ്തി വികസന ഫണ്ട് പ്രവൃത്തികൾ

59(503) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വർക്കല നിയോജകമണ്ഡലത്തിൽ 2016-17, 2017-18 വർഷങ്ങളിൽ ആസ്തി വികസന ഫണ്ടിൽ ഉൾപ്പെടുത്തി ഭരണാനുമതി നല്കിയിട്ടുള്ള എത്ര പ്രവൃത്തികളിൽ ടെന്റർ നടപടികൾ പൂർത്തിയാക്കുവാനുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) ഭരണാനുമതി പുറപ്പെടുവിച്ച് ടെണ്ടർ നടപടികൾ പൂർത്തിയാക്കുന്നതിന് കാലയളവ് നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ?

ഉത്തരം

(എ) വിവരം ശേഖരിച്ചുവരുന്നു.

(ബി) കാലയളവ് നിശ്ചയിച്ചിട്ടില്ല.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## തലശ്ശേരി മണ്ഡലത്തിലെ ആസ്തി വികസന പ്രവൃത്തികൾ

60(504) ശ്രീ. എ. എൻ. ഷംസീർ : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

2017-18 വർഷത്തേയ്ക്ക് തലശ്ശേരി നിയോജകമണ്ഡലം എം.എൽ.എ.യുടെ ആസ്തി വികസന ഫണ്ടിൽ നിന്ന് നടപ്പിലാക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്നും ഓരോ പ്രവൃത്തിയുടെയും നിലവിലുള്ള അവസ്ഥ എന്താണെന്നും ആയതിന് ഭരണാനുമതി ലഭ്യമാക്കുന്നതിന് ഇനി എന്തെല്ലാം നടപടിക്രമങ്ങൾ ആണ് ഉള്ളതെന്നും വ്യക്തമാക്കാമോ?

ഉത്തരം

2017-18 സാമ്പത്തിക വർഷത്തേയ്ക്ക് തലശ്ശേരി നിയോജകമണ്ഡലം എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടുപയോഗിച്ച് 7 പ്രവൃത്തികളാണ് ശിപാർശ ചെയ്ത് നടപ്പിലാക്കിവരുന്നത്. ഈ പ്രവൃത്തികൾ സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധത്തിൽ നൽകിയിട്ടുണ്ട്. *

## കാസർഗോഡ് നിയോജകമണ്ഡലത്തിന്റെ ആസ്തി വികസന ഫണ്ടുപയോഗം

61(505) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012-13 മുതൽ 2016-17 വരെയുള്ള സാമ്പത്തിക വർഷങ്ങളിൽ കാസർകോട് അസംബ്ലി നിയോജകമണ്ഡലത്തിൽ ആസ്തിവികസന ഫണ്ടുപയോഗിച്ച് നടത്താൻ എത്ര പ്രൊപ്പോസലുകൾ ഉണ്ടായിരുന്നു എന്ന് വർഷം തിരിച്ചും പ്രവൃത്തികളുടെ പേരുകളും അനുവദിച്ച തുകയും സഹിതം വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പ്രൊപ്പോസലുകൾക്കെല്ലാം ഭരണാനുമതി നൽകിയിരുന്നോ എന്ന് വ്യക്തമാക്കാമോ;

(സി) ഇല്ലെങ്കിൽ ഭരണാനുമതി ലഭിക്കാത്ത പ്രൊപ്പോസലുകൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊപ്പോസലുകൾക്ക് ഭരണാനുമതി ലഭിക്കാതെ പോയതിന്റെ കാരണവും ഇനി ഭരണാനുമതി നൽകുമോ എന്നും വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി-ഡി) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

## ആസ്തി വികസന ഫണ്ടിൽനിന്നും സ്കൂൾ ബസ് വാങ്ങുന്നതിനുള്ള നടപടിക്രമം

62(506) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം എൽ.എ.-യുടെ ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി സ്കൂൾ ബസ് വാങ്ങുന്നതിന് ടെണ്ടർ നടപടി ആവശ്യമുണ്ടോ എന്ന് വ്യക്തമാക്കാമോ;

(ബി) സ്കൂൾ ബസ് വാങ്ങുമ്പോൾ ടെണ്ടർ നടപടി ആവശ്യമാണ് എന്നതിന് സർക്കാർ ഉത്തരവ് നിലവിൽ ഉണ്ടോ; എങ്കിൽ ഉത്തരവ് ഏത് വർഷത്തിലാണ് നൽകിയത് എന്ന് വ്യക്തമാക്കാമോ;

(സി) ബസ് വാങ്ങുന്നതിന് ടെണ്ടർ നടപടി ആവശ്യമില്ല എങ്കിൽ ബന്ധപ്പെട്ട ജില്ലാ വിദ്യാഭ്യാസ ഓഫീസർമാർക്ക് നിർദ്ദേശം നൽകാൻ കഴിയുമോ എന്ന് വ്യക്തമാക്കാമോ;

(ഡി) സ്കൂൾ ബസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് എത്ര പരാതികൾ ലഭിച്ചിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) നിയോജകമണ്ഡല ആസ്തി വികസന ഫണ്ട് ഉപയോഗിച്ച് സ്കൂൾ ബസ് വാങ്ങുന്നതിന് അനുമതി നൽകിയത് 9-12-2016-ലെ സ.ഉ(പി) നമ്പർ 178/2016/ധന. പ്രകാരമാണ്. വാഹനം വാങ്ങുന്നതിനുള്ള നിലവിലെ മാനദണ്ഡങ്ങൾ പാലിച്ചായിരിക്കണം സ്കൂൾ ബസ് വാങ്ങേണ്ടതെന്ന് പ്രസ്തുത ഉത്തരവ് നിഷ്കർഷിച്ചിട്ടുണ്ട്. വാഹനം വാങ്ങുന്നതിനുള്ള സ്റ്റോർ പർച്ചേസ് ചട്ടങ്ങൾ പാലിച്ചാണ് ബന്ധപ്പെട്ട ഉദ്യോഗസ്ഥൻ ഇതിനായുള്ള നടപടിക്രമങ്ങൾ പൂർത്തീകരിക്കേണ്ടത്. ആയതിനാൽ ടെണ്ടർ നടപടിക്രമങ്ങൾ ഇക്കാര്യത്തിൽ പാലിക്കേണ്ടതുണ്ട്.

(സി) ബാധകമല്ല.

(ഡി) സ്കൂൾ ബസ് വാങ്ങുന്നതുമായി ബന്ധപ്പെട്ട് പരാതിയായും സ്പഷ്ടീകരണം തേടിയും 5 കത്തുകൾ ധനകാര്യ (നോഡൽ സെന്റർ) വകുപ്പിൽ ഈ വർഷം ലഭിച്ചിട്ടുണ്ട്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എം.എൽ.എ.-മാരുടെ പ്രത്യേക വികസന പദ്ധതി

63(507) ശ്രീ. ബി.സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എം.എൽ.എ.-മാരുടെ പ്രത്യേക വികസന പദ്ധതി പ്രകാരം അഞ്ച് ലക്ഷം രൂപയിൽ താഴെ അടങ്കൽ തുക വരുന്നതും ഗുണഭോക്തൃ കമ്മിറ്റികൾ നിർവ്വഹിക്കുന്നതുമായ പ്രവൃത്തികളിൽ കമ്മിറ്റി കൺവീനർക്ക് ജി.എസ്.ടി. രജിസ്ട്രേഷൻ ആവശ്യമുണ്ടോ;

(ബി) ഇത് സംബന്ധിച്ച വ്യക്തമായ ഉത്തരവുകൾ ലഭ്യമല്ല എന്ന കാരണത്താൽ ഗുണഭോക്തൃ കമ്മിറ്റികൾക്ക് തുക ലഭിക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഇക്കാര്യത്തിൽ വകുപ്പ് തലത്തിൽ പരിഹാര നടപടികൾ കൈക്കൊണ്ടിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നിയമപ്രകാരം 20 ലക്ഷം രൂപയ്ക്ക് മുകളിൽ വിറ്റുവരവുള്ളവർ മാത്രമേ രജിസ്ട്രേഷന്റെ പരിധിയിൽ വരുന്നുള്ളൂ. ആയതിനാൽ വാർഷിക അടങ്കൽ തുക 20 ലക്ഷത്തിന് താഴെവരുന്ന ഗുണഭോക്തൃ കമ്മിറ്റികൾ രജിസ്ട്രേഷൻ എടുക്കേണ്ട ആവശ്യമില്ല.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാധകമല്ല.

## നേമം നിയോജകമണ്ഡലത്തിൽ ഭരണാനുമതി ലഭിച്ച പ്രവൃത്തികൾ

64(508) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നേമം മണ്ഡലത്തിൽ ആസ്തി വികസന പദ്ധതി പ്രകാരം 2016-17 വർഷത്തിൽ നിർദ്ദേശിക്കപ്പെട്ടതും ഭരണാനുമതി ലഭിച്ചതുമായ പ്രവൃത്തികളിൽ പൂർത്തിയാകാത്ത പ്രവർത്തികൾ ഏതൊക്കെയാണെന്നും അവ എന്നത്തേയ്ക്ക് പൂർത്തിയാക്കാൻ കഴിയുമെന്നും വിശദമാക്കുമോ?

ഉത്തരം

വിവരം ശേഖരിച്ചുവരുന്നു.

**മങ്കട നിയോജകമണ്ഡലത്തിലെ ഫണ്ട് വിനിയോഗം**

65(509) ശ്രീ. ടി. എ. അഹമ്മദ് കബീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ എം.എൽ.എ., എൽ.എ.സി./ എ.ഡി.എസ്. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് മങ്കട നിയോജക മണ്ഡലത്തിൽനിന്നും നൽകിയ ശിപാർശകളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) ഭരണാനുമതി നൽകിയ പ്രവൃത്തികൾ ആരംഭിക്കുന്നതിനുവേണ്ട നടപടികൾ ബന്ധപ്പെട്ട വകുപ്പുകൾ സ്വീകരിച്ചിട്ടുണ്ടോ;

(സി) എൽ.എ.സി./എ.ഡി.എസ്. ഫണ്ട് വിനിയോഗം നിലവിൽ സർക്കാർ തലത്തിൽ മോണിറ്റർ ചെയ്യുന്നുണ്ടോ; എങ്കിൽ പ്രസ്തുത മോണിറ്ററിംഗ് റിപ്പോർട്ട് അതാത് എം.എൽ.എ.-മാർക്ക് കൂടി നൽകുന്നതിനുവേണ്ട നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തെ എം.എൽ.എ. എൽ.എ.സി./ എ.ഡി.എസ്. ഫണ്ട് വിനിയോഗവുമായി ബന്ധപ്പെട്ട് മങ്കട നിയോജക മണ്ഡലത്തിൽനിന്നും 18 പ്രവൃത്തികളാണ് ശിപാർശ ചെയ്തിട്ടുള്ളത്. വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്.

(സി) ഉണ്ട്. പ്രവൃത്തികളും അവയുടെ പുരോഗതിയും സംബന്ധിച്ച് ഒരു ത്രൈമാസ റിപ്പോർട്ട് ബന്ധപ്പെട്ട ജില്ലാ കളക്ടർമാർ എം.എൽ.എ.-മാർക്ക് നൽകേണ്ടതാണെന്ന് 4-7-2017-ലെ സ.ഉ.(അ)നമ്പർ 86/2017/ധന നമ്പർ ഉത്തരവു പ്രകാരം നിർദ്ദേശം നൽകിയിട്ടുണ്ട്.

**മണലൂർ മണ്ഡലത്തിലെ എസ്.ഡി.എഫ്. പദ്ധതികൾ**

66(510) ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ എം.എൽ.എ.-യുടെ 2017-18 വർഷത്തെ പ്രത്യേക വികസന നിധി (എസ്.ഡി.എഫ്.) പദ്ധതിയിൽ സമർപ്പിച്ചിട്ടുള്ള പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പ്രവൃത്തിയുടെയും നിലവിലെ സ്ഥിതി എന്താണെന്ന് വ്യക്തമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ&ബി) വിവരം അനുബന്ധമായി ചേർക്കുന്നു*.

**ഒറ്റപ്പാലം മണ്ഡലത്തിലേയ്ക്ക് അനുവദിച്ച ഫണ്ട്**

67(511) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ഏതെല്ലാം പ്രവൃത്തികൾക്കാണ് ഫണ്ട് അനുവദിച്ചത്; വിശദാംശം ലഭ്യമാക്കാമോ;

(ബി) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽപ്പെട്ട ഏതെല്ലാം പ്രവൃത്തികൾക്കാണ് 2016-17 സാമ്പത്തിക വർഷത്തിൽ ഫണ്ട് അനുവദിച്ചിരുന്നത്; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിൽ തുക അനുവദിച്ച പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധത്തിൽ നൽകിയിരിക്കുന്നു*.

(ബി) അനുബന്ധത്തിൽ 'നൽകിയിരിക്കുന്നു*.

**നികുതി വിഹിതം**

68(512) ശ്രീ. വി. എസ്. ശിവകുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നികുതി വിഹിതം നൽകുന്നത് വൈകിപ്പിച്ച് സംസ്ഥാനങ്ങളെ സാമ്പത്തികമായി ഞെരുക്കുന്നതിനുള്ള കേന്ദ്രനീക്കത്തിനെതിരെ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ ;

(ബി) കേന്ദ്ര ധനകാര്യ കമ്മീഷൻ സംസ്ഥാനങ്ങൾക്കുള്ള വിഹിതം നിശ്ചയിക്കുന്നതിനുള്ള മാനദണ്ഡം 1971 -ലെ സെൻസസിന് പകരം 2011 -ലെ സെൻസസ് അനുസരിച്ചാക്കുവാനുള്ള നീക്കം സംസ്ഥാന താല്പര്യങ്ങളെ എപ്രകാരം ദോഷകരമായി ബാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(സി) എങ്കിൽ ഇതിനെതിരെ ദക്ഷിണേന്ത്യയിലെ ധനകാര്യ മന്ത്രിമാരുടെ നേതൃത്വത്തിൽ രാഷ്ട്രപതിക്ക് നിവേദനം നൽകിയിട്ടുണ്ടോ; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മാസത്തിന്റെ ആദ്യ പ്രവൃത്തിദിനത്തിൽ ലഭിച്ചുകൊണ്ടിരുന്ന കേന്ദ്രത്തിൽ നിന്നുള്ള നികുതി വിഹിതം 15- ാം തീയതിയാക്കി കേന്ദ്ര സർക്കാർ ഏകപക്ഷീയമായി പുനഃക്രമീകരിച്ചു. ഇത് പിൻവലിക്കണമെന്ന് ടി തീരുമാനത്തിലൂടെ ഉടലെടുക്കുന്ന ലിക്വിഡിറ്റി പ്രതിസന്ധി ചൂണ്ടിക്കാട്ടി കേന്ദ്രസർക്കാരിനോട് ആവശ്യപ്പെട്ടിട്ടുണ്ടെങ്കിലും അനുകൂലമായ ഒരു മറുപടി ഇതുവരെയും ലഭിച്ചിട്ടില്ല.

(ബി) നികുതി വിഭജനം നടത്തുന്നതിന് 1971-ലെ സെൻസസിന് പകരം 2011-ലെ സെൻസസ് മാനദണ്ഡമായി സ്വീകരിക്കുമ്പോൾ, ദേശീയ ജനസംഖ്യാനയത്തിന് അനുസൃതമായി ജനസംഖ്യാ നിയന്ത്രണം വിജയകരമായി നടപ്പാക്കിയ സംസ്ഥാനത്തിന് നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് വന്നേക്കും.

(സി) ഉണ്ട്. സംസ്ഥാനങ്ങളുടെ നികുതിവിഹിതവും ഗ്രാന്റും നിശ്ചയിക്കുന്നതിൽ ജനസംഖ്യ ഒരു ഘടകമായി വരുന്ന എല്ലാ വിഷയങ്ങളിലും 1971-ലെ സെൻസസ് പ്രകാരമുള്ള ജനസംഖ്യ ഉപയോഗിക്കണമെന്ന് ടേംസ് ഓഫ് റഫറൻസിലെ ഐറ്റം 8-ലെ നിർദ്ദേശം ഭേദഗതി ചെയ്യണമെന്ന് ആവശ്യപ്പെട്ട് ദക്ഷിണേന്ത്യയിലെ സംസ്ഥാനങ്ങളിലെ ധനകാര്യ/മുഖ്യമന്ത്രിമാർ ബഹുമാനപ്പെട്ട രാഷ്ട്രപതിക്ക് നിവേദനം നൽകിയിട്ടുണ്ട്.

**പതിനഞ്ചാം കേന്ദ്രധനകാര്യ കമ്മീഷന്റെ പരിഗണനാ വിഷയങ്ങൾ**

69(513) <u>ശ്രീ. സി. ദിവാകരൻ:</u>
<u>ശ്രീ. ആർ. രാമചന്ദ്രൻ:</u>
<u>ശ്രീ. ഇ. ടി. ടൈസൺ മാസ്റ്റർ:</u>
<u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം കേന്ദ്ര ധനകാര്യ കമ്മീഷന്റെ പരിഗണനാവിഷയങ്ങൾ മാറ്റുന്നതിന് സംസ്ഥാനം നിവേദനം സമർപ്പിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ബി) സംസ്ഥാനങ്ങളുടെ വായ്പ എടുക്കാനുള്ള അവകാശത്തിൽ കേന്ദ്രം എന്തെങ്കിലും പുതിയ നിബന്ധനകൾ ഏർപ്പെടുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ധനകമ്മീഷനുകളുടെ അടിസ്ഥാന മാനദണ്ഡം 2011-ലെ സെൻസസ് ആക്കുന്നത് സംസ്ഥാനത്തിനെ ഏതൊക്കെ തരത്തിൽ ദോഷകരമായി ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(ഡി) ധനവിന്യാസത്തിൽ സംസ്ഥാനങ്ങളുടെ വിഹിതം വെട്ടിക്കുറയ്ക്കുന്നതിനെതിരെ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വ്യക്തമാക്കുമോ?

## ഉത്തരം

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങൾ പരിഹരിക്കുന്നതിനായി ദക്ഷിണേന്ത്യൻ ധനമന്ത്രിമാരുടെ നേതൃത്വത്തിൽ ബഹു.രാഷ്ട്രപതിക്ക് നിവേദനം സമർപ്പിച്ചിട്ടുണ്ട്. കൂടാതെ പതിനഞ്ചാം ധനകാര്യ കമ്മീഷൻ കേരളം സന്ദർശിച്ചപ്പോൾ കേരളത്തിന്റെ ആവശ്യങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

(ബി) നിലവിൽ നിബന്ധനകൾ ഒന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല.

(സി) വിഭവ കൈമാറ്റത്തിന് 2011-ലെ ജനസംഖ്യ മാനദണ്ഡമാക്കുക യാണെങ്കിൽ ജനസംഖ്യ നിയന്ത്രണത്തിൽ വിജയം കൈവരിച്ച കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളുടെ നികുതി വിഹിതത്തിൽ ഗണ്യമായ കുറവ് ഉണ്ടായേക്കും. 1971 ജനസംഖ്യയ്ക്ക് ആപേക്ഷികമായി ജനസംഖ്യാ നിയന്ത്രണത്തിൽ സംസ്ഥാനം കൈവരിച്ച നേട്ടങ്ങൾക്ക് ജനസംഖ്യയ്ക്ക് നൽകുന്നതിന് തുല്യമായ വെയ്റ്റേജ് നൽകി സംസ്ഥാനങ്ങൾക്കിടയിലെ നികുതി വീതംവെയ്ക്കൽ നിർണ്ണയിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസിലെ സംസ്ഥാനത്തിന് ദോഷകരമായ നിർദ്ദേശങ്ങൾ കമ്മീഷന്റെ ശ്രദ്ധയിൽപ്പെടുത്തി അവ പരിഹരിക്കുന്നതിനാവശ്യമായ നിർദ്ദേശങ്ങൾ ഉൾപ്പെടുത്തിക്കൊണ്ട് കമ്മീഷന് മെമ്മോറാണ്ടം സമർപ്പിച്ചിട്ടുണ്ട്.

## പതിനഞ്ചാം ധനകാര്യ കമ്മീഷൻ

70(514) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. എ.പി. അനിൽ കുമാർ:
ശ്രീ. അനൂപ് ജേക്കബ്:
ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന് സമർപ്പിക്കുവാനുള്ള നിവേദനത്തിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ടോ;

(ബി) ഏതൊക്കെ ആവശ്യങ്ങളാണ് ധനകാര്യ കമ്മീഷൻ മുമ്പാകെ സമർപ്പിക്കുന്നത്; വിശദമാക്കുമോ;

(സി) നികുതി വിഭജനം 2011-ലെ സെൻസസ് അടിസ്ഥാനമാക്കി നടത്തണമെന്നുള്ള നിർദ്ദേശം സംസ്ഥാനത്തിന് ദോഷകരമാണോ; എങ്കിൽ 1971 ലെ സെൻസസ് പ്രകാരം നികുതി വിഭജനം നടത്തണമെന്ന് സംസ്ഥാനം രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ റവന്യൂ കമ്മി നികത്തുന്നതിന് ഗ്രാന്റ് നൽകുന്നതിനുള്ള വ്യവസ്ഥ പുനഃപരിശോധിക്കണമെന്ന നിർദ്ദേശം സംസ്ഥാനത്തെ എപ്രകാരമാണ് ബാധിക്കുകയെന്ന് വ്യക്തമാക്കുമോ;

(ഇ) ധനക്കമ്മി 1.7 ശതമാനമായി നിജപ്പെടുത്തുവാനുള്ള നിർദ്ദേശം സംസ്ഥാനത്തെ എപ്രകാരം ബാധിക്കുമെന്നും അതിനെതിരെ എന്ത് നടപടി സ്വീകരിച്ചുവെന്നും വിശദമാക്കുമോ?

ഉത്തരം

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷന് സമർപ്പിക്കുവാനുള്ള നിവേദനത്തിന് മന്ത്രിസഭ അംഗീകാരം നൽകിയിട്ടുണ്ട്.

(ബി) ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ/ശിപാർശകൾ താഴെ പറയുന്നവയാണ്:

- സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽനിന്നും 50 ശതമാനമായി ഉയർത്തുക.
- സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്:
- ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യയ്ക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള കൂടുതൽ ഫ്ളെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക് ജനസംഖ്യയ്ക്ക് തുല്യമായ വെയ്റ്റേജ് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വരുമാന അന്തരത്തിനുള്ള വെയ്റ്റേജ് 50 ശതമാനത്തിൽ നിന്നും 20% ആക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

<u>മാനദണ്ഡം വെയിറ്റേജ്</u>

| | |
|---|---|
| ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി | - 30% |
| ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യഅടിസ്ഥാനമാക്കി | - 30% |
| വരുമാന അന്തരം | - 20% |
| വിസ്തീർണ്ണം | - 10% |
| വനമേഖല | - 10% |

- പ്രത്യേക മേഖല ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്:

| | | |
|---|---|---|
| • തീരദേശപരിപാലനം | - | 1500 കോടി |
| • വന സംരക്ഷണം | - | 1000 കോടി |
| • മെച്ചപ്പെട്ട തൊഴിൽ ലഭ്യതയ്ക്കാ-വശ്യമായ നൈപുണ്യ വികസനം | - | 750 കോടി |
| • റബ്ബർ കർഷകർക്ക് ആശ്വാസം | - | 250 കോടി |
| • മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം | - | 1500 കോടി |

- റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്
- 2011-ലെ സെൻസസ് അടിസ്ഥാനമാക്കി നികുതിവിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.
- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക്ക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും ബാക്കി 30% തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ, ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

- ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്രവിഹിതം 90 ശതമാനമാക്കുകയും ചെയ്യേണ്ടതാണ്. ഇതിൽനിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.
- സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP-യുടെ മൂന്ന് ശതമാനം നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.
- തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടന ഭേദഗതി ശിപാർശ ചെയ്യുക.

(സി) നികുതി വിഭജനം 2011-ലെ സെൻസസ് അടിസ്ഥാനമാക്കി നടത്തണമെന്നുള്ള നിർദ്ദേശം സംസ്ഥാനത്തിന് ദോഷകരമാണ്. 1971-ലെ സെൻസസ് പ്രകാരം നികുതി വിഭജനം നടത്തണമെന്ന് സംസ്ഥാനം രേഖാമൂലം ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) സാമൂഹിക ആരോഗ്യ രംഗങ്ങളിൽ കേരളം കൈവരിച്ച നേട്ടം നിലനിർത്തുന്നതിന് വൻതോതിൽ റവന്യൂ ചെലവ് ചെയ്യേണ്ടതുണ്ട്. റവന്യൂ കമ്മി ഗ്രാന്റ് നിർത്തലാക്കുകയാണെങ്കിൽ സംസ്ഥാനത്തിന്റെ വികസന മൂലധന ചെലവുകളെ ദോഷകരമായി ബാധിക്കും.

(ഇ) സംസ്ഥാനങ്ങൾക്ക് കടം എടുക്കുന്നതിന് കേന്ദ്ര സർക്കാർ നൽകിവരുന്ന അനുവാദത്തിന് നിബന്ധനകൾ ഏർപ്പെടുത്തുന്നത് പരിശോധിക്കുവാൻ ടേംസ് ഓഫ് റഫറൻസിൽ നിർദ്ദേശിക്കുന്നു. സംസ്ഥാനങ്ങൾക്ക് കടം എടുക്കുന്നതിനുള്ള പരിധി നിലവിൽ GSDP-യുടെ 3% ആണ്. ഇത് നിലനിർത്തണമെന്നും മറ്റ് നിബന്ധനകൾ ഏർപ്പെടുത്തരുതെന്നും നിവേദനത്തിലൂടെ കമ്മീഷനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

## പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശകൾ

71(515) <u>ശ്രീ. കെ. വി. വിജയദാസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പതിനഞ്ചാം ധനകാര്യകമ്മീഷൻ ശിപാർശകൾ കേരളത്തെ എന്തെല്ലാം തരത്തിലാണ് പ്രതികൂലമായി ബാധിക്കുന്നതെന്ന് വിശദമാക്കാമോ ;

(ബി) നിലവിൽ ലഭിച്ചുകൊണ്ടിരിക്കുന്ന കേന്ദ്ര വിഹിതത്തിൽനിന്നും എത്ര ശതമാനം വരെയാണ് കേരളത്തിന് വരുമാന നഷ്ടം സംഭവിക്കുക എന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത ശിപാർശകൾ സർക്കാരിയ കമ്മീഷൻ ശിപാർശകൾക്ക് എതിരാണോ; എങ്കിൽ വിശദവിവരം നൽകുമോ;

(ഡി) ഈ പ്രതിസന്ധി മറികടക്കുന്നതിന് സർക്കാർ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നത് എന്ന് വിശദമാക്കാമോ ?

<u>ഉത്തരം</u>

(എ) പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശകൾ ഇതുവരെ കേന്ദ്ര ഗവൺമെന്റിന് സമർപ്പിച്ചിട്ടില്ല. പതിനഞ്ചാം ധനകാര്യ കമ്മീഷൻ ശിപാർശകൾ 2019 ഒക്ടോബറിൽ മാത്രമേ സമർപ്പിക്കുകയുള്ളൂ.

(ബി) മേൽ മറുപടിയുടെ വെളിച്ചത്തിൽ ഉദിക്കുന്നില്ല.

(സി&ഡി) ഉദിക്കുന്നില്ല. അതേസമയം പതിനഞ്ചാം ധനകാര്യ കമ്മീഷന്റെ ടേംസ് ഓഫ് റഫറൻസ് സംബന്ധിച്ച് സംസ്ഥാനത്തിനുള്ള ആശങ്കകൾ സാദ്ധ്യമായത്ര മറ്റ് സംസ്ഥാനങ്ങളെക്കൂടി കൂട്ടിച്ചേർത്ത് ആദരണീയനായ രാഷ്ട്രപതിയെ നിവേദനത്തിലൂടെ അറിയിച്ചിട്ടുണ്ട്.

**പെട്രോളിന്റെയും ഡീസലിന്റെയും വില നിയന്ത്രണം**

72(516) <u>ശ്രീ. ഇ. പി. ജയരാജൻ:</u>

<u>പ്രൊഫ. കെ. യു. അരുണൻ:</u>

<u>ശ്രീ. എൻ. വിജയൻ പിള്ള:</u>

<u>ശ്രീ. പി. ടി. എ. റഹീം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എന്നു മുതലാണ് അമിത വിലക്കയറ്റത്തിന് ഇടയാക്കുമെന്ന രാഷ്ട്രീയ പാർട്ടികളുടെ എതിർപ്പിനെ അവഗണിച്ച് കേന്ദ്ര സർക്കാർ പെട്രോളിന്റെയും ഡീസലിന്റെയും വിലനിയന്ത്രണം നീക്കിയത്; അതിൻെറ പ്രത്യാഘാതം വിലയിരുത്തിയിട്ടുണ്ടോ;

(ബി) 2014 മേയ് മാസം സംസ്ഥാനത്ത് പെട്രോളിന്റെയും ഡീസലിന്റെയും വിലയെത്രയായിരുന്നെന്നും അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വിലയെത്രയായിരുന്നെന്നും അറിയിക്കാമോ; നിലവിലെ വില ക്രൂഡ് ഓയിൽ വിലയുമായി താരതമ്യപ്പെടുത്തി അറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരമേറ്റശേഷം പെട്രോളിന്റെയും ഡീസലിന്റെയുംമേലുള്ള വില്പന നികുതി നിരക്കിൽ വർദ്ധനവ് വരുത്തിയിട്ടുണ്ടോ;

(ഡി) അന്താരാഷ്ട്ര വിപണിയിൽ ക്രൂഡ് ഓയിലിന്റെ വില വർദ്ധിച്ചുകൊണ്ടിരുന്നപ്പോഴും 2018 ഏപ്രിൽ മാസത്തിന്റെ രണ്ടാം പകുതിയിലും

മെയ് മാസത്തിന്റെ ആദ്യ പകുതിയിലും കമ്പനികൾ വില വർദ്ധിപ്പിക്കാതിരുന്നതു പോലെ തുടർന്നും വില വർദ്ധനവ് ഒഴിവാക്കാൻ എണ്ണ കമ്പനികൾക്ക് വേണ്ട നിർദ്ദേശം നൽകാൻ കേന്ദ്ര സർക്കാരിനോട് ആവശ്യപ്പെടുമോ?

<u>ഉത്തരം</u>

(എ) വിവരം ലഭ്യമല്ല.

(ബി) 2014 മേയ് മാസം സംസ്ഥാനത്ത് പെട്രോൾ ഒരു ലിറ്ററിന് 73.49 രൂപയും ഡീസൽ ഒരു ലിറ്ററിന് 59.57 രൂപയും ആയിരുന്നു. അന്താരാഷ്ട്ര വിപണിയിലെ ക്രൂഡ് ഓയിലിന്റെ വില 106.85 US $/bbl (ബാരൽ) ആയിരുന്നു.

(സി) വരുത്തിയിട്ടില്ല.

(ഡി) ആവശ്യപ്പെടുന്നതാണ്.

## നബാർഡ് സഹായത്തോടെയുള്ള തൃശ്ശൂരിലെ പദ്ധതികൾ

73(517) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കാൻ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം തൃശ്ശൂർ ജില്ലയിൽ നബാർഡിന്റെ ധനസഹായത്തോടെ നടപ്പിലാക്കാൻ അനുവദിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

## നബാർഡിന്റെ ധനസഹായത്തോടുകൂടി ആരംഭിച്ച പദ്ധതി

74(518) <u>ശ്രീ. ടി. എ. അഹമ്മദ് കബീർ</u> : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡിന്റെ ധനസഹായത്തോടുകൂടി ആരംഭിച്ച പദ്ധതികളിൽ മങ്കട നിയോജക മണ്ഡലത്തിൽനിന്നും ഏതെങ്കിലും പദ്ധതി ഉൾപ്പെട്ടിട്ടുണ്ടോ;വിശദാംശം ലഭ്യമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നബാർഡിന്റെ ധനസഹായത്തോടുകൂടി മങ്കട നിയോജകമണ്ഡലം ഉൾപ്പെടുന്ന നിലമ്പൂർ സൗത്ത് ഡിവിഷനിൽ ഇന്റീരിയർ ക്യാമ്പ് ഷെഡ് നിർമ്മാണ പ്രവൃത്തി ഉൾപ്പെട്ടിട്ടുണ്ട്. ടി പ്രവൃത്തിയുടെ നിർമ്മാണത്തിനായി 11 ലക്ഷം രൂപ 2016-17-ലെ ജി.ഒ. (എം.എസ്.)നമ്പർ 40/2016/എഫ്&ഡബ്ല്യൂ.എൽ.ഡി. തീയതി 16/11/2016 പ്രകാരം അനുവദിച്ചിരുന്നു.

**ഡി.എ. കുടിശ്ശിക**

75(519) <u>ശ്രീ. എ. പി. അനിൽ കുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും ഡി.എ. അവസാനമായി അനുവദിച്ചത് എന്നാണ്; നിലവിൽ എത്ര ശതമാനം ഡി.എ. കുടിശ്ശികയുണ്ട്; വിശദമാക്കാമോ;

(ബി) ഡി.എ. കുടിശ്ശിക നൽകാത്തതിന്റെ കാരണം വ്യക്തമാക്കാമോ; കുടിശ്ശിക അടിയന്തിരമായി നൽകുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 26-4-2017-ലെ GO(P) No. 55/2017/Fin. സർക്കാർ ഉത്തരവ് പ്രകാരം സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും 1-1-17 മുതൽ പ്രാബല്യമുള്ള ഡി.എ/ഡി.ആർ. ആണ് അവസാനമായി അനുവദിച്ചത്. കേന്ദ്രസർക്കാർ 1-7-2017 പ്രാബല്യത്തിൽ അനുവദിച്ച 1% ക്ഷാമബത്തയും 1-1-2018 പ്രാബല്യത്തിൽ അനുവദിച്ച 2% ക്ഷാമബത്തയ്ക്ക് ആനുപാതികമായ ക്ഷാമബത്തയുമാണ് സംസ്ഥാന സർക്കാർ ജീവനക്കാർക്ക് അനുവദിച്ച് നൽകാനുള്ളത്.

(ബി) ഡി.എ. കുടിശ്ശിക അനുവദിക്കുന്നതിൽ സാങ്കേതികമായ കാലതാമസം മാത്രമേ ഉണ്ടായിട്ടുള്ളൂ. 1-7-2017 പ്രാബല്യത്തിൽ അനുവദിക്കേണ്ട ക്ഷാമബത്ത അനുവദിക്കുന്നത് സംബന്ധിച്ച ഫയൽ തെരഞ്ഞെടുപ്പ് കമ്മീഷന്റെ അനുമതിക്കായി നൽകിയിരുന്നു.

**ദീപ പി.എസ്.-ന് അവശതാ അവധി അനുവദിക്കാൻ നടപടി**

76(520) <u>ശ്രീ. ഇ. പി. ജയരാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ വിളക്കുടി പ്രാഥമികാരോഗ്യകേന്ദ്രത്തിൽ സ്റ്റാഫ് നഴ്സ് ആയി സേവനം നോക്കുന്ന ശ്രീമതി ദീപ.പി.എസ്., 2014 ആഗസ്റ്റ് 26-ന് കൊട്ടാരക്കര താലൂക്ക് ആശുപത്രിയിലെ സേവനകാലത്ത് എച്ച്.ഐ.വി. ബാധിതനായ ഒരാളുടെ ശസ്ത്രക്രിയക്ക് സഹായിക്കുന്നതിനിടെ ഓപ്പറേഷൻ

തീയറ്ററിൽ വച്ച് കണ്ണിനുള്ളിലും ശരീരത്തിലും എച്ച്.ഐ.വി. ബാധിതന്റെ രക്തം തെറിച്ചുവീണ് രോഗിയായി മാറിയതിനെത്തുടർന്നുണ്ടായ അവശതകളുടെ ചികിത്സാ കാലഘട്ടം അവശതാ അവധിയായി പരിഗണിച്ച് ഉത്തരവുണ്ടാകണമെന്നാവശ്യപ്പെട്ട് ആരോഗ്യ വകുപ്പ് മുഖേന ധനകാര്യ വകുപ്പ് റൂൾസ് വിഭാഗത്തിന് സമർപ്പിച്ച ഫയൽ 606451/17 ഫയലിന്മേൽ കൈക്കൊണ്ട നടപടി വ്യക്തമാക്കുമോ;

(ബി) കെ.എസ്.ആർ. ചട്ടം 98-ന്റെ പരിധിയിൽ ഇത്തരം ചികിത്സകൾ ഉൾപ്പെടുത്തിയിട്ടില്ലെങ്കിലും വിഷയത്തിന്റെ ഗൗരവം പരിഗണിച്ചും മാനുഷിക പരിഗണന നൽകിയും ദീപയ്ക്ക് അവശതാ അവധി അനുവദിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) അപകടകരമായ സാഹചര്യങ്ങളിൽ തൊഴിലെടുക്കുകയും അതിന്റെ ഫലമായുണ്ടായ രോഗബാധയെത്തുടർന്ന് Post Exposure Prophylaxis Treatment-ന് വിധേയയാകുകയും ചെയ്ത ദീപയുടെ അപേക്ഷയുടെ വെളിച്ചത്തിൽ അവർക്ക് അവശതാ അവധി അനുവദിക്കുന്നതോടൊപ്പം ഇത്തരം കേസ്സുകൾ കൂടി ഉൾപ്പെടുത്തി കെ.എസ്.ആർ. ചട്ടം 98 ഭേദഗതി ചെയ്യുവാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ശ്രീമതി പി.എസ്. ദീപയ്ക്ക് പ്രത്യേക അവശതാവധി അനുവദിക്കുന്നതിന്മേൽ ആരോഗ്യ വകുപ്പിന്റെ അഭിപ്രായം അറിയിക്കാൻ ആവശ്യപ്പെട്ടിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കുന്നതാണ്.

(സി) ഇത്തരം കേസുകൾ വളരെ അപൂർവ്വമായതിനാൽ കെ.എസ്.ആർ.-ൽ ഭേദഗതി കൊണ്ടുവരേണ്ടതില്ല. ഓരോ കേസും പരിശോധിച്ച് സർക്കാരിന് തീരുമാനമെടുക്കാവുന്നതാണ്.

**പങ്കാളിത്ത പെൻഷൻ**

77(521) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ സംബന്ധിച്ച സർക്കാർ നയമെന്താണ്; വ്യക്തമാക്കുമോ;

(ബി) പ്രസ്തുത പെൻഷൻ പദ്ധതിയിൽ സർക്കാർ വിഹിതമായി അടക്കേണ്ട തുക നീക്കി വെച്ചിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്തുമോ;

(സി) പ്രസ്തുത പെൻഷൻ പദ്ധതിയുടെ ഫണ്ട് മാനേജരായി ആരെയാണ് നിയമിച്ചിട്ടുള്ളതെന്ന വിശദാംശം വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ച് വരികയാണ്.

(ബി) സർക്കാർ വിഹിതമായി അടയ്ക്കേണ്ട തുക "2071-01-117-97-സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ദേശീയ പെൻഷൻ പദ്ധതിയിലേയ്ക്കുള്ള സർക്കാർ വിഹിതം" എന്ന ശീർഷകത്തിൽ നീക്കിവച്ചിട്ടുണ്ട്.

(സി) പി.എഫ്.ആർ.ഡി.എ. നിർദ്ദേശപ്രകാരം എസ്.ബി.ഐ. പെൻഷൻ ഫണ്ട് പ്രൈവറ്റ് ലിമിറ്റഡ്, യു.റ്റി.ഐ. റിട്ടയർമെന്റ് സൊല്യൂഷൻസ് ലിമിറ്റഡ്, എൽ.ഐ.സി. പെൻഷൻ ഫണ്ട് ലിമിറ്റഡ് എന്നിവയെയാണ് പങ്കാളിത്ത പെൻഷൻ പദ്ധതിയുടെ ഫണ്ട് മാനേജർമാരായി നിയമിച്ചിട്ടുള്ളത്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

78(522) <u>ശ്രീ. പി. ഉബൈദുള്ള</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പങ്കാളിത്ത പെൻഷൻ പദ്ധതി പിൻവലിക്കുന്നത് സംബന്ധിച്ച് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇതു സംബന്ധിച്ച സർക്കാർ നയം വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**പങ്കാളിത്ത പെൻഷൻ പദ്ധതി**

79(523) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:</u>
<u>ശ്രീ. പി.ടി. തോമസ്:</u>
<u>ശ്രീ. സണ്ണി ജോസഫ്:</u>
<u>ശ്രീ. ഹൈബി ഈഡൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന ജീവനക്കാർക്കും, അദ്ധ്യാപകർക്കും ഏർപ്പെടുത്തിയ പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുമെന്ന തെരഞ്ഞെടുപ്പ് വാഗ്ദാനം പാലിച്ചിട്ടുണ്ടോ;ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) സർക്കാർ സ്ഥാപനങ്ങൾക്ക് പുറമെ പൊതുമേഖലാ സ്ഥാപനങ്ങളിലും

ഈ പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ നിലവിൽ വന്നശേഷം ഏതെങ്കിലും മേഖലകളിൽ പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ഡി) സർക്കാർ ജീവനക്കാരുടെ വിഹിതമായി ഈ പദ്ധതിയിൽ ഇതുവരെ എത്ര തുക നിക്ഷേപിച്ചുവെന്നും സർക്കാർ വിഹിതമായി ഈ പദ്ധതിയിലേക്ക് അടയ്ക്കേണ്ട മാസവിഹിതം എത്രയാണെന്നും പദ്ധതി ആരംഭിച്ച 2013 - ൽ പ്രതിമാസം അടയ്ക്കേണ്ടിയിരുന്ന സർക്കാർ വിഹിതം എത്രയായിരുന്നുവെന്നും വിശദമാക്കുമോ;

(ഇ) പദ്ധതിയെ സംബന്ധിച്ച് പഠിക്കുന്നതിനായി ഏതെങ്കിലും സമിതിയെ നിയോഗിച്ചിട്ടുണ്ടോ; എങ്കിൽ അവർക്ക് നൽകിയിട്ടുള്ള പരിഗണനാവിഷയങ്ങൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

(ബി) 7-1-2013-ലെ സ.ഉ(പി)നമ്പർ 20/2013/ധന. സർക്കാർ ഉത്തരവ് പ്രകാരം 31-3-2013 വരെ കെ.എസ്.ആർ. ഭാഗം III പെൻഷൻ ബാധകമായിരുന്ന സർക്കാർ, എയ്ഡഡ്, പൊതുമേഖല, സ്വയംഭരണ സ്ഥാപനങ്ങളിലെല്ലാംതന്നെ 1-4-2013 മുതൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്നവർക്ക് പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുള്ളതാണ്.

(സി) ഈ സർക്കാർ നിലവിൽ വന്നതിനുശേഷം 5 സ്ഥാപനങ്ങളിൽക്കൂടി പങ്കാളിത്ത പെൻഷൻ പദ്ധതി നടപ്പാക്കിയിട്ടുണ്ട്.

(ഡി) എൻ.എസ്.ഡി.എൽ. ലഭ്യമാക്കിയിരിക്കുന്ന ഏറ്റവും പുതിയ കണക്കുകൾ പ്രകാരം 2018 ഏപ്രിൽ വരെ ജീവനക്കാരുടെ വിഹിതവും തത്തുല്യ സർക്കാർ വിഹിതവും ചേർത്ത് ആകെ 908 കോടി രൂപയാണ് പദ്ധതി പ്രകാരം അടവാക്കിയിരിക്കുന്നത്. പദ്ധതി ആരംഭിച്ച ഏപ്രിൽ 2013 മുതൽ പദ്ധതിയിൽ ഉൾപ്പെട്ട ഓരോ ജീവനക്കാരന്റേയും പെൻഷൻ അക്കൗണ്ടിലേയ്ക്ക് ജീവനക്കാരന്റെ അടിസ്ഥാനശമ്പളവും ക്ഷാമബത്തയും ചേരുന്ന തുകയുടെ 10%-വും തത്തുല്യ സർക്കാർ വിഹിതവും ചേർന്ന തുകയാണ് പ്രതിമാസം അടവാക്കുന്നത്.

(ഇ) പങ്കാളിത്ത പെൻഷൻ പദ്ധതിയെക്കുറിച്ച് പഠിക്കുന്നതിനായി സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

## സ്പാർക്ക് സംവിധാനം

80(524) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സ്പാർക്ക് സംവിധാനം വഴി ശമ്പളം വാങ്ങുന്ന എത്ര സർക്കാർ ജീവനക്കാരുണ്ട്; വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് സ്പാർക്ക് മുഖേന ഓൺലൈൻ ട്രാൻസ്ഫർ സംവിധാനം എത്ര വകുപ്പുകളിൽ നടപ്പിലാക്കിയിട്ടുണ്ട്; വിശദമാക്കുമോ;

(സി) പൊതുസ്ഥലമാറ്റത്തിന് വേണ്ടി സ്പാർക്ക്-ൽ യഥാസമയം അപേക്ഷ നൽകുവാൻ സാധിച്ചിട്ടില്ലെങ്കിൽ ഫിസിക്കൽ കോപ്പി/ഹാർഡ് കോപ്പി വകുപ്പ് മേധാവിയ്ക്ക് അയച്ചുകൊടുത്താൽ പ്രസ്തുത അപേക്ഷകൂടി ഓൺലൈൻ സംവിധാനത്തിൽ പരിഗണിക്കുമോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 29-5-2018-ലെ വിവരം അനുസരിച്ച് 490902 ജീവനക്കാരുടെ ശമ്പളം സ്പാർക്ക് വഴി പ്രോസ്സസ് ചെയ്തിട്ടുണ്ട്.

(ബി)

അഞ്ച് വകുപ്പുകൾ

1. സ്റ്റേഷനറി വകുപ്പ്
2. ആരോഗ്യ വകുപ്പ്
3. ആരോഗ്യ വിദ്യാഭ്യാസ വകുപ്പ്
4. കാർഷിക വികസന കർഷക ക്ഷേമ വകുപ്പ്
5. ഹോമിയോപ്പതി വകുപ്പ്

(സി) സർക്കാർ ജീവനക്കാരുടെ പൊതുസ്ഥലം മാറ്റവും നിയമനവും സംബന്ധിച്ച് 25-2-2017-ലെ സ.ഉ(പി) നം.03/2017/ഉഭപവ പ്രകാരം പുറപ്പെടുവിച്ചിട്ടുള്ള ഉത്തരവിന്റെ ഖണ്ഡിക 4 പ്രകാരം എല്ലാ വകുപ്പുകളുടെയും മേധാവികൾ ജീവനക്കാരുടെ ഒരു ഇലക്ട്രോണിക് ഡേറ്റാബേസ് തയ്യാറാക്കി സൂക്ഷിക്കേണ്ടതും സർക്കാർ ജീവനക്കാരുടെ സ്ഥലം മാറ്റത്തിന്റെയും നിയമനത്തിന്റെയും നടപടികൾ ഓൺലൈൻ സമ്പ്രദായത്തിൽ കൂടി മാത്രം നടത്തേണ്ടതുമാണ്. പൊതുസ്ഥലംമാറ്റം പൂർത്തിയാക്കുന്നതിനായി പ്രസ്തുത ഉത്തരവ് പ്രകാരം നിശ്ചിത സമയപരിധിയും സർക്കാർ നിശ്ചയിച്ചിട്ടുണ്ട്. നോൺ

വെക്കേഷൻ വകുപ്പുകളിൽ ഏപ്രിൽ 30-ന് മുമ്പും വെക്കേഷൻ വകുപ്പുകളിൽ ഓഗസ്റ്റ് 31-ന് മുമ്പും പൊതുസ്ഥലംമാറ്റം പൂർത്തിയാക്കേണ്ടതാണ്. ആയതിനാൽ പൊതുസ്ഥലംമാറ്റത്തിനുള്ള അപേക്ഷകൾ ഓൺലൈൻ സമ്പ്രദായംവഴി യഥാസമയം നൽകേണ്ടതുണ്ട്.

## സ്പാർക്ക് സംവിധാനത്തിലെ സാങ്കേതിക പിഴവ് പരിഹരിക്കുന്നതിന്

81(527) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ ട്രഷറികളിൽ മേയ് മാസം രണ്ടാം തീയതി സാങ്കേതിക തകരാർ കാരണം പെൻഷൻ, ശമ്പളം എന്നിവ ഏറെനേരം മുടങ്ങിയതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കഴിഞ്ഞ കുറേ മാസങ്ങളായി ശമ്പളവും പെൻഷനും നൽകുന്ന ദിവസം ട്രഷറി ഇടപാടുകൾ പതിവായി തടസ്സപ്പെടുന്നുവെന്നുള്ളത് ജീവനക്കാരെയും പെൻഷൻ വാങ്ങുവാൻ എത്തുന്ന വയോധികരെയും ബുദ്ധിമുട്ടിലാക്കുന്നു എന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) സെർവറുകളുടെ ശേഷിക്കുറവും ജീവനക്കാരുടെ ശമ്പളവിവരം അപ് ലോഡ് ചെയ്യുന്ന സ്പാർക്ക് സംവിധാനത്തിലെ സാങ്കേതിക പിഴവും പരിഹരിക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) മേയ് മാസം 2-ാം തീയതി രാവിലെ 11 മണി മുതൽ 1 മണിക്കൂർ സെൻട്രൽ സെർവറിൽ ഉണ്ടായ സാങ്കേതിക തകരാറുമൂലം 1 മണിക്കൂർ നേരം ട്രഷറിയുടെ പ്രവർത്തനം തടസ്സപ്പെട്ടിരുന്നു. തന്മൂലം ട്രഷറി ഇടപാടുകളിൽ പ്രസ്തുത സമയത്ത് തടസ്സം നേരിട്ടിരുന്നു. എന്നാൽ 12 മണിയോടെ തകരാർ പരിഹരിക്കുകയും തുടർന്ന് മുഴുവൻ ഇടപാടുകളും തടസ്സംകൂടാതെ നടന്നിട്ടുമുണ്ട്.

(ബി) ഇല്ല. മുൻമാസങ്ങളിലൊന്നുംതന്നെ ആദ്യ പ്രവൃത്തി ദിവസങ്ങളിൽ ട്രഷറി ഇടപാടുകൾ തടസ്സപ്പെട്ടിട്ടില്ല.

(സി) സെർവറുകൾക്ക് ശേഷിക്കുറവോ സ്പാർക്ക് സംവിധാനത്തിന് സാങ്കേതിക പിഴവുകളോ ഇല്ല. ആധുനിക സാങ്കേതിക വിദ്യ പ്രയോജനപ്പെടുത്തിക്കൊണ്ട് മാറ്റംവരുത്തിയ സ്പാർക്ക് സോഫ്റ്റ്‌വെയർ NIC തയ്യാറാക്കിയിട്ടുണ്ട്. ഇത് നടപ്പിൽവരുത്തുന്നതിന് മുന്നോടിയായിട്ടുള്ള കേരള ഗവൺമെന്റിന്റെ കീഴിലുള്ള ഇലക്ട്രോണിക്സ് & വിവരസാങ്കേതിക വകുപ്പിന്റെ സ്ഥാപനമായ CERT-K (Computer Emergency Response Team-Kerala) വഴി നടത്തുന്ന സുരക്ഷാ പരിശോധന അന്തിമഘട്ടത്തിലാണ്. ഇത് പൂർത്തിയാക്കുന്ന മുറയ്ക്ക് സ്പാർക്ക് സംവിധാനത്തിന്റെ നിലവാരം മെച്ചപ്പെടുമെന്ന് പ്രതീക്ഷിക്കുന്നു.

## സർക്കാർ ജീവനക്കാർക്ക് ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

82(528) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എതെല്ലാം ഇൻഷ്വറൻസ് കമ്പനികൾ വഴിയാണ് നടപ്പിലാക്കുന്നതെന്നും എങ്ങനെയാണ് നടപ്പിലാക്കുന്നതെന്നും എപ്പോൾ മുതൽ നടപ്പിലാക്കുമെന്നും എന്താണ് നടപ്പിലാക്കുന്നതിലെ കാലതാമസത്തിനുള്ള കാരണമെന്നും വ്യക്തമാക്കുമോ;

(ബി) കേരളത്തിനകത്തും പുറത്തുമുള്ള ഏതെല്ലാം സർക്കാർ ആശുപത്രികളെയും സ്വകാര്യ ആശുപത്രികളെയുമാണ് പ്രസ്തുത ഇൻഷ്വറൻസ് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത് എന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത പദ്ധതി പ്രകാരം ഏതെല്ലാം രോഗങ്ങളെയാണ് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പട്ടികയിൽ ഉൾപ്പെടുത്തിയിരിക്കുന്നത്; ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കാത്ത രോഗങ്ങൾ ഉണ്ടെങ്കിൽ അവ ഏതെന്നും ഒ.പി. ചികിത്സക്ക് ഇൻഷ്വറൻസ് പരിരക്ഷ ലഭിക്കുമോ എന്നും വിശദമാക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്കായി ഓരോ തലത്തിലുമുള്ള ഉദ്യോഗസ്ഥരിൽനിന്നും പെൻഷൻകാരിൽനിന്നും എത്ര തുക വീതമാണ് പിടിക്കുന്നതെന്നും ഒരു വർഷത്തിൽ ചികിത്സയ്ക്കുള്ള ഇൻഷ്വറൻസ് പരിധി എത്രയാണെന്നും വെളിപ്പെടുത്തുമോ?

ഉത്തരം

(എ-ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24.04.17-ലെ സ.ഉ(അച്ചടി) നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താല്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ട് പ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ധരുടെ ഉപദേശത്തിന്റെയും താല്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനകളുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals)-യും തയ്യാറാക്കിവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്ന മുറയ്ക്ക് മാത്രമേ ഇൻഷ്വറൻസ് കമ്പനി,

ജീവനക്കാരുടെയും പെൻഷൻകാരുടെയും പ്രീമിയം, ഇൻഷ്വറൻസ് പരിധി, പദ്ധതിയിലുള്ള ആശുപത്രികൾ, ആനുകൂല്യം ലഭിക്കുന്ന രോഗങ്ങൾ എന്നിവയെക്കുറിച്ചുള്ള പൂർണ്ണവിവരം ലഭ്യമാകുകയുള്ളൂ. ഒ.പി. ചികിത്സയ്ക്ക് നിലവിലുള്ള സൗകര്യം തുടരുന്നതാണ്.

## വിദ്യാഭ്യാസ വായ്പ

83(529) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ആകെ എത്ര പേർക്കാണ് വിദ്യാഭ്യാസ വായ്പ ലഭ്യമായിട്ടുള്ളതെന്നും ഇത് എത്ര കോടി രൂപയാണെന്നും വിശദമാക്കാമോ;

(ബി) സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ ആനുകൂല്യം എത്ര പേർക്കാണ് നാളിതുവരെ ലഭ്യമായിട്ടുള്ളതെന്ന് അറിയിക്കാമോ ;

(സി) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് ആനുകൂല്യം ലഭ്യമാക്കുന്നതിനുള്ള മാനദണ്ഡങ്ങൾ വിശദമാക്കാമോ?

ഉത്തരം

(എ) എസ്.എൽ.ബി.സി.-യിൽനിന്നും ലഭ്യമായ വിവരങ്ങൾ പ്രകാരം 2018 മാർച്ച് വരെയുള്ള കണക്കുകൾ അനുസരിച്ച് സംസ്ഥാനത്ത് 344879 പേർക്കായി 10174.53 കോടി രൂപയാണ് ബാങ്കുകൾ വിദ്യാഭ്യാസ വായ്പയായി അനുവദിച്ചിട്ടുള്ളത്.

(ബി) സർക്കാർ പ്രഖ്യാപിച്ച വിദ്യാഭ്യാസ വായ്പാ ആനുകൂല്യം ഇതുവരെ 6190 പേർക്ക് അനുവദിച്ച് ഉത്തരവായിട്ടുണ്ട്. മാനദണ്ഡപ്രകാരമുള്ള മറ്റ് അപേക്ഷകളിൽ നടപടികൾ പുരോഗമിക്കുന്നു.

(സി) വിദ്യാഭ്യാസ വായ്പ എടുത്ത് കടക്കെണിയിലാവുകയും ജപ്തി ഭീഷണി നേരിടുകയും ചെയ്യുന്നവരെ സഹായിക്കുന്നതിനായി ഒരു വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതി (Education Loan Repayment Support Scheme) സർക്കാർ ആവിഷ്കരിച്ചിട്ടുണ്ട്. 16-5-2017-ലെ സ.ഉ.(പി) നമ്പർ 65/2017/ധന. 12-7-2017-ലെ സ.ഉ.(പി) നമ്പർ 89/2017/ധന, 30-10-2017-ലെ സ.ഉ.(പി) നമ്പർ 135/2017/ധന എന്നീ ഉത്തരവുകൾ പ്രകാരം പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നത് സംബന്ധിച്ച മാർഗ്ഗനിർദ്ദേശങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്. 2-8-2017-ലെ 61/2017/ധന. സർക്കുലർ പ്രകാരം ഓൺലൈൻ അപേക്ഷ സമർപ്പിക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും 20-11-2017 തീയതിയിലെ 81/2017/ധന സർക്കുലർ പ്രകാരം ബാങ്കുകൾക്കുള്ള മാർഗ്ഗനിർദ്ദേശങ്ങളും പുറപ്പെടുവിച്ചിട്ടുണ്ട്. ഈ പദ്ധതിയനുസരിച്ച് വിദ്യാർത്ഥികൾക്ക് അനുവദിച്ച വിദ്യാഭ്യാസ വായ്പകളെ രണ്ട് വിഭാഗങ്ങളായി തിരിച്ചിരിക്കുന്നു.

(i) നിഷ്ക്രിയ ആസ്തിയാകാത്ത വിദ്യാഭ്യാസ വായ്പാ/സ്റ്റാന്റേർഡ് അക്കൗണ്ട് (Non NPA/Standard Account). (ii) 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായി തുടരുകയും ചെയ്ത വിദ്യാഭ്യാസ വായ്പാ അക്കൗണ്ട്.

ഈ പദ്ധതി പ്രകാരം സാമ്പത്തിക സഹായം ലഭിക്കുന്നതിനുള്ള പ്രധാനപ്പെട്ട മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

- സ്റ്റാന്റേർഡ് അക്കൗണ്ടുകളിൽ വ്യവസ്ഥകൾക്ക് വിധേയമായി, 1-4-2016-നു മുമ്പ് വായ്പാ തിരിച്ചടവ് തുടങ്ങിയ അർഹരായ വിദ്യാർത്ഥികൾക്ക് തിരിച്ചടവ് അവധിക്കുശേഷമുള്ള പരമാവധി നാല് വർഷത്തേയ്ക്ക് 90%, 75%, 50%, 25% എന്നീ നിരക്കിൽ വായ്പാ തിരിച്ചടവിനുള്ള സാമ്പത്തിക സഹായം ലഭിക്കുന്നതായിരിക്കും.

- കേരളത്തിലെ ഷെഡ്യൂൾഡ് കൊമേഴ്സ്യൽ ബാങ്കുകൾ, കേരള ഗ്രാമീൺ ബാങ്ക്, കേരള സംസ്ഥാന കോ-ഓപ്പറേറ്റീവ് ബാങ്ക്, കേരള സംസ്ഥാന സഹകരണ കാർഷിക ഗ്രാമവികസന ബാങ്ക്, 14 ജില്ലാ സഹകരണ ബാങ്കുകൾ എന്നിവയിൽനിന്നും വിദ്യാഭ്യാസ വായ്പ എടുത്ത് ഇന്ത്യയിലെ അംഗീകൃത പ്രൊഫഷണൽ/ടെക്നിക്കൽ കോഴ്സുകൾക്ക് പ്രവേശനം നേടിയവർക്ക് പ്രസ്തുത പദ്ധതിയുടെ ആനുകൂല്യം ലഭിക്കുന്നതായിരിക്കും.

- 31-3-2016-നോ അതിനുമുമ്പോ നിഷ്ക്രിയ ആസ്തിയായി (NPA) മാറിയിട്ടുള്ളതും 31-3-2016-ന് നിഷ്ക്രിയ ആസ്തിയായിരിക്കുകയും ചെയ്തിട്ടുള്ള ലോൺ അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിന് 4 ലക്ഷം രൂപവരെയുള്ള വായ്പകൾക്ക് വായ്പാതുകയുടെ 60%-വും 4 ലക്ഷത്തിനുമേൽ 9 ലക്ഷംവരെയുള്ള വായ്പകൾക്ക് ഒരു സ്പെഷ്യൽ പാക്കേജിലൂടെ ബാങ്കുകൾ വായ്പാ അക്കൗണ്ടുകൾ തീർപ്പാക്കാൻ തയ്യാറാകുന്നപക്ഷം കുടിശ്ശികയായിട്ടുള്ള മുതലിന്റെ 50% (പരമാവധി 2,40,000 രൂപ വരെ)വും സർക്കാർ സഹായം നൽകുന്നതാണ്.

- വായ്പയുടെ മേലുള്ള മുഴുവൻ പലിശയും പിഴപ്പലിശയും ഇളവ് ചെയ്യുന്നതിന് ബാങ്ക് തയ്യാറാകുന്നപക്ഷം പഠനകാലയളവിലോ വിദ്യാഭ്യാസ വായ്പയുടെ കാലയളവിലോ അപകടം മൂലമോ അസുഖം മൂലമോ ശാരീരികമായോ മാനസികമായോ 80%-മോ അതിലധികമോ സ്ഥിരവൈകല്യം നേരിട്ടതോ, മരണപ്പെട്ടുപോയതോ ആയ വിദ്യാർത്ഥികളുടെ വിദ്യാഭ്യാസ വായ്പയുടെ മുഴുവൻ മുതൽ തുകയും തീയതി, അനുവദിച്ച ലോൺ തുക, ലോൺ അക്കൗണ്ടിന്റെ തരം എന്നിവ പരിഗണിക്കാതെ തന്നെ സർക്കാർ വഹിക്കുന്നതാണ്.

- മാനേജ്മെന്റ്/എൻ.ആർ.ഐ ക്വോട്ട, അംഗീകൃതമല്ലാത്ത സ്ഥാപനങ്ങളിൽ പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾക്ക് ഇതിന്റെ ആനുകൂല്യം ലഭിക്കുകയില്ല. എന്നാൽ മാനേജ്മെന്റ് ക്വോട്ടയിൽ നഴ്സിംഗ് കോഴ്സിന് പ്രവേശനം നേടിയിട്ടുള്ള വിദ്യാർത്ഥികൾ ഈ സ്കീമിന്റെ ആനുകൂല്യത്തിന് അർഹരാണ്.
- ലോൺ അക്കൗണ്ട് ക്ലോസ് ചെയ്തിട്ടുള്ള വിദ്യാർത്ഥികൾക്ക് ഈ സ്കീം പ്രകാരമുള്ള ആനുകൂല്യത്തിന് അർഹതയുണ്ടായിരിക്കുന്നതല്ല.
- ഈ സ്കീം പ്രകാരം ഇന്ത്യയിലെ ഗ്രാജ്വേറ്റ്/പോസ്റ്റ് ഗ്രാജ്വേറ്റ്/ഡിപ്ലോമ കോഴ്സുകൾക്ക് ഏതെങ്കിലും ആദ്യത്തെ ഒന്നിന് ഒരിക്കൽ മാത്രമേ ആനുകൂല്യം ലഭ്യമാകുകയുള്ളൂ. വാർഷിക കുടുംബ വരുമാനം 6 ലക്ഷത്തിൽ താഴെയുള്ള വായ്പയെടുത്ത വിദ്യാർത്ഥികൾക്ക് മാത്രമേ ഈ സ്കീമിന്റെ ആനുകൂല്യം ലഭിക്കുകയുള്ളൂ. എന്നാൽ 40 ശതമാനമോ അധികമോ അംഗപരിമിതിയുള്ളവർക്ക് വാർഷിക കുടുംബ വരുമാന പരിധി 9 ലക്ഷം രൂപയായിരിക്കും.

## വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി

84(530) <u>ശ്രീ. കെ. ഡി. പ്രസേനൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽനിന്നും ഇതുവരെ എത്ര അപേക്ഷകൾ ലഭിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(ബി) ലഭിച്ച അപേക്ഷകളുടെ നിലവിലുള്ള അവസ്ഥ എന്താണെന്ന് ബാങ്കുകൾ തിരിച്ചുള്ള കണക്ക് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വിദ്യാഭ്യാസ വായ്പ തിരിച്ചടവ് സഹായ പദ്ധതി പ്രകാരം പാലക്കാട് ജില്ലയിൽനിന്നും 3181 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(ബി) പാലക്കാട് ജില്ലയിൽനിന്നും ലഭിച്ചിട്ടുള്ള അപേക്ഷകളുടെയും അതിൽനിന്നും സർക്കാർ സഹായം അനുവദിച്ചിട്ടുള്ള അപേക്ഷകളുടെയും ബാങ്കുകൾ തിരിച്ചുള്ള കണക്കുകൾ ഇതോടൊപ്പം അനുബന്ധമായി ചേർക്കുന്നു.* ബാക്കിയുള്ള അപേക്ഷകൾ വിവിധ തലങ്ങളിൽ പരിശോധനയിലാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## എഡ്യൂക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം

85(531) ശ്രീ. ആന്റണി ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2012 ഏപ്രിൽ 1-ന് മുൻപ് തിരിച്ചടവ് തുടങ്ങിയ എൻ.പി.എ. അല്ലാത്ത വിദ്യാഭ്യാസ ലോണുകൾക്ക് എഡ്യുക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീം ബാധകമാണോ;

(ബി) ബാധകമാണെങ്കിൽ പല ബാങ്കുകളും ഇത്തരം അപേക്ഷകൾ നിരസിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) 2012 ഏപ്രിൽ 1-ന് മുൻപ് തിരിച്ചടവ് തുടങ്ങിയ എൻ.പി.എ. ആയിട്ടുള്ള ലോണുകൾക്ക് കൂടി എഡ്യുക്കേഷൻ ലോൺ റീപേമെന്റ് സപ്പോർട്ട് സ്കീമിന്റെ ആനുകൂല്യം നല്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ&ബി) ബാധകമല്ല.

(സി) വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയുടെ മാർഗ്ഗനിർദ്ദേശങ്ങൾ അനുസരിച്ച് 31-3-2016-നോ അതിനുമുമ്പോ എൻ.പി.എ. ആയി മാറിയിട്ടുള്ളതും 31-3-2016-ന് എൻ.പി.എ. ആയി തുടരുന്നതുമായ ലോണുകളെ തിരിച്ചടവ് തുടങ്ങിയ തീയതി പരിഗണിക്കാതെ തന്നെ വിദ്യാഭ്യാസ വായ്പാ തിരിച്ചടവ് സഹായ പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## നേമം മണ്ഡലത്തിലുൾപ്പെട്ട പ്രവൃത്തികൾ

86(532) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് പുസ്തകത്തിൽ (ഭരണാനുമതി ഇല്ലാത്ത മരാമത്ത് പണികൾ, വിശദമായ ബഡ്ജറ്റ് എസ്റ്റിമേറ്റുകളുടെ അനുബന്ധം II, വാല്യം II) നേമം നിയോജകമണ്ഡലത്തിൽ ഉൾപ്പെട്ട പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ;

(ബി) ഇതിൽ പ്രസ്തുത മണ്ഡലത്തിലെ എം.എൽ.എ. ശിപാർശ ചെയ്ത പ്രവൃത്തികൾക്ക് പുറമേ മറ്റ് പ്രവൃത്തികൾ ഉൾപ്പെടുത്തിയിട്ടുണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

(എ) അനുബന്ധത്തിൽ നൽകിയിരിക്കുന്നു*.

(ബി) എം.എൽ.എ. ശിപാർശ ചെയ്തത് അടക്കമുള്ള പ്രവൃത്തികളാണ് ഉൾപ്പെടുത്തിയിട്ടുള്ളത്.

**അഡീഷണൽ ആതറൈസേഷൻ പ്രൊപ്പോസൽ**

87(533) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിദ്യാഭ്യാസ വകുപ്പിൽ നിന്ന് 2016-17, 2017-18 എന്നീ വർഷങ്ങളിൽ അഡിഷണൽ ആതറൈസേഷനു വേണ്ടി സമർപ്പിച്ച പ്രൊപ്പോസലുകൾ ഏതെല്ലാം; പ്രൊപ്പോസൽ സമർപ്പിച്ചത് എന്ന്; വ്യക്തമാക്കുമോ;

(ബി) അഡിഷണൽ ആതറൈസേഷൻ പ്രൊപ്പോസലിന്റെ അടിസ്ഥാനത്തിൽ ഫണ്ട് അനുവദിച്ചിട്ടുണ്ടോ; എന്നാണ് അനുവദിച്ചതെന്നും ഏതെല്ലാം വിഭാഗത്തിനു വേണ്ടിയാണെന്നും വ്യക്തമാക്കുമോ;

(സി) അനുവദിച്ച ഫണ്ട് ചെലവഴിച്ചിട്ടുണ്ടോ; വ്യക്തമാക്കുമോ;

(ഡി) 2017-18 ബഡ്ജറ്റിൽ വകയിരുത്തുകയും എന്നാൽ ചെലവഴിക്കാത്തതുമായ തുക എത്രയെന്ന് ഹെഡ് തിരിച്ച് വ്യക്തമാക്കുമോ?

ഉത്തരം

(എ-ഡി) 2016-17-ൽ പൊതുവിദ്യാഭ്യാസത്തിനുകീഴിൽ 2202-പൊതുവിദ്യാഭ്യാസം-ശീർഷകത്തിൽ 540.17 കോടി രൂപയും 2203-സാങ്കേതിക വിദ്യാഭ്യാസം ശീർഷകത്തിൽ 25.48 കോടി രൂപയും 4202-ശീർഷകത്തിനു കീഴിൽ വിദ്യാഭ്യാസ വകുപ്പിന്റെ മൂലധന ചെലവിനത്തിൽ 119.86 കോടി രൂപയും ഉൾപ്പെടെ ബഡ്ജറ്റ് രേഖകൾ പ്രകാരം 685.51 കോടി രൂപ അധിക അനുമതിയായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2016-17 സാമ്പത്തിക വർഷാവസാനം വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച അന്തിമമായ ധന പുനർവിനിയോഗ ശിപാർശകളുടെയും ചെലവാക്കാത്ത തുകകളുടെ സറണ്ടർ പ്രൊപ്പോസലുകളുടെയും അടിസ്ഥാനത്തിൽ അനുവദിച്ച അധിക തുകയിൽ 655.41 കോടി രൂപ ചെലവായതും 30.10 കോടി രൂപ ചെലവാക്കാത്തതായും കാണുന്നുണ്ട്. 2017-18 സാമ്പത്തിക വർഷം പൊതുവിദ്യാഭ്യാസത്തിനുകീഴിൽ 2202-ശീർഷകത്തിൽ 162.25 കോടി രൂപയും 2203-സാങ്കേതിക വിദ്യാഭ്യാസം

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ശീർഷകത്തിൽ 33.77 കോടി രൂപയും 4202-ശീർഷകത്തിനുകീഴിൽ വിദ്യാഭ്യാസ വകുപ്പിന്റെ മൂലധന ചെലവിനത്തിൽ 267.43 കോടി രൂപയും ഉൾപ്പെടെ ബഡ്ജറ്റ് രേഖകൾ പ്രകാരം 463.44 കോടി രൂപ അധിക അനുമതിയായി അനുവദിച്ച് നൽകിയിട്ടുണ്ട്. 2017-18 സാമ്പത്തിക വർഷാവസാനം വിദ്യാഭ്യാസ വകുപ്പ് സമർപ്പിച്ച അന്തിമമായ ധനപുനർവിനിയോഗ ശിപാർശകളുടെയും ചെലവാക്കാത്ത തുകകളുടെ സറണ്ടർ പ്രൊപ്പോസലുകളുടെയും അടിസ്ഥാനത്തിൽ അനുവദിച്ച അധിക തുകയിൽ 378.73 കോടി രൂപ ചെലവായതായും 84.71 കോടി രൂപ ചെലവാക്കാത്തതായും കാണുന്നുണ്ട്.

**ഭരണാനുമതി നൽകിയ പ്രവൃത്തികൾ**

88(534) ശ്രീ. ടി. എ. അഹമ്മദ് കബീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-19 വർഷത്തെ ബഡ്ജറ്റ് പ്രകാരം സംസ്ഥാനത്ത് എത്ര പദ്ധതികൾക്ക് നാളിതുവരെ ഭരണാനുമതി നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കാമോ; നിയോജകമണ്ഡലാടിസ്ഥാനത്തിൽ വകുപ്പ് തിരിച്ച് ഭരണാനുമതി നൽകിയ പ്രവൃത്തികളുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) മങ്കട നിയോജകമണ്ഡലത്തിൽനിന്നും സമർപ്പിച്ച പട്ടികയിൽനിന്നും ഭരണാനുമതി നൽകുവാൻ ഉദ്ദേശിക്കുന്ന പ്രവൃത്തികൾ ഏതെല്ലാമാണെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2018-19 സാമ്പത്തിക വർഷത്തെ വാർഷിക പദ്ധതിയിൽ ഉൾപ്പെട്ട സ്കീമുകളിൽ 1214 എണ്ണത്തിന് നാളിതുവരെ (31-5-2018) ഭരണാനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത പദ്ധതികളുടെ വകുപ്പ് തിരിച്ചുള്ള എണ്ണം അനുബന്ധമായി ചേർക്കുന്നു*. ഈ വിശദാംശങ്ങൾ നിയോജകമണ്ഡലാടിസ്ഥാനത്തിൽ ക്രോഡീകരിച്ചിട്ടില്ല.

**ബഡ്ജറ്റിൽ പ്രഖ്യാപിച്ച പുതിയ പദ്ധതികൾ**

89(535) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിലും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിലും പ്രഖ്യാപിച്ചിരുന്ന പുതിയ പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതികളിൽ ഭരണാനുമതി നൽകിയത്, ഭരണാനുമതി നല്കാനുള്ളത്, പൂർത്തീകരിച്ചത് എന്നിങ്ങനെ ഇനം തിരിച്ച് വ്യക്തമാക്കാമോ;

(സി) പ്രഖ്യാപിച്ച എല്ലാ പദ്ധതികൾക്കും ഭരണാനുമതി നൽകിയിട്ടില്ലെങ്കിൽ കാലതാമസത്തിന് കാരണമെന്താണെന്ന് അറിയിക്കുമോ; ഇനി എപ്പോൾ ഭരണാനുമതി ലഭ്യമാക്കുമെന്ന് വ്യക്തമാക്കാമോ;

(ഡി) 2016-17 ലെയും 2017-18 ലെയും ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ച പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് കൃത്യമായ മോനിട്ടറിംഗ് നടത്തിയിട്ടുണ്ടോ; എങ്കിൽ വിശദാംശം വ്യക്തമാക്കാമോ;

(ഇ) ബഡ്ജറ്റിൽ പ്രഖ്യാപിക്കുന്ന പദ്ധതികൾ നടപ്പിലാക്കുന്നത് സംബന്ധിച്ച് ഈ സർക്കാരിന്റെ നയം എന്താണെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ-ഇ) വിവരങ്ങൾ ശേഖരിച്ചുവരുന്നു.

**തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി ബഡ്ജറ്റിൽ വകയിരുത്തിയ തുക**

90(536) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി 2014-15, 2015-16, 2016-17, 2017-18 സാമ്പത്തിക വർഷത്തിൽ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുകയും യഥാർത്ഥത്തിൽ ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ വെളിപ്പെടുത്തുമോ;

(ബി) മേൽപ്പറഞ്ഞ ഓരോ സാമ്പത്തിക വർഷവും പഞ്ചായത്തുകൾ, ബ്ലോക്കുകൾ, ജില്ലാ പഞ്ചായത്തുകൾ, മുൻസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നിവവഴി ചെലവഴിക്കാൻ ബഡ്ജറ്റിൽ വകയിരുത്തപ്പെട്ട തുക എത്ര വീതമായിരുന്നു; പദ്ധതി നിർവ്വഹണം നടന്നിട്ടുള്ളതിന്റെ അടിസ്ഥാനത്തിൽ ഇവ ഓരോന്നും വഴി ചെലവഴിച്ച തുക എത്ര വീതമാണെന്ന് വെളിപ്പെടുത്തുമോ ?

<u>ഉത്തരം</u>

(എ) തദ്ദേശഭരണ സ്ഥാപനങ്ങൾക്കായി 2014-15, 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ബഡ്ജറ്റിൽ വകയിരുത്തിയ തുകയും

ചെലവഴിച്ച തുകയും ചുവടെ ചേർക്കുന്നു :

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) | സഞ്ചിത നിധിയിൽനിന്നും ചെലവഴിച്ച തുക |
|---|---|---|
| 2014-15 | 7507.46 | 7453.64 |
| 2015-16 | 7664.79 | 5028.92 |
| 2016-17 | 8670.93 | 6059.99 |
| 2017-18 | 9775.60 | 8470.05 (അക്കൗണ്ടന്റ് ജനറലിന്റെ 31-3-2018-ലെ താൽക്കാലിക കണക്കുകൾ പ്രകാരം) |

31-3-2018 പ്രവൃത്തി സമയത്തിനുശേഷം തദ്ദേശഭരണ സ്ഥാപനങ്ങൾ ട്രഷറികളിൽ സമർപ്പിച്ച ബില്ലുകൾ, അർഹമായവ 2018-19-ലെ കണക്കിൽനിന്നും മാറി നൽകിയിട്ടുണ്ട്. ഇതൊഴിച്ചുള്ള പ്രാഥമിക കണക്കാണിത്.

(ബി) 2014-15, 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഗ്രാമപഞ്ചായത്തുകൾ, ബ്ലോക്ക് പഞ്ചായത്തുകൾ, ജില്ലാ പഞ്ചായത്തുകൾ, മുനിസിപ്പാലിറ്റികൾ, കോർപ്പറേഷനുകൾ എന്നീ തദ്ദേശഭരണ സ്ഥാപനങ്ങളിൽ പദ്ധതി നിർവ്വഹണത്തിനായി ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിച്ച തുകയും സംബന്ധിച്ച വിശദാംശങ്ങൾ അനുബന്ധമായി കാണിക്കുന്നു *.

**തദ്ദേശസ്വയംഭരണ വകുപ്പിന് ബഡ്ജറ്റിൽ വകയിരുത്തിയ തുക**

91(537) പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തദ്ദേശഭരണവകുപ്പിന് 2016-17,2017-18 ബഡ്ജറ്റിൽ വകയിരുത്തിയ തുകയും ചെലവഴിക്കാത്ത തുകയും എത്രയെന്ന് വ്യക്തമാക്കുമോ;

(ബി) അഡീഷണൽ ഓതറൈസേഷൻ വഴി എത്ര രൂപയുടെ പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്; എന്നാണ് ലഭിച്ചത്; എത്ര തുക നൽകിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(സി) ലഭിച്ച തുകയിൽ എത്ര തുക ചെലവാക്കി എന്നും എത്ര തുക ചെലവാക്കിയിട്ടില്ല എന്നും വ്യക്തമാക്കുമ്മോ;

(ഡി) സപ്ലിമെന്ററി ഗ്രാന്റായി എത്ര തുകയുടെ പ്രൊപ്പോസൽ ലഭിച്ചിരുന്നു; എത്ര തുക നൽകി; എത്ര തുക ചെലവഴിച്ചു; വിശദമാക്കുമോ?

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) തദ്ദേശഭരണ വകുപ്പിന് ധനാഭ്യർത്ഥന നമ്പർ 22-നഗരവികസനം, 35-പഞ്ചായത്ത്, 36-ഗ്രാമ വികസനം എന്നിവയിലായി വകയിരുത്തിയ തുകയും ചെലവഴിക്കാത്ത തുകയും ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

| സാമ്പത്തിക വർഷം | ബഡ്ജറ്റിൽ വകയിരുത്തിയ തുക (ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ) | ചെലവഴിക്കാത്ത തുക |
|---|---|---|
| 2016-17 | 5915.04 | 3070.59 |
| 2017-18 | 7079.53 | 4333.09 * |

* (അക്കൗണ്ടന്റ് ജനറലിന്റെ 31-3-2018-ലെ താൽക്കാലിക കണക്കുകൾ പ്രകാരം)

(ബി&സി) തദ്ദേശഭരണ വകുപ്പിന് ധനാഭ്യർത്ഥന നമ്പർ 22-നഗരവികസനം, 35-പഞ്ചായത്ത്, 36-ഗ്രാമ വികസനം എന്നിവയിലായി അധിക ധനാനുമതി വഴി അനുവദിച്ച തുകയുടെയും അതിൽ ക്രമീകരിച്ച തുകയുടെയും വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

| സാമ്പത്തിക വർഷം | അധിക തുക അനുവദിച്ചത് | ക്രമീകരിച്ച തുക |
|---|---|---|
| 2016-17 | 551.65 | 542.98 |
| 2017-18 | 330.01 | 300.55 |

(ഡി) തദ്ദേശഭരണ വകുപ്പിന് ധനാഭ്യർത്ഥന നമ്പർ 22-നഗരവികസനം, 35-പഞ്ചായത്ത്, 36-ഗ്രാമ വികസനം എന്നിവയിലായി 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ഉപധനാഭ്യർത്ഥനകൾ വഴി യഥാക്രമം 486.40 കോടി രൂപയും 507.20 കോടി രൂപയും അനുവദിച്ചിരുന്നു. ഈ ഉപധനാഭ്യർത്ഥനകൾ ഉൾപ്പെടെ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിൽ ചെലവഴിച്ച തുകയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

| സാമ്പത്തിക വർഷം | ചെലവഴിച്ച തുക |
|---|---|
| 2016-17 | 2844.45 |
| 2017-18 | 2746.44 * |

* (അക്കൗണ്ടന്റ് ജനറലിന്റെ 31-3-2018-ലെ താൽക്കാലിക കണക്കുകൾ പ്രകാരം)

## 2017-18 സാമ്പത്തിക വർഷം തിരിച്ചടച്ച തുക

92(538) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ വിവിധ ഹെഡ്ഡുകളിലായി വകയിരുത്തുകയും എന്നാൽ ചെലവഴിക്കാത്തതുമായ തുക എത്രയെന്ന് ഹെഡ്ഡ് തിരിച്ചുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ സപ്ലിമെന്ററി ഗ്രാന്റ്, അഡീഷണൽ ഓതറൈസേഷൻ എന്നിവ വഴി തുക ലഭ്യമാക്കുകയും എന്നാൽ ചെലവഴിക്കാതെ വിവിധ വകുപ്പുകൾ തിരികെ അടച്ചതുമായ തുകകളുടെ വിവരങ്ങൾ ലഭ്യമാക്കാമോ?

### ഉത്തരം

(എ) 2017-18 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്കായി ധനാഭ്യർത്ഥനയിലൂടെ ബഡ്ജറ്റ് വിഹിതമായി (ഉപധനാഭ്യർത്ഥന ഉൾപ്പെടെ) വകയിരുത്തുകയും അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരം ചെലവഴിക്കാത്തതുമായ തുകയും സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു.*

(ബി) 2017-18 സാമ്പത്തിക വർഷം വിവിധ വകുപ്പുകൾക്ക് അനുവദിച്ച ബഡ്ജറ്റ് വിഹിതം, ഉപധനാഭ്യർത്ഥനയിലൂടെ വകയിരുത്തിയ തുക, അധിക ധനാനുമതിയിലൂടെ വകയിരുത്തുകയും ചെലവഴിക്കാത്തതുമായ തുക, 2018 മാർച്ച് 31 വരെയുള്ള അക്കൗണ്ടന്റ് ജനറലിന്റെ താൽക്കാലിക കണക്കുകൾ പ്രകാരമുള്ള ചെലവ് എന്നിവ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനുബന്ധമായി ചേർക്കുന്നു. *

## ക്ഷേമ പെൻഷനുകൾ

93(539) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ ഇപ്പോൾ നൽകി വരുന്ന ക്ഷേമ പെൻഷനുകൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ക്ഷേമ പെൻഷനുകളുടെ അപേക്ഷ ഇപ്പോൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നില്ല എന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പുതിയ അപേക്ഷകൾ എന്ന് സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) താഴെപ്പറയുന്ന സാമൂഹ്യ സുരക്ഷാ പെൻഷനുകൾക്കു പുറമേ വിവിധ ക്ഷേമനിധി ബോർഡ് പെൻഷനുകളും കേരളത്തിൽ നൽകിവരുന്നു:

1. കർഷകത്തൊഴിലാളി പെൻഷൻ
2. ഇന്ദിരാഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ
3. ഇന്ദിരാഗാന്ധി ദേശീയ വികലാംഗ പെൻഷൻ
4. ഇന്ദിരാഗാന്ധി ദേശീയ വിധവാ പെൻഷൻ
5. 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ.

(ബി) സാമൂഹ്യ സുരക്ഷാ പെൻഷന്റെ അപേക്ഷയാണ് പ്രാദേശിക സർക്കാരുകൾ കൈകാര്യം ചെയ്യുന്നത്. ഇത് സ്വീകരിക്കുന്നില്ലെന്ന പരാതി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) സാമൂഹ്യസുരക്ഷാ പെൻഷനുകളുടെ അപേക്ഷകൾ തദ്ദേശഭരണ സ്ഥാപനങ്ങൾ സ്വീകരിക്കുന്നുണ്ട്. സാമൂഹ്യസുരക്ഷാ പെൻഷൻ അപേക്ഷകരിൽ ധാരാളം അനർഹർ ഉൾപ്പെട്ടിട്ടുണ്ടെന്ന പരാതികൾ പരിശോധിച്ചുവരികയാണ്. അതിനുശേഷം താമസംവിനാ അർഹമായ പുതിയ പെൻഷണർമാരുടെ ഡേറ്റാ എൻട്രി അനുവദിക്കുന്നതാണ്. വികലാംഗ പെൻഷനുവേണ്ടിയുള്ള അപേക്ഷകളുടെ ഡേറ്റാ എൻട്രി അനുവദിക്കുന്നുണ്ട്.

## ഇസ്ലാമിക് ബാങ്കിംഗ് സംവിധാനം

94(540) ശ്രീ. സി. മമ്മൂട്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് പലിശരഹിത ഇസ്ലാമിക് ബാങ്കിംഗ് സംവിധാനത്തിന് പ്രവർത്തനാനുമതി നേടിയെടുക്കാൻ എന്തെങ്കിലും പ്രവൃത്തികൾ നടത്തിയിരുന്നോ; എങ്കിൽ എന്തെല്ലാം; ഈ പദ്ധതി നടപ്പിലാക്കുന്നതിന് ഉദ്ദേശ്യമുണ്ടോ ; എങ്കിൽ അതിനായി ശ്രമം നടത്തുമോ;

(ബി) പലിശരഹിത ഇസ്ലാമിക് ബാങ്കിംഗ് സംവിധാനം പല വിദേശ സമ്പന്ന രാഷ്ട്രങ്ങളിൽ പോലും വിജയകരമായി പ്രവർത്തിക്കുമ്പോൾ കേരളത്തിന് അത് അന്യമാക്കുന്നത് നീതിയുക്തമാണോ എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) നിലവിലെ ബാങ്കിംഗ് റെഗുലേഷൻ നിയമത്തിന്റെ പശ്ചാത്തലത്തിൽ പലിശരഹിത ബാങ്ക് സാധ്യമല്ല. അതുകൊണ്ട് ചേരമാൻ ഫിനാൻഷ്യൽ സർവ്വീസസ് ലിമിറ്റഡ് എന്ന പേരിൽ ഒരു കമ്പനി രൂപീകരിച്ച് റിസർവ് ബാങ്ക് ഓഫ് ഇന്ത്യയുടെ നിയന്ത്രണത്തിൽ ഒരു ബാങ്കിതര ധനകാര്യ സ്ഥാപനമായി പ്രവർത്തിച്ചുവരുന്നു. റിസർവ് ബാങ്ക് വിഭവസമാഹരണത്തിന് ഓഹരി അല്ലാതെ ഡെപ്പോസിറ്റുകൾ അംഗീകരിച്ചിട്ടില്ല. ടി കാരണത്താൽ പ്രസ്തുത സ്ഥാപനത്തിന് പൊതുജനങ്ങളിൽനിന്നും നിക്ഷേപം സ്വീകരിക്കുവാനോ വായ്പ നൽകുവാനോ സാധിക്കുകയില്ല. ടി പരിമിതിക്കുള്ളിൽ നിന്നുകൊണ്ടുതന്നെ കമ്പനിയുടെ പ്രവർത്തനം വിപുലീകരിക്കുവാനുള്ള ശ്രമങ്ങളാണ് സർക്കാർ കൊക്കൊണ്ടുവരുന്നത്.

**മെയിന്റനൻസ് ഗ്രാന്റ്**

95(541) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൂഞ്ഞാർ തെക്കേക്കര ഗ്രാമപഞ്ചായത്തിന് അർഹമായ മെയിന്റനൻസ് ഗ്രാന്റ് അനുവദിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോയെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത ഗ്രാന്റ് ലഭ്യമാക്കുന്നതിന് ധനവകുപ്പ് തലത്തിൽ എന്ത് തീരുമാനം ആണ് എടുത്തിട്ടുള്ളതെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) നടപടികൾ സ്വീകരിച്ചുവരുന്നു.

(ബി) ഫയൽ പരിശോധിച്ചുവരുന്നു.

**കേന്ദ്ര ധനകാര്യ കമ്മീഷൻ**

96(543) <u>ശ്രീ. എസ്. ശർമ്മ:</u>
<u>ശ്രീ. ഐ.ബി. സതീഷ്:</u>
<u>ശ്രീ. എ. എൻ. ഷംസീർ:</u>
<u>ശ്രീമതി വീണാ ജോർജ്ജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനങ്ങളിൽ നിന്ന് കേന്ദ്ര സർക്കാർ സമാഹരിക്കുന്ന നികുതി ഭരണഘടനാനുസൃതം ഫെഡറൽ തത്വം പാലിച്ചുകൊണ്ട് നിഷ്പക്ഷമായി വിതരണം ചെയ്യുന്നതിനും ധനസഹായം അനുവദിക്കുന്നതിനുവേണ്ട തത്വങ്ങൾ ശിപാർശ

ചെയ്യുന്നതിനുമുള്ള ധനകാര്യ കമ്മീഷനെ കേന്ദ്രത്തിന്റെ നയങ്ങളും താത്പര്യങ്ങളും നടപ്പാക്കാനുള്ള ഏജൻസിയാക്കി മാറ്റുന്ന രീതിയിൽ ഏകപക്ഷീയമായി പരിഗണനാ വിഷയങ്ങൾ തീരുമാനിച്ചതിനെതിരെ സംസ്ഥാനം ഉയർത്തിയ പ്രതിഷേധത്തെതുടർന്ന് കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടുണ്ടോ;

(ബി) വിഭവ വിതരണത്തിനുള്ള മാനദണ്ഡത്തിൽ വരുത്തിയ മാറ്റം വഴി അർഹതപ്പെട്ട പങ്കിൽ എത്ര കുറവുണ്ടാകാനിടയുണ്ടെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇതോടൊപ്പം യാന്ത്രികമായും അശാസ്ത്രീയമായും ധനകമ്മി കുറയ്ക്കാനുള്ള നിർദ്ദേശം സംസ്ഥാനത്തിന്റെ ധനസ്ഥിതിയെ താറുമാറാക്കാതിരിക്കാനായി സ്വീകരിക്കുവാൻ സാദ്ധ്യമാകുന്ന നടപടികൾ വിശദമാക്കാമോ;

(ഡി) സംസ്ഥാനം സന്ദർശിച്ച ധനകാര്യ കമ്മീഷന് നൽകിയ നിർദ്ദേശങ്ങളുടെ വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) സാധ്യമായത്ര സംസ്ഥാനങ്ങളുടെ കൂട്ടായ്മ രൂപപ്പെടുത്തി പൊതുവായ ആശങ്കകൾ ആദരണീയനായ രാഷ്ട്രപതിയെ നിവേദനത്തിലൂടെ അറിയിച്ചിട്ടുണ്ട്. എന്നാൽ കേന്ദ്ര സർക്കാർ നിലപാട് വ്യക്തമാക്കിയിട്ടില്ല.

(ബി) വിഭവ കൈമാറ്റത്തിന് 2011-ലെ ജനസംഖ്യ മാനദണ്ഡമാക്കുകയാണെങ്കിൽ ജനസംഖ്യാ നിയന്ത്രണത്തിൽ വിജയം കൈവരിച്ച കേരളം ഉൾപ്പെടെയുള്ള ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾക്ക് ലഭിക്കേണ്ട നികുതിവിഹിതത്തിൽ ഗണ്യമായ കുറവ് ഉണ്ടാകുമെന്ന് കണക്കാക്കപ്പെടുന്നു. ഇത് പരിഹരിക്കുന്ന വിധത്തിൽ സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വീതം വയ്പ്പിനുള്ള മാനദണ്ഡങ്ങൾ പുനർനിർണ്ണയിക്കണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) നിലവിലെ സംസ്ഥാനത്തിന്റെ കടമെടുപ്പ് പരിധി GSDP-യുടെ 3 ശതമാനമായി നിജപ്പെടുത്തിയിട്ടുണ്ട്. ഇതിൽ മാറ്റം ശിപാർശ ചെയ്യരുതെന്ന് ധനകാര്യ കമ്മീഷനോട് നിവേദനത്തിലൂടെ ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) ധനകാര്യ കമ്മീഷന് നൽകിയ നിവേദനത്തിലെ പ്രധാന നിർദ്ദേശങ്ങൾ/ശിപാർശകൾ താഴെപ്പറയുന്നവയാണ്:

- സംസ്ഥാനങ്ങൾക്ക് വിഭജിച്ച് നൽകുന്ന കേന്ദ്ര നികുതിയുടെ വിഹിതം നിലവിലെ 42 ശതമാനത്തിൽനിന്നും 50 ശതമാനമായി ഉയർത്തുക.
- സംസ്ഥാനങ്ങൾക്കിടയിൽ നികുതി വിഭജനത്തിന് താഴെപ്പറയുന്ന മാനദണ്ഡങ്ങൾ സ്വീകരിക്കേണ്ടതാണ്.

- ടേംസ് ഓഫ് റഫറൻസ് 8 നീക്കം ചെയ്യണമെന്നും ജനസംഖ്യയ്ക്ക് നൽകുന്ന വെയ്റ്റേജിന് സ്വീകരിക്കേണ്ട ഉചിതമായ മാനദണ്ഡം സംബന്ധിച്ച് തീരുമാനമെടുക്കുവാനുള്ള കൂടുതൽ ഫ്ളെക്സിബിലിറ്റി കമ്മീഷന് ലഭ്യമാക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. സംസ്ഥാനങ്ങൾക്കിടയിലുള്ള നികുതി വിഭജനത്തിനുള്ള മാനദണ്ഡങ്ങളിൽ 1971 കാനേഷുമാരി അടിസ്ഥാനമാക്കിയുള്ള ജനസംഖ്യാപരമായ നേട്ടങ്ങൾക്ക് ജനസംഖ്യക്ക് തുല്യമായ വെയ്റ്റേജ് നൽകണമെന്ന് കേരളം ആവശ്യപ്പെട്ടിട്ടുണ്ട്. വരുമാന അന്തരത്തിനുള്ള വെയ്റ്റേജ് 50 ശതമാനത്തിൽ നിന്നും 20% ആക്കണമെന്നും കേരളം ആവശ്യപ്പെട്ടിട്ടുണ്ട്.

<u>മാനദണ്ഡം വെയിറ്റേജ്</u>

ജനസംഖ്യ 2011 സെൻസസ് അടിസ്ഥാനമാക്കി - 30%

ജനസംഖ്യാപരമായ നേട്ടം (1971-ലെ ജനസംഖ്യ അടിസ്ഥാനമാക്കി) - 30%

വരുമാന അന്തരം - 20%

വിസ്തീർണ്ണം - 10%

വനമേഖല - 10%

- പ്രത്യേക മേഖല ഗ്രാന്റുകൾ നൽകുവാൻ ധനകാര്യ കമ്മീഷൻ തീരുമാനിക്കുകയാണെങ്കിൽ ഭരണഘടനയുടെ ആർട്ടിക്കിൾ 275 പ്രകാരം സംസ്ഥാനത്തിന് ചുവടെ പറയുന്ന മേഖലകളിൽ സാമ്പത്തിക സഹായം നൽകുന്നതിനായി പരിഗണിക്കേണ്ടതാണ്.
- തീരദേശപരിപാലനം - 1500 കോടി
- വനസംരക്ഷണം - 1000 കോടി
- മെച്ചപ്പെട്ട തൊഴിൽ ലഭ്യതയ്ക്കാവശ്യമായ

  നൈപുണ്യ വികസനം - 750 കോടി
- റബ്ബർ കർഷകർക്ക് ആശ്വാസം - 250 കോടി
- മടങ്ങിവരുന്ന പ്രവാസികളുടെ പുനരധിവാസം -1500 കോടി
- റവന്യൂ കമ്മി ഗ്രാന്റ് തുടരേണ്ടതാണ്.
- 2011-ലെ സെൻസസ് അടിസ്ഥാനമാക്കി നികുതിവിഹിതം നിശ്ചയിക്കുന്നതിനുള്ള ടേംസ് ഓഫ് റഫറൻസിലെ നിർദ്ദേശം പിൻവലിക്കുക.

- തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് 60% ബേസിക് ഗ്രാന്റും 10% പെർഫോമൻസ് ഗ്രാന്റും ബാക്കി 30% തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കൈമാറിയ ഫണ്ട്, ചുമതലകൾ. ഉദ്യോഗസ്ഥർ എന്നിവ അടിസ്ഥാനമാക്കി നൽകേണ്ടതാണ്. 10% പെർഫോമൻസ് ഗ്രാന്റ്, ഓഡിറ്റിംഗ്, അക്കൗണ്ടിംഗിലെ ഇ-ഗവേർണൻസ് നടപടികൾ, പരിസ്ഥിതി സൗഹാർദ്ദ നടപടികൾ എന്നിവയുടെ അടിസ്ഥാനത്തിൽ നൽകാവുന്നതാണ്.

- ഓഖി ദുരന്തത്തിന്റെ പശ്ചാത്തലത്തിൽ SDRF കോർപ്പസ് ഗണ്യമായി ഉയർത്തുകയും കേന്ദ്രവിഹിതം 90% ആക്കുകയും ചെയ്യേണ്ടതാണ്. ഇതിൽനിന്നും ഫണ്ട് വിനിയോഗിക്കുന്നതിനുള്ള നിബന്ധനകൾ ലളിതമാക്കേണ്ടതാണ്.

- സംസ്ഥാനത്തിന്റെ കടം എടുക്കുന്നതിനുള്ള പരിധി GSDP-യുടെ 3% നിലനിർത്തുകയും മറ്റ് നിബന്ധനകൾ ഏർപ്പെടുത്താതിരിക്കുകയും ചെയ്യുക.

- തൊഴിൽ നികുതിയുടെ പരിധി ഉയർത്തുന്നതിന് ഭരണഘടന ഭേദഗതി ശിപാർശ ചെയ്യുക.

**പങ്കാളിത്ത പെൻഷൻ**

97(544) ശ്രീ. പി. ഉബൈദുള്ള:
ശ്രീ. കെ. എൻ. എ ഖാദർ:
പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ:
ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാർ ജീവനക്കാരുടെ പങ്കാളിത്ത പെൻഷൻ പദ്ധതിയിൽ സർക്കാർ വിഹിതം നീക്കിവെച്ചിട്ടുണ്ടോ;

(ബി)ഇല്ലെങ്കിൽ പങ്കാളിത്ത പെൻഷനിലെ സർക്കാർ വിഹിതം വർദ്ധിച്ചുവരുന്നത് നിലവിലെ സാമ്പത്തിക പ്രതിസന്ധി രൂക്ഷമാക്കുന്നതിന് കാരണമാകുമോ;

(സി) പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കാൻ സർക്കാർ ആലോചിക്കുന്നുണ്ടോ;

(ഡി) ഇതുസംബന്ധിച്ച് പഠിക്കാൻ സമിതി രൂപീകരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) സർക്കാർ വിഹിതമായി അടയ്ക്കേണ്ട തുക "2071-01-117-97-സംസ്ഥാന സർക്കാർ ജീവനക്കാർക്കുള്ള ദേശീയ പെൻഷൻ പദ്ധതിയിലേയ്ക്കുള്ള സർക്കാർ വിഹിതം " എന്ന ശീർഷകത്തിൽ നീക്കിവച്ചിട്ടുണ്ട്.

(സി&ഡി) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് നടപ്പാക്കിയിരിക്കുന്ന പങ്കാളിത്ത പെൻഷൻ പദ്ധതി പുനഃപരിശോധിക്കുന്നതിനായി ഒരു സമിതിയെ നിയമിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്.

**സാധനങ്ങളുടെയും സേവനങ്ങളുടെയും ഓൺലൈൻ വാങ്ങൽ**

98(546) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന് ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും ഓൺലൈനായി വാങ്ങുന്നതിന് ധനകാര്യ വകുപ്പ് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ഇതിനനുസൃതമായി സ്റ്റോഴ്സ് പർച്ചേസ് ചട്ടങ്ങൾ പരിഷ്കരിച്ചിട്ടുണ്ടോ; ആയതിന്റെ പകർപ്പ് നൽകുമോ;

(ബി) ക്വട്ടേഷനോ ടെണ്ടറോ ക്ഷണിക്കാതെ സാധനങ്ങൾ വാങ്ങുന്നതിലെ അഴിമതി തടയാൻ എന്തു സംവിധാനമാണ് ഈ ഓൺലൈൻ സംവിധാനത്തിൽ ഉള്ളത്; വ്യക്തമാക്കാമോ;

(സി) സാധനങ്ങൾ ഓൺലൈനിലൂടെ വാങ്ങണോ അതോ പഴയ രീതി പിന്തുടരണോ എന്ന് നിശ്ചയിക്കുവാൻ വകുപ്പുകൾക്ക് അധികാരം കൊടുത്തിട്ടുണ്ടോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര സർക്കാർ ഓൺലൈൻ സംഭരണ പോർട്ടലായ ഗവൺമെന്റ് ഇ-മാർക്കറ്റ് പ്ലേസ് (GeM-ജെം) മുഖാന്തരം സംസ്ഥാന സർക്കാരിന് ആവശ്യമുള്ള സാധനങ്ങളും സേവനങ്ങളും ഓൺലൈനായി വാങ്ങുന്നതിന് സ്റ്റോഴ്സ് പർച്ചേസ് വകുപ്പ് 27-3-2018-ലെ സ.ഉ.(കൈ) നമ്പർ 2/2018/എസ്.പി.ഡി. പ്രകാരം അനുമതി നൽകിയിട്ടുണ്ട്. പ്രസ്തുത ഉത്തരവിന്റെ അടിസ്ഥാനത്തിൽ 28-4-2018-ലെ സ.ഉ.(അച്ചടി) നമ്പർ 2/2018/എസ്.പി.ഡി. പ്രകാരം സ്റ്റോഴ്സ് പർച്ചേസ് മാന്വലിൽ ഭേദഗതി വരുത്തിയിട്ടുണ്ട്.

(ബി) വാങ്ങൽ/സംഭരണം എന്നിവ സുതാര്യവും വേഗത്തിലുമാക്കുന്നതിനാണ് സാധനങ്ങൾ വാങ്ങുന്നത് ഓൺ ലൈൻ ആക്കാൻ തീരുമാനിച്ചത്. പുതിയ സംവിധാനത്തിൽ അഴിമതിക്കുള്ള സാധ്യത കാണുന്നില്ല.

(സി) ഉണ്ട്. 28-4-2018-ലെ സ.ഉ.(അച്ചടി) നമ്പർ 2/2018/എസ്.പി.ഡി. പ്രകാരം അതാതു വകുപ്പുകൾക്ക് വാങ്ങൽ രീതി തെരഞ്ഞെടുക്കാനുള്ള സ്വാതന്ത്ര്യം നൽകിയിട്ടുണ്ട്.

## ജി.എസ്.ടി. നടപ്പിലാക്കിയതുമൂലം സംസ്ഥാന സാമ്പത്തിക രംഗത്തുണ്ടായ മാറ്റങ്ങൾ

99(547) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ പാസാക്കിയ ജി.എസ്.ടി. നിയമം നടപ്പിലാക്കിയത് സംസ്ഥാന വരുമാനത്തെ എങ്ങനെയാണ് ബാധിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയത് മൂലം ഏതൊക്കെ മേഖലകളിലാണ് സർക്കാരിന് നഷ്ടം സംഭവിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ;

(സി) ജി.എസ്.ടി. നടപ്പിൽ വരുത്തിയതിനു ശേഷം നടന്ന വിവിധ ജി.എസ്.ടി. കൗൺസിലുകളിൽ കേരള സർക്കാർ മുന്നോട്ടുവച്ച നിർദ്ദേശങ്ങൾ ക്രോഡീകരിച്ചുനൽകാമോ;

(ഡി) പ്രസ്തുത നിർദ്ദേശങ്ങളിൽ ജി.എസ്.ടി. കൗൺസിൽ സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ജി.എസ്.ടി. നടപ്പാക്കിയശേഷം സംസ്ഥാനം പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവുണ്ടായിട്ടില്ല. എന്നാൽ മുൻകാലങ്ങളിലെ വാർഷിക നികുതി വർദ്ധനവ് നിരക്ക് പരിഗണിക്കുമ്പോൾ ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനുണ്ടായ നികുതി നഷ്ടത്തിന് വാർഷിക വർദ്ധനവ് 14% നിരക്കിൽ കോമ്പൻസേഷൻ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസം വരെയുള്ള കോമ്പൻസേഷൻ ഇതിനകം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ വരുമാന നഷ്ടമുണ്ടായതായി കണക്കാക്കാനാവില്ല.

റിട്ടേണുകൾ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യപ്പെടാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണമായി

സംസ്ഥാനത്തിന് ലഭ്യമാകാത്തതിനാലും ഇതു തമ്മിലുള്ള സൂക്ഷ്മപരിശോധന നടത്തുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്. ആയതിനാൽ മേഖല തിരിച്ചുള്ള കൃത്യമായ കണക്കുകൾ വേർതിരിച്ച് എടുക്കാറായിട്ടില്ല.

(സി&ഡി) ജി.എസ്.ടി. നടപ്പാക്കിയശേഷം ജി.എസ്.ടി. കൗൺസിൽ 9 തവണ യോഗം ചേർന്നിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാർ ഉന്നയിച്ച പ്രധാനപ്പെട്ട വിഷയങ്ങളും ജി.എസ്.ടി. കൗൺസിലിലെ തീരുമാനങ്ങളും ചുവടെ ചേർക്കുന്നു :

കോമ്പോസിഷൻ പരിധി ഒരു കോടിയായി ഉയർത്തി. ഇത് ചെറുകിട വ്യാപാര മേഖലയ്ക്കു സഹായകമായി. പ്രാപ്യസ്ഥാന നികുതി നിയമത്തിൽ വ്യക്തത വരുത്തുന്നതിനായി കഴിഞ്ഞു. സംസ്ഥാന ലോട്ടറിക്കും അന്യസംസ്ഥാന ലോട്ടറിക്കും വ്യത്യസ്ത നിരക്കുകൊണ്ടുവരാൻ കഴിഞ്ഞു. ഇതിലൂടെ അന്യസംസ്ഥാന ലോട്ടറി ഒരുപരിധിവരെ അനാകർഷകമാക്കാൻ കഴിഞ്ഞു. ആന്റിപ്രോഫിറ്റിയറിംഗ് നിയമം പ്രാബല്യത്തിൽ വരുത്തി. ചരക്കുനീക്കം സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം വേഗത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഇത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പ്രാപ്യാധിഷ്ഠിത നികുതി കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഹായിക്കും. ഇ-കോമേഴ്സ് മേഖലയെ ജി.എസ്.ടി.-യിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഗവൺമെന്റ് വർക്ക്സ് കോൺട്രാക്ടുകൾക്ക് നികുതി 18 ശതമാനത്തിൽ നിന്ന് 12 ശതമാനമായി കുറച്ചു. 70 ശതമാനത്തിന് മുകളിൽ ലേബർ മാത്രമുള്ള വർക്കുകളുടെ നികുതി 5 ശതമാനമായി കുറച്ചു. അൺബ്രാൻഡഡ് ആയ ആയുർവേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി മെഡിസിനുകൾക്ക് നികുതി 12 ശതമാനത്തിൽ നിന്ന് 6 ശതമാനമാക്കി. പ്ലാസ്റ്റിക് വേസ്റ്റ്, സ്ക്രാപ്പ്, ഇ-വേസ്റ്റ്, ഗ്ലാസ് സ്ക്രാപ്പ് എന്നിവയ്ക്ക് 18 ശതമാനത്തിൽ നിന്ന് 5%-ഉം പേപ്പർ വേസ്റ്റിന് 12 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കുറച്ചു. റബ്ബർ മേഖലയിൽ റബ്ബർബാൻഡിന് 28 ശതമാനത്തിൽ നിന്ന് 12 ശതമാനമായും റബ്ബർ വേസ്റ്റ്, സ്ക്രാപ്പ് എന്നിവയ്ക്ക് 18 ശതമാനത്തിൽ നിന്ന് 5 ശതമാനമായും ഹാർഡ്റബ്ബർ വേസ്റ്റിന് 28 ശതമാനത്തിൽ നിന്ന് 5 ശതമാനമായും കുറച്ചു. പ്രവാസികൾ ഗിഫ്റ്റ് അയയ്ക്കുന്ന 5000 രൂപ വരെയുള്ള സാധനങ്ങൾക്ക് ഐ.ജി.എസ്.ടി. ഒഴിവാക്കി. ഖാദി മേഖലയിൽ ഖാദി കമ്മീഷൻ സ്റ്റോറുകൾ വഴി വിൽക്കുന്ന വസ്തുങ്ങൾക്ക് ജി.എസ്.ടി. ഒഴിവാക്കി. റസ്റ്റോറന്റ് മേഖലയിൽ നികുതി പരിഷ്ക്കരിച്ചു. കോമ്പോണ്ടിംഗ് വ്യവസ്ഥ കൊണ്ടുവരുകയും നികുതി നിരക്ക് 5 ശതമാനമായി കുറയ്ക്കുകയും ചെയ്തു. ചെറുകിട മേഖലയിൽ

കവറുകളിൽ വിൽക്കുന്ന സെമികുക്ക്ഡ് ചപ്പാത്തി തുടങ്ങിയവയുടെ നികുതിനിരക്ക് 5 ശതമാനമായി കുറച്ചു. ടൂറിസം മേഖലയിൽ ഹൗസ് ബോട്ടുകളെ ടൂർ ഓപ്പറേറ്റർ പാക്കേജിൽ ഉൾപ്പെടുത്തി നികുതി നിരക്ക് 28 ശതമാനത്തിൽ നിന്ന് 5 ശതമാനമായി കുറച്ചു. ഇതുകൂടാതെ 22-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം 15-11-2017 മുതൽ 28 ശതമാനത്തിൽ ഉണ്ടായിരുന്ന കൂടുതൽ സാധനങ്ങളുടെയും നികുതി നിരക്ക് 18% ഉം 12% ഉം ആയി കുറയ്ക്കുകയുണ്ടായി. വാറ്റ് സമയത്ത് കുറഞ്ഞ നികുതി നിരക്കുണ്ടായിരുന്ന സാധനങ്ങൾക്ക് ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ മൊത്തം നികുതി നിരക്ക് കൂടുകയുണ്ടായി. അത്തരം സാധനങ്ങളുടെ നികുതി നിരക്ക് ഒരു പരിധിവരെ കുറയ്ക്കാൻ കേരളത്തിന്റെ ഇടപെടൽ സഹായിച്ചിട്ടുണ്ട്.

## ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട്

100(548) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കുമ്പോൾ ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ വർദ്ധനവ് ഉണ്ടാകുമെന്ന പ്രതീക്ഷ അസ്ഥാനത്തായിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ സംസ്ഥാനത്തിന് ഏതെങ്കിലും തരത്തിൽ വരുമാനനഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ ജി.എസ്.ടി കോമ്പൻസേഷൻ ആക്ട് അനുസരിച്ച് അത് നികത്തുന്നതിനുള്ള വ്യവസ്ഥ പ്രകാരം കേന്ദ്ര സർക്കാർ നികുതി വരുമാനത്തിലുണ്ടായ നഷ്ടം നികത്തിയിട്ടുണ്ടോ; ഇതുവരെ പ്രസ്തുത ഇനത്തിൽ സംസ്ഥാനത്തിന് എന്ത് തുക ലഭിച്ചു;

(സി) ബാങ്കിംഗ്, ടെലികോം, ഇൻഷ്വറൻസ് തുടങ്ങിയ സർവ്വീസ് മേഖലയിൽ നികുതി ഈടാക്കുന്നതിനുള്ള അധികാരം സംസ്ഥാനത്തിന് ജി.എസ്.ടി നിയമംമൂലം ലഭിച്ച സാഹചര്യത്തിൽ ഏറ്റവും കൂടുതൽ വളർച്ചയുള്ള പ്രസ്തുത മേഖലയിൽനിന്നുള്ള അധിക വരുമാനം സംസ്ഥാനത്തിന് എത്രത്തോളം നേട്ടമുണ്ടാക്കിയെന്ന് വെളിപ്പെടുത്താമോ;

(ഡി) ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർ സംസ്ഥാന വ്യാപാരം എന്നിവ പ്രകാരം സംസ്ഥാനത്തിന് നിലവിൽ നികുതി ലഭിക്കുന്ന സാഹചര്യമുണ്ടോ; അത് സംസ്ഥാനത്തിന് എന്ത് വരുമാനം ലഭ്യമാക്കും; വ്യക്തമാക്കുമോ?

## ഉത്തരം

(എ) ജി.എസ്.ടി. പ്രാപ്യാധിഷ്ഠിത ഉപഭോക്തൃ നികുതി ആയതിനാൽ കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഗണ്യമായ നികുതി വർദ്ധന ഉണ്ടാകുമെന്നാണ് തുടക്കത്തിൽ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ തരത്തിലുള്ള നികുതി വർദ്ധന ഇതുവരെയും ലഭ്യമായിട്ടില്ല. ഇതിന് പല കാരണങ്ങളുണ്ട്. ജി.എസ്.ടി. നടപ്പിലായിട്ട് പത്തുമാസത്തോളമായെങ്കിലും ഇതുവരെയും റിട്ടേൺ ഫയലിംഗ് പൂർണ്ണമായിട്ടില്ല. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച ലളിതമായ 3 ബി റിട്ടേൺ ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത ഉറപ്പുവരുത്തുവാൻ വകുപ്പിന് പരിമിതികളുണ്ട്. കൂടാതെ എസ്.ജി.എസ്.ടി. അടയ്ക്കുന്നതിനുപയോഗിക്കുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ കൃത്യത ഉറപ്പുവരുത്താൻ സംസ്ഥാനത്തിന് സാധിക്കുന്നില്ല. ജി.എസ്.ടി. നടപ്പിലായപ്പോൾ വിവക്ഷിച്ചിരുന്ന റിട്ടേണുകളായ ജി.എസ്.ടി.ആർ. 1, 2, 3 എന്നിവയിൽ 1 മാത്രമേ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളൂ. ഇതുപ്രകാരം വ്യാപാരികളുടെ ചരക്കുകൈമാറ്റങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സംസ്ഥാനത്തിന് ലഭ്യമാകുന്നത് തുലോം പരിമിതമാണ്. ജി.എസ്.ടി.എൻ.-ൽ ലഭ്യമായ വിശദാംശങ്ങൾ സംസ്ഥാനങ്ങൾക്ക് കാലപരിമിതിയില്ലാതെ ലഭ്യമാക്കണമെന്നും പൂർണ്ണ റിട്ടേൺ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കണമെന്നും കേരളം ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളുടെ ജി.എസ്.ടി. നിലവിൽ വരുന്നതിന് മുമ്പുള്ള നികുതി പിരിവ് പരിഗണിച്ചാണ് ജി.എസ്.ടി.-യുടെ റവന്യൂ ന്യൂട്രൽ റേറ്റ് നിശ്ചയിച്ചത്. ഇത് 28 ശതമാനമായിരുന്നു. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75 ശതമാനത്തിൽ കൂടുതൽ ലഭ്യമായിരുന്നത് 14.5% നികുതി നിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195-ഓളം ചരക്കുകളുടെ നികുതി നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കുന്നതിനുള്ള ഒരു കാരണമാണ്. കൂടാതെ ജി.എസ്.ടി. നടപ്പിലായപ്പോൾ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ആഗസ്റ്റ് മാസത്തിൽത്തന്നെ അന്തർസംസ്ഥാന വ്യാപാരങ്ങളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ.

റിട്ടേൺ ഫയലിംഗ് പൂർണ്ണതോതിൽ നടപ്പിലാവുകയും ഇ-വേ ബിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നതോടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി. നികുതി പിരിവ് ഗണ്യമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി കേരളത്തിന്റെ ദ്വൈമാസ നികുതി 3644 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് 2017 മുതൽ ഫെബ്രുവരി 2018 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് നഷ്ടപരിഹാരമായി 2485 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ വാറ്റ് നികുതി പിരിവ് വർദ്ധന ശരാശരി 12% ആണെന്നിരിക്കെ ജി.എസ്.ടി.യിൽ 14% നിരക്കിൽ നഷ്ടപരിഹാരം ലഭ്യമായതിനാൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല.

(ബി) ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14% വാർഷിക വർദ്ധനവ് കണക്കാക്കി കേരളത്തിന്റെ ദ്വൈമാസ നികുതി 3644 കോടി രൂപയായി തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് 2017 മുതൽ ഫെബ്രുവരി 2018 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് നഷ്ടപരിഹാരമായി 2485 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ വാറ്റ് നികുതി പിരിവ് വർദ്ധന ശരാശരി 12% ആണെന്നിരിക്കെ ജി.എസ്.ടി.-യിൽ 14% നിരക്കിൽ നഷ്ടപരിഹാരം ലഭ്യമായതിനാൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനകാര്യസ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല. ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2018 മാർച്ചിൽ അവസാനിച്ച സാമ്പത്തിക വർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| മാസം | കോമ്പൻസേഷൻ |
|---|---|
| ജൂലൈ-ആഗസ്റ്റ് | 810.00 കോടി |
| സെപ്റ്റംബർ-ഒക്ടോബർ | 395.00 കോടി |
| നവംബർ-ഡിസംബർ | 713.00 കോടി |
| ജനവരി-ഫെബ്രുവരി | 567.00 കോടി |
| മാർച്ച് | 330.00 കോടി |

എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി. വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) ഇത്തരം മേഖലകളിൽനിന്നും ലഭിക്കുന്ന നികുതി വരുമാനത്തെക്കുറിച്ചുള്ള ആധികാരിക വിവരങ്ങൾ ലഭിച്ചിട്ടില്ല. ഇത്തരം മേഖലകളിൽ നിന്നുള്ള വരുമാനം ഭാവിയിൽ സംസ്ഥാനത്തിന് നേട്ടമുണ്ടാക്കുമെന്നാണ് കരുതുന്നത്.

(ഡി) ജി.എസ്.ടി. പ്രാപ്യസ്ഥാനാധിഷ്ഠിത നികുതി സമ്പ്രദായമായതിനാൽ ഇ-കോമേഴ്സ് വ്യാപാരം, സ്വന്തം ആവശ്യത്തിനുള്ള അന്തർ സംസ്ഥാന വ്യാപാരം എന്നിവയിൽ നിന്നുള്ള നികുതി വരുമാനവും സംസ്ഥാനത്തിന് ലഭിക്കുന്നുണ്ട്. റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെടാത്തതിനാൽ ഈ രീതിയിൽ കൃത്യമായ തുക വേർതിരിച്ച് പറയാനാകില്ല.

## ജി.എസ്.ടി. - സംസ്ഥാന നികുതി വരുമാനത്തിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകൾ

101(549) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയ ശേഷം സംസ്ഥാന നികുതി വരുമാനത്തിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയപ്പോഴുണ്ടായിരുന്ന ഉല്പന്നങ്ങളുടെ നികുതി (ഉല്പന്നങ്ങൾ തിരിച്ച്) എത്ര എന്നും ജി.എസ്.ടി. കൗൺസിൽ ഏതെല്ലാം ഉല്പന്നങ്ങളുടെ നികുതി കുറച്ചു/വർദ്ധിപ്പിച്ചു എന്നത് സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ;

(സി) സംസ്ഥാനത്ത് റിയൽ എസ്റ്റേറ്റ് മേഖലയിൽനിന്നും 2017-18 വർഷം ലഭിച്ച നികുതിവരുമാനം എത്ര എന്നും പ്രസ്തുത മേഖലയെ ജി.എസ്.ടി. പരിധിയിൽ ഉൾപ്പെടുത്തിയിട്ടുണ്ടോ എന്നും ഇതിലെ സർക്കാർ നയം എന്ത് എന്നും വ്യക്തമാക്കുമോ;

(ഡി) പെട്രോൾ ഡീസൽ എന്നിവയെ ജി.എസ്.ടി.യിൽ ഉൾപ്പെടുത്താത്ത കേന്ദ്ര സർക്കാർ നയം ജി.എസ്.ടി. കൗൺസിൽ ചർച്ച ചെയ്യുവോ; എങ്കിൽ വിശദാംശം ലഭ്യമാക്കുമോ;

(ഇ) ഇതിലെ സംസ്ഥാന സർക്കാർ നയം എന്ത് എന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ജി.എസ്.ടി. നടപ്പാക്കിയശേഷം സംസ്ഥാന നികുതി വരുമാനത്തിൽ വന്നിട്ടുള്ള ഏറ്റക്കുറച്ചിലുകൾ സംബന്ധിച്ച വിശദാംശം ചുവടെ ചേർക്കുന്നു :

| മാസം | 2016-17-ലെ വരുമാനം (തുക കോടിയിൽ) | 2017-18-ലെ വരുമാനം (തുക കോടിയിൽ) |
|---|---|---|
| ആഗസ്റ്റ് | 2701.95 | 3979.30 |
| സെപ്റ്റംബർ | 3038.97 | 2881.94 |
| ഒക്ടോബർ | 3028.5 | 3528.53 |
| നവംബർ | 2760.09 | 3014.00 |
| ഡിസംബർ | 2535.28 | 3613.51 |
| ജനുവരി | 2944.11 | 2938.90 |
| ഫെബ്രുവരി | 2809.37 | 3591.73 |
| മാർച്ച് | 4254.54 | 4313.08 |
| ഏപ്രിൽ | 1898.16 | 2176.62 |

(ബി) കേരളത്തിലെ വാറ്റ് നികുതിയുടെ 75 ശതമാനത്തിൽ അധികവും 14.5 ശതമാനം നികുതി നിരക്കിലുള്ള സാധനങ്ങളിൽ നിന്നാണ് ലഭിച്ചിരുന്നത്. ജി.എസ്.ടി.-യുടെ തുടക്കത്തിൽ സാധനങ്ങൾ കൂടുതലും 28 ശതമാനം നികുതി നിരക്കിലാണ് ഉൾപ്പെടുത്തിയിരുന്നത്. റവന്യൂ ന്യൂട്രൽ നിരക്ക് 18 ശതമാനമായി നിശ്ചയിച്ചിട്ടുണ്ട്. എന്നാൽ 22-ാം ജി.എസ്.ടി. കൗൺസിലിലെ തീരുമാനപ്രകാരം 28 ശതമാനം നിരക്കിലുള്ള ഭൂരിഭാഗം സാധനങ്ങളുടെയും നികുതി നിരക്ക് 18 ശതമാനവും 12 ശതമാനവുമായി കുറച്ചിട്ടുണ്ട്. ഉല്പന്നത്തിന്മേലുണ്ടായിരുന്ന എക്സൈസ് ഡ്യൂട്ടി, സർവ്വീസ് ടാക്സ്, സി.എസ്.ടി., വാറ്റ് എന്നീ മൊത്തം നികുതി നിരക്കും കണക്കിലെടുക്കുമ്പോൾ ജി.എസ്.ടി.-യിൽ എല്ലാ സാധനങ്ങളുടെയും നികുതി മുമ്പ് ഉണ്ടായിരുന്നതിനേക്കാൾ കുറയുകയാണുണ്ടായിട്ടുള്ളത്.

(സി) വസ്തു കൈമാറ്റം മുഖേന രജിസ്ട്രേഷൻ വകുപ്പിന് 2017-18 വർഷം 3159.89 കോടി രൂപയുടെ വരുമാനം ലഭിച്ചു. വസ്തു കൈമാറ്റം, ജി.എസ്.ടി.യിൽ ഉൾപ്പെടുത്തുന്നതിനെ സർക്കാർ അനുകൂലിക്കുന്നില്ല.

(ഡി) പെട്രോൾ, ഡീസൽ എന്നിവയെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തുന്നത് സംബന്ധിച്ച പ്രാഥമിക ചർച്ചകൾ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടുണ്ട്.

പൊതുവെ എല്ലാ സംസ്ഥാനങ്ങളുടെയും വരുമാനത്തെ ബാധിക്കുന്ന പ്രശ്നമായതിനാൽ വിശദമായ ചർച്ച ഇതുവരെ ജി.എസ്.ടി. കൗൺസിലിൽ നടന്നിട്ടില്ല.

(ഇ) തീരുമാനമായിട്ടില്ല. പെട്രോൾ, ഡീസൽ എന്നിവയെ ജി.എസ്.ടി.-യിൽ ഉൾപ്പെടുത്തിയാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ കുറവുണ്ടാകും. അപ്രകാരമല്ലാതെ വില കുറയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് സർക്കാർ ആവശ്യപ്പെടുന്നത്.

## ജി.എസ്.ടി. നഷ്ടപരിഹാര വരുമാനം

102(550) ശ്രീ. കെ. വി. വിജയദാസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം കേരളത്തിന് ലഭിക്കേണ്ടിയിരുന്ന കോമ്പൻസേഷൻ ഇൻകം പൂർണ്ണമായി ലഭിച്ചിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയശേഷം നികുതി ഇനത്തിൽ സംസ്ഥാനത്തിന് നഷ്ടം ഉണ്ടായിട്ടുണ്ടോ; എങ്കിൽ വിശദവിവരം നൽകുമോ?

ഉത്തരം

(എ) ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2018 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| മാസം | കോമ്പൻസേഷൻ |
|---|---|
| ജൂലൈ-ആഗസ്റ്റ് | 810.00 കോടി |
| സെപ്തംബർ-ഒക്ടോബർ | 395.00 കോടി |
| നവംബർ-ഡിസംബർ | 713.00 കോടി |
| ജനുവരി-ഫെബ്രുവരി | 567.00 കോടി |
| മാർച്ച് | 330.00 കോടി |

എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി. വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്രഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്രഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ബി) മുൻകാലങ്ങളിലെ വാർഷിക നികുതി വർദ്ധനവ് നിരക്ക് പരിഗണിക്കുമ്പോൾ ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനുണ്ടായ നികുതി നഷ്ടത്തിന് വാർഷിക വർദ്ധനവ് 14% നിരക്കിൽ കോമ്പൻസേഷൻ കേന്ദ്രത്തിൽനിന്നും ലഭിച്ചിട്ടുണ്ട്. 2018 മാർച്ച് മാസം വരെയുള്ള കോമ്പൻസേഷൻ ഇതിനകം സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. ആയതിനാൽ വരുമാന നഷ്ടമുണ്ടായതായി കണക്കാക്കാനാവില്ല. എന്നാൽ നാം പ്രതീക്ഷിച്ച നികുതി വരുമാന വർദ്ധനവ് ജി.എസ്.ടി. മൂലം ഉണ്ടായിട്ടില്ല. ജി.എസ്.ടി. നടത്തിപ്പിന്റെ കാര്യക്ഷമത ഉയരുന്നതോടെ പ്രതീക്ഷിച്ച നിരക്കിലേയ്ക്ക് നികുതി വരുമാന വർദ്ധനവ് എത്തുമെന്നുതന്നെയാണ് കരുതുന്നത്.

## ജി.എസ്.ടി.-യുടെ അനന്തര ഫലങ്ങൾ

103(551) ശ്രീ. ചിറ്റയം ഗോപകുമാർ:
ശ്രീ. ജി.എസ്.ജയലാൽ:
ശ്രീ. വി.ആർ. സുനിൽ കുമാർ:
ശ്രീമതി സി. കെ. ആശ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയിൽ വന്ന കാതലായ മാറ്റങ്ങൾ വിശദമാക്കുമോ;

(ബി) സംസ്ഥാന നികുതി വ്യവസ്ഥയേയും ഭരണ സംവിധാനത്തെയും ജി.എസ്.ടി. എപ്രകാരം ബാധിച്ചുവെന്ന് അറിയിക്കുമോ;

(സി) ജി.എസ്.ടി. നിലവിൽ വന്നതിനുശേഷം അന്തർസംസ്ഥാന ചരക്കു നീക്കത്തിൽ വന്ന മാറ്റങ്ങൾ വ്യക്തമാക്കുമോ;

(ഡി) അന്തർസംസ്ഥാന ചരക്കു നീക്കം വീക്ഷിക്കുന്നതിനുള്ള ഇ-വേ ബിൽ സമ്പ്രദായം പൂർണ്ണമായും നടപ്പിലാക്കിയിട്ടുണ്ടോ; വിശദമാക്കുമോ;

(ഇ) നിലവിൽ സംസ്ഥാനത്തേക്ക് കടന്നുവരുന്ന മുഴുവൻ ചരക്കുകളും നികുതി വകുപ്പിന്റെ പരിശോധന പരിധിയിൽ വരുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി.-ക്കുമുമ്പ് നിലവിലുണ്ടായിരുന്ന പരോക്ഷ നികുതികളെല്ലാം ഏകീകരിച്ചാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. ഇതിലൂടെ സർവ്വീസ് മേഖലയിൽ നിന്നുള്ള വരുമാനവും സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. സാധനങ്ങളുടെ നികുതിയെ സംബന്ധിച്ച് മുമ്പുണ്ടായിരുന്ന മൊത്തം നികുതി നിരക്കിനെക്കാൾ കുറച്ചാണ് ജി.എസ്.ടി.-യിൽ നികുതി നിരക്ക് തീരുമാനിച്ചിരിക്കുന്നത്. എന്നിരുന്നാലും ജി.എസ്.ടി.-യിൽ tax net വിപുലമാക്കുകയും ജി.എസ്.ടി. ഘടന നികുതി ചോർച്ചയ്ക്കുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ നികുതി വരുമാനം കാലക്രമേണ കൂടുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി) വാറ്റിൽനിന്നും വ്യത്യസ്തമായി ജി.എസ്.ടി.-യിൽ dual taxation system ആണ്. ഇതനുസരിച്ച് ഒരേസമയം സംസ്ഥാനത്തിനും കേന്ദ്രത്തിനും നികുതി പിരിക്കാൻ അവകാശമുണ്ട്. കേന്ദ്രത്തിന്റെ കൈവശമുണ്ടായിരുന്ന സർവ്വീസ് മേഖലയിലെ നികുതി പിരിവിന് സംസ്ഥാനങ്ങൾക്കും സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടായിരുന്ന ചരക്കുകളുടെ നികുതി പിരിക്കുന്നതിന് കേന്ദ്രത്തിനും അധികാരം ലഭിച്ചു. ഇതനുസരിച്ച് ഒന്നരക്കോടിക്ക് താഴെ വിറ്റുവരവുള്ള ഫയലുകൾ 90% സംസ്ഥാനത്തിനും 10% കേന്ദ്രത്തിനും വീതിച്ചു നൽകിയിട്ടുണ്ട്. ഒന്നരക്കോടിക്ക് മുകളിൽ വിറ്റുവരവുള്ള ഫയലുകൾ 50% സംസ്ഥാനത്തിനും 50% കേന്ദ്രത്തിനും തുല്യമായി വിഭജിച്ചിട്ടുണ്ട്. ജി.എസ്.ടി.-യിൽ സംസ്ഥാനത്തിന് മാത്രമായി ഏതെങ്കിലും പ്രത്യേക സാധനങ്ങൾക്കോ സേവനങ്ങൾക്കോ നികുതി കിഴിവോ നികുതി ഒഴിവാക്കലോ ചെയ്യാനാവില്ല. ഇതിന് ജി.എസ്.ടി. കൗൺസിലിന്റെ അനുമതി ആവശ്യമാണ്.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനെത്തുടർന്ന് അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്ക് ഉൽഭവസ്ഥാന നികുതിയിൽനിന്ന് പ്രാപ്യസ്ഥാന നികുതിയായി മാറി. ജി.എസ്.ടി. നിയമത്തിൽ ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം ഇല്ലാതാക്കിയിട്ടുണ്ട്. വാറ്റിൽനിന്നും വ്യത്യസ്തമായി ജി.എസ്.ടി.-യിൽ സംസ്ഥാനത്തിന് പുറത്തുനിന്നുള്ള വാങ്ങലുകൾക്കും ഇൻപുട്ട് ടാക്സ് ക്രെഡിറ്റ് ലഭിക്കുന്നു. വാറ്റ് നിയമത്തിൽ അന്തർ സംസ്ഥാന ചരക്ക് നീക്കത്തിന് നിലവിലുണ്ടായിരുന്ന ഡിക്ലറേഷനുകളായ ഫോം 16, ഫോം 8, 8 എഫ് എന്നിവയ്ക്ക് പകരമായി ജി.എസ്.ടി.-യിൽ ഇ-വേ ബിൽ മാത്രം മതിയാകും. ഇതുകൂടാതെ

അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്കും വിൽപ്പനയ്ക്കും നികുതിയിളവുകൾ ലഭിക്കുന്നതിന് മുമ്പുണ്ടായിരുന്ന നിയമാനുസൃത ഫോറങ്ങൾ ഇല്ലാതായി. ജി.എസ്.ടി.-യിൽ ഇന്ത്യയൊട്ടാകെ ഒറ്റക്കമ്പോളമായി മാറുകയാണ് ചെയ്തിരിക്കുന്നത്.

(ഡി) 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്ക് സേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(ഇ) ജി.എസ്.ടി. നിയമപ്രകാരം ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിരോധിച്ചിട്ടുണ്ട്. ഇതനുസരിച്ച് അതിർത്തികളിൽ പ്രവർത്തിച്ചിരുന്ന വാണിജ്യ നികുതി വകുപ്പ് ചെക്ക്പോസ്റ്റുകൾ സംസ്ഥാന സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. സംസ്ഥാനത്തേയ്ക്ക് കടന്നുവരുന്ന ചരക്കുകൾ പരിശോധിക്കുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുവേണ്ടി ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തി ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ നിർബന്ധമാക്കിയ സാഹചര്യത്തിൽ കൂടുതൽ വാഹനങ്ങൾ പരിശോധിച്ച് ഇ-വേ ബിൽ എടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തണമെന്ന നിർദ്ദേശം ഇന്റലിജൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ട്.

**ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം**

104(552) ശ്രീ. റോജി എം. ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് ഗതാഗതത്തെ ട്രാക്ക് ചെയ്യുന്നതിനുള്ള ഇ-വേ ബിൽ സമ്പ്രദായം സംസ്ഥാനത്ത് പൂർണ്ണ തോതിൽ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ബി) പ്രസ്തുത സമ്പ്രദായം പ്രാവർത്തികമാക്കിയതോടുകൂടി നികുതിവെട്ടിപ്പ് ഗണ്യമായി കുറയ്ക്കുന്നതിന് സാധിച്ചിട്ടുണ്ടോ;

(സി) ജി.എസ്.ടി. വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തിന്റെ പ്രവർത്തനം വിലയിരുത്തിയിട്ടുണ്ടോ; എങ്കിൽ അവർ നടത്തുന്ന പരിശോധന നികുതി വെട്ടിപ്പ് തടയുന്നതിന് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ;

(ഡി) രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റ് വരവ് ഉള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽനിന്നും നികുതി പിരിക്കുന്നില്ലായെന്ന് ഉറപ്പ് വരുത്തിയിട്ടുണ്ടോ; ഇതിനുള്ള സംവിധാന മെന്താണെന്ന് വ്യക്തമാക്കുമോ;

(ഇ) സ്വർണ്ണത്തിന് നിലവിലുള്ള ജി.എസ്.ടി. നിരക്ക് എത്രയാണ്; സ്വർണ്ണ വ്യാപാരികൾ കൃത്യമായി നികുതി പിരിച്ച് അടയ്ക്കുന്നുണ്ടെന്ന് പരിശോധിക്കുന്നതിന് എന്തെങ്കിലും പ്രത്യേക സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ടോ?

<u>ഉത്തരം</u>

(എ&ബി) 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ സമ്പ്രദായത്തിന്റെ ഫലപ്രാപ്തി വിലയിരുത്താൻ സമയമായിട്ടില്ല. ചരക്കുനീക്കം തുടങ്ങുന്നതിനുമുമ്പ് തന്നെ അതിനെക്കുറിച്ചുള്ള വിവരങ്ങൾ ഇ-വേ ബിൽ മുഖേന ഡിക്ലയർ ചെയ്യേണ്ടതുള്ളതിനാൽ ഈ സമ്പ്രദായത്തിലൂടെ നികുതി വെട്ടിപ്പ് ഗണ്യമായി കുറയുമെന്നാണ് കണക്കാക്കുന്നത്.

(സി) ജി.എസ്.ടി. നിയമപ്രകാരം ചെക്ക്പോസ്റ്റുകളുടെ പ്രവർത്തനം നിർത്തലാക്കിയതിനെത്തുടർന്ന് ചരക്കുനീക്കം പരിശോധിക്കുന്നതിന് വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെയാണ് ചുമതലപ്പെടുത്തിയിരിക്കുന്നത്. ഇതിനുവേണ്ടി ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തി ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്. ഇ-വേ ബിൽ പരിശോധിക്കുന്നതിനാവശ്യമായ സാങ്കേതിക സംവിധാനങ്ങളും പരിശീലനങ്ങളും ഇന്റലിജൻസ് വിഭാഗത്തിന് നൽകിയിട്ടുണ്ട്. ഇന്റലിജൻസ് വിഭാഗത്തിന്റെ പരിശോധനയിലൂടെ നികുതി വെട്ടിപ്പ് തടയുന്നതിന് സാധിച്ചിട്ടുണ്ട്.

(ഡി) രജിസ്ട്രേഷൻ നിർബന്ധമല്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽനിന്നും നികുതി പിരിക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ഇതുസംബന്ധിച്ച ബോധവത്കരണം നടത്തുന്നതിനുവേണ്ടി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ പൊതുജനങ്ങൾക്ക് വ്യാപാരികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച വിവരങ്ങൾ മനസ്സിലാക്കുന്നതിനായി മൊബൈൽ ആപ്പ് പുറത്തിറക്കിയിട്ടുണ്ട്. ഇതിലൂടെ വ്യാപാരി നികുതി പിരിക്കുന്നതിന് അർഹനാണോ എന്ന വിവരം പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും.

(ഇ) സ്വർണ്ണത്തിന് നിലവിൽ 3% ആണ് ജി.എസ്.ടി. നിരക്ക്. ജി.എസ്.ടി.-യിൽ ഇതുവരെയും റിട്ടേൺ ഫയലിംഗ് പൂർണ്ണമായിട്ടില്ല. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച ലളിതമായ 3B റിട്ടേൺ ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ നികുതിയടവിനെ സംബന്ധിച്ച സൂക്ഷ്മമായ പരിശോധന ഇപ്പോൾ ചെയ്യുന്നതിന് വകുപ്പിന് പരിമിതികളുണ്ട്.

## ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷമുണ്ടായ വരുമാന നഷ്ടം

105(553) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയതിനു ശേഷം സംസ്ഥാനത്തിന് ഉണ്ടായ വരുമാന നഷ്ടം എത്രയാണെന്ന് തിട്ടപ്പെടുത്തിയിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം സംസ്ഥാന ഖജനാവിനുണ്ടായ നഷ്ടം നികത്തുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(സി) വരുമാന നഷ്ടം പരിഹരിക്കുന്നതിനായി എന്തൊക്കെ പദ്ധതികളാണ് പുതുതായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നത്; വിശദവിവരം ലഭ്യമാക്കുമോ?

### ഉത്തരം

(എ) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാനത്തിന് വരുമാന നഷ്ടമുണ്ടായിട്ടില്ല. ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 വരെ 27860.99 കോടി രൂപ (ജി.എസ്.ടി.-യും ജി.എസ്.ടി. കോമ്പൻസേഷനും ഉൾപ്പെടെ) ലഭിച്ചു. മുൻ സാമ്പത്തിക വർഷത്തിലെ ഇതേ കാലയളവിലെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 16 ശതമാനം വർദ്ധനവുണ്ടായിട്ടുണ്ട്.

(ബി) ജി.എസ്.ടി. നടപ്പാക്കിയതിനുശേഷം സംസ്ഥാന ഖജനാവിന് നഷ്ടം സംഭവിക്കാതിരിക്കുവാൻ സ്വീകരിച്ച നടപടികൾ ചുവടെ ചേർക്കുന്നു :

1. കാര്യക്ഷമത ഉയർത്തുന്നതിനായി കൂടുതൽ ശേഷിയുള്ള സർവ്വർ സ്ഥാപിക്കുകയും സിസ്റ്റം സ്കൂട്ടിനി സാധ്യമാകുന്ന സോഫ്റ്റ്‌വെയർ ഉപയോഗപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും ചെയ്തു.

2. കൂടുതൽ വ്യാപാരികളെ നികുതി വലയത്തിൽ കൊണ്ടുവരുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.

3. അപ്പീൽ കേസുകളും കോടതി കേസുകളും എത്രയുംവേഗം തീർപ്പാക്കുന്നതിനുള്ള നടപടി സ്വീകരിച്ചു.

4. റിട്ടേൺ സ്ക്രൂട്ടിനി, കുടിശ്ശിക അസസ്സ്മെന്റ് എന്നിവ കാര്യക്ഷമമാക്കി.

5. റവന്യൂ റിക്കവറി നടപടികൾ ത്വരിതപ്പെടുത്തി.

6. നികുതി ചോർച്ച തടയുന്നതിന് കർശന നടപടികൾ സ്വീകരിച്ചു.

7. ഓഡിറ്റ് അസസ്മെന്റ് വിഭാഗത്തെക്കൂടി ഉൾപ്പെടുത്തി ഇന്റേണൽ ഓഡിറ്റ് വിഭാഗം ശക്തിപ്പെടുത്തി.

8. 60 ലക്ഷം രൂപയിൽ കൂടുതൽ വിറ്റുവരവുള്ള അനുമാന നികുതിദായകർക്ക് ആംനസ്റ്റി പദ്ധതി നടപ്പിലാക്കി.

9. മെറ്റൽ ക്രഷർ യൂണിറ്റുകൾ, മറ്റ് നിർമ്മാണ യൂണിറ്റുകൾ എന്നിവ രജിസ്ട്രേഷനെടുത്തിട്ടുണ്ടെന്ന് ഉറപ്പുവരുത്തുന്നതിനായി തദ്ദേശസ്വയം ഭരണ സ്ഥാപനങ്ങൾ, മലിനീകരണ നിയന്ത്രണ ബോർഡ്, മൈനിംഗ് ആൻഡ് ജിയോളജി വകുപ്പ്, ഇൻകം ടാക്സ് വകുപ്പ്, ഇലക്ട്രിക്കൽ ഇൻസ്പെക്ടറേറ്റ് എന്നിവിടങ്ങളിൽനിന്നും വിവരങ്ങൾ ശേഖരിച്ച് ആവശ്യമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

10. ദീർഘകാലമായുള്ള നികുതി കുടിശ്ശികകൾ തീർപ്പാക്കുന്നതിലേയ്ക്കായി ആകർഷകമായ ആംനസ്റ്റി പദ്ധതി നടപ്പിൽ വരുത്തി.

11. നികുതി വെട്ടിപ്പിനുള്ള ഒരു പ്രധാന മാർഗ്ഗമാണ് റെയിൽവേ വഴിയുള്ള കള്ളക്കടത്ത്. ഇത്തരം ചരക്ക് കടത്ത് തടയുന്നതിനായി റെയിൽവേ സ്റ്റേഷനുകൾ കേന്ദ്രീകരിച്ചിട്ടുള്ള ഇന്റലിജൻസ് സ്ക്വാഡുകളുടെ പരിശോധന ശക്തമാക്കിയിട്ടുണ്ട്.

(സി) ജി.എസ്.ടി.-യുമായി ബന്ധപ്പെട്ട റിട്ടേണുകൾ പൂർണ്ണമായും ഫയൽ ചെയ്യപ്പെട്ടിട്ടില്ല. ഇത് GSTIN സോഫ്റ്റ്‌വെയറുമായി ബന്ധപ്പെട്ട പ്രശ്നങ്ങൾ മൂലമാണ്. റിട്ടേണുകളുമായി ബന്ധപ്പെട്ട എല്ലാ വിശദാംശങ്ങളും നിലവിൽ ലഭ്യമല്ലാത്തതിനാൽ GST റിട്ടേൺ പരിശോധിച്ച് നികുതി അടവിന്റെ കൃത്യത ഉറപ്പുവരുത്തുന്നതിന് നിലവിൽ പരിമിതികളുണ്ട്. GST-യുമായി ബന്ധപ്പെട്ട് 2017-18-ന്റെ Annual Return ഡിസംബർ 2018 വരെ ഫയൽ ചെയ്യാവുന്നതാണ്.

അത്തരം റിട്ടേൺ ലഭ്യമാകുമ്പോൾ റിട്ടേണുകളുടെ വിശദമായ സ്കൂട്ടിനി നടത്തി, നികുതി പിരിവ് വർദ്ധിപ്പിക്കാമെന്നാണ് സർക്കാർ പ്രതീക്ഷിക്കുന്നത്. Annual Return ഫയൽ ചെയ്യാനുള്ള കാലാവധി നീട്ടരുതെന്ന് കേരളം പ്രത്യേകമായി കേന്ദ്രത്തിനോട് ആവശ്യപ്പെട്ടിട്ടുണ്ട്. അന്തർ സംസ്ഥാനത്തേയും സംസ്ഥാനത്തികത്തേയും ചരക്കുനീക്കത്തിന്റെ വിശദമായ വിവരങ്ങൾ ലഭ്യമാകുന്നതിനുവേണ്ടി ഇ-വേ ബിൽ സമ്പ്രദായം 1-4-2018 മുതൽ നടപ്പിലാക്കിയിട്ടുണ്ട്. ഇതിൽനിന്നും ലഭ്യമാകുന്ന വിശദാംശങ്ങൾ വ്യാപാരികൾ ഫയൽ ചെയ്യുന്ന റിട്ടേണുമായി ഒത്തുനോക്കി നികുതി വെട്ടിപ്പ് നല്ലൊരു പരിധിവരെ നിയന്ത്രിക്കാൻ കഴിയും. ഇതിനെ തുടർന്ന് ആനുപാതിക നികുതി വർദ്ധന പ്രതീക്ഷിക്കുന്നു. ഇ-വേ ബിൽ കൃത്യമായി ഫയൽ ചെയ്യുന്നുണ്ടോ എന്ന് പരിശോധിക്കുന്നതിനുവേണ്ടി ഇന്റലിജൻസ് വിഭാഗത്തിന് നിർദ്ദേശം നൽകിയിട്ടുണ്ട്.

## ജി.എസ്.ടി.-യും മറ്റ് നികുതി കുടിശ്ശികകളും

106(554) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നിലവിൽ വന്നതുമൂലം വാറ്റ് നികുതി കുടിശ്ശിക പൂർണ്ണമായും പിരിച്ചെടുക്കാൻ കഴിയാത്ത സ്ഥിതിവിശേഷം നിലവിലുണ്ടോ; എങ്കിൽ ഇതുമൂലം സംസ്ഥാനത്തിന് ഏകദേശം എത്ര രൂപ നഷ്ടമാകുമെന്നാണ് കണക്കാക്കിയിട്ടുള്ളത് ;

(ബി) ജി.എസ്.ടി.-യിലേയ്ക്കുള്ള പരിവർത്തനകാലത്തെ, മറ്റ് നികുതി നിയമങ്ങൾ പ്രകാരമുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങൾ ജി.എസ്.ടി. നിയമത്തിൽ നിലവിലുണ്ടോ; ഇല്ലായെങ്കിൽ എന്തുകൊണ്ടാണ് നികുതി കുടിശ്ശികകൾ യഥാസമയം പിരിച്ചെടുക്കുന്നതിന് നോട്ടീസ് നൽകാത്തതെന്ന് വ്യക്തമാക്കുമോ ;

(സി) ജി.എസ്.ടി. നിയമം നടപ്പാക്കിയതിലെ അപാകതകാരണം അർഹമായ നികുതി വരുമാനം സംസ്ഥാനത്തിന് നഷ്ടമായതായ സാഹചര്യം വിലയിരുത്തിയിട്ടുണ്ടോ?

### ഉത്തരം

(എ) ജി.എസ്.ടി. നിയമം നടപ്പിൽവന്നുവെങ്കിലും അതിനുമുമ്പ് നിലവിലുണ്ടായിരുന്ന വാറ്റ് നിയമപ്രകാരമുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് തടസ്സമില്ല.

(ബി) ജി.എസ്.ടി. നിയമത്തിൽ വാറ്റ് കുടിശ്ശിക പിരിച്ചെടുക്കുന്നതിന് തടസ്സമായ വ്യവസ്ഥകൾ ഒന്നുമില്ല. വാറ്റ് നിയമം അനുശാസിക്കുന്ന കാലയളവിനുള്ളിൽതന്നെ ആവശ്യമായ ഫയലുകളിൽ നികുതി നിർണ്ണയം പൂർത്തിയാക്കുന്നതിനും കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുമുള്ള സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

(സി) ജി.എസ്.ടി. കോമ്പൻസേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ കേന്ദ്രം നഷ്ടപരിഹാരം നൽകുന്നതിനാൽ ജി.എസ്.ടി. വരുമാനത്തിൽ 2015-16 അടിസ്ഥാന വർഷമായി എടുത്ത് 14% വളർച്ച ഉറപ്പുവരുത്തിയിട്ടുണ്ട്.

**ജി.എസ്.ടി.-യും വിലക്കയറ്റവും**

107(555) ശ്രീ. വി. ഡി. സതീശൻ:
ശ്രീ. എം. വിൻസെന്റ്:
ശ്രീ. ഐ.സി.ബാലകൃഷ്ണൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയതോടെ ചരക്കുകൾക്ക് വിലക്കുറവുണ്ടാകുമെന്ന പ്രഖ്യാപനം പാഴാവുകയും സംസ്ഥാനത്തെ എല്ലാ നിത്യോപയോഗ സാധനങ്ങളുടെയും വിലയിൽ വമ്പിച്ച വർദ്ധനവ് ഉണ്ടാകുകയും ചെയ്തതിനാലും ഈ നികുതി സംവിധാനം നടപ്പിൽ വന്നശേഷം ഒരു വർഷമാകുന്ന സാഹചര്യത്തിലും സർക്കാർ ഇതുസംബന്ധിച്ച് എന്തെങ്കിലും വിലയിരുത്തൽ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) നികുതി പൂർണ്ണമായും ഒഴിവാക്കിയ കോഴിക്ക് കിലോക്ക് 87 രൂപ നൽകണമെന്ന സർക്കാർ നിർദ്ദേശം പാലിക്കാതെ ക്രമാതീതമായി വില വർദ്ധിപ്പിക്കുന്നത് തടയാൻ സർക്കാർ തലത്തിൽ എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത് എന്ന് വ്യക്തമാക്കാമോ ;

(സി) ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന നികുതി നിരക്ക് കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന നിർദ്ദേശം വ്യാപാരികൾ അനുസരിക്കുന്നുണ്ടോ; ഇല്ലെങ്കിൽ ഇത്തരം വ്യാപാരികൾക്കെതിരെ എന്ത് നടപടിയാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നത് ;

(ഡി) ആന്റി പ്രോഫിറ്ററി പരിശോധിക്കുന്നതിനുള്ള സ്റ്റാൻഡിംഗ് കമ്മിറ്റികളും സംസ്ഥാനതലത്തിൽ പ്രവർത്തിക്കുന്ന സ്ക്രീനിംഗ് കമ്മിറ്റികളും ഇതിനകം ഏതെങ്കിലും വ്യാപാരികൾക്കെതിരെ നടപടി സ്വീകരിക്കുന്നതിന് ആന്റി പ്രോഫിറ്റിംഗ് അതോറിറ്റിക്ക് റിപ്പോർട്ട് നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഇ) അമിതവില ഈടാക്കിയ ഏതെങ്കിലും വ്യാപാര സ്ഥാപനങ്ങൾക്ക് പിഴ ചുമത്തുകയോ ജി.എസ്.ടി. രജിസ്ട്രേഷൻ റദ്ദാക്കുകയോ ചെയ്തിട്ടുണ്ടോ എന്നറിയിക്കാമോ?

## ഉത്തരം

(എ) ജി.എസ്.ടി. നടപ്പാക്കിയ സാഹചര്യത്തിൽ നികുതി കുറവിന്റെ ആനുകൂല്യം കൈമാറിയോ എന്നത് സംബന്ധിച്ച് രണ്ടുഘട്ടമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സർവേ നടത്തുകയും ജി.എസ്.ടി.-യുടെ ആനുകൂല്യം കൈമാറാത്ത വ്യാപാരികളുടെ വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി മുഖേന കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് കൈമാറിയിട്ടുണ്ട്.

(ബി) കോഴി ഇറച്ചിയുടെ ആഭ്യന്തര ഉൽപ്പാദനവും വില നിയന്ത്രണവും ലക്ഷ്യമിട്ട് മൃഗസംരക്ഷണ വകുപ്പ്, കെ.എസ്.പി.ഡി.സി. (കെപ്കൊ), കുടുംബശ്രീ എന്നീ സർക്കാർ ഏജൻസികളുടെ സംയുക്ത സംരഭമായി ഇറച്ചി കോഴി വളർത്തൽ പദ്ധതി, കുടുംബശ്രീ യൂണിറ്റുകൾ മുഖേന നടപ്പിലാക്കുവാൻ ലക്ഷ്യമിട്ട് ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ഈ പദ്ധതിവഴി തെരഞ്ഞെടുക്കപ്പെടുന്ന കുടുംബശ്രീ ഗുണഭോക്താക്കൾക്ക് ഒരു ദിവസം പ്രായമായ 1000 ഇറച്ചിക്കോഴി കുഞ്ഞുങ്ങളെ 40 രൂപ നിരക്കിൽ നൽകി, വളർച്ചയെത്തുന്ന കോഴികളെ കെ.എസ്.പി.ഡി.സി. മുഖേന തിരിച്ചെടുത്ത് വിപണനം നടത്തുവാനാണ് പദ്ധതിയിൽ ലക്ഷ്യമിട്ടിരിക്കുന്നത്. പ്രതിവർഷം 1000 കോഴിക്കുഞ്ഞുങ്ങളടങ്ങുന്ന 1000 യൂണിറ്റുകൾ വീതം 5000 യൂണിറ്റുകൾ കേരളമൊട്ടാകെ നടപ്പിലാക്കാനാണ് പദ്ധതിയിൽ വിഭാവനം ചെയ്തിരിക്കുന്നത്. ഈ പദ്ധതിയിലൂടെ കോഴി ഇറച്ചി ന്യായമായ വിലയ്ക്ക് പൊതുജനങ്ങൾക്ക് ലഭ്യമാക്കുവാനാണ് ഉദ്ദേശിച്ചിട്ടുള്ളത്.

(സി) ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന നികുതി നിരക്ക് കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറണമെന്ന വ്യവസ്ഥയിലാണ് ജി.എസ്.ടി. നിയമം നടപ്പിലാക്കിയതെങ്കിലും പല നിർമ്മാതാക്കളും വ്യാപാരികളും ഇത്തരത്തിൽ ആനുകൂല്യം കൈമാറിയിട്ടില്ല എന്നത് ചരക്ക് സേവന നികുതി വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തിലുടനീളം സർവ്വേ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെയും മറ്റ് ചരക്കുകളുടെയും വിലനിലവാരത്തിൽ ജി.എസ്.ടി.-ക്ക് മുമ്പും ശേഷവും ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉൽപ്പാദകരുടെയും വിൽപ്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിവഴി കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി ഇതിന്മേൽ വിശദമായ തെളിവുകൾ ആവശ്യപ്പെട്ടിട്ടുമുണ്ട്. ബില്ലുകളുൾപ്പെടെയുള്ള വിശദമായ തെളിവുകൾ ഉടൻതന്നെ കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നതാണ്.

ഇരുപത്തിമൂന്നാമത് ജി.എസ്.ടി. കൗൺസിലിലെ തീരുമാനപ്രകാരം കൂടുതൽ ചരക്കുകളുടെ നികുതി നിരക്കിൽ 15-11-2017 മുതൽ കുറവ് വന്നിട്ടുണ്ടായിരുന്നു. ആന്റി പ്രോഫിറ്റിയറിംഗ് പരിശോധനയുടെ രണ്ടാം ഘട്ടമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് 15-11-2017 മുതൽ പ്രാബല്യത്തിൽ വന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് 2018 ജനുവരിയിൽ പരിശോധന നടത്തുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത നിർമ്മാതക്കളുടെയും മൊത്ത വ്യാപാരികളുടെയും ചില്ലറ വ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

(ഡി) കേരളത്തിലെ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാത്ത 335-ഓളം ഉൽപ്പാദകരുടെയും വിൽപ്പനക്കാരുടെയും വിശദമായ വിവരങ്ങൾ കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ഇതിന്മേൽ വിശദമായ തെളിവുകൾ ആവശ്യപ്പെട്ടിട്ടുമുണ്ട്.

ഇതുകൂടാതെ, സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റി 08-05-2018-ലെ മീറ്റിംഗിലെ തീരുമാനപ്രകാരം ജി.എസ്.ടി.-യുടെ ആനുകൂല്യം ഉപഭോക്താക്കൾക്ക് കൈമാറിയിട്ടില്ലെന്ന് കണ്ടെത്തിയ താഴെപ്പറയുന്ന എണ്ണം വ്യാപാരികളുടെ വിവരങ്ങളും തെളിവുകളും കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുത്തിട്ടുണ്ട്.

<u>പ്രീ ജി.എസ്.ടി. - പോസ്റ്റ് ജി.എസ്.ടി.</u>

| | | |
|---|---|---|
| നിർമ്മാതാക്കൾ | - | 89 എണ്ണം |
| മൊത്ത വ്യാപാരികൾ | - | 8 എണ്ണം |
| ചില്ലറ വ്യാപാരികൾ | - | 51 എണ്ണം |

<u>പ്രീ റിവിഷൻ</u> <u>പോസ്റ്റ് റിവിഷൻ</u>

| | | |
|---|---|---|
| നിർമ്മാതാക്കൾ | - | 34 എണ്ണം |
| മൊത്ത വ്യാപാരികൾ | - | 11 എണ്ണം |
| ചില്ലറ വ്യാപാരികൾ | - | 23 എണ്ണം |

(ഇ) ഇക്കാര്യത്തിൽ കേന്ദ്ര അതോറിറ്റിയുടെ അന്തിമ തീരുമാനം വന്നിട്ടില്ല.

## ജി.എസ്.ടി.അവലോകനം

108(556) ശ്രീ. കെ. സി. ജോസഫ്:

ശ്രീ. റോജി എം. ജോൺ:

ശ്രീ. കെ. മുരളീധരൻ:

ശ്രീ. കെ. എസ്. ശബരീനാഥൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ജി.എസ്.ടി. നടപ്പിലാക്കിയശേഷം ഏകദേശം ഒരു വർഷം പൂർത്തിയാകുന്ന സാഹചര്യത്തിൽ ഇത് സംബന്ധിച്ച് അവലോകനം നടത്തിയിട്ടുണ്ടോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയപ്പോൾ പ്രതീക്ഷിച്ച രീതിയിലുള്ള നികുതി പിരിവ് വർദ്ധനവ് ഉണ്ടാകാത്തത് എന്തുകൊണ്ടാണെന്ന് വിലയിരുത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ;

(സി) ജി.എസ്.ടി. കോമ്പൻസേഷൻ ആക്ടിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തിന് ലഭിക്കേണ്ട നഷ്ടപരിഹാരം കൃത്യമായി ലഭിക്കുന്നുണ്ടോ; എങ്കിൽ എന്ത് തുകയാണ് ഈയിനത്തിൽ ഇതുവരെ ലഭിച്ചതെന്ന് അറിയിക്കുമോ;

(ഡി) ജി.എസ്.ടി. നടപ്പിലാക്കിയശേഷം സംസ്ഥാനത്തെ നികുതി പിരിവ് സംവിധാനത്തിൽ എന്തെങ്കിലും മാറ്റം വരുത്തിയിട്ടുണ്ടോ; ഈ മാറ്റത്തിലൂടെ സംസ്ഥാനം വിഭാവനം ചെയ്ത രീതിയിൽ 25 ശതമാനം നികുതി വർദ്ധനവ് നേടുവാൻ കഴിയാത്തത് എന്തുകൊണ്ടാണെന്ന് കണ്ടെത്തിയിട്ടുണ്ടോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി.-യിൽ റിട്ടേണുകൾ അതിന്റെ പൂർണ്ണമായ രീതിയിൽ ഫയൽ ചെയ്യപ്പെടാത്തതിനാലും റിട്ടേണുകളിലെ വിവരങ്ങൾ പൂർണ്ണമായി സംസ്ഥാനത്തിന് ലഭ്യമാകാത്തതിനാലും ഇതുതമ്മിലുള്ള സൂക്ഷ്മ പരിശോധന നടത്തുവാനും നികുതി പിരിവിന്റെ കുറവിനെക്കുറിച്ചുള്ള അവലോകനം നടത്തുവാനും കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളത്.

(ബി) ജി.എസ്.ടി. പ്രാപ്യാധിഷ്ഠിത ഉപഭോക്തൃ നികുതി ആയതിനാൽ കേരളത്തെപ്പോലെയുള്ള ഉപഭോക്തൃ സംസ്ഥാനങ്ങൾക്ക് ഗണ്യമായ നികുതി

വർദ്ധന ഉണ്ടാകുമെന്നാണ് തുടക്കത്തിൽ പ്രതീക്ഷിച്ചിരുന്നത്. എന്നാൽ ആ തരത്തിലുള്ള നികുതി വർദ്ധന ഇതുവരെയും ലഭ്യമായിട്ടില്ല. ഇതിന് പല കാരണങ്ങളുണ്ട്. ജി.എസ്.ടി. നടപ്പിലായിട്ട് പത്തുമാസത്തോളമായെങ്കിലും ഇതുവരെയും റിട്ടേൺ ഫയലിംഗ് പൂർണ്ണമായിട്ടില്ല. നിലവിൽ വിശദാംശങ്ങൾ ക്രോഡീകരിച്ച ലളിതമായ 3 ബി റിട്ടേൺ ആണ് വ്യാപാരികൾ ഫയൽ ചെയ്യുന്നത്. ഇതിൽ കൂടുതൽ വിശദാംശങ്ങൾ ലഭ്യമല്ലാത്തതിനാൽ ഫയൽ ചെയ്യുന്ന റിട്ടേണിന്റെ ആധികാരികത ഉറപ്പുവരുത്താൻ വകുപ്പിന് പരിമിതികളുണ്ട്. കൂടാതെ എസ്.ജി.എസ്.ടി. അടയ്ക്കുന്നതിന് ഉപയോഗിക്കുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റിന്റെ കൃത്യത ഉറപ്പുവരുത്താൻ സംസ്ഥാനത്തിന് സാധിക്കുന്നില്ല. ജി.എസ്.ടി. നടപ്പിലായപ്പോൾ വിവക്ഷിച്ചിരുന്ന റിട്ടേണുകളായ ജി.എസ്.ടി.ആർ. 1, 2, 3 എന്നിവയിൽ 1 മാത്രമേ ഇതുവരെ നടപ്പിലാക്കിയിട്ടുള്ളൂ. ഇതുപ്രകാരം വ്യാപാരികളുടെ ചരക്കുകൈമാറ്റങ്ങളെപ്പറ്റിയുള്ള വിവരങ്ങൾ സംസ്ഥാനത്തിന് ലഭ്യമാകുന്നത് തുലോം പരിമിതമാണ്. ജി.എസ്.ടി.എൻ.-ൽ ലഭ്യമായ വിശദാംശങ്ങൾ സംസ്ഥാനങ്ങൾക്ക് കാലപരിമിതിയില്ലാതെ ലഭ്യമാക്കണമെന്നും പൂർണ്ണ റിട്ടേൺ എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കണമെന്നും കേരളം ജി.എസ്.ടി. കൗൺസിലിൽ ശക്തമായി ഉന്നയിച്ചിട്ടുണ്ട്. വിവിധ സംസ്ഥാനങ്ങളുടെ ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പുള്ള നികുതി പിരിവ് പരിഗണിച്ചാണ് ജി.എസ്.ടി.-യുടെ റവന്യൂ ന്യൂട്രൽ റേറ്റ് നിശ്ചയിച്ചത്. ഇത് 28 ശതമാനമായിരുന്നു. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75 ശതമാനത്തിൽ കൂടുതൽ ലഭ്യമായിരുന്നത് 14.5 ശതമാനം നികുതി നിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195-ഓളം ചരക്കുകളുടെ നികുതി നിരക്ക് 28 ശതമാനത്തിൽനിന്ന് 18 ശതമാനമായി കുറവുചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കാനുള്ള ഒരു കാരണമാണ്. കൂടാതെ ജി.എസ്.ടി. നടപ്പിലായപ്പോൾ ചെക്ക്പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ആഗസ്റ്റ് മാസത്തിൽത്തന്നെ അന്തർ സംസ്ഥാന വ്യാപാരങ്ങളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ. ഇത് കുറെയൊക്കെ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്.

റിട്ടേൺ ഫയലിംഗ് പൂർണ്ണതോതിൽ നടപ്പിലാകുകയും ഇ-വേ ബിൽ കാര്യക്ഷമമായി പ്രവർത്തിക്കുകയും ചെയ്യുന്നതോടെ സംസ്ഥാനത്തിന്റെ ജി.എസ്.ടി. നികുതി പിരിവ് ഗണ്യമായി വർദ്ധിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

ജി.എസ്.ടി. കോമ്പൻസേഷൻ നിയമപ്രകാരം 2015-16 നികുതി പിരിവിന്റെ അടിസ്ഥാനത്തിൽ 14 ശതമാനം വാർഷിക വർദ്ധനവ് കണക്കാക്കി കേരളത്തിന്റെ ദ്വൈമാസ നികുതി 3644 കോടി രൂപയിൽ തിട്ടപ്പെടുത്തിയിട്ടുണ്ട്. ഇതിന്റെ അടിസ്ഥാനത്തിൽ ആഗസ്റ്റ് 2017 മുതൽ ഫെബ്രുവരി 2018 വരെയുള്ള കാലയളവിലേയ്ക്ക് കേരളത്തിന് നഷ്ടപരിഹാരമായി 2485 കോടി രൂപ കേന്ദ്രത്തിൽനിന്നും ലഭ്യമായിട്ടുണ്ട്. കഴിഞ്ഞ വർഷങ്ങളിലെ വാറ്റ് നികുതി പിരിവ് വർദ്ധന ശരാശരി 12 ശതമാനം ആണെന്നിരിക്കെ ജി.എസ്.ടി.-യിൽ 14 ശതമാനം നിരക്കിൽ നഷ്ടപരിഹാരം ലഭ്യമായതിനാൽ ജി.എസ്.ടി. നടപ്പിലാക്കിയത് സംസ്ഥാനത്തിന്റെ ധനകാര്യ സ്ഥിതിയെ ദോഷകരമായി ബാധിച്ചിട്ടുണ്ടെന്ന് പറയാൻ സാധ്യമല്ല.

(സി) ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസ കണക്കിലാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2018 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| മാസം | കോമ്പൻസേഷൻ |
|---|---|
| ജൂലൈ - ആഗസ്റ്റ് | 810.00 കോടി |
| സെപ്റ്റംബർ - ഒക്ടോബർ | 395.00 കോടി |
| നവംബർ - ഡിസംബർ | 713.00 കോടി |
| ജനുവരി - ഫെബ്രുവരി | 567.00 കോടി |
| മാർച്ച് | 330.00 കോടി |

എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി. വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(ഡി) വാറ്റിൽനിന്നും വ്യത്യസ്തമായി ജി.എസ്.ടി.-യിൽ dual taxation system ആണ്. ഇതനുസരിച്ച് ഒരേ സമയം സംസ്ഥാനത്തിനും കേന്ദ്രത്തിനും നികുതി പിരിക്കാൻ അവകാശമുണ്ട്. കേന്ദ്രത്തിന്റെ കൈവശമുണ്ടായിരുന്ന സർവ്വീസ് മേഖലയിലെ നികുതി പിരിവിന് സംസ്ഥാനത്തിനും കേന്ദ്രത്തിനും നികുതി പിരിക്കാൻ അവകാശമുണ്ട്. കേന്ദ്രത്തിന്റെ കൈവശമുണ്ടായിരുന്ന സർവ്വീസ് മേഖലയിലെ നികുതി പിരിവിന് സംസ്ഥാനങ്ങൾക്കും സംസ്ഥാനങ്ങൾക്ക് അധികാരമുണ്ടായിരുന്ന ചരുക്കുകളുടെ നികുതി പിരിക്കുന്നതിന് കേന്ദ്രത്തിനും അധികാരം ലഭിച്ചു. ഇതനുസരിച്ച് ഒന്നരക്കോടി

രൂപയ്ക്കുതാഴെ വിറ്റുവരവുള്ള ഫയലുകൾ 90 ശതമാനം സംസ്ഥാനത്തിനും 10 ശതമാനം കേന്ദ്രത്തിനും വീതിച്ചുനൽകിയിട്ടുണ്ട്. ഒന്നര കോടി രൂപയ്ക്കുമുകളിൽ വിറ്റുവരവുള്ള ഫയലുകൾ 50 ശതമാനം സംസ്ഥാനത്തിനും 50 ശതമാനം കേന്ദ്രത്തിനും തുല്യമായി വിഭജിച്ചിട്ടുണ്ട്. സംസ്ഥാനത്തിന് മാത്രമായി ഏതെങ്കിലും പ്രത്യേക സാധനങ്ങൾക്കോ സേവനങ്ങൾക്കോ നികുതി കിഴിവോ നികുതി ഒഴിവാക്കലോ ചെയ്യാനാവില്ല. ഇതിന് ജി.എസ്.ടി. കൗൺസിലിന്റെ അനുമതി ആവശ്യമാണ്.

2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുസേവന നീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കു നീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്.

വിവിധ സംസ്ഥാനങ്ങളുടെ ജി.എസ്.ടി. നിലവിൽ വരുന്നതിനുമുമ്പുള്ള നികുതി പിരിവ് പരിഗണിച്ചാണ് ജി.എസ്.ടി.-യുടെ റവന്യൂ ന്യൂട്രൽ റേറ്റ് നിശ്ചയിച്ചത്. ഇത് 28 ശതമാനമായിരുന്നു. വാറ്റ് കാലഘട്ടത്തിൽ കേരളത്തിന്റെ മൊത്തം വാറ്റ് നികുതി പിരിവിന്റെ 75 ശതമാനത്തിൽ കൂടുതൽ ലഭ്യമായിരുന്നത് 14.5 ശതമാനം നികുതി നിരക്കുള്ള ചരക്കുകളിൽ നിന്നായിരുന്നു. 22-ാം ജി.എസ്.ടി. കൗൺസിലിന്റെ തീരുമാനത്തെത്തുടർന്ന് 195 ഓളം ചരക്കുകളുടെ നികുതി നിരക്ക് 28 ശതമാനത്തിൽ നിന്ന് 18 ശതമാനമായി കുറവ് ചെയ്യുകയുണ്ടായി. ഇതും സംസ്ഥാനത്തിന്റെ നികുതി പിരിവ് ഉദ്ദേശിച്ച നിലയിൽ എത്താതിരിക്കാനുള്ള ഒരു കാരണമാണ്.

കൂടാതെ, ജി.എസ്.ടി. നടപ്പിലായപ്പോൾ ചെക്ക് പോസ്റ്റുകൾ നിർത്തലാക്കുകയുണ്ടായി. ആഗസ്റ്റ് മാസത്തിൽത്തന്നെ അന്തർ സംസ്ഥാന വ്യാപാരങ്ങളുടെ വിവരം ലഭ്യമാകുന്ന ഓൺലൈൻ ഇ-വേ ബിൽ സമ്പ്രദായം നടപ്പിലാകുമെന്ന് പ്രതീക്ഷിച്ചിരുന്നെങ്കിലും ഇത് 2018 ഏപ്രിൽ 1 മുതൽ മാത്രമേ നടപ്പിലായുള്ളൂ. ഇത് കുറെയൊക്കെ നികുതി വെട്ടിപ്പിന് കാരണമായിട്ടുണ്ട്.

**അമിത വില ഈടാക്കുന്നത് തടയാൻ നടപടി**

109(557) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം അമിത വില ഈടാക്കിയതിനോ നികുതി കുറഞ്ഞിട്ടും വിലകുറയ്ക്കാതിരുന്നതിനോ ഏതെങ്കിലും സ്ഥാപനങ്ങൾക്കെതിരെ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) ഇതുസംബന്ധിച്ച പരാതികൾ കേന്ദ്ര അതോറിറ്റിക്ക് നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര സ്ഥാപനങ്ങൾക്കെതിരെ പരാതി നൽകിയിട്ടുണ്ട്; വിശദാംശം നൽകുമോ?

ഉത്തരം

(എ&ബി) ആന്റിപ്രോഫിറ്റിയറിംഗ് നിയമപ്രകാരം കൃത്യമായ തെളിവുകളോടുകൂടിയ പരാതികളൊന്നുംതന്നെ പൊതുജനങ്ങളിൽനിന്നും ഇതുവരെ ലഭിച്ചിട്ടില്ല. എന്നിരുന്നാലും ജി.എസ്.ടി.-യിലൂടെ ലഭിക്കുന്ന നികുതി കുറവും ഇൻപുട്ട് ടാക്സിന്റെ ആനുകൂല്യവും ഉപഭോക്താക്കൾക്ക് കൈമാറുന്നുണ്ടോ എന്ന വിവരം സംസ്ഥാന ചരക്കുസേവനനികുതി വകുപ്പ് പരിശോധിച്ചിട്ടുണ്ട്. ഇതിന്റെ ആദ്യപടിയായി സെപ്റ്റംബർ-ഒക്ടോബർ മാസങ്ങളിൽ സംസ്ഥാനത്തുടനീളം സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് സർവ്വേ നടത്തുകയുണ്ടായി. നിത്യോപയോഗ സാധനങ്ങളുടെയും മറ്റ് ചരക്കുകളുടെയും വിലനിലവാരത്തിൽ ജി.എസ്.ടി.-ക്കുമുമ്പും ജി.എസ്.ടി.- വന്നതിനുശേഷവും ഉണ്ടായ വ്യത്യാസം പരിശോധിക്കുകയും ജി.എസ്.ടി. നിയമത്തിൽ പറഞ്ഞിരിക്കുന്ന മാനദണ്ഡങ്ങൾ പാലിക്കാതെ പ്രവർത്തിച്ചുവരുന്ന 335-ഓളം ഉൽപ്പാദകരുടെയും വിൽപ്പനക്കാരുടെയും വിശദമായ വിവരങ്ങൾ സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിവഴി കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് കൈമാറുകയും ചെയ്തു. കേന്ദ്ര ആന്റി പ്രോഫിറ്റിയറിംഗ് അതോറിറ്റി ഇതിന്മേൽ വിശദമായ തെളിവുകൾ ആവശ്യപ്പെട്ടിട്ടുമുണ്ട്. ബില്ലുൾപ്പെടെയുള്ള വിശദമായ തെളിവുകൾ ഉടൻതന്നെ കേന്ദ്ര ആന്റിപ്രോഫിറ്റിയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുന്നതാണ്.

ഇരുപത്തിരണ്ടാമത് ജി.എസ്.ടി. കൗൺസിലിലെ തീരുമാനപ്രകാരം കൂടുതൽ ചരക്കുകളുടെ നികുതി നിരക്കിൽ 15-11-2017 മുതൽ കുറവ് വന്നിട്ടുണ്ടായിരുന്നു. ആന്റി പ്രോഫിറ്റീയറിംഗ് പരിശോധനയുടെ രണ്ടാം ഘട്ടമായി സംസ്ഥാന ചരക്കുസേവന നികുതി വകുപ്പ് 15-11-2017 മുതൽ പ്രാബല്യത്തിൽവന്ന നികുതിക്കുറവിന്റെ ആനുകൂല്യം ഉപഭോക്താവിന് കൈമാറിയിട്ടുണ്ടോയെന്നത് 2018 ജനുവരിയിൽ പരിശോധന നടത്തുകയുണ്ടായി. ആനുകൂല്യം കൈമാറാത്ത നിർമ്മാതാക്കളുടെയും മൊത്തവ്യാപാരികളുടെയും ചില്ലറ വ്യാപാരികളുടെയും വിവരം സംസ്ഥാന സ്ക്രീനിംഗ് കമ്മിറ്റിക്ക് സമർപ്പിക്കുകയും ആയത് കേന്ദ്ര ആന്റി പ്രോഫിറ്റീയറിംഗ് അതോറിറ്റിക്ക് അയച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്. ഇതിന്മേൽ തുടർനടപടി സ്വീകരിച്ചതായി അറിയിപ്പൊന്നും ലഭിച്ചിട്ടില്ല.

## വ്യാജ ജി.എസ്.ടി. ബില്ലുകൾ

110(558) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിനകത്ത് വ്യാജ ജി.എസ്.ടി. ബില്ലുകൾ വഴി വ്യാപകമായതോതിൽ ചരക്ക് കടത്തുന്നകാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) റെയിൽവെവഴിയും മറ്റും ജി.എസ്.ടി. വെട്ടിച്ച് ചരക്കുകൾ കടത്തുന്നതു മൂലം സർക്കാരിന് 2017-18 വർഷത്തിൽ എത്ര രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിനകത്ത വ്യാജ ജി.എസ്.ടി. ബില്ലുകൾ വഴി ചരക്ക് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. എന്നാൽ മതിയായ രേഖകൾ ഇല്ലാതെയോ തെറ്റായ രേഖകൾ ഉപയോഗിച്ചോ രേഖകൾ ഒന്നുംതന്നെ ഇല്ലാതെയോ ചരക്ക് നീക്കം നടക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) റെയിൽവേ വഴിയും മറ്റും ജി.എസ്.ടി. വെട്ടിച്ച് ചരക്കുകൾ കടത്തുന്നതുമൂലം എത്ര രൂപയുടെ നികുതി നഷ്ടമുണ്ടായിട്ടുണ്ടെന്ന് തിട്ടപ്പെടുത്തിയിട്ടില്ല. എന്നാൽ ടി കാലയളവിൽ ചരക്ക് സേവന നികുതി പ്രാബല്യത്തിൽ വന്നതിനുശേഷം നികുതി വെട്ടിച്ച് ചരക്ക് കടത്താൻ ശ്രമിച്ചതിന് 6.10 കോടി രൂപ പിഴ ഈടാക്കിയിട്ടുണ്ട്.

**ചരക്ക് സേവന നികുതി**

111(559) ശ്രീ. പി. കെ. ബഷീർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ചരക്ക് സേവന നികുതി ശൃംഖലയും, ഇ-വേ ബിൽ സമ്പ്രദായവും പൂർണ്ണമായും സജ്ജമായിട്ടുണ്ടോ; നിലവിൽ എത്ര ശതമാനം വ്യാപാരികൾ രജിസ്ട്രേഷൻ ചെയ്തിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ;

(ബി) ജി.എസ്.ടി. നടപ്പിലാക്കിയ ഇനത്തിൽ കേരളത്തിന് നഷ്ടപരിഹാരമായി എത്ര തുക നാളിതുവരെയായി ലഭിച്ചു; ഓരോ മാസത്തെയും വിശദാംശം ലഭ്യമാക്കുമോ;

(സി) കോമ്പൗണ്ടിംഗ് വ്യവസ്ഥയിൽ നികുതി അടയ്ക്കുന്നവർ ജി.എസ്.ടി. പിരിക്കുവാൻ പാടില്ലായെന്ന വ്യവസ്ഥയും കോമ്പൗണ്ടിംഗ് വ്യാപാരിയാണെന്ന് നെയിം ബോർഡ് പ്രദർശിപ്പിക്കണമെന്ന വ്യവസ്ഥയും പല വ്യാപാരികളും പാലിക്കുന്നില്ലെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇക്കാര്യത്തിൽ എന്ത് നടപടി സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ചെക്ക് പോസ്റ്റുകളുടെ പ്രവർത്തനം പരിമിതപ്പെടുത്തിയ സാഹചര്യത്തിൽ നികുതി വെട്ടിപ്പ് കണ്ടെത്തുന്നതിനും തടയുന്നതിനുമുള്ള മാർഗ്ഗങ്ങൾ എന്തെല്ലാമാണെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. റിട്ടേണുകൾ ഫയൽ ചെയ്യപ്പെടുന്നതിനുള്ള നെറ്റ്‌വർക്ക് പൂർണ്ണസജ്ജമായിട്ടില്ല. 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുനീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. നിലവിൽ വാറ്റ് രജിസ്ട്രേഷൻ ഉണ്ടായിരുന്ന വ്യാപാരികളിൽ 98 ശതമാനത്തിലധികം വ്യാപാരികൾ ജി.എസ്.ടി.-യിലേയ്ക്ക് മൈഗ്രേറ്റ് ചെയ്തിട്ടുണ്ട്.

(ബി) ജി.എസ്.ടി.-യിൽ സംസ്ഥാനത്തിനുണ്ടാകുന്ന നഷ്ടം പരിഹരിക്കുന്നതിനുള്ള കോമ്പൻസേഷൻ ദ്വൈമാസക്കണക്കിലാണ് കേന്ദ്രത്തിൽനിന്നും ലഭിക്കുന്നത്. ഇതനുസരിച്ച് 2018 മാർച്ചിൽ അവസാനിക്കുന്ന സാമ്പത്തിക വർഷത്തിലെ കോമ്പൻസേഷൻ സംസ്ഥാനത്തിന് ലഭിച്ചിട്ടുണ്ട്. വിശദവിവരം ചുവടെ ചേർക്കുന്നു :

| മാസം | കോമ്പൻസേഷൻ |
|---|---|
| ജൂലൈ - ആഗസ്റ്റ് | 810.00 കോടി |
| സെപ്റ്റംബർ - ഒക്ടോബർ | 395.00 കോടി |
| നവംബർ - ഡിസംബർ | 713.00 കോടി |
| ജനവരി - ഫെബ്രുവരി | 567.00 കോടി |
| മാർച്ച് | 330.00 കോടി |

എന്നാൽ സംസ്ഥാനത്തിന്റെ എസ്.ജി.എസ്.ടി. വരുമാനവും നഷ്ടപരിഹാരം തിട്ടപ്പെടുത്തുന്നതിനായി കേന്ദ്ര ഗവൺമെന്റ് അവലംബിച്ച തുകയും തമ്മിൽ ചില വ്യതിയാനങ്ങൾ കാണപ്പെട്ടതിനാൽ കൂടുതൽ നഷ്ടപരിഹാരം കേന്ദ്ര ഗവൺമെന്റിനോട് ആവശ്യപ്പെട്ടിട്ടുണ്ട്.

(സി) രജിസ്ട്രേഷൻ നിർബന്ധമില്ലാത്ത ഇരുപത് ലക്ഷം രൂപയിൽ താഴെ വിറ്റുവരവുള്ള വ്യാപാരികളും നികുതി കോമ്പൗണ്ടിംഗ് പദ്ധതി പ്രയോജനപ്പെടുത്തിയിട്ടുള്ള വ്യാപാരികളും ഉപഭോക്താക്കളിൽനിന്നും നികുതി പിരിക്കുന്നതായി പരാതികളൊന്നും ലഭിച്ചിട്ടില്ല. ഇതുസംബന്ധിച്ച് വ്യാപാരികൾക്കും പൊതുജനങ്ങൾക്കും ബോധവത്കരണം നടത്തുന്നതിനുവേണ്ടി വകുപ്പ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിയിട്ടുണ്ട്. ഇതുകൂടാതെ പൊതുജനങ്ങൾക്ക് വ്യാപാരികളുടെ രജിസ്ട്രേഷൻ സംബന്ധിച്ച

വിവരങ്ങൾ മനസ്സിലാക്കുന്നതിനായി മൈബൈൽ ആപ് പുറത്തിറക്കിയിട്ടുണ്ട്. ഇതിലൂടെ വ്യാപാര നികുതി പിരിക്കുന്നതിന് അർഹനാണോ എന്ന വിവരം പൊതുജനങ്ങൾക്ക് മനസ്സിലാക്കാൻ സാധിക്കും.

(ഡി) ജി.എസ്.ടി. നിയമപ്രകാരം അതിർത്തികളിൽ പ്രവർത്തിച്ചിരുന്ന വാണിജ്യ നികുതി വകുപ്പ് ചെക്ക്പോസ്റ്റുകൾ സംസ്ഥാന സർക്കാർ നിർത്തലാക്കിയിട്ടുണ്ട്. ഇതിനെത്തുടർന്ന് 2018 ഏപ്രിൽ 1 മുതൽ അന്തർ സംസ്ഥാന ചരക്കുസേവന നീക്കങ്ങൾക്കും 2018 ഏപ്രിൽ 15 മുതൽ സംസ്ഥാനത്തിനകത്തുള്ള ചരക്കുനീക്കങ്ങൾക്കും ഇ-വേ ബിൽ നിർബന്ധമാക്കിയിട്ടുണ്ട്. നൂതന സാങ്കേതികവിദ്യകളും സർവെയലൻസ് ക്യാമറകളും ഉപയോഗിച്ച് ഇ-വേ ബിൽ സമ്പ്രദായം ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇ-വേ ബിൽ പരിശോധിക്കുന്നതിന് സംസ്ഥാന ചരക്കുസേവന നികുതി വകുപ്പിന്റെ ഇന്റലിജൻസ് വിഭാഗത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. ഇതിനുവേണ്ടി ചെക്ക്പോസ്റ്റുകളിൽ ജോലി ചെയ്തിരുന്ന ഉദ്യോഗസ്ഥരെ പുനർവിന്യാസം നടത്തി ഇന്റലിജൻസ് വിഭാഗം ശക്തിപ്പെടുത്തിയിട്ടുണ്ട്.

**ചരക്ക് സേവന നികുതി വരുമാനം**

112(560) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി നടപ്പിലാക്കിയ ആദ്യത്തെ പത്ത് മാസത്തിനിടയ്ക്ക് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണങ്ങൾ എന്തൊക്കെയാണ്;

(ബി) 2016-17-ൽ ഇതേ കാലയളവിൽ വാറ്റ് നികുതിയായി ലഭിച്ച വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ എന്ത് കുറവാണ് സംഭവിച്ചിട്ടുള്ളത്;

(സി) ഈ കാലയളവിൽ നഷ്ടപരിഹാരമായി കേന്ദ്ര സർക്കാരിൽനിന്നും എന്ത് തുകയാണ് ലഭിച്ചത്;

(ഡി) വ്യാപാരികൾ നികുതി കണക്ക് നൽകുന്നതിൽ നിലവിൽ എന്തെങ്കിലും അനിശ്ചിതത്വം നിലനിൽക്കുന്നുണ്ടോ; എങ്കിൽ അത് ദൂരീകരിക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) റിട്ടേൺ സമർപ്പിക്കുന്നതിനുള്ള ഫോറം ജി. എസ്. ടി. കൗൺസിൽ ലളിതമാക്കിയത് സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ വർദ്ധനവ് ഉണ്ടാക്കുമെന്ന് പ്രതീക്ഷിക്കുന്നുണ്ടോ?

<u>ഉത്തരം</u>

(എ) 2017 ഓഗസ്റ്റ് മാസം മുതൽ 2018 ഏപ്രിൽ മാസംവരെ 30037.61 കോടി രൂപ (ജി.എസ്.ടി.യും ജി.എസ്.ടി. കോമ്പൻസേഷനും ഉൾപ്പെടെ) വരുമാനമായി ലഭിച്ചിട്ടുണ്ട്. ഇത് മുൻ സാമ്പത്തിക വർഷം ഇതേ കാലയളവിലെ നികുതി വരുമാനവുമായി താരതമ്യം ചെയ്യുമ്പോൾ 16 ശതമാനം വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) 2016-17 ഇതേ കാലയളവിലെ നികുതി വരുമാനവുമായി താരതമ്യപ്പെടുത്തുമ്പോൾ കുറവ് സംഭവിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു :

തുക കോടിയിൽ

| കാലയളവ് | മുൻ സാമ്പത്തിക വർഷം ലഭിച്ച വരുമാനം | ഈ സാമ്പത്തിക വർഷം ലഭിച്ച വരുമാനം | വർദ്ധനവ് (ശതമാനത്തിൽ) |
|---|---|---|---|
| ഓഗസ്റ്റ് മുതൽ ഏപ്രിൽ വരെ | 25970.97 | 30037.61 | 16 |

(സി) ഈ കാലയളവിൽ നഷ്ടപരിഹാരമായി കേന്ദ്ര സർക്കാരിൽനിന്നും 2838 കോടി രൂപ ലഭിച്ചു.

(ഡി) ജി.എസ്.ടി. നിയമം നടപ്പിൽവന്നുവെങ്കിലും അതിനുമുമ്പ് നിലവിലുണ്ടായിരുന്ന വാറ്റ് നിയമപ്രകാരമുള്ള നികുതി കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിന് തടസ്സമില്ല. ഇത്തരത്തിലുള്ള കുടിശ്ശികകൾ പിരിച്ചെടുക്കുന്നതിനുള്ള നടപടികൾ അടിയന്തരമായി കൈക്കൊണ്ടുവരികയാണ്. ആയതിനാൽ ജി.എസ്.ടി.-യുടെ വരവോടുകൂടി വാറ്റ് നിയമപ്രകാരം പിരിച്ചെടുക്കേണ്ടുന്ന നികുതി വരുമാനവും നഷ്ടപ്പെടും എന്ന ആശങ്ക അടിസ്ഥാനരഹിതമാണ്.

(ഇ) റിട്ടേൺ ഫയലിംഗിന്റെ സോഫ്റ്റ്‌വെയറിന്റെ പ്രവർത്തനം കൂടുതൽ സങ്കീർണ്ണമായതിനാലും അത് യഥാസമയം ഡെവലപ് ചെയ്യുന്നതിന് GSTIN-ന് സാധിക്കാത്തതുമൂലം വ്യാപാരികൾക്ക് റിട്ടേൺ ഫയൽ ചെയ്യുന്നതിന് ബുദ്ധിമുട്ട് അനുഭവപ്പെട്ടതിന്റെ പശ്ചാത്തലത്തിലാണ് പുതിയ റിട്ടേൺ ഫയൽ സംവിധാനം ഏർപ്പെടുത്തുവാൻ കൗൺസിൽ തീരുമാനിച്ചത്. അതിൻപ്രകാരമുള്ള നടപടികൾ പുരോഗമിച്ചുവരികയാണ്. റിട്ടേൺ ഫയലിംഗ് സംവിധാനത്തിലെ മാറ്റം നികുതി വരുമാനത്തെ ബാധിക്കുന്നതല്ല എന്നാണ് അനുമാനിക്കുന്നത്.

**നികുതി വരുമാനം**

113(561) <u>ശ്രീ. അബ്ദുൽ ഹമീദ്. പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പിലാക്കിയശേഷം സംസ്ഥാനത്തിന്റെ നികുതി വരുമാനം വർദ്ധിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ;

(ബി) നികുതിവരുമാനത്തിൽ മുൻകാലത്തേക്കാൾ കുറവ് ഉണ്ടായിട്ടുണ്ടെങ്കിൽ ആയത് നികത്തുന്നതിന് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ടോ; വ്യക്തമാക്കുമോ;

(സി) പ്രസ്തുത വ്യവസ്ഥ പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ടോ; വിശദാംശം ലഭ്യമാക്കുമോ?

ഉത്തരം

(എ) ജി.എസ്.ടി. നടപ്പിലാക്കയതിനുശേഷം സംസ്ഥാനത്തെ നികുതി വരുമാനം (ജി.എസ്.ടി.-യും ജി.എസ്.ടി. കോമ്പൻസേഷനും ഉൾപ്പെടെ) 16 ശതമാനം വർദ്ധിച്ചിട്ടുണ്ട്. വിശദാംശം ചുവടെ ചേർക്കുന്നു :

| മാസം | ലഭിച്ച വരുമാനം (തുക കോടിയിൽ) |
|---|---|
| ആഗസ്റ്റ് 2016 മുതൽ മാർച്ച് 2017 വരെ | 24072.81 |
| ആഗസ്റ്റ് 2017 മുതൽ മാർച്ച് 2018 വരെ | 27860.99 |
| വർദ്ധനവ് | 16 ശതമാനം |

(ബി) നികുതി വരുമാനത്തിൽ മുൻകാലത്തേക്കാൾ കുറവ് ഉണ്ടാകുകയാണെങ്കിൽ ആയത് നികത്തുന്നതിന് കേന്ദ്രത്തിൽനിന്നും ധനസഹായം ലഭിക്കുന്നതിന് വ്യവസ്ഥയുണ്ട്. ജി.എസ്.ടി. കോമ്പൻസേഷൻ ആക്ട് അനുസരിച്ച് ഒരു നിശ്ചിത മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് നഷ്ടപരിഹാരം നൽകുന്നത്. 2015-16-ലെ നികുതി പിരിവിന്റെ 14 ശതമാനം വർദ്ധനവ് കണക്കാക്കി ദ്വൈമാസ അർഹതപ്പെട്ട തുകയായി നിശ്ചയിച്ചിരിക്കുന്നത് 3644 കോടി രൂപയാണ്. ഇതിൽനിന്നും എസ്.ജി.എസ്.ടി./വാറ്റ് കളക്ഷൻ കഴിച്ചുള്ള തുകയാണ് നഷ്ടപരിഹാരമായി ലഭിക്കുന്നത്.

(സി) പ്രസ്തുത വ്യവസ്ഥ പ്രകാരം ധനസഹായം ലഭിച്ചിട്ടുണ്ട്. ജൂലൈ, ആഗസ്റ്റ് മാസങ്ങളിലെ നഷ്ടപരിഹാരമായി 810 കോടി രൂപയും സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിലെ നഷ്ടപരിഹാരമായി 395 കോടി രൂപയും നവംബർ, ഡിസംബർ മാസങ്ങളിലെ നഷ്ടപരിഹാരമായി 736 കോടി രൂപയും ജനുവരി, ഫെബ്രുവരി മാസങ്ങളിലെ നഷ്ടപരിഹാരമായി 567 കോടി രൂപയും മാർച്ച് മാസത്തിലെ നഷ്ടപരിഹാരമായി 330 കോടി രൂപയും ലഭിച്ചിട്ടുണ്ട്.

## വാറ്റ് നികുതിയുടെ പേരിൽ വ്യാപാരികൾക്ക് നോട്ടീസ്

114(562) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാലഹരണപ്പെട്ട വാറ്റ് നികുതിയുടെ പേരിൽ കേരള ജി.എസ്.ടി. വകുപ്പ് വ്യാപാരികളെ സമ്മർദ്ദത്തിലാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വ്യക്തമാക്കാമോ;

(ബി) വാറ്റ് നികുതി നിലവിലുണ്ടായിരുന്ന കാലത്ത് സമർപ്പിച്ച റിട്ടേണിൽ പിശകുണ്ടെന്ന് കാണിച്ച് എത്രപേർക്ക് നോട്ടീസ് അയച്ചിട്ടുണ്ടെന്ന് ജില്ല തിരിച്ച് വ്യക്തമാക്കാമോ;

(സി) ജി.എസ്.ടി. യുഗത്തിൽ വാറ്റ് പിരിക്കുന്നത് ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ;

(ഡി) എങ്കിൽ വാറ്റിന്റെ പേരിലുള്ള നോട്ടീസയയ്ക്കൽ തുടരുന്നത് നിയമാനുസൃതമാണോ എന്ന് അറിയിക്കുമോ;

(ഇ) ജി.എസ്.ടി. നടപ്പാക്കിയതോടെ വാറ്റ് ഇല്ലാതാകുന്നുവെന്ന വ്യവസ്ഥ ചൂണ്ടിക്കാട്ടി നൽകിയ ഹർജിയിൽ അധിക വാറ്റ് നികുതി പിരിച്ചെടുക്കാനുള്ള നീക്കം ഹൈക്കോടതി സ്റ്റേ ചെയ്തിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ;

(എഫ്) എങ്കിൽ ഇതിനെ കോടതിയിൽ ചോദ്യം ചെയ്യാൻ ജി.എസ്.ടി. വകുപ്പ് ഒരുങ്ങുന്നുണ്ടെന്ന വാർത്ത ശരിയാണോ എന്ന് വ്യക്തമാക്കാമോ;

(ജി) സ്റ്റേ ഓർഡർ ഇല്ലാതാക്കാൻ ഏത് അഭിഭാഷകരെ നിയോഗിക്കാനാണ് തീരുമാനിച്ചിട്ടുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) വിവരം ശേഖരിച്ചുവരുന്നു.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതോടെ വാറ്റ് ഇല്ലാതാകുന്നുവെന്ന് ചൂണ്ടിക്കാട്ടി വാറ്റ് നിയമം നിലവിലുണ്ടായിരുന്ന കാലയളവിലെ നികുതി പിരിച്ചെടുക്കാനുള്ള അസസ്സ്മെന്റ് നടപടിക്കെതിരെ ചില വ്യാപാരികൾ നൽകിയ കേസുകളിൽ ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(ഡി) ചില കേസുകൾ കോടതിയുടെ പരിഗണനയിലാണെങ്കിലും പൊതുവായ ഒരു സ്റ്റേ ഉത്തരവ് ഇപ്പോൾ നിലവിലില്ല. ആയതിനാൽ വാറ്റിന്റെ പേരിലുള്ള നോട്ടീസ് അയയ്ക്കൽ തുടരുന്നത് നിയമാനുസൃതമാണ്. സ്റ്റേ നൽകിയിട്ടുള്ളത് കേസ് ഫയൽ ചെയ്തിട്ടുള്ള വ്യാപാരികൾക്ക് മാത്രമേ ബാധകമുള്ളൂ.

(ഇ) ഈ വ്യവസ്ഥ ചൂണ്ടിക്കാട്ടി ഹൈക്കോടതിയെ സമീപിച്ച ഏതാനും കേസുകളിൽ കോടതി ഇടക്കാല സ്റ്റേ അനുവദിച്ചിട്ടുണ്ട്.

(എഫ് & ജി) മേൽപ്പറഞ്ഞ രീതിയിൽ ഫയൽ ചെയ്യപ്പെട്ട കേസുകളിൽ സർക്കാരിന്റെ എതിർ സത്യവാങ്മൂലം ഫയൽ ചെയ്യാനുള്ള നടപടികൾ എടുത്തുവരുന്നു. അത്തരത്തിലുള്ള കേസുകളിൽ നേരിട്ട് ഹാജരാകുന്നതിനായി അഡ്വക്കേറ്റ് ജനറലിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

## സംസ്ഥാന സമ്പദ് വ്യവസ്ഥയിൽ ജി.എസ്.ടി.-യുടെ പ്രതിഫലനം

115(563) ശ്രീ. പി. കെ. ശശി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജി.എസ്.ടി. നടപ്പാക്കിയതുമൂലം സംസ്ഥാനത്തിന്റെ സമ്പദ് വ്യവസ്ഥയ്ക്കുണ്ടായ നേട്ടങ്ങളും കോട്ടങ്ങളും വിശദമാക്കുമോ;

(ബി) ജി.എസ്.ടി. നടപ്പാക്കിയ ശേഷം സംസ്ഥാനത്തിന് നികുതി വരുമാനം ലഭ്യമാകേണ്ട വരുമാന സ്രോതസ്സുകൾ ഏതെല്ലാമാണെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ; പ്രസ്തുത വരുമാന സ്രോതസ്സുകളിൽനിന്നും ധനകാര്യ വകുപ്പ് പിരിച്ചെടുക്കാൻ ഉദ്ദേശിച്ച തുകയും ലഭ്യമായ തുകയും സംബന്ധിച്ച വിശദാംശം ഇനം തിരിച്ച് ലഭ്യമാക്കുമോ;

(സി) ജി.എസ്.ടി. നടപ്പാക്കിയശേഷം ജി.എസ്.ടി. കൗൺസിൽ എത്ര തവണ യോഗം ചേർന്നുവെന്നും അതിൽ സംസ്ഥാന ധനകാര്യവകുപ്പ് എന്തെല്ലാം ആവശ്യങ്ങൾ ഉന്നയിച്ചുവെന്നും അവയിൽ കൗൺസിൽ അംഗീകരിച്ചവ ഏതെല്ലാമെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) ജി.എസ്.ടി.-ക്ക് മുമ്പ് നിലവിലുണ്ടായിരുന്ന പരോക്ഷ നികുതികളെല്ലാം ഏകീകരിച്ചാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. ഇതിലൂടെ സർവ്വീസ് മേഖലയിൽനിന്നുള്ള വരുമാനവും സംസ്ഥാനത്തിന് ലഭ്യമാകുന്നുണ്ട്. ജി.എസ്.ടി.യിൽ നികുതി ശൃംഖല വിപുലമാകുകയും ജി.എസ്.ടി. ഘടന നികുതി ചോർച്ചയ്ക്കുള്ള സാധ്യത ഇല്ലാതാക്കുകയും ചെയ്യുമെന്ന് പ്രതീക്ഷിക്കുന്നതിനാൽ

നികുതി വരുമാനം കാലക്രമേണ വർദ്ധിക്കും എന്നാണ് പ്രതീക്ഷിക്കുന്നത്. ജി.എസ്.ടി. പ്രാബല്യത്തിൽ വന്നതോടെ നികുതി ഭരണത്തിൽ സംസ്ഥാനങ്ങൾക്കുണ്ടായിരുന്ന അധികാരം പരിമിതപ്പെട്ടു. നികുതി നിരക്കുകൾ മാറ്റുന്നതിനോ നികുതി ഭരണ ചിട്ടകളിൽ മാറ്റം വരുത്തുന്നതിനോ സംസ്ഥാനങ്ങൾക്ക് കഴിയില്ല. ചരക്കുകകുളടെ മേലുള്ള നികുതി ഭാരം മുമ്പുണ്ടായിരുന്ന മൊത്തം എക്സൈസ്, വാറ്റ് തുടങ്ങിയ നികുതികളേക്കാൾ മൂന്നിലൊന്നെങ്കിലും കുറഞ്ഞെങ്കിലും സാധനവില കുറഞ്ഞില്ല. ചരക്ക് സേവന നികുതിയുടെ നേട്ടം ജനങ്ങൾക്കല്ല മറിച്ച് വൻകിട കോർപ്പറേറ്റുകൾക്കാണ് ലഭിച്ചത്. ഇക്കാര്യം ജി.എസ്.ടി. കൗൺസിലിൽ ഉന്നയിച്ച് ആന്റി പ്രോഫിറ്റിയറിംഗ് ക്ലോസ് നിയമത്തിൽ ഉൾപ്പെടുത്തുവാൻ സംസ്ഥാനം മുൻകയ്യെടുത്തു. എക്സൈസ് നികുതി ബാധകമല്ലാതിരുന്ന ചെറുകിട സ്ഥാപനങ്ങളുടെ മേൽ നികുതി ഏർപ്പെടുത്തിയത് ആ മേഖലയെ പ്രതികൂലമായി ബാധിച്ചു. സമീപകാലത്ത് മാത്രമാണ് നികുതി പരിധി ഒന്നരക്കോടി രൂപയായി ഉയർത്തി ഇതിനൊരു പരിധിവരെ പരിഹാരം കാണാൻ ശ്രമിച്ചത്. റീഫണ്ട് കിട്ടാത്തത് കയറ്റുമതി മേഖലയ്ക്ക് കനത്ത ആഘാതമായി.

ജി.എസ്.ടി. ഭരണ സംവിധാനം പൂർണ്ണതോതിൽ പ്രാവർത്തികമാകാത്തതും ഇ-വേ ബിൽ നടപ്പിലാക്കാൻ വൈകിയതും നികുതി വരുമാനത്തിൽ പ്രതീക്ഷിച്ച വളർച്ച കൈവരിക്കുവാൻ സാധിച്ചിട്ടില്ല. നിർദ്ദിഷ്ട നികുതിയിൽ ലയിപ്പിച്ച പരോക്ഷ നികുതികളുടെ തോതും ജി.എസ്.ടി.യിലൂടെ സമാഹരിക്കുവാൻ സാധിച്ചതും തമ്മിൽ പ്രകടമായ അന്തരം നിലനിൽക്കുന്നു. ചരക്ക് സേവന നികുതിയുടെ വരവോടുകൂടി കേരളത്തിന്റെ നികുതി വരുമാനം 20-25 ശതമാനം വളരുമെന്ന് പ്രതീക്ഷിച്ചിരുന്നു. കേരളത്തിൽ വാറ്റ് നികുതിയുടെ സിംഹഭാഗവും 14.5 ശതമാനം നിരക്കിലുള്ള ചരക്കുകളിൽനിന്നും ആയിരുന്നു. ചരക്ക് സേവന നികുതി നടപ്പിലാക്കിയപ്പോൾ റവന്യൂ ന്യൂട്രൽ റേറ്റ് ആദ്യം നിശ്ചയിച്ച 28 ശതമാനത്തിൽനിന്നും 18-ലേയ്ക്ക് താഴ്ത്തിയപ്പോൾ സംസ്ഥാനത്തിന് ലഭിക്കുന്ന നികുതി വിഹിതം 9 ശതമാനമായി കുറഞ്ഞു. സംസ്ഥാനത്ത് ഉപയോഗിക്കുന്ന ചരക്കുകളുടെ 75 ശതമാനമെങ്കിലും മറ്റ് സംസ്ഥാനങ്ങളിൽനിന്നും വരുന്നവയാകയാൽ എസ്.ജി.എസ്.ടി.യേക്കാൾ വളരെ മെച്ചപ്പെട്ട ഐ.ജി.എസ്.ടി. ലഭിക്കേണ്ടതായിരുന്നുവെങ്കിലും ഈ ഇനത്തിലുള്ള വരവിൽ പ്രതീക്ഷിച്ച പുരോഗതി ദൃശ്യമായിട്ടില്ല. ജി.എസ്.ടി. നടപ്പിലാക്കിയതോടുകൂടി ചെക്ക്പോസ്റ്റുകൾക്ക് നിയമ പ്രാബല്യമില്ലാതായതാണ് ഈ ചോർച്ചയ്ക്ക് പ്രധാന കാരണം.

(ബി) ജി.എസ്.ടി.-ക്ക് മുമ്പ് സംസ്ഥാനത്ത് നിലവിലുണ്ടായിരുന്ന പരോക്ഷ നികുതികളായ വാറ്റ്, സി.എസ്.ടി., ആഡംബര നികുതി, പരസ്യ നികുതി എന്നിവയും കേന്ദ്ര പരോക്ഷ നികുതികളും ഏകോപിപ്പിച്ചാണ് ജി.എസ്.ടി. നടപ്പിലാക്കിയത്. ജി.എസ്.ടി. നിയമപ്രകാരം സംസ്ഥാനത്തിന്റെ ജി.എസ്.ടി. നികുതിയും എസ്.ജി.എസ്.ടി. നികുതി അടയ്ക്കുന്നതിനുപയോഗിക്കുന്ന ഐ.ജി.എസ്.ടി. ക്രെഡിറ്റ് തുകയും സംസ്ഥാനത്തിനുലഭിക്കും. ഇതുകൂടാതെ ഇ-കോമേഴ്സ് വ്യാപാരത്തിലൂടെയും സ്വന്തം ആവശ്യങ്ങൾക്കായി മറ്റ് സംസ്ഥാനങ്ങളിൽനിന്നും വാങ്ങിക്കൊണ്ടുവരുന്ന സാധനങ്ങളിന്മേൽ അടയ്ക്കുന്ന നികുതിയുടെ എസ്.ജി.എസ്.ടി. വിഹിതവും സംസ്ഥാനത്തിന് ലഭിക്കും. ജി.എസ്.ടി.-ക്കുപുറമേ പെട്രോൾ, ഡീസൽ തുടങ്ങിയ മേഖലയിൽനിന്നും മദ്യമേഖലയിൽ നിന്നുമുള്ള കെ.ജി.എസ്.ടി. നികുതിയും സംസ്ഥാന സർക്കാരിന് ലഭിക്കുന്നുണ്ട്.

(സി) ജി.എസ്.ടി. നടപ്പിലാക്കിയതിനുശേഷം ജി.എസ്.ടി. കൗൺസിൽ 9 തവണ യോഗം ചേർന്നിട്ടുണ്ട്. ഇതിൽ സംസ്ഥാന സർക്കാർ ഉന്നയിച്ച പ്രധാന വിഷയങ്ങളും ജി.എസ്.ടി. കൗൺസിലിലെ തീരുമാനങ്ങളും ചുവടെ ചേർക്കുന്നു :

കോമ്പൗണ്ടിംഗ് പരിധി ഒരു കോടി രൂപയായി ഉയർത്തി. പ്രാപ്യസ്ഥാന നികുതി നിയമത്തിൽ വ്യക്തത വരുത്തുന്നതിനായി കഴിഞ്ഞു. സംസ്ഥാന ലോട്ടറിക്കും അന്യസംസ്ഥാന ലോട്ടറിക്കും വ്യത്യസ്ത നിരക്ക് കൊണ്ടുവരാൻ കഴിഞ്ഞു. ആന്റിപ്രോഫിറ്റിയറിംഗ് നിയമം പ്രാബല്യത്തിൽ വരുത്തുന്നതിന് സാധിച്ചു. ചരക്കുനീക്കം സംബന്ധിച്ച വിവരം യഥാസമയം ലഭ്യമാകുന്ന ഇ-വേ ബിൽ സമ്പ്രദായം വേഗത്തിൽ പ്രാബല്യത്തിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഇത് ഉപഭോക്തൃ സംസ്ഥാനമായ കേരളത്തിന് പ്രാപ്യാധിഷ്ഠിത നികുതി കൃത്യമായി ലഭിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താൻ സഹായിക്കും. ഇ-കൊമേഴ്സ് മേഖലയെ ജി.എസ്.ടി.-യിൽ കൊണ്ടുവരാൻ കഴിഞ്ഞു. ഗവൺമെന്റ് വർക്ക്സ് കോൺട്രാക്ടുകൾക്ക് നികുതി 18 ശതമാനത്തിൽനിന്ന് 12 ശതമാനമായി കുറച്ചു. 70 ശതമാനത്തിനുമുകളിൽ ലേബർ മാത്രമുള്ള വർക്കുകളുടെ നികുതി 5 ശതമാനമായി കുറച്ചു. അൺ ബ്രാൻഡഡ് ആയ ആയുർവേദ, യുനാനി, സിദ്ധ, ഹോമിയോപ്പതി മെഡിസിനുകൾക്ക് നികുതി 12 ശതമാനത്തിൽനിന്ന് 6 ശതമാനമാക്കി. പ്ലാസ്റ്റിക് വേസ്റ്റ്, സ്ക്രാപ്പ്, ഇ-വേസ്റ്റ്, ഗ്ലാസ് സ്ക്രാപ്പ് എന്നിവയ്ക്ക്

18 ശതമാനത്തിൽനിന്നും 5 ശതമാനവും പേപ്പർ വേസ്റ്റിന് 12 ശതമാനത്തിൽനിന്നും 5 ശതമാനമായും കുറച്ചു. റബർ മേഖലയിൽ റബർ ബാൻഡിന് 28 ശതമാനത്തിൽനിന്നും 12 ശതമാനമായും റബർ വേസ്റ്റ്, സ്ക്രാപ്പ് എന്നിവയ്ക്ക് 18 ശതമാനത്തിൽനിന്നും 5 ശതമാനമായും ഹാർഡ് റബർ വേസ്റ്റിന് 28 ശതമാനത്തിൽനിന്നും 5 ശതമാനമായും കുറച്ചു. പ്രവാസികൾക്ക് ഗിഫ്റ്റ് അയയ്ക്കുന്ന 5000 രൂപ വരെയുള്ള സാധനങ്ങൾക്ക് ഐ.ജി.എസ്.ടി. ഒഴിവാക്കി. ഖാദി മേഖലയിൽ ഖാദി കമ്മീഷൻ സ്റ്റോറുകൾവഴി വിൽക്കുന്ന വസ്തുങ്ങൾക്ക് ജി.എസ്.ടി. ഒഴിവാക്കി. റസ്റ്റോറന്റ് മേഖലയിൽ നികുതി പരിഷ്കരിച്ചു. കോമ്പൗണ്ടിംഗ് വ്യവസ്ഥ കൊണ്ടുവരികയും നികുതി നിരക്ക് 5 ശതമാനമായി കുറയ്ക്കുകയും ചെയ്തു. ചെറുകിട മേഖലയിൽ കവറുകളിൽ വിൽക്കുന്ന സെമികുക്ക്ഡ് ചപ്പാത്തി തുടങ്ങിയവയുടെ നികുതി നിരക്ക് 5 ശതമാനമായി കുറച്ചു. ടൂറിസം മേഖലയിൽ ഹൗസ് ബോട്ടുകളെ ടൂർ ഓപ്പറേറ്റർ പാക്കേജിൽ ഉൾപ്പെടുത്തി നികുതി നിരക്ക് 28 ശതമാനത്തിൽനിന്നും 5 ശതമാനമായി കുറച്ചു. ഇതുകൂടാതെ 22-ാമത് ജി.എസ്.ടി. കൗൺസിൽ തീരുമാനപ്രകാരം 15-11-2017 മുതൽ 28 ശതമാനം ഉണ്ടായിരുന്ന കൂടുതൽ സാധനങ്ങളുടെയും നികുതി നിരക്ക് 18 ശതമാനവും 12 ശതമാനമായി കുറയ്ക്കുകയുണ്ടായി.

## ഇന്ധനവില വർദ്ധനവ്

116(564) ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്രസർക്കാർ അന്താരാഷ്ട്ര വിപണിയിലെ വിലവർദ്ധനവ് പറഞ്ഞ് രാജ്യത്തെ ജനങ്ങളെ സാമ്പത്തികമായി ബുദ്ധിമുട്ടിച്ചുകൊണ്ട് ഇന്ധനവില ദിനംപ്രതി രണ്ടിലധികം തവണ വർദ്ധിപ്പിക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേന്ദ്രഗവൺമെന്റ് ഇത്തരത്തിൽ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാന ഗവണ്മെന്റിന്റെ ടാക്സിനത്തിൽ ഉള്ള വരുമാനത്തിൽ വൻ വർദ്ധനവ് ഉണ്ടാകുന്നുണ്ടോ; വ്യക്തമാക്കാമോ;

(സി) എങ്കിൽ ഒരു ലിറ്റർ പെട്രോൾ/ഡീസൽ ഉപഭോക്താവിന് വിൽക്കുമ്പോൾ നികുതിയിനത്തിൽ എത്ര രൂപയാണ് സംസ്ഥാന ഗവൺമെന്റിന് ലഭിക്കുന്നത്; ജനങ്ങൾക്ക് ആശ്വാസമേകാൻ നികുതിയിനത്തിൽ എത്ര ശതമാനം കുറവ് വരുത്താനാണ് ഉദ്ദേശിക്കുന്നത് ; എങ്കിൽ എന്ന് മുതൽ എന്നറിയിക്കാമോ ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) കേന്ദ്ര ഗവൺമെന്റ് ഇത്തരത്തിൽ പെട്രോളിനും ഡീസലിനും വില വർദ്ധിപ്പിക്കുമ്പോൾ സംസ്ഥാന ഗവൺമെന്റിന്റെ ടാക്സിനത്തിലുള്ള വരുമാനത്തിൽ വർദ്ധനവ് ഉണ്ടാകുന്നുണ്ട്.

(സി) 31-5-2018-ലെ കണക്കുപ്രകാരം ഒരു ലിറ്റർ പെട്രോൾ വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് 18.51 രൂപ വിൽപ്പന നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ വിൽപ്പന നികുതി ഇനത്തിലും 19 പൈസ സെസ് ഇനത്തിലും ഒരു ലിറ്റർ ഡീസൽ വിൽക്കുമ്പോൾ സംസ്ഥാന സർക്കാരിന് 13.90 രൂപ വിൽപ്പന നികുതി ഇനത്തിലും ഒരു രൂപ അഡീഷണൽ വിൽപ്പന നികുതി ഇനത്തിലും 14 പൈസ സെസ് ഇനത്തിലുമായി ലഭിക്കുന്നുണ്ട്. 1-6-2018 മുതൽ പെട്രോൾ/ഡീസൽ വിലയിൽ ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

**പെട്രോൾ, ഡീസൽ നികുതി വരുമാനം**

117(565) <u>ശ്രീ. പി. ടി. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോൾ, ഡീസൽ വില്പനയിലെ നികുതിയിനത്തിൽ ഒരു ലിറ്ററിന് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന തുക എത്രയെന്ന് വ്യക്തമാക്കാമോ;

(ബി) ഈയിനത്തിൽ 2018 ഏപ്രിൽ മാസത്തെ അപേക്ഷിച്ച് മേയ് മാസത്തിൽ ലഭിച്ച അധിക തുക എത്രയെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന സർക്കാരിന് ലഭിക്കുന്ന നികുതി വിഹിതം കുറച്ച് ജനങ്ങളുടെ മേലുള്ള അധികഭാരം ലഘൂകരിക്കാൻ നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) 31-5-2018-ലെ കണക്കനുസരിച്ച് സംസ്ഥാനത്ത് പെട്രോൾ, ഡീസൽ വിൽപ്പനയിലെ നികുതിയിനത്തിൽ ഒരു ലിറ്ററിന് സംസ്ഥാന സർക്കാരിന് ലഭിക്കുന്ന തുക ചുവടെ ചേർക്കുന്നു :

ഇനം ഒരു ലിറ്ററിന് ലഭിക്കുന്ന തുക

| | |
|---|---|
| പെട്രോൾ | 19.70 രൂപ |
| ഡീസൽ | 15.04 രൂപ |

(ബി) പെട്രോളിൽനിന്ന് 11.35 കോടി രൂപയും ഡീസലിൽനിന്ന് 5.31 കോടി രൂപയും അധിക നികുതി വരുമാനം ലഭിച്ചു.

(സി) 1-6-2018 മുതൽ പെട്രോൾ, ഡീസൽ വിലയിൽ ലിറ്ററിന് ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ സംസ്ഥാന സർക്കാർ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

## പെട്രോൾ ഡീസൽ വില വർദ്ധനവിലൂടെ ലഭിക്കുന്ന അധിക നികുതി

118(566) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പെട്രോൾ ഡീസൽ വില വർദ്ധനവിലൂടെ ലഭിച്ച അധിക നികുതി വരുമാനം എത്രയാണ്;

(ബി) ഇപ്രകാരം ലഭിക്കുന്ന അധിക നികുതി വരുമാനം ഒഴിവാക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ടോ;

(സി) സംസ്ഥാനം നികുതി ഒഴിവാക്കുകയാണെങ്കിൽ കേന്ദ്രം ഈടാക്കുന്ന നികുതികളുടെ 60 ശതമാനം സംസ്ഥാനത്തിന് തിരികെ നൽകാമെന്ന് കേന്ദ്ര സർക്കാർ ഉറപ്പ് നൽകിയിട്ടുണ്ടോ; വ്യക്തമാക്കുമോ ;

(ഡി) പെട്രോൾ ഉത്പന്നങ്ങളുടെ വില വർദ്ധിക്കുന്നത് നിത്യോപയോഗ സാധനങ്ങളുടെ വില കുതിച്ചുയരുന്നതിന് ഇടയാകുമെന്ന് സർക്കാർ കരുതുന്നുണ്ടോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരമേറ്റതിനുശേഷം പെട്രോൾ, ഡീസൽ വില വർദ്ധനവിലൂടെ ലഭിച്ച അധിക നികുതി വരുമാനം ചുവടെ ചേർക്കുന്നു :

പെട്രോൾ

| | | |
|---|---|---|
| 1-6-2016 മുതൽ | 31-3-2017 വരെ | 12.27 കോടി |
| 1-4-2017 മുതൽ | 31-3-2018 വരെ | 107.92 കോടി |
| 1-4-2018 മുതൽ | 29-5-2018 വരെ | 18.23 കോടി |

ഡീസൽ

| | | |
|---|---|---|
| 1-6-2016 മുതൽ | 31-3-2017 വരെ | 204.97 കോടി |
| 1-4-2017 മുതൽ | 31-3-2018 വരെ | 146.73 കോടി |
| 1-4-2018 മുതൽ | 29-5-2018 വരെ | 17.52 കോടി |

(ബി) സർക്കാർ 01-06-2018 മുതൽ വിലയിൽ ഒരു രൂപയെങ്കിലും കുറയുന്ന രീതിയിൽ നികുതി കുറച്ച് ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്.

(സി) ഇല്ല.

(ഡി) പെട്രോളിയം ഉൽപ്പന്നങ്ങളുടെ വില വർദ്ധനവ് നിത്യോപയോഗ സാധനങ്ങളുടെ വില വർദ്ധനവിന് കാരണമായിട്ടുണ്ട്.

**പെട്രോൾ, ഡീസൽ എന്നിവയുടെ നികുതിയിൽനിന്നുള്ള വരുമാനം**

119(567) ശ്രീമതി ഇ. എസ്. ബിജിമോൾ:
ശ്രീ.ഇ.ടി. ടൈസൺ മാസ്റ്റർ:
ശ്രീ. കെ. രാജൻ:
ശ്രീ. എൽദോ എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോൾ, ഡീസൽ എന്നിവയിൽ നിന്ന് ലഭിക്കുന്ന വരുമാനം സംസ്ഥാനത്തിന്റെ നികുതി വരുമാനത്തിൽ ഗണ്യമായ പങ്ക് വഹിക്കുന്നുണ്ടോ; വ്യക്തമാക്കുമോ;

(ബി) കേന്ദ്രസർക്കാർ പെട്രോൾ, ഡീസൽ എന്നിവയെ ജി.എസ്.ടി.യുടെ പരിധിയിൽ കൊണ്ടുവന്നാൽ സംസ്ഥാന സർക്കാരിനെ അത് ഏതു തരത്തിൽ ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) പെട്രോൾ, ഡീസൽ എന്നിവയെ ജി.എസ്.ടി.-യുടെ പരിധിയിൽ ഉൾപ്പെടുത്തിയാൽ പ്രസ്തുത ജി.എസ്.ടി. നിരക്കിനുപുറമെ അധിക നികുതി ചുമത്തുന്നതിനുള്ള അധികാരം സംസ്ഥാനത്തിന് ലഭിക്കുമോ; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. 2018 മേയ് മാസം പെട്രോളിൽനിന്നും 288 കോടി രൂപയും ഡീസലിൽനിന്ന് 317 കോടി രൂപയും സർക്കാരിന് ലഭിച്ചിട്ടുണ്ട്.

(ബി) ജി.എസ്.ടി.-യിലുള്ള ഏറ്റവും ഉയർന്ന നിരക്ക് 28 ശതമാനമാണ്. സംസ്ഥാന വിഹിതം 14 ശതമാനവും. ആയതിനാൽ സംസ്ഥാനത്തിന്റെ നികുതി വരുമാനത്തെ ബാധിക്കുന്നതാണ്.

(സി) ജി.എസ്.ടി.-യുടെ പരിധിയിൽ വരുന്ന ചരക്കുകൾക്ക് നികുതിക്ക് പുറമേ സെസ് ഏർപ്പെടുത്തുന്നതിനുള്ള അധികാരം ജി.എസ്.ടി. കൗൺസിലിന്റെ ശിപാർശ പ്രകാരം സംസ്ഥാന/കേന്ദ്ര ഗവൺമെന്റുകൾക്ക് സാധ്യമാണ്.

## പെട്രോളിന്റെയും ഡീസലിന്റെയും നികുതി

120(568) ശ്രീ. വി. എസ്. ശിവകുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ പെട്രോളിനും ഡീസലിനും സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി എത്ര ശതമാനമാണെന്ന് വ്യക്തമാക്കാമോ; ഈയിനത്തിൽ എത്ര കോടി രൂപയാണ് 2016-17, 2017-18 കാലയളവിൽ ലഭിച്ചിട്ടുള്ളത് ;വ്യക്തമാക്കാമോ;

(ബി) സംസ്ഥാന നികുതി ഒഴിവാക്കിയാൽ, എത്ര രൂപയ്ക്കാണ് സംസ്ഥാനത്തിന് പെട്രോൾ/ഡീസൽ ലഭിക്കുന്നത് ;

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് എത്ര തവണയാണ് സംസ്ഥാന സർക്കാർ ഈയിനത്തിൽ നികുതി കുറവ് വരുത്തിയത്;.ഇതുമൂലം എത്ര കോടി രൂപയുടെ കുറവാണ് ഉണ്ടായതെന്ന് അറിയിക്കാമോ ;

ഉത്തരം

(എ) നിലവിൽ (1-6-2018 മുതൽ) പെട്രോളിനും ഡീസലിനും സംസ്ഥാന സർക്കാർ ചുമത്തുന്ന നികുതി ചുവടെ ചേർക്കുന്നു:

| ഇനം | നിരക്ക് ശതമാനത്തിൽ |
|---|---|
| പെട്രോൾ | 30.08 |
| ഡീസൽ | 22.76 |

ഈയിനത്തിൽ 2016-17, 2017-18 കാലയളവിൽ ലഭിച്ച തുക ചുവടെ ചേർക്കുന്നു :

| ഇനം | 2016-17-ൽ ലഭിച്ച വരുമാനം (കോടിയിൽ) | 2017-18-ൽ ലഭിച്ച വരുമാനം (കോടിയിൽ) |
|---|---|---|
| പെട്രോൾ | 2787.46 | 3226.91 |
| ഡീസൽ | 3428.83 | 3823.3 |

(ബി) 29-5-2018-ലെ വില പ്രകാരം പെട്രോൾ ഒരു ലിറ്ററിന് 62.36 രൂപയ്ക്കും ഡീസൽ ലിറ്ററിന് 60.67 രൂപയ്ക്കുമാണ് സംസ്ഥാനത്തിന് ലഭിക്കുന്നത്.

(സി) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് പെട്രോളിന് നാലുതവണയും ഡീസലിന് രണ്ടുതവണയും സംസ്ഥാന സർക്കാർ നികുതി കുറവ് വരുത്തിയിട്ടുണ്ട്. ഇതുമൂലം പെട്രോളിൽനിന്ന് 375.75 കോടി രൂപയുടെയും ഡീസലിൽനിന്ന് 243.42 കോടി രൂപയുടെയും കുറവാണുണ്ടായത്.

**പെട്രോൾ/ഡീസൽ വില വർദ്ധന**

121(569) ശ്രീ. കെ. സി. ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം എത്ര തവണ കേന്ദ്ര ഗവൺമെന്റ് പെട്രോൾ/ഡീസൽ വില വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) 2016-ജൂൺ ഒന്നിന് പെട്രോൾ/ഡീസൽ വില ലിറ്ററിന് എത്ര രൂപയായിരുന്നുവെന്നും 2018 മേയ് 21-ന് എത്ര രൂപയായിരുന്നുവെന്നും വെളിപ്പെടുത്താമോ;

(സി) 2016 ജൂൺ ഒന്നിന് പെട്രോൾ/ഡീസൽ നികുതിയിൽനിന്നും സംസ്ഥാന ഗവൺമെന്റിന് എത്ര രൂപ വരുമാനം കിട്ടിയെന്നും 2018 മേയ് 21-ന് ഈ വരുമാനം എത്രയായി വർദ്ധിച്ചുവെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കേന്ദ്ര ഗവൺമെന്റ് 29-5-2018 വരെ പെട്രോളിന് 98 പ്രാവശ്യവും ഡീസലിന് 100 പ്രാവശ്യവും വില വർദ്ധിപ്പിച്ചു.

(ബി) 2016 ജൂൺ ഒന്നിന് പെട്രോൾ ലിറ്ററിന് 68.77 രൂപയും ഡീസൽ ലിറ്ററിന് 58.9 രൂപയും ആയിരുന്നു. 2018 മേയ് 21-ന് പെട്രോൾ ലിറ്ററിന് 79.4 രൂപയും ഡീസൽ ലിറ്ററിന് 72.4 രൂപയും ആയിരുന്നു.

(സി) 2016 ജൂൺ ഒന്നിന് പെട്രോളിൽനിന്നും 7.78 കോടി രൂപയും ഡീസലിൽനിന്ന് 9.93 കോടി രൂപയും നികുതി വരുമാനം ലഭിച്ചു. 2018 മേയ് 21-ന് പെട്രോളിൽനിന്നും 10.15 കോടി രൂപയും ഡീസലിൽനിന്ന് 11.49 കോടി രൂപയുടെയും നികുതി വരുമാനം ലഭിച്ചു.

**പെട്രോളിയം ഉൽപ്പന്നങ്ങളിന്മേലുള്ള കേന്ദ്ര സർക്കാർ നികുതി**

122(570) ശ്രീ. ഇ. പി. ജയരാജൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ കേന്ദ്ര സർക്കാർ എന്തെല്ലാം നികുതികളാണ് ചുമത്തിയിട്ടുള്ളതെന്നും ഓരോന്നും എത്ര ശതമാനം വീതമാണെന്നും വ്യക്തമാക്കുമോ;

(ബി) ഈയിനത്തിൽ കേരളത്തിൽനിന്നും പ്രതിവർഷം എത്ര തുക കേന്ദ്ര സർക്കാർ സ്വരൂപിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) 2018 ഏപ്രിൽ മുതൽ പെട്രോളിയം ഉൽപ്പന്നങ്ങളുടെ മേൽ കേന്ദ്ര സർക്കാർ റോഡ് സെസ്സ് ഇനത്തിൽ എത്ര തുക അധികം ഈടാക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ഡി) ഈയിനത്തിൽ പ്രതിവർഷം കേരളത്തിൽനിന്നും എത്ര തുക കേന്ദ്ര സർക്കാർ സ്വരൂപിക്കുന്നുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ- ഡി) വിവരം ശേഖരിച്ചുവരുന്നു.

**ട്രഷറി നിയന്ത്രണം**

123(571) ശ്രീ. കെ. സി. ജോസഫ് :
ശ്രീ. ഷാഫി പറമ്പിൽ :
ശ്രീ. വി. എസ്. ശിവകുമാർ :
ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സർക്കാരിന്റെ കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം ട്രഷറിയിൽ നിന്നും പണം പിൻവലിക്കുന്നതിന് ഈ സാമ്പത്തിക വർഷാരംഭത്തിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) വിവിധ സർക്കാർ വകുപ്പുകളുടെയും പൊതു മേഖല സ്ഥാപനങ്ങളുടെയും ഫണ്ട് സാമ്പത്തിക പ്രതിസന്ധി മറികടക്കുവാൻ സർക്കാർ ട്രഷറികളിലേക്ക് മാറ്റിയിരുന്നോ; എങ്കിൽ എന്ത് തുകയാണ് ഇപ്രകാരം മാറ്റിയതെന്ന് വ്യക്തമാക്കുമോ;

(സി) ഇപ്രകാരം ട്രഷറിയിലേക്ക് മാറ്റിയ തുക പ്രസ്തുത സ്ഥാപനങ്ങൾക്ക് തിരികെ നൽകുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ഡി) കോൺട്രാക്ടർമാരുടെ ബില്ലുകൾ മാറ്റി നൽകുന്നതിന് നിലവിൽ എന്തെങ്കിലും നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; പ്രസ്തുത നിയന്ത്രണം മാറ്റാത്തത് നിർമ്മാണ പ്രവർത്തനങ്ങളെ ദോഷകരമായി ബാധിക്കുമെന്നത് പരിശോധിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ ഒരു കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽനിന്ന് ഗുണഭോക്താക്കൾക്ക് മാറി നൽകുന്നതിന് നിയന്ത്രണങ്ങളൊന്നുംതന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ എന്നിവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല.

(ബി) വിവിധ സർക്കാർ വകുപ്പുകളും പൊതുമേഖലാ സ്ഥാപനങ്ങളും സ്വയംഭരണ സ്ഥാപനങ്ങളും പദ്ധതി പ്രവർത്തനങ്ങൾക്കായി സർക്കാർ സഞ്ചിതനിധിയിൽനിന്നും അനുവദിച്ചതും ബന്ധപ്പെട്ട സാമ്പത്തിക വർഷത്തിൽ ചെലവഴിക്കാൻ സാധിക്കാത്തതുമായ ഫണ്ടുകൾ നഷ്ടപ്പെടാതിരിക്കുവാനായി തങ്ങളുടെ സ്പെഷ്യൽ ട്രഷറി സേവിംഗ്സ് അക്കൗണ്ടിലേയ്ക്ക് മാറ്റുന്ന പ്രവണത കാലങ്ങളായി അനുവർത്തിച്ചുപോന്നിരുന്നു. ഇപ്രകാരം നിക്ഷേപിച്ചതും ചെലവഴിക്കാതെ പബ്ലിക് അക്കൗണ്ടിൽ അവശേഷിച്ചതുമടക്കമുള്ള പബ്ലിക് അക്കൗണ്ടിലെ നീക്കിയിരുപ്പ് സംസ്ഥാനത്തിന്റെ വാർഷിക കടമെടുപ്പ് പരിധിയെ ബാധിക്കുമെന്നുള്ളതുകൊണ്ട് സ്പെഷ്യൽ റ്റി.എസ്.ബി. അക്കൗണ്ടിൽ വൻതോതിൽ ഫണ്ട് സൂക്ഷിക്കുന്ന പ്രവണത നിരുത്സാഹപ്പെടുത്താൻ സർക്കാർ തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിലാണ് അത്തരം ഫണ്ട് തിരിച്ചെടുത്തത്. മുൻ സാമ്പത്തിക വർഷം വിവിധ സർക്കാർ ഉത്തരവുകളിലൂടെ ആകെ 9976.27 കോടി രൂപയാണ് പിൻവലിച്ചത്.

(സി) 20-2-2018, 26-2-2018, 3-4-2018 എന്നീ തീയിതികളിലെ യഥാക്രമം സ.ഉ.(പി)നം.24/18/ധന., 27/18/ധന, 57/18/ധന ഉത്തരവുകളിലൂടെയും 3-4-2018, 7-5-2018 എന്നീ തീയതികളിലെ 25/18/ധന, 41/18 ധന സർക്കുലറുകളിലൂടെയും പ്രസ്തുത തുകകൾ തിരികെ നൽകുന്നതിനുള്ള നടപടിക്രമങ്ങൾ പുറപ്പെടുവിച്ചിട്ടുണ്ട്.

(ഡി) കരാറുകാരുടെ ബില്ലുകൾ മാറി നൽകുന്നതിന് നിലവിൽ ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടില്ല.

## സാമ്പത്തിക പ്രതിസന്ധി നേരിടുന്ന ട്രഷറി

124(572) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുന്നതുമൂലം ട്രഷറി നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ഇതിന്റെ വിശദാംശം നൽകുമോ;

(ബി) ട്രഷറി നിയന്ത്രണംമൂലം കരാറുകാരുടെ ബില്ലുകൾ പാസ്സാകാത്തതിനാൽ വികസന പ്രവർത്തനങ്ങൾക്ക് തടസ്സം നേരിടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ?

### ഉത്തരം

(എ & ബി) 2017-18 സാമ്പത്തിക വർഷത്തെ പദ്ധതി ചെലവ് റെക്കോർഡ് നിലവാരത്തിലാണ്. ദൈനംദിന വരുമാനവും ചെലവും ക്രമപ്പെടുത്തുന്നതിനുള്ള ക്രമീകരണങ്ങൾ സാധാരണഗതിയിൽ നടപ്പിലാക്കുന്നതാണ്. അതേസമയം വരുമാനവും ചെലവും തമ്മിലുള്ള പൊരുത്തക്കേട് തുടരുന്ന സ്ഥിതി കുറേക്കാലമായി സംസ്ഥാനം അനുഭവിച്ചുപോരുന്നുണ്ട്. ഇതിന് പരിഹാരം കാണുന്നതിനുള്ള വ്യക്തമായ റോഡ് മാപ്പ് തയ്യാറാക്കിയാണ് സർക്കാർ പ്രവർത്തിക്കുന്നത്. പദ്ധതി-പദ്ധതിയേതര ചെലവിനങ്ങളുടെ ഒരു കോടി രൂപവരെയുള്ള ബിൽ തുകകൾ ട്രഷറിയിൽനിന്ന് ഗുണഭോക്താക്കൾക്ക് മാറിനൽകുന്നതിന് നിയന്ത്രണങ്ങളൊന്നും തന്നെ ഏർപ്പെടുത്തിയിട്ടില്ല. കരാറുകാർക്കുള്ള ബില്ലുകൾ, തദ്ദേശഭരണ സ്ഥാപനങ്ങളുടെ ബില്ലുകൾ ഇവയ്ക്ക് യാതൊരുവിധ ട്രഷറി നിയന്ത്രണവും ബാധകമാക്കിയിട്ടില്ല.

## കുന്ദമംഗലത്ത് സബ്ട്രഷറി

125(573) ശ്രീ. പി. ടി. എ. റഹീം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 18-8-2014-ലെ സ.ഉ.(എം.എസ്.) നമ്പർ 343/14/ധന ഉത്തരവ് പ്രകാരം കുന്ദമംഗലത്ത് ആരംഭിക്കുന്നതിന് അനുമതി ലഭിച്ച സബ്ട്രഷറിക്കായി കെട്ടിട സൗകര്യവും വയറിംഗ് ഉൾപ്പെടെയുള്ള പ്രവൃത്തികളും പൂർത്തീകരിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) കേരളത്തിലെ ഏക സബ് താലൂക്കായ കുന്ദമംഗലത്ത് സബ്ട്രഷറി എപ്പോൾ ആരംഭിക്കാൻ സാധിക്കും എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 18-8-2014-ലെ സ.ഉ.(എം.എസ്.)നമ്പർ 343/14/ധന പ്രകാരം കുന്ദമംഗലത്ത് പുതിയ സബ് ട്രഷറി ആരംഭിക്കാൻ സർക്കാർ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ 15-6-2015-ലെ 14174/എസ്റ്റാ.സി3/14/ധന നമ്പർ കത്തുപ്രകാരം ട്രഷറി വകുപ്പ് ആധുനികവത്കരണഘട്ടത്തിലായതിനാൽ ട്രഷറി നെറ്റ്‌വർക്കിംഗ് പൂർത്തിയാക്കി ആവശ്യകത പരിശോധിച്ചതിനുശേഷം മാത്രം തസ്തിക സൃഷ്ടിക്കുന്ന കാര്യം പരിഗണിച്ചാൽമതിയെന്ന് സർക്കാർ നിർദ്ദേശിച്ചിരുന്നു. എന്നാൽ കുന്ദമംഗലത്ത് സബ് ട്രഷറിക്കുവേണ്ടിയുള്ള കെട്ടിടത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ട്രഷറി വകുപ്പിന്റെ നിർദ്ദേശമില്ലാതെ തന്നെ പൊതുമരാമത്ത് വകുപ്പ് പൂർത്തീകരിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ആധുനികവത്കരണ ഭാഗമായുള്ള ട്രഷറി നെറ്റ്‌വർക്കിംഗ് പൂർത്തിയായശേഷം ട്രഷറിയുടെ പ്രവർത്തനം ആരംഭിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്.

**മലയിൻകീഴ് ട്രഷറി**

126(574) <u>ശ്രീ. ഐ. ബി. സതീഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാട്ടാക്കട മണ്ഡലത്തിലെ മലയിൻകീഴ് ട്രഷറിക്കായി പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് G.O.(Rt) No. 8959/2016/fin പ്രകാരം ഭരണാനുമതി ലഭ്യമായിട്ടുള്ള പദ്ധതിയുടെ നിലവിലെ സ്ഥിതി എന്താണെന്ന് വിശദമാക്കാമോ;

(ബി) തുടർ നടപടികൾ വൈകുന്നതിന്റെ കാരണം വിശദമാക്കാമോ;

(സി) അടിയന്തര പ്രാധാന്യത്തോടെ നിർമ്മാണപ്രവർത്തനങ്ങൾ ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി മലയിൻകീഴ് സബ്‌ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി സർക്കാർ നൽകിയിട്ടുണ്ട്. കെട്ടിട നിർമ്മാണം ആരംഭിക്കുന്നതിന് സർക്കാർതലത്തിൽ രൂപീകരിച്ചിട്ടുള്ള ടെക്നിക്കൽ കമ്മിറ്റിയുടെ സാങ്കേതികാനുമതി ആവശ്യമാണ്. ടെക്നിക്കൽ കമ്മിറ്റിയുടെ നിർദ്ദേശപ്രകാരം നിർമ്മാണ ഏജൻസി പ്രസ്തുത ട്രഷറിയുടെ എസ്റ്റിമേറ്റ് പൊതുമരാമത്ത് വകുപ്പിന്റെ PRICE സോഫ്റ്റ്‌വെയറിൽ തയ്യാറാക്കിക്കൊണ്ടിരിക്കുന്നു. പ്രസ്തുത ഡി.പി.ആർ. ജൂൺ 30-നുമുമ്പ് സമർപ്പിക്കാമെന്ന് നിർമ്മാണ ഏജൻസി അറിയിച്ചിട്ടുണ്ട്.

(ബി) ടെക്നിക്കൽ കമ്മിറ്റി കണ്ടെത്തിയ ന്യൂനതകൾ പരിഹരിച്ച് ഡി.പി.ആർ. നിർവ്വഹണ ഏജൻസി ലഭ്യമാക്കാത്തതാണ് സാങ്കേതികാനുമതി വൈകുന്നതിനുള്ള കാരണം.

(സി) ടെക്നിക്കൽ കമ്മിറ്റി നിർദ്ദേശിച്ചപ്രകാരമുള്ള ഡി.പി.ആർ. സമർപ്പിക്കുന്നമുറയ്ക്ക് നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

**പയ്യന്നൂർ, ചെറുപുഴ എന്നീ സബ്ട്രഷറികൾക്ക് പുതിയ കെട്ടിടം**

127(575) <u>ശ്രീ. സി. കൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പയ്യന്നൂർ മണ്ഡലത്തിലെ പയ്യന്നൂർ, ചെറുപുഴ എന്നീ സബ് ട്രഷറികൾക്ക് പുതിയ കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകുന്ന നടപടികൾ ഏത് വരെയായി എന്ന് വിശദമാക്കാമോ;

(ബി) നടപടികൾ പൂർത്തീകരിച്ച് എപ്പോൾ ഭരണാനുമതി നൽകാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) ട്രഷറി അടിസ്ഥാന സൗകര്യ വികസന പദ്ധതിയിലുൾപ്പെടുത്തി ഇൻകെൽ മുഖേന പയ്യന്നൂർ സബ്ട്രഷറിക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 24-5-2018-ലെ ജി.ഒ.(ആർ.ടി.)നമ്പർ 4469/2018/ധന നമ്പർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ചെറുപുഴ സബ്ട്രഷറിക്ക് സ്വന്തമായി ഒരു കെട്ടിടം നിർമ്മിക്കുന്നതിന് 5 സെന്റ് സ്ഥലം വിട്ടുനൽകാൻ സമ്മതമാണെന്ന് അറിയിച്ചുകൊണ്ടുള്ള സമ്മതപത്രം സ്വകാര്യ വ്യക്തി ട്രഷറി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. പ്രസ്തുത സ്ഥലം ട്രഷറി വകുപ്പിന്റെ പേരിൽ കൈമാറ്റം ചെയ്ത് ലഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. സ്ഥലം ലഭ്യമാകുന്നമുറയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുന്നതാണ്.

**ലോട്ടറി ടിക്കറ്റ് അച്ചടിയിലുണ്ടാകുന്ന അപാകതകൾ**

128(576) <u>ശ്രീ. ഡി. കെ. മുരളി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ലോട്ടറി ടിക്കറ്റ് അച്ചടിയിൽ ഉണ്ടാകുന്ന അപാകതകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവ പരിഹരിക്കാൻ എന്തു നടപടി സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(സി) ലോട്ടറി ടിക്കറ്റ് വിൽക്കുന്ന ഏജന്റുമാർക്ക് നിലവിൽ ലഭിക്കുന്ന കമ്മീഷന്റെ വിശദവിവരങ്ങൾ നൽകാമോ;

(ഡി) കമ്മീഷൻ പരിഷ്കരിക്കുന്നത് സംബന്ധിച്ച് ആലോചിക്കുന്നുണ്ടോ; എങ്കിൽ വിശദവിവരങ്ങൾ നൽകാമോ?

<u>ഉത്തരം</u>

(എ&ബി) തിരുവനന്തപുരം സി-ആപ്റ്റ് പ്രസിൽ അച്ചടിച്ചിരുന്ന 'സ്ത്രീശക്തി' ഭാഗ്യക്കുറിയിൽ നിരന്തരം അച്ചടിപ്പിശകുകളും അപാകതകളും ഉണ്ടായതിനെത്തുടർന്ന് പ്രസ്തുത ഭാഗ്യക്കുറിയുടെ അച്ചടി എറണാകുളം കെ.ബി.പി.എസ്.-ലേയ്ക്ക് മാറ്റുകയുണ്ടായി. അപാകതകൾ ഒഴിവാക്കുന്നതിന് പ്രസ് അധികാരികൾക്ക് കർശന നിർദ്ദേശം നൽകിവരുന്നുണ്ട്.

(സി) പ്രതിവാര ഭാഗ്യക്കുറികൾക്ക് 2000 ടിക്കറ്റുകൾ വരെ 24%, 2001 മുതൽ 10,000 ടിക്കറ്റുകൾവരെ 24.5%, 10,000 ടിക്കറ്റിന് മുകളിൽ 25.25% എന്ന നിരക്കിലും ബംബർ ടിക്കറ്റുകൾക്ക് 1000 ടിക്കറ്റുകൾവരെ 24%, 1000 ടിക്കറ്റിന് മുകളിൽ 25% എന്ന നിരക്കിലുമാണ് നിലവിൽ ഡിസ്കൗണ്ട്/കമ്മീഷൻ അനുവദിച്ചിട്ടുള്ളത്.

(ഡി) കാരുണ്യ, കാരുണ്യ പ്ലസ് എന്നീ ഭാഗ്യക്കുറികളുടെ കമ്മീഷൻ നിരക്ക് പരിഷ്കരിക്കുന്നതിനുള്ള നിർദ്ദേശം സർക്കാർതലത്തിൽ പരിശോധനയിലാണ്.

## കേരള സംസ്ഥാന ഭാഗ്യക്കുറി

129(577) <u>ശ്രീ. ഇ. പി. ജയരാജൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ 2015-16, 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ആകെ വിറ്റുവരവ് എത്ര തുക വീതമാണെന്ന് വ്യക്തമാക്കാമോ;

(ബി) കേരള സംസ്ഥാന ഭാഗ്യക്കുറി വിൽപ്പനയിൽനിന്നും പ്രതിവർഷം എത്ര തുക അറ്റലാഭം ലഭിക്കുന്നുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാന ഭാഗ്യക്കുറിയിൽ നിന്നുള്ള വരുമാനം പൂർണമായും സാമൂഹ്യക്ഷേമ പ്രവർത്തനങ്ങൾക്ക് വിനിയോഗിക്കുവാൻ ധനവകുപ്പ് കൈക്കൊണ്ടിട്ടുള്ള തീരുമാനം നടപ്പിലാക്കിത്തുടങ്ങിയോയെന്ന് വിശദീകരിക്കാമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വിവിധ സാമ്പത്തിക വർഷങ്ങളിലെ ആകെ വിറ്റുവരവ് സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ആകെ വിറ്റുവരവ് (കോടിയിൽ) |
|---|---|
| 2015-16 | 6317.73 |
| 2016-17 | 7394.91 |
| 2017-18 | 9034.25 |

(ബി) കേരള സംസ്ഥാന ഭാഗ്യക്കുറി വിൽപ്പനയിൽനിന്നും പ്രതിവർഷം ലഭിക്കുന്ന അറ്റാദായം സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | ആകെ വിറ്റുവരവ് (കോടിയിൽ) |
|---|---|
| 2015-16 | 1461.16 |
| 2016-17 | 1691.05 |
| 2017-18 | 1695.05 |

(സി) ലോട്ടറിയിൽനിന്നുള്ള വരുമാനം സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതിക്കായി വിനിയോഗിക്കും എന്ന് 2018-19 ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി രൂപപ്പെട്ടുവരുന്നതേയുള്ളൂ.

**കേരള സംസ്ഥാന ലോട്ടറിയുടെ സംരക്ഷണം**

130(578) <u>ശ്രീ. അൻവർ സാദത്ത്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന ലോട്ടറിയെ സംരക്ഷിക്കുന്നതിനും അന്യ സംസ്ഥാന ലോട്ടറി നമ്മുടെ സംസ്ഥാനത്തേയ്ക്ക് കടന്നുവരാതിരിക്കുവാനുംവേണ്ടി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) മിസോറാം ലോട്ടറി കേസിൽ കേരളത്തിന് അന്യസംസ്ഥാന ലോട്ടറികളെ നിയന്ത്രിക്കുന്നതിന് അധികാരമില്ലായെന്ന് വിധിയുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത വിധി കേരള സംസ്ഥാന ലോട്ടറിയെ എപ്രകാരം ബാധിക്കുമെന്ന് വ്യക്തമാക്കുമോ;

(സി) അന്യസംസ്ഥാന ലോട്ടറികൾക്ക് 28 ശതമാനം ജി.എസ്.ടി. ഏർപ്പെടുത്തിയത് അന്യസംസ്ഥാന ലോട്ടറികളുടെ കടന്നുവരവിനെ നിയന്ത്രിക്കുന്നതിന് സഹായകമായിട്ടുണ്ടോ; ഈ നിയന്ത്രണം മറികടക്കുവാൻ അന്യസംസ്ഥാന ലോട്ടറി മാഫിയ നടത്തുന്ന ശ്രമങ്ങൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; വിശദമാക്കുമോ?

## ഉത്തരം

(എ) കേരള സംസ്ഥാന ലോട്ടറിയെ സംരക്ഷിക്കുന്നതിനായി:-

(a) ചെറിയ സമ്മാനങ്ങളുടെ എണ്ണം ആനുപാതികമായി വർദ്ധിപ്പിച്ച് ടിക്കറ്റുകളുടെ സമ്മാനഘടന, കാലോചിതമായി പരിഷ്കരിച്ചു.

(b) വ്യാജ ടിക്കറ്റുകളുടെ വ്യാപനം തടയുന്നതിലേയ്ക്കായി ലോട്ടറി ടിക്കറ്റുകളിൽ നവീന രീതിയിലുള്ള സുരക്ഷാ സംവിധാനങ്ങൾ ഏർപ്പെടുത്തി.

(c) അനധികൃത ലോട്ടറി നടത്തിപ്പിന് തടയിടുന്നതിലേയ്ക്കായി റൂളിലെയും ആക്ടിലെയും വ്യവസ്ഥകൾ ചുമത്തി അനധികൃത ലോട്ടറി നടത്തിപ്പുകാർക്കെതിരെ കേസെടുക്കുവാൻ പോലീസിന് നിർദ്ദേശം നൽകിയതിന്റെ അടിസ്ഥാനത്തിൽ നിരവധി കേസുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ട്.

(d) എഴുത്ത് ലോട്ടറി നടത്തിപ്പ് ഉന്മൂലനം ചെയ്യുന്നതുമായി ബന്ധപ്പെട്ട് സംസ്ഥാന/ജില്ലാതല മോണിറ്ററിംഗ് സെല്ലുകൾ, സോണൽതലത്തിൽ പുനഃസംഘടിപ്പിച്ചു.

അന്യസംസ്ഥാന ലോട്ടറി നടത്തിപ്പ് നിയന്ത്രിക്കുന്നതിനായി:-

(a) അനധികൃതമായി പ്രവർത്തിക്കുന്ന അന്യസംസ്ഥാന ലോട്ടറി നടത്തിപ്പ് തടയുന്നതിനായി എൻഫോഴ്സ്മെന്റ് അതോറിറ്റി രൂപീകരിച്ച് കേരള പേപ്പർ ലോട്ടറി റെഗുലേഷൻ റൂൾസ് ഭേദഗതി ചെയ്തു.

(b) അന്യസംസ്ഥാന ലോട്ടറി നടത്തിപ്പുമായി ബന്ധപ്പെട്ട് സംസ്ഥാനത്തിനകത്ത് വിൽപ്പന നടത്തുന്ന ലോട്ടറി സ്കീമിനും സ്പെഷ്യൽ ചാർജ്ജിനത്തിൽ തുക ഈടാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(c) ലോട്ടറി നടത്തിപ്പ് കൂടുതൽ കാര്യക്ഷമമാക്കുക എന്ന ലക്ഷ്യമിട്ട് കേരള പേപ്പർ ലോട്ടറി റെഗുലേഷൻ റൂൾസ് (2005) ഭേദഗതി അന്തിമഘട്ടത്തിലാണ്.

(ബി) ഇല്ല, ഇതുസംബന്ധിച്ച് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ നിന്നും ഉണ്ടായിട്ടുള്ള വിധി സംസ്ഥാന ലോട്ടറിയെ യാതൊരുവിധത്തിലും ബാധിക്കുന്നതല്ല.

(സി) Organising State-ൽ മാത്രം വിൽക്കുന്ന ഭാഗ്യക്കുറികൾക്ക് 12 ശതമാനവും മറ്റ് സംസ്ഥാനത്ത്/സംസ്ഥാനങ്ങളിൽകൂടി വിൽക്കുന്ന ഭാഗ്യക്കുറികൾക്ക് 28 ശതമാനവുമാണ് ജി.എസ്.ടി. നിരക്ക്. ഇത് എല്ലാ സംസ്ഥാനങ്ങൾക്കും ബാധകമാണ്. ഇത് ചോദ്യം ചെയ്തുകൊണ്ട് സിക്കിം ഹൈക്കോടതിയിൽ കേസ് ഫയൽ ചെയ്തിട്ടുണ്ട്. പ്രസ്തുത കേസ് കോടതിയുടെ പരിഗണനയിലാണ്.

## കാരുണ്യ ബെനവലന്റ് ഫണ്ട് കുടിശ്ശിക

131(579) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ട് പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ള സംസ്ഥാനത്തെ സ്വകാര്യ ആശുപത്രികളുടെ പട്ടിക ജില്ല തിരിച്ച് ലഭ്യമാക്കുമോ ;

(ബി) പ്രസ്തുത പദ്ധതി പ്രകാരം സ്വകാര്യ ആശുപത്രികൾക്ക് കൊടുക്കുവാനുള്ള കുടിശ്ശിക ജില്ല/ആശുപത്രി തിരിച്ച് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത കുടിശ്ശിക അടിയന്തരമായി കൊടുത്ത് തീർക്കുവാനുള്ള നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) സ്വകാര്യ ആശുപത്രികളുടെയും സ്വകാര്യ ഡയാലിസിസ് സെന്ററുകളുടെയും ജില്ല തിരിച്ചുള്ള പട്ടികം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(ബി) സ്വകാര്യ ആശുപത്രികൾക്ക് ചികിത്സാ ധനസഹായ ഇനത്തിൽ നൽകാനുള്ള തുകയുടെ ജില്ല/ആശുപത്രി തിരിച്ചുള്ള വിശദവിവരം അനുബന്ധത്തിൽ ചേർത്തിരിക്കുന്നു.*

(സി) തുക വിതരണം ചെയ്യുന്നതിനുള്ള നടപടിക്രമങ്ങൾ വിവിധ ഘട്ടങ്ങളിലാണ്. നടപടിക്രമങ്ങൾ പൂർത്തിയാകുന്ന മുറയ്ക്ക് ആശുപത്രികൾക്ക് തുക വിതരണം ചെയ്തുവരുന്നു.

## കാരുണ്യ ബെനവലന്റ് ഫണ്ട്

132(580) ശ്രീ. പി. സി. ജോർജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ എത്ര തുക ചെലവഴിച്ചു; വ്യക്തമാക്കാമോ;

(ബി) കാരുണ്യ ബെനവലന്റ് ഫണ്ട് ജനങ്ങൾക്ക് ലഭിക്കുവാൻ വേണ്ടി എന്തെല്ലാം നടപടിക്രമങ്ങൾ പാലിക്കേണ്ടതുണ്ട്; വ്യക്തമാക്കുമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും 2017-18 സാമ്പത്തിക വർഷത്തിൽ 243.13 കോടി രൂപ ചെലവഴിച്ചു. സർക്കാർ ആശുപത്രികളിൽ ചികിത്സിക്കുന്ന രോഗികൾക്കുള്ള ചികിത്സാ സഹായമായി 185.07 കോടി രൂപയും സ്വകാര്യ അക്രെഡിറ്റഡ് ആശുപത്രികൾക്ക് 50.44 കോടി രൂപയും റീഇംബേഴ്സ്മെന്റ്/പ്രത്യേക അനുമതിപ്രകാരമുള്ള അപേക്ഷകളിൽ 5.56 കോടി രൂപയും ചികിത്സാ സഹായമായി ചെലവഴിച്ചു. ഭരണപരമായ ചെലവുകൾക്കും മറ്റിനങ്ങൾക്കുമായി 2.06 കോടി രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) കാരുണ്യ പദ്ധതിമുഖേന 3 ലക്ഷം രൂപയിൽതാഴെ വാർഷിക വരുമാനമുള്ള ഒരു റേഷൻകാർഡിലെ ഒരാൾക്കോ ഒന്നിലധികം പേർക്കോ ഹൃദയം, കരൾ, തലച്ചോർ സംബന്ധമായ ശസ്ത്രക്രിയ, കാൻസർ, ഗുരുതര ശ്വാസകോശ രോഗങ്ങൾ, നട്ടെല്ല്, സുഷുമ്നാനാഡി തുടങ്ങിയവയ്ക്ക് വരുന്ന ഗുരുതര ക്ഷതങ്ങൾ എന്നിവയ്ക്ക് പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായം ലഭിക്കും. വൃക്കരോഗികൾക്ക് പരമാവധി മൂന്ന് ലക്ഷം രൂപ ചികിത്സാ ധനസഹായം ലഭിക്കും. ഹീമോഫീലിയ രോഗത്തിന് വരുമാന പരിധി ഇല്ലാതെ ആജീവനാന്തം ചികിത്സാ ധനസഹായമനുവദിക്കുന്നു.

ചികിത്സിക്കുന്ന ഡോക്ടറുടെ എസ്റ്റിമേറ്റ്, മറ്റ് നിർദ്ദിഷ്ട രേഖകൾ എന്നിവ സഹിതം ധനസഹായത്തിനുള്ള അപേക്ഷ രോഗിയുടെ റേഷൻ കാർഡ് ഉൾപ്പെടുന്ന ജില്ലയിലെ ജില്ലാ ഭാഗ്യക്കുറി ആഫീസർക്ക് സമർപ്പിക്കേണ്ടതാണ്. അപേക്ഷയും അനുബന്ധ രേഖകളും ജില്ലാതല കമ്മിറ്റി പരിശോധിച്ച് അർഹമായവ സംസ്ഥാനതല കമ്മിറ്റിയിലേയ്ക്ക് ശിപാർശ ചെയ്യുന്നു. പ്രസ്തുത അപേക്ഷകളിൽ അഡ്മിനിസ്ട്രേറ്റർ മുൻകൂർ ചികിത്സാനുമതി ആശുപത്രിക്ക് നൽകുകയും രോഗിക്ക് ചികിത്സ ലഭിക്കുകയും ചെയ്യുന്നു. അടിയന്തര സാഹചര്യത്തിൽ സർക്കാർ ആശുപത്രികളിലെ ചികിത്സയ്ക്ക് മുൻകൂർ അനുമതി നൽകുന്നതിന് ജില്ലാ കളക്ടർമാരെ ചുമതലപ്പെടുത്തിയിട്ടുണ്ട്.

**കാരുണ്യ ബെനവലന്റ് സ്കീം - അപേക്ഷാ മാനദണ്ഡങ്ങളിൽ ഇളവ്**

133(581) <u>ശ്രീ. ജോർജ് എം. തോമസ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാരുണ്യ ബെനവലന്റ് ഫണ്ടിൽനിന്നും ചികിത്സാ സഹായം ലഭിക്കുന്നതിന്, അപേക്ഷകർക്ക് സ്വന്തമായി റേഷൻ കാർഡ് വേണമെന്ന നിബന്ധന നിലവിലുണ്ടോ;

(ബി) റേഷൻകാർഡ്, താത്കാലിക റേഷൻകാർഡ് ആയതിനാൽ അപേക്ഷ സ്വീകരിക്കാൻ കഴിയാത്തതായ വിഷയം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) എങ്കിൽ ഈ മാനദണ്ഡത്തിൽ ഇളവ് അനുവദിക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) റേഷൻകാർഡിൽ അപേക്ഷകന്റെ പേര് ഉൾപ്പെട്ടിരിക്കണമെന്ന വ്യവസ്ഥ നിലവിലുണ്ട്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(സി) ഇക്കാര്യം സർക്കാരിന്റെ പരിഗണനയിലാണ്.

**കേരള ലോട്ടറിയിൽനിന്നുള്ള വരുമാനം**

134(582) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2010-11 കാലയളവിൽ കേരള ലോട്ടറിയിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച വാർഷിക വരുമാനം എത്ര കോടി രൂപയായിരുന്നു;

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2015-16-ൽ ഈ വരുമാനം എത്രയായി വർദ്ധിക്കുകയുണ്ടായി?

ഉത്തരം

(എ) 2005-06-ൽ ലോട്ടറി വിറ്റുവരുമാനം 237.19 കോടി രൂപയാണ്. 2010-11 കാലയളവിൽ കേരള ലോട്ടറിയിൽനിന്നും സംസ്ഥാനത്തിന് ലഭിച്ച വാർഷിക വരുമാനം 557.69 കോടി രൂപയാണ്.

(ബി) മുൻ സർക്കാരിന്റെ കാലത്ത് 2015-16-ൽ ലോട്ടറിയിൽനിന്നുള്ള വരുമാനം 6317.73 കോടി രൂപയായി വർദ്ധിക്കുകയുണ്ടായി. 2017-18-ൽ ലോട്ടറിയിൽനിന്നുള്ള ജി.എസ്.ടി. അടക്കമുള്ള വിറ്റുവരവ് 9875.25 കോടി രൂപയാണ്. ലോട്ടറിയിൽനിന്നും 2017-18-ൽ ഉണ്ടായ ലാഭം 1695.05 കോടി രൂപയാണെന്ന് കണക്കാക്കിയിരിക്കുന്നു.

**കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ**

135(583) ശ്രീ. കെ. വി. അബ്ദുൾ ഖാദർ :
ശ്രീമതി പി. അയിഷാ പോറ്റി :
ശ്രീ. പി. വി. അൻവർ :
പ്രൊഫ. കെ. യു. അരുണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷനെ പ്രതിസന്ധിയിൽനിന്നും രക്ഷിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) വർഷങ്ങളായി കെട്ടിക്കിടക്കുന്ന കിട്ടാക്കടങ്ങൾ ഉദാരമായി തീർപ്പാക്കാൻ കെ.എഫ്.സി. ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി നടപ്പാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ഇതിനായി പ്രത്യേക അദാലത്ത് നടത്തിയിട്ടുണ്ടോ;

(ഡി) സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിന്റെ പ്രധാന ചാലക ശക്തിയായി കെ.എഫ്.സി.യെ മാറ്റിയെടുക്കുന്നതിന് എന്തെല്ലാം നൂതന പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഫിനാൻഷ്യൽ കോർപ്പറേഷന് നിലവിൽ പ്രതിസന്ധികളൊന്നും ഇല്ല.

(ബി&സി) ഉണ്ട്. കിട്ടാക്കടത്തിന്റെ തോത് കുറയ്ക്കുന്നതിനായി കെ.എഫ്.സി. മേയ് 8-ന് തിരുവനന്തപുരത്ത് റിട്ടയേർഡ് ജില്ലാ ജഡ്ജിയുടെ നേതൃത്വത്തിൽ ഉദാരമായ ഒറ്റത്തവണ തീർപ്പാക്കൽ അദാലത്ത് സംഘടിപ്പിച്ചിട്ടുണ്ടായിരുന്നു. പ്രസ്തുത അദാലത്തിൽ 474 അപേക്ഷകൾ പരിഗണിക്കുകയും അതിൽ 326 അപേക്ഷകൾ അദാലത്തിന്റെ വ്യവസ്ഥകൾക്ക് വിധേയമായി തീർപ്പാക്കുകയും ചെയ്തു. ബാക്കിയുള്ള അപേക്ഷകൾ ബോർഡിന്റെ പരിഗണനയിലാണ്.

(ഡി) സംസ്ഥാനത്തിന്റെ വ്യാവസായിക വികസനത്തിന്റെ പ്രധാന ചാലക ശക്തിയായി മാറ്റുന്നതിനായി കെ.എഫ്.സി. നടത്തിയ സുപ്രധാന പരിഷ്കാരം, കെ.എഫ്.സി.-യുടെ പലിശ നിരക്കുകൾ കുറയ്ക്കുക എന്നതാണ്. പലിശ നിരക്കുകൾ 9.5 ശതമാനം എന്ന ബേസ് റേറ്റ് സംവിധാനത്തിലേയ്ക്കാണ് മാറിയത്. കൂടാതെ നല്ല സംരംഭകരെ ആകർഷിക്കുന്നതിനായി ശക്തമായ മാർക്കറ്റിംഗ് സംവിധാനം ഏർപ്പെടുത്തി. മികച്ച വായ്പാ പ്രൊപ്പോസലുകൾ കണ്ടെത്തുന്നതിനായി കേന്ദ്രീകൃത അപ്രൈസൽ സംവിധാനം നിലവിൽവന്നു. സ്റ്റാർട്ടപ്പുകളെ പ്രോത്സാഹിപ്പിക്കുന്നതിനായി നൂതന പദ്ധതികൾ ആവിഷ്കരിച്ചു.

### ധനകാര്യ സ്ഥാപനങ്ങളിൽ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി

136(584) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ, കെ.എഫ്.സി. പോലുള്ള ധനകാര്യ സ്ഥാപനങ്ങളിൽ നിന്ന് വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത നിർദ്ധനരായ ആളുകൾക്ക് പലിശയിളവ് നൽകുന്ന കാര്യം പരിഗണിക്കുമോ;

(ബി) വായ്പ കുടിശ്ശിക ആയവർക്ക് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയിലൂടെ വായ്പ തുക തിരിച്ചടയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കാൻ ആലോചനയുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) കെ.എസ്.എഫ്.ഇ.-യിൽനിന്ന് വായ്പ/ചിട്ടി എടുത്ത് തിരിച്ചടവിൽ വീഴ്ചവരുത്തിയ ആളുകൾക്ക് വമ്പിച്ച പലിശ ഇളവോടെ 'ഇളവ് 2017' എന്ന പദ്ധതി 1-1-2017 മുതൽ 31-5-2017 വരെ നടപ്പിലാക്കി. പിന്നീട് 1-1-2018 മുതൽ 30-4-2018 വരെ വിവിധ അദാലത്തുകളിൽ പലിശ ഇളവോടുകൂടി കുടിശ്ശിക തീർക്കുവാനുള്ള അവസരം ഒരുക്കുകയും ചെയ്തു. പുതിയതായി പദ്ധതികളൊന്നും കെ.എസ്.എഫ്.ഇ-യിൽ നിലവിൽ ആവിഷ്കരിച്ചിട്ടില്ല. എന്നാൽ കെ.എഫ്.സി.-യിൽനിന്നും വായ്പ എടുത്ത് തിരിച്ചടയ്ക്കാൻ കഴിയാത്ത നിർധനരായ ആളുകൾക്ക് പലിശ ഇളവ് ഉൾപ്പെടെയുള്ള ഉദാരമായ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി കെ.എഫ്.സി. ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

## സ്റ്റാർട്ടപ്പുകൾക്ക് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ വായ്പ

137(585) ശ്രീ. പി. ടി. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലളിതമായ വ്യവസ്ഥയിൽ, കുറഞ്ഞ പലിശ നിരക്കിൽ വായ്പകൾ അനുവദിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കുമോ;

(ബി) കെ.എഫ്.സി.-യുടെ വായ്പാ പലിശ നിരക്കിൽ എന്തൊക്കെ മാറ്റങ്ങൾ വരുത്തുവാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) വായ്പ അപേക്ഷയിൽ തീരുമാനം എടുക്കുന്നതിന് നിലവിൽ കാലതാമസം ഉണ്ടാകുന്നതായി കണ്ടെത്തിയിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കാലതാമസം കുറയ്ക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സ്റ്റാർട്ടപ്പുകൾക്ക് പ്രോത്സാഹനം നൽകുന്നതിന് കേരള ഫിനാൻഷ്യൽ കോർപ്പറേഷൻ ലളിതമായ വ്യവസ്ഥയിൽ വായ്പകൾ അനുവദിക്കാൻ തീരുമാനിച്ചിട്ടുണ്ട്. പലിശ നിരക്കുകൾ പൊതുവായ പലിശ നയത്തിൽ ഉൾപ്പെടും.

(ബി) Prime Lending Rate (PLR) വ്യവസ്ഥയിലാണ് വായ്പ അനുവദിച്ചിരുന്നത്. 14.5 ശതമാനമായിരുന്നു നിലവിലുള്ള PLR. ഇത് ബേസ് റേറ്റ് സിസ്റ്റത്തിലേയ്ക്ക് മാറി. 9.5% ആണ് പുതിയ ബേസ് റേറ്റ്.

(സി) വായ്പ അപേക്ഷയിൽ തീരുമാനം എടുക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ പുതിയ നടപടിക്രമങ്ങൾ നിശ്ചയിച്ചിട്ടുണ്ട്. ലോൺ അപേക്ഷയിന്മേലുള്ള ഓരോ നടപടിയ്ക്കും സമയപരിധി നിശ്ചയിച്ചു. 42 ദിവസത്തിനുള്ളിൽ ഒരു ലോൺ അനുവദിക്കണമെന്നാണ് നിശ്ചയിച്ചിട്ടുള്ളത്.

## കെ.എസ്.എഫ്.ഇ.-യുടെ പ്രവാസി ചിട്ടി

138(T*586) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.- യുടെ പ്രവാസി ചിട്ടി നടത്തിപ്പുമായി ബന്ധപ്പെട്ട് പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമായി നാളിതുവരെ എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിദേശയാത്രകൾക്കായി മാത്രം എത്ര തുക ചെലവഴിച്ചിട്ടുണ്ട്; വിശദാംശം ലഭ്യമാക്കുമോ;

(ബി) പ്രവാസി ചിട്ടി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ എത്ര പ്രവാസികൾ ചിട്ടിയിൽ ചേർന്നിട്ടുണ്ട്; ഇല്ലെങ്കിൽ ഏത് രീതിയിൽ ഇത് ആരംഭിക്കാൻ കഴിയുമെന്നാണ് കരുതുന്നത് എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) പ്രവാസി ചിട്ടിയുടെ പ്രചരണാർത്ഥം പരസ്യം, ഹാൾ, വാടക, സൽക്കാരം എന്നീ ഇനങ്ങളിൽ 72,82,347 രൂപയും വിദേശയാത്ര നടത്തിയവർക്ക് ഡി.എ. നൽകിയ വകയിൽ 84,502 രൂപയും കെ.എസ്.എഫ്.ഇ.-യിൽനിന്നും പ്രവാസി ചിട്ടിയുടെ പരസ്യങ്ങൾക്കും പ്രചരണങ്ങൾക്കുമായി 48,34,829 രൂപയും വിദേശയാത്ര ഇനത്തിൽ (അംഗങ്ങളുടെ യാത്ര, താമസം, ഭക്ഷണം, പരിപാടി നടത്തിപ്പ് എന്നിവ ഉൾപ്പെടെ) 59,71,987 രൂപയും കിഫ്ബിയിൽനിന്നും ചെലവായിട്ടുണ്ട്.

(ബി) പ്രവാസി ചിട്ടി ആരംഭിക്കാനുള്ള തയ്യാറെടുപ്പിന്റെ അവസാനഘട്ടത്തിലാണ്. 2018 ജൂലൈ ആദ്യവാരത്തോടെ ചിട്ടിയിൽ വരിക്കാരെ ചേർത്ത് തുടങ്ങാമെന്ന് പ്രതീക്ഷിക്കുന്നു.

---

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

## കെ.എസ്.എഫ്.ഇ. പ്രവാസി ചിട്ടി

139(587) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിഫ്ബിയുടെ ധനസമാഹരണത്തിനായി കെ.എസ്.എഫ്.ഇ. തുടങ്ങുമെന്ന് പ്രഖ്യാപിച്ചിരുന്ന പ്രവാസി ചിട്ടി ആരംഭിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്;

(ബി) ഇതിനകം എത്രപേർ ചിട്ടിയിൽ ചേരുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്; ചിട്ടിയിൽ ചേരുന്നവർക്കാവശ്യമായ ഏതെങ്കിലും മൊബൈൽ ആപ് പുറത്തിറക്കിയിട്ടുണ്ടോ;

(സി) പ്രവാസി ചിട്ടിക്ക് ആർ.ബി.ഐ.യുടെ അനുമതി ആവശ്യമാണോ; എങ്കിൽ പ്രസ്തുത അനുമതി ലഭ്യമായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ&ബി)പ്രവാസി ചിട്ടിയുമായി ബന്ധപ്പെട്ട സോഫ്റ്റ്‌വെയർ തയ്യാറായിട്ടുണ്ട്. 2018 ജൂലൈ ആദ്യവാരത്തോടെ ചിട്ടിയിൽ വരിക്കാരെ ചേർത്തുതുടങ്ങാമെന്ന് പ്രതീക്ഷിക്കുന്നു. ഇതിലേയ്ക്കായി മൊബൈൽ ആപ് പുറത്തിറക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്.

(സി) ചിട്ടി നിയമപ്രകാരം ലഭിക്കേണ്ട അനുമതികൾ റിസർവ് ബാങ്കിൽനിന്നും ലഭിച്ചിട്ടുണ്ട്. റിസർവ് ബാങ്കിന്റെ നോട്ടിഫിക്കേഷൻ നമ്പർ 337/2015-ആർ.ബി. തീയതി മാർച്ച് 02, 2015, 338/2015-ആർ.ബി. തീയതി മാർച്ച് 02, 2015 എന്നിവ പ്രകാരം പ്രവാസികളെ ചിട്ടികളിൽ അംഗമാക്കുന്നതിനുള്ള അനുമതി ലഭിച്ചിട്ടുണ്ട്.

## കെ.എസ്.എഫ്.ഇ.-യിലെ പെൻഷൻ പദ്ധതി

140(588) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാർക്ക് ഇപ്പോൾ ഏതുതരം പെൻഷനാണ് നൽകി വരുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ജീവനക്കാർക്ക് പ്രത്യേക പെൻഷൻ പദ്ധതി ഏർപ്പെടുത്തുന്നത് സംബന്ധിച്ച് ഏതെങ്കിലും കോടതി വിധി നിലവിലുണ്ടോ;എങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) കോടതി വിധി പ്രകാരം എല്ലാ ജീവനക്കാർക്കും പെൻഷൻ നൽകുന്നത് സംബന്ധിച്ച പ്രൊപ്പോസൽ നിലവിലുണ്ടോ;

(ഡി) ഏതാനും ജീവനക്കാർക്ക് മാത്രമായി ഉയർന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നുണ്ടോ; എങ്കിൽ പ്രസ്തുത സാഹചര്യം വിശദമാക്കാമോ;

(ഇ) മുഴുവൻ ജീവനക്കാർക്കും ഉയർന്ന നിരക്കിൽ പെൻഷൻ ലഭ്യമാക്കാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാർക്ക് ഇ.പി.എസ്. 95 പ്രകാരമുള്ള പെൻഷൻ ലഭിച്ചുവരുന്നു.

(ബി) കെ.എസ്.എഫ്.ഇ. ജീവനക്കാരുടെ പെൻഷൻ വിഷയവുമായി ബന്ധപ്പെട്ട് സമർപ്പിക്കപ്പെട്ട റിട്ട് പെറ്റീഷൻ നമ്പർ 11133/2007-ൽ ബഹു. ഹൈക്കോടതി 30-3-2007-ൽ പുറപ്പെടുവിച്ച വിധിപ്രകാരം പെൻഷൻ വിഷയത്തിൽ ഉചിതമായ തീരുമാനം എടുക്കണമെന്ന് കമ്പനിയുടെ ഡയറക്ടർ ബോർഡിന് നിർദ്ദേശം നൽകുകയും 13-7-2007-ൽ ചേർന്ന ഡയറക്ടർ ബോർഡ് യോഗത്തിൽ ഇത് പരിഗണിക്കുകയും സ്വയം നിയന്ത്രിത പെൻഷൻ പദ്ധതി നടപ്പിലാക്കുന്നതിന് കമ്പനിയുടെ അന്നത്തെ അവസ്ഥയിൽ സാധ്യമല്ലെന്ന് തീരുമാനിക്കുകയും ചെയ്തു.

(സി) ഇല്ല.

(ഡി) ഉണ്ട്. ഇ.പി.എസ്. 95 പെൻഷൻ പദ്ധതിപ്രകാരം ഉയർന്ന പെൻഷന് ഓപ്ഷൻ നൽകുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും അനുകൂല വിധി നേടിയെടുക്കുകയും ചെയ്ത ജീവനക്കാർക്ക് ഉയർന്ന പെൻഷൻ ലഭിച്ചുവരുന്നുണ്ട്.

(ഇ) 1-9-2014-ന് മുമ്പ് വിരമിക്കുകയും ഉയർന്ന പെൻഷന് ഓപ്ഷൻ നൽകുകയും ബഹമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും അനുകൂല വിധി നേടിയെടുക്കുകയും ചെയ്ത ജീവനക്കാർക്ക് ഉയർന്ന നിരക്കിൽ പെൻഷൻ ലഭിച്ചുവരുന്നുണ്ട്. 1-9-2014-ന് ശേഷം വിരമിച്ചവർക്ക് ഉയർന്ന പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച ഹർജികൾ കോടതിയിൽ നിലനിൽക്കുന്നുണ്ട്. കോടതിവിധ പ്രകാരമേ ഇക്കാര്യത്തിൽ തീരുമാനമെടുക്കാൻ കഴിയുകയുള്ളൂ. 1-9-2014-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചതും 15,000 രൂപയിൽ കൂടുതൽ വേതനം ഉള്ളവരുമായ ജീവനക്കാർക്ക് ഇ.പി.എസ്. 95 പദ്ധതിയിൽ അംഗങ്ങളാകാൻ ഇ.പി.എഫ്. നിയമം അനുവദിക്കുന്നില്ല.

## കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിലെ പെൻഷൻ

141(589) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസിൽ നിലവിലുള്ള ഇ പി എസ് -95 പ്രകാരമുള്ള പെൻഷന്റെ വിശദവിവരങ്ങൾ നൽകാമോ;

(ബി) കൂടുതൽ മെച്ചപ്പെട്ട പെൻഷൻ സംവിധാനം നടപ്പിലാക്കുന്നതിന് ആലോചിക്കുന്നുണ്ടോ;വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 1-9-2014-ന് മുമ്പ് വിരമിക്കുകയും ഉയർന്ന പെൻഷന് ഓപ്ഷൻ നൽകുകയും ബഹുമാനപ്പെട്ട ഹൈക്കോടതിയിൽനിന്നും അനുകൂല വിധി നേടിയെടുക്കുകയും ചെയ്ത ജീവനക്കാർക്ക് അവസാനത്തെ 12 മാസത്തെ പ്രീ-റിവൈസ്ഡ് വേതനത്തിന് ആനുപാതികമായി ഉയർന്ന നിരക്കിൽ പെൻഷൻ ലഭിച്ചുവരുന്നുണ്ട്. 1-9-2014-ന് മുമ്പ് വിരമിച്ചവർക്ക് ഉയർന്ന പെൻഷൻ അനുവദിച്ചുകൊണ്ട് കേന്ദ്രസർക്കാരിന്റെ ഉത്തരവ് നിലവിലുണ്ടെങ്കിൽക്കൂടി ബഹുമാനപ്പെട്ട ഹൈക്കോടതിയിലെ കേസിൽ കക്ഷി ചേരാത്ത ജീവനക്കാർക്ക് നാമമാത്രമായ പെൻഷൻ മാത്രമാണ് ലഭിച്ചുവരുന്നത്.

കൂടാതെ 1-9-2014-ന് ശേഷം വിരമിച്ചവർക്ക് അവസാനത്തെ 60 മാസത്തെ വേതനത്തിന് ആനുപാതികമായി ഉയർന്ന നിരക്കിൽ പെൻഷൻ ലഭിക്കുന്നത് സംബന്ധിച്ച ഹർജികൾ കോടതിയിൽ നിലനിൽക്കുന്നുണ്ട്. കോടതിവിധി അനുസരിച്ചുമാത്രമേ ഇക്കാര്യത്തിൽ തീരുമാനം കൈക്കൊള്ളാൻ കഴിയുകയുള്ളൂ. 1-9-2014-ന് ശേഷം സർവ്വീസിൽ പ്രവേശിച്ചതും 15000 രൂപയിൽ കൂടുതൽ വേതനം ഉള്ളവരും ആയ ജീവനക്കാർക്ക് ഇ.പി.എസ്. 95 പദ്ധതിയിൽ അംഗങ്ങളാകാൻ ഇ.പി.എഫ്. നിയമം അനുവദിക്കുന്നില്ല.

(ബി) ഇപ്പോൾ ആലോചനയിലില്ല.

## കെ.എസ്.എഫ്.ഇ. വായ്പയിൽ ആശ്വാസ നടപടി

142(590) ശ്രീമതി യു. പ്രതിഭ ഹരി : താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.എസ്.എഫ്.ഇ.-യിൽനിന്ന് വായ്പ എടുത്ത് തിരികെ അടയ്ക്കാൻ യാതൊരു നിവൃത്തിയുമില്ലാത്ത നിരാലംബരെ സഹായിക്കുന്നതിനുവേണ്ടി എന്തെങ്കിലും ആശ്വാസ നടപടികൾ സർക്കാർ സ്വീകരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

<u>ഉത്തരം</u>

കെ.എസ്.എഫ്.ഇ.-യിൽനിന്ന് വായ്പ/ചിട്ടി എടുത്ത് തിരിച്ചടവിൽ വീഴ്ച വരുത്തിയ ആളുകൾക്ക് വമ്പിച്ച പലിശ ഇളവോടെ 'ഇളവ് 2017' എന്ന പദ്ധതി 1-1-2017 മുതൽ 31-5-2017 വരെ നടപ്പിലാക്കി. പിന്നീട് 1-1-2018 മുതൽ 30-4-2018 വരെ വിവിധ അദാലത്തുകളിൽ പലിശ ഇളവോടുകൂടി കുടിശ്ശിക തീർക്കാനുള്ള അവസരമൊരുക്കുകയും ചെയ്തു.

**കെ.എസ്.എഫ്.ഇ.-യുടെ പുതിയ ശാഖകൾ**

143(591) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം കെ.എസ്.എഫ്.ഇ. യുടെ പുതിയ ശാഖകൾ എവിടെയെങ്കിലും ആരംഭിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ അവ എവിടെയൊക്കെയാണെന്ന് അറിയിക്കാമോ;

(സി) കെ.എസ്.എഫ്.ഇ. പുതിയ ശാഖകൾ ആരംഭിക്കുന്നതിന് എന്തെങ്കിലും മാനദണ്ഡങ്ങൾ നിശ്ചയിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ അവ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഇല്ല.

(ബി) ബാധകമല്ല.

(സി&ഡി) സാധ്യതാ പഠനത്തിന്റെ അടിസ്ഥാനത്തിലാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്. തൊട്ടടുത്ത ശാഖയിൽനിന്നുള്ള ദൂരം, നിർദ്ദിഷ്ട സ്ഥലത്തിന്റെ പ്രാധാന്യം, ജനസംഖ്യ, നിവാസികളുടെ പ്രധാന വരുമാന സ്രോതസ്സ്, അവിടെ പ്രവർത്തിക്കുന്ന പ്രധാനപ്പെട്ട സ്ഥാപനങ്ങളുടെ എണ്ണം, തത്തുല്യ മേഖലയിൽ പ്രവർത്തിക്കുന്ന മറ്റ് സ്ഥാപനങ്ങൾ, ശാഖയുടെ പ്രവർത്തനത്തിന് ആവശ്യമായ കെട്ടിടത്തിന്റെ ലഭ്യത, സബ് രജിസ്ട്രാർ ഓഫീസ്, ട്രഷറി ഓഫീസ് എന്നിവയുടെ സാന്നിദ്ധ്യം എന്നിവയ്ക്കുപുറമെ ബിസിനസ്സ് സാധ്യത തുടങ്ങിയ മാനദണ്ഡങ്ങൾ പരിഗണിച്ചാണ് പുതിയ ശാഖകൾ ആരംഭിക്കുന്നത്.

## കേരളാ ഫിനാൻഷ്യൽ എന്റർപ്രൈസസിന് പുതിയ ബ്രാഞ്ച്

144(592) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളാ ഫിനാൻഷ്യൽ എന്റർപ്രൈസസിന് ഈ സാമ്പത്തിക വർഷത്തിൽ പുതിയ ബ്രാഞ്ചുകൾ ആരംഭിക്കുന്നതിന് പദ്ധതിയുണ്ടോ ;

(ബി) പുതിയ ബ്രാഞ്ചുകൾ സ്ഥാപിക്കുന്നത് പരിഗണനയിലുണ്ടോ; എങ്കിൽ ഇവയുടെ പട്ടിക തയ്യാറാക്കിയിട്ടുണ്ടോ; വിശദീകരിക്കുമോ ;

(സി) കുലശേഖരപുരം ഗ്രാമ പഞ്ചായത്തിലെ പുതിയകാവിൽ ബ്രാഞ്ച് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) ബിസിനസ്സ് സാധ്യതകളും മറ്റ് മാനദണ്ഡങ്ങളും പരിഗണിച്ച് ശാഖകൾ സ്ഥാപിക്കുന്നത് സംബന്ധിച്ച് സർക്കാർ ആലോചിച്ച് തീരുമാനിക്കുന്നതാണ്.

(സി) കുലശേഖരപുരം ഗ്രാമപഞ്ചായത്തിലെ പുതിയകാവിൽ ബ്രാഞ്ച് ആരംഭിക്കുന്നതിന് ആവശ്യമായ ബിസിനസ്സ് പ്രായോഗികത വിലയിരുത്തുവാൻ കൊല്ലം മേഖലയുടെ അസിസ്റ്റന്റ് ജനറൽ മാനേജരെ ചുമതലപ്പെടുത്തിയനുസരിച്ച് ലഭ്യമായിട്ടുള്ള റിപ്പോർട്ടിന്മേൽ ഉചിതമായ തീരുമാനം കൈക്കൊള്ളുന്നതാണ്.

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

145(593) <u>ശ്രീ. എ. എം. ആരിഫ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്ന ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി എന്ന് നിലവിൽ വരും എന്ന് വ്യക്തമാക്കുമോ;

(ബി) ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ നടത്തിയ പ്രവർത്തനങ്ങൾ വിശദമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാന സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കും കുറഞ്ഞ ചെലവിൽ മെച്ചപ്പെട്ട ചികിത്സ ലഭ്യമാക്കുന്നതിലേയ്ക്കായി 24-4-2017-ലെ

സ.ഉ.(അച്ചടി)നമ്പർ 54/2017/ധന പ്രകാരം ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി നടപ്പിലാക്കാൻ ഉത്തരവായിട്ടുണ്ട്. പ്രാഥമിക ഘട്ടത്തിലെ പഠനം, അപഗ്രഥനം എന്നിവയ്ക്കുശേഷം IRDAI അംഗീകാരമുള്ള ഇൻഷ്വറൻസ് കമ്പനികളിൽനിന്ന് താൽപ്പര്യപത്രം ക്ഷണിക്കുകയും അഞ്ച് കമ്പനികൾ അനുകൂലമായി പ്രതികരിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ സർവ്വീസ് സംഘടനകളും പെൻഷൻ സംഘടനകളുമായി രണ്ടുപ്രാവശ്യം ചർച്ച നടത്തുകയും ചെയ്തു. ഇൻഷ്വറൻസ് രംഗത്തെ വിദഗ്ദ്ധരുടെ ഉപദേശത്തിന്റെയും താൽപ്പര്യപത്രങ്ങളുടെയും അടിസ്ഥാനത്തിലും സംഘടനയുടെ യോഗത്തിലെ പ്രായോഗികമായ നിർദ്ദേശങ്ങൾ പരിഗണിച്ചും പുതുക്കിയ കരട് പദ്ധതിയും ആയത് അനുസരിച്ചുള്ള കരട് RFP (Request For Proposals) യും തയ്യാറാക്കിവരുന്നു. ടെണ്ടർ നടപടികൾ പൂർത്തിയാക്കി തെരഞ്ഞെടുക്കപ്പെടുന്ന ഇൻഷ്വറൻസ് കമ്പനിയുമായി കരാർ ഒപ്പിടുന്നമുറയ്ക്ക് പദ്ധതി ആരംഭിക്കുന്നതാണ്.

## റവന്യൂ സ്റ്റാമ്പിന്റെയും മുദ്രപത്രങ്ങളുടെയും ക്ഷാമം

146(594) ശ്രീ. വി. ടി. ബൽറാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റവന്യൂ സ്റ്റാമ്പിന്റെയും മുദ്ര പത്രങ്ങളുടെയും ക്ഷാമം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ: എങ്കിൽ അതിനുള്ള കാരണം വിശദമാക്കാമോ;

(ബി) ആയത് അടിയന്തരമായി പരിഹരിക്കുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

(സി) റവന്യൂ സ്റ്റാമ്പും മുദ്ര പത്രങ്ങളും വിലകൂട്ടി കരിഞ്ചന്തയിൽ വിൽക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ആയത് നിയന്ത്രിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വ്യക്തമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽനിന്നുമാണ് ട്രഷറികൾക്കാവശ്യമായ മുദ്രപത്രങ്ങളും സ്റ്റാമ്പുകളും വിതരണത്തിനായി നൽകുന്നത്. രജിസ്ട്രേഷൻ വകുപ്പിലെ ആധുനികവത്കരണത്തിന്റെ ഭാഗമായി 2017 മേയ് മാസത്തോടുകൂടി ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിനാൽ മുദ്രപത്രങ്ങൾ കൂടുതൽ വാങ്ങി സൂക്ഷിക്കേണ്ടതുണ്ടോ എന്നതിന്മേൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുമായി ചർച്ച നടത്തുകയും തുടർന്ന് ആദ്യഘട്ടത്തിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ചുമത്തേണ്ട ആധാരങ്ങളുടെ രജിസ്ട്രേഷനുമാത്രം ഇ-സ്റ്റാമ്പിംഗ് സംവിധാനം ഉപയോഗപ്പെടുത്താമെന്ന് തീരുമാനിക്കുകയും ചെയ്തിട്ടുള്ളതിനാൽ ഒരു ലക്ഷം രൂപയ്ക്കുതാഴെ വിലവരുന്ന മുദ്രപത്രങ്ങൾ ഇൻഡ്യൻ സെക്യൂരിറ്റി പ്രസ്സിൽനിന്നും

എത്തിക്കേണ്ടതാണെന്ന് ബോധ്യപ്പെട്ടതിന്റെ അടിസ്ഥാനത്തിൽ നാസിക് ഇൻഡ്യാ സെക്യൂരിറ്റി പ്രസ്സിൽ ഇൻഡന്റ് ചെയ്യുതും അച്ചടി പൂർത്തിയാക്കിയിട്ടുള്ളതുമായ മുദ്രപത്രങ്ങൾ കൊണ്ടുവരുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് 8-2-2017-ൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് 27-5-2017-ന് ആയതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാസിക്കിൽനിന്നും സ്റ്റാമ്പുകൾ കൊണ്ടുവരുന്നതിന് ആവശ്യമായ സെക്യൂരിറ്റി, ട്രക്ക് മുതലായവ ലഭ്യമാക്കി സ്റ്റാമ്പുകൾ പ്രസിൽനിന്നും എത്തിച്ച് ട്രഷറികൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടിവന്ന സമയത്തിനുള്ളിൽ ചെറിയ ഡിനോമിനേഷനിലുള്ള സ്റ്റാമ്പുകളുടെ ക്ഷാമം സംസ്ഥാനത്ത് നേരിടുകയുണ്ടായി. കൂടാതെ വിവിധതരം എഗ്രിമെന്റുകൾക്കുള്ള ഫീസ് 200 രൂപയാക്കിയത് 50, 100 രൂപയുടെ മുദ്രപത്രങ്ങളുടെ ഉപയോഗം വർദ്ധിക്കാനിടയാക്കുകയും ടി സ്റ്റാമ്പുകളുടെ സ്റ്റോക്ക് കുറയുന്നതിനും കാരണമായിട്ടുണ്ട്.

(ബി) ചെറിയ മുഖവിലയുള്ള മുദ്രപത്രങ്ങൾ ആവശ്യമായ തോതിൽ ലഭ്യമാക്കുന്നതിന് സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ സ്റ്റോക്കുള്ള ഒരു രൂപ മുതൽ അഞ്ച് രൂപവരെയും എഴ് രൂപ മുതൽ പത്ത് രൂപവരെയും മൂല്യമുള്ള മുദ്രപത്രങ്ങൾ യഥാക്രമം 50 രൂപ, 100 രൂപ മുദ്രപത്രങ്ങളായി പുനർ മൂല്യനിർണ്ണയും ചെയ്യുന്നതിന് അനുമതി നൽകിയും അതിനായി ഉദ്യോഗസ്ഥരെ നിയോഗിച്ചും ഉത്തരവായിട്ടുണ്ട്. ഇതിനകം 50 രൂപയുടെ 1,62,000 എണ്ണവും 100 രൂപയുടെ 6,07,500 എണ്ണവും മുദ്രപത്രങ്ങൾ പുനർമൂല്യനിർണ്ണയം ചെയ്ത് ട്രഷറികൾക്ക് വിതരണം ചെയ്തിട്ടുണ്ട്.

ക്ഷാമം പരിഹരിക്കുന്നതിന് മുദ്രപ്പത്രങ്ങളും സ്റ്റാമ്പുകളും നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽനിന്നും തിരുവനന്തപുരത്തെ സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽ എത്തിച്ച് ട്രഷറികൾക്ക് വിതരണം ആരംഭിച്ചിട്ടുണ്ട്. ഈ നടപടിയിലൂടെ സംസ്ഥാനത്ത് അനുഭവപ്പെട്ടിരുന്ന മുദ്രപ്പത്രക്ഷാമം പരിഹരിക്കപ്പെട്ടിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

**മുദ്രപത്രങ്ങൾക്ക് ക്ഷാമം**

147(595) <u>ശ്രീ. വി. കെ. സി. മമ്മത് കോയ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കുറഞ്ഞ വിലയുള്ള മുദ്രപത്രങ്ങൾക്ക് ക്ഷാമം അനുഭവപ്പെടുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) അക്കാഡമിക് വർഷം ആരംഭിക്കുന്ന സമയത്ത്, മുദ്രപത്രങ്ങളുടെ ക്ഷാമംമൂലം, വിവിധ സർട്ടിഫിക്കറ്റുകളും മറ്റും ലഭിക്കുവാനുണ്ടാകുന്ന ബുദ്ധിമുട്ടുകൾ പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ;

(സി) ചെറിയ വിലയുള്ള മുദ്രപത്രങ്ങൾക്ക് ക്ഷാമം നേരിടാൻ ഉണ്ടായ സാഹചര്യം വ്യക്തമാക്കാമോ; ഇത് പരിഹരിക്കുവാൻ നടപടി സ്വീകരിക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) മുദ്രപത്ര ക്ഷാമം ശ്രദ്ധയിൽപ്പെട്ടപ്പോൾത്തന്നെ കുറഞ്ഞ മൂല്യത്തിലുള്ള സ്റ്റാമ്പ് പേപ്പറുകൾ സ്റ്റോക്കുള്ള ട്രഷറികളിൽനിന്നും സ്റ്റോക്ക് കുറവുള്ള ട്രഷറികൾക്ക് ആവശ്യാനുസരണം നൽകി ക്ഷാമം പരിഹരിക്കുവാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കൂടാതെ 50, 100 രൂപ മുദ്രപ്പത്രങ്ങളുടെ ക്ഷാമം പരിഹരിക്കുന്നതിന് 1 മുതൽ 5 വരെ മൂല്യമുള്ള നോൺ ജൂഡീഷ്യൽ മുദ്രപത്രങ്ങൾ 50 രൂപ മൂല്യമുള്ള മുദ്രപത്രങ്ങളായും 7 മുതൽ 10 വരെ മൂല്യമുള്ള നോൺ ജൂഡീഷ്യൽ മുദ്രപത്രങ്ങൾ 100 രൂപ മൂല്യമുള്ള മുദ്രപത്രങ്ങളായും പുനർ മൂല്യനിർണ്ണയം ചെയ്ത് ഉത്തരവായിട്ടുണ്ട്. ആയത് പ്രകാരം ട്രഷറി/സ്റ്റാമ്പ് ഡിപ്പോകളിൽ പുനർമൂല്യനിർണ്ണയം ചെയ്ത 50 രൂപയുടെയും 100 രൂപയുടെയും നോൺ ജൂഡീഷ്യൽ മുദ്രപത്രങ്ങൾ സബ്ട്രഷറികൾക്കും വെണ്ടർമാർക്കും വിതരണം ചെയ്തിട്ടുണ്ട്.

നിലവിൽ നാസിക്കിലെ ഇൻഡ്യാ സെക്യൂരിറ്റി പ്രസ്സിൽനിന്നും എത്തിച്ച മുദ്രപത്രങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോ മുഖേന വിതരണം ആരംഭിച്ചിട്ടുണ്ട്. ആയതിനാൽ ചെറിയ വിലയുള്ള മുദ്രപത്രങ്ങൾക്ക് ട്രഷറികളിൽ അനുഭവപ്പെടുന്ന ക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

(സി) റവന്യൂ വകുപ്പിന്റെ അധീനതയിലുള്ള തിരുവനന്തപുരം സെൻട്രൽ സ്റ്റാമ്പ് ഡിപ്പോയിൽനിന്നുമാണ് ട്രഷറികൾക്കാവശ്യമായ മുദ്രപത്രങ്ങളും സ്റ്റാമ്പുകളും വിതരണത്തിന് ലഭ്യമാക്കുന്നത്. രജിസ്ട്രേഷൻ വകുപ്പിലെ ആധുനികവത്കരണത്തിന്റെ ഭാഗമായി 2017 മേയ് മാസത്തോടുകൂടി ഇ-സ്റ്റാമ്പിംഗ് പദ്ധതി നടപ്പിലാക്കുന്നതിന് സർക്കാർ തീരുമാനിച്ചതിനാൽ മുദ്രപത്രങ്ങൾ കൂടുതൽ വാങ്ങി സൂക്ഷിക്കേണ്ടതുണ്ടോ എന്നതിന്മേൽ ബന്ധപ്പെട്ട വകുപ്പ് മേധാവികളുമായി ചർച്ച നടത്തുകയും തുടർന്ന് ആദ്യഘട്ടത്തിൽ ഒരു ലക്ഷം രൂപയ്ക്ക് മുകളിൽ മുദ്രവില ചുമത്തേണ്ട ആധാരങ്ങളുടെ രജിസ്ട്രേഷനുമാത്രം ഇ-സ്റ്റാമ്പിംഗ് സംവിധാനം ഉപയോഗപ്പെടുത്താമെന്ന് തീരുമാനിക്കുകയും ചെയ്തതിന്റെ അടിസ്ഥാനത്തിൽ ഒരു

ലക്ഷം രൂപയ്ക്കുതാഴെ വിലവരുന്ന മുദ്രപത്രങ്ങൾ ഇൻഡ്യാ സെക്യൂരിറ്റി പ്രസ്സിൽനിന്നും എത്തിക്കേണ്ടതാണെന്ന് ബോധ്യപ്പെട്ടു. ഇതിന്റെ അടിസ്ഥാനത്തിൽ നാസിക് ഇൻഡ്യാ സെക്യൂരിറ്റി പ്രസ്സിൽ ഇൻഡന്റ് ചെയ്യുതും അച്ചടി പൂർത്തിയാക്കിയിട്ടുള്ളതുമായ മുദ്രപത്രങ്ങൾ കൊണ്ടുവരുന്നതിന് അനുമതി ആവശ്യപ്പെട്ടുകൊണ്ട് 8-2-2017-ൽ ലാന്റ് റവന്യൂ കമ്മീഷണർ സർക്കാരിൽ സമർപ്പിച്ച അപേക്ഷ പരിശോധിച്ച് 27-5-2017-ന് ആയതിനുള്ള അനുമതി നൽകുകയും ചെയ്തിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ നാസിക്കിൽനിന്നും സ്റ്റാമ്പുകൾ കൊണ്ടുവരുന്നതിന് ആവശ്യമായ സെക്യൂരിറ്റി ട്രക്ക് മുതലായവ ലഭ്യമാക്കി സ്റ്റാമ്പുകൾ പ്രസ്സിൽനിന്നും എത്തിച്ച് ട്രഷറികൾക്ക് വിതരണം ചെയ്യുന്നതിന് വേണ്ടിവന്ന സമയത്തിനുള്ളിൽ ചെറിയ ഡിനോമിനേഷനിലുള്ള സ്റ്റാമ്പുകളുടെ ക്ഷാമം സംസ്ഥാനത്ത് നേരിടുകയുണ്ടായി. കൂടാതെ വിവിധതരം എഗ്രിമെന്റുകൾക്കുള്ള ഫീസ് 200 രൂപയാക്കിയത് 50, 100 രൂപയുടെ മുദ്രപത്രങ്ങളുടെ ഉപയോഗം വർദ്ധിക്കാനിടയാക്കുകയും ടി സ്റ്റാമ്പുകളുടെ സ്റ്റോക്ക് കുറയുന്നതിനും കാരണമായിട്ടുണ്ട്.

നിലവിൽ നാസിക്കിലെ സെക്യൂരിറ്റി പ്രസ്സിൽനിന്നും എത്തിച്ച മുദ്രപത്രങ്ങളും സ്റ്റാമ്പുകളും ട്രഷറികൾക്ക് വിതരണം ചെയ്യാൻ ആരംഭിച്ചിട്ടുണ്ട്. ഈ നടപടിയിലൂടെ സംസ്ഥാനത്ത് അനുഭവപ്പെട്ടിരുന്ന മുദ്രപത്രക്ഷാമത്തിന് പരിഹാരമായിട്ടുണ്ട്.

**കയർ മേഖലയുടെ സമഗ്ര വികസനം**

148(596) <u>ശ്രീ. അടൂർ പ്രകാശ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ മേഖലയുടെ സമഗ്ര വികസനത്തിനായി ആവിഷ്കരിച്ച രണ്ടാം പുനഃസംഘടന പദ്ധതിയിൽ നാളിതുവരെ നടപ്പിലാക്കിയ കാര്യങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കുമോ;

(ബി) കയർ മേഖലയിൽ സമ്പൂർണ്ണ യന്ത്രവൽക്കരണം നടപ്പിലാക്കുമ്പോൾ പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കികിട്ടുന്നതിന് എന്തെല്ലാം പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടെന്നും അവയിൽ ഏതെല്ലാം നടപ്പിലാക്കിയിട്ടുണ്ടെന്നും വ്യക്തമാക്കുമോ;

(സി) കയർ മേഖലയിൽ നിലവിൽ എന്തെല്ലാം പ്രതിസന്ധികളാണുള്ളതെന്നും അവ പരിഹരിക്കുന്നതിന് എന്തെല്ലാം തുടർ നടപടികൾ കൈക്കൊണ്ടിട്ടുണ്ടെന്നും വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) സംസ്ഥാനത്ത് കയർ മേഖലയ്ക്ക് ഉണർവേകാൻ കയറിന്റെ രണ്ടാം പുനഃസംഘടനാ പദ്ധതിയുടെ ഭാഗമായി നിരവധി കാര്യങ്ങൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ കുടുംബശ്രീ യൂണിറ്റുകൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ, നാളികേര ഉൽപ്പാദന കമ്പനികൾ, അഗ്രോ സർവ്വീസ് സെന്ററുകൾ തുടങ്ങിയവ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയറുൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2017-ലെ 'കയർ കേരള'യിൽവച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദന കയർപിരി ഉൽപ്പന്ന മേഖലയിലെ തൊഴിലാളികൾക്ക് ഇതിന്റെ ഗുണം ലഭിക്കും. ഈ സാമ്പത്തിക വർഷം പരമാവധി തൊഴിൽ എന്ന ലക്ഷ്യം കൈവരിക്കാനാകും. എന്നാൽ കേരളം ചകിരി ലഭ്യതയ്ക്ക് തമിഴ്നാടിനെയാണ് ആശ്രയിക്കുന്നത്. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയാണ്. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കിവരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചുനൽകിയിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 12 കോടി രൂപ പ്രവർത്തന മൂലധനം നൽകുന്നതിന് 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 417 കയർ സഹകരണ സംഘങ്ങൾക്ക് 6.66 കോടി രൂപ പ്രവർത്തന മൂലധനമായി നൽകികഴിഞ്ഞിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചുനൽകിയിട്ടുണ്ട്.

2017-18 സാമ്പത്തിക വർഷത്തിൽ 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 എച്ച്.പി.-യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറിവഴി വിതരണം ചെയ്തിട്ടുണ്ട്. ഇതിനായി 1,35,00,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു. 15 എച്ച്.പി.-യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കണ്ണൂർ പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8,000 തൊണ്ട് ചകിരിയാക്കാൻ ശേഷിയുള്ള ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-07-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ ആഭിമുഖ്യത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു.

ചകിരിയുടെ ക്ഷാമം പരിഹരിക്കുന്നതിനായി സമ്പൂർണ്ണ ആധുനീകരണത്തിന്റെ ഭാഗമായുള്ള യന്ത്രവത്കരണം നടപ്പിലാക്കാൻ സർക്കാർ ഉദ്ദേശിക്കുന്നു. എന്നാൽ ഈ രംഗത്തുള്ള പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ടുമാത്രമേ യന്ത്രവത്കരണം നടപ്പാക്കുകയുള്ളൂ. ഇതിന്റെ ഭാഗമായി ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉത്പാദനം നടത്തുന്നതിന് പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഇവിടെ തൊണ്ട് സംഭരണംമുതൽ ഉല്പന്ന നിർമ്മാണംവരെയുള്ള സംയോജിത പ്രവർത്തനങ്ങളിൽ ഊന്നൽ നൽകുന്ന യൂണിറ്റുകൾ സ്ഥാപിക്കും. ആയതിലേയ്ക്ക് 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. വൈക്കം പ്രോജക്ടിന് കീഴിൽ

7 ചകിരി മില്ലുകളും തൃശ്ശൂർ പ്രോജക്ടിനുകീഴിൽ 10 ചകിരി മില്ലുകളും പ്രവർത്തനസജ്ജമായി. ഇതടക്കം 2018 ജൂൺ മാസം പുതിയ 50 ചകിരി മില്ലുകൾ പ്രവർത്തനസജ്ജമാകും.

കയർ മേഖല തൊഴിലാളികളുടെ ജീവനോപാധി എന്ന നിലയിൽനിന്നും തൊഴിലാളികളുടെ രക്ഷാമാർഗ്ഗമാക്കി മാറ്റാൻ വേണ്ട തരത്തിലാണ് പുനരുദ്ധാരണ പദ്ധതികൾ നടപ്പിലാക്കുന്നത്. ഇതിനായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചു വരുന്നുണ്ട്. പരമ്പരാഗത കയർ തൊഴിലാളി മേഖലയിലെ തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനും തൊഴിൽ സംരക്ഷിക്കാനും ഈ സർക്കാർ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കയർ സഹകരണ സംഘങ്ങൾക്ക് പുനരുദ്ധാരണ പദ്ധതിപ്രകാരം സ്ഥിര/പ്രവർത്തന മൂലധനം നൽകുന്നു.
2. കയർ സഹകരണ സംഘങ്ങൾക്ക് അടിസ്ഥാന സൗകര്യ വികസനം ഉൾപ്പെടെയുള്ള ധനസഹായം നൽകിവരുന്നു.
3. കയറും കയറുൽപ്പന്നങ്ങളുടെയും വിൽപ്പനയ്ക്കുള്ള വിപണി വികസന സഹായം (എം.ഡി.എ.) നൽകിവരുന്നു.
4. കയർ മേഖലയിലെ സംരംഭകർക്ക് മാർജിൻ മണി വായ്പ നൽകുന്നു.
5. പ്രത്യേക നിക്ഷേപ സഹായ പദ്ധതിയിലൂടെ (സ്പെഷ്യൽ ഇൻവെസ്റ്റ്മെന്റ് സബ്സിഡി) നൽകിവരുന്നു.
6. കയർ വ്യവസായത്തിൽ യന്ത്രവത്കരണം നടപ്പിലാക്കുന്നു.
7. ഉൽപ്പാദനവും വിപണന പ്രചോദനവും (പി.എം.ഐ.) പദ്ധതിയിലൂടെ ആനുകൂല്യം നൽകിവരുന്നു.
8. വില വ്യതിയാനം പരിഹരിക്കുന്നതിനുള്ള പദ്ധതി നടപ്പിലാക്കി വരുന്നു.
9. കയർ മേഖലയിൽ ക്ലസ്റ്റർ വികസന പരിപാടി നടപ്പിലാക്കിവരുന്നു.
10. കയർ സഹകരണ സംഘങ്ങളിൽ സർക്കാരിന്റെ ഓഹരി പങ്കാളിത്തം നൽകുന്നു.
11. കയർ ജിയോ ടെക്സ്റ്റൈൽസ് പദ്ധതി നടപ്പിലാക്കിവരുന്നു.
12. കയർപിരി/ഡീഫൈബറിംഗ് മേഖലയിൽ കൂലിയുടെ നല്ലൊരു വിഹിതം സർക്കാർതന്നെ നൽകുന്ന രീതിയിൽ ഇൻകം സപ്പോർട്ട് പദ്ധതി നടപ്പിലാക്കിവരുന്നു.

13. കയർ തൊഴിലാളികൾക്ക് പെൻഷൻ പദ്ധതി നടപ്പിലാക്കിവരുന്നു.

14. യന്ത്രവത്കരണം പൂർത്തീകരിക്കുന്നതോടെ വേതന ഘടനയിൽ മാറ്റമുണ്ടാക്കാനാകും. നിലവിൽ വരുമാനം ഉറപ്പാക്കൽ പദ്ധതിവഴി സർക്കാർ സഹായം നൽകിവരുന്നുണ്ട്.

15. കഴിഞ്ഞ ഓണക്കാലത്ത് കയർഫെഡ്, ഫോമിൽ, കയർ കോർപ്പറേഷൻ എന്നീ പൊതുമേഖലാ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ കേരളത്തിൽ 118 ഓളം സ്റ്റാളുകളിലൂടെ കയർ ഉൽപ്പന്നങ്ങൾ ആകർഷകമായ സമ്മാന പദ്ധതികളിലൂടെ വിറ്റഴിക്കാനുള്ള പദ്ധതി നടപ്പിലാക്കി.

മാനേജീരിയൽ സബ്സിഡി സ്കീം നടപ്പാക്കിവരുന്നു.

(സി) ചകിരി ദൗർലഭ്യമാണ് കയർ മേഖല നേരിടുന്ന പ്രധാന വെല്ലുവിളി. ഇത് പരിഹരിക്കാനായി കയറിന്റെ രണ്ടാം പുനഃസംഘടനയുടെ ഭാഗമായി നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. ആധുനിക സാങ്കേതിക വിദ്യയുടെ സഹായത്തോടെ വിവിധ ഏജൻസികളെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനും പൂർണ്ണമായ യന്ത്രവത്കരണം നടപ്പിലാക്കി പരമാവധി ചകിരി ഉൽപ്പാദിപ്പിച്ച് കയർ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനും ഉൽപ്പന്ന വൈവിദ്ധ്യവൽക്കരണത്തിലൂടെ വിപണനം ശക്തിപ്പെടുത്തി കയർ മേഖലയെ സ്വയംപര്യാപ്തമാക്കുന്നതിനും കയർ രണ്ടാം പുനഃസംഘടന വഴി ലക്ഷ്യമിടുന്നു. അതോടൊപ്പം മെച്ചപ്പെട്ട പ്രവർത്തനം കാഴ്ചവയ്ക്കുന്നതിനായി കയർ സഹകരണ സംഘങ്ങളെ പുനഃസംഘടിപ്പിക്കുന്നതിനും രണ്ടാം പുനഃസംഘടനയിലൂടെ ലക്ഷ്യമിടുന്നു. പരമ്പരാഗത മേഖലയിൽ തുടരുന്ന തൊഴിലാളികൾക്ക് തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കിക്കൊണ്ടാണ് പുനഃസംഘടന നടപ്പിലാക്കുന്നത്.

പരമ്പരാഗത കയർ തൊഴിലാളികൾക്ക് 200 ദിവസത്തെ തൊഴിലും മിനിമം കൂലിയും ഉറപ്പുവരുത്തുന്നതിനുള്ള പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നുണ്ട്. 2017-ലെ കയർ കേരളയിൽവച്ച് 120 കോടി രൂപയുടെ കയർ ഭൂവസ്ത്ര പദ്ധതിക്ക് ധാരണാപത്രം ഒപ്പുവച്ചിട്ടുണ്ട്. ചകിരി വില ക്രമാതീതമായി വർദ്ധിക്കുകയാണ്. സബ്സിഡി നൽകി കയർഫെഡുവഴി സർക്കാർ സംഘങ്ങൾക്ക് ചകിരി ലഭ്യമാക്കിവരുന്നുണ്ട്. വരുമാനം ഉറപ്പാക്കൽ പദ്ധതി പ്രകാരം തൊഴിലും അംഗീകൃത കൂലിയും ഉറപ്പാക്കുന്നതിനായി ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം 26,51,83,457 രൂപ നാളിതുവരെ അനുവദിച്ചുനൽകിയിട്ടുണ്ട്.

കയർ സഹകരണ സംഘങ്ങളുടെ പുനരുദ്ധാരണത്തിനായി 12 കോടി രൂപ പ്രവർത്തന മൂലധനം 2017-18 സാമ്പത്തിക വർഷം അനുവദിച്ചിട്ടുണ്ട്. ആയതിൽ 417 കയർ സഹകരണ സംഘങ്ങൾക്ക് 6.66 കോടി രൂപ പ്രവർത്തന മൂലധനമായി നൽകിക്കഴിഞ്ഞിട്ടുണ്ട്. കയർ സഹകരണ സംഘങ്ങളുടെ അടിസ്ഥാന സൗകര്യ വികസനത്തിനായി 2016-17 വർഷം 36 സംഘങ്ങൾക്ക് 2,15,70,344 രൂപയും 2017-18 വർഷം 40 സംഘങ്ങൾക്ക് 1,83,88,814 രൂപയും അനുവദിച്ചു നൽകിയിട്ടുണ്ട്.

യന്ത്രവത്കരണത്തിന്റെ ഭാഗമായി 100 ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. 10 എച്ച്.പി.-യുടെ 60 ഡി.എഫ്. മെഷീൻ കയർ മെഷിനറി ഫാക്ടറിവഴി വിതരണം ചെയ്തിട്ടുണ്ട്. 15 എച്ച്.പി.-യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചുനൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലും ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനുള്ള 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇലക്ട്രോണിക് റാട്ടുകൾ കയർ സഹകരണ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ ആട്ടോമാറ്റിക് സ്പിന്നിംഗ് മെഷീൻ, ഇന്റഗ്രേറ്റഡ് കയർ പ്രോസസ്സിംഗ് യൂണിറ്റ്, വില്ലോയിംഗ് മെഷീൻ എന്നിവ സംഘങ്ങളിൽ സ്ഥാപിക്കുന്നതിനും മെഷിനറി ഫാക്ടറിക്ക് തുക അനുവദിച്ചിട്ടുണ്ട്.

## ചകിരി ഉൽപ്പാദനവും തൊഴിലാളി ക്ഷേമവും

149(597) ശ്രീ. അടൂർ പ്രകാശ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതിയിൽ ഈ സർക്കാർ നാളിതുവരെ ശേഖരിച്ച തൊണ്ടുകൾ ഏതെല്ലാം ആവശ്യങ്ങൾക്കായി വിനിയോഗിച്ചുവെന്ന് വെളിപ്പെടുത്തുമോ;

(ബി) പ്രസ്തുത പദ്ധതികൊണ്ട് എന്തെല്ലാം പ്രയോജനങ്ങൾ കയർ മേഖലയിലുള്ള തൊഴിലാളികൾക്ക് ലഭിക്കുന്നുവെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതികൊണ്ട് തൊഴിലാളികൾക്കു നാളിതുവരെ എന്തെല്ലാം ആനുകൂല്യങ്ങൾ നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഈ പദ്ധതി പ്രകാരം ഇനി എന്തെല്ലാം ആനുകൂല്യങ്ങൾ കയർ മേഖലയിലെ തൊഴിലാളികൾക്ക് ലഭിക്കുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതിപ്രകാരം നാളിതുവരെ ശേഖരിച്ച തൊണ്ടുകൾ കയർ മേഖലയിലെ സഹകരണ സംഘങ്ങളുടെ അസംസ്കൃത വസ്തുവായ ചകിരിയുടെ ഉൽപ്പാദനത്തിന് വിനിയോഗിച്ചു.

(ബി) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതിയുടെ പ്രധാന പ്രയോജനം കയർ സഹകരണ സംഘങ്ങൾക്ക് കയർ മേഖലയിലെ അസംസ്കൃത വസ്തുവായ പച്ചത്തൊണ്ടിന്റെ ചകിരിയും അഴുക്ക തൊണ്ടിന്റെ ചകിരയും സുഗമമായി ലഭ്യമാകുന്നു എന്നുള്ളതാണ്. ഇതിന്റെ ഭാഗമായി വിവിധ പ്രോജക്ടുകൾക്കു കീഴിൽ 100 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിലേയ്ക്കായി 8,15,00,000 രൂപ കേരള സ്റ്റേറ്റ് കയർ മെഷീനറി മാനുഫാക്ചറിംഗ് കമ്പനിക്ക് അനുവദിച്ചിട്ടുണ്ട്. ചകിരി ഉൽപ്പാദനത്തിന് 2018-19 സാമ്പത്തിക വർഷത്തിൽ 500 മില്ലുകൾ സ്ഥാപിക്കുന്നതിന് ലക്ഷ്യം വയ്ക്കുന്നു. 36 മില്ലുകൾ സഹകരണ മേഖലയിൽ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഉടനെ പൂർത്തിയാകും.

(സി) നിലവിലുള്ള തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതിപ്രകാരം തൊണ്ട് ശേഖരിച്ചുനൽകുന്ന തൊഴിലാളികൾക്ക് പ്രതിദിന വേതനമായി 400 പച്ചത്തൊണ്ടിന് 160 രൂപയും കൂട്ടുതലായി സംഭരിക്കുന്ന ഓരോ 50 പച്ചത്തൊണ്ടിന് 20 രൂപ വീതവും സർക്കാർ വിഹിതം നൽകുന്നു. ഉണക്കത്തൊണ്ടിന് 600 എണ്ണത്തിന് 150 രൂപയും അധിക ഓരോ 100 എണ്ണത്തിന് 25 രൂപ വീതവും സർക്കാർ വിഹിതം നൽകുന്നു.

(ഡി) തൊണ്ട് സംഭരണവും ചകിരി ഉൽപ്പാദനവും പദ്ധതിയിലൂടെ ചകിരി ലഭ്യത സുഗമമാകുകയും അതുവഴി തൊഴിലാളികളുടെ ഉത്പാദനക്ഷമത വർദ്ധിക്കുകയും തത്ഫലമായി അവർക്ക് വരുമാന വർദ്ധനവുണ്ടാകുകയും ചെയ്യും.

**കയർ കേരള 2017**

150(598) <u>ശ്രീ. അടൂർ പ്രകാശ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർ കേരള 2017 ൽ 100 കോടി രൂപയുടെ വിദേശ വിപണി പ്രതീക്ഷിച്ചിരുന്നതിൽ നാളിതുവരെ എത്ര രൂപ ലഭിച്ചുവെന്നും ഏതെല്ലാം വിഭാഗത്തിലെന്നും വെളിപ്പെടുത്തുമോ;

(ബി) ഡൊമസ്റ്റിക് മാർക്കറ്റിലെ തൊഴിലുറപ്പ് പദ്ധതി പ്രകാരം 120 കോടി രൂപയുടെ ധാരണാപത്രം ഒപ്പ് വച്ചതനുസരിച്ച് നാളിതുവരെ എത്ര കയർ ഭൂവസ്ത്രം നിർമ്മിച്ച് നൽകിയെന്നും അവ എവിടെയെല്ലാമാണ് നിർമ്മിച്ചതെന്നും വെളിപ്പെടുത്തുമോ;

(സി) കയർ കേരളയ്ക്ക് സർക്കാർ 3.57 കോടി രൂപ അനുവദിച്ചത് ഏതെല്ലാം തലങ്ങളിൽ ഏതെല്ലാം ആവശ്യങ്ങൾക്കായാണ് വിനിയോഗിച്ചതെന്ന് ഇനം തിരിച്ച് വെളിപ്പെടുത്തുമോ;

(ഡി) കയർ കേരളയിൽ ലഭിച്ചത് ഏതെല്ലാം ഓർഡറുകളാണ്; അവയിൽ ഓരോന്നിന്റെയും നിലവിലെ സ്ഥിതി വിശദീകരിക്കുമോ?

ഉത്തരം

(എ) കയർ വ്യവസായത്തിനാകെ ഗുണകരമാകുന്ന തരത്തിൽ നമ്മുടെ കയർ മേഖലയുടെ ശക്തിയും വൈവിദ്ധ്യവും ബയേഴ്സിന് പരിചയപ്പെടുത്തുന്ന ഒരു ബിസിനസ് മീറ്റിംഗാണ് കയർ കേരള. അതിന്റെ മെച്ചം വ്യവസായത്തിന് ഉണ്ടാകുന്നുണ്ട്. കേരളത്തിൽനിന്നുള്ള കയർ ഉൽപ്പന്ന കയറ്റുമതിക്ക് കയർ കേരള വലിയതോതിൽ സഹായമാകുന്നുണ്ട്.

(ബി) 120 കോടി രൂപയുടെ ധാരണാപത്രപ്രകാരം ഗ്രാമപഞ്ചായത്തുകൾക്ക് പൊതുമേഖലാ സ്ഥാപനങ്ങൾവഴി ആവശ്യാനുസരണം ഭൂവസ്ത്രം വിതരണം ചെയ്തുവരുന്നു. 2018 മേയ് മാസം വരെ ആകെ 37,43,416.12 സ്ക്വയർ മീറ്റർ ഭൂവസ്ത്രം വിതരണം ചെയ്യാൻ കഴിഞ്ഞു. കയർ കോർപ്പറേഷൻ, കയർഫെഡ്, ഫോമിൽ എന്നിവ വഴിയാണ് കയർ ഭൂവസ്ത്രം നിർമ്മിച്ചുനൽകിവരുന്നത്. 120 കോടി രൂപയുടെ ധാരണാപത്രപ്രകാരം കയർ കോർപ്പറേഷൻ പ്രവർത്തിക്കുന്നതിന് അനുവദിച്ച 7 ജില്ലകിളിലെ വിവിധ ഗ്രാമപഞ്ചായത്തുകൾക്കായി ആകെ 17.50 കോടി രൂപ വിലവരുന്ന 2689.978 ച.മീറ്റർ കയർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഫോം മാറ്റിംഗ്സ് (ഇൻഡ്യാ) ലിമിറ്റഡ് 3.20 കോടി രൂപയുടെ കയർ ഭൂവസ്ത്രം ഇതുവരെ വിതരണം ചെയ്തിട്ടുണ്ട്. കയർഫെഡിന്റെ ചുമതലയിലുള്ള തിരുവനന്തപുരം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് ജില്ലകളിൽ ഇന്നേവരെ 764471.50 സ്ക്വയർ മീറ്റർ ഭൂവസ്ത്രം വിതരണം ചെയ്തിട്ടുണ്ട്. ഈ പ്രവർത്തനം തുടരുകയാണ്.

(സി) കയർ കേരള 2017 നടത്തിപ്പിനായി കയർ കോർപ്പറേഷന് അനുവദിച്ച 3.57 കോടി രൂപയുടെ കണക്കുകൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഡി) കയർ വ്യവസായത്തിനാകെ ഗുണകരമാകുന്നതരത്തിൽ നമ്മുടെ കയർ മേഖലയുടെ ശക്തിയും വൈവിദ്ധ്യവും ബയേഴ്സിന് പരിചയപ്പെടുത്തുന്ന ഒരു ബിസിനസ് മീറ്റിംഗാണ് കയർ കേരള. അതിന്റെ മെച്ചം വ്യവസായത്തിന് ഉണ്ടാകുന്നുണ്ട്. കേരളത്തിൽനിന്നുള്ള കയർ ഉൽപ്പന്ന കയറ്റുമതിക്ക് കയർ കേരള വലിയതോതിൽ സഹായമാകുന്നുണ്ട്.

## നാളികേര ഉത്പാദനം

151(599) ശ്രീ. എം. ഉമ്മർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിന്റെ നാളികേര ഉത്പാദനത്തിന്റെ 5 ശതമാനം മാത്രമാണ് ചകിരി വേർതിരിക്കുന്നതിനായി ഉപയോഗിക്കുന്നതെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ചകിരി ഇറക്കുമതി ചെയ്യേണ്ടിവരുന്നത് ഇക്കാര്യം മൂലമാണോ എന്നത് പരിശോധിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഗാർഹിക തൊണ്ട് സംഭരണത്തിന് എന്തെങ്കിലും സ്ഥിരം സംവിധാനം നിലവിലുണ്ടോ; എങ്കിൽ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കേരളത്തിന്റെ നാളികേര ഉത്പാദനത്തിന്റെ വളരെ കുറച്ചുഭാഗം മാത്രമാണ് ചകിരി വേർതിരിക്കുന്നതിനായി ഉപയോഗിക്കുന്നത് എന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ചകിരി ദൗർലഭ്യം ഈ മേഖല നേരിടുന്ന പ്രധാന പ്രശ്നമാണ്. കയർഫെഡ് ആഗോള ടെണ്ടർ ക്ഷണിച്ച് ചകിരി ഇറക്കുമതി ചെയ്ത് സംഘങ്ങൾക്ക് ന്യായവിലയ്ക്ക് നൽകുന്നതിനുള്ള പദ്ധതി നടപ്പിലാക്കിവരുന്നു.

(ബി) കുടുംബശ്രീ പോലുള്ള സംവിധാനങ്ങൾ ഉപയോഗിച്ച് വീടുകളിൽനിന്നും പച്ചത്തൊണ്ട് ശേഖരിച്ച് ഒരു കേന്ദ്രത്തിലെത്തിച്ച് അവിടെ ഡി.എഫ്. മില്ലുകൾ സ്ഥാപിച്ച് ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. കൂടാതെ കോക്കനട്ട് പ്രൊഡ്യൂസർ കമ്പനികൾ, ഫാർമേഴ്സ് സർവ്വീസ് സെന്ററുകൾ തുടങ്ങിയവയെ ഉൾപ്പെടുത്തിക്കൊണ്ട് തൊണ്ട് സംഭരണം ശക്തമാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. 5 കൊല്ലക്കാലംകൊണ്ട് 1000 ചകിരി മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതിക്ക് തുടക്കമായി.

## തൊണ്ട് സംഭരണ പദ്ധതി

152(600) ശ്രീ. അടൂർ പ്രകാശ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുടുംബശ്രീയുടെ സഹായത്തോടെ തൊണ്ട് സംഭരിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണ്;നാളിതുവരെ എത്ര തൊണ്ട് സംഭരിച്ചുവെന്നും ഏതെല്ലാം യൂണിറ്റ് വഴിയെന്നും വ്യക്തമാക്കുമോ;

(ബി) പ്രവർത്തനരഹിതമായി കിടക്കുന്ന ചകിരിമില്ലുകൾക്ക് പകരം ശേഷികൂടിയതും കാര്യക്ഷമത ഉള്ളതുമായ 1000 ഡി.എഫ്. മില്ലുകൾ (ഡിഫൈബറിംഗ് മിൽ)സ്ഥാപിക്കുന്ന പദ്ധതി ഏതു ഘട്ടത്തിലാണെന്ന് വിശദീകരിക്കാമോ;

(സി) പി.പി.എസ്.എസ്. വഴി കയർ ഉല്പന്നങ്ങൾ സംഭരിക്കാറുണ്ടോ;എങ്കിൽ ഈ സർക്കാർ അധികാരത്തിൽ വന്നതിനു ശേഷം ഏതെല്ലാം സ്ഥലത്തുനിന്നും എത്ര ഉല്പന്നം സംഭരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ഡി) ഇങ്ങനെ സംഭരിച്ച ഉല്പന്നങ്ങൾ എവിടെയെല്ലാം വിപണനം നടത്തിയെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) കുടുംബശ്രീയുടെ സഹായത്തോടെ തൊണ്ട് സംഭരിക്കുന്ന പദ്ധതി പ്രാരംഭഘട്ടത്തിലാണ്.

(ബി) അടുത്ത 3 വർഷത്തിനുള്ളിൽ 1000 ഡി.എഫ്. മില്ലുകൾ സ്ഥാപിച്ചുകൊണ്ട് ചകിരി ലഭ്യത ഉറപ്പുവരുത്തും എന്നതാണ് സർക്കാരിന്റെ പ്രഖ്യാപിത ലക്ഷ്യം. 15 എച്ച്.പി.-യുടെ 65 ഡി.എഫ്. മെഷീൻ സ്ഥാപിക്കുന്നതിന് 3,08,75,000 രൂപ മെഷിനറി ഫാക്ടറിക്ക് അനുവദിച്ചു നൽകിയിട്ടുണ്ട്. പ്രസ്തുത മെഷീനുകളുടെ വിതരണം ആരംഭിച്ചിട്ടുണ്ട്.

കുടുംബശ്രീ യൂണിറ്റുകളുമായി ബന്ധപ്പെട്ട് എല്ലാ ജില്ലകളിലുമായി 100 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്നതിനായി 8,15,00,000 രൂപയുടെ പ്രൊപ്പോസലിന് ഭരണാനുമതി നൽകിയിട്ടുണ്ട്. 2500 ഇലക്ട്രോണിക് റാട്ടുകൾ സംഘങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. 5300 ഇലക്ട്രോണിക് റാട്ടുകൾ അടിയന്തരമായി സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പൊന്നാനി പ്രോജക്ട് ഓഫീസിന്റെ പരിധിയിൽ വരുന്ന പാലക്കാട് ജില്ലയിലെ നെന്മാറ നിയോജകമണ്ഡലത്തിലെ വടവന്നൂർ പഞ്ചായത്തിൽ കയർഫെഡിന്റെ ആഭിമുഖ്യത്തിൽ 30,000 തൊണ്ടുവീതം ചകിരിയാക്കാൻ ശേഷിയുള്ള 2 ഡി.എഫ്. മെഷീനുകൾ സ്ഥാപിക്കുന്ന പ്രോജക്ടിൽ ഒരെണ്ണം സ്ഥാപിച്ചുകഴിഞ്ഞു. കണ്ണൂർ

പ്രോജക്ട് പരിധിയിൽ വരുന്ന അമ്മാനപ്പാറ വില്ലേജിൽ ദിവസേന 8,000 തൊണ്ട് ചകിരിയാക്കാൻ ശേഷിയുള്ള ഡി.എഫ്. യൂണിറ്റ് കുടുംബശ്രീ യൂണിറ്റായി 13-07-2017-ന് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കോഴിക്കോട് ചക്കിട്ടപ്പാറയിൽ പേരാമ്പ്ര കോക്കനട്ട് പ്രൊഡ്യൂസേഴ്സ് കമ്പനിയുടെ ആഭിമുഖ്യത്തിൽ ഹെവി ഡ്യൂട്ടി ഡി.എഫ്. മെഷീൻ സ്ഥാപിച്ചുകഴിഞ്ഞു. വൈക്കം പ്രോജക്ടിന് കീഴിൽ 7 ചകിരി മില്ലുകളും തൃശ്ശൂർ പ്രോജക്ടിൽ 10 ചകിരി മില്ലുകളും പ്രവർത്തനസജ്ജമായിട്ടുണ്ട്. 2018 ജൂൺ മാസത്തിൽ ഇതടക്കം 50 ഡി.എഫ്. മില്ലുകൾ പ്രവർത്തനസജ്ജമാകും.

(സി) പി.പി.എസ്.എസ്. വഴി കയർ ഉൽപ്പന്നങ്ങൾ സംഭരിക്കാറുണ്ട്. ചേർത്തല അമ്പലപ്പുഴ താലൂക്കിലുള്ള ചെറുകിട ഉൽപ്പാദക സഹകരണ സംഘങ്ങളിൽനിന്നും 250 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ സംഭരിച്ചിട്ടുണ്ട്.

(ഡി) സംഭരിച്ച ഉൽപ്പന്നങ്ങൾ പ്രധാനമായും കയർ കയറ്റുമതിക്കാർവഴിയും ഇതോടൊപ്പം കാശ്മീർ, ഡൽഹി, വടക്ക് കിഴക്കൻ സംസ്ഥാനങ്ങൾ എന്നിവിടങ്ങളിൽ പുതിയ ഡിസ്ട്രിബ്യൂട്ടർമാരെയും ഡീലർമാരെയും കണ്ടെത്തി അവരുടെ സഹായത്താൽ ഗോഡൗണുകൾ ആരംഭിച്ചതിനുശേഷം അവർ വഴിയും കൂടാതെ ആന്ധ്രാപ്രദേശ്, ചെന്നൈ, ഗുജറാത്ത്, കൽക്കട്ട, ഉത്തർപ്രദേശ് എന്നീ സംസ്ഥാനങ്ങളിൽ വിപണനശാലകൾവഴിയും കേരളത്തിലുടനീളം ഷോറൂമുകൾ ഉത്സവവിപണന കാമ്പയിനുകൾ എന്നിവവഴിയും ആകെ 225 കോടി രൂപയുടെ ഉൽപ്പന്നങ്ങൾ വിപണനം നടത്തിക്കഴിഞ്ഞു.

## കയർ സഹകരണ സൊസൈറ്റികൾ

153(601) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കയർഫെഡിൽ അഫിലിയേഷൻ ഉള്ള എറണാകുളം ജില്ലയിലെ കയർ സഹകരണ സൊസൈറ്റികൾ ഏതെല്ലാമെന്ന് വ്യക്തമാക്കാമോ;

(ബി) ഇത്തരം സൊസൈറ്റികളുടെ പേരിലുള്ള സ്ഥാവര ജംഗമ സ്വത്തുക്കൾ എവിടെയെല്ലാമാണ് ഉള്ളതെന്ന് വിശദമാക്കാമോ;

(സി) കയർ സഹകരണ സൊസൈറ്റികളുടെ പേരിൽ വാങ്ങിയ വസ്തുവകകൾ ഇപ്പോൾ ആരുടെ കൈവശമാണെന്ന് വ്യക്തമാക്കാമോ?

### ഉത്തരം

(എ)

1. പൂത്തോട്ട കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 334, പൂത്തോട്ട പി.ഒ., ഉദയംപേരൂർ (വഴി), വൈക്കം -682 307

2. മണക്കുന്നം പറവൂർ കയർ വ്യവസായ സഹകരണ സംഘം, ലിമിറ്റഡ് നമ്പർ 93, സൗത്ത് പറവൂർ, തൃപ്പൂണിത്തുറ-682 320

3. ഉദയംപേരൂർ കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 94, നടക്കാവ് പി. ഒ., തൃപ്പൂണിത്തുറ, എറണാകുളം-682 307

4. ചെല്ലാനം വില്ലേജ് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 515

5. പെരുമ്പടപ്പ് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 388, പള്ളുരുത്തി, കൊച്ചി -682 005

6. പള്ളിപ്പുറം കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 715, ചെറായി പി. ഒ., കൊച്ചി -683514 എറണാകുളം ജില്ല.

7. കുഴപ്പിള്ളി കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 582, അയ്യമ്പിള്ളി പി. ഒ., കൊച്ചി, എറണാകുളം -682 501

8. ചെറായി കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 581, ചെറായി പി. ഒ., കൊച്ചി -683514

9. ഗുണ്ടു ഐലന്റ് കയർ പ്രോഡക്ട്സ് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 297, ഇളംകുന്നപ്പുഴ പി. ഒ., കൊച്ചി -682 503

10. മാച്ചൻതുരുത്ത് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 500, വടക്കേക്കര പി. ഒ., നോർത്ത് പറവൂർ -683 522

11. വാവക്കാട് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 145, മൂത്തകുന്നം പി. ഒ., നോർത്ത് പറവൂർ -683 516

12. വടക്കേക്കര തുരുത്തിപ്പുരം കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 468, തൃപ്പൂണിത്തുറ പി. ഒ., കൊച്ചി -682 301

13. ചെട്ടികാട് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 173, കുഞ്ഞിത്തായ് പി. ഒ., വടക്കേക്കര നോർത്ത് പറവൂർ -683 522

14. മടപ്ലാംതുരുത്ത് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 409, മടപ്ലാംതുരുത്ത്, മൂത്തകുന്നം പി. ഒ., നോർത്ത് പറവൂർ -683 516

15. മൂത്തകുന്നം കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ 51, മൂത്തകുന്നം, നോർത്ത് പറവൂർ -683 516

16. കുട്ടുകാട് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 583, കുട്ടുകാട്, വടക്കുംപുറം പി.ഒ., നോർത്ത് പറവൂർ -683 521

17. കോട്ടുവള്ളി കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 669, കയ്ത്താരം, നോർത്ത് പറവൂർ -683 519

18. പാലിയത്തുരുത്ത് കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 666, വടക്കേക്കര പി.ഒ., നോർത്ത് പറവൂർ -683 522

19. പൂയപ്പിള്ളി കയർ വ്യവസായ സഹകരണ സംഘം ലിമിറ്റഡ് നമ്പർ ഇ. 670, ചിറ്റാറ്റുകര, വടക്കേക്കര പി.ഒ., നോർത്ത് പറവൂർ -671311.

(ബി) എറണാകുളം ജില്ലയിലെ വടക്കൻ പറവൂർ കയർ പ്രോജക്ട് ഓഫീസിനുകീഴിൽ വരുന്ന സൊസൈറ്റികളുടെ പേരിലുള്ള സ്ഥാവര ജംഗമ വസ്തുക്കളുടെ വിശദവിവര പട്ടിക അനുബന്ധമായി ചേർത്തിട്ടുണ്ട്.*

(സി) ലിക്വിഡേഷൻ സംഘങ്ങളുടെ വസ്തുവകകൾ ലിക്വിഡേഷൻ ഇൻസ്പെക്ടറുടെ കൈവശവും മറ്റുസംഘങ്ങളുടെ വസ്തുവകകൾ അതത് ഭരണസമിതികളുടെ കൈവശവുമാണുള്ളത്

## കയർ ഭൂവസ്ത്ര വിപണനം

154(602) <u>ശ്രീ. മഞ്ഞളാംകുഴി അലി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കയർ ഭൂവസ്ത്രവിപണനം വഴി കയർ ബോർഡിന് എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്ന് വിശദമാക്കാമോ;

(ബി) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക് കയർ ഭൂവസ്ത്രങ്ങൾ വിപണനം നടത്തിയതുവഴി എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്;

(സി) മറ്റുള്ളവർക്ക് വിപണനം നടത്തിയതുവഴി എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്;

(ഡി) ഇതിൽ കയറ്റുമതി വഴി എത്ര രൂപയുടെ വിറ്റുവരവ് ഉണ്ടായിട്ടുണ്ട്; വിശദാംശം ലഭ്യമാക്കാമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ഇ) തദ്ദേശഭരണ സ്ഥാപനങ്ങൾക്ക്കയർ ഭൂവസ്ത്ര വിപണനം നടത്തിയത് വഴി കയർ ബോർഡിന് ആകെ വിറ്റുവരവിന്റെ എത്ര ശതമാനം സ്വരൂപിക്കാൻ കഴിഞ്ഞിട്ടുണ്ടെന്നും മറ്റിനങ്ങളിൽ എത്ര ശതമാനം വീതം വിറ്റുവരവ് ഉണ്ടായിട്ടുണ്ടെന്നുമുള്ള വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) കയർ ബോർഡ് കേന്ദ്രസർക്കാർ നിയന്ത്രണത്തിലുള്ള സ്ഥാപനമാണ്. പ്രസ്തുത സ്ഥാപനം കയർ ഭൂവസ്ത്രം വിതരണം ചെയ്തത് സംബന്ധിച്ച വിശദാംശങ്ങൾ സംസ്ഥാന കയർ വികസന വകുപ്പിൽ ലഭ്യമായിട്ടില്ല. കയർ ബോർഡിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

(ബി) കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന വിവിധ ഗ്രാമപഞ്ചായത്തുകൾക്ക് കയർ ഭൂവസ്ത്രം വിതരണം ചെയ്യുകവഴി നാളിതുവരെ 27.60 കോടി രൂപയുടെ വിറ്റുവരവ് നേടാൻ കഴിഞ്ഞിട്ടുണ്ട്.

(സി) കയർഫെഡ്, കേരള സംസ്ഥാന കയർ കോർപ്പറേഷൻ, ഫോം മാറ്റിംഗ്സ് (ഇൻഡ്യ) ലിമിറ്റഡ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങൾ മുഖേന മറ്റുള്ളവർക്ക് കയർ ഭൂവസ്ത്രം വിതരണം നടത്തിയതുവഴി 86.17 കോടി രൂപയുടെ വിറ്റുവരവ് നേടിയിട്ടുണ്ട്.

(ഡി) കയർ പൊതുമേഖലാ സ്ഥാപനങ്ങൾ കയറ്റുമതിക്കാർക്ക് 86.10 കോടി രൂപയുടെ കയർ ഭൂവസ്ത്രം വിറ്റിട്ടുണ്ട്.

| | | |
|---|---|---|
| കയർ കോർപ്പറേഷൻ 2016-17 | - | 35 കോടി |
| 2017-18 | - | 51 കോടി |
| കയർഫെഡ് | - | 9.98 ലക്ഷം |

(ഇ) കേന്ദ്രസർക്കാർ സ്ഥാപനമായ കയർ ബോർഡിൽനിന്നും വിവരം ശേഖരിച്ചുവരുന്നു.

## കയർ വകുപ്പിന്റെ സ്ഥാപനങ്ങൾ

155(603) <u>ശ്രീ. ഡി. കെ. മുരളി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാമനപുരം നിയോജകമണ്ഡലത്തിൽ കയർ വകുപ്പിന്റെ ഏതെങ്കിലും സ്ഥാപനങ്ങൾ നിലവിൽ പ്രവർത്തിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഏതെല്ലാമെന്ന് വിശദമാക്കുമോ;

(സി) ഇല്ലെങ്കിൽ സ്ഥാപനം ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുമോ; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ & ബി) വാമനപുരം നിയോജകമണ്ഡലത്തിൽ കയർ സഹകരണ സംഘങ്ങളോ സ്വകാര്യ കയർ ഉൽപ്പാദക യൂണിറ്റുകളോ നിലവിലില്ല.

(സി) ചകിരി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി സംസ്ഥാനത്തൊട്ടാകെ 1000 ഡീഫൈബറിംഗ് മില്ലുകൾ സ്ഥാപിക്കുന്നതിനായി സർക്കാർ തീരുമാനിച്ചിട്ടുണ്ട്. ആയതിന്റെ അടിസ്ഥാനത്തിൽ ജില്ലയിലെ കുടുംബശ്രീ യൂണിറ്റുമായി ബന്ധപ്പെട്ട് ഡി.എഫ്. യൂണിറ്റ് സ്ഥാപിക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു. വാമനപുരം നിയോജകമണ്ഡലത്തിൽ കുടുംബശ്രീ യൂണിറ്റുകൾ മുഖാന്തരം ഡീഫൈബറിംഗ് യൂണിറ്റ് സ്ഥാപിക്കുന്നതിനായി കുടുംബശ്രീ ജില്ലാ മിഷനുമായി ബന്ധപ്പെട്ട് തുടർനടപടികൾ സ്വീകരിച്ചുവരുന്നു.

**വീണ്ടും തുറന്ന വ്യവസായ സ്ഥാപനങ്ങൾ**

156(T*604) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിലേറിയ ശേഷം അടച്ചുപൂട്ടിയിരുന്ന എത്ര വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചുവെന്ന് വിശദമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിവിധ ജില്ലകളിൽ അടച്ചുപൂട്ടിയിരുന്ന 45 വ്യവസായ സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിപ്പിച്ചിട്ടുണ്ട്. അവയുടെ വിശദാംശങ്ങൾ താഴെപ്പറയും പ്രകാരമാണ്:

| ക്രമ നമ്പർ | ജില്ലയുടെ പേര് | വ്യവസായ സ്ഥാപനങ്ങളുടെ എണ്ണം |
|---|---|---|
| (1) | (2) | (3) |
| 1 | തിരുവനന്തപുരം | 1 |
| 2 | കൊല്ലം | 2 |
| 3 | പത്തനംതിട്ട | NIL |
| 4 | ആലപ്പുഴ | 2 |

* 'T' മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു.

| (1) | (2) | (3) |
|---|---|---|
| 5 | കോട്ടയം | Nil |
| 6 | ഇടുക്കി | 3 |
| 7 | എറണാകുളം | 2 |
| 8 | തൃശ്ശൂർ | 8 |
| 9 | പാലക്കാട് | 6 |
| 10 | മലപ്പുറം | 7 |
| 11 | കോഴിക്കോട് | 6 |
| 12 | വയനാട് | NIL |
| 13 | കണ്ണൂർ | 2 |
| 14 | കാസർഗോഡ് | 6 |
| | ആകെ | 45 |

**മെഡ്സ് പാർക്ക്**

157(605) <u>ശ്രീ. എം. സ്വരാജ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് 'മെഡ്സ് പാർക്ക് ' സ്ഥാപിക്കുന്നതിന് സർക്കാർ തീരുമാനിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ മെഡ്സ് പാർക്ക് സ്ഥാപിക്കുന്നത് എവിടെയെന്ന് വ്യക്തമാക്കുമോ;

(സി) ഈ പദ്ധതിയിലൂടെ സർക്കാർ ലക്ഷ്യമിടുന്നത് എന്തെന്ന് അറിയിക്കുമോ ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ തോന്നയ്ക്കലിലെ ലൈഫ് സയൻസ് പാർക്കിൽ 9 ഏക്കർ സ്ഥലത്ത് കെ.എസ്.ഐ.ഡി.സി.-യുടെയും ശ്രീചിത്ര ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജിയുടെയും സംയുക്ത സംരംഭമാണ് മെഡ്സ് പാർക്ക്.

(സി) ബയോ മെഡിക്കൽ മേഖലയിൽ സാങ്കേതിക വികസനത്തിനുള്ള

വർദ്ധിച്ച അറിവും ശേഷിയും നൽകുക, ബിസിനസ് ഇൻക്യുബേഷൻ, മെഡിക്കൽ ഉപകരണങ്ങളുടെ നിലവാര പരിശോധന, ഉൽപ്പാദനം എന്നിവയാണ് മെഡ്സ് പാർക്ക് പദ്ധതിയുടെ പ്രധാന ലക്ഷ്യങ്ങൾ. ആധുനിക മെഡിക്കൽ ഉപകരണങ്ങളുടെ നിർമ്മാണത്തിനും സജ്ജീകരണത്തിനും ഗവേഷണത്തിനുമുള്ള പരീക്ഷണശാലകൾ പ്രസ്തുത പാർക്കിൽ ഒരുക്കുന്നു. ഈ പാർക്ക് നിലവിൽ വരുന്നതോടെ മെഡിക്കൽ രംഗത്ത് നൂതന സാങ്കേതിക വിദ്യയിലധിഷ്ഠിതമായ ഗുണനിലവാരമുള്ള ഉൽപ്പന്നങ്ങളുടെ നിർമ്മാണവും വിപണനവും സാധ്യമാകുമെന്ന് പ്രതീക്ഷിക്കുന്നു.

M/S HLL Infratech Services Limited (HITES)-നെ പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നതിനുവേണ്ടി വിശദമായ പദ്ധതി രൂപരേഖ തയ്യാറാക്കുന്നതിനുള്ള കൺസൾട്ടന്റായി നിയോഗിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാരംഭ മാസ്റ്റർപ്ലാൻ കൺസൾട്ടന്റ് തയ്യാറാക്കിയിട്ടുണ്ട്.

ഇൻഡ്യാ ഗവൺമെന്റിന്റെയും കേരള ഗവൺമെന്റിന്റെയും കെ.എസ്.ഐ.ഡി.സി.-യുടെയും വിഹിതവും ടേം ലോണുമാണ് പദ്ധതിയുടെ സാമ്പത്തിക സ്രോതസ്സുകൾ. ഇതിനായി 2018-19 സാമ്പത്തിക വർഷത്തിൽ സംസ്ഥാന വിഹിതമായി 4750.00 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിക്ക് സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലം

158(606) ശ്രീ. ബി. ഡി. ദേവസ്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊരട്ടിയിലെ വൈഗൈ ത്രഡ്സ് കമ്പനിക്ക് സർക്കാർ പാട്ടത്തിന് നൽകിയ സ്ഥലം കമ്പനി പ്രവർത്തനം അവസാനിപ്പിച്ച സാഹചര്യത്തിൽ സർക്കാർ അത്ഏറ്റെടുത്ത് അനുയോജ്യമായ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നറിയിക്കാമോ;

(ബി) വ്യവസായവകുപ്പിന്റെ ഭാഗത്ത്നിന്നും ആവശ്യമായ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ & ബി) സർക്കാർ കമ്പനിക്ക് അനുവദിച്ചുനൽകിയിരുന്ന 84.85 ഏക്കർ സ്ഥലം സർക്കാരിലേയ്ക്ക് തിരിച്ചുപിടിച്ചിട്ടുണ്ട്. കൂടാതെ കമ്പനിയുടെ ഉടമസ്ഥതയിലുള്ളതും ഇതുവരെ ഏറ്റെടുത്തിട്ടില്ലാത്തതുമായ കമ്പനി പമ്പ് ഹൗസിന്റെ സ്ഥലം റവന്യൂ റിക്കവറി നടപടികളിലൂടെ ഏറ്റെടുക്കാനുള്ള നടപടികൾ റവന്യൂ വകുപ്പ് സ്വീകരിച്ചുവരുന്നുണ്ട്.

**വ്യവസായിയുടെ ആത്മഹത്യയ്ക്ക് ഉത്തരിവാദികളായവർക്കെതിരെ നടപടി**

159(607) <u>ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വകുപ്പിലെ ഉദ്യോഗസ്ഥരുടെ പീഡനംമൂലം തിരുവനന്തപുരം വേളി വ്യവസായ എസ്റ്റേറ്റിലെ വ്യവസായിയായിരുന്ന സുരേഷ് ആത്മഹത്യ ചെയ്ത സംഭവം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആത്മഹത്യയ്ക്ക് ഉത്തവാദികളായവരുടെ പേരിൽ സ്വീകരിച്ച വകുപ്പുതല നടപടികൾ വിശദമാക്കാമോ ;

(സി) ഇത്തരം സംഭവങ്ങൾ ആവർത്തിക്കാതിരിക്കാൻ എന്തെല്ലാം നടപടികളാണ് വ്യവസായ വകുപ്പ് സ്വീകരിക്കാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) വേളി വ്യവസായ എസ്റ്റേറ്റിലെ വ്യവസായി ആത്മഹത്യ ചെയ്ത സംഭവം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) ഇതിന്റെ പേരിൽ വ്യവസായ വകുപ്പിലെ ജീവനക്കാർക്കെതിരെ വകുപ്പുതല നടപടികൾ സ്വീകരിച്ചിട്ടില്ല.

(സി) വ്യവസായ ആവശ്യങ്ങൾക്ക് സ്ഥലം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട നിയമങ്ങൾ പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**മാവൂർ ഗ്വാളിയർ റയോൺസ് കമ്പനി**

160(608) <u>ശ്രീ. പി. ടി. എ. റഹീം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂരിൽ ഗ്വാളിയർ റയൺസ് കമ്പനി പ്രവർത്തനം അവസാനിപ്പിച്ചത് ഏതു വർഷമാണെന്ന് വ്യക്തമാക്കാമോ;

(ബി) കമ്പനിയുടെ കൈവശം നിലവിലുള്ള ആകെ ഭൂമിയുടെ വിസ്തീർണ്ണം എത്ര;വ്യക്തമാക്കാമോ;

(സി) ഈ ഭൂമിയിൽ പരിസ്ഥിതി സൗഹൃദ വ്യവസായ സംരംഭം ആരംഭിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) 2017-18 വർഷ ബഡ്ജറ്റ് പ്രസംഗത്തിൽ മാവൂരിൽ ജപ്പാനീസ് കൊറിയൻ വ്യവസായ ക്ലസ്റ്റർ ആരംഭിക്കുമെന്ന് പ്രഖ്യാപനം നടത്തിയിരുന്നുവോ; എങ്കിൽ അക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ഇ) പ്രത്യേക നിയമനിർമ്മാണം നടത്തി കോംട്രസ്റ്റ് മാതൃകയിൽ മാവൂരിലെ ഭൂമി ഏറ്റെടുക്കാൻ സർക്കാർ നടപടി സ്വീകരിക്കുമോ; വിശദാംശം വെളിപ്പെടുത്താമോ ?

<u>ഉത്തരം</u>

(എ) മാവൂരിൽ ഗ്വാളിയർ റയോൺസ് കമ്പനിയുടെ പ്രവർത്തനം 2001-ൽ അവസാനിച്ചു.

(ബി) മാവൂർ ഗ്വാളിയർ റയോൺസിന് കോഴിക്കോട് ജില്ലയിൽ സിൽക്ക് മാനുഫാക്ചറിംഗ് വ്യവസായം ആരംഭിക്കുന്നതിനുവേണ്ടി ഭൂമി ഏറ്റെടുത്ത് നൽകണമെന്ന കമ്പനിയുടെ അപേക്ഷയുടെ അടിസ്ഥാനത്തിൽ 1894-ലെ ഭൂമി ഏറ്റെടുക്കൽ നിയമപ്രകാരം കോഴിക്കോട് ജില്ലയിൽ കോഴിക്കോട് താലൂക്ക് മാവൂർ വില്ലേജിൽ താഴെ കാണിച്ചിരിക്കുന്ന വിവിധ അവാർഡുകൾ പ്രകാരം ഭൂമി ഏറ്റെടുത്ത് നൽകിയിരുന്നു.

| | | |
|---|---|---|
| 1 | അവാർഡ് നമ്പർ 1/1960/തീയതി 11-03-1960 | 136.23 ഏക്കർ |
| 2 | അവാർഡ് നമ്പർ 2/1964/തീയതി 15-09-1964 | 50.90 ഏക്കർ |
| 3 | അവാർഡ് നമ്പർ 11/1965 | 0.91 ഏക്കർ |
| 4 | അവാർഡ് നമ്പർ 1/77 മുതൽ 15/77 വരെ | 52.35 ഏക്കർ |
| | ആകെ | 240.39 ഏക്കർ |

ഇതുകൂടാതെ സർക്കാർ പുറമ്പോക്ക് ഭൂമിയിൽനിന്നും ജില്ലാ കളക്ടർ 5.94 ഏക്കർ ഭൂമി കമ്പനിക്ക് ദാനമായി നൽകുകയും കമ്പനി സ്വന്തമായി 80.19.375 ഏക്കർ ഭൂമി വിലയ്ക്ക് വാങ്ങി വ്യവസായ സംരംഭം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്.

(സി) 10-10-2017-ലെ സർക്കാർ ഉത്തരവ് (എം.എസ്.)നമ്പർ 97/2017 ഐ.ഡി. പ്രകാരം കമ്പനിയുടെ കൈവശമുള്ള ഭൂമി തിരികെ ഏറ്റെടുക്കുന്നതിന് സർക്കാർ ഉത്തരവായിരുന്നു. ടി ഉത്തരവിനെതിരെ കമ്പനി ബഹുമാനപ്പെട്ട ഹൈക്കോടതി മുമ്പാകെ WP(C)33103/2017 ആയി സമർപ്പിച്ച റിട്ട് ഹർജി കോടതിയുടെ പരിഗണനയിലുമാണ്. കോടതിയിൽനിന്നുള്ള അന്തിമ വിധിയുടെ അടിസ്ഥാനത്തിൽ മാത്രമേ ഇക്കാര്യത്തിൽ തീരുമാനം എടുക്കാൻ കഴിയുകയുള്ളൂ.

(ഡി) ഉണ്ട്. വിവരം ശേഖരിച്ചുവരുന്നു.

(ഇ) ഇപ്പോൾ പരിഗണനയിലില്ല.

## വ്യവസായ സൗഹൃദ സംസ്ഥാനം

161(609) <u>ശ്രീ. എം. സ്വരാജ് </u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി നിലവിലുണ്ടായിരുന്ന നിയമങ്ങളും ചട്ടങ്ങളും ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഭേദഗതി ചെയ്തിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ അവയുടെ വിശദാംശം അറിയിക്കുമോ;

(സി) ഇതിലൂടെ എന്ത് മാറ്റമാണ് ഈ മേഖലയിൽ പ്രതീക്ഷിക്കുന്നതെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ & ബി) ഉണ്ട്. സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും ആവശ്യമായ ഒരു വ്യാവസായിക അനുകൂല പാരിസ്ഥിതികാവസ്ഥ സൃഷ്ടിക്കുന്നതിനായി സംരംഭങ്ങൾ തുടങ്ങുന്നതിനാവശ്യമായ അനുമതികൾ അതിവേഗം നൽകേണ്ടതുണ്ട്. കൂടാതെ നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ പരിഷ്കാരങ്ങൾ വരുത്തേണ്ടതും അനിവാര്യമാണെന്ന് ഇതുസംബന്ധിച്ച പഠനം തെളിയിക്കുകയുണ്ടായി. ആയതിനാൽ താഴെപ്പറയുന്ന ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തിക്കൊണ്ട് 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ

ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽവന്നു.

1. കേരള പഞ്ചായത്ത് രാജ് ആക്ട് -1994
2. കേരള മുനിസിപ്പാലിറ്റി ആക്ട് - 1994
3. കേരള ലിഫ്റ്റ് ആൻഡ് എക്സലറേറ്റേഴ്സ് ആക്ട് -2013
4. കേരള ഗ്രൗണ്ട് വാട്ടർ ആക്ട് - 2002
5. കേരള ഹെഡ്‌ലോഡ് വർക്കേഴ്സ് ആക്ട് - 1978
6. കേരള ഷോപ്പ്സ് ആൻഡ് കൊമേഴ്ഷ്യൽ എസ്റ്റാബ്ലിഷ്മെന്റ് ആക്ട് - 1960
7. കേരള സ്റ്റേറ്റ് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ്സ് ആൻഡ് ഇൻഡസ്ട്രിയൽ ടൗൺഷിപ്പ് ഏരിയ ഡെവലപ്മെന്റ് ആക്ട് - 1999

വ്യവസായം തുടങ്ങുവാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിലെ കാലാഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ വിവിധ വകുപ്പുകളുടെ നിലവിലുള്ള താഴെപ്പറയുന്ന 10 ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്.

1. ദി കേരള പഞ്ചായത്ത് രാജ് (ഇഷ്യൂ ഓഫ് ലൈസൻസ് ടു ഡെയ്ഞ്ചറസ് ആൻഡ് ഒഫൻസീവ് ട്രേഡ്സ് ആൻഡ് ഫാക്ടറീസ്) റൂൾസ് 1996
2. ദി കേരള പഞ്ചായത്ത് രാജ് (പ്രൊഫഷണൽ ടാക്സ്) റൂൾസ് 1996
3. ദി കേരള മുനിസിപ്പാലിറ്റി (രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് ആൻഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റൂൾസ് 1997
4. ദി കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2011
5. ദി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999
6. ദി കേരള ഫാക്ടറീസ് റൂൾസ് 1957
7. ദി കേരള ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1983
8. ദി കേരള കോൺട്രാക്ട് ലേബർ (റഗുലേഷൻ ആൻഡ് അബോളിഷൻ) റൂൾസ് 1974.
9. ദി ബിൽഡിംഗ് ആൻഡ് കൺസ്ട്രക്ഷൻ വർക്കേഴ്സ് (റഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1998.
10. ദി കേരള മോട്ടോർ വർക്കേഴ്സ് റൂൾസ് 1962.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും സമയബന്ധിതമായ അനുമതി നൽകുന്നതിനായി ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്ന് ലഭിക്കുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, self certification, deemed approval എന്നിവയുള്ള വ്യവസ്ഥകളും ചേർത്തിട്ടുണ്ട്.

സംസ്ഥാനത്ത് വാണിജ്യ വ്യവസായങ്ങൾ സുഗമമായി നടപ്പാക്കുവാൻ വേണ്ടി വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാ ഫോറം രൂപകൽപ്പന ചെയ്തിട്ടുണ്ട്. സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായി സമയപരിധിക്കുള്ളിൽ നടപ്പിലാക്കുന്നതിന് 12-10-2017-ലെ ജി.ഒ. (എം.എസ്.) നമ്പർ 100/17/ഐ.ഡി. പ്രകാരം ഒരു ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും രൂപീകരിക്കുകയും ചെയ്തു.

വ്യവസായങ്ങൾ തുടങ്ങാൻ അനുമതികൾ നൽകേണ്ടതായ വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥ പ്രതിനിധികൾ അടങ്ങുന്നതാണ് ഈ സെൽ.

(സി) മേൽപ്പറഞ്ഞ പ്രകാരം നടപടിക്രമങ്ങൾ സരളമാക്കികൊണ്ട് അതിവേഗം അനുമതികൾ ലഭ്യമാക്കുകവഴി സംസ്ഥാനത്ത് ഒരു നവ വ്യവസായ കേരളം സൃഷ്ടിക്കുവാനും നിക്ഷേപങ്ങളും തൊഴിലവസരങ്ങളും സംസ്ഥാനത്ത് വർദ്ധിക്കുമെന്നും വിഭാവനം ചെയ്യുന്നു.

സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾ തുടങ്ങിയവയിലൂടെ സംസ്ഥാനത്തെ തൊഴിലന്വേഷകരെ തൊഴിൽദാതാക്കളായി മാറ്റാൻ കഴിയുമെന്നും സർക്കാർ പ്രതീക്ഷിക്കുന്നു.

**വ്യവസായ സൗഹൃദമാക്കുന്നതിനുള്ള പദ്ധതികൾ**

162(610) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ വ്യവസായ സൗഹൃദമാക്കുന്നതിന് സർക്കാർ തയ്യാറാക്കിയ പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ;

(ബി) വ്യവസായ വളർച്ചയിലൂടെ തൊഴിലവസരങ്ങൾ സൃഷ്ടിക്കുന്നതിന് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയെന്ന് വിശദമാക്കുമോ?

## ഉത്തരം

(എ&ബി) സംസ്ഥാനത്തെ വ്യാവസായിക മേഖലയിൽ കൂടുതൽ നിക്ഷേപങ്ങൾ ആകർഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുംവേണ്ടി സംരംഭകർക്കുള്ള അനുമതികൾ അതിവേഗം നൽകുന്നതിന് നിലവിലുള്ള നിയമങ്ങളിൽ കാലോചിതമായ ഭേദഗതികൾ വരുത്തിക്കൊണ്ട് 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് നിലവിൽവന്നു.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികൾക്ക് ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പിൽനിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

സംസ്ഥാനത്ത് ഒരു ഓൺലൈൻ സംവിധാനവും പൊതുവായുള്ള ഒരു അപേക്ഷാഫോറവും (വിവിധ വകുപ്പുകളുടെ അപേക്ഷാ ഫോറങ്ങൾ ഏകീകരിച്ച് ഒരു എകീകൃത അപേക്ഷാ ഫോറം) നടപ്പിലാക്കിവരുന്നു. പ്രസ്തുത ഏകീകൃത അപേക്ഷാ ഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ സംവിധാനം നിലവിൽവരുമ്പോൾ വ്യവസായ സംരംഭകർക്ക് ഈ ഫോറം മുഖേന എല്ലാ വകുപ്പുകളിൽനിന്നുള്ള അനുമതിയും കാലതാമസമില്ലാതെ ഓൺലൈനായി ലഭ്യമാകുന്നതാണ്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ.

സർക്കാർ ഇപ്പോൾ നടപ്പിലാക്കുന്ന പ്രസ്തുത പദ്ധതികൾമൂലം കേരളത്തിലെ നിലവിലുള്ള വ്യവസായ സംരംഭകർക്കും നവസംരംഭകർക്കും അനായാസം നിക്ഷേപം നടത്താനും അതുവഴി കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമാക്കി മാറ്റുവാനും സാധിക്കുന്നതാണ്.

ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യങ്ങൾ, ആകർഷകമായ സാമ്പത്തിക പാക്കേജുകൾ, നിക്ഷേപകർക്കുള്ള വഴികാട്ടൽ തുടങ്ങിയവ വിവിധ ഏജൻസികളിലൂടെ നടപ്പിലാക്കിക്കൊണ്ട് സർക്കാർ സംസ്ഥാനത്ത് നിക്ഷേപകർക്ക് അനുകൂലമായ അന്തരീക്ഷം സൃഷ്ടിക്കാൻ ലക്ഷ്യം വയ്ക്കുന്നു. ആകർഷണീയമായ നിക്ഷേപകേന്ദ്രമാകുന്നതിലൂടെ സാമ്പത്തികവും വ്യാവസായികവുമായ വളർച്ച കൈവരിക്കുക, സംരംഭക സമൂഹം സൃഷ്ടിക്കുക തുടങ്ങിയ ഉദ്ദേശ്യങ്ങളോടുകൂടി സംസ്ഥാന സർക്കാർ നിക്ഷേപ സൗഹൃദമായ ഒരു വ്യവസായ വാണിജ്യനയം വിഭാവനം ചെയ്തിട്ടുണ്ട്.

പുതിയ കരട് വ്യവസായ നയത്തിലെ കൂടുതൽ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

1. സ്വകാര്യ വ്യവസായ എസ്റ്റേറ്റുകളിലൂടെയും വ്യവസായ പാർക്കുകളിലൂടെയും ബഹുനില വ്യവസായ സമുച്ചയങ്ങളിലൂടെയും സൂക്ഷ്മ ചെറുകിട-ഇടത്തരം വ്യവസായങ്ങൾക്കും വൻകിട വ്യവസായങ്ങൾക്കും അടിസ്ഥാന സൗകര്യം ലഭ്യമാക്കും.

2. വ്യവസായ എസ്റ്റേറ്റുകളിൽ അനുവദനീയമായ സ്ഥലത്ത് 5% പ്രവാസികൾക്കായി സംവരണം ചെയ്യും.

3. സംസ്ഥാന ദേശീയപാതകൾക്കനുബന്ധമായി പ്രത്യേക സാമ്പത്തിക മേഖലയുടെ സവിശേഷതകളുള്ള വ്യവസായ ഇടനാഴികൾ സ്ഥാപിക്കും.

4. സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങളുടെ പ്രോത്സാഹനത്തിനായി ക്ലസ്റ്റർ വികസന നയം സ്വീകരിക്കുകയും അവയുടെ ഉൽപ്പാദനക്ഷമതയും മത്സരക്ഷമതയും വർദ്ധിപ്പിക്കുകയും ചെയ്യും.

5. ഉല്പാദന മേഖലയിലുള്ള വ്യവസായങ്ങൾക്ക് 15 മുതൽ 20 ശതമാനം വരെ നിരക്കിൽ പരമാവധി 30 ലക്ഷം രൂപവരെ വായ്പ അനുവദിച്ചും താഴെത്തട്ടിൽനിന്നുതന്നെ വ്യവസായ അന്തരീക്ഷം പ്രോത്സാഹിപ്പിച്ചും ഗാർഹിക നാനോ വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കും.

6. ചെറുകിട ഇടത്തരം വ്യവസായങ്ങൾക്ക് 15 ശതമാനംവരെ വിലയിൽ മുൻഗണന അനുവദിക്കും.

7. കരകൗശല ഉൽപ്പന്നങ്ങളുടെ പ്രദർശനത്തിനായി ഇ-കൊമേഴ്സ് പോർട്ടലുകൾ ആരംഭിക്കും.

8. ദേശീയ അന്താരാഷ്ട്ര വിപണന മേളകളിൽ പങ്കെടുക്കാൻ അവസരം ഒരുക്കി ചെറുകിട ഇടത്തരം മേഖലയിലെ ഉൽപ്പന്നങ്ങളിലെ വിപണനത്തിന് അവസരമൊരുക്കും.

9. സ്കൂൾ യൂണിഫോമുകൾക്ക് കൈത്തറിത്തുണി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കും.

10. അസംസ്കൃത മുളയിൽനിന്നും വ്യാവസായിക അടിസ്ഥാനത്തിൽ വിവിധ ഉല്പന്നങ്ങൾ നിർമ്മിക്കും.

11. പൊതുമേഖലാ സ്ഥാപനങ്ങളുടെ വികസനവും പുനരുജ്ജീവനവും നടപ്പിലാക്കും.

12. സംരംഭകത്വ വികസന പ്രവർത്തനങ്ങൾ കെ.എസ്.ഐ.ഡി.സി.-യുടെ നേതൃത്വത്തിൽ ഒരു കുടക്കീഴിൽ നടപ്പിലാക്കും.

13. സ്റ്റാർട്ടപ്പ് സംരംഭകർക്ക് പരമാവധി 25 ലക്ഷം രൂപ വരെയോ അല്ലെങ്കിൽ പദ്ധതി ചെലവിന്റെ 90 ശതമാനമോ (ഏതാണോ ചെറുത്) സീഡ് ക്യാപിറ്റൽ അസിസ്റ്റന്റായി ലഭ്യമാക്കും.

14. പ്രമുഖ വിദ്യാഭ്യാസ സ്ഥാപനങ്ങളുമായി സഹകരിച്ച് നോളജ്-ഹബ്-ഇൻകുബേറ്ററുകൾ സ്ഥാപിക്കും.

15. നൂതന ഉൽപ്പന്ന നിർമ്മാണവും വിപണനവും വിദ്യാഭ്യാസ വ്യവസായ മേഖലകളുടെ സംയോജിത പ്രവർത്തനത്തിലൂടെ നടപ്പാക്കും.

16. നിലവിലെ പ്രമുഖ സംരംഭകരെ സംസ്ഥാനത്തേയ്ക്ക് നിക്ഷേപം ആകർഷിക്കുന്നതിനുള്ള അംബാസിഡർമാരായി നിയമിക്കും.

17. വ്യവസായ നിക്ഷേപകരെ സംരക്ഷിക്കുന്നതിനും വിവിധ വകുപ്പുകളുമായും തദ്ദേശ സ്ഥാപനങ്ങളുമായുള്ള തർക്കങ്ങൾ പരിഹരിക്കുന്നതിനും ചീഫ് സെക്രട്ടറിയുടെ അദ്ധ്യക്ഷതയിൽ വകുപ്പുസെക്രട്ടറിമാരുടെ കമ്മിറ്റി രൂപീകരിക്കും.

**വ്യവസായ രംഗത്ത് വികസനം ലക്ഷ്യമാക്കിയുള്ള നടപടികൾ**

163(611) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്ത് വ്യവസായരംഗത്ത് വികസനം ലക്ഷ്യമാക്കി എന്തെല്ലാം നടപടികളാണ് ആവിഷ്ക്കരിച്ച് നടപ്പിലാക്കി കൊണ്ടിരിക്കുന്നത്; വിശദാംശം വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളിലൂടെയും നടപടികളിലൂടെയും സംസ്ഥാനത്തെ വ്യവസായരംഗത്ത് പുത്തൻ ഉണർവ് ഉണ്ടായിട്ടുണ്ട് എന്ന വിലയിരുത്തലുകൾ വ്യവസായ വകുപ്പ് നടത്തിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിന്റെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരളത്തെ കൂടുതൽ വ്യവസായ സൗഹൃദമാക്കി വ്യവസായ നിക്ഷേപം ആകർഷിച്ച് വ്യവസായ വികസനം സാധ്യമാക്കുന്നതിനുള്ള നടപടികളാണ് ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സ്വീകരിച്ചുവരുന്നത്. ഇതിനായി ഈസ് ഓഫ് ഡൂയിംഗ് ബിസിനസ് കേരളത്തിൽ നടപ്പാക്കിയിട്ടുണ്ട്. ഈ സംരംഭത്തിന്റെ നോഡൽ ഏജൻസിയായി പ്രവർത്തിക്കുന്നത് കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷനാണ്. ഈ പദ്ധതിയുടെ ഭാഗമായി വ്യവസായ വകുപ്പിന്റെയും മറ്റ് ബന്ധപ്പെട്ട വകുപ്പുകളുടെയും ചട്ടങ്ങളും നിയമങ്ങളും ലഘൂകരിച്ച് വിവിധ അപേക്ഷാഫോറങ്ങൾ പരിഷ്കരിച്ച് കോമൺ അപേക്ഷാഫോറം ആക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2017 പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത ആക്ടിലൂടെ വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന ഏകജാലക ഓൺലൈൻ സേവനങ്ങൾ, സ്പോട്ട് രജിസ്ട്രേഷൻ, സ്വയം സാക്ഷ്യപ്പെടുത്തൽ, ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ വേഗത്തിൽ ലഭ്യമാക്കാൻ സാധിക്കുന്നു. ഈ ആക്ടിന്റെ സുഗമമായ നടത്തിപ്പിനും പരിശോധനയ്ക്കുമായി ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ രൂപവത്കരിച്ചിട്ടുണ്ട്.

സംസ്ഥാനത്ത് വ്യവസായ വികസനം ലക്ഷ്യമാക്കി നടപ്പിലാക്കിയ നൂതന പദ്ധതികൾ താഴെപ്പറയുന്നു:

- നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി.
- എറണാകുളത്തും തൃശ്ശൂരും ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്.
- സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.

- ക്ലസ്റ്റർ ഡെവലപ്പ്മെന്റ് പദ്ധതി.
- തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണ പദ്ധതി.
- വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം.
- വ്യവസായ വികസനം ലക്ഷ്യമാക്കിയുള്ള പശ്ചാത്തല വികസന പദ്ധതികളിലൂന്നി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.
- തൃശ്ശൂർ ജില്ലയിലെ പൂവൻതുരുത്ത്, എറണാകുളം ജില്ലയിലെ എടയാർ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള പ്രത്യേക പ്രോജക്ടുകൾ.
- വ്യവസായ വികസനം ലക്ഷ്യമാക്കി രൂപം നൽകിയിട്ടുള്ള മറ്റു പദ്ധതികൾ താഴെപ്പറയുന്നു.
- ചെന്നൈ മുതൽ ബാംഗ്ലൂർ വരെയുള്ള വ്യവസായ ഇടനാഴി.
- പൊതുമേഖലയിലും സ്വകാര്യ മേഖലയിലും പുതിയ വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള പദ്ധതികൾ
- മേഖലാധിഷ്ഠിത വ്യവസായ പാർക്കുകൾ തുടങ്ങുന്നതിനുള്ള സാഹചര്യം ഒരുക്കൽ.

(ബി) ഉണ്ട്. കഴിഞ്ഞ വർഷം നടത്തിയ വിവിധ സംരംഭകത്വ പരിശീലന പരിപാടികളിൽ ഏകദേശം 35107 പേർ പങ്കെടുക്കുകയും 2157 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 8090 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 22,907 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപവും നടത്തിയതായി കണ്ടെത്തി. 2018-19 വർഷം ഇതുവരെ 1077 യൂണിറ്റുകൾ ആരംഭിക്കുകയും 95.83 കോടി രൂപയുടെ നിക്ഷേപം വരികയും 3732 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

## കേരള സോപ്പിന്റെ സാമ്പത്തിക സ്ഥിതി

164(612) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് ജില്ലയിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ കേരള സോപ്പിന്റെ കഴിഞ്ഞ 5 വർഷത്തെ സാമ്പത്തിക സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

കേരള സോപ്സിന്റെ കഴിഞ്ഞ അഞ്ച് വർഷത്തെ സാമ്പത്തിക സ്ഥിതി വിവരം ചുവടെ ചേർക്കുന്നു :

| വർഷം | വിറ്റുവരവ്(രൂപ ലക്ഷത്തിൽ) | പ്രവർത്തന ലാഭം/ പ്രവർത്തന നഷ്ടം (രൂപ ലക്ഷത്തിൽ) |
|---|---|---|
| 2013-14 | 815.94 | 119.81 |
| 2014-15 | 806.80 | -40.80 |
| 2015-16 | 564.33 | -86.82 |
| 2016-17 | 967.97 | -13.18 |
| 2017-18 | 982.68 | 17.60 |

**കേരള സോപ്സിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് പദ്ധതികൾ**

165(613) <u>ശ്രീ. എ. പ്രദീപ്കുമാർ</u>: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കോഴിക്കോട് പ്രവർത്തിക്കുന്ന കേരള സോപ്സിന്റെ പ്രവർത്തനം വിപുലീകരിക്കുന്നതിന് എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കുമോ?

<u>ഉത്തരം</u>

കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡിന്റെ ഒരു യൂണിറ്റായ കേരള സോപ്സിൽ ലിക്വിഡ് സോപ്പ് നിർമ്മാണം, സാമ്പിൾ സോപ്പ് നിർമ്മാണം, വിപണി വിപുലീകരണം തുടങ്ങിയ പ്രവർത്തനങ്ങൾക്കായി 745 ലക്ഷം രൂപയുടെ പദ്ധതികൾ നടപ്പിലാക്കുന്നതിന് ആവശ്യമായ നടപടികൾ കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് സ്വീകരിച്ചുവരുന്നു.

**കേരള ഓട്ടോമൊബൈൽസ്**

166(614) <u>ശ്രീ. കെ. ആൻസലൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര കേരള ഓട്ടോമൊബൈൽസിൽ പുതിയതായി ആരംഭിക്കുന്ന പദ്ധതികൾ ഏതൊക്കെയാണ് എന്ന് വിശദമാക്കാമോ; ഇതിന് എത്ര കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത് എന്ന് വ്യക്തമാക്കാമോ;

(ബി) കേരള ഓട്ടോമൊബൈൽസിൽ 2018 ജനുവരി മുതൽ 2018 ഏപ്രിൽ മാസം വരെ ഓരോ മാസവും ലഭിച്ച വരുമാനം വ്യക്തമാക്കാമോ;

(സി) കേരള ഓട്ടോമൊബൈൽസിൽ 2018 ജനുവരി മുതൽ 2018 ഏപ്രിൽ മാസം വരെ ഓരോ മാസവും വൈദ്യുതി, വെള്ളം, തൊഴിലാളികളുടെ വേതനം എന്നീ ഇനങ്ങളിൽ എത്ര തുകയാണ് ചെലവ് വന്നത് എന്ന് വ്യക്തമാക്കാമോ;

(ഡി) കേരള ഓട്ടോമൊബൈൽസിന്റെ വരുമാനം വർദ്ധിപ്പിക്കാൻ മാനേജ്മെന്റ് എന്ത് നടപടിയാണ് സ്വീകരിക്കാൻ പോകുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) കേരള ഓട്ടോമൊബൈൽസ് ലിമിറ്റഡ് പുതുതായി ആരംഭിക്കുന്നത് ഇലക്ട്രിക് ആട്ടോറിക്ഷ നിർമ്മിക്കുന്ന പദ്ധതിയാണ്. ഇതിനായി മൊത്തം 50 കോടി രൂപയാണ് ചെലവ് പ്രതീക്ഷിക്കുന്നത്.

(ബി) 2018-ൽ ജനുവരി മുതൽ ഏപ്രിൽ മാസംവരെ ഓരോ മാസവും ലഭിച്ച വരുമാനം

| | | |
|---|---|---|
| ജനുവരി | - | 23.19 ലക്ഷം രൂപ |
| ഫെബ്രുവരി | - | 11.28 ലക്ഷം രൂപ |
| മാർച്ച് | - | 7.21 ലക്ഷം രൂപ |
| ഏപ്രിൽ | - | 4.82 ലക്ഷം രൂപ |

(സി) 2018-ൽ ജനുവരി മുതൽ ഏപ്രിൽ മാസംവരെ ഓരോ മാസത്തെ ചെലവ്

| മാസം | വൈദ്യുതി | വെള്ളം | ശമ്പളം |
|---|---|---|---|
| ജനുവരി | 1.10 ലക്ഷം | 1100 രൂപ | 48.25 ലക്ഷം |
| ഫെബ്രുവരി | 1.10 ലക്ഷം | 1100 രൂപ | 48.25 ലക്ഷം |
| മാർച്ച് | 1.50 ലക്ഷം | 1100 രൂപ | 48.25 ലക്ഷം |
| ഏപ്രിൽ | 1.50 ലക്ഷം | 1100 രൂപ | 43.42 ലക്ഷം |

(ഡി) കേരള ആട്ടോമൊബൈൽസ് ലിമിറ്റഡ് വരുമാനം വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഫ്രണ്ട് എഞ്ചിൻ ആട്ടോ നിർമ്മാണം മേയ് മാസം

മുതൽ പുനരാരംഭിക്കുകയും സെപ്റ്റംബർ 2018-ന് മുമ്പ് 1000 വണ്ടികൾ നിർമ്മിച്ച് നൽകുന്നതിനുമുള്ള പദ്ധതി ആവിഷ്കരിക്കുകയും ചെയ്തു. കെ.എ.എൽ-ന്റെ ആട്ടോറിക്ഷ വിൽപ്പനയില്ലാത്ത കേരളത്തിൽ സെയിൽസ് ആരംഭിക്കുന്നതിനു വേണ്ടി കേരളത്തിലെ 140 നിയോജകമണ്ഡലത്തിലും സർവ്വീസ് സെന്റർ/സെയിൽ ഡീലേഴ്സിന്റെ നിയമന നടപടികൾ സ്വീകരിച്ചുവരുന്നു. എസ്.സി./എസ്.ടി. കോർപ്പറേഷനുമായി സഹകരിച്ചുകൊണ്ട് അഭ്യസ്തവിദ്യരായ ചെറുപ്പക്കാർക്ക് തൊഴിൽ വരുമാനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി അവർക്ക് കെ.എ.എൽ. ആതറൈസ്ഡ് സർവ്വീസ് ട്രെയിനിംഗ് കൊടുത്ത് സർവ്വീസ് സെന്റർ തുടങ്ങുന്ന പദ്ധതി നടപ്പിലാക്കിവരുന്നു. കെ.എ.എൽ.-ൽ നിലവിലുള്ളതും ആധുനികവും സാങ്കേതിക മികവുമുള്ള വിശാലമായ മെഷീൻ ഷോപ്പിനെ പ്രയോജനപ്പെടുത്തി സർക്കാർ/അർദ്ധസർക്കാർ/പൊതുമേഖലാ സ്ഥാപനങ്ങളുടെ എല്ലാത്തരത്തിലുള്ള വർക്കുകളും ചെയ്തുകൊടുക്കുന്നതിനുവേണ്ടി ടോട്ടൽ സൊല്യൂഷൻ പ്രൊവൈഡർ ആകുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

7 കോടി രൂപ സർക്കാർ ഫണ്ടുപയോഗിച്ച് മെഷീൻ ഷോപ്പ് ആധുനികവത്കരിക്കുന്ന നടപടി തുടങ്ങിക്കഴിഞ്ഞു. വി.എസ്.എസ്.സി.-യും അതുപോലുള്ള സ്ഥാപനങ്ങളിൽനിന്ന് കൂടുതൽ വർക്കുകൾ സ്വീകരിച്ച് ചെയ്തുകൊടുക്കുന്ന നടപടികൾ ആരംഭിച്ചിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെയും സംസ്ഥാന സർക്കാരിന്റെയും ഇലക്ട്രിക് വെഹിക്കിൾ പദ്ധതിയുടെ ഭാഗമായി ഈ വർഷത്തെ രണ്ടാം പാദത്തോടുകൂടിത്തന്നെ ഇലക്ട്രിക് മുച്ചക്ര വാഹനങ്ങളായ ആട്ടോറിക്ഷയും, മുച്ചക്ര കാർഗോ വാഹനവും ഇറക്കാൻ പദ്ധതി തയ്യാറാക്കിക്കഴിഞ്ഞു. കേരളാ സ്റ്റേറ്റ് കയർ മെഷീൻ കോർപ്പറേഷനുവേണ്ടി നിർമ്മിച്ചുനൽകുന്ന മെഷിനറികളുടെ ഉത്പാദനം വർദ്ധിപ്പിച്ചും കയർ വ്യവസായ മേഖലയ്ക്ക് ആവശ്യമായ പുതിയ തരം യന്ത്രസാമഗ്രികൾ നിർമ്മിച്ചും വരുമാനം വർദ്ധിപ്പിക്കാൻ പദ്ധതിയുണ്ട്. സർക്കാർ സ്ഥാപനമായ അസ്സാപ്പുമായി ചേർന്ന് സ്റ്റീൽ ഡെവലപ്മെന്റ് സെന്റർ തുടങ്ങി അതിലൂടെയും വരുമാനം വർദ്ധിപ്പിക്കാനുള്ള നടപടി സ്വീകരിച്ചുകഴിഞ്ഞു.

**വ്യവസായ മേഖലയുടെ ശാക്തീകരണം**

167(615) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യാവസായിക മേഖലയുടെ ശാക്തീകരണത്തിനായി ഈ സർക്കാർ

നടപ്പിലാക്കിയ പദ്ധതികൾ എന്തൊക്കെയാണ്; ഇതിലൂടെ വ്യവസായ രംഗത്ത് എന്തൊക്കെ മാറ്റങ്ങൾ കൊണ്ടുവരുവാൻ കഴിഞ്ഞുവെന്ന് വിശദമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങളിൽ വൈദഗ്ദ്ധ്യമുള്ളവരെ മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കുന്നതിനായി റിയാബ് തയ്യാറാക്കിയ ലിസ്റ്റ് നിലവിലുണ്ടോ; ഇല്ലെങ്കിൽ പ്രസ്തുത സ്ഥാപനങ്ങളിൽ ഉയർന്ന തസ്തികകളിലേയ്ക്ക് നിയമനം നടത്തുന്നത് എപ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(സി) സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ ലാഭം എത്ര കോടി രൂപയാണ്; അതിൽ കെ.എം.എം.എൽ, റ്റി.റ്റി.പി., റ്റി.സി.സി. എന്നിവയുടെ പങ്ക് എത്രയാണ്;

(ഡി) സംസ്ഥാനത്ത് നഷ്ടത്തിൽ പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനങ്ങളുടെ സഞ്ചിത നഷ്ടം വർദ്ധിച്ചിട്ടുണ്ടോ; മുൻ വർഷത്തെ അപേക്ഷിച്ച് ഇക്കാര്യത്തിൽ എന്ത് വർദ്ധനവ് ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) വ്യവസായിക മേഖലയുടെ ശാക്തീകരണത്തിനും വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനുമായി വിവിധ വകുപ്പുകളുടെ ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തി കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട് 2017 പുറപ്പെടുവിച്ചിട്ടുണ്ട്. വ്യവസായ സൗഹൃദാന്തരീക്ഷം മെച്ചപ്പെടുത്തുന്നതിനും വ്യാവസായിക വളർച്ച ത്വരിതപ്പെടുത്തുന്നതിനുമായി നടപ്പിലാക്കിയ നൂതന പദ്ധതികൾ താഴെപ്പറയുന്നു:

- നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി.
- എറണാകുളത്തും തൃശ്ശൂരും ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്.
- സർവ്വകലാശാലകളും ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി.
- സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭകർക്കുള്ള ഇൻഷ്വറൻസ് പരിരക്ഷ പദ്ധതി.
- സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പദ്ധതി.
- തകർച്ച നേരിടുന്ന സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളുടെ പുനരുദ്ധാരണ പദ്ധതി.

- സ്ത്രീകൾ, എസ്.സി./എസ്.റ്റി. അംഗപരിമിതർ എന്നീ വിഭാഗത്തിൽപ്പെട്ട വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം.
- സ്കീം ഫോർ റീ-ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. ആൻഡ് ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.
- വ്യവസായ വികസനം ലക്ഷ്യമാക്കിയുള്ള പശ്ചാത്തല വികസന പദ്ധതികളിലൂന്നി ബഹുനില വ്യവസായ സമുച്ചയങ്ങളുടെ നിർമ്മാണം.
- തൃശ്ശൂർ ജില്ലയിലെ പൂവൻതുരുത്ത്, എറണാകുളം ജില്ലയിലെ എടയാർ എന്നിവിടങ്ങളിൽ കേന്ദ്ര സർക്കാർ സഹായത്തോടെയുള്ള പ്രത്യേക പ്രോജക്ടുകൾ.

മേൽപ്പറഞ്ഞ പദ്ധതികളിലൂടെയും നടപടികളിലൂടെയും കൂടുതൽ വ്യവസായ സൗഹൃദാന്തരീക്ഷം ഉണ്ടായതായും തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടതായും വിലയിരുത്തിയിട്ടുണ്ട്.

കഴിഞ്ഞ വർഷം നടത്തിയ വിവിധ സംരംഭകത്വ പരിശീലന പരിപാടികളിൽ 35107 പേർ പങ്കെടുക്കുകയും 2157 യൂണിറ്റുകൾ ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. ഇതിലൂടെ 8090 തൊഴിലവസരങ്ങൾ സൃഷ്ടിക്കപ്പെട്ടിട്ടുണ്ട്. 22907 ലക്ഷം രൂപയുടെ വ്യവസായ നിക്ഷേപവും നടത്തിയതായി കണ്ടെത്തി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ രൂപീകരിച്ചിട്ടുള്ള 333 ഇ.ഡി. ക്ലബ്ബുകൾക്ക് 33.30 ലക്ഷം രൂപ നൽകി. 2018-19 വർഷം ഇതുവരെ 1077 യൂണിറ്റുകൾ ആരംഭിക്കുകയും 95.83 കോടി രൂപയുടെ നിക്ഷേപം വരികയും 3732 തൊഴിലവസരങ്ങൾ സൃഷ്ടിക്കുകയും ചെയ്തു.

(ബി) ഇല്ല. മാനേജ്മെന്റ് രംഗത്തും സാങ്കേതിക രംഗത്തും വൈദഗ്ദ്ധ്യമുള്ളവരെ സർക്കാർ നേരിട്ട് മാനേജിംഗ് ഡയറക്ടർമാരായി നിയമിക്കാറുണ്ട്.

(സി) 2017-18-ലെ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തെ പൊതുമേഖലാ സ്ഥാപനങ്ങളുടെ ആകെ ലാഭം 106.90 കോടി രൂപയാണ്.

2017-18-ലെ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം കെ.എം.എം.എൽ., റ്റി.റ്റി.പി., റ്റി.സി.സി. എന്നിവയുടെ ലാഭവിവരം ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| കെ.എം.എം.എൽ. | : | 195.78 കോടി |
| റ്റി.റ്റി.പി. | : | 18.83 കോടി |
| റ്റി.സി.സി. | : | 33.17 കോടി |

(ഡി) ഉണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നപ്പോൾ ആയത് 2015-16-ൽ നഷ്ടത്തിലുള്ള സ്ഥാപനങ്ങളുടെ മൊത്തം നഷ്ടം 226.55 കോടി രൂപയായിരുന്നു. എന്നാൽ 2016-17-ൽ ഇത് 180.52 കോടി രൂപയും 2017-18-ൽ 196.81 കോടി രൂപയുമാണ്.

**പുതുതായി ആരംഭിച്ച വ്യവസായ സംരംഭങ്ങൾ**

168(616) ശ്രീ. ഹൈബി ഈഡൻ:

ശ്രീ. ഐ. സി. ബാലകൃഷ്ണൻ :

ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പൊതുമേഖലയിൽ ഏതെങ്കിലും വൻകിട വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) കേരള സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ പാർക്കുകളിൽ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ പുതുതായി എത്ര വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്; അതിലൂടെ എത്ര കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ടെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത വ്യവസായ പാർക്കുകളിൽ നിലനിന്നിരുന്ന ഏതെങ്കിലും വ്യവസായ സ്ഥാപനങ്ങൾ കഴിഞ്ഞ രണ്ടു വർഷത്തിനുള്ളിൽ അടച്ച് പൂട്ടിയിട്ടുണ്ടോ; വിശദാംശം നൽകുമോ; എത്ര തൊഴിലാളികൾക്ക് ഇതുമൂലം തൊഴിൽ നഷ്ടമായെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) പൊതുമേഖലയിൽ വൻകിട വ്യവസായ സംരംഭങ്ങൾ പുതുതായി ആരംഭിച്ചിട്ടില്ല.

(ബി) കേരളത്തിൽ സംസ്ഥാന വ്യവസായ വികസന കോർപ്പറേഷന്റെ വ്യവസായ പാർക്കുകളിൽ കഴിഞ്ഞ രണ്ടുവർഷത്തിനുള്ളിൽ പുതുതായി 29 വ്യവസായ സംരംഭങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിലൂടെ 69.24 കോടി രൂപയുടെ നിക്ഷേപം ഉണ്ടായിട്ടുണ്ട്.

(സി) പ്രസ്തുത വ്യവസായ പാർക്കുകളിൽ നിലനിന്നിരുന്ന വ്യവസായ സ്ഥാപനങ്ങൾ കഴിഞ്ഞ രണ്ട് വർഷത്തിനുള്ളിൽ ഒന്നുംതന്നെ അടച്ചുപൂട്ടിയിട്ടില്ല.

**പൊതുമേഖലാ സ്ഥാപനങ്ങളിലെ എം.ഡി. നിയമനം**

169(617) ശ്രീ. എൻ. ഷംസുദ്ദീൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി. മാരുടെ നിയമനം സംബന്ധിച്ച വ്യവസായ വകുപ്പിന്റെ 2016-ലെ വിജ്ഞാപന പ്രകാരം ആരെല്ലാം അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; അപേക്ഷകരുടെ വിശദാംശങ്ങൾ നൽകുമോ;

(ബി) പ്രസ്തുത വിജ്ഞാപന പ്രകാരം അപേക്ഷിക്കുകയും നിയമന പ്രക്രിയയുടെ ഭാഗമായി ഒഴിവാക്കുകയും ചെയ്തവരെ ഏതെങ്കിലും പൊതുമേഖലാ സ്ഥാപനങ്ങളുടെ എം.ഡി.-മാരായി നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ അവർ ആരെല്ലാമാണെന്നും ഏതെല്ലാം പൊതുമേഖലാ സ്ഥാപനങ്ങളിലാണെന്നുമുള്ള വിവരം നൽകുമോ?

ഉത്തരം

(എ & ബി) വിവരം ശേഖരിച്ചുവരുന്നു.

**പൊതുമേഖലാ സ്ഥാപനങ്ങളുടെ വിലയിരുത്തൽ**

170(618) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങൾ ലാഭത്തിലാക്കി എന്ന് വ്യക്തമാക്കുമോ ;

(ബി) ഏതെല്ലാം പൊതുമേഖല സ്ഥാപനങ്ങളാണ് ഇപ്പോഴും നഷ്ടത്തിൽ പ്രവർത്തിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) പ്രസ്തുത സ്ഥാപനങ്ങളുടെ നഷ്ടം നികത്തുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, ടെൽക്ക്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് എന്നീ സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷം ലാഭത്തിലാണ് പ്രവർത്തിച്ചത്.

(ബി) 2017-18 സാമ്പത്തിക വർഷാവസാനം നഷ്ടത്തിൽ പ്രവർത്തിച്ച 26 സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) സ്ഥാപനങ്ങളുടെ പ്രവർത്തനം കൃത്യമായ അവലോകനം നടത്തി ആവശ്യമായ മാർഗ്ഗനിർദ്ദേശങ്ങൾ നടത്തിവരുന്നു. ഓരോ മേഖലയിലും വിദഗ്ധരുടെ സേവനം ഉപയോഗപ്പെടുത്തി പഠനം നടത്തി നിർദ്ദേശങ്ങൾ സ്വീകരിച്ചുവരുന്നു. സ്ഥാപനങ്ങളെ ശക്തിപ്പെടുത്തി സ്വയംപര്യാപ്തത കൈവരിക്കേണ്ടതിലേയ്ക്കായി അതത് കമ്പനികൾക്ക് അനുയോജ്യമായ പദ്ധതികൾ തയ്യാറാക്കി നടപ്പിലാക്കിവരുന്നു. പ്രവർത്തന മൂലധനം ശോഷിച്ച് ഇല്ലാതായ കമ്പനികൾക്ക് പ്രവർത്തനമൂലധനം നൽകിവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കുള്ള പദ്ധതി വിഹിതം 2016-17 സാമ്പത്തിക വർഷം മുതൽ പടിപടിയായി ഉയർത്തുകയും സ്ഥാപനങ്ങൾ സമർപ്പിച്ച വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി ധനസഹായം നൽകിവരികയും ചെയ്യുന്നു.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

171(619) <u>ശ്രീ. പി. സി. ജോർജ് :</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18 സാമ്പത്തിക വർഷത്തിൽ ലാഭത്തിലായ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ സംസ്ഥാന സർക്കാരിന്റെ കീഴിലുണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) 2017-18 സാമ്പത്തിക വർഷത്തിൽ നഷ്ടത്തിലായ എത്ര പൊതുമേഖലാ സ്ഥാപനങ്ങൾ ഉണ്ടെന്ന് ഇനം തിരിച്ച് വ്യക്തമാക്കുമോ;

(സി) സംസ്ഥാന സർക്കാരിന്റെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ ഏതെല്ലാം വിധത്തിലുള്ള പെൻഷൻ പദ്ധതികൾ ആണ് നിലവിലുള്ളത് ; വിശദമാക്കുമോ?

ഉത്തരം

(എ) വ്യവസായ വകുപ്പിനുകീഴിൽ കഴിഞ്ഞ കുറേ വർഷങ്ങളായി നഷ്ടത്തിൽ പ്രവർത്തിച്ചിരുന്ന പൊതുമേഖലാ സ്ഥാപനങ്ങളിൽ കുറേ സ്ഥാപനങ്ങളെ ലാഭത്തിലാക്കാൻ കഴിഞ്ഞിട്ടുണ്ട്. അത്തരത്തിൽ ലാഭത്തിൽ പ്രവർത്തിച്ച 14 സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിൽ നഷ്ടത്തിൽ പ്രവർത്തിച്ച 26 സ്ഥാപനങ്ങളുടെ പേരുവിവരം അനുബന്ധമായി ചേർക്കുന്നു.*

(സി) വ്യവസായ വകുപ്പിന്റെ അധീനതയിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്ക് എംപ്ലോയീസ് പ്രൊവിഡന്റ് ഫണ്ട് മുഖേനയുള്ള പെൻഷൻ ആണ് നിലവിൽ ബാധകമായിട്ടുള്ളത്.

**ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ**

172(620) ശ്രീ. പുരുഷൻ കടലുണ്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മുൻസർക്കാരിന്റെ കാലത്ത് നഷ്ടത്തിൽ പ്രവർത്തിച്ച പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കുമോ;

(ബി) പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാക്കാനും സംരക്ഷിക്കുന്നതിനുമായി ഈ സർക്കാർ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്നറിയിക്കാമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങളുടെ പട്ടിക ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

<u>ഉത്തരം</u>

(എ) മുൻസർക്കാരിന്റെ കാലത്ത് 2015-16 സാമ്പത്തിക വർഷത്തിലെ ആഡിറ്റിന് മുമ്പുള്ള കണക്കുകൾ പ്രകാരം നഷ്ടത്തിൽ പ്രവർത്തിച്ച സ്ഥാപനങ്ങളുടെ വിവരം അനുബന്ധമായി ചേർക്കുന്നു*.

(ബി) പൊതുമേഖലാ സ്ഥാപനങ്ങളുടെ ഉല്പാദന സൗകര്യങ്ങൾ വിപുലപ്പെടുത്താനുള്ള വിപുലീകരണ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. കൂടാതെ, സ്ഥാപനങ്ങളിൽ നിലവിലെ ഉല്പാദനശേഷി പൂർണ്ണതോതിൽ കൈവരിക്കുന്നതിനും ഉല്പന്നങ്ങളുടെ ഗുണനിലവാരം വർദ്ധിപ്പിക്കുന്നതിനും ആവശ്യമായ നവീകരണ ആധുനികവത്ക്കരണ പ്രവർത്തനങ്ങളും വൈവിദ്ധ്യവത്കരണ പദ്ധതികളും നടന്നുവരുന്നു.

പൊതുമേഖലാ സ്ഥാപനങ്ങളുടെ സംരക്ഷണത്തിനായി പദ്ധതി വിഹിതം 2016-17 സാമ്പത്തിക വർഷം മുതൽ പടിപടിയായി ഉയർത്തി നൽകിവരുന്നു.

കാര്യക്ഷമമായ മാനേജ്മെന്റ് സംവിധാനം, സ്ഥാപനങ്ങൾ തമ്മിലുള്ള ഏകോപനം, ധനപരമായ പുനരുദ്ധാരണം, പൊതുമേഖലാ സ്ഥാപനങ്ങളുടെ പ്രവർത്തനം മോണിട്ടറിംഗ് ചെയ്യുന്നതിനുള്ള സംവിധാനങ്ങളുടെ ശക്തിപ്പെടുത്തൽ എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ അഭിവൃദ്ധിപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. ഇതിനായി അതത് മേഖലകളിലുള്ള വിദഗ്ദ്ധരുൾപ്പെട്ട കമ്മിറ്റികളുടെ സേവനവും ലഭ്യമാക്കിവരുന്നു.

ടെക്സ്റ്റൈൽ മേഖലയിൽ ശ്രീ. പി. നന്ദകുമാർ കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിലുള്ള നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ്, ട്രാവൻകൂർ-കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ്, സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ്, ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ്, കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ്, കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് തുടങ്ങിയ ആറ് സ്ഥാപനങ്ങൾ ലാഭത്തിലായിട്ടുണ്ട്.

## ലാഭത്തിലായ പൊതുമേഖലാ സ്ഥാപനങ്ങൾ

173(621) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര പൊതു മേഖല സ്ഥാപനങ്ങൾ കാര്യക്ഷമമായ ഇടപെടലിലൂടെ ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട് എന്ന് വ്യക്തമാക്കാമോ ;

(ബി) ലാഭത്തിൽ പ്രവർത്തിപ്പിക്കാൻ കഴിഞ്ഞ സ്ഥാപനങ്ങളുടെ പേരുവിവരം വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ നഷ്ടത്തിലായിരുന്ന ആറ് സ്ഥാപനങ്ങളുൾപ്പെടെ നിലവിൽ പതിനാല് പൊതുമേഖലാ സ്ഥാപനങ്ങൾ ലാഭത്തിലാണ് പ്രവർത്തിക്കുന്നത്.

(ബി)

| നമ്പർ | സ്ഥാപനങ്ങൾ |
|---|---|
| 1 | കേരള മിനറൽസ് ആൻഡ് മെറ്റൽസ് ലിമിറ്റഡ് |
| 2 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 3 | ട്രാവൻകൂർ - കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് |
| 4 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് |
| 5 | ട്രാൻസ്ഫോർമേഴ്സ് ആൻഡ് ഇലക്ട്രിക്കൽസ് കേരള ലിമിറ്റഡ് |
| 6 | കേരള സ്റ്റേറ്റ് ഇലക്ട്രോണിക്സ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 7 | സ്റ്റീൽ ആൻഡ് ഇൻഡസ്ട്രിയൽ ഫോർജിംഗ്സ് ലിമിറ്റഡ് |
| 8 | മലബാർ സിമന്റ്സ് ലിമിറ്റഡ് |
| 9 | കേരള സ്റ്റേറ്റ് ഡ്രഗ്സ് ആൻഡ് ഫാർമസ്യൂട്ടിക്കൽസ് ലിമിറ്റഡ് |
| 10 | കേരള സ്റ്റേറ്റ് ഇൻഡസ്ട്രിയൽ എന്റർപ്രൈസസ് ലിമിറ്റഡ് |
| 11 | കേരള ആർട്ടിസാൻസ് ഡെവലപ്മെന്റ് കോർപ്പറേഷൻ ലിമിറ്റഡ് |
| 12 | കെൽട്രോൺ ഇലക്ട്രോ സിറാമിക്സ് ലിമിറ്റഡ് |
| 13 | സ്റ്റീൽ ഇൻഡസ്ട്രിയൽസ് കേരള ലിമിറ്റഡ് |
| 14 | ഫോറസ്റ്റ് ഇൻഡസ്ട്രീസ് (ട്രാവൻകൂർ) ലിമിറ്റഡ് |

## വ്യവസായ സംരംഭങ്ങൾ

174(622) ശ്രീ. കെ. മുരളീധരൻ :

ശ്രീ. സണ്ണി ജോസഫ് :

ശ്രീ. വി. പി. സജീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ആദ്യ പത്ത് നിക്ഷേപക സൗഹൃദ സംസ്ഥാനങ്ങളിൽ ഒന്നായി കേരളത്തെ മാറ്റുക എന്ന വീക്ഷണത്തിന്റെ അടിസ്ഥാനത്തിൽ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(ബി) പരിസ്ഥിതി സൗഹൃദവും മലിനീകരണം പരമാവധി കുറഞ്ഞതുമായ വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്;

(സി) പരമ്പരാഗത തൊഴിലാളികൾക്കായി സംരംഭങ്ങൾ ആരംഭിക്കുന്നതിന് അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റിക്രാഫ്റ്റ്സ് ആർടിസാൻസ് (ASHA)പദ്ധതി നടപ്പിലാക്കിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്കൂൾ കുട്ടികൾക്കായി കൈത്തറി യൂണിഫോം നടപ്പിലാക്കിയത് മൂലം പരമ്പരാഗത കൈത്തറി മേഖലയിൽ ഉണ്ടായിട്ടുള്ള മാറ്റങ്ങൾ എന്തൊക്കെയാണ്;

(ഇ) ഈ മേഖലയിൽ വിദഗ്ധ തൊഴിലാളികളുടെ ക്ഷാമം പരിഹരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് കൈക്കൊണ്ടിട്ടുള്ളത്?

### ഉത്തരം

(എ) കേരളത്തെ കൂടുതൽ നിക്ഷേപ സൗഹൃദ സംസ്ഥാനമായി മാറ്റുന്നതിനായി 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് കേരള നിയമസഭ പാസ്സാക്കുകയുണ്ടായി. അതനുസരിച്ച് വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിന് ലൈസൻസുകളും ക്ലിയറൻസുകളും നൽകേണ്ട വകുപ്പുകളുമായി ബന്ധപ്പെട്ട ഏഴ് നിയമങ്ങളിൽ ഭേദഗതി വരുത്തുകയുണ്ടായി. ലൈസൻസുകളും ക്ലിയറൻസുകളും സമയബന്ധിതമായി വ്യവസായ സംരംഭകർക്ക് ലഭ്യമാകുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഇൻഡസ്ട്രീസ് പ്രൊമോഷൻ ഫെസിലിറ്റേഷൻ സെല്ലുകൾ രൂപീകരിച്ചിട്ടുണ്ട്. സംരംഭങ്ങൾ ആരംഭിക്കുന്നതിന് വിവിധ വകുപ്പുകളിൽനിന്നും അനുമതികൾ ലഭിക്കുന്നതിനും ഏകീകൃത അപേക്ഷാ ഫാറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ഓൺലൈൻ സംവിധാനം നിലവിൽ വരുന്നതാണ്.

(ബി) സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട അഞ്ച് ലക്ഷം രൂപവരെ സ്ഥിരമൂലധന നിക്ഷേപമുള്ളതും അഞ്ച് എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും വീടിനുള്ളിലോ വീടിനോട് ചേർന്നോ കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി തുടങ്ങാൻ കഴിയുന്നതരത്തിലുള്ള ഉല്പാദക സംരംഭങ്ങളും ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളും ഉൾപ്പെടുന്ന നാനോ സംരംഭങ്ങൾക്ക് നാനോ/ഗാർഹിക സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി പ്രകാരം സബ്സിഡി നൽകുന്നു. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയുടെ 6 ശതമാനം മുതൽ 8 ശതമാനം വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/ പട്ടികജാതി/പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8 ശതമാനം വരെ നൽകുന്നു. മൂന്നുവർഷം വരെ ഇതേരീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

(സി) ഉണ്ട്. കരകൗശല മേഖലയിലെ സൂക്ഷ്മ തൊഴിൽ സംരംഭങ്ങൾക്ക് പ്രോത്സാഹനം നൽകുന്നതിന് ഗ്രാന്റ് നൽകുന്ന പദ്ധതി നിലവിലുണ്ട്. 2016-ൽ ആരംഭിച്ച അസിസ്റ്റൻസ് സ്കീം ഫോർ ഹാന്റി ക്രാഫ്റ്റ്സ് ആർട്ടിസാൻസ് (ASHA) എന്ന ഈ പദ്ധതി പ്രകാരം കരകൗശല മേഖലയിലെ സൂക്ഷ്മ സംരംഭങ്ങൾക്ക് കെട്ടിടം, പണിശാല, യന്ത്രസാമഗ്രികൾ, ഉപകരണങ്ങൾ, പണിശാലയിലെ വൈദ്യുതീകരണം തുടങ്ങി സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 40 ശതമാനം തുക പരമാവധി രണ്ട് ലക്ഷം രൂപ ധനസഹായം നൽകുന്നു. പട്ടികജാതി/പട്ടികവർഗ്ഗം, വനിതാ യുവജന സംരംഭങ്ങൾക്ക് സ്ഥിരം മൂലധന നിക്ഷേപത്തിന്റെ 50 ശതമാനം തുക പരമാവധി മൂന്ന് ലക്ഷം രൂപ ധനസഹായം നൽകുന്നു.

2016-17 സാമ്പത്തിക വർഷം ഈ പദ്ധതി പ്രകാരം 20,22,084 രൂപയും 2017-18-ൽ 26.38 ലക്ഷം രൂപയും 2018-19-ൽ 35 ലക്ഷം രൂപയും വിതരണം ചെയ്തിട്ടുണ്ട്.

(ഡി&ഇ) പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ സ്കൂളിൽ പഠിക്കുന്ന കുട്ടികൾക്ക് കൈത്തറിയിൽ നെയ്തെടുത്ത തുണി സൗജന്യ സ്കൂൾ യൂണിഫോമായി നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ കൈത്തറി മേഖലയ്ക്ക് ഒരു പുത്തനുണർവ് സമ്മാനിച്ചു. കൂടുതൽ നെയ്ത്തുകാരെയും ഈ മേഖലയിൽനിന്നും കൊഴിഞ്ഞുപോയവരെയും തിരികെ കൊണ്ടുവരുവാൻ ഈ പദ്ധതിമൂലം സാധിച്ചു. പദ്ധതി തുടങ്ങുമ്പോൾ ഏകദേശം 200 നെയ്ത്തുകാരാണുണ്ടായിരുന്നത്. എന്നാൽ ഇപ്പോൾ ഏകദേശം 3800-ൽപ്പരം നെയ്ത്ത്

തൊഴിലാളികളും അതിന്റെ ഇരട്ടിയോളം അനുബന്ധ തൊഴിലാളികളും ഇതിന്റെ ഭാഗമായിട്ടുണ്ട്. കൂടാതെ, യുവാക്കളായ പുതിയ നെയ്ത്തുകാർക്കും ജയിലുകളിൽ തടവിൽ കഴിയുന്നവർക്കും നെയ്ത്ത് പരിശീലനം നൽകി ഈ പദ്ധതിയിൽ ഉൾപ്പെടുത്തുന്നതിനുള്ള നടപടി ആരംഭിച്ചു. ഇതിന്റെ നടപടികൾക്കായി ഹാൻവീവിനെ ചുമതലപ്പെടുത്തി. പൂട്ടിക്കിടക്കുന്ന സംഘങ്ങളിലെ തറികൾക്ക് അറ്റകുറ്റപ്പണികൾ നടത്തി ഈ പദ്ധതിയുടെ ഭാഗമാക്കുന്നുണ്ട്. ഈ പദ്ധതിയിൽ ഭാഗമായിരിക്കുന്നവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും വേതനവും ലഭിക്കുന്നു. പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് എന്ന രീതിയിൽ ഒരാഴ്ച ആയിരം രൂപയും ഒരു മാസം പരമാവധി നാലായിരം രൂപയും അധികം ലഭിക്കുന്നുണ്ട്.

ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹാന്റ്ലൂം ടെക്നോളജി (കണ്ണൂർ)-യുടെ സഹകരണത്തോടെ പരിശീലന പരിപാടികൾ സംഘടിപ്പിച്ചുവരുന്നുണ്ട്.

## മാനന്തവാടി ബാംബൂ കോർപ്പറേഷൻ യൂണിറ്റ്

175(623) <u>ശ്രീ. ഒ. ആർ. കേളു</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി ബാംബു കോർപ്പറേഷൻ ലാഭത്തിലാക്കുന്നതിനും വൈവിധ്യവത്കരിക്കുന്നതിനും എന്തെങ്കിലും നടപടി സ്വീകരിച്ച് വരുന്നുണ്ടോ;

(ബി) മുള ഉത്പന്നങ്ങൾ നിർമ്മിച്ച് മാനന്തവാടി യൂണിറ്റിൽ തന്നെ വിപണനം ചെയ്യാൻ കഴിയുന്ന കാര്യം പരിഗണിക്കാമോ;

(സി) സ്ഥാപനത്തെ ലാഭത്തിലാക്കാനും തൊഴിലാളികൾക്ക് മെച്ചപ്പെട്ട സേവന - വേതനം ലഭിക്കുന്നതിനും പുതിയ പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന ബാംബൂ കോർപ്പറേഷന്റെ കീഴിൽ നല്ലളത്ത് പ്രവർത്തിക്കുന്ന ഹൈടെക് ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറിയുടെ ഒരു ഫീഡർ യൂണിറ്റാണ് മാനന്തവാടിയിൽ പ്രവർത്തിച്ചുവരുന്നത്. ഈ യൂണിറ്റിൽ നല്ലളം ഹൈടെക് ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറിയിലേയ്ക്ക് ബാംബൂ ഫ്ളോറിംഗ് ടൈൽസ് നിർമ്മിക്കുന്നതിനാവശ്യമായ സ്ട്രിപ്പ് ആണ് പ്രോസസ് ചെയ്യുന്നത്. ഈ സ്ട്രിപ്പ് മുളയിൽനിന്ന് സബ് പ്രോസസ് എന്ന നിലയ്ക്കെടുത്ത് നല്ലളം യൂണിറ്റിലേയ്ക്ക് ടൈൽ നിർമ്മിക്കുന്നതിനുവേണ്ടി അയയ്ക്കുക മാത്രമാണ് ചെയ്യുന്നത്.

ഈ യൂണിറ്റ് മാത്രമായി ലാഭത്തിലാക്കാൻ കഴിയില്ല. കൂടാതെ മുളകൊണ്ടുള്ള ഫർണിച്ചറുകളും ഇവിടെ നിർമ്മിച്ച് നല്ലരീതിയിൽ ഹൈടെക് ബാംബൂ ഫ്ളോറിംഗ് ടൈൽ ഫാക്ടറി മുഖേന വിപണനം നടത്തിവരുന്നുണ്ട്.

(ബി) ആവശ്യകതയ്ക്കനുസരിച്ച് പരിശോധിക്കാവുന്നതാണ്.

(സി) ബാംബൂ ടൂത്ത് പിക്ക്, ബാംബൂ ഇൻസെൻസ് സ്റ്റിക്സ് തുടങ്ങിയ മൂല്യാധിഷ്ഠിത ഉല്പന്നങ്ങളുടെ നിർമ്മാണ പദ്ധതികൾ നടപ്പാക്കാൻ ബാംബൂ കോർപ്പറേഷൻ നടപടികൾ സ്വീകരിച്ചുവരികയാണ്.

## ഇക്കോ ഫ്രണ്ട്ലി യോഗാ മാറ്റ് നിർമ്മാണം

176(624) ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും കയറും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബ്രാന്റ് ഇക്കോ ഫ്രണ്ട്ലി യോഗാ മാറ്റ് ആലപ്പുഴയിലെ ഫോം മാറ്റിംഗ്സ് പുറത്തിറക്കിയിട്ടുണ്ടോ; എങ്കിൽ അതിന്റെ വിപണനം പ്രോത്സാഹനജനകമാണോ ;

(ബി) ഏത് ബ്രാന്റിലാണ് പ്രസ്തുത യോഗാ മാറ്റ് പുറത്തിറക്കിയിട്ടുള്ളതെന്ന് അറിയിക്കുമോ ;

(സി) വിദേശങ്ങളിൽ പോലും യോഗയ്ക്ക് പ്രാധാന്യം കിട്ടുന്ന സാഹചര്യത്തിൽ പരിസ്ഥിതി സൗഹൃദ വസ്തുക്കൾ ഉപയോഗിച്ച് യോഗാ മാറ്റുകൾ നിർമ്മിക്കുന്നതിനും കൂടുതൽ വിദേശ വിപണി കണ്ടെത്തുന്നതിനും നടപടി സ്വീകരിക്കുമോ എന്ന് വെളിപ്പെടുത്താമോ?

### ഉത്തരം

(എ) പുറത്തിറക്കിയിട്ടുണ്ട്. വിപണനം പ്രോത്സാഹജനകമാണ്.

(ബി) " ഫോമിൽ-ആരോഗ്യ" എന്ന ബ്രാൻഡിലാണ് യോഗ മാറ്റ് പുറത്തിറക്കിയിരിക്കുന്നത്.

(സി) നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കമ്പനി പങ്കെടുക്കുന്ന എല്ലാ വ്യാപാര മേളകളിലും യോഗാ മാറ്റ് പ്രദർശിപ്പിച്ചുവരുന്നു. ഇ-മെയിൽ മുഖാന്തിരവും ടെലഫോൺ വഴിയും ഓർഡറുകൾ ലഭിക്കുന്നുണ്ട്. കൂടുതൽ യോഗ മാറ്റുകൾ നിർമ്മിക്കുന്നതിനും വിദേശവിപണി കണ്ടെത്തുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു.

## വ്യവസായ സൗഹൃദ സംസ്ഥാനം

177(625) ശ്രീ. വി. അബ്ദുറഹിമാൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ വ്യവസായം മെച്ചപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) പുതുസംരംഭകർക്ക് വ്യവസായം ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ സുതാര്യവും വേഗത്തിലുമാക്കാൻ സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ;

(സി) കേരളം വ്യവസായ സൗഹൃദ സംസ്ഥാനമാക്കുന്നതിന് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ഡി) വാട്ടർ അതോറിറ്റിയും വൈദ്യുതി വകുപ്പും വ്യവസായസംരംഭകർക്ക് നൽകേണ്ട സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് പ്രത്യേക നിർദ്ദേശം നൽകുമോ?

### ഉത്തരം

(എ-സി) സംസ്ഥാനത്ത് വ്യവസായ വളർച്ചയ്ക്കനുകൂലമായ സാഹചര്യം പ്രയോജനപ്പെടുത്തുന്നതിനും സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങൾ ആരംഭിക്കുന്നതിനുമുള്ള നടപടികൾ ലളിതമാക്കുന്നതിനുവേണ്ടി 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് നിലവിൽവന്നു.

വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി നടപ്പിലാക്കിയ നൂതന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി: നാനോ/കുടുംബ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കുന്നതിന് 2017-18 മുതൽ ഈ സംരംഭങ്ങൾക്കെടുക്കുന്ന വായ്പയുടെ പലിശയിളവ് (ഇന്ററസ്റ്റ് സബ് വെൻഷൻ) നൽകുന്ന പദ്ധതിയാണിത്.

2. ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്: സംസ്ഥാനത്തെ തടി അധിഷ്ഠിത ഫർണിച്ചർ വ്യവസായം പ്രോത്സാഹിപ്പിക്കുവാൻ എറണാകുളം, തൃശ്ശൂർ പ്രദേശത്ത് തടി ഫർണിച്ചർ യൂണിറ്റുകൾക്കായി കേന്ദ്ര സർക്കാരിന്റെ കൂടി സഹായത്തോടെ ഒരു അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ് സ്ഥാപിക്കാൻ സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്ന പദ്ധതിയാണിത്.

3. സർവകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി: നിലവിലുള്ള വ്യവസായ ബിസിനസ് സംരംഭങ്ങൾക്ക് അവരുടെ സാങ്കേതിക ആവശ്യങ്ങളെ അഭിസംബോധന ചെയ്ത് ആയത് നിവർത്തിക്കുന്നതിന് സർവകലാശാലകൾക്കും ഗവേഷണ സ്ഥാപനങ്ങൾക്കും സാങ്കേതിക ദാതാക്കൾക്കും സാമ്പത്തിക സഹായം നൽകുന്ന പദ്ധതിയാണിത്.

4. എം.എസ്.എം.ഇ.-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി: സംസ്ഥാനത്തെ സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭകർക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്ന പദ്ധതിയാണിത്.

5. സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം: പി.എം.ഇ.ജി.പി. പദ്ധതിയിലെയും നാനോ ഹൗസ് ഹോൾഡ് മേഖലയിലെയും സംരക്ഷണത്തിനായി ഒരു സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം 2018-19 മുതൽ ആവിഷ്കരിച്ചിട്ടുണ്ട്.

6. തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി: കേരളത്തിലെ തകർച്ച നേരിടുന്ന സൂക്ഷ്മ ചെറുകിട ഇടത്തരം വ്യവസായങ്ങൾ പുനരുജ്ജീവിപ്പിക്കുവാൻ 2018-19 മുതൽ ഒരു പദ്ധതി ആവിഷ്കരിച്ച് നടപ്പിലാക്കുന്നു.

7. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം: സ്ത്രീകൾ, എസ്.സി./എസ്.ടി., അംഗപരിമിതർ എന്നീ വിഭാഗത്തിലുൾപ്പെട്ടവർ അടങ്ങിയ വ്യവസായ സഹകരണ സംഘങ്ങൾക്ക് വികസനം, നവീകരണം, വിപുലീകരണം എന്നിവയ്ക്ക് സാമ്പത്തിക സഹായം നൽകുന്നതിന് ഈ പദ്ധതി ലക്ഷ്യമിടുന്നു.

8. സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.: ഈ പദ്ധതി പ്രകാരം എം.എസ്.എം.ഇ.-കളിൽ 1-4-2017-നുശേഷം സൃഷ്ടിക്കപ്പെടുന്ന ഓരോ അധിക തൊഴിലിനും അനുസൃതമായി ഇ.എസ്.ഐ., ഇ.പി.എഫ്. എന്നീ ഇനങ്ങളിൽ തൊഴിലുടമയുടെ വിഹിതമായി അടയ്ക്കുന്ന തുകയുടെ 75 ശതമാനം മൂന്ന് വർഷത്തേയ്ക്ക് റീ ഇംബേഴ്സ് ചെയ്ത് നൽകുന്ന പദ്ധതിയാണിത്. 1-4-2017-നുശേഷം ഏറ്റവും കുറഞ്ഞത് 5 പേർക്കെങ്കിലും തൊഴിൽ നൽകുന്നതും ഉല്പാദന, സേവന മേഖലയിലുള്ളതുമായ എല്ലാ മൈക്രോ, സ്മാൾ, മീഡിയം

സംരംഭങ്ങൾക്കും ഈ ആനുകൂല്യം ലഭിക്കും. സംരംഭകരേയും തൊഴിലാളികളെയും ഒരുപോലെ സഹായിക്കുന്നതിനുവേണ്ടി ഏകദേശം മൂന്ന് വർഷ കാലയളവിലേയ്ക്കുള്ള ഒരു പ്രോത്സാഹനമാണ് ഈ പദ്ധതി. നടപ്പുസാമ്പത്തിക വർഷം ഈ പദ്ധതി നടപ്പിലാക്കുന്നതാണ്.

9. പശ്ചാത്തല വികസന പദ്ധതികൾ: വ്യാവസായിക വളർച്ചയ്ക്കനുകൂലമായ സാഹചര്യം സൃഷ്ടിക്കാൻ വ്യവസായ മേഖലയിലെ സ്ഥലദൗർലഭ്യം കണക്കിലെടുത്ത് ബഹുനില വ്യവസായ സമുച്ചയങ്ങൾ നിർമ്മിക്കാനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. വ്യവസായ പ്ലോട്ടിനായി പുതുതായി ഏറ്റെടുത്ത കോഴിക്കോട് ജില്ലയിലെ കട്ടിപ്പാറയിലെ 20.43 ഏക്കർ ഭൂമിയിലെ അടിസ്ഥാന സൗകര്യ വികസനത്തിനായി രണ്ടാംഘട്ട പ്രവർത്തനങ്ങൾ നടന്നുവരുന്നു. തൃശ്ശൂർ ജില്ലയിലെ വരവൂരിൽ 8.55 ഏക്കർ സ്ഥലത്തെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നതിനുള്ള പ്രവർത്തനം നടന്നുവരുന്നു. ഈ രണ്ട് പ്ലോട്ടുകളുടെയും വികസന പ്രവർത്തനങ്ങൾ പൂർത്തിയാകുന്നമുറയ്ക്ക് ടി സ്ഥലങ്ങൾ പ്ലോട്ടുകളായി തിരിച്ച് വ്യവസായ സംരംഭകർക്ക് നൽകുന്നതാണ്. അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനായി ഭരണാനുമതിയും ഫണ്ടും ലഭ്യമാക്കിയിട്ടുണ്ട്. സ്വകാര്യ മേഖലയിൽ വ്യവസായ എസ്റ്റേറ്റുകൾ സ്ഥാപിക്കുന്നതിന് പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. തദ്ദേശ സ്ഥാപനങ്ങളുടെ ഉടമസ്ഥതയിലുള്ള ഭൂമിയിൽ അടിസ്ഥാന സൗകര്യ വികസനത്തിനായി പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടുണ്ട്. ആലപ്പുഴ ജില്ലയിൽ വിവിധോദ്ദേശ്യ വ്യവസായ വിപണന കേന്ദ്രത്തിന് ഭരണാനുമതി ലഭ്യമായിട്ടുണ്ട്. വ്യവസായ വാണിജ്യ ഡയറക്ടറേറ്റിന്റെ കീഴിലുള്ള 38 ഡെവലപ്മെന്റ് ഏരിയ/ ഡെവപ്മെന്റ് പ്ലോട്ടുകളിൽ സർവ്വേ നടത്തി വികസനം കൈവരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കേന്ദ്രസർക്കാർ പദ്ധതിയായ എം.എസ്.സി.ഡി.പി. മുഖേന ഡി.എ. പൂവൻതുരുത്തിലും ഡി.എ. എടയാറിലും യഥാക്രമം 1000 ലക്ഷവും 967.69 ലക്ഷവും രൂപയുടെ പ്രോജക്ടിന് അനുമതി നൽകിയിട്ടുണ്ട്. 60:40 അനുപാതത്തിൽ നടപ്പിലാക്കുന്ന ഈ പദ്ധതിക്ക് സംസ്ഥാന വിഹിതമായ 400 ലക്ഷം രൂപയും 387.076 ലക്ഷം രൂപയും വകയിരുത്തിയിട്ടുണ്ട്.

10. മറ്റ് പദ്ധതികൾ: മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായും ചെറുകിട

വ്യവസായികളെ ആകർഷിക്കുന്നതിനായും എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം തുടങ്ങിയവ നടത്തിവരുന്നു.

ബോധവൽക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉല്പന്ന വിപണന മേളകൾ, മെഷിനറി എക്സിബിഷൻ ടെക്നോളജി ക്ലിനിക്കുകൾ, സ്കിൽ ഡെവലപ്മെന്റ് പരിശീലനം, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാതലങ്ങളിലായി നടത്തിവരുന്നു.

കൂടാതെ, സംസ്ഥാനതലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾവഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായം തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കും.

ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം പൊതുമേഖലാ സ്ഥാപനങ്ങളെ കൂടുതൽ മത്സരക്ഷമതയുള്ളവയാക്കുന്നതിന്റെ ഭാഗമായി ഉല്പാദന സംവിധാനങ്ങളുടെയും സാങ്കേതിക വിദ്യയുടെയും കാലാനുസൃത നവീകരണം, വിപണന സാദ്ധ്യതയുള്ള ഉല്പന്നങ്ങളുടെ വൈവിദ്ധ്യവൽക്കരണം, വിപുലീകരണം എന്നീ നടപടികളിലൂടെ സ്ഥാപനങ്ങളെ ആധുനികവൽക്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്. പൊതുമേഖലാ സ്ഥാപനങ്ങളിലെ വിവിധ നവീകരണ വിപുലീകരണ പദ്ധതികൾക്കായി 2016-17 സാമ്പത്തിക വർഷം 123 കോടി രൂപയും 2017-18 സാമ്പത്തിക വർഷം 270 കോടി രൂപയും 2018-19 സാമ്പത്തിക വർഷം 297.35 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

ടെക്സ്റ്റൈൽ മേഖലയിലെ പുനരുദ്ധാരണ പദ്ധതി തയ്യാറാക്കുന്നതിനായി ശ്രീ. പി. നന്ദകുമാർ ചെയർമാനായ വിദഗ്ദ്ധ കമ്മിറ്റിയുടെ റിപ്പോർട്ട് പ്രകാരമുള്ള നവീകരണ വിപുലീകരണ പ്രവർത്തനങ്ങൾ ആ മേഖലയിൽ സ്വീകരിച്ചുവരുന്നു.

ടൈറ്റാനിയം ലോഹം ഉൾപ്പെടുന്ന മൂല്യവർദ്ധിത ഉല്പന്നങ്ങളുടെ ഒരു കോംപ്ലക്സ് സ്ഥാപിക്കുന്നതിനുവേണ്ടി കമ്മിറ്റി രൂപീകരിച്ചു. കോംപ്ലക്സ് സ്ഥാപിക്കുന്നതിനായി കൊല്ലം ജില്ലയിൽ പന്മന വില്ലേജിലെ 180 ഏക്കർ സ്ഥലം ഏറ്റെടുക്കുന്നതിന് കിൻഫ്രയെ ചുമതലപ്പെടുത്തി.

കെൽ, കേരള ഓട്ടോമൊബൈൽസ്, ഭെൽ-ഇ.എം.എൽ. ലിമിറ്റഡ് എന്നീ സ്ഥാപനങ്ങളുടെ സഹകരണത്തോടെ ഇലക്ട്രിക് വാഹനങ്ങളുടെ നിർമ്മാണത്തിന്റെ സാദ്ധ്യതയും പരിശോധിക്കുന്നതാണ്.

ഖാദി മേഖലയിൽ 5000 പേർക്ക് തൊഴിലവസരം സൃഷ്ടിക്കുന്നതിനായി 'ഖാദിഗ്രാമം' എന്ന പദ്ധതി നടപ്പിലാക്കിവരുന്നു. 'എന്റെ ഗ്രാമം പദ്ധതി' പ്രകാരം പദ്ധതിച്ചെലവിന്റെ 25 ശതമാനം മുതൽ 40 ശതമാനം വരെ സബ്സിഡി നൽകുന്നു.

സംസ്ഥാനത്ത് ചെറുകിട വ്യവസായങ്ങളുടെ വളർച്ചയ്ക്കുവേണ്ടി 'വ്യപാർ 2017 (ബിസിനസ് ടു ബിസിനസ് മീറ്റ്)' കൊച്ചിയിലെ ബോൾഗാട്ടി പാലസിൽ സംഘടിപ്പിച്ചു.

കേരള സംസ്ഥാന ബാംബൂ മിഷൻ 'കേരള ബാംബൂ ഫെസ്റ്റ്' എറണാകുളം മറൈൻ ഡ്രൈവിൽ സംഘടിപ്പിച്ചു.

സംസ്ഥാനത്തെ ക്ലസ്റ്ററുകളിൽ 'കോമൺഫെസിലിറ്റി സെന്റർ' സ്ഥാപിക്കുന്നതിന് കേന്ദ്ര സർക്കാരിന്റെ എം.എസ്.എം.ഇ. മന്ത്രാലയത്തിന്റെ സഹായത്തോടെ എം.എസ്.ഇ.-സി.ഡി.പി. പദ്ധതി നടപ്പിലാക്കിവരുന്നു.

കേരളത്തിലെ തനതായ കരകൗശല വസ്തുക്കൾ, കൈത്തറി വസ്തുക്കൾ, കലാരൂപങ്ങൾ എന്നിവ ഉൾക്കൊള്ളിച്ചുകൊണ്ട് കരകൗശലക്കാർ, ശില്പികൾ എന്നിവരെ ഒരുമിപ്പിക്കുവാനും അവരുടെ ഉല്പന്നങ്ങൾക്ക് വിപണി കണ്ടെത്താനുമായി 'മലബാർ ക്രാഫ്റ്റ്സ് മേള' പാലക്കാട് ഇന്ദിരാഗാന്ധി മുനിസിപ്പൽ സ്റ്റേഡിയത്തിൽ സംഘടിപ്പിച്ചു.

സൂക്ഷ്മ ചെറുകിട ഇടത്തരം സംരംഭങ്ങളുടെ ഉല്പന്നങ്ങൾക്ക് ദേശീയ അന്തർദേശീയ തലത്തിൽ വിപണി കണ്ടെത്താൻ 'എം.എസ്.എം.ഇ. പോർട്ടൽ' രൂപീകരിച്ചു.

പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി നെയ്ത്തിനെ സംരക്ഷിക്കുന്നതിനും വികസിപ്പിക്കുന്നതിനുമായി സംസ്ഥാന സർക്കാർ സൗജന്യ സ്കൂൾ യൂണിഫോം നെയ്യുന്നതിന് പ്രോത്സാഹനം നൽകിയതിലൂടെ കൂടുതൽ തൊഴിലാളികൾക്ക് തൊഴിൽ ലഭിച്ചു. യുവവീവ് പദ്ധതി, വീട്ടിൽ ഒരു തറി എന്നീ പദ്ധതികൾ നടപ്പിലാക്കി.

മൈനിംഗ് & ജിയോളജിയുടെ KOMPAS എന്ന ഓൺലൈൻ പോർട്ടൽ K-SWIFT എന്ന ഓൺലൈൻ സിംഗിൾ വിൻഡോ പോർട്ടലുമായി ബന്ധിപ്പിക്കുന്ന നടപടികൾ ത്വരിതഗതിയിലാണ്.

(ഡി) സംസ്ഥാനത്തെ വ്യവസായ സംരംഭങ്ങളുടെ സുഗമമായ നടത്തിപ്പിനായി വിവിധ വകുപ്പുകളുടെ കീഴിൽ നിലവിലുള്ള ഏഴ് നിയമങ്ങൾ ഭേദഗതി വരുത്തിക്കൊണ്ട് 2018-ലെ കേരള ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ & ഫെസിലിറ്റേഷൻ ആക്ട് എന്ന പേരിൽ പുതിയ നിയമം സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഈ നിയമംമൂലം വ്യവസായം തുടങ്ങാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിലെ കാലഹരണപ്പെട്ട നിയമങ്ങളിലാണ് ഭേദഗതി വരുത്തിയിരിക്കുന്നത്. കൂടാതെ, വിവിധ വകുപ്പുകളുടെ നിലവിലുള്ള പത്ത് ചട്ടങ്ങളും ഭേദഗതി വരുത്തിയിട്ടുണ്ട്.

വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നും ലഭിക്കുന്ന അനുമതികളുടെ ഏകജാലക ഓൺലൈൻ സംവിധാനം, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽനിന്നും നൽകുന്ന കെട്ടിട പ്ലാനുകളുടെ ഓൺലൈൻ അനുമതികൾ, വിവിധ വകുപ്പുകൾ തമ്മിലുള്ള സംയുക്ത പരിശോധനാരീതി, സ്പോട്ട് രജിസ്ട്രേഷൻ, വിവിധ വകുപ്പുകളിൽനിന്നുള്ള സമയബന്ധിതമായ അനുമതികൾ നൽകുന്നത്, സെൽഫ് സർട്ടിഫിക്കേഷൻ (സ്വയം സാക്ഷ്യപ്പെടുത്തൽ), ഡീംഡ് അപ്രൂവൽ, വൈദ്യുതി കണക്ഷൻ, ട്രേഡ് ലൈസൻസ് എന്നിവ എളുപ്പത്തിൽ ലഭ്യമാക്കുന്നതിനുള്ള വ്യവസ്ഥകളാണ് സംസ്ഥാനത്ത് ഈസ് ഓഫ് ഡൂയിങ് ബിസിനസ് നടപ്പിലാക്കുന്നതുമൂലം വ്യവസായരംഗത്ത് മുന്നേറ്റത്തിനുള്ള അനുകൂല ഘടകങ്ങൾ.

വാട്ടർ അതോറിറ്റിയും വൈദ്യുതി വകുപ്പും വ്യവസായ സംരംഭകർക്ക് നൽകേണ്ട സൗകര്യങ്ങൾ സമയബന്ധിതമായി നൽകുന്നതിനുള്ള ഉത്തരവുകളും ഇതിൽ ഉൾപ്പെട്ടിട്ടുണ്ട്.

## വ്യവസായ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്നതും നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ

178(626) <u>ശ്രീ. റോഷി അഗസ്റ്റിൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ നിലവിൽ പ്രവർത്തിക്കുന്നതും, ഇനി നടപ്പാക്കാൻ ഉദ്ദേശിക്കുന്നതുമായ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഓരോന്നിന്റെയും വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) ഇടുക്കി നിയോജകമണ്ഡലത്തിൽ വ്യവസായ വകുപ്പിനുകീഴിൽ നിലവിൽ നടപ്പിലാക്കിവരുന്ന പദ്ധതികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

- പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി പ്രകാരം 48 പേർക്ക് 70.20 ലക്ഷം രൂപ മാർജിൻ മണി അനുവദിച്ചതിലൂടെ നിരവധി തൊഴിലവസരങ്ങൾ സൃഷ്ടിക്കാനായിട്ടുണ്ട്. ടി പദ്ധതി 2018-19 സാമ്പത്തിക വർഷവും തുടർന്നുപോകുന്നു.
- 2018-19 സാമ്പത്തിക വർഷത്തിൽ ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിനുകീഴിൽ ജില്ലയിലെ വിവിധ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ബോധവത്ക്കരണ ക്ലാസുകൾ നടത്തുന്നതിനായി 1,14,000 രൂപ അനുവദിച്ചിട്ടുണ്ട്. സംരംഭകത്വ വികസന പരിപാടികൾക്കായി 3,00,000 രൂപയും ജില്ലാ നിക്ഷേപക സംഗമത്തിനായി 1,30,000 രൂപയും ടെക്നോളജി ക്ലിനിക് പ്രോഗ്രാം നടത്തുന്നതിനായി 3,90,000 രൂപയും എൽ.എസ്.ജി.ഡി. ട്രെയിനിംഗിനായി 1,20,000 രൂപയും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാമിനായി 2,60,000 രൂപയും ഇൻഡസ്ട്രിയൽ എക്സിബിഷനായി 4,00,000 രൂപയും ഇടുക്കി ജില്ലാ വ്യവസായ കേന്ദ്രത്തിന് അനുവദിച്ചിട്ടുണ്ട്.

കൈത്തറി മേഖലയുടെ അഭിവൃദ്ധിക്കായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിവരുന്നു:

- സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയുടെ പ്രവർത്തനം പനംകുട്ടി കൈത്തറി സംഘത്തിൽ നടന്നുവരുന്നു.
- യുവ വീവ് പദ്ധതി, ഒരു വീട്ടിൽ ഒരു തറി എന്നീ പദ്ധതികൾ നടപ്പിലാക്കുന്നതിനായി അപേക്ഷകൾ ക്ഷണിച്ചിട്ടുണ്ട്.
- പനംകുട്ടി കൈത്തറി സംഘത്തിന് വർക്ക് ഷെഡ് നവീകരിക്കുന്നതിനായി 1,20,000 രൂപ അനുവദിച്ചിട്ടുണ്ട്.
- കഴിഞ്ഞ സാമ്പത്തിക വർഷത്തിൽ ഇടുക്കി നിയോജകമണ്ഡലത്തിൽ സംരംഭകത്വ സഹായ പദ്ധതി പ്രകാരം 12 യൂണിറ്റുകൾക്കായി സബ്സിഡി ഇനത്തിൽ 46,98,640 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്. 2018-19-ൽ ടി പദ്ധതിക്കായി 100 ലക്ഷം രൂപയും അനുവദിച്ചിട്ടുണ്ട്.
- ഗാർഹിക സംരംഭകർക്കുള്ള പലിശ സബ്സിഡി പദ്ധതിപ്രകാരം 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.
- പനംകുട്ടിയിൽ പട്ടികജാതി / പട്ടികവർഗ്ഗ സംരംഭകർക്കുള്ള ഷെഡ്ഡുകളുടെ നിർമ്മാണം പുരോഗമിക്കുന്നു.

## ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് പദ്ധതികൾ

179(627) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽവന്നതിനുശേഷം ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് എന്തെല്ലാം പദ്ധതികൾ നടപ്പിലാക്കി വരുന്നു എന്ന് അറിയിക്കുമോ;

(ബി) കൂടുതൽ പദ്ധതികൾ ഈ മേഖലയിൽ നടപ്പിലാക്കുന്നത് പരിഗണനയിലുണ്ടോ;ഉണ്ടെങ്കിൽ വിശദാംശം അറിയിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഗാർഹിക സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിനായി താഴെപ്പറയുന്ന പദ്ധതികൾ നടപ്പിലാക്കിവരുന്നു.

1. നാനോ / ഗാർഹിക സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി: 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 എച്ച്.പി. വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട ഉല്പാദക, ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്ന് നടത്തുന്നതോ ആയതും കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി തുടങ്ങുന്നതിന് സാദ്ധ്യതയുള്ള നാനോ സംരംഭങ്ങൾക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയുടെ 6 ശതമാനം മുതൽ 8 ശതമാനം വരെ സബ്സിഡിയായി നൽകുന്നു. വനിതകൾ / പട്ടികജാതി /പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8 ശതമാനം വരെ ലഭിക്കുന്നു. മൂന്ന് വർഷം വരെ ഇതേരീതിയിൽ പലിശയിളവ് ലഭിക്കുന്നതാണ്.

2. സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം: ഹൗസ് ഹോൾഡ് നാനോ യൂണിറ്റുകൾ, പി.എം.ഇ.ജി.പി. യൂണിറ്റുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് അതിസൂക്ഷ്മ മേഖലയിലെ വ്യവസായ സംരംഭകർക്ക് പൊതുസൗകര്യ കേന്ദ്രങ്ങളൊരുക്കുന്നതിനുള്ള സംസ്ഥാന ആവിഷ്കൃത പദ്ധതി ഈ വർഷം മുതൽ നടപ്പിലാക്കുന്നു.

(ബി) മേൽ പദ്ധതികളുടെ നടത്തിപ്പിനാണ് സർക്കാർ ഇപ്പോൾ ശ്രദ്ധ കേന്ദ്രീകരിക്കുന്നത്.

## ചെറുകിട വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് നടപടി

180(628) ശ്രീ. മുഹമ്മദ് മുഹസിൻ പി.: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കാമോ;

(ബി) ഈ മേഖലയിൽ കൂടുതൽ സംരംഭങ്ങൾ തുടങ്ങുന്നതിനായി യുവാക്കൾക്ക് പരിശീലനം നൽകുന്നുണ്ടെങ്കിൽ ആയതിന്റെ വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം സംസ്ഥാനത്തെ ചെറുകിട വ്യവസായ മേഖലയെ സംരക്ഷിക്കുന്നതിന് നടപ്പിലാക്കുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി.
2. ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്
3. സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി
4. എം.എസ്.എം.ഇ.-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി
5. സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം
6. തകർച്ച നേരിടുന്ന എം.എസ്.എം.ഇ.-കളുടെ പുനരുദ്ധാരണ പദ്ധതി
7. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം
8. പ്രധാനമന്ത്രിയുടെ തൊഴിൽദായക പദ്ധതി (പി.എം.ഇ.ജി.പി.)
9. സംരംഭകത്വ സഹായ പദ്ധതി
10. പശ്ചാത്തല വികസന പദ്ധതികൾ
11. ഇ.ഡി.ക്ലബ്ബ്
12. ഇൻകുബേഷൻ സെന്ററുകൾ

13. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

14. സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.

15. കരകൗശല മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായം

16. പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ

17. മുളയനുബന്ധ വ്യവസായത്തിന്റെ പ്രോത്സാഹനം

18. പരമ്പരാഗത മേഖലയിൽ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി

19. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി

20. കരകൗശല മേഖലയിലെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം, കരകൗശല വിദഗ്ദ്ധർക്ക് അവാർഡ്, കരകൗശല വിദഗ്ദ്ധർക്ക് വാർദ്ധക്യകാല പെൻഷൻ, കേരളാ ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘത്തിനുകീഴിലുള്ള തൊഴിലാളികൾക്ക് സമാശ്വാസ പെൻഷൻ, കേരളാ ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം വില്പന നികുതിയിനത്തിലൊടുക്കിയ തുക മടക്കി നൽകുക എന്നീ പദ്ധതികളും.

21. വ്യവസായ ജാലകം പദ്ധതി

മേൽപ്പറഞ്ഞ പദ്ധതികൾ കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനും ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനുമായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്ക്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവത്ക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉല്പന്ന വിപണനമേളകൾ,

മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തിവരുന്നു. കൂടാതെ സംസ്ഥാനതലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾവഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കുന്നു.

(ബി) യുവാക്കളിൽ സംരംഭകത്വ സംസ്കാരം വളർത്തിയെടുത്ത് തൊഴിൽ അന്വേഷകരിൽനിന്നും തൊഴിൽ ദാതാക്കളായി പരിവർത്തനം ചെയ്യാൻ വിവിധ മേഖലകളിൽ നൈപുണ്യ വികസന പരിശീലനങ്ങളും ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ ഇ.ഡി. ക്ലബ്ബുകൾ, സംരംഭകത്വ ബോധവൽക്കരണ പരിപാടികൾ എന്നിവ നടപ്പിലാക്കിവരുന്നു.

## തൊഴിൽദാന സാധ്യത കൂടിയ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ പദ്ധതി

181(629) ശ്രീ. എ. പ്രദീപ്കുമാർ:
ശ്രീ. പി. വി. അൻവർ:
ശ്രീ. ആർ. രാജേഷ്:
ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പരിസ്ഥിതി ആഘാതം കുറഞ്ഞതും ചെറിയ മുതൽമുടക്കുള്ളതും എന്നാൽ തൊഴിൽദാന സാദ്ധ്യത കൂടിയതുമായ സൂക്ഷ്മ, ചെറുകിട, ഇടത്തരം സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കാൻ പദ്ധതി തയ്യാറാക്കിയിട്ടുണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) നവ സംരംഭകർക്കുവേണ്ട സാങ്കേതിക സാമ്പത്തിക സഹായത്തിനായി ഏർപ്പെടുത്തിയിട്ടുള്ള സംവിധാനം എന്താണെന്ന് വ്യക്തമാക്കാമോ;

(സി) ഗാർഹിക സംരംഭങ്ങളായ നാനോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടത്തിവരുന്ന പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് അറിയിക്കാമോ?

## ഉത്തരം

(എ) കേരള മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡപ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട 5 ലക്ഷം രൂപ വരെ സ്ഥിര മൂലധന നിക്ഷേപമുള്ളതും 5 HP വരെ വൈദ്യുതി ആവശ്യമുള്ളതും വീടിനുള്ളിലോ വീടിനോട് ചേർന്നോ കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി തുടങ്ങാൻ കഴിയുന്ന തരത്തിലുള്ള ഉല്പാദക സംരംഭങ്ങളും ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ട സംരംഭങ്ങളും ഉൾപ്പെടുന്ന നാനോ സംരംഭങ്ങൾക്ക് നാനോ/ഗാർഹിക സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ്‌വെൻഷൻ പദ്ധതി പ്രകാരം സബ്‌സിഡി നൽകുന്നു. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയുടെ 6 ശതമാനം മുതൽ 8 ശതമാനം വരെ സബ്‌സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി / പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8 ശതമാനം വരെ ലഭിക്കുന്നു. മൂന്ന് വർഷം വരെ ഇതേരീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

(ബി) നവസംരംഭകർക്കുള്ള സാങ്കേതിക സാമ്പത്തിക സഹായത്തിനായി ഏർപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നാനോ/കുടുംബ സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി.
2. ഇന്നവേറ്റീവ് അന്താരാഷ്ട്ര ഫർണിച്ചർ ഹബ്ബ്
3. സർവ്വകലാശാലകളും/ഗവേഷണ സ്ഥാപനങ്ങളും വ്യവസായങ്ങളും തമ്മിലുള്ള ബന്ധം ശക്തിപ്പെടുത്തൽ പദ്ധതി
4. എം.എസ്.എം.ഇ.-കൾക്കുള്ള ഇൻഷ്വറൻസ് പദ്ധതി
5. സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം
6. വ്യവസായ സഹകരണ സംഘങ്ങൾക്കുള്ള സഹായം
7. പ്രധാനമന്ത്രിയുടെ തൊഴിൽ ദായക പദ്ധതി (പി.എം.ഇ.ജി.പി.)
8. സംരംഭകത്വ സഹായ പദ്ധതി
9. പശ്ചാത്തല വികസന പദ്ധതികൾ
10. ഇ.ഡി.ക്ലബ്ബ്
11. ഇൻകുബേഷൻ സെന്ററുകൾ
12. ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം

13. സ്കീം ഫോർ റീ ഇംബേഴ്സ്മെന്റ് ഓഫ് ഇ.എസ്.ഐ. & ഇ.പി.എഫ്. കോൺട്രിബ്യൂഷൻ ഓഫ് എംപ്ലോയർ ഫോർ ക്രിയേറ്റിംഗ് എംപ്ലോയ്മെന്റ് ഇൻ എം.എസ്.എം.ഇ.
14. കരകൗശല മേഖലയിലെ സംസ്ഥാനതല സ്ഥാപനങ്ങൾക്കുള്ള ധനസഹായം
15. പരമ്പരാഗത മേഖലയിൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കൽ
16. മുളയനുബന്ധ വ്യവസായത്തിന്റെ പ്രോത്സാഹനത്തിനായുള്ള പദ്ധതികൾ
17. പരമ്പരാഗത മേഖലയിൽ പൊതു സൗകര്യ കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിനുള്ള പദ്ധതി
18. കരകൗശല മേഖലയിൽ സൂക്ഷ്മ സംരംഭങ്ങൾ ആരംഭിക്കുന്നതിനുള്ള പദ്ധതി
19. കരകൗശല മേഖലയിലെ വ്യവസായ സഹകരണ സംഘങ്ങൾക്ക് ധനസഹായം, കരകൗശല വിദഗ്ധർക്ക് അവാർഡ്, കരകൗശല വിദഗ്ധർക്ക് വാർദ്ധക്യകാല പെൻഷൻ, കേരളാ ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘത്തിനുകീഴിലുള്ള തൊഴിലാളികൾക്ക് സമാശ്വാസ പെൻഷൻ, കേരളാ ദിനേശ് ബീഡി കേന്ദ്ര സഹകരണ സംഘം വില്പന നികുതിയിനത്തിലൊടുക്കിയ തുക മടക്കി നൽകുന്ന പദ്ധതി.

കൂടാതെ കേരളത്തിൽ വ്യവസായ വളർച്ച ത്വരിതപ്പെടുത്തുന്നതിനായി, ചെറുകിട വ്യവസായികളെ ആകർഷിക്കുന്നതിനായി എല്ലാ ജില്ലകളിലും ഇൻവെസ്റ്റേഴ്സ് മീറ്റ്, സംരംഭകത്വ പരിശീലന പദ്ധതി, ടെക്നോളജി ക്ലിനിക്, സ്കിൽ ഡെവലപ്മെന്റ് പ്രോഗ്രാം, വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ സംരംഭകത്വ ബോധവത്ക്കരണ പരിപാടി, ജില്ലാടിസ്ഥാനത്തിൽ ടെക്നോളജി മാനേജ്മെന്റ് ഡെവലപ്മെന്റ് പ്രോഗ്രാം, ബോധവത്ക്കരണ ക്ലാസുകൾ, സംരംഭകത്വ വികസന പരിശീലന പരിപാടികൾ, നിക്ഷേപകരുടെ മേളകൾ, എം.എസ്.എം.ഇ. ഉല്പന്ന വിപണനമേളകൾ, മെഷിനറി എക്സിബിഷൻ, ഊർജ്ജിത വ്യവസായവൽക്കരണ പദ്ധതി എന്നിവ ബ്ലോക്ക്, താലൂക്ക്, മുനിസിപ്പാലിറ്റി, ജില്ലാ തലങ്ങളിലായി നടത്തിവരുന്നു. കൂടാതെ സംസ്ഥാന തലത്തിൽ മെഷിനറി എക്സിബിഷൻ, അഗ്രോ ഫുഡ് പ്രോ തുടങ്ങിയ പരിപാടികൾവഴി സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വ്യവസായികൾക്ക് കേരളത്തിൽ വ്യവസായങ്ങൾ തുടങ്ങുന്നതിനും കേരളത്തിലെ ചെറുകിട വ്യവസായികൾക്ക് ഇന്ത്യയ്ക്കകത്തും പുറത്തുമുള്ള വിപണന അവസരങ്ങൾ കണ്ടെത്താനും സാധിക്കും.

(സി) ഗാർഹിക സംരംഭങ്ങളായ നാനോ സംരംഭങ്ങൾ പ്രോത്സാഹിപ്പിക്കാൻ നടത്തിവരുന്ന പദ്ധതികൾ ചുവടെ ചേർക്കുന്നു :

1. നാനോ/ഗാർഹിക സംരംഭകർക്കുള്ള ഇന്ററസ്റ്റ് സബ് വെൻഷൻ പദ്ധതി: 5 ലക്ഷം രൂപ വരെ സ്ഥിരം മൂലധന നിക്ഷേപമുള്ളതും 5 HP വരെ വൈദ്യുതി ആവശ്യമുള്ളതും മലിനീകരണ നിയന്ത്രണ ബോർഡിന്റെ മാനദണ്ഡ പ്രകാരം വൈറ്റ്, ഗ്രീൻ എന്നീ വിഭാഗത്തിൽപ്പെട്ട ഉല്പാദക ജോബ് വർക്ക് വിഭാഗത്തിൽപ്പെട്ടതും വീട്ടിലുള്ളതോ വീടിനോട് ചേർന്നോ നടത്തുന്നതോ ആയതും കുടുംബാംഗങ്ങളെക്കൂടി ഉൾപ്പെടുത്തി തുടങ്ങുന്നതിന് സാദ്ധ്യതയുള്ള നാനോ സംരംഭകർക്കാണ് ഈ പദ്ധതിയുടെ ആനുകൂല്യം ലഭിക്കുക. സ്ഥാപനം ആരംഭിക്കുന്നതിന് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും ടേം വായ്പയെടുത്ത സംരംഭകർക്ക് വാർഷിക പലിശയുടെ 6 ശതമാനം മുതൽ 8 ശതമാനം വരെ സബ്സിഡിയായി തിരികെ നൽകുന്നു. വനിതകൾ/പട്ടികജാതി/ പട്ടികവർഗ്ഗ വിഭാഗങ്ങൾക്ക് ഇത് 8 ശതമാനം വരെ ലഭിക്കുന്നു. മൂന്ന് വർഷം വരെ ഇതേരീതിയിൽ പലിശയിളവ് അനുവദിക്കുന്നു.

2. സ്റ്റേറ്റ് സ്പോൺസേർഡ് ക്ലസ്റ്റർ ഡെവലപ്മെന്റ് പ്രോഗ്രാം: ഹൗസ് ഹോൾഡ് നാനോ യൂണിറ്റുകൾ, പി.എം.ഇ.ജി.പി. യൂണിറ്റുകൾ എന്നിവയ്ക്ക് പ്രാധാന്യം നൽകിക്കൊണ്ട് അതിസൂക്ഷ്മ മേഖലയിലെ വ്യവസായ സംരംഭകർക്ക് പൊതുസൗകര്യ കേന്ദ്രങ്ങൾ ഒരുക്കുന്നതിനുള്ള സംസ്ഥാന ആവിഷ്കൃത പദ്ധതിയാണിത്. പ്രസ്തുത പദ്ധതിക്കായി ഈ സാമ്പത്തിക വർഷം 300 ലക്ഷം രൂപ വകയിരുത്തപ്പെട്ടിട്ടുണ്ട്. 300 ലക്ഷം രൂപയിൽ 25 ലക്ഷം രൂപ വനിതകളുടെ യൂണിറ്റുകൾക്കായി മാറ്റിവയ്ക്കപ്പെട്ടിരിക്കുന്നു.

**തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യ**

182(630) ശ്രീ. ആർ. രാജേഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തെക്കേക്കര പല്ലാരിമംഗലം ഖാദിസൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വ്യവസായ വകുപ്പ് തയ്യാറാക്കിയ പദ്ധതിയുടെയും എസ്റ്റിമേറ്റിന്റെയും വിശദവിവരം ലഭ്യമാക്കുമോ;

(ബി) പ്രസ്തുത പദ്ധതിയുടെ ഭരണ-സാങ്കേതികാനുമതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ?

<u>ഉത്തരം</u>

(എ & ബി) തെക്കേക്കര പല്ലാരിമംഗലം ഖാദി സൗഭാഗ്യയ്ക്ക് പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് 1-11-2014-ലെ സ. ഉ. (സാധാ) നമ്പർ 1226/14/വ്യവ. പ്രകാരം ശ്രീ. ആർ. രാജേഷ് എം.പി.-യുടെ ആസ്തിവികസന ഫണ്ടിൽനിന്നും 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നു. എന്നാൽ പ്രസ്തുത തുക പര്യാപ്തമല്ലാത്തതിനാൽ, 50 ലക്ഷം രൂപയുടെ പുതുക്കിയ ശിപാർശ വ്യവസായ വാണിജ്യ ഡയറക്ടർ ലഭ്യമാക്കുകയും അധികധനം ആവശ്യപ്പെടുകയും ചെയ്തിട്ടുണ്ട്. പ്രസ്തുത പദ്ധതിക്ക് പുതുക്കിയ ഭരണാനുമതി പുറപ്പെടുവിക്കുന്ന കാര്യം സർക്കാർ പരിശോധിച്ചുവരുന്നു. പദ്ധതിക്കായി പൊതുമരാമത്ത് വകുപ്പ് തയ്യാറാക്കിയ പുതുക്കിയ എസ്റ്റിമേറ്റ് അനുബന്ധമായി ചേർക്കുന്നു.*

**പരമ്പരാഗത വ്യവസായങ്ങൾ**

183(631) <u>ശ്രീ. റ്റി. വി. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൈത്തറി മേഖലയിൽ ജോലി ചെയ്യുന്നവർക്ക് കൂടുതൽ തൊഴിൽ ദിനങ്ങൾ ഉറപ്പാക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനും വ്യവസായ വകുപ്പും വിദ്യാഭ്യാസ വകുപ്പും യോജിച്ചുകൊണ്ട് സ്കൂൾ കുട്ടികൾക്ക് യൂണിഫോം വിതരണം ചെയ്യുന്ന പദ്ധതിയുടെ വിശദാംശം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതിനുശേഷം പ്രസ്തുത പദ്ധതിയിൽ അംഗങ്ങളായിട്ടുള്ള നെയ്ത്ത് തൊഴിലാളികൾക്ക് വർഷത്തിൽ 200-ൽ കൂടുതൽ തൊഴിൽ ദിനങ്ങൾ ലഭ്യമാക്കാൻ സാധിച്ചിട്ടുണ്ട്.

(ബി) പരമ്പരാഗത വ്യവസായ മേഖലയായ കൈത്തറി വ്യവസായത്തെ സംരക്ഷിക്കുന്നതിനും പ്രോത്സാഹിപ്പിക്കുന്നതിനുമായി സർക്കാർ സ്കൂളുകളിൽ പഠിക്കുന്ന കുട്ടികൾക്ക് കൈത്തറിയിൽ നെയ്തെടുത്ത തുണി സൗജന്യ സ്കൂൾ യൂണിഫോമായി നൽകുന്നതിനുള്ള പദ്ധതി പ്രഖ്യാപിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതി നടപ്പിൽ വരുത്തുന്നതിന് സംസ്ഥാന വിദ്യാഭ്യാസ വകുപ്പിനെയും കൈത്തറി വസ്ത്ര ഡയറക്ടറേറ്റിനേയും ചുമതലപ്പെടുത്തുകയുണ്ടായി. വിദ്യാഭ്യാസ

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

വകുപ്പിൽ നിന്നുള്ള നിർദ്ദേശ പ്രകാരമാണ് യൂണിഫോമിനായുള്ള നിറവും തുണിയുടെ അളവും സ്കൂളുകളുടെയും കുട്ടികളുടെയും എണ്ണവും ലഭ്യമാക്കുന്നത്. പ്രസ്തുത പദ്ധതിക്കായി വിദ്യാഭ്യാസ വകുപ്പിൽനിന്ന് ഫണ്ട് അനുവദിച്ചുതരുന്നു.

സൗജന്യ സ്കൂൾ യൂണിഫോം പദ്ധതി നടപ്പിലാക്കിയതുമൂലം കൈത്തറി മേഖലയ്ക്ക് ഒരു പുത്തൻ ഉണർവുണ്ടാക്കാൻ സാധിച്ചു. കൂടുതൽ നെയ്ത്തുകാരെ ഉൾപ്പെടുത്തുവാനും ഈ മേഖലയിൽനിന്നും കൊഴിഞ്ഞുപോയവരെ തിരികെ കൊണ്ടുവരുവാനും ഈ പദ്ധതിമൂലം സാധിച്ചു.

നൂലും കൂലിയും സർക്കാർ നൽകിവരുന്ന ഈ പദ്ധതി തുടങ്ങിയപ്പോൾ ഏകദേശം 200 നെയ്ത്തുകാർ ഇതിൽ പങ്കാളികളായിരുന്നു. എന്നാൽ ഇന്ന് ഏകദേശം 4000-ലധികം നെയ്ത്ത് തൊഴിലാളികളും അതിൽ ഇരട്ടിയോളം അനുബന്ധ തൊഴിലാളികളും ഈ പദ്ധതിയുടെ ഭാഗമായിട്ടുണ്ട്. കൂടാതെ യുവാക്കളായ പുതിയ നെയ്ത്തുകാരെയും ജയിലുകളിൽ കഴിയുന്ന തടവുകാരെക്കൂടി സാമൂഹ്യ പ്രതിബദ്ധതയോടെ തൊഴിൽ ചെയ്യുന്നതിന് പ്രാപ്തമാക്കുംവിധം നെയ്ത്ത് പരിശീലനം നൽകി ഈ പദ്ധതിയിൽ ഉൾപ്പെടുത്താനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. അതിന്റെ പ്രാരംഭ നടപടികൾക്കായി ഹാൻവീവിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രവർത്തനക്ഷമമല്ലാത്ത തറികൾ അറ്റകുറ്റപ്പണികൾ നടത്തി ഈ പദ്ധതിയുടെ ഭാഗമാക്കുന്നുണ്ട്. പദ്ധതിയിൽ ഭാഗമായിരിക്കുന്ന നെയ്ത്തുകാർക്ക് കൂടുതൽ തൊഴിൽ ദിനങ്ങളും കൂടുതൽ വേതനവും ലഭ്യമാക്കുന്നുണ്ട്. കൂടാതെ പ്രസ്തുത പദ്ധതിയുമായി ബന്ധപ്പെട്ട് നിശ്ചിത ടാർജറ്റിൽ കൂടുതൽ നെയ്യുന്ന തൊഴിലാളികൾക്ക് പ്രൊഡക്ഷൻ ഇൻസെന്റീവ് രീതിയിൽ ഒരാഴ്ച 1,000 രൂപയും ഒരു മാസം പരമാവധി 4,000 രൂപയും കൂടുതൽ ലഭ്യമാക്കുന്നുണ്ട്. 2017-18 അദ്ധ്യയന വർഷം 9.4 ലക്ഷം മീറ്റർ കൈത്തറി തുണി യൂണിഫോം ആയി നൽകി. 2018-19 അദ്ധ്യയന വർഷം ഇതുവരെ 23 ലക്ഷം മീറ്റർ കൈത്തറി തുണി യൂണിഫോമിനായി ഉല്പാദിപ്പിച്ച് നൽകിക്കഴിഞ്ഞു.

## റാന്നി വ്യവസായ പാർക്ക്

184(632) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റാന്നി മണ്ഡലത്തിന് അനുവദിച്ച വ്യവസായ പാർക്കിനായി സ്ഥലം ഏറ്റെടുക്കൽ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) വ്യവസായ പാർക്കിനായി നിർദ്ദേശിക്കപ്പെട്ട പെരുനാട് പഞ്ചായത്തിലെ സ്ഥലങ്ങൾ സംബന്ധിച്ച സർവ്വേ നടപടികൾ ആരംഭിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ടെന്ന് വ്യക്തമാക്കാമോ ;

(സി) അടിയന്തരമായി സ്ഥലം ഏറ്റെടുക്കുന്നതിനായി എന്തെല്ലാം നടപടികൾ സ്വീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ-സി) റാന്നി മണ്ഡലത്തിൽ അനുവദിച്ച വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിനുള്ള സ്ഥലപരിശോധന നടത്തിയിട്ടുണ്ട്. എന്നാൽ ടി മേഖലയുടെ പരിധിയിൽ റവന്യൂ ഭൂമിയും ഉൾപ്പെട്ടിട്ടുണ്ട്. സ്ഥലത്തിന്റെ ഉടമസ്ഥാവകാശം സംബന്ധിച്ച വ്യക്തത, സർവ്വേ നടത്തിയാൽ മാത്രമെ ലഭിക്കുകയുള്ളൂ. അതിനുള്ള നടപടികൾ സ്വീകരിക്കാൻ ജില്ലാ കളക്ടറെ നിയോഗിച്ചിട്ടുണ്ട്.

## റബ്ബർ അധിഷ്ഠിത വ്യവസായ പാർക്ക്

185(633) ശ്രീ. പി. സി. ജോർജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ പ്രഖ്യാപിച്ച റബ്ബർ അധിഷ്ഠിതമായ വ്യവസായ പാർക്ക് പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ പാറത്തോട്ടിൽ സ്ഥാപിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കുമോ;

(ബി) പ്രസ്തുത പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് എന്തെങ്കിലും സാധ്യതാ പഠനം നടത്തിയിട്ടുണ്ടോ ; എങ്കിൽ ഏത് ഏജൻസിയാണ് പഠനം നടത്തിയതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ-സി) പൂഞ്ഞാർ നിയോജകമണ്ഡലത്തിലുൾപ്പെട്ട പാറത്തോട് പഞ്ചായത്തിലുൾപ്പെടുന്ന ട്രോപ്പിക്കൽ പ്ലാന്റേഷൻസ് ലിമിറ്റഡ് എന്ന സ്ഥാപനത്തിന്റെ കൈവശമുള്ള 226 ഹെക്ടർ റബ്ബർ എസ്റ്റേറ്റിൽനിന്നും 100 ഏക്കർ സ്ഥലം (40.5 ഹെക്ടർ) വ്യവസായ പാർക്ക് സ്ഥാപിക്കുന്നതിന് ഒരു ആറിന് 4,94,000 രൂപ വിലയ്ക്ക് സർക്കാരിന് നൽകുവാൻ തയ്യാറാണെന്ന് ടി സ്ഥാപനം അറിയിച്ചിട്ടുണ്ട്. ടി സ്ഥലം കാഞ്ഞിരപ്പള്ളി തഹസിൽദാർ, വില്ലേജാഫീസർ,

കാഞ്ഞിരപ്പള്ളി താലൂക്ക് വ്യവസായ ആഫീസർ എന്നിവർ ചേർന്ന് പരിശോധിച്ച് വ്യവസായ പാർക്ക് സ്ഥാപിക്കുവാൻ അനുയോജ്യമാണെന്ന് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ ഈ വിഷയം ജില്ലാതല സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ പരിഗണനയ്ക്ക് നല്കിയിട്ടുണ്ട്. സൈറ്റ് സെലക്ഷൻ കമ്മിറ്റിയുടെ റിപ്പോർട്ട് ലഭ്യമായശേഷം മാത്രമെ ഇക്കാര്യത്തിൽ നടപടി സാദ്ധ്യമാകുകയുള്ളൂ.

**പെട്രോ കെമിക്കൽ പാർക്ക്**

186(634) ശ്രീ. എം. സ്വരാജ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പെട്രോ കെമിക്കൽ പാർക്ക് സ്ഥാപിക്കുവാൻ ആലോചിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെന്ന് അറിയിക്കുമോ;

(സി) ഇതിലൂടെ സർക്കാർ പ്രതീക്ഷിക്കുന്നതെന്തെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അമ്പലമുകളിൽ എഫ്.എ.സി.റ്റി.-യുടെ അധീനതയിലുള്ള ഭൂമിയിൽനിന്ന് കിൻഫ്രയ്ക്ക് ലഭിക്കുന്ന ഭൂമിയിലാണ് പ്രസ്തുത പദ്ധതി സ്ഥാപിക്കാനുദ്ദേശിക്കുന്നത്.

(സി) കൊച്ചിൻ റിഫൈനറിയുടെ വിപുലീകരണത്തെ തുടർന്ന് ലഭ്യമാകുന്ന ബൈ പ്രോഡക്ട്സ് ഉപയോഗിച്ച് പെട്രോളിയം മേഖലയിലുള്ള മൂല്യ വർദ്ധനവാണ് പ്രസ്തുത പദ്ധതിവഴി സംസ്ഥാന സർക്കാർ ലക്ഷ്യമിടുന്നത്. ഇതുവഴി സംസ്ഥാനത്ത് പെട്രോകെമിക്കൽ മേഖലയിൽ വൻതോതിൽ നിക്ഷേപവും തൊഴിലവസരവും സൃഷ്ടിക്കുക എന്നതാണ് ഈ പദ്ധതി വഴി സർക്കാർ ലക്ഷ്യമിടുന്നത്.

**തിരുവമ്പാടി മണ്ഡലത്തിലെ വ്യവസായ പാർക്ക്**

187(635) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ)തിരുവമ്പാടി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിനുള്ള നടപടികൾ ഇപ്പോൾ ഏത് ഘട്ടത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ബി) ഒരു ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് വിഭാവനം ചെയ്യുന്ന പദ്ധതികൾ വിശദമാക്കുമോ ;

(സി) തിരുവമ്പാടി മണ്ഡലത്തിലെ വ്യവസായ പാർക്ക് എന്ന് ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) തിരുവമ്പാടി മണ്ഡലത്തിൽ വ്യവസായ പാർക്ക് ആരംഭിക്കുന്നതിന്റെ മുന്നോടിയായി സൈറ്റ് സെലക്ഷൻ കമ്മിറ്റി സ്ഥലപരിശോധന നടത്തി റിപ്പോർട്ട് സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരികയാണ്.

(ബി) ഒരു പ്രത്യേക ഭൂമി വ്യവസായ എസ്റ്റേറ്റായി പ്രഖ്യാപിച്ച് അവിടെ വ്യവസായ സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള അടിസ്ഥാന സൗകര്യങ്ങളായ ജലം, വൈദ്യുതി, റോഡ് എന്നിവ ഒരുക്കിയും അതത് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നുള്ള ലൈസൻസ് എടുക്കുന്നത് ഒഴിവാക്കിയും സംരംഭങ്ങൾ തുടങ്ങുന്നതിനുള്ള സാഹചര്യം സൃഷ്ടിക്കുന്നു. ഇവിടെ ഭൂമി ലഭിക്കുന്ന സംരംഭകർ വിവിധങ്ങളായ വ്യവസായ സംരംഭങ്ങൾ ആരംഭിക്കുന്നു. ഇത്തരത്തിലാണ് ഇൻഡസ്ട്രിയൽ എസ്റ്റേറ്റുകൾ വിഭാവനം ചെയ്യപ്പെടുന്നത്.

(സി) സ്ഥലം ഏറ്റെടുത്താലുടൻതന്നെ വ്യവസായ പാർക്കിന്റെ പ്രാരംഭ പ്രവർത്തനങ്ങൾ തുടങ്ങാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

**പയ്യന്നൂർ മണ്ഡലത്തിലെ വ്യവസായ പാർക്ക്**

188(636) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറയിൽ പ്രഖ്യാപിച്ച കണ്ണൂർ സൈബർ പാർക്ക് പുതിയ ഐ.ടി. നയത്തിന്റെ ഭാഗമായി ഉപേക്ഷിക്കുകയും പ്രസ്തുത സ്ഥലം കിൻഫ്ര ഏറ്റെടുത്ത് വ്യവസായ പാർക്ക് ആരംഭിക്കുമെന്ന് നിയമസഭയിൽ മറുപടി ലഭ്യമാക്കുകയും ചെയ്ത പ്രകാരം ഇതിന്മേൽ സ്വീകരിച്ച നടപടികൾ ഏതു ഘട്ടത്തിലാണെന്ന് വിശദമാക്കാമോ?

ഉത്തരം

പയ്യന്നൂർ മണ്ഡലത്തിലെ എരമം-പുല്ലുപാറയിൽ ഒരു വ്യവസായ പാർക്ക് സ്ഥാപിക്കാൻ കിൻഫ്രയ്ക്ക് ഉദ്ദേശമുണ്ട്. ഭൂമി കിൻഫ്രയ്ക്ക് കൈമാറുന്നതുൾപ്പെടെയുള്ള വിഷയങ്ങൾ പരിശോധിച്ചുവരുന്നു.

## സഹകരണ സ്പിന്നിംഗ് മില്ലുകളിലെ മാനേജിംഗ് ഡയറക്ടർ നിയമനം

189(637) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ/മാനേജിംഗ് ഡയറക്ടർ നിയമനങ്ങൾക്ക് വിജിലൻസ് ക്ലിയറൻസ് ആവശ്യമാണെന്ന 2017-ലെ ഉത്തരവ് ഇറങ്ങിയതിനുശേഷം കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ വിജിലൻസ് ക്ലിയറൻസ് ഇല്ലാതെ ആരെയെങ്കിലും മേൽപ്പറഞ്ഞ തസ്തികകളിൽ സ്ഥിരമായോ അധിക ചുമതലയിലോ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇപ്രകാരം നിയമനം നൽകിയത് ഏത് ചട്ട പ്രകാരമാണെന്ന് വ്യക്തമാക്കുമോ;

(ബി) കേരളത്തിലെ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയിൽ നിലവിൽ ആരെയെല്ലാമാണ് നിയമിച്ചിരിക്കുന്നത്; ഇവരുടെ വിദ്യാഭ്യാസ യോഗ്യതയും എത്ര കാലയളവിലേക്കാണ് അധിക ചുമതലയിൽ നിയമനം നൽകിയിരിക്കുന്നതെന്നുള്ളതും വ്യക്തമാക്കുമോ; അധിക ചുമതല/ഇൻ-ചാർജ്ജ് എന്നിവ മൂന്ന് മാസത്തിൽ അധികരിക്കരുതെന്ന സർവ്വീസ് ചട്ടം/സഹകരണ ചട്ടം നിലവിലുണ്ടോ;

(സി) വിജിലൻസ് അന്വേഷണം നേരിടുന്ന ആരെയെങ്കിലും 2018 ഏപ്രിൽ മാസം മാനേജിംഗ് ഡയറക്ടറുടെ അധിക ചുമതലയിൽ സഹകരണ സ്പിന്നിംഗ് മില്ലുകളിൽ നിയമിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇത്തരം നിയമനം നൽകുവാനുണ്ടായ കാരണം വ്യക്തമാക്കുമോ;

(ഡി) സ്പിന്നിംഗ് മില്ലുകളിൽ നിലവിൽ എം.ഡി./എം.ഡി.-യുടെ അധിക ചുമതല/ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ തസ്തികയിലുള്ള ഉദ്യോഗസ്ഥരിൽ അഴിമതി ആരോപണത്തിൽ വിജിലൻസ്/വകുപ്പ് തല അന്വേഷണം നേരിടുന്നവർ ആരെല്ലാമാണെന്നും ഇവരുടെ പേരിൽ ആരോപിക്കപ്പെട്ട അഴിമതികൾ എന്തെല്ലാമാണെന്നും വ്യക്തമാക്കുമോ;

(ഇ) റിയാബ് മുഖാന്തരം യോഗ്യതയുള്ള എം.ഡി.-മാരെ നിയമിക്കുന്നതിന് പുതിയ നോട്ടിഫിക്കേഷൻ പുറത്തിറക്കുമോ; എം.ഡി. നിയമനത്തിനുവേണ്ട യോഗ്യത, പ്രവർത്തന പരിചയം, പ്രായപരിധി എന്നിവ വ്യക്തമാക്കുമോ ?

<u>ഉത്തരം</u>

(എ) ഉണ്ട്. താല്ക്കാലിക നിയമനമാണ് നൽകിയിട്ടുള്ളത്.

(ബി) തൃശ്ശൂർ സഹകരണ സ്പിന്നിംഗ് മില്ലിൽ ശ്രീ. പി. എസ്. ശ്രീകുമാറിനും മാൽകോടെക്സിൽ ശ്രീ. സി. ആർ. രമേഷിനും കൊല്ലം സഹകരണ സ്പിന്നിംഗ് മില്ലിൽ ശ്രീ. ബി. അരുൾ ശെൽവനും ടെക്സ്ഫെഡിൽ ശ്രീ. എം. കെ. സലീമിനുമാണ് മാനേജിംഗ് ഡയറക്ടറുടെ അധികചുമതല നൽകിയിരിക്കുന്നത്. താല്ക്കാലികമായാണ് അധികചുമതല നൽകിയിരിക്കുന്നത്. മേൽ തസ്തികയിലേയ്ക്കുള്ള സ്ഥിരനിയമനത്തിനുള്ള നടപടികൾ സർക്കാർ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

ശ്രീ. പി. എസ്. ശ്രീകുമാറിനും ശ്രീ. സി. ആർ. രമേഷിനും ടെക്സ്റ്റൈൽ ടെക്നോളജിയിൽ ഡിപ്ലോമയും ശ്രീ. ബി. അരുൾ ശെൽവന് ടെക്സ്റ്റൈൽ ടെക്നോളജിയിൽ എം.ടെക് പി.ജി.-യും ശ്രീ. എം. കെ. സലീമിന് എം.എസ്. ഡബ്ല്യു.-യുമാണ് വിദ്യാഭ്യാസ യോഗ്യത.

(സി) വിജിലൻസ് അന്വേഷണം നേരിടുന്നവരെ നിയമിച്ചതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) വിവരങ്ങൾ ലഭ്യമല്ല.

(ഇ) റിയാബ് മുഖേന മാനേജിംഗ് ഡയറക്ടർമാരെ നിയമിക്കുന്നതിനുള്ള നടപടി സർക്കാർ ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്.

**കളിമൺ വ്യവസായ മേഖല**

190(638) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ കളിമൺ വ്യവസായ മേഖല പ്രതിസന്ധിയിലാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വായ്പാ സഹായം, വായ്പാ സബ്സിഡി, ആധുനിക ഉപകരണങ്ങളും യന്ത്രസാമഗ്രികളും ഉപയോഗിച്ചുള്ള പരിശീലനം, അസംസ്കൃത വസ്തുവായ കളിമണ്ണിന്റെ ലഭ്യത തുടങ്ങിയവ ഉറപ്പാക്കുന്നതിലൂടെ ഈ വ്യവസായത്തെ സംരക്ഷിക്കാനാകുമെന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ ഇവ ഉറപ്പാക്കുന്നതിനുള്ള സത്വര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി &സി) വായ്പ സഹായം, സബ്സിഡി, ആധുനിക ഉപകരണങ്ങളും യന്ത്രസാമഗ്രികളും പ്രയോജനപ്പെടുത്തൽ എന്നിവയ്ക്കുപുറമെ ആധുനിക ഡിസൈനുകൾ, വിപണന തന്ത്രങ്ങൾ എന്നിവ സ്വാംശീകരിക്കുന്നതിലൂടെ മാത്രമെ ഈ വ്യവസായത്തെ സംരക്ഷിക്കാൻ കഴിയുകയുള്ളൂ. അപ്രകാരം സംഘടിതമായ ശ്രമത്തിലൂടെയും ക്ലസ്റ്റർ മാതൃകയിലൂടെ വികസിപ്പിക്കുന്നതിനും ശ്രമം നടന്നുവരുന്നുണ്ട്. ബഹുമാനപ്പെട്ട സുപ്രീംകോടതിയുടെ വിധിന്യായത്തിന്റെ അടിസ്ഥാനത്തിൽ എല്ലാവിധ ഖനന പ്രവർത്തനങ്ങൾക്കും പാരിസ്ഥിതികാനുമതി നിർബന്ധമാക്കിയതും 2008-ലെ നെൽവയൽ തണ്ണീർത്തട സംരക്ഷണ നിയമം നിലവിൽ വന്നതോടെ ഈ ആക്ടിന്റെ പരിധിയിൽപ്പെടുന്ന ഭൂമികളിൽനിന്നും കളിമൺ ഖനനം അസാദ്ധ്യമായതുമാണ് കളിമണ്ണിന്റെ ദൗർലഭ്യത്തിന് കാരണമായത്. ആയതിനാൽ കളിമണ്ണിന്റെ ലഭ്യത ഉറപ്പാക്കുന്നതിലൂടെ ഈ വ്യവസായ മേഖലയെ ഒരു പരിധിവരെ സംരക്ഷിക്കാനാകുമെന്ന് കരുതുന്നു. ആയതിലേയ്ക്ക് മലപ്പുറം, തൃശ്ശൂർ, കോഴിക്കോട് ജില്ലകളിൽ ഡാറ്റാബാങ്കിൽ ഉൾപ്പെടാത്തതും കളിമണ്ണ് ഖനനം സാദ്ധ്യമായ സ്ഥലങ്ങൾ ഉപഗ്രഹ ചിത്രങ്ങളുടെ സഹായത്തോടെ കണ്ടെത്തുന്നതിനായി കേരള സ്റ്റേറ്റ് റിമോട്ട് സെൻസിംഗ് & എൻവയോൺമെന്റ് സെന്റർ എന്ന ഏജൻസിയെ ചുമതലപ്പെടുത്തിയിരുന്നു. ഇപ്രകാരം ടി ഏജൻസി തയ്യാറാക്കിയ റിപ്പോർട്ട് അനന്തര നടപടികൾക്കായി മൈനിംഗ് & ജിയോളജി ഡയറക്ടർക്ക് സർക്കാരിൽനിന്നും ലഭ്യമാക്കിയിട്ടുണ്ട്. കളിമൺ നിക്ഷേപമുള്ള സ്ഥലങ്ങൾ കണ്ടുപിടിക്കുന്നതിനും പാരിസ്ഥിതികാനുമതി നൽകുന്നതിനും സർക്കാർ നടപടികൾ സ്വീകരിച്ചുവരുന്നു.

**ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ**

191(639) ശ്രീ. പി. കെ. ബഷീർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ സ്ഥാപിക്കുന്ന പദ്ധതി ഇപ്പോൾ ഏതു ഘട്ടത്തിലാണ്; വിശദാംശം നൽകാമോ;

(ബി) ഏതൊക്കെ ജില്ലകളിൽ ഇതിനകം പദ്ധതിക്കായുള്ള സ്ഥലം ഏറ്റെടുക്കൽ നടപടി പൂർത്തിയായി; ഇനി ഏതൊക്കെ ജില്ലകളിൽ സ്ഥലമേറ്റെടുക്കൽ പൂർത്തിയാക്കാനുണ്ട്;

(സി) എത്ര തുക ഇതിനകം നഷ്ടപരിഹാരമായി വിതരണം ചെയ്തു; ഇനി എത്ര തുക വിതരണം ചെയ്യാനായി ബാക്കിയുണ്ട്;

(ഡി) പദ്ധതിക്ക് സ്ഥലം ഏറ്റെടുക്കുന്നതിനും നഷ്ടപരിഹാരം നൽകുന്നതിനുമുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമാണെന്ന് വെളിപ്പെടുത്തുമോ;

(ഇ) മലപ്പുറം ജില്ലയിൽ പ്രസ്തുത പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങൾ ഏതെല്ലാമാണ്; ആയതിന്റെ അലൈൻമെന്റിന്റെ പകർപ്പ് ലഭ്യമാക്കുമോ;

(എഫ്) പദ്ധതിക്കെതിരെ സംസ്ഥാനത്തിന്റെ പല ഭാഗത്തും ഉയർന്നു വരുന്ന ശക്തമായ ജനരോഷം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇത് കടന്നു പോകുന്ന പ്രദേശങ്ങളിലെ ജനങ്ങളുടെ ആശങ്കകൾ അകറ്റുന്നതിന് സ്വീകരിച്ച നടപടികൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) കേരളത്തിലെ ഏഴ് ജില്ലകളിലായി ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മാംഗ്ലൂർ പൈപ്പ് ലൈനിന്റെ ദൈർഘ്യം 438 കിലോമീറ്ററാണ്. ഇതിൽ 403 കിലോമീറ്റർ കേരളത്തിലൂടെ കടന്നുപോകുന്നു. പ്രസ്തുത സ്ഥലത്തിന്റെ 6 (1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്രസർക്കാർ ഏറ്റെടുത്ത് ഉപയോഗാവകാശം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. കേരളത്തിലൊട്ടുക്കും ഇതുവരെ 333 കിലോമീറ്റർ പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയാക്കികഴിഞ്ഞു. ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മംഗലാപുരം വാതക പൈപ്പ് ലൈൻ രണ്ട് ഘട്ടങ്ങളിലായാണ് കമ്മീഷൻ ചെയ്യാനുദ്ദേശിക്കുന്നത്.

1. കൊച്ചിയിൽനിന്നും പാലക്കാട് ജില്ലയിലെ കൂറ്റനാട് വരെ 2018 ജൂൺ 30-നകം കമ്മീഷൻ ചെയ്യാനും

2. കൂറ്റനാട്നിന്നും മംഗലാപുരം വരെയുള്ള പൈപ്പ് ലൈൻ 2018 ഒക്ടോബർ 31-നകം കമ്മീഷൻ ചെയ്യാനുമാണ് ഉദ്ദേശിക്കുന്നത്.

(ബി) കേരളത്തിൽ എറണാകുളം, തൃശ്ശൂർ, പാലക്കാട്, മലപ്പുറം, കോഴിക്കോട്, കണ്ണൂർ, കാസർഗോഡ് എന്നീ ഏഴ് ജില്ലകളിലൂടെയാണ് ഗെയിൽ പൈപ്പ് ലൈൻ കടന്നുപോകുന്നത്. ഈ ഏഴ് ജില്ലകളിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനാവശ്യമായ ഭൂമി 6 (1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്രഗവൺമെന്റ് ഏറ്റെടുത്ത് ഉപയോഗാവകാശം ഗെയിലിന് കൈമാറിയിട്ടുണ്ട്.

(സി) ഭൂമിക്കും വിളകൾക്കും ചമയങ്ങൾക്കുംകൂടി ഏകദേശം 350 കോടി രൂപയാണ് കണക്കാക്കിയിരിക്കുന്നത്. നാളിതുവരെ ഭൂമിയിലെ ചമയങ്ങൾക്കും വിളകൾക്കും ഭൂമിയുടെ വിലയായും 176 കോടി രൂപ പാസ്സാക്കിയിട്ടുണ്ട്. ഇതിൽ 137 കോടി രൂപ ഭൂ ഉടമകൾക്ക് നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു.

(ഡി) 1962-ലെ പി & എം. പി. ആക്ട് & 1963-ലെ ചട്ടങ്ങളും പ്രകാരമാണ് ഗെയിൽ (ഇന്ത്യാ) ലിമിറ്റഡിനുവേണ്ടി പൈപ്പ് സ്ഥാപിക്കുന്നതിനായി സ്ഥലത്തിന്റെ ഉപയോഗാവകാശം (Right to Use) ഏറ്റെടുക്കുന്നത്. സ്ഥലമേറ്റെടുക്കുന്നതും നഷ്ടപരിഹാര തുക വിതരണം ചെയ്യുന്നതും സംസ്ഥാന സർക്കാരിന്റെ റവന്യൂ വകുപ്പിന്റെ കീഴിലുള്ള ഡെപ്യൂട്ടി കളക്ടർ റാങ്കിലുള്ള കോംപീറ്റന്റ് അതോറിറ്റിയാണ്. 1962-ലെ ആക്ട് പ്രകാരം 3 (1), 6 (1) പ്രകാരം ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കിയതിനുശേഷമാണ് ഭൂമി ഏറ്റെടുക്കുന്നത്.

ഉപയോഗാവകാശം ഏറ്റെടുത്തിട്ടുള്ള ഭൂമിക്ക് പ്രധാനമായും രണ്ട് തരത്തിലുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്.

1. ചമയങ്ങൾക്കും വിളകൾക്കുമുള്ള നഷ്ടപരിഹാരം.

2. ഭൂമിക്ക് നൽകുന്ന നഷ്ടപരിഹാരം.

കാർഷിക വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേയ്ക്കായി പി & എം. പി. ആക്ട് & റൂൾ 4 പ്രകാരം കോംപീറ്റന്റ് അതോറിറ്റി സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റ്, കേരള ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്, റബ്ബർ ബോർഡ്, കാർഷിക വിള ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങി വിവിധ സർക്കാർ ഏജൻസികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വിലവിവരപ്പട്ടിക സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുന്നു. ഇതിനുപുറമേ കേരള സർക്കാർ ഉത്തരവിൻ പ്രകാരം നെൽവയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ വച്ച് നൽകിവരുന്നു.

ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി & എം. പി. ആക്ട് 1962 സെക്ഷൻ 10 (4) പ്രകാരം ഭൂമിയുടെ 3 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതിക്കുണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10 ശതമാനം നൽകേണ്ടതാണ്. മാർക്കറ്റ് വില ന്യായവിലയുടെ 10 ഇരട്ടിയായി നിശ്ചയിച്ച് കേരള സർക്കാർ ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ് ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ നിലവിലുള്ള 100 ശതമാനം ന്യായവിലയും നൽകിവരുന്നു. കൂടാതെ, 10 സെന്റിൽ താഴെമാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ അവരുടെ ഉടമസ്ഥതയിൽ മറ്റ്

ഭൂമിയൊന്നുമില്ലെങ്കിൽ പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസധനമായി നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നതാണ്.

(ഇ) മലപ്പുറം ജില്ലയിൽ പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങൾ താഴെകൊടുക്കുന്നു:

1. എടയൂർ - വടക്കുപ്രം
2. മേൽമുറി
3. പൊന്മള - ബ്ലോക്ക് 41
4. പൊന്മള -ബ്ലോക്ക് 42
5. കോഡൂർ 1 – ബ്ലോക്ക് 87
6. കോഡൂർ 2
7. മലപ്പുറം - പാണക്കാട്
8. മേൽമുറി
9. പൂക്കോട്ടൂർ - ബ്ലോക്ക് 54
10. പൂക്കോട്ടൂർ - ബ്ലോക്ക് 55
11. പൂക്കോട്ടൂർ - നറുകര
12. പുൽപ്പറ്റ – ബ്ലോക്ക് 60
13. പുൽപ്പറ്റ – ബ്ലോക്ക് 59
14. കാവനൂർ - ബ്ലോക്ക് 29
15. കാവനൂർ - ബ്ലോക്ക് 30
16. അരീക്കോട് - ബ്ലോക്ക് 31
17. അരീക്കോട് - ബ്ലോക്ക് 32
18. കീഴ്പ്പറമ്പ -ബ്ലോക്ക് 20
19. കീഴ്പ്പറമ്പ – ബ്ലോക്ക് 21

ആയതിന്റെ അലൈൻമെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

---
* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(എഫ്) പദ്ധതിയുടെ ആരംഭഘട്ടത്തിൽ സംസ്ഥാനത്തിന്റെ ചില പ്രദേശങ്ങളിൽ പദ്ധതിക്കെതിരെ പ്രതിഷേധം നിലനിന്നിരുന്നു. എന്നാൽ സംസ്ഥാന സർക്കാരിന്റെ ഇടപെടൽമൂലം ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കാനും പ്രതിഷേധങ്ങളെ മറികടക്കാനും സാധിച്ചു.

നഷ്ടപരിഹാരം തീരെകുറഞ്ഞുപോയെന്ന പരാതി ഉയർന്നപ്പോൾ സംസ്ഥാന സർക്കാർ അത് പുനഃപരിശോധിക്കുകയും 1-12-2017-ലെ സർക്കാർ ഉത്തരവ് പ്രകാരം നഷ്ടപരിഹാരം ഉയർത്തിക്കൊണ്ടുള്ള പുതുക്കിയ പാക്കേജ് പ്രഖ്യാപിച്ചു. ഇത് ഭൂവുടമകൾക്കിടയിൽ പദ്ധതിക്കനുകൂലമായി വളരെ നല്ല പ്രതികരണമാണ് ഉളവാക്കിയത്.

ഇതിനുപുറമെ കോഴിക്കോട്, മലപ്പുറം ജില്ലകളിൽ ഭൂവുടമകളുടെ ആശങ്കകൾ ദൂരീകരിക്കാൻ ഗെയിൽ ഉദ്യോഗസ്ഥർക്കും ജനങ്ങൾക്കുമിടയിൽ സംസ്ഥാന സർക്കാരിന്റെ പ്രതിനിധികളായി പ്രവർത്തിക്കാൻ പോലീസുദ്യോഗസ്ഥരുടെ കർമ്മസേന രൂപീകരിച്ചു. ഈ പോലീസുദ്യോഗസ്ഥരുടെ കർമ്മസേന 5 പേർ വീതമുള്ള ഓരോ ഗ്രൂപ്പുകളായി തിരിഞ്ഞ് പദ്ധതി പ്രദേശത്തെ ജനങ്ങളെ നേരിൽക്കണ്ട് അവരുടെ ആശങ്കകൾ അകറ്റുകയും ലഭിക്കുന്ന നഷ്ടപരിഹാരത്തെക്കുറിച്ച് ബോധവൽക്കരിക്കുകയും ചെയ്തു. ഇതിനുപുറമെ, പ്രകൃതി വാതകത്തിന്റെ സുരക്ഷയെപ്പറ്റിയും ഗുണഫലങ്ങളെക്കുറിച്ചും പി & എം. പി. ആക്ടിനെക്കുറിച്ചും അലൈൻമെന്റിനെക്കുറിച്ചും ഇവർ ജനങ്ങളെ ബോധവൽക്കരിക്കുന്നു. ഈ കർമ്മസേനയുടെ പ്രവർത്തനം ജനങ്ങളുടെ വിശ്വാസം ആർജ്ജിക്കുവാനും പൈപ്പ് ലൈൻ പദ്ധതിയുടെ ഗുണങ്ങൾ സംസ്ഥാനത്തിന്റെ പുരോഗതിയെ സ്വാധീനിക്കുമെന്നതും വിശദീകരിച്ചുവരുന്നു.

**ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതി**

192(640) ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഗെയിൽ പ്രകൃതി വാതക പൈപ്പ് ലൈൻ പദ്ധതിക്കായി നാളിതുവരെ എത്ര സ്ഥലം ഏറ്റെടുത്തിട്ടുണ്ടെന്നും എത്ര കിലോമീറ്റർ ദൂരം പൈപ്പ് ലൈൻ സ്ഥാപിച്ചിട്ടുണ്ടെന്നും വിശദമാക്കാമോ;

(ബി) മലപ്പുറം ജില്ലയിൽ ഇതുമായി ബന്ധപ്പെട്ട് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ;

(സി) പദ്ധതിക്കായി സ്ഥലം ഏറ്റെടുക്കുന്നവർക്ക് നഷ്ടപരിഹാരമായി എന്ത് തുക നൽകുവാനാണ് തീരുമാനിച്ചിട്ടുള്ളത്;

(ഡി) ഇങ്ങനെ എത്ര ഭൂവുടമകൾക്ക് നഷ്ടപരിഹാരം വിതരണം ചെയ്തു;

(ഇ) സ്ഥലം ഏറ്റെടുക്കുന്ന നടപടികൾ സുതാര്യമാക്കുന്നതിനും ജനവാസ മേഖലകളെ ഒഴിവാക്കി പൊതുജനങ്ങളുടെ ആശങ്ക പരിഹരിക്കുവാനും സത്വര നടപടികൾ സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) ഗെയിൽ സ്ഥാപിക്കുന്ന കൊച്ചി - മാംഗ്ലൂർ പൈപ്പ് ലൈനിന്റെ മൊത്തം ദൈർഘ്യം 438 കിലോമീറ്ററാണ്. ഇതിൽ 403 കിലോമീറ്റർ കേരളത്തിലൂടെ കടന്നുപോകുന്നു. പ്രസ്തുത സ്ഥലത്തിന്റെ 6(1) ഗസറ്റ് വിജ്ഞാപനം പൂർത്തിയാക്കി കേന്ദ്രസർക്കാർ ഏറ്റെടുത്ത് ഉപയോഗാവകാശം പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ഗെയിൽ (ഇന്ത്യ) ലിമിറ്റഡിന് കൈമാറിയിട്ടുള്ളതാണ്. കേരളത്തിലൊട്ടുക്കും ഇതുവരെ 333 കിലോമീറ്റർ പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയാക്കിക്കഴിഞ്ഞു.

(ബി) മലപ്പുറം ജില്ലയിലെ പൈപ്പ് ലൈനിന്റെ മൊത്തം നീളം 58 കിലോമീറ്ററാണ്. മൊത്തം കിലോമീറ്ററിലും 3(1), 6(1) വിജ്ഞാപനം പ്രസിദ്ധീകരിക്കുകയും ഭൂമിയുടെ ഉപയോഗാവകാശം ഗെയിൽ ഏറ്റെടുക്കുകയും ചെയ്തിട്ടുണ്ട്. പഞ്ചനാമ തയ്യാറാക്കുന്ന നടപടികൾ ദ്രുതഗതിയിൽ പുരോഗമിച്ചുവരുന്നു. ഭൂമിയിലെ വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരമായി 22,88,70,128.00 രൂപ കോംപീറ്റന്റ് അതോറിറ്റി പാസ്സാക്കിക്കഴിഞ്ഞു. ഇതിൽ 19,62,13,336.00 രൂപ ഭൂവുടമകൾക്ക് നഷ്ടപരിഹാരമായി നൽകിക്കഴിഞ്ഞു. കൈവശാവകാശം തെളിയിക്കുന്ന രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് ബാക്കി വരുന്ന നഷ്ടപരിഹാര തുകയും വിതരണം ചെയ്യുന്നതാണ്. ജില്ലയിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്ന ജോലികൾ ദ്രുതഗതിയിൽ പുരോഗമിച്ചുകൊണ്ടിരിക്കുകയാണ്. ജില്ലയിൽ ഇതുവരെയായി 37 കിലോമീറ്റർ നീളത്തിൽ പൈപ്പ് ലൈൻ വെൽഡിംഗ് പൂർത്തിയായിക്കഴിഞ്ഞു.

(സി) ഉപയോഗാവകാശം ഏറ്റെടുത്തിട്ടുള്ള ഭൂമിക്ക് പ്രധാനമായും രണ്ട് തരത്തിലുള്ള നഷ്ടപരിഹാരമാണ് നൽകുന്നത്.

1. ചമയങ്ങൾക്കും വിളകൾക്കുമുള്ള നഷ്ടപരിഹാരം.

2. ഭൂമിക്ക് നൽകുന്ന നഷ്ടപരിഹാരം.

കാർഷിക വിളകൾക്കും ചമയങ്ങൾക്കുമുള്ള നഷ്ടപരിഹാരം നിർണ്ണയിക്കുന്നതിലേയ്ക്കായി പി & എം. പി. ആക്ട് & റൂൾ 4 പ്രകാരം കോംപീറ്റന്റ് അതോറിറ്റി സ്റ്റാറ്റിസ്റ്റിക്കൽ ഡിപ്പാർട്ടുമെന്റ്, കേരള ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റ്, റബ്ബർ

ബോർഡ്, കാർഷിക വിള ഇൻസ്റ്റിറ്റ്യൂട്ടുകൾ തുടങ്ങി വിവിധ സർക്കാർ ഏജൻസികളിൽനിന്നും സ്ഥാപനങ്ങളിൽനിന്നും വിലവിവരപ്പട്ടിക സ്വീകരിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ നഷ്ടപരിഹാരം നിർണ്ണയിക്കുകയും ചെയ്യുന്നു. ഇതിനുപുറമെ കേരള സർക്കാർ ഉത്തരവിൻപ്രകാരം നെൽവയലുകൾക്കുള്ള നഷ്ടപരിഹാരം സെന്റ് ഒന്നിന് 3761 രൂപ വച്ച് നൽകിവരുന്നു.

ഉപയോഗാവകാശം ഏറ്റെടുക്കുന്ന ഭൂമിക്ക് ഭൂമിയുടെ വിലയായി പി & എം. പി. ആക്ട് 1962 സെക്ഷൻ 10 (4) പ്രകാരം ഭൂമിയുടെ 3 (1) നോട്ടിഫിക്കേഷൻ പ്രസിദ്ധീകരിച്ച തീയതിക്കുണ്ടായിരുന്ന മാർക്കറ്റ് വിലയുടെ 10 ശതമാനം നൽകേണ്ടതാണ്. മാർക്കറ്റ് വില ന്യായവിലയുടെ 10 ഇരട്ടിയായി നിശ്ചയിച്ച് കേരള സർക്കാർ ഉത്തരവിറക്കി. ആയതിൻപ്രകാരം ഭൂമിയുടെ നഷ്ടപരിഹാരമായി പൈപ്പ് ലൈൻ സ്ഥാപിച്ച 10 മീറ്റർ ഭൂമിയുടെ നിലവിലുള്ള 100 ശതമാനം ന്യായവിലയും നൽകിവരുന്നു. കൂടാതെ, 10 സെന്റിൽ താഴെ മാത്രം ഭൂമിയുള്ളവരുടെ ഭൂമിയുടെ ഉപയോഗാവകാശം ഏറ്റെടുക്കുമ്പോൾ അവരുടെ ഉടമസ്ഥതയിൽ മറ്റ് ഭൂമിയൊന്നുമില്ലെങ്കിൽ പൈപ്പ് ലൈൻ വിന്യസിച്ചതിനുശേഷം ROU 2 മീറ്ററായി ചുരുക്കുകയും 5 ലക്ഷം രൂപ ആശ്വാസധനമായി നഷ്ടപരിഹാരം നൽകുകയും ചെയ്യുന്നതാണ്.

(ഡി) കേരളത്തിൽ ഇതിനോടകം 8929 പേർക്ക് നഷ്ടപരിഹാരം വിതരണം ചെയ്തിട്ടുണ്ട്.

(ഇ) പദ്ധതിക്കാവശ്യമായ മുഴുവൻ ഭൂമിയും 6 (1) ഗസറ്റ് വിജ്ഞാപന പ്രകാരം കേന്ദ്രസർക്കാർ ഏറ്റെടുക്കുകയും ഉപയോഗാവകാശം ഗെയിലിന് കൈമാറിയിട്ടുള്ളതുമാണ്.

പരമാവധി ജനസാന്ദ്രത കുറഞ്ഞ മേഖലയിലൂടെയാണ് കൊച്ചി - മംഗലാപുരം പൈപ്പ് ലൈൻ അലൈൻമെന്റ് കടന്നുപോകുന്നത്. പൈപ്പ് ലൈൻ കടന്നുപോകുന്ന റൂട്ടിലുള്ള ജനങ്ങളുടെ ആശങ്കകളും തെറ്റിദ്ധാരണകളും ദൂരീകരിക്കുന്നതിനായി പഞ്ചായത്തുകൾതോറും ബോധവൽക്കരണം നടത്തി വരുന്നുണ്ട്. കൂടാതെ ദൃശ്യമാധ്യമങ്ങളിലൂടെയും പത്രപ്പരസ്യങ്ങളിലൂടെയും ലഘുലേഖകൾ മുഖേനയും എഫ്.എം. റേഡിയോ വഴിയും ഗ്യാസ് പൈപ്പ് ലൈനിന്റെ സുരക്ഷയെക്കുറിച്ചും മേന്മയെക്കുറിച്ചുമുള്ള വിവരങ്ങൾ പ്രചരിപ്പിച്ചു വരുന്നുണ്ട്. ആയതിന്മേലുള്ള സംശയങ്ങൾ പറഞ്ഞുകൊടുക്കുന്നതിന് ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ നിയമിക്കുകയും ചെയ്തിട്ടുണ്ട്. പൊതുജനങ്ങൾക്കും കുടുംബശ്രീ തുടങ്ങിയ സർക്കാർ/സർക്കാർ ഇതര ഏജൻസികൾക്കും പൈപ്പ് ലൈനിനെക്കുറിച്ചും ലഭിക്കുന്ന നഷ്ടപരിഹാരത്തെക്കുറിച്ചും പല വേദികളിൽ വച്ച് ബോധവൽക്കരണ ക്ലാസ് നടത്തിയിട്ടുണ്ട്.

മലപ്പുറം-കോഴിക്കോട് ജില്ലകളിൽ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന്റെ ഭാഗമായി ജില്ലകളിലെ തെരഞ്ഞെടുത്ത പോലീസ് സേനാംഗങ്ങളുടെ ഒരു കർമ്മസേനയ്ക്ക് രൂപം കൊടുത്തു. ഈ കർമ്മസേനയെ 5 വീതമുള്ള ഗ്രൂപ്പുകളായി തിരിച്ച് പൈപ്പ് ലൈൻ കടന്നുപോകുന്ന പ്രദേശങ്ങളിലെ ജനങ്ങളെ വിജയകരമായി ബോധവൽക്കരിച്ചുകൊണ്ടിരിക്കുകയാണ്. കർമ്മസേനയുടെ സേവനം വലിയൊരളവുവരെ ജനങ്ങൾക്കിടയിൽ വിശ്വാസ്യത വർദ്ധിപ്പിക്കാൻ സഹായിച്ചിട്ടുണ്ട്. സുരക്ഷയെപ്പറ്റിയും നഷ്ടപരിഹാരത്തെപ്പറ്റിയുമുള്ള ജനങ്ങളുടെ ആശങ്കകൾ നീക്കുവാനും പദ്ധതിയുടെ ഗുണങ്ങളെപ്പറ്റി ബോധവൽക്കരിക്കുവാനും സാധിച്ചു.

**റാന്നി കിൻഫ്ര അപ്പാരൽ പാർക്കിനുള്ള സ്ഥലം**

193(641) <u>ശ്രീ. രാജു എബ്രഹാം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കിൻഫ്ര അപ്പാരൽ പാർക്കിനായി റാന്നി ഉതിമൂട്ടിൽ എന്നാണ് സ്ഥലം വിട്ടുകിട്ടിയതെന്നും ഇവിടെ എന്ത് വ്യവസായ സംരംഭം ആരംഭിക്കാനാണ് ഉദ്ദേശിച്ചിരുന്നതെന്നും ആയത് ആരംഭിച്ചിട്ടുണ്ടോയെന്നും ഇല്ലെങ്കിൽ ആരംഭിക്കാൻ കഴിയാതിരുന്നതിന്റെ കാരണമെന്താണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത ഭൂമിക്കായി പ്രതിവർഷം എത്ര രൂപയാണ് പാട്ടത്തുകയായി കിൻഫ്ര അടയ്ക്കുന്നതെന്നും ഭൂമി അനുവദിച്ചു കിട്ടിയ വർഷം മുതൽ പാട്ടത്തുക അടയ്ക്കുന്നതിൽ വീഴ്ചവരുത്തിയിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ എന്നുമുതലാണ് അടയ്ക്കാതിരുന്നതെന്നും ഈയിനത്തിൽ എത്ര രൂപയാണ് അടയ്ക്കാനുള്ളതെന്നും വിശദമാക്കാമോ;

(സി) കിൻഫ്ര അപ്പാരൽ പാർക്ക് തുടങ്ങാൻ കഴിയാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും വ്യവസായം ഇവിടെ ആരംഭിക്കാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോയെന്നും ഉണ്ടെങ്കിൽ എന്ത് വ്യവസായം ആരംഭിക്കാനാണ് ഉദ്ദേശിക്കുന്നതെന്നും ഇതിനായി എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്നും വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) റാന്നിയിൽ അപ്പാരൽ പാർക്ക് സ്ഥാപിക്കുന്നതിനായി 1-3-2011-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 135/2011/റവന്യൂ പ്രകാരമാണ് കിൻഫ്രയ്ക്ക് ഭൂമി കൈമാറിയിട്ടുള്ളത്. കേരളത്തിൽ കൂടുതൽ അപ്പാരൽ പാർക്ക് തുടങ്ങുക

പ്രായോഗികമല്ലെന്നും കുറഞ്ഞ വേതനത്തിൽ ജോലിക്കാരെ ലഭിക്കാത്ത സാഹചര്യത്തിൽ മറ്റേതെങ്കിലും പദ്ധതിയാണ് അവിടെ യോജിച്ചതെന്നും 17-7-2014-ൽ ബഹുമാനപ്പെട്ട വ്യവസായ വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ വിലയിരുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത സ്ഥലത്ത് ഒരു വ്യവസായ കെട്ടിട സമുച്ചയം നിർമ്മിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്.

(ബി) പ്രസ്തുത ഭൂമിക്കായി പാട്ടത്തുക ഇനത്തിൽ 24856 രൂപയാണ് 2011-12, 2012-13, 2013-14, 2014-15, 2015-16, 2016-17, 2017-18 വർഷങ്ങളിൽ കിൻഫ്ര സർക്കാരിൽ അടച്ചത്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു :

| വർഷം | തീയതി |
|---|---|
| 2011-12 | 8-8-2011 |
| 2012-13 | 23-7-2012 |
| 2013-14 | 6-6-2015 |
| 2014-15 | |
| 2015-16 | |
| 2016-17 | 22-3-2016 |
| 2017-18 | 15-4-2017 |

(സി) പ്രസ്തുത ഭൂമിയിൽ ഒരു വ്യവസായ കെട്ടിട സമുച്ചയം നിർമ്മിക്കാൻ കിൻഫ്രയ്ക്ക് പദ്ധതിയുണ്ട്. ഇതുമായി ബന്ധപ്പെട്ട പ്രാരംഭ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്.

**വ്യവസായ സൗഹൃദ അന്തരീക്ഷം**

194(642) <u>ശ്രീ. സണ്ണി ജോസഫ്:</u>

<u>ശ്രീ. ഷാഫി പറമ്പിൽ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വ്യവസായ വികസന കോർപ്പറേഷന്റെ കീഴിലുള്ള വ്യവസായ പാർക്കുകളിലും ബഹുനില കെട്ടിട സമുച്ചയങ്ങളിലും സ്ഥലവും സൗകര്യവും ഒഴിഞ്ഞ് കിടക്കുന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്ഥല സൗകര്യം ഉപയോഗപ്പെടുത്തുന്നതിന് വ്യവസായ സംരംഭകർ മുന്നോട്ട് വരാത്തതിന്റെ കാരണമെന്താണെന്ന് പരിശോധിച്ചിട്ടുണ്ടോ;

(സി) സംസ്ഥാനത്ത് വ്യവസായ സൗഹൃദ അന്തരീക്ഷം സൃഷ്ടിക്കുന്നതിനും വ്യവസായ സംരംഭകർക്കുള്ള സൗകര്യങ്ങൾ നൽകുന്നതിനുമുള്ള നിയമനിർമ്മാണം നടത്തിയതിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്തേയ്ക്ക് പുതുതായി കൂടുതൽ വ്യവസായ സംരംഭകരെ ആകർഷിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ഡി) നിലവിലുള്ള ഏകജാലക ക്ലീയറൻസ് സംവിധാനത്തിന്റെ മികച്ച പ്രവർത്തനത്തിന് ഐ.പി.എഫ്.സി. ശക്തിപ്പെടുത്തുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ടോ;

(ഇ) വ്യവസായ സംരംഭങ്ങളുടെ പ്രവർത്തനത്തിന് ആവശ്യമായ ക്ലീയറൻസ് വേഗത്തിൽ നൽകുന്നതിന് വേണ്ടി നിലവിലുള്ള ഏതെങ്കിലും ചട്ടങ്ങളിൽ മാറ്റം വരുത്തേണ്ടതുണ്ടോ; എങ്കിൽ അതിനുള്ള നടപടിക്രമങ്ങൾ ഏത് ഘട്ടത്തിലാണ്?

<u>ഉത്തരം</u>

(എ&ബി) ഉണ്ട്. കെ.എസ്.ഐ.ഡി.സി.-യുടെ നിയന്ത്രണത്തിലുള്ള വ്യവസായ പാർക്കുകളിൽ ഘട്ടംഘട്ടമായുള്ള അടിസ്ഥാന സൗകര്യ വികസനമാണ് നടപ്പിലാക്കിവരുന്നത്. 250-300 ഏക്കർ വരെ വിസ്തൃതി വികസിപ്പിച്ച് സംരംഭകർക്ക് നൽകിയതിനുശേഷമാണ് അടുത്തഘട്ടം വികസിപ്പിച്ചുവരുന്നത്. വലിയവെളിച്ചത്ത് വസ്ത്രനിർമ്മാണശാലയ്ക്കായി നിർമ്മിച്ചിട്ടുള്ള കെട്ടിട സമുച്ചയത്തിൽ ഇനിയും കുറച്ചുസ്ഥലം കൂടി അനുവദിക്കാനുണ്ട്.

(സി) കേരള നിയമസഭ പാസ്സാക്കിയ 2018-ലെ കേരള നിക്ഷേപം പ്രോത്സാഹിപ്പിക്കലും സുഗമമാക്കലും ആക്ട്, 2018 ഏപ്രിൽ 7-ാം തീയതി ബഹുമാനപ്പെട്ട ഗവർണറുടെ അനുമതി ലഭിച്ചു. ഇത് നടപ്പിൽ വരുന്നതേയുള്ളൂ.

(ഡി) സംസ്ഥാനത്ത് വ്യവസായം തുടങ്ങുന്നതിന് വിവിധ വകുപ്പുകളിൽനിന്നുള്ള അനുമതികൾ ലഭ്യമാക്കുന്നതിന് നിലവിലുള്ള അപേക്ഷ ഫോറങ്ങൾ ഏകീകരിച്ച് ഒരു ഏകീകൃത അപേക്ഷാഫോറം രൂപകല്പന ചെയ്തിട്ടുണ്ട്. പ്രസ്തുത ഏകീകൃത അപേക്ഷാഫോറം ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഓൺലൈൻ ക്ലിയറൻസ് സംവിധാനം (SWIFT) നടപ്പിലാക്കുവാൻ സജ്ജമായിട്ടുണ്ട്.

മേൽപ്പറഞ്ഞ ഓൺലൈൻ സംവിധാനത്തിന്റെ സെക്യൂരിറ്റി ഓഡിറ്റിംഗ് പൂർത്തിയായിട്ടുണ്ട്. ഈ സംവിധാനത്തിന്റെ നടത്തിപ്പിനെക്കുറിച്ച് വിവിധ വകുപ്പുകൾക്ക് പരിശീലനം നടത്തിവരുന്നു. പ്രസ്തുത ഓൺലൈൻ സംവിധാനം നിലവിൽ വരുമ്പോൾ വ്യവസായ സംരംഭകർക്ക് എല്ലാ വകുപ്പുകളിൽ നിന്നുള്ള അനുമതികളും കാലതാമസമില്ലാതെ ലഭ്യമാക്കാവുന്നതാണ്.

സംസ്ഥാനത്ത് നടപ്പിലാക്കുന്ന ഓൺലൈൻ സംവിധാനവും വ്യവസായം തുടങ്ങാൻ ലഭിക്കുന്ന അപേക്ഷകളിന്മേലുള്ള പരിശോധനകളും ഫലപ്രദമായും സമയബന്ധിതമായും നടപ്പാക്കുന്നതിന് ഇൻവെസ്റ്റ്മെന്റ് പ്രൊമോഷൻ ആൻഡ് ഫെസിലിറ്റേഷൻ സെൽ (IPFC) സംസ്ഥാനതലത്തിലും ജില്ലാതലത്തിലും സർക്കാർ രൂപീകരിച്ചിട്ടുണ്ട്. വ്യവസായം തുടങ്ങാൻ അനുമതികൾ ലഭ്യമാക്കുന്ന വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ ഉൾപ്പെടുന്നതാണ് ഈ സെൽ.

(ഇ) വ്യവസായം തുടങ്ങാൻ അനുമതി നൽകുന്ന വിവിധ വകുപ്പുകളിലെ നിലവിലുള്ള താഴെപ്പറയുന്ന പത്ത് ചട്ടങ്ങളിൽ ഭേദഗതി വരുത്തിയിട്ടുണ്ട്:

1. ദി കേരള പഞ്ചായത്ത് രാജ് (ഇഷ്യൂ ഓഫ് ലൈസൻസ് ടു ഡെയ്ഞ്ചറസ് ആൻഡ് ഒഫൻസീവ് ട്രേഡ്സ് ആൻഡ് ഫാക്ടറീസ്) റൂൾസ് 1996.
2. ദി കേരള പഞ്ചായത്ത് രാജ് (പ്രൊഫഷൻ ടാക്സ്) റൂൾസ് 1996.
3. ദി കേരള മുനിസിപ്പാലിറ്റി (രജിസ്ട്രേഷൻ ഓഫ് പ്രൈവറ്റ് ഹോസ്പിറ്റൽസ് ആൻഡ് പാരാമെഡിക്കൽ ഇൻസ്റ്റിറ്റ്യൂഷൻസ്) റൂൾസ് 1997.
4. ദി കേരള പഞ്ചായത്ത് രാജ് ബിൽഡിംഗ് റൂൾസ് 2011.
5. ദി കേരള മുനിസിപ്പാലിറ്റി ബിൽഡിംഗ് റൂൾസ് 1999.
6. ദി കേരള ഫാക്ടറീസ് റൂൾസ് 1957.
7. ദി കേരള ഇന്റർ സ്റ്റേറ്റ് മൈഗ്രന്റ് വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1983.
8. ദി കേരള കോൺട്രാക്ട് ലേബർ (റെഗുലേഷൻ ആൻഡ് അബോളിഷൻ) റൂൾസ് 1974.
9. ദി ബിൽഡിംഗ് ആൻഡ് കൺസ്ട്രക്ഷൻ വർക്കേഴ്സ് (റെഗുലേഷൻ ഓഫ് എംപ്ലോയ്മെന്റ് ആൻഡ് കണ്ടീഷൻ ഓഫ് സർവ്വീസ്) റൂൾസ് 1998.
10. ദി കേരള മോട്ടോർ വർക്കേഴ്സ് റൂൾസ് 1962.

മേൽപ്പറഞ്ഞ നിയമനിർമ്മാണം മുഖാന്തരം കേരളത്തിലെ വ്യവസായ അന്തരീക്ഷം മെച്ചപ്പെടുത്താനും നിലവിലുള്ളതും പുതിയതുമായ വ്യവസായ സംരംഭകരെയും നവസംരംഭകരെയും ആകർഷിക്കാനും അനായാസം നിക്ഷേപം നടത്തുവാനും അതുവഴി കേരളത്തെ ഒരു വ്യവസായ സൗഹൃദ സംസ്ഥാനമായി മാറ്റാനും സാധിക്കുമെന്നും കരുതുന്നു.

## കെ.പി.പി. നമ്പ്യാർ സ്മാരക മ്യൂസിയം

195(643) ശ്രീ. റ്റി. വി. രാജേഷ്: താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കെ.പി.പി.നമ്പ്യാർ സ്മാരക മ്യൂസിയം സ്ഥാപിക്കുന്നതിന് കെൽട്രോൺ സമർപ്പിച്ച പ്രോജക്ട് നടപ്പിലാക്കാൻ കാലതാമസമെടുക്കുന്നത് എന്തുകൊണ്ടെന്ന് വിശദീകരിക്കുമോ?

ഉത്തരം

കെ.പി.പി.നമ്പ്യാർ സ്മാരക മ്യൂസിയം സ്ഥാപിക്കുന്നതിന് 2016-17 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ സാംസ്കാരിക വകുപ്പിന്റെ ശീർഷകത്തിലാണ് തുക അനുവദിച്ചത്. കെൽട്രോൺ ഇതുസംബന്ധിച്ച് പ്രോജക്ട് സമർപ്പിച്ചത് 8-2-2018-ലാണ്. അനുയോജ്യമായ പദ്ധതി നടപ്പാക്കുന്നത് സംബന്ധിച്ച് തീരുമാനിക്കുന്നതിനായി ഇക്കാര്യം വിശദമായി പരിശോധിച്ചുവരികയാണ്.

## റാന്നി റബ്ബർ പാർക്ക്

196(644) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ബഡ്ജറ്റിൽ പ്രഖ്യാപിച്ച റാന്നി റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി ഏറ്റെടുക്കേണ്ട സ്ഥലത്തിന്റെ സർവ്വേ നടപടികൾ ഇപ്പോൾ ഏത് ഘട്ടം വരെയായി; സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ ഉണ്ടോ; ഉണ്ടെങ്കിൽ എന്താണെന്ന് അറിയിക്കുമോ;

(ബി) ഇത് സംബന്ധിച്ച് വ്യവസായ മന്ത്രിയുടെ ചേംബറിൽ 2017 ഓഗസ്റ്റ് 22-ന് വിളിച്ച് ചേർത്ത യോഗത്തിന്റെ തീരുമാനം എന്തൊക്കെയാണ്; ഈ തീരുമാനം അനുസരിച്ചുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ എന്തുകൊണ്ട്; വ്യക്തമാക്കുമോ;

(സി) അടിയന്തരമായി ഇതിന്റെ സർവ്വേ നടപടികൾ പൂർത്തീകരിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) എ.വി.റ്റി. കമ്പനി കൈവശം വച്ചുവരുന്ന റാന്നി താലൂക്കിൽ പെരുനാട് വില്ലേജിൽ എ.വി.റ്റി. കമ്പനിയുടെ തണ്ടപ്പേരിലുള്ള 184.4662 ഹെക്ടർ, വിവിധ കക്ഷികളിൽനിന്നും പാട്ടത്തിനെടുത്തിട്ടുള്ള 179.4186 ഹെക്ടർ സ്ഥലവും ഉൾപ്പെടെ 363.8848 ഹെക്ടർ ഭൂമിയിലുൾപ്പെട്ട സ്ഥലത്താണ് റാന്നി റബ്ബർ പാർക്കിനുവേണ്ടി

സർവ്വേ ചെയ്യാൻ നിർദ്ദേശിച്ചിട്ടുള്ളത്. എന്നാൽ ടി ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിൽ WP(C) 34185/2015 നമ്പർ കേസ് നിലവിലുള്ളതാണ്. ടി കേസിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ ടി സ്ഥലത്ത് സർവ്വേ നടപടികൾ സ്വീകരിക്കുന്നതിന് ബഹുമാനപ്പെട്ട കോടതിയുടെ അനുമതി ആവശ്യമാണ്.

(ബി &സി) പത്തനംതിട്ടയിൽ റബ്ബർ പാർക്ക് സ്ഥാപിക്കുന്നതിനായി സ്ഥലം സർവ്വേ നടത്തുന്നതിന് റവന്യൂ വകുപ്പുമായി ബന്ധപ്പെട്ട് ഒരു ഏജൻസിയെ ചുമതലപ്പെടുത്തുന്നതിനും അതിനുള്ള ചെലവ് കിൻഫ്ര വഹിക്കണമെന്നും രണ്ട് മാസത്തിനുള്ളിൽ സർവ്വേ നടപടികൾ പൂർത്തീകരിക്കേണ്ടതാണെന്നും തീരുമാനിക്കുകയുണ്ടായി. സ്ഥലം ഏറ്റെടുക്കുന്നതിനുള്ള സർവ്വേ നടപടികൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിന് സർവ്വേ ജീവനക്കാരുടെ അഭാവത്തിൽ പ്രത്യേക ഏജൻസിയെ കണ്ടെത്തി റിപ്പോർട്ട് സമർപ്പിക്കാൻ സർക്കാർ പത്തനംതിട്ട ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്. എന്നാൽ ഭൂമിയുടെ ഉടമസ്ഥത സംബന്ധിച്ച് ബഹുമാനപ്പെട്ട കേരളാ ഹൈക്കോടതിയിലെ WP(C) 34185/2015 നമ്പർ കേസിൽ തീരുമാനമുണ്ടാകാത്ത സാഹചര്യത്തിൽ ടി സ്ഥലത്ത് സർവ്വേ നടപടികൾ ആരംഭിച്ചിട്ടില്ല.

## വർക്കല താലൂക്ക് വ്യവസായ ഓഫീസ്

197(645) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നതിന് എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

വർക്കലയിൽ താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച വിഷയം സർക്കാർ പരിശോധിച്ചുവരികയാണ്.

## ഇലക്ട്രോണിക് വ്യവസായ വികസനം

198(646) ശ്രീ. കെ. എൻ. എ. ഖാദർ:
ശ്രീ. വി. കെ. ഇബ്രാഹിം കുഞ്ഞ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുന്നതിനെ ക്കുറിച്ച് എന്തെങ്കിലും പഠനങ്ങൾ ഈ സർക്കാർ നടത്തിയിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) പ്രസ്തുത പഠനത്തിന്റെ അടിസ്ഥാനത്തിൽ സംസ്ഥാനത്ത് ഇലക്ട്രോണിക് വ്യവസായം വികസിപ്പിക്കുന്നതിനായി ഈ സർക്കാർ സ്വീകരിച്ചു വരുന്ന പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) ഇപ്രകാരമുള്ള പ്രവർത്തനങ്ങൾക്ക് എത്ര തുകയാണ് മുതൽമുടക്ക് പ്രതീക്ഷിക്കുന്നതെന്നും ഇത് എങ്ങനെയാണ് ലഭ്യമാക്കാനുദ്ദേശിക്കുന്നതെന്നും അറിയിക്കാമോ?

ഉത്തരം

(എ) ഇലക്ട്രോണിക്സ് വ്യവസായം വികസിപ്പിക്കുന്നതിനുവേണ്ടി സമഗ്രമായ ഒരു പഠനം ഹാർഡ്‌വെയർ മിഷൻ നടത്തുകയുണ്ടായി. ഇതിനോടനുബന്ധിച്ച് സംസ്ഥാനത്തൊട്ടാകെയുള്ള ഇലക്ട്രോണിക്സ് ആൻഡ് ഹാർഡ്‌വെയർ കമ്പനികളുടെ അടിസ്ഥാന വിവരങ്ങൾ ക്രോഡീകരിക്കുകയും അവർ നേരിടുന്ന വെല്ലുവിളികൾ മനസ്സിലാക്കിക്കൊണ്ട് യഥാർത്ഥ ആവശ്യകതയുടെ അടിസ്ഥാനത്തിൽ പദ്ധതികൾ നിർദ്ദേശിക്കുകയും ചെയ്തു. പ്രധാന പ്രയാസ മേഖലകളും സജീവ വളർച്ചാ മേഖലകളും കണ്ടെത്തുന്നതിനായി ചോദ്യോത്തര സർവ്വേകളും വ്യാവസായിക വിദഗ്ദ്ധരും അതുമായി ബന്ധപ്പെട്ടവരുമായി കൂടിച്ചേർന്നുകൊണ്ട് വർക്ക്ഷോപ്പുകളും കൺസൾട്ടേഷനുകളും നടത്തുകയുണ്ടായി.

(ബി) ഇന്റലും യു.എസ്.ടി ഗ്ലോബലുമായി ചേർന്ന് സർക്കാർ നടത്തിയ പഠനത്തിന്റെ അടിസ്ഥാനത്തിൽ ഒരു ലാപ്ടോപ്പ്, സെർവർ നിർമ്മാണ യൂണിറ്റ് തുടങ്ങാനുള്ള നടപടികളുമായി സർക്കാർ മുന്നോട്ടുപോകുകയാണ്.

ഇ മൊബിലിറ്റിക്കുവേണ്ടി ഒരു സ്റ്റേറ്റ് ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും ഹാർഡ്‌വെയർ മിഷൻ അതിന്റെ സെക്രട്ടേറിയറ്റായി പ്രവർത്തിക്കുകയും ചെയ്യുന്നു.

(സി) 2018-19-ലെ സംസ്ഥാന ബഡ്ജറ്റിന്റെ പ്ലാൻ ഫണ്ടിൽ ഹാർഡ് വെയർ മിഷന്റെ പ്രവർത്തനങ്ങൾക്കുവേണ്ടി 30 കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

## പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിലെ കാലതാമസം

199(647) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സ്റ്റേറ്റ് ടെക്സ്റ്റയിൽസ് കോർപ്പറേഷന്റെ കീഴിൽ ചെങ്ങന്നൂരിൽ പ്രവർത്തിക്കുന്ന പ്രഭുറാം മിൽസിൽനിന്നും 2017 മേയ് മാസത്തിൽ വിരമിച്ച ശ്രീ. വി. ബാലകൃഷ്ണൻ ഉൾപ്പെടെ പത്തോളം പേർക്ക് പെൻഷൻ ആനുകൂല്യങ്ങൾ നാളിതുവരെ നൽകിയിട്ടില്ലെന്ന വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിനുള്ള കാലതാമസം എന്താണെന്ന് വ്യക്തമാക്കാമോ;

(ബി) ഇവരുടെ ആനുകൂല്യങ്ങൾ എന്ന് നൽകുവാൻ സാധിക്കുമെന്ന് വിശദമാക്കാമോ;

(സി) 2017-18 - ൽ ലേ ഓഫിന് ശേഷം കമ്പനി എന്നാണ് പ്രവർത്തനം ആരംഭിച്ചതെന്നും അതിനുശേഷം ശമ്പളം കൃത്യമായി നൽകുന്നുണ്ടോയെന്നും വിശദമാക്കാമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർച്ചയായ പ്രവർത്തന നഷ്ടമുണ്ടായതുമൂലം പ്രഭുറാം മിൽസ് കഴിഞ്ഞ 5 വർഷമായി കടുത്ത സാമ്പത്തിക പ്രതിസന്ധി നേരിടുകയാണ്. കൂടാതെ 2016 ഒക്ടോബർ 21 മുതൽ 2017 ഫെബ്രുവരി 21 വരെ വൈദ്യുതി കുടിശ്ശികയുണ്ടായിരുന്നതുമൂലം മിൽ പ്രവർത്തിച്ചിരുന്നില്ല. മേൽപ്പറഞ്ഞ കാരണങ്ങൾ കൊണ്ടുണ്ടായ സാമ്പത്തിക പ്രതിസന്ധിമൂലമാണ് പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിൽ കാലതാമസം വന്നിട്ടുള്ളത്.

(ബി) പ്രഭുറാം മിൽസിൽ 2015 നവംബർ മാസം വരെ പിരിഞ്ഞുപോയവരുടെ പെൻഷൻ ആനുകൂല്യങ്ങളാണ് ഇതുവരെ നൽകിയിട്ടുള്ളത്. ശ്രീ. വി. ബാലകൃഷ്ണൻ 2017 മേയ് മാസത്തിലാണ് പിരിഞ്ഞുപോയത്. മില്ലിന്റെ നിലവിലുള്ള സാമ്പത്തിക പ്രതിസന്ധി മാറി മില്ലിന്റെ പ്രവർത്തക്ഷമത പൂർണ്ണമായും കൈവരിക്കുന്ന സാഹചര്യത്തിൽ ശ്രീ. വി. ബാലകൃഷ്ണൻ ഉൾപ്പെടെയുള്ളവരുടെ പെൻഷൻ ബാദ്ധ്യതകൾ പരമാവധി വേഗത്തിൽ കൊടുത്തുതീർക്കുന്നതാണ്.

(സി) 2016-17 വർഷത്തിലെ ലേ-ഓഫിനുശേഷം കമ്പനി 2017 ഫെബ്രുവരി 22-ന് പ്രവർത്തനം ആരംഭിക്കുകയും അതിനുശേഷം നാളിതുവരെ ശമ്പളം കൃത്യമായി നൽകിവരുന്നുണ്ട്.

**കാട്ടാക്കട താലൂക്ക് വ്യവസായ ഓഫീസ്**

200(648) ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാട്ടാക്കട താലൂക്ക് കേന്ദ്രമായി താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നതിനുള്ള നിർദ്ദേശം പരിഗണനയിലുണ്ടോ; ഇതു സംബന്ധിച്ച വ്യവസായ ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടോ; ഇല്ലെങ്കിൽ കാട്ടാക്കട കേന്ദ്രമായി താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

പരിഗണനയിലുണ്ട്. കാട്ടാക്കട താലൂക്ക് കേന്ദ്രമായി താലൂക്ക് വ്യവസായ ഓഫീസ് ആരംഭിക്കുന്നത് സംബന്ധിച്ച പ്രാഥമിക റിപ്പോർട്ട് വ്യവസായ വാണിജ്യ ഡയറക്ടർ സർക്കാരിൽ സമർപ്പിച്ചിട്ടുണ്ട്. റിപ്പോർട്ട് പരിശോധിച്ചുവരുന്നു.

**കാസർഗോഡ് ജില്ലയിലെ വ്യവസായങ്ങൾ**

201(649) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ല പിറന്നതിനുശേഷം പൊതുസ്വകാര്യ മേഖലകളിൽ എത്ര വ്യവസായ സ്ഥാപനങ്ങൾ ആരംഭിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ;

(ബി) ഏത് സർക്കാരിന്റെ കാലത്താണ് ഈ സ്ഥാപനങ്ങൾ ആരംഭിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) ഈ സ്ഥാപനങ്ങളെല്ലാം ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ എന്നും ഓരോ സ്ഥാപനത്തിലും എത്ര തൊഴിലാളികൾ ജോലി ചെയ്യുന്നുണ്ടെന്നും വ്യക്തമാക്കാമോ ;

(ഡി) ഏതെങ്കിലും സ്ഥാപനം പൂട്ടിയിട്ടുണ്ടെങ്കിൽ അതിനുള്ള കാരണം എന്തായിരുന്നുവെന്നും അവിടെ ജോലി ചെയ്തിരുന്ന തൊഴിലാളികളെ പുനരധിവസിപ്പിക്കാൻ ചെയ്ത കാര്യങ്ങൾ എന്തൊക്കെയായിരുന്നുവെന്നും വ്യക്തമാക്കാമോ ;

(ഇ) പൂട്ടിയ സ്ഥാപനങ്ങളിൽ മറ്റേതെങ്കിലും വ്യവസായം തുടങ്ങാൻ ആലോചനയുണ്ടോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) പൊതുമേഖലയിൽ രണ്ടും സഹകരണ മേഖലയിൽ ഒന്നും സ്വകാര്യ മേഖലകളിൽ ഏകദേശം 4000 സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളും ആരംഭിച്ചിട്ടുണ്ട്.

(ബി) ഭെൽ 2011 മാർച്ചിലും എച്ച്.എ.എൽ. 2012 നവംബറിലും പ്രവർത്തനം ആരംഭിച്ചു. ഉദുമ സ്പിന്നിംഗ് മിൽ 2011 നവംബറിൽ ഉദ്ഘാടനം ചെയ്തെങ്കിലും പ്രവർത്തനം തുടങ്ങിയില്ല.

(സി) ഭെൽ-ൽ 163 പേരും എച്ച്.എ.എൽ.-ൽ 100 പേരും ജോലി ചെയ്യുന്നു. സ്വകാര്യ സംരംഭങ്ങളിൽ ഏകദേശം 12000-ത്തോളം പേർ തൊഴിൽ ചെയ്യുന്നുണ്ട്.

(ഡി) പ്രവർത്തന മൂലധനത്തിന്റെ അഭാവവും തൊഴിലാളികളെ തെരഞ്ഞെടുക്കുന്നതിൽ വന്ന തർക്കവും കോടതി കേസും ജലം, വൈദ്യുതി കണക്ഷൻ എന്നിവ വിച്ഛേദിച്ചതുമാണ് ഉദുമ സ്പിന്നിംഗ് മിൽ പ്രവർത്തനം

നിന്നുപോകാൻ കാരണമായത്. സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങളിൽ ഏതാനും സംരംഭങ്ങൾ വിവിധ കാരണങ്ങളാൽ പ്രവർത്തനം നിർത്തിയിട്ടുണ്ട്.

(ഇ) ഇല്ല.

## ആറ്റിങ്ങലിലെ സ്റ്റീൽ പ്ലാന്റ്

202(650) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങലിൽ പ്രവർത്തിച്ചിരുന്ന സ്റ്റീൽ പ്ലാന്റ് തുറന്ന് പ്രവർത്തിപ്പിക്കുന്നതിന് സ്വീകരിച്ച നടപടികളുടെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

ആറ്റിങ്ങൽ സ്റ്റീൽ പ്ലാന്റ് ഇപ്പോൾ കേന്ദ്രസർക്കാരിന്റെ ഏറ്റുമാനൂരിലുള്ള സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭ സാങ്കേതിക ഇൻസ്റ്റിറ്റ്യൂട്ട് ഡയറക്ടറുടെ കീഴിലാണ്. കേന്ദ്രഗവൺമെന്റിന്റെ അനുമതിയോടുകൂടി മാത്രമേ സംസ്ഥാന തലത്തിലുള്ള എന്തെങ്കിലും പ്രവർത്തനം നടത്താൻ കഴിയൂ. ഒരു ഏക്കർ സ്ഥലത്ത് പ്രവർത്തിക്കുന്ന സ്ഥാപനത്തിന്റെ പുനരുദ്ധാരണത്തിനായി സൂക്ഷ്മ-ചെറുകിട-ഇടത്തരം സംരംഭങ്ങൾക്കുള്ള ടൂൾ റൂം, കോ-ഓർഡിനേഷൻ ഓഫീസ് (വികസന ഇൻസ്റ്റിറ്റ്യൂട്ട്) എന്നീ രണ്ട് പദ്ധതികൾ കേന്ദ്ര സർക്കാരിന് സമർപ്പിച്ചിട്ടുണ്ട്. കേന്ദ്രസർക്കാരിന്റെ മിനിസ്ട്രി ഓഫ് എം.എസ്.എം.ഇ.-ൽനിന്നും ഈ സെന്റർ തുറന്ന് പ്രവർത്തിക്കാൻ അനുമതി ലഭിച്ചിട്ടില്ല.

## ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്ന ഭൂമിയുടെ ഫെയർ വാല്യൂ

203(651) ശ്രീ. കെ. എൻ. എ. ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വാണിജ്യാവശ്യങ്ങൾക്കായി ഉടമസ്ഥാവകാശം കൈമാറ്റം ചെയ്യുന്ന ഭൂമിക്ക് വ്യവസായ വകുപ്പ് ഫെയർ വാല്യൂ നിശ്ചയിക്കുന്നതിന്റെ രീതി അറിയിക്കാമോ;

(ബി) വർഷങ്ങൾക്കുമുമ്പ് ചെറിയ തുകയിൽ വാണിജ്യാവശ്യത്തിന് ഉടമാസ്ഥാവകാശം നൽകിയ ഭൂമിയിൽ വ്യവസായങ്ങൾ തുടങ്ങിയ ശേഷം ഉടമസ്ഥാവകാശം മാറ്റാൻ അപേക്ഷ ലഭിക്കുമ്പോൾ വൻതുക ഫെയർവാല്യൂ നിശ്ചയിക്കുന്നതു കാരണം സംരംഭകർ നേരിടുന്ന പ്രയാസങ്ങൾ ശ്രദ്ധയിൽ പ്പെട്ടിട്ടുണ്ടോ;

(സി) ഇതു പരിഹരിക്കാൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോയെന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ) 30-3-2016-ലെ സർക്കാർ ഉത്തരവ് (എം.എസ്.) നമ്പർ 17/2016/ ഐഡി പ്രകാരമാണ് വ്യവസായ വകുപ്പിനുകീഴിൽ ലീസ് പ്രകാരം ഭൂമി അനുവദിക്കുന്നത്. ഇതുപ്രകാരം സ്ഥലവില നിശ്ചയിക്കുന്നത് ഫെയർ വാല്യൂ അടിസ്ഥാനമാക്കിയാണ്. വ്യവസായ വികസന ഏരിയ/വികസന പ്ലോട്ടിന് ചുറ്റുമുള്ള സർവ്വേ നമ്പരുകൾ കണ്ടെത്തി അവയിൽ ഏറ്റവും ഉയർന്ന ഫെയർ വാല്യൂ പ്രസ്തുത വ്യവസായ വികസന ഏരിയ/വികസന പ്ലോട്ടിന്റെ ഫെയർ വാല്യൂ ആയി നിശ്ചയിക്കുന്ന രീതിയാണ് നിലവിലുള്ളത്.

(ബി&സി) ഉണ്ട്. ഇതുസംബന്ധിച്ച് നിലവിലുള്ള നിയമം പരിഷ്കരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

**ഐ.ആർ.ഇ.-ക്കുവേണ്ടി അയനിവേലികുളങ്ങരയിൽ ഖനനം**

204(652) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി താലൂക്കിലെ അയനിവേലികുളങ്ങര വില്ലേജിൽപ്പെട്ട സ്ഥലം ഐ.ആർ.ഇ.-യ്ക്കുവേണ്ടി ഖനനം നടത്തുന്നതിനായി ഏറ്റെടുത്തിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) എത്ര ഹെക്ടർ സ്ഥലം ഇതിനായി ഏറ്റെടുത്തുവെന്ന് അറിയിക്കുമോ; ഭൂവുടമകളുടെ അനുമതിയോടെയാണോ സ്ഥലം ഏറ്റെടുത്തതെന്ന് വ്യക്തമാക്കാമോ;

(സി) ഏറ്റെടുത്ത സ്ഥലത്ത് താമസിക്കുന്നവരുടെ പുനരധിവാസത്തിന് ഏതെങ്കിലും തരത്തിലുള്ള പാക്കേജ് നിശ്ചയിച്ചിട്ടുണ്ടോ ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ-സി) ഉണ്ട്. കരുനാഗപ്പള്ളി താലൂക്കിലെ അയനിവേലികുളങ്ങര വില്ലേജിൽപ്പെട്ട 73 ആർ സ്ഥലം 2000-2010 കാലയളവിൽ ഐ.ആർ.ഇ.-ക്കുവേണ്ടി ഖനനത്തിനായി ഏറ്റെടുത്തിട്ടുണ്ട്. ഇത് ഭൂവുടമയുടെ അനുമതിയോടെയാണ് ഏറ്റെടുത്തിരിക്കുന്നത്.

മേൽസ്ഥലം ഏറ്റെടുത്തപ്പോൾത്തന്നെ പുനരധിവാസത്തിനുള്ള പാക്കേജ് കൂടി ഉൾപ്പെട്ടിരുന്നു.

**മണൽ ഖനനം**

205(653) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പാട്ട് വില്ലേജിലെ വെള്ളനാതുരുത്തിൽ നടക്കുന്ന മണൽ ഖനനം സംബന്ധിച്ച ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ടോ; വിശദീകരിക്കുമോ;

(ബി) പ്രസ്തുത വില്ലേജിൽ ഏതെല്ലാം പ്രദേശങ്ങളിലാണ് മണൽ ഖനനം നടക്കുന്നതെന്ന് വിശദീകരിക്കുമോ?

ഉത്തരം

(എ) കടൽത്തീരത്തുനിന്ന് ശേഖരിക്കാവുന്ന ധാതുവിന്റെ അളവ് സംബന്ധിച്ച് National Centre for Earth Science Studies (NCESS) എന്ന സ്ഥാപനം ശാസ്ത്രീയ പഠനം നടത്തിയിട്ടുണ്ട്. ഹൈദരാബാദിലെ അറ്റോമിക് മിനറൽസ് ഡയറക്ടറേറ്റ് ഫോർ എക്സ്പ്ലോറേഷൻ & റിസർച്ചും ബംഗളൂരുവിലെ ഇന്ത്യൻ ബ്യൂറോ ഓഫ് മൈൻസും അംഗീകരിച്ച മൈനിംഗ് പ്ലാൻ പ്രകാരമാണ് പ്രസ്തുത പ്രദേശത്ത് ഇന്ത്യൻ റെയർ ഏർത്ത്സ് ലിമിറ്റഡ് കരിമണൽ ഖനനം നടത്തുന്നത്.

(ബി) മെ. ഐ.ആർ.ഇ.എൽ. എന്ന കേന്ദ്രസർക്കാർ പൊതുമേഖലാ സ്ഥാപനത്തിന് കരുനാഗപ്പള്ളി താലൂക്കിലെ ആലപ്പാട് വില്ലേജ് ഉൾപ്പെടുന്ന പ്രദേശങ്ങളിൽ കരിമണൽ ഖനനം ചെയ്യുന്നതിന് സർക്കാർ അനുമതി നൽകിയിരുന്നു. പ്രസ്തുത ഖനനാനുമതികൾ പ്രകാരം ആലപ്പാട് വില്ലേജിലെ റീ-സർവ്വെ നമ്പർ 127/9 മുതൽ 127/13 വരെയും 129/1, 174 എന്നിവയിൽ ഉൾപ്പെടുന്ന പ്രദേശങ്ങളിലാണ് മെ. ഐ.ആർ.ഇ.എൽ. ഇപ്പോൾ ഖനനം നടത്തുന്നത്.

**പരമ്പരാഗത വ്യവസായങ്ങൾ**

206(654) ശ്രീ. അടൂർ പ്രകാശ്:
ശ്രീ. വി. ടി. ബൽറാം:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ:
ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പരമ്പരാഗത വ്യവസായങ്ങൾ കടുത്ത പ്രതിസന്ധിയിലാണെന്നത് വസ്തുതയാണോ; എങ്കിൽ പ്രതിസന്ധി പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത നടപടികളിലൂടെ ഖാദി, കൈത്തറി മേഖലകളിൽ ഉണ്ടാക്കിയിട്ടുള്ള മാറ്റങ്ങൾ എന്തെല്ലാമാണ്;

(സി) ഖാദി മേഖലയിൽ ആധുനികവൽക്കരണം കൊണ്ടുവരുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികൾ വിശദമാക്കുമോ;

(ഡി) അടഞ്ഞുകിടക്കുന്ന ടെക്സ്റ്റയിൽ മില്ലുകൾ തുറന്ന് പ്രവർത്തിപ്പിക്കുമെന്ന പ്രഖ്യാപനം പ്രാവർത്തികമാക്കിയിട്ടുണ്ടോ; ഇല്ലെങ്കിൽ ഇക്കാര്യത്തിലുണ്ടായിട്ടുള്ള പ്രതിബന്ധങ്ങൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) പരമ്പരാഗത വ്യവസായ മേഖലയെ തകർച്ചയിൽനിന്നും സംരക്ഷിക്കുന്നതിനുള്ള ക്രിയാത്മക നടപടികൾ സർക്കാർ സ്വീകരിച്ചുവരുന്നു.

അന്യസംസ്ഥാനങ്ങളിലെ കുറഞ്ഞവിലയ്ക്കുള്ള കൈത്തറി ഉല്പന്നങ്ങളുടെ ലഭ്യത, യന്ത്രത്തറി ഉൾപ്പന്നങ്ങളുടെ കടന്നുകയറ്റം, തൊഴിലാളികളുടെ ദൗർലഭ്യം, അസംസ്കൃത വസ്തുക്കളുടെ വിലകൂടുതലും അവയുടെ ലഭ്യതക്കുറവും, പവർ ലൂം തുണികളെ അപേക്ഷിച്ച് കൈത്തറി വസ്ത്രങ്ങളുടെ വിലകൂടുതൽ, കൈത്തറിയുടെ പേരിൽ വ്യാജതുണികൾ വിപണിയിലെത്തുന്നത് തുടങ്ങിയവ പരമ്പരാഗത കൈത്തറി മേഖലയിൽ പ്രതിസന്ധികൾ സൃഷ്ടിക്കുന്നു. ഇവ പരിഹരിക്കുന്നതിനായി സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കൈത്തറി തൊഴിലാളികളെ പൂർണ്ണമായി സംരക്ഷിക്കുന്ന വിധത്തിൽ നൂലും കൂലിയും സർക്കാർ നൽകി സ്കൂൾ യൂണിഫോം പദ്ധതിയും ഒരു വീട്ടിൽ ഒരു തറി പദ്ധതിയും യുവവീവ് പദ്ധതിയും കൈത്തറി മേഖലയിലേയ്ക്ക് കൂടുതൽ പേരെ ആകർഷിക്കുന്നതിന് ലക്ഷ്യമിട്ട് ഈ സർക്കാർ ആവിഷ്കരിച്ച് നടപ്പിലാക്കുന്ന പദ്ധതികളാണ്. ഇതിലൂടെ കൈത്തറി തൊഴിലാളികളുടെ നിത്യവരുമാനം 100-150 രൂപയിൽനിന്നും 400 മുതൽ 600 രൂപവരെ ലഭ്യമാക്കാൻ കഴിഞ്ഞിട്ടുണ്ട്. കൈത്തറിതുണിയെന്ന പേരിൽ മിൽ തുണി വ്യാപകമാകുന്നത് തടയുന്നതിനായി കൈത്തറി ഉല്പന്നങ്ങൾക്ക് ഹാന്റ് ലൂം മാർക്ക് മുദ്ര നിർബന്ധമാക്കിയിട്ടുണ്ട്. നെയ്ത്തിലുള്ള നൈപുണ്യം മെച്ചപ്പെടുത്തുന്നതിനും ഉല്പാദനശേഷി വർദ്ധിപ്പിക്കുന്നതിനും പരിശീലനം നൽകുന്ന പദ്ധതി നടപ്പിലാക്കുന്നു.

അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം, കുറഞ്ഞ വേതനം, ഉല്പന്നങ്ങളെ വിപണിയുമായി ബന്ധിപ്പിക്കുന്നതിനുള്ള അപര്യാപ്തത എന്നീ കാരണങ്ങളാൽ പ്രതിസന്ധിയിലായ കരകൗശല, ഈറ്റ-പനമ്പ് നെയ്ത്ത് മേഖലകളിലെ പ്രശ്നങ്ങൾ പരിഹരിക്കാൻ സർക്കാർ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വനം വകുപ്പുമായി

ബന്ധപ്പെട്ട് ആവശ്യമായ അസംസ്കൃത വസ്തുക്കൾ ലഭ്യമാക്കാനുള്ള നടപടി, യന്ത്രവൽക്കൃത ഉല്പാദനം, ബാംബൂ ടൈൽസ് ഉൾപ്പെടെ മൂല്യവർദ്ധിത ഉല്പന്നങ്ങൾ നിർമ്മിക്കാനുള്ള നടപടി, തൊഴിലാളികളുടെ വേതനം വർദ്ധിപ്പിക്കാനുള്ള നടപടി തുടങ്ങി വിവിധ നടപടികൾ സ്വീകരിച്ചുവരുന്നു.

ഖാദി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രധാന പ്രശ്നങ്ങളായ കുറഞ്ഞകൂലി, പരമ്പരാഗത രീതിയിൽ തൊഴിൽ ചെയ്യുന്നതിനുള്ള അദ്ധ്വാനഭാരം, സാങ്കേതിക വിദഗ്ദ്ധരുടെ അഭാവം, വിപണിയിലെ മത്സരം തുടങ്ങിയവ പരിഹരിക്കുന്നതിനായി കേരള ഖാദിഗ്രാമ വ്യവസായ ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നു. ഖാദി മേഖലയിൽ മിനിമം വേതനം പദ്ധതി, ഉല്പാദന കേന്ദ്രങ്ങളിൽ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, ഉല്പാദന ഇൻസെന്റീവ്, റെഡിമെയ്ഡ് വാർപ്പിംഗ് സൗകര്യങ്ങൾ, തൊഴിലാളികൾക്ക് നിശ്ചിത ഇടവേളകളിൽ പരിശീലനം, ഖാദിഗ്രാമം പദ്ധതി തുടങ്ങിയവ നടപ്പാക്കിവരുന്നു.

കശുവണ്ടി മേഖലയിലെ പ്രധാന പ്രതിസന്ധിയായ തോട്ടണ്ടിയുടെ ലഭ്യതക്കുറവ് പരിഹരിക്കുന്നതിന് കേരളത്തിൽ കശുമാവ് കൃഷി വ്യാപിപ്പിക്കുന്നതിനും ആഭ്യന്തരമായി ഉല്പാദിപ്പിക്കുന്ന തോട്ടണ്ടി സംഭരിക്കുന്നതിനും നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത കശുവണ്ടി വ്യവസായ മേഖലയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കുന്നതിന്റെ ഭാഗമായി കേരള കാഷ്യൂ ബോർഡ് എന്ന പേരിൽ ഒരു പ്രൈവറ്റ് ലിമിറ്റഡ് കമ്പനി രൂപീകരിച്ചിട്ടുള്ളതാണ്.

പരമ്പരാഗത കയർ മേഖലയിലെ പ്രധാന പ്രതിസന്ധി ചകിരിയുടെ ലഭ്യതക്കുറവാണ്. ചകിരി ഉല്പാദനം വ്യാപിപ്പിക്കുന്നതിനായി ഡി.എഫ്. മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. പരമ്പരാഗത തൊഴിലാളികളുടെ തൊഴിലും കൂലിയും സംരക്ഷിച്ചുകൊണ്ട് യന്ത്രവത്ക്കരണം നടത്തുന്നിനും വില വ്യതിയാനം പരിഹരിക്കുന്നതിനും കുടുംബശ്രീ അടക്കമുള്ള സംവിധാനങ്ങളുടെ സഹായത്തോടെ ചകിരി ഉല്പാദനം നടത്തുന്നതിനും നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(ബി) കൈത്തറി മേഖലയിലെ പ്രതിസന്ധികൾ പരിഹരിക്കുന്നതിനായി സർക്കാർ സ്വീകരിച്ച നടപടികളിലൂടെ മേഖലയിൽ പുതിയ ഉണർവുണ്ടായിട്ടുണ്ട്. കൂടുതൽ തൊഴിൽദിനങ്ങളും മെച്ചപ്പെട്ട കൂലിയും ലഭ്യമാകുന്ന രീതിയിൽ കൈത്തറി മേഖല മാറിയ സാഹചര്യത്തിൽ കൂടുതൽ പേർ പുതുതായി നെയ്ത്തിൽ പരിശീലനം നേടിക്കൊണ്ട് ഈ രംഗത്തേയ്ക്ക് വരുന്നുണ്ട്. സൗജന്യ കൈത്തറി സ്കൂൾ യൂണിഫോം പദ്ധതിയിൽ മാത്രം നാലായിരത്തിലേറെ നെയ്ത്തുകാർ നിലവിൽ സജീവമായി ജോലി ചെയ്യുന്നുണ്ട്.

ഖാദി ഗ്രാമവ്യവസായ മേഖലയിൽ ഉല്പാദനത്തിൽ ഗണ്യമായ വർദ്ധനവുണ്ടാക്കാനും കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാനും കഴിഞ്ഞിട്ടുണ്ട്. ഇതുവഴി തൊഴിലാളികൾക്ക് കൂടുതൽ വേതനം ഉറപ്പുവരുത്താനും അവരുടെ ജീവിത നിലവാരം ഉയർത്താനും ഈ മേഖലയിലേയ്ക്ക് കൂടുതൽ തൊഴിലാളികളെ ആകർഷിക്കാനും കഴിഞ്ഞിട്ടുണ്ട്.

(സി) ഖാദി മേഖലയിൽ ആധുനികവൽക്കരണം കൊണ്ടുവരുന്നതിന്റെ ഭാഗമായി ശാരീരിക ആയാസം കുറഞ്ഞ ചർക്കകളും തറികളും സ്ഥാപിക്കൽ, ചർക്കകളുടെയും തറികളുടെയും പരിഷ്കരണം, ഉല്പാദന കേന്ദ്രങ്ങളിലെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തൽ, അദ്ധ്വാനഭാരം ലഘൂകരിച്ച് കൂടുതൽ ഉല്പാദനവും കൂലിയും ലഭിക്കുന്ന രീതിയിൽ റെഡിമെയ്ഡ് വാർപ്പിംഗ് പോലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തൽ, കേന്ദ്ര ഖാദി കമ്മീഷന്റെ സഹായത്തോടെ വർക്ക് ഷെഡ് പദ്ധതി, സംസ്ഥാന സർക്കാരിന്റെയും ത്രിതല പഞ്ചായത്തുകളുടെയും പദ്ധതി വിഹിതം ഉപയോഗപ്പെടുത്തി അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തി പഴയവയ്ക്കുപകരം പുതിയ യന്ത്ര സാമഗ്രികൾ ലഭ്യമാക്കൽ തുടങ്ങിയ പദ്ധതികൾ നടപ്പാക്കിവരുന്നു.

(ഡി) പ്രാവർത്തികമായിട്ടുണ്ട്. ടെക്സ് ഫെഡിന്റെ മെമ്പർ സ്പിന്നിംഗ് മില്ലുകളിൽപ്പെട്ട പ്രിയദർശിനി സഹകരണ സ്പിന്നിംഗ് മിൽ പ്രവർത്തന മൂലധനത്തിന്റെ അഭാവത്താലും വൈദ്യുതി കുടിശ്ശികമൂലം വൈദ്യുതി വിച്ഛേദിച്ചതിനാലും മാസങ്ങളായി കോട്ടൺ ലഭ്യമല്ലാത്തതിനാലും പ്രവർത്തിച്ചിരുന്നില്ല. എന്നാൽ സർക്കാരിന്റെ അടിയന്തര ഇടപെടലിനെത്തുടർന്ന് എല്ലാ മില്ലുകൾക്കും ആവശ്യമായ അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേയ്ക്കായി സെൻട്രലൈസ്ഡ് കോട്ടൺ പർച്ചേസ് കമ്മിറ്റിക്ക് സർക്കാർ ധനസഹായം അനുവദിക്കുകയും തൽഫലമായി മില്ലുകൾ തുറന്ന് പ്രവർത്തനം ആരംഭിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ മില്ലുകൾക്ക് അസംസ്കൃത വസ്തുക്കൾ വാങ്ങുന്നതിലേയ്ക്കായി സർക്കാർ ധനസഹായം അനുവദിച്ചിട്ടുണ്ട്.

## ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി

207(655) <u>ശ്രീ. എം. സ്വരാജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഓപ്പറേഷൻ ഒളിമ്പിയ പദ്ധതി പ്രകാരം ഏതെല്ലാം കായിക ഇനങ്ങളിലാണ് പരിശീലനം നൽകുന്നത് എന്ന് അറിയിക്കുമോ;

(ബി) ഈ പദ്ധതി പ്രകാരം എത്ര കായിക താരങ്ങൾക്ക് പരിശീലനം നൽകി വരുന്നു എന്ന് അറിയിക്കുമോ;

(സി) എന്തെല്ലാം സൗകര്യങ്ങളാണ് ഈ കായിക താരങ്ങൾക്ക് ലഭ്യമാക്കുന്നതെന്ന് അറിയിക്കുമോ?

ഉത്തരം

(എ & ബി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻ കീഴിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായികയിനങ്ങളിലാണ് പരിശീലനം നൽകുന്നത്. ഷൂട്ടിംഗ് കായികയിനത്തിൽ 10 പേർക്കും ബാക്കി ഓരോ കായികയിനത്തിലും 20 കായിക താരങ്ങളെ വീതം ആകെ 210 കായിക താരങ്ങൾക്കാണ് പരിശീലനം നൽകുന്നത്. പ്രാരംഭ ഘട്ടത്തിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ് എന്നീ കായികയിനങ്ങളിൽ 20 കായിക താരങ്ങളെ വീതം ആകെ 160 കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ഓരോ കായികയിനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്തർദ്ദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം കൂടി പ്രയോജനപ്പെടുത്തി വിദഗ്ധ പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

208(656) ശ്രീ. സി. ദിവാകരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക താരങ്ങൾക്ക് മികച്ച പരിശീലനം നൽകാൻ സംസ്ഥാനത്ത് ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി ആരംഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശം നൽകുമോ;

(ബി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൽ ഉൾപ്പെടുത്തി ഏതെല്ലാം കായിക ഇനങ്ങളിലാണ് പരിശീലനം നൽകുന്നതെന്നും പദ്ധതിയിലൂടെ എത്ര കായിക താരങ്ങളെയാണ് പരിശീലിപ്പിക്കുന്നതെന്നും വ്യക്തമാക്കാമോ;

(സി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി നടത്തിപ്പിനായി എത്ര കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായികയിനങ്ങളിൽ പരിശീലനം നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി" . അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത്. 11 കായികയിനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകാനാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ബി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻ കീഴിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായികയിനങ്ങളിലാണ് പരിശീലനം നൽകുന്നത്. ഷൂട്ടിംഗ് കായികയിനത്തിൽ 10 പേർക്കും ബാക്കി ഓരോ കായികയിനത്തിലും 20 കായിക താരങ്ങളെ വീതം ആകെ 210 കായിക താരങ്ങൾക്കാണ് പരിശീലനം നൽകുന്നത്.

(സി) 2018 മുതൽ 2024 വരെയുള്ള ഏഴ് വർഷങ്ങളിലേയ്ക്കായി ആകെ 134 കോടി രൂപ ചെലവ് വരുമെന്നാണ് പ്രതീക്ഷിക്കുന്നത്.

**ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി**

209(657) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയുടെ ഉദ്ദേശ്യലക്ഷ്യങ്ങൾ വിശദമാക്കുമോ;

(ബി) പദ്ധതിയുടെ ഭാഗമായുള്ള കായികതാരങ്ങളുടെ തിരഞ്ഞെടുപ്പ് നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ; തെരഞ്ഞെടുക്കപ്പെടുന്നതിന് നിശ്ചയിച്ചിട്ടുള്ള മാനദണ്ഡങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി തെരഞ്ഞെടുത്ത 11 (പതിനൊന്ന്) കായികയിനങ്ങളിൽ പരിശീലന പദ്ധതി നടപ്പിലാക്കുന്നതിന് ആവിഷ്കരിച്ച പദ്ധതിയാണ് "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി" . അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ കായികയിനങ്ങളെയാണ് ടി പദ്ധതിയിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത്. 11 കായികയിനങ്ങളിലായി ഏകദേശം 210 കായിക താരങ്ങൾക്ക് പരിശീലനം നൽകാനാണ് പദ്ധതികൊണ്ടുദ്ദേശിക്കുന്നത്.

(ബി) അന്തർദ്ദേശീയ, ദേശീയ, സംസ്ഥാന മത്സരങ്ങളിലെ പ്രകടനങ്ങളുടെ അടിസ്ഥാനത്തിലും കായികക്ഷമതയുടെ അടിസ്ഥാനത്തിലും അതാത് കായിക അസോസിയേഷനുകൾ മുഖേനയാണ് കായിക താരങ്ങളെ തെരഞ്ഞെടുക്കുന്നത്. പദ്ധതിയിലേയ്ക്ക് ബന്ധപ്പെട്ട കായിക അസോസിയേഷനുകൾ തെരഞ്ഞെടുത്ത കായിക താരങ്ങളുടെ ലിസ്റ്റ് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിൽ ലഭ്യമായിട്ടുണ്ട്.

**പഞ്ചായത്തിൽ ഒരു കളിക്കളം പദ്ധതി**

210(658) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം എന്ന പദ്ധതിയിലേയ്ക്ക് പുതുതായി ഡി.പി.ആർ. തയ്യാറാക്കി സമർപ്പിക്കാമോയെന്ന് വ്യക്തമാക്കുമോ;

(ബി) പദ്ധതിയിലേക്ക് മൈതാനങ്ങൾ നിർദ്ദേശിക്കുന്നതിന്റെ മാനദണ്ഡങ്ങൾ എന്തൊക്കെയാണെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ പദ്ധതി നിർത്തിവെച്ചിട്ടുണ്ടെങ്കിൽ ആയതിന്റെ കാരണം വിശദമാക്കാമോ; നിർത്തിവെച്ചിട്ടുണ്ടെങ്കിൽ പുനരാരംഭിക്കുന്ന കാര്യം പരിഗണിക്കുമോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) 2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ 'എല്ലാ പഞ്ചായത്തിലും ഒരു കളിക്കളം' പദ്ധതിയുടെ തുടക്കമെന്ന നിലയിൽ 25 സ്റ്റേഡിയങ്ങൾ പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. 2016-17-ലെ ബഡ്ജറ്റ് മറുപടി പ്രസംഗത്തിൽ 6 സ്റ്റേഡിയങ്ങളുടെ നിർമ്മാണവും 2017-18-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ 10 സ്റ്റേഡിയങ്ങളുടെ നിർമ്മാണവുംകൂടി ഉൾപ്പെടുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണം പൂർത്തിയായതിനുശേഷമേ പുതിയ പദ്ധതികൾ പരിഗണിക്കുവെന്ന് 2018-19-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിട്ടുള്ളതിനാൽ നിലവിൽ പുതിയ പദ്ധതികൾ സർക്കാരിന്റെ പരിഗണനയിലില്ല.

**വോളിബോൾ പ്രോത്സാഹിപ്പിക്കുന്നതിനുള്ള പദ്ധതികൾ**

211(659) <u>ശ്രീ. പി. സി. ജോർജ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2018-ലെ ദേശീയ വോളീബോൾ ചാമ്പ്യൻമാരായ കേരള ടീമിലെ അംഗങ്ങൾക്കുള്ള തുക ഒന്നര ലക്ഷം രൂപയിൽനിന്ന് വർദ്ധിപ്പിച്ച് രണ്ട് ലക്ഷം രൂപ ആക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിക്കുമോ; എങ്കിൽ വിശദമാക്കുമോ;

(ബി) ദേശീയ വോളീബോൾ ചാമ്പ്യൻമാരായ കേരള ടീം അംഗങ്ങൾക്ക് സർക്കാർ ജോലി ലഭ്യമാക്കുന്നതിനുള്ള എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; എങ്കിൽ വ്യക്തമാക്കുമോ;

(സി) വോളിബോൾ എന്ന കായിക ഇനത്തെ ശക്തിപ്പെടുത്തുന്നതിന് എന്തെല്ലാം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്; വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ഇപ്പോൾ പരിഗണനയിലില്ല.

(ബി) ദേശീയ ചാമ്പ്യന്മാരായ കേരള ടീമിലെ ലിബറോ ആയ ശ്രീ. സി. കെ. രതീഷിന് കിൻഫ്രയിൽ ജോലി നൽകി ഉത്തരവായിട്ടുണ്ട്.

(സി) വോളിബോൾ കായികയിനത്തെ ശക്തിപ്പെടുത്തുന്നതിന് കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ, എലൈറ്റ് സ്കീമിൽ ഉൾപ്പെടുത്തി ഹൈ പെർഫോമൻസ് ട്രെയിനിംഗ് സെന്റർ ആരംഭിച്ചിട്ടുണ്ട്.

കേരളത്തിലെ ഏറ്റവും മികച്ച പ്രതിഭയുള്ള വോളിബോൾ താരങ്ങളെ കണ്ടെത്തി അവരെ ഏഷ്യൻ/കോമൺ വെൽത്ത് /ഒളിമ്പിക്സ് എന്നീ രാജ്യാന്തര മത്സരങ്ങളിൽ മെഡൽ സാദ്ധ്യത ഉയർത്തുന്ന രീതിയിൽ വളർത്തിയെടുക്കുക എന്നതാണ് പ്രസ്തുത പദ്ധതിയിലൂടെ ലക്ഷ്യമിടുന്നത്. പദ്ധതിയുടെ പ്രാരംഭ പ്രവർത്തനത്തിന്റെ ഭാഗമായി തൃപ്രയാർ ഇൻഡോർ സ്റ്റേഡിയത്തിൽ ഒരു വോളിബോൾ അക്കാഡമി സ്ഥാപിക്കുകയുണ്ടായി. 18 കായിക താരങ്ങളെ തെരഞ്ഞെടുത്ത് മികച്ച രീതിയിലുള്ള പരിശീലനം നൽകിവരുന്നു. പ്രസ്തുത സ്കീമിൽ പരിശീലനത്തിനാവശ്യമായ കായിക ഉപകരണങ്ങൾ മികച്ച പരിശീലകരുടെ സേവനം ഉൾപ്പെടെ ആധുനിക നിലവാരത്തിലുള്ള കായിക സൗകര്യങ്ങളും പരിശീലനവും മറ്റ് അനുബന്ധ സൗകര്യങ്ങളും ലഭ്യമാക്കി വരുന്നുണ്ട്.

കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെ നേരിട്ടുള്ള നിയന്ത്രണത്തിൽ വിവിധ ജില്ലകളിൽ വിവിധ കായികയിനങ്ങളിലായി കേന്ദ്രീകൃത സ്പോർട്സ് ഹോസ്റ്റലുകളും സ്കൂൾ/കോളേജ് മാനേജ്മെന്റുകളുടെ സഹകരണത്തോടെ സ്കൂൾ/കോളേജ് സ്പോർട്സ് ഹോസ്റ്റലുകളും പ്രവർത്തിച്ചുവരുന്നു. ടി ഹോസ്റ്റലുകൾ വഴി മികച്ച കായിക താരങ്ങളെ തെരഞ്ഞെടുത്ത് അവർക്ക് ഉന്നത പരിശീലനം നൽകിവരുന്നു.

**കായികക്ഷമതാ പദ്ധതികൾ**

212(660) <u>ശ്രീ. കെ. ദാസൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണത്തിന്റെ ഭാഗമായി വിദ്യാഭ്യാസ വകുപ്പുമായി ചേർന്ന് കുട്ടികളുടെ കായികക്ഷമത പരിശോധനയ്ക്ക് പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കാൻ സ്പോർട്സ് വകുപ്പ് തീരുമാനിച്ചിട്ടുണ്ടോ ;

(ബി) കായിക ക്ഷമത വർദ്ധിപ്പിക്കുന്നതിനും ജീവിത ശൈലി രോഗങ്ങളെ ചെറുക്കുന്നതിനും സമയബന്ധിതമായി എന്തെല്ലാം പരിപാടികളാണ് പൂർത്തീകരിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(സി) കായികക്ഷമത ഉറപ്പുവരുത്താൻ ഒരു കായികക്ഷമതാ മിഷൻ രൂപീകരിക്കുവാൻ സർക്കാർ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ ?

ഉത്തരം

(എ-സി) കേരളത്തിലെ എല്ലാ ജനവിഭാഗങ്ങൾക്കും കായികക്ഷമതയും നല്ല ആരോഗ്യവും കൈവരിക്കുന്നതിനുവേണ്ടി ആവിഷ്കരിക്കുന്ന പദ്ധതിയാണ് "കായികക്ഷമത മിഷൻ."

ടി പദ്ധതിയുടെ നടത്തിപ്പിനായി കേരള സമൂഹത്തെ നാലായി തരംതിരിക്കുന്നതാണ്.

- നഴ്സറി മുതൽ 4-ാം ക്ലാസ് വരെയുള്ള വിദ്യാർത്ഥികൾ
- 8-ാം ക്ലാസ് മുതൽ പ്ലസ് ടു വരെയുള്ള വിദ്യാർത്ഥികൾ
- യൂണിവേഴ്സിറ്റി തലം
- യുവജനങ്ങൾ മുതൽ മുതിർന്ന പൗരന്മാർ വരെ

ഇതിൽ യൂണിവേഴ്സിറ്റി തലത്തിലുള്ള വിദ്യാർത്ഥികൾക്കായുള്ള പരിശീലന പരിപാടികൾ വിഭാവനം ചെയ്യുന്നതിനുള്ള അവസാനഘട്ട ചർച്ചകൾ നടന്നുവരുന്നു. ബാക്കി വിഭാഗങ്ങൾക്കാവശ്യമായ പരിശീലന പരിപാടികൾ അതാത് തലങ്ങളിലെ വിദഗ്ദ്ധരുമായി ചർച്ച ചെയ്ത് തീരുമാനിച്ചുകഴിഞ്ഞു.

വിദ്യാഭ്യാസ വകുപ്പ്, ആരോഗ്യ കുടുംബക്ഷേമ വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് എന്നീ വകുപ്പുകളുടെ സഹായസഹകരണത്തോടുകൂടിയാണ് പ്രസ്തുത പദ്ധതി നടപ്പാക്കുന്നത്.

## ഇടുക്കി മണ്ഡലത്തിൽ സ്പോർട്സുമായി ബന്ധപ്പെട്ട പുതിയ പദ്ധതികൾ

213(661) ശ്രീ. റോഷി അഗസ്റ്റിൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജകമണ്ഡലത്തിൽ സ്പോർട്സുമായി ബന്ധപ്പെട്ട് പുതുതായി നടപ്പാക്കിയ പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) നടപ്പു സാമ്പത്തികവർഷം കായികവകുപ്പ് ഇടുക്കി നിയോജകമണ്ഡലത്തിൽ ചെയ്യാനുദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ&ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇടുക്കി നിയോജകമണ്ഡലത്തിൽ സ്പോർട്സുമായി ബന്ധപ്പെട്ട് പുതുതായി പദ്ധതികളൊന്നും നടപ്പിലാക്കിയിട്ടില്ല.

**ഒളിമ്പിക്സിൽ മെഡൽ ലക്ഷ്യമാക്കി കായിക താരങ്ങൾക്ക് പരിശീലനം നൽകുന്നതിന് പദ്ധതി**

214(662) ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനും കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണ്;

(ബി) 2020, 2024 വർഷങ്ങളിലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള കേരള താരങ്ങളുടെ സാധ്യത വർദ്ധിപ്പിക്കുക എന്ന ലക്ഷ്യം മുൻനിർത്തി കേരളത്തിലെ കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനുള്ള പദ്ധതി ആരംഭിച്ചിട്ടുണ്ടോ;

(സി) ഏതൊക്കെ മത്സരങ്ങളിലാണ് പ്രത്യേക പരിശീലന പദ്ധതി നടപ്പിലാക്കുന്നത്; ഇതിനായി എത്ര കായിക താരങ്ങളെ ഇതിനകം തെരഞ്ഞെടുത്തിട്ടുണ്ട്; ഇവരെ വിദേശ രാജ്യങ്ങളിൽ അയച്ച് പരിശീലിപ്പിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(ഡി) സ്പോർട്സ്, ഗെയിംസ് ഇനത്തിൽ മികവ് കാണിക്കുന്ന കായികതാരങ്ങൾക്ക് സർക്കാർ സർവീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം ഈ സർക്കാർ നിലവിൽ വന്നശേഷം എത്ര പേർക്ക് നിയമനം നൽകി;വ്യക്തമാക്കാമോ?

ഉത്തരം

(എ-സി) മികച്ച കായിക താരങ്ങളെ കണ്ടെത്തുന്നതിനും വിദഗ്ദ്ധ പരിശീലനം നൽകുന്നതിനുമായി കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിൽ എലൈറ്റ് ട്രെയിനിംഗ് സെന്ററുകൾ, ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി എന്നിവ ആവിഷ്കരിച്ചിട്ടുണ്ട്.

(ബി) ഉണ്ട്. ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി.

(സി) ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിൻ കീഴിൽ അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ്, ബാഡ്മിന്റൺ (ഷട്ടിൽ), കനോയിംഗ് & കയാക്കിംഗ്, ഫെൻസിംഗ്, റോവിംഗ്, ആർച്ചറി എന്നീ 11 കായിക ഇനങ്ങളിലാണ് പരിശീലനം നൽകുന്നത്. ഷൂട്ടിംഗ് കായികയിനത്തിൽ 10 പേർക്കും ബാക്കി ഓരോ കായികയിനത്തിലും 20 കായിക താരങ്ങളെ വീതം ആകെ 210 കായിക താരങ്ങൾക്കാണ് പരിശീലനം നൽകുന്നത്.

അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങൾക്ക് തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാട്ടിലുമാണ് പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നത്.

ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതിയിലെ ഓരോ കായികയിനത്തിനും മികച്ച നിലവാരത്തിലുള്ള ആധുനിക കായിക ഉപകരണങ്ങൾ ലഭ്യമാക്കിക്കൊണ്ട് അന്തർദ്ദേശീയ നിലവാരത്തിലുള്ള സജ്ജീകരണങ്ങളോടുകൂടി ഇന്ത്യയിലെയും വിദേശത്തെയും പ്രഗത്ഭരായ പരിശീലകരുടെ സേവനം പ്രയോജനപ്പെടുത്തി വിദഗ്ദ്ധ പരിശീലനം നൽകാനാണ് ഉദ്ദേശിക്കുന്നത്.

(ഡി) മികച്ച കായിക താരങ്ങൾക്ക് സർക്കാർ സർവ്വീസിൽ നിയമനം നൽകുന്ന പദ്ധതി പ്രകാരം 2010-2014 വർഷങ്ങളിലെ 249 ഒഴിവുകളിലേയ്ക്ക് നിയമനത്തിനായി അപേക്ഷ ക്ഷണിച്ചിരുന്നു. പ്രസ്തുത നിയമന നടപടികൾ പുരോഗമിച്ചുവരികയാണ്. ആയത് പൂർത്തിയാകുന്ന മുറയ്ക്ക് കായിക താരങ്ങൾക്ക് നിയമനം നൽകുന്നതാണ്.

35-ാമത് ദേശീയ ഗെയിംസിൽ കേരളത്തെ പ്രതിനിധീകരിച്ച് വ്യക്തിഗത ഇനങ്ങളിൽ മെഡലുകളും ടീം ഇനങ്ങളിൽ സ്വർണ്ണ മെഡലുകളും കരസ്ഥമാക്കിയ 68 കായിക താരങ്ങൾക്ക് വിവിധ വകുപ്പുകളിൽ എൽ.ഡി. ക്ലാർക്കിന്റെ 68 സൂപ്പർ ന്യൂമററി തസ്തിക സൃഷ്ടിച്ച് നിയമനം നൽകിയിട്ടുണ്ട്. കൂടാതെ ഇന്ത്യൻ ഫുട്ബോൾ താരവും മലയാളിയുമായ ശ്രീ. സി. കെ. വിനീതിന് 2016 വർഷത്തിലെ സ്പോർട്സ് ക്വാട്ട നിയമനത്തിനായി നീക്കിവച്ചിരിക്കുന്ന 50 ഒഴിവുകളിൽ ഒന്നിൽ ഉൾപ്പെടുത്തി സെക്രട്ടേറിയറ്റിൽ പൊതുഭരണ വകുപ്പിൽ അസിസ്റ്റന്റിന്റെ സൂപ്പർ ന്യൂമററി തസ്തികയിൽ നിയമനം നൽകിയിട്ടുണ്ട്.

## കായിക പരിശീലന കേന്ദ്രം

215(663) ശ്രീ. ടി. വി. ഇബ്രാഹിം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായിക പരിശീലനത്തിനും പ്രോൽസാഹനത്തിനും വേണ്ടി പുതിയ കായിക പരിശീലന കേന്ദ്രങ്ങൾ/അക്കാദമികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ;

(ബി) കായിക പരിശീലന കേന്ദ്രങ്ങൾ/അക്കാദമികൾ തുടങ്ങാൻ ഉദ്ദേശിക്കുന്നുണ്ടെങ്കിൽ അവ എവിടെയെല്ലാമാണെന്ന് തീരുമാനിച്ചിട്ടുണ്ടോയെന്ന് വിശദമാക്കാമോ;

(സി) പൊതു സ്റ്റേഡിയങ്ങൾ നിലവിലില്ലാത്ത നിയോജക മണ്ഡലങ്ങളിൽ സ്റ്റേഡിയം നിർമ്മിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) 2020, 2024-ലെ ഒളിമ്പിക്സിൽ മെഡൽ നേടുന്നതിനുള്ള സാദ്ധ്യതകൾ വർദ്ധിപ്പിക്കുകയെന്ന ലക്ഷ്യം മുൻനിർത്തി കായിക താരങ്ങൾക്ക് അന്തർദ്ദേശീയ നിലവാരത്തിലുള്ള പരിശീലനം നൽകുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള "ഓപ്പറേഷൻ ഒളിമ്പ്യ പദ്ധതി" പ്രകാരം അത്‌ലറ്റിക്സ്, ബോക്സിംഗ്, സൈക്ലിംഗ്, സ്വിമ്മിംഗ്, ഷൂട്ടിംഗ്, റസ്ലിംഗ് എന്നീ ഇനങ്ങളിൽ തിരുവനന്തപുരത്തും ബാഡ്മിന്റണിന് എറണാകുളത്തും കനോയിംഗ് & കയാക്കിംഗിന് കൊല്ലത്തും ഫെൻസിംഗിന് കണ്ണൂരും റോവിംഗിന് ആലപ്പുഴയും ആർച്ചറിക്ക് വയനാടും പരിശീലന കേന്ദ്രങ്ങൾ ആരംഭിക്കാനുദ്ദേശിക്കുന്നുണ്ട്. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ചിൽ പുതുതായി ഷൂട്ടിംഗ് അക്കാഡമി പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(സി) കിഫ്ബി ധനസഹായത്തോടെ എല്ലാ ജില്ലകളിലും ജില്ലാ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. നിയോജക മണ്ഡലം അടിസ്ഥാനത്തിൽ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിന് തീരുമാനിച്ചിട്ടില്ല.

## മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയം

216(664) ശ്രീ. എസ്. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ദേവികുളം മണ്ഡലത്തിലെ മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയത്തിന്റെ ശോച്യാവസ്ഥ സ്പോർട്സ് വകുപ്പിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത സ്റ്റേഡിയം നവീകരിക്കുന്നതിന് എന്തെങ്കിലും നടപടി സ്വീകരിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ &ബി) ഉണ്ട്. മൂന്നാർ ഹൈ ആൾട്ടിറ്റ്യൂഡ് സ്റ്റേഡിയം നിലനിൽക്കുന്ന ഭൂമിയിൽ അന്താരാഷ്ട്ര നിലവാരമുള്ള ഇൻഡോർ സ്പോർട്സ് പരിശീലന കേന്ദ്രവും സിന്തറ്റിക് ട്രാക്ക് ഉൾപ്പെടെയുള്ള ആധുനിക സൗകര്യങ്ങൾ നിർമ്മിക്കുന്നതിനുള്ള പ്രാരംഭ നടപടികൾ സ്വീകരിച്ചിട്ടുള്ളതും ആയതിലേയ്ക്കായി കൺസൾട്ടന്റിനെ നിയമിച്ച് ടി പ്രോജക്ട് നടപ്പിലാക്കുന്നതിനുള്ള 'ഓപ്പറേഷൻ മൊഡ്യൂൾ' തയ്യാറാക്കി വരികയുമാണ്.

**പാലക്കാട് ജില്ലയിലെ നിർദ്ദിഷ്ട മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം**

217(665) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാരിന്റെ ആദ്യ ബഡ്ജറ്റിൽ പ്രഖ്യാപിച്ച ഓരോ ജില്ലയിലും മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്ന പദ്ധതിയിൽ ഉൾപ്പെടുത്തി പാലക്കാട് ജില്ലയിൽ എവിടെ സ്റ്റേഡിയം നിർമ്മിക്കുവാനാണ് പദ്ധതിയിട്ടിരിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) പാലക്കാട് ജില്ലയിലെ നിർദ്ദിഷ്ട മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം ഒറ്റപ്പാലത്ത് നിർമ്മിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ; വിശദാംശം ലഭ്യമാക്കാമോ?

ഉത്തരം

(എ&ബി) പാലക്കാട് ജില്ലാ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള അനുയോജ്യമായ സ്ഥലം ലഭ്യമായിട്ടില്ല.

**സ്റ്റേഡിയം നിർമ്മാണം**

218(666) ശ്രീ. സി. മമ്മൂട്ടി:
ശ്രീ. മഞ്ഞളാംകുഴി അലി:
ശ്രീ. ടി. എ. അഹമ്മദ് കബീർ:
ശ്രീ. പി. കെ. അബ്ദു റബ്ബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എല്ലാ പഞ്ചായത്തുകളിലും നിലവാരമുള്ള സ്റ്റേഡിയങ്ങൾ നിർമ്മിക്കാൻ പദ്ധതിയുണ്ടോ;

(ബി) ഈ പദ്ധതിയിൽ എത്ര സ്റ്റേഡിയങ്ങളുടെ പണി പൂർത്തിയായിട്ടുണ്ട്;

(സി) നിർമ്മാണത്തിലിരിക്കുന്ന സ്റ്റേഡിയങ്ങളുടെ വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) ഒരു പഞ്ചായത്തിൽ ഒരു കളിക്കളം എന്ന പദ്ധതി പ്രകാരം സംസ്ഥാനത്തെ എല്ലാ പഞ്ചായത്തിലും നിലവാരമുള്ള ഒരു മിനി സ്റ്റേഡിയം പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കുന്നതാണെന്ന് 2016-17-ലെ ബഡ്ജറ്റ് പ്രസംഗത്തിൽ പ്രഖ്യാപിച്ചിരുന്നു. പ്രാരംഭമെന്ന നിലയിൽ 41 പ്രോജക്ടുകൾ 2016-17, 2017-18 സാമ്പത്തിക വർഷങ്ങളിലെ ബഡ്ജറ്റ് പ്രസംഗങ്ങളിൽ പ്രഖ്യാപിച്ചിട്ടുണ്ട്.

(ബി) ഈ പദ്ധതി പ്രകാരം നിലവിൽ ഒരു സ്റ്റേഡിയത്തിന്റെയും പണി പൂർത്തിയായിട്ടില്ല.

(സി) പത്തനംതിട്ട ജില്ലയിലെ കൊടുമൺ സ്റ്റേഡിയം, കാസർഗോഡ് ജില്ലയിലെ നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം എന്നീ സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന്റെ ഉദ്ഘാടനം യഥാക്രമം 23-5-2018, 24-5-2018 എന്നീ തീയതികളിൽ നടത്തിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

## സ്റ്റേഡിയം നവീകരിക്കാൻ നടപടി

219(667) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കേരളത്തിൽ പുതുതായി എത്ര സ്റ്റേഡിയങ്ങളുടെ നിർമ്മാണമാണ് തുടങ്ങാൻ കഴിഞ്ഞതെന്ന് വിശദമാക്കാമോ;

(ബി) ഏതൊക്കെ സ്റ്റേഡിയങ്ങളാണ് നവീകരിക്കാൻ നടപടി സ്വീകരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ഈ സർക്കാരിന്റെ രണ്ടാം വാർഷികത്തിനു ശേഷം നിർമ്മാണം ആരംഭിക്കാൻ ഉദ്ദേശിക്കുന്ന സ്റ്റേഡിയങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ലഭ്യമാക്കാമോ?

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കണ്ണമ്പ്ര സ്റ്റേഡിയം, കോട്ടായി സ്റ്റേഡിയം, കുന്നംകുളം സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. കൂടാതെ കൊടുമൺ ഇ.എം.എസ്. സ്റ്റേഡിയം, നീലേശ്വരം ഇ.എം.എസ്. സ്റ്റേഡിയം എന്നിവയുടെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) നവീകരണം നടത്തിയ സ്റ്റേഡിയങ്ങളുടെ ലിസ്റ്റ് ചുവടെ ചേർക്കുന്നു :

1. ജിമ്മി ജോർജ്ജ് ഇൻഡോർ സ്റ്റേഡിയം, വെള്ളയമ്പലം.
2. കുമാരപുരം ടെന്നീസ് അക്കാഡമി, തിരുവനന്തപുരം.
3. വട്ടിയൂർക്കാവ് ഷൂട്ടിംഗ് റേഞ്ച്, തിരുവനന്തപുരം.
4. ശ്രീപാദം സ്റ്റേഡിയം, ആറ്റിങ്ങൽ.
5. കൊല്ലം ഹോക്കി സ്റ്റേഡിയം.
6. വി. കെ. എൻ. മേനോൻ ഇൻഡോർ സ്റ്റേഡിയം, തൃശ്ശൂർ.
7. വി. കെ. കെ. മേനോൻ ഇൻഡോർ സ്റ്റേഡിയം, കോഴിക്കോട്.
8. മുണ്ടയാട് ഇൻഡോർ സ്റ്റേഡിയം, കണ്ണൂർ.
9. തൃശ്ശൂർ കുന്നംകുളം ജി.എച്ച്.എസ്.എസ്. സ്റ്റേഡിയം.
10. ജി. വി. രാജ സ്പോർട്സ് കോംപ്ലക്സ്, പൂഞ്ഞാർ.
11. വരാപ്പുഴ പപ്പൻ മെമ്മോറിയൽ ഇൻഡോർ സ്റ്റേഡിയം.
12. ചെങ്ങന്നൂർ തിരുവൻവണ്ടൂർ ഗവൺമെന്റ് എച്ച്.എസ്.എസ്. ഗ്രൗണ്ട്
13. ചെങ്ങന്നൂർ പുലിയൂർ പഞ്ചായത്ത് സ്റ്റേഡിയം.
14. കൊട്ടാരക്കര ഗവൺമെന്റ് എച്ച്.എസ്.എസ്.ഗ്രൗണ്ട്.
15. കണ്ണൂർ പിലാത്തറ ഇൻഡോർ സ്റ്റേഡിയം
16. കൈപ്പറമ്പ് ഗ്രാമപഞ്ചായത്ത് സ്റ്റേഡിയം

(സി) പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരമുള്ള താഴെപ്പറയുന്ന മൂന്ന് സ്റ്റേഡിയങ്ങളുടെ നിർമ്മാണ പ്രവൃത്തികൾ ഉടൻ ആരംഭിക്കുന്നതാണ്:

1. വയനാട് ജില്ലാ സ്റ്റേഡിയം
2. തിരുമിറ്റക്കോട് സ്റ്റേഡിയം
3. എടപ്പാൾ സ്റ്റേഡിയം

## പഞ്ചായത്ത് സ്റ്റേഡിയങ്ങളുടെ നവീകരണം

220(668) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പഞ്ചായത്ത് ഉടമസ്ഥതയിലുള്ള സ്റ്റേഡിയങ്ങൾ നവീകരിക്കുന്നതിന് ഏതൊക്കെ പദ്ധതികളാണ് നിലവിലുള്ളത് എന്ന് അറിയിക്കാമോ;

(ബി) കുന്നത്തുകാൽ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുന്നത്തുകാൽ പഞ്ചായത്ത് സ്റ്റേഡിയം നവീകരിച്ച് ഫുട്ബോൾ കോർട്ട് പണിയുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

ഉത്തരം

(എ) എല്ലാ പഞ്ചായത്തിലും കളിക്കളം എന്ന പദ്ധതിയിലൂടെ കിഫ്ബിയിൽ ഉൾപ്പെടുത്തി 41 സ്റ്റേഡിയങ്ങൾ പ്രഖ്യാപിച്ച് നടപടിക്രമങ്ങൾ പുരോഗമിച്ചുവരുന്നു.

(ബി) ഇപ്പോൾ പരിഗണനയിലില്ല.

## കൊയിലാണ്ടി സ്റ്റേഡിയം നവീകരണം

221(669) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് ജില്ലാ സ്പോർട്ട്സ് കൗൺസിലിന് പാട്ടത്തിന് നൽകിയ കൊയിലാണ്ടി സ്റ്റേഡിയത്തോടനുബന്ധിച്ചുള്ള കടമുറികളിൽനിന്ന് കൗൺസിലിന് എത്ര രൂപ വാടക ലഭിക്കുന്നുണ്ടെന്ന് അറിയിക്കുമോ ;

(ബി) സ്റ്റേഡിയം നവീകരണത്തിനുവേണ്ടി കൗൺസിൽ ഇതുവരെ ചെലവഴിച്ച തുക എത്ര എന്ന് ഇനം തിരിച്ച് വ്യക്തമാക്കാമോ ;

(സി) സ്റ്റേഡിയം നവീകരണവുമായി ബന്ധപ്പെട്ട് പുതിയ ഏതെങ്കിലും പദ്ധതികൾ സ്പോർട്സ് കൗൺസിൽ തയ്യാറാക്കുന്നുണ്ടോ ; എങ്കിൽ വിശദാംശം വ്യക്തമാക്കുമോ?

ഉത്തരം

(എ) 2017-18 വർഷത്തിൽ 18 ശതമാനം ജി.എസ്.ടി. ഉൾപ്പെടെ 23,68,794 രൂപ വാടകയിനത്തിൽ ലഭിച്ചിട്ടുണ്ട്.

(ബി) സ്റ്റേഡിയം നവീകരണത്തിനുവേണ്ടി സ്പോർട്സ് കൗൺസിൽ ആകെ 2,08,44,854 രൂപ ചെലവഴിച്ചിട്ടുണ്ട്.

ഇനം തിരിച്ചുള്ള വിവരം

| | | |
|---|---|---|
| ഷോപ്പ് റൂം കൺസ്ട്രക്ഷന് | - | 1,96,89,854 രൂപ |
| ഇലക്ട്രിക്കൽ ഫിറ്റിംഗ്സിന് | - | 4,40,000 രൂപ |
| ഇന്റർലോക്കിംഗിന് | - | 7,15,000 രൂപ |

(സി) ശ്രീ. കെ. ദാസൻ, എം.എൽ.എ., കേരള സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. ടി. പി. ദാസൻ, കോഴിക്കോട് ജില്ലാ സ്പോർട്സ് കൗൺസിൽ പ്രസിഡന്റ് ശ്രീ. കെ. ജെ. മത്തായി എന്നിവരുൾപ്പെട്ട കമ്മിറ്റി കൊയിലാണ്ടി സ്റ്റേഡിയം നവീകരണത്തിനായി പുതിയ പദ്ധതി തയ്യാറാക്കിയിട്ടുണ്ട്.

സ്റ്റേഡിയത്തിന്റെ മുൻവശത്തിന്റെ എലിവേഷൻ മാറ്റി മനോഹരമാക്കുക, ചുറ്റുമതിലിൽ ലൈറ്റുകൾ സ്ഥാപിക്കുക, ഗേറ്റുകൾ പുനഃസ്ഥാപിക്കുക, സ്റ്റേഡിയത്തിന്റെ ഉൾഭാഗത്തുള്ള ഗ്രൗണ്ട് ഫുട്ബോൾ, അത്‌ലറ്റിക് മത്സരങ്ങൾക്ക് ഉപയോഗിക്കത്തക്ക രീതിയിൽ നവീകരിക്കുക, പുരുഷ, വനിത കായിക താരങ്ങൾക്ക് പ്രത്യേകം ഡ്രസ്സിംഗ് റൂമുകൾ, ടോയ്‌ലറ്റുകൾ എന്നിവ നിർമ്മിക്കുക തുടങ്ങിയവയൊക്കെ ടി നവീകരണ പദ്ധതിയിൽ ഉൾപ്പെടുത്തിക്കൊണ്ട് വിശദമായ പ്ലാനും എസ്റ്റിമേറ്റും തയ്യാറാക്കുന്നതിന് ഊരാളുങ്കൽ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയെ ചുമതലപ്പെടുത്തിയിട്ടുള്ളതും എസ്റ്റിമേറ്റ് ലഭിക്കുന്ന മുറയ്ക്ക് നവീകരണ പ്രവൃത്തികൾ ആരംഭിക്കുന്നതുമാണ്.

## ഇടക്കൊച്ചി ക്രിക്കറ്റ് സ്റ്റേഡിയം

222(670) ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) എറണാകുളം ജില്ലയിലെ കൊച്ചി താലൂക്കിൽ, ഇടക്കൊച്ചി വില്ലേജിൽ 2007 ൽ കേരള ക്രിക്കറ്റ് അസോസിയേഷന്റെ എല്ലാ സൗകര്യങ്ങളോടും കൂടിയ ക്രിക്കറ്റ് സ്റ്റേഡിയം നിർമ്മിക്കുന്നതിനായി വിലയ്ക്കുവാങ്ങിയ 24 ഏക്കർ സ്ഥലത്ത് പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിലെ തടസ്സങ്ങൾ എന്തെന്ന് വിശദമാക്കാമോ;

(ബി) ഈ ഭൂമി വേറെന്തെങ്കിലും പദ്ധതികൾക്കായി വിനിയോഗിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ എന്തെന്ന് വിശദമാക്കാമോ?

ഉത്തരം

(എ&ബി) സ്ഥലം വിലയ്ക്കുവാങ്ങിയത് കേരള ക്രിക്കറ്റ് അസോസിയേഷനാണ്. കേരള ക്രിക്കറ്റ് അസോസിയേഷൻ സർക്കാരിന്റെയോ കേരള സ്റ്റേറ്റ് സ്പോർട്സ് കൗൺസിലിന്റെയോ നിയന്ത്രണത്തിലല്ല പ്രവർത്തിക്കുന്നത്. ആയതിനാൽ വിശദാംശം ലഭ്യമല്ല.

**വർക്കലയിലെ ഇടവ സ്റ്റേഡിയം**

223(671) ശ്രീ. വി. ജോയി : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വർക്കല മണ്ഡലത്തിലെ ഇടവ സ്റ്റേഡിയം ജില്ലാ സ്റ്റേഡിയമായി ഉയർത്തുന്നതിനായി സ്വീകരിച്ചിട്ടുള്ള നടപടികൾ വ്യക്തമാക്കാമോ?

ഉത്തരം

2016-17-ലെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗത്തിൽ ഉൾപ്പെടുത്തിയിട്ടുള്ള പ്രത്യേക നിക്ഷേപ പദ്ധതി പ്രകാരമുള്ള തിരുവനന്തപുരം ജില്ലാ സ്റ്റേഡിയമായ ഇടവ തോമസ് സെബാസ്റ്റ്യൻ ഇൻഡോർ സ്റ്റേഡിയത്തിന് ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ തയ്യാറാക്കിയ ഡി.പി.ആർ.-ന് കിഫ്ബി അംഗീകാരം ലഭിച്ചിട്ടുണ്ട്. ടെണ്ടർ നടപടികൾ പൂർത്തിയാകുന്ന മുറയ്ക്ക് സ്റ്റേഡിയം നിർമ്മാണ പ്രവൃത്തികൾ ആരംഭിക്കുന്നതാണ്.

**ചാലക്കുടിയിലെ ഇൻഡോർ സ്റ്റേഡിയം**

224(672) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചാലക്കുടി നഗരസഭയുടെ ഉടമസ്ഥതയിലുള്ള സ്ഥലത്ത് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കാമോ;

(ബി) എസ്റ്റിമേറ്റ് പ്രകാരം സ്റ്റേഡിയം നിർമ്മാണത്തിനാവശ്യമായ മുഴുവൻ തുകയും അനുവദിക്കുന്നതിനും നിർമ്മാണം ഉടൻ ആരംഭിക്കുന്നതിനും സർക്കാർ അടിയന്തര നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെട്ട ചാലക്കുടി നഗരസഭാ സ്റ്റേഡിയം നിർമ്മാണത്തിന് 5 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആർ. തയ്യാറാക്കി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് അനന്തര നടപടികൾ സ്വീകരിക്കുന്നതാണ്. കിഫ്ബി പദ്ധതികളുടെ തുക അനുവദിക്കുന്നത് കിഫ്ബിയിൽനിന്നും നേരിട്ടാണ്.

## എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് സ്റ്റേഡിയം പദ്ധതി

225(673) ശ്രീ. എസ്. ശർമ്മ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017 സംസ്ഥാന ബഡ്ജറ്റിൽ പ്രഖ്യാപിച്ചിരുന്ന എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് സ്റ്റേഡിയം പദ്ധതിയിൽ ഇതുവരെ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് അറിയിക്കാമോ?

ഉത്തരം

(എ&ബി) പ്രത്യേക നിക്ഷേപ പദ്ധതിയിലുൾപ്പെടുത്തി നിർമ്മിക്കാൻ ഉദ്ദേശിക്കുന്ന എളങ്കുന്നപ്പുഴ സാന്താക്രൂസ് ഗ്രൗണ്ട് സ്റ്റേഡിയം പദ്ധതിക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഈ വകുപ്പിലെ കിഫ്ബി പദ്ധതികളുടെ എസ്.പി.വി. ആയ കിറ്റ്കോ, സൈറ്റ് ഇൻസ്പെക്ഷൻ നടത്തിയിട്ടുണ്ട്. പ്രസ്തുത സ്റ്റേഡിയം നിർമ്മിക്കുന്നതിനായി തെരഞ്ഞെടുത്ത സ്ഥലം സംബന്ധിച്ച് സ്കൂൾ അധികൃതരും പഞ്ചായത്തും തമ്മിൽ തർക്കം നിലനിൽക്കുന്നതിനാൽ ഈ വിഷയത്തിൽ ചർച്ച നടത്തുന്നതിനായി ജില്ലാ കളക്ടർ ഒരു മീറ്റിംഗ് നടത്തുകയുണ്ടായി. എന്നാൽ പ്രസ്തുത ചർച്ചയിൽ സ്കൂൾ അധികൃതർ പങ്കെടുത്തില്ല. സ്റ്റേഡിയം നിർമ്മാണത്തിനായി സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് കിറ്റ്കോ ഡി.പി.ആർ. തയ്യാറാക്കുകയും കിഫ്ബി അംഗീകാരത്തിനായി സമർപ്പിക്കുകയും ചെയ്യുന്നതാണ്. കിഫ്ബി അംഗീകാരം ലഭിക്കുന്ന മുറയ്ക്ക് സ്റ്റേഡിയത്തിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

## മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ

226(674) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2016-17 ബഡ്ജറ്റിലെ പ്രധാന നിർദ്ദേശങ്ങളിൽ ഒന്നായ മൾട്ടിപർപ്പസ് ഇൻഡോർ സ്റ്റേഡിയങ്ങൾ നിർമ്മിക്കുന്നതിനുള്ള പദ്ധതികൾ ഏത് ഘട്ടത്തിലാണ്; ജില്ല തിരിച്ചുള്ള വിശദാംശം ലഭ്യമാക്കാമോ;

(ബി) വയനാട് ജില്ലയിൽ ഇത്തരത്തിൽ നിർമ്മിക്കുന്ന സ്റ്റേഡിയം എന്ന് നിലവിൽ വരും; ആയതിന്റെ എസ്റ്റിമേറ്റ് തുകയെത്ര; ആയതിന് ഭരണാനുമതി ലഭിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2016-17 സാമ്പത്തിക വർഷം പ്രത്യേക നിക്ഷേപ പദ്ധതിയിൽ ഉൾപ്പെടുത്തി എല്ലാ ജില്ലകളിലും ഓരോ മൾട്ടി പർപ്പസ് ഇൻഡോർ സ്റ്റേഡിയം നിർമ്മിക്കുമെന്ന് പ്രഖ്യാപിച്ചിരുന്നു. ഇതിൽ 9 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് ഭരണാനുമതി നൽകിയതിൽ വയനാട് ജില്ലാ സ്റ്റേഡിയം ഉൾപ്പെടെ 4 സ്റ്റേഡിയങ്ങളുടെ നിർമ്മാണത്തിന് കിഫ്ബി അംഗീകാരം നൽകിയിട്ടുണ്ട്. 3 സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. അംഗീകാരത്തിനായി കിഫ്ബിയിൽ സമർപ്പിച്ചിട്ടുണ്ട്. മറ്റ് സ്റ്റേഡിയങ്ങളുടെ ഡി.പി.ആർ. തയ്യാറാക്കുന്നതിനുള്ള നടപടികൾ കായിക വകുപ്പിന്റെ എസ്.പി.വി. ആയ കിറ്റ്കോ സ്വീകരിച്ചുവരുന്നു.

(ബി) വയനാട് ജില്ലാ സ്റ്റേഡിയത്തിന് ഭരണാനുമതി നൽകിയതനുസരിച്ച് കിഫ്ബി പദ്ധതിയുടെ എസ്.പി.വി. ആയ കിറ്റ്കോ ഡി.പി.ആർ. കിഫ്ബിയിൽ സമർപ്പിക്കുകയും കിഫ്ബി 36.88 കോടി രൂപയുടെ അംഗീകാരം നൽകുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്ക് സാങ്കേതികാനുമതി ലഭ്യമായ ശേഷം തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**യുവജനക്ഷേമ പദ്ധതികൾ**

227(675) <u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) യുവജന ക്ഷേമ വകുപ്പ്/ബോർഡ് സംസ്ഥാനത്ത് നടപ്പിലാക്കുന്ന പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഒല്ലൂർ നിയോജക മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡിന്റെ കീഴിൽ എന്തെങ്കിലും പദ്ധതികൾ നടപ്പാക്കിയിട്ടുണ്ടോ; എങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ) യുവജനക്ഷേമ വകുപ്പിനുകീഴിൽ പ്രവർത്തിക്കുന്ന യുവജനകമ്മീഷൻ / യുവജനക്ഷേമ ബോർഡ് എന്നിവ മുഖാന്തരം താഴെപ്പറയുന്ന യുവജനക്ഷേമ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

സംസ്ഥാന യുവജന നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പദ്ധതികൾക്ക് രൂപം നൽകി നടപ്പിലാക്കുക എന്നതാണ് യുവജനക്ഷേമ ബോർഡിന്റെ ചുമതല. കേരളോത്സവം, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ആർട്ട് ഡി ടൂർ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യ ക്യാമ്പ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, ഇന്റർനാഷണൽ യൂത്ത് എക്സ്ചേഞ്ച് പ്രോഗ്രാം, ചലച്ചിത്രക്യാമ്പ്, യൂത്ത് എക്സിബിഷൻ, സാഹസിക

പ്രവർത്തനങ്ങൾ, വനിതാ ശിൽപശാല, പി.എസ്.സി. പരിശീലനം, പരിസ്ഥിതി ദിനാചരണം, മഴക്കാല ബോധവൽക്കരണം, യുവജനദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, നാടൻ കലാമേള, കളരിപ്പയറ്റ് പഠനം, സ്വയം തൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ്, ഗോത്രവർഗ്ഗ യുവതികൾക്കായുള്ള ശില്പശാല, ചിത്ര രചനാ ക്യാമ്പ്, യൂത്ത് ലീഡർഷിപ്പ് ക്യാമ്പ്, സ്പോർട്സ് കിറ്റ് വിതരണം എന്നിവയാണ് യുവജനക്ഷേമ ബോർഡ് നടപ്പിലാക്കുന്ന വിവിധ പദ്ധതികൾ.

കേരള സംസ്ഥാന യുവജന കമ്മീഷൻ താഴെപ്പറയുന്ന പദ്ധതി പ്രവർത്തനങ്ങൾ നടത്തിവരുന്നു:

1. കോളേജുകളിലും പട്ടികജാതി/പട്ടികവർഗ്ഗ കോളനികളിലുമുള്ള ബോധവൽക്കരണ പരിപാടികൾ
2. അദാലത്ത് /ഹിയറിംഗ്
3. ദേശീയ സെമിനാർ /ജില്ലാതല സെമിനാറുകൾ/സിമ്പോസിയം ശില്പശാല
4. യൂത്ത് ഐക്കൺ പദ്ധതി
5. പാർശ്വവത്കൃത യുവജനങ്ങളുടെ ശാക്തീകരണം / ആരോഗ്യപരിപാലനം
6. യൂത്ത് ലീഗൽ സപ്പോർട്ട് സെന്റർ
7. സാംസ്കാരിക വിനിമയ പദ്ധതി
8. ഫെസിലിറ്റേഷൻ പ്രോഗ്രാം

   (എ) മഹിളാ മന്ദിര നിവാസികളായ സ്ത്രീകൾക്കുള്ള പരിശീലനം

   (ബി) ഗ്രീൻ യൂത്ത് പദ്ധതി

   (സി) വെർച്വൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച്

9. ദേശീയ യുവജനദിനം.

(ബി) ഒല്ലൂർ നിയോജകമണ്ഡലത്തിൽ പരിസ്ഥിതി ദിനാചരണ പരിപാടി നല്ല രീതിയിൽ സംഘടിപ്പിച്ച മാടക്കത്തറ റെഡ് ചലഞ്ചേഴ്സ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന് 2,000 രൂപ ധനസഹായം നൽകി. 2017 കേരളോത്സവത്തിൽ ഏറ്റവും കൂടുതൽ പോയിന്റ് ലഭിച്ച നടത്തറ പഞ്ചായത്തിലെ സൗത്ത് സോൺ ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്ബിന് 5000 രൂപ അവാർഡ് നൽകി. നടത്തറ ഗ്രാമപഞ്ചായത്ത് തൃശ്ശൂർ ജില്ലയിൽ മികച്ച രീതിയിൽ കേരളോത്സവം നടത്തിയ പഞ്ചായത്തുകളിൽനിന്നും ഒന്നാം സ്ഥാനം കരസ്ഥമാക്കി. അമ്മ കലാ സാംസ്കാരിക സമിതി നടത്തറ, അശോകൻ സ്മാരക കലാ സമിതി, മുളയം യുവജന കലാ സമിതി, മുളയം യുവജന കലാസമിതി ലൈബ്രറി ആൻഡ് റീഡിംഗ് റൂം, നടത്തറ,

റെഡ് ചലഞ്ചേഴ്സ് ആർട്സ് ആൻഡ് സ്പോർട്സ് ക്ലബ്, മാടക്കത്തറ എന്നീ ക്ലബ്ബുകൾക്ക് പി.എസ്.സി. കോച്ചിംഗ് നടത്തുന്നതിനായി 5,000 രൂപ വീതം അനുവദിച്ചു.

**നേമം മണ്ഡലത്തിലെ യുവജനക്ഷേമ ബോർഡിന്റെ പദ്ധതികൾ**

228(676) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യത്തിന് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരത്തിൽ വന്നശേഷം നേമം നിയോജക മണ്ഡലത്തിൽ യുവജനക്ഷേമ ബോർഡ് എന്തൊക്കെ പദ്ധതികളാണ് നടപ്പിലാക്കിയതെന്നും ഓരോ പദ്ധതിക്കും ചെലവായ തുകയെത്രയെന്നും വിശദമാക്കുമോ?

ഉത്തരം

സംസ്ഥാന യുവജന നയത്തിന്റെ അടിസ്ഥാനത്തിൽ കേരളത്തിലെ യുവജനങ്ങളുടെ സമഗ്രമായ വികസനത്തിനും ക്ഷേമത്തിനും സഹായകരമാകുന്ന പ്രവർത്തനങ്ങളാണ് യുവജനക്ഷേമബോർഡ് നടപ്പിലാക്കിവരുന്നത്. കേരളോത്സവം, ലഹരിവിരുദ്ധ ബോധവൽക്കരണ പ്രവർത്തനങ്ങൾ, ദേശീയോദ്ഗ്രഥന ക്യാമ്പ്, ജോബ് ഫെസ്റ്റ്, സാഹിത്യ ക്യാമ്പ്, യുവമാധ്യമ പ്രവർത്തക ക്യാമ്പ്, വനിതാ ശില്പശാല, പി.എസ്.സി. പരിശീലനം, പരിസ്ഥിതി ദിനാചരണം, മഴക്കാല ബോധവൽക്കരണം, യുവജന ദിനാചരണം, സംരംഭകത്വ പരിശീലനം, സാഹസിക ഫോട്ടോഗ്രാഫി അവാർഡ്, യൂത്ത് അവാർഡ്, സ്ത്രീ സുരക്ഷാ പരിശീലനം, സ്വയംതൊഴിൽ ബോധവൽക്കരണ ക്യാമ്പയിനുകൾ, വ്യക്തിത്വ വികസന പരിശീലന ക്യാമ്പ് തുടങ്ങിയ പരിപാടികളാണ് യുവജനക്ഷേമ ബോർഡ് ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. ഇവയൊന്നും മണ്ഡലം തിരിച്ചുള്ള പരിപാടികളല്ല. 2018 മേയ് മാസത്തിൽ നേമം നിയോജക മണ്ഡലത്തിൽ ബോർഡിന്റെ ധനസഹായത്തോടെ 10 ദിവസത്തെ വനിതാ കളരിപ്പയറ്റ് പരിശീലന പരിപാടി സംഘടിപ്പിച്ചിട്ടുണ്ട്.

**യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ**

229(677) ശ്രീമതി യു. പ്രതിഭ ഹരി:
ശ്രീ. എം. രാജഗോപാലൻ:
ശ്രീ. കെ. ബാബു:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ അവലോകനം ചെയ്യാറുണ്ടോ;

(ബി) യുവജന ക്ഷേമ ബോർഡ് 'കീ സമ്മിറ്റ് 2018' എന്ന പേരിൽ ശില്പശാല സംഘടിപ്പിച്ചിട്ടുണ്ടോ;

(സി) എങ്കിൽ പ്രസ്തുത ശില്പശാലയുടെ വിശദാംശങ്ങൾ നൽകുമോ;

(ഡി) പതിനാല് ജില്ലകളിലായി രൂപീകരിക്കപ്പെട്ട യുവക്ലബ്ബുകളുടെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ;

(ഇ) തൊഴിലന്വേഷകരായ യുവജനങ്ങൾക്ക് ഉപകാരപ്രദമായ രീതിയിൽ പി.എസ്.സി. പരിശീലന പരിപാടി സംഘടിപ്പിക്കുവാൻ ക്ലബ്ബുകൾക്ക് ധനസഹായം അനുവദിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) കേരള സംസ്ഥാന യുവജനക്ഷേമ ബോർഡിന്റെ പ്രവർത്തനങ്ങൾ ബോർഡ് യോഗങ്ങളിലും സർക്കാർ തലത്തിലും അവലോകനം ചെയ്യാറുണ്ട്.

(ബി & സി) ഉണ്ട്. കേരള സംസ്ഥാന യുവജനക്ഷേമ ബോർഡ് 2018 ജനുവരി 17, 18 തീയതികളിലായി കീ സമ്മിറ്റ് 2018 എന്ന പേരിൽ സംരംഭകത്വ ശില്പശാല ടാഗോർ തീയേറ്ററിൽ വച്ച് സംഘടിപ്പിച്ചു. മികച്ച ആശയമുള്ള യുവസമൂഹത്തെ ഒന്നാകെ സംരംഭകത്വത്തിന് പ്രേരിപ്പിക്കുന്നതിനാവശ്യമായ രീതിയിലുള്ള ക്ലാസുകൾ, ചർച്ചകൾ എന്നിവ ഉൾപ്പെടുത്തിയാണ് രണ്ട് ദിവസത്തെ ശില്പശാല സംഘടിപ്പിച്ചത്. ശില്പശാലയിൽ പങ്കെടുത്ത പ്രതിനിധികൾ 300-ഓളം മികച്ച ആശയങ്ങൾ അവതരിപ്പിച്ചു. പ്രഗത്ഭരായ സംരംഭകർ പങ്കെടുത്തവരുമായി സംവദിച്ചു. യുവജന പങ്കാളിത്തംകൊണ്ട് ശ്രദ്ധേയമായ കീ സമ്മിറ്റിൽ ഏറ്റവും മികച്ച ആശയങ്ങൾ അവതരിപ്പിച്ച 5 പേർക്ക് ക്യാഷ് അവാർഡ് നൽകി.

(ഡി) സംസ്ഥാനത്ത് സാമൂഹികമായും സാമ്പത്തികമായും ഭൂമിശാസ്ത്രപരമായും പിന്നോക്കം നിൽക്കുന്ന മേഖലകളിലാണ് യുവക്ലബ്ബുകൾ പ്രവർത്തിക്കുന്നത്. ഓരോ പ്രദേശത്തിന്റെയും സാദ്ധ്യതയ്ക്കനുസരിച്ച് യുവക്ലബ്ബുകൾ പ്രവർത്തിക്കുന്ന പ്രദേശങ്ങളിൽ കലാ കായിക മത്സരങ്ങൾ ബോധവത്ക്കരണ ക്യാമ്പയിനുകൾ, മത്സര പരീക്ഷാ പരിശീലനങ്ങൾ, പാരിസ്ഥിതിക പ്രവർത്തനങ്ങൾ, തൊഴിൽ പരിശീലനങ്ങൾ, സാംസ്കാരിക കൂട്ടായ്മകൾ, അക്കാഡമി പ്രതിഭകൾക്ക് അനുമോദനങ്ങൾ, ബാലവേദികൾ രൂപീകരണം, പാരമ്പര്യ കലകളുടെയും ഗോത്ര കലകളുടെയും പ്രോത്സാഹനം, കാർഷിക പ്രവർത്തനങ്ങൾ എന്നിവ സംഘടിപ്പിക്കുന്നു.

(ഇ) അപേക്ഷ സമർപ്പിച്ച ക്ലബ്ബുകൾക്ക് പി.എസ്.സി. പരിശീലന പരിപാടി സംഘടിപ്പിക്കുവാനായി സംസ്ഥാനമൊട്ടാകെ 531 ക്ലബ്ബുകൾക്ക് 5000 രൂപ വീതം ആകെ 26,55,000 രൂപ അനുവദിച്ചു. വിശദാംശം അനുബന്ധമായി ചേർക്കുന്നു.* പരിശീലന പരിപാടികൾ ക്ലബ്ബുകൾ സംഘടിപ്പിച്ചുവരുന്നു.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചട്ടങ്ങൾ

230(678) ശ്രീ. ഇ. കെ. വിജയൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള ചട്ടങ്ങൾ വിശദമാക്കാമോ;

(ബി) വിവിധ കാരണങ്ങളാൽ വീട്ട് നമ്പർ ലഭിക്കാത്തതും എന്നാൽ ആൾതാമസമുള്ളതുമായ വീടുകൾക്ക് വൈദ്യുതി കണക്ഷൻ നൽകുന്നതിന് തടസ്സങ്ങൾ ഉണ്ടോ;

(സി) വീട് നിർമ്മിക്കാൻ കഴിയാത്ത, താൽക്കാലിക ഷെഡ്ഡിൽ താമസിക്കുന്നവർക്ക് വൈദ്യുതി നൽകാൻ തടസ്സങ്ങൾ ഉണ്ടോ;

(ഡി) ഇത്തരം താമസക്കാർക്ക് വൈദ്യുതി ലഭിക്കാൻ നിലവിലുള്ള പദ്ധതികൾ വിശദമാക്കാമോ ?

ഉത്തരം

(എ) ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിന് അംഗീകൃത ലൈസൻസുള്ള വയർമാനെക്കൊണ്ട് വീട് വയറിംഗ് നടത്തിയശേഷം കണക്ഷൻ നൽകുന്നതിനാവശ്യമായ തുകയും സെക്യൂരിറ്റി ഡെപ്പോസിറ്റും സഹിതം സെക്ഷൻ ഓഫീസിൽ അപേക്ഷ നൽകേണ്ടതാണ്. സെക്ഷനുകളിൽ സമർപ്പിക്കുന്നതിനു പകരം അപേക്ഷ ഓൺലൈനായി സമർപ്പിക്കുന്നതിന് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. അപേക്ഷയോടൊപ്പം ഹാജരാക്കേണ്ട രേഖകൾ രണ്ടായി ചുരുക്കിയിട്ടുണ്ട് (തിരിച്ചറിയൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ).

(ബി) 100 ചതുരശ്ര മീറ്റർ വരെ (1076 ചതുരശ്ര അടി) തറ വിസ്തീർണ്ണമുള്ള വീടുകൾക്ക് ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖകളില്ലെങ്കിലും വൈദ്യുതി കണക്ഷൻ നൽകാൻ ഊർജ്ജ വകുപ്പ് തീരുമാനിക്കുകയും കെ.എസ്.ഇ.ബി. അത് നടപ്പാക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ 1500 ചതുരശ്ര അടി വരെയുള്ള വീടുകൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങൾ നൽകുന്ന താല്ക്കാലിക റസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ വൈദ്യുതി കണക്ഷൻ നൽകിവരുന്നുണ്ട്.

(സി&ഡി) വീട് നിർമ്മിക്കാൻ കഴിയാത്ത, താല്ക്കാലിക ഷെഡ്ഡിൽ താമസിക്കുന്ന ഉപഭോക്താക്കൾ സുരക്ഷാ മാനദണ്ഡങ്ങൾ പാലിച്ച് വീടിന്റെ വയറിംഗ് നടത്തി ആവശ്യമുള്ള രേഖകൾ ഹാജരാക്കി നിശ്ചിത ഫീസ് ഒടുക്കിയാൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതാണ്.

## പുതുതായി ഉല്പാദിപ്പിച്ച വൈദ്യുതി യൂണിറ്റ്

231(679) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ഈ സർക്കാർ അധികാരമേറ്റശേഷം സർക്കാർ, സ്വകാര്യ വൈദ്യുത പദ്ധതികളിലായി എത്ര യൂണിറ്റ് വൈദ്യുതി പുതുതായി ഉത്പാദിപ്പിച്ചിട്ടുണ്ട്; വിശദാംശങ്ങൾ ലഭ്യമാക്കാമോ?

ഉത്തരം

ഈ സർക്കാർ അധികാരത്തിലേറിയശേഷം പുതുതായി നിർമ്മിച്ച സൗരോർജ്ജ പദ്ധതികളിൽനിന്നും മാർച്ച് 2018 വരെയുള്ള കാലയളവിൽ 12.959892 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉല്പാദിപ്പിച്ചു. വിശദവിവരം ചുവടെ ചേർക്കുന്നു :

സൗരോർജ്ജ പദ്ധതികൾ

| നമ്പർ | പദ്ധതിയുടെ പേര് | ഉല്പാദനം ദശലക്ഷം യൂണിറ്റിൽ |
|---|---|---|
| 1 | കൊല്ലങ്കോട് - 1 MW | 2.227951 |
| 2 | ഇടയാർ - 1.25 MW | 2.742159 |
| 3 | പടിഞ്ഞാറത്തറ - 0.40 MW | 0.868661 |
| 4 | ബാരാപ്പോൾ കനാൽ ബാങ്ക് - 1 MW | 1.519367 |
| 5 | ബാരാപ്പോൾ കനാൽ ടോപ്പ് - 3 MW | 3.167016 |
| 6 | തലക്കുളത്തൂർ - 0.650 MW | 0.880628 |
| 7 | വൈദ്യുതി ഭവനം - 30 KV | 0.038729 |
| 8 | മഞ്ചേശ്വരം - 0.5 MW | 0.646781 |
| 9 | മൂവാറ്റുപുഴ - 1.25 MW | 0.394030 |
| 10 | പോത്തൻകോട് - 2 MW | 0.474570 |
| | ആകെ | 2.959892 |

സ്വകാര്യ സംരംഭകർ വഴി കാറ്റിൽനിന്നും 17 മെഗാവാട്ട് പദ്ധതികളും ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും 8.05 മെഗാവാട്ടും സ്ഥാപിതശേഷി വർദ്ധിപ്പിച്ചു.

കാറ്റിൽനിന്നുള്ള പദ്ധതികൾ

| | | |
|---|---|---|
| 1. കഞ്ചിക്കോട് (INOX) | | 16 MW |
| 2.കൊശമറ്റം ഫൈനാൻസ് | (നെടുങ്കണ്ടം) | 1 MW |
| | ആകെ | 17 MW |

ചെറുകിട ജലവൈദ്യുത പദ്ധതികൾ

| | |
|---|---|
| 1. പാതംകയം SHEP | 8 MW |
| 2. ദേവിയാർ SHEP | 0.05 MW |
| ആകെ | 8.05 MW |

കൂടാതെ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ ചെറുകിട ജലവൈദ്യുത പദ്ധതികളായ വെള്ളത്തൂവൽ (3.6 MW/12.17 Mu), പെരുന്തേനരുവി (6MW/25.77 Mu) എന്നീ ജലവൈദ്യുത പദ്ധതികളിൽനിന്നും ആകെ 9.6 മെഗാവാട്ട് വൈദ്യുതി ഉല്പാദിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.

ഈ സർക്കാർ അധികാരമേറ്റശേഷം 4.5 MW സ്ഥാപിതശേഷിയുള്ള കാരിക്കയം ചെറുകിട ജലവൈദ്യുത പദ്ധതികളുടെ രണ്ടാം ഘട്ടം (പത്തനംതിട്ട ജില്ല), വൈദ്യുതി എത്തിയിട്ടില്ലാത്ത വിദൂര പ്രദേശങ്ങളിൽ 1 കിലോ വാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിയുള്ള 30 പീക്കോ ജലവൈദ്യുത പദ്ധതികൾ എന്നിവയിൽനിന്നും വൈദ്യുതി ഉല്പാദനം ആരംഭിച്ചിട്ടുണ്ട്.

**വേനൽക്കാലത്ത് പവർക്കട്ട് ഒഴിവാക്കാൻ സ്വീകരിച്ച നടപടികൾ**

232(680) ശ്രീ. യു. ആർ. പ്രദീപ്: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജലസംഭരണികളിൽ ജല ലഭ്യതക്കുറവ്, വൈദ്യുതി ഉപയോഗത്തിലെ വർദ്ധനവ് എന്നീ പ്രതികൂല സാഹചര്യങ്ങൾ ഉണ്ടായിട്ടും 2018-ലെ വേനൽക്കാലത്ത് പവർക്കട്ടും ലോഡ്ഷെഡിംഗും ഇല്ലാതെ സുഗമമായി വൈദ്യുതി ലഭ്യമാക്കുന്നതിന് കെ.എസ്.ഇ.ബി.-യും വൈദ്യുതി വകുപ്പും സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

2018 വേനൽക്കാലത്ത് കേരളത്തിൽ രേഖപ്പെടുത്തിയിരിക്കുന്ന പരമാവധി ഊർജ്ജ ഉപയോഗം 80.94 ദശലക്ഷം യൂണിറ്റും 4011 മെഗാവാട്ട് വൈദ്യുതിയുമാണ്. ഇപ്രകാരമുള്ള കേരളത്തിന്റെ ഊർജ്ജ ആവശ്യകത

നിറവേറ്റാനായി ആഭ്യന്തര സ്രോതസ്സുകളിൽനിന്നും ഉപയുക്തമാകുന്ന 1600 മുതൽ 1700 മെഗാവാട്ട് വൈദ്യുതിക്കുപുറമേ കേരളത്തിന് പുറത്തുനിന്നുമുള്ള ഉല്പാദകരിൽനിന്നും ദീർഘകാലാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നു.

കേന്ദ്ര ഊർജ്ജ മന്ത്രാലയം അനുവദിക്കുന്ന വൈദ്യുതി വിഹിതമനുസരിച്ച് കെ.എസ്.ഇ.ബി.എൽ. കേന്ദ്ര വൈദ്യുത നിലയങ്ങളിൽനിന്നും ദീർഘ കാലാടിസ്ഥാനത്തിൽ 1683 മെഗാവാട്ട് വൈദ്യുതി വാങ്ങുന്നുണ്ട്. കൂടാതെ സംസ്ഥാനത്തിന് പുറത്തുള്ള വിവിധ താപനിലയങ്ങളിൽനിന്നും ദീർഘകാല കരാറുകൾ വഴി 1215 മെഗാവാട്ട് വൈദ്യുതി ലഭ്യത ഉറപ്പാക്കിയിട്ടുണ്ട്.

കൂടാതെ കേരളത്തിലുള്ള സ്വകാര്യ സംരംഭകരുടെ ചെറുകിട ജല വൈദ്യുതി പദ്ധതികൾ, കാറ്റ് തുടങ്ങിയവയിൽനിന്നും ദീർഘകാല കരാറുകളിൽ ഏർപ്പെട്ട് ഏകദേശം 74.5 മെഗാവാട്ട് വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വാങ്ങുന്നുണ്ട്.

ഇപ്രകാരം പുറമേനിന്നുള്ള താരതമ്യേന വിലകുറവുള്ള വൈദ്യുതി വാങ്ങിയും വേനലിലേയ്ക്ക് കരുതിവച്ച സംഭരണശേഷി ആവശ്യാനുസരണം ഉപയോഗിച്ച് ജലവൈദ്യുത നിലയങ്ങൾ പ്രവർത്തിപ്പിച്ചും അത്യാവശ്യ ഘട്ടങ്ങളിൽ മാത്രം സംസ്ഥാനത്തെ താപനിലയങ്ങൾ പ്രവർത്തിപ്പിച്ചും, ആവശ്യാനുസരണം പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയുമാണ് 2018-ലെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം വൈദ്യുതി നിയന്ത്രണങ്ങളില്ലാതെ കെ.എസ്.ഇ.ബി.എൽ. നിറവേറ്റിയത്.

## വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധികളെപ്പറ്റി പഠനം

233(681) <u>ശ്രീ. വി. അബ്ദുറഹിമാൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തെ വൈദ്യുത മിച്ച സംസ്ഥാനമാക്കുന്നതിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്; വിശദാംശം ലഭ്യമാക്കുമോ;

(ബി) കേരളത്തിലെ വൈദ്യുതി മേഖല നേരിടുന്ന പ്രതിസന്ധികളും വെല്ലുവിളികളും എന്തെല്ലാമാണെന്ന് പഠനം നടത്തിയിട്ടുണ്ടോ; ഇതു സംബന്ധിച്ച വിശദവിവരം ലഭ്യമാക്കുമോ;

(സി) വൈദ്യുതി വകുപ്പിൽ ജനങ്ങളുടെ സൗകര്യത്തിനായി നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ എന്തെല്ലാമാണ്;

(ഡി) ഓഫീസുകൾ ആധുനികവത്ക്കരിക്കാൻ സ്വീകരിച്ചുവരുന്ന നടപടികൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ പരമാവധി 30 ശതമാനം വരെയാണ് ആഭ്യന്തര ഉത്പാദനത്തിലൂടെ ലഭ്യമാകുന്നത്. അന്യസംസ്ഥാന നിലയങ്ങളിലുള്ള നമ്മുടെ ആശ്രിതത്വം സമീപഭാവിയിൽ മാറുമെന്ന് കരുതാനാവില്ല. എങ്കിൽതന്നെയും ആഭ്യന്തര സ്രോതസ്സുകളെ പരമാവധി ഉപയോഗപ്പെടുത്തുവാൻപോന്ന പദ്ധതികൾ വിഭാവനം ചെയ്ത് നടപ്പിലാക്കിവരുന്നുണ്ട്. മുടങ്ങിക്കിടന്നതോ മന്ദഗതിയിലുള്ളതോ ആയ പദ്ധതികളെ ത്വരിതപ്പെടുത്താൻ വേണ്ട നടപടികളെടുത്തിട്ടുണ്ട്. സോളാർ പദ്ധതികൾ ഉൾപ്പെടെയുള്ള പാരമ്പര്യേതര പദ്ധതികൾക്ക് പ്രാധാന്യം നൽകി നടപ്പിലാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

കേരളത്തെ വൈദ്യുത മിച്ച സംസ്ഥാനമാക്കുന്നതിനായി 190.5 മെഗാവാട്ടിന്റെ 10 ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പുരോഗമിച്ചു വരികയാണ്. ഇത് സമയബന്ധിതമായി പൂർത്തീകരിക്കുന്നതിനായി ലക്ഷ്യമിട്ടിട്ടുണ്ട്. കൂടാതെ പുതിയ 13 ജലവൈദ്യുത പദ്ധതികൾ ആരംഭിക്കുക വഴി 125 മെഗാവാട്ട് അധിക സ്ഥാപിത ശേഷി കൂടി ലക്ഷ്യമിടുന്നു. മേൽപ്പറഞ്ഞ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മോൾ ഹൈഡ്രോ പ്രൊമോഷൻ സെൽവഴി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻവേണ്ടിയുള്ള അനുമതി സർക്കാർ നൽകി. കൂടാതെ മുമ്പ് കൊടുത്ത പദ്ധതികളിൽ 4.50 MW-ന്റെ കാരിക്കയം ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടവും, 8 MW ശേഷിയുള്ള പാതങ്കയം പദ്ധതിയുടെയും നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകിവരുന്നു. 4.5 MW-ന്റെ അരിപ്പാറ, 8 MW-ന്റെ ആനക്കാംപോയിൽ എന്നീ പദ്ധതികളുടെ നിർമ്മാണം 2018 ഡിസംബർ മാസത്തോടെ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടപടികളെടുത്തു.

ചെറു വെള്ളച്ചാട്ടങ്ങൾ/നീരൊഴുക്കുകൾ എന്നിവയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷിവരുന്ന പൈക്കോ ജലവൈദ്യുതപദ്ധതികൾ ഇ.എം.സി. നടപ്പാലാക്കിവരുന്നുണ്ട്. കൂടാതെ വിവിധതരം ടർബയിനുകൾ ഉപയോഗിച്ച് ചെറു പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിലുള്ള Solar Energy Coportation of India-യുടെ സഹകരണത്തോടെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സർക്കാരിന് മുതൽ മുടക്കില്ലാതെതന്നെ സൗരപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ. പ്രധാന നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് സാധ്യമാകുന്ന എല്ലാ സ്വകാര്യ കെട്ടിടങ്ങളുടെയും മേൽക്കൂരയിൽ പ്ലാന്റ് സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു. മൂന്ന് വർഷംകൊണ്ട് 1000 മെഗാവാട്ട് വൈദ്യുതി ഉത്പാദനം ഇത്തരത്തിൽ ലക്ഷ്യമിടുന്നു.

2 kW മുതൽ 500 kW വരെ ശേഷിയുള്ള ശൃംഖലാബന്ധിതമായ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർമ്മാണച്ചെലവിന്റെ ഏകദേശം 30 ശതമാനം MNRE (Ministry of New and Renewable Energy) സബ്സിഡിയായി ലഭ്യമാക്കുന്ന പദ്ധതി അനെർട്ടിൽ നിലവിലുണ്ട്. കൂടാതെ ഇതിനകം രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ ഏകദേശം 30 ശതമാനം MNRE സബ്സിഡിയോടുകൂടി അനെർട്ട് മുഖേന ലഭ്യമാക്കിവരുന്നു. 2 kW വരെ ശേഷിയുള്ള നിലയങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും സംസ്ഥാന സബ്സിഡി ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(ബി) വൈദ്യുത മേഖല നേരിടുന്ന വെല്ലുവിളികളും പ്രതിസന്ധികളും വിശകലനം ചെയ്ത് വൈദ്യുതിമേഖലയ്ക്കായി ഒരു പ്രവർത്തന പദ്ധതി തയ്യാറാക്കുന്നതിന് ശ്രീ. വി. നമശിവായത്തെ ഒരു വർഷത്തേയ്ക്ക് ഉപദേശകനായി സ്റ്റേറ്റ് പ്ലാനിംഗ് ബോർഡിൽ നിയമിച്ചുകൊണ്ട് ഉത്തരവിറക്കിയിട്ടുണ്ട്.

ആസൂത്രണ ബോർഡ് ഉപാദ്ധ്യക്ഷന്റെ ഉപദേഷ്ടാവായ ശ്രീ. വി. നമശിവായയുടെ നേതൃത്വത്തിൽ ആസൂത്രണ ബോർഡ് മെമ്പർ സെക്രട്ടറിയുടെ 11-10-2017-യിലെ ഉത്തരവ് നമ്പർ എസ്.പി.ബി./337/2017/ഐ&ഐ പ്രകാരം 'കേരളത്തിലെ ഊർജ്ജമേഖലയിലെ തന്ത്രപരമായ കാഴ്ചപ്പാട്' (Strategic Perspectives for the Power Sector) എന്ന വിഷയത്തിൽ ഒരു പഠനം നടന്നുവരുന്നു.

പഠന സാധ്യതകൾ ഇപ്രകാരമാണ്,

1. ഊർജ്ജ സുരക്ഷ (Energy Security)
2. സ്ഥാപനപരമായ വികസനം (Institutional development)
3. കെ.എസ്.ഇ.ബി.-യുടെ കാര്യക്ഷമത പരിപോഷണം (Capacity building of KSEB)

പ്രസ്തുത പഠനത്തിന്റെ ഭാഗമായുള്ള വിവരശേഖരണവും തൽപ്പര കക്ഷികളുമായുള്ള ആശയവിനിമയും അന്തിമഘട്ടത്തിലാണ്.

(സി) ഉപഭോക്തൃസേവനം മെച്ചപ്പെടുത്തുന്നതിന്റെ ഭാഗമായി സംസ്ഥാനത്ത് വൈദ്യുത സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിന് ബോർഡ് തത്വത്തിൽ തീരുമാനമെടുത്തിട്ടുണ്ട്. പരീക്ഷണാടിസ്ഥാനത്തിൽ 14 ജില്ലാ കേന്ദ്രങ്ങളിൽ വൈദ്യുത സേവന കേന്ദ്രങ്ങൾ ആരംഭിക്കുവാനാണ് ഉദ്ദേശിക്കുന്നത്. വൈദ്യുത ബോർഡിൽനിന്നും ഉപഭോക്താക്കൾക്ക് ലഭ്യമാക്കേണ്ട എല്ലാ സേവനങ്ങളും ഒരിടത്തുനിന്നുംതന്നെ ലഭ്യമാക്കുന്നതിനാണ് ടി സേവന കേന്ദ്രങ്ങൾ തുടങ്ങുന്നത്.

വൈദ്യുതി സേവന കേന്ദ്രങ്ങളെ വൈദ്യുതിയുമായി ബന്ധപ്പെട്ട മറ്റു സേവന കേന്ദ്രങ്ങളുമായി ബന്ധിപ്പിക്കുവാനുള്ള സൗകര്യവും ലഭ്യമാക്കാൻ ഉദ്ദേശിക്കുന്നു. എല്ലാ ഉപഭോക്താക്കൾക്കും വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള സൗകര്യവും ടി കേന്ദ്രങ്ങളിൽ നൽകാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമേ ഗ്രിഡ് ബന്ധിത സോളാർ കണക്ഷനുകൾ സംബന്ധമായ സേവനങ്ങളും ഈ കേന്ദ്രങ്ങൾ വഴി നൽകുന്ന കാര്യം പരിശോധിച്ചുവരുന്നു.

വൈദ്യുതി വകുപ്പിൽ ജനങ്ങളുടെ സൗകര്യത്തിനായി നടപ്പിലാക്കാൻ പ്രസരണ മേഖലയിൽ വോൾട്ടേജ് വർദ്ധിപ്പിക്കുന്നതിനും സ്ഥിരവൈദ്യുതി ലഭ്യമാക്കുന്നതിനുമായി സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കുന്ന പ്രവൃത്തികളും പുതിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും നിർമ്മാണ പ്രവർത്തനങ്ങളും നടന്നുവരുന്നു.

വൈദ്യുതി വകുപ്പിൽ ജനങ്ങളുടെ സൗകര്യത്തിനായി വിവര സാങ്കേതികവിദ്യാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയാണ്.

1. ഫേസ്-2 ഐ.ടി. പദ്ധതി: കേന്ദ്ര ഗവൺമെന്റ് ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ തുടർച്ചയായി വിതരണ മേഖലയുടെ നവീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം, 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവര സാങ്കേതികവിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതിക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവരസാങ്കേതികവിദ്യ പദ്ധതികളും 21 നഗരങ്ങളിൽ നടപ്പിലാക്കുന്നതാണ്. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറയ്ക്കാനും ഈ പദ്ധതി വഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കുവേണ്ടിയുള്ള ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി: ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം കേരളത്തിലെ 63 ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 230 യൂണിറ്റിനുമുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗമുള്ള ഏകദേശം 3.2 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകൊണ്ട് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി ആരംഭിക്കുന്നു. ഘട്ടംഘട്ടമായി എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കാൻവേണ്ടി പവർ ഫിനാൻസ് കോർപ്പറേഷന് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന് 05-12-2017-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 64.36 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 60 ശതമാനം ഗ്രാന്റായി ലഭിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

3. എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.): കേന്ദ്ര ഗവൺമെന്റിന്റെ വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിടുന്നു. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 42.64 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ 60 ശതമാനം ഗ്രാന്റായി ലഭിക്കുന്നതാണ്. പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുത്തിട്ടുണ്ട്. പദ്ധതിക്കു വേണ്ടിയുള്ള ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

4. വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടയ്ക്കുന്നതിനുള്ള ബി.ബി.പി.എസ്. അടക്കമുള്ള കൂടുതൽ നൂതന സംവിധാനങ്ങൾ തയ്യാറാക്കിവരുന്നു.

5. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി അവസാന ഘട്ടത്തിലാണ്. സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതുമുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ ഗുണനിലവാരമുള്ള അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടി 140 നിയോജകമണ്ഡലങ്ങളിൽ സ്വകാര്യ സംരംഭകരുടെ സഹായത്തോടെ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആ പ്രവർത്തനം ആഗസ്റ്റ് മാസത്തോടെ നിലവിൽ വരുന്നതാണ്.

(ഡി) നിലവിൽ കെട്ടിടങ്ങൾ നിർമ്മിക്കുവാൻ സ്ഥലം ലഭ്യമാകുന്നിടങ്ങളിൽ ബോർഡ് ആധുനിക സൗകര്യങ്ങളോടുകൂടിയ ഓഫീസുകൾ നിർമ്മിച്ചുവരുന്നുണ്ട്.

ആധുനികവൽക്കരണത്തിന്റെ ഭാഗമായി പ്രസരണ മേഖലയിൽ ജി.ഐ.എസ്. സബ്സ്റ്റേഷനുകൾ 33 കെ.വി. കണ്ടെയ്നർ സബ്സ്റ്റേഷനുകൾ, ഹൈബ്രിഡ് ഉപകരണങ്ങൾ തുടങ്ങിയവ സ്ഥാപിക്കുന്നു.

വൈദ്യുതി ബോർഡ് ഓഫീസുകൾ വിവരസാങ്കേതികവിദ്യാടിസ്ഥാനത്തിൽ ആധുനികവൽക്കരിക്കാൻ താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചുവരുന്നു.

1. എല്ലാ ഇലക്ട്രിക്കൽ സെക്ഷനുകളിലെയും എൽ.റ്റി. ഉപഭോക്താക്കളുടെ ബില്ലിംഗ്, കളക്ഷൻ, അക്കൗണ്ടിംഗ് എന്നിവ പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു. കൂടാതെ എല്ലാ എച്ച്.ടി./ഇ.എച്ച്.ടി. ഉപഭോക്താക്കളുടെ ബില്ലിംഗ്, കളക്ഷൻ, അക്കൗണ്ടിംഗ് എന്നിവയും പൂർണ്ണമായി കമ്പ്യൂട്ടർവൽക്കരിച്ചു.

2. എല്ലാ എൽ.ടി. വൈദ്യുതി ഉപഭോക്താക്കൾക്കും ഏതൊരു സെക്ഷൻ ഓഫീസിൽനിന്നും ബില്ലുകൾ അടയ്ക്കുന്നതിനുള്ള സൗകര്യം, ഇന്റർനെറ്റ് വഴി വൈദ്യുതി ബിൽത്തുക അടയ്ക്കുന്നതിനുള്ള സൗകര്യം മുതലായവ ലഭ്യമാക്കി.

3. എല്ലാ വൈദ്യുതി ഉപഭോക്താക്കൾക്കും കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഔദ്യോഗിക വെബ്സൈറ്റായ www.kseb.in മുഖേന പ്രമുഖ ബാങ്കുകൾ വഴി നെറ്റ് ബാങ്കിംഗിലൂടെയും വിസാ/മാസ്റ്റർ കാർഡ് തുടങ്ങിയ ഡെബിറ്റ്/ക്രെഡിറ്റ് കാർഡുകൾ മുഖേനയും ഇന്റർനെറ്റ് വഴി വൈദ്യുതി ചാർജ്ജ് ഓൺലൈനായി അടയ്ക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

4. കേരളത്തിലെ എല്ലാ ഫ്രണ്ട്സ് ജനസേവന കേന്ദ്രങ്ങളിലും അക്ഷയ സെന്ററുകളിലും വൈദ്യുതി ചാർജ്ജ് ഓൺലൈനായി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

5. കെ.എസ്.ഇ.ബി.എൽ.-ന്റെ മുഴുവൻ അക്കൗണ്ടിംഗ് സംവിധാനവും SARAS സോഫ്റ്റ്‌വെയർ മുഖേന കമ്പ്യൂട്ടർവൽക്കരിച്ചിട്ടുണ്ട്. സെക്ഷൻ ഓഫീസ് മുതൽ കോർപ്പറേറ്റ് ഓഫീസ് വരെ എല്ലാ അക്കൗണ്ടിംഗും ഇതുവഴിയാണ് ചെയ്യുന്നത്.

6. മാനവശേഷി വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം ഹ്യൂമൻ റിസോഴ്സ് മാനേജ്മെന്റ് സിസ്റ്റം മുഖേന നടപ്പിലാക്കി.

7. മെറ്റീരിയൽസ് മാനേജ്മെന്റ് വിഭാഗത്തിന്റെ കമ്പ്യൂട്ടർവൽക്കരണം നടപ്പിലാക്കി.

8. കമ്പ്യൂട്ടർ അധിഷ്ഠിത സംവിധാനങ്ങളിലൂടെ വൈദ്യുതി വിതരണ ശൃംഖല നവീകരിക്കുന്നതിനുള്ള പദ്ധതിയായ ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ പാർട്ട് എ-യുടെ ഭാഗമായിട്ടുള്ള ഐ.ടി. ഇംപ്ലിമെന്റേഷൻ

മുഖേന ബോർഡിലെ എല്ലാ ഓഫീസുകളെയും ബന്ധിപ്പിച്ച നെറ്റ്‌വർക്കിംഗ്, വിതരണ മേഖലയിലെ നവീകരണം ലക്ഷ്യമാക്കി കേന്ദ്രീകൃത സംവിധാനം നടപ്പിലാക്കാൻവേണ്ടിയുള്ള ഡാറ്റാ സെന്റർ, ഊർജ്ജ ഓഡിറ്റിംഗ്, വിവിധ തലങ്ങളിൽ മെച്ചപ്പെട്ട തീരുമാനങ്ങളെടുക്കാൻ സഹായകരമായ സംവിധാനം (മാനേജ്മെന്റ് ഇൻഫർമേഷൻ സിസ്റ്റം), ജി.ഐ.എസ്. അടിസ്ഥാനപ്പെടുത്തി ഉപഭോക്താക്കളെ അടയാളപ്പെടുത്തി ആസ്തി തിട്ടപ്പെടുത്തൽ തുടങ്ങിയവ നടപ്പിലാക്കി.

9. ഉപഭോക്താക്കൾക്ക് വൈദ്യുതി സംബന്ധമായ സംശയ നിവാരണത്തിനും പരാതികൾ പരിഹരിക്കുന്നതിനുമുള്ള സേവനം ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ ഭാഗമായി വൈദ്യുതി ബോർഡ് ആരംഭിച്ചിട്ടുള്ള 24 മണിക്കൂറും പ്രവർത്തിക്കുന്ന കസ്റ്റമർ കെയർ സെന്റർ വഴി നൽകിവരുന്നു. ടോൾ ഫ്രീ നമ്പരായ 1912 അല്ലെങ്കിൽ 0471 2555544 എന്ന ടെലിഫോൺ നമ്പർ വഴിയും ഇ-മെയിൽ വഴിയും ഈ വിഭാഗവുമായി ബന്ധപ്പെടാൻ കഴിയും.

10. ഇ-ടെണ്ടർ സംവിധാനം മുഖേന 5 ലക്ഷം വരെയുള്ള ടെണ്ടർ നടപടികൾ കമ്പ്യൂട്ടർവൽക്കരിച്ചു.

11. ഓഫീസുകളുടെ പ്രവർത്തനം നവീകരിക്കുന്നതിനുവേണ്ടി ഇ-ഓഫീസ് സംവിധാനം ഏർപ്പെടുത്തിവരുന്നു. ഇപ്പോൾ 28-ഓളം ഓഫീസുകളിൽ ഇ-ഓഫീസ് സംവിധാനം ഉപയോഗപ്പെടുത്തുന്നുണ്ട്.

12. വൈദ്യുതി ബിൽ സംബന്ധിച്ച വിവരങ്ങൾ എസ്.എം.എസ്., മൊബൈൽ ആപ്ലിക്കേഷൻ, ഇ-മെയിൽ എന്നിവ മുഖേന തത്സമയം ഉപഭോക്താക്കളിൽ എത്തിക്കുന്ന ഊർജ്ജ സൗഹൃദ പദ്ധതി നടപ്പിലാക്കി.

13. വൈദ്യുതി തടസ്സം സംബന്ധിച്ച വിവരങ്ങൾ ഉപഭോക്താക്കളിൽ എസ്.എം.എസ്. മുഖേന എത്തിക്കുന്ന ഊർജ്ജദൂത് പദ്ധതി നടപ്പിലാക്കി.

14. സ്പോട്ട് ബില്ലിംഗ് മെഷീനുകൾ (പി.ഡി.എ.) സംസ്ഥാനമൊട്ടാകെ വ്യാപിപ്പിച്ചു.

15. പുതിയ കണക്ഷനുവേണ്ടി ഉപഭോക്താക്കളിൽ നിന്ന് ഓൺലൈനായി അപേക്ഷകൾ സ്വീകരിക്കാനുള്ള സംവിധാനം നടപ്പിലാക്കി.

16. വൈദ്യുത അപകടങ്ങൾ റിപ്പോർട്ട് ചെയ്യാൻ സ്മാർട്ട് (സേഫ്റ്റി മോണിറ്ററിംഗ് & ആക്സിഡന്റ് റിപ്പോർട്ടിംഗ് ടൂൾ) എന്ന സോഫ്റ്റ്‌വെയർ സംവിധാനം ഏർപ്പെടുത്തി.

17. പേ.റ്റി.എം. (പേ ത്രൂ മൊബൈൽ), എം.-പേസ എന്നീ മൊബൈൽ വാലറ്റുകൾ വഴി വൈദ്യുതി ബില്ലുകൾ അടയ്ക്കാനുള്ള സൗകര്യം.

18. അപ്ലാ സി.എസ്.സി. എന്ന ദേശീയ പൊതു സേവന കേന്ദ്രവുമായി യോജിച്ച് പ്രവർത്തിക്കുന്ന ഇന്ത്യയിലെ ഏത് ജനസേവന കേന്ദ്രം വഴിയും വൈദ്യുതി ബിൽ ഓൺലൈനായി അടയ്ക്കുവാനുള്ള സൗകര്യം.

19. WhatsApp എന്ന സോഷ്യൽ മീഡിയ സംവിധാനംവഴി 9496001912 എന്ന നമ്പരിൽ ഉപഭോക്താക്കളുടെ പരാതി സ്വീകരിക്കുന്നതിനുള്ള സംവിധാനം നടപ്പിലാക്കി.

20. കെ.എസ്.ഇ.ബി. ലിമിറ്റഡ് ജീവനക്കാർക്ക് ഓഫീസില്ലാത്തപ്പോൾ പോലും ഉപഭോക്തൃസേവനത്തിനുവേണ്ടിയും മറ്റ് ഔദ്യോഗികാവശ്യങ്ങൾക്കുവേണ്ടിയും ഒരുമ നെറ്റ് ബില്ലിംഗ് സോഫ്റ്റ്വെയർ ഉപയോഗിക്കാനുള്ള മൊബൈൽ ആപ്ലിക്കേഷൻ.

ഇ-ഫയലിംഗ് സംവിധാനം അനെർട്ടിലും തുടങ്ങിയിട്ടുണ്ട്. അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ വിപണനം ഗുണഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനുവേണ്ടി ഏകജാലക സംവിധാനം അനെർട്ടിൽ ഏർപ്പെടുത്തിയിട്ടുണ്ട്.

ഊർജ്ജ ഉപകരണങ്ങൾ ആവശ്യക്കാർക്ക് എളുപ്പത്തിൽ ലഭിക്കുന്നതിനായി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേസ് ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ആവശ്യക്കാർക്ക് ഗുണമേന്മയുള്ള ഊർജ്ജ ഉപകരണങ്ങൾ ഇ-മാർക്കറ്റ് വഴി വാങ്ങാവുന്നതാണ്. അനെർട്ട് രൂപകല്പന ചെയ്ത "സൗരവീഥി" എന്ന മൊബൈൽ ആപ്ലിക്കേഷൻവഴി രജിസ്റ്റർ ചെയ്യുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഒരു വർഷത്തെ സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

## കെ.എസ്.ഇ.ബി. ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ അളവ്

234(682) <u>ശ്രീ. ഡി. കെ. മുരളി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-2018 വർഷം കെ.എസ്. ഇ. ബി. ഉല്പാദിപ്പിച്ച വൈദ്യുതിയുടെ അളവ് എത്ര ;വിശദവിവരങ്ങൾ നൽകാമോ;

(ബി) 2017-2018 വർഷം പുറമേനിന്നും എത്ര അളവ് വൈദ്യുതി വാങ്ങി എന്നും അതിനായി എത്ര രൂപ ചെലവായി എന്നും വിശദമാക്കാമോ;

(സി) പ്രസ്തുത കാലയളവിൽ എവിടെ നിന്നെല്ലാമാണ് വൈദ്യുതി വാങ്ങിയിട്ടുള്ളത്; വിശദവിവരങ്ങൾ നൽകാമോ?

ഉത്തരം

(എ) 2017-18 വർഷം കെ.എസ്.ഇ.ബി. 5585.9163 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ട്. ആയതിന്റെ വിശദവിവരങ്ങൾ ചുവടെ ചേർക്കുന്നു :

| | |
|---|---|
| ജലവൈദ്യുത നിലയങ്ങൾ | 5575.36 ദശലക്ഷം യൂണിറ്റ് |
| തെർമൽ നിലയങ്ങൾ | 1.8487 ദശലക്ഷം യൂണിറ്റ് |
| കാറ്റാടിപ്പാടങ്ങൾ | 1.4667 ദശലക്ഷം യൂണിറ്റ് |
| സൗരോർജ്ജ നിലയങ്ങൾ | 7.2409 ദശലക്ഷം യൂണിറ്റ് |
| ആകെ | 5585.9163 ദശലക്ഷം യൂണിറ്റ് |

(ബി & സി) 2017-18 വർഷം കേരളത്തിനു പുറത്തുള്ള കേന്ദ്ര വിഹിതമായും സ്വകാര്യ ഉൽപ്പാദകരിൽനിന്നും വാങ്ങിയ വൈദ്യുതിയുടെ വിവരങ്ങൾ താഴെ പറയുന്നു:

| | | |
|---|---|---|
| 1. | കേന്ദ്ര ഊർജ്ജ ഉത്പാദന നിലയങ്ങൾ | 10150.98 ദശലക്ഷം യൂണിറ്റ് |
| 2. | ദീർഘകാല/മദ്ധ്യകാല കരാറുകൾ മുഖേന | 6683 ദശലക്ഷം യൂണിറ്റ് |
| 3. | ഹ്രസ്വകാല കരാറുകൾ മുഖേന | 147.69 ദശലക്ഷം യൂണിറ്റ് |
| 4. | സ്വാപ്പ് | 132.712 ദശലക്ഷം യൂണിറ്റ് |
| 5. | പവർ എക്സ്ചേഞ്ചുകൾ മുഖേന | 656.228 ദശലക്ഷം യൂണിറ്റ് |
| | ആകെ | 17770.61 ദശലക്ഷം യൂണിറ്റ് |

2017-18 സാമ്പത്തിക വർഷത്തെ താൽക്കാലിക കണക്കുപ്രകാരം പുറമേനിന്നും വൈദ്യുതി വാങ്ങിയ വകയിൽ 7342 കോടി രൂപ ചെലവായി.

**കെ.എസ്.ഇ.ബി.-യുടെ കടബാധ്യത**

235(683) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിലവിൽ കെ.എസ്.ഇ.ബി.-യുടെ കടബാധ്യത എത്രകോടി രൂപയാണ്;

(ബി) കടബാദ്ധ്യത കുറച്ചുകൊണ്ടുവരുന്നതിന് കെ.എസ്.ഇ.ബി. സ്വീകരിച്ച നടപടികൾ എന്തൊക്കെയാണ്; വിശദാംശം വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന് 30.04.2018 വരെ ബാങ്കുകളിൽനിന്നും മറ്റ് ധനകാര്യ സ്ഥാപനങ്ങളിൽനിന്നും 'ഓവർഡ്രാഫ്റ്റ് ഇനത്തിലെ 106.13 കോടി രൂപയും ഹ്രസ്വകാല വായ്പയായ 2,450 കോടി രൂപയും ദീർഘകാല വായ്പയായ 5013.35 കോടി രൂപയും ഉൾപ്പെടെ നിലവിൽ 7569.48 കോടി രൂപയുടെ കടബാദ്ധ്യതയാണുള്ളത്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സാമ്പത്തിക അച്ചടക്കം പാലിക്കുന്നതിന്റെ ഭാഗമായി താഴെപ്പറയുന്ന നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

1. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ സ്വീകരിച്ചിട്ടുള്ള ഉയർന്ന നിരക്കിലുള്ള വായ്പകൾ തിരിച്ചടച്ച് കുറഞ്ഞ പലിശ നിരക്കിലുള്ള വായ്പകളാക്കി മാറ്റുന്നുണ്ട്.

2. ദീൻ ദയാൽ ഉപാധ്യായ ഗ്രാമീണ ജ്യോതി യോജന (DDUGJY) പദ്ധതിക്കായുള്ള കേന്ദ്ര സർക്കാരിന്റെ ഗ്രാന്റ് ലഭിക്കുന്നതു വരെ സ്വന്തം ഫണ്ടുപയോഗിച്ച് പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചതുമൂലം പദ്ധതി സമയബന്ധിതമായി നടപ്പിലാക്കാൻ കഴിയുന്നതിലൂടെ ഗ്രാന്റ് ഭാഗം ലോണായി മാറ്റപ്പെടുന്നതിനുള്ള സാദ്ധ്യത ഒഴിവാക്കപ്പെടുന്നതാണ്.

3. കേന്ദ്ര സർക്കാർ 20-11-2015-ൽ പ്രഖ്യാപിച്ച ഉദയ് പദ്ധതിയുടെ പ്രവർത്തന മികവ് വർദ്ധിപ്പിക്കുന്ന ഭാഗത്തിൽ പങ്കാളിയായതിലൂടെ AT&C Loss-ഉം Revenue Gap-ഉം കുറയ്ക്കാൻ കഴിയുന്നതാണ്.

4. മിതമായ നിരക്കിൽ ഹ്രസ്വ-ദീർഘ കാലാടിസ്ഥാനത്തിലുള്ള കരാറുകൾ വഴി വൈദ്യുതി ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുകയും പ്രവർത്തന മികവ് മെച്ചപ്പെടുത്തുകയും ചെയ്യുന്നതിലൂടെ ബോർഡിന്റെ ബാധ്യതകൾ കുറവുവരുത്താൻ ശ്രമിക്കുന്നുണ്ട്.

5. ചെലവുകൾ നിയന്ത്രിക്കുന്നതിന്റെ ഭാഗമായി ബഡ്ജറ്ററി കൺട്രോൾ കൂടുതൽ കാര്യക്ഷമമായി നടപ്പിലാക്കി.

**കേബിൾ നെറ്റ്‌വർക്കുകളിൽനിന്ന് കെ.എസ്.ഇ.ബി.-ക്ക് കിട്ടാനുള്ള തുക**

236(684) <u>ശ്രീ. കെ. എം. ഷാജി</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് കെ.എസ്.ഇ.ബി.യുടെ വൈദ്യുത പോസ്റ്റുകൾ കേബിൾ ടി.വി. ട്രാൻസ്മിഷനായി ഉപയോഗിക്കുന്ന സ്വകാര്യ കേബിൾ നെറ്റ് വർക്കുകളിൽ നിന്ന് കെ.എസ്ഇ.ബി. ഏതെല്ലാം കാര്യങ്ങൾക്ക് എത്ര വീതം ചാർജ്ജുകൾ ഈടാക്കിവരുന്നുണ്ടെന്ന് വിശദമാക്കാമോ;

(ബി) തലസ്ഥാന നഗരിയിലെ ചില സ്വകാര്യ കേബിൾ കമ്പനികൾ ഇലക്ട്രിക്ക് പോസ്റ്റുകൾ ധാരാളമായി ഉപയോഗിക്കുന്നുണ്ടെങ്കിലും അതിനാനുപാതികമായ തുക കെ.എസ്.ഇ.ബി.-യ്ക്ക് അടയ്ക്കാത്തത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത് പ്രതിവർഷം കെ.എസ്.ഇ.ബി.-യ്ക്ക് കിട്ടേണ്ട വരുമാനത്തിൽ എന്ത് കുറവാണ് ഉണ്ടാക്കുന്നതെന്ന് കണക്കാക്കിയിട്ടുണ്ടോ;

(സി) ഇത്തരത്തിൽ പ്രവർത്തിക്കുന്ന എന്ന് പറയപ്പെടുന്ന ഡിവൈൻ കേബിൾ നെറ്റ് വർക്ക് കഴിഞ്ഞ 2 വർഷം വൈദ്യുത പോസ്റ്റ് ഉപയോഗവുമായി ബന്ധപ്പെട്ട്എത്ര തുക,ഏതെല്ലാം ഇനത്തിൽ കെ.എസ്ഇ.ബി.-യ്ക്ക് അടച്ചിട്ടുണ്ടെന്നും ആയത് വിവിധ സൗകര്യങ്ങളുപയോഗിക്കുന്നതിന് പ്രസ്തുത കമ്പനിയിൽ നിന്ന് ലഭിക്കേണ്ട തുക ആകുന്നുണ്ടോയെന്നും ഇല്ലെങ്കിൽ ഇത്തരത്തിൽ വരുമാന ചോർച്ച ഉണ്ടാകുന്നത് കണ്ടെത്തി പ്രസ്തുത നഷ്ടം ഒഴിവാക്കുന്നതിന് നടപടി സ്വീകരിക്കാൻ ഉദ്യോഗസ്ഥർക്ക് നിർദ്ദേശം നല്കാമോ?

<u>ഉത്തരം</u>

(എ) 19-9-2014-ലെ ബോർഡ് ഉത്തരവ് നമ്പർ B.O.(FTD) No. 2456/2014 (L.A.II/Asianet/PLP6639/13) പ്രകാരം 1-4-2011 മുതൽ കേബിൾ ടി.വി. ഓപ്പറേറ്റർമാർക്ക് കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ ഇലക്ട്രിക് പോസ്റ്റുകളിലൂടെ കേബിളുകൾ വലിക്കുന്നതിനു പോസ്റ്റ് ഒന്നിന് നഗര പരിധിയിൽ/ പ്രാന്ത പ്രദേശങ്ങളിൽ ഒരു വർഷത്തേയ്ക്ക് 250 രൂപയും ഗ്രാമ പ്രദേശങ്ങളിൽ 125 രൂപയുമാണ് നിശ്ചയിച്ചിരിക്കുന്നത്. വാടക നിരക്കിൽ പ്രതിവർഷം 5 ശതമാനം വർദ്ധനവും നിശ്ചയിച്ചിട്ടുണ്ട്. ഇതിനു പുറമെ, പോൾ വാടക തുകയ്ക്ക് ആനുപാതികമായി, ബാധകമായ ജി.എസ്.ടി. തുകയും ഒടുക്കേണ്ടതാണ്. കൂടാതെ, പ്രതിവർഷം ഉപയോഗിക്കുന്ന പോസ്റ്റുകൾക്ക് അനുസൃതമായിട്ടുള്ള സെക്യൂരിറ്റി ഡെപ്പോസിറ്റ് തുക (പോസ്റ്റ് വാടക തുകയുടെ 10 ശതമാനം) എഗ്രിമെന്റ് കാലയളവിൽ നിലനിർത്തേണ്ടതാണ്.

(ബി) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. കണക്കാക്കിയിട്ടുണ്ട്. ഈ കുറവ് നികത്തുന്നതിനുവേണ്ടിയുള്ള നടപടികൾ സ്വീകരിക്കുന്നുണ്ട്.

(സി) ഡിവൈൻ കേബിൾ നെറ്റ്‌വർക്ക് തലസ്ഥാന നഗരിയിൽ ശ്രീവരാഹം ഇലക്ട്രിക്കൽ സെക്ഷന്റെ പരിധിയിൽ മാത്രമേയുള്ളൂ. 16 പോസ്റ്റുകളാണ് ഉപയോഗത്തിലുള്ളത്. കഴിഞ്ഞ രണ്ട് വർഷം വൈദ്യുതി പോസ്റ്റ് ഉപയോഗവുമായി ബന്ധപ്പെട്ട് ഡിവൈൻ കേബിൾ നെറ്റ്‌വർക്ക്, പോസ്റ്റ് വാടക, ജി.എസ്.ടി., പിഴപ്പലിശ എന്നിവയെല്ലാം ചേർത്ത് 31-3-2018-ൽ 14,151 രൂപ അടച്ചിട്ടുണ്ട്.

## കായംകുളം താപനിലയത്തിൽനിന്നുള്ള വൈദ്യുതി

237(685) ശ്രീ. അൻവർ സാദത്ത് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കായംകുളം താപനിലയത്തിന്റെ നടത്തിപ്പിന് സംസ്ഥാന സർക്കാർ എൻ.ടി.പി.സി.-യ്ക്ക് നൽകേണ്ട ഫിക്സഡ് കോസ്റ്റ് പുതുക്കി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്ര കോടി രൂപയാണ് പുതുക്കിയ ഫിക്സഡ് കോസ്റ്റ് എന്നറിയിക്കാമോ;

(ബി) 2017 ൽ ഈയിനത്തിൽ വൈദ്യുതി ബോർഡ് എൻ.ടി.പി.സി.യ്ക്ക് എത്ര തുക നൽകി;

(സി) പ്രസ്തുത താപനിലയത്തിൽനിന്നും 2017 ൽ വൈദ്യുതി ബോർഡ് എത്ര മെഗാ വാട്ട് വൈദ്യുതി വാങ്ങി; യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി വാങ്ങിയത്;

(ഡി) കായംകുളം താപനിലയത്തിൽ സൗരോർജ്ജ വൈദ്യുതി ഉല്പാദിപ്പിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ;

(ഇ) സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിന് എൻ.ടി.പി.സി. യുമായി കെ.എസ്.ഇ.ബി. ധാരണയിൽ എത്തിയിട്ടുണ്ടോ;വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) ഉണ്ട്. 2014-19 കാലഘട്ടത്തിലേയ്ക്ക് സെൻട്രൽ ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ ഫിക്സഡ് കോസ്റ്റിനത്തിൽ നിശ്ചയിച്ച തുക 284.74 കോടി മുതൽ 301.16 കോടി വരെയായിരുന്നു. പ്രസ്തുത കാലഘട്ടത്തിലെ ഫിക്സഡ് കോസ്റ്റ് ഉഭയകക്ഷി സമ്മതപ്രകാരം 200 കോടി രൂപയായി ഇപ്പോൾ പുതുക്കി നിശ്ചയിച്ചിട്ടുണ്ട്.

(ബി) 2017-18-ൽ ഫിക്സഡ് കോസ്റ്റിനത്തിൽ 200 കോടി രൂപ വൈദ്യുതി ബോർഡ് NTPC-ക്ക് നൽകിയിട്ടുണ്ട്.

(സി) 2017-18 കാലയളവിൽ പ്രസ്തുത താപനിലയത്തിൽ നിന്ന് 4047750 യൂണിറ്റ് വൈദ്യുതി യൂണിറ്റൊന്നിന് 7.417 രൂപ എന്ന നിരക്കിൽ വാങ്ങിയിട്ടിണ്ട്.

(ഡി) ഉണ്ട്.

(ഇ) ഉണ്ട്. എൻ.ടി.പി.സി.-യിൽ നിന്ന് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിന്റെ ധാരണകൾ വ്യക്തമാക്കി 11-5-2018-ൽ കെ.എസ്.ഇ.ബി.-യും എൻ.ടി.പി.സി.-യും തമ്മിൽ MoU (മെമ്മോറാണ്ടം ഓഫ് അണ്ടർസ്റ്റാന്റിംഗ്) ഒപ്പിട്ടിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ എൻ.ടി.പി.സി-യുടെ കൈവശമുള്ള ഭൂമിയിലും ജലപ്രതലത്തിലും മറ്റിടങ്ങളിലും സ്ഥാപിക്കുന്നത് ഉൾപ്പെടെയുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനുവേണ്ടിയാണ് പ്രസ്തുത MoU ഒപ്പുവച്ചിട്ടുള്ളത്.

## വൈദ്യുതി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ

238(686) ശ്രീ. എ. പി. അനിൽ കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് വൈദ്യുതി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ;

(ബി) കേന്ദ്രാവിഷ്കൃത പദ്ധതിയായ ദീനദയാൽ ഉപാധ്യായ ഗ്രാമ ജ്യോതി യോജനയിൽ ഉൾപ്പെടുത്തി നടപ്പിലാക്കുന്ന പദ്ധതികൾ ഏതൊക്കെയാണെന്നുള്ള വിശദാംശം നൽകുമോ;ഇതിനായി എന്ത് തുകയാണ് കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ളത്; ഈ പദ്ധതികൾ എന്നത്തേക്ക് പൂർത്തിയാക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ;

(സി) നഗരപ്രദേശങ്ങളിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത്; ഈ പദ്ധതിയുടെ കീഴിൽ എന്തൊക്കെ കാര്യങ്ങളാണ് നടപ്പിലാക്കുന്നതെന്നും ഇതിനായി എത്ര തുകയാണ് അനുവദിച്ചിട്ടുള്ളതെന്നും വ്യക്തമാക്കുമോ?

### ഉത്തരം

(എ) പ്രസരണ വിതരണ സേവനങ്ങൾ മെച്ചപ്പെടുത്തുന്നതു വഴി ഗുണമേന്മയുള്ള വൈദ്യുതി ഉപഭോക്താക്കൾക്ക് നൽകുന്നതിന് വിപുലമായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. ഗുണമേന്മയുള്ള വൈദ്യുതി ഇടതടവില്ലാതെ ഗുണഭോക്താക്കൾക്ക് എത്തിക്കുന്നതിനായി എച്ച്.റ്റി. ലൈനുകൾ പുതുതായി നിർമ്മിക്കുക, ലോഡ് സെന്ററുകളിൽ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, ആവശ്യമെങ്കിൽ നിലവിലുള്ള പഴയതും ശേഷി കുറഞ്ഞതുമായ ലൈനുകൾ മാറ്റി പുതിയ ലൈനുകൾ സ്ഥാപിക്കുക, എച്ച്.റ്റി., എൽ.റ്റി., ശൃംഖലകളിൽ ബാക്ക് ഫീഡിംഗ് സംവിധാനം ഉറപ്പുവരുത്തുക എന്നിങ്ങനെയുള്ള പ്രവൃത്തികൾ വാർഷിക പദ്ധതിയിൽ (ബോർഡിന്റെ തനത് ഫണ്ട് ഉപയോഗിച്ചും, കേന്ദ്രാവിഷ്കൃത പദ്ധതികളിലൂടെയും) ഉൾപ്പെടുത്തിയാണ് ആസൂത്രണം ചെയ്യുന്നത്. 2021-ഓടുകൂടി എല്ലാ ഉപഭോക്താക്കൾക്കും ഗുണനിലവാരമുള്ള വൈദ്യുതി, തടസ്സരഹിതമായി, അപകട സാദ്ധ്യത ഇല്ലാതാക്കി വിതരണം ചെയ്യുന്നതിന്, വിതരണ ശൃംഖലയുടെ മൊത്തത്തിലുള്ള നവീകരണം മുന്നിൽ കണ്ടുകൊണ്ട് ഓരോ ഇലക്ട്രിക്കൽ സർക്കിളിലും പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിക്കുകയും അടുത്ത നാല് വർഷത്തേയ്ക്കുവേണ്ട പദ്ധതികൾ ആസൂത്രണം ചെയ്യുകയും ചെയ്തിട്ടുണ്ട്. പദ്ധതിക്കുവേണ്ട ഡി.പി.ആർ. തയ്യാറാക്കിക്കഴിഞ്ഞു. വാർഷിക പദ്ധതികളിൽ ഉൾപ്പെടുത്തി അവ നടപ്പിലാക്കുന്നതാണ്.

(ബി) ദീന ദയാൽ ഉപാദ്ധ്യായ ഗ്രാമ ജ്യോതി യോജനയിൽ ഉൾപ്പെടുത്തിയിട്ടുള്ള പദ്ധതികൾ ചുവടെ ചേർത്തിരിക്കുന്നു:

1. ബി.പി.എൽ. സർവ്വീസ് കണക്ഷൻ 98527 എണ്ണം.

2. വിതരണ ട്രാൻസ്ഫോമർ-പുതിയത്-525 എണ്ണം

3. വിതരണ ട്രാൻസ്ഫോമർ - ശേഷി കൂട്ടൽ - 56 എണ്ണം.

4. മീറ്റർ സ്ഥാപിക്കൽ - 45180 എണ്ണം

5. മീറ്റർ മാറ്റിവയ്ക്കൽ - സിംഗിൾ ഫേസ് - 1650076 എണ്ണം

6. മീറ്റർ മാറ്റിവയ്ക്കൽ - ത്രീ ഫേസ് - 83688 എണ്ണം

7. വിതരണ ട്രാൻസ്ഫോമർ മീറ്ററിംഗ് - 23655 എണ്ണം

8. ഫീഡർ മീറ്ററിംഗ് - 103 എണ്ണം

9. 11 കെ.വി. ലൈൻ - 1013.55 കി.മീ.

10. 11 കെ.വി. ഏരിയൽ ബഞ്ചഡ് കേബിൾ - 268.39 കി.മീ.

11. 11 കെ.വി. ലൈൻ നവീകരണം - 383.46 കി.മീ.

12. 33/66 കെ.വി. ലൈൻ - 17 കി.മീ.

13. എൽ.റ്റി. ലൈൻ - സിംഗിൾ ഫേസ് - 2955.37 കി.മീ.

14. എൽ.റ്റി. ലൈൻ - ത്രീ ഫേസ് - 305.14 കി.മീ.

15. എൽ.റ്റി. ഏരിയൽ ബഞ്ചഡ് കേബിൾ - 107.6 കി.മീ.

16. എൽ.റ്റി. ഏരിയൽ ബഞ്ചഡ് കേബിൾ ആക്കുന്നത് - 97.56 കി.മീ.

17. സിംഗിൾ ഫേസ് ലൈൻ റീ കണ്ടക്റ്ററിംഗ് - 65.11 കി.മീ.

18. ത്രീ ഫേസ് ലൈൻ റീ കണ്ടക്റ്ററിംഗ് - 465.48 കി.മീ.

19. പുതിയ 33 കെ.വി. സബ്സ്റ്റേഷൻ - 2 എണ്ണം

20. 33 കെ.വി. സബ്സ്റ്റേഷൻ ശേഷി കൂട്ടൽ - 6 എണ്ണം.

ഈ പദ്ധതിക്കായി 485.37 കോടി രൂപയുടെ പ്രവൃത്തികൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 292.186 കോടി രൂപ കേന്ദ്ര സർക്കാർ ഗ്രാന്റാണ്. നാളിതുവരെ 171.93 കോടി രൂപ ലഭിച്ചു. പദ്ധതിയുടെ കാലാവധി 4-7-2018 വരെയാണ്. 31.12.2018 വരെ സമയ പരിധി നീട്ടിക്കിട്ടാൻ കേന്ദ്ര ഊർജ്ജ മന്ത്രാലയത്തിൽ അനുമതിക്ക് സമർപ്പിച്ചിട്ടുണ്ട്.

(സി) നഗര പ്രദേശങ്ങളിൽ ഗുണമേന്മയുള്ള വൈദ്യുതി ലഭ്യമാക്കുന്നതിന് ആവിഷ്കരിച്ചിരിക്കുന്ന പദ്ധതിയാണ് ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്.). ഈ പദ്ധതിയുടെ കീഴിൽ നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ള പ്രവൃത്തികൾ ചുവടെ ചേർത്തിരിക്കുന്നു:

1. 66 കെ. വി., 33 കെ.വി. സബ്സ്റ്റേഷൻ - പുതിയത് - 3 എണ്ണം
2. 66 കെ.വി., 33 കെ.വി. സബ്സ്റ്റേഷൻ - അഡീഷണൽ ട്രാൻസ്ഫോർമർ - 1 എണ്ണം.
3. 66 കെ.വി., 33 കെ.വി. സബ്സ്റ്റേഷൻ - ശേഷി കൂട്ടൽ - 14 എണ്ണം
4. 66 കെ.വി., 33 കെ.വി. സബ്സ്റ്റേഷൻ - നവീകരണം - 94 എണ്ണം
5. പുതിയ 33 കെ.വി. 66 കെ.വി., ഫീഡർ - 27.05 കി.മീ.
6. 66 കെ.വി. ലൈൻ നവീകരണം - 28 കി.മീ.
7. 33 കെ.വി. ബേ എക്സ്റ്റൻഷൻ - 6 കി.മീ.
8. 11 കെ.വി. ലൈൻ - 327 കി.മീ.
9. 11 കെ.വി. ലൈൻ - റീ കണ്ടക്ടറിംഗ് - 185 കി.മീ.
10. ഏരിയൽ ബഞ്ചഡ് കേബിൾ - 1152 കി.മീ.
11. 11 കെ.വി. ഭൂഗർഭ കേബിൾ - 192 കി.മീ.
12. 11 കെ.വി. ബേ എക്സ്റ്റൻഷൻ
13. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ - പുതിയത് 829 എണ്ണം
14. ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോർമർ - ശേഷികൂട്ടൽ - 384 എണ്ണം
15. എൽ.റ്റി. ലൈൻ - 218 കി.മീ.
16. എൽ.റ്റി. ലൈൻ റീകണ്ടക്ടറിംഗ് - 2416 കി.മീ.
17. കപ്പാസിറ്റർ ബാങ്ക് കി.മീ.
18. എച്ച്.വി.ഡി.എസ്. - 107 എണ്ണം
19. മീറ്ററിംഗ് - 656113 എണ്ണം
20. സോളാർ പാനൽ KWP (കെ.ഡബ്ല്യു.പി.) - 5465 കി.മീ.
21. ആർ.എം.യു., സെക്ഷണലൈസർ തുടങ്ങിയവ – ലോട്ട് - 58 കി.മീ.

മറ്റുള്ളവ - ലോട്ട് - 1478 കി.മീ.

പദ്ധതി തുക 595.03 കോടി രൂപയാണ്. ഇതിൽ 60 ശതമാനം കേന്ദ്ര സർക്കാർ ഗ്രാന്റാണ്. നാളിതുവരെ കേന്ദ്ര സർക്കാരിൽനിന്നും 107.41 കോടി രൂപ ലഭിച്ചു.

## സ്മാർട്ട് മീറ്ററുകൾ

239(687) ശ്രീ. എൻ. ഷംസുദ്ദീൻ:

ശ്രീ. എൻ .എ. നെല്ലിക്കുന്ന്:

ശ്രീ. കെ. എൻ. എ. ഖാദർ:

ശ്രീ. പി. ഉബൈദുള്ള : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗം അളക്കുന്നതിനായി സ്മാർട്ട് മീറ്ററുകൾ സ്ഥാപിക്കാൻ വൈദ്യുതിബോർഡ് ഉദ്ദേശിക്കുന്നുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) സ്മാർട്ട് മീറ്ററുകൾ ഘടിപ്പിക്കുന്നതിനായി ഏതെല്ലാം കമ്പനികളെയാണ് തെരഞ്ഞെടുത്തിരിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഈ മീറ്ററുകൾ സ്ഥാപിക്കുന്നതിലൂടെ വൈദ്യുതി ബോർഡിനുണ്ടാകുന്ന നേട്ടങ്ങൾ എന്തെല്ലാമാണെന്ന വിശദീകരിക്കുമോ?

### ഉത്തരം

(എ) ഉപഭോക്താക്കളുടെ വൈദ്യുതി ഉപഭോഗം അളക്കുന്നതിനായി ഘട്ടംഘട്ടമായി സ്മാർട്ട് മീറ്റർ സമ്പ്രദായം നടപ്പിലാക്കാൻ വൈദ്യുതി ബോർഡ് ഉദ്ദേശിക്കുന്നുണ്ട്.

(ബി) സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതിനുള്ള തുടക്കം എന്നുള്ള നിലയിൽ താഴെപ്പറയുന്ന 5 കമ്പനികൾക്ക് പൈലറ്റ് അടിസ്ഥാനത്തിൽ 25 ഉപഭോക്താക്കൾക്കു വീതം സ്മാർട്ട് മീറ്ററുകൾ നടപ്പിലാക്കുന്നതിനുള്ള വർക്ക് ഓർഡർ നൽകിയിട്ടുണ്ട്.

| നമ്പർ | ഏജൻസികൾ |
|---|---|
| 1 | കെൽട്രോൺ & സ്യാൻ കൊണോഡ് |
| 2 | ജെ.എൻ.ജെ. പവർ കോം സിസ്റ്റം, ഹൈദരാബാദ്. |
| 3 | പവർ വൺ ഡേറ്റാ, ബാംഗ്ലൂർ |
| 4 | ആങ്കർ ഇലക്ട്രിക്കൽ, മുംബൈ |
| 5 | സി.എം.എസ്. കമ്പ്യൂട്ടേഴ്സ്, മുംബൈ. |

(സി) മീറ്റർ റീഡിംഗ് റിമോർട്ടായി ലഭിക്കുന്നതിനു കഴിയും. ബില്ലിംഗ് സൈക്കിൾ മാസം/ദ്വൈമാസം എന്നതിനുപരിയായ ഉപഭോക്താക്കളുടെ സൗകര്യപ്രകാരം മാറ്റാം. വൈദ്യുതി നഷ്ടം കൃത്യതയോടെ കണ്ടുപിടിക്കുന്നതിനും അത് കുറച്ചുകൊണ്ടുവരുന്നതിനും കഴിയും. വൈദ്യുതി തടസ്സങ്ങൾ തത്സമയംതന്നെ സ്മാർട്ട് മീറ്റർ വഴി അറിയാൻ പറ്റുന്നതുകൊണ്ട്, വൈദ്യുതി

പുനഃസ്ഥാപിക്കുന്നതിനുള്ള നടപടികൾ വേഗം കൈക്കൊള്ളാൻ കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥർക്ക കഴിയും. ഇപ്രകാരം സ്മാർട്ട് മീറ്റർ ഘടിപ്പിക്കുന്നതു വഴി ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട സേവനം നൽകുന്നതിനും വൈദ്യുതി വിതരണ രംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണ നഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലക്ഷ്യമിടുന്നു.

## സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതി

240(688) ശ്രീ. വി. ഡി. സതീശൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന് ആവശ്യമുള്ള വൈദ്യുതിയുടെ 18 ശതമാനം മാത്രമാണ് ഉല്പാദിപ്പിക്കുന്നത് എന്ന സാഹചര്യത്തിൽ വൈദ്യുതി എവിടെനിന്നുമാണ് ബോർഡ് വാങ്ങുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) മുൻ സർക്കാരിന്റെ കാലത്ത് വൈദ്യതി വാങ്ങുന്നതിന് ഏർപ്പെട്ട ദീർഘകാല കരാർ വൈദ്യുതി കമ്മി പരിഹരിക്കുന്നതിന് എത്രമാത്രം സഹായകമായി എന്ന് വ്യക്തമാക്കുമോ;

(സി) ഈ വർഷം പുറത്ത് നിന്നുള്ള വൈദ്യുതിയുടെ ലഭ്യതയിൽ കുറവുണ്ടായിട്ടുണ്ടോ; എങ്കിൽ പ്രസ്തുത കുറവ് നികത്തുന്നതിന് കായംകുളം താപ വൈദ്യുതി നിലയത്തിൽനിന്നും വൈദ്യുതി വാങ്ങിയിരുന്നോ; എങ്കിൽ അതിന്റെ വിശദാംശവും വിലയും വ്യക്തമാക്കുമോ;

(ഡി) കെ.എസ്.ഇ.ബി.-യുടെ അധീനതയിൽ നിർമ്മാണം നടന്നുവരുന്ന ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം പൂർത്തിയാക്കുന്നതിന് എന്ത് നടപടിയാണ് സ്വീകരിച്ചിട്ടുള്ളത്;

(ഇ) എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിലുള്ള ജലവൈദ്യുത പദ്ധതികൾ പൂർത്തിയായിട്ടുണ്ടോ; എത്ര മെഗാവാട്ട് വൈദ്യതിയാണ് പ്രസ്തുത പദ്ധതികളിൽനിന്നും ലഭിക്കുന്നത്?

ഉത്തരം

(എ) 2017-18-ൽ സംസ്ഥാനത്തിന്റെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 24.45 ശതമാനമാണ് സംസ്ഥാനത്തിനുള്ളിൽ ഉത്പാദിപ്പിച്ചത്. സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ സംസ്ഥാനത്തിന് പുറത്തുള്ള കേന്ദ്ര നിലയങ്ങളിൽനിന്നും പൊതു സ്വകാര്യ താപനിലയങ്ങളിൽ നിന്നും പവർ എക്സ്ചേഞ്ചുകളിൽനിന്നും വൈദ്യുതി ലഭ്യമാക്കിയാണ് കേരളത്തിന്റെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നത്. സംസ്ഥാനത്തിനു പുറത്തുനിന്നും ദീർഘകാല കരാറുകളുടെ അടിസ്ഥാനത്തിൽ വാങ്ങുന്ന വൈദ്യുതികളുടെ വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) മുൻസർക്കാരിന്റെ കാലത്ത് ഏർപ്പെട്ട ദീർഘകാല കരാറുകൾ പ്രകാരം 2017-18-ലെ ആകെ വൈദ്യുതി ആവശ്യകതയുടെ ഏകദേശം 25.6 ശതമാനം ലഭ്യമായിട്ടുണ്ട്.

(സി) 2018 ജനവരി മുതലുള്ള കാലയളവിൽ പുറത്തുനിന്നും വാങ്ങുന്ന വൈദ്യുതി, കൽക്കരിയുടെ ലഭ്യതക്കുറവുമൂലവും വൈദ്യുതി ഉത്പാദകരുടെ യന്ത്രത്തകരാറുകൾമൂലവും താൽക്കാലികമായി ചില ദിവസങ്ങളിൽ തടസ്സപ്പെട്ടിട്ടുണ്ട്. പ്രസ്തുത കുറവ് നികത്തുന്നതിനായി ഈ കാലയളവിൽ കായംകുളം താപ വൈദ്യുതി നിലയം പ്രവർത്തിപ്പിച്ചിട്ടില്ല.

(ഡി) നിർമ്മാണത്തിലിരിക്കുന്ന ജല വൈദ്യുത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിടുന്നവെങ്കിൽ അവ പരിഹരിക്കുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്മിറ്റി ചുരുങ്ങിയത് രണ്ട് മാസം കൂടുമ്പോൾ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ബഹുമാനപ്പെട്ട ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. ഇതിനുപുറമേ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

(ഇ) എനർജി മാനേജ്മെന്റ് സെന്ററിന്റെ അധീനതയിൽ സ്വകാര്യ മേഖലയ്ക്ക് അനുവദിച്ച പദ്ധതികളിൽ ഇരുട്ടുകാനം ഒന്നും രണ്ടും ഘട്ടങ്ങൾ, അള്ളുങ്കൽ, കാരിക്കകം പദ്ധതിയുടെ ഒന്നും രണ്ടും ഘട്ടങ്ങൾ, പാതങ്കയം എന്നീ ചെറുകിട ജലവൈദ്യുത പദ്ധതികൾ പൂർത്തീകരിച്ച് കെ.എസ്.ഇ.ബി.-ക്ക് വൈദ്യുതി നൽകിവരുന്നു. ഈ പദ്ധതികളുടെ ആകെ സ്ഥാപിതശേഷി 34.5 MW ആണ്. 8MW-ന്റെ ആനക്കാംപോയിൽ 4.5 MW-ന്റെ അരിപ്പാറ എന്നീ പദ്ധതികളുടെ പണികൾ ഏതാണ്ട് 80 ശതമാനം പൂർത്തിയായി.

ഇതുകൂടാതെ 1 kW മുതൽ 5 kW വരെ ശേഷിയുള്ള 110 പീക്കോ ജലവൈദ്യുത ടർബയിനുകൾ കേന്ദ്ര സർക്കാരിന്റെ സാമ്പത്തിക സഹായത്തോടെ നടപ്പിലാക്കിയിട്ടുണ്ട്. 20 kW ശേഷിയുള്ള വോർട്ടക്സ് ടർബയിനുകൾ ഉപയോഗിച്ചുകൊണ്ടുള്ള ആദ്യ പദ്ധതി തിരുവനന്തപുരം നഗരത്തിനുള്ളിൽ കിള്ളിയാറിൽ പൂർത്തീകരിച്ചുവരുന്നു. എനർജി മാനേജ്മെന്റ് സെന്ററിന്റെ സഹകരണത്തോടെ 110 kW-ന്റെ മാങ്കുളം (മാങ്കുളം ഗ്രാമപഞ്ചായത്ത്) 50 kW-ന്റെ കല്ലാർ മൈക്രോ ജലവൈദ്യുത പദ്ധതികൾ (ഇടുക്കി ജില്ലാ പഞ്ചായത്ത്) എന്നിവ കെ.എസ്.ഇ.ബി.-യുടെ ഗ്രിഡുമായി സിംക്രണൈസ് ചെയ്ത് വൈദ്യുതി നൽകുന്നു. കൂടാതെ രണ്ട് മൈക്രോ ഗ്രിഡ് പദ്ധതികളും (1) 3 kW-ന്റെ തായന്നൻകുടി (ചിന്നാർ

വന്യമൃഗ സങ്കേതത്തിനകത്ത്), (2)4 kW-ന്റെ ഈച്ചാംപെട്ടി (മറയൂർ വനപ്രദേശത്ത്) പദ്ധതികളും പൂർത്തീകരിച്ചു. ആകെ മൈക്രോ ജല പദ്ധതികളിൽക്കൂടിയുള്ള സ്ഥാപിതശേഷി 300 kW ആണ്.

## വൈദ്യുതി വിതരണ മേഖലയിലെ തടസ്സങ്ങൾ പരിഹരിക്കാൻ പദ്ധതി

241(689) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇരുപതിനായിരത്തിൽ കൂടുതൽ ഉപഭോക്താക്കൾ ഉള്ള വൈദ്യുതി സെക്ഷനുകൾ വിഭജിച്ച് പുതിയ സെക്ഷൻ രൂപീകരിക്കാൻ ഉദ്ദേശിക്കുണ്ടോയെന്ന് വ്യക്തമാക്കാമോ ;

(ബി) വൈദ്യുതി വിതരണ മേഖലയിൽ അടിക്കടി ഉണ്ടാകുന്ന തടസ്സങ്ങൾ പരിഹരിക്കാൻ ആവശ്യമായ പദ്ധതികൾ ആവിഷ്കരിക്കാൻ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്. പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. ആധുനിക സാങ്കേതികവിദ്യകൾക്കൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാദ്ധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്.

(ബി) 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു.

## കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതി

242(690) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാവൂർ ഗ്രാമപഞ്ചായത്തിലെ പട്ടേരിക്കുന്ന് കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ പുന;സ്ഥാപിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) ഇക്കാര്യത്തിൽ യോഗം വിളിച്ചുകൂട്ടി നടപടി സ്വീകരിക്കുന്നതിന് ജില്ലാ കലക്ടർക്ക് നിർദ്ദേശം നൽകിയിട്ടുണ്ടോ;വിശദാംശം വെളിപ്പെടുത്താമോ ?

ഉത്തരം

(എ&ബി) മാവൂർ ഗ്രാമപഞ്ചായത്തിലെ പട്ടേരിക്കുന്ന് ഇറിഗേഷൻ പദ്ധതിയുടെ വൈദ്യുതി കണക്ഷൻ 21-12-2014-ന് കെ.എസ്.ഇ.ബി.-യുടെ ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പരിശോധനയിൽ താരിഫ് ദുരുപയോഗം ചെയ്യുന്നതായി കണ്ടെത്തിയതിനെത്തുടർന്ന് 7-1-2015-ന് 99,178 രൂപയുടെ ബിൽ നൽകുകയും വൈദ്യുതി കണക്ഷൻ വിച്ഛേദിക്കുകയും ചെയ്തു. ഇതിനെതിരെ ടി പദ്ധതിയുടെ കൺവീനർ ശ്രീ. വത്സരാജ് സി.ജി.ആർ.എഫ്., ഓംബുഡ്സ്മാൻ എന്നിവിടങ്ങളിലും തുടർന്ന് ബഹുമാനപ്പെട്ട ഹൈക്കോടതിയിലും കേസ് നടത്തിയെങ്കിലും ബഹുമാനപ്പെട്ട ഹൈക്കോടതി ബോർഡിനനുകൂലമായി വിധി പ്രസ്താവിക്കുകയാണുണ്ടായത്. കോടതി വിധി പ്രകാരം പഞ്ചായത്ത് പ്രസ്തുത കണക്ഷന് നിലവിലുള്ള കുടിശ്ശിക ഒടുക്കിയാൽ മാത്രമേ വൈദ്യുതി കണക്ഷൻ പുനഃസ്ഥാപിക്കാൻ സാധിക്കുകയുള്ളൂ. കുന്ദമംഗലം എം.എൽ.എ.-യുടെ സാന്നിദ്ധ്യത്തിൽ ജനപ്രതിനിധികളുടെയും ഉദ്യോഗസ്ഥരുടെയും നേതൃത്വത്തിൽ യോഗം ചേർന്ന് ഇക്കാര്യം ചർച്ച ചെയ്യാനും കുടിശ്ശിക പിരിച്ചെടുക്കുന്നതിന് ക്രമീകരണമുണ്ടാക്കി പ്രശ്ന പരിഹാരം കാണാനും നിർദ്ദേശിച്ചിട്ടുണ്ട്.

## ഉദയ് പദ്ധതി

243(691) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കെ.എസ്.ഇ.ബി.-യിൽ കേന്ദ്രാവിഷ്കൃത പദ്ധതിയായ ഉദയ് നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ അത് ഏതുഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(ബി) ഉദയ് പദ്ധതിയുടെ വിശദ വിവരങ്ങൾ ലഭ്യമാക്കുമോ?

ഉത്തരം

(എ&ബി) ഉദയ് പദ്ധതി കേരളത്തിൽ നടപ്പാക്കുന്നത് സംബന്ധിച്ച ത്രികക്ഷി കരാറിൽ കേരളം 2017 മാർച്ച് 15-ാം തീയതി ഒപ്പു വച്ചിട്ടുണ്ട്. അതിന്റെ പൂർണ്ണ രൂപത്തിൽ വൈദ്യുതി വിതരണ കമ്പനികളുടെ സാമ്പത്തികക്ഷമത വർദ്ധിപ്പിക്കുക, പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുക എന്ന രണ്ട് ഭാഗങ്ങളുള്ളതിൽ പ്രവർത്തനക്ഷമത വർദ്ധിപ്പിക്കുകയെന്നത് മാത്രമേ കേരളത്തിന്റെ കരാറിൽ ഭാഗമാകുന്നുള്ളൂ. ഉദയ് ധാരണപത്ര പ്രകാരം സംസ്ഥാന സർക്കാർ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് എന്നിവരുടെ പ്രധാന ബാദ്ധ്യതകൾ അനുബന്ധമായി നൽകുന്നു.*

**അക്ഷയ ഊർജ്ജസേവനകേന്ദ്രങ്ങൾ**

244(692) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിയോജകമണ്ഡലങ്ങൾതോറും അക്ഷയ ഊർജ്ജസേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചതിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ വ്യക്തമാക്കുമോ;

(ബി) പ്രസ്തുത അക്ഷയ ഊർജ്ജസേവനകേന്ദ്രങ്ങൾ നിശ്ചയിക്കുന്നതിന്റെ നടപടിക്രമങ്ങൾ പൂർത്തീകരിച്ചോ; കൊല്ലം ജില്ലയിൽ നിശ്ചയിക്കപ്പെട്ട സേവന കേന്ദ്രങ്ങളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) നിലവിൽ പൊതുജനങ്ങൾക്കായാലും വിവിധ സ്ഥാപനങ്ങൾക്കായാലും അവർക്ക് അനുയോജ്യമായ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും അറ്റകുറ്റപ്പണികൾക്കും ആവശ്യമായ സഹായം വളരെ പരിമിതമായതിനാൽ അത് പരിഹരിക്കുകയെന്ന ലക്ഷ്യത്തോടുകൂടിയാണ് സംസ്ഥാനത്ത് ഒരു അസംബ്ലി നിയോജകണ്ഡലത്തിൽ ഒന്ന് എന്ന കണക്കിന് സ്വകാര്യ സംരംഭങ്ങളുടെ സഹായത്തോടെ 140 അക്ഷയ ഊർജ്ജസേവന കേന്ദ്രങ്ങൾ ആരംഭിക്കാൻ തീരുമാനിച്ചത്.

(ബി) അക്ഷയ ഊർജ്ജസേവന കേന്ദ്രങ്ങൾ തെരഞ്ഞെടുക്കുന്നതിന്റെ നടപടിക്രമങ്ങൾ ജൂൺ മാസത്തോടുകൂടി പൂർത്തീകരിക്കുന്നതാണ്. കൊല്ലം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ജില്ലയിൽ 11 അസംബ്ലി നിയോജകമണ്ഡലങ്ങൾക്കുകൂടി ആകെ 191 അപേക്ഷകളാണ് ലഭിച്ചത്. പ്രാഥമിക തെരഞ്ഞെടുപ്പ് നടപടികൾക്കുശേഷം ഇപ്പോൾ നിലവിൽ 88 പേരാണ് ലിസ്റ്റിലുള്ളത്. ജൂൺ രണ്ടാം വാരത്തോടുകൂടി ഫീൽഡ് ലെവൽ പരിശോധനയുടെ അടിസ്ഥാനത്തിൽ സംരംഭകരുടെ തെരഞ്ഞെടുപ്പ് പൂർത്തിയാക്കുന്നതാണ്.

**ഹൈഡൽ ടൂറിസം**

245(693) <u>ശ്രീ.സി. ദിവാകരൻ :</u>

<u>ശ്രീമതി ഇ. എസ്. ബിജിമോൾ :</u>

<u>ശ്രീമതി ഗീതാ ഗോപി :</u>

<u>ശ്രീ. കെ. രാജൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഹൈഡൽ ടൂറിസം നടപ്പാക്കുന്നുണ്ടോ; വിശദമാക്കുമോ;

(ബി) ഇടുക്കി ആർച്ച് ഡാം കേന്ദ്രമാക്കി ടൂറിസം ഹബ്ബ് രൂപപ്പെടുത്തുന്നതിന് പദ്ധതിയുണ്ടോ; വ്യക്തമാക്കുമോ;

(സി) ഇടുക്കി അണക്കെട്ട് കേന്ദ്രീകരിച്ച് അമ്യൂസ്മെന്റ് പാർക്കുകൾ സ്ഥാപിക്കുന്നതിന് നീക്കമുണ്ടോ; വ്യക്തമാക്കുമോ;

(ഡി) ഇടുക്കിയിൽ ടുലിപ് ഉദ്യാനം സ്ഥാപിക്കുന്നതിന് നീക്കമുണ്ടോ; വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്. കെ.എസ്.ഇ.ബി.-യുടെ കീഴിലുള്ള ഡാമുകളിലും അനുബന്ധ പ്രദേശങ്ങളിലും പാർക്കുകൾ, ഉദ്യാനങ്ങൾ എന്നിവ നിർമ്മിച്ച് പരിസ്ഥിതി സൗഹൃദ ടൂറിസം വളർത്തിയെടുക്കുകയെന്നതാണ് കേരള ഹൈഡൽ ടൂറിസം സെന്ററിന്റെ ഉദ്ദേശ്യലക്ഷ്യങ്ങൾ.

(ബി) ഇടുക്കി ആർച്ച് ഡാം കേന്ദ്രീകരിച്ച് ബൃഹത്തായ ലേസർ ഷോ അടക്കമുള്ള ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നു.

(സി) ഇടുക്കി അണക്കെട്ട് കേന്ദ്രീകരിച്ച് അമ്യൂസ്മെന്റ് പാർക്കുകൾ, ബോട്ടിംഗ്, ലേസർ ഷോ, നാടുകാണി പവലിയൻ തുടങ്ങിയവ നടത്തുവാൻ ഉദ്ദേശിക്കുന്നു.

(ഡി) ഇടുക്കി ജില്ലയിലെ കുണ്ടള ഡാമിൽ ഏകദേശം 30 ഏക്കർ വിസ്തൃതിയിൽ ഒരു ടൂലിപ് ഉദ്യാനം നിർമ്മിക്കുവാൻ ഉദ്ദേശിക്കുന്നു.

## ചെറുകിട ജലവൈദ്യുത പദ്ധതികൾ

246(694) ശ്രീ. വി. ടി. ബൽറാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം എത്ര ചെറുകിട ജലവൈദ്യുത പദ്ധതികൾ ആരംഭിച്ചു; ഇവയുടെ നിർമ്മാണപ്രവർത്തനം ഏതുഘട്ടത്തിലാണ്;

(ബി) ഇതുവരെ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും ഇതിൽനിന്നും എത്ര യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിച്ചിട്ടുണ്ടെന്നും അതിൽനിന്നും കെ.എസ്.ഇ.ബി.-യ്ക്ക് ലഭിച്ച വരുമാനം എത്രയെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ കീഴിൽ, ചെറുകിട ജലവൈദ്യുത പദ്ധതികളായ അപ്പർ കല്ലാർ (2MW/5.14 Mu), പഴശ്ശി സാഗർ (7.5 MW/25.16 Mu), ചിന്നാർ (24 MW/76.49 Mu) എന്നീ പദ്ധതികളുടെ നിർമ്മാണ പ്രവർത്തനം ആരംഭിച്ചു. കൂടാതെ മുടങ്ങിക്കിടന്നിരുന്ന 6 MW-ന്റെ ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണപ്രവർത്തനങ്ങൾ 9-11-2017-ൽ പുനരാരംഭിച്ചു. ഇതിനുപുറമെ പെരുവണ്ണാമൂഴി (6 MW/24.7 Mu)-ന്റെ നിർമ്മാണ പ്രവർത്തനങ്ങൾക്കുള്ള കരാർ നൽകി, പണി ഉടനെ ആരംഭിക്കും. മേൽപ്പറഞ്ഞ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു*.

MNRE-യുടെ സബ്സിഡിയോടുകൂടി 2016-17-ൽ ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷി വരുന്ന 30-ഓളം പൈക്കോ ജലവൈദ്യുത പദ്ധതികൾ നടപ്പിലാക്കി.

ഇ.എം.സി., നെയ്‌വേലി ലിഗ്‌നൈറ്റ് കോർപ്പറേഷനിൽ വെള്ളത്തിന്റെ ഒഴുക്ക് ഉപയോഗപ്പെടുത്തി 5 kW-ന്റെ 4 ടർബയിനുകൾ വിജയകരമായി കമ്മീഷൻ ചെയ്യുകയുണ്ടായി. ഇതേ മാതൃകയിൽ കെ.എസ്.ഇ.ബി.-യുടെ കക്കാട് ജലവൈദ്യുത പദ്ധതിയുടെ ടെയിൽ റെയിസിലെ വെള്ളത്തിന്റെ ഒഴുക്ക് ഉപയോഗപ്പെടുത്തി 25 kW-ന്റെ കൈനെറ്റിക് ടർബയിനുകൾ പരീക്ഷിക്കുന്നതിന് വേണ്ടിയുള്ള ഇ-ടെണ്ടർ നടപടികൾ അവസാനഘട്ടത്തിലാണ്.

47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻ വേണ്ടിയുള്ള

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുമതി നൽകി. കൂടാതെ മുമ്പ് കൊടുത്ത പദ്ധതികളിൽ 4.50 MW-ന്റെ കാരിക്കയം ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടവും 8 MW ശേഷിയുള്ള പാതങ്കയം പദ്ധതിയുടെയും നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകിവരുന്നു. 4.5 MW-ന്റെ അരിപ്പാറ, 8 MW-ന്റെ അനക്കാംപോയിൽ എന്നീ പദ്ധതികളുടെ നിർമ്മാണം 2018 ഡിസംബർ മാസത്തോടെ സമയബന്ധിതമായി നടപ്പിലാക്കാൻ നടപടികളെടുത്തു.

ഇടുക്കി ജില്ലയിലെ മറയൂരിനടുത്തുള്ള ഈച്ചാംപെട്ടി ആദിവാസി കോളനിയിൽ 4 കിലോവാട്ടിന്റെ മൈക്രോ ഹൈഡ്രോ ജല വൈദ്യുതി ഉപയോഗിച്ച് മൈക്രോ ഗ്രിഡ് സംവിധാനം നടപ്പിലാക്കി വൈദ്യുതീകരിച്ചു.

തിരുവനന്തപുരം നഗരത്തിലെ കാഞ്ഞിരംപാറ വാർഡിൽ കിള്ളിയാറിൽ കാട്ടുവെട്ടി എന്ന സ്ഥലത്ത് കൃത്രിമ ചുഴി സൃഷ്ടിച്ച് ടർബൈൻ പ്രവർത്തിപ്പിച്ച് 20 kW വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഒരു പദ്ധതിയുടെ പണികൾ ആരംഭിച്ചു. ഈ പദ്ധതി പൂർത്തിയായാൽ തിരുവനന്തപുരം നഗരസഭയ്ക്ക് കൈമാറുന്നതാണ്. ഇത് ഇത്തരത്തിൽ വാണിജ്യാടിസ്ഥാനത്തിൽ വൈദ്യുതി ഉത്പാദിപ്പിക്കുന്ന ഇന്ത്യയിലെ ആദ്യത്തെ പദ്ധതിയായിരിക്കും.

കേരളത്തിലെ വിവിധ നദികളിൽ നിന്നുമുള്ള വൈദ്യുതി (ചെറുകിട) ഉത്പാദനശേഷി നിശ്ചയിക്കാനുതകുന്ന പഠനം നടത്തുന്നതിന്റെ ഭാഗമായി തിരുവനന്തപുരം, കൊല്ലം ജില്ലകളിൽ രണ്ട് വീതം നദികളുടെ ജലവൈദ്യുത ഉത്പാദനശേഷി നിർണ്ണയം നടത്തിവരുന്നു.

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം താഴെപ്പറയുന്ന ചെറുകിട ജലവൈദ്യുത പദ്ധതികൾ കമ്മീഷൻ ചെയ്തു:

| സ്ഥാപിതശേഷി | ഉത്പാദനം (ദശലക്ഷം യൂണിറ്റ് - 30-4-2018 വരെ) |
|---|---|
| 1. വെള്ളത്തുവൽ - 3.6 MW (2x1.8) | 7.6029 മില്യൺ യൂണിറ്റ് |
| 2. പതങ്കയം - 8 MW (2x3.5+1x1) | 11.0872 മില്യൺ യൂണിറ്റ് |
| 3. പെരുംതേനരുവി - 6 MW (2x3) | 3.1785 മില്യൺ യൂണിറ്റ് |
| ആകെ 17.6 മെഗാവാട്ട് | 21.8686 മില്യൺ യൂണിറ്റ് |

കൂടാതെ 3 MW-ന്റെ കക്കയം ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്നും പരീക്ഷണാടിസ്ഥാനത്തിൽ വൈദ്യുതി ഉത്പാദനം ആരംഭിച്ചു. ഈ പദ്ധതി ഉടനെ കമ്മീഷൻ ചെയ്യുന്നതാണ്.

ഇതിൽ 8 MW പതങ്കയം ചെറുകിട ജലവൈദ്യുത പദ്ധതിയിൽനിന്നും ഏപ്രിൽ 2018 വരെ 10.528 ദശലക്ഷം യൂണിറ്റ് വൈദ്യുതി കെ.എസ്.ഇ.ബി.എൽ. വാങ്ങിയിട്ടുണ്ട്.

ഇവയിൽ ബോർഡിന്റെ പദ്ധതികളിൽനിന്നുമുള്ള ഉത്പാദനത്തിലൂടെ ഏതാണ്ട് ആറു കോടി രൂപയുടെ വരുമാനം നേടാനായിട്ടുണ്ട്.

## ചെറുകിട ജലവൈദ്യുത പദ്ധതികളെ പുനരുജ്ജീവിപ്പിക്കുന്നതിന് നടപടി

247(695) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് നിർമ്മാണം മുടങ്ങിക്കിടക്കുന്ന അൻപതോളം ചെറുകിട ജലവൈദ്യുതപദ്ധതികളെ പുനരുജ്ജീവിപ്പിക്കുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ഈ പദ്ധതികളെ പുനരുജ്ജീവിപ്പിക്കുന്നതിലൂടെ അഞ്ഞൂറ് മെഗാവാട്ടോളം വൈദ്യുതി അധികമായി ഉല്പാദിപ്പിക്കുവാൻ കഴിയുമെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) പ്രസ്തുത പദ്ധതികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ സാധിക്കുമെന്ന് വെളിപ്പെടുത്തുമോ;

(ഡി) പ്രസ്തുത പദ്ധതികൾ കിഫ്ബി മുഖേന നടപ്പിലാക്കാൻ മുൻകൈയ്യെടുക്കുമോ എന്നറിയിക്കാമോ?

### ഉത്തരം

(എ & ബി) കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളൊന്നും ഇപ്പോൾ മുടങ്ങിക്കിടക്കുന്നില്ല. നിർമ്മാണം മുടങ്ങിക്കിടന്ന കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിലുള്ള 6 മെഗാവാട്ടിന്റെ ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണ പ്രവർത്തനങ്ങൾ 9-11-2017-ൽ ആരംഭിച്ചു.

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി സ്വകാര്യ സംരംഭകർക്കായി അനുവദിച്ച ചെറുകിട ജലവൈദ്യുത പദ്ധതികളിൽ നിർമ്മാണം തുടങ്ങിയവയൊന്നും മുടങ്ങിക്കിടക്കുന്നില്ല.

(സി) നിർമ്മാണ പ്രവർത്തനം പുനരാരംഭിച്ച ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി (6 മെഗാവാട്ട്) 11/2019-ൽ പൂർത്തീകരിക്കാനാണ് ലക്ഷ്യമിടുന്നത്.

(ഡി) കെ.എസ്.ഇ.ബി.എൽ.-ന്റെ പദ്ധതികൾ തനത് ഫണ്ടുപയോഗിച്ചും ധനകാര്യ സ്ഥാപനങ്ങളിൽനിന്നും വായ്പയെടുത്തുമാണ് നടപ്പിലാക്കിവരുന്നത്. ഈ പദ്ധതികൾക്ക് നിലവിൽ കിഫ്ബിയിൽനിന്നും വായ്പയെടുത്തിട്ടില്ല.

## പാറശ്ശാല മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

248(696) ശ്രീ. സി. കെ. ഹരീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജകമണ്ഡലത്തിൽ അനുവദിച്ചിട്ടുള്ള വൈദ്യുതിയുമായി ബന്ധപ്പെട്ട പദ്ധതികൾ ഏതൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) പാറശ്ശാല മണ്ഡലത്തിൽ പുതുതായി ഏതെല്ലാം പദ്ധതികളാണ് പരിഗണനയിലുള്ളതെന്ന് അറിയിക്കാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം പാറശ്ശാല നിയോജക മണ്ഡലത്തിൽ 491.861 ലക്ഷം രൂപയുടെ DDUGJY പദ്ധതി പ്രകാരമുള്ള പ്രവൃത്തികളും 104.02 ലക്ഷം രൂപയുടെ PPS വർക്കുകളും അനുവദിച്ചിട്ടുണ്ട്. ഇതു കൂടാതെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരമുള്ള പ്രവൃത്തികളും ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ചുള്ള മറ്റ് പ്രവൃത്തികൾക്കുമായി 259.86 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(ബി) 2018-2021 കാലയളവുകളിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സ രഹിതവുമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി പാറശ്ശാല നിയോജകമണ്ഡലത്തിലെ വിതരണ മേഖലയിൽ ബോർഡിന്റെ തനത് ഫണ്ടുപയോഗിച്ച് നടപ്പിലാക്കേണ്ട 357 ലക്ഷം രൂപയുടെ പ്രവൃത്തികൾ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്തിട്ടുണ്ട്. ഇത് പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

## സ്വകാര്യ മേഖലയിൽ ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി

249(697) ശ്രീ. റോജി എം. ജോൺ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം പുതുതായി സ്വകാര്യ മേഖലയിൽ ചെറുകിട വൈദ്യുത പദ്ധതികൾ ആരംഭിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ ;

(ബി) തൃശ്ശൂർ കോർപ്പറേഷന് ചെറുകിട വൈദ്യുത പദ്ധതി ആവിഷ്കരിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ടോ;

(സി) സ്വകാര്യ വൈദ്യുത ഉല്പാദകരിൽ നിന്ന് വാങ്ങുന്ന വൈദ്യുതിക്ക് കെ.എസ്.ഇ.ബി. ഏകീകൃത വിലയാണോ നൽകുന്നത്; അല്ലെങ്കിൽ ഇതിന്റെ വില

നൽകുന്നത് കേരള സ്റ്റേറ്റ് വൈദ്യുത റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കിലാണോ; വ്യക്തമാക്കുമോ ;

(ഡി) നിലവിൽ സ്വകാര്യ ചെറുകിട ഉല്പാദകരിൽനിന്നും കെ.എസ്.ഇ.ബി വിലയ്ക്ക് വാങ്ങുന്ന വൈദ്യുതിക്ക് നല്കുന്ന വില എത്രയെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ഈ സർക്കാർ നിലവിൽ വന്നശേഷം 47 MW സ്ഥാപിതശേഷി വരുന്ന 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ അനുവദിച്ച് നൽകിയിട്ടുണ്ട്. ഈ പദ്ധതികളുടെ വിവരങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ഉണ്ട്. 4 ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങുന്നതിനായുള്ള അനുമതി നൽകിയിട്ടുണ്ട്. 10 MW ആവേർകുട്ടി, 10 MW കണ്ണൻകുഴി, 4 MW കാഞ്ഞിരകൊല്ലി, 1.5 MW ഇട്ടിയാനി.

(സി) അല്ല. നിലവിലുള്ള ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും സർക്കാർ ഇതിനകം അനുമതി നൽകിയിട്ടുള്ള ജലവൈദ്യുത പദ്ധതികളിൽനിന്നും വാങ്ങുന്ന വൈദ്യുതിക്ക് കേരള സ്റ്റേറ്റ് വൈദ്യുത റെഗുലേറ്ററി കമ്മീഷൻ നിശ്ചയിക്കുന്ന നിരക്കാണ് കെ.എസ്.ഇ.ബി. നൽകുന്നത്. പുതിയതായി ആരംഭിക്കുന്ന സ്വകാര്യ ജലവൈദ്യുത പദ്ധതികൾക്ക് മത്സരാധിഷ്ഠിത ടെണ്ടർ വഴി കണ്ടെത്തുന്ന നിരക്ക് ബാധകമാക്കാനാണ് നിശ്ചയിച്ചിട്ടുള്ളത്.

(ഡി) നിലവിൽ സ്വകാര്യ ചെറുകിട വൈദ്യുത ഉത്പാദകരിൽനിന്നും കെ.എസ്.ഇ.ബി. കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ നിശ്ചയിച്ച ചുവടെ ചേർത്തിരിക്കുന്ന നിരക്കിലാണ് വൈദ്യുതി വാങ്ങുന്നത്.

| | | | |
|---|---|---|---|
| 1 | അള്ളുങ്കൽ | 7 MW | 2.44 രൂപ/യൂണിറ്റ് |
| 2 | കാരിക്കയം | 10.5 MW | 4.16 രൂപ/യൂണിറ്റ് |
| 3 | മീൻവല്ലം | 3 MW | 4.88 രൂപ/യൂണിറ്റ് |
| 4 | കല്ലാർ | 50 KW | 4.88 രൂപ/യൂണിറ്റ് |
| 5 | മാങ്കുളം | 2x55 KW | 4.88 രൂപ/യൂണിറ്റ് |
| 6 | പതങ്കയം | 8 MW | 3.49 രൂപ/യൂണിറ്റ്* |

*(വൈദ്യുതി വാങ്ങൽ കരാർ തീരുമാനത്തിനുള്ള നടപടിക്രമങ്ങൾ പുരോഗമിക്കുന്നതിനാൽ ബോർഡ് അംഗീകരിച്ച ഇടക്കാല നിരക്ക്).

7. വിയാറ്റ് (I&II) 3 MW + 1.5 MW

പ്രതിവർഷ ഉത്പാദനത്തിന്റെ ആദ്യത്തെ 11.92 ദശ ലക്ഷം യൂണിറ്റ്, യൂണിറ്റിന് 2.70 രൂപ നിരക്കിലും പിന്നീടുള്ള 3.87 ദശലക്ഷം യൂണിറ്റ് യൂണിറ്റിന് 2.94 രൂപ നിരക്കിലും ഇതിൽ കവിഞ്ഞുള്ള ഉത്പാദനത്തിന് 11.92:3.87 എന്ന അനുപാതത്തിൽ മേൽപ്പറഞ്ഞ അതാത് നിരക്കിലുമാണ് വാങ്ങുന്നത്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി രംഗത്തെ പരിഷ്കാരങ്ങൾ

250(698) ശ്രീ. ജോർജ് എം. തോമസ് :
ശ്രീ. ഡി. കെ. മുരളി :
ശ്രീ. യു. ആർ. പ്രദീപ് :
ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയപ്പോൾ എത്ര പുതിയ വൈദ്യുതി കണക്ഷനുകളാണ് നൽകേണ്ടിവന്നതെന്ന കണക്ക് ലഭ്യമാണോ ;

(ബി) ഇപ്രകാരം വൈദ്യുതിയുടെ ഉപഭോഗം വർദ്ധിച്ചപ്പോഴും കടുത്ത വരൾച്ചയെ നേരിട്ടപ്പോഴും ലോഡ് ഷെഡിംഗും പവർകട്ടും ഏർപ്പെടുത്താതെ വൈദ്യുതി നൽകുവാൻ എന്തെല്ലാം നടപടികളാണ് സ്വീകരിച്ചതെന്ന് വ്യക്തമാക്കാമോ ;

(സി) ഗുണമേന്മയുള്ള വൈദ്യുതിയുടെ നിരന്തര ലഭ്യത ഉറപ്പാക്കുന്നതിന് പുറമേ വൈദ്യുതി വിതരണ നഷ്ടം ഗണ്യമായി കുറയ്ക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം 1,50,384 പുതിയ വൈദ്യുതി കണക്ഷനുകളാണ് നൽകിയത്.

(ബി) വർദ്ധിച്ച ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി ആഭ്യന്തര സ്രോതസ്സുകളിൽനിന്നും ഉപയുക്തമാകുന്ന 1600 മുതൽ 1700 മെഗാവാട്ട് വൈദ്യുതിക്ക് പുറമേ കേരളത്തിന് പുറത്തുനിന്നുള്ള ഉത്പാദകരിൽനിന്നും ദീർഘകാലാടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങി. ഇതിൽ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുമുള്ള 1683 വെഗാവാട്ടും സംസ്ഥാനത്തിന് പുറത്തുള്ള താപനിലയങ്ങളിൽ നിന്നുമുള്ള 1215 മെഗാവാട്ട് വൈദ്യുതിയും ഉൾപ്പെടുന്നു. ഇപ്രകാരം പുറമേ നിന്നുള്ള താരതമ്യേന വിലക്കുറവുള്ള വൈദ്യുതി വാങ്ങിയും വേനലിലേയ്ക്ക് കരുതിവച്ച സംഭരണശേഷി ആവശ്യാനുസരണം ഉപയോഗിച്ച് ജലവൈദ്യുതനിലയങ്ങൾ പ്രവർത്തിപ്പിച്ചും അത്യാവശ്യഘട്ടങ്ങളിൽ മാത്രം സംസ്ഥാനത്തെ താപനിലയങ്ങൾ പ്രവർത്തിപ്പിച്ചും ആവശ്യാനുസരണം പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയുമാണ് 2017-ലെയും 2018-ലെയും വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം ലോഡ്ഷെഡ്ഡിംഗോ പവർക്കട്ടോ ഇല്ലാതെ വൈദ്യുതി വിതരണം സാധ്യമാക്കിയത്.

(സി) 2021 വർഷത്തോടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിലെ പദ്ധതികളും പ്രവൃത്തികളും ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾതലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ GIS അധിഷ്ഠിത രേഖാചിത്രം KSEB ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കിക്കഴിഞ്ഞു. തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വൈദ്യുതി വിതരണ ശൃംഖലയിലെ ഊർജ്ജ നഷ്ടം കുറയ്ക്കുന്നതിനായി പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക (Reconductoring), സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈൻ ആക്കി മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ പ്രവൃത്തികളും 2018-2021 കാലയളവിൽ നടപ്പിലാക്കേണ്ട പദ്ധതികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

**ജലവൈദ്യുത പദ്ധതികൾ**

251(699) ശ്രീ. കെ. കൃഷ്ണൻകുട്ടി:
ശ്രീ. സി. കെ. നാണു:
ശ്രീ. കോവൂർ കുഞ്ഞുമോൻ:
ശ്രീ. കെ. ബി. ഗണേഷ് കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ നദികളിൽ ലഭ്യമായതിൽ എത്ര ടി.എം.സി. ജലം ഇപ്പോൾ ജലവൈദ്യുത പദ്ധതികൾക്കായി ഉപയോഗിക്കുന്നുണ്ട്;

(ബി) പാഴായിപ്പോകുന്ന ജലം ഉപയോഗിച്ച് കേരളത്തിൽ മൊത്തം എത്ര പുതിയ ജലവൈദ്യുത പദ്ധതികൾക്കുള്ള സാധ്യതകൾ വൈദ്യുതി വകുപ്പ് കണ്ടെത്തിയിട്ടുണ്ട്; ഇതിൽ എത്രയെണ്ണത്തിന് ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്; എത്ര പദ്ധതികൾ കേന്ദ്ര പാരിസ്ഥിതികാനുമതി ലഭ്യമാക്കാൻ സമർപ്പിച്ചിട്ടുണ്ട്;

(സി) കാശ്മീർ പോലെയുള്ള ഉത്തരേന്ത്യൻ സംസ്ഥാനങ്ങളിൽ വൻകിട ജലവൈദ്യുത പദ്ധതികൾക്ക് കേന്ദ്ര സർക്കാർ പാരിസ്ഥിതിക അനുമതി നൽകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇതിന്റെ അടിസ്ഥാനത്തിൽ, നിലവിൽ അനുമതി നിഷേധിക്കപ്പെട്ട പദ്ധതികൾ പുനഃസമർപ്പണത്തിന് ഉദ്ദേശിക്കുന്നുണ്ടോ;

(ഡി) ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച് നിലപാട് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) 2015-16 ജലവർഷത്തെ അടിസ്ഥാനമാക്കി കഴിഞ്ഞ പത്തുവർഷത്തെ ജലലഭ്യതയുടെ അടിസ്ഥാനത്തിൽ പ്രതിവർഷം ഉദ്ദേശ്യം 500 ടി.എം.സി.-യോളം ജലം ജലവൈദ്യുത പദ്ധതികൾക്കായി ഉപയോഗപ്പെടുത്തുന്നുണ്ട്. ഇതിൽ ശ്രേണികളായി പുനരുപയോഗം ചെയ്യപ്പെടുന്ന വിവിധ ജലവൈദ്യുത പദ്ധതികളിലെ ജല ഉപയോഗം ഉൾപ്പെടുത്തിയിട്ടുണ്ട്.

(ബി) പാഴായിപ്പോകുന്ന ജലം ഉപയോഗിച്ച് കേരളത്തിൽ ഏകദേശം 126 പദ്ധതികളിലൂടെ 3638.2 മെഗാവാട്ട് (6583 മില്യൺ യൂണിറ്റ്) ലഭ്യമാക്കാൻ പര്യാപ്തമായ പദ്ധതികൾ ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് വിഭാവനം ചെയ്തിട്ടുണ്ട്. ഇതിൽ 30 പദ്ധതികളുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. കെ.എസ്.ഇ.ബി.എൽ. സമർപ്പിച്ച ഒരു ജലവൈദ്യുത പദ്ധതിയും ഇപ്പോൾ കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പരിഗണനയിലില്ല.

കേരളത്തിൽ ചെറുകിട ജലവൈദ്യുത പദ്ധതികളിൽനിന്നും 700 മെഗാവാട്ടോളം ഉൽപ്പാദന സാധ്യതയുണ്ടെന്ന് പഠനങ്ങൾ തെളിയിച്ചിട്ടുണ്ട്. വൻകിട പദ്ധതികൾക്കൊപ്പം ചെറുകിട ജലവൈദ്യുത പദ്ധതികൾക്കും പ്രാധാന്യം നൽകി വരുന്നുണ്ട്. വലിയ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ബുദ്ധിമുട്ടുകാരണം ലോഹെഡ് ടർബൈയിനുകൾ ഉപയോഗിച്ചുള്ള വൈദ്യുത ഉൽപ്പാദനത്തിന് ഉപയോഗ്യമായ പദ്ധതികൾ കണ്ടുപിടിക്കുന്നതിനായി നദീതട സർവ്വേകൾ 3 ജില്ലകളിൽ നടത്തിവരുന്നു. ഇതിനുശേഷം പദ്ധതികൾ എളുപ്പം ചെയ്തുതീർക്കാവുന്ന രീതിയിൽ ഒരു ലിസ്റ്റ് തയ്യാറാക്കി ഇതിൽ നിന്നുള്ള പദ്ധതികളുടെ വിശദമായ രൂപരേഖ തയ്യാറാക്കുവാനാണ് പദ്ധതി വിഭാവനം ചെയ്യുന്നത്.

(സി) ഉണ്ട്. നേരത്തെ അനുമതി ലഭിച്ചിട്ടില്ലാത്ത പദ്ധതികളിൽ പുതുക്കിയ ഡി.പി.ആർ. തയ്യാറാകുന്ന മുറയ്ക്ക് അനുമതിക്ക് സമർപ്പിക്കുന്നതിന് ബോർഡിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

(ഡി) സാധ്യമായത്ര ജലവൈദ്യുത പദ്ധതികൾ പരമാവധി നടപ്പിലാക്കണമെന്നാണ് സർക്കാരിന്റെ ജലവൈദ്യുത പദ്ധതികൾ സംബന്ധിച്ച നിലപാട്. കൂടാതെ ചെറുകിട ജലവൈദ്യുത പദ്ധതികൾ പ്രോത്സാഹിപ്പിക്കുകയെന്ന നയത്തിന്റെ ഭാഗമായി 2012-ൽ ചെറുകിട ജലവൈദ്യുത പദ്ധതി നയം സർക്കാർ വിജ്ഞാപനം ചെയ്തിട്ടുണ്ട്.

## ഭൂഗർഭ കേബിളുകളും ഏരിയൽ ബഞ്ച്ഡ് കേബിളുകളും

252(700) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഭൂഗർഭ കേബിളുകളും ഏരിയൽ ബഞ്ച്ഡ് കേബിളുകളും സ്ഥാപിക്കുവാൻ കേന്ദ്രാവിഷ്കൃത പദ്ധതികളിൽനിന്നും സഹായം ലഭ്യമായിട്ടുണ്ടോയെന്നും ഉണ്ടെങ്കിൽ ആയത് ഏതെല്ലാം പദ്ധതികളിൽനിന്നും എത്ര കോടി രൂപ വീതമാണെന്നും വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികളനുസരിച്ച് ഇതുവരെ എത്ര കിലോമീറ്റർ ഭൂഗർഭ കേബിളുകളും ഏരിയൽ ബഞ്ച്ഡ് കേബിളുകളും സ്ഥാപിച്ചിട്ടുണ്ടെന്നുള്ള വിശദവിവരം ലഭ്യമാക്കാമോ?

### ഉത്തരം

(എ) ഉണ്ട്. ദീൻ ദയാൽ ഉപാദ്ധ്യായ ഗ്രാമജ്യോതി യോജന (ഡി.ഡി.യു.ജി.ജെ.വൈ.), ഇന്റഗ്രേറ്റഡ് പവർ ഡെവലപ്മെന്റ് സ്കീം (ഐ.പി.ഡി.എസ്.) എന്നീ പദ്ധതികളിൽ ലഭ്യമായിട്ടുണ്ട്.

| നമ്പർ | ഇനം | ഡി.ഡി.യു.ജി. ജെ.വൈ. (കോടി രൂപ) | ഐ.പി. ഡി.എസ്. (കോടി രൂപ) | ആകെ (കോടി രൂപ) | കേന്ദ്ര സർക്കാരിന്റെ ഗ്രാൻഡ് വിഹിതം (60%) |
|---|---|---|---|---|---|
| 1 | ഭൂഗർഭ കേബിൾ | | 60.07 | 60.07 | 30.042 |
| 2 | ഏരിയൽ ബഞ്ച്ഡ് കേബിൾ | 57.98 | 178.89 | 236.87 | 142.122 |
| | ആകെ | 57.98 | 238.96 | 296.94 | 178.164 |

(ബി) മേൽ പദ്ധതികളിൽ ഇതുവരെ സ്ഥാപിച്ച ഭൂഗർഭ കേബിളുകൾ ഏരിയൽ ബഞ്ച്ഡ് കേബിളുകൾ എന്നിവയുടെ വിശദാംശം.

| നമ്പർ | ഇനം | ഡി.ഡി.യു.ജി. ജെ.വൈ. (കി.മീ.) | ഐ.പി.ഡി.എസ്. (കി.മീ.) | ആകെ (കി.മീ.) |
|---|---|---|---|---|
| 1 | ഭൂഗർഭ കേബിൾ | | 11.14 | 11.14 |
| 2 | ഏരിയൽ ബഞ്ച്ഡ് കേബിൾ | 44.59 | 4.46 | 49.05 |

## വൈദ്യുതി വിതരണരംഗത്തെ നേട്ടങ്ങൾ

253(701) ശ്രീ. റ്റി. വി. രാജേഷ്:
ശ്രീ. കെ. ദാസൻ:
ശ്രീ. കെ. കുഞ്ഞിരാമൻ:
ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉല്പാദനക്കുറവിനും ഉപഭോഗ വർദ്ധനവിനും ഇടയാക്കിയ രൂക്ഷമായ വരൾച്ചയിലും കഴിഞ്ഞ രണ്ടു വർഷം ലോഡ്ഷെഡിംഗോ പവർകട്ടോ ഇല്ലാതെ വൈദ്യുതി വിതരണം സാധ്യമാക്കി പ്രശംസനീയ നേട്ടം കൈവരിക്കാൻ നടത്തിയ പ്രവർത്തനങ്ങൾ അറിയിക്കാമോ;

(ബി) പ്രസരണ വിതരണ മേഖലകളിൽ ഉണ്ടാകുന്ന നഷ്ടം കുറയ്ക്കാനായി കൈക്കൊണ്ട നടപടികൾ എന്തെല്ലാമാണ്;

(സി) വൈദ്യുതി വിതരണ രംഗം ആധുനികവൽക്കരിക്കാൻ തയ്യാറാക്കിയിട്ടുള്ള പദ്ധതിയുടെ വിശദാംശം നൽകുമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉണ്ടാകാമായിരുന്ന ഊർജ്ജ പ്രതിസന്ധി പരിഹരിക്കുന്നതിനായി പുറമേ നിന്ന് കുറഞ്ഞ നിരക്കിൽ വൈദ്യുതി ലഭ്യമായ സമയങ്ങളിൽ വാങ്ങി ജലവൈദ്യുതിയുടെ ഉൽപ്പാദനം ക്രമീകരിച്ച് പരമാവധി ജലം സംഭരിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിരുന്നു. നിലവിൽ ജല സംഭരണികളിലെ ജല ലഭ്യതയനുസരിച്ച് ഏകദേശം 970 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുവാൻ സാധിക്കും. ദിവസേന ശരാശരി 21 ദശലക്ഷം യൂണിറ്റ് വൈദ്യുതി, ജലവൈദ്യുതി പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിച്ചാൽ ഏകദേശം 46 ദിവസത്തേയ്ക്കുള്ള വെള്ളം വേനൽമഴ മൂലമുള്ള നീരൊഴുക്ക് കണക്കിലെടുക്കാതെ സംഭരണികളിൽ ലഭ്യമാണ്. കൂടാതെ സംസ്ഥാനത്തിന് പുറത്തുനിന്നും കൂടുതൽ വൈദ്യുതി ലഭ്യമാക്കുന്നതിന് വിവിധ കരാറുകളിൽ ബോർഡ് ഏർപ്പെട്ടിരുന്നു.

2018 വേനൽക്കാലത്താണ് കേരളത്തിലെ പരമാവധി പ്രതിദിന ഊർജ്ജ ഉപഭോഗമായ 80.94 ദശലക്ഷം യൂണിറ്റും, 4011 മെഗാവാട്ട് വൈദ്യുതിയുടെ ആവശ്യകതയും രേഖപ്പെടുത്തിയിരിക്കുന്നത്. വർദ്ധിച്ച ഈ ഊർജ്ജ ആവശ്യകത നിറവേറ്റുന്നതിനായി ആഭ്യന്തര സ്രോതസ്സുകളിൽനിന്നും ഉപയുക്തമാവുന്ന

1600 മുതൽ 1700 മെഗാവാട്ട് വൈദ്യുതിക്ക് പുറമേ കേരളത്തിന് പുറത്തുനിന്നുള്ള ഉൽപ്പാദകരിൽനിന്നും ദീർഘകാല അടിസ്ഥാനത്തിൽ കെ.എസ്.ഇ.ബി.എൽ. വൈദ്യുതി വാങ്ങുന്നു. ഇതിൽ കേന്ദ്ര വൈദ്യുതി നിലയങ്ങളിൽ നിന്നുള്ള 1683 മെഗാവാട്ടും സംസ്ഥാനത്തിന് പുറത്തുള്ള താപനിലയങ്ങളിൽ നിന്നുള്ള 1215 മെഗാവാട്ട് വൈദ്യുതിയും ഉൾപ്പെടുന്നു. 2017-ലെ വേനൽക്കാലത്തേയ്ക്ക് മാത്രം 300 മെഗാവാട്ട് വൈദ്യുതി പ്രതിദിനവും 100 മെഗാവാട്ട് വൈദ്യുതി രാത്രി കാലങ്ങളിലും ഹ്രസ്വകാല കരാറുകൾ മുഖേന വാങ്ങിയിട്ടുണ്ട്.

ഇപ്രകാരം പുറമേ നിന്നുള്ള വൈദ്യുതി പരമാവധി വിലകുറഞ്ഞ നിലയിൽ വാങ്ങിയും, വേനലിലേയ്ക്ക് കരുതിവച്ച സംഭരണശേഷി ആവശ്യാനുസരണം ഉപയോഗിച്ച് ജലവൈദ്യുത നിലയങ്ങൾ പ്രവർത്തിപ്പിച്ചും, അത്യാവശ്യഘട്ടങ്ങളിൽ മാത്രം സംസ്ഥാനത്തെ താപനിലയങ്ങൾ പ്രവർത്തിപ്പിച്ചും, ആവശ്യാനുസരണം പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയുമാണ് 2017-ലെയും 2018-ലെയും വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം, ലോഡ് ഷെഡ്ഡിംഗോ പവർകട്ടോ ഇല്ലാതെ വൈദ്യുതി വിതരണം സാധ്യമാക്കിയത്.

വൈദ്യുതി ആവശ്യകതയുടെ ഏകദേശം 28 ശതമാനം മാത്രമേ സംസ്ഥാനത്ത് ഉത്പാദിപ്പിക്കുവാൻ സാധിക്കുന്നുള്ളൂ. സംസ്ഥാനത്തിന് ആവശ്യമായ വൈദ്യുതിയുടെ 72 ശതമാനവും പുറത്തുനിന്നും, കേന്ദ്ര വിഹിതമായും, ദീർഘകാല കരാർവഴിയും, എക്സ്ചേഞ്ച് വഴിയുമാണ് ലഭ്യമാക്കുന്നത്. ദീർഘകാല കരാറുകൾവഴി ഏകദേശം 1102 മെഗാവാട്ട് വൈദ്യുതിയാണ് നിലവിൽ ലഭ്യമായിട്ടുള്ളത്. ഇതു കൂടാതെ 100 മെഗാവാട്ട് 2017 നവംബർ മുതൽ 2018 മാർച്ച് വരെ പകൽ സമയങ്ങളിൽ വാങ്ങുവാനും അത്രയുംതന്നെ വൈദ്യുതി അടുത്ത മഴക്കാലത്ത് ജൂൺ 16 മുതൽ സെപ്റ്റംബർ 30 വരെ തിരിച്ചുനൽകാനുമുള്ള കരാറിൽ ഏർപ്പെട്ടിട്ടുണ്ട്.

കേന്ദ്ര പൂളിൽ നിന്നുള്ള വൈദ്യുതിയുടെ ലഭ്യതയിലെ കുറവ് മൂലമോ, യന്ത്രത്തകരാറുമൂലമുള്ള ലഭ്യതക്കുറവുമൂലമോ വരുന്ന അതത് സമയത്തെ വൈദ്യുതി ആവശ്യകത നിറവേറ്റുന്നതിനായി പവർ എക്സ്ചേഞ്ച് വഴിയുള്ള "കണ്ടിജൻസ്" മാർക്കറ്റിൽനിന്നും വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.

മറ്റ് സംസ്ഥാനങ്ങൾക്ക് വേണ്ടെന്നു വയ്ക്കുന്ന കേന്ദ്ര വിഹിതം, പവർ എക്സ്ചേഞ്ചിൽ നിലവിലുള്ള വില എന്നിവ താരതമ്യം ചെയ്താണ് അധിക വൈദ്യുതി ലഭ്യമാക്കിയിരുന്നത്. കൂടാതെ ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ തമ്മിൽ അവിചാരിതമായി ഉണ്ടാകുന്ന ലഭ്യത കൂടുതൽ/കുറവുമൂലം വരുന്ന വൈദ്യുതി പരസ്പരം ഉപയോഗിക്കാനുള്ള കരാറനുസരിച്ചും ചുരുങ്ങിയ സമയങ്ങളിൽ വൈദ്യുതി ലഭ്യമാക്കിയിട്ടുണ്ട്.

(ബി) വിതരണ നഷ്ടം കുറയ്ക്കുന്നതിന് പുതിയ ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക, പുതിയ 11 കെ.വി. ലൈൻ നിർമ്മിച്ച് എച്ച്.റ്റി./എൽ.റ്റി. അനുപാതം കൂട്ടുക, നിലവിലുള്ള ചാലകശേഷി കുറഞ്ഞ വൈദ്യുതി കമ്പികൾ (Conductor) പുതിയ മെച്ചപ്പെട്ട കമ്പികൾ ഉപയോഗിച്ച് മാറ്റുക, സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുക, മെച്ചപ്പെട്ട മീറ്ററിംഗ് സംവിധാനം ഏർപ്പെടുത്തുക തുടങ്ങിയ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. കെ.എസ്.ഇ.ബി.-യുടെ വാർഷിക പദ്ധതിയിൽ ഉൾപ്പെടുത്തി വർഷാവർഷം ഇതിനുവേണ്ടി തുക വകയിരുത്തി പദ്ധതിയിൽ ഉൾപ്പെടുത്തിയ പണികൾ ചെയ്യാറുണ്ട്. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിതരണ മേഖലയിൽ 3596 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും 4587 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും 3525 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ലൈനാക്കി മാറ്റുകയും, 1796 കണ്ടക്ടർ കിലോമീറ്റർ 11 കെ.വി. ലൈൻ, 23082 കണ്ടക്ടർ കിലോമീറ്റർ എൽ.റ്റി. ലൈൻ എന്നിവയുടെ ശേഷി വർദ്ധിപ്പിക്കുകയും ചെയ്തിട്ടുണ്ട്.

പ്രസരണനഷ്ടം കുറയ്ക്കുന്നതിനായി ബോർഡ് നിരവധി പദ്ധതികൾ ആസൂത്രണം ചെയ്തിട്ടുണ്ട്. പുതിയ സബ് സ്റ്റേഷനുകളുടെ നിർമ്മാണം നിലവിലുള്ള സബ് സ്റ്റേഷനുകളുടെ നവീകരണം, വോൾട്ടേജ് വർദ്ധിപ്പിക്കൽ, പ്രസരണ ലൈനുകളുടെ ശേഷി വർദ്ധിപ്പിക്കൽ, വാഹകശേഷി കൂടിയ കണ്ടക്ടറുകൾ ഉപയോഗിച്ച് ലൈൻ നിർമ്മിക്കുക തുടങ്ങിയ പ്രവർത്തികൾ നടപ്പിലാക്കിവരുന്നു. കൂടാതെ പ്രസരണനഷ്ടം കുറച്ച്, പ്രസരണ മേഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണശേഷി ഉയർത്തുന്നതിനുമായി ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി വഴി നിലവിലുള്ള 110 കെ.വി. സബ് സ്റ്റേഷനുകൾ 220 കെ.വി. ആയി ഉയർത്തുകയും, പുതിയ 400 കെ.വി., 220 കെ.വി. സബ് സ്റ്റേഷനുകളും, 400/220/110 കെ.വി. ലൈനുകളും നിർമ്മിക്കുകയും ചെയ്യുന്നു.

(സി) 2021-ാം വർഷത്തോടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതുമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ നടപ്പാക്കേണ്ട പ്രവൃത്തികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. സുരക്ഷിതവും കാര്യക്ഷമവുമായ വൈദ്യുതി ലഭ്യമാക്കുന്നതിന് എച്ച്.റ്റി. ശൃംഖലയുടെ എല്ലാ ഭാഗത്തും കുറഞ്ഞത് രണ്ട് സ്രോതസ്സിൽ നിന്നെങ്കിലും വൈദ്യുതി എത്തിക്കുന്നതിന് സംവിധാനമൊരുക്കുക, എബിസി, ഭൂഗർഭ കേബിൾ തുടങ്ങിയ കവചിത ചാലകങ്ങൾ, എ.എം.യു. എന്നിവ ഉപയോഗിച്ച് പരമാവധി വൈദ്യുതി തടസ്സം ഒഴിവാക്കുക, പുരയിടങ്ങൾക്ക് കുറകെ കടന്നുപോകുന്ന ലൈനുകൾ വൈദ്യുതി തടസ്സത്തിനോ അപകടങ്ങൾക്കോ കാരണമാകുന്നുവെങ്കിൽ അവ മാറ്റി

സ്ഥാപിക്കുക, ലൈനുകളുടെയും പ്രതിഷ്ഠാപനങ്ങളുടെയും നവീകരണം ഉറപ്പാക്കുക തുടങ്ങിയ പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. 4035.57 കോടി രൂപയുടെ പദ്ധതികളാണ് വിഭാവനം ചെയ്തിട്ടുള്ളത്. ടി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

വൈദ്യുതി വിതരണരംഗം ആധുനികവൽക്കരിക്കാൻ വിവര സാങ്കേതികവിദ്യാടിസ്ഥാനത്തിൽ നടപ്പിലാക്കാൻ ഉദ്ദേശിക്കുന്ന പദ്ധതികൾ ഇവയാണ്.

1. ഫേസ്-2 ഐ.ടി. പദ്ധതി - കേന്ദ്ര ഗവൺമെന്റ് ആർ.എ.പി.ഡി.ആർ.പി. പദ്ധതിയുടെ തുടർച്ചയായി വിതരണ മേഖലയുടെ നവീകരിച്ച ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം, 21 നഗരങ്ങളിൽ രണ്ടാം ഘട്ടത്തിലേയ്ക്കുള്ള വിവരസാങ്കേതികവിദ്യ പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ഫേസ്-2 ഐ.ടി. പദ്ധതിക്കുള്ള തയ്യാറെടുപ്പുകൾ നടന്നുവരുന്നു. ആർ.എ.പി.ഡി.ആർ.പി. പദ്ധതി നടപ്പിലാക്കിയിട്ടുള്ള എല്ലാ വിവരസാങ്കേതികവിദ്യ പദ്ധതികളും 21 നഗരങ്ങളിൽ നടപ്പിലാക്കുന്നതാണ്. വിതരണ ശൃംഖലയുടെ ജി.ഐ.എസ്. മാപ്പിംഗ് നടത്തി വൈദ്യുതി നഷ്ടം കുറയ്ക്കാനും ഈ പദ്ധതി വഴി കഴിയുമെന്ന് പ്രതീക്ഷിക്കുന്നു. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 22.86 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. പദ്ധതി നടത്തിപ്പിനു വേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുത്തു. പദ്ധതിക്കുവേണ്ടിയുള്ള ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കുവാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2. സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി - ഐ.പി.ഡി.എസ്. (സംയോജിത ഊർജ്ജ വികസന) പദ്ധതി പ്രകാരം കേരളത്തിലെ 63 ഐ.പി.ഡി.എസ്. പട്ടണങ്ങളിലെ 230 യൂണിറ്റിനു മുകളിൽ പ്രതിമാസ വൈദ്യുതി ഉപഭോഗമുള്ള ഏകദേശം 3.2 ലക്ഷം ഉപഭോക്താക്കളുടെ ഇലക്ട്രോണിക് മീറ്റർ മാറ്റി സ്മാർട്ട് മീറ്റർ സ്ഥാപിച്ചുകൊണ്ട് സ്മാർട്ട് മീറ്റർ റോൾ ഔട്ട് പദ്ധതി ആരംഭിക്കുന്നു. ഘട്ടംഘട്ടമായി എല്ലാ ഉപഭോക്താക്കൾക്കും സ്മാർട്ട് മീറ്റർ സ്ഥാപിക്കുന്നതാണ്. പദ്ധതി നടപ്പിലാക്കാൻ വേണ്ടി പവർ ഫിനാൻസ് കോർപ്പറേഷന് സമർപ്പിച്ച പദ്ധതി റിപ്പോർട്ടിന് 5-12-2017-ന് അംഗീകാരം ലഭിച്ചിട്ടുണ്ട്. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 64.36 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിൽ 60 ശതമാനം ഗ്രാന്റായി ലഭിക്കുന്നതാണ്. ഈ പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടികൾ പുരോഗമിച്ചുവരുന്നു.

3. എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) - കേന്ദ്ര ഗവൺമെന്റിന്റെ വിതരണ മേഖലയുടെ നവീകരണത്തിനായി രൂപീകരിച്ച ഐ.പി.ഡി.എസ്. പദ്ധതിയുടെ ഭാഗമായിട്ടുള്ള എന്റർപ്രൈസ് റിസോഴ്സ് പ്ലാനിംഗ് (ഇ.ആർ.പി.) നടപ്പിലാക്കുന്നതിലൂടെ വൈദ്യുതി വിതരണരംഗത്ത് ഉയർന്ന കാര്യക്ഷമത ഉറപ്പുവരുത്തി പ്രസരണ വിതരണനഷ്ടം കുറച്ചുകൊണ്ടുവരുന്നതിനും കെ.എസ്.ഇ.ബി. ലിമിറ്റഡ് ലക്ഷ്യമിടുന്നു. ഈ പദ്ധതി നടപ്പിലാക്കാൻവേണ്ടി 42.64 കോടി രൂപയുടെ പദ്ധതി കേന്ദ്ര സർക്കാർ അംഗീകരിച്ചിട്ടുണ്ട്. ഇതിന്റെ 60 ശതമാനം ഗ്രാന്റായി ലഭിക്കുന്നതാണ്. പദ്ധതി നടത്തിപ്പിനുവേണ്ടിയുള്ള പ്രോജക്ട് മാനേജ്മെന്റ് ഏജൻസിയെ തെരഞ്ഞെടുത്തു. പദ്ധതിക്കുവേണ്ടിയുള്ള ഇംപ്ലിമെന്റേഷൻ ഏജൻസിയെ തെരഞ്ഞെടുക്കുവാനുള്ള ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

4. വൈദ്യുതി ഉപഭോക്താക്കൾക്ക് വൈദ്യുതി ചാർജ്ജ് അടക്കുന്നതിനുള്ള ബി.ബി.പി.എസ്. അടക്കമുള്ള കൂടുതൽ നൂതന സംവിധാനങ്ങൾ തയ്യാറാക്കിവരുന്നു.

5. തിരുവനന്തപുരം, കൊച്ചി, കോഴിക്കോട് പട്ടണങ്ങളിൽ സ്കാഡ കൺട്രോൾ സെന്റർ പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കാനുള്ള പദ്ധതി അവസാനഘട്ടത്തിലാണ്. സ്കാഡ പദ്ധതിയിൽ വിതരണ മേഖലയിലെ ഉപകരണങ്ങളുടെ കേന്ദ്രീകൃത നിയന്ത്രണവും അതു മുഖേന വൈദ്യുതി തടസ്സങ്ങൾ പരമാവധി കുറയ്ക്കുന്നതിനും ലക്ഷ്യമിടുന്നു.

## വൈദ്യുതി ഉത്പാദനവും ഉപഭോഗവും

254(702) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്ത് സമ്പൂർണ്ണ വൈദ്യുതീകരണം നടപ്പിലാക്കിയതോടെ വൈദ്യുതി ഉപഭോഗത്തിൽ വർദ്ധനവ് ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ;

(സി) ഉപഭോഗത്തിലെ വർദ്ധനവുമൂലം അധിക വൈദ്യുതി ഉത്പാദിപ്പിക്കേണ്ടതോ അന്യ സംസ്ഥാനങ്ങളിൽ നിന്ന് വാങ്ങേണ്ടതോ ആയ അവസ്ഥ ഉണ്ടായിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) നിർമ്മാണം മുടങ്ങിക്കിടന്ന 3 ജലവൈദ്യുത പദ്ധതികൾ പുനരാരംഭിച്ചു. നിർമ്മാണം നടന്നുവരുന്ന പദ്ധതികൾ ത്വരിതപ്പെടുത്തുന്നതിനായി പദ്ധതിയുടെ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തുന്നതിനും തടസ്സങ്ങൾ ഉണ്ടായാൽ അത് പരിഹരിക്കുന്നതിനുമായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പ്രോജക്റ്റ് മോണിറ്ററിംഗ് കമ്മിറ്റിക്ക് രൂപം നൽകി. രണ്ടു മാസം കൂടുമ്പോൾ പദ്ധതികളുടെ അവലോകനം നടത്തുന്നുണ്ട്. പുറമേ നിർമ്മാണപുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ പ്രോജക്റ്റ് മോണിറ്ററിംഗ് സെൽ 11-12-2017-ൽ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഊർജ്ജ വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്.

സംസ്ഥാനത്ത് വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിനായി 190.5 മെഗാവാട്ടിന്റെ 10 ജലവൈദ്യുത പദ്ധതിയുടെ നിർമ്മാണം പുരോഗമിക്കുന്നു. കൂടാതെ 125 മെഗാവാട്ടിന്റെ 13 ജലവൈദ്യുത പദ്ധതികൾ പുതുതായി ആവിഷ്കരിച്ചിട്ടുണ്ട്. മേൽപ്പറഞ്ഞ പദ്ധതിയുടെ വിവരങ്ങൾ അനുബന്ധം (1) & (2) ആയി ചേർത്തിരിക്കുന്നു*. ഇതിനുപുറമേ 2018-ൽ ഡീറ്റെയിൽഡ് പ്രോജക്റ്റ് റിപ്പോർട്ട് തയ്യാറാക്കുവാൻ ഉദ്ദേശിച്ചിട്ടുള്ള ജലവൈദ്യുത പദ്ധതികൾ ചുവടെ ചേർക്കുന്നു :

| | | |
|---|---|---|
| 1 | ചാത്തൻകോട്ടുനട സ്റ്റേജ് I | 5 MW |
| 2 | പശുക്കടവ് | 4 MW |
| 3 | കീരിത്തോട് | 21 MW |
| 4 | മൂരിക്കടവ് | 1.5 MW |
| 5 | പാംബ്ല | 10 MW |
| | ആകെ | 41.5 MW |

എനർജി മാനേജ്മെന്റ് സെന്ററിൽ പ്രവർത്തിക്കുന്ന സ്മാൾ ഹൈഡ്രോ പ്രൊമോഷൻ സെൽ വഴി ചെറുകിട ജലവൈദ്യുത പദ്ധതികളിലൂടെ വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിനായി 47.4 മെഗാവാട്ട് സ്ഥാപിതശേഷിയുള്ള 20 ചെറുകിട ജലവൈദ്യുത പദ്ധതികൾ 'ബൂട്ട്' (BOOT) അടിസ്ഥാനത്തിൽ നടപ്പിലാക്കാൻവേണ്ടിയുള്ള അനുമതി സർക്കാർ നൽകി. കൂടാതെ മുമ്പ് കൊടുത്ത

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

പദ്ധതികളിൽ 4.50 MW-ന്റെ കാരിക്കയം ജലവൈദ്യുത പദ്ധതിയുടെ രണ്ടാം ഘട്ടവും, 8 MW ശേഷിയുള്ള പാതങ്കയം പദ്ധതിയുടെയും നിർമ്മാണം പൂർത്തിയാക്കി വൈദ്യുതി കെ.എസ്.ഇ.ബി.-ക്ക് നൽകിവരുന്നു. 4.5 MW-ന്റെ അരിപ്പാറ, 8 MW-ന്റെ ആനക്കാംപോയിൽ എന്നീ പദ്ധതികളുടെ നിർമ്മാണം 2018 ഡിസംബർ മാസത്തോടെ സമയബന്ധിതമായി നടപ്പിലാക്കുവാൻ നടപടികളെടുത്തു.

ചെറു വെള്ളച്ചാട്ടങ്ങൾ/നീരൊഴുക്കുകൾ എന്നിവയിൽനിന്നും വൈദ്യുതി ഉത്പാദിപ്പിക്കുന്നതിനായി MNRE-യുടെ സബ്സിഡിയോടുകൂടി ഒരു കിലോവാട്ട് മുതൽ 5 കിലോവാട്ട് വരെ ശേഷി വരുന്ന പൈക്കോ ജലവൈദ്യുത പദ്ധതികൾ ഇ.എം.സി. നടപ്പിലാക്കിവരുന്നുണ്ട്. കൂടാതെ വിവിധതരം ടർബയിനുകൾ ഉപയോഗിച്ച് ചെറു പദ്ധതികൾ നടപ്പിലാക്കുന്നതിനുള്ള ശ്രമങ്ങളും നടത്തുന്നുണ്ട്.

സംസ്ഥാനത്തിന്റെ വൈദ്യുതോൽപ്പാദനശേഷി വർദ്ധിപ്പിക്കുന്നതിൽ അക്ഷയ ഊർജ്ജ സ്രോതസ്സുകൾക്ക് ഗണ്യമായ പങ്ക് നൽകുന്ന രീതിയിൽ അനെർട്ടിന്റെ വാർഷിക പദ്ധതികൾ പുനഃക്രമീകരിച്ചിട്ടുണ്ട്.

അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു.

കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിലുള്ള Solar Energy Corporation of India-യുടെ സഹകരണത്തോടെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സർക്കാരിന് മുതൽ മുടക്കില്ലാതെതന്നെ സൗരപ്ലാന്റുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു കഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ. പ്രധാന നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് സാധ്യമാകുന്ന എല്ലാ സ്വകാര്യ കെട്ടിടങ്ങളുടെയും മേൽക്കൂരയിൽ പ്ലാന്റ് സ്ഥാപിക്കുവാനും ഉദ്ദേശിക്കുന്നു. മൂന്ന് വർഷംകൊണ്ട് 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനം ഇത്തരത്തിൽ ലക്ഷ്യമിടുന്നു.

(ബി) വൈദ്യുതി ഉപഭോഗത്തിൽ 2017-18-ൽ മുൻവർഷത്തെ അപേക്ഷിച്ച് ഏകദേശം 4.33 ശതമാനം വർദ്ധനവാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് മുൻകാലങ്ങളിലെ വർദ്ധനവിനേക്കാൾ അധികമല്ല.

(സി) ഉപഭോഗ വർദ്ധനവ് കണക്കിലെടുത്ത് വൈദ്യുതി വാങ്ങലും ഉൽപ്പാദനവും ക്രമീകരിക്കുന്നതിനുള്ള ആസൂത്രണം മുൻകൂട്ടി നടത്തിയിട്ടുണ്ട്. ആസൂത്രണം ചെയ്തതിൽ അധികം വാങ്ങലുകൾ ആവശ്യമായി വന്നിട്ടില്ല.

## വൈദ്യുതി വിതരണത്തിന് സ്വീകരിച്ച നടപടികൾ

255(703) ശ്രീ. ബി. ഡി. ദേവസ്സി:
ശ്രീ. കാരാട്ട് റസാഖ്:
ശ്രീ. എസ്. രാജേന്ദ്രൻ:
ശ്രീ. മുരളി പെരുനെല്ലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ആദ്യത്തെ സമ്പൂർണ്ണ വൈദ്യുതീകൃത സംസ്ഥാനമെന്ന നിലയിൽ ഉപഭോക്താക്കൾക്കെല്ലാം ഗുണനിലവാരമുള്ള വൈദ്യുതി തടസ്സരഹിതമായി ലഭ്യമാക്കാനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമാണ്;

(ബി) വൈദ്യുതി കണക്ഷനുള്ള നടപടിക്രമങ്ങൾ ലഘൂകരിച്ചുകൊണ്ടും കാലതാമസവും കണക്ഷൻ ലഭിക്കാനുള്ള ചെലവും കുറച്ചുകൊണ്ടും സമ്പൂർണ്ണ അർത്ഥത്തിൽ എല്ലാവർക്കും വൈദ്യുതി ലഭ്യമാക്കാൻ നടത്തിയ പരിഷ്കാരങ്ങൾ എന്തെല്ലാമാണ് ;

(സി) മുൻസർക്കാരിന്റെ കാലത്ത് വൈദ്യുതോല്പാദനത്തിൽ കേവലം 35 മെഗാവാട്ടിന്റെ മാത്രം വർദ്ധനവുണ്ടാക്കുകയും എൽ.ഡി.എഫ്. സർക്കാർ തുടങ്ങി വച്ച പള്ളിവാസൽ എക്സ്റ്റൻഷൻ ഉൾപ്പെടെയുള്ള പദ്ധതികൾ മുടങ്ങുകയും ചെയ്തതിൽ നിന്ന് വിഭിന്നമായി, പണി പൂർത്തിയാകാത്ത പദ്ധതികൾ സമയബന്ധിതമായി പൂർത്തിയാക്കാൻ സ്വീകരിച്ചിട്ടുള്ള നടപടികൾ അറിയിക്കാമോ?

### ഉത്തരം

(എ) 2021-ഓടുകൂടി ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയതും അപകടരഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കാൻ സർക്കിൾ തലത്തിൽ 25 പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) രൂപീകരിച്ച് പ്രവർത്തനം നടന്നുവരുന്നു. ഇതിന്റെ ആദ്യപടിയായി വിതരണ ശൃംഖലയുടെ ജി.ഐ.എസ്. അധിഷ്ഠിത രേഖാചിത്രം കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥരുടെ സഹകരണത്തോടെ തയ്യാറാക്കി കഴിഞ്ഞു. തുടർന്ന് 2018 മുതൽ 2021 വരെയുള്ള കാലയളവിൽ വിതരണ മേഖലയിൽ നടപ്പിലാക്കേണ്ട പ്രവൃത്തികൾ കണ്ടെത്തി അവയുടെ ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. ടി പദ്ധതികൾ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

സംസ്ഥാനത്തെ ഉപഭോക്താക്കൾക്കെല്ലാം ഗുണനിലവാരമുള്ള വൈദ്യുതി തടസ്സരഹിതമായി ലഭ്യമാക്കുന്നതിനായി വൈദ്യുതി പ്രസരണ ശൃംഖല

വിപുലപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. ഇത്തരത്തിൽ പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെയും ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ, സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളിലെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലുള്ള പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, വൈദ്യുതി ലൈനുകളുടെ പ്രസരണ ശേഷി ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം തുടങ്ങിയ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. കൂടാതെ പ്രസരണശൃംഖല മെച്ചപ്പെടുത്തുന്നതിനും പ്രസരണ ശേഷി ഉയർത്തുന്നതിനുമായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ട്രാൻസ്ഗ്രിഡ് 2.0 എന്ന സമഗ്രമായ മാസ്റ്റർപ്ലാൻ തയ്യാറാക്കിയിട്ടുണ്ട്. ഏകദേശം 10,000 കോടി രൂപ ആകെ ചെലവ് വരുന്നതും 2021-ൽ പൂർത്തീകരിക്കുവാൻ ലക്ഷ്യമിട്ടിരിക്കുന്നതുമായ ഈ പദ്ധതിയുടെ ഭാഗമായി കേരളത്തിലുടനീളം 26 സബ്സ്റ്റേഷനുകളും 1105 റൂട്ട് കിലോമീറ്റർ ലൈനുകളും നിർമ്മിക്കുന്നതിന് ലക്ഷ്യമിട്ടിട്ടുണ്ട്.

(ബി) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് വൈദ്യുതി നൽകുന്നതിലേയ്ക്കായി ഓരോ നിയോജകമണ്ഡലത്തിലും വേണ്ടിവരുന്ന തുകയുടെ 50 ശതമാനം (പരമാവധി തുക 1 കോടി രൂപ) കെ.എസ്.ഇ.ബി. വഹിച്ചും, ബാക്കിയുള്ള തുക എൽ.എസ്.ജി.ഡി., എസ്.സി./എസ്.ടി. ക്ഷേമ വകുപ്പുകൾക്ക് അനുവദിച്ചിട്ടുള്ള ഫണ്ടുകൾ, ജനപ്രതിനിധികളുടെ (MLA SDF, MLA ADF, MP LAD) ഫണ്ടുകൾ, സന്നദ്ധ സംഘടനകളുടെ സാമ്പത്തിക സഹായം എന്നിവയിൽ നിന്ന് കണ്ടെത്തിയും, ഈ ഫണ്ട് ഉപയോഗിച്ച് ബി.പി.എൽ. വിഭാഗക്കാർക്ക് സൗജന്യമായും മറ്റുള്ളവർക്ക് വെതർ പ്രൂഫ് സർവ്വീസ് കണക്ഷൻ നൽകുന്നതിനുള്ള ചാർജ്ജ് മാത്രം ഈടാക്കിയും ആണ് സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി പ്രകാരം ഉപഭോക്താക്കൾക്ക് കണക്ഷൻ നൽകിയത്. വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനുള്ള കാലതാമസം ഒഴിവാക്കാൻ വേണ്ടി സർവ്വീസ് കണക്ഷൻ നടപടികൾ ലഘൂകരിക്കുകയും, വെറും രണ്ട് രേഖകൾ (തിരിച്ചറിയിൽ രേഖ, ഉടമസ്ഥാവകാശം തെളിയിക്കാനുള്ള രേഖ) മാത്രം ലഭ്യമാക്കിയാൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിക്കുകയും ചെയ്തു. 100 sq.m. വരെയുള്ള വീടുകൾക്ക് ഉടമസ്ഥാവകാശരേഖ ഒഴിവാക്കിക്കൊണ്ടും, 1500 sq.ft. വരെയുള്ള വീടുകൾക്ക് താൽക്കാലിക റെസിഡൻഷ്യൽ സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിലും വൈദ്യുതി കണക്ഷൻ നൽകുന്നതിനുവേണ്ട നടപടികൾ സ്വീകരിച്ചു.

വിവരസാങ്കേതികവിദ്യയുടെ സാധ്യതകൾ പ്രയോജനപ്പെടുത്തിക്കൊണ്ട് പുതിയ കണക്ഷൻ ആവശ്യമുള്ള ഉപഭോക്താവിന് അപേക്ഷ ഓൺലൈനിൽ നൽകാനും അപേക്ഷാഫീസ് ഓൺലൈനിൽ അടയ്ക്കാനുമുള്ള സംവിധാനം ഏർപ്പെടുത്തി. കണക്ഷനുവേണ്ടി പോസ്റ്റ് ആവശ്യമില്ലാത്ത ഗാർഹിക

ഉപഭോക്താക്കൾക്കും മറ്റ് ലോടെൻഷൻ ഉപഭോക്താക്കൾക്കും അപേക്ഷാ ഫീസിനോടൊപ്പം സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും ഓൺലൈനിൽത്തന്നെ അടയ്ക്കാൻ കഴിയും. അപേക്ഷയുടെ പ്രിന്റൗട്ടും, അപേക്ഷകന്റെ ഫോട്ടോയും മറ്റു രേഖകളും കണക്ഷൻ നൽകാൻ വരുന്ന കെ.എസ്.ഇ.ബി. ഉദ്യോഗസ്ഥന്റെ കൈവശം ഏൽപ്പിച്ചാൽ മതിയാകും. സെക്യൂരിറ്റി ഡെപ്പോസിറ്റും സർവ്വീസ് കണക്ഷനുവേണ്ട ചെലവും സ്ഥല പരിശോധനയ്ക്കുശേഷം ഇ-മെയിൽ വഴിയും എസ്.എം.എസ്. വഴിയും അറിയിക്കുന്നതാണ്. ഈ തുക കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ എല്ലാ സെക്ഷൻ ഓഫീസുകൾ വഴിയും അടയ്ക്കാൻ കഴിയും. വൈദ്യുതി കണക്ഷന് അപേക്ഷ നൽകിയതു മുതൽ വൈദ്യുതി കണക്ഷൻ ലഭിക്കുന്നതുവരെയുള്ള വിവരങ്ങൾ എസ്.എം.എസ്. വഴി ഉപഭോക്താക്കളെ അറിയിക്കുന്നതിനുള്ള സംവിധാനം ഏർപ്പെടുത്തി.

(സി) ഇപ്പോൾ കെ.എസ്.ഇ.ബി.എൽ.-ന്റെ കീഴിൽ നിർമ്മാണം ആരംഭിച്ച ഒരു ജലവൈദ്യുത പദ്ധതിപോലും മുടങ്ങിക്കിടക്കുന്നില്ല. 190.5 മെഗാവാട്ടിന്റെ 10 ജലവൈദ്യുത പദ്ധതികളുടെയും നിർമ്മാണം ഇപ്പോൾ പുരോഗമിക്കുന്നു.

2015 മുതൽ മുടങ്ങിക്കിടന്നിരുന്ന 60 മെഗാവാട്ടിന്റെ പള്ളിവാസൽ എക്സ്റ്റൻഷൻ പദ്ധതിയുടെ ടണൽ, ഇൻടേക്ക് എന്നിവ ഒഴികെയുള്ള ജോലികൾ 11-4-2017-ൽ പുനരാരംഭിച്ചു. ബാക്കി ടണൽ, ഇൻടേക്ക് എന്നീ ജോലികൾക്ക് പുതിയ ടെണ്ടർ ക്ഷണിക്കുകയും 5-1-2018-ൽ വർക്ക് ഓർഡർ നൽകുകയും ചെയ്തു. ഈ ജോലികൾ 18-3-2018-ൽ ആരംഭിക്കുകയും ചെയ്തു. പദ്ധതി 2020 ഡിസംബറിൽ പൂർത്തിയാക്കാനാണ് ലക്ഷ്യമിടുന്നത്.

2015-ൽ മുടങ്ങിക്കിടന്നിരുന്ന 40 മെഗാവാട്ടിന്റെ തോട്ടിയാർ ജലവൈദ്യുത പദ്ധതി 2020 ഡിസംബറിൽ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിച്ചിട്ടുണ്ട്. പദ്ധതിയുടെ ബാക്കി സിവിൽ വർക്കിന് പുതിയ ടെണ്ടർ ക്ഷണിക്കുകയും M/s. PRIL-SSIDPL-ന് 5-1-2018-ൽ കരാർ നൽകുകയും ചെയ്തു. ഈ പദ്ധതിയുടെ പണികൾ 6-4-2018-ൽ ആരംഭിച്ചു. E&M വർക്കിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

2015 മുതൽ മുടങ്ങിക്കിടന്നിരുന്ന ചാത്തൻകോട്ടുനട ചെറുകിട ജലവൈദ്യുത പദ്ധതി 11/2019-ൽ പൂർത്തീകരിക്കുവാനാണ് ലക്ഷ്യമിട്ടിട്ടുള്ളത്. പദ്ധതിയുടെ ബാക്കി സിവിൽ വർക്കുകൾ 25-10-2017-ൽ കെ.കെ. ബിൽഡേഴ്സ്, കണ്ണൂർ കരാർ നൽകി 9-11-2017-ൽ പണി ആരംഭിക്കുകയും, മൊത്തം 26 ശതമാനം പണി പൂർത്തിയാക്കുകയും ചെയ്തു. E&M വർക്കിന്റെ ടെണ്ടർ നടപടികൾ പുരോഗമിക്കുന്നു.

കൂടാതെ, നിർമ്മാണത്തിലിരിക്കുന്ന ജലവൈദ്യുത പദ്ധതികൾ സമയ ബന്ധിതമായി പൂർത്തിയാക്കുകയെന്ന ലക്ഷ്യം മുൻനിർത്തി പദ്ധതികളുടെ

നിർമ്മാണ പുരോഗതി സമയാസമയങ്ങളിൽ വിലയിരുത്തി തടസ്സങ്ങൾ നേരിടുന്നുവെങ്കിൽ അവ പരിഹരിക്കുന്നതിനായി കെ.എസ്.ഇ.ബി. ലിമിറ്റഡ് ഒരു പ്രോജക്ട് മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ച് പ്രവർത്തിച്ചുവരുന്നുണ്ട്. ഈ കമ്മിറ്റികൾ ചുരുങ്ങിയത് രണ്ട് മാസം കൂടുമ്പോൾ പദ്ധതിയുടെ പുരോഗതി വിലയിരുത്താറുണ്ട്. കൂടാതെ പദ്ധതികളുടെ നിർമ്മാണ പുരോഗതി ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി മുതൽ വിവിധ തലങ്ങളിൽ അവലോകനം ചെയ്യുന്നുണ്ട്. ഇതിനുപുറമേ പദ്ധതികളുടെ നിർമ്മാണ പുരോഗതി ഓരോ ആഴ്ചയിലും അവലോകനം നടത്തി വിലയിരുത്തുന്നതിനായി 11-12-2017-ൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെല്ലും രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

## ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദന വർദ്ധനവ്

256(704) ശ്രീ. കെ. മുരളീധരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നല്ല വേനൽ മഴ ലഭിച്ചത് സംസ്ഥാനത്തെ വൈദ്യുതി പ്രതിസന്ധി ഒഴിവാക്കുന്നതിന് സഹായകമായതായി വിലയിരുത്തിയിട്ടുണ്ടോ;

(ബി) വൈദ്യുതി ബോർഡിന്റെ വിവിധ ഡാമുകളിൽ നിലവിൽ എത്ര ദിവസത്തെ വൈദ്യുതി ഉല്പാദനത്തിനുള്ള ജലമാണ് അവശേഷിക്കുന്നത്; കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് എത്രമാത്രം വ്യത്യാസം ഉണ്ടായിട്ടുണ്ട്;

(സി) കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് എന്ത് വൈദ്യുതിയാണ് ലഭിക്കുന്നത്; ഇത് കൃത്യമായും ലഭിക്കുന്നുണ്ടോ ;

(ഡി) നിലവിലെ ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ദിവസ ഉല്പാദനം എത്ര യൂണിറ്റാണ്; വിലകുറഞ്ഞ ജലവൈദ്യുതിയുടെ ഉല്പാദനം കൂട്ടുന്നതിന് തീരുമാനിച്ചിട്ടുണ്ടോ;

(ഇ) വില കുറഞ്ഞ ജലവൈദ്യുതിയുടെ ഉല്പാദനം വർദ്ധിപ്പിക്കുന്നത് ബോർഡിന്റെ സാമ്പത്തിക നില മെച്ചപ്പെടുത്തുന്നതിന് സഹായകമാണോ; എങ്കിൽ ഈയിനത്തിൽ ബോർഡിനുണ്ടാകാവുന്ന സാമ്പത്തികനേട്ടം വിശദമാക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്ത് ഉത്പാദിപ്പിക്കുന്ന വൈദ്യുതിക്ക് പുറമേ സംസ്ഥാനത്തിന് പുറത്തുള്ള കേന്ദ്ര നിലയങ്ങളിൽനിന്നും പൊതുസ്വകാര്യ താപനിലയങ്ങളിൽനിന്നും ദീർഘകാല കരാറുകളിലൂടെയും, പവർ

എക്സ്ചേഞ്ചിൽനിന്നും ആവശ്യത്തിനുള്ള വൈദ്യുതി താരതമ്യേന കുറഞ്ഞ നിരക്കിൽ ലഭ്യമാക്കാനുള്ള നടപടി സ്വീകരിച്ചതിനാൽ സംസ്ഥാനത്ത് വൈദ്യുതി പ്രതിസന്ധി ഉണ്ടായിട്ടില്ല. മെച്ചപ്പെട്ട വേനൽമഴ വൈദ്യുതി ഉപയോഗത്തിൽ കുറവുണ്ടാക്കാനും ജലസംഭരണികളിലേയ്ക്കുള്ള നീരൊഴുക്കിൽ നേരിയ വർദ്ധനയ്ക്കും കാരണമായിട്ടുണ്ട്.

(ബി) 29-5-2018-ലെ കണക്കുകൾ പ്രകാരം വൈദ്യുതി ബോർഡിന്റെ വിവിധ ഡാമുകളിലായി 1000 ദശലക്ഷം യൂണിറ്റ് വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള ജലമാണ് അവശേഷിക്കുന്നത്. ദിവസേന ശരാശരി 20-22 ദശലക്ഷം യൂണിറ്റ് വൈദ്യുതി ജലവൈദ്യുത പദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിച്ചാൽ ഏകദേശം 45-50 ദിവസത്തേയ്ക്കുള്ള വെള്ളം വേനൽമഴ കൊണ്ടുള്ള നീരൊഴുക്ക് കണക്കിലെടുക്കാതെ തന്നെ ലഭ്യമാകുന്നതാണ്. ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള പരമാവധി ഉൽപ്പാദനം, പ്രതിദിന ആവശ്യത്തിന്റെ ഏതാണ്ട് 30 ശതമാനത്തിൽ താഴെ മാത്രമാണ്. കഴിഞ്ഞ വർഷത്തെ അപേക്ഷിച്ച് ഏതാണ്ട് 497 ദശലക്ഷം യൂണിറ്റ് അധികമായി ഉൽപ്പാദിപ്പിക്കാനുള്ള ജലം സംഭരണികളിൽ ലഭ്യമാണ്.

(സി) കേന്ദ്ര വിഹിതമായി സംസ്ഥാനത്തിന് ഇപ്പോൾ 1683 മെഗാവാട്ട് വൈദ്യുതിയാണ് ലഭിക്കുന്നത്. കൽക്കരിയുടെ ലഭ്യതക്കുറവുമൂലമുള്ള താൽക്കാലിക തടസ്സങ്ങൾ ഒഴിവാക്കിയാൽ അറ്റകുറ്റപ്പണികൾക്ക് നീക്കിവച്ചശേഷമുള്ള കേന്ദ്രവിഹിതം കൃത്യമായി ലഭിക്കുന്നുണ്ട്.

(ഡി) 2018 മേയ് മാസം 26-ാം തീയതിയിലെ കണക്കുപ്രകാരം ജലവൈദ്യുത പദ്ധതികളിൽനിന്നുള്ള പ്രതിദിന ശരാശരി ഉൽപ്പാദനം 19.72 ദശലക്ഷം യൂണിറ്റാണ്. ജലലഭ്യതയനുസരിച്ചും ആവശ്യകത അനുസരിച്ചുമാണ് ജലവൈദ്യുത പദ്ധതികളിൽ നിന്നുള്ള ഉൽപ്പാദനം ക്രമീകരിക്കുന്നത്.

(ഇ) ജലവൈദ്യുതിയുടെ വില ആപേക്ഷികമായി കുറവാണെങ്കിലും ഇതിൽനിന്നും ഉൽപ്പാദിപ്പിക്കാവുന്ന പരമാവധി വൈദ്യുതി പ്രതിദിനം 20-22 ദശലക്ഷം യൂണിറ്റാണ്. ഇത് പ്രതിദിന ആവശ്യകതയുടെ ഏതാണ്ട് 30 ശതമാനത്തിൽ താഴെ മാത്രമാണ്.

ജൂൺ മുതൽ വരും വർഷത്തെ മെയ് വരെയുള്ള ഒരു ജലവർഷത്തിൽ ലഭ്യമാകുന്ന ആകെ നീരൊഴുക്ക് അടുത്ത വേനൽ കാലത്ത് ഉൾപ്പെടെ ഉപയോഗപ്പെടുത്താൻ കഴിയും വിധം ജലസംഭരണശേഷി ഉപയോഗപ്പെടുത്തിയും ഇതര സ്രോതസ്സുകളിലെ വൈദ്യുതി ലഭ്യത കണക്കിലെടുത്തുമാണ് പ്രതിദിന

ജലവൈദ്യുത ഉൽപ്പാദനം ക്രമപ്പെടുത്തുന്നത്. 2018-19 ജലവർഷത്തിലെ കാലവർഷത്തിന്റെ ഗതികൂടി കണക്കിലെടുത്താണ് തുടർന്നുള്ള മാസങ്ങളിലെ ഉൽപ്പാദനം ക്രമപ്പെടുത്തുന്നത്. ശരാശരിയേക്കാൾ ഉയർന്ന തോതിലുള്ള പ്രതിദിന ജലവൈദ്യുത ഉൽപ്പാദനം നിലവിലെ സാഹചര്യത്തിൽ പ്രതീക്ഷിക്കുന്നില്ല. ആയതിനാൽ ഉയർന്ന ജലവൈദ്യുത ഉൽപ്പാദനം വഴിയുള്ള സാമ്പത്തികനേട്ടം കണക്കാക്കിയിട്ടില്ല.

## വൈദ്യുതിയുടെ പ്രസരണനഷ്ടം കുറയ്ക്കുന്നതിനുള്ള നടപടികൾ

257(705) ശ്രീ. റോഷി അഗസ്റ്റിൻ :
ശ്രീ. മോൻസ് ജോസഫ് :
ശ്രീ. സി. എഫ്. തോമസ് :
ഡോ. എൻ. ജയരാജ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതിയുടെ പ്രസരണ നഷ്ടം കുറയ്ക്കുന്നതിന് സംസ്ഥാന വൈദ്യുതി ബോർഡ് കൈക്കൊണ്ടിട്ടുള്ള നടപടികൾ എന്തെല്ലാമാണ്; വിശദാംശങ്ങൾ നൽകുമോ;

(ബി) ഇതുവഴി പ്രസരണ നഷ്ടം കുറഞ്ഞിട്ടുണ്ടോ എന്ന് പഠനം നടത്തിയിട്ടുണ്ടോ;

(സി) പ്രസരണ നഷ്ടം കുറഞ്ഞിട്ടുണ്ടെങ്കിൽ അതുവഴി കെ.എസ്.ഇ.ബി.യ്ക്ക് ഉണ്ടായിട്ടുള്ള ലാഭം ഉപഭോക്താക്കൾക്ക് ലഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പ്രസരണമേഖലയെ ശക്തിപ്പെടുത്തുന്നതിനും പ്രസരണനഷ്ടം കുറയ്ക്കുന്നതിനും സഹായകമാകുന്ന പദ്ധതിയായ ട്രാൻസ്ഗ്രിഡ് 2.0 എന്ന പദ്ധതി കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് നടപ്പിലാക്കിവരുന്നു. പദ്ധതിയുടെ ഒന്നാം ഘട്ടത്തിൽ രണ്ട് 400 കെ.വി. സബ്സ്റ്റേഷനുകളും, പന്ത്രണ്ട് 220 കെ.വി. സബ്സ്റ്റേഷനുകളും, 112 സർക്യൂട്ട് കിലോമീറ്റർ 400 കെ.വി. ലൈനുകളും പൂർത്തിയാക്കാനുദ്ദേശിക്കുന്നു. ട്രാൻസ്ഗ്രിഡ് പദ്ധതി പൂർത്തിയാകുന്നതോടുകൂടി പ്രസരണ മേഖലയിലെ സാങ്കേതികനഷ്ടം കുറയ്ക്കാൻ കഴിയുന്നതാണ്.

വൈദ്യുതി പ്രസരണനഷ്ടം കുറയ്ക്കുന്നതിന് വൈദ്യുതി പ്രസരണ ശൃംഖല വിപുലപ്പെടുത്തേണ്ടതുണ്ട്. ഇത്തരത്തിൽ വൈദ്യുതി പ്രസരണ ശൃംഖല ശാക്തീകരണവുമായി ബന്ധപ്പെട്ട് പുതിയ സബ്സ്റ്റേഷനുകളുടെ നിർമ്മാണം, നിലവിലുള്ള സബ്സ്റ്റേഷനുകളുടെയും, ലൈനുകളുടെയും ശേഷി വർദ്ധിപ്പിക്കൽ സബ്സ്റ്റേഷനുകളിലെ ട്രാൻസ്ഫോർമറുകളുടെ ശേഷി വർദ്ധിപ്പിക്കൽ, നിലവിലെ

പ്രസരണ ലൈനുകൾ ഉയർന്ന വോൾട്ടതയിലേയ്ക്ക് ഉയർത്തൽ, പുതിയ പ്രസരണ ലൈനുകളുടെ നിർമ്മാണം, പഴയവ മാറ്റി പുതിയവ സ്ഥാപിക്കൽ എന്നിവ ഉൾപ്പെടുന്നു.

(ബി) നടത്തിയിട്ടുണ്ട്.

(സി) (i) പ്രസരണനഷ്ടം കുറയുമ്പോൾ, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് പുറമേനിന്നും വാങ്ങുന്ന വൈദ്യുതിയിൽ അതനുസരിച്ച് കുറവുവരും. തന്മൂലം വൈദ്യുതിയുടെ യൂണിറ്റൊന്നിന്റെ ശരാശരി വില കുറയുകയും ചെയ്യും. ഈ കുറവ് പരിഗണിച്ചുകൊണ്ടാണ് റെഗുലേറ്ററി കമ്മീഷൻ കാലാകാലങ്ങളിൽ താരിഫ് നിശ്ചയിക്കുന്നത്. അതുവഴി ഉപഭോക്താക്കളുടെ വൈദ്യുതി ചാർജ്ജിലും കുറവുണ്ടാകുന്നതാണ്.

(ii) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ പ്രസിദ്ധീകരിച്ചിട്ടുള്ള 2014 താരിഫ് റെഗുലേഷന്റെ 65-ാം റെഗുലേഷൻ പ്രകാരം പ്രസരണനഷ്ടം ബന്ധപ്പെട്ട ഉപഭോക്താക്കൾ അവരവരുടെ ഉപയോഗത്തിന്റെ അനുപാതത്തിൽ വഹിക്കേണ്ടതാണ് എന്ന് അനുശാസിക്കുന്നു. ഇതിൽ ഉണ്ടാകുന്ന ഏറ്റക്കുറച്ചിലുകൾ മേൽ പ്രതിപാദിച്ചിരിക്കുന്ന രീതിയിലാണ് സംസ്ഥാന റെഗുലേറ്ററി കമ്മീഷൻ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നത്.

**കുന്ദമംഗലം മണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതി**

258(706) ശ്രീ. പി. ടി. എ. റഹീം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കുന്ദമംഗലം നിയോജകമണ്ഡലത്തിൽ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിക്ക് എം.എൽ.എ.-യുടെ നിയോജകമണ്ഡലം ആസ്തി വികസന പദ്ധതിയിൽനിന്നും എത്ര തുകയാണ് അനുവദിച്ചിരുന്നതെന്നും ഇതിൽ എത്ര തുകയാണ് ചെലവഴിച്ചിട്ടുള്ളതെന്നും വ്യക്തമാക്കാമോ;

(ബി) ഈ ഇനത്തിൽ ബാക്കി വന്ന തുക ഉപയോഗപ്പെടുത്തി മണ്ഡലത്തിൽ സുഗമമായ വൈദ്യുതി ലഭ്യമാക്കുന്നതിന് ഇലക്ട്രിസിറ്റി ബോർഡ് തയ്യാറാക്കിയ പദ്ധതി സർക്കാരിന് ലഭിച്ചിട്ടുണ്ടോ; ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(സി) പ്രസ്തുത പദ്ധതിക്ക് അനുമതി നൽകാൻ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലേയ്ക്ക് കുന്ദമംഗലം നിയോജക മണ്ഡലത്തിൽ ബഹുമാനപ്പെട്ട എം.എൽ.എ. ശ്രീ. പി. ടി. എ. റഹീം അവർകളുടെ പ്രാദേശിക വികസന ഫണ്ടിൽനിന്നും 79,05,000 രൂപ അനുവദിച്ചിരുന്നു. ഈ പദ്ധതി പ്രകാരം നിയോജകമണ്ഡലത്തിൽ 9.29 കിലോമീറ്റർ സിംഗിൾ ഫേസ് OH ലൈൻ വലിച്ച് 304 ഉപഭോക്താക്കൾക്ക് വൈദ്യുതി എത്തിക്കുന്നതിന് 52,33,861 രൂപയാണ് എം.എൽ.എ.-യുടെ വിഹിതത്തിൽ നിന്ന് ചെലവായത്.

(ബി & സി) ലഭിച്ചിട്ടുണ്ട്. ഒരു പദ്ധതിക്ക് അനുവദിച്ചതിൽ ബാക്കി വന്ന തുക മറ്റൊരു പദ്ധതിക്ക് അനുവദിക്കാൻ നിർവ്വാഹമില്ലാത്തതാണ്.

**മാനന്തവാടി നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള വീടുകൾ**

259(707) ശ്രീ. ഒ. ആർ. കേളു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാനന്തവാടി നിയോജകമണ്ഡലത്തിൽ ഏതെങ്കിലും വീടുകളിൽ ഇനിയും വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള വീടുകളുണ്ടെങ്കിൽ എന്ത് കാരണത്താലാണ് അവിടെ വൈദ്യുതി എത്തിക്കാൻ സാധിക്കാത്തതെന്നും വൈദ്യുതി എത്തിക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചതെന്നും വിശദമാക്കാമോ;

(സി) മാനന്തവാടി നിയോജകമണ്ഡലത്തിൽ വൈദ്യുതി കണക്ഷൻ ലഭിക്കാനുള്ള വീടുകൾ എത്രയെന്ന് പഞ്ചായത്ത് തിരിച്ചുള്ള കണക്ക് ലഭ്യമാക്കാമോ?

ഉത്തരം

(എ-സി) മാനന്തവാടി നിയോജകമണ്ഡലത്തിൽ വയറിംഗ് പൂർത്തീകരിച്ച അപേക്ഷ നൽകിയിട്ടുള്ള എല്ലാവർക്കും വൈദ്യുതി കണക്ഷൻ നൽകിയിട്ടുണ്ട്.

**വൈദ്യുതി ഉപഭോഗം**

260(708) ശ്രീ. രാജു എബ്രഹാം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വേനൽക്കാലത്ത് സംസ്ഥാനത്ത് വൈദ്യുതിയുടെ ആകെ ഉപഭോഗം എത്രയായിരുന്നുവെന്നും ഇതേ കാലയളവിൽ വിവിധ മാർഗ്ഗങ്ങളിലൂടെ

നടത്തിയ വൈദ്യുതോത്പാദനം എത്രയായിരുന്നുവെന്നും ഇനം തിരിച്ച് വ്യക്തമാക്കാമോ;

(ബി) വൈദ്യുതോത്പാദനം കുറഞ്ഞ കാലയളവിൽ പവർകട്ട് ഒഴിവാക്കാൻ കഴിഞ്ഞത് എങ്ങനെയെന്നും ഇതിനായി എവിടെ നിന്നൊക്കെയാണ് അധികമായി വൈദ്യുതി ലഭിച്ചതെന്നും യൂണിറ്റിന് എത്ര രൂപ നിരക്കിലാണ് വൈദ്യുതി ലഭിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

(എ) ഈ വേനൽക്കാലത്ത് (മാർച്ച്, ഏപ്രിൽ, മെയ് മാസങ്ങളിൽ) സംസ്ഥാനത്തെ മൊത്തം വൈദ്യുതി ഉപഭോഗവും വിവിധ മാർഗ്ഗങ്ങളിലൂടെ ഉൽപ്പാദിപ്പിച്ച വൈദ്യുതിയുടെ വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ആഭ്യന്തര ഉൽപ്പാദനത്തിന് പുറമേ കേന്ദ്ര വിഹിതമായും ദീർഘകാല കരാറുകൾ അനുസരിച്ചും, മറ്റു സംസ്ഥാനങ്ങൾ ഉപേക്ഷിക്കുന്ന കേന്ദ്ര വിഹിതം ആവശ്യാനുസരണം ഉപയോഗിച്ചും, ഡീവിയേഷൻ അക്കൗണ്ട് വഴിയും, പവർ എക്സ്ചേഞ്ചിൽനിന്നും വാങ്ങുന്ന വൈദ്യുതിയും ലഭ്യമാക്കിയാണ് കേരളത്തിന്റെ വൈദ്യുത ആവശ്യകത നിറവേറ്റിയത്.

ആകെ ആവശ്യകതയ്ക്കനുസരിച്ച് വൈദ്യുതി ഉത്പാദനം ഇല്ലെങ്കിലും പവർകട്ട് ഒഴിവാക്കാൻ സാധിക്കുന്നത് സംസ്ഥാനത്തിന് പുറമേനിന്നും, താരതമ്യേന കുറഞ്ഞ നിരക്കിൽ വൈദ്യുതി വാങ്ങിയിട്ടാണ്. ഇതിനായി കേന്ദ്ര വൈദ്യുതി നിലയങ്ങളുമായി 1683 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറും സംസ്ഥാനത്തിന് പുറത്തുനിന്നുള്ള പൊതു-സ്വകാര്യ ഉൽപ്പാദകരുടെ താപനിലയങ്ങളിൽനിന്നും 1215 മെഗാവാട്ട് വൈദ്യുതിക്കുള്ള ദീർഘകാല കരാറിലും ഏർപ്പെട്ടിട്ടുണ്ട്. ഇപ്രകാരം പുറമേനിന്നുള്ള താരതമ്യേന വിലക്കുറവുള്ള വൈദ്യുതി വാങ്ങിയും വേനലിലേയ്ക്ക് കരുതിവച്ച സംഭരണശേഷി ആവശ്യാനുസരണം ഉപയോഗിച്ച് ജലവൈദ്യുത നിലയങ്ങൾ പ്രവർത്തിപ്പിച്ചും അത്യാവശ്യഘട്ടങ്ങളിൽ മാത്രം സംസ്ഥാനത്തെ താപനിലയങ്ങൾ പ്രവർത്തിപ്പിച്ചും ആവശ്യാനുസരണം പവർ എക്സ്ചേഞ്ചിൽനിന്നും വൈദ്യുതി വാങ്ങിയുമാണ് 2018-ലെ വേനൽക്കാലത്തെ വർദ്ധിച്ച ഉപഭോഗം നിയന്ത്രണങ്ങൾ ഇല്ലാതെ കെ.എസ്.ഇ.ബി. നിറവേറ്റിയത്. മാർച്ച് 2018-ലെ കണക്കുകൾ പ്രകാരം സംസ്ഥാനത്തിനു പുറമേനിന്നും, ആഭ്യന്തര ഊർജ്ജ ഉൽപ്പാദകരിൽനിന്നും, ആകെ വാങ്ങിയ വൈദ്യുതിയുടെ ശരാശരി നിരക്ക് യൂണിറ്റിന് 3.99 രൂപയാണ്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## വൈദ്യുതി ചാർജ് കുടിശ്ശിക ഒഴിവാക്കുന്നതിന് നടപടി

261(709) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ജലനിധിക്കു കീഴിലുള്ള ചിക്ലായി, നർമ്മദ കുടിവെള്ള പദ്ധതികളിൽ വൈദ്യുതി ചാർജ്ജ് കുടിശ്ശിക ഒഴിവാക്കുന്നതിനായി സമർപ്പിച്ച അപേക്ഷകളിൽ സർക്കാർ അനുകൂല നടപടി സ്വീകരിക്കുമോ;

(ബി) നിലവിൽ കൃത്യമായി വൈദ്യുതി ചാർജ്ജ് അടച്ചു വരുന്ന പ്രസ്തുത കുടിവെള്ള പദ്ധതികളിൽ മുൻകാലത്തെ ചാർജ്ജ് കുടിശ്ശികയായിരിക്കുന്നത് അടയ്ക്കുന്നതിന് സാധിക്കാത്ത സാഹചര്യത്തിൽ പട്ടികജാതി, പട്ടികവർഗ്ഗ വിഭാഗത്തിൽപ്പെട്ട പാവപ്പെട്ട ജനവിഭാഗങ്ങൾ പ്രധാനമായും ആശ്രയിക്കുന്ന ഈ കുടിവെള്ള പദ്ധതികൾ തുടർന്നു കൊണ്ടു പോകുന്നതിന് സഹായകരമായ നിലപാട് വൈദ്യുതി വകുപ്പ് സ്വീകരിക്കുമോ?

ഉത്തരം

(എ & ബി) അതിരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ ജലനിധി പദ്ധതികളിൽ ഗാർഹിതേകരാവശ്യങ്ങൾക്കായി കുടിവെള്ളമുപയോഗിക്കുന്നതായി കണ്ടെത്തിയതിനാൽ തേനരുവി-നർമ്മദ പദ്ധതിക്ക് 4,97,950 രൂപയുടെയും ചിക്ലായി പദ്ധതിക്ക് 6,92,125 രൂപയുടെയും അധിക ബില്ല് നൽകിയിരുന്നു. ബഹുമാനപ്പെട്ട കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷന്റെ നിർദ്ദേശപ്രകാരം പ്രസ്തുത ബില്ലുകൾ രണ്ടു വർഷത്തേയ്ക്കായി നിജപ്പെടുത്തി തേനരുവി-നർമ്മദ പദ്ധതി 1,98,710 രൂപയായും ചിക്ലായി പദ്ധതിക്ക് 2,43,272 രൂപയായും കുറവുചെയ്ത് നൽകിയിട്ടുണ്ട്.

നർമ്മദ-തേനരുവി ജലനിധി, ചിക്ലായി ജലനിധി സെക്രട്ടറിയുടെ അധിക ബിൽ ഒഴിവാക്കുന്നതിനായുള്ള അപേക്ഷ ലഭിച്ചതിനെ തുടർന്ന് പ്രസ്തുത വിഷയം കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിൽ വിശദമായി പരിശോധിച്ചു വരികയാണ്.

## വൈദ്യുതനയം

262(710) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വൈദ്യുതനയം പ്രഖ്യാപിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സർക്കാരിന്റെ കാലയളവിൽ സൗരോർജ്ജ പദ്ധതികളിൽനിന്നും എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉത്പാദിപ്പിക്കാൻ ലക്ഷ്യമിടുന്നതെന്ന് വ്യക്തമാക്കുമോ;

(സി)പാരമ്പര്യേതര സ്രോതസ്സുകളിൽനിന്നും വൈദ്യുതി ഉത്പാദനത്തിനായി എന്തൊക്കെ പദ്ധതികളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) പ്രഖ്യാപിച്ചിട്ടില്ല. പ്രസ്തുത വിഷയം സർക്കാരിന്റെ പരിഗണനയിലാണ്. ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള സർക്കാർ നയം 2012 മുതൽ നിലവിലുണ്ട്.

(ബി) കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിൽ 10.234 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ഇവ കൂടാതെ വരുന്ന മൂന്ന് വർഷത്തിനുള്ളിൽ കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡിന്റെ നേതൃത്വത്തിൽ 1000 മെഗാവാട്ട് വൈദ്യുതി സൗരോർജ്ജ പദ്ധതികളിൽനിന്നും ഉത്പാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 500 മെഗാവാട്ട് പുരപ്പുറ സൗരോർജ്ജ പദ്ധതികളിൽനിന്നും വരുന്ന രണ്ട് വർഷംകൊണ്ട് ഉത്പാദിപ്പിക്കുന്നതിനാണ് ഉദ്ദേശിക്കുന്നത്.

അനെർട്ട്, തദ്ദേശഭരണ സ്ഥാപനങ്ങളുമായി സഹകരിച്ച് 500 മെഗാവാട്ടിലധികം ശേഷിയുള്ള സൗരോർജ്ജ വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കി നൽകാൻ ലക്ഷ്യമിടുന്നു.

(സി) പാരമ്പര്യേതര സ്രോതസ്സുകളായ കാറ്റ്, സൗരോർജ്ജം, ചെറുകിട ജലവൈദ്യുത പദ്ധതികൾ തുടങ്ങിയവയിൽനിന്നും വൈദ്യുതോൽപ്പാദനം ലക്ഷ്യമിട്ട് കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് സ്വന്തം നിലയിൽ പദ്ധതികൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്നു. 90.5 മെഗാവാട്ടിന്റെ 9 ചെറുകിട ജലവൈദ്യുത പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. 88.5 മെഗാവാട്ടിന്റെ മറ്റ് 14 പദ്ധതികൾ ആരംഭിക്കുന്നതിനുവേണ്ട നടപടികളെടുത്തിട്ടുണ്ട്.

10.234 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതികൾ നടന്നുവരുന്നു. 2018-19-ഓടുകൂടി പൂർത്തിയാകുമെന്ന് പ്രതീക്ഷിക്കുന്നു. 50 മെഗാവാട്ടിന്റെ വെസ്റ്റ് കല്ലട ഫ്ലോട്ടിംഗ് സോളാർ പദ്ധതിയുടെ ആദ്യഘട്ടമായി 10 മെഗാവാട്ട് സ്ഥാപിക്കുന്നതിനുള്ള നടപടികളെടുത്തിട്ടുണ്ട്.

എനർജി മാനേജ്മെന്റ് സെന്റർ മുഖേന ചെറുകിട ജലവൈദ്യുത പദ്ധതികൾക്കായുള്ള പോളിസി പ്രകാരം ഏകദേശം 47 MW സ്ഥാപിതശേഷി കൈവരിക്കാവുന്ന 20 പദ്ധതികൾ മത്സര ദർഘാസിന്റെ അടിസ്ഥാനത്തിൽ അനുവദിച്ചിട്ടുണ്ട്. 'ബൂട്ട്' അടിസ്ഥാനത്തിൽ 30 കൊല്ലം കഴിഞ്ഞ് സർക്കാരിലേയ്ക്ക്

സൗജന്യമായി തിരിച്ചുവരുന്ന രീതിയിൽ സ്വകാര്യ മേഖലയിലൂടെ നിർമ്മിക്കുന്നതിന് അനുമതി നൽകിയിട്ടുണ്ട്.

30 പീക്കോ ജലവൈദ്യുത പദ്ധതികൾ കേന്ദ്ര സഹായത്തോടെ നടപ്പിലാക്കി. ചെറുനദികൾ, തോടുകൾ, ജലസേചനത്തിനുള്ള തോടുകൾ മുതലായവയിൽ നിന്ന് അധികം ഉയരവ്യത്യാസമില്ലാത്ത സ്ഥലങ്ങളിൽ വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നതിനുള്ള നൂതനമാർഗ്ഗമായ കൃത്രിമമായി ചുഴി സൃഷ്ടിച്ച് ടർബയിൻ കറക്കുന്ന സാങ്കേതികവിദ്യ ഉപയോഗപ്പെടുത്തിയുള്ള ഒരു പദ്ധതി തിരുവനന്തപുരം നഗരത്തിൽ കാട്ടുവെട്ടി പാലത്തിനുസമീപം (കാഞ്ഞിരംപാറ വാർഡിൽ) 10 kW ശേഷിയുള്ള രണ്ട് വോർട്ടെക്സ് ടർബയിനുകൾ സ്ഥാപിച്ചിട്ടുള്ള പ്ലാന്റിന്റെ നിർമ്മാണം പൂർത്തിയാക്കിവരുന്നു. ഇതിൽ ഒരു ടർബയിനിന്റെ ഘടിപ്പിക്കൽ നടന്നുകഴിഞ്ഞു. ഈ ജൂൺ ആദ്യവാരം വൈദ്യുതി ഉൽപ്പാദനം നടത്തുവാൻ സാധിക്കുമെന്ന് കരുതുന്നു. ഈ പദ്ധതിയിൽ നിന്നുള്ള വൈദ്യുതി കെ.എസ്.ഇ.ബി.-യുടെ LT ഗ്രിഡിലോട്ടാണ് കടത്തിവിടുന്നത്. ഇ.എം.സി. ഈ പദ്ധതി തിരുവനന്തപുരം കോർപ്പറേഷന് കൈമാറുന്നതാണ്. തെരുവ് വിളക്കുകൾ കത്തിക്കാനുള്ള വൈദ്യുതി തുക ഇത്തരത്തിൽ കോർപ്പറേഷന് ലാഭിക്കാവുന്നതാണ്.

കൂടാതെ വെള്ളത്തിന്റെ ഒഴുക്കുകൊണ്ട് പ്രവർത്തിപ്പിക്കുന്ന വെള്ളത്തിൽ മുങ്ങിക്കിടക്കുന്ന കാറ്റാടി യന്ത്രംപോലുള്ള കൈനെറ്റിക് ടർബയിനുകൾ കെ.എസി.ഇ.ബി.-യുടെ കക്കാട് ജലവൈദ്യുത നിലയത്തിന്റെ ടെയിൽറെസിലെ ഒഴുക്കിന്റെ ശക്തികൊണ്ട് പ്രവർത്തിപ്പിക്കാനുള്ള ഇ-ടെണ്ടർ നടപടികൾ ഇ.എം.സി. സ്വീകരിച്ചിട്ടുണ്ട്. ഈ വർഷംതന്നെ ഈ പദ്ധതി (5 KW-ന്റെ 5 ടർബയിനുകൾ) നടപ്പിലാക്കാനാണ് വിഭാവനം ചെയ്തിരിക്കുന്നത്.

അനെർട്ട് മുഖേന കുഴൽമന്ദത്ത് 2 മെഗാവാട്ടിന്റെ ശൃംഖലാ ബന്ധിത സോളാർ പവർപ്ലാന്റ് സ്ഥാപിച്ച് വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകിവരുന്നു. 2017-18 വർഷത്തെ പദ്ധതിയുടെ ഭാഗമായി 16.65 കോടി രൂപ മുടക്കി രാമക്കൽമേട്ടിൽ രണ്ട് മെഗാവാട്ടിന്റെ സോളാർ-വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റ് സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു. കൂടാതെ ജില്ലാ കളക്ടേറ്റ് അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പ്ലാന്റുകൾ സ്ഥാപിക്കാൻ 11.87 കോടി രൂപയും തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കാൻ 9.4 കോടി രൂപയും വിനിയോഗിക്കാൻ പദ്ധതികളുണ്ട്. കൂടാതെ തദ്ദേശഭരണ സ്ഥാപനങ്ങൾ മുഖേന ക്യാമ്പയിൻ നടത്തി 500 മെഗാവാട്ട് ശേഷിയുള്ള സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള പ്രോജക്ടുകൾ തയ്യാറാക്കുന്നതിനും സാങ്കേതിക സഹായം അനെർട്ട് മുഖേന ഉറപ്പുവരുത്തുന്നതിനും പദ്ധതിക്കായി 2.15 കോടി രൂപയും വകയിരുത്തിയിട്ടുണ്ട്.

## സൗരോർജ്ജ ഉൽപ്പാദനം

263(711) ശ്രീ. എം. സ്വരാജ്:
ശ്രീ. സി. കെ. ഹരീന്ദ്രൻ:
ശ്രീ. പുരുഷൻ കടലുണ്ടി:
ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രണ്ടു വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് സൗരോർജ്ജം ഉല്പാദിപ്പിക്കുമെന്ന പ്രഖ്യാപനത്തിന്റെ അടിസ്ഥാനത്തിൽ ആവിഷ്കരിച്ചിട്ടുള്ള പദ്ധതി വിശദമാക്കാമോ;

(ബി) സൗരോർജ്ജോല്പാദനത്തിന് സ്വകാര്യ വ്യക്തികൾക്ക് എന്തെല്ലാം സഹായങ്ങൾ നൽകിവരുന്നുണ്ട്;

(സി) ശൃംഖലാബന്ധിതമല്ലാത്ത സൗരോർജ്ജോല്പാദനം ബാറ്ററി ഏറെക്കാലം നിൽക്കാത്തതുകൊണ്ടും ഉയർന്ന ചെലവുകൊണ്ടും വിജയകര മല്ലാത്തതിനാൽ ഇതിനായി ഉദ്ദേശിക്കുന്ന പരിഹാരം എന്താണെന്ന് അറിയിക്കാമോ;

(ഡി) സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്നതിന് എൻ.ടി.പി.സി.-യുമായുണ്ടാക്കിയ ധാരണാപത്രത്തിലെ വ്യവസ്ഥകൾ അറിയിക്കാമോ?

### ഉത്തരം

(എ) പുനരുപയോഗ ഊർജ്ജ സ്രോതസ്സുകളിൽനിന്നുള്ള വൈദ്യുതി ഉൽപ്പാദനം പ്രോത്സാഹിപ്പിക്കുകയെന്ന കേരള സർക്കാർ നയത്തിന്റെ ഭാഗമായി 2021-ഓടുകൂടി 1000 മെഗാവാട്ട് വൈദ്യുതി, കെ.എസ്.ഇ.ബി.ലിമിറ്റഡ് അനെർട്ടുമായി ചേർന്ന് സൗരപദ്ധതികളിൽനിന്നും ഉൽപ്പാദിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിൽ 200 മെഗാവാട്ട് വൈദ്യുതി, ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർവഴി നടപ്പിലാക്കാൻ താൽപ്പര്യപ്പെടുന്നു.

**പ്രോജക്ടിന്റെ പരിധി**

| | |
|---|---|
| പുരപ്പുറ സൗരോർജ്ജ പദ്ധതികൾ വഴി | 500 മെഗാവാട്ട് |
| ഒരു മെഗാവാട്ടിന് മുകളിൽ സ്ഥാപിതശേഷിയുള്ള സൗരോർജ്ജ പദ്ധതികൾ സ്ഥാപിക്കാൻ താൽപ്പര്യമുള്ള സംസ്ഥാനത്തെ നിക്ഷേപകർ വഴി | 200 മെഗാവാട്ട് |

| | |
|---|---|
| കെ.എസ്.ഇ.ബി.എൽ.-ന്റെ റിസർവോയറുകൾ, കായലുകൾ, തണ്ണീർത്തടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കുന്ന ഫ്ലോട്ടിംഗ് സോളാർ പദ്ധതികൾ | 100 മെഗാവാട്ട് |
| സോളാർ പാർക്കുകൾ വഴി | 150 മെഗാവാട്ട് |
| ജലസേചന വകുപ്പിന്റെ കനാലുകളുടെ മുകളിൽ സ്ഥാപിക്കുന്ന സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| വെസ്റ്റ് കല്ലട, എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള ഭൂമി, തരിശ്ശായി കിടക്കുന്ന നെൽപ്പാടങ്ങൾ എന്നിവിടങ്ങളിൽ സ്ഥാപിക്കാൻ കഴിയുന്ന ഭൗമോപരിതല സോളാർ പദ്ധതികൾ വഴി | 50 മെഗാവാട്ട് |
| ആകെ | 1050 മെഗാവാട്ട് |

അനെർട്ട് മുഖേന സോളാർ ഫോട്ടോവോൾട്ടായിക് സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചുനൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേന്ദ്രമന്ത്രാലയത്തിന്റെ കീഴിലുള്ള Solar Energy Corporation of India-യുടെ സഹകരണത്തോടെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സർക്കാരിന് മുടക്കുമുതൽ ഇല്ലാതെതന്നെ സൗരപ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. കെ.എസ്.ഇ.ബി.എൽ. പ്രധാന നിർവ്വഹണ ഏജൻസിയായി പ്രവർത്തിച്ചുകൊണ്ട് സാധ്യമാകുന്ന എല്ലാ സ്വകാര്യ കെട്ടിടങ്ങളുടെയും മേൽക്കൂരയിൽ പ്ലാന്റ് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു. രണ്ട് വർഷംകൊണ്ട് 1000 മെഗാവാട്ട് വൈദ്യുതി ഉൽപ്പാദനം ഇത്തരത്തിൽ ലക്ഷ്യമിടുന്നു.

(ബി) 2KW മുതൽ 50 KW വരെ ശേഷിയുള്ള ശൃംഖലാബന്ധിതമായ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർമ്മാണ ചെലവിന്റെ ഏകദേശം 30 ശതമാനം MNRE (Ministry of New and

Renewable Energy) സബ്സിഡിയായി ലഭ്യമാക്കുന്ന പദ്ധതി അനെർട്ടിൽ നിലവിലുണ്ട്. കൂടാതെ ഇതിനകം രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയ ഉപഭോക്താക്കൾക്ക് ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ ഏകദേശം 30 ശതമാനം MNRE സബ്സിഡിയോടുകൂടി അനെർട്ട് മുഖേന ലഭ്യമാക്കിവരുന്നു. 2KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും സംസ്ഥാന സബ്സിഡി ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) നിലവിൽ സ്ഥാപിച്ചിട്ടുള്ള ശൃംഖലാബന്ധിതമല്ലാത്ത സോളാർ പവർ പ്ലാന്റുകളുടെ വാറണ്ടികാലാവധിയും ബാറ്ററിയുടെ കാലാവധിയും കഴിഞ്ഞാൽ പ്ലാന്റുകൾ ഗ്രിഡിലേയ്ക്ക് കണക്ട് ചെയ്ത് ഉപയോഗപ്രദമാക്കാവുന്നതാണ്. അത്തരം പദ്ധതിയും നടപ്പാക്കാൻ ഉദ്ദേശ്യമുണ്ട്.

(ഡി) എൻ.റ്റി.പി.സി.-യിൽ നിന്ന് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിന്റെ ധാരണകൾ വ്യക്തമാക്കി, 11-5-2018-ൽ കെ.എസ്.ഇ.ബി.-യും, എൻ.റ്റി.പി.സി.-യും തമ്മിൽ MoU ഒപ്പിട്ടിട്ടുണ്ട്. പാരമ്പര്യേതര ഊർജ്ജ പദ്ധതികൾ എൻ.റ്റി.പി.സി.-യുടെ കൈവശമുള്ള ഭൂമിയിലും ജലപ്രതലത്തിലും മറ്റിടങ്ങളിലും സ്ഥാപിക്കുന്നതുൾപ്പെടെയുള്ള സാധ്യതകൾ പരിശോധിച്ച് നടപ്പിലാക്കുന്നതിനു വേണ്ടിയാണ് പ്രസ്തുത MoU ഒപ്പുവച്ചിട്ടുള്ളത്.

**സൗരോർജ്ജ വൈദ്യുതി**

264(712) <u>ശ്രീ. കെ. മുരളീധരൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സൗരോർജ്ജ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് വൈദ്യുതി ബോർഡ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളുടെ വിശദാംശം നൽകാമോ;

(ബി) റിവേഴ്സ് ബിഡ്ഡിംഗിലൂടെ സംസ്ഥാനത്ത് ഉല്പാദിപ്പിക്കുന്ന സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനുള്ള നടപടികൾ ഏത് ഘട്ടത്തിലാണ്; എൻ.ടി.പി.സി.-യിൽനിന്നും സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനുള്ള ഉടമ്പടി ഒപ്പുവച്ചിട്ടുണ്ടോ; എങ്കിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഇപ്രകാരം വാങ്ങുന്നത് എന്നറിയിക്കാമോ ;

(സി) സംസ്ഥാനത്ത് സോളാർ വൈദ്യുതി ഉല്പാദനം വർദ്ധിപ്പിക്കുന്നതിന് അനർട്ട് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികളിൽ വേണ്ടത്ര പുരോഗതി കൈവരിക്കാത്തത് എന്തുകൊണ്ടാണ്; ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങൾ(കേരളം ഒഴികെ) ഇക്കാര്യത്തിൽ ബഹുദൂരം മുന്നിലാണെന്ന വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇക്കാര്യത്തിൽ സംസ്ഥാനത്തെ മുൻപന്തിയിൽ എത്തിക്കുന്നതിന് പദ്ധതികൾ ആവിഷ്കരിക്കുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് 23 സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 16 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു*.

2018-19-ൽ തുടങ്ങുന്ന മൂന്ന് വർഷക്കാലയളവിനുള്ളിൽ 1000 മെഗാവാട്ട് സൗര വൈദ്യുതി സംസ്ഥാനത്ത് ഉൽപ്പാദിപ്പിക്കുന്നതിനുള്ള ഒരു ബൃഹത് പദ്ധതി കെ.എസ്.ഇ.ബി. ലിമിറ്റഡ് രൂപകല്പന ചെയ്യുന്നു. ലക്ഷ്യമിട്ടിട്ടുള്ള 1000 മെഗാവാട്ടിൽ 500 മെഗാവാട്ട് പുരപ്പുറം സൗരപദ്ധതികളിൽ നിന്ന് മാത്രം ഉൽപ്പാദിപ്പിക്കാനാണ് ഉദ്ദേശിക്കുന്നത്. ഇത് താഴെപ്പറയുന്നവണ്ണം പ്രാവർത്തിക മാക്കുന്നതാണ്.

| | |
|---|---|
| ഗാർഹിക – കാർഷിക ഉപഭോക്താക്കൾ | 150 മെഗാവാട്ട് |
| സർക്കാർ കെട്ടിടങ്ങൾ | 100 മെഗാവാട്ട് |
| ഗാർഹികേതര – സർക്കാരിതര കെട്ടിടങ്ങൾ | 250 മെഗാവാട്ട് |

(ബി) റിവേഴ്സ് ബിഡ്ഡിംഗിലൂടെ 200 മെഗാവാട്ട് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനാവശ്യമായ ദർഘാസ് പ്രമാണങ്ങൾ കെ.എസ്.ഇ.ബി. ലിമിറ്റഡ് തയ്യാറാക്കിവരുന്നുണ്ട്. എൻ.റ്റി.പി.സി.-യിൽ നിന്ന് സൗരോർജ്ജ വൈദ്യുതി വാങ്ങുന്നതിനുള്ള ധാരണാപത്രം 11-5-2018-ൽ ഒപ്പുവച്ചിട്ടുണ്ട്. അതു പ്രകാരം എൻ.റ്റി.പി.സി. 15 മെഗാവാട്ടിന്റെ സൗരോർജ്ജ പദ്ധതിയാണ് കായംകുളത്ത് സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നത്.

(സി) സംസ്ഥാനത്ത് അനെർട്ട് മുഖേനയുള്ള പദ്ധതിയിലൂടെ മാത്രം ശൃംഖലാബന്ധിതമായതും ശൃംഖലാബന്ധിതമല്ലാത്തതുമായ 24 മെഗാവാട്ട് സോളാർ വൈദ്യുത പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്.

കേരളത്തിൽ സൗരവൈദ്യുത പ്ലാന്റുകൾ ചെലവ് ചുരുക്കി സ്ഥാപിക്കുന്നത് കെട്ടിടങ്ങളുടെ മേൽക്കൂരയിലാണ്. മറ്റ് സംസ്ഥാനങ്ങളിൽ കൃഷിയോഗ്യമല്ലാത്ത പാഴ്ഭൂമി ധാരാളമുള്ളതുകൊണ്ട് യഥേഷ്ടം അവർക്കത് ഉപയോഗിക്കാം. ഒരു മെഗാവാട്ട് സൗരപ്ലാന്റ് സ്ഥാപിക്കാൻ 5 ഏക്കർ സ്ഥലം ആവശ്യമാണ്. ഇത് കേരളത്തിന്റെ പരിമിതിയാണ്. ഇത് മറികടക്കുവാൻ ജലാശയങ്ങളുടെ മുകൾപരപ്പിലും കനാലുകളുടെ മുകളിലുമായി സാധ്യമായ സ്ഥലങ്ങളിൽ വലിയ പ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു. മൂന്ന് വർഷത്തിനുള്ളിൽ 1000 മെഗാവാട്ട് സൗരവൈദ്യുതി ഉൽപ്പാദനം എന്നതാണ് സർക്കാരിന്റെ ലക്ഷ്യം.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിലെ സോളാർ വൈദ്യുത നിലയങ്ങൾ

265(713) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിലെ സോളാർ വൈദ്യുത നിലയങ്ങളിൽനിന്നും നിലവിൽ എത്ര മെഗാവാട്ട് വൈദ്യുതിയാണ് ഉല്പാദിപ്പിക്കുന്നതെന്ന് വ്യക്തമാക്കാമോ;

(ബി) ഇവിടെയുള്ള സോളാർ നിലയങ്ങളുടെ ഉടമസ്ഥാവകാശം സർക്കാരിൽ നിക്ഷിപ്തമാണോ;

(സി) ഈ സോളാർ നിലയങ്ങൾ സ്ഥാപിക്കാൻ എത്ര കോടി രൂപ ചെലവ് വന്നിട്ടുണ്ടെന്ന് അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ 50 MW ശേഷിയുള്ള അമ്പലത്തറ സോളാർ നിലയത്തിൽനിന്നും 70.5522 MU-ഉം, 0.5 MW ശേഷിയുള്ള മഞ്ചേശ്വരത്തെ സോളാർ പ്ലാന്റിൽനിന്ന് 4,64,070 യൂണിറ്റും, 0.03 MW ശേഷിയുള്ള മൈലാട്ടിയിലെ റൂഫ് ടോപ്പ് സോളാർ പ്ലാന്റിൽനിന്ന് 14,790 യൂണിറ്റും നാളിതുവരെ ഉൽപ്പാദിപ്പിച്ചിട്ടുണ്ട്.

(ബി) അമ്പലത്തറയിലെ സോളാർ നിലയത്തിന്റെ ഉടമസ്ഥാവകാശം 25 വർഷത്തേയ്ക്ക് കേന്ദ്ര ഗവൺമെന്റ് സ്ഥാപനമായ ഇന്ത്യൻ റിന്യൂവബിൾ എനർജി ഡെവലപ്മെന്റ് ഏജൻസി (IREDA)-ക്കും, മൈലാട്ടി, മഞ്ചേശ്വരം സോളാർ നിലയങ്ങളുടെ ഉടമസ്ഥാവകാശം സംസ്ഥാന സർക്കാരിലുമാണ് നിക്ഷിപ്തമായിരിക്കുന്നത്.

(സി) ഈ സോളാർ നിലയങ്ങളുടെ ചെലവ് ഇപ്രകാരമാണ്.

| | | | |
|---|---|---|---|
| 1. | അമ്പലത്തറ | - | 310.88 കോടി രൂപ |
| 2. | മഞ്ചേശ്വരം | - | 3.5133874 കോടി രൂപ |
| 3. | മൈലാട്ടി | - | 0.2400563 കോടി രൂപ |

## സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ

266(714) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി ഉത്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ സ്ഥാപിക്കുന്നതിനായി സ്വീകരിച്ചുവരുന്ന നടപടികൾ എന്തൊക്കെയാണെന്നറിയിക്കാമോ;

(ബി) സൗരോർജ്ജ വൈദ്യുതി ഉത്പാദനത്തിനായി ഏതൊക്കെ രീതിയിലുള്ള സാമ്പത്തിക സഹായമാണ് സർക്കാർ നൽകിവരുന്നത്;

(സി) ഊർജ്ജ മിത്ര കേന്ദ്രങ്ങൾവഴി ഇതിനു വേണ്ട സാങ്കേതിക സഹായം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്നറിയിക്കാമോ?

ഉത്തരം

(എ) അനെർട്ട് മുഖേന സോളാർ ഫോട്ടോ വോൾട്ടായിക്-സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ (3 മെഗാവാട്ട് വരെ ശേഷിയുള്ളവ) രാമക്കൽമേട്ടിൽ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്. കൂടാതെ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റുകൾ ജില്ലാ കളക്ടേറ്റ് അടക്കമുള്ള സർക്കാർ ഉടമസ്ഥതയിലുള്ള കെട്ടിടങ്ങളിൽ സ്ഥാപിക്കുന്നതിനായി നടപടികൾ സ്വീകരിച്ചുവരുന്നു. തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ, അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ നിർമ്മാതാക്കളെ എംപാനൽ ചെയ്തും, നിർദ്ദിഷ്ട സാങ്കേതിക മാനദണ്ഡങ്ങൾ നടപ്പിലാക്കിയും പ്രചാരണ പ്രവർത്തനങ്ങൾ നടത്തിയും വ്യാപകമായ തോതിൽ വിവിധ അക്ഷയ ഊർജ്ജ ഉപകരണങ്ങൾ അനെർട്ട് മുഖേന സ്ഥാപിച്ചു നൽകുന്നതിനുള്ള പ്രവർത്തനങ്ങൾ നടന്നുവരുന്നു.

കേന്ദ്ര മന്ത്രാലയത്തിന്റെ കീഴിലുള്ള Solar Energy Corporation of India-യുടെ സഹകരണത്തോടെ സർക്കാർ ഓഫീസുകളുടെ മേൽക്കൂരയിൽ സർക്കാരിന് മുടക്കുമുതൽ ഇല്ലാതെ തന്നെ സൗരപ്ലാന്റുകൾ സ്ഥാപിക്കാനുള്ള നടപടികൾ ആരംഭിച്ചുകഴിഞ്ഞു.

വൈദ്യുതി ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി വൈദ്യുതി ബോർഡ് 23 സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* 16 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* കൂടാതെ സർക്കാർ കെട്ടിടങ്ങളുടെ മേൽക്കൂരയിൽ സൗരോർജ്ജ പ്ലാന്റുകൾ സ്ഥാപിക്കുന്ന ജോലികൾ പുരോഗമിക്കുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) 2 KW മുതൽ 50 KW വരെ ശേഷിയുള്ള ശൃംഖലാബന്ധിതമായ സൗരവൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിന് ഗുണഭോക്താക്കൾക്ക് നിർമ്മാണ ചെലവിന്റെ ഏകദേശം 30 ശതമാനം MNRE (Ministry of New and Renewable Energy) സബ്സിഡിയായി ലഭ്യമാക്കുന്ന പദ്ധതി അനെർട്ടിൽ നിലവിലുണ്ട്. കൂടാതെ ഇതിനകം രജിസ്ട്രേഷൻ നടപടി പൂർത്തിയാക്കിയ ഗുണഭോക്താക്കൾക്ക് ഓഫ്ഗ്രിഡ് സോളാർ പവർ പ്ലാന്റുകൾ ഏകദേശം

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

30 ശതമാനം MNRE സബ്സിഡിയോടുകൂടി അനെർട്ട് മുഖേന ലഭ്യമാക്കിവരുന്നു. 2KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും സംസ്ഥാന സബ്സിഡി ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

(സി) പൊതുജനങ്ങൾക്കും വിവിധ സ്ഥാപനങ്ങൾക്കും അനുയോജ്യമായ ഗുണനിലവാരമുള്ള അക്ഷയ ഊർജ്ജ ഉപകരണങ്ങൾ തെരഞ്ഞെടുക്കുന്നതിനും അവ സ്ഥാപിക്കുന്നതിനും അവയുടെ പരിപാലനത്തിനും ആവശ്യമായ സാങ്കേതിക സഹായം ലഭ്യമാക്കുന്നതിനുവേണ്ടി 140 നിയോജകമണ്ഡലങ്ങളിൽ സ്വകാര്യ സംരംഭകരുടെ സഹായത്തോടെ അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ സ്ഥാപിക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. ആ പ്രവർത്തനം ആഗസ്റ്റ് മാസത്തോടെ നിലവിൽ വരുന്നതാണ്.

**അനെർട്ടിന്റെ ശാക്തീകരണം**

267(715) ശ്രീ. കെ. വി. വിജയദാസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) അനെർട്ടിന്റെ ശാക്തീകരണത്തിനായി ഈ സർക്കാർ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തെല്ലാമാണ്;

(ബി) നോൺ-കൺവെൻഷണൽ എനർജി കൂടുതലായി ഉല്പാദിപ്പിക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; വിശദമാക്കാമോ;

(സി) അനെർട്ട് മുഖേന എന്തെല്ലാം സബ്സിഡികളാണ് നൽകിവരുന്നത്; വ്യക്തമാക്കാമോ?

ഉത്തരം

(എ) അക്ഷയ ഊർജ്ജ മേഖലയുടെ പ്രാധാന്യം കണക്കിലെടുത്ത് അനെർട്ടിന്റെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് ഉതകുന്നതിനുള്ള മാർഗ്ഗ നിർദ്ദേശങ്ങളും സ്ഥാപനത്തിന്റെ ഘടനയും സംബന്ധിച്ച റിപ്പോർട്ട് തയ്യാറാക്കുന്നതിന് സെന്റർ ഫോർ മാനേജ്മെന്റ് ഡെവലപ്മെന്റ് എന്ന സർക്കാർ സ്ഥാപനത്തെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് അനെർട്ടിനെ ശാക്തീകരിക്കുന്നതാണ്.

സംസ്ഥാനത്തിന്റെ വൈദ്യുതോൽപ്പാദന ശേഷി വർദ്ധിപ്പിക്കുന്നതിൽ അക്ഷയ ഊർജ്ജ സ്രോതസ്സുകൾക്ക് ഗണ്യമായ പങ്ക് നൽകുന്ന രീതിയിൽ അനെർട്ടിന്റെ വാർഷിക പദ്ധതികൾ പുനഃക്രമീകരിച്ചിട്ടുണ്ട്. ഇതനുസരിച്ച് മേൽക്കൂരയിൽ സ്ഥാപിക്കുന്ന സൗരോർജ്ജ വൈദ്യുതി നിലയങ്ങൾ വ്യാപകമാക്കുന്നതിനുള്ള നടപടികൾ അനെർട്ട് സ്വീകരിച്ചിട്ടുണ്ട്.

(ബി) നോൺ-കൺവെൻഷണൽ എനർജി കൂടുതലായി ഉൽപ്പാദിപ്പിക്കുന്നതിനായി വൈദ്യുതി ബോർഡ് 23 സൗരോർജ്ജ പദ്ധതികൾ പൂർത്തിയാക്കിയിട്ടുണ്ട്. 16 സൗരോർജ്ജ പദ്ധതികളുടെ നിർമ്മാണം നടന്നുവരുന്നു. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.* ഇതുകൂടാതെ സ്വകാര്യ സംരംഭകർ വഴി കാറ്റിൽ നിന്നുള്ള പദ്ധതികളും ചെറുകിട ജലവൈദ്യുത പദ്ധതികളും നടപ്പിലാക്കിയിട്ടുണ്ട്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

സൗരോർജ്ജ മേഖലയിലെ ഉൽപ്പാദനം വർദ്ധിപ്പിക്കുന്നതിന് മേൽക്കൂര സൗരോർജ്ജ നിലയങ്ങൾ വൻതോതിൽ സ്ഥാപിക്കുന്നതിന് അനെർട്ട് സ്വീകരിച്ചിട്ടുള്ള നടപടികൾ താഴെപ്പറയുന്നു:

<u>സൗരോർജ്ജ പദ്ധതി</u>

അക്ഷയ ഊർജ്ജോത്പാദന രംഗത്ത് അനെർട്ട് 3 മെഗാവാട്ട് ശേഷിയുള്ള സോളാർ വിന്റ് ഹൈബ്രിഡ് പവർ പ്ലാന്റുകൾ രാമക്കൽമേട്ടിൽ നിർമ്മാണ പ്രവർത്തനം നടന്നുകൊണ്ടിരിക്കുന്നു. പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് അനെർട്ട് തന്നെ സ്ഥാപിച്ച 2 മെഗാവാട്ട് ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റിൽനിന്നും കെ.എസ്.ഇ.ബി. ഗ്രിഡിലേയ്ക്ക് വൈദ്യുതി നൽകിവരുന്നു.

MNRE-യുടെ ഇൻസെന്റീവ് പദ്ധതി പ്രകാരം മറ്റു സർക്കാർ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പ്ലാന്റുകളും സ്ഥാപിക്കാൻ നടപടി സ്വീകരിച്ചുവരുന്നു.

ജില്ലാ കളക്ടറേറ്റ് അടക്കമുള്ള സർക്കാർ സ്ഥാപനങ്ങളിൽ 1.4 മെഗാവാട്ട് ആകെ ശേഷിയുള്ള ശൃംഖലാ ബന്ധിത സോളാർ പവർ പ്ലാന്റുകൾ സ്ഥാപിക്കുന്ന പദ്ധതി പുരോഗമിച്ചുവരുന്നു. കൂടാതെ അനെർട്ട് നേരിട്ട് തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഒരു മെഗാവാട്ട് ശേഷിയുള്ള നിലയങ്ങൾ സ്ഥാപിക്കാനും ഉദ്ദേശിക്കുന്നു.

കേന്ദ്ര സർക്കാർ സ്ഥാപനമായ CDAC-ന്റെ സഹകരണത്തോടെ അനെർട്ട് സൗരോർജ്ജവും കാറ്റും സമന്വയിപ്പിച്ചുള്ള ഹൈബ്രിഡ് പവർ പ്ലാന്റ് രാമക്കൽമേട്ടിൽ നിർമ്മാണ പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്.

കേരളത്തിൽ കാറ്റാടിപ്പാടങ്ങൾ സ്ഥാപിക്കുവാനായി കേന്ദ്ര സർക്കാർ പൊതുമേഖലാ സ്ഥാപനമായ NHPC-യുമായി ചേർന്ന് കേരള സർക്കാർ ധാരണാപത്രം ഒപ്പുവയ്ക്കുകയുണ്ടായി. ഇതിന്റെ പ്രാരംഭ നടപടിയായി പാലക്കാട് ജില്ലയിലെ അട്ടപ്പാടി പ്രദേശത്ത് 8MW വിന്റ് ഫാം സ്ഥാപിക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

അനെർട്ടിന്റെ റൂഫ് ടോപ്പ് പദ്ധതി പ്രകാരം ആകെ 24 മെഗാവാട്ട് ശേഷിയുള്ള സൗരോർജ്ജ വൈദ്യുത നിലയം വൈദ്യുതി ഉൽപ്പാദിപ്പിക്കുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അതിലേറ്റവും വലുത് അനെർട്ട് പാലക്കാട് ജില്ലയിലെ കുഴൽമന്ദത്ത് പത്ത് ഏക്കർ സ്ഥലത്ത് സ്ഥാപിച്ച് വൈദ്യുതി ഗ്രിഡിലേയ്ക്ക് നൽകിക്കൊണ്ടിരിക്കുന്ന 2 മെഗാവാട്ടിന്റെ ശൃംഖലാബന്ധിത സോളാർ പവർ പ്ലാന്റാണ്. ഈ രംഗത്ത് ഒരു മികച്ച നേട്ടം കൈവരിക്കാനായി കേന്ദ്രമന്ത്രാലയമായ MNRE-യുടെയും MNRE-യുടെ കീഴിലുള്ള Solar Energy Corporation of India (SECI)-യുടെയും സഹകരണം തേടിയിട്ടുണ്ട്.

കെ.എസ്.ഇ.ബി.എൽ. വഴി അനുയോജ്യമായ സ്ഥല ലഭ്യതയുള്ള കളക്ടേറ്റ് കെട്ടിടങ്ങൾ, മറ്റ് സർക്കാർ കെട്ടിടങ്ങൾ എന്നിവിടങ്ങളിൽ ശൃംഖലാബന്ധിത സൗരോർജ്ജ മേൽക്കൂര വൈദ്യുത നിലയങ്ങൾ സ്ഥാപിക്കുന്നതിനുള്ള ഒരു പദ്ധതിക്ക് അനെർട്ട് രൂപം നൽകിയിട്ടുണ്ട്. ജില്ലാ കളക്ടേറ്റുകളിൽ ആകെ 380Kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റുകളും തിരുവനന്തപുരം മെഡിക്കൽ കോളേജിൽ 1100Kwp ശേഷിയുള്ള സൗരോർജ്ജ പ്ലാന്റും സ്ഥാപിക്കാൻ കെ.എസ്.ഇ.ബി.എൽ.-ഉം അനെർട്ടും കരാറായിട്ടുണ്ട്. ഈ പദ്ധതികൾ നടപ്പിലായിവരുന്നു.

സൗരോർജ്ജ നിലയങ്ങളുടെ ഗുണമേന്മ ഉറപ്പുവരുത്തുന്നതിന് ഉപകരണങ്ങളുടെ സ്പെസിഫിക്കേഷൻ നിശ്ചയിക്കുകയും ആവശ്യമായ ഗുണനിലവാര പരിശോധന ഉറപ്പുവരുത്തുകയും ചെയ്തിട്ടുണ്ട്.

ഊർജ്ജ ഉപകരണങ്ങൾ ആവശ്യക്കാർക്ക് എളുപ്പത്തിൽ ലഭിക്കുന്നതിനായി ഇലക്ട്രോണിക് മാർക്കറ്റ് പ്ലേയ്സ് ഏർപ്പെടുത്തിയിട്ടുണ്ട്. അതനുസരിച്ച് ആവശ്യക്കാർക്ക് ഗുണമേന്മയുള്ള ഊർജ്ജ ഉപകരണങ്ങൾ ഇ-മാർക്കറ്റ് (e-market) വഴി വാങ്ങാവുന്നതാണ്.

അക്ഷയ ഊർജ്ജ ഉപകരണങ്ങളുടെ തുടർ പരിപാലനം ഉറപ്പു വരുത്തുന്നതിനായി സംസ്ഥാനത്തെ എല്ലാ നിയോജകമണ്ഡലത്തിലും അക്ഷയ ഊർജ്ജ സേവന കേന്ദ്രങ്ങൾ ആരംഭിക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചിട്ടുണ്ട്. അനെർട്ട് രൂപകല്പന ചെയ്ത 'സൗരവീഥി' എന്ന മൊബൈൽ ആപ്ലിക്കേഷൻ വഴി രജിസ്റ്റർ ചെയ്യുന്ന അക്ഷയ ഊർജ്ജ ഉപകരണങ്ങൾക്ക് ഒരു വർഷത്തെ സൗജന്യ ഇൻഷ്വറൻസ് ഏർപ്പെടുത്തിയിട്ടുണ്ട്.

(സി) കാലാകാലങ്ങളിൽ കേന്ദ്ര ഗവൺമെന്റ് (MNRE) ഏർപ്പെടുത്തുന്ന സബ്സിഡി അനെർട്ട് മുഖേന സംസ്ഥാനത്ത് ലഭ്യമാക്കുന്നുണ്ട്. നിലവിൽ വൈദ്യുത ശൃംഖലാബന്ധിത സൗരോർജ്ജ പവർ പ്ലാന്റിന് 30 ശതമാനം സബ്സിഡി (ഒരു കിലോവാട്ടിന് ഏകദേശം 18,500 രൂപ) ലഭ്യമാണ്. 2KW വരെ ശേഷിയുള്ള നിലയങ്ങൾക്ക് തദ്ദേശഭരണ സ്ഥാപനങ്ങളിൽനിന്നും സംസ്ഥാന സബ്സിഡി ലഭ്യമാക്കാൻ വ്യവസ്ഥ ചെയ്തിട്ടുണ്ട്.

## വൈദ്യുതി മോഷണം

268(716) ശ്രീ. എ. എം. ആരിഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈദ്യുതി മോഷണം തടയുന്നതിന് വകുപ്പ് സ്വീകരിച്ച നടപടികൾ വിശദമാക്കാമോ;

(ബി) 2016-17, 2017-18 വർഷങ്ങളിൽ വൈദ്യുതി മോഷണത്തിന് എത്ര പേർക്കെതിരെ നടപടി എടുത്തു എന്ന് വ്യക്തമാക്കാമോ; ഈ ഇനത്തിൽ എത്ര രൂപ പിഴ ഈടാക്കി എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) വൈദ്യുതി മോഷണം തടയുന്നതിന് ചീഫ് വിജിലൻസ് ഓഫീസറുടെ നേതൃത്വത്തിൽ ആവശ്യം വേണ്ട സജ്ജീകരണങ്ങളോടുകൂടി ആന്റി പവർ തെഫ്റ്റ് സ്ക്വാഡിന്റെ പ്രത്യേക വിഭാഗം പ്രവർത്തിച്ചുവരുന്നു. സംസ്ഥാനത്തെ 14 ജില്ലകളിലും പോലീസുകാർകൂടി ഉൾപ്പെട്ട ആന്റി പവർ തെഫ്റ്റ് സ്ക്വാഡുകൾ പ്രവർത്തിക്കുന്നുണ്ട്. ഇതിനുപുറമെ സെക്ഷൻ തലത്തിലും ഡിവിഷൻ തലത്തിലും നിരന്തരം പരിശോധനകൾ നടത്തിവരുന്നുണ്ട്. വൈദ്യുതി മോഷണം ഉൾപ്പെടെയുള്ള ക്രമക്കേടുകൾ അറിയിക്കുന്നതിനായി ബന്ധപ്പെട്ട ടെലിഫോൺ നമ്പരുകൾ നിലവിലുണ്ട്. വൈദ്യുതി മോഷണം കൂടാതെ വൈദ്യുതി ഉപയോഗത്തിലെ ക്രമക്കേടുകൾകൂടി പരിശോധിച്ച് നടപടികൾ സ്വീകരിച്ചുവരുന്നു. ഇതുകൂടാതെ രാത്രികാല പരിശോധനകളും അവധി ദിന പരിശോധനകളും ഫലപ്രദമായി നടത്തി കുറ്റക്കാരിൽനിന്നും പിഴ ഈടാക്കിവരുന്നു.

ഇതുകൂടാതെ വൈദ്യുതി മോഷണം തടയുന്നതിനായി ഉപഭോക്താവ് മീറ്ററിൽ കൃത്രിമം നടത്തിയാൽ ആയത് കണ്ടുപിടിക്കാൻ കഴിയുന്ന മീറ്ററുകൾ സ്ഥാപിക്കുകയും മീറ്ററിന്റെ കവർ ഇളക്കി മാറ്റി വൈദ്യുതി മോഷണം നടത്തുന്നത് തടയുന്നതിനായി പോളി കാർബണേറ്റ് സീലുകൾ ഉപയോഗിക്കുകയും ചെയ്തുവരുന്നു.

(ബി) 2016-17 കാലയളവിൽ വൈദ്യുതി മോഷണത്തിന് 194 കേസുകളിലായി 1,51,30,538 രൂപ പിഴയായി ഈടാക്കിയിട്ടുണ്ട്. പിഴ ഒടുക്കാത്തതിന്റെ പേരിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. കെ. ഗോപാലൻ, അജി ഭവൻ, കുണ്ടറ (FIR No. 604/2017, അഞ്ചാലുംമൂട് പോലീസ് സ്റ്റേഷൻ). 2017-18 കാലയളവിൽ വൈദ്യുതി മോഷണത്തിന് 196 കേസുകളിലായി 1,62,43,972 രൂപയും പിഴയായി ഈടാക്കിയിട്ടുണ്ട്. പിഴ ഒടുക്കാത്തതിന്റെ പേരിൽ ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ശ്രീ. സി. കെ. രാജു, ഹരിജൻ കോളനി, മടപ്പള്ളി, കോട്ടയം (FIR No. 4322/2018, തൃക്കൊടിത്താനം പോലീസ് സ്റ്റേഷൻ).

## കെ.എസ്.ഇ.ബി. ലൈനിൽനിന്നും ഷോക്കേറ്റ് മരണം

269(717) ശ്രീ. യു. ആർ. പ്രദീപ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇലക്ട്രിക് ലൈനിൽനിന്നും ഷോക്കേറ്റ് മരണപ്പെട്ടതുമായി ബന്ധപ്പെട്ട് എത്ര പേരുടെ കുടുംബത്തിന് ആശ്വാസ ധനസഹായം കെ.എസ്.ഇ.ബി. നൽകിട്ടുണ്ട്;

(ബി) നിലവിൽ എത്ര അപേക്ഷ ഇതുമായി ബന്ധപ്പെട്ട് തീർപ്പുകല്പിക്കാനുണ്ട്; ഇത് തീർപ്പുകല്പിക്കുന്നതിന് ഊർജ്ജിത നടപടി സ്വീകരിക്കുമോ;

(സി) ഇലക്ട്രിക് ലൈനിൽനിന്നും ഷോക്കേറ്റ് മരണപ്പെട്ടാൽ നൽകുന്ന ധനസഹായം എത്രയാണ്;

(ഡി) ഇലക്ട്രിക് ലൈനിൽനിന്ന് ഷോക്കേറ്റുള്ള മരണം ഉണ്ടാകാതിരിക്കുന്നതിന് കെ.എസ്.ഇ.ബി. സ്വീകരിച്ചുവരുന്ന മുൻകരുതലുകൾ എന്തൊക്കെയാണ്; വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇലക്ട്രിക് ലൈനിൽനിന്നും ഷോക്കേറ്റ് മരണപ്പെട്ട 92 പേരുടെ കുടുംബത്തിന് ആശ്വാസ ധനസഹായം നൽകിയിട്ടുണ്ട്.

(ബി) ആശ്വാസ ധനസഹായം അനുവദിക്കുന്നതിന്റെ അർഹത പരിശോധിക്കുന്നതിന് വേണ്ടതായ രേഖകൾ/വിവരങ്ങൾ യഥാസമയം ലഭ്യമാക്കാത്തതുകാരണം നിലവിൽ 103 അപേക്ഷ തീർപ്പുകൽപ്പിക്കാനുണ്ട്.

(സി) അശ്രദ്ധ, സൂക്ഷ്മതക്കുറവ്, അറിവില്ലായ്മ, സുരക്ഷാ മുൻകരുതലുകൾ എടുക്കുന്നതിൽ വിമുഖത കാണിക്കുക, എന്നീ കാരണങ്ങളാൽ കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പ്രതിഷ്ഠാപനങ്ങളിൽനിന്നും വൈദ്യുതാഘാതമേറ്റ് മരണമടയുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് നിലവിലുള്ള വൈദ്യുതി സുരക്ഷാ പദ്ധതി പ്രകാരം 1 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുക ആശ്വാസധനസഹായമായും (പരമാവധി 1 ലക്ഷം രൂപ) അനുവദിക്കുന്നുണ്ട്.

കെ.എസ്.ഇ.ബി.എൽ.-ന്റെ പ്രതിഷ്ഠാപനങ്ങളുടെ തകരാറുകൾമൂലവും പൊട്ടിവീണ വൈദ്യുതി കമ്പിയിൽനിന്നും വൈദ്യുതാഘാതമേൽക്കുന്നതുമൂലവും മരണം സംഭവിക്കുന്ന പൊതുജനങ്ങളുടെ അനന്തരാവകാശികൾക്ക് 5 ലക്ഷം രൂപയും പരിക്കേൽക്കുന്നവർക്ക് അപകടത്തിന്റെ ഫലമായി ഉണ്ടാകുന്ന സ്ഥിരവും സ്ഥായിയുമായ അംഗവൈകല്യത്തിന്റെ ശതമാനത്തിന് ആനുപാതികമായ തുകയും (പരമാവധി 5 ലക്ഷം രൂപ) വ്യവസ്ഥകൾക്ക് വിധേയമായി ആശ്വാസ ധനസഹായമായി അനുവദിച്ചുനൽകിവരുന്നു.

(ഡി) വൈദ്യുതി വിതരണ ലൈനുകളിലും ഉപകരണങ്ങളിലും ജോലി ചെയ്യുമ്പോൾ ജീവനക്കാർക്കും കരാർ തൊഴിലാളികൾക്കും സുരക്ഷ ഉറപ്പുവരുത്തുന്നതിനുവേണ്ടി "Permit To Work" (PTW) സംവിധാനം വിതരണ മേഖലയിൽക്കൂടി കർശനമായി നടപ്പാക്കിയിട്ടുണ്ട്. സുരക്ഷ പരിപാലിക്കുന്നുണ്ടെന്ന് ഉറപ്പുവരുത്താനായി surprise inspection-നുകൾ നടത്തുന്നതിന് വിവിധ തലത്തിലുള്ള ഉദ്യോഗസ്ഥരെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർമാർ ജോലി സ്ഥലങ്ങളിൽ മിന്നൽ പരിശോധനകൾ നടത്തി റിപ്പോർട്ട് നൽകുന്നുണ്ട്. അതനുസരിച്ച് വീഴ്ച വരുത്തുന്നവർക്കെതിരെ കർശനമായ നടപടികൾ സ്വീകരിക്കുന്നുണ്ട്. എക്സിക്യൂട്ടീവ് എഞ്ചിനീയർമാരുടെ നേതൃത്വത്തിൽ സുരക്ഷ അവലോകനം ചെയ്യുന്നതിനായി മാസം തോറും safety meeting-കളും സംഘടിപ്പിക്കുന്നുണ്ട്.

കൂടാതെ എല്ലാ ദിവസവും രാവിലെ സെക്ഷൻ ഓഫീസിൽ "സൺറൈസ് മീറ്റിംഗ്"-ൽ സുരക്ഷാ പ്രതിജ്ഞ എടുക്കുകയും അതോടൊപ്പം അന്നന്നത്തെ ജോലികളിൽ എടുക്കേണ്ട മുൻകരുതലുകളെക്കുറിച്ച് ചർച്ച ചെയ്യുന്നുമുണ്ട്.

കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡിന്റെ ഉൽപ്പാദന, പ്രസരണ, വിതരണ വിഭാഗങ്ങളിലെ എല്ലാ ഓഫീസുകളിലും ആവശ്യമായ സുരക്ഷാ ഉപകരണങ്ങൾ (Safety Gloves, Safety Belt, Safety Shoes, Earthing/Discharge Rod, Shorting Clip, First Aid Kit, Rain Coat, Ladder etc.) ലഭ്യമാക്കിയിട്ടുണ്ട്. കൂടുതൽ മെച്ചപ്പെട്ട വ്യത്യസ്ത സുരക്ഷാ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയുള്ള നടപടിക്രമങ്ങൾ ബോർഡ് തലത്തിൽ പുരോഗമിച്ചുവരുന്നു. ജീവനക്കാരുടെ സുരക്ഷിതത്വത്തിനായി എല്ലാ ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകൾക്കും എ.ബി. സ്വിച്ചുകൾ ഘടിപ്പിക്കുക, ട്രാൻസ്ഫോമർ സ്റ്റേഷനുകളിൽ MCCB (മോൾഡഡ് കേസ് സർക്യൂട്ട് ബ്രേക്കറുകൾ) ഘടിപ്പിക്കുക, ഡിസ്ട്രിബ്യൂഷൻ ട്രാൻസ്ഫോമറുകളുടെയും വിതരണ ശൃംഖലയുടെയും എർത്തിംഗ് ദൃഢപ്പെടുത്തുക തുടങ്ങിയവ ഇപ്പോൾ ബോർഡിന്റെ പരിഗണനയിലാണ്.

11 കെ.വി.-യോ അതിനു മുകളിലുള്ളതോ ആയ ലൈനുകൾ പൊട്ടി വീണാൽ തൽക്ഷണം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള സംവിധാനം ഇപ്പോൾത്തന്നെ നിലവിലുണ്ട്. എങ്കിലും ഇത് കുറ്റമറ്റ രീതിയിൽ പ്രവർത്തിക്കുവാനുള്ള പരിശോധനയും സാങ്കേതിക മെച്ചപ്പെടുത്തലുകളും ത്വരിതഗതിയിൽ നടത്തിവരുന്നു.

സുരക്ഷാപാലനം ഉറപ്പുവരുത്തുന്നതിനായി സബ് എഞ്ചിനീയർ മുതൽ ഇലക്ട്രിസിറ്റി വർക്കർ വരെയുള്ള ജീവനക്കാർക്ക് കൃത്യമായ ഇടവേളകളിൽ പരിശീലന ക്ലാസ്സുകൾ നടത്തി സുരക്ഷാ നടപടികളെക്കുറിച്ചുള്ള ബോധവൽക്കരണം നടത്തിവരുന്നു. വൈദ്യുതി ലൈനുകളിലും പ്രതിഷ്ഠാപനങ്ങളിലും പണിയെടുക്കുമ്പോഴുണ്ടായേക്കാവുന്ന അപകടങ്ങളും അവ ഒഴിവാക്കേണ്ട രീതികളും സ്വീകരിക്കേണ്ട മുൻകരുതലുകളും ഈ പരിശീലന പരിപാടികളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. അപകടസാധ്യതകളെക്കുറിച്ച് മനസ്സിലാക്കുന്നതിനായി കരാർ തൊഴിലാളികൾക്കും ബോർഡിലെ ജീവനക്കാർക്കും വീഡിയോ ടേപ്പുകൾ ഉപയോഗിച്ച് ധാരാളം സുരക്ഷാ ക്ലാസ്സുകൾ ഫീൽഡ് ഓഫീസ് തലങ്ങളിൽ നടത്തി പരിശീലനം നൽകിവരുന്നു. Safety belt പോലുള്ള സുരക്ഷാ ഉപകരണങ്ങൾ ഉപയോഗിക്കാനും ഈ ക്ലാസ്സുകളിൽ പരിശീലിപ്പിക്കുന്നുണ്ട്. ബോർഡ് ജീവനക്കാർക്ക് ഡോക്ടർ, ഫയർഫോഴ്സ് ഉദ്യോഗസ്ഥർ എന്നിവരുടെ സേവനം ഉപയോഗപ്പെടുത്തി First Aid പരിശീലനവും നൽകുന്നുണ്ട്.

മഴക്കാലത്ത് ഉണ്ടായേക്കാവുന്ന അപകടങ്ങൾ ഒഴിവാക്കുന്നതിലേയ്ക്കായി എല്ലാ വർഷവും പ്രീ മൺസൂൺ മെയിന്റനൻസ് നടത്താറുണ്ട്. ഇതിന്റെ ഭാഗമായി 11 കെ.വി. ലൈനുകൾ, എൽ.റ്റി. ലൈനുകൾ, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ എന്നിവ പരിശോധിക്കുക, ലൈനുകളിൽ മുട്ടിനിൽക്കുന്ന വൃക്ഷ ശിഖരങ്ങൾ നീക്കം ചെയ്യുക, കേടായതും പഴക്കം ചെന്നതുമായ പോസ്റ്റുകൾ, സ്റ്റേകൾ, വൈദ്യുത കമ്പികൾ, ഇൻസുലേറ്ററുകൾ തുടങ്ങിയവ മാറ്റി സ്ഥാപിക്കുക, ബ്രിഡ്ജിംഗ് പരിശോധന നടത്തി ആവശ്യമെങ്കിൽ മാറ്റി സ്ഥാപിക്കുക, താഴ്ന്നുകിടക്കുന്ന ലൈനുകൾ റീ ഷാക്ലിംഗ് നടത്തുക, ട്രാൻസ്ഫോർമർ സ്റ്റേഷനുകൾ പരിശോധിച്ച് എ.ബി. സ്വിച്ച്, എർത്തിംഗ്, ലൈറ്റ്നിംഗ് അറസ്റ്റർ, ഓയിൽ ലെവൽ, ഫ്യൂസ്, കേബിളുകൾ തുടങ്ങിയവ പരിശോധിച്ച് ആവശ്യമെങ്കിൽ മെയിന്റനൻസ് ചെയ്യുക, ട്രാൻസ്ഫോർമർ ലോഡ് ബാലൻസ് ചെയ്യുക, പഴയ വെതർ പ്രൂഫ് വയറുകൾ മാറ്റുക തുടങ്ങിയവ ചെയ്തുവരുന്നു. വൈദ്യുതി വിതരണ മേഖല പൂർണ്ണമായും അപകടരഹിതമാക്കാൻ ഉദ്ദേശിച്ച് വിവിധ കർമ്മ പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ട്. കുറ്റമറ്റ രീതിയിൽ ലൈനുകളുടെ നിർമ്മാണം നടത്തുക, പൊട്ടിവീഴാൻ സാധ്യതയുള്ള അലുമിനിയം

കമ്പികൾ മാറ്റുക, സ്വയം വൈദ്യുതബന്ധം വിച്ഛേദിക്കുന്നതിനുള്ള ആധുനിക സംവിധാനം കുറ്റമറ്റ രീതിയിലാക്കുക തുടങ്ങിയ വിവിധ സാങ്കേതികവും പൊതുജന സമ്പർക്കപരവുമായ സംവിധാനങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## അപകടകരമാംവിധം സ്ഥാപിച്ചിട്ടുള്ള സ്റ്റേ കമ്പി മാറ്റി സ്ഥാപിക്കുന്നതിന് നടപടി

270(718) ശ്രീ. റോഷി അഗസ്റ്റിൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവനന്തപുരം വട്ടപ്പാറ ഇലക്ട്രിക്കൽ സബ് സ്റ്റേഷന്റെ പരിധിയിൽ വരുന്ന ഉപഭോക്താവ് ചിന്നമ്മ തോമസ് (കൺസ്യൂമർ നമ്പർ 1146785007749)-ന്റെ ഭവനത്തിലേയ്ക്കുള്ള ഏകവഴിയായ ഫൂട്ട് സ്റ്റെപ്പിനുകുറുകെ സ്ഥാപിച്ചിട്ടുള്ള സ്റ്റേ കമ്പി അപകട സാധ്യതയുള്ളതാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത സ്റ്റെപ്പിനുകുറുകെ സ്ഥാപിച്ചിട്ടുള്ള സ്റ്റേ കമ്പിയിൽ കുട്ടികൾ പിടിച്ചുകയറുന്നതും ഇറങ്ങുന്നതും കണക്കിലെടുത്ത്, അപകട സാധ്യത പരമാവധി കുറയ്ക്കുന്ന വിധത്തിൽ സ്റ്റേ കമ്പി മാറ്റി സ്ഥാപിക്കുന്നതിന്, മഴക്കാലം ആരംഭിക്കുന്നതിന് മുൻപായി അടിയന്തിര നിർദ്ദേശം നൽകുമോ?

ഉത്തരം

(എ & ബി) ഉണ്ട്. എന്നാൽ സ്റ്റേ ഇടുന്ന സമയത്ത് ഇത്തരം ഫുട് സ്റ്റെപ്പ് ഇല്ലായിരുന്നുവെന്നും അതിനുശേഷമാണ് സ്റ്റെപ്പ് കെട്ടിയതെന്നും അന്വേഷണത്തിൽ മനസ്സിലാവുകയും സ്റ്റേ ഇൻസുലേറ്റർ സ്ഥാപിച്ച് അപകടാവസ്ഥ ഒഴിവാക്കുകയും ചെയ്തിട്ടുണ്ട്. നിലവിലുള്ള നിയമപ്രകാരം സ്റ്റേ മാറ്റുന്നതിന് ഉപഭോക്താവ് അപേക്ഷ സമർപ്പിക്കുകയും അതിനാവശ്യമായ എസ്റ്റിമേറ്റ് തുക ഒടുക്കുകയും ചെയ്താൽ മാത്രമെ സ്റ്റേ മാറ്റുന്നതിന് സാധിക്കുകയുള്ളൂ. ഇക്കാര്യം കെട്ടിടത്തിന്റെ ഇപ്പോഴത്തെ ഉടമയായ ശ്രീ. പ്രേംജിയെ അറിയിച്ചിട്ടുണ്ട്.

## കെ.എസ്.ഇ.ബി. ചങ്ങനാശ്ശേരി ഡിവിഷണൽ ഓഫീസിന് കെട്ടിടം

271(719) ശ്രീ. സി. എഫ്. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇപ്പോൾ വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്ന സംസ്ഥാന വൈദ്യുതി ബോർഡിന്റെ ചങ്ങനാശ്ശേരി ഡിവിഷണൽ ഓഫീസിനു വേണ്ടി സ്വന്തമായി കെട്ടിടം നിർമ്മിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) ഉണ്ടെങ്കിൽ ഈ കാര്യത്തിൽ എന്തൊക്കെ നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) ചങ്ങനാശ്ശേരിയിൽ കെ.എസ്.ഇ.ബി.-യുടെ അധീനതയിലുള്ള സ്ഥലത്ത് ഇലക്ട്രിക്കൽ ഡിവിഷൻ ഓഫീസ് മന്ദിരം നിർമ്മിക്കുന്നതിന് 5-10-2017-ൽ ബോർഡ് ഭരണാനുമതി നൽകിയിട്ടുണ്ട്. നിർമ്മാണ സ്ഥലത്തെ മണ്ണ് പരിശോധന നടത്തുകയും മണ്ണിന്റെ ഘടനയ്ക്കനുസരിച്ച് സ്ട്രക്ചറൽ ഡിസൈൻ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. ടെണ്ടർ എസ്റ്റിമേറ്റ് തയ്യാറാക്കിവരുന്നു. വർക്ക് ടെണ്ടർ ചെയ്യാനുള്ള നടപടികൾ പുരോഗമിക്കുന്നു.

## പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ

272(720) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതിയ വൈദ്യുതി സെക്ഷൻ ഓഫീസുകൾ ആരംഭിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ;

(ബി) കൊല്ലം ജില്ലയിൽ കുഴിമതിക്കാട് ആസ്ഥാനമാക്കി പുതിയ വൈദ്യുതി സെക്ഷൻ ആരംഭിക്കുന്നതിന് ഉചിതമാർഗേനയുള്ള പ്രൊപ്പോസൽ സർക്കാരിന് ലഭിച്ചിട്ടുണ്ടോ; അതിന്മേൽ തുടർനടപടികൾ സ്വീകരിച്ചിട്ടുണ്ടെങ്കിൽ വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പുതുതായി സെക്ഷൻ ഓഫീസുകൾ ഒന്നും അനുവദിച്ചിട്ടില്ല. എന്നാൽ കഴിഞ്ഞ സർക്കാരിന്റെ കാലത്ത് അനുവദിച്ച 31 ഇലക്ട്രിക്കൽ സെക്ഷനുകളിൽ 15 സെക്ഷൻ ഓഫീസുകൾ ഈ സർക്കാരിന്റെ കാലത്താണ് പൂർണ്ണതോതിൽ പ്രവർത്തനം ആരംഭിച്ചിട്ടുള്ളത്. വിശദാംശം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി) ലഭിച്ചിട്ടില്ല.

## ലക്കിടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

273(721) ശ്രീ. പി. ഉണ്ണി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഒറ്റപ്പാലം അസംബ്ലിമണ്ഡലത്തിലെ ലക്കിടിയിൽ കെ.എസ്.ഇ.ബി.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് എന്നാണ് ഉത്തരവ് നൽകിയതെന്ന് വെളിപ്പെടുത്തുമോ;

(ബി) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് തുറന്ന പ്രവർത്തിക്കുന്നതിനായി എന്തെല്ലാം നടപടികൾ ആണ് സ്വീകരിച്ചത് എന്ന് വിശദീകരിക്കാമോ;

(സി) സെക്ഷൻ ഓഫീസ് പ്രവർത്തനം എന്ന് ആരംഭിക്കുവാൻ കഴിയും എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഒറ്റപ്പാലം അസംബ്ലി മണ്ഡലത്തിലെ ലക്കിടിയിൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് 24-2-2016-ലാണ് ഉത്തരവ് നൽകിയിട്ടുള്ളത്. സെക്ഷൻ ഓഫീസ് നിർമ്മിക്കാൻ 10 സെന്റ് സ്ഥലം സൗജന്യമായി നൽകുകയോ വാടകരഹിത കെട്ടിടം ലഭ്യമാക്കുകയോ ചെയ്താൽ സെക്ഷൻ ഓഫീസ് തുടങ്ങാമെന്ന നിബന്ധനയോടെയാണ് ഉത്തരവ് നൽകിയിട്ടുള്ളത്.

(ബി) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് പ്രവർത്തിക്കുന്നതിന് സൗജന്യമായി സ്ഥലം അനുവദിച്ചുകിട്ടുന്നതിന് കെ.എസ്.ഇ.ബി., ലക്കിടി പേരൂർ ഗ്രാമപഞ്ചായത്തിനെ സമീപിച്ചിട്ടുണ്ട്. സ്ഥലം ഇതുവരെയും അനുവദിച്ചുകിട്ടിയിട്ടില്ല.

(സി) ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചത് പ്രകാരം വാടക രഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാക്കുന്ന മുറയ്ക്ക് മാത്രമേ ലക്കിടി കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

## നെന്മാറ നിയോജകമണ്ഡലത്തിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്

274(722) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ ഏതെല്ലാം പഞ്ചായത്തുകളിലാണ് കെ.എസ്.ഇ.ബി.-ക്ക് നിലവിൽ സെക്ഷൻ ഓഫീസുകൾ ഇല്ലാത്തതെന്ന് വ്യക്തമാക്കുമോ;

(ബി) പുതുതായി സെക്ഷൻ ഓഫീസുകൾ ആരംഭിക്കുന്നതിനുള്ള നടപടി ക്രമങ്ങൾ എന്താണെന്ന് വിശദമാക്കുമോ;

(സി) നിലവിൽ സെക്ഷൻ ഓഫീസ് ഇല്ലാത്ത പഞ്ചായത്തുകളിൽ സെക്ഷൻ ഓഫീസ് തുടങ്ങുന്നതിനുള്ള അടിയന്തര നടപടി സ്വീകരിക്കുമോ?

<u>ഉത്തരം</u>

(എ) നെന്മാറ നിയോജകമണ്ഡലത്തിൽ അയിലൂർ ഗ്രാമപഞ്ചായത്തിൽ മാത്രമാണ് നിലവിൽ ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ഇല്ലാത്തത്.

(ബി & സി) സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്രകിലോമീറ്ററിൽ കൂടുകയും അതേ സമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാദ്ധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്.

**ആലംകോട് കേന്ദ്രമാക്കി പുതിയ കെ.എസ്.ഇ.ബി. സെക്ഷൻ**

275(723) <u>ശ്രീ. ബി. സത്യൻ</u> : താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ആറ്റിങ്ങൽ നഗരസഭയിലെ ആലംകോട് കേന്ദ്രമാക്കി വൈദ്യുതി വകുപ്പിന്റെ സെക്ഷൻ ഓഫീസ് ആരംഭിക്കണമെന്ന നിവേദനം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ ഇതിനായി സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാകുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്. അതോടൊപ്പം നിലവിലുള്ള ഓഫീസുകളുടെ പുനഃക്രമീകരണ സാധ്യതകളും ബോർഡ് പരിശോധിച്ചുവരികയാണ്.

**കായംകുളം ഇലക്ട്രിക്കൽ സബ്ഡിവിഷന് പുതിയ കെട്ടിട സമുച്ചയം**

276(724) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കായംകുളം ഇലക്ട്രിക്കൽ സബ്ഡിവിഷന് പുതിയ കെട്ടിട സമുച്ചയം നിർമ്മിക്കുന്നതുമായി ബന്ധപ്പെട്ട നടപടികളുടെ നിലവിലെ പുരോഗതി വിശദമാക്കാമോ?

ഉത്തരം

കായംകുളം ഇലക്ട്രിക്കൽ സബ്ഡിവിഷൻ ഓഫീസിലും കായംകുളം ഈസ്റ്റ് ഇലക്ട്രിക്കൽ സെക്ഷനോഫീസിനും പ്രവർത്തിക്കുന്നതിനുവേണ്ടി ഒരു പുതിയ കെട്ടിടം പണിയുന്നതിനുള്ള പ്രൊപ്പോസൽ മധ്യമേഖലാ വിതരണ വിഭാഗം ചീഫ് എഞ്ചിനീയറുടെ ഓഫീസിൽനിന്നും ബോർഡിന് ലഭിച്ചിട്ടുണ്ട്. ഇരുനിലകളിലായി 268.33 ചതുരശ്ര മീറ്റർ വിസ്തീർണ്ണമുള്ള ഒരു കെട്ടിടം കായംകുളം വില്ലേജിൽ സർവ്വേ നമ്പർ 79/11-ൽ ഉൾപ്പെട്ട 17 സെന്റ് ഭൂമിയിൽ പണിയുന്നതിന് 81 ലക്ഷം രൂപയുടെ ഭരണാനുമതി നൽകുന്നതിനാണ് പ്രൊപ്പോസൽ ബോർഡിന് സമർപ്പിച്ചിട്ടുള്ളത്. എന്നാൽ മേൽ സൂചിപ്പിച്ച ഭൂമി കെ.എസ്.ഇ.ബി. ലിമിറ്റഡിന്റെ പേരിൽ പതിച്ച് കിട്ടിയിട്ടില്ല. കെട്ടിടം പണിയുന്നതിന് ഭരണാനുമതി നൽകുന്ന വിഷയം ബോർഡിന്റെ പരിഗണനയിലാണ്.

**വിളയൂരിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

277(725) ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിലെ വിളയൂരിൽ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിനുള്ള നടപടികളുടെ ഇപ്പോഴത്തെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിൽ നിന്ന് പൊതുജനങ്ങൾക്ക് ലഭിക്കുന്ന സേവനങ്ങൾ എന്തൊക്കെയാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനുതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. മേൽ സൂചിപ്പിച്ചപ്രകാരം കെട്ടിടമോ സ്ഥലമോ ഇതുവരെയും ലഭിച്ചിട്ടില്ല. വാടകരഹിത കെട്ടിടമോ സ്ഥലമോ ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ വിളയൂർ കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

(ബി) പുതിയ വൈദ്യുതി കണക്ഷൻ നൽകുക, വൈദ്യുതി കണക്ഷനുമായി ബന്ധപ്പെട്ട അപേക്ഷകർ ആവശ്യപ്പെടുന്ന മറ്റ് സേവനങ്ങളായ താരിഫ് മാറ്റം, കണക്ടഡ് ലോഡ് മാറ്റം, ഉടമസ്ഥാവകാശമാറ്റം, മീറ്റർ മാറ്റിവയ്ക്കൽ, ഫേസ് കൺവേർഷൻ, വൈദ്യുതി വിച്ഛേദിക്കൽ, വൈദ്യുതി ലൈൻ അഴിച്ചു മാറ്റൽ തുടങ്ങിയ പ്രവൃത്തികൾ ചെയ്യുക, വൈദ്യുതി തടസ്സം, വൈദ്യുതി ബില്ലുകൾ, വോൾട്ടേജ് ക്ഷാമം തുടങ്ങിയവയുമായി ബന്ധപ്പെട്ട പരാതികൾ പരിഹരിക്കുക, ഗുണമേന്മയുള്ളതും തടസ്സരഹിതവുമായ വൈദ്യുതി നൽകുന്നതിനുവേണ്ടിയുള്ള പ്രവൃത്തികൾ നടപ്പിലാക്കുക, ജനപ്രതിനിധികൾ, തദ്ദേശഭരണ സ്ഥാപനങ്ങൾ തുടങ്ങിയവയിൽനിന്നുള്ള ഫണ്ടുപയോഗിച്ച് ചെയ്തുവരുന്ന ഡെപ്പോസിറ്റ് വർക്കുകൾ സമയബന്ധിതമായി പൂർത്തീകരിക്കുക തുടങ്ങിയ സേവനങ്ങളാണ് സെക്ഷൻ ഓഫീസുകൾ വഴി നൽകിവരുന്നത്. കൂടാതെ കറന്റ് ചാർജ്ജും ഈ ഓഫീസുകളിൽ സ്വീകരിച്ചുവരുന്നു.

**മുണ്ടക്കുളം കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ്**

278(726) <u>ശ്രീ. ടി. വി. ഇബ്രാഹിം</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം ജില്ലയിലെ മുണ്ടക്കുളത്ത് പുതുതായി അനുവദിച്ച കെ.എസ്.ഇ.ബി. സെക്ഷൻ ഓഫീസ് ഇതുവരെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കാത്തത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കെട്ടിട സൗകര്യം ലഭ്യമായിട്ടും പ്രവർത്തനം തുടങ്ങാതെ നീട്ടിക്കൊണ്ടുപോകുന്നതുമൂലം പ്രദേശത്തെ ജനങ്ങൾക്കുണ്ടാകുന്ന ബുദ്ധിമുട്ട് ശ്രദ്ധയിലുണ്ടോ;

(സി) പ്രസ്തുത ഓഫീസ് പ്രവർത്തനം തുടങ്ങാൻ സാധിക്കാത്തതിന്റെ കാരണങ്ങൾ വിശദമാക്കാമോ;

(ഡി) ഈ കാരണങ്ങൾ പരിഹരിച്ച് എന്ന് ഇതിന്റെ പ്രവർത്തനം ആരംഭിക്കുവാൻ കഴിയുമെന്ന് വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി - ഡി) ബോർഡ് ചെലവിൽ കെട്ടിടം നിർമ്മിക്കാനതകുന്ന 10 സെന്റ് ഭൂമി സൗജന്യമായി ലഭിക്കുകയോ അല്ലെങ്കിൽ വാടകരഹിത കെട്ടിടം ലഭിക്കുകയോ ചെയ്യുന്ന മുറയ്ക്ക് സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം തുടങ്ങാനാണ് ബോർഡിന്റെ തീരുമാനം. എന്നാൽ പ്രസ്തുത ഓഫീസിനായി മേൽ സൂചിപ്പിച്ചതുപ്രകാരം പൂർണ്ണമായും വാടകരഹിത കെട്ടിടം ലഭ്യമായിട്ടില്ല. വാടകരഹിത കെട്ടിടം ലഭ്യമാകുന്ന മുറയ്ക്ക് മാത്രമേ മുണ്ടക്കുളം സെക്ഷൻ ഓഫീസിന്റെ പ്രവർത്തനം ആരംഭിക്കാൻ സാധിക്കുകയുള്ളൂ.

**വെളുത്തമണൽ സബ് എഞ്ചിനീയർ ഓഫീസ്**

279(727) ശ്രീ. ആർ. രാമചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കരുനാഗപ്പള്ളി നോർത്ത് ഇലക്ട്രിക്കൽ സെക്ഷന്റെ കീഴിൽ പ്രവർത്തിച്ചിരുന്ന വെളുത്തമണൽ സബ് എഞ്ചിനീയർ ഓഫീസ് ഇപ്പോൾ പ്രവർത്തിക്കുന്നുണ്ടോ; നിലവിൽ ഏതെല്ലാം വിഭാഗത്തിലുള്ള ഉദ്യോഗസ്ഥരാണ് ഇവിടെ ജോലി ചെയ്യുന്നതെന്നും ഈ ഓഫീസ്വഴി എന്തെല്ലാം സേവനങ്ങൾ ജനങ്ങൾക്ക് ലഭിക്കുന്നുവെന്നും വിശദമാക്കുമോ;

(ബി) 17000 ഉപഭോക്താക്കളുള്ള ഈ പ്രദേശം ഉൾപ്പെടുത്തി ഇലക്ട്രിക്കൽ സെക്ഷൻ ഓഫീസ് ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്. നിലവിൽ 2 ലൈൻമാൻമാരും ഒരു ഓവർസിയറും ഇവിടെ ജോലി നോക്കുന്നുണ്ട്. വൈദ്യുതി തടസ്സവുമായി ബന്ധപ്പെട്ടുവരുന്ന എല്ലാ സേവനങ്ങളും ഇവിടെനിന്നും നൽകുന്നുണ്ട്.

(ബി) ഇപ്പോൾ പരിഗണനയിലില്ല. സെക്ഷൻ ഓഫീസിന്റെ പരിധി 50 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 25000-ൽ അധികമാവുകയോ, അല്ലെങ്കിൽ പരിധി 100 ചതുരശ്ര കിലോമീറ്ററിൽ കൂടുകയും അതേസമയം ഉപഭോക്താക്കൾ 20000-ൽ അധികമോ ആയിട്ടുള്ള സെക്ഷൻ ഓഫീസുകളാണ് ബോർഡ് മുൻകാലങ്ങളിൽ വിഭജനത്തിനായി പരിഗണിച്ചിരുന്നത്.

പുതുതായി ഓഫീസുകൾ ആരംഭിക്കുന്നതിന് അധികമായി മാനവശേഷി ആവശ്യമായി വരുമെന്നതിനാലും പുതുതായി തസ്തികകൾ രൂപീകരിക്കുന്നതിന് തടസ്സങ്ങൾ ഉള്ളതിനാലും സെക്ഷൻ ഓഫീസുകൾ വിഭജിച്ച് പുതിയ ഓഫീസുകൾ ആരംഭിക്കുന്നത് പ്രായോഗികമല്ല. എന്നാൽ ആധുനിക സാങ്കേതികവിദ്യകൾകൂടി ഉപയോഗപ്പെടുത്തി വൈദ്യുത സേവനങ്ങൾ മെച്ചപ്പെടുത്തുന്നതിനും സമയബന്ധിതമായി ലഭ്യമാക്കുന്നതിനുംവേണ്ടി ബോർഡ് നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## അടിവാരത്ത് സബ് സ്റ്റേഷൻ

280(728) ശ്രീ. ജോർജ് എം. തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തടസ്സമില്ലാതെ വൈദ്യുതി ലഭിക്കുന്നതിനും വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനും തിരുവമ്പാടി മണ്ഡലത്തിൽ അടിവാരത്ത് 110 കെ. വി. സബ് സ്റ്റേഷൻ സ്ഥാപിക്കണമെന്ന ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിർദ്ദേശത്തിന്റെ നിലവിലുള്ള അവസ്ഥ വിശദമാക്കുമോ ;

(സി) ഈ പദ്ധതി എന്ന് ആരംഭിക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) അടിവാരത്തിൽ 110 കെ.വി. സബ്സ്റ്റേഷൻ നിർമ്മാണത്തിന് ഭരണാനുമതി നൽകുന്നതിനുള്ള സാങ്കേതിക പഠനം നടത്തിവരുന്നു.

(സി) ഭരണാനുമതി നൽകുകയും സബ്സ്റ്റേഷൻ നിർമ്മാണത്തിനാവശ്യമായ സ്ഥലം ലഭ്യമാകുകയും ചെയ്താലുടൻതന്നെ പദ്ധതി ആരംഭിക്കുവാൻ കഴിയുന്നതാണ്.

## വൈദ്യുതി ലൈൻ 110 കെ.വി. ആക്കി മാറ്റുന്ന പ്രവൃത്തി

281(729) ശ്രീ. പി. വി. അൻവർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം-നിലമ്പൂർ വൈദ്യുതി ലൈൻ 110 കെ.വി. ആക്കി മാറ്റുന്ന പ്രവൃത്തിയുടെ പുരോഗതി അറിയിക്കാമോ;

(ബി) നിലമ്പൂർ സബ് സ്റ്റേഷന്റെ നിലവിലുള്ള ശേഷി 110 കെ .വി. ആക്കി വർദ്ധിപ്പിക്കുന്ന നടപടിയുടെ വിശദാംശം ലഭ്യമാക്കാമോ;

(സി) മേൽ പ്രവൃത്തികൾ എന്നത്തേയ്ക്ക് തീർക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) മലപ്പുറം - നിലമ്പൂർ 110 കെ.വി. ആക്കി മാറ്റുന്ന പ്രവൃത്തിയുടെ ആദ്യ ഘട്ടമായി മലപ്പുറം മുതൽ മഞ്ചേരി വരെയുണ്ടായിരുന്ന 13.95 കിലോമീറ്റർ 66 കെ.വി. ലൈൻ 110 കെ.വി. ലൈൻ ആക്കി ശേഷി വർദ്ധിപ്പിച്ചിട്ടുണ്ട്. പ്രസ്തുത ലൈൻ 3-1-2018-ന് കമ്മീഷൻ ചെയ്തു. രണ്ടാം ഘട്ട പ്രവൃത്തിയായ മഞ്ചേരി മുതൽ നിലമ്പൂർ വരെയുള്ള 24 കിലോമീറ്റർ ലൈൻ ശേഷി വർദ്ധിപ്പിക്കുന്നതിന് 74 ടവറുകൾ സ്ഥാപിക്കേണ്ടതുണ്ട്. അതിൽ 39 ഫൗണ്ടേഷനുകൾ സ്ഥാപിച്ചുകഴിഞ്ഞു. ബാക്കി പ്രവൃത്തികൾ പുരോഗമിച്ചുകൊണ്ടിരിക്കുന്നു.

(ബി) നിലമ്പൂർ സബ്സ്റ്റേഷൻ ഫോറസ്റ്റിന്റെ ലീസ് ലാൻഡിലാണ് സ്ഥിതിചെയ്യുന്നത്. ശേഷി വർദ്ധിപ്പിക്കുന്നതിന്റെ ഭാഗമായി ഫോറസ്റ്റിന്റെ അധീനതയിലുള്ള മരങ്ങൾ മുറിച്ച് മാറ്റുന്നതിന് 3,45,000 രൂപ സെക്യൂരിറ്റി ഇനത്തിൽ ഡിവിഷണൽ ഓഫീസ് നിലമ്പൂർ (നോർത്ത്) അടച്ച് അനുമതി വാങ്ങുകയും പ്രസ്തുത പ്രവൃത്തിക്കുള്ള കോൺട്രാക്ട് നൽകുകയും ചെയ്തിട്ടുണ്ട്. ഈ പ്രവൃത്തി ഉടനെതന്നെ തുടങ്ങുകയും വർക്ക് തീരുന്ന മുറയ്ക്ക് സബ്സ്റ്റേഷന്റെ ശേഷി വർദ്ധിപ്പിക്കുന്ന ബാക്കി പണികൾ ആരംഭിക്കുന്നതുമാണ്.

(സി) ഈ പ്രവൃത്തികൾ ഈ സാമ്പത്തിക വർഷംതന്നെ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നത്.

## ചെറായി 110 കെ.വി. സബ്സ്റ്റേഷൻ

282(730) <u>ശ്രീ. എസ്. ശർമ്മ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചെറായി 110 കെ. വി. സബ് സ്റ്റേഷൻ നിർമ്മാണ പുരോഗതി വിശദമാക്കാമോ;

(ബി) പ്രസ്തുത പദ്ധതി എന്നത്തേയ്ക്ക് കമ്മീഷൻ ചെയ്യാനാകുമെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ & ബി) 110 കെ.വി. ചെറായി സബ്സ്റ്റേഷന്റെ കൺട്രോൾ റൂം, എർത്ത്മാറ്റ്, ചുറ്റുമതിൽ, എർത്ത് ഫില്ലിംഗ്, യാർഡ് സ്ട്രക്ചർ എന്നീ ജോലികൾ 2012-ൽ തന്നെ പൂർത്തീകരിച്ചിട്ടുണ്ട്. Equipment erection ജോലികൾ മന്നം ചെറായി 110 കെ.വി. ഡി.സി. ലൈനിന്റെ പണികൾ പുരോഗമിക്കുന്ന മുറയ്ക്ക് പൂർത്തീകരിക്കുന്നതാണ്. 110 കെ.വി. ലൈനിന്റെ ജോലി V-Tech Engineers-ന് ടേൺ കീ വ്യവസ്ഥയിൽ നൽകിയിരുന്നു. ഇതിന്റെ ടാർഗറ്റ് തീയതി 8-12-2018 ആണ്.

## തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണം

283(731) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ നിലവിലെ സ്ഥിതിയെന്താണെന്ന് വിശദീകരിക്കാമോ;

(ബി) 110 കെ.വി. ആയി ഉയർത്തുന്ന തൊഴുക്കൽ സബ്സ്റ്റേഷൻ പരിധിയിൽ ഉള്ള ടവറുകളിൽ ലൈൻ മാറ്റി സ്ഥാപിക്കുന്ന പണികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(സി) ഈ സബ്സ്റ്റേഷന്റെ പ്രവർത്തനം പൂർണ്ണതോതിൽ എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ;

(ഡി) ഈ പദ്ധതിക്കായി കെ.എസ്.ഇ.ബി. എത്രകോടി രൂപ ചെലവാക്കുന്നുവെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) നെയ്യാറ്റിൻകര നിയോജകമണ്ഡലത്തിലെ തൊഴുക്കൽ 110 കെ.വി. സബ്സ്റ്റേഷന്റെ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിക്കുന്നു. സൈറ്റ് ലെവലിംഗ് കഴിഞ്ഞു. കോളം എക്യുപ്മെന്റ് ഫൗണ്ടേഷൻ വർക്കുകൾ നടന്നുവരുന്നു. കേബിൾ ട്രഞ്ച്, എർത്ത് മാറ്റ് പ്രവൃത്തികൾക്ക് ടെണ്ടർ ക്ഷണിച്ചിട്ടുണ്ട്.

(ബി) 110 കെ.വി. ആയി ഉയർത്തുന്ന തൊഴുക്കൽ സബ്സ്റ്റേഷൻ പരിധിയിലുള്ള ടവറുകളിൽ ലൈൻ മാറ്റി സ്ഥാപിക്കുന്ന പണികൾ ആരംഭിച്ചിട്ടുണ്ട്. 25 ലൊക്കേഷനുകളിൽ ടവർ ഫൗണ്ടേഷനുകളും 3 ലൊക്കേഷനുകളിൽ ടവർ ഇറക്ഷനും പൂർത്തിയായി.

(സി) ഡിസംബർ 2018-ൽ സബ്സ്റ്റേഷന്റെ പ്രവർത്തനം പൂർത്തീകരിക്കുവാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(ഡി) ഈ പദ്ധതിക്കായി കെ.എസ്.ഇ.ബി. ലിമിറ്റഡ് 40 കോടി രൂപയാണ് ചെലവാക്കാനുദ്ദേശിക്കുന്നത്.

## വൈദ്യുതി ബോർഡിലെ അധിക ജീവനക്കാർ

284(732) ശ്രീ. പാറക്കൽ അബ്ദുല്ല : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റെഗുലേറ്ററി കമ്മീഷൻ അനുവദിച്ചതിനേക്കാൾ പതിനായിരത്തിലധികം ജീവനക്കാർ ഇപ്പോൾ വൈദ്യുതി ബോർഡിൽ ജോലി ചെയ്യുന്നുണ്ടെന്ന റിപ്പോർട്ടുകൾ പരിശോധിച്ചിട്ടുണ്ടോ;

(ബി) അധിക ജീവനക്കാരെ മാറ്റി നിയമിക്കണമെന്ന് റെഗുലേറ്ററി കമ്മീഷൻ ആവശ്യപ്പെട്ടിട്ടുണ്ടോ;

(സി) ഇതു സംബന്ധിച്ച് ഔദ്യോഗിക പഠന റിപ്പോർട്ടുകളേതെങ്കിലും ലഭിച്ചിട്ടുണ്ടോ;

(ഡി) എങ്കിൽ ഇതിന്റെ അടിസ്ഥാനത്തിൽ ബോർഡ് ഇതിനോടകം കൈക്കൊണ്ട നടപടികൾ എന്തൊക്കെയാണ്;

(ഇ) അധിക ജീവനക്കാരുടെ പുനർ വിന്യാസം എന്നത്തേയ്ക്ക് നടപ്പാക്കാനാകും എന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ - ഇ) കേരള സംസ്ഥാന ഇലക്ട്രിസിറ്റി റെഗുലേറ്ററി കമ്മീഷൻ, നിലവിൽ 27175 ജീവനക്കാരുടെ ശമ്പള ആനുകൂല്യങ്ങൾ മാത്രമേ ARR& ERC-ൽ അനുവദിക്കുന്നുള്ളൂ. ഇതേ തുടർന്ന്, കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് ജീവനക്കാരുടെ വിനിയോഗവും പുനഃക്രമീകരണവും സംബന്ധിച്ച് പഠനം നടത്തുവാൻ കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റിനെ ചുമതലപ്പെടുത്തുകയുണ്ടായി. പ്രസ്തുത റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ പഠിക്കുന്നതിലേയ്ക്കായി രൂപീകരിച്ച ഉന്നതതല കമ്മിറ്റി, കോഴിക്കോട് ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് വിവിധ ഓഫീസുകളുടേയും ജീവനക്കാരുടേയും പുനഃക്രമീകരണം സംബന്ധിച്ച് മുന്നോട്ടുവച്ച നിർദ്ദേശങ്ങളിൽ നടപ്പിലാക്കേണ്ട വിഷയങ്ങൾ തീരുമാനിക്കുകയും, പ്രസ്തുത വിഷയങ്ങളിൽ വരുത്തേണ്ട മാറ്റങ്ങളെ സംബന്ധിച്ച് കൃത്യമായ ശിപാർശകൾ സമയബന്ധിതമായി സമർപ്പിക്കുന്നതിനായി ഒരു സബ് കമ്മിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത സബ് കമ്മിറ്റിയുടെ റിപ്പോർട്ട് ലഭിച്ചതിനുശേഷം, വിവിധ സംഘടനകളുമായി ചർച്ച ചെയ്ത് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

**ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതി**

285(733) <u>ശ്രീ. ആന്റണി ജോൺ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതിയുടെ അംഗീകാരം സംബന്ധിച്ച് നിലവിലെ സ്ഥിതി വ്യക്തമാക്കുമോ;

(ബി) സർക്കാരിന്റെ രണ്ടാം വാർഷിക പദ്ധതിയോടനുബന്ധിച്ച് സംസ്ഥാനത്ത് ഇടുക്കി ഉൾപ്പെടെയുള്ള പത്തോളം പ്രോജക്ട് മേഖലയിൽ ഹൈഡൽ ടൂറിസം പദ്ധതി നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുള്ളതിന്റെ ഭാഗമായി ഇടമലയാർ ഹൈഡൽ ടൂറിസം പദ്ധതിയും പ്രാവർത്തികമാക്കുമോ;

(സി) ഇടമലയാർ , ഭൂതത്താൻകെട്ട് മേഖലയിൽ നൂറു കണക്കിന് ടൂറിസ്റ്റുകൾ പ്രതിദിനം സന്ദർശിക്കുന്നതിനാൽ ഇവർക്ക് ഇടമലയാർ പ്രോജക്ട് മേഖലയിൽ പ്രവേശിക്കുന്നതിന് നിലവിലുള്ള നിയന്ത്രണം ഒഴിവാക്കുമോ എന്നറിയിക്കാമോ?

<u>ഉത്തരം</u>

(എ) ഇടമലയാർ ഡാമിനോടനുബന്ധിച്ച് ഒരു ബൊട്ടാണിക്കൽ ഗാർഡനും പാർക്കും നിർമ്മിക്കാൻ ഉദ്ദേശമുണ്ടെങ്കിലും വനം വകുപ്പിന്റെ എതിർപ്പുകാരണം പദ്ധതിയുമായി മുന്നോട്ടുപോകാൻ കഴിഞ്ഞിട്ടില്ല.

(ബി) ഇടമലയാർ പദ്ധതി പ്രദേശത്ത് ടൂറിസം പദ്ധതികൾ നടപ്പിലാക്കുവാൻ വനം വകുപ്പിൽനിന്നും അനുമതി ലഭിക്കേണ്ടതുണ്ട്. അനുമതി ലഭിച്ചാൽ മാത്രമേ പദ്ധതി പ്രാവർത്തികമാക്കുവാൻ സാധിക്കുകയുള്ളൂ.

(സി) ഭൂതത്താൻകെട്ട് മേഖലയിൽ നിലവിൽ സന്ദർശകർക്ക് വിലക്ക് ഏർപ്പെടുത്തിയിട്ടില്ല. ഇടമലയാർ പ്രോജക്ട് കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരു വൈദ്യുതി നിലയമായതിനാൽ അത് നിരോധിത മേഖലയായി സർക്കാർ പ്രഖ്യാപിച്ചിട്ടുണ്ട്. ഈ പദ്ധതിയുടെ പ്രാധാന്യം കണക്കിലെടുത്ത് ടൂറിസ്റ്റുകൾക്ക് നിലവിലുള്ള നിയന്ത്രണം ഒഴിവാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല.

## വൈദ്യുതി തടസ്സം സത്വരമായി പരിഹരിക്കുന്നതിന് സംവിധാനം

286(734) <u>ശ്രീ. വി. പി. സജീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ലഭിക്കുന്ന ശക്തമായ വേനൽ മഴമൂലം വ്യാപകമായി വൈദ്യുതി തടസ്സം ഉണ്ടാകുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) വൈദ്യുതി തടസ്സം സത്വരമായി പരിഹരിക്കുന്നതിന് എന്ത് സംവിധാനമാണ് ബോർഡ് ഒരുക്കിയിട്ടുള്ളതെന്നു വ്യക്തമാക്കാമോ ;

(സി) മഴക്കാലത്തിന് മുന്നോടിയായി ലൈനിൽ അറ്റകുറ്റപ്പണി പൂർത്തിയാക്കുന്നതിന് നിർദ്ദേശം നൽകിയിട്ടുണ്ടോ;ഇതിനായി ഏർപ്പെടുത്തിയിട്ടുള്ള പ്രത്യേക സംവിധാനം എന്താണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി) വൈദ്യുതി തടസ്സം പരിഹരിക്കുന്നതിന് ബോർഡിന് ഓരോ സെക്ഷനിലും സ്ഥിരം സംവിധാനമായ ബ്രേക്ക് ഡൗൺ വിഭാഗം നിലവിലുണ്ട്. ശക്തമായ മഴയും കാറ്റുംമൂലം വ്യാപകമായ നാശനഷ്ടങ്ങൾ ഒരു സെക്ഷന്റെ പരിധിയിൽ ഉണ്ടാകുന്ന അവസരങ്ങളിൽ ടി സെക്ഷനിലെ ജീവനക്കാരെ കൂടാതെ മറ്റു സമീപ സെക്ഷനുകളിലെ ജീവനക്കാരെയും പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യുന്ന ആൾക്കാരെയും ഉപയോഗപ്പെടുത്തി വൈദ്യുതി തടസ്സങ്ങൾ ദ്രുതഗതിയിൽ പരിഹരിച്ചുവരുന്നു.

(സി) ഉണ്ട്. മഴക്കാലത്തിനുമുന്നോടിയായി പൂർത്തിയാക്കേണ്ട അറ്റകുറ്റപ്പണികളും അവ നടപ്പിലാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങളും പ്രതിപാദിക്കുന്ന പരിപത്രം ഇറക്കിയിട്ടുണ്ട്. ഇതനുസരിച്ചുള്ള പ്രവൃത്തികൾ എല്ലാ സെക്ഷനുകളിലും ഏപ്രിൽ മാസം മുതൽ നടന്നുവരികയാണ്. പ്രവൃത്തികൾ ദ്രുതഗതിയിൽ പൂർത്തിയാക്കുന്നതിന് ആവശ്യമായ സാധനസാമഗ്രികൾ ലഭ്യമാക്കുകയും ബോർഡ് ജീവനക്കാരെ കൂടാതെ ആവശ്യമെങ്കിൽ പ്രവൃത്തികൾ കരാർ അടിസ്ഥാനത്തിൽ ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

**മലപ്പുറം മണ്ഡലത്തിലെ വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതി**

287(735) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലപ്പുറം മണ്ഡലത്തിൽ നടപ്പാക്കി വരുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികളുടെ പുരോഗതികൾ വിശദീകരിക്കാമോ;

(ബി) ലൈൻ കൺവേർഷൻ, പുതിയ ട്രാൻസ്ഫോർമർ സ്ഥാപിക്കൽ എന്നിവയുടെ ഭാഗമായി വിവിധ സെക്ഷനുകളിൽ നടത്തിയ പ്രവർത്തനങ്ങൾ വിശദീകരിക്കാമോ;

(സി) വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുമോ;വിശദാംശം വെളിപ്പെടുത്തുമോ ?

ഉത്തരം

(എ & ബി) മഞ്ചേരി സർക്കിളിനു കീഴിൽ വരുന്ന ആനക്കയം, മഞ്ചേരി നോർത്ത്, മലപ്പുറം വെസ്റ്റ്, വള്ളുവമ്പ്രം, മലപ്പുറം ഈസ്റ്റ്, ചട്ടിപ്പറമ്പ് എന്നീ സെക്ഷനുകളുടെ പരിധിയിലുള്ള പ്രദേശങ്ങളും, തിരൂർ സർക്കിളിലെ ഊരകം സെക്ഷന്റെ പരിധിയിൽപ്പെടുന്ന കുറച്ച് പ്രദേശങ്ങളുമാണ് മലപ്പുറം

നിയോജകമണ്ഡലത്തിൽ ഉൾപ്പെടുന്നത്. മഞ്ചേരി സർക്കിളിനു കീഴിൽ വരുന്ന സെക്ഷനുകളിൽ നടപ്പിലാക്കുന്ന വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികളുടെ വിശദാംശം അനുബന്ധമായി ചേർക്കുന്നു*.

ഊരകം സെക്ഷന്റെ പരിധിയിൽപ്പെട്ട വോൾട്ടേജ് ഇംപ്രൂവ്മെന്റ് പദ്ധതിയുമായി ബന്ധപ്പെട്ട പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ട്. ടി പ്രവൃത്തികളുടെ വിവരം ചുവടെ ചേർക്കുന്നു :

1. അപ്പക്കാട് - പുളിയേറ്റ് ഇന്റർലിങ്കിങ്ങ് വർക്ക് - 0.4 കി.മീ.
2. പുളിയേറ്റ് - അപ്പക്കാട് കൺവേർഷൻ വർക്ക് - 0.21 കി.മീ.

(സി) സമയബന്ധിതമായി പൂർത്തീകരിക്കുന്നതാണ്.

## ആലത്തൂർ മണ്ഡലത്തിൽ ഗാർഹിക വൈദ്യുതി കണക്ഷൻ

288(736) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജക മണ്ഡലത്തിൽ വൈദ്യുതിയില്ലാത്ത വീടുകൾ ഉള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഗാർഹിക വൈദ്യുതി കണക്ഷൻ ലഭിക്കുന്നതിനായി ആലത്തൂർ മണ്ഡലത്തിൽനിന്നും ഏതെങ്കിലും അപേക്ഷ ലഭിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വൈദ്യുതി കണക്ഷൻ നൽകുന്നതിനുള്ള തടസ്സമെന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഫോറസ്റ്റ് ഡിപ്പാർട്ടുമെന്റിന്റെ അനുമതി ലഭിക്കുന്നതിനായി അപേക്ഷ സമർപ്പിച്ച്, അനുമതി ലഭിക്കാത്ത മുടപ്പല്ലൂർ ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന മേമല, പോത്തൻതോട് എന്നീ മേഖലയിലെ 80-ഓളം ഉപഭോക്താക്കൾക്കും കിഴക്കഞ്ചേരി ഇലക്ട്രിക്കൽ സെക്ഷൻ പരിധിയിൽ വരുന്ന പാലക്കുഴി ഭാഗത്ത് 20-ഓളം ഉപഭോക്താക്കൾക്കും കണക്ഷനുകൾ നൽകാനുണ്ട്. ചൂരപ്പാറ, മണ്ണണ്ണക്കയം, കരിങ്കയം, ലഡാക്ക് എന്നീ സ്ഥലങ്ങളിലായി 26 ഉപഭോക്താക്കൾക്ക് 21-5-2018-ന് ലഭിച്ച ഫോറസ്റ്റ് അനുമതി പ്രകാരം ലൈൻ വലിക്കുന്ന പ്രവൃത്തി പുരോഗമിക്കുന്നു.

(ബി) മേൽ പ്രദേശങ്ങളിൽ ലൈൻ നിർമ്മാണ ജോലികൾ പൂർത്തിയാവുന്ന മുറയ്ക്ക് കണക്ഷൻ നൽകുന്നതാണ്. ലൈനുകൾ നിലവിലുള്ള മറ്റു പ്രദേശങ്ങളിൽ ഗാർഹിക വൈദ്യുതി കണക്ഷന് അപേക്ഷ ലഭിക്കുന്ന മുറയ്ക്ക് കണക്ഷൻ നൽകിവരുന്നുണ്ട്.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## കാസർഗോഡ് ജില്ലയിലെ രൂക്ഷമായ വോൾട്ടേജ് ക്ഷാമം

289(737) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാസർഗോഡ് ജില്ലയിൽ പിലീക്കോട് സെക്ഷനിലും കയ്യൂർ, നല്ലോമ്പുഴ സെക്ഷനുകളിലുംപെടുന്ന ഗ്രാമങ്ങളിൽ അനുഭവപ്പെടുന്ന രൂക്ഷമായ വോൾട്ടേജ് ക്ഷാമം പരിഹരിക്കാൻ നടപടികൾ സ്വീകരിച്ചിട്ടുണ്ടോ; വ്യക്തമാക്കാമോ?

ഉത്തരം

കാസർഗോഡ് ജില്ലയിലെ വിതരണ മേഖലയിൽ പീലിക്കോട്, കയ്യൂർ, നല്ലോമ്പുഴ സെക്ഷനുകളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് സ്വീകരിച്ചിട്ടുള്ള നടപടികളുടെ വിശദാംശം ചുവടെ ചേർക്കുന്നു :

1. പീലിക്കോട്: 710 മീറ്റർ 11 കെ.വി. ലൈൻ പുതിയതായി നിർമ്മിക്കുകയും 750 മീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റുകയും, അമ്മിഞ്ഞിക്കോട്, പുതിയകണ്ടം, കോതാളി, മാണിയാട്ട് എന്നീ സ്ഥലങ്ങളിൽ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിനായി ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ പടന്ന ഫീഡറിന്റെ ഓവർലോഡ് കുറക്കുന്നതിനുവേണ്ടി റെയിൽവേ ലൈനിന് അടിയിൽക്കൂടി കേബിൾ വലിക്കുന്ന ജോലി പൂർത്തിയായിട്ടുണ്ട്.

2. കയ്യൂർ: പുതിയതായി 2.5 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുകയും, 2.02 കിലോമീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കി മറ്റുകയും, 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. കയ്യൂർ സെക്ഷനുകീഴിൽ ഉപഭോക്താക്കൾക്ക് മെച്ചപ്പെട്ട വൈദ്യുതി നൽകുന്നതിന് 15.9 കിലോമീറ്റർ 11 കെ.വി. ലൈൻ നിർമ്മിക്കുക, 13.6 കിലോമീറ്റർ സിംഗിൾ ഫേസ് ത്രീ ഫേസ് ആക്കി മാറ്റുക, 3 ട്രാൻസ്ഫോർമറുകൾ സ്ഥാപിക്കുക എന്നീ പ്രവൃത്തികൾ പ്രോജക്റ്റ് മാനേജ്മെന്റ് യൂണിറ്റുകൾ (PMU) മുഖേന ആസൂത്രണം ചെയ്തിട്ടുണ്ട്. ഇവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

3. നല്ലോമ്പുഴ: പുതിയതായി 2.08 കിലോമീറ്റർ സിംഗിൾ ഫേസ് ലൈൻ ത്രീ ഫേസ് ആക്കി മാറ്റിയിട്ടുണ്ട്. കുളിനീർ പ്രദേശത്തെ വോൾട്ടേജ് ക്ഷാമം പരിഹരിക്കുന്നതിന് 11 കെ.വി. ലൈൻ വലിച്ച് 100 കെ.വി.എ. ട്രാൻസ്ഫോർമർ സ്ഥാപിക്കുന്ന പ്രവൃത്തി (2018-21)-ലെ Distribution Plan-ൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

## കോഴിക്കോട് മണ്ഡലത്തിലെ വൈദ്യുത പദ്ധതികൾ

290(738) ശ്രീ. എ. പ്രദീപ്കുമാർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് ഏതെല്ലാം പദ്ധതികളാണ് നടപ്പിലാക്കുന്നത് എന്ന് വിശദമാക്കുമോ;

(ബി) ഓരോ പദ്ധതികളുടെയും നിലവിലെ അവസ്ഥയും അനുവദിച്ച തുകയും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) എം.എൽ.എ. SDF പദ്ധതിയിൽപ്പെടുത്തി വെണ്ണീർവയൽ-കാരപ്പറമ്പ് കനാൽ തെരിവുവിളക്ക് പദ്ധതി, കേന്ദ്രാവിഷ്കൃത പദ്ധതിയായ IPDS, ബോർഡിന്റെ തനതുഫണ്ട് ഉപയോഗിച്ച് 2018-2021 കാലയളവുകളിൽ ആഗോള നിലവാരത്തിലുള്ളതും തടസ്സരഹിതമായതും ഗുണമേന്മയേറിയും അപകട രഹിതവുമായ വൈദ്യുതി ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിനായി വിതരണ മേഖലയിൽ പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്ത പ്രവൃത്തികൾ എന്നിവയാണ് കോഴിക്കോട് നോർത്ത് മണ്ഡലത്തിൽ വൈദ്യുതി വകുപ്പ് നടപ്പിലാക്കുന്ന പദ്ധതികൾ. ടി പദ്ധതികളുടെ നിലവിലെ അവസ്ഥയും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു:

(i) വെണ്ണീർ വയൽ - കാരപ്പറമ്പ് കനാൽ തെരുവുവിളക്ക് പദ്ധതി

അനുവദിച്ച തുക - 54,628 രൂപ

നിലവിലെ അവസ്ഥ - പൂർത്തീകരിച്ചു.

(ii) ഐ.പി.ഡി.എസ്. പദ്ധതി

അനുവദിച്ച തുക - 6,05,92,220 രൂപ

നിലവിലെ അവസ്ഥ - 40 ശതമാനം പൂർത്തീകരിച്ചു.

(iii) പ്രോജക്ട് മാനേജ്മെന്റ് യൂണിറ്റുകൾ മുഖേന ആസൂത്രണം ചെയ്ത പ്രവൃത്തികൾ.

11.79 കോടി രൂപയുടെ 160 ഹൈടെൻഷൻ ലൈനുകളും പ്രതിഷ്ഠാപനങ്ങളും ഉൾപ്പെടുന്ന പ്രവൃത്തികളുടെയും 7.4 കോടി രൂപയുടെ 235 ലോടെൻഷൻ ലൈനുകൾ ഉൾപ്പെടുന്ന പ്രവൃത്തികളുടെയും ഡി.പി.ആർ. തയ്യാറാക്കിയിട്ടുണ്ട്. അവ പ്രാവർത്തികമാക്കുന്നതിനുള്ള നടപടികൾ പുരോഗമിക്കുന്നു.

കേരള സർക്കാരിന്റെ സമ്പൂർണ്ണ വൈദ്യുതീകരണ പദ്ധതിയിലുൾപ്പെട്ടിരുന്ന പ്രവൃത്തികൾ നേരത്തെതന്നെ പൂർത്തീകരിച്ച് കഴിഞ്ഞിട്ടുണ്ട്.

പ്രസരണ മേഖലയിലെ പദ്ധതിയും അനുവദിച്ച തുകയും ചുവടെ ചേർക്കുന്നു :

1. 110 കെ.വി. ജി.ഐ.എസ്. സബ്സ്റ്റേഷൻ, ഗാന്ധി റോഡ്, 110 കെ.വി. സബ്സ്റ്റേഷൻ ചേവയൂർ എന്നിവ 110 കെ.വി. കേബിൾ ഉപയോഗിച്ച് ബന്ധിപ്പിക്കുന്ന പ്രവൃത്തിയും കളിപ്പൊയ്കയിൽ ഒരു 110 കെ.വി. ജി.ഐ.എസ്. സബ്സ്റ്റേഷൻ നിർമ്മാണവും.
2. കേബിൾ ബന്ധിപ്പിക്കുന്ന പ്രവൃത്തി പുരോഗമിച്ചുവരുന്നു. സബ്സ്റ്റേഷന്റെ സ്ഥലം കണ്ടെത്തിയിട്ടുണ്ട്. ഏറ്റെടുക്കുന്നതിനുള്ള അനുമതിക്കായി അപേക്ഷ ജില്ലാ കളക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. അനുമതി കിട്ടിയാൽ പദ്ധതി തുടങ്ങുന്നതാണ്.

മുകളിൽ പറഞ്ഞ രണ്ട് പദ്ധതികൾക്കുംകൂടി ആകെ അനുവദിച്ച തുക 38.16 കോടി രൂപയാണ്.

## കാസർഗോഡ് ജില്ലയിൽ പുതുതായി സ്ഥാപിച്ച ട്രാൻസ്ഫോർമറുകൾ

291(739) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ സ്ഥാപിച്ചിട്ടുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) പുതിയതായി അനുവദിച്ചതും എന്നാൽ സ്ഥാപിച്ചിട്ടില്ലാത്തതോ സ്ഥാപിച്ചിട്ടും ചാർജ്ജ് ചെയ്യാത്തതോ ആയ ട്രാൻസ്ഫോർമറുകളുടെ എണ്ണം സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(സി) അനുവദിച്ചിട്ടും ട്രാൻസ്ഫോർമർ സ്ഥാപിക്കാൻ കഴിയാത്തത് സാമഗ്രികളുടെ ലഭ്യതക്കുറവ് മൂലമാണോയെന്ന് വ്യക്തമാക്കാമോ;

(ഡി) പ്രൊപ്പോസലുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പുതിയതായി എത്ര ട്രാൻസ്ഫോർമറുകൾ അനുവദിക്കാനുണ്ടെന്ന് സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ?

### ഉത്തരം

(എ-ഡി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കാസർഗോഡ് ജില്ലയിൽ ആകെ 246 ട്രാൻസ്ഫോമറുകൾ സ്ഥാപിച്ചിട്ടുണ്ട്. സ്ഥാപിച്ചുകഴിഞ്ഞ 10 ട്രാൻസ്ഫോമറുകൾ ഇനി ചാർജ്ജ് ചെയ്യാനുണ്ട്. പ്രൊപ്പോസലുകൾ ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ കാസർഗോഡ് ജില്ലയിൽ ഇനി 42 ട്രാൻസ്ഫോമറുകൾ അനുവദിക്കാനുണ്ട്.ഇനി അനുവദിക്കാനുള്ള ട്രാൻസ്ഫോമറുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

സെക്ഷൻ തിരിച്ചുള്ള വിശദാംശങ്ങൾ അനുബന്ധമായി ഉള്ളടക്കം ചെയ്തിരിക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

## കാസർഗോഡ് ജില്ലയിൽ വൈദ്യുതി വിതരണത്തിലുണ്ടായ തടസ്സം

292(740) ശ്രീ. എൻ. എ. നെല്ലിക്കുന്ന് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് വൈദ്യുതി വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ 2017 ജനുവരി മുതൽ 2018 മേയ് 15 വരെ എത്ര തവണ വൈദ്യുതി വിതരണം നിലച്ചിട്ടുണ്ടെന്നും, തടസ്സം ഓരോ തവണയും എത്ര സമയം നീണ്ടുനിന്നുവെന്നും സെക്ഷൻ തിരിച്ച് വ്യക്തമാക്കാമോ;

(ബി) വൈദ്യുതി തടസ്സത്തിനുള്ള കാരണം ചൂണ്ടിക്കാട്ടുന്ന ഇൻസ്പെക്ഷൻ റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ;

(സി) അപാകത പരിഹരിച്ച റിപ്പോർട്ടിന്റെ പകർപ്പ് ലഭ്യമാക്കാമോ?

ഉത്തരം

(എ - സി) വിവരം ശേഖരിച്ചുവരുന്നു.

## സഹകരണ പെൻഷൻ പദ്ധതി പരിഷ്കരിക്കാൻ നടപടി

293(741) ശ്രീ. പി. ഉബൈദുള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർക്കാർ ജീവനക്കാർക്ക് ലഭിക്കുന്ന പെൻഷന് തുല്യമായ പെൻഷൻ സഹകരണ ജീവനക്കാർക്ക് ലഭിക്കുന്നില്ലെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ സമയബന്ധിതമായി സഹകരണ പെൻഷൻ പദ്ധതി പരിഷ്കരിക്കുവാൻ നടപടി സ്വീകരിക്കുമോ;

(സി) സഹകരണ പെൻഷൻകാർക്ക് ലഭിക്കാനുള്ള ഡി.എ. ഉൾപ്പെടെയുള്ള ആനുകൂല്യങ്ങൾ ലഭ്യമാക്കുവാൻ സത്വര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) സഹകരണ പെൻഷൻ പദ്ധതി ഒരു സ്വാശ്രയ പദ്ധതിയാണ്. സംഘങ്ങൾ ജീവനക്കാരുടെ പേരിൽ അടവാക്കുന്ന മാനേജ്മെന്റ് വിഹിതം സ്വരൂപിച്ച് രൂപീകരിച്ച പെൻഷൻ ഫണ്ടിൽ നിന്നാണ് പെൻഷൻ വിതരണം നടത്തുന്നത്.

(ബി & സി) ഈ വിഷയത്തിൽ വിശദമായ പഠനം നടത്തി ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

## സഹകരണ സ്ഥാപനങ്ങളെ കാര്യക്ഷമമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ

294(742) ശ്രീ. ജെയിംസ് മാത്യു:
ശ്രീ. കെ. വി. അബ്ദുൾ ഖാദർ:
ശ്രീ. കെ. ബാബു:
ശ്രീ. എം. നൗഷാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേന്ദ്ര സർക്കാർ നയങ്ങളുടെയും നിലപാടുകളുടെയും ഫലമായി നവലിബറൽ നയങ്ങളുടെ പ്രയോക്താക്കളായി മാറിയ ദേശസാൽകൃത ബാങ്കുകൾ കർഷകർക്കും മറ്റ് സാധാരണക്കാർക്കും സേവനം നൽകുന്നതിന് വിമുഖത കാണിക്കുകയും സേവന നിരക്ക് എന്ന പേരിൽ വൻതുക വസൂലാക്കുകയും ചെയ്യുന്ന സാഹചര്യത്തിൽ, സാധാരണക്കാരുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റുവാൻ സഹകരണ സ്ഥാപനങ്ങളെ പ്രാപ്തരാക്കുന്നതിന് നടത്തി വരുന്ന ആധുനീകരണ പ്രവർത്തനങ്ങൾ വിശദമാക്കാമോ;

(ബി) നവലിബറൽ നയങ്ങളെ ചെറുക്കാൻ പര്യാപ്തമായ കേരള ബാങ്ക് യാഥാർത്ഥ്യമാക്കുവാൻ നടത്തിവരുന്ന പ്രവർത്തനങ്ങളുടെ പുരോഗതി അറിയിക്കാമോ;

(സി) സഹകരണ സംഘങ്ങളെ അഴിമതിരഹിതമാക്കുന്നതിനുള്ള സംവിധാനം കൂടുതൽ കാര്യക്ഷമമാക്കാൻ നടത്തുന്ന ഇടപെടലുകൾ എന്തെല്ലാമാണെന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) സാധാരണക്കാരുടെ ബാങ്കിംഗ് ആവശ്യങ്ങൾ നിറവേറ്റുകയെന്ന ഉദ്ദേശ്യത്തോടെയാണ് നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നത്. നിർദ്ദിഷ്ട കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിലൂടെ ഈ ബാങ്കിന്റെ അംഗങ്ങളായ പ്രാഥമിക കാർഷിക വായ്പാ സംഘങ്ങളുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിനും ടി പ്രാഥമിക സംഘങ്ങൾക്ക് നേരിട്ട് ചെയ്യാൻ കഴിയാത്ത പ്രവർത്തികൾ നിർദ്ദിഷ്ട കേരള സഹകരണ ബാങ്കിന്റെ പ്രതിനിധി എന്ന നിലയിൽ നിർവ്വഹിക്കാനും കഴിയുന്ന സംവിധാനം ഏർപ്പെടുത്താൻ കഴിയുമെന്നും മറ്റ് വാണിജ്യ ബാങ്കുകൾക്ക് നൽകാൻ കഴിയുന്ന എല്ലാ സേവനങ്ങളും കേരള സഹകരണ ബാങ്കിലൂടെ നൽകാൻ കഴിയുമെന്നും പ്രതീക്ഷിക്കുന്നു.

സഹകരണ രംഗത്തെ ആധുനികവൽക്കരിക്കുന്നതിന്റെ ഭാഗമായി സംസ്ഥാനത്തെ പ്രാഥമിക വായ്പാ സംഘങ്ങളിൽ കോർബാങ്കിംഗ് നടപ്പിലാക്കിവരുന്നു. കോർ ബാങ്കിംഗ് സംവിധാനം പൂർത്തിയാക്കുന്നതിന് അനുസൃതമായി അംഗങ്ങൾക്ക് ആധുനിക ബാങ്കിംഗ് സൗകര്യങ്ങൾ ലഭ്യമാവുമെന്ന് പ്രതീക്ഷിക്കുന്നു.

(ബി)

1. കേരളത്തിലെ ഹ്രസ്വകാല വായ്പാ ഘടന നിലവിലുള്ള ത്രിതല സംവിധാനത്തിൽനിന്ന് ദ്വിതല സംവിധാനത്തിലേയ്ക്ക് മാറുന്നതിനെക്കുറിച്ച് പഠിച്ച് വിശദമായ ഒരു റിപ്പോർട്ട് നൽകുന്നതിന് പ്രൊഫസർ എം. എസ്. ശ്രീറാം അദ്ധ്യക്ഷനായി ഗവൺമെന്റ് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതി 2017 ഏപ്രിൽ മാസം അവരുടെ റിപ്പോർട്ട് അംഗീകരിക്കുകയും റിപ്പോർട്ടിലെ നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരണത്തിനുവേണ്ട നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടി നബാർഡ് തിരുവനന്തപുരം റീജിയണൽ ഓഫീസിൽനിന്ന് ചീഫ് ജനറൽ മാനേജരായി വിരമിച്ച ശ്രീ. വി. ആർ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായി 2017 ജൂൺ മാസം ഒരു കർമ്മസേന (Task Force)-യെ നിയമിക്കുകയും പ്രസ്തുത കർമ്മസേന കേരള സഹകരണ ബാങ്ക് രൂപീകരണത്തിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയാണ്. ആദ്യ പടിയെന്ന നിലയിൽ കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിൽ ലയിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം നേടിയെടുക്കുന്നതിനുള്ള അപേക്ഷ റിസർവ് ബാങ്കിന്റെ സജീവ പരിഗണനയിലുമാണ്.

2. കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചു വരുന്നു.

3. 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണ്ണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.

4. 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solutions (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേയ്ക്ക് മാറുന്നതിനുവേണ്ടി Solution Provider-നെ

തെരഞ്ഞെടുക്കുന്നതിനുവേണ്ടി RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

5. കേരള സഹകരണ ബാങ്ക് രൂപീകരിക്കുന്നതിന്റെ ഭാഗമായി ജീവനക്കാരെ സജ്ജരാക്കാൻവേണ്ട പരിശീലനം ഉൾപ്പെടെയുള്ള കാര്യങ്ങൾക്കായി Action Plan തയ്യാറാക്കിവരുന്നു.

(സി) കേരള സഹകരണ നിയമം വകുപ്പ് 68(എ) പ്രകാരം സഹകരണ സംഘങ്ങളെ അഴിമതിരഹിതവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനുമായി സഹകരണ വിജിലൻസ് രൂപീകരിച്ച് പ്രവർത്തിക്കുന്നുണ്ട്. ഓരോ സർക്കിളിലെയും അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) തലത്തിൽ യൂണിറ്റ് ഇൻസ്പെക്ടർമാർവഴി പ്രതിമാസ പരിശോധനകൾ സംഘങ്ങളിൽ നടത്തുന്നു. ഓരോ വർഷത്തെയും ആഡിറ്റുമായി ബന്ധപ്പെട്ട കണക്കുകൾ പരിശോധിക്കുന്നതിലൂടെ കണ്ടെത്തുന്ന ന്യൂനതകളും ക്രമക്കേടുകളും റിപ്പോർട്ട് ചെയ്യുകയും ആയത് പരിഹരിക്കുന്നതിനുള്ള നടപടി ജനറൽ വിഭാഗത്തിൽനിന്നും സ്വീകരിച്ചുവരികയും ചെയ്യും. ഗുരുതരമായ ക്രമക്കേടുകൾ കണ്ടെത്തുന്ന സാഹചര്യത്തിൽ സഹകരണ നിയമം വകുപ്പ് 65, 66, 68 പ്രകാരമുള്ള അന്വേഷണം നടത്തി നടപടികൾ കൈക്കൊള്ളുന്നു. സഹകരണ സംഘം രജിസ്ട്രാറുടെ കാലാകാലങ്ങളിലുള്ള സർക്കുലർ നിർദ്ദേശങ്ങളുടെ അടിസ്ഥാനത്തിൽ സ്വർണ്ണപ്പണയ വായ്പകളിന്മേലുള്ള സ്റ്റോക്ക് പരിശോധന എല്ലാ വർഷവും കർശനമായി നടത്തിവരുന്നു.

## സ്ഥിര നിക്ഷേപങ്ങൾ സംബന്ധിച്ച ഉത്തരവ്

295(743) <u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കിൽ 179 ദിവസത്തിലധികം കാലാവധിയുള്ള സ്ഥിര നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്ന സഹകരണസംഘം രജിസ്ട്രാറുടെ ഉത്തരവ് പ്രാഥമിക സഹകര സംഘങ്ങളെയും ജില്ലാ സഹകരണ ബാങ്കിനെയും തകർക്കുന്നതാണെന്ന റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ഇത് കാർഷിക മേഖലയിലെ പിന്നോക്കാവസ്ഥയും സാമ്പത്തിക ഞെരുക്കവും കാരണം പ്രതിസന്ധി നേരിടുന്ന സംഘങ്ങളുടെ തകർച്ചയ്ക്ക് കാരണമാകുമോ;വ്യക്തമാക്കുമോ;

(സി) എങ്കിൽ ഇത് പരിഹരിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ-സി) ഇതുസംബന്ധിച്ചുള്ള പരാതി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതാണ്.

**നേമം മണ്ഡലത്തിലെ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരണം**

296(744) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പൊതുവിദ്യാഭ്യാസ യജ്ഞത്തിന്റെ ഭാഗമായി വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് സഹകരണ വകുപ്പ് നടപ്പാക്കിവരുന്ന പദ്ധതികളുടെ വിശദാംശം നൽകുമോ;

(ബി) പ്രസ്തുത പദ്ധതിയിൽ നേമം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകളാണ് ഉൾപ്പെട്ടിട്ടുള്ളതെന്ന് വ്യക്തമാക്കുമോ;

(സി) പ്രസ്തുത മണ്ഡലത്തിലെ വിദ്യാലയങ്ങളിൽ സ്മാർട്ട് ക്ലാസ് റൂം സജ്ജീകരിക്കുന്നതിന് സഹകരണ വകുപ്പ് നാളിതുവരെ സ്വീകരിച്ച നടപടികൾ വിശദീകരിക്കുമോ?

ഉത്തരം

(എ) പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി കേരള സർക്കാർ നടപ്പിലാക്കിവരുന്ന 'എല്ലാ സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിലേയും ഒരു ക്ലാസ് റൂം സ്മാർട്ട് ക്ലാസ് റൂമാക്കി മാറ്റുക' എന്ന പദ്ധതിക്ക് പിന്തുണ നൽകിക്കൊണ്ട് സഹകരണ വകുപ്പ് 1000 സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളിൽ സ്മാർട്ട് ക്ലാസ് റൂമുകൾ സ്ഥാപിച്ചുനൽകുവാൻ തീരുമാനിക്കുകയുണ്ടായി.

സംസ്ഥാനത്തെ 14 ജില്ലകളിലെയും സാമ്പത്തിക ഭദ്രതയുള്ളതും ലാഭത്തിൽ പ്രവർത്തിക്കുന്നതുമായ സംഘങ്ങളുടെ സഹായത്തോടെയാണ് ഈ പദ്ധതി നടപ്പിലാക്കുന്നത്. ഒരു നിയോജകമണ്ഡലത്തിൽനിന്നും സ്മാർട്ട് ക്ലാസ് റൂം ആവശ്യമുള്ളതും അർഹതയുള്ളതുമായ 7 സർക്കാർ/സർക്കാർ എയ്ഡഡ് സ്കൂളുകളുടെ വിവരങ്ങൾ ബഹുമാനപ്പെട്ട എം.എൽ.എ.-മാരിൽനിന്നും ശേഖരിച്ച് സ്കൂളുകളേയും അതാത് സ്ഥലത്തെ സന്നദ്ധരായ സഹകരണ സംഘങ്ങളെയും തമ്മിൽ ബന്ധപ്പെടുത്തിയാണ് പദ്ധതി നടപ്പിലാക്കാൻ ഉദ്ദേശിച്ചിട്ടുള്ളത്.

(ബി) അന്തിമ തീരുമാനം ആയിട്ടില്ല.

(സി) സ്കൂളുകളുടെ ലിസ്റ്റും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കി വരികയാണ്. നേമം നിയോജകമണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ ഉൾപ്പെടുത്തിയിട്ടുണ്ടെന്നുള്ള അന്തിമതീരുമാനം ആയിട്ടില്ല. പദ്ധതിയുടെ നടത്തിപ്പ് സംബന്ധിച്ച് നടപടി സ്വീകരിച്ചു വരികയാണ്.

## സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ

297(745) ശ്രീ. ടി. വി. ഇബ്രാഹിം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിന്റെ നേതൃത്വത്തിൽ സർക്കാർ സ്കൂളുകളിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ സ്ഥാപിക്കുന്ന പദ്ധതിയുടെ നിലവിലെ അവസ്ഥ അറിയിക്കാമോ;

(ബി) സംസ്ഥാനത്ത് എവിടെയെങ്കിലും ഇത്തരത്തിൽ സ്മാർട്ട് ക്ലാസ്സ് മുറികൾ സജ്ജീകരിച്ചിട്ടുണ്ടോ; ഉണ്ടെങ്കിൽ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(സി) മലപ്പുറം ജില്ലയിലെ കൊണ്ടോട്ടി നിയോജകമണ്ഡലത്തിൽ പ്രസ്തുത പദ്ധതിയിൽ ഉൾപ്പെടുത്തിയ സ്കൂളുകൾ ഏതെല്ലാമെന്നും പ്രസ്തുത സ്കൂളുകളിൽ നടത്തിയ പ്രവർത്തനങ്ങൾ എന്തെല്ലാമെന്നും അറിയിക്കാമോ;

(ഡി) പ്രസ്തുത പദ്ധതിക്ക് എന്തെങ്കിലും തടസ്സങ്ങൾ നിലവിലുണ്ടെങ്കിൽ വിശദീകരിക്കാമോ?

ഉത്തരം

(എ) വിഷയം സർക്കാരിന്റെ പരിഗണനയിലാണ്.

(ബി) സ്കൂളുകളുടെ ലിസ്റ്റും സന്നദ്ധരായ സഹകരണ സംഘങ്ങളുടെ ലിസ്റ്റും തയ്യാറാക്കി വരികയാണ്.

(സി) കൊണ്ടോട്ടി മണ്ഡലത്തിലെ ഏതെല്ലാം സ്കൂളുകൾ ഉൾപ്പെടുത്തണമെന്നതിന്മേൽ അന്തിമ തീരുമാനമെടുത്തിട്ടില്ല.

(ഡി) തടസ്സങ്ങൾ ഒന്നുതന്നെ നിലവിലില്ല.

## കേരള ബാങ്ക് രൂപീകരണം

298(746) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരള ബാങ്ക് തുടങ്ങുന്നതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ ഏത് ഘട്ടം വരെയായി എന്ന് വിശദമാക്കുമോ;

(ബി) നടപടിക്രമങ്ങൾ പൂർത്തീകരിച്ച് കേരള ബാങ്ക് എന്ന് തുടങ്ങാൻ കഴിയുമെന്ന് വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) (1) കേരളത്തിലെ ഹ്രസ്വകാല വായ്പാ ഘടന നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്ന് ദ്വിതല സംവിധാനത്തിലേക്ക് മാറുന്നതിനെക്കുറിച്ച് പഠിച്ച് വിശദമായ ഒരു റിപ്പോർട്ട് നൽകുന്നതിന് പ്രൊഫസർ എം. എസ്. ശ്രീറാം അദ്ധ്യക്ഷനായി ഗവൺമെന്റ് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതി 2017 ഏപ്രിൽ മാസം അവരുടെ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ ഉൾക്കൊള്ളാവുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടി നബാർഡ് തിരുവനന്തപുരം റീജിയണൽ ഓഫീസിൽനിന്ന് ചീഫ് ജനറൽ മാനേജരായി വിരമിച്ച ശ്രീ. വി. ആർ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായി 2017 ജൂൺ മാസം ഒരു കർമ്മസേന (Task Force)-യെ നിയമിക്കുകയും പ്രസ്തുത കർമ്മസേന കേരള സഹകരണ ബാങ്ക് രൂപീകരണത്തിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പോയിക്കൊണ്ടിരിക്കുകയുമാണ്. ആദ്യ പടിയെന്ന നിലയിൽ കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള അംഗീകാരം നേടിയെടുക്കുന്നതിനുള്ള അപേക്ഷ RBI-ക്ക് സമർപ്പിച്ചു. പ്രസ്തുത അപേക്ഷ റിസർവ് ബാങ്കിന്റെ സജീവ പരിഗണനയിലുമാണ്.

(2) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചുവരുന്നു.

(3) 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(4) 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solution (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് മാറ്റുന്നതിനുവേണ്ടിയുള്ള RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(5) കേരള സഹകരണ ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി ജീവനക്കാരെ സജ്ജരാക്കാൻ വേണ്ട പരിശീലന പരിപാടികൾക്ക് തുടക്കമിട്ടു. വിശദമായ Action Plan തയ്യാറാക്കിവരുന്നു.

(ബി) റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള അനുമതി കിട്ടുന്ന മുറയ്ക്ക് എത്രയും വേഗം കേരള ബാങ്കിന്റെ പ്രവർത്തനം തുടങ്ങണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. 2018-ലെ ഓണത്തിന് മുമ്പായി പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

### കേരള ബാങ്ക് രൂപീകരണത്തിനുള്ള നടപടികൾ

299(747) ശ്രീ. വി. അബ്ദുറഹിമാൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളബാങ്ക് രൂപീകരണത്തിനുള്ള നടപടികളുടെ നിലവിലെ സ്ഥിതി വ്യക്തമാക്കാമോ;

(ബി) കേരളബാങ്ക് എപ്പോൾ നിലവിൽ വരുമെന്നാണ് പ്രതീക്ഷിക്കുന്നത് ; വ്യക്തമാക്കാമോ?

ഉത്തരം

(എ) (1) കേരളത്തിലെ ഹ്രസ്വകാല വായ്പാ ഘടന നിലവിലുള്ള ത്രിതല സംവിധാനത്തിൽ നിന്ന് ദ്വിതല സംവിധാനത്തിലേക്ക് മാറുന്നതിനെക്കുറിച്ച് പഠിച്ച് വിശദമായ ഒരു റിപ്പോർട്ട് നൽകുന്നതിന് പ്രൊഫസർ എം. എസ്. ശ്രീറാം അദ്ധ്യക്ഷനായി ഗവൺമെന്റ് ഒരു വിദഗ്ദ്ധ സമിതിയെ നിയോഗിക്കുകയുണ്ടായി. പ്രസ്തുത സമിതി 2017 ഏപ്രിൽ മാസം അവരുടെ റിപ്പോർട്ട് സമർപ്പിച്ചു. റിപ്പോർട്ടിലെ ഉൾക്കൊള്ളാവുന്ന നിർദ്ദേശങ്ങൾ ഉൾക്കൊണ്ടുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് നടപടികൾ കൈക്കൊള്ളുന്നതിനുവേണ്ടി നബാർഡ് തിരുവനന്തപുരം റീജിയണൽ ഓഫീസിൽ നിന്ന് ചീഫ് ജനറൽ മാനേജറായി വിരമിച്ച ശ്രീ. വി. ആർ. രവീന്ദ്രനാഥ് അദ്ധ്യക്ഷനായി 2017 ജൂൺ മാസം ഒരു കർമ്മസേന (Task Force)-യെ നിയമിക്കുകയും പ്രസ്തുത കർമ്മസേന കേരള സഹകരണ ബാങ്ക് രൂപീകരണത്തിനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ട് പൊയ്ക്കൊണ്ടിരിക്കുകയുമാണ്. ആദ്യ പടിയെന്ന നിലയിൽ കേരളത്തിലെ 14 ജില്ലാ സഹകരണ ബാങ്കുകളേയും സംസ്ഥാന സഹകരണ ബാങ്കിനെയും ലയിപ്പിച്ചുകൊണ്ട് കേരള സഹകരണ ബാങ്ക് രൂപീകരണത്തിന് തത്വത്തിലുള്ള

അംഗീകാരം നേടിയെടുക്കുന്നതിനുള്ള അപേക്ഷ RBI-ക്ക് സമർപ്പിച്ചു. പ്രസ്തുത അപേക്ഷ റിസർവ് ബാങ്കിന്റെ സജീവ പരിഗണനയിലാണ്.

(2) കേരള സഹകരണ ബാങ്കിന്റെ രൂപീകരണം സംബന്ധിച്ച് കേരള സഹകരണ നിയമത്തിൽ വരുത്തേണ്ട ഭേദഗതികൾ പരിശോധിച്ചുവരുന്നു.

(3) 15 ബാങ്കുകളുടെയും ആസ്തികളുടെ മൂല്യനിർണയം, ആഡിറ്റ് എന്നിവ നിർവ്വഹിക്കുന്നതിനുള്ള ചാർട്ടേഡ് അക്കൗണ്ടന്റുമാരെ നിയമിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

(4) 14 ജില്ലാ ബാങ്കുകളിലേയും സംസ്ഥാന സഹകരണ ബാങ്കിലേയും Core Banking Solution (CBS) ഏകോപിപ്പിച്ചുകൊണ്ട് ഒരു ഏകീകൃത സോഫ്റ്റ്‌വെയറിലേക്ക് മാറ്റുന്നതിനുവേണ്ടി RFP കേരള സംസ്ഥാന സഹകരണ ബാങ്ക് പ്രസിദ്ധീകരിച്ചിട്ടുണ്ട്.

(5) കേരള സഹകരണ ബാങ്ക് രൂപീകരണത്തിന്റെ ഭാഗമായി ജീവനക്കാരെ സജ്ജരാക്കാൻ വേണ്ട പരിശീലന പരിപാടികൾക്ക് തുടക്കമിട്ടു. വിശദമായ Action Plan തയ്യാറാക്കി വരുന്നു.

(ബി) റിസർവ് ബാങ്കിന്റെ തത്വത്തിലുള്ള അനുമതി കിട്ടുന്ന മുറയ്ക്ക് എത്രയും വേഗം കേരള ബാങ്കിന്റെ പ്രവർത്തനം തുടങ്ങണമെന്നാണ് സർക്കാർ ആഗ്രഹിക്കുന്നത്. 2018-ലെ ഓണത്തിന് മുമ്പായി പ്രവർത്തനം തുടങ്ങാൻ സാധിക്കുമെന്ന് പ്രതീക്ഷിക്കുന്നു.

**ജില്ലാ സഹകരണ ബാങ്ക് ഭരണം**

300(748) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് പ്രവർത്തിക്കുന്ന ജില്ലാ സഹകരണ ബാങ്ക് ഭരണ സമിതികളെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തി ഉത്തരവായിട്ടുണ്ടോ; എങ്കിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയതിന്റെ സാഹചര്യം വ്യക്തമാക്കുമോ;

(ബി) അഡ്മിനിസ്ട്രേറ്റർ ഭരണം എത്ര കാലത്തേയ്ക്കാണ് ഏർപ്പെടുത്തിയതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ ഭരണ പ്രതിസന്ധി ഒഴിവാക്കാനാണ് നിലവിൽ അഡ്മിനിസ്ട്രേറ്റർ ഭരണം ഏർപ്പെടുത്തിയത്.

(ബി) നിലവിൽ ജില്ലാ സഹകരണ ബാങ്കുകളിൽ അഡ്മിനിസ്ട്രേറ്റർ ഭരണത്തിന്റെ കാലാവധി 10-10-2018 വരെ ദീർഘിപ്പിച്ചിട്ടുണ്ട്.

**ജില്ലാ സഹകരണ ബാങ്കുകളിലെ സ്ഥിരം നിക്ഷേപങ്ങൾ**

301(749) ശ്രീ. പി. ടി. തോമസ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജില്ലാ സഹകരണ ബാങ്കുകളിൽ 179 ദിവസത്തിലധികം കാലാവധിയുള്ള സ്ഥിരം നിക്ഷേപങ്ങൾ സ്വീകരിക്കരുതെന്ന് സഹകരണ സംഘം രജിസ്ട്രാർ ഉത്തരവിറക്കിയിട്ടുണ്ടോ; ഉണ്ടെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) മാസം പത്തിൽ കൂടുതൽ ഇടപാടുകൾ നടത്തുന്ന ഇടപാടുകാരിൽനിന്നും സർവ്വീസ് ഫീ ഈടാക്കുവാൻ തീരുമാനം എടുത്തിട്ടുണ്ടോ;

(സി) എസ്.ബി.ഐ. ഇത്തരം നിലപാട് സ്വീകരിച്ചപ്പോൾ അതിനെ ശക്തിയായി എതിർക്കുകയും പകൽ കൊള്ളയാണെന്ന് സർക്കാർ അഭിപ്രായപ്പെടുകയുമുണ്ടായോ; എങ്കിൽ ഇക്കാര്യത്തിൽ അതേ നടപടിക്ക് മുതിരുന്നത് ഏത് സാഹചര്യത്തിലാണെന്ന് വ്യക്തമാക്കുമോ;

(ഡി) ജില്ലാ സഹകരണബാങ്കുകളെ തകർക്കുന്ന പ്രസ്തുത നടപടി പിൻവലിക്കുന്നതിന് നിർദ്ദേശം കൊടുക്കുമോ?

ഉത്തരം

(എ) തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ 6 മാസത്തിൽ (179 ദിവസത്തിൽ) കൂടുതൽ ദൈർഘ്യമുള്ള നിക്ഷേപങ്ങൾ ഒരു വർഷക്കാലത്തേക്കോ/ കേരള ബാങ്ക് രൂപീകരിക്കുന്നത് വരെയോ ഏതാണ് ആദ്യം അതുവരെ സ്വീകരിക്കാൻ പാടില്ല എന്ന് നിർദ്ദേശിച്ചിട്ടുണ്ട്. തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിന്റെ നഷ്ടം കുറയ്ക്കുന്നതിനായി നബാർഡ് നിർദ്ദേശ പ്രകാരം തയ്യാറാക്കിയിട്ടുള്ള മോണിറ്ററി ആക്ഷൻ പ്ലാൻ പ്രകാരമാണ് ഇപ്രകാരം നിർദ്ദേശം നൽകിയിട്ടുള്ളത്.

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ 2/2011 സർക്കുലർ നിർദ്ദേശത്തിന് വിധേയമായി തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽ പ്രാഥമിക സഹകരണ സംഘങ്ങൾ ജില്ലാ ബാങ്കിൽ നിക്ഷേപിക്കുന്ന സേവിംഗ്സ് ബാങ്ക് അക്കൗണ്ടുകളിൽനിന്നും ഒരു മാസം പരമാവധി പത്ത് തവണകളിൽ കൂടുതൽ

നിക്ഷേപങ്ങൾ പിൻവലിക്കുന്നതിന് നിയന്ത്രണം ഏർപ്പെടുത്തിയിട്ടുണ്ട്. ടി പരിധിയിൽ കൂടുതൽ പിൻവലിക്കുന്ന തുകകൾക്ക് സർവ്വീസ് ചാർജ്ജ് ഈടാക്കുന്നുണ്ട്.

(സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഇതുസംബന്ധിച്ച് പരാതി പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കുന്നതായിരിക്കും.

**കാർഷിക വായ്പക്ക് പലിശയിളവിനുള്ള മാനദണ്ഡങ്ങൾ**

302(750) <u>ശ്രീ. ആർ. രാജേഷ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന സർവ്വീസ് സഹകരണ ബാങ്കുകളിൽനിന്നും കാർഷിക വായ്പ എടുക്കുന്നവർക്ക് പലിശയിളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ എന്തെല്ലാമെന്ന് വിശദമാക്കാമോ;

(ബി) കുടിശ്ശികയായ വായ്പകൾ ഒറ്റത്തവണയായി തിരിച്ചടയ്ക്കുന്ന സഹകാരികൾക്ക് എന്തെല്ലാം ഇളവുകൾ ആണ് ലഭിക്കുകയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഹ്രസ്വകാല വിള വായ്പകൾ കൃത്യമായി തിരിച്ചടയ്ക്കുന്നവർക്ക് പലിശ പൂർണ്ണമായും ഒഴിവാക്കി നൽകുന്നതിനായി 2013 വർഷം മുതൽ ഉത്തേജന പലിശ ഇളവ് പദ്ധതി നടപ്പിലാക്കി വരുന്നു. 2010-11 സാമ്പത്തിക വർഷം മുതൽ നെൽകർഷകർക്ക് ഇപ്രകാരം പലിശരഹിത വായ്പാ പദ്ധതി നടപ്പിലാക്കി വരുന്നു. കേന്ദ്രസർക്കാർ നിർദ്ദേശ പ്രകാരം 7% പലിശ നിരക്കിലാണ് ഹ്രസ്വകാല വായ്പകൾ (കാർഷിക വായ്പകൾ) നൽകുന്നത്. കൃത്യമായി തിരിച്ചടയ്ക്കുന്ന വായ്പകൾക്ക് കേന്ദ്ര സർക്കാരിന്റെ 3% പലിശ സബ്സിഡിയോടൊപ്പം 4% സംസ്ഥാന സർക്കാരും പലിശ സബ്സിഡി നൽകിവരുന്നു. പലിശ ഇളവ് ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു :

(I) പ്രാഥമിക കാർഷിക വായ്പാ സംഘങ്ങൾ/സർവ്വീസ് സഹകരണ ബാങ്കുകൾ/കാർഷിക ഗ്രാമവികസന ബാങ്കുകൾ വിതരണം ചെയ്യുന്ന ഹ്രസ്വകാല കാർഷിക വായ്പകൾ/കിസാൻ ക്രെഡിറ്റ്/കാർഷിക ആവശ്യത്തിനുള്ള കാഷ് ക്രെഡിറ്റ് എന്നിവയായിരിക്കണം.

(II) സംഘത്തിൽ അംഗങ്ങളായിട്ടുള്ള രണ്ട് ഹെക്ടർ വരെ ഭൂമി കൈവശമുള്ള ചെറുകിട നാമമാത്ര കർഷകരായിരിക്കണം.

(III) ജില്ലാതല ടെക്നിക്കൽ കമ്മിറ്റി നിശ്ചയിച്ചിട്ടുള്ള സ്കെയിൽ ഓഫ് ഫിനാൻസിന് വിധേയമായിരിക്കണം വായ്പ തുക.

(IV) മുതൽ തുക കുടിശ്ശികയില്ലാതെ കാലാവധിക്കുള്ളിൽ (തവണ തീയതിയിലോ അതിനു മുമ്പോ) തിരിച്ചടച്ചിരിക്കണം.

(V) ഒരു കർഷകന് 3 ലക്ഷം വരെയുള്ള വായ്പകൾക്ക് മാത്രമേ ടി പദ്ധതി പ്രകാരം പലിശ ഇളവിന് അർഹതയുള്ളൂ. ടി പരിധിയിൽ അധികരിച്ചുവരുന്ന വായ്പകൾക്ക് പലിശ ഇളവ് ലഭിക്കുന്നതല്ല.

(ബി) സഹകരണ സംഘം രജിസ്ട്രാറുടെ 6/2018, 9/2018 എന്നീ സർക്കുലറുകൾ പ്രകാരം 15-2-2018 മുതൽ 31-3-2018 വരെ ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതി സംഘടിപ്പിച്ചിരുന്നു. പ്രസ്തുത സർക്കുലർ പ്രകാരം ചുവടെ പറയും പ്രകാരമുള്ള ഇളവുകൾ ലഭ്യമാക്കുന്നതിനാണ് വ്യവസ്ഥ ചെയ്തിരുന്നത്:-

(I) 5 വർഷത്തിൽ കൂടുതൽ കുടിശ്ശികയായ 10,000 രൂപവരെയുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ മുതൽ തുക മാത്രം ഈടാക്കി വായ്പാകണക്ക് അവസാനിപ്പിക്കാവുന്നതും 5 വർഷത്തിന് താഴെ കുടിശ്ശികയായ വായ്പയിൽ സംഘംതല കമ്മിറ്റിയുടെ വിശദമായ പരിശോധനയുടെ അടിസ്ഥാനത്തിൽ പലിശയിൽ പരമാവധി 50% വരെ ഇളവ്.

(II) ഒരു ലക്ഷം രൂപ വരെ കുടിശ്ശികയായ മരണപ്പെട്ടവരുടെയോ, മാരകരോഗം ബാധിച്ചവരുടെയോ വായ്പയിന്മേൽ പലിശയുടെ 50% വരെ സംഘംതല സമിതിക്ക് ഇളവ് നൽകാം.

(III) ഒരു ലക്ഷം രൂപ വരെയുള്ള കുടിശ്ശിക വായ്പയുടെ പലിശ പൂർണ്ണമായോ മുതലും പലിശയും ചേർത്ത് ബാധ്യത പൂർണ്ണമായോ ഭാഗീകമായോ സംഘംതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ 50% വരെ ജില്ലാതല കമ്മിറ്റിക്ക് ഇളവ് നൽകാം. ഒരു ലക്ഷത്തിൽ അധികം വരുന്ന ഇളവുകൾ ജില്ലാതല കമ്മിറ്റിയുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ സംസ്ഥാനതല കമ്മിറ്റിക്ക് ഇളവ് നൽകാം.

(IV) ഒരു ലക്ഷത്തിന് മുകളിലുള്ള വായ്പകളിൽ സംഘംതല കമ്മിറ്റിയുടെ തീരുമാനത്തിന്റെയും ജില്ലാ ജോയിന്റ് രജിസ്ട്രാറുടെ ശിപാർശയുടെയും അടിസ്ഥാനത്തിൽ സംസ്ഥാനതല സ്റ്റിയറിംഗ് കമ്മിറ്റിക്ക് തീർപ്പാക്കാം.

(V) 2 ലക്ഷം രൂപവരെയുള്ള വായ്പകളിൽ, കുടിശ്ശിക മുതൽ തുകയും, വായ്പാ എടുക്കുമ്പോഴുള്ള പലിശ നിരക്കോ, ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് ആയത് പ്രകാരം പലിശ ഈടാക്കിയും പലിശ മുതലിനേക്കാൾ അധികരിക്കുകയാണെങ്കിൽ പലിശ മുതലിനൊപ്പം ക്രമീകരിച്ച് വായ്പ കണക്ക് അവസാനിപ്പിക്കാം. പലിശ മുതലിൽ അധികരിക്കാത്ത കേസുകളിൽ, പലിശയുടെ 25% വരെ സംസ്ഥാനതല

കമ്മിറ്റിക്കും 50% വരെ ജില്ലാതല കമ്മിറ്റിക്കും പലിശ ഇളവ് അനുവദിക്കാം.

(VI) 2 ലക്ഷം രൂപയ്ക്ക് മുകളിലുള്ള കുടിശ്ശിക വായ്പകളിന്മേൽ കുടിശ്ശിക വായ്പാ മുതൽ തുകയും വായ്പയെടുക്കുമ്പോൾ നിലവിലിരുന്ന പലിശ നിരക്കോ ഇപ്പോഴുള്ള പലിശ നിരക്കോ ഏതാണോ കുറവ് എങ്കിൽ ആയത് പ്രകാരം പലിശ തുക ഈടാക്കിയും പിഴ പലിശ ഒഴിവാക്കിയും ആർബിട്രേഷൻ/എക്സിക്യൂഷൻ, കോടതി ചെലവുകൾ ഈടാക്കിയും താഴെപറയും പ്രകാരം പലിശ ഇളവ് അനുവദിച്ച് വായ്പാ കണക്ക് അവസാനിപ്പിക്കാം.

ഒരു വർഷം മുതൽ 3 വർഷം വരെ - 10%

3 വർഷം മുതൽ 5 വർഷം വരെ - 15%

5 വർഷം മുതൽ 10 വർഷം വരെ - 20%

10 വർഷത്തിന് മുകളിൽ - 25%

ടി സർക്കുലർ നിബന്ധനകൾ 15-2-2018 മുതൽ 31-3-2018 വരെ മാത്രമേ പ്രാബല്യത്തിൽ ഉണ്ടായിരുന്നുള്ളൂ.

**തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിലെ അഴിമതി**

303(751) ശ്രീ. കെ. കൃഷ്ണൻകുട്ടി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ എന്തൊക്കെ ക്രമക്കേടുകളാണ് വകുപ്പുതല അന്വേഷണത്തെ തുടർന്ന് കണ്ടെത്തിയത്; ഇത് സംബന്ധിച്ച രേഖകൾ നൽകാമോ;

(ബി) ഇതിന്മേൽ എന്തൊക്കെ വകുപ്പുതല നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്; ഇത് സംബന്ധിച്ച രേഖകൾ ലഭ്യമാക്കുമോ?

ഉത്തരം

(എ) തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിൽ ഭൂമി വാങ്ങിയതിലും വായ്പകൾ നൽകിയതിലുമുള്ള ക്രമക്കേടുകൾ സംബന്ധിച്ച് ബാങ്കിനെതിരെ ശ്രീ. ഉണ്ണികൃഷ്ണൻ സമർപ്പിച്ച പരാതി സംബന്ധിച്ച് അന്വേഷണം നടത്തിയതിൽ കണ്ടെത്തിയ ന്യൂനതകൾ സംബന്ധിച്ച് വിശദ പരിശോധന ആവശ്യമാണെന്ന് കണ്ടതിന്റെ അടിസ്ഥാനത്തിൽ കേരള സഹകരണ സംഘം നിയമം വകുപ്പ്

66 പ്രകാരമുള്ള വിശദ പരിശോധന നടത്തുന്നതിന് 18-11-2016-ലെ 7719/16/സി.ആർ.പി. നമ്പർ ഉത്തരവ് പ്രകാരം ഉത്തരവാകുകയും ആയത് പ്രകാരം ചിറ്റൂർ അസിസ്റ്റന്റ് രജിസ്ട്രാർ (ജനറൽ) സമർപ്പിച്ച റിപ്പോർട്ടിൽ താഴെപ്പറയുന്ന ക്രമക്കേടുകളാണ് പ്രധാനമായും റിപ്പോർട്ട് ചെയ്തിരിക്കുന്നത്:-

തത്തമംഗലം മേട്ടുപാളയം ജംഗ്ഷനു സമീപം ബാങ്കിന്റെ നിലവിലുള്ള ഷോപ്പിംഗ് കോംപ്ലക്സ് സ്ഥിതിചെയ്യുന്ന സ്ഥലത്തിന്റെ തൊട്ടു പിൻവശത്തുള്ള സർവ്വെ നമ്പർ 793/1.2-ലുള്ള ശ്രീമതി ജമീലയുടെ 4 സെന്റ് സ്ഥലം (പറമ്പ്) സെന്റ് ഒന്നിന് 2.5 ലക്ഷം രൂപ എന്ന നിരക്കിൽ 4 സെന്റിന് 10 ലക്ഷം രൂപ നൽകി വാങ്ങിക്കുവാൻ സംഘം ഭരണസമിതി 13-2-2015-ലെ 18-ാം നമ്പർ തീരുമാനപ്രകാരം തീരുമാനമെടുക്കുകയും 13-3-2015-ന് സംഘത്തിന്റെ പേരിൽ ഭൂമി രജിസ്റ്റർ ചെയ്യുകയും ചെയ്തു. എന്നാൽ സ്ഥലം വാങ്ങിയതിന് ഭരണ വകുപ്പിന്റെ അംഗീകാരം വാങ്ങിയിരുന്നില്ല. ശ്രീമതി ജമീല 16-6-2010-ന് ടി സ്ഥലം പണയപ്പെടുത്തി SMT 6150 നമ്പർ വായ്പയായി 4 ലക്ഷം രൂപ വായ്പ എടുത്തിരുന്നുവെന്നും 19-2-2015-ന് വായ്പാ കണക്ക് അവസാനിപ്പിക്കുകയും ചെയ്തിട്ടുണ്ടെന്നും എന്നാൽ ശ്രീമതി ജമീലയുടെ സ്ഥലം ബാങ്ക് വാങ്ങുവാൻ തീരുമാനമെടുത്ത 13-2-2015-ന് വായ്പക്കാരിയുടെ പേരിൽ ടി സ്ഥലം പണയ വസ്തുവായി നിലനിന്നിരുന്നുവെന്നും റിപ്പോർട്ട് ചെയ്തിരുന്നു. സംഘം ഭൂമി വാങ്ങുന്നതിനായി 4 സെന്റിന് 10 ലക്ഷം രൂപയും രജിസ്ട്രേഷൻ ഫീസ് ഇനത്തിൽ 93,000 രൂപയും അടക്കം മൊത്തം 10,93,000 രൂപ സംഘത്തിന്റെ പൊതു ഫണ്ടിൽനിന്നും ഭരണ വകുപ്പിന്റെ മുൻകൂർ അനുമതി ഇല്ലാതെ വിനിയോഗിച്ചിട്ടുണ്ടെന്നും സഹകരണ സംഘം രജിസ്ട്രാറുടെ 16/2011 നമ്പർ സർക്കുലർ നിർദ്ദേശങ്ങൾ പാലിക്കാതെ സ്ഥലം വാങ്ങിയതിനും സംഘത്തിന്റെ പൊതു ഫണ്ട് സംഘത്തിന്റെ വ്യാപാരവുമായി ബന്ധമില്ലാത്ത ഡെഡ് ഇൻവെസ്റ്റ്മെന്റ് ആയി തുക വിനിയോഗിച്ചതിനും ഭരണസമിതി ഉത്തരവാദികളാണെന്ന് പരിശോധനയിൽ കണ്ടു.

സംഘത്തിന്റെ 23-1-2015-ലെ 16-ാം നമ്പർ ഭരണസമിതി തീരുമാനപ്രകാരം സംഘത്തിലെ ജീവനക്കാരനായ സീനിയർ ക്ലാർക്ക് സുനിൽകുമാറിനെ സ്ഥലം വാല്യുവേഷൻ ചെയ്യുന്നതിന് ഭരണസമിതി അധികാരപ്പെടുത്തിയിട്ടുണ്ടെന്നും എന്നാൽ ടിയാന്റെ വാല്യുവേഷൻ റിപ്പോർട്ടിൽ രേഖപ്പെടുത്തിയ തുകയിൽ അധികരിച്ച് മതിയായ ഈടില്ലാതെ ഭരണസമിതി വായ്പ പാസ്സാക്കി നൽകിയിട്ടുണ്ടെന്നും സ്വത്ത് പണയ വായ്പകൾ അനുവദിക്കുന്നതിൽ ഈട് വസ്തുവിന്റെ മതിപ്പ് വിലയിൽ അധികരിച്ച് വായ്പകൾ നൽകുന്ന പ്രവൃത്തി സഹകരണ നിയമത്തിനും ചട്ടത്തിനും വിരുദ്ധമാണെന്നും

ഇപ്രകാരം വായ്പകൾ നൽകിയതിലൂടെ സംഘത്തിന് ഉണ്ടായേക്കാവുന്ന നഷ്ടത്തിന് ഭരണസമിതിയും സെക്രട്ടറിയും ഉത്തരവാദികളാണ്. 20-3-2017-ലെ ചട്ടം 66(1) അന്വേഷണ റിപ്പോർട്ടിന്റെ പകർപ്പ് അനുബന്ധമായി ചേർക്കുന്നു.*

(ബി) അന്വേഷണ റിപ്പോർട്ടിൽ പറഞ്ഞിട്ടുള്ള ക്രമക്കേടുകൾ സംബന്ധിച്ച് ബാങ്ക് പ്രസിഡന്റ്, ഭരണസമിതി അംഗങ്ങൾ, സെക്രട്ടറി എന്നിവരോട് വിശദീകരണം ആവശ്യപ്പെട്ട് ആയത് ലഭ്യമാക്കിയ വിശദീകരണത്തിൽ പറഞ്ഞിരിക്കുന്ന വസ്തുതകൾ പരിശോധിച്ചു.

ബാങ്ക് ഭൂമി വാങ്ങിയതിൽ കേരള സഹകരണ സംഘം നിയമം ചട്ടം 54 വ്യവസ്ഥകൾ പാലിച്ചിട്ടില്ലെന്നും ബാങ്കിന്റെ പ്രവർത്തനങ്ങളിൽ ഭരണസമിതിക്ക് കേരള സഹകരണ സംഘം നിയമത്തിലും ചട്ടങ്ങളിലും ഉപനിബന്ധനകളിലും ചുമതലപ്പെടുത്തപ്പെട്ട കർത്തവ്യങ്ങൾ ചെയ്യുന്നതിനുള്ള നിരന്തര വീഴ്ചകൾ സംഭവിച്ചിട്ടുള്ളതായും അവ നിറവേറ്റുന്നതിൽ അലംഭാവം കാണിച്ചതായും ബോദ്ധ്യപ്പെട്ടതിനാൽ ആയത് സംബന്ധിച്ച് ബാങ്ക് ഭരണസമിതിക്കെതിരെ 1969-ലെ കേരള സഹകരണ സംഘം നിയമം വകുപ്പ് 32(1) പ്രകാരം നടപടി സ്വീകരിക്കാതിരിക്കുവാൻ കാരണം വല്ലതും ഉണ്ടെങ്കിൽ ആയത് 19-3-2018-നകം രേഖാമൂലം അറിയിക്കേണ്ടതാണെന്നും മുഖദാവിൽ വല്ലതും ബോധിപ്പിക്കാനുണ്ടെങ്കിൽ ആയത് നേരിൽ ഹാജരായി ബോധിപ്പിക്കാവുന്നതാണെന്നും അറിയിച്ചുകൊണ്ട് പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) 13-3-2018-ലെ വകുപ്പ് 32(1) പ്രകാരമുള്ള 7719/16/സി.ആർ.പി. നമ്പർ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് നൽകി.

ടി നോട്ടീസിനെതിരെ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയിൽ സംഘം റിട്ട് പെറ്റീഷൻ സമർപ്പിക്കുകയും ടി റിട്ട് പെറ്റീഷനിന്മേൽ, 2-5-2018-ന് പെറ്റീഷണറേയും മറ്റ് ബാങ്ക് ഭരണസമിതി അംഗങ്ങളേയും നേരിൽ കേൾക്കുവാൻ ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ 12-4-2018-ലെ ഉത്തരവ് പ്രകാരം 2-5-2018-ന് ടിയാളുകളെ പാലക്കാട് ജോയിന്റ് രജിസ്ട്രാർ നേരിൽ കേട്ടു. സംഘം ഭരണസമിതി അംഗങ്ങൾ എഴുതി സമർപ്പിച്ച വിശദീകരണം പരിശോധിച്ചതിൽ ആയത് തൃപ്തികരമല്ലെന്നും സഹകരണ നിയമം ചട്ടം 54 വ്യവസ്ഥകൾ പാലിക്കാതെ ഭരണ വകുപ്പിന്റെ മുൻകൂർ അനുമതിയോ ബന്ധപ്പെട്ട കമ്മിറ്റിയുടെ വാല്യുവേഷനോ ഇല്ലാതെ ബാങ്കിന്റെ പൊതുഫണ്ട് വിനിയോഗിച്ച് സ്ഥലം വാങ്ങിയത് കേരള സഹകരണ സംഘം നിയമത്തിനും ചട്ടത്തിനും വിരുദ്ധമാണെന്നും വാല്യുവേഷൻ ആഫീസറുടെ നിർദ്ദേശം മറികടന്ന് വായ്പകൾ

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

അനുവദിക്കുന്നത് ഗുരുതരമായ കൃത്യവിലോപമാണെന്നും ആയത് നിക്ഷേപകരുടെ സുരക്ഷിതത്വത്തെ ഹാനികരമായി ബാധിക്കുമെന്നും ബോധ്യപ്പെട്ടതിനാൽ തത്തമംഗലം സേവന സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി. 502-ലെ നിലവിലെ ഭരണസമിതി പിരിച്ചുവിടാൻ തീരുമാനിച്ച് വിവരം പാലക്കാട് ജില്ലാ സഹകരണ ബാങ്ക് ജനറൽ മാനേജർ, ചിറ്റൂർ സർക്കിൾ സഹകരണ യൂണിയൻ സെക്രട്ടറി എന്നിവരെ രേഖാമൂലം അറിയിക്കുകയും അഭിപ്രായം അറിയിക്കുവാൻ സമയം അനുവദിക്കുകയും ചെയ്തിരുന്നു.

ബാങ്കിനെതിരെ കേരള സഹകരണ സംഘം നിയമം വകുപ്പ് 32(1) പ്രകാരം നടപടി സ്വീകരിക്കുന്ന വിഷയത്തിൽ നിയമാനുസൃതമായ നടപടി സ്വീകരിക്കുന്നതിൽ എതിരഭിപ്രായം ഇല്ലെന്ന് ചിറ്റൂർ സർക്കിൾ സഹകരണ യൂണിയൻ ആഫീസർ-ഇൻ-ചാർജ്ജും ബാങ്കിൽ വകുപ്പ് 66 പ്രകാരം പരിശോധന നടത്തി വകുപ്പ് 32 പ്രകാരം സംഘം ഭരണസമിതി പിരിച്ചുവിടുന്നത് സംബന്ധിച്ചുള്ള ഉത്തരവിന്മേൽ ബാങ്കിന് യാതൊരു എതിരഭിപ്രായവും ബോധിപ്പിക്കുവാനില്ലെന്ന് പാലക്കാട് ജില്ലാ സഹകരണ ബാങ്ക് പാർട്ട് ടൈം അഡ്മിനിസ്ട്രേറ്ററും അറിയിക്കുകയുണ്ടായി.

തുടർന്ന് തത്തമംഗലം സർവ്വീസ് സഹകരണ ബാങ്കിന്റെ നിലവിലുള്ള ഭരണസമിതി പിരിച്ചുവിട്ടുകൊണ്ടും ആയതിന്മേലുള്ള തുടർനടപടികൾ ഒരാഴ്ചത്തേയ്ക്ക് നിർത്തിവച്ചുകൊണ്ടും പാലക്കാട് ജോയിന്റ് രജിസ്ട്രാർ ആഫീസിലെ 11-5-2018-ലെ 7719/2016/സി.ആർ.പി. നമ്പർ ഉത്തരവ് പ്രകാരം ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി.

ആയതിനെതിരെ ബാങ്ക് ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയെ സമീപിക്കുകയും സ്റ്റേ ഉത്തരവ് സമ്പാദിക്കുകയും ചെയ്തിട്ടുണ്ട്. ഇതുസംബന്ധിച്ച് ചുവടെപ്പറയുന്ന രേഖകൾ ഉള്ളടക്കം ചെയ്യുന്നു:-

1. പാലക്കാട് ജോയിന്റ് രജിസ്ട്രാർ (ജനറൽ) 13-03-2018-ലെ വകുപ്പ് 32(1) പ്രകാരമുള്ള 7719/16/സി.ആർ.പി. നമ്പർ പ്രകാരം കാരണം കാണിക്കൽ നോട്ടീസ് (അനുബന്ധം-II) *
2. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ WP(C)No. 12375/18 നമ്പർ റിട്ട് പെറ്റീഷനുമേലുള്ള 12-04-2018-ലെ വിധിന്യായം(അനുബന്ധം III)*
3. പാലക്കാട് ജോയിന്റ് രജിസ്ട്രാർ ആഫീസിലെ 11-05-2018-ലെ 7719/2016/സി.ആർ.പി. നമ്പർ ഉത്തരവ് (അനുബന്ധം-IV)*.

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക്**

304(752) ശ്രീമതി പി. അയിഷാ പോറ്റി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കൊല്ലം ജില്ലയിലെ താമരക്കുടി സർവ്വീസ് സഹകരണ ബാങ്കിന്റെ പുനരുദ്ധാരണത്തിനായി സമർപ്പിച്ച പാക്കേജിൽ സ്വീകരിച്ച തുടർനടപടികൾ വിശദമാക്കുമോ ;

(ബി) വായ്പാകുടിശ്ശിക ഇനത്തിൽ നിലവിൽ ബാങ്കിന് ലഭിക്കാനുള്ള തുകയുടെ വിശദാംശങ്ങൾ നൽകുമോ ;

(സി) കുടിശ്ശിക സമാഹരണത്തിനായി കൈക്കൊണ്ടുവരുന്ന നിയമ നടപടികളുടെ വിശദാംശങ്ങൾ നൽകുമോ?

ഉത്തരം

(എ) താമരക്കുടി സർവ്വീസ് സഹകരണ ബാങ്ക് പുനരുദ്ധരിപ്പിക്കുന്നതിനും നിക്ഷേപകർക്ക് നിക്ഷേപം മടക്കി നൽകുന്നതിനുമായി ടി ബാങ്ക് അഡ്മിനിസ്ട്രേറ്റീവ് കമ്മിറ്റി തയ്യാറാക്കി സമർപ്പിച്ച പുനരുദ്ധാരണ പാക്കേജ് സഹകരണ സംഘം രജിസ്ട്രാർ വിശകലനം ചെയ്യുകയും പുനരുദ്ധാരണ പാക്കേജിലെ വ്യവസ്ഥകളായ കൊല്ലം ജില്ലാ സഹകരണ ബാങ്കിൽനിന്നും ഡെപ്യൂട്ടേഷൻ വ്യവസ്ഥയിൽ ശമ്പളമില്ലാതെ ഒരു ഉദ്യാഗസ്ഥന്റെ സേവനം ലഭ്യമാക്കാം എന്ന നടപടിക്രമവും കൊല്ലം ജില്ലയിൽ മികച്ച രീതിയിൽ പ്രവർത്തിക്കുന്ന ബാങ്കുകളിൽനിന്നും 5 ലക്ഷം രൂപ മുതൽ 25 ലക്ഷം രൂപ വരെ 5 വർഷക്കാലത്തേയ്ക്ക് പലിശരഹിത അഡ്വാൻസായി ലഭ്യമാക്കി, അപ്രകാരം അഡ്വാൻസ് ഇനത്തിൽ സ്വരൂപിക്കുന്ന തുക ബാങ്കിലെ നിക്ഷേപകർക്ക് മുൻഗണനാക്രമത്തിൽ പലിശ ഒഴിവാക്കി നൽകുന്ന പാക്കേജ് വ്യവസ്ഥയുടെ നിയമസാധുത സഹകരണ സംഘം രജിസ്ട്രാർ പരിശോധിച്ചുവരികയാണ്. പുനരുദ്ധാരണ പാക്കേജ് സർക്കാർ അനുമതിക്കായി ലഭ്യമാക്കിയിട്ടില്ല.

(ബി) ബാങ്കിന് അംഗങ്ങളിൽനിന്നും വായ്പാ കുടിശ്ശിക ഇനത്തിൽ മുതലിൽ 1,54,91,218 രൂപയും പലിശയിനത്തിൽ 1,40,85,821 രൂപയും ചേർന്ന് ആകെ 2,95,77,039 രൂപ തിരികെ ലഭിക്കുവാനുണ്ട്.

(സി) വായ്പ കുടിശ്ശിക തുകകൾ തിരികെ ഈടാക്കുന്നതിനായി നിയമാനുസൃതം 845 ആർബിട്രേഷൻ കേസുകൾ ഫയൽ ചെയ്യുകയും ഇതിൽ 592 എക്സിക്യൂഷൻ കേസുകളിൽ വിധി സമ്പാദിക്കുകയും 122 കേസുകൾ തീർപ്പാക്കുകയും ചെയ്തിട്ടുള്ളതാണ്. ബാക്കിയുള്ള 470 കേസുകളിൽ നിയമാനുസൃത തുടർനടപടികൾ സ്വീകരിച്ചുവരികയുമാണ്.

## മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിലെ ക്രമക്കേട്

305(753) ശ്രീ. കെ. ആൻസലൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിൽ ഭരണസമിതി നടത്തിയ ക്രമക്കേട് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഈ ക്രമക്കേടുമായി ബന്ധപ്പെട്ട് എത്ര പരാതികൾ സഹകരണസംഘം രജിസ്ട്രാർക്ക് ലഭിച്ചിട്ടുണ്ട്;

(ബി) മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിൽ നടന്നിട്ടുള്ള സാമ്പത്തിക തിരിമറിയിൽ വ്യാജരേഖകൾ ചമച്ച് തിരുവനന്തപുരം ജില്ലാ സഹകരണ ബാങ്കിൽനിന്നും എത്ര കോടി രൂപയാണ് വായ്പ എടുത്തത് എന്ന് വ്യക്തമാക്കാമോ;

(സി) മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിൽ നടന്ന ക്രമക്കേടിൽ സഹകരണ രജിസ്ട്രാറിന്റെ (A R,നെയ്യാറ്റിൻകര) അന്വേഷണത്തിൽ ഏതൊക്കെ തരത്തിൽ ഉള്ള അഴിമതികളാണ് കണ്ടെത്തിയതെന്ന് വിശദീകരിക്കാമോ;

(ഡി) മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക് നടത്തുന്ന സ്ഥാപനങ്ങൾ ഏതൊക്കെയാണ് ; ഇതിൽ സഹകരണ വകുപ്പ് എത്ര സ്ഥാപനങ്ങൾക്ക് അംഗീകാരം നൽകിയിട്ടുണ്ട് ; ഈ സ്ഥാപനങ്ങളിൽ ജീവനക്കാരെ നിയമിക്കാൻ സഹകരണ സംഘം രജിസ്ട്രാർ അനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ എത്ര പേരെ നിയമിക്കാനാണ് അംഗീകാരം നൽകിയതെന്നും ഏതുവർഷത്തിൽ ആണെന്നും വ്യക്തമാക്കാമോ;

(ഇ) മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിൽ പണം നിക്ഷേപിച്ചവർക്ക് യഥാസമയം നിക്ഷേപം മടക്കി നൽകുന്നില്ലയെന്ന പരാതി ലഭിച്ചിട്ടുണ്ടോ;

(എഫ്) ക്രമക്കേട് കണ്ടെത്തിയ മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിന്റെ ഭരണസമിതിയ്ക്കെതിരെ സഹകരണ വകുപ്പ് നടപടി സ്വീകരിക്കുവാൻ വൈകുന്ന കാരണം വ്യക്തമാക്കാമോ;

(ജി) മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്കിലെ നിക്ഷേപകർക്ക് യഥാസമയം നിക്ഷേപം മടക്കി നൽകാൻ സഹകരണ വകുപ്പ് എന്ത് നടപടി സ്വീകരിക്കുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. ഒരു പരാതി ലഭിച്ചിട്ടുണ്ട്.

(ബി) വ്യാജരേഖകൾ ചമച്ച് ജില്ലാ സഹകരണ ബാങ്കിൽനിന്നും വായ്പയെടുത്തതായി ഇതുവരെ ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(സി) ബാങ്കിന്റെ ബൈലോ വ്യവസ്ഥയ്ക്കും സഹകരണനിയമം, ചട്ടം, രജിസ്ട്രാറുടെ സർക്കുലർ എന്നിവയ്ക്ക് വിരുദ്ധമായി അനുമതി ഇല്ലാതെ വിവിധ സംരംഭങ്ങൾ ആരംഭിച്ച് പൊതു ഫണ്ട് ദുർവിനിയോഗം ചെയ്യുകയും അംഗീകാരമില്ലാതെ പ്രതിമാസ നിക്ഷേപ പദ്ധതി ആരംഭിച്ച് നിയമാവലി വ്യവസ്ഥയില്ലാതെ നിക്ഷേപങ്ങൾക്ക് വായ്പ അനുവദിച്ചും നിക്ഷേപവും വായ്പയും പെരുപ്പിച്ച് കാണിച്ചും സർക്കുലർ നിർദ്ദേശങ്ങൾക്ക് വിരുദ്ധമായി നബാർഡിൽനിന്നും ധനസഹായം സ്വീകരിച്ചും ഉയർന്ന നിരക്കിൽ പലിശ നൽകിയും നിയമവിരുദ്ധമായി നിയമനം, ജീവനക്കാർക്ക് സ്ഥാനക്കയറ്റം എന്നിവ നൽകിയും ബാങ്കിൽ മതിയായ തരളധനം സൂക്ഷിക്കാതെയും അനുമതിയില്ലാതെ സംരംഭങ്ങൾ ആരംഭിച്ച് പൊതുഫണ്ട് ദുരുപയോഗം ചെയ്തും അനുമതിയില്ലാതെ വാഹനവും വസ്തുക്കളും വാങ്ങിയും സഹകരണ നിയമം ചട്ടം എന്നിവയ്ക്ക് വിരുദ്ധമായും ബാങ്ക് ഭരണസമിതി പ്രവർത്തിക്കുന്നതായി കണ്ടെത്തിയിട്ടുണ്ട്.

(ഡി) 1. ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി

2. മാർക്കറ്റിംഗ് ശാഖ

3. തത്തിയൂർ-കോട്ടയ്ക്കൽ, മാരായമുട്ടം നീതി മെഡിക്കൽ സ്റ്റോർ

4. തത്തിയൂർ, തൃപ്പലവൂർ, കാക്കണം, അരുവിപ്പുറം, നീതി സ്റ്റോറുകൾ- 5 എണ്ണം.

5. വളം ഡിപ്പോ - 5 എണ്ണം

6. റബ്ബർ ഡിപ്പോ - 4 എണ്ണം

7. ടെക്സ്റ്റയിൽസ്, മാരായമുട്ടം

8. പെട്രോൾ പമ്പ്

9. ക്ലിനിക്കൽ ലാബ്

10. മിൽമ സ്റ്റോർ

11. മെറ്റീരിയൽ ഡിപ്പോ-പെയിന്റ് ഹൗസ് & സാനിറ്ററി വെയേഴ്സ്, ഇലക്ട്രിക്കൽ ഗുഡ്സ് സ്റ്റോർ.

ഫാർമേഴ്സ് പ്രൊഡ്യൂസേഴ്സ് കമ്പനി, മാർക്കറ്റിംഗ് ശാഖ, തത്തിയൂർ-കോട്ടയ്ക്കൽ നീതി മെഡിക്കൽ സ്റ്റോർ എന്നിവയ്ക്ക് അംഗീകാരം/അനുമതി നൽകിയിട്ടില്ല.

ക്ലാസ്സ് II ക്ലാസിഫിക്കേഷൻ പ്രകാരം ബാങ്കിന് 1-12-2014-ലെ സി.ആർ.പി.(1) 9079/14/കെ.ഡിസ്. ഉത്തരവ് പ്രകാരം ആകെ 31 തസ്തികകൾക്ക് അനുമതി നൽകിയിട്ടുണ്ട്. ആയതിൽ 16 എണ്ണം സെയിൽസ്മാൻ തസ്തികയാണ്.

(ഇ) ഇല്ല.

(എഫ്) സംഘത്തിൽ വകുപ്പ് 66 പ്രകാരം പരിശോധന നടത്തി റിപ്പോർട്ട് ലഭിച്ചിട്ടുണ്ട്. ആയതിൽ തുടർനടപടികൾ സ്വീകരിച്ചു വരുന്നു.

(ജി) ടി വിഷയത്തിൽ പരാതി ലഭിച്ചിട്ടില്ല.

## സഹകരണ സംഘങ്ങളിലെ ക്രമക്കേടുകൾ

306(754) ശ്രീ. സി. ദിവാകരൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്ന ശേഷം സംസ്ഥാനത്ത് സഹകരണ വകുപ്പിന്റെ കീഴിൽ പ്രവർത്തിക്കുന്ന ഏതെല്ലാം സഹകരണ സംഘങ്ങളിൽ സാമ്പത്തിക ക്രമക്കേടുകൾ കണ്ടെത്തിയിട്ടുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) ക്രമക്കേടുകൾ കണ്ടെത്തിയ സഹകരണ സംഘങ്ങൾക്കെതിരെ എന്തെല്ലാം നടപടികൾ സ്വീകരിച്ചെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ)

1. സെക്രട്ടേറിയറ്റ് ഹൗസിംഗ് സഹകരണ സംഘം.
2. ചെങ്കൽ സർവ്വീസ് സഹകരണ ബാങ്ക്.
3. മാരായമുട്ടം സർവ്വീസ് സഹകരണ ബാങ്ക്.
4. പ്രൈവറ്റ് സ്കൂൾ ടീച്ചേഴ്സ് സർവ്വീസ് സഹകരണ സംഘം
5. ആറയൂർ സർവ്വീസ് സഹകരണ ബാങ്ക്
6. അയിരൂപ്പാറ ഫാർമേഴ്സ് സർവ്വീസ് കോ-ഓപ്പറേറ്റീവ് ബാങ്ക്
7. മാധവവിലാസം സർവ്വീസ് സഹകരണ ബാങ്ക്
8. പേരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1222
9. സിറ്റി സർവ്വീസ് സഹകരണ സംഘം
10. പട്ടത്താനം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1145

11. കുലശേഖരപുരം സർവ്വീസ് സഹകരണ ബാങ്ക്
12. ഇടമുളയ്ക്കൽ സർവ്വീസ് സഹകരണ ബാങ്ക് 2047
13. ആലപ്പാട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 268
14. കൊട്ടാരക്കര താലൂക്ക് ഗവൺമെന്റ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 452
15. നെടുവത്തൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 3850
16. അഞ്ചൽ ബ്ലോക്ക് ഹൗസിംഗ് സഹകരണ സംഘം ക്ലിപ്തം നമ്പർ 808
17. ചന്ദനപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 2920
18. മേലുകര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം 152
19. കോന്നി റീജിയണൽ സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ38
20. ബി.എ.എം. കോളേജ് എംപ്ലോയീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ പി.റ്റി.80
21. തിരുവല്ല ഈസ്റ്റ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ
22. ഓമല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്യൂ 228
23. എയ്ഡഡ് സ്കൂൾ എംപ്ലോയീസ് ഫാമിലി വെൽഫയർ സഹകരണ സംഘം ക്ലിപ്തം നമ്പർ പി.റ്റി. 237
24. റാന്നി കോ-ഓപ്പറേറ്റീവ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ പി.റ്റി. 125
25. പുന്നക്കാട് സർവ്വീസ് സഹകരണ ബാങ്ക്
26. ശ്രീകണ്ഠ മംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 974
27. കണിച്ചുകുളങ്ങര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1179
28. വളമംഗലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1444
29. യു. എസ്. ആൻഡ് യു. ബി. എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ എ 778

30. കായിപ്പുറം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1300
31. പുന്നപ്ര സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 181
32. അമ്പലപ്പുഴ താലൂക്ക് എയ്ഡഡ് പ്രൈമറി സ്കൂൾ എംപ്ലോയീസ് സി.എസ്. ക്ലിപ്തം എ 313
33. മാവേലിക്കര താലൂക്ക് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 707
34. രാമപുരം വടക്ക് ഐശ്വര്യപ്രദായനി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ 1493
35. കോടിമത സർവ്വീസ് സഹകരണ ബാങ്ക്
36. ഏറ്റുമാനൂർ സർവ്വീസ് സഹകരണ ബാങ്ക്
37. കുരോപ്പട സർവ്വീസ് സഹകരണ ബാങ്ക്
38. സർവ്വേ ആൻഡ് ലാൻഡ് റിക്കോർഡ്സ് എംപ്ലോയീസ് സർവ്വീസ് സഹകരണ ബാങ്ക്
39. കടപ്ലാമറ്റം എസ്.സി.ബി.
40. ഏഴാച്ചേരി എസ്.സി.ബി.
41. 163 മൂന്നിലവ് എസ്.സി.ബി.
42. 3831 കാണക്കാരി എസ്.സി.ബി.
43. 1975 കിഴതടിയൂർ എസ്.സി.ബി.
44. കോ-ഓപ്പറേറ്റീവ് ഡിപ്പാർട്ട്മെന്റ് എംപ്ലോയീസ് സി. എസ്.
45. കെ. 122 മുണ്ടക്കയം എസ്.സി.ബി.
46. 785 വെള്ളൂർ എസ്.സി.ബി.
47. 641 മണിമല എസ്.സി.ബി.
48. മെഡിക്കൽ കോളേജ് എംപ്ലോയീസ് സി.എസ്.
49. വൈക്കം അഗ്രിക്കൾച്ചറൽ ഡെവലപ്മെന്റ് ബാങ്ക്.
50. അയർക്കുന്നം ലേബേഴ്സ് സി.എസ്.

51. വെള്ളത്തൂവൽ സർവ്വീസ് സഹകരണ ബാങ്ക് കെ 71.
52. മലനാട് വനിത സഹകരണ സംഘം ഐ 561
53. തൊടുപുഴ താലൂക്ക് ഗൾഫ് റിട്ടേണീസ് വെൽഫയർ സഹകരണ സംഘം ഐ. 642
54. കേരള സ്റ്റേറ്റ് ലീഗൽ മെട്രോളജി ലൈസൻസീസ് ആൻഡ് ടെക്നീഷ്യൻസ് സഹകരണ സംഘം 4473
55. പെരുമ്പാവൂർ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ 2024
56. എം.ഒ.എസ്.സി. മെഡിക്കൽ കോളേജ് എംപ്ലോയീസ് സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1136
57. മുളവൂർ അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഇ 1068
58. ആലുവ പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
59. തിരുകൊച്ചി അഗ്രികൾച്ചറൽ പ്രൊഡക്ഷൻ പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം ഇ 1279
60. അയിരൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഇ 2237
61. ആർ.1124-ാം നമ്പർ കൈപ്പറമ്പ് പഞ്ചായത്ത് മൾട്ടി പർപ്പസ് സഹകരണ സംഘം
62. ആർ. 1129-ാം നമ്പർ തൃശ്ശൂർ ജില്ലാ നിർമ്മാണ തൊഴിലാളി ലേബർ കോൺട്രാക്ട് സഹകരണ സംഘം
63. ആർ. 1386-നമ്പർ ഇന്ദിരാഗാന്ധി സോഷ്യൽ വെൽഫയർ സഹകരണ സംഘം
64. ആർ 1292- നമ്പർ കാറളം അഗ്രോ പ്രോസസിംഗ് ആൻഡ് മാർക്കറ്റിംഗ് സഹകരണ സംഘം
65. ആർ. 735 നമ്പർ പ്രിന്റിംഗ് ആൻഡ് പബ്ലിഷിംഗ് സഹകരണ സംഘം
66. 1178 നമ്പർ കുന്ദംകുളം ടൗൺ മൾട്ടി പർപ്പസ് സഹകരണ സംഘം

67. ആർ. 1164 നമ്പർ തൃശ്ശൂർ ജില്ലാ മാർക്കറ്റിംഗ് ആൻഡ് പ്രോസസിംഗ് സഹകരണ സംഘം
68. 68. 935 നമ്പർ പീച്ചി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
69. 3499 നടത്തറ ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
70. ആർ 689 അടാട്ട് ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
71. ആർ 185 പുലാക്കോട് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
72. 337 വിൽവട്ടം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
73. ആർ രണ്ടാം നമ്പർ നന്തിപുലം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
74. 279 നമ്പർ ഒല്ലൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
75. ആർ 1296 ഒല്ലൂർ എടക്കുന്നി വനിത സഹകരണ സംഘം
76. ആർ 1150 കുർക്കഞ്ചേരി വനിത സഹകരണ സംഘം
77. 156 നമ്പർ ഇരിങ്ങാലക്കുട പീപ്പിൾസ് സഹകരണ സംഘം ക്ലിപ്തം
78. ആർ 189 നമ്പർ മുണ്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
79. 632 നമ്പർ ആറാട്ടുപുഴ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
80. ആർ. 1189 തൃശ്ശൂർ വനിത സഹകരണ സംഘം ക്ലിപ്തം
81. ആർ 751 നമ്പർ ഒല്ലൂർ പഞ്ചായത്ത് പട്ടിക ജാതി സഹകരണ സംഘം ക്ലിപ്തം
82. 359 നമ്പർ ഉമ്പൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
83. 426 കാട്ടൂർ സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം
84. താനൂർ സർവ്വീസ് സഹകരണ ബാങ്ക്
85. താനാളൂർ സർവ്വീസ് സഹകരണ ബാങ്ക്
86. ആതവനാട് സർവ്വീസ് സഹകരണ ബാങ്ക്
87. തലക്കാട് സർവ്വീസ് സഹകരണ ബാങ്ക്

88. തിരൂർ സർവ്വീസ് സഹകരണ ബാങ്ക്

89. കാളികാവ് സർവ്വീസ് സഹകരണ ബാങ്ക്

90. വാക്കാട് സർവ്വീസ് സഹകരണ ബാങ്ക്

91. അണ്ടത്തോട് സർവ്വീസ് സഹകരണ ബാങ്ക്

92. ആനമങ്ങാട് സർവ്വീസ് സഹകരണ ബാങ്ക്

93. മഞ്ചേരി സഹകരണ അർബൻ ബാങ്ക്

94. കോട്ടയ്ക്കൽ ജനകീയ അർബൻ സഹകരണ സംഘം

95. തിരൂർ താലൂക്ക് ഓട്ടോ ടാക്സി ഡ്രൈവർ സഹകരണ സംഘം

96. എടവണ്ണ എംപ്ലോയീസ് ആൻഡ് റിട്ടയേർഡ് എംപ്ലോയീസ് സഹകരണ കൺസ്യൂമർ സ്റ്റോർ

97. മലബാർ അഗ്രികൾച്ചറൽസ് ആൻഡ് വർക്കേഴ്സ് ഡെവലപ്മെന്റ് വെൽഫയർ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2946

98. നാദാപുരം പഞ്ചായത്ത് വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2685

99. മരുതോങ്കര പഞ്ചായത്ത് സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി. 2461

100. വടകര താലൂക്ക് റൂറൽ എംപ്ലോയീസ് ആൻഡ് വർക്കേഴ്സ് വെൽഫയർ ആൻഡ് ഡെവലപ്മെന്റ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.2982

101. കുറ്റ്യാടി വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2775

102. കൊയിലാണ്ടി താലൂക്ക് അഗ്രികൾച്ചറൽ മാർക്കറ്റിംഗ് കോ- ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ എഫ്. 1786

103. നടുവണ്ണൂർ റീജിയണൽ കോ-ഓപ്പറേറ്റീവ് ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1263

104. രാജീവ് ഗാന്ധി മെമ്മോറിയൽ സഹകരണ ആശുപത്രി ക്ലിപ്തം നമ്പർ ഡി. 2788

105. കുരാച്ചുണ്ട് അർബൻ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 2758
106. ഇളയടം ലേബർ കോൺട്രാക്ട് സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി.2734
107. കോഴിക്കോട് ടെക്നിക്കൽ സർവ്വീസ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി ക്ലിപ്തം നമ്പർ ഡി.2785
108. കാരശ്ശേരി സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ ഡി. 2628
109. മുക്കം സർവ്വീസ് സഹകരണ ബാങ്ക് ക്ലിപ്തം നമ്പർ എഫ്. 1241
110. കേരള വിഷ്വൽ ആൻഡ് പ്രിന്റിംഗ് മീഡിയ സഹകരണ സംഘം ക്ലിപ്തം നമ്പർ ഡി. 3139
111. പുൽപ്പള്ളി സർവ്വീസ് സഹകരണ ബാങ്ക്
112. പുൽപ്പള്ളി ഫാർമേഴ്സ് സഹകരണ സംഘം
113. സുൽത്താൻ ബത്തേരി പ്രാഥമിക സഹകരണ കാർഷിക ഗ്രാമ വികസന ബാങ്ക്
114. വയനാട് ജില്ലാ ടെമ്പിൾ എംപ്ലോയീസ് സഹകരണ സംഘം
115. മാനന്തവാടി ഫാർമേഴ്സ് സർവ്വീസ് സഹകരണ ബാങ്ക്
116. കരിവെള്ളൂർ സോഷ്യൽ വെൽഫെയർ സഹകരണ സംഘം ക്ലിപ്തം നമ്പർ സി. 1924
117. പെരിങ്ങോം വനിത സഹകരണ സംഘം ക്ലിപ്തം നമ്പർ സി.1794
118. കണ്ണൂർ ജില്ലാ സഹകരണ ബാങ്ക് തളിപ്പറമ്പ് ബ്രാഞ്ച്
119. മുട്ടത്തോടി എസ്.സി.ബി.
120. മജ്ബയിൽ എസ്.സി.ബി.
121. കുറ്റിക്കോൽ എസ്.സി.ബി.
122. മുള എസ്.സി.ബി.

123. മംഗൽപ്പാടി പൈവളിഗെ അർബൻ സി.എസ്.

124. പിലിക്കോട് എസ്.സി.ബി.

125. ഉദുമ പനയാൽ അർബൻ സഹകരണ സംഘം

126. തൃക്കരിപ്പൂർ അർബൻ സഹകരണ സംഘം.

(ബി) ക്രമക്കേടുകൾ കണ്ടെത്തിയ സംഘങ്ങളിൽ സഹകരണ നിയമം വകുപ്പ് 65, 66, 68 എന്നിവ പ്രകാരമുള്ള അന്വേഷണവും പരിശോധനയും സർച്ചാർജ്ജ് നടപടികളും സ്വീകരിച്ചുവരുന്നു. പ്രസ്തുത ക്രമക്കേടുകളിൽ സംഘം ഭരണസമിതിക്ക് ഉത്തരവാദിത്വമുണ്ടെന്ന് കണ്ടെത്തുന്നപക്ഷം ആവശ്യമെങ്കിൽ ടി സംഘങ്ങളിൽ വകുപ്പ് 32 പ്രകാരം ഭരണ സമിതിയെ പിരിച്ചുവിട്ട് അഡ്മിനിസ്ട്രേറ്റീവ് ഭരണം ഏർപ്പെടുത്തുകയും ചെയ്യുന്നു. കൂടാതെ സഹകരണ സംഘങ്ങളിലെ ക്രമക്കേടുകളുമായി ബന്ധപ്പെട്ട് സഹകരണ സംഘം രജിസ്ട്രാർക്ക് ലഭിക്കുന്ന പരാതികളിന്മേൽ സഹകരണ വിജിലൻസ് മുഖാന്തരം ഫലപ്രദമായ അന്വേഷണം നടത്തിവരുന്നു.

**ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം**

307(755) <u>ശ്രീ. ബി. ഡി. ദേവസ്സി:</u> താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം വക സ്ഥലത്ത് അംഗങ്ങളുടെ ജീവിതനിലവാരം മെച്ചപ്പെടുത്തുന്നതിനായി കൃഷി, വനം, ടൂറിസം വകുപ്പുകളെ സംയോജിപ്പിച്ചുകൊണ്ട് ഒരു പദ്ധതി ആവിഷ്കരിക്കുന്നതിന് സർക്കാർ നടപടി സ്വീകരിച്ചിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത പദ്ധതിയുടെ നടപടികൾ ഏത് ഘട്ടത്തിലാണെന്ന് വിശദമാക്കാമോ;

(സി) ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം ഭരണസമിതിയുടെ ഘടന പുനഃക്രമീകരിക്കുന്ന നടപടികൾ ഏത് ഘട്ടത്തിലാണ് ; ഇതിനായുള്ള ഉത്തരവ് അടിയന്തരമായി ഇറക്കുന്നതിന് സർക്കാർ നടപടി സ്വീകരിക്കുമോ ?

ഉത്തരം

(എ) ചാലക്കുടി എം.എൽ.എ.-യുടെ അദ്ധ്യക്ഷതയിൽ 16-4-2018-ൽ ത്രിതല പഞ്ചായത്ത് ഭാരവാഹികളുടേയും ജില്ലാതല വകുപ്പ് ഉദ്യോഗസ്ഥരുടേയും ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘം അംഗങ്ങളുടേയും ഒരു യോഗം ചേർന്നു. തൃശ്ശൂർ ആർ.ഡി.ഒ.-യുടെ നേതൃത്വത്തിൽ ഒരു പദ്ധതി തയ്യാറാക്കുന്നതിന് ടി യോഗം തീരുമാനിച്ചിട്ടുണ്ട്.

(ബി) പ്രസ്തുത പദ്ധതി തയ്യാറാക്കി സമർപ്പിച്ചിട്ടില്ല.

(സി) ഷോളയാർ പട്ടികവർഗ്ഗ സഹകരണ സംഘത്തിന്റെ ഭരണ സമിതിയിലെ എക്സ്-ഒഫിഷ്യോ അംഗങ്ങളുടെ എണ്ണം 9 ആക്കി നിജപ്പെടുത്തിക്കൊണ്ട് സംഘം ഭരണ സമിതിയുടെ ഘടന പുനഃക്രമീകരിച്ച് ഉത്തരവായിട്ടുണ്ട്.

**സർക്കാർ ഓഹരിയുള്ള സഹകരണ സ്ഥാപനങ്ങൾ**

308(756) ശ്രീ. കെ. ആൻസലൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ശാഖകളുള്ള സംസ്ഥാന സഹകരണ ബാങ്കിൽ സംസ്ഥാന സർക്കാരിന്റെ എത്ര ശതമാനം ഓഹരിയുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളത്തിന്റെ വിവിധ ജില്ലകളിൽ ശാഖകളുള്ള റെയ്ഡ്കോ കേരള ലിമിറ്റഡ് എന്ന സഹകരണ സ്ഥാപനത്തിൽ സംസ്ഥാന സർക്കാരിന്റെ എത്ര ശതമാനം ഓഹരിയുണ്ടെന്ന് വ്യക്തമാക്കാമോ;

(സി) സംസ്ഥാനത്തിനകത്ത് അമ്പത് ശതമാനത്തിൽ കൂടുതൽ സർക്കാർ ഓഹരിയുള്ള സഹകരണ സ്ഥാപനങ്ങൾ ഏതൊക്കെയാണെന്നും അവയിൽ ഇപ്പോൾ എത്ര ശതമാനം ഓഹരിയുണ്ടെന്നും വിശദീകരിക്കാമോ?

ഉത്തരം

(എ) സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ശാഖകളുള്ള സംസ്ഥാന സഹകരണ ബാങ്കിൽ സംസ്ഥാന സർക്കാരിന് 43.35% ഓഹരികളുണ്ട്.

(ബി) കണ്ണൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന കേരളത്തിന്റെ വിവിധ ജില്ലകളിൽ ശാഖകളുള്ള റെയ്ഡ്കോ കേരള ലിമിറ്റഡ് എന്ന സഹകരണ സ്ഥാപനത്തിൽ സംസ്ഥാന സർക്കാരിന്റെ 98.68% ഓഹരിയുണ്ട്.

(സി) സംസ്ഥാനത്തിനകത്ത് അമ്പത് ശതമാനത്തിൽ കൂടുതൽ സർക്കാർ ഓഹരിയുള്ള സഹകരണ സ്ഥാപനങ്ങളുടെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

## വിലക്കയറ്റം തടയുന്നതിന് സഹകരണ സ്ഥാപനങ്ങൾ എടുത്ത നടപടികൾ

309(757) ശ്രീ. ഹൈബി ഈഡൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് തടയുന്നതിനുള്ള ഇടപെടൽ നടത്തുന്നതിന് കൺസ്യൂമർഫെഡ് പോലുള്ള സഹകരണ സ്ഥാപനങ്ങൾക്ക് കഴിയുന്നുണ്ടോ; ഇല്ലെങ്കിൽ അതിനുള്ള കാരണമെന്താണ്;

(ബി) അരിവില കുതിച്ചുകയറുന്ന സാഹചര്യത്തിൽ സഹകരണ സ്ഥാപനങ്ങളുടെ നേതൃത്വത്തിൽ ആരംഭിച്ച അരിക്കടകൾ പരാജയപ്പെടുവാനുണ്ടായ കാരണം വിശദമാക്കുമോ;

(സി) പ്രാഥമിക സഹകരണസംഘങ്ങളുടെ നേതൃത്വത്തിൽ കൺസ്യൂമർ ഫെഡ് മുൻകയ്യെടുത്ത് രണ്ടായിരം നീതി സ്റ്റോറുകളും ആയിരത്തി അഞ്ഞൂറ് നീതി മെഡിക്കൽ സ്റ്റോറുകളും ആരംഭിക്കുന്നതിനുള്ള പദ്ധതി പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) ഈ അദ്ധ്യയന വർഷത്തിൽ വിദ്യാർത്ഥികൾക്ക് ആവശ്യമായ സാധനങ്ങൾ നൽകുന്നതിന് സ്റ്റുഡന്റ്സ് മാർക്കറ്റുകൾ ആരംഭിച്ചിട്ടുണ്ടോ; മാർക്കറ്റ് വിലയെക്കാൾ എത്ര ശതമാനം കുറഞ്ഞ വിലയ്ക്കാണ് സ്റ്റുഡന്റ്സ് മാർക്കറ്റുകളിൽ സാധനങ്ങൾ വില്പന നടത്തുന്നതെന്ന് അറിയിക്കുമോ;

(ഇ) കുടുംബശ്രീ ഉല്പാദിപ്പിക്കുന്ന സ്കൂൾ ബാഗ്, കുട എന്നിവ സ്റ്റുഡന്റ്സ് മാർക്കറ്റിൽ കൂടി വില്പന നടത്തിയിരുന്നോ; എങ്കിൽ എന്ത് തുകയ്ക്കുള്ള വില്പനയാണ് നടത്തിയതെന്ന് വ്യക്തമാക്കുമോ?

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

ഉത്തരം

(എ) നിത്യോപയോഗ സാധനങ്ങളുടെ വിലയിലുണ്ടായിട്ടുള്ള വർദ്ധനവ് തടയുന്നതിനുള്ള ഇടപെടൽ നടത്തുന്നതിന് കൺസ്യൂമർഫെഡിന് കഴിയുന്നുണ്ട്. ഉത്സവ സീസണുകളിൽ വില നിലവാരം പിടിച്ചു നിർത്തുന്നതിനായി ഉത്സവ ചന്തകൾ സംസ്ഥാന വ്യാപകമായി നടത്തിവരുന്നു.

(ബി) അരിയുടെ ക്ഷാമം പരിഹരിക്കുന്നതിനും അരിവില നിയന്ത്രിക്കുന്നതിനും കൺസ്യൂമർഫെഡിന്റെ നേതൃത്വത്തിൽ കൺസോർഷ്യം രൂപീകരിച്ച് ഫലപ്രദമായി മാർക്കറ്റിൽ ഇടപെട്ടിട്ടുണ്ട്. സംസ്ഥാനത്ത് 675 അരിക്കടകൾ ആരംഭിച്ച് സുവർണ്ണ മസൂരി അരി കിലോയ്ക്ക് 25 രൂപ നിരക്കിൽ പൊതുജനങ്ങൾക്ക് വിൽപ്പന നടത്തി. അരിയുടെ വിലക്കയറ്റം തടയുന്നതിന് ആവശ്യമെങ്കിൽ വീണ്ടും ഇത്തരം അരിക്കടകൾ ആരംഭിക്കുന്നതാണ്.

(സി) പദ്ധതിയുടെ നിർവ്വഹണം പുരോഗമിക്കുന്നു.

(ഡി) ആരംഭിച്ചിട്ടുണ്ട്. മാർക്കറ്റ് വിലയേക്കാൾ 5% മുതൽ 30% വരെ വിലക്കുറവിലാണ് സാധനങ്ങൾ സ്റ്റുഡന്റ്സ് മാർക്കറ്റിലൂടെ വിൽപ്പന നടത്തുന്നത്.

(ഇ) വിൽപ്പന നടത്തിവരുന്നുണ്ട്. ഇതുവരെ ഏകദേശം 86,000 രൂപയുടെ കുടുംബശ്രീ ബാഗുകൾ വിൽപ്പന നടത്തിയിട്ടുണ്ട്.

**കൺസ്യൂമർഫെഡിന്റെ പ്രവർത്തനങ്ങൾ**

310(758) ശ്രീ. സി. കെ. ശശീന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡ് പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി എന്തെല്ലാം പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ടെന്ന് അറിയിക്കുമോ;

(ബി) കൺസ്യൂമർഫെഡിന്റെ സ്റ്റോറുകൾ എല്ലാ പഞ്ചായത്തിലും ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൺസ്യൂമർഫെഡ് പൊതുവിപണിയിൽ ഇടപെട്ട് വിലക്കയറ്റം നിയന്ത്രിക്കുന്നതിനായി താഴെപ്പറയുന്ന പ്രവർത്തനങ്ങൾ നടത്തിയിട്ടുണ്ട്.

റംസാൻ വിപണി 2016

കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 ജൂൺ 26 മുതൽ ജൂലൈ 5 വരെ 1930 ചന്തകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സർക്കാർ സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി.

ഓണം വിപണി-2016

കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 സെപ്റ്റംബർ 4 മുതൽ 13 വരെ 2012 ചന്തകൾ വഴി 13 ഇനം നിത്യോപയോഗ സാധനങ്ങൾ സബ്സിഡിയോടുകൂടി വിതരണം ചെയ്തു.

ക്രിസ്തുമസ് വിപണി 2016

കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2016 ഡിസംബർ 21 മുതൽ 26 വരെ നിത്യോപയോഗ സാധനങ്ങൾ 5 ജില്ലാ കേന്ദ്രങ്ങളിലായി സബ്സിഡി നിരക്കിൽ വിൽപ്പന നടത്തി.

ഓണം വിപണി 2017

കൺസ്യൂമർ ഫെഡറേഷന്റെ ആഭിമുഖ്യത്തിൽ സഹകരണ സംഘങ്ങളുടെ കൂട്ടായ്മയിലൂടെ 2017 ആഗസ്റ്റ് 25 മുതൽ സെപ്റ്റംബർ 3 വരെ 3577 ചന്തകൾ വഴി 13 ഇനം നിത്യോപയോഗ ഇനങ്ങൾ സബ്സിഡി നിരക്കിൽ വില്പന നടത്തി. ഓണചന്തയുടെ ഭാഗമായി 30 മുതൽ 60 ശതമാനം വരെ വിലക്കുറവിൽ നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കി.

ക്രിസ്തുമസ് പുതുവത്സര വിപണി 2017

2017 ഡിസംബർ 21 മുതൽ 2018 ജനുവരി 2 വരെ കുറഞ്ഞ വിലയ്ക്ക് സാധനങ്ങൾ ക്രിസ്തുമസ് പുതുവത്സര വിപണിയിലൂടെ പൊതുജനങ്ങൾക്ക് കൺസ്യൂമർഫെഡ് ലഭ്യമാക്കി. ഇതിൽ ജയഅരി, കുറുവ അരി, കുത്തരി, പച്ചരി, പഞ്ചസാര, വെളിച്ചെണ്ണ, കടല, ചെറുപയർ, ഉഴുന്ന്, വൻപയർ, തുവരപ്പരിപ്പ്, മുളക്, മല്ലി എന്നിങ്ങനെ 13 തെരഞ്ഞെടുക്കപ്പെട്ട ഇനങ്ങൾ കൺസ്യൂമർഫെഡ് വില്പന നടത്തി. ഇതുകൂടാതെ 30 ഇനങ്ങൾ വിപണി വിലയേക്കാൾ 30 മുതൽ 40 ശതമാനം കുറവിൽ കൺസ്യൂമർഫെഡ് ലഭ്യമാക്കുകയും ചെയ്തു.

(ബി) കൺസ്യൂമർഫെഡിന്റെ സ്റ്റോറുകൾ എല്ലാ പഞ്ചായത്തുകളിലും ആരംഭിക്കാൻ നിലവിൽ പദ്ധതിയില്ല.

## നീതി മെഡിക്കൽ സ്റ്റോർ

311 (759) ശ്രീ. എസ്. രാജേന്ദ്രൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

സാധാരണക്കാരായ തോട്ടം തൊഴിലാളികൾ തിങ്ങിപ്പാർക്കുന്ന ദേവികുളം മണ്ഡലത്തിലെ മൂന്നാറിൽ സഹകരണ വകുപ്പിന് കീഴിൽ നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

ഇടുക്കി ജില്ലയിലെ മൂന്നാർ ആസ്ഥാനമാക്കി പ്രവർത്തിക്കുന്ന മൂന്നാർ സർവ്വീസ് സഹകരണ ബാങ്കിന്, മൂന്നാർ ഗ്രാമപഞ്ചായത്തിലെ 18-ാം വാർഡിലെ 562-ാം നമ്പർ കെട്ടിട മുറിയിൽ ഒരു നീതി മെഡിക്കൽ സ്റ്റോർ ആരംഭിക്കുന്നതിന് അനുമതി നൽകി ഉത്തരവായിട്ടുണ്ട്.

## സഹകരണ ആശുപത്രികളിലെ നഴ്സുമാരുടെ മിനിമം വേതനം

312(760) ശ്രീ. സി. കൃഷ്ണൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നഴ്സുമാർക്ക് ഗവൺമെന്റ് പ്രഖ്യാപിച്ച മിനിമം വേതനം നിലവിൽ സഹകരണ ആശുപത്രികളിലെ നഴ്സുമാർക്ക് ലഭിക്കുന്നുണ്ടോ;

(ബി) ഇല്ലെങ്കിൽ ആയത് ലഭ്യമാക്കാൻ ആവശ്യമായ ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുമോ എന്ന് അറിയിക്കുമോ ?

ഉത്തരം

(എ&ബി) സഹകരണ ആശുപത്രിയിലെ നഴ്സുമാർക്ക് നിലവിൽ 1-10-2015-ലെ സ.ഉ.(പി) 125/2015/സഹ. സർക്കാർ ഉത്തരവ് പ്രകാരം നിശ്ചയിച്ചിട്ടുള്ള വേതനമാണ് നൽകിവരുന്നത്.

## കോഴിക്കോട് ജില്ലയിൽ റിസ്ക് ഫണ്ട് അനുവദിക്കാൻ നടപടി

313(761) ശ്രീ. ഇ. കെ. വിജയൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റിസ്ക് ഫണ്ട് അനുവദിക്കുന്നതിൽ അപാകതകൾ വരുന്നത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) 2016 മാർച്ച് മുതൽ 2018 മാർച്ച് വരെ കോഴിക്കോട് ജില്ലയിൽനിന്നും റിസ്ക് ഫണ്ട് അനുവദിക്കാൻ എത്ര അപേക്ഷകൾ കിട്ടിയിട്ടുണ്ട്;

(സി) ഇനി എത്ര അപേക്ഷകളിൽ തീരുമാനമെടുക്കേണ്ടതുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) 1887 അപേക്ഷകൾ ലഭിച്ചിട്ടുണ്ട്.

(സി) 483 അപേക്ഷകളിൽ തീരുമാനം എടുക്കേണ്ടതുണ്ട്.

**സഹകരണ ജീവനക്കാർക്കായി പി.എഫ്. ട്രസ്റ്റ്**

314(762) <u>ശ്രീ. വി. എസ്. ശിവകുമാർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണ വകുപ്പിലെ ജീവനക്കാർക്കായി പി.എഫ്. ട്രസ്റ്റ് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; ഉണ്ടെങ്കിൽ വിശദമാക്കാമോ;

(ബി) ഈ പദ്ധതിയുമായി ബന്ധപ്പെട്ട് ജീവനക്കാരുടെ എതിർപ്പ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇക്കാര്യത്തിൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

<u>ഉത്തരം</u>

(എ&ബി) സഹകരണ വകുപ്പിലെ ജീവനക്കാർക്കായി പി.എഫ്. ട്രസ്റ്റ് രൂപീകരിക്കാൻ ഉദ്ദേശ്യമില്ല. എന്നാൽ സഹകരണ സംഘങ്ങളിലെ ജീവനക്കാർക്ക് ആദായനികുതി ഇളവ് ലഭിക്കുന്നതിനായി പി.എഫ്. റെഗുലേഷൻ തയ്യാറാക്കുന്നതിന് നടപടി കൈക്കൊണ്ടിട്ടുണ്ട്. കരട് റെഗുലേഷൻ സംബന്ധിച്ച് ഈ മേഖലയിലെ സർവ്വീസ് സംഘടനകളിൽനിന്നും ലഭിച്ച അഭിപ്രായം പരിശോധിച്ചുവരികയാണ്.

**വകുപ്പിന് ബഡ്ജറ്റിൽ നീക്കിവച്ച തുക**

315(763) <u>പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സഹകരണം, വിനോദസഞ്ചാരം, ദേവസ്വം വകുപ്പുകൾക്ക് 2016-17, 2017-18 ബഡ്ജറ്റിൽ എത്ര തുക നീക്കിവെച്ചുവെന്നും എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കാമോ;

(ബി) അഡീഷണൽ ഓതറൈസേഷൻ വഴി എത്ര തുക ആവശ്യപ്പെട്ടുവെന്ന് വെളിപ്പെടുത്തുമോ;എത്ര തുക ലഭിച്ചുവെന്നും അതിൽ എത്ര തുക ചെലവഴിച്ചുവെന്നും വിശദമാക്കുമോ;

(സി) സപ്ലിമെന്ററി ഗ്രാന്റായി എത്ര തുക ആവശ്യപ്പെട്ടുവെന്നും എത്ര തുക ലഭിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) സഹകരണ വകുപ്പിനെ സംബന്ധിച്ച വിവരങ്ങളും വിനോദ സഞ്ചാര വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങളും ദേവസ്വം വകുപ്പുമായി ബന്ധപ്പെട്ട വിവരങ്ങളും അനുബന്ധമായി ചേർത്തിരിക്കുന്നു.*

**നേമം മണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

316(764) ശ്രീ. ഒ. രാജഗോപാൽ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പ് മുഖേന നേമം നിയോജകമണ്ഡലത്തിൽ നടപ്പിലാക്കിയ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ; ഇതിൽ എത്ര പദ്ധതികൾ പൂർത്തീകരിച്ചുവെന്നും പൂർത്തിയാകാത്തവ എന്നത്തേയ്ക്ക് പൂർത്തീകരിക്കാനാകുമെന്നും വ്യക്തമാക്കാമോ?

(ബി) നടപ്പിലാക്കിയ ഓരോ പദ്ധതിക്കും എത്ര തുക വീതം ചെലവായെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കഴിഞ്ഞ സർക്കാരിന്റെ കാലത്ത് ടൂറിസം വകുപ്പ് മുഖേന നേമം നിയോജകമണ്ഡലത്തിൽ വെള്ളായണി ബണ്ട് റോഡ് സൗന്ദര്യവത്കരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഈ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) വെള്ളായണി ബണ്ട് റോഡ് സൗന്ദര്യവത്കരണ പദ്ധതി-12,82,502 രൂപ ചെലവഴിച്ചിട്ടുണ്ട്.

**വിനോദസഞ്ചാര മേഖലയുടെ വികസനം**

317(765) ശ്രീ. എസ്. ശർമ്മ:
ശ്രീ. കെ.കുഞ്ഞിരാമൻ:
ശ്രീ. കെ.ഡി. പ്രസേനൻ:
ശ്രീ. ഐ. ബി. സതീഷ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വിനോദസഞ്ചാര മേഖലയെ കാര്യക്ഷമവും ചൂഷണരഹിതവുമാക്കുന്നതിനായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) പ്രസ്തുത ലക്ഷ്യം സാക്ഷാത്കരിക്കുന്നതിനായി കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടി ആരംഭിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(സി) ടൂറിസം രംഗത്ത് നൂതന ആശയങ്ങൾ നടപ്പാക്കാനും തൊഴിലവസരങ്ങൾ വർദ്ധിപ്പിക്കാനുമായി കേരള ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കുമോ;

(ഡി) പുതുതലമുറ സംരംഭകരെ ഈ മേഖലയിലേക്ക് ആകർഷിക്കുന്നതിന് എന്തെല്ലാം പദ്ധതികളാണ് ടൂറിസം നയത്തിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കാമോ?

<u>ഉത്തരം</u>

(എ) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകൾ, ഇടവഴികൾ, നടപ്പാതകൾ, റോഡുകൾ ഉൾപ്പെടെയുള്ള പ്രദേശങ്ങളെയാണ് സി.സി.ടി.വി. ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. 34 ഇടങ്ങളിലായി50 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതിക്ക് 49,19,500 രൂപയുടെ (നാൽപത്തി ഒൻപത് ലക്ഷത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുമതി വകുപ്പ് നൽകിയിട്ടുണ്ട്. കൂടാതെ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതത് പഞ്ചായത്തുകൾ/ കോർപ്പറേഷനുകൾ/പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് മന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-5-2018-ൽ ചേർന്ന അടിയന്തര യോഗത്തിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനായി പോലീസ് മറ്റ് ഇതര വകുപ്പുകളുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

(ബി) കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരിക്കുന്നതിനുള്ള പ്രാഥമിക നടപടി സ്വീകരിച്ചിട്ടുണ്ട്. കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി രൂപീകരണവുമായി ബന്ധപ്പെട്ട രൂപരേഖ തയ്യാറാക്കുന്നതിന് അഡീഷണൽ ഡയറക്ടർ (ജനറൽ) ടൂറിസം വകുപ്പ് കൺവീനറായും അഡീഷണൽ സെക്രട്ടറി ടൂറിസം വകുപ്പ്, അഡീഷണൽ ഡയറക്ടർ (ഹോസ്പിറ്റാലിറ്റി) ടൂറിസം വകുപ്പ്, പ്രിൻസിപ്പൽ (കിറ്റ്സ്) എന്നിവർ അംഗങ്ങളായും ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. കൂടാതെ ഇതിന്റെ പ്രവർത്തന ചെലവുകൾക്കായി ഒരു ശീർഷകം അനുവദിക്കുന്നതിനായി നടപടികൾ ആരംഭിച്ചിട്ടുണ്ട്.

(സി) ഉണ്ട്. പുതിയ ടൂറിസം നയത്തിൽ വിഭാവനം ചെയ്തതിൻ പ്രകാരം ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ഇതിനായി ഒരു ശീർഷകം അനുവദിക്കുന്നതിന് പ്രാരംഭ നടപടികൾ കൈക്കൊണ്ടുവരുന്നു.

(ഡി) പുത്തൻ സംരംഭകർക്കും നിലവിലുള്ള ഇടത്തരം സംരംഭകർക്കും വെഞ്ച്വർ ഫണ്ട് ലഭ്യമാക്കും. മാനേജ്മെന്റ് വിദഗ്ധരുടെ സമിതി സൂക്ഷ്മമായും നിഷ്പക്ഷമായും ഓരോ പദ്ധതിയുടെയും വിജയസാധ്യത വിലയിരുത്തിയ ശേഷമാകും ഫണ്ട് അനുവദിക്കുക. ടൂറിസം രംഗത്ത് പുതിയ ആശയങ്ങളുമായി എത്തുന്നവർക്ക് ഇതിന് അപേക്ഷിക്കാം. സാങ്കേതിക സർവ്വകലാശാല കളിൽനിന്നും ടൂറിസം വിദ്യാഭ്യാസ കേന്ദ്രങ്ങളിൽനിന്നും പഠിച്ചിറങ്ങുന്നവർക്ക് സ്വയംസംരംഭകരാകാൻ അവസരം ഒരുങ്ങും.

## വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമാക്കാൻ നടപടി

318(766) ശ്രീ. വി. കെ. സി. മമ്മത് കോയ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങൾ മാലിന്യമുക്തമായി സംരക്ഷിക്കുന്നതിന് ആവശ്യമായ നടപടികളും ബോധവത്കരണ പ്രവർത്തനങ്ങളും ചെയ്യുന്നതിന് ആരെയെങ്കിലും ചുമതലപ്പെടുത്തിയിട്ടുണ്ടോ; എന്തൊക്കെ നടപടികളാണ് ഈ മേഖലയിൽ സ്വീകരിച്ചതെന്ന് അറിയിക്കുമോ;

(ബി) വിനോദസഞ്ചാര കേന്ദ്രങ്ങളിൽ കുപ്പിവെള്ളം ഉൾപ്പെടെയുള്ള പ്ലാസ്റ്റിക് നിരോധനം കൊണ്ടുവരുന്നതിന് നടപടി സ്വീകരിച്ച് പകരം സൗകര്യങ്ങൾ ഏർപ്പെടുത്തുമോ എന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) മാലിന്യനിർമ്മാർജ്ജനം തദ്ദേശഭരണ സ്ഥാപനങ്ങളുടെ ചുമതലയിൽപ്പെട്ടതാണെങ്കിലും കേരളത്തിലെ വിനോദസഞ്ചാര കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണത്തിനും നിയന്ത്രണത്തിനുമായി വിനോദസഞ്ചാര വകുപ്പ് വിവിധ പദ്ധതികൾ നടപ്പിലാക്കിവരുന്നു. വിവിധ ഏജൻസികളുമായി ചേർന്ന് പരിസ്ഥിതി സൗഹാർദ്ദ മാലിന്യ പ്ലാന്റുകളുടെ നിർമ്മാണം, ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളുടെ സഹകരണത്തോടെ പ്ലാസ്റ്റിക് മാലിന്യങ്ങളുടെ നിയന്ത്രണവും അതിനായുള്ള ബോധവൽക്കരണ പ്രവർത്തനങ്ങളും നടപ്പിലാക്കിവരുന്നു. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ സമഗ്ര ശുചീകരണവും മാലിന്യ സംസ്കരണവും ലക്ഷ്യമാക്കിക്കൊണ്ടുള്ള ക്ലീൻ ഡെസ്റ്റിനേഷൻ ക്യാമ്പയിൻ പദ്ധതി സംസ്ഥാനത്തെ 86 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കി വരുന്നു. 14 ജില്ലകളിലെയും ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിലുകളുടെയും നേതൃത്വത്തിൽ കുടുംബശ്രീ മിഷനുമായി സഹകരിച്ചുകൊണ്ടാണ് ഈ പദ്ധതി നടത്തിവരുന്നത്. മാലിന്യസംസ്കരണവും ശുചീകരണവും മുഖ്യഘടകമായുള്ള ഗ്രീൻ കാർപ്പറ്റ് പദ്ധതി കേരളത്തിലെ തെരഞ്ഞെടുത്ത 78 വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നടപ്പിലാക്കിവരുന്നു. ഓരോ കേന്ദ്രങ്ങളിലും ജനപ്രതിനിധികൾ, വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥർ, ടൂറിസം വ്യവസായ സംരംഭകർ, കുടുംബശ്രീ, ശുചിത്വമിഷൻ, എൻ.ജി.ഒ.-കൾ, പ്രദേശവാസികൾ തുടങ്ങിയവരെ ഏകോപിപ്പിച്ചു കൊണ്ടാണ് ഈ പദ്ധതി നടപ്പിലാക്കിവരുന്നത്. വിനോദ സഞ്ചാര കേന്ദ്രങ്ങളുടെ പ്രാധാന്യം കണക്കിലെടുത്ത് ഖരമാലിന്യ സംസ്കരണ പദ്ധതിക്ക് വകുപ്പ് അംഗീകാരവും ധനസഹായവും നൽകിവരുന്നു. കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ എൻ.ജി.ഒ.-യെ ഉപയോഗപ്പെടുത്തി ചെയ്യുന്ന തുടർ മാലിന്യ നിർമ്മാർജ്ജന പദ്ധതിയും ഇടുക്കി ജില്ലയിലെ എക്സ് സർവ്വീസ് മെൻ ട്രസ്റ്റിനെ ഉപയോഗപ്പെടുത്തി ചെയ്യുന്ന സമഗ്രമായ നിർമ്മാർജ്ജന പദ്ധതിയും നടപ്പിലാക്കി വരുന്നുണ്ട്. കായൽ ജലാശയങ്ങളിലെ മാലിന്യം നിയന്ത്രിക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിൽ സീവേജ് ട്രീറ്റ്മെന്റ് പ്ലാന്റുകൾ സ്ഥാപിച്ചിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ്, വേസ്റ്റ് ഫ്രീ അഷ്ടമുടി പോലുള്ള പ്രവർത്തനങ്ങളും ഉത്തരവാദിത്ത ടൂറിസം മിഷനിലൂടെ നടപ്പിലാക്കിവരുന്നു.

(ബി) ടൂറിസം നയത്തിന്റെ ഭാഗമായി ഹരിത പെരുമാറ്റച്ചട്ടം നടപ്പിലാക്കുന്നതിന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ഉപയോഗം ഘട്ടംഘട്ടമായി നിയന്ത്രിക്കുന്നതിനുള്ള നടപടികൾ കൈക്കൊണ്ടു

വരുന്നു. മൂന്ന് വർഷത്തിനുള്ളിൽ കേരളത്തിലെ ടൂറിസം കേന്ദ്രങ്ങളെ പ്ലാസ്റ്റിക് വിമുക്തമാക്കുന്നതിന് നടപടി സ്വീകരിച്ചുവരുന്നു. ടൂറിസം കേന്ദ്രങ്ങളിൽ പ്ലാസ്റ്റിക് ബോട്ടിലുകളിൽ കുടിവെള്ളത്തിന്റെ ഉപയോഗം നിയന്ത്രിക്കുന്നതിനായി ബദൽ സംവിധാനം ഒരുക്കുന്നത് സംബന്ധിച്ച വിഷയം സജീവ പരിഗണനയിലാണ്.

## ടൂറിസം മേഖല ആകർഷകമാക്കാൻ നടപടി

319(767) ശ്രീ. അബ്ദുൽ ഹമീദ്. പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പകർച്ചപ്പനികൾ, സാംക്രമിക രോഗങ്ങൾ, തെരുവ് നായ്ക്കളുടെ ശല്യം, വിദേശികൾക്ക് എതിരായ ആക്രമണങ്ങൾ എന്നിവ വിദേശ ടൂറിസ്റ്റുകളുടെ വരവിനെ പ്രതികൂലമായി ബാധിച്ചിട്ടുണ്ടോ; വിശദമാക്കുമോ;

(ബി) ഈ സാഹചര്യംമൂലം വിദേശ വിനോദ സഞ്ചാരികളിൽനിന്നുള്ള വരുമാനം കുറഞ്ഞിട്ടുണ്ടോ; വിശദാംശം വെളിപ്പെടുത്താമോ;

(സി) കേരളത്തിന്റെ ടൂറിസം മേഖല ആകർഷകമാക്കുന്നതിന് എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കാമോ?

ഉത്തരം

(എ) 2017 ഡിസംബർ വരെയുള്ള വിനോദസഞ്ചാരികളുടെ സ്ഥിതിവിവര കണക്കാണ് വകുപ്പ് അന്തിമമാക്കിയിട്ടുള്ളത്. പ്രസ്തുത കണക്കുകൾ 2016 വർഷത്തെ കണക്കുകളുമായി താരതമ്യം ചെയ്യുമ്പോൾ 2017 കലണ്ടർ വർഷത്തിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ 5.15% വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(ബി) 2017-ലെ സ്ഥിതിവിവരകണക്കനുസരിച്ച് വിദേശ വിനോദ സഞ്ചാരികളിൽ നിന്നുള്ള വരുമാനത്തിൽ 2016 വർഷത്തേക്കാൾ 642.6 കോടി രൂപയുടെ വർദ്ധനവ് ഉണ്ടായിട്ടുണ്ട്.

(സി) പ്രധാന ടൂറിസം കേന്ദ്രങ്ങൾ ആകർഷകമാക്കുന്നതിനും സഞ്ചാരികൾക്ക് അനുഭവവേദ്യമാക്കുന്നതിനും പുത്തൻ സഞ്ചാരാനുഭവങ്ങൾ നൽകുന്നതിനുമായി ടി കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനത്തിനായി ഈ സർക്കാർ അധികാരമേറ്റതിനുശേഷം ടൂറിസം വകുപ്പ് 324 പദ്ധതികൾക്ക് ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിലൂടെ ടൂറിസം കേന്ദ്രങ്ങളിൽ കണക്ടിവിറ്റി, കഫെറ്റീരിയ, ഭിന്നശേഷിക്കാർക്കായി പ്രത്യേക സൗകര്യമൊരുക്കൽ, സുരക്ഷാ സംവിധാനങ്ങൾ, ലൈറ്റ്, പാർക്കിംഗ് സൗകര്യങ്ങൾ, താമസ സൗകര്യം,

ശുചീകരണ പ്രവർത്തനങ്ങൾ, സാഹസിക വിനോദസഞ്ചാര പ്രവർത്തനങ്ങൾ, ആശയവിനിമയത്തിനായി ആധുനിക സംവിധാനങ്ങൾ എന്നിവയ്ക്കായുള്ള വിവിധ പദ്ധതികൾ ഇതിൽ ഉൾപ്പെടുന്നു. ലോകോത്തര നിലവാരത്തിലുള്ള അടിസ്ഥാന സൗകര്യമൊരുക്കുന്നതിന്റെ ഭാഗമായി ടൂറിസം കേന്ദ്രങ്ങളിൽ നൂതനമായ രീതിയിലുള്ള നിർമ്മാണ രീതികൾ പ്രാവർത്തികമാക്കുന്നതിനായി പുതിയ എംപാനൽഡ് ആർക്കിടെക്റ്റിനെ നിയമിച്ചിട്ടുണ്ട്. കൂടാതെ ടൂറിസം രംഗത്ത് എല്ലാ മേഖലയിലും സമഗ്ര മാറ്റത്തിനായി പുതിയ ടൂറിസം നയത്തിന് സർക്കാർ അംഗീകാരം നൽകിയിട്ടുണ്ട്.

## ടൂറിസം മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കാൻ നടപടി

320(768) ശ്രീ. പാറക്കൽ അബ്ദുല്ല: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേരളത്തിൽ അടിക്കടിയുണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ സാരമായി ബാധിക്കുന്നതായ റിപ്പോർട്ടുകൾ പരിശോധിക്കുകയുണ്ടായോ;

(ബി) എങ്കിൽ ടൂറിസം മേഖലയെ ഹർത്താലിൽനിന്നും ഒഴിവാക്കുന്ന കാര്യം പരിഗണിക്കുമോ;

(സി) ഇതിനായി നിയമനിർമ്മാണം നടത്തുന്നതിനും രാഷ്ട്രീയ പാർട്ടികളുടെയും സംഘടനകളുടെയും അഭിപ്രായസമന്വയം ഉണ്ടാക്കുന്നതിനും മുൻകയ്യെടുക്കുമോ?

ഉത്തരം

(എ) കേരളത്തിൽ അടിക്കടിയുണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ ബാധിക്കുന്നതായുള്ള റിപ്പോർട്ടുകൾ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്.

(ബി&സി) ടൂറിസം മേഖലയെ ഹർത്താലുകളിൽനിന്നും ഒഴിവാക്കുന്നതിനായി 15-5-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷി യോഗം വിളിക്കുകയും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. സർവ്വകക്ഷി യോഗത്തിന്റെ ഐകകണ്ഠേനയുള്ള അഭിപ്രായം അംഗീകരിച്ച് ടൂറിസം മേഖലയെ ഹർത്താലിൽ നിന്ന് ഒഴിവാക്കുവാനും തീരുമാനിച്ചിട്ടുണ്ട്. ഇക്കാര്യത്തിൽ നിയമനിർമ്മാണം നടത്തുന്നത് ഇപ്പോൾ പരിഗണനയിലില്ല. എന്നാൽ വിവിധ കക്ഷികളുമായി ആലോചിച്ച് എടുത്ത തീരുമാനം നടപ്പാക്കാൻ പരിശ്രമിക്കുന്നതാണ്.

## ടൂറിസം മേഖലയുടെ സമഗ്ര വികസനം

321(769) ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ:
ശ്രീ. വി. പി. സജീന്ദ്രൻ:
ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ :
ശ്രീ. ഐ. സി. ബാലകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം മേഖലയുടെ സമഗ്ര വികസനം ലക്ഷ്യമാക്കി പുതിയ ടൂറിസം നയത്തിന് രൂപം നൽകിയിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) പൊതു സ്വകാര്യ പങ്കാളിത്തവും നിക്ഷേപവും ടൂറിസം മേഖലയുടെ വികസനത്തിന് പരമാവധി പ്രയോജനപ്പെടുത്തുന്നതിന് തീരുമാനിച്ചതിന്റെ അടിസ്ഥാനത്തിൽ സ്വീകരിച്ചിട്ടുള്ള നടപടികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(സി) വിനോദ സഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വ പ്രവർത്തനങ്ങൾക്ക് മുൻതൂക്കം നൽകിയിട്ടുണ്ടോ; വികസന പ്രവർത്തനങ്ങൾ ആവിഷ്കരിക്കുമ്പോൾ ശുചിത്വത്തിന് മുൻതൂക്കം നൽകുന്നതിന് നടപടി സ്വീകരിക്കുമോ;

(ഡി) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങൾ പ്രത്യേകിച്ച് കടലോര കായലോര കേന്ദ്രങ്ങൾ മാലിന്യ നിക്ഷേപ കേന്ദ്രങ്ങളായി മാറിയിട്ടുള്ള സാഹചര്യത്തിൽ ശുചിത്വം നിലനിർത്തുന്നതിന് കുടുംബശ്രീ പ്രവർത്തകരുടെ സേവനം ഉപയോഗപ്പെടുത്തുമോ;

(ഇ) വിനോദ സഞ്ചാരികളുടെ സുരക്ഷിതത്വവും സംരക്ഷണവും ഉറപ്പ് വരുത്തുന്ന കാര്യത്തിൽ എന്തെങ്കിലും വീഴ്ച വന്നതായി കണ്ടെത്തിയിട്ടുണ്ടോ;

(എഫ്) കോവളത്ത് വിദേശ വനിത കൊലചെയ്യപ്പെട്ട സംഭവം സർക്കാരിന്റെ ഭാഗത്ത് നിന്നുവന്ന ഗുരുതരമായ വീഴ്ചയായി പരിഗണിക്കുന്നുണ്ടോ;

(ജി) കോവളംപോലുള്ള പ്രശസ്ത ടൂറിസം കേന്ദ്രങ്ങളിൽപോലും മയക്ക് മരുന്ന് മാഫിയകളുടെയും ഗുണ്ടകളുടെയും താവളമാകുന്നത് ടൂറിസം മേഖലയുടെ നിലനിൽപ്പിന് ഭീഷണിയാകുന്ന കാര്യം സർക്കാർ ഗൗരവപൂർവ്വം പരിഗണിക്കുമോ; ഇക്കാര്യത്തിൽ അടിയന്തര നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) പുതിയ ടൂറിസം നയം രൂപീകരിച്ചിട്ടുണ്ട്. ടൂറിസം മുഖേനയുള്ള വരുമാനവും തൊഴിലും വർദ്ധിപ്പിക്കുന്നതിനും കൂടുതൽ സഞ്ചാരികളെ കേരളത്തിലേയ്ക്ക് ആകർഷിക്കുന്നതിനും ഉതകുന്ന തരത്തിൽ അടിസ്ഥാന സൗകര്യവികസനം, പ്രചരണം, ടൂറിസം മേഖലയിലെ സമഗ്ര പരിഷ്കരണം എന്നിവ ലക്ഷ്യമിടുന്നതാണ് പുതിയ ടൂറിസം നയം. ടൂറിസം വികസനത്തിന്റെ ഗുണഫലം സാധാരണക്കാർക്കുകൂടി ലഭ്യമാക്കുന്നതിനായുള്ള ഇടപെടൽ ടൂറിസം നയത്തിന്റെ കാതലാണ്. ഇതിനായി താഴെപ്പറയുന്ന ലക്ഷ്യങ്ങൾക്കാണ് ഊന്നൽ നൽകുന്നത്:

- ടൂറിസ്റ്റുകളുടെ പ്രത്യേകത മനസ്സിലാക്കി കേരളത്തിന്റെ സാംസ്കാരികമായ സവിശേഷതകളെ സംരക്ഷിച്ചുകൊണ്ടുള്ള കാഴ്ചപ്പാട് ആവിഷ്കരിക്കുക.
- കേരളത്തിന്റെ പുറംലോകം അറിയാത്ത തനിമകളെ പുത്തൻ ഉൽപ്പന്നങ്ങളായി അവതരിപ്പിക്കുക.
- ആരോഗ്യരംഗം, ഇക്കോടൂറിസം തുടങ്ങിയ കലയും സംസ്കാരവും ഇഴചേർന്ന പൈതൃക ടൂറിസം വികസിപ്പിക്കൽ
- വിനോദസഞ്ചാരികളെ ലക്ഷ്യമിട്ട് പാരമ്പര്യ ചികിത്സാ കേന്ദ്രങ്ങളുടെ നിലവാരം ഉറപ്പിക്കുക
- ടൂറിസം മേഖലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കൽ
- ഉത്തരവാദിത്ത ടൂറിസം
- സുസ്ഥിര ടൂറിസം വികസനത്തിന് കർമ്മ പരിപാടി ആസൂത്രണം
- ജനകീയ പങ്കാളിത്തത്തോടെ വിനോദസഞ്ചാര വ്യവസായത്തെ പ്രാദേശിക സമ്പദ്ഘടനയുടെ നട്ടെല്ലാക്കുക. അതുവഴി പ്രവാസികളടക്കമുള്ള സ്വകാര്യ വ്യക്തികൾക്കും സ്ഥാപനങ്ങൾക്കും ടൂറിസം മേഖലയിൽ മുതൽമുടക്കുന്നതിൽ പ്രോത്സാഹനം നൽകൽ.
- പുതിയ ടൂറിസം ഉത്പന്നങ്ങൾ അവതരിപ്പിക്കുക.
- കിഫ്ബിയുടെ സാധ്യത ടൂറിസം അടിസ്ഥാന സൗകര്യവികസനത്തിനായി പരമാവധി പ്രയോജനപ്പെടുത്തൽ
- കേരള ടൂറിസം സംരംഭകത്വ ഫണ്ട്
- തദ്ദേശ സ്ഥാപനങ്ങളുടെ പങ്കാളിത്തം

- കേരള ടൂറിസത്തിന് ബ്രാൻഡ് അംബാസഡർ
- മാനവശേഷി വികസനവും ടൂറിസം സാക്ഷരതയും പാഠ്യ പദ്ധതിയുടെ ഭാഗമാക്കൽ
- സുരക്ഷയും കേരള ടൂറിസം റെഗുലേറ്ററി അതോറിറ്റി എന്ന പുത്തൻ ആശയം നടപ്പാക്കൽ
- ഓരോ ടൂറിസം കേന്ദ്രങ്ങളിലും പ്രത്യേക കർമ്മസേന രൂപീകരിക്കൽ
- ടൂറിസം വകുപ്പിൽ കാലോചിതമായ പരിഷ്കാരം
- ഹരിത പെരുമാറ്റച്ചട്ടം മുഖാന്തരം മലിനീകരണം നിയന്ത്രിക്കുക
- പതിമൂന്നാം പഞ്ചവത്സര പദ്ധതിയിൽ ടൂറിസം മേഖലയിൽ 2017-2022 കാലയളവിൽ 4 ലക്ഷം പുതിയ തൊഴിലവസരം സൃഷ്ടിക്കൽ എന്നിവയാണ് സർക്കാരിന്റെ പുതിയ വിനോദ സഞ്ചാര നയത്തിന്റെ കാതൽ.

(ബി) ഹരിത ഗ്രാമീണ പാർപ്പിട കേന്ദ്രങ്ങൾ, ആയുർവ്വേദ റിസോർട്ടുകൾ, ഹോംസ്റ്റേകൾ, ആരോഗ്യ ടൂറിസം, ഫാം ടൂറിസം, സാഹസിക ടൂറിസം, കായൽ ടൂറിസം തുടങ്ങിയ ടൂറിസം ഉത്പന്നങ്ങൾക്ക് വിവിധ സംരംഭകർ രൂപം നൽകിയിട്ടുണ്ട്. ഈ മേഖലയിൽ സർക്കാർ നിക്ഷേപത്തോടൊപ്പം സ്വകാര്യ സംരംഭകരെ കൂടുതൽ ആകർഷിക്കുന്നതിനും പ്രവർത്തന സൗകര്യം ഒരുക്കാനും നൽകുന്ന സേവനങ്ങൾക്ക് ഗുണനിലവാരം ഉയർത്താനും പറ്റാവുന്നതരത്തിലുള്ള ഇടപെടലുകൾ സർക്കാർ നടത്തുന്നതാണ്. ഇതിനായി ടൂറിസം സംരംഭകത്വ ഫണ്ട് രൂപീകരിക്കുന്നതിന് ടൂറിസം നയത്തിൽ നിർദ്ദേശമുള്ളതിനാൽ ഇതിനായുള്ള പ്രാഥമിക നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) ശുചിത്വത്തിന് മുൻതൂക്കം നൽകിത്തന്നെയാണ് ടൂറിസം വകുപ്പ് ഓരോ പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നത്. സംസ്ഥാനത്ത് ടൂറിസം ഡെസ്റ്റിനേഷനുകളിലെ മാലിന്യ നിയന്ത്രണം സംബന്ധിച്ചും ഇതിന്റെ സംസ്കരണത്തിനുമായി ബന്ധപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങൾ, ഇതര ഏജൻസികൾ എന്നിവരുമായി ചേർന്ന് പരിസ്ഥിതിക്ക് കോട്ടം തട്ടാത്ത രീതിയിൽ വകുപ്പ് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. വിനോദസഞ്ചാര

കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് 'Clean Destination Campaign' എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കിവരുന്നു. കൂടാതെ കോവളം, മൂന്നാർ, കുമ്പളങ്ങി പഞ്ചായത്ത്, വർക്കല മുനിസിപ്പാലിറ്റികളിൽ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ എൻ.ജി.ഒ.-കളുമായി സഹകരിച്ചുകൊണ്ടുള്ള മാലിന്യനിർമ്മാർജ്ജന പദ്ധതികളും ഏറ്റെടുത്ത് നടത്തിവരുന്നു. പ്രധാന ടൂറിസ്റ്റ് കേന്ദ്രമായ കുമരകം, ആലപ്പുഴ എന്നിവിടങ്ങളിലെ കായൽ പ്രദേശങ്ങൾ, ജലാശയങ്ങൾ എന്നിവിടങ്ങളിൽ പ്രവർത്തനം നടത്തുന്ന ഹൗസ് ബോട്ടുകളിൽനിന്നുള്ള ദ്രവമാലിന്യ സംസ്കരണത്തിനായി ഓരോ 'Sewage Treatment Plant (STP)'കൾ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കി വരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിവിധ ഏജൻസിയുമായി ചേർന്ന് മാലിന്യ നിയന്ത്രണത്തിന് ബോധവത്ക്കരണവും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

(ഡി) വിനോദസഞ്ചാര കേന്ദ്രങ്ങളിലെ ശുചിത്വം ഉറപ്പുവരുത്തുന്നതിന് ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ മുഖാന്തരം കുടുംബശ്രീയുമായി സഹകരിച്ച് 'Clean Destination Campaign' എന്ന പദ്ധതി വകുപ്പ് നടപ്പിലാക്കി വരുന്നു. കൂടാതെ വകുപ്പ് ആസൂത്രണം ചെയ്ത് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിവിധ ഏജൻസിയുമായി ചേർന്ന് മാലിന്യനിയന്ത്രണത്തിന് ബോധവത്ക്കരണവും പദ്ധതികളും ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു.

(ഇ) ഇല്ല.

(എഫ്) ഇല്ല. ഇതൊരു ഒറ്റപ്പെട്ട സംഭവമായിട്ടാണ് വിലയിരുത്തുന്നത്.

(ജി) വിനോദസഞ്ചാര മേഖലയിലെ സുരക്ഷ ശക്തമാക്കുന്നതിന്റെ ഭാഗമായി പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ സി.സി.ടി.വി. ക്യാമറ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണ്. കോവളം ടൂറിസം മേഖലയിൽ ആധുനിക നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിന് നടപടിയായിട്ടുണ്ട്. കോവളത്ത് പോലീസ് വകുപ്പിന്റെ സഹകരണത്തോടെ ബീച്ചുകൾ, ഇടവഴികൾ, നടപ്പാതകൾ, റോഡുകൾപ്പെടെയുള്ള പ്രദേശങ്ങളെയാണ് സി.സി.ടി.വി. ക്യാമറകളുടെ നിരീക്ഷണത്തിലാക്കുന്നത്. 34 ഇടങ്ങളിലായി 50 നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള ഈ പദ്ധതിക്ക് 49,19,500 രൂപയുടെ (നാല്പത്തി ഒൻപത് ലക്ഷത്തി പത്തൊൻപതിനായിരത്തി അഞ്ഞൂറ് രൂപ മാത്രം) അനുമതി വകുപ്പ് നൽകിയിട്ടുണ്ട്. കൂടാതെ പ്രധാന വിനോദസഞ്ചാര

കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറകൾ സ്ഥാപിക്കുന്നതിനുള്ള കാര്യം അതത് പഞ്ചായത്തുകൾ/കോർപ്പറേഷനുകൾ/പോലീസ് വകുപ്പ്/വനം വകുപ്പ് അധികാരികളുമായി ചേർന്ന് പരിശോധിച്ച് നടപടികൾ സ്വീകരിക്കുന്നതാണ്. ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ വർദ്ധിപ്പിക്കുന്നതുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-5-2018-ൽ ചേർന്ന അടിയന്തര യോഗത്തിൽ കൈക്കൊണ്ട തീരുമാനമനുസരിച്ച് വിനോദസഞ്ചാര കേന്ദ്രങ്ങളിലെ കച്ചവടക്കാർ, ഗൈഡുകൾ എന്നിവർക്ക് തിരിച്ചറിയൽ രേഖകൾ, യൂണിഫോം മുതലായവ നിർബന്ധമാക്കുന്നതിനായി പോലീസ് മറ്റ് ഇതര വകുപ്പുകളുമായി ചേർന്ന് അവരുടെ നിർദ്ദേശങ്ങൾകൂടി പരിഗണിച്ച് നടപടികൾ കൈക്കൊള്ളുന്നതാണ്.

**ടൂറിസം കേന്ദ്രങ്ങളിലെ സുരക്ഷ**

322(770) ശ്രീ. മുല്ലക്കര രത്നാകരൻ:
ശ്രീ. ഇ. കെ. വിജയൻ:
ശ്രീ. എൽദോ എബ്രഹാം:
ശ്രീ. മുഹമ്മദ് മുഹസിൻ പി. : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോവളത്ത് വിദേശ വനിതയുടെ കൊലപാതകത്തെ തുടർന്ന് ടൂറിസം കേന്ദ്രങ്ങളിൽ വിനോദ സഞ്ചാര വകുപ്പ് സ്വീകരിക്കാനുദ്ദേശിക്കുന്ന സുരക്ഷാ നടപടികൾ വ്യക്തമാക്കുമോ;

(ബി) ടൂറിസം മേഖലയിലേയ്ക്ക് പ്രത്യേക പോലീസ് സേനയെ നിയോഗിക്കുന്നതിന് നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ;

(സി) പ്രധാനപ്പെട്ട ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ ഡെസ്റ്റിനേഷൻ കമ്മറ്റി രൂപീകരിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; പ്രസ്തുത കമ്മറ്റിയുടെ വിശദാംശങ്ങൾ അറിയിക്കുമോ;

(ഡി) ടൂറിസം കേന്ദ്രങ്ങളിലെ കച്ചവടക്കാരെയും ഗൈഡുകളെയും തിരിച്ചറിയുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള സംവിധാനം ഒരുക്കുമോ;

(ഇ) വിദേശ വനിതയുടെ കൊലപാതകത്തെ തുടർന്ന് വിദേശങ്ങളിൽ കേരളാ ടൂറിസത്തിനുണ്ടായ ബ്ലാക്ക് മാർക്ക് മാറ്റുന്നതിന് സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കോവളം വിനോദസഞ്ചാര മേഖലയിൽ ഉണ്ടായ വിദേശ വനിതയുടെ മരണത്തെ തുടർന്ന് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ 10-5-2018-ൽ ടൂറിസം വകുപ്പിലെയും സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെയും ഉന്നത അധികാരികൾ പങ്കെടുത്ത അടിയന്തര യോഗം കൂടുകയുണ്ടായി. ഇത്തരം അനിഷ്ട സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനായി സ്വീകരിക്കേണ്ട സുരക്ഷാ നടപടികൾ ടൂറിസം വകുപ്പും പോലീസ് വകുപ്പും ഏകോപിപ്പിച്ചിട്ടുള്ള പ്രവർത്തനങ്ങളിലൂടെ നടപ്പിലാക്കാൻ തീരുമാനിച്ചിട്ടുണ്ട്. കൂടുതൽ വനിതാ പോലീസിനെ അടിയന്തരമായി വിന്യസിക്കുന്നതിന് പോലീസ് വകുപ്പ് നടപടി സ്വീകരിക്കുന്നതാണ്.

അവർക്കാവശ്യമുള്ള ഭാഷാ പരിജ്ഞാന ക്ലാസുകൾ, അവബോധ ക്ലാസുകൾ, ഉന്നത ട്രെയിനിംഗുകൾ, കിറ്റ്സ് മുഖാന്തരം നൽകുന്നതിന് പോലീസ് വകുപ്പുമായി ചേർന്ന് നടപടി സ്വീകരിക്കുന്നുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിലെല്ലാം ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആൻഡ് പോലീസ് അസിസ്റ്റൻസ് സെന്ററുകളും പ്രവർത്തനമാരംഭിക്കും. പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറ സംവിധാനം, ഏകീകൃത സൈൻ ബോർഡുകൾ, പ്രകാശ സംവിധാനം എന്നിവ ഒരുക്കുന്നതാണ്. എല്ലാ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിലെയും വഴിയോര കച്ചവടക്കാർക്ക് പ്രാദേശിക തിരിച്ചറിയൽ കാർഡുകൾ, യൂണിഫോം എന്നിവ നിർബന്ധമാക്കുന്നതിന് നടപടികൾ സ്വീകരിക്കുന്നതാണ്. വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി പോലീസുമായി ചേർന്ന് പ്രവർത്തിക്കുന്നതിന് ടൂറിസം വാർഡൻമാരെ നിയോഗിക്കുന്ന കാര്യം പരിശോധിക്കുന്നതാണ്. പോലീസ് വകുപ്പുമായി ചേർന്ന് മാർഗ്ഗനിർദ്ദേശങ്ങൾ അടങ്ങിയ ബ്രോഷറുകൾ തയ്യാറാക്കി വിനോദസഞ്ചാരികൾക്ക് നൽകുന്നതിനുള്ള നടപടി കൈക്കൊള്ളുന്നതാണ്. സുരക്ഷാ വിവരങ്ങൾ ഉൾപ്പെടുത്തി മൊബൈൽ ആപ്പ് രൂപപ്പെടുത്തുന്നത് പരിശോധിക്കുന്നതാണ്.

(ബി) പ്രധാന ടൂറിസം മേഖലയിൽ ടൂറിസം പോലീസിന്റെ സേവനം നിലവിൽ ലഭ്യമാക്കിയിട്ടുണ്ട്. തിരക്കേറിയ ടൂറിസം സീസണിൽ കൂടുതൽ പോലീസ് ഉദ്യോഗസ്ഥർ/ടൂറിസം വാർഡൻമാരുടെ സേവനം ഉറപ്പാക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പ് മുഖേന കൈക്കൊണ്ടുവരുന്നു.

(സി) പരിശോധിക്കുന്നതാണ്.

(ഡി) നടപടി സ്വീകരിച്ചുവരുന്നു.

(ഇ) വിദേശ വനിതയുടെ മരണത്തെത്തുടർന്ന് കേരള ടൂറിസത്തിന് ബ്ലാക്ക് മാർക്ക് ഉണ്ടായിട്ടില്ല. വിദേശ ടൂറിസ്റ്റുകളെ കൂടുതൽ ആകർഷിക്കുന്നതിനായി വിവിധ രാജ്യങ്ങളിൽ വകുപ്പ് നടപ്പിലാക്കിവരുന്ന കേരള ടൂറിസം റെഗുലർ മാർക്കറ്റിംഗ് ക്യാമ്പയിൻ കൂടുതൽ മികവുറ്റതാക്കി മാറ്റുന്നതിന് നടപടികൾ സ്വീകരിച്ചുവരുന്നു.

## സംസ്ഥാനം സന്ദർശിച്ച വിദേശ, ആഭ്യന്തര ടൂറിസ്റ്റുകൾ

323(771) ശ്രീ. അനൂപ് ജേക്കബ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ വർഷം ജനുവരി 1 മുതൽ ഏപ്രിൽ 30 വരെയുള്ള കാലയളവിൽ ഓരോ മാസത്തിലും സംസ്ഥാനം സന്ദർശിച്ച വിദേശ, ആഭ്യന്തര ടൂറിസ്റ്റുകൾ എത്രയെന്ന് അറിയിക്കുമോ;

(ബി) ലിത്വേനിയൻ ടൂറിസ്റ്റിന്റെ കൊലപാതകം വിദേശ ടൂറിസ്റ്റുകളുടെ വരവിനെ ബാധിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) സ്ഥിതി വിവര കണക്കുകൾ അന്തിമമാകുന്ന മുറയ്ക്ക് മാത്രമേ കൃത്യമായ വിവരം ലഭ്യമാവുകയുള്ളൂ.

(ബി) വിദേശ വനിതയുടെ കൊലപാതകം ഒരു ഒറ്റപ്പെട്ട സംഭവമാണ്. ഇത് ടൂറിസം മേഖലയെ ബാധിച്ചതായി കരുതുന്നില്ല.

## കാരാപ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതി

324(772) ശ്രീ. സി. കെ. ശശീന്ദ്രൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) 2017-18-ലെ ബഡ്ജറ്റ് നിർദ്ദേശപ്രകാരം കാരാപ്പുഴ ഉൾപ്പെടെ 6 ടൂറിസം ഡെസ്റ്റിനേഷനുകളുടെ പശ്ചാത്തല വികസനത്തിനായി 400 കോടി രൂപ കിഫ്ബി വഴി അനുവദിക്കുകയും ആയതിന്റെ അടിസ്ഥാനത്തിൽ കാരാപ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിക്കുന്നതിന് ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ചുമതലപ്പെടുത്തിയതും ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ;

(ബി) പ്രസ്തുത പദ്ധതിയുടെ ഡി.പി.ആർ. സമർപ്പിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ ആയത് ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോ; വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) 2017-18 ബഡ്ജറ്റ് നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ കാരാപ്പുഴ ടൂറിസം ഡെസ്റ്റിനേഷൻ പദ്ധതിയുടെ ഡി.പി.ആർ. കിഫ്ബിയിലേക്ക് സമർപ്പിക്കുന്നതിന് ഹാബിറ്റാറ്റ് ഗ്രൂപ്പിനെ ടൂറിസം വകുപ്പ് ചുമതലപ്പെടുത്തിയിരുന്നില്ല.

(ബി) ഡി.പി.ആർ. സമർപ്പിച്ചിട്ടില്ല. കിഫ്ബിയുടെ നിലവിലെ മാർഗ്ഗനിർദ്ദേശ രേഖകൾ അനുസരിച്ച് സമർപ്പിക്കുന്ന പ്രൊപ്പോസലുകൾ പരിശോധിക്കാവുന്നതാണ്.

## പട്ടാമ്പി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന പദ്ധതികൾ

325(773) <u>ശ്രീ. മുഹമ്മദ് മുഹസിൻ പി.</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പട്ടാമ്പി മണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് നടത്തിവരുന്ന പദ്ധതികൾ ഏതൊക്കെയാണെന്ന് വിശദമാക്കുമോ;

(ബി) പട്ടാമ്പി ടൗണിൽ ഭാരതപ്പുഴയുടെ കരകളിൽ സൗന്ദര്യവൽക്കരണം നടത്താനുള്ള എന്തെങ്കിലും പദ്ധതികൾ വകുപ്പിന്റെ പരിഗണനയിലുണ്ടോ; ഉണ്ടെങ്കിൽ വ്യക്തമാക്കുമോ;

(സി) ഭാരതപ്പുഴയുടെ കരകളിൽ സൗന്ദര്യവൽക്കരണം നടത്തുന്നത് വഴി പുഴയെ രക്ഷിക്കുവാനും കുടിവെള്ളമായി ഉപയോഗിക്കുന്ന ഭാരതപ്പുഴയിലെ വെള്ളത്തിലെ മലിനീകരണത്തോത് കുറയ്ക്കാൻ സഹായിക്കുന്നതുമായ എന്തെങ്കിലും പദ്ധതികൾ വകുപ്പിന് ആസൂത്രണം ചെയ്യാൻ സാധിക്കുമോ?

<u>ഉത്തരം</u>

(എ) പട്ടാമ്പി മണ്ഡലത്തിൽ "ഫോക്ക് ലോർ പാർക്ക്-തിരുവേഗപ്പുര" എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. ടി പാർക്ക് പൂർണ്ണമായും സജ്ജമാക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചുവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല.

(സി) പരിശോധിക്കാവുന്നതാണ്.

## ചെട്ടികുളങ്ങര ടെമ്പിൾ പിൽഗ്രിം ടൂറിസം പ്രോജക്ട്

326(774) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തീർത്ഥാടന ടൂറിസം വികസനത്തിനായുള്ള കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനുവേണ്ടി സമർപ്പിച്ച ചെട്ടികുളങ്ങര ടെമ്പിൾ പിൽഗ്രിം ടൂറിസം പ്രോജക്ടിന്റെ നിലവിലുള്ള പുരോഗതി വിശദമാക്കാമോ?

ഉത്തരം

കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ പ്രസാദ് സ്കീമിൽ ഉൾപ്പെടുത്തുന്നതിനായി ചെട്ടികുളങ്ങര, ഓച്ചിറ, ഹരിപ്പാട്, മണ്ണാറശാല, മാവേലിക്കര ഉൾപ്പെടെയുള്ള ആരാധനാലയങ്ങളെ ഉൾപ്പെടുത്തി വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ സർക്കാരിൽ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നുവെങ്കിലും പ്രസാദ് സ്കീമിന്റെ മാർഗ്ഗരേഖയുടെ അടിസ്ഥാനത്തിൽ മാറ്റങ്ങൾ വരുത്തി പുതുക്കി സമർപ്പിക്കാൻ കേന്ദ്രസർക്കാർ നിർദ്ദേശിച്ചതിന്റെ അടിസ്ഥാനത്തിൽ ബന്ധപ്പെട്ട ആർക്കിടെക്റ്റിന് വിനോദസഞ്ചാര വകുപ്പ് ഡയറക്ടർ നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമാകുന്ന മുറയ്ക്ക് തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

## ഹർത്താലുകളിൽനിന്നും ടൂറിസം മേഖലയെ ഒഴിവാക്കുവാൻ നടപടി

327(775) ശ്രീ. എൻ. ഷംസുദ്ദീൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തുടർച്ചയായുണ്ടാകുന്ന ഹർത്താൽ ടൂറിസം മേഖലയെ ബാധിക്കുന്നുണ്ടെന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; തൻമൂലം ടൂറിസം മേഖലയിലും മറ്റുമുണ്ടാകുന്ന നഷ്ടം സംബന്ധിച്ച് പഠനം നടത്തിയിട്ടുണ്ടോ;

(ബി) ഹർത്താലുകളിൽനിന്നും ടൂറിസം മേഖലയെ ഒഴിവാക്കുവാനും ഹർത്താൽ ടൂറിസം മേഖലയെ ബാധിക്കാതിരിക്കുവാനുമുള്ള സംവിധാനങ്ങൾ ഏർപ്പെടുത്തുവാൻ ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ആയതിന്റെ വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) തുടർച്ചയായുണ്ടാകുന്ന ഹർത്താലുകൾ ടൂറിസം മേഖലയെ ബാധിക്കുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഇതുസംബന്ധിച്ച് ടൂറിസം മേഖലയിലുണ്ടാകുന്ന നഷ്ടം കണക്കാക്കുന്നതിന് പഠനം നടത്തിയിട്ടില്ല.

(ബി) ടൂറിസം മേഖലയെ ഹർത്താലുകളിൽനിന്നും ഒഴിവാക്കുന്നതിനായി 15-5-2018-ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സർവ്വകക്ഷി യോഗം വിളിക്കുകയും വിവിധ രാഷ്ട്രീയ പാർട്ടികളുടെ പ്രതിനിധികളുമായി ചർച്ച നടത്തുകയും ചെയ്തിട്ടുണ്ട്. ടൂറിസം മേഖലയെ ഹർത്താലിൽ നിന്ന് ഒഴിവാക്കുക എന്നതാണ് സർവ്വകക്ഷിയോഗത്തിന്റെ ഐകകണ്ഠ്യേനയുള്ള തീരുമാനം.

**ഉത്തരവാദിത്ത ടൂറിസം പദ്ധതി**

328(776) <u>ശ്രീ. കെ. സുരേഷ് കുറുപ്പ്:</u>
<u>ശ്രീ. വി. ജോയി:</u>
<u>ശ്രീ. സി. കെ. ശശീന്ദ്രൻ:</u>
<u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം പദ്ധതിയുടെ പ്രവർത്തന പുരോഗതി വിശകലനം ചെയ്തിട്ടുണ്ടോ;

(ബി) നിലവിൽ ഏതെല്ലാം കേന്ദ്രങ്ങളിലാണ് ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടന്നുവരുന്നതെന്ന് വിശദമാക്കാമോ;

(സി) പ്രസ്തുത പ്രവർത്തനങ്ങൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ടോ എന്ന് വ്യക്തമാക്കാമോ ;

(ഡി) എങ്കിൽ മിഷന്റെ പ്രവർത്തനങ്ങൾ എന്തെല്ലാമാണെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) ഉണ്ട്.

(ബി) നിലവിൽ ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടന്നുവന്നിരുന്ന കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ, കോവളം എന്നിവയ്ക്കുപുറമേ പുതുതായി താഴെപ്പറയുന്ന പ്രദേശങ്ങളിൽക്കൂടി ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ നടത്തുന്നതിനായി തീരുമാനിച്ചിട്ടുണ്ട്:

1. ധർമ്മടം
2. വർക്കല
3. പൂവാർ
4. അഷ്ടമുടി
5. വൈക്കം-പെപ്പർ ടൂറിസം പദ്ധതിപ്രദേശം
6. ആലപ്പുഴ
7. മുഹമ്മ
8. ഫോർട്ട് കൊച്ചി
9. നിള ടൂറിസം പ്രദേശം
10. ഉത്തര മലബാർ റിവർ ക്രൂയിസ് സർക്യൂട്ട്
11. ജലായനം പ്രോജക്ട് ഏരിയ (കോഴിക്കോട്).

ഇതിൽ വൈക്കം-പെപ്പർ ടൂറിസം പദ്ധതി പ്രദേശം, ആലപ്പുഴ, മുഹമ്മ, ഫോർട്ട് കൊച്ചി, ധർമ്മടം, വർക്കല, പൂവാർ എന്നിവിടങ്ങളിലെ പ്രവർത്തനം ഈ സാമ്പത്തിക വർഷം ആരംഭിക്കും. ഇതിനുപുറമെ താഴെപ്പറയുന്ന മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ എന്ന പദ്ധതിയും ആരംഭിച്ചിട്ടുണ്ട്.

<u>മാതൃക ഉത്തരവാദിത്ത ടൂറിസം ഗ്രാമങ്ങൾ-പദ്ധതി നടപ്പിലാക്കുന്ന പ്രദേശങ്ങൾ</u>

1. വലിയപറമ്പ
2. കോൾതുരുത്തി (ആന്തൂർ മുനിസിപ്പാലിറ്റിയിലെ ദ്വീപ്)
3. പാമ്പുരുത്തി (കോളച്ചേരി പഞ്ചായത്ത് ദ്വീപ്)
4. മലപ്പട്ടം
5. തെക്കുംപാട്ട് (മാറ്റൂൾ പഞ്ചായത്ത് ദ്വീപ്)
6. ഏഴോം പഞ്ചായത്ത്
7. തിരുവാർപ്പ് പഞ്ചായത്ത്
8. അയ്മനം പഞ്ചായത്ത്
9. ചെറുതുരുത്തി

10. പെരുവെമ്പ്

11. വെള്ളിനേഴി

12. കാന്തല്ലൂർ

13. ഒളവണ്ണ.

(സി) പ്രസ്തുത പ്രവർത്തനങ്ങൾ സംസ്ഥാനത്താകെ വ്യാപിപ്പിക്കുന്നതിനായി ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിട്ടുണ്ട്.

(ഡി) പ്രദേശവാസികൾക്ക് വരുമാനദായകമായ തൊഴിലും വികസനവും ഉറപ്പുവരുത്തുന്ന തരത്തിൽ വിനോദസഞ്ചാര വികസനം സാധ്യമാക്കുമെന്ന വിനോദസഞ്ചാര നയത്തിന്റെ അടിസ്ഥാനത്തിൽ ആസൂത്രണം ചെയ്യുന്ന പ്രധാന പദ്ധതിയാണ് ഉത്തരവാദിത്ത ടൂറിസം. പ്രസ്തുത പദ്ധതിയുടെ സ്ഥിരവും സ്ഥായിയുമായ നിർവ്വഹണത്തിനായി സംസ്ഥാനത്ത് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. സംസ്ഥാനത്ത് ചുരുക്കം ചില കേന്ദ്രങ്ങളിൽ മാത്രമായി നടന്നുവന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പദ്ധതി സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കുക എന്നതാണ് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യം. ഇതുവഴി ടൂറിസത്തിന്റെ ഗുണഫലങ്ങൾ പരമാവധി തദ്ദേശവാസികൾക്ക് ലഭ്യമാക്കാനും ദോഷഫലങ്ങൾ പരമാവധി കുറയ്ക്കാനും ലക്ഷ്യമിടുന്നു. ജനകീയവും ഉത്തരവാദിത്ത പൂർണ്ണവും സുസ്ഥിരവുമായ ടൂറിസം വികസനമെന്ന കാഴ്ചപ്പാടിലേക്ക് നാടിനെ നയിക്കുക എന്ന ലക്ഷ്യത്തോടെയാണ് ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ചിരിക്കുന്നത്. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റുമാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും, ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലകളിലെ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കും. വ്യാപകമായ അവബോധ ശിൽപശാലകളും ജനകീയ പങ്കാളിത്തത്തോടെ ടൂറിസം ആസൂത്രണത്തിനായുള്ള പ്രവർത്തനങ്ങളും രൂപപ്പെടുത്തുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന ലക്ഷ്യങ്ങളാണ്.

മാനവ വിഭവശേഷി വികസിപ്പിക്കുന്നതിനായി കുറഞ്ഞത് 50,000 പേർക്ക് തൊഴിൽ പരിശീലനം നൽകാനും മിഷന് ചുമതലയുണ്ട്. ടൂറിസം കേന്ദ്രങ്ങളെ മാലിന്യ വിമുക്ത കേന്ദ്രങ്ങളാക്കാനും സ്കൂൾതലം മുതൽ ഉത്തരവാദിത്ത പൂർണ്ണമായ ടൂറിസം സംസ്കാരം വളർത്തിക്കൊണ്ടുവരുന്നതിനുമായി ടൂറിസം ക്ലബ്ബുകൾ ആരംഭിക്കുന്നതിനും ഉത്തരവാദിത്ത ടൂറിസം മിഷൻ ലക്ഷ്യമിടുന്നു. എല്ലാ ടൂറിസം അക്കോമഡേഷൻ യൂണിറ്റുകൾക്കും ഉത്തരവാദിത്ത ടൂറിസം ക്ലാസിഫിക്കേഷൻ നടപ്പാക്കുക, ഭിന്നശേഷി സൗഹൃദ ടൂറിസം കേന്ദ്രമായി കേരളത്തെ മാറ്റുക, ഹോംസ്റ്റേ, ഫാംസ്റ്റേ എന്നിവ പ്രോത്സാഹിപ്പിക്കുക പ്രദേശിക ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയിൽ വിപണനം ചെയ്യാൻ സൗകര്യമൊരുക്കുക, ടൂറിസ്റ്റുകൾക്ക് മെച്ചപ്പെട്ട യാത്രാനുഭവങ്ങൾ സമ്മാനിക്കാൻ കഴിയുംവിധം നൂതനമായ ടൂർ പാക്കേജുകൾ തയ്യാറാക്കി വിപണനം നടത്തുക, ഗ്രാമീണ ടൂറിസം പ്രോത്സാഹിപ്പിക്കുക, കല, സംസ്കാരം, പൈതൃകം, നാടൻ കളികൾ എന്നിവയെ ടൂറിസത്തിലൂടെ പ്രചരിപ്പിച്ച് സംരക്ഷിക്കുക, പാർശ്വവൽകൃത ജനവിഭാഗങ്ങൾ, ഭിന്നശേഷിക്കാർ, വനിതകൾ, ഭിന്നലിംഗക്കാർ എന്നിവർക്ക് ടൂറിസം മേഖലയിൽ അവസരം ഉറപ്പാക്കുക, പരിസ്ഥിതി സൗഹൃദ ടൂറിസം പ്രവർത്തനങ്ങൾ പ്രചരിപ്പിക്കുക എന്നിവയെല്ലാം ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രധാന പ്രവർത്തനങ്ങളാണ്.

## ഫാം ടൂറിസം

329(777) ശ്രീ. കെ. രാജൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിനായി നിലവിലെ ചട്ടങ്ങളിൽ ഇളവുകൾ അനുവദിക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ;

(ബി) കൃഷി, മൃഗസംരക്ഷണം എന്നീ വകുപ്പുകളുടെ കീഴിലുള്ള ഫാമുകളിൽ ടൂറിസം വകുപ്പ് മുഖേന ഫാം ടൂറിസം പദ്ധതി ആരംഭിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ എന്ന് വ്യക്തമാക്കുമോ?

### ഉത്തരം

(എ) " ഗ്രീൻ ഫാം കേരള" എന്ന പേരിൽ വിനോദസഞ്ചാര വകുപ്പ് ഫാം ടൂറിസവുമായി ബന്ധപ്പെട്ട ഒരു പദ്ധതി നടപ്പിലാക്കിവരുന്നു. ഫാം ടൂറിസം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നിലവിലെ ചട്ടങ്ങളിൽ ഇളവുകൾ അനുവദിക്കേണ്ടതുണ്ടോ എന്ന കാര്യം പരിശോധിച്ചുവരുന്നു.

(ബി) ഇക്കാര്യം പരിശോധിക്കാവുന്നതാണ്.

## പുതിയ ടൂറിസം പദ്ധതികൾ

330(778) ശ്രീ. കെ. ബാബു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര ടൂറിസം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ;

(ബി) സംസ്ഥാനത്ത് എത്ര ടൂറിസം പദ്ധതികളാണ് നിലവിൽ പൂർത്തീകരിക്കാനുള്ളത്; അവ എന്ന് പൂർത്തീകരിക്കാൻ കഴിയുമെന്ന് വിശദമാക്കുമോ;

(സി) ടൂറിസം പദ്ധതികൾ സമയബന്ധിതമായി പൂർത്തീകരിക്കുന്നതിന് എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) 324 ടൂറിസം പദ്ധതികളാണ് അനുവദിച്ചിട്ടുള്ളത്.

(ബി) 249 പദ്ധതികളാണ് പൂർത്തീകരിക്കാനുള്ളത്. സർക്കാർ ഉത്തരവിൽ പരാമർശിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ പദ്ധതികൾ പൂർത്തീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

(സി) സമയബന്ധിതമായി പദ്ധതി പൂർത്തീകരണത്തിനായി ദ്രുതഗതിയിൽ നിർമ്മാണ പ്രവൃത്തികൾ നടത്തിവരുന്നുണ്ട്.

ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദസഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിലും സെക്രട്ടറിതലത്തിലും വകുപ്പ് ഡയറക്ടർതലത്തിലും കാലാകാലങ്ങളിൽ നടത്തി വരുന്നു.

ഓരോ മൂന്ന് മാസത്തിലൊരിക്കൽ ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതിയുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനും വേണ്ട നിർദ്ദേശങ്ങൾ നൽകിവരുന്നു. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട് വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള

ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്.

അതാത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യ വികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ. ചെയർമാനായി അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റികൾ രൂപീകരിച്ചിട്ടുണ്ട്. ഈ കമ്മിറ്റികൾ കാലാകാലം യോഗം ചേർന്ന് പദ്ധതി പ്രവർത്തനങ്ങളും നിർമ്മാണ പുരോഗതിയും വിലയിരുത്താറുണ്ട്.

### ടൂറിസം മേഖലയിലെ നൂതന പദ്ധതികൾ

331(779) <u>ശ്രീ. എ. പ്രദീപ്കുമാർ</u>
<u>ശ്രീ. ജെയിംസ് മാത്യു :</u>
<u>ശ്രീ. സി. കെ. ഹരീന്ദ്രൻ :</u>
<u>ശ്രീ. കാരാട്ട് റസാഖ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയുടെ സമഗ്ര വികസനത്തിനായി നടപ്പാക്കി വരുന്ന നൂതന പദ്ധതികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കാമോ;

(ബി) ടൂറിസം മേഖലയിൽ മുതൽമുടക്കാൻ താത്പര്യമുള്ള പ്രവാസികളെ സഹായിക്കുന്നതിനായി 'ഇൻവെസ്റ്റ്മെന്റ് ഗൈഡൻസ് സെൽ' രൂപീകരിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ;

(സി) ഈ മേഖലയിലെ യുവസംരംഭകർക്ക് നൂതന ആശയങ്ങൾ അവതരിപ്പിക്കാൻ 'ന്യൂ ഐഡിയ മീറ്റ്', നിക്ഷേപകങ്ങൾ ആകർഷിക്കാൻ 'ഇൻവെസ്റ്റേഴ്സ് മീറ്റ്' എന്നിവ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശം നൽകുമോ?

<u>ഉത്തരം</u>

(എ) സംസ്ഥാനത്ത് ടൂറിസം മേഖലയുടെ സമഗ്രവികസനത്തിനായി വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്നു. ടൂറിസം വികസനത്തിനായി പ്രഖ്യാപിച്ച സമഗ്ര ടൂറിസം നയം നടപ്പിലാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

വിവിധ മാർക്കറ്റിംഗ് ക്യാമ്പയിനുകൾവഴിയും നൂതന ടൂറിസം പദ്ധതികൾ സംഘടിപ്പിച്ചുവരുന്നു. ഉത്തരേന്ത്യൻ, മറ്റ് ദക്ഷിണേന്ത്യൻ സഞ്ചാരികളെയും കേരളത്തിലേക്ക് ആകർഷിക്കാൻ ഓഫ് സീസൺ പ്രൊമോഷൻ ക്യാമ്പയിൻ 2018-ൽ തുടങ്ങിക്കഴിഞ്ഞു. നൂതന ആശയങ്ങൾ ഉൾക്കൊള്ളുന്ന വിവിധ ഇന്റർനാഷണൽ/നാഷണൽ ട്രേഡ് ഫെയറുകളിലും ടൂറിസം മേളകളിലും കേരള ടൂറിസം സജീവസാന്നിദ്ധ്യമാകാൻ തീരുമാനിച്ചിട്ടുണ്ട്. പുതിയ മികച്ച നൂതനമായ പരസ്യ ക്യാമ്പയിൻ ഈ വർഷം നടപ്പിലാക്കിവരുന്നു.

ടൂറിസം മേഖലയുടെ വളർച്ചയ്ക്കായി വിവിധ മേഖലകളിൽ ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന നൂതന പദ്ധതികൾ സംബന്ധിച്ചുള്ള വിവരങ്ങൾ ചുവടെ ചേർക്കുന്നു :

- മലനാട്-മലബാർ ക്രൂയിസ് ടൂറിസം പ്രോജക്ട്
- മുസിരിസ് ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- തലശ്ശേരി ഹെറിറ്റേജ് പദ്ധതി (രണ്ടാം ഘട്ടം)
- ആലപ്പുഴ ഹെറിറ്റേജ് പദ്ധതി
- ആലപ്പുഴ ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം
- പൈതൃക ഗ്രാമ പദ്ധതികൾ
- ടൂറിസം വികസനം ലക്ഷ്യമിട്ടുകൊണ്ട് വിനോദസഞ്ചാരികളെ ആകർഷിക്കുന്നതിനും തെരഞ്ഞെടുക്കപ്പെടുന്ന ഡെസ്റ്റിനേഷനുകളുടെ അടിസ്ഥാന സൗകര്യങ്ങൾ നിറവേറ്റുന്നതിനും ഊന്നൽ നൽകിക്കൊണ്ട് "ഗ്രീൻ കാർപ്പറ്റ്" എന്ന പദ്ധതി.
- കൊല്ലം ജില്ലയിലെ ജഡായുപാറ ടൂറിസം പദ്ധതി
- ബാരിയർ ഫ്രീ കേരള ടൂറിസം
- സ്വദേശ് ദർശൻ
- പ്രസാദ് സ്കീം.

(ബി) പ്രഖ്യാപിത ടൂറിസം നയം അനുസരിച്ച് ഇൻവെസ്റ്റ്മെന്റ് ഗൈഡൻസ് സെൽ രൂപീകരിക്കുവാൻ നിലവിൽ ഉദ്ദേശിക്കുന്നില്ല.

(സി) ടൂറിസം മേഖലയിലെ യുവ സംരംഭകർക്കായി ഐഡിയ കം ഇൻവെസ്റ്റേഴ്സ് മീറ്റ് സംഘടിപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഫിക്കി, കോൺഫെഡറേഷൻ ഓഫ് ഇൻഡ്യൻ ഇൻഡസ്ട്രി, ടൂറിസം രംഗത്തെ മറ്റ് അസോസിയേഷൻ എന്നിവ വഴിയാകും മീറ്റ് സംഘടിപ്പിക്കുക, സംസ്ഥാനതല മീറ്റ് ഈ വർഷം അവസാനത്തോടെ സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നു. ഇതിനുപുറമേ ജില്ലാതല ഇൻവെസ്റ്റേഴ്സ് മീറ്റും സംഘടിപ്പിക്കാൻ ഉദ്ദേശിക്കുന്നുണ്ട്. ഡി.റ്റി.പി.സി.-കൾ, ടൂറിസം ട്രാവൽ അസോസിയേഷനുകൾ എന്നിവയുടെ കൂടെ സഹകരണത്തോടെ പ്രസ്തുത മീറ്റ് സംഘടിപ്പിക്കും.

## കിഫ്ബി അംഗീകരിച്ച ടൂറിസം പദ്ധതികൾ

332(780) ശ്രീ. ഹൈബി ഈഡൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാന വിനോദസഞ്ചാര മേഖലയിൽ കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ എന്തൊക്കെയാണെന്നും പ്രസ്തുത പദ്ധതികളുടെ നിലവിലെ അവസ്ഥയെന്താണെന്നും വ്യക്തമാക്കുമോ;

(ബി) സംസ്ഥാനത്തെ പ്രധാന ടൂറിസം കേന്ദ്രങ്ങളുടെയും സർക്യൂട്ടുകളുടെയും വികസനത്തിനായി ഏതെങ്കിലും പ്രൊപ്പോസലുകൾ കിഫ്ബിയുടെ പരിഗണനയ്ക്കായി സമർപ്പിച്ചിട്ടുണ്ടോ; എങ്കിൽ വിശദാംശം നൽകുമോ;

(സി) പ്രസ്തുത പദ്ധതികളിൽ കിഫ്ബിയുടെ അംഗീകാരം ലഭിച്ചവ ഏതൊക്കെയാണെന്നും ഇതിനകം എന്ത് തുക അനുവദിച്ചുവെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സഹകരണത്തോടെ നടപ്പിലാക്കുന്ന പദ്ധതികളുടെ വിവരവും അവയുടെ നിലവിലെ അവസ്ഥയും ചുവടെ ചേർക്കുന്നു :

| നമ്പർ | സ്കീം | പദ്ധതി | തുക (ലക്ഷത്തിൽ) | അനുമതി ലഭിച്ചത് |
|---|---|---|---|---|
| 1 | സ്വദേശ് ദർശൻ | ഇക്കോ ടൂറിസം പദ്ധതിയായ പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി വികസനം | 9006.14 | പദ്ധതി പ്രവൃത്തികൾ പുരോഗമിക്കുന്നു ടൂറിസം മന്ത്രാലയം അനുവദിച്ചിട്ടുള്ള കാലാവധിക്കുള്ളിൽ പൂർത്തിയാക്കാൻ നടപടികൾ സ്വീകരിച്ചുവരുന്നു |
| 2 | സ്വദേശ് ദർശൻ | സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശബരിമല വികസനം(എരുമേലി-പമ്പ സന്നിധാനം) | 9998.92 | ” |
| 3 | സ്വദേശ് ദർശൻ | സ്പിരിച്വൽ ടൂറിസം സർക്യൂട്ടായ ശ്രീ പത്മനാഭ-ആറന്മുള സന്നിധാനം വികസനം | 9244.26 | ” |
| 4 | പ്രസാദ് | ഗുരുവായൂർ ക്ഷേത്ര വികസനം | 4614.20 | ” |

(ബി) നിലവിൽ പ്രൊപ്പോസലുകൾ കിഫ്ബിയുടെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. അവ ചുവടെ ചേർക്കുന്നു :

1. കോഴിക്കോട് എസ്.ഐ.എച്ച്.എം. ക്യാമ്പസിൽ ത്രീ സ്റ്റാർ കോംപ്ലക്സിന്റെ നിർമ്മാണം.
2. മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണം
3. ആലപ്പുഴയിലെ ചെത്തി ബീച്ചിന്റെ വികസനം
4. കോഴിക്കോട് ജില്ലയിലെ ഇരിങ്ങൽ സർഗ്ഗാലയ അവലംബമാക്കി പയ്യോളി വടകര മേഖലകൾ ഉൾപ്പെടുത്തിയുള്ള ഇന്റഗ്രേറ്റഡ് സർക്യൂട്ട് വികസനം
5. പാലക്കാട് ജില്ലയിലെ കാഞ്ഞിരപ്പുഴ ഡാം പരിസര വികസനം
6. കൊല്ലം ജില്ലയിലെ തെന്മല ഡാം പരിസര വികസനം
7. തിരുവനന്തപുരം നെയ്യാർഡാം പരിസര വിനോദസഞ്ചാര വികസനം
8. കോഴിക്കോട്-മുഴപ്പിലങ്ങാട്-ധർമ്മടം ദ്വീപ് എന്നീ സ്ഥലങ്ങൾ ബന്ധപ്പെടുത്തി റോപ് വേയുടെ നിർമ്മാണം.

(സി) മേൽ പദ്ധതികളിൽ ഉൾപ്പെട്ട മുഴപ്പിലങ്ങാട് ത്രീ സ്റ്റാർ ബീച്ച് റിസോർട്ടിന്റെ നിർമ്മാണത്തിനായി 39.42 കോടി രൂപയുടെ അംഗീകാരം ലഭിച്ചിട്ടുണ്ട്.

## സ്വദേശ് ദർശൻ, പ്രസാദ് പദ്ധതികൾ

333(781) <u>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം കേന്ദ്രങ്ങളുടെ മുഖച്ഛായ മാറ്റിയെടുക്കുവാനുള്ള കേന്ദ്ര പദ്ധതികളായ സ്വദേശ് ദർശൻ, പ്രസാദ് എന്നീ പദ്ധതികളിൽ സംസ്ഥാനത്തുള്ള ഏതൊക്കെ ആത്മീയ കേന്ദ്രങ്ങളെയാണ് ഉൾപ്പെടുത്തിയിട്ടുള്ളത്;

(ബി) ഈ പദ്ധതി പ്രകാരം ഓരോ മേഖലയ്ക്കും എന്ത് ധനസഹായമാണ് ലഭിക്കുന്നത്;

(സി) സ്വദേശ് ദർശന്റെ ഭാഗമായി സംസ്ഥാനത്തിന് അനുവദിച്ച പത്തനംതിട്ട-ഗവി-വാഗമൺ-തേക്കടി പദ്ധതി പൂർത്തിയായിട്ടുണ്ടോ;

(ഡി) ഈ പദ്ധതിക്ക് അനുവദിച്ച തുക പൂർണ്ണമായും ചെലവഴിക്കുന്നതിന് കഴിഞ്ഞിട്ടുണ്ടോ; ഇല്ലെങ്കിൽ എത്ര തുകയാണ് പാഴായിട്ടുള്ളതെന്നും അതിന്റെ കാരണമെന്തെന്നും വ്യക്തമാക്കുമോ?

<u>ഉത്തരം</u>

(എ) കേന്ദ്ര ടൂറിസം മന്ത്രാലയം സ്വദേശ് ദർശൻ, പ്രസാദ് എന്നീ സ്കീമുകളിൽ ഉൾപ്പെടുത്തി താഴെപ്പറയുന്ന ആത്മീയ കേന്ദ്രങ്ങളുടെ വികസനത്തിനായി അനുമതി നൽകിയിരുന്നു:

1. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)
2. ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം
3. ഗുരുവായൂർ ക്ഷേത്ര പരിസര വികസനം

(ബി) ഈ പദ്ധതി പ്രകാരം താഴെപ്പറയുന്ന ധനസഹായമാണ് ലഭിക്കുന്നത്.

1. ശബരിമല വികസനം (എരുമേലി-പമ്പ-സന്നിധാനം)- 9998.92 ലക്ഷം രൂപ
2. ശ്രീപത്മനാഭ-ആറന്മുള-ശബരിമല വികസനം-9244.26 ലക്ഷം രൂപ
3. ഗുരുവായൂർ ക്ഷേത്ര പരിസര വികസനം-4614.20 ലക്ഷം രൂപ

(സി) പദ്ധതി പ്രവൃത്തികൾ അന്തിമ ഘട്ടത്തിലാണ്.

(ഡി) പദ്ധതിക്കായി അനുവദിച്ച തുക പൂർണ്ണമായും ചെലവഴിച്ച് പദ്ധതി പൂർത്തീകരിക്കുന്നതിനുള്ള അവസാനഘട്ട നടപടികൾ പുരോഗമിച്ചുവരുന്നു.

## ജഡായുപാറ ടൂറിസം പദ്ധതി

334(782) ശ്രീ. എം. വിൻസെന്റ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനും പൂർത്തിയാക്കുന്നതിനും ഗുണനിലവാരം ഉയർത്തുന്നതിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചിട്ടുള്ളത്;

(ബി) കൊല്ലം ജില്ലയിലെ ചടയമംഗലത്തുള്ള ജഡായുപാറ ടൂറിസം പദ്ധതി പൂർത്തിയായിട്ടുണ്ടോ; എന്തൊക്കെ സൗകര്യങ്ങളാണ് പ്രസ്തുത സ്ഥലത്ത് ഏർപ്പെടുത്തിയിട്ടുള്ളത്; പ്രസ്തുത ടൂറിസം കേന്ദ്രത്തിന് ദേശീയതലത്തിൽ ശ്രദ്ധ ലഭിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം വിനോദ സഞ്ചാര വകുപ്പിന്റെ ഓരോ പദ്ധതികളുടെയും സൂക്ഷ്മമായ അവലോകനം ജില്ല തിരിച്ച് കാലാകാലങ്ങളിൽ നടത്തിവരുന്നു. 6 മാസത്തിലൊരിക്കൽ മന്ത്രിതലത്തിലും അവലോകന യോഗങ്ങൾ ചേരുന്നുണ്ട്. കൂടാതെ ഓരോ മൂന്നുമാസത്തിലൊരിക്കൽ ഉദ്യോഗസ്ഥതലത്തിൽ പദ്ധതി അവലോകന യോഗങ്ങൾ കൂടുകയും പ്രസ്തുത യോഗത്തിൽ പദ്ധതി നടത്തിപ്പ് സംബന്ധിച്ചും പദ്ധതികളുടെ പുരോഗതി, കാര്യക്ഷമത തുടങ്ങിയ ഘടകങ്ങൾ പരിശോധിച്ച് പദ്ധതി നിർവ്വഹണ ഏജൻസികളുടെ കാര്യക്ഷമത വിലയിരുത്തി പദ്ധതികൾ കുറ്റമറ്റതായ രീതിയിൽ യഥാസമയം പൂർത്തീകരിക്കുന്നതിനുവേണ്ട നിർദ്ദേശങ്ങൾ നൽകുകയും ചെയ്യാറുണ്ട്. വിനോദസഞ്ചാര വകുപ്പിന്റെ പദ്ധതികളുടെ പുരോഗതിയും കാര്യക്ഷമതയും വിലയിരുത്തുന്നതിനും പദ്ധതികൾ യഥാസമയം പൂർത്തിയാക്കുന്നതിനും വേണ്ട നടപടികൾ സ്വീകരിക്കുന്നതിനുമായി ബന്ധപ്പെട്ട വകുപ്പിന്റെ റീജിയണൽ ജോയിന്റ് ഡയറക്ടർ, ഡെപ്യൂട്ടി ഡയറക്ടർ തസ്തികയിലുള്ള ഓഫീസർമാർ, പ്രോജക്ട് എഞ്ചിനീയർ എന്നിവരുടെ സേവനം എല്ലാ ജില്ലകളിലും ഉറപ്പുവരുത്തിയിട്ടുണ്ട്.

അതത് ടൂറിസം ഡെസ്റ്റിനേഷനിലെ പ്രവർത്തന പുരോഗതികൾ വിലയിരുത്തുന്നതിന് ഡെസ്റ്റിനേഷൻ മാനേജ്മെന്റ് കൗൺസിൽ രൂപീകരിച്ചിട്ടുണ്ട്.

വിനോദസഞ്ചാര കേന്ദ്രങ്ങളുടെ അടിസ്ഥാന സൗകര്യവികസനവും സുസ്ഥിരമായ സംരക്ഷണവും ലക്ഷ്യമിടുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ പദ്ധതി പ്രവർത്തനം വിലയിരുത്തുന്നതിനായി ഉത്തരവാദിത്തപ്പെട്ട ഉദ്യോഗസ്ഥരെ ഡെസ്റ്റിനേഷൻ മാനേജർമാരായി ചുമതലപ്പെടുത്തിയിട്ടുണ്ട്.

14 ജില്ലകളിലെയും പദ്ധതികളുടെ പൂർത്തീകരണം കൃത്യമായി മോണിറ്റർ ചെയ്യുന്നതിന് ടൂറിസം ഡയറക്ടറേറ്റിൽ ഒരു പ്രോജക്ട് മോണിറ്ററിംഗ് സെൽ പ്രവർത്തിച്ചുവരുന്നു. കൂടാതെ ടൂറിസം പദ്ധതികൾ മോണിറ്റർ ചെയ്യുന്നതിനായി അതത് എം.എൽ.എ. ചെയർമാനായി അസംബ്ലി നിയോജക മണ്ഡലാടിസ്ഥാനത്തിൽ മോണിറ്ററിംഗ് കമ്മിറ്റി രൂപീകരിച്ചിട്ടുണ്ട്. ടി കമ്മിറ്റികൾ പദ്ധതികൾ അവലോകനം ചെയ്യുന്നുണ്ട്.

(ബി) സംസ്ഥാന ടൂറിസം വകുപ്പും ഗുരുചന്ദ്രികാ ബിൽഡേഴ്സും ചേർന്നുള്ള ഒരു ppp പദ്ധതിയായിട്ടാണ് ഇതു വിഭാവനം ചെയ്തിട്ടുള്ളത്. ഇതിനായുള്ള അടിസ്ഥാന സൗകര്യങ്ങൾ സംസ്ഥാന സർക്കാർ വികസിപ്പിച്ചുനൽകുകയും ഇതര സൗകര്യങ്ങൾ ഗുരുചന്ദ്രികാ ബിൽഡേഴ്സ് സ്വന്തം ചെലവിൽ വികസിപ്പിച്ചുവരികയുമാണ്. ഈ പദ്ധതിയുടെ രണ്ടാം ഘട്ട പ്രവർത്തനങ്ങളുടെ ഉത്ഘാടനം ജൂലൈ മാസത്തിൽ പ്രതീക്ഷിക്കുന്നു. ഈ പദ്ധതിയുടെ ഭാഗമായി ജഡായു ശിൽപ്പം, കേബിൾ കാർ, സാഹസിക വിനോദങ്ങൾക്കായി അഡ്വഞ്ചർ സോൺ എന്നിവ ഒരുക്കിയിട്ടുണ്ട്. ഈ പദ്ധതി സംബന്ധിച്ച് ദേശീയതലത്തിലും ആഗോളതലത്തിലും വിപണന തന്ത്രങ്ങൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു.

**കോഴിക്കോട് മണ്ഡലത്തിലെ വിനോദസഞ്ചാര വകുപ്പ്പദ്ധതികൾ**

335(783) ശ്രീ. എ. പ്രദീപ്കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോഴിക്കോട് നോർത്ത് നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാര വകുപ്പ് എന്തെല്ലാം പദ്ധതികളാണ് ഏറ്റെടുത്തു നടത്തുന്നതെന്ന് വ്യക്തമാക്കുമോ;

(ബി) ഓരോ പദ്ധതികളുടേയും നിലവിലെ സ്ഥിതിയും അനുവദിച്ച തുകയും എത്രയെന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ & ബി) അനുബന്ധമായി ഉള്ളടക്കം ചെയ്യുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

**കായംകുളം കായലോര ടൂറിസം പദ്ധതികൾ**

336(T784) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ മെഗാടൂറിസം പദ്ധതിയുടെ ഭാഗമായി കായംകുളം കായലോരടൂറിസം പദ്ധതികൾ അവസാനഘട്ടത്തിലായിട്ടും വൈദ്യുതി കണക്ഷൻ ലഭിച്ചിട്ടില്ലെന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എങ്കിൽ ഇതിന്റെ കാരണം എന്താണെന്ന് വ്യക്തമാക്കാമോ; വൈദ്യുതി കണക്ഷൻ അടക്കമുള്ള സംവിധാനങ്ങൾ ഒരുക്കി കായലോരടൂറിസം പദ്ധതി നാടിനു സമർപ്പിക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പദ്ധതി പ്രദേശത്തുള്ള കെട്ടിടങ്ങൾക്ക് മുനിസിപ്പാലിറ്റിയിൽനിന്നും നമ്പർ ലഭിക്കാത്തതിനാലാണ് വൈദ്യുതി കണക്ഷൻ ലഭ്യമാക്കാൻ സാധിക്കാത്തത്. കെട്ടിട നമ്പർ കിട്ടുന്ന മുറയ്ക്ക് വൈദ്യുതി കണക്ഷൻ ലഭ്യമാക്കി പദ്ധതി നാടിന് സമർപ്പിക്കാൻ കഴിയും.

**അഡോപ്റ്റ് എ ഹെറിറ്റേജ് പദ്ധതി**

337(785) ശ്രീ. കെ. ജെ. മാക്സി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) രാജ്യത്തെ ചരിത്ര പ്രാധാന്യമുള്ള സ്മാരകങ്ങളേയും പൈതൃക സ്ഥാപനങ്ങളേയും 'അഡോപ്റ്റ് എ ഹെറിറ്റേജ്' പദ്ധതിയിലുൾപ്പെടുത്തി പരിപാലിക്കുന്നതിന് സ്വകാര്യ ഏജൻസികളെ ഏൽപ്പിക്കുവാൻ കേന്ദ്ര സർക്കാർ തീരുമാനിച്ചത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) കൊച്ചിയിലെ മട്ടാഞ്ചേരി ഡച്ച് കൊട്ടാരം ഉൾപ്പെടെയുള്ള പൈതൃക സ്മാരകങ്ങളെ ഇത്തരത്തിൽ സ്വകാര്യ ഏജൻസികൾക്ക് കൈമാറാനുള്ള നീക്കത്തിൽ സംസ്ഥാനത്തിന്റെ എതിർപ്പ് കേന്ദ്ര സർക്കാരിനെ അറിയിച്ചിട്ടുണ്ടോ;

(സി) കേരളത്തിലെ ഏതെല്ലാം പൈതൃക സ്മാരകങ്ങളെയാണ് 'അഡോപ്റ്റ് എ ഹെറിറ്റേജ്' പദ്ധതിയിലുൾപ്പെടുത്തി പരിപാലിക്കുന്നതിന് സ്വകാര്യ ഏജൻസികൾക്ക് കൈമാറാനുദ്ദേശിക്കുന്നതെന്നറിയാമോ; വിശദമാക്കുമോ?

---

T മാറ്റിവച്ച ചോദ്യത്തെ സൂചിപ്പിക്കുന്നു

ഉത്തരം

(എ) ഉണ്ട്

(ബി & സി) സംസ്ഥാന സർക്കാരിന്റെ അധീനതയിലുള്ള ഒരു സ്ഥാപനവും സ്വകാര്യ ഏജൻസികൾക്ക് കൈമാറാൻ ഉദ്ദേശിക്കുന്നില്ല.

## ടൂറിസം വരുമാനത്തിൽ ജി.എസ്.ടി. വരുത്തിയ ഇടിവ്

338(786) ശ്രീ. എം. രാജഗോപാലൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ജി.എസ്.ടി. നടപ്പിലാക്കുക വഴി കേരളത്തിലെ ടൂറിസം മേഖലയിലെ വരുമാനത്തിൽ ഇടിവുണ്ടായിട്ടുണ്ടോ; ഇത് നിലവിൽ വന്നതോടെ ടൂറിസം മേഖലയിലെ വളർച്ചയിൽ എത്ര ശതമാനത്തിന്റെ ഇടിവുണ്ടായിട്ടുണ്ടെന്നും വ്യക്തമാക്കാമോ?

ഉത്തരം

ചരക്കുസേവന നികുതി നടപ്പാക്കിയ 2017 ജൂലൈ മാസം വിദേശ/ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നെങ്കിലും തുടർന്നുള്ള ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ കുറവ് രേഖപ്പെടുത്തിയിരുന്നു. പ്രസ്തുത മൂന്ന് മാസങ്ങളിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വന്ന കുറവ് വിദേശനാണ്യ വരുമാനത്തിലും പ്രതിഫലിച്ചിരുന്നു. എന്നാൽ 2017 വർഷാവസാനം 2016-നെ അപേക്ഷിച്ച് ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ യഥാക്രമം 11.39%-ഉം 5.15%-ഉം വിദേശനാണ്യ വരുമാനത്തിൽ 8.29%-ഉം ടൂറിസം മേഖലയിലുണ്ടായ മൊത്തം വരുമാനത്തിൽ 12.56%-ഉം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

## ചരക്ക് സേവന നികുതിമൂലം വിനോദ സഞ്ചാരമേഖലയിലുണ്ടായ പ്രതിസന്ധി

339(787) ശ്രീ. ഷാഫി പറമ്പിൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചരക്ക് സേവന നികുതി വിനോദ സഞ്ചാരമേഖലയിൽ എന്തെങ്കിലും പ്രതിസന്ധി സൃഷ്ടിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ;

(ബി) ഇതുമൂലം സംസ്ഥാനത്തെത്തുന്ന വിനോദസഞ്ചാരികളുടെ എണ്ണത്തിൽ എന്തെങ്കിലും കുറവുണ്ടായതായി കണ്ടെത്തിയിട്ടുണ്ടോ;

(സി) ചരക്ക് സേവന നികുതി സംബന്ധിച്ചുള്ള വിനോദ സഞ്ചാരമേഖലയിലെ ആശങ്കകൾ കേന്ദ്രസർക്കാരിന്റെ ശ്രദ്ധയിൽ പ്പെടുത്തിയിട്ടുണ്ടോ; എങ്കിൽ ആശങ്ക പരിഹരിക്കുന്നതിന് കേന്ദ്ര സർക്കാർ ഇതിനകം സ്വീകരിച്ച നടപടികൾ എന്തൊക്കെയാണെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ&ബി) ചരക്കുസേവന നികുതി നടപ്പാക്കിയ 2017 ജൂലൈ മാസം വിദേശ/ആഭ്യന്തര വിനോദ സഞ്ചാരികളുടെ എണ്ണത്തിൽ വർദ്ധനവ് രേഖപ്പെടുത്തിയിരുന്നെങ്കിലും തുടർന്നുള്ള ആഗസ്റ്റ്, സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ യഥാക്രമം -9.05%, -12.62%, -3.14% എന്ന നെഗറ്റീവ് വളർച്ച നിരക്കും 2017 സെപ്റ്റംബർ, ഒക്ടോബർ മാസങ്ങളിൽ ആഭ്യന്തര വിനോദസഞ്ചാരികളുടെ എണ്ണത്തിൽ മുൻവർഷം ഇതേ കാലയളവിനെ അപേക്ഷിച്ച് വളർച്ചാ നിരക്കിൽ കുറവും രേഖപ്പെടുത്തുകയുണ്ടായി. പ്രസ്തുത മൂന്ന് മാസങ്ങളിൽ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ വന്ന കുറവ് വിദേശ നാണ്യ വരുമാനത്തിലും പ്രതിഫലിച്ചിരുന്നു. എന്നാൽ 2017 വർഷാവസാനം 2016-നെ അപേക്ഷിച്ച് ആഭ്യന്തര/വിദേശ വിനോദസഞ്ചാരികളുടെ എണ്ണത്തിൽ യഥാക്രമം 11.39%-ഉം 5.15%-ഉം വിദേശ നാണ്യ വരുമാനത്തിൽ 8.29%-ഉം ടൂറിസം മേഖലയിലുണ്ടായ മൊത്തം വരുമാനത്തിൽ 12.56%-ഉം വർദ്ധനവ് രേഖപ്പെടുത്തിയിട്ടുണ്ട്.

(സി) ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. അനുകൂലമായ തീരുമാനം കേന്ദ്ര സർക്കാർ കൈക്കൊണ്ടിട്ടില്ല.

**താൽക്കാലിക ലൈഫ് ഗാർഡ്**

340(788) ശ്രീ. വി. കെ. സി. മമ്മത് കോയ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ടൂറിസം വകുപ്പിന് കീഴിൽ ലൈഫ് ഗാർഡായി താല്ക്കാലിക അടിസ്ഥാനത്തിൽ ജോലി ചെയ്യുന്ന എത്ര ആളുകളുണ്ടെന്ന് വിശദമാക്കാമോ;

(ബി) വർഷങ്ങളായി വലിയ ബുദ്ധിമുട്ടുകൾ സഹിച്ച് ജോലി ചെയ്യുന്ന ഈ ജീവനക്കാർക്ക് സ്ഥിരനിയമനം നൽകുന്നതിന് നടപടി സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) ടൂറിസം വകുപ്പിന് കീഴിൽ ലൈഫ് ഗാർഡായി ആകെ 168 പേർ താല്ക്കാലിക അടിസ്ഥാനത്തിൽ കേരളത്തിലെ വിവിധ ബീച്ചുകളിൽ ജോലി ചെയ്തുവരുന്നു. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| | |
|---|---|
| തിരുവനന്തപുരം ജില്ല | -79 |
| കൊല്ലം ജില്ല | - 10 |
| ആലപ്പുഴ ജില്ല | - 10 |
| എറണാകുളം ജില്ല | - 23 |
| തൃശ്ശൂർ ജില്ല | - 8 |
| മലപ്പുറം ജില്ല | - 8 |
| കോഴിക്കോട് ജില്ല | - 10 |
| കണ്ണൂർ ജില്ല | - 14 |
| കാസർഗോഡ് ജില്ല | -4 |
| വയനാട് ജില്ല | -2 |

(ബി) ദിവസ വേതനാടിസ്ഥാനത്തിൽ ജോലി ചെയ്തുവരുന്ന ജീവനക്കാരെ നിലവിലെ ചട്ടങ്ങൾ പ്രകാരവും ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ഫുൾ ബഞ്ച് സ്റ്റേറ്റ് ഓഫ് കർണ്ണാടക Vs ഉമാദേവി (2006) കേസിൽ പുറപ്പെടുവിച്ച വിധിയുടെ വെളിച്ചത്തിലും സ്ഥിരനിയമനം നൽകാൻ വ്യവസ്ഥയില്ല.

## നെഹ്റു പാർക്കിന്റെ നവീകരണം

341(789) <u>ശ്രീ. മുരളി പെരുനെല്ലി</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം മണലൂർ മണ്ഡലത്തിലെ വെങ്കിടങ്ങ് പഞ്ചായത്തിലെ വിനോദസഞ്ചാര വകുപ്പിന്റെ അധീനതയിലുള്ള ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട് എന്തെല്ലാം പ്രവൃത്തികൾ ചെയ്യുകയുണ്ടായി എന്ന് വ്യക്തമാക്കാമോ;

(ബി) ഈ പാർക്കിന്റെ എൻട്രി ഏരിയ, എൻട്രൻസ് ഗേറ്റ്, എൻട്രൻസ് പ്ലാസ, ടോയ് ലെറ്റ്, പവലിയൻ, കഫറ്റേരിയ, സീറ്റിംഗ് അറേഞ്ച്മെന്റ്, ട്രീ പ്ലാസ, സെൻട്രൽ പ്ലാസ എന്നീ പ്രവൃത്തികളിൽ ഏതെല്ലാം പൂർത്തീകരിച്ചുവെന്ന് അറിയിക്കാമോ;

(സി) അവശേഷിക്കുന്ന പ്രവൃത്തികൾ അടിയന്തരമായി പൂർത്തീകരിക്കാൻ എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ-സി) ഏനാമാവ് നെഹ്റു പാർക്കിന്റെ നവീകരണവുമായി ബന്ധപ്പെട്ട് കുട്ടികളുടെ പാർക്ക് സ്ഥാപിക്കുന്നത് സംബന്ധിച്ച് 25 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. എന്നാൽ പ്രസ്തുത ഘടകങ്ങളുടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. ഈ പാർക്കിന്റെ സമഗ്ര വികസനത്തിനായി ഒരു പദ്ധതി തയ്യാറാക്കുവാൻ തൃശ്ശൂർ ഡി.റ്റി.പി.സി, തൃശ്ശൂർ ജില്ലാ നിർമ്മിതി കേന്ദ്രത്തെ ചുമതലപ്പെടുത്തുകയും ഇതുസംബന്ധിച്ചുള്ള നടപടി പുരോഗതിയിലുമാണ്. പദ്ധതി പ്രൊപ്പോസൽ ലഭ്യമാകുന്ന മുറയ്ക്ക് ആവശ്യമായ പരിശോധനയ്ക്കുശേഷം ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## വയനാട് ജില്ലയ്ക്കായി പ്രഖ്യാപിച്ച ടൂറിസം പ്രോജക്ടുകൾ

342(790) <u>ശ്രീ. സി. കെ. ശശീന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വയനാട് ജില്ലയ്ക്കായി പ്രഖ്യാപിച്ച ടൂറിസം പ്രോജക്ടുകൾ ഏതൊക്കെയാണെന്ന് വിശദമാക്കാമോ;

(ബി) ഈ പ്രോജക്ടുകളിൽ എത്ര എണ്ണം ആരംഭിക്കാനായി;അവയുടെ നിലവിലെ അവസ്ഥ വിശദീകരിക്കാമോ;

(സി) ഇതുവരെ ആരംഭിക്കാത്ത പദ്ധതികൾ ഉടൻ ആരംഭിക്കുന്നതിനും പൂർത്തീകരിക്കുന്നതിനും സ്വീകരിക്കുന്ന നടപടികൾ വ്യക്തമാക്കാമോ;

<u>ഉത്തരം</u>

(എ& ബി) അനുബന്ധമായി ചേർക്കുന്നു.*

(സി) പരിശോധിച്ചുവരുന്നു.

## മലബാർ റിവർ ഫെസ്റ്റ്

343(791) <u>ശ്രീ. ജോർജ് എം. തോമസ്</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന മലബാർ റിവർ ഫെസ്റ്റിവൽ 2018-ന്റെ ഈ വർഷത്തെ പരിപാടികളുടെ വിശദാംശം ലഭ്യമാക്കുമോ;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) റിവർ ഫെസ്റ്റ് നടത്തുന്നതിന് ടൂറിസം വകുപ്പ് എത്ര തുകയാണ് ചെലവഴിക്കാനുദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ ;

(സി) മലബാർ റിവർ ഫെസ്റ്റിന് ആവശ്യമായ ഫണ്ട് അനുവദിക്കുന്നതിനും ഈ ഫെസ്റ്റ് ടൂറിസം വകുപ്പ് നേരിട്ട് നടത്തുന്നതിനും നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) സാഹസിക വിനോദസഞ്ചാരം പ്രോത്സാഹിപ്പിക്കുന്നതിന്റെ ഭാഗമായി നടത്തുന്ന മലബാർ റിവർ കയാക്ക് വേൾഡ് ചാമ്പ്യൻഷിപ്പ് 2018, 19-7-2018 മുതൽ 22-7-2018 വരെ കോഴിക്കോട് മീൻതുള്ളിപ്പാറ, ഇരുവഞ്ചിപ്പുഴ എന്നിവിടങ്ങളിൽ നടക്കും. കോഴിക്കോട് ഡി.റ്റി.പി.സി.-യും മദ്രാസ് ഫൺ വേൾഡ് എന്ന സംഘടനയും ചേർന്ന് ഇന്റർനാഷണൽ കനോക്ക് ഫെഡറേഷന്റെ സഹകരണത്തോടെ ടൂറിസം വകുപ്പിന്റെ സ്പോൺസർഷിപ്പോടുകൂടിയാണ് പരിപാടി നടത്തുന്നത്.

(ബി&സി) മലബാർ റിവർ ഫെസ്റ്റിന് വിനോദസഞ്ചാര വകുപ്പ് ആകെ 20 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്. ഈ ഫെസ്റ്റ് വിനോദസഞ്ചാര വകുപ്പ് നേരിട്ട് നടത്തുന്നത് സംബന്ധിച്ച വിഷയം നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ആക്കുളം ടൂറിസ്റ്റ് വില്ലേജിലെ വികസന പദ്ധതി

344(792) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ നിലവിലെ ശോച്യാവസ്ഥ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആക്കുളം ടൂറിസ്റ്റ് വില്ലേജിൽ 2016-ൽ 4.92 കോടി രൂപയുടെ വികസന പദ്ധതികൾക്ക് ഭരണാനുമതി നൽകിയിരുന്നോ; പ്രസ്തുത തുക വിനിയോഗിച്ച് ആക്കുളത്ത് നടപ്പിലാക്കിയ വികസന പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കുമോ;

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആക്കുളത്തിനായി ആവിഷ്കരിച്ച പദ്ധതികളുടെ നിലവിലെ സ്ഥിതി വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ സൗന്ദര്യവത്കരണത്തിന്റെ ഭാഗമായുള്ള നവീകരണ പ്രവർത്തനങ്ങൾ നടന്നുവരുന്നു.

(ബി) 2016-ൽ 4.93 കോടി രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്. അതിൻപ്രകാരം പാർക്കിംഗ് & ചുറ്റുമതിൽ നിർമ്മാണം, ഓഫീസ് ബിൽഡിംഗിന്റെ നിർമ്മാണം, മ്യൂസിക്കൽ ഫൗണ്ടൻ ബിൽഡിംഗിന്റെ മേൽക്കൂരയുടെ നവീകരണം, കുളത്തിന്റെ നവീകരണം, ഹിൽടോപ്പിലേക്കുള്ള പടവുകളുടെയും കൈവരികളുടെയും നിർമ്മാണം, യോഗ ബിൽഡിംഗിന്റെ നവീകരണം, റസ്റ്റോറന്റ് കെട്ടിടത്തിന്റെ നവീകരണം, കളി ഉപകരണങ്ങൾ സ്ഥാപിക്കൽ, ലാൻഡ് സ്കേപ്പിംഗ് എന്നീ പ്രവൃത്തികൾ നടന്നുവരുന്നു.

(സി) ജില്ലാ ടൂറിസം പ്രൊമോഷൻ കൗൺസിൽ ആക്കുളത്ത് പദ്ധതികൾ ആവിഷ്കരിച്ചിട്ടില്ല. ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള നിലവിലെ പദ്ധതി പ്രകാരം പുതിയ കളിക്കോപ്പുകൾ സ്ഥാപിച്ചുവരുന്നു. റെസ്റ്റോറന്റ് കെട്ടിട നവീകരണം, ടൂറിസ്റ്റ് വില്ലേജിന്റെ ചുറ്റുമതിൽ നിർമ്മാണം, ചിൽഡ്രൻസ് പാർക്കിന് സമീപമുള്ള കുളത്തിന്റെ നവീകരണം, ആക്കുളം ടൂറിസ്റ്റ് വില്ലേജിന്റെ മുന്നിലൂടെ കടന്നുപോകുന്ന റോഡിലും കായലിനോട് ചേർന്നുള്ള നടപ്പാതയിലും മിനി ഹൈമാസ്റ്റ് ലൈറ്റുകൾ ഉൾപ്പെടുത്തിയുള്ള പ്രകാശ സംവിധാനം എന്നിവ സ്ഥാപിക്കുന്ന പണികൾ പുരോഗമിച്ചുവരുന്നു.

**ഇടുക്കി നിയോജകമണ്ഡലത്തിലെ ടൂറിസം പദ്ധതികൾ**

345(793) <u>ശ്രീ. റോഷി അഗസ്റ്റിൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഇടുക്കി നിയോജകമണ്ഡലത്തിൽ വിനോദസഞ്ചാരവകുപ്പ് നടപ്പിലാക്കിയതും നടപ്പിലാക്കുന്നതുമായ പദ്ധതികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കാമോ;

(ബി) പ്രസ്തുത പദ്ധതികൾ ഓരോന്നിന്റേയും വിശദ വിവരം ലഭ്യമാക്കാമോ?

<u>ഉത്തരം</u>

(എ&ബി) പദ്ധതി സംബന്ധിച്ച വിവരം അനുബന്ധമായി ചേർക്കുന്നു.*

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ചടയമംഗലം ജഡായു ടൂറിസം പദ്ധതി

346(794) ശ്രീ. മുല്ലക്കര രത്നാകരൻ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

ചടയമംഗലം ജഡായു ടൂറിസം പദ്ധതിയ്ക്ക് ഇതുവരെ സർക്കാർ എത്ര തുക ചെലവഴിച്ചുവെന്ന് വ്യക്തമാക്കാമോ; ജഡായു ടൂറിസം പദ്ധതിയുടെ ആരംഭം മുതൽ സർക്കാർ ഇതോടനുബന്ധിച്ച് അനുവദിച്ചിട്ടുള്ള തുകയുടെ വിശദാംശങ്ങൾ വർഷങ്ങൾ രേഖപ്പെടുത്തി ലഭ്യമാക്കാമോ?

### ഉത്തരം

ജഡായുപാറ ടൂറിസം പദ്ധതിയിൽ നാളിതുവരെ സർക്കാർ അനുവദിച്ച തുകകൾ സംബന്ധിച്ച വിവരം താഴെപ്പറയുന്നു:

1. ജഡായുപാറയിലെ ശില്പ നിർമ്മാണത്തിനായി 4-3-2006-ലെ G.O(Rt)No.1640/06/TSM നമ്പർ സർക്കാർ ഉത്തരവിൻപ്രകാരം 85,11,999 രൂപ അനുവദിച്ചിരുന്നു.

2. 30-1-18-ലെ സ.ഉ.(സാധാ) നമ്പർ 66/2018 ടൂറിസം ഉത്തരവ് പ്രകാരം ജഡായു നേച്ചർ പാർക്കുമായി ബന്ധിപ്പിക്കുന്ന റോഡ് നിർമ്മാണത്തിന് 5,04,33,371 രൂപ അനുവദിച്ചു.

3. 26-9-2017-ലെ G.O(Rt) No. 472/2017 ടൂറിസം ഉത്തരവ് പ്രകാരം ജഡായു നേച്ചർ പാർക്കുമായി ബന്ധിപ്പിക്കുന്ന റോഡിന്റെ സുരക്ഷാ സംവിധാനത്തിനും ട്രെയിനേജ് സംവിധാനത്തിനും 3,35,00,000 രൂപ അനുവദിച്ചു.

4. 25-3-2017-ലെ G.O(Rt) No.154/2017/TSM നമ്പർ ഉത്തരവ് പ്രകാരം ആയൂർ സബ് സ്റ്റേഷൻ മുതൽ ജഡായു നേച്ചർ പാർക്കുവരെയുള്ള എ.ബി.സി. ലൈൻ വർക്കിനു 1,75,11,457 രൂപ അനുവദിച്ചു.

## മണിയാർ ടൂറിസം പദ്ധതി

347(795) ശ്രീ. രാജു എബ്രഹാം: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണിയാർ ഡാം കേന്ദ്രീകരിച്ച് നടപ്പാക്കുന്ന പുതിയ ടൂറിസം പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ;

(ബി) പ്രസ്തുത പദ്ധതിയുടെ നടത്തിപ്പിനായി എന്തെല്ലാം നടപടികളാണ് ആരംഭിച്ചതെന്നും ഇനി എന്തെല്ലാം നടപടികളാണ് പൂർത്തീകരിക്കാനുള്ളത് എന്നും വിശദമാക്കാമോ ;

(സി) നടപടികൾ പൂർത്തീകരിച്ച് നിർമ്മാണപ്രവർത്തനങ്ങൾ എന്ന് ആരംഭിക്കാനാകുമെന്ന അറിയിക്കാമോ ;

(ഡി) പ്രസ്തുത പദ്ധതിക്കായി സർക്കാർ ചെലവഴിക്കുന്ന തുക എത്ര എന്ന് അറിയിക്കാമോ?

<u>ഉത്തരം</u>

(എ-ഡി) കിഫ്ബിയിൽ സമർപ്പിക്കുന്നതിനായി ഒരു പദ്ധതി തയ്യാറാക്കിയിരുന്നുവെങ്കിലും പരിഗണിക്കപ്പെട്ടുകയുണ്ടായില്ല. ഈ സാഹചര്യത്തിൽ പ്രസ്തുത പ്രദേശത്ത് മറ്റൊരു പദ്ധതി രൂപരേഖ തയ്യാറാക്കുന്ന നടപടി പുരോഗതിയിലാണ്.

**ബേക്കൽ സൗത്ത് ബീച്ച് പാർക്ക് നവീകരണം**

348(796) <u>ശ്രീ. കെ. കുഞ്ഞിരാമൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബി.ആർ.ഡി.സി. നടപ്പിലാക്കുന്ന ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) ഈ പാർക്കിന് നാളിതുവരെയായി എത്ര രൂപ ചെലവഴിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(സി) ഈ പാർക്കിൽനിന്ന് ബി.ആർ.ഡി.സി.-യ്ക്ക് എത്ര രൂപ വരുമാനം ലഭിച്ചിട്ടുണ്ട്; വിശദാംശങ്ങൾ അറിയിക്കാമോ;

(ഡി) 2017 നവംബർ മാസത്തിൽ ടൂറിസം സെക്രട്ടറിയുടെ സാന്നിദ്ധ്യത്തിൽ കാസർഗോഡ് ജില്ലാ കളക്ടറുടെ ചേമ്പറിൽ ബി.ആർ.ഡി.സി.യുടെ പ്രവർത്തനവുമായി ബന്ധപ്പെട്ട യോഗത്തിലെ തീരുമാനപ്രകാരം ഈ പാർക്കിന്റെ പണി എന്ന് പൂർത്തീകരിക്കുമെന്നാണ് തീരുമാനം;

(ഇ) ഈ തീരുമാനം പാലിക്കാൻ ബി.ആർ.ഡി.സി.-യ്ക്ക് സാധിച്ചിട്ടുണ്ടോ; ഇല്ലെങ്കിൽ കാരണം വിശദമാക്കുമോ?

<u>ഉത്തരം</u>

(എ) നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചുവരുന്നു.

(ബി) ബേക്കൽ സൗത്ത് ബീച്ച് പാർക്കിന്റെ നിർമ്മാണത്തിനായി ടൂറിസം വകുപ്പ് രണ്ടു ഘട്ടങ്ങളിലായി 193 ലക്ഷം രൂപ അനുവദിച്ചിട്ടുണ്ട്.

(സി) നവീകരണ പ്രവൃത്തികൾ പൂർത്തിയാക്കി വിനോദസഞ്ചാരികളുടെ ഉപയോഗത്തിന് തുറന്നുകൊടുക്കാത്തതിനാൽ ബേക്കൽ ബീച്ച് പാർക്കിൽനിന്നും ഇതുവരെ വരുമാനമൊന്നും ലഭിച്ചിട്ടില്ല.

(ഡി&ഇ) നവീകരണ പ്രവൃത്തികൾ മാർച്ച് 2018-ഓടെ പൂർത്തീകരിക്കാനുള്ള നടപടി സ്വീകരിക്കുമെന്നായിരുന്നു തീരുമാനം. ഇതിനായി കിറ്റ്കോ വഴി റീടെണ്ടർ നടപടികൾ പൂർത്തിയാക്കി പ്രവൃത്തികൾ ആരംഭിച്ചു. നവീകരണ പ്രവൃത്തി മണപ്പുറം കൺസ്ട്രക്ഷൻ ആൻഡ് പ്രോപ്പർട്ടീസ് ലിമിറ്റഡ്, തൃശ്ശൂർ എന്ന സ്ഥാപനത്തിന് നൽകി. നവീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചു വരുന്നുവെങ്കിലും നിർമ്മാണ സാമഗ്രികളുടെ ദൗർലഭ്യം കാരണം പദ്ധതി വൈകുന്നതായി കിറ്റ്കോ അറിയിച്ചിട്ടുള്ളതായും ജൂൺ മാസത്തോടുകൂടി ഈ പ്രവൃത്തി പൂർത്തീകരിക്കുമെന്ന് കിറ്റ്കോ ഉറപ്പുനൽകിയിട്ടുള്ളതായും ബി.ആർ.ഡി.സി. അറിയിച്ചിട്ടുണ്ട്.

## മലപ്പുറം ജില്ലയിലെ ടൂറിസം പദ്ധതികൾ

349(797) <u>ശ്രീ. ടി. വി. ഇബ്രാഹിം</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരമേറ്റശേഷം മലപ്പുറം ജില്ലയിൽ പുതിയ ടൂറിസം പദ്ധതികൾ തയ്യാറാക്കിയിട്ടുണ്ടോ; വിശദാംശങ്ങൾ അറിയിക്കാമോ;

(ബി) കൊണ്ടോട്ടി മണ്ഡലത്തിൽ നെടിയിരുപ്പ് സ്വരൂപം ടൂറിസം പദ്ധതി നടപ്പാക്കുന്ന കാര്യം പരിഗണനയിലുണ്ടോ;

(സി) എങ്കിൽ ഇതിന് വേണ്ടി ചെയ്ത കാര്യങ്ങൾ വിശദമാക്കാമോ;

(ഡി) മലപ്പുറം ജില്ലാ പദ്ധതിയിൽ ഉൾപ്പെട്ട ടൂറിസം പദ്ധതികൾ ഏതെല്ലാമാണ് ; ഇവയുടെ തുടർപ്രവർത്തനം വിശദമാക്കാമോ?

ഉത്തരം

(എ) പദ്ധതി വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു.*

(ബി&സി) പരിശോധനയിലാണ്.

(ഡി) നാടുകാണി, വഴികടവ്, നിലമ്പൂർ, ആഢ്യൻപാറ, കേരളാംകുണ്ട്, കൊടികുത്തിമല പ്രദേശങ്ങളെ ഉൾപ്പെടുത്തിക്കൊണ്ടുള്ള മലയോര ടൂറിസം സർക്യൂട്ട് രൂപീകരിക്കുന്നതിനുള്ള പദ്ധതിയാണ് നിലവിൽ ഉൾപ്പെടുത്തിയിട്ടുള്ളത്.

**കോതമംഗലം മണ്ഡലത്തിലെ ടൂറിസം സാധ്യത**

350(798) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിൽ ടൂറിസം സാധ്യതയുള്ള പ്രദേശങ്ങളായ പൂയംകുട്ടി, പീണ്ടിമേട് വെള്ളച്ചാട്ടം തുടങ്ങിയ പ്രദേശങ്ങളിലേക്ക് സഞ്ചാരികൾക്ക് സന്ദർശനാനുമതി ലഭിക്കുന്നില്ല എന്ന കാര്യം സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) എന്നാൽ പ്രസ്തുത സ്ഥലങ്ങളിൽ സിനിമ ഷൂട്ടിംഗുകൾക്ക് അനുമതി നല്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(സി) ഈ പ്രദേശങ്ങൾ സന്ദർശിക്കുവാൻ വിനോദസഞ്ചാരികൾക്ക് ആവശ്യമായ സുരക്ഷാസംവിധാനങ്ങൾ ഒരുക്കി വനം വകുപ്പുമായി കൂടിയാലോചിച്ച് സന്ദർശനാനുമതി നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) ഇല്ല.

(സി) വനം വകുപ്പിന്റെ നിയന്ത്രണത്തിലുള്ള പ്രദേശമായതിനാൽ വനം വകുപ്പുമായി കൂടിയാലോചിച്ച് ഇക്കാര്യത്തിൽ നടപടി സ്വീകരിക്കുന്ന കാര്യം പരിശോധിക്കാവുന്നതാണ്.

---
*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

## ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ ഓഫീസ്

351(799) ശ്രീ. കെ. കുഞ്ഞിരാമൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ബി.ആർ.ഡി.സി) ഓഫീസ് നിലവിൽ എവിടെയാണ് പ്രവർത്തിക്കുന്നത്; വിശദാംശം അറിയിക്കാമോ;

(ബി) ഭാരിച്ച തുക വാടകയിനത്തിൽ കൊടുക്കുന്നത് ഒഴിവാക്കുന്നതിനായി ബി.ആർ.ഡി.സി.-യുടെ അധീനതയിലുള്ള തണൽ വിശ്രമ കേന്ദ്രത്തിലേക്ക് പ്രസ്തുത ഓഫീസ് മാറ്റിസ്ഥാപിക്കണമെന്ന ബന്ധപ്പെട്ടവരുടെ നിർദ്ദേശം പാലിക്കപ്പെട്ടിട്ടുണ്ടോ; വിശദാംശം അറിയിക്കാമോ?

ഉത്തരം

(എ) കാസർഗോഡ് ജില്ലയിൽ ബേക്കൽ റിസോർട്ട് ഡെവലപ്മെന്റ് കോർപ്പറേഷന്റെ (ബി.ആർ.ഡി.സി.) ഓഫീസ് 2008 ഡിസംബർ 15 മുതൽ ബേക്കൽ പാലക്കുന്നിലെ കെ.വി.എസ്. ഹൈപ്പർ മാർക്കറ്റ് എന്ന ബിൽഡിംഗിലാണ് പ്രവർത്തിക്കുന്നത്.

(ബി) 1998-ൽ ബേക്കൽ സന്ദർശിക്കുന്ന സഞ്ചാരികൾക്ക് പ്രാഥമിക സൗകര്യങ്ങൾ ലഭ്യമാക്കുന്നതിനുവേണ്ടിയാണ് തണൽ വിശ്രമകേന്ദ്രം പ്രവർത്തനം ആരംഭിച്ചത്. 1-5-2003 മുതൽ 15-12-2008 വരെയുള്ള കാലയളവിൽ ബി.ആർ.ഡി.സി.-യുടെ പ്രോജക്ട് ഓഫീസ് ഇവിടെ പ്രവർത്തിച്ചിരുന്നു. കെട്ടിടങ്ങൾ നവീകരിച്ച് താമസ സൗകര്യങ്ങളും കൂടി ഒരുക്കി 2008 മുതൽ 2015 ഡിസംബർ വരെ ലീസിന് നൽകിയിരുന്നു. ഓഫീസ് മുറികളെ വിഭജിച്ച് താമസ സൗകര്യത്തിനുള്ള ചെറിയ റൂമുകളാക്കി മാറ്റിയാണ് പ്രവർത്തിച്ചിരുന്നത്. നിലവിൽ ഈ കെട്ടിടങ്ങൾ ഓഫീസ് ആയി പ്രവർത്തിക്കുന്നതിന് അനുയോജ്യമല്ല. കൂടാതെ വിശ്രമകേന്ദ്രം ലീസിന് നൽകുക വഴി ശരാശരി 1 ലക്ഷം രൂപയോളം പ്രതിമാസം വാടക ഇനത്തിൽ ബി.ആർ.ഡി.സി.-ക്ക് വരുമാനം ലഭിക്കുകയുണ്ടായി. നിലവിൽ കെ.വി.എസ്. ഹൈപ്പർ മാർക്കറ്റിൽ പ്രവർത്തിക്കുന്ന ബി.ആർ.ഡി.സി. ഓഫീസിന് മാസം 19,500 രൂപ മാത്രമാണ് വാടകയിനത്തിൽ നൽകുന്നത്. കരാർ കാലാവധി അവസാനിച്ചതിനെ തുടർന്ന് 2016-ൽ പുനർലേലം ചെയ്തുവെങ്കിലും ബിൽഡിംഗ് നമ്പരില്ലാത്തതിനാൽ പുതിയ നടത്തിപ്പുകാരെ കണ്ടെത്താൻ കഴിഞ്ഞില്ല. തുടർ ശ്രമങ്ങളുടെ ഫലമായി ഇപ്പോൾ കെട്ടിടത്തിന് താത്കാലിക നമ്പർ ലഭ്യമായിട്ടുണ്ട്. തണൽ വിശ്രമകേന്ദ്രം എത്രയും പെട്ടെന്ന് പ്രവർത്തനക്ഷമമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

## കണ്ടശ്ശാം കടവ് ടൂറിസം പദ്ധതി

352(800) ശ്രീ. മുരളി പെരുനെല്ലി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മണലൂർ മണ്ഡലത്തിലെ കണ്ടശ്ശാം കടവ് ജലോത്സവം നടക്കുന്ന കനോലി കനാലും പരിസര പ്രദേശങ്ങളും ടൂറിസ്റ്റുകളുടെ ആകർഷണകേന്ദ്രമാണെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) പ്രസ്തുത ജലോത്സവം നടക്കുന്ന സ്ഥലത്തെ പവലിയന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട് ടൂറിസം വകുപ്പ് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് അറിയിക്കാമോ;

(സി) ഈ സ്ഥലം കൂടുതൽ ആകർഷകമാക്കുന്നതിനും ടൂറിസ്റ്റുകൾക്ക് അടിസ്ഥാന സൗകര്യങ്ങളൊരുക്കുന്നതിനും ഏതെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശങ്ങൾ നൽകാമോ?

ഉത്തരം

(എ) ഉണ്ട്.

(ബി) പവലിയൻ നിർമ്മാണവുമായി ബന്ധപ്പെട്ട് ഒരു കോടി രൂപ ചെലവ് വരുന്ന പദ്ധതിക്ക് ഭരണാനുമതി നൽകുകയും പദ്ധതി പൂർത്തീകരിക്കുകയും ചെയ്തു.

(സി) മേൽപ്പറഞ്ഞ ഒരു കോടി രൂപ ചെലവ് വരുന്ന പദ്ധതിയിൽപ്പെടുത്തി കുട്ടികളുടെ പാർക്ക്, ടോയ്‌ലറ്റ്, ലാൻഡ് സ്കേപ്പിംഗ് തുടങ്ങി ഘടകങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. ഭൂമി ലഭ്യമാകുന്ന മുറയ്ക്ക് പുതിയ പദ്ധതികൾ ആവിഷ്കരിക്കാവുന്നതാണ്.

## വൈപ്പിൻ ബീച്ചുകളിലെ അടിസ്ഥാന സൗകര്യം

353(801) ശ്രീ. എസ്. ശർമ്മ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) വൈപ്പിൻ മുതൽ മുനമ്പം വരെയുള്ള ഒൻപത് ബീച്ചുകളിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്ന 450 ലക്ഷം രൂപയുടെ പ്രവൃത്തികളുടെ പുരോഗതി വിശദമാക്കാമോ;

(ബി) പ്രവൃത്തികൾ എന്നത്തേക്ക് ആരംഭിക്കാനാകുമെന്ന് വ്യക്തമാക്കാമോ;

(സി) പ്രസ്തുത പ്രവൃത്തി നടപ്പാക്കുന്നതിൽ ഏതെങ്കിലും തരത്തിലുള്ള തടസ്സങ്ങളുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) പദ്ധതി നിർവ്വഹണം നടത്തുന്നത് ഹാർബർ എഞ്ചിനീയറിംഗ് വകുപ്പ് മുഖാന്തരമാണ്. ആയതിനായി ഹാർബർ എഞ്ചിനീയറിംഗ് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. പ്രസ്തുത വകുപ്പ് പദ്ധതിക്ക് സാങ്കേതികാനുമതി നൽകുന്നതിനുള്ള പ്രവൃത്തികൾ നടത്തിവരുന്നു.

(ബി) സാങ്കേതികാനുമതിയും NOC, CRZ ക്ലീയറൻസ് എന്നിവ ലഭിക്കുന്ന മുറയ്ക്ക് പദ്ധതികളുടെ ടെണ്ടർ നടപടി ആരംഭിക്കുന്നതാണ്.

(സി) CRZ ക്ലീയറൻസ് ലഭിച്ചാലുടൻ തന്നെ പദ്ധതി ആരംഭിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

## കോതമംഗലം മണ്ഡലത്തിലെ ഭൂതത്താൻകെട്ടിൽ ടൂറിസം വികസനം

354(802) ശ്രീ. ആന്റണി ജോൺ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കോതമംഗലം മണ്ഡലത്തിലെ ടൂറിസം കേന്ദ്രമായ ഭൂതത്താൻകെട്ടിൽ ടൂറിസം വകുപ്പ് ആവിഷ്കരിച്ച് നടപ്പിലാക്കിയിട്ടുള്ള പ്രവർത്തനങ്ങൾ എന്തെല്ലാമെന്ന് വിശദീകരിക്കാമോ ;

(ബി) ഈ മേഖലയിലെ ടൂറിസം വികസനവുമായി ബന്ധപ്പെട്ട് എന്തെങ്കിലും പുതിയ പദ്ധതികൾ നടപ്പിലാക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദമാക്കാമോ?

ഉത്തരം

(എ) ടൂറിസം വകുപ്പ് നിലവിൽ "Development of Boothathankettu as a Tourist Destination in Kerala" എന്ന പദ്ധതിയാണ് പൂർത്തീകരിച്ചിരിക്കുന്നത്. അതിൽ Soft and Hard landscaping, View tower, Tree House, Play equipment, High Level Staying, Renovation of 2 cottages electrical yard lighting എന്നിവയാണ് ഉൾപ്പെട്ടിരിക്കുന്നത്. മുമ്പ് Landscaping of Bhoothathankettu എന്ന പദ്ധതി പൂർത്തീകരിച്ചിട്ടുണ്ട്. " Development of Boothathankettu" എന്ന മറ്റൊരു പദ്ധതി KTDC മുഖേന പൂർത്തീകരിച്ചിട്ടുണ്ട്.

(ബി) പുതിയ പദ്ധതികൾ സംബന്ധിച്ച പ്രൊപ്പോസലുകൾ ഒന്നും ലഭിച്ചിട്ടില്ല. ലഭിക്കുന്ന മുറയ്ക്ക് പരിശോധിച്ച് ആവശ്യമായ നടപടി സ്വീകരിക്കുന്നതാണ്.

## ശാസ്താംപാറ ടൂറിസം പദ്ധതി

355(803) ശ്രീ. ഐ. ബി. സതീഷ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശാസ്താംപാറ ടൂറിസം പദ്ധതിക്കായി പുതിയ പ്രോജക്ട് നിർദ്ദേശങ്ങൾ പരിഗണനയിലുണ്ടോയെന്നും എങ്കിൽ ആയതിന്റെ നിലവിലെ സ്ഥിതിയെന്താണെന്നും വിശദമാക്കാമോ;

(ബി) ശാസ്താംപാറ ടൂറിസം പദ്ധതിക്കായി പി.പി.പി. (പബ്ലിക് പ്രൈവറ്റ് പാർട്ടിസിപ്പേഷൻ) മാതൃക സ്വീകരിക്കാനാകുമോയെന്ന് വിശദമാക്കാമോ;

(സി) ശാസ്താംപാറ ടൂറിസം പദ്ധതിയുടെ മേൽനോട്ടത്തിനായി കേരള ടൂറിസം ഇൻഫ്രാസ്ട്രക്ചർ ലിമിറ്റഡിനെ ചുമതലപ്പെടുത്തിയിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) ശാസ്താംപാറ ഡെസ്റ്റിനേഷൻ ഡെവലപ്മെന്റ് എന്ന പദ്ധതിക്കായി ഒരു പ്രൊപ്പോസൽ ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ചുവരുന്നു.

(ബി) നിലവിൽ പരിഗണനയിലില്ല

(സി) ഇല്ല.

## ആറ്റിങ്ങൽ യാത്രി നിവാസ്

356(804) ശ്രീ. ബി. സത്യൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ യാത്രി നിവാസിനോടനുബന്ധിച്ച് ടൂറിസം പരിശീലനത്തിനായി ഇൻസ്റ്റിറ്റ്യൂട്ട് ആരംഭിക്കണമെന്ന നിവേദനം ലഭ്യമായിട്ടുണ്ടോ;

(ബി) എങ്കിൽ പ്രസ്തുത നിവേദനത്തിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ?

ഉത്തരം

(എ & ബി) ആറ്റിങ്ങൽ യാത്രീ നിവാസിൽ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഫോർ ടൂറിസം ആൻഡ് ട്രാവൽ സ്റ്റഡീസ് (കിറ്റ്സ്) മാതൃകയിൽ ടൂറിസം പരിശീലന ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കുന്നതിന് 100 ലക്ഷം രൂപ അനുവദിക്കുന്നതിന് നടപടി സ്വീകരിക്കണമെന്ന നിവേദനം ലഭിച്ചിട്ടുണ്ട്. ആയത് പരിശോധിച്ച് വരുന്നു.

## പോത്തുണ്ടി ടൂറിസം പദ്ധതി

357(805) ശ്രീ. കെ. ബാബു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നെന്മാറ നിയോജകമണ്ഡലത്തിലെ പോത്തുണ്ടി ടൂറിസം പദ്ധതിയുടെ പ്രവൃത്തികൾ ഏത് ഘട്ടംവരെയായി എന്ന് വിശദമാക്കുമോ;

(ബി) ഈ പദ്ധതി എന്ന് പൂർത്തീകരിക്കാനാണ് സർക്കാർ നിർദ്ദേശം നൽകിയിട്ടുള്ളതെന്ന് അറിയിക്കുമോ?

ഉത്തരം

(എ) പദ്ധതിയുടെ നിർമ്മാണം ആരംഭിച്ചിട്ടുണ്ട്.

(ബി) 26-9-2017-ലെ സ.ഉ(സാധ) നമ്പർ 452/2017 പ്രകാരം 18 മാസം കൊണ്ട് പൂർത്തീകരിക്കാൻ സർക്കാർ നിർദ്ദേശം നൽകിയിരുന്നു.

## കാപ്പാടിന്റെ വിനോദ സഞ്ചാര വികസനത്തിന് പദ്ധതികൾ

358(806) ശ്രീ. കെ. ദാസൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കാപ്പാട് കടൽത്തീരത്തെ ബ്ലൂഫ്ലാഗ് അക്രെഡിറ്റേഷനുവേണ്ടി പരിഗണിച്ച സാഹചര്യത്തിൽ അക്രഡിറ്റേഷൻ ലഭ്യമാക്കുന്നതിന് എന്തെല്ലാം നടപടികളാണ് കൈക്കൊണ്ടിട്ടുള്ളതെന്ന് വ്യക്തമാക്കാമോ;

(ബി) സംസ്ഥാനത്ത് ബ്ലൂഫ്ലാഗ് അക്രെഡിറ്റേഷനുവേണ്ടി പരിഗണിച്ച ഏക കടൽത്തീരമെന്ന നിലയിൽ കാപ്പാടിന്റെ വിനോദസഞ്ചാര വികസനത്തിന് എന്തെല്ലാം പുതിയ പദ്ധതികളാണ് ആവിഷ്കരിച്ച് നടപ്പിലാക്കുകയെന്ന് വിശദമാക്കാമോ;

(സി) കാപ്പാട് വിനോദ സഞ്ചാര വികസനത്തിൽ കെ.ടി.ഡി.സി. പുതുതായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ആവിഷ്കരിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) ബ്ലൂ ഫ്ലാഗ് സർട്ടിഫിക്കേഷനുവേണ്ടി നാമനിർദ്ദേശം ചെയ്യപ്പെട്ട കാപ്പാട് തീരത്ത് പ്രൊജക്ട് മാനേജ്മെന്റ് കൺസൾട്ടന്റ് ശ്രീ. സഞ്ജയ് ജല്ലയുടെ നേതൃത്വത്തിൽ 14-3-2018-ന് MLA-യുടെ സാന്നിദ്ധ്യത്തിൽ സ്ഥലം

സന്ദർശിക്കുകയും ബഹുമാനപ്പെട്ട ജില്ലാ കളക്ടറുടെ സാന്നിദ്ധ്യത്തിൽ യോഗം ചേരുകയും അക്രെഡിറ്റേഷൻ ലഭ്യമാവുന്നതിനുവേണ്ടി നടപ്പിൽ വരുത്തേണ്ട കാര്യങ്ങളെക്കുറിച്ച് പ്രാഥമിക ചർച്ചകൾ നടത്തുകയും ചെയ്തിട്ടുണ്ട്. ഇപ്രകാരം തുടർനടപടി ആവിഷ്കരിക്കുന്നത് സംബന്ധിച്ച് കാര്യങ്ങൾ പരിശോധിച്ചുവരുന്നു.

(ബി) കേന്ദ്ര സർക്കാരിന്റെ (MOEF & CC)അംഗീകാരം ലഭ്യമാകുന്ന മുറയ്ക്ക് അനുവദനീയമായിട്ടുള്ള ഘടകങ്ങൾ ഉൾപ്പെടുത്തി പദ്ധതി നടപ്പിലാക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്.

(സി) നിലവിൽ പദ്ധതികളൊന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

## കരുനാഗപ്പള്ളി കന്നേറ്റി കായലിലെ ടൂറിസം

359(807) <u>ശ്രീ. ആർ. രാമചന്ദ്രൻ</u>: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീനാരായണ ട്രോഫി ജലോത്സവം നടക്കുന്ന കരുനാഗപ്പള്ളി കന്നേറ്റി കായലിലെ ടൂറിസം കൗൺസിലിന്റെ പവലിയനിൽ എന്തെല്ലാം വികസന പ്രവർത്തനങ്ങളാണ് നടപ്പിലാക്കിയിട്ടുള്ളതെന്ന് വിശദീകരിക്കുമോ;

(ബി) ഇവിടുത്തെ ടൂറിസം സാദ്ധ്യതകൾ പരമാവധി പ്രയോജനപ്പെടുത്തുന്നതിനുവേണ്ടി അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ;

(സി) ഈ കായലോരത്തുകൂടി നടപ്പാത നിർമ്മിക്കുന്നതിന് ടൂറിസം വകുപ്പ് നടപടി സ്വീകരിക്കുമോ; വിശദീകരിക്കുമോ?

<u>ഉത്തരം</u>

(എ&ബി) കന്നേറ്റി ജലോത്സവ പവലിയനിൽ സ്ഥലപരിമിതി കാരണം പുതുതായി വികസന പ്രവർത്തനങ്ങളൊന്നും നടപ്പിലാക്കിയിട്ടില്ല. ഇവിടെ എത്തുന്ന ടൂറിസ്റ്റുകൾക്ക് ഡി.റ്റി.പി.സി. ബോട്ടിംഗ് സൗകര്യം ഏർപ്പെടുത്തിയിട്ടുണ്ട്. നിലവിൽ നടന്നുവരുന്ന വിനോദസഞ്ചാര പ്രവർത്തനങ്ങൾ പര്യാപ്തമാണ്. പുതിയ ടൂറിസം സംരംഭങ്ങൾ ആരംഭിക്കുന്നതിനു സ്ഥലത്തിന്റെ ലഭ്യതയും ഇതോടനുബന്ധിച്ചുള്ള വിവിധ വകുപ്പുകളുടെ ഉപയോഗാനുമതിയും ആവശ്യമാണ്.

(സി) നിലവിൽ പരിഗണനയിലില്ല.

## കടലുകാണിപ്പാറ ടൂറിസം പദ്ധതി

360(808) ശ്രീ. ബി. സത്യൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആറ്റിങ്ങൽ മണ്ഡലത്തിലെ പുളിമാത്ത് പഞ്ചായത്തിൽ ഉൾപ്പെട്ട കടലുകാണിപ്പാറയിൽ ടൂറിസം പദ്ധതി ആരംഭിക്കാൻ സ്വീകരിച്ച നടപടി വിശദമാക്കുമോ;

(ബി) നിരവധി പ്രാദേശിക വിനോദസഞ്ചാരികൾ പ്രതിദിനം എത്തുന്ന കടലുകാണിപ്പാറയിൽ ഏർപ്പെടുത്തിയിരുന്ന പ്രാഥമിക സൗകര്യങ്ങൾക്കുള്ള കേന്ദ്രം (അമിനിറ്റീസ് സെന്റർ) പ്രവർത്തന യോഗ്യമാണോ; വിശദമാക്കുമോ?

ഉത്തരം

(എ) അടിസ്ഥാന സൗകര്യവികസനത്തിനായി 55 ലക്ഷം രൂപയുടെ വികസന പ്രവർത്തനങ്ങൾ നടപ്പിലാക്കിയിട്ടുണ്ട്.

(ബി) മേൽപ്പറഞ്ഞ മറുപടിയുടെ അടിസ്ഥാനത്തിൽ ടൂറിസം വകുപ്പ് നടത്തിയ വികസന പദ്ധതിയിൽ അമിനിറ്റി സെന്റർ ഉൾപ്പെട്ടിട്ടില്ല.

## തുമ്പൂർമൂഴി വിനോദസഞ്ചാര കേന്ദ്രം

361(809) ശ്രീ. ബി. ഡി. ദേവസ്സി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ജലവിഭവ വകുപ്പിന്റെ ഉടമസ്ഥതയിലുള്ള തുമ്പൂർമുഴി ഗാർഡനിൽ ടൂറിസം വകുപ്പ് അനുവദിച്ച 5 കോടി രൂപയുടെ വികസന പദ്ധതികൾ നടപ്പാക്കുന്നതിന് എന്തെങ്കിലും തടസ്സങ്ങൾ നിലനിൽക്കുന്നുണ്ടോ;

(ബി) അതിരപ്പിള്ളി ടൂറിസം മേഖലയിലെ പ്രധാന ടൂറിസം സെന്ററുകളിലൊന്നായ തുമ്പൂർമുഴിയിൽ ആവശ്യമായ അടിസ്ഥാന സൗകര്യങ്ങളും വികസന പദ്ധതികളും അടിയന്തരമായി നടപ്പാക്കുന്നതിന് ആവശ്യമായ ഇടപെടലുകൾ സർക്കാർ സ്വീകരിക്കുമോ;

(സി) ഇവിടുത്തെ വികസന പ്രവർത്തനങ്ങൾ ഏത് ഘട്ടത്തിലാണെന്ന് അറിയിക്കുമോ?

<u>ഉത്തരം</u>

(എ) തുമ്പൂർമൂഴി ടൂറിസം പ്രോജക്ട് തൃശ്ശൂർ ഫേസ്-II പദ്ധതിക്ക് 2017-ൽ 4 കോടി രൂപയുടെ ഭരണാനുമതി ലഭ്യമാക്കുകയും സർക്കാരിന്റെ അംഗീകൃത അക്രെഡിറ്റഡ് ഏജൻസിയായ കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡിന് പദ്ധതി നടത്തിപ്പിനായി ആദ്യഗഡുവായി 3,18,18,868 (മൂന്ന് കോടി പതിനെട്ട് ലക്ഷത്തി പതിനെട്ടായിരത്തി എണ്ണൂറ്റി അറുപത്തിയെട്ട്) രൂപ നൽകുകയും ചെയ്തിട്ടുണ്ട്. ജലവിഭവ വകുപ്പിൽനിന്നും എൻ.ഒ.സി. ലഭിച്ചിട്ടില്ലാത്തത് കാരണം പദ്ധതി പ്രവർത്തനം ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല.

(ബി) സ്വീകരിക്കുന്നതാണ്.

(സി) തുമ്പൂർമൂഴി വികസനം രണ്ടാം ഘട്ടം ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. ജലവിഭവ വകുപ്പിൽനിന്നും എൻ.ഒ.സി. ലഭിച്ചിട്ടില്ലാത്തതിനാൽ പദ്ധതി പ്രവർത്തനം ആരംഭിക്കാൻ സാധിച്ചിട്ടില്ല. " അതിരപ്പിള്ളി ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ" ടെണ്ടർ നടപടികൾ പൂർത്തീകരിച്ചു. പദ്ധതി പ്രവർത്തനം ആരംഭിക്കുന്നതാണ്.

**അരുവിപ്പുറത്തെ ടൂറിസം പദ്ധതികൾ**

362(810) <u>ശ്രീ. സി. കെ. ഹരീന്ദ്രൻ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) നവോത്ഥാന കേന്ദ്രമായ അരുവിപ്പുറത്തെ അടിസ്ഥാന സൗകര്യ വികസനത്തിനായി ടൂറിസം വകുപ്പ് ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തൊക്കെയാണെന്ന് അറിയിക്കാമോ;

(ബി) അരുവിപ്പുറത്തെ കൊടിതൂക്കിമലയിലെ അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിച്ച് ടൂറിസ്റ്റ് അമിനിറ്റി സെന്റർ നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കാമോ?

<u>ഉത്തരം</u>

(എ) അരുവിപ്പുറത്ത് നിലവിൽ ടൂറിസം വകുപ്പ് പദ്ധതികൾ ഒന്നുംതന്നെ ആവിഷ്കരിച്ചിട്ടില്ല.

(ബി) ടൂറിസം സാധ്യത പഠിച്ചതിനുശേഷം പരിശോധിക്കാവുന്നതാണ്.

## ടൂറിസം മേഖല സുരക്ഷിതമാക്കാനുള്ള നടപടികൾ

363(811) ശ്രീ. കെ. മുരളീധരൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് വിദേശീയർ ഉൾപ്പെടെയുള്ള വിനോദ സഞ്ചാരികൾക്കെതിരായി അക്രമപ്രവർത്തനങ്ങൾ വർദ്ധിച്ചുവരുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് വ്യക്തമാക്കുമോ;

(ബി) ഈ സർക്കാർ അധികാരത്തിൽ വന്നതിന് ശേഷം ടൂറിസം മേഖല സുരക്ഷിതമാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളതെന്ന് വിശദമാക്കുമോ?

ഉത്തരം

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അത്തരം സംഭവങ്ങൾക്കെതിരെ അടിയന്തരവും ക്രിയാത്മകവുമായ നടപടികൾ സ്വീകരിച്ചിട്ടുമുണ്ട്.

(ബി) വിനോദസഞ്ചാരികളുടെ സുരക്ഷയെ മുൻനിർത്തി സംസ്ഥാനത്തെ വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിലവിലുള്ള അടിസ്ഥാന വികസന സൗകര്യങ്ങൾ വർദ്ധിപ്പിക്കുന്നതിന് ആവശ്യമായ വെളിച്ചം, വൈദ്യുതി, നടപ്പാതകൾ, സുരക്ഷാവേലികൾ എന്നിവ ടൂറിസം കേന്ദ്രങ്ങളിൽ നടപ്പാക്കുന്നതിനുള്ള വിവിധങ്ങളായ പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ട്. വിവിധ ടൂറിസം കേന്ദ്രങ്ങളിൽ പ്രത്യേക പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ കൂടുതൽ വിന്യസിക്കുന്നതിനായി പോലീസ് അധികാരികളുമായി ചേർന്ന് നടപടികൾ സ്വീകരിച്ചിട്ടുണ്ട്. സംസ്ഥാനത്തെ പ്രധാനപ്പെട്ട ബീച്ചുകളിൽ ടൂറിസ്റ്റുകളുടെ സംരക്ഷണം മുൻനിർത്തി പ്രാവീണ്യമുള്ള ലൈഫ് ഗാർഡുകളുടെ എണ്ണം വർദ്ധിപ്പിച്ചിട്ടുണ്ട്. ഇവർക്ക് ആവശ്യമായ എല്ലാവിധ ആധുനിക പരിശീലനവും ഉപകരണങ്ങളും നൽകി വരുന്നുണ്ട്. ഹൗസ് ബോട്ടുകളിലെ വിനോദ സഞ്ചാരികളുടെ സുരക്ഷയ്ക്കായി ഹൗസ് ബോട്ട് ട്രാക്കിംഗ് സിസ്റ്റം നടപ്പിൽ വരുത്തിയിട്ടുണ്ട്. ഭിന്നശേഷിക്കാരായ വിനോദസഞ്ചാരികളുടെ സംരക്ഷണം മുൻനിർത്തി ബാരിയർ ഫ്രീ ഡെസ്റ്റിനേഷൻ പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ടൂറിസം കേന്ദ്രങ്ങളെ സുരക്ഷിതമാക്കുന്നതിനായി നിരീക്ഷണ ക്യാമറ സംവിധാനം നടപ്പിലാക്കുന്ന പദ്ധതി സ്വീകരിച്ചുവരുന്നു. ഇപ്പോൾ കോവളം ടൂറിസ്റ്റ് ഡെസ്റ്റിനേഷൻ, വേളി എന്നീ പ്രധാന വിനോദസഞ്ചാര കേന്ദ്രങ്ങളിൽ നിരീക്ഷണ ക്യാമറാ സംവിധാനം ഏർപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു. വകുപ്പ് നടപ്പിലാക്കിവരുന്ന ഗ്രീൻ കാർപ്പറ്റ് പദ്ധതിയിൽ വിനോദസഞ്ചാരികളുടെ സുരക്ഷിതത്വം ഒരു മുഖ്യ അജണ്ടയായി ഉൾക്കൊള്ളിച്ച് വേണ്ട നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

## ടൂറിസം വകുപ്പിന്റെ ട്വീറ്റ്

364(812) ശ്രീ. അനിൽ അക്കര : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കർണ്ണാടക തെരഞ്ഞെടുപ്പ് ഫലം പുറത്ത് വന്നപ്പോൾ അവിടുത്തെ എം.എൽ.എ.-മാരെ കേരളത്തിലെ റിസോർട്ടുകളിലേക്ക് ക്ഷണിച്ച് കേരള ടൂറിസം വകുപ്പിന്റെ ഔദ്യോഗിക ട്വിറ്റർ പേജിൽ ട്വീറ്റ് ചെയ്തിരുന്നുവോ;

(ബി) പിന്നീട് പ്രസ്തുത ട്വീറ്റ് നീക്കം ചെയ്തിരുന്നുവോ; എങ്കിൽ അതിനുള്ള കാരണം എന്താണെന്ന് വെളിപ്പെടുത്താമോ?

ഉത്തരം

(എ) ട്വീറ്റ് ചെയ്തിരുന്നു.

(ബി) കേരള ടൂറിസത്തിന്റെ നല്ല ഉദ്ദേശ്യത്തോടെയുള്ള പ്രസ്തുത ട്വീറ്റ് അനാവശ്യ ചർച്ചകൾക്കും വിവാദങ്ങൾക്കും ഇടയാക്കിയേക്കാം എന്നതിനാൽ ആ ട്വീറ്റ് നീക്കം ചെയ്തിരുന്നു.

## മലബാർ ക്രൂസ് ടൂറിസം പദ്ധതി

365(813) ശ്രീ. സി. കൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ക്രൂസ് ടൂറിസം പദ്ധതിയുടെ ഭാഗമായി എന്തെല്ലാം പ്രവർത്തനങ്ങളാണ് ഇതുവരെ നടന്നതെന്ന് വിശദമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതി എപ്പോൾ പൂർത്തീകരിക്കാൻ കഴിയുമെന്ന് വ്യക്തമാക്കാമോ?

ഉത്തരം

(എ) കേന്ദ്ര ടൂറിസം മന്ത്രാലയം നടപ്പിലാക്കിവരുന്ന സ്വദേശ് ദർശൻ സ്കീമിൽ ഉൾപ്പെടുത്തി അനുമതി നേടുന്നതിനായി 1,03,84,94,706(നൂറ്റിമൂന്ന് കോടി എൺപത്തിനാല് ലക്ഷത്തി തൊണ്ണൂറ്റി നാലായിരത്തി എഴുന്നൂറ്റി ആറ്) രൂപയുടെ മലനാട് -മലബാർ-റിവർ ക്രൂയിസ് ടൂറിസം പ്രോജക്ട് പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു. പദ്ധതി കേന്ദ്ര ടൂറിസം മന്ത്രാലയത്തിന്റെ സജീവ പരിഗണനയിലുമാണ്. കൂടാതെ സംസ്ഥാന സർക്കാരിന്റെ തനത് ഫണ്ടിൽനിന്നും മലനാട് നോർത്ത് റിവർ ക്രൂയിസ് ടൂറിസം പദ്ധതിയുടെ വിവിധ 14 ഇനങ്ങളിലായി ആകെ 40,81,85,382 കോടി രൂപയുടെ ഭരണാനുമതി ഇതിനകം നൽകി കഴിഞ്ഞിട്ടുണ്ട്. ഇതുസംബന്ധിച്ചുള്ള പട്ടിക അനുബന്ധമായി ചേർക്കുന്നു.* ഈ

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

പട്ടികയിലെ പഴയങ്ങാടി ബോട്ട് ടെർമിനൽ 48% പൂർത്തീകരിക്കുകയും ചെയ്തിട്ടുണ്ട്. പദ്ധതിയുടെ നിർവ്വഹണ ചുമതല സംസ്ഥാന സർക്കാരിന്റെ ഇൻലാൻഡ് നാവിഗേഷൻ വകുപ്പിനാണ്.

(ബി) പദ്ധതി സമയബന്ധിതമായി പൂർത്തിയാക്കുവാനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## തലശ്ശേരി പൈതൃകം ടൂറിസം പദ്ധതി

366(814) ശ്രീ. എ. എൻ. ഷംസീർ: താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

നൂറ്റാണ്ടുകൾ പഴക്കമുള്ള തലശ്ശേരി കോടതിയെ കൂടി തലശ്ശേരി പൈതൃകം ടൂറിസം പദ്ധതിയിൽ ഉൾപ്പെടുത്തണം എന്നത് സംബന്ധിച്ച ഫയലിന്റെ നിലവിലുള്ള അവസ്ഥ എന്താണെന്ന് വ്യക്തമാക്കാമോ?

ഉത്തരം

ഇതിനായി ഒരു പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ടൂറിസം വകുപ്പിന്റെ എംപാനൽഡ് ആർക്കിടെക്ടിനെ ചുമതലപ്പെടുത്തുന്നതിനുള്ള നടപടി സ്വീകരിച്ചുവരുന്നു.

## കായംകുളം ജലോത്സവം

367(815) ശ്രീമതി യു. പ്രതിഭ ഹരി: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലപ്പുഴ ജില്ലാ ടൂറിസം പ്രമോഷൻ കൗൺസിലിന്റെ നേതൃത്വത്തിൽ നെഹ്രുട്രോഫിക്ക് സമാനമായി നടന്നിരുന്ന കായംകുളം ജലോത്സവം കടുത്ത സാമ്പത്തിക പ്രതിസന്ധിമൂലം തുടർന്ന് നടത്താൻ കഴിയാത്ത സാഹചര്യമാണ് എന്നുള്ള വസ്തുത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ;

(ബി) ആലപ്പുഴ മെഗാ ടൂറിസം പ്രോജക്ടിന്റെ ഭാഗമായി കായംകുളം കായലോര ടൂറിസം പദ്ധതികൾ അവസാന ഘട്ടത്തിൽ എത്തിനിൽക്കവേ വിനോദസഞ്ചാര മേഖലയ്ക്ക് ഏറെ മുതൽക്കൂട്ടായ കായംകുളം ജലോത്സവം സർക്കാർ ഏറ്റെടുത്ത് നടത്തുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കുമോ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) നിലവിൽ സർക്കാരിന്റെ പരിഗണനയിലില്ല.

## ചെത്തിപ്പുഴ കടവ് ടൂറിസം വികസന പദ്ധതി

368(816) ശ്രീ. സി. എഫ്.തോമസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ചങ്ങനാശ്ശേരി ചെത്തിപ്പുഴ കടവ് ടൂറിസം വികസന പദ്ധതിക്കായി എത്ര തുകയാണ് അനുവദിച്ചിരിക്കുന്നതെന്ന് വ്യക്തമാക്കാമോ ;

(ബി) പ്രസ്തുത പദ്ധതിപ്രകാരം എന്തൊക്കെ ജോലികൾ ചെയ്യാനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളതെന്ന് വിശദീകരിക്കാമോ ;

(സി) പ്രസ്തുത ജോലികൾ എന്നാണ് ആരംഭിച്ചതെന്നും നിലവിൽ ഏതൊക്കെ പൂർത്തീകരിച്ചിട്ടുണ്ടെന്നും ഏതൊക്കെ പൂർത്തീകരിക്കാനുണ്ടെന്നും വ്യക്തമാക്കാമോ;

(ഡി) പ്രസ്തുത നിർമ്മാണ ജോലികൾ എപ്പോൾ പൂർത്തീകരിക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് വെളിപ്പെടുത്തുമോ?

ഉത്തരം

(എ) ഈ പദ്ധതിക്ക് 50 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിട്ടുണ്ട്.

(ബി) പവലിയൻ, ഫുഡ്കോർട്ട് (2 എണ്ണം), ഫ്ളോട്ടിംഗ് ജെട്ടി, ബോട്ട് ജെട്ടി, ഇലക്ട്രിക്കൽ വർക്സ്, ഇരിപ്പിടങ്ങൾ കാസ്റ്റ് അയൺ ബഞ്ച്-5 എണ്ണം), കാന്റി ലിവർ സ്ലാബ്, കനാലിന്റെ കരയിലൂടെയുള്ള നടപ്പാത ഫെൻസിങ്, RCC സീറ്റിംഗ് 5 എണ്ണം എന്നീ ജോലികൾ ചെയ്യാനാണ് ടെണ്ടർ ക്ഷണിച്ചിട്ടുള്ളത്.

(സി) 2014 ആഗസ്റ്റ് മാസം നിർമ്മാണം ആരംഭിച്ചു. നടപ്പാതയുടെ നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ബാക്കിയുള്ള ഘടകങ്ങളുടെ നിർമ്മാണം പുരോഗതിയിലാണ്.

(ഡി) 2018 ജൂൺ മാസം പൂർത്തീകരിക്കാനാകുമെന്നാണ് പ്രതീക്ഷിക്കുന്നത്.

## വിനോദസഞ്ചാര മേഖലകളിൽ മതിയായ സുരക്ഷ

369(817) ശ്രീ. മഞ്ഞളാംകുഴി അലി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഈ സർക്കാർ അധികാരത്തിൽ വന്നശേഷം വിദേശ വിനോദസഞ്ചാരി

കൊല്ലപ്പെട്ടതുൾപ്പെടെയുള്ള അപകടങ്ങൾ വിനോദസഞ്ചാര മേഖലയിലുണ്ടായിട്ടുള്ള കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ബി) മതിയായ സുരക്ഷ ഒരുക്കുന്നതിന് വീഴ്ചവരുത്തുന്നതാണ് ഇത്തരം അപകടങ്ങൾക്ക് ഇടയാക്കുന്നതെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(സി) വിനോദസഞ്ചാര മേഖലകളിലെ സുരക്ഷിതത്വമില്ലായ്മ വിനോദ സഞ്ചാരികൾ സംസ്ഥാനത്തേക്ക് വരുന്നതിനെ നിരുത്സാഹപ്പെടുത്തുന്നുണ്ടെന്ന കാര്യം ഗൗരവമായി കാണുന്നുണ്ടോ;

(ഡി) എങ്കിൽ മതിയായ സുരക്ഷയൊരുക്കിയിട്ടുണ്ടെന്ന കാര്യം സഞ്ചാരികളെ ബോദ്ധ്യപ്പെടുത്തുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ചില ഒറ്റപ്പെട്ട സംഭവങ്ങൾ ഉണ്ടായിട്ടുണ്ട്. എങ്കിലും അത്തരം അവസരങ്ങളിലെല്ലാം വളരെ ജാഗ്രതയോടെയാണ് പ്രവർത്തിച്ചിട്ടുള്ളത്.

(ബി) സംസ്ഥാനം സന്ദർശിക്കുന്ന വിനോദസഞ്ചാരികൾക്ക് വേണ്ട സുരക്ഷയും സംരക്ഷണവും അതീവ പ്രാധാന്യത്തോടെ കണക്കാക്കി ഒട്ടേറെ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. വിനോദസഞ്ചാര കേന്ദ്രങ്ങളിൽ വിനോദ സഞ്ചാരികൾക്ക് കൂടുതൽ സുരക്ഷാ ക്രമീകരണങ്ങൾ ഏർപ്പെടുത്തുന്നതിനായി വേണ്ട പരിശോധനകൾ നടത്തി കൂടുതൽ കരുതൽ ഒരുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിട്ടുണ്ട്.

(സി) കേരളത്തിലെ വിനോദസഞ്ചാര മേഖലകളിൽ ആവശ്യമായ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നുണ്ട്. ഒറ്റപ്പെട്ട ചില സംഭവങ്ങൾ വാർത്തയായതിനെത്തുടർന്ന് കൂടുതൽ കരുതൽ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. ഒറ്റപ്പെട്ട ഇത്തരം സംഭവങ്ങൾ വിനോദ സഞ്ചാരികളുടെ വരവിനെ നിരുത്സാഹപ്പെടുത്തിയിട്ടുള്ളതായി കരുതുന്നില്ല.

(ഡി) കോവളം ടൂറിസം ഡെസ്റ്റിനേഷനിൽ ഉണ്ടായ വിദേശ വനിതയുടെ മരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട ടൂറിസം വകുപ്പുമന്ത്രി യുടെ അദ്ധ്യക്ഷതയിൽ ടൂറിസം വകുപ്പിലെയും സംസ്ഥാന പോലീസ് മേധാവി ഉൾപ്പെടെ പോലീസ് വകുപ്പിലെയും ഉന്നത അധികാരികൾ പങ്കെടുത്ത അടിയന്തര യോഗം 10-5-2018-ൽ ചേരുകയുണ്ടായി. യോഗ തീരുമാനപ്രകാരം ഇത്തരം സംഭവങ്ങൾ തടയുന്നതിനും ആവർത്തിക്കപ്പെടാതിരിക്കുന്നതിനുംവേണ്ട മുൻകരുതലുകൾ സ്വീകരിക്കുന്നതിനുള്ള നടപടികൾ പോലീസ് വകുപ്പുമായി ചേർന്ന് വിനോദ സഞ്ചാര വകുപ്പ് അടിയന്തിരമായി നടപ്പിലാക്കിവരുന്നു. സുരക്ഷ വർദ്ധിപ്പിക്കുന്നതിനായി സ്വീകരിക്കേണ്ട നടപടികൾക്കായി 18-5-2018-ൽ എല്ലാ

വിശദാംശങ്ങളും ഉൾപ്പെട്ട പോലീസ് മേധാവിയുടെ സർക്കുലർ പുറപ്പെടുവിച്ചിട്ടുണ്ട്. വിനോദ സഞ്ചാര കേന്ദ്രങ്ങളിൽ ടൂറിസ്റ്റ് പ്രൊട്ടക്ഷൻ ആൻഡ് പോലീസ് അസിസ്റ്റൻസ് സെന്ററുകളും എത്രയും വേഗം പ്രവർത്തനം ആരംഭിക്കാൻ നിർദ്ദേശം നൽകിയിട്ടുണ്ട്.

ടൂറിസം മേഖലയിലെ സുരക്ഷിതത്വം ഉറപ്പാക്കുന്നതിന്റെ ഭാഗമായി ബോധവത്ക്കരണവും വിനോദസഞ്ചാര കേന്ദ്രങ്ങളുടെ പരിധിയിൽ വരുന്ന പോലീസ് സ്റ്റേഷനുകൾക്ക് പ്രത്യേക നിരീക്ഷണത്തിന് പോലീസ് വകുപ്പ് മുഖേന നിർദ്ദേശവും നൽകിയിട്ടുണ്ട്. കൂടാതെ പ്രത്യേകം പരിശീലനം ലഭിച്ച ടൂറിസം പോലീസിനെ പ്രധാന ടൂറിസം കേന്ദ്രങ്ങളിൽ വിന്യസിച്ചിട്ടുണ്ട്. 30 സീനിയർ സിവിൽ പോലീസ് ഓഫീസർമാരെയും 150 സിവിൽ പോലീസ് ഓഫീസർമാരെയുമാണ് കേരളത്തിൽ വിവിധ ജില്ലകളിലായി നിയോഗിച്ചിട്ടുള്ളത്. പ്രധാന ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ പോലീസ് എയ്ഡ് പോസ്റ്റ് സംവിധാനം ഏർപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, പോലീസ് പട്രോളിംഗ് കൂടുതൽ വിപുലീകരിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു.

കടലോരങ്ങൾ, കായലുകൾ, നദികൾ, തടാകങ്ങൾ തുടങ്ങിയ അപകടങ്ങളോ ജീവഹാനിയോ സംഭവിക്കാൻ സാദ്ധ്യതയുള്ള വിനോദസഞ്ചാര കേന്ദ്രങ്ങളിൽ പ്രത്യേകം പരിശീലനം നേടിയ ലൈഫ് ഗാർഡുകളുടെ സേവനം ഉറപ്പാക്കിയിട്ടുണ്ട്. സംസ്ഥാനത്തൊട്ടാകെ ഇത്തരത്തിൽ 178 ലൈഫ് ഗാർഡുകൾ സേവനം അനുഷ്ഠിക്കുന്നു. ഇവർക്ക് കൂടുതൽ പരിശീലനവും ആവശ്യമായ ജീവൻ രക്ഷാ ഉപകരണങ്ങളും വകുപ്പ് നൽകിയിട്ടുണ്ട്. അപകട സാദ്ധ്യത സൂചിപ്പിച്ചുകൊണ്ടുള്ള മുന്നറിയിപ്പ് ബോർഡുകളും ടൂറിസ്റ്റ് കേന്ദ്രങ്ങളിൽ സ്ഥാപിച്ചിട്ടുണ്ട്. കൂടാതെ വകുപ്പിന്റെ ബ്രോഷറുകളിലൂടെയും മറ്റ് വിനിമയ മാധ്യമങ്ങളിലൂടെയും ടൂറിസ്റ്റ് ഫെസിലിറ്റേഷൻ സെന്റർ മുഖാന്തരവും ഇത്തരം സ്ഥലങ്ങളുടെ വിവരങ്ങൾ സംബന്ധിച്ച് ടൂറിസ്റ്റുകളെ ബോധവാൻമാരാക്കുന്നു. കൂടാതെ ജലയാനങ്ങളിൽ സഞ്ചരിക്കുന്ന വിനോദ സഞ്ചാരികൾക്ക് ലൈഫ് ജാക്കറ്റ് അടക്കമുള്ള സുരക്ഷാ സംവിധാനങ്ങൾ ധരിക്കണമെന്ന് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്.

**ഉത്തരവാദിത്ത ടൂറിസം മിഷൻ**

370(818) ശ്രീ. വി. പി. സജീന്ദ്രൻ:

ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചത് ടൂറിസം മേഖലയിൽ എന്തെല്ലാം മാറ്റങ്ങൾക്ക് വഴിതെളിച്ചെന്ന് വിശദമാക്കാമോ ;

(ബി) അഞ്ചു വർഷം കൊണ്ട് ഒരു ലക്ഷം പേർക്ക് വിവിധ മേഖലകളിൽ തൊഴിൽ ലഭ്യമാക്കുവാൻ ഈ പദ്ധതികൊണ്ട് ഉദ്ദേശിക്കുന്നുണ്ടോ; എങ്കിൽ ഏതൊക്കെ മേഖലകളിലാണ് തൊഴിൽ ലഭ്യമാക്കുന്നത് ;

(സി) ഉത്തരവാദിത്ത ടൂറിസം മിഷന്റെ നേതൃത്വത്തിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിച്ചിരുന്നോ; എങ്കിൽ പ്രസ്തുത ഗ്രാമസഭകളിൽ ഉയർന്നുവന്ന പ്രധാന നിർദ്ദേശങ്ങൾ എന്തൊക്കെയാണ്; അവ പ്രാവർത്തികമാക്കിയിട്ടുണ്ടോ;

(ഡി) ഈ പദ്ധതി നടപ്പിലാക്കുന്നതിലൂടെ വനിതകൾ, പട്ടികജാതി വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ജീവിതത്തിൽ എന്തെല്ലാം മാറ്റങ്ങൾ ഉണ്ടാക്കുവാൻ കഴിയുമെന്ന് വ്യക്തമാക്കാമോ ?

<u>ഉത്തരം</u>

(എ) ടൂറിസത്തെ തദ്ദേശീയ/ഗ്രാമീണ മേഖലയുടെ വികസനത്തിനും ദാരിദ്ര ലഘൂകരണത്തിനും സ്ത്രീ ശാക്തീകരണത്തിനുമുള്ള ഉപാധിയാക്കി മാറ്റുകയെന്ന ലക്ഷ്യത്തോടെ ഉത്തരവാദിത്ത ടൂറിസം മിഷൻ രൂപീകരിച്ച് പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. ഉത്തരവാദിത്ത ടൂറിസം മിഷന്റെ പ്രവർത്തന ഫലമായി കുമരകം, തേക്കടി, വൈത്തിരി, അമ്പലവയൽ, കുമ്പളങ്ങി, ബേക്കൽ, കോവളം എന്നിവിടങ്ങളിലെ പ്രദേശിക യൂണിറ്റുകൾക്ക് വലിയ വരുമാനം നേടിക്കൊടുക്കാൻ കഴിഞ്ഞിട്ടുണ്ട്. ഹോംസ്റ്റേ, ഫാം സ്റ്റേ, ടെണ്ടഡ് അക്കോമഡേഷൻ, കരകൗശല വസ്തുനിർമ്മാണം, മറ്റ് മൂല്യവർദ്ധിത ഉൽപ്പന്നങ്ങൾ തുടങ്ങിയവയ്ക്കായി 700 പേർക്ക് പരിശീലനം 7 മാസം കൊണ്ട് നൽകാൻ കഴിഞ്ഞിട്ടുണ്ട്. ജില്ലാതല അവബോധ ശിൽപ്പശാലയിലൂടെ ടൂറിസം രംഗവുമായും അല്ലാതെയുമുള്ള വിവിധ ജനവിഭാഗങ്ങളിൽ അവബോധം സൃഷ്ടിക്കാൻ കഴിഞ്ഞിട്ടുണ്ട്. ഈ അവബോധ ശിൽപ്പശാലകളിൽ മാത്രം 1200 പേർ പങ്കെടുത്തിട്ടുണ്ട്. ഇതിനുപുറമേ പ്രാദേശികമായി ടൂറിസം പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുന്നതിനായി 750 റിസോഴ്സ് പേഴ്സൺസിനെ തെരഞ്ഞെടുത്ത് പരിശീലനം നൽകി വരികയാണ്. 7 കേന്ദ്രങ്ങളിലായി നടന്നുവന്നിരുന്ന ഉത്തരവാദിത്ത ടൂറിസം പ്രവർത്തനങ്ങൾ സംസ്ഥാനത്തുടനീളം വ്യാപിപ്പിക്കാൻ ഉത്തരവാദിത്ത ടൂറിസം മിഷന് ചുരുങ്ങിയ കാലയളവിനുള്ളിൽത്തന്നെ കഴിഞ്ഞിട്ടുണ്ട്. ഇതിനുപുറമേ ടൂറിസം കേന്ദ്രങ്ങളിലെ മാലിന്യ സംസ്കരണ പ്രക്രിയയിൽ ടൂറിസം സ്റ്റേക്ക് ഹോൾഡർമാരുമായി ചേർന്ന് ക്ലീൻ വേമ്പനാട് ഇനിഷ്യേറ്റീവ് പോലുള്ള പ്രവർത്തനങ്ങളും മാതൃകാപരമായി മിഷൻ നേതൃത്വം കൊടുത്ത് നടപ്പാക്കി വരുന്നു.

(ബി) ഉണ്ട്. ടൂറിസം മേഖലയിൽ പ്രത്യക്ഷമായും പരോക്ഷമായും ഒരു ലക്ഷം പേർക്കു തൊഴിൽ ലഭ്യമാക്കുക എന്നത് ഉത്തരവാദിത്ത ടൂറിസം മിഷന്റെ വിവിധ ലക്ഷ്യങ്ങളിലൊന്നാണ്. ഇതിന്റെ ഭാഗമായി 5 വർഷം കൊണ്ട് 1,00,000 പേർക്ക് കൃഷി, ഉല്പാദനം, വിപണനം, പരമ്പരാഗത ഉൽപ്പന്നങ്ങളുടെ ടൂറിസം മേഖലയിലെ വിപണനം, കരകൗശല വസ്തുക്കളുടെ ഉത്പാദന വിപണനം, സുവനീർ ഉത്പാദന വിപണനം, ആക്സസിബിൾ ടൂറിസം പാക്കേജുകളുടെ രൂപീകരണ വിപണനം, ടൂറിസം റിസോഴ്സ് മാപ്പിംഗ്, ടൂറിസം റിസോഴ്സ് ഡയറക്ടറിയുടെ പ്രസിദ്ധീകരണം, കൾച്ചറൽ പാക്കേജുകൾ, വേസ്റ്റ് മാനേജ്മെന്റിനായി ടൂറിസം കേന്ദ്രങ്ങളിലെ നിർമ്മാണവും ഇതര സ്ഥിര സംവിധാനങ്ങളുടെ മേൽനോട്ടവും ഉൽപ്പന്ന വിപണന സംവിധാനത്തിനായി ഉത്തരവാദിത്ത ടൂറിസം നെറ്റ് വർക്ക്, കൾച്ചറൽ ഫോറം, ടൂറിസം മേഖലയിൽ തൊഴിൽ ലഭ്യമാക്കുന്നതിനായി ആർ.ടി. ഹ്യൂമൻ റിസോഴ്സ് ഡയറക്ടറി, ഇതിനായുള്ള മൊബൈൽ ആപ്പുകൾ, ഓൺ ലൈൻ പ്ലാറ്റ്ഫോമുകൾ എന്നിവയിലൂടെ തൊഴിൽ ലഭ്യമാക്കുന്നതിനാണ് ലക്ഷ്യമിടുന്നത്.

(സി) തെരഞ്ഞെടുക്കപ്പെട്ട തദ്ദേശഭരണ സ്ഥാപനങ്ങളിൽ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ സംഘടിപ്പിച്ചിട്ടുണ്ട്. 10 തദ്ദേശഭരണ സ്ഥാപനങ്ങളിൽ ഇതുവരെ സ്പെഷ്യൽ ടൂറിസം ഗ്രാമസഭകൾ പൂർത്തിയാക്കിയിട്ടുണ്ട്. ഇവിടെ നിന്നുള്ള നിർദ്ദേശങ്ങളുടെ ഭാഗമായി പ്രസ്തുത തദ്ദേശ ഭരണ സ്ഥാപനങ്ങളിൽ ടൂറിസം സാദ്ധ്യതകൾ കണ്ടെത്തുന്നതിനായി ടൂറിസം റിസോഴ്സ് മാപ്പിംഗ് ആരംഭിച്ചിട്ടുണ്ട്. ഇതേ ഗ്രാമസഭകളിൽനിന്നും ഉയർന്നുവന്ന ആവശ്യങ്ങളുടെ അടിസ്ഥാനത്തിൽ അതതു പ്രദേശങ്ങളിൽ വിവിധ പരിശീലനങ്ങളും നടന്നുവരുന്നു. ഗ്രാമസഭകളിൽനിന്നും നിർദ്ദേശിക്കപ്പെട്ട ടൂർ പാക്കേജുകൾ തയ്യാറാക്കി വരുന്നു. ടൂറിസം അടിസ്ഥാന സൗകര്യ വികസനവുമായി ബന്ധപ്പെട്ട ഷെൽഫ് ഓഫ് പ്രോജക്ട്സ് തയ്യാറാക്കിവരുന്നു.

(ഡി) ഈ പദ്ധതി നടപ്പാക്കുന്നത് വനിതകൾ, പട്ടികജാതി വിഭാഗങ്ങൾ, ഭിന്നശേഷിക്കാർ എന്നിവരുടെ ജീവിതത്തിൽ ഗുണപരമായ മാറ്റങ്ങൾ കൊണ്ടുവരുന്നതിനുകൂടിയാണ്. ഈ ലക്ഷ്യം മുൻകണ്ടുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ട്. ഇതിന്റെ ഭാഗമായി പ്രസ്തുത മേഖലയിലുള്ളവർക്കായി വിവിധ തൊഴിൽ പരിശീലനങ്ങൾ നൽകിവരുന്നു. ഇപ്രകാരം സൃഷ്ടിക്കുന്ന ഉൽപ്പന്നങ്ങൾ ടൂറിസം മേഖലയുമായി ബന്ധപ്പെട്ട് വിപണനം ചെയ്യുന്നതിനുള്ള സൗകര്യം ഒരുക്കിയിട്ടുണ്ട്. ഈ പ്രവർത്തനങ്ങളിലൂടെ പ്രസ്തുത വിഭാഗങ്ങളിൽപ്പെട്ടവരുടെ സാമൂഹിക സാമ്പത്തിക ശാക്തീകരണം സാദ്ധ്യമാകുമെന്ന് വിലയിരുത്തുന്നു.

## ശബരിമല വികസനം

371(819) ശ്രീ. വി. എസ്. ശിവകുമാർ:

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയെ ദേശീയ തീർത്ഥാടനകേന്ദ്രമായി പ്രഖ്യാപിക്കണമെന്ന് സംസ്ഥാന സർക്കാർ കേന്ദ്രത്തോട് ആവശ്യപ്പെട്ടിട്ടുണ്ടോ; ഉണ്ടെങ്കിൽ ഇതിന്മേലുള്ള കേന്ദ്രസർക്കാരിന്റെ പ്രതികരണം എന്താണ്;

(ബി) മറ്റ് സംസ്ഥാനങ്ങളിൽനിന്ന് ലക്ഷക്കണക്കിന് തീർത്ഥാടകർ ദർശനത്തിന് എത്തുന്ന ശബരിമലയിൽ തിരുമല വെങ്കടേശ്വര ക്ഷേത്രത്തിൽ നടക്കുന്ന രീതിയിലുള്ള ശുചീകരണ പ്രവർത്തനങ്ങൾ പ്രാവർത്തികമാക്കുന്നതിനെക്കുറിച്ച് ആലോചിക്കുമോ; വ്യക്തമാക്കാമോ;

(സി) തീർത്ഥാടകർക്കായി അടുത്ത സീസണിന് മുമ്പ് അന്തർദേശീയ നിലവാരത്തിലുള്ള സൗകര്യങ്ങൾ ശബരിമലയിൽ ഒരുക്കുന്നതിന് ഉദ്ദേശിക്കുന്നുണ്ടോ; ഇക്കാര്യത്തിനായി കൂടുതൽ വനഭൂമി വിട്ടുതരണമെന്ന ആവശ്യത്തിന്മേൽ കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ പ്രതികരണം എന്താണ്; വിശദമാക്കാമോ?

ഉത്തരം

(എ) ഉണ്ട്. കേന്ദ്ര തീരുമാനം ലഭ്യമായിട്ടില്ല.

(ബി) തിരുമല വെങ്കടേശ്വര ക്ഷേത്രത്തെപോലെ ശബരിമലയിൽ നിത്യപൂജയില്ല. പ്രധാന വിശേഷങ്ങളായ മണ്ഡലമകര വിളക്ക്, മേടവിഷു ഉത്സവം എന്നീ കാലയളവുകളിൽ ശബരിമല, പമ്പ, നിലയ്ക്കൽ എന്നിവിടങ്ങളിൽ പത്തനംതിട്ട ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ വിശുദ്ധി സേനാംഗങ്ങളെ ഉപയോഗിച്ച് ഫലപ്രദമായി ശുചീകരണ പ്രവർത്തനങ്ങൾ നടത്തിവരുന്നു.

(സി) അനുദിനം വർദ്ധിച്ചുവരുന്ന ഭക്തജനതിരക്ക് പരിഗണിച്ച് തീർത്ഥാടകർക്ക് ബുദ്ധിമുട്ടുണ്ടാകാതെ ദേവസ്വം ബോർഡ്, ശബരിമല മാസ്റ്റർപ്ലാൻ നടപ്പാക്കുന്ന ഹൈപവർ കമ്മിറ്റിയുമായി ബന്ധപ്പെട്ട് അടുത്ത സീസണ് മുമ്പ് കുറ്റമറ്റ രീതിയിലുള്ള സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. സീസണിൽ ശബരിമലയിലെത്തുന്ന തീർത്ഥാടകർക്ക് മെച്ചപ്പെട്ട സൗകര്യങ്ങൾ സർക്കാർ വിവിധ വകുപ്പുകളിലൂടെ നടപ്പിലാക്കുന്നുണ്ട്. വികസനപ്രവർത്തനങ്ങൾക്കായി 500 ഹെക്ടർ വനഭൂമി വിട്ടുതരണമെന്ന് ദേവസ്വം ബോർഡ് കേന്ദ്രസർക്കാറിന് നിവേദനം നൽകിയിട്ടുണ്ടെന്നും മറുപടി ലഭിച്ചിട്ടില്ലായെന്നും ദേവസ്വം കമ്മീഷണർ അറിയിച്ചിട്ടുണ്ട്.

## ശബരിമലയിലെ അപ്പം, അരവണ നിർമ്മാണം

372(820) ശ്രീ. കെ. എസ്. ശബരീനാഥൻ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശബരിമലയിലെ അപ്പം, അരവണ നിർമ്മാണം കേന്ദ്ര ഭക്ഷ്യ സാങ്കേതിക ഗവേഷണ കേന്ദ്രത്തെ ഏൽപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ടോയെന്ന് വെളിപ്പെടുത്തുമോ;

(ബി) ഈ സ്ഥാപനത്തെ പ്രസ്തുത ജോലി ഏൽപ്പിക്കുന്നതോടുകൂടി അപ്പം,അരവണ എന്നിവയുടെ നിർമ്മാണ ചെലവ് ഗണ്യമായി കുറയ്ക്കുവാൻ കഴിയും എന്ന് കരുതുന്നുണ്ടോ;

(സി) എങ്കിൽ അതിന്റെ അടിസ്ഥാനത്തിൽ പ്രസാദത്തിന്റെ വിലയിൽ കുറവ് വരുത്തുവാൻ ദേവസ്വം ബോർഡിനോട് ആവശ്യപ്പെടുമോ;

(ഡി) ദേവസ്വം ബോർഡിന് കീഴിലുള്ള പ്രധാന ക്ഷേത്രങ്ങളിലെ പ്രസാദ നിർമ്മാണവും കേന്ദ്ര ഭക്ഷ്യ സാങ്കേതിക ഗവേഷണ കേന്ദ്രത്തെ ഏല്പിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോയെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ-സി) ശബരിമലയിലെ അപ്പം, അരവണ നിർമ്മാണം ആധുനീകരിക്കുന്നതിന് തിരുവിതാംകൂർ ദേവസ്വം ബോർഡ് മൈസൂർ ആസ്ഥാനമായി പ്രവർത്തിക്കുന്ന സെൻട്രൽ ഫുഡ് ടെക്നോളജിക്കൽ റിസർട്ട് ഇൻസ്റ്റിറ്റ്യൂട്ടിന്റെ സാങ്കേതിക ഉപദേശം തേടിയിട്ടുണ്ട്. നിർമ്മാണം സംബന്ധിച്ച ചർച്ചകൾ നടന്നുവരുന്നു. ഇക്കാര്യത്തിൽ അന്തിമ തീരുമാനമാകുന്നമുറയ്ക്കേ ചെലവിന്റെ കുറവും വിലക്കുറവും മറ്റും പരിശോധിക്കാൻ കഴിയുകയുള്ളൂ.

(ഡി) ഇതിനുള്ള നിർദ്ദേശം ഇപ്പോൾ ദേവസ്വം ബോർഡിന്റെ പരിഗണനയിലില്ല.

## തിരുവിതാംകൂർ ദേവസ്വം ബോർഡ്

373(821) ശ്രീമതി പി. അയിഷാ പോറ്റി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ പ്രസാദം വഴിപാടുകൾ ദേവസ്വം ബോർഡ് നേരിട്ടേറ്റെടുത്ത് നടത്തുന്നതിന് നിശ്ചയിച്ചിട്ടുണ്ടോ;

(ബി) ഉണ്ടെങ്കിൽ വിശദാംശങ്ങൾ വെളിപ്പെടുത്തുമോ?

<u>ഉത്തരം</u>

(എ&ബി) തിരുവിതാംകൂർ ദേവസ്വം ബോർഡിന്റെ അധീനതയിലുള്ള ക്ഷേത്രങ്ങളിലെ പ്രസാദ വഴിപാടുകളെല്ലാം ബോർഡ് മുഖേനയാണ് നടത്തുന്നത്. വഴിപാടു നിരക്ക് സംബന്ധിച്ചുള്ള സ്റ്റേറ്റ്മെന്റിന്റെ പകർപ്പ് അനുബന്ധമായി ചേർത്തിട്ടുണ്ട്.*

**മലബാർ ദേവസ്വം ബോർഡ്**

374(822) <u>ശ്രീ. പി. വി. അൻവർ</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വം ബോർഡിന് കീഴിൽ നിലമ്പൂർ നിയോജക മണ്ഡലത്തിലെ ഏതെല്ലാം ക്ഷേത്രങ്ങളുണ്ടെന്ന് വിശദമാക്കാമോ;

(ബി) കാവുകളുടെ സംരക്ഷണത്തിനായി ദേവസ്വം വകുപ്പിൽ ഏതെല്ലാം പദ്ധതിയാണുള്ളതെന്ന് വ്യക്തമാക്കാമോ;

(സി) ക്ഷേത്രങ്ങളിലെ കുളങ്ങളും കടവുകളും സംരക്ഷിക്കുന്നതിനും അഭിവൃദ്ധിപ്പെടുത്തുന്നതിനും പദ്ധതികളുണ്ടോയെന്ന് വിശദമാക്കാമോ?

<u>ഉത്തരം</u>

(എ) വിവരം അനുബന്ധമായി ചേർക്കുന്നു.*

(ബി & സി) ദേവസ്വം ബോർഡുകളുടെ കീഴിലുള്ള ക്ഷേത്രങ്ങളുടെയും സ്വകാര്യ ക്ഷേത്രങ്ങളുമായി ബന്ധപ്പെട്ട് കിടക്കുന്ന കുളങ്ങളും കാവുകളും ആൽത്തറകളും സംരക്ഷിക്കുന്നതിന് നിലവിൽ ഒരു പദ്ധതി നടപ്പിലാക്കി വരുന്നുണ്ട്. ആയതിന് 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റിൽ ഒരു കോടി രൂപ വകയിരുത്തിയിട്ടുണ്ട്.

**മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമി**

375(823) <u>ശ്രീ. റ്റി. വി. രാജേഷ്</u> : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദ സഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) മലബാർ ദേവസ്വത്തിനു കീഴിൽ പ്രവർത്തിക്കുന്ന മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയിൽ ഏതൊക്കെ കോഴ്സുകളാണ് നടത്തിവരുന്നത്; ഈ കോഴ്സുകളിൽ എത്ര കുട്ടികൾ പഠിക്കുന്നുണ്ട്;

---

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

(ബി) ക്ഷേത്രകലാ അക്കാദമിയുടെ സുഗമമായ നടത്തിപ്പിനും കോഴ്സ് നടത്തിപ്പിനും കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കുമോ; വിശദമാക്കാമോ?

ഉത്തരം

(എ) മലബാർ ദേവസ്വത്തിനുകീഴിൽ പ്രവർത്തിക്കുന്ന മാടായിക്കാവിലെ ക്ഷേത്രകലാ അക്കാദമിയിൽ തെയ്യം മുഖത്തെഴുത്ത്, ഓട്ടൻ തുള്ളൽ, ചെണ്ടവാദ്യം എന്നീ കോഴ്സുകൾ നിലവിലുണ്ട്. ഈ വർഷം ചെണ്ടവാദ്യം കോഴ്സ് മാത്രമാണ് നടന്നുവരുന്നത്. പ്രസ്തുത കോഴ്സിൽ 72 കുട്ടികൾ പഠിക്കുന്നുണ്ട്.

(ബി) 2018-19 സാമ്പത്തിക വർഷത്തെ ബഡ്ജറ്റ് ശീർഷകത്തിൽ ക്ഷേത്രകലാ അക്കാദമിയുടെ പ്രവർത്തനങ്ങൾക്കായി 5 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്.

## ആലത്തൂർ നിയോജകമണ്ഡലത്തിലെ ദേവസ്വം ക്ഷേത്രങ്ങളിലെ നവീകരണ പ്രവർത്തനങ്ങൾ

376(824) ശ്രീ. കെ. ഡി. പ്രസേനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആലത്തൂർ നിയോജകമണ്ഡലത്തിൽ ദേവസ്വം വകുപ്പിന് കീഴിൽ വരുന്ന ക്ഷേത്രങ്ങളും സ്ഥാപനങ്ങളും ഏതൊക്കെയാണെന്ന് പഞ്ചായത്ത് അടിസ്ഥാനത്തിലുള്ള വിവരങ്ങൾ ലഭ്യമാക്കാമോ;

(ബി) മേൽ വിവരിച്ച ഏതെങ്കിലും ക്ഷേത്രങ്ങളിൽ നവീകരണ പ്രവർത്തനങ്ങളും മറ്റ് വികസന പ്രവർത്തനങ്ങളും നടപ്പിലാക്കിയിട്ടുണ്ടോയെന്ന് വിശദീകരിക്കാമോ ?

ഉത്തരം

(എ) വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

(ബി) നവീകരണം/പുനരുദ്ധാരണ പ്രവർത്തനങ്ങൾ നടത്തിയ ക്ഷേത്രങ്ങളുടെ വിവരങ്ങൾ ചുവടെ ചേർക്കുന്നു :

*ലൈബ്രറിയിൽ വച്ചിട്ടുണ്ട്

1. ശ്രീ അഴീക്കുളങ്ങര ഭഗവതി ക്ഷേത്രം, മുടപ്പല്ലൂർ.

2. ശ്രീ തൃപ്പാവല്ലൂർ ശിവക്ഷേത്രം, പുള്ളോട്

3. ശ്രീ പൂക്കുളങ്ങര ഭഗവതി ക്ഷേത്രം, കുനിശ്ശേരി

4. ശ്രീ തായങ്കാവ് ഭഗവതി ക്ഷേത്രം, തേങ്കുറുശ്ശി

5. ശ്രീ അഴകൊത്ത മഹാദേവ ക്ഷേത്രം, കുഴൽമന്ദം

6. ശ്രീ ഇലമന്ദം ദേവസ്വം, തേങ്കുറുശ്ശി

7. ശ്രീ കുറുംബ ഭഗവതി ക്ഷേത്രം, കുനിശ്ശേരി

8. ശ്രീ മന്ദത്ത് ഭഗവതി & വേട്ടയ്ക്കൊരുമകൻ ക്ഷേത്രം, എരിമയൂർ

9. ശ്രീ കുറുംബ ഭഗവതി ക്ഷേത്രം, മൂലങ്കോട്.

## തിരുനെല്ലി ക്ഷേത്രത്തിന്റെ വികസനം

377(825) ശ്രീ. ഒ. ആർ. കേളു: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) തിരുനെല്ലി ക്ഷേത്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് എന്തെല്ലാം പദ്ധതികൾ നടപ്പാക്കാനാണ് ഉദ്ദേശിക്കുന്നത്;

(ബി) ഇതിനായി എത്ര രൂപ നീക്കിവെച്ചിട്ടുണ്ട്;

(സി) ടൂറിസം വകുപ്പുമായി ബന്ധപ്പെട്ട് തിരുനെല്ലിയിലും പരിസരങ്ങളിലും കൂടുതൽ പദ്ധതികൾ നടപ്പാക്കുന്ന കാര്യം പരിഗണിക്കുമോ?

ഉത്തരം

(എ) തിരുനെല്ലി ക്ഷേത്രത്തിന്റെ സാമ്പത്തിക വികസനവുമായി ബന്ധപ്പെട്ട് മാസ്റ്റർപ്ലാൻ പ്രകാരം നടപ്പിലാക്കാനുദ്ദേശിക്കുന്ന പ്രവൃത്തികളുടെ വിശദാംശങ്ങൾ അനുബന്ധമായി ചേർക്കുന്നു.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

(ബി) തിരുനെല്ലി ക്ഷേത്രത്തിന്റെ വികസനവുമായി ബന്ധപ്പെട്ട് 37,59,00,000 (മുപ്പത്തിയേഴ് കോടി അൻപത്തി ഒൻപത് ലക്ഷം) രൂപയാണ് എസ്റ്റിമേറ്റ് തുകയായി കണക്കാക്കിയിട്ടുള്ളത്.

(സി) തിരുനെല്ലി ക്ഷേത്രത്തിലെ പാപനാശിനിയിലെ ബലിക്കടവ് നവീകരണം, ക്ഷേത്രം മുതൽ ബലിക്കടവ് വരെ ഗ്രാനൈറ്റ് പടവുകൾ നിർമ്മാണം, ടോയ്‌ലറ്റ് കോംപ്ലക്സ് നിർമ്മാണം, സ്ട്രീറ്റ് ലൈറ്റനിംഗ്, ഡസ്റ്റ്ബിൻ സജ്ജീകരിക്കൽ, ഇരിപ്പിട നിർമ്മാണം, സൈൻബോർഡുകൾ സ്ഥാപിക്കൽ തുടങ്ങിയ പ്രവൃത്തികൾ ടൂറിസം വകുപ്പുമായി ചേർന്ന് നടപ്പിലാക്കുന്ന കാര്യം പരിഗണനയിലാണ്.

## പത്മതീർത്ഥക്കുളത്തിന്റെ നവീകരണം

378(826) ശ്രീ. ഒ. രാജഗോപാൽ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ശ്രീപത്മനാഭസ്വാമി ക്ഷേത്രത്തിലെ പത്മതീർത്ഥക്കുളത്തിന്റെ നവീകരണത്തിനായി നാളിതുവരെ എത്ര രൂപ ചെലവഴിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കാമോ;

(ബി) പത്മതീർത്ഥക്കുള നവീകരണം നാളിതുവരെ ഏതൊക്കെ ഏജൻസികളെയാണ് ഏൽപ്പിച്ചിരുന്നതെന്നും ഓരോ ഏജൻസിക്കും അനുവദിച്ച് നൽകിയ തുകയും വ്യക്തമാക്കാമോ;

(സി) നവീകരണവുമായി ബന്ധപ്പെട്ട് കേന്ദ്ര സർക്കാർ അനുവദിച്ച ഫണ്ട് സംബന്ധിച്ച് ഓഡിറ്റ് നടത്തിയിട്ടുണ്ടോ; വിശദാംശം വ്യക്തമാക്കാമോ?

### ഉത്തരം

(എ) പത്മതീർത്ഥക്കുളത്തിന്റെ നവീകരണവുമായി ബന്ധപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ നിർദ്ദേശ പ്രകാരം 2014-ൽ സംസ്ഥാന സർക്കാർ അനുവദിച്ച ഒരു കോടി രൂപയിൽ 88,80,032 രൂപ ചെലവഴിച്ചിട്ടുണ്ട്. കൂടാതെ കേന്ദ്ര സർക്കാർ ആവിഷ്കരിച്ച് സംസ്ഥാന സർക്കാർ മുഖേന നടപ്പിലാക്കി വരുന്ന സ്വദേശ് ദർശൻ പദ്ധതി പ്രകാരം 2017-18 കാലയളവിൽ 16,53,560 രൂപയും ചെലവഴിച്ചിട്ടുണ്ട്.

(ബി) പത്മതീർത്ഥക്കുളനവീകരണത്തിന് സംസ്ഥാന സർക്കാർ ഏജൻസിയായ കേരള സംസ്ഥാന നിർമ്മിതി കേന്ദ്രം എന്ന സ്ഥാപനത്തെ മാത്രമാണ് ഇതുവരെ ചുമതലപ്പെടുത്തിയിട്ടുള്ളത്. ഇതുവരെ 1,05,33,592 രൂപ അനുവദിച്ച് നൽകിയിട്ടുണ്ട്.

(സി) പദ്ധതി പ്രവൃത്തികൾ ഇപ്പോഴും നടന്നുവരുന്നതിനാൽ ഫണ്ട് ഓഡിറ്റിംഗ് നടന്നിട്ടില്ല.

**കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് സഹായം**

379(827) ശ്രീ. എം. രാജഗോപാലൻ : താഴെ കാണുന്ന ചോദ്യത്തിന് സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

കാവുകളും കുളങ്ങളും സംരക്ഷിക്കുന്നതിന് ദേവസ്വം വകുപ്പ് വഴി സഹായങ്ങൾ ലഭ്യമാക്കിയിട്ടുണ്ടോ; എങ്കിൽ തൃക്കരിപ്പൂർ മണ്ഡലത്തിൽ ഇതിനായി അനുവദിച്ച സഹായധനം എത്രയെന്നും ഏതൊക്കെ കാവുകൾക്കും കുളങ്ങൾക്കുമാണ് അനുവദിച്ചതെന്നും വ്യക്തമാക്കാമോ?

ഉത്തരം

ദേവസ്വം ബോർഡുകളുടെയും സ്വകാര്യ ക്ഷേത്രങ്ങളുടെയും കീഴിലുള്ള ക്ഷേത്രങ്ങളിലെ കാവുകളും കുളങ്ങളും ആൽത്തറകളും സംരക്ഷിക്കുന്നതിന് ബന്ധപ്പെട്ട ദേവസ്വം ബോർഡുകളുടെ ശിപാർശയുടെ അടിസ്ഥാനത്തിൽ ദേവസ്വം വകുപ്പുവഴി ധനസഹായം അനുവദിച്ചുവരുന്നു. ധനസഹായം അനുവദിക്കപ്പെട്ട ക്ഷേത്രങ്ങളിൽ തൃക്കരിപ്പൂർ മണ്ഡലത്തിലെ ക്ഷേത്രങ്ങൾ ഉൾപ്പെട്ടിട്ടില്ല.

(നക്ഷത്രചിഹ്നമിടാത്ത 525, 526, 542, 545 എന്നീ നമ്പർ ചോദ്യങ്ങളുടെ ഉത്തരങ്ങൾ എഡിറ്റിംഗ് ബ്രാഞ്ചിൽ ലഭ്യമല്ല.)

(ചോദ്യോത്തരങ്ങൾ കഴിഞ്ഞു.)

9.30 AM]

## II അടിയന്തരപ്രമേയം

### നിപ വൈറസ് ബാധ

മി. സ്പീക്കർ: ഫലപ്രദമായ മരുന്നുകൾ ലഭ്യമല്ലാത്തതും ഉറവിടത്തെക്കുറിച്ച് വ്യത്യസ്തമായ പ്രചരണങ്ങൾ നടക്കുന്നതും കോഴിക്കോട്, മലപ്പുറം ജില്ലകളിലായി 17 പേരുടെ മരണത്തിനിടയാക്കിയതും 2000-ത്തോളം പേരെ നിരീക്ഷണത്തിലുമാക്കിയ നിപ വൈറസ് ബാധ സംബന്ധിച്ച് സമൂഹ മാധ്യമങ്ങളിലൂടെയുള്ള തെറ്റായ പ്രചരണങ്ങൾക്കെതിരെ അവബോധം സൃഷ്ടിക്കുന്നതിൽ സർക്കാർ പരാജയപ്പെട്ടതായി പറയപ്പെടുന്ന ഗുരുതരമായ സ്ഥിതിവിശേഷം സഭാനടപടികൾ നിർത്തിവച്ച് ചർച്ച ചെയ്യണമെന്ന് ആവശ്യപ്പെട്ട് ഡോ. എം. കെ. മുനീർ, സർവ്വശ്രീ തിരുവഞ്ചൂർ രാധാകൃഷ്ണൻ, അനൂപ് ജേക്കബ് എന്നീ ബഹുമാനപ്പെട്ട അംഗങ്ങൾ റൂൾ 50 പ്രകാരം നോട്ടീസ് നൽകിയിട്ടുണ്ട്. ഇക്കാര്യത്തിൽ ചട്ടം 300 പ്രകാരമുള്ള പ്രസ്താവനയും ഇന്നത്തെ കാര്യവിവരപ്പട്ടികയിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്കസമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഈ വിഷയത്തിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി റൂൾ 300 പ്രകാരം ഒരു സ്റ്റേറ്റ്മെന്റ് ഇന്നിവിടെ വായിക്കുന്നുണ്ട്. അത്തരമൊരു സാഹചര്യത്തിൽ 52 (6) പ്രകാരം ഇത് അനവദനീയമാണോ എന്ന് ബഹുമാനപ്പെട്ട സ്പീക്കർ പരിശോധിക്കണം.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ഇതിന് മുമ്പും ഇതുപോലെയുള്ള സന്ദർഭങ്ങളിൽ അടിയന്തരപ്രമേയത്തിനാണ് പ്രാധാന്യം നൽകുക. അതേ വിഷയത്തിന്മേൽ അജണ്ടയിൽ ഉൾപ്പെടുത്തിയിട്ടുള്ള റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റിന് സംരക്ഷണം നൽകേണ്ട ബാധ്യതയും ചെയറിനുണ്ട്. 25-1-1999, 2-3-2000 എന്നീ തീയതികളിൽ ഇതേ വിഷയം അസംബ്ലിയിൽ വന്നപ്പോഴുണ്ടായ സ്പീക്കറുടെ റൂളിംഗാണ് എന്റെ കയ്യിലുള്ളത്. അതിൽ ചെയറിന്റെ ഒരു നിർദ്ദേശം, അടിയന്തരപ്രമേയ ചർച്ചയും റൂൾ 300 അനുസരിച്ചുള്ള സ്റ്റേറ്റ്മെന്റും ഒരുമിച്ച് വന്നാൽ അടിയന്തരപ്രമേയത്തിനാണ് പ്രിഫറൻസ് കിട്ടുന്നത് എന്നാണ്. ഇത് അങ്ങയുടെ പിൻകാലത്തുണ്ടായ റൂളിംഗാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, അടിയന്തര പ്രമേയം ചർച്ച ചെയ്യുന്നുണ്ടെങ്കിൽ ആ ഘട്ടത്തിൽ റൂൾ ചെയ്താൽ മതി. ഇപ്പോൾ അടിയന്തര പ്രമേയം പരിഗണനയ്ക്കെടുക്കുന്നതല്ലേയുള്ളൂ.

മി. സ്പീക്കർ: റൂൾ 52 (6) പ്രകാരം അങ്ങ് പറഞ്ഞതിൽ സാങ്കേതികമായൊരു ശരി ഉണ്ടെങ്കിലും ഈ വിഷയത്തിന്റെ പ്രാധാന്യവും പ്രതിപക്ഷത്തിന്റെ അവകാശവും പരിഗണിച്ചുകൊണ്ട് ഇത് പരിഗണനയ്ക്കെടുക്കണമെന്നാണ് ചെയറിന്റെ നിലപാട്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഇന്നലെ സർവ്വകക്ഷിയോഗം ചേർന്ന് വളരെ വിശദമായി ഇക്കാര്യങ്ങളെല്ലാം വിലയിരുത്തിയിട്ടുണ്ട്. മാത്രമല്ല, നമ്മൾ ഒരുമിച്ചാണ് ഈ മഹാവിപത്തിനെ നേരിടാൻ ഒരുങ്ങിയിട്ടുള്ളത്. ബഹുമാനപ്പെട്ട സ്പീക്കർ പറഞ്ഞതുപോലെ വളരെ പ്രാധാന്യമുള്ളൊരു വിഷയമായതുകൊണ്ട് ചർച്ചയാകാമെന്നതാണ് എന്റെ അഭിപ്രായം.

മി. സ്പീക്കർ: ചട്ടം 50 പ്രകാരമുള്ള നോട്ടീസിന്മേൽ ചർച്ചയാകാമെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അറിയിച്ചിരിക്കുകയാണ്. അതിനാൽ ചട്ടം 55 പ്രകാരം ഉച്ചയ്ക്ക് 12.30-ന് ഇക്കാര്യം ചർച്ചയ്ക്കെടുക്കുന്നതാണ്. രണ്ട് മണിക്കൂർ ചർച്ചയായിരിക്കും. ഇതേ വിഷയത്തിൽ ചട്ടം 300 പ്രകാരം മന്ത്രി നടത്താൻ തീരുമാനിച്ചിരുന്ന പ്രസ്താവന കാര്യവിവരപ്പട്ടികയിൽനിന്നും ഒഴിവാക്കിയിരിക്കുന്നു.

## III ശ്രദ്ധ ക്ഷണിക്കൽ

### (1) വില വർദ്ധനവ്

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇന്ന് രാവിലെ ഇവിടെ ചോദ്യോത്തരവേളയിൽ ചർച്ച ചെയ്തതുപോലെ കേന്ദ്രസർക്കാർ സ്വീകരിക്കുന്ന നയത്തിന്റെ ഭാഗമായി പാചകവാതകം, പെട്രോൾ, ഡീസൽ എന്നിവയുടെ ഭീമമായ വിലവർദ്ധനവ് സാമൂഹ്യ ജീവിതത്തിന്റെ എല്ലാ മേഖലകളെയും തകിടം മറിക്കുന്ന സ്ഥിതിയിലെത്തിച്ചിരിക്കുകയാണ്. വളരെ ഗുരുതരമായ പ്രശ്നത്തിലേയ്ക്കാണ് ഞാൻ സഭയുടെ ശ്രദ്ധ ക്ഷണിക്കുന്നത്. ഇങ്ങനെ പോകുകയാണെങ്കിൽ പെട്രോളിന്റെയും ഡീസലിന്റെയുമെല്ലാം വില ലിറ്ററിന് നൂറ് രൂപയിലെത്താൻ ഇനി അധിക ദിവസം വേണ്ടിവരില്ല. പെട്രോളിന്റെ വില ഇന്നത്തെ ലിറ്ററിന് 80.97 രൂപയും ഡീസലിന്റേത് 73.72 രൂപയുമാണ്. സബ്സിഡിയില്ലാത്ത വിഭാഗത്തിനുള്ള പാചകവാതകത്തിന് 48 രൂപയോളം വർദ്ധിപ്പിച്ചത് അടുത്തകാലത്താണ്. മുമ്പ് എണ്ണക്കമ്പനികൾ പ്രതിമാസം റേറ്റ് വർദ്ധിപ്പിക്കുകയാണുണ്ടായിരുന്നത്. എന്നാൽ

ഇപ്പോൾ അത് പ്രതിദിന വർദ്ധനവ് എന്ന നിലയിലേയ്ക്ക് മാറിയിട്ടുണ്ട്. കർണ്ണാടക തെരഞ്ഞെടുപ്പ് സമയത്ത് ഭരണകക്ഷിക്കുവേണ്ടി വിലവർദ്ധനവ് താൽക്കാലികമായി നിർത്തിവയ്ക്കുകയും ഇലക്ഷൻ കഴിഞ്ഞപ്പോൾ തുടരെത്തുടരെ വില വർദ്ധിപ്പിക്കുകയും ചെയ്യുന്ന സാഹചര്യമുണ്ടായി. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവിന്റെ വിശദാംശങ്ങൾ നേരത്തെ ഇവിടെ ചോദ്യോത്തരവേളയിൽ ചർച്ച ചെയ്തതുകൊണ്ട് ഞാൻ അതിനെക്കുറിച്ച് കൂടുതൽ പറയുന്നില്ല.

നരേന്ദ്രമോദി സർക്കാർ അധികാരത്തിൽ വന്നപ്പോൾ അന്താരാഷ്ട്ര കമ്പോളത്തിൽ പെട്രോളിന്റെയും ഡീസലിന്റെയുമൊക്കെ വില ബാരലിന് 106 ഡോളറുണ്ടായിരുന്നത് പിന്നീട് കുത്തനെ കുറഞ്ഞു. അപ്പോൾ ഇവിടെയും പെട്രോളിന്റെയും ഡീസലിന്റെയും വില ആനുപാതികമായി കുറയേണ്ടതായിരുന്നു. അക്കാര്യം നേരത്തെ ഇവിടെ പ്രതിപക്ഷ നേതാവ് സൂചിപ്പിച്ചു. ആനുപാതികമായി കുറയാതിരിക്കാൻ കസ്റ്റംസ്, എക്സൈസ് തീരുവയൊക്കെ കുത്തനെ വർദ്ധിപ്പിച്ച് അതിന്റെ നേട്ടം സമൂഹത്തിന് ലഭിക്കുന്നതിന് തടസ്സമുണ്ടാക്കിയത് ആ ഗവൺമെന്റിന്റെ നയമാണ്. ഇന്ധനവിലയിലുണ്ടാകുന്ന വർദ്ധനവ് ഏറ്റവും പ്രതികൂല പ്രത്യാഘാതമുണ്ടാക്കുന്ന സംസ്ഥാനമാണ് നമ്മുടേത്. ഇതൊരു ഉപഭോക്തൃ സംസ്ഥാനമാണ്. ഭക്ഷ്യധാന്യം, പച്ചക്കറികൾ, നിത്യോപയോഗ സാധനങ്ങൾ എല്ലാം മറ്റ് സംസ്ഥാനങ്ങളിൽനിന്നും കൊണ്ടുവരേണ്ട സാഹചര്യമുള്ള സംസ്ഥാനമാണിത്. ഇന്ധന വിലവർദ്ധനവിന്റെ ഫലമായി കടത്തുകൂലിയും യാത്രാ കൂലിയുമെല്ലാം വലിയ തോതിൽ വർദ്ധിപ്പിച്ചിട്ടുണ്ട്. ഇത് നമ്മുടെ സംസ്ഥാനത്തും വിലക്കയറ്റത്തിന്റെ ആഘാതം സൃഷ്ടിക്കുന്നുണ്ട്. വിലക്കയറ്റത്തിന്റെ ആഘാതത്തിൽനിന്നും ആളുകൾക്ക് ആശ്വാസം നൽകുന്നത് സംസ്ഥാന സർക്കാരിന്റെ ശക്തമായ ഇടപെടലാണ്. കഴിഞ്ഞ സഭയിൽ ബഹുമാനപ്പെട്ട ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി ഒരു പ്രസ്താവന നടത്തിയപ്പോൾ പറഞ്ഞത്, യു.ഡി.എഫ്. സർക്കാരിന്റെ അവസാന മൂന്ന് വർഷക്കാലത്ത് ചെലവഴിച്ചതിന്റെ ഇരട്ടിയലധികം തുക എൽ.ഡി.എഫ്. ഗവൺമെന്റ് ഇതിനകംതന്നെ പൊതുവിപണിയിൽ ഇടപെട്ട് വിലനിലവാരം പിടിച്ചുനിർത്തുന്നതിനുവേണ്ടി ചെലവഴിച്ചിട്ടുണ്ട് എന്നാണ്. അതൊരു വസ്തുതയാണ്. മാവേലി സ്റ്റോറുകളിൽ പതിമൂന്നിനം സാധനങ്ങൾ ന്യായവിലയ്ക്ക് ലഭ്യമാക്കുമെന്ന് ഉറപ്പാക്കിയിട്ടുണ്ട്. യു.ഡി.എഫ്. നേരത്തെ വെട്ടിക്കുറച്ച അഞ്ചിനം സാധനങ്ങൾകൂടി മാവേലി സ്റ്റോറുകളിലൂടെ ന്യായവിലയ്ക്ക് ലഭ്യമാക്കുന്നതിനുള്ള സംവിധാനം പുനഃസ്ഥാപിച്ചിട്ടുണ്ട്. പുതിയ മാവേലി സ്റ്റോറുകളും സൂപ്പർ മാർക്കറ്റുകളും ആരംഭിക്കുകയും സാധ്യമായ മാവേലി സ്റ്റോറുകളെ സൂപ്പർ

മാർക്കറ്റുകളാക്കി മാറ്റുകയും ചെയ്യുന്നുണ്ട്. ഓണം, വിഷു, ക്രിസ്തുമസ്, റംസാൻ തുടങ്ങിയ ഉത്സവകാലത്ത് ന്യായവിലയ്ക്ക് നിത്യോപയോഗ സാധനങ്ങൾ ലഭ്യമാക്കുന്നതിനുള്ള ഉത്സവകാല ചന്തകൾ ഫലപ്രദമായി നടക്കുന്നുണ്ട്. യു.ഡി.എഫ്. ഭരണത്തിന്റെ അവസാനകാലത്ത് ഇവയെല്ലാം നിശ്ചലമായിരുന്നു. കഴിഞ്ഞ ദിവസം ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഉദ്ഘാടനം ചെയ്ത റംസാൻ ഫെയറിൽ പതിമൂന്നിനം സാധനങ്ങൾക്കുപുറമെ ബിരിയാണി അരിയും ന്യായവിലയ്ക്ക് നൽകുന്നുണ്ട്. സർക്കാരിന്റെ ഇത്തരം ഇടപെടൽ വിപുലമാക്കുന്നതിനെപ്പറ്റി ആലോചിക്കണമെന്നാണ് ഞാൻ ആവശ്യപ്പെടുന്നത്. പൊതുവിതരണ സംവിധാനം കൂടുതൽ ശക്തിപ്പെടുത്തുകയും സബ്സിഡി നിരക്കിൽ സാധനങ്ങൾ ലഭ്യമാക്കുന്നുവെന്ന് ഉറപ്പാക്കുകയും വേണം. സംസ്ഥാന സർക്കാരിന്റെ മാത്രം സാമ്പത്തികശേഷി ഉപയോഗിച്ച് അത്തരമൊരു പദ്ധതി ആവിഷ്കരിച്ച് പൂർണ്ണമായി നിർവ്വഹിക്കാനാകണമെന്നില്ല. അതുകൊണ്ട് കേന്ദ്ര ഗവൺമെന്റ് മുമ്പാകെ ഇതുസംബന്ധിച്ച് നിർദ്ദേശം വയ്ക്കേണ്ടതുണ്ട്. ഇന്ധനവില വർദ്ധിപ്പിച്ചതിലൂടെ കഴിഞ്ഞ നാല് വർഷത്തിനിടയിൽ അധിക നികുതി വരുമാനത്തിലൂടെ കേന്ദ്രസർക്കാർ 9.9 ലക്ഷം കോടി രൂപയുടെ അധിക വരുമാനം സമാഹരിച്ചിട്ടുണ്ട്. ജനങ്ങളെ പിഴിഞ്ഞാണ് അത്രയും തുക സമാഹരിച്ചത്. പെട്രോളിയം കമ്പനികൾ 45,000 കോടി രൂപ ലാഭവിഹിതമായി കേന്ദ്രസർക്കാരിന് നൽകിയിട്ടുണ്ട്. ലാഭമുണ്ടെങ്കിലും ഇന്ധനവില കുറയ്ക്കാൻ കഴിയില്ല, വികസന ചെലവിനും മറ്റുമായി ആ തുക വേണമെന്നാണ് കേന്ദ്രസർക്കാർ പറയുന്നത്. എന്നാൽ കോർപ്പറേറ്റ് കമ്പനികൾക്ക് കോടാനുകോടി രൂപയുടെ നികുതിയിളവ് കൊടുക്കുന്നതിന് കേന്ദ്ര സർക്കാരിന് ഒരു വിഷമവുമില്ല, സാമ്പത്തിക ബുദ്ധിമുട്ടുകളൊന്നും അവരെ ബാധിക്കുന്നുമില്ല. ഇക്കാര്യത്തിൽ യു.പി.എ. സർക്കാരും ബി.ജെ.പി. ഗവൺമെന്റും ഒരേ നയം തന്നെയാണ് സ്വീകരിച്ചുവന്നത്. ഫെഡറൽ സംവിധാനം നിലനിൽക്കുന്ന ഇന്ത്യയിൽ വിലക്കയറ്റത്തിന്റെ ആഘാതം ഏറ്റവും കൂടുതൽ അനുഭവിക്കുന്ന ഉപഭോക്തൃ സംസ്ഥാനമെന്ന നിലയിൽ ഇന്ധനവില വർദ്ധനവിലൂടെയും ലാഭവിഹിതത്തിലൂടെയും സമാഹരിക്കുന്ന അധിക നികുതി വരുമാനത്തിന്റെ ഒരു വിഹിതം ഭക്ഷ്യധാന്യമായോ പണമായോ പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനായി ലഭ്യമാക്കണമെന്ന് കേന്ദ്രസർക്കാരിനോട് ആവശ്യപ്പെടണമെന്ന നിർദ്ദേശമാണ് സർക്കാരിന് മുമ്പാകെ അവതരിപ്പിക്കാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. ബി. ഡി. ദേവസ്സി]

ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, കേന്ദ്ര സർക്കാർ നയംമൂലം പെട്രോളിനും ഡീസലിനും പാചകവാതകത്തിനും ക്രമാതീതമായ വിലവർദ്ധനവാണ് ഉണ്ടായിക്കൊണ്ടിരിക്കുന്നത്. അരിയും പലവ്യഞ്ജനങ്ങളുമടക്കമുള്ള എല്ലാ നിത്യോപയോഗ സാധനങ്ങളും ആന്ധ്രാപ്രദേശ് പോലുള്ള വടക്കൻ സംസ്ഥാനങ്ങളിൽനിന്നുമാണ് കൊണ്ടുവരുന്നത്. പെട്രോളിന്റെയും ഡീസലിന്റെയും വിലവർദ്ധനവ് കടത്തുകൂലിയിലും ഗണ്യമായ വർദ്ധനവാണ് വരുത്തിയിരിക്കുന്നത്. ഈ സാഹചര്യത്തിൽ ഉത്പന്നങ്ങളുടെ വിലയിൽ വർദ്ധനവുണ്ടാകുന്നത് സ്വാഭാവികമാണ്. എന്നാൽ സംസ്ഥാനത്ത് ഭക്ഷ്യവസ്തുക്കളുടെ വിലയിൽ വർദ്ധനവുണ്ടാകാതിരിക്കാൻ സംസ്ഥാന ഗവൺമെന്റ് അതീവജാഗ്രതയാണ് പുലർത്തുന്നത്. അരിയുടെ വിലയിൽ വർദ്ധനവുണ്ടാകാതിരിക്കുന്നതിന് ഇ-ടെണ്ടർ പർച്ചേസിനു പുറമെ ഉത്പാദന കേന്ദ്രത്തിൽനിന്നും സംഭരിച്ചും സബ്സിഡി നിരക്കിലും സബ്സിഡി ഇല്ലാതെ വളരെ കുറഞ്ഞ നിരക്കിലും സപ്ലൈകോ വിൽപ്പന നടത്തുന്നതിന്റെ ഫലമായി സംസ്ഥാനത്ത് പൊതുവിപണിയിൽ അരിവിലയിൽ ഗണ്യമായ കുറവാണുണ്ടായത്. 2016 ജൂൺ മാസത്തിൽ ഒരു കിലോ അരിക്ക് 40 മുതൽ 45 രൂപ വരെ വിലയുണ്ടായിരുന്നത് 32 മുതൽ 40 രൂപ വരെയായി കുറഞ്ഞിട്ടുണ്ട്. ഇ-ടെണ്ടർ, ഇ-ഓക്ഷൻ എന്നിവ വഴി പഞ്ചസാര വാങ്ങുന്നതിന്റെ ഫലമായി 41 രൂപയായിരുന്ന പഞ്ചസാരയുടെ വില 33 രൂപയായി കുറഞ്ഞിട്ടുണ്ട്. പലവ്യഞ്ജനങ്ങൾക്കും അതുപോലെ വില കുറഞ്ഞിട്ടുണ്ട്. സബ്സിഡി നിരക്കിൽ 14 ഇനം അവശ്യസാധനങ്ങൾ ശരാശരി 20 മുതൽ 50 ശതമാനം വരെ വിലക്കുറവിലും 28 ഇനം ഭക്ഷ്യവസ്തുക്കൾ പൊതുവിപണിയെക്കാൾ 10 മുതൽ 20 ശതമാനം വരെ വിലക്കുറവിൽ ഫ്രീ സെയിൽ സബ്സിഡി നിരക്കിലും സപ്ലൈകോ മുഖാന്തരം പൊതുജനങ്ങൾക്ക് ലഭ്യമാക്കിവരുന്നു. സപ്ലൈകോയുടെ സ്വന്തം ശബരി ബ്രാന്റിലുള്ള നിത്യോപയോഗ സാധനങ്ങൾ, മറ്റ് ബ്രാന്റഡ് കമ്പനികളുടെ FMCG (Fast Moving Consumer Goods) ഉത്പന്നങ്ങൾ എന്നിവയും പൊതുവിപണിയെക്കാൾ വിലക്കുറവിൽ വിൽപ്പന നടത്തിവരുന്നു. ഉത്സവ സീസണിൽ നിലവിലുള്ള വിൽപ്പനശാലകൾക്കു പുറമെ പ്രത്യേക ഉത്സവചന്തകൾ പ്രവർത്തിപ്പിക്കുന്ന രീതി വർഷങ്ങളായി തുടർന്നുവരുന്നു. ക്രിയാത്മക വിപണി ഇടപെടലിനായി ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കൂടുതൽ തുകയാണ് സപ്ലൈകോയ്ക്ക് നീക്കിവയ്ക്കുന്നത്. അതുകൂടാതെ മുൻവർഷങ്ങളിലെല്ലാം സപ്ലൈകോയുടെ സബ്സിഡിരഹിത ഉത്പന്നങ്ങളുടെ വിൽപ്പനയിലൂടെ ലഭിച്ച ലാഭത്തിൽനിന്നും സബ്സിഡി സാധനങ്ങളുടെ സംഭരണ വിതരണത്തിനായി വലിയ തുക ചെലവഴിച്ചിട്ടുണ്ട്.

സപ്ലൈകോ വിൽപ്പനശാലകളില്ലാത്ത ഗ്രാമപഞ്ചായത്തുകൾക്ക് മുൻഗണന നൽകി സാധ്യതാപഠനത്തിന്റെ അടിസ്ഥാനത്തിൽ അവ ആരംഭിച്ച് കുറഞ്ഞ വിലയ്ക്ക് അവശ്യസാധനങ്ങൾ ജനങ്ങൾക്ക് എത്തിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു. ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ഇതിനോടകം നിരവധി ഔട്ട്ലെറ്റുകൾ പുതുതായി ആരംഭിച്ചുകഴിഞ്ഞു. ഇപ്പോൾ പ്രധാന കേന്ദ്രങ്ങളിൽ റംസാൻ വിപണികൾ ആരംഭിക്കുകയാണ്. റേഷൻകടകൾ വഴിയും അവശ്യസാധനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കുന്ന പദ്ധതിയുടെ സംസ്ഥാനതല ഉദ്ഘാടനം കണ്ണൂരിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവ്വഹിക്കുകയുണ്ടായി. ഇത് പരമാവധി റേഷൻകടകളിൽ എത്തിക്കാനാണ് ലക്ഷ്യമിടുന്നത്. ആവശ്യമായ സന്ദർഭങ്ങളിൽ വിപണി ഇടപെടൽ നടത്തി ജനങ്ങൾക്ക് വിലക്കുറവിൽ സാധനങ്ങൾ ലഭ്യമാക്കാൻ പുതിയ മാർഗ്ഗങ്ങൾ അവലംബിക്കുന്നതാണ്. ഇപ്രകാരം ഇന്ധനവില വർദ്ധനവുമൂലമുണ്ടാകുന്ന പ്രയാസങ്ങൾ അതിജീവിക്കാൻ സാധ്യമായ എല്ലാ നടപടികളും സ്വീകരിക്കുന്നതാണ്. റേഷൻ ധാന്യത്തിന്റെ അലോട്ട്മെന്റിൽ വർദ്ധനവ് വരുത്തണമെന്നും അരിയോടൊപ്പം പൾസസും റേഷൻ വിലയ്ക്ക് വിതരണം ചെയ്യാൻ കഴിയുംവിധം അനുവദിക്കണമെന്ന് ശക്തമായി കേന്ദ്രത്തോട് ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. പുതിയ സാഹചര്യത്തെ നേരിടാനുള്ള എല്ലാ ഒരുക്കങ്ങളും ഗവൺമെന്റ് നടത്തുന്നതാണ്.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇന്ധനവില വർദ്ധനവിന്റെ ഭാഗമായി സമാഹരിക്കുന്ന വലിയ നികുതി വരുമാനത്തിൽനിന്നും പൊതുവിതരണ സംവിധാനം ശക്തിപ്പെടുത്തുന്നതിനുള്ള സഹായം ലഭ്യമാക്കുകയെന്നത് ഫെഡറൽ സംസ്ഥാനമെന്ന നിലയിൽ നമ്മുടെ അവകാശമാണ്. അക്കാര്യം സംസ്ഥാന ഗവൺമെന്റ് ആവശ്യപ്പെടുമോ?

ശ്രീ. പി. തിലോത്തമൻ: സർ, തീർച്ചയായും. അതാണ് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുന്നത്. നമുക്ക് ലഭിക്കുന്ന റേഷൻ ധാന്യം എൻ.എഫ്.എസ്.എ. പ്രകാരം പതിനാലേകാൽ ലക്ഷമായി ചുരുങ്ങി. എന്നാൽ ഇന്ത്യയിലെ മറ്റെല്ലാ സംസ്ഥാനങ്ങളിലും അതിനെക്കാൾ കൂടുതൽ വിഹിതമാണ് ലഭിക്കുന്നത്. അതിന്റെ അടിസ്ഥാനത്തിലുള്ള വർദ്ധനവ് ലഭിക്കണമെന്ന് നമ്മൾ ആവശ്യപ്പെട്ടുകൊണ്ടിരിക്കുകയാണ്. അരിയും ഗോതമ്പും മണ്ണെണ്ണയും കൂടാതെ മറ്റു ധാന്യങ്ങൾകൂടി പരമാവധി സബ്സിഡൈസ്ഡ് റേറ്റിൽ ലഭിച്ചാൽ റേഷൻ സംവിധാനം വഴി കൂടുതൽ സാധനങ്ങൾ ജനങ്ങളിലേയ്ക്കെത്തിക്കാൻ കഴിയും. വിലവർദ്ധനവ് പിടിച്ചുനിർത്തുന്നതിനുള്ള ഒരു പ്രധാന ഘടകമായി അത് മാറുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

## (2) മുച്ചക്ര വാഹനങ്ങളും ഇലക്ട്രോണിക് വീൽ ചെയറുകളും അനുവദിക്കൽ

ശ്രീ. ഷാഫി പറമ്പിൽ: സർ, മാനസികമായും ശാരീരികമായും ബുദ്ധിമുട്ടനുഭവിക്കുന്ന ഭിന്നശേഷിക്കാരുടെ യാത്രയുമായി ബന്ധപ്പെട്ട പ്രശ്നമാണ് സഭയുടെ മുമ്പാകെ കൊണ്ടുവരാൻ ആഗ്രഹിക്കുന്നത്. ബുദ്ധിപരമായ വെല്ലുവിളികൾ നേരിടുന്നവരുടെ ശാക്തീകരണം ഒരു പ്രധാന അജണ്ടയാണ്. സ്വന്തം കാര്യങ്ങൾ ആരുടെയെങ്കിലും മുന്നിൽ അവതരിപ്പിക്കാൻപോലും ശേഷിയില്ലാത്ത വളരെ പ്രയാസകരമായ സാഹചര്യത്തിലാണ് അവർ ജീവിക്കുന്നത്. സ്പെഷ്യൽ സ്കൂളുകളിലേയ്ക്കോ മറ്റ് സ്ഥലങ്ങളിലേയ്ക്കോ ഭിന്നശേഷിക്കാരായ മക്കളെ കൊണ്ടുപോകുന്നതിന് രക്ഷിതാവ് അനുഭവിക്കുന്ന പ്രയാസം വാക്കുകളിൽ ഒതുക്കാൻ കഴിയില്ല. ചെറിയ കുട്ടിയായിരിക്കുമ്പോൾ അമ്മ എടുത്തുകൊണ്ട് നടന്നോ ബസിലോ ഓട്ടോറിക്ഷയിലോ അവരെ സ്കൂളിലേയ്ക്ക് കൊണ്ടുപോകും. വൈകുന്നേരം വരെ അമ്മ സ്കൂളിൽ തന്നെയിരിക്കും. കുട്ടിയുടെ പ്രാഥമിക കാര്യങ്ങൾ ഉൾപ്പെടെ ചെയ്തുകൊടുക്കും. വൈകുന്നേരം കുട്ടിയെ സ്കൂളിൽനിന്നും വീട്ടിലേയ്ക്ക് തിരിച്ചും കൊണ്ടുവരും. പ്രായം കൂടുമ്പോൾ കുട്ടിക്ക് മാനസികമായ വളർച്ചയില്ലെങ്കിലും ശാരീരികമായ വളർച്ചയുണ്ടാകും. പ്രായം കൂടുന്തോറും കുട്ടിയെ എടുത്തുകൊണ്ടുപോകാനുള്ള ശേഷി അമ്മയ്ക്ക് നഷ്ടപ്പെടും. എങ്കിലും വീട്ടിൽ കുട്ടിയെ അടച്ചിടാൻ മനസ്സ് അനുവദിക്കാത്തതിനാൽ അമ്മ ആ കുഞ്ഞിനെയും കൊണ്ട് സ്കൂളിലെത്തും. എല്ലാവരും വീട്ടിൽ സ്വന്തമായി വാഹനമുള്ളവരോ ഓട്ടോറിക്ഷ വിളിക്കാൻ കഴിവുള്ളവരോ ആയിരിക്കില്ല. പാലക്കാട് പരിവാർ എന്ന സംഘടനയുടെ മീറ്റിംഗിൽ ഞാൻ പങ്കെടുത്തപ്പോൾ അവിടെയുണ്ടായിരുന്ന ആളുകൾ പറഞ്ഞ പ്രധാന പ്രശ്നം അവർ കുട്ടികളെ സ്കൂളിൽ കൊണ്ടുപോകാനും അവർക്കൊപ്പം പോകാനും തയ്യാറാണ്; എന്നാൽ എല്ലാ ദിവസവും അവരെ സ്കൂളിൽ കൊണ്ടുപോയി തിരിച്ചുകൊണ്ടുവരാനുള്ള സാമ്പത്തിക ശേഷി അവർക്കില്ല. ഒരാൾക്കു മാത്രമേ ജോലിക്ക് പോകാൻ കഴിയൂ. അച്ഛന് കൂലിപ്പണിയാണെങ്കിൽ അതിൽനിന്നുവേണം കുട്ടിയുടെ ചികിത്സയും പഠനവും സ്കൂളിൽ കൊണ്ടുപോകാനുള്ള ചെലവുൾപ്പെടെയുള്ള കാര്യങ്ങളും നോക്കേണ്ടത്. അതുകൊണ്ട് ആ കുട്ടികളെ സ്കൂളിൽ കൊണ്ടുപോകാനും തിരിച്ചുകൊണ്ടുവരാനുമുള്ള സംവിധാനം ചെയ്തുതരണമെന്ന് അവർ പറഞ്ഞു. ഞാൻ അവിടെയുണ്ടായിരുന്ന എല്ലാവരുടെയും താത്പര്യപ്രകാരം എം.എൽ.എ. ഫണ്ടിൽനിന്നും ഒരു ബസ് അവർക്ക് ഏർപ്പാട് ചെയ്തുകൊടുക്കാൻ തീരുമാനിച്ചു. എന്നാൽ അത് ഏറ്റെടുക്കുന്നതിന് ഒരു സർക്കാർ സംവിധാനമില്ല. സാമൂഹ്യനീതി വകുപ്പിനോട് ആവശ്യപ്പെട്ടപ്പോൾ എം.എൽ.എ. ഫണ്ടിൽ നിന്ന് ബസ് വാങ്ങി അവർക്കുവേണ്ടി ഓപ്പറേറ്റ് ചെയ്യാൻ കഴിയില്ല എന്നാണ് പറഞ്ഞത്. ഡ്രൈവറുടേത് ഉൾപ്പെടെയുള്ള

മറ്റ് ചെലവുകൾക്ക് ആര് തീരുമാനമെടുക്കുമെന്ന പ്രശ്നം വരും. എം.എൽ.എ. ഫണ്ടിന്റെ മാനദണ്ഡപ്രകാരം ബസ് സ്വകാര്യ സംഘടനയ്ക്ക് കൊടുക്കാനും സാധിക്കില്ല. ശാരീരിക പ്രയാസങ്ങൾ അനുഭവിക്കുന്നവർക്ക് നിലവിൽ എം.എൽ.എ./ആസ്തി വികസന ഫണ്ടിൽ നിന്നും മുച്ചക്രവാഹനങ്ങൾ നൽകുന്നുണ്ട്. ഭിന്നശേഷിക്കാരായ കുട്ടികളുള്ള രക്ഷിതാവിന്റെ പേരിൽ ഒരു വാഹനം; സിനിമകളിലൊക്കെ കണ്ടിട്ടുള്ളതുപോലെ ബൈക്കിനോട് അറ്റാച്ച് ചെയ്യുതും സീറ്റ് ബെൽറ്റും സുരക്ഷിതമായി ആളുകളെ കൊണ്ടുപോകാൻ കഴിയാവുന്നതുമായ ഒരു സംവിധാനം ഈ പാവങ്ങൾക്ക് എം.എൽ.എ. ഫണ്ടിൽനിന്ന് കൊടുക്കുകയാണെങ്കിൽ സ്കൂളിലേയ്ക്കോ ആശുപത്രിയിലേയ്ക്കോ ഫിസിയോ തെറാപ്പിക്കോ കൗൺസിലിംഗിനോ മറ്റോ കൊണ്ടുപോകാൻ വാടകയ്ക്ക് വാഹനം വിളിക്കുന്നതിനുള്ള ചെലവ് ഒഴിവാക്കിക്കൊടുക്കാൻ സാധിക്കും. ഈ സഭയുടെ വികാരം അവർക്കൊപ്പമാണെന്നുള്ള കാര്യത്തിൽ ആർക്കും സംശയമില്ല. എല്ലാ എം.എൽ.എ.-മാരും സപ്പോർട്ട് ചെയ്യുമെന്ന് വിചാരിക്കുന്നു. ശാരീരികമായി ഭിന്നശേഷിയുള്ള ഒരാൾക്ക് മുച്ചക്ര വാഹനം കൊടുക്കുന്നതിന് ഇപ്പോൾ തടസ്സമില്ല. എന്നാൽ ഇത് ഗുണഭോക്താവിന് നേരിട്ട് കൊടുക്കാൻ കഴിയില്ല. സ്വന്തം കാര്യം ആവശ്യപ്പെടാൻപോലും കഴിയാത്തവർക്ക് അമ്മയുടെയോ അച്ഛന്റെയോ പേരിൽ കൊടുക്കാനേ സാധിക്കുകയുള്ളൂ. നിലവിൽ മുച്ചക്രവാഹനം അനുവദിച്ചുകൊടുക്കാൻ നിയമങ്ങളുണ്ട്. അവർ ഇൻക്ലൂസീവ് എഡ്യൂക്കേഷൻപോലും ആവശ്യപ്പെട്ടു കൊണ്ടിരിക്കുകയാണ്. സ്പെഷ്യൽ സ്കൂളുകളിലേയ്ക്ക് മക്കളെ അയച്ച് പൊതുസമൂഹത്തിന്റെ മുമ്പിൽ ഇത്തരം കുറെ ആളുകൾ ജീവിക്കുന്നുവെന്ന ധാരണപോലും നഷ്ടപ്പെടുത്തുകയാണെന്നാണ് അവർ പറയുന്നത്. പഞ്ചായത്തിലെ തെരഞ്ഞെടുത്ത ഒരു സ്കൂളിൽ ഇത്തരം കുട്ടികളെ പഠിപ്പിക്കാനുള്ള സംവിധാനമുണ്ടാക്കണമെന്നാണ് അവരുടെ സംഘടനപോലും പറയുന്നത്. എങ്കിൽ മാത്രമേ ഇത്രയും പ്രയാസമനുഭവിക്കുന്ന ആളുകൾ നമുക്കിടയിലുണ്ടെന്ന് പൊതുസമൂഹവും വളർന്നുവരുന്ന തലമുറയും അറിയുകയുള്ളൂ. അവർക്കുവേണ്ടി കലാമേളകളും കായികമേളകളും നടത്തുന്നത് ഉൾപ്പെടെയുള്ള നിർദ്ദേശങ്ങൾ അവർ മുന്നോട്ടുവയ്ക്കുന്നുണ്ട്. ഇൻക്ലൂസീവ് എഡ്യൂക്കേഷന്റെ കാര്യങ്ങൾപോലും അവർ മുന്നോട്ടുവയ്ക്കുമ്പോൾ അത് എത്രത്തോളം പ്രായോഗികമാണ്; അത് ചെയ്യേണ്ടത് അനിവാര്യതയാണ് എന്ന് ഓർമ്മപ്പെടുത്തുമ്പോൾത്തന്നെ ഇപ്പോഴുള്ള സാഹചര്യങ്ങളിലേയ്ക്ക് അവരെ കൊണ്ടുപോകാനും കൊണ്ടുവരാനുമെങ്കിലും രക്ഷിതാവിന് ആരുടെയും വാതിലുകൾ മുട്ടേണ്ടാത്ത അവസ്ഥയുണ്ടാക്കേണ്ടത് നമ്മുടെ കടമയാണ്. അങ്ങ് ഇക്കാര്യത്തിൽ പോസിറ്റീവായ ഒരു തീരുമാനമെടുക്കുമെന്ന് കരുതുന്നു.

മുച്ചക്രവാഹനമുള്ള ആളുകൾ പുറത്തുവരുന്നുണ്ട്. ഇപ്പോൾ പല സംഘടനകളും വീൽ ചെയർ കൊടുക്കുന്നുണ്ട്. ശാരീരിക ബുദ്ധിമുട്ട് അനുഭവിക്കുന്ന വീൽ ചെയറിലിരിക്കുന്ന ഒരാളെ പുറത്തേയ്ക്ക് കൊണ്ടുവരാൻ കൂലിപ്പണിക്ക് പോകുന്ന ഭാര്യയ്ക്കോ അമ്മയ്ക്കോ അച്ഛനോ കഴിയില്ല. അവർക്ക് ആവശ്യമുള്ള ഭക്ഷണം എടുത്തുവച്ചിട്ട് അവർ പണിക്ക് പോകുകയാണ് ചെയ്യുന്നത്. വീൽചെയറിലിരിക്കുന്നവർ ഒരു ജനലിന്റെ പുറത്തുകൂടെയല്ലാതെ ലോകം കാണാൻ പ്രയാസപ്പെടുകയാണ്. ഇപ്പോൾ ഇലക്ട്രോണിക് വീൽചെയറുകളുമുണ്ട്. ഇലക്ട്രോണിക് വീൽചെയർ ഫ്രണ്ട്ലിയാക്കി ഓഫീസുകളും സ്കൂളുകളുമൊക്കെ മാറ്റാൻ പോളിസികളുണ്ട്. ഒരു സ്വിച്ച് പ്രസ് ചെയ്താൽ അവർക്ക് പരസഹായമില്ലാതെ വീടിന്റെ പുറത്തേയ്ക്ക് വരാനുള്ള സാഹചര്യമൊരുക്കി കൊടുത്താൽ നന്നായിരിക്കും. പത്തോ അമ്പതിനായിരമോ രൂപ ചെലവിട്ടാൽ അവർക്കുണ്ടാക്കാൻ പോകുന്നത് ലോകത്തോളം വലിയ മാറ്റങ്ങളായിരിക്കും. ഇപ്പോൾ സാമൂഹ്യനീതി വകുപ്പ് അത് കൊടുക്കാൻ ശ്രമിക്കുന്നുണ്ട്. അതിനായി സീലിംഗോ ക്യാപ്പിംഗോ വച്ച് ആ തുകയ്ക്കകത്തുനിന്നുകൊണ്ട് ഓരോ വർഷവും ഇത്തരം ആളുകൾക്കുവേണ്ടി ആസ്തി വികസന ഫണ്ട് ഉപയോഗപ്പെടുത്താമെന്നുള്ള ഒരു തീരുമാനം അങ്ങ് എടുക്കണമെന്ന് പ്രയാസമനുഭവിക്കുന്നവർക്കുവേണ്ടി, കേരളത്തിനുവേണ്ടി ഈ സഭയിൽ ഞാൻ അഭ്യർത്ഥിക്കുകയാണ്.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ബഹുമാനപ്പെട്ട അംഗം ഉന്നയിച്ച ആവശ്യത്തോട് അനുഭാവപൂർണ്ണമായ ഒരു സമീപനമല്ല ഇപ്പോൾ കൈക്കൊള്ളുന്നത്. 5 കോടി രൂപയുടെ ആസ്തി വികസന ഫണ്ട് എന്നുപറഞ്ഞാൽ സ്ഥിര സ്വഭാവമുള്ള ആസ്തികൾ നിർമ്മിക്കുന്നതിനു വേണ്ടിയുള്ളതാണ്. അത് ക്ഷേമപ്രവർത്തനങ്ങൾക്കായി അനുവാദം നൽകിയാൽ അതിന്റെ പ്രത്യാഘാതം റവന്യൂ ഡെഫിസിറ്റിലൊക്കെ വരും. ഇപ്പോൾ ഈ 5 കോടി രൂപയും ക്യാപിറ്റൽ എക്സ്പെൻഡിച്ചറായാണ് ബുക്ക് ചെയ്യുന്നത്. ഇക്കാര്യം അതിൽ വന്നാൽ ബുദ്ധിമുട്ടാകും. ധന ഉത്തരവാദിത്വ നിയമത്തിന്റെ അടിസ്ഥാനത്തിൽ കമ്മി ഇല്ലാതാക്കാൻ സാധിച്ചില്ലെങ്കിലും കുറച്ചു കൊണ്ടുവരാനുള്ള പ്രവണത കാണിക്കേണ്ടത് അത്യന്താപേക്ഷിതമാണ്.

രണ്ടാമത്തെ കാര്യം, ഇത് വ്യക്തി ഗുണഭോക്താവിനുള്ള ആനുകൂല്യമാണ്. ഇത്രയും വലിയ ആസ്തി വികസന ഫണ്ടിൽനിന്ന് വ്യക്തികൾക്ക് ആനുകൂല്യം നൽകുന്നതിന് അനുവാദം നൽകിയാൽ അത് അതിലേറെ പ്രശ്നങ്ങളുണ്ടാക്കുമെന്നാണ് കരുതുന്നത്. എന്നാൽ അങ്ങ് പറഞ്ഞതുപോലെ വളരെ പ്രധാനപ്പെട്ട ഒരു പ്രശ്നമാണിത്. ചില സന്ദർഭങ്ങളിൽ എം.എൽ.എ. ഫണ്ടിൽനിന്ന് അതിനുള്ള സ്പെഷ്യൽ സാംഗ്ഷൻ കൊടുക്കുന്നുണ്ട്. അത് പരിഗണിക്കാം. എന്നാൽ

ഇതിന് വികലാംഗ ക്ഷേമ കോർപ്പറേഷനുണ്ട്. അവർക്ക് ഇത്തരത്തിലുള്ള മുച്ചക്രവാഹനങ്ങളൊക്കെ വിതരണം ചെയ്യാനുള്ള സ്കീമുകളുമുണ്ട്. ആ സ്കീമുകൾ എം.എൽ.എ. ഫണ്ടുമായി ബന്ധിപ്പിച്ച് കൂടുതൽ ഫണ്ട് നൽകുന്നതിനുള്ള സാധ്യതകളെക്കുറിച്ച് പരിശോധിക്കാം. ഏതായാലും ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് അടക്കമുള്ളവരോട് ചർച്ചചെയ്ത് ഇതുസംബന്ധിച്ച ഒരു സമീപനം കൈക്കൊള്ളാമെന്ന് പറയാനേ നിർവ്വാഹമുള്ളൂ.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ബഹുമാന്യനായ അംഗം ഉദ്ദേശിച്ചത് തീർത്തും നല്ല കാര്യമാണ്. വ്യക്തികൾക്കുവേണ്ടി ഇത്തരത്തിലുള്ള ഫണ്ട് ഉപയോഗിച്ചാൽ അത് ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ട്. അതേസമയം അർഹതപ്പെട്ടവർക്ക് സഹായങ്ങളും മറ്റു സൗകര്യങ്ങളുമെല്ലാം ചെയ്യേണ്ടതുണ്ട്. അതിന് എം.എൽ.എ. ഫണ്ടല്ല ഉപയോഗിക്കേണ്ടത്, അതിനാവശ്യമായ മറ്റ് സംവിധാനങ്ങൾ ഒരുക്കുന്നതിനെക്കുറിച്ച് ഗൗരവമായി ആലോചിക്കുകയാണ് വേണ്ടത്.

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, ബഹുമാനപ്പെട്ട മെമ്പർ ശ്രീ. ഷാഫി പറമ്പിലിന്റെ ഉദ്ദേശ്യം പാവപ്പെട്ട നിർദ്ധനരായ കുടുംബങ്ങളിലെ മാനസിക-ശാരീരിക വൈകല്യമുള്ള കുട്ടികളെ സഹായിക്കുക എന്നതാണ്. ഏത് ഫണ്ടാണെങ്കിലും അത് ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയുമായി ആലോചിച്ച് അത്തരം കുട്ടികൾക്ക് ലഭ്യമാക്കാനുള്ള നടപടിയുണ്ടാകണമെന്ന് മാത്രമേയുള്ളൂ.

ശ്രീ. ഷാഫി പറമ്പിൽ: സർ, നിലവിൽ എം.എൽ.എ. ഫണ്ടിന്റെ ഒരു ഭാഗം, അസറ്റ് ഫണ്ടിന്റെ ഒരു ഭാഗം മുച്ചക്രവാഹന വിതരണത്തിന് നമ്മൾ ഉപയോഗിക്കുന്നുണ്ട്. 5 കോടി രൂപ പൂർണ്ണമായും ഇതിന് ഉപയോഗിക്കണമെന്നല്ല. നിലവിൽ മുച്ചക്രവാഹനം കൊടുക്കുന്നുണ്ട്. ഞാൻ കൊടുത്തതിൽ തന്നെ ഈ വർഷം ഫണ്ട് അനുവദിച്ച് ഓർഡറായി വാഹനം ലഭിച്ചിരിക്കുകയാണ്. അടുത്ത ദിവസം അത് വിതരണം ചെയ്യാൻ പോകുന്നു. നിലവിൽ ഒരു ശതമാനം കൊടുക്കുന്നുണ്ട്. അത് പരിശോധിക്കണം.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഈ വിഷയം ഞാൻ ഈ സഭയിൽ ഉന്നയിച്ചിട്ടുണ്ട്. അന്ന് ഡോ. എം. കെ. മുനീർ മന്ത്രിയായിരിക്കുന്ന കാലത്ത് എം.എൽ.എ.-മാരുടെ അസറ്റ് ഫണ്ടിൽനിന്നും അംഗപരിമിതരായവർക്ക് മുച്ചക്ര സ്കൂട്ടർ കൊടുക്കാമെന്ന് സാമൂഹ്യക്ഷേമ വകുപ്പിൽ നിന്നും ഉത്തരവ് ഇറക്കിയിരുന്നു. പിന്നീട് ആ ഗവൺമെന്റിന്റെതന്നെ ധനകാര്യ വകുപ്പിലെ ഉദ്യോഗസ്ഥർ അത് നിഷേധിച്ചു. ഞങ്ങൾ കൊടുത്തപ്പോൾ അത് നിഷേധിച്ചതാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, വ്യക്തിപരമായ ആനുകൂല്യങ്ങളാകുമ്പോൾ ദുരുപയോഗം ചെയ്യാൻ സാധ്യതയുണ്ടെന്ന് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത് വളരെ പ്രസക്തമായ കാര്യമാണ്. പക്ഷെ നമ്മൾ നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നില്ല. സാമൂഹ്യനീതി വകുപ്പിന് കളക്ടർ വഴി ഇങ്ങനെ ഫണ്ട് കൊടുക്കാൻ താല്പര്യപ്പെടുന്നുവെന്ന് അറിയുമ്പോൾ അവർ അപേക്ഷകൾ ക്ഷണിച്ച് ജില്ലാ ആശുപത്രിയിലെ മെഡിക്കൽ സംഘം പരിശോധിച്ച് അതിൽ അവർ യോഗ്യരാണെന്ന് കണ്ടെത്തി ലിസ്റ്റ് ചെയ്ത് തരുന്ന ആളുകൾക്കേ നേരിട്ട് കൊടുക്കാൻ സാധിക്കുകയുള്ളൂ. അല്ലാതെ എം.എൽ.എ.-യ്ക്ക് നേരിട്ട് ഗുണഭോക്താക്കളെ തെരഞ്ഞെടുക്കാൻ സാധിക്കില്ല. ആ സംവിധാനം നിലവിലുണ്ട്. മുച്ചക്രവാഹനം ഇപ്പോൾ കൊടുക്കുന്നത് നേരിട്ട് ഗുണഭോക്താവിനാണ്. അത് ശാരീരികമായ പ്രയാസമനുഭവിക്കുന്നവർക്കാണ്. മാനസികമായ പ്രയാസം അനുഭവിക്കുന്ന കുട്ടിയുടെ പേരിൽ അപേക്ഷ കൊടുത്താൽ ഒരിക്കലും വാഹനം അനുവദിച്ചുകിട്ടില്ല. മെഡിക്കൽ ബോർഡ് പരിശോധിച്ച് ആ കുട്ടി ഫിറ്റല്ലെന്ന് പറയും. അപ്പോൾ കുട്ടിയെ കൊണ്ടുവരാനും കൊണ്ടുപോകാനും ഉത്തരവാദിത്വമുള്ള രക്ഷിതാവിന്റെ പേരിൽ ജില്ലാ ആശുപത്രിയിലെ മെഡിക്കൽ ബോർഡ് പരിശോധിച്ചതിനുശേഷം അംഗീകരിക്കുന്ന ലിസ്റ്റിൽപ്പെട്ടയാളുകൾക്ക് കൊടുക്കണമെന്നുള്ളതാണ് എന്റെ അഭ്യർത്ഥന. ഇത് ആസ്തി വികസന ഫണ്ട് തന്നെയാണ്. നമ്മുടെ ഏറ്റവും വലിയ ആസ്തി നമ്മുടെ സഹോദരങ്ങൾ തന്നെയാണ്, മനുഷ്യർ തന്നെയാണ്. ഒരു സീലിംഗ് വച്ചിട്ടെങ്കിലും കൊടുക്കണം. ഇപ്പോൾ മുച്ചക്രവാഹനം കൊടുക്കുന്ന ചില ആളുകൾക്ക് അതല്ല വേണ്ടിവരുന്നത്. അവർക്ക് വാഹനം ഓടിക്കാൻ കഴിയില്ല. ഒരു ഇലക്ട്രോണിക് വീൽചെയർ കൊടുക്കുന്നതിന് 5 കോടി രൂപയൊന്നും വേണ്ടിവരില്ല. ഒരു സീലിംഗ് ധനകാര്യ വകുപ്പിന് തീരുമാനിക്കാം. ഇത്തരം നിരവധി അപേക്ഷകൾ നേരിട്ട് എം.എൽ.എ.-മാർക്ക് കിട്ടിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഒരു സീലിംഗോ ക്യാപ്പിംഗോ വച്ചിട്ടെങ്കിലും ഒന്ന്, ഈ ഗുണഭോക്താവ് മാനസിക വൈകല്യമുള്ള ആളാണെങ്കിൽ നിലവിൽ കൊടുക്കുന്ന സ്കീമിൽ ഗുണഭോക്താവ് രക്ഷിതാവാകാൻ അങ്ങ് ഓർഡർ തരണം. രണ്ട്, ഇലക്ട്രോണിക് വീൽ ചെയർ ഇതുവഴി കൊടുക്കാനുള്ള അനുവാദംകൂടി തരണമെന്ന് ഒരിക്കൽകൂടി അഭ്യർത്ഥിക്കുകയാണ്. അങ്ങ് എടുത്ത പോസിറ്റീവ് സമീപനത്തിന് നന്ദിയും പറയുന്നു.

ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, ആസ്തി വികസന ഫണ്ട് രൂപീകരിച്ചപ്പോൾ ഇറക്കിയ ഉത്തരവ് പ്രകാരം ഇത് ചെയ്യാൻ പാടില്ലായിരുന്നു. എന്നാൽ ധനകാര്യ വകുപ്പ് ഇടക്കാലത്ത് ഇത് അംഗീകരിച്ചുകൊണ്ട് ഉത്തരവിറക്കുകയും പിന്നീട് അത് പിൻവലിക്കുകയും ചെയ്തു.

നിലവിലുള്ള ഉത്തരവ് പ്രകാരം ആസ്തി വികസന ഫണ്ടിൽ നിന്ന് ഇങ്ങനെയുള്ള വ്യക്തിഗത ആനുകൂല്യങ്ങൾ നൽകുന്നതിന് അനുവാദമില്ല. ആസ്തിയേതര ചെലവുകൾക്കുള്ള അനുവാദവുമില്ല. ഇവിടെ ഉന്നയിച്ച പ്രശ്നം ഫലപ്രദമായി എങ്ങനെ കൈകാര്യം ചെയ്യാൻ കഴിയുമെന്നതിനെക്കുറിച്ച് ആലോചിക്കാം. ഇന്നത്തെ ചട്ടം അനുസരിച്ച് അതിന് കഴിയില്ല. അത് ചെയ്യാൻ കഴിയുമെന്ന് സഭയ്ക്ക് ഇപ്പോൾ ഞാൻ ഉറപ്പും നൽകുന്നില്ല. എന്നാൽ ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് പറഞ്ഞതുപോലെ ഇതിന്റെ ലഭ്യത വർദ്ധിപ്പിക്കുന്നതിനുവേണ്ടി ഏത് രീതിയിലാണ് സ്കീം ആവിഷ്കരിക്കേണ്ടത് എന്നത് സംബന്ധിച്ച് ചർച്ച ചെയ്ത് തീരുമാനിക്കാം.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

10.00 A.M.]

## IV സബ്മിഷൻ

### (1) തിയേറ്റർ ഉടമയുടെ അറസ്റ്റ്

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, കേരളത്തെ നടുക്കിയ അതീവ ഗുരുതരമായ പ്രശ്നമാണ് ഞാൻ സഭയുടെ മുമ്പിൽ ഉന്നയിക്കാൻ ആഗ്രഹിക്കുന്നത്. മലപ്പുറം ചങ്ങരംകുളത്തെ സിനിമാ തിയേറ്ററിൽ ഒരു ബാലിക പീഡിപ്പിക്കപ്പെട്ട സംഭവം നമ്മുടെ നാടിന്റെ മനഃസാക്ഷിയെ ഞെട്ടിച്ചിരുന്നു. ചങ്ങരംകുളം തിയേറ്ററിന്റെ ഉടമയാണ് പീഡനത്തിന് തെളിവായ സി.സി.ടി.വി. ദൃശ്യങ്ങൾ ചൈൽഡ് ലൈൻ പ്രവർത്തകർക്ക് നൽകുകയും അവർ പോലീസിന് കൈമാറുകയും ചെയ്തത്. കേസ്സെടുക്കാതെ പ്രതിയെ രക്ഷിക്കുന്നതിനുള്ള ഗുരുതരമായ കൃത്യവിലോപമാണ് പോലീസ് കാണിച്ചത്. പോലീസിന്റെ ഒരു വീഴ്ചകൂടി ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽകൊണ്ടുവരികയാണ്. ഇന്നലെ തിയേറ്റർ ഉടമയെ പോലീസ് അറസ്റ്റ് ചെയ്യുന്ന നിർഭാഗ്യകരമായ, അപമാനകരമായ സംഭവമാണ് ഇവിടെ ഉണ്ടായത്. കുട്ടിയെ പീഡിപ്പിക്കുന്ന ദൃശ്യങ്ങളും സി.ഡി.-യുമടക്കം പരാതി നൽകിയിട്ടും കേസ് രേഖപ്പെടുത്താതെ പ്രതിയെ രക്ഷിക്കാൻ ശ്രമിക്കുകയായിരുന്നു പോലീസ്. കഴിഞ്ഞ ഏപ്രിൽ 18-നാണ് ഹീനകൃത്യം അരങ്ങേറിയത്. തിയേറ്റർ ഉടമ ഉടൻതന്നെ ഇതിന്റെ വിഷ്വൽസ് സഹിതം ചൈൽഡ് ലൈൻ പ്രവർത്തകരെ ഏൽപ്പിച്ചു. ഏപ്രിൽ 25-ന് ചൈൽഡ് ലൈൻ പ്രവർത്തകർ പോലീസിന് വിവരം കൈമാറിയെങ്കിലും പോലീസ് അനങ്ങിയില്ല. മേയ് 12-ന് മാധ്യമങ്ങൾ ക്രൂരപീഡനത്തിന്റെ ദൃശ്യങ്ങൾ പുറത്തുവിടുകയും യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധിക്കുകയും

ചെയ്തതിനെത്തുടർന്നാണ് പ്രതിയെ അറസ്റ്റ് ചെയ്തത്. അല്ലെങ്കിൽ ആ വ്യക്തി നിയമത്തിന്റെ പിടിയിൽ നിന്ന് രക്ഷപ്പെടുകയും ഇത്തരം ക്രൂരതകൾ ആവർത്തിക്കുകയും ചെയ്യുമായിരുന്നു. തിരൂർ ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിലാണ് കേസന്വേഷണം നടന്നത്. എന്നിട്ടും കൃത്യവിലോപം നടത്തിയ ചങ്ങരംകുളം എസ്.ഐ.-യ്ക്കെതിരെയും എ.എസ്.ഐ.-യ്ക്കെതിരെയും ദുർബലമായ വകുപ്പുകൾ മാത്രമാണ് ചുമത്തിയത്. ഡിവൈ.എസ്.പി.-ക്കെതിരെ ഒരു നടപടിയും സ്വീകരിച്ചിട്ടില്ലെന്നത് കേസ്സിൽ ഉന്നതരുടെ ഇടപെടലുണ്ടെന്ന് വ്യക്തമാക്കുന്ന കാര്യമാണ്. ആ ദൃശ്യങ്ങൾ പുറത്തുപോകാതെ ചൈൽഡ് ലൈൻ പ്രവർത്തകരെ ഏൽപ്പിക്കുകയും അതുവഴി ബാലികയെ പീഡിപ്പിച്ച ആളെ നിയമത്തിനുമുമ്പിൽ കൊണ്ടുവന്ന് മാതൃകാപരമായ പ്രവർത്തനം നടത്തുകയും ചെയ്ത തിയേറ്റർ ഉടമയെ പോലീസ് അറസ്റ്റ് ചെയ്തത് എന്തിനാണെന്ന് വ്യക്തമാക്കേണ്ട ബാധ്യത സർക്കാരിനുണ്ടെന്ന് ഞാൻ ഉറച്ച് വിശ്വസിക്കുന്നു. ദൃശ്യങ്ങൾ പുറത്തുകൊണ്ടുവന്ന തിയേറ്റർ ഉടമയെയും ജീവനക്കാരെയും പത്ത് തവണ സ്റ്റേഷനിൽ വിളിപ്പിക്കുകയും അപമാനിക്കുകയും ചെയ്തുവെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇപ്പോൾ അവരെ അറസ്റ്റ് ചെയ്യുകയും ചെയ്തു. ഇത്തരത്തിലുള്ള പീഡനങ്ങൾ നടന്നാൽ പുറത്തറിയാതെ മൂടിവയ്ക്കുകയാണ് നിങ്ങൾക്ക് നല്ലത് എന്നുള്ള തെറ്റായ സന്ദേശമല്ലേ ഈ ഗവൺമെന്റും പോലീസും നൽകിക്കൊണ്ടിരിക്കുന്നത്? പോലീസിന്റെ വീഴ്ച പുറത്തുകൊണ്ടുവരുന്നവരെയും ഇരകളെ സഹായിക്കുന്നവരെയും പോലീസ് പീഡിപ്പിക്കുന്ന സംഭവങ്ങളാണ് സംസ്ഥാനത്ത് അരങ്ങേറുന്നത്. ജിഷ്ണു പ്രണോയിയുടെ അമ്മ ഡി.ജി.പി.-യുടെ ഓഫീസ് ഉപരോധിക്കാൻ എത്തിയപ്പോൾ അവരെ സഹായിച്ചതിന്റെ പേരിൽ കെ.എം. ഷാജഹാനെയും ഷാജിർഖാനെയും ഭാര്യ മിനിയെയും ജയിലിലടച്ചു. വിദേശവനിത മരിച്ച കേസ്സിൽ അവരുടെ സഹോദരിയെയും ഭർത്താവിനെയും സഹായിച്ച സാമൂഹ്യപ്രവർത്തക അശ്വതി ജ്വാലയ്ക്ക് എതിരെ അനാവശ്യ അന്വേഷണം നടത്തി പീഡിപ്പിക്കാൻ ശ്രമിച്ചു. ഇവിടെ ശക്തമായ പ്രതിഷേധം ഉയർന്നപ്പോഴാണ് പോലീസ് പിന്മാറിയത്. കെവിന്റെ കേസ്സിൽ ശക്തമായ പ്രതിഷേധം ഉയർത്തിയ യൂത്ത് കോൺഗ്രസ് നേതാവ് സഞ്ചയ്ഖാന്റെയും യൂത്ത് കോൺഗ്രസ് പ്രവർത്തകരുടെയും വീടുകൾ റെയ്ഡ് ചെയ്തു. ഇത് വെള്ളരിക്കാ പട്ടണമാണോ? വസ്തുതകൾ പുറത്തുകൊണ്ടുവരികയും പോലീസിന്റെ അനാസ്ഥ ചൂണ്ടിക്കാണിക്കുകയും ചെയ്ത ആളുകൾക്കെതിരെ നടപടി സ്വീകരിക്കുകയാണ്. ഏത് കൊള്ളരുതായ്മയ്ക്കും കുട പിടിക്കുന്ന ജോലിയാണോ ആഭ്യന്തര വകുപ്പിനും പോലീസിനുമുള്ളത്? ഈ പോലീസ് ഉദ്യോഗസ്ഥർക്കെതിരെ കേസ്സെടുത്ത് അന്വേഷണം നടത്തുന്നതിനുപകരം തിയേറ്റർ ഉടമയുടെ പേരിൽ കേസ്സെടുത്ത് അപകടകരമായ കീഴ്വഴക്കമാണ് സർക്കാർ സൃഷ്ടിക്കുന്നത്. ഇതിന്

ഉത്തരവാദികളായ മുഴുവൻ ആളുകളുടെയും പേരിൽ ശക്തമായ നടപടിയുണ്ടാകണം. തിയേറ്റർ ഉടമയുടെ പേരിലുള്ള കേസ് പിൻവലിക്കണം. തെറ്റായ നടപടി സ്വീകരിച്ച ഉദ്യോഗസ്ഥർക്കെതിരെ നടപടിയുണ്ടാകണം. ഇന്നലെ പോലീസിന്റെ വീഴ്ചയെപ്പറ്റി ഞങ്ങൾ പറഞ്ഞു, അങ്ങ് ഓരോ ദിവസവും അതുസംബന്ധിച്ച് തുടർച്ചയായി പറയുന്നു. ചങ്ങരംകുളം പോലീസിന്റെ വീഴ്ചയെപ്പറ്റി അങ്ങേയ്ക്ക് എന്താണ് ഇന്ന് പറയാനുള്ളത്? കേരളത്തെ അപമാനിച്ച ഏറ്റവും ഗുരുതരമായ ഈ പ്രശ്നത്തിൽ പോലീസ് കാണിച്ച അനാസ്ഥയ്ക്ക് ഉത്തരവാദികളായവർ ആരായാലും അവരുടെ പേരിൽ ശക്തമായ നടപടി സ്വീകരിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, എടപ്പാൾ സിനിമാ തിയേറ്ററിലുണ്ടായ സംഭവത്തെക്കുറിച്ചാണ് ബഹുമാന്യനായ പ്രതിപക്ഷ നേതാവ് ഇവിടെ ഉന്നയിച്ചിട്ടുള്ളത്. പക്ഷേ, അദ്ദേഹം മറ്റ് ഒട്ടേറെ കാര്യങ്ങൾ അതിനോടൊപ്പം പറഞ്ഞിട്ടുണ്ട്. പ്രതിപക്ഷ നേതാവിനെപ്പോലെ ഒരാൾ സംസാരിക്കുമ്പോൾ കാര്യങ്ങളിൽ ഒതുങ്ങിനിന്ന് സംസാരിക്കുകയാണ് ഭംഗി. ഒരുപാട് കാര്യങ്ങൾ പറയാൻ പറ്റും. പിന്നിൽനിന്ന് ശബ്ദമുണ്ടാക്കുന്നവരാണ് സംസാരിക്കുന്നതെങ്കിൽ അങ്ങനെ എടുക്കാം. അതല്ല വേണ്ടത്. ഞാനിപ്പോൾ ഇതിനെക്കുറിച്ചേ പറയുന്നുള്ളൂ, മറ്റുള്ളതിലേയ്ക്കൊന്നും കടക്കുന്നില്ല.

എടപ്പാൾ സിനിമാ തിയേറ്ററിൽവച്ച് 18-4-2018-ന് പെൺകുട്ടിയെ ലൈംഗികമായി പീഡിപ്പിച്ച സംഭവത്തിൽ തിയേറ്റർ ഉടമയുടെ പരാതി പ്രകാരം 12-5-2018 ന് ക്രൈം നമ്പർ 103/2018 ആയി ചങ്ങരംകുളം പോലീസ് IPC 354 A പോക്സോ ആക്ട് 7, 8 എന്നീ വകുപ്പുകൾ പ്രകാരം കേസ് രജിസ്റ്റർ ചെയ്തു. അന്വേഷണത്തിൽ പ്രതിയായ കെ. മൊയ്തീൻകുട്ടിയെയും പീഡനത്തിന് ഒത്താശ ചെയ്ത പെൺകുട്ടിയുടെ മാതാവായ ഷമീറയെയും അറസ്റ്റ് ചെയ്ത് കോടതി മുമ്പാകെ ഹാജരാക്കി നിയമനടപടി സ്വീകരിച്ചിട്ടുണ്ട്. തുടർന്ന് അന്വേഷണത്തിൽ വെളിപ്പെട്ടതുപ്രകാരം പോക്സോ ആക്ടിലെ ബന്ധപ്പെട്ട വകുപ്പുകൾ കൂട്ടിച്ചേർക്കുകയും ജുവനൈൽ ജസ്റ്റിസ് ആക്ട് 75-ാം വകുപ്പുകൂടി ഉൾപ്പെടുത്തുകയും ചെയ്തു. പരാതി ലഭിച്ചിട്ടും കേസെടുക്കാൻ വൈകിയതിന് ചങ്ങരംകുളം പോലീസ് സ്റ്റേഷൻ എസ്.എച്ച്.ഒ. ശ്രീ. കെ. ജി. ബേബിയെ സർവ്വീസിൽനിന്ന് സസ്പെന്റ് ചെയ്യുകയും IPC 166 A പോക്സോ ആക്ട് 19, 21 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 105/2018 ആയി കേസ് രജിസ്റ്റർ ചെയ്ത് നിയമനടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൂടാതെ കുറ്റകൃത്യത്തെക്കുറിച്ച് അറിവ് ലഭിച്ചിട്ടും പോക്സോ നിയമത്തിൽ നിഷ്കർഷിക്കുംപ്രകാരം അധികാരികളെ അറിയിക്കാത്തതിന്

എടപ്പാൾ തിയേറ്റർ ഉടമയ്ക്കെതിരെ പോക്സോ ആക്ട് 19 (1), 21 എന്നീ വകുപ്പുകൾ പ്രകാരം ക്രൈം നമ്പർ 103/2018 കേസ്സിൽ പ്രതി ചേർത്ത് 04.6-2018-ന് അറസ്റ്റ് ചെയ്ത് ജാമ്യത്തിൽ വിട്ടിട്ടുള്ളതാണ്. അന്വേഷണ ഉദ്യോഗസ്ഥന്റെ ഈ നടപടി നിയമപരമായി ശരിയാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിനോട് നിർദ്ദേശിച്ചിട്ടുണ്ട്.

ശ്രീ. രമേശ് ചെന്നിത്തല: സർ, പ്രധാനപ്പെട്ടൊരു കാര്യമാണ്. ഇവിടെ വിവരങ്ങൾ പുറത്തുകൊണ്ടുവന്ന തിയേറ്റർ ഉടമയെ അറസ്റ്റ് ചെയ്ത് പോലീസ് സ്റ്റേഷനിൽ ഇരുത്തുകയാണ് ചെയ്തത്. ഇത് കേരളത്തിന് അപമാനകരമായ ഒരു കാര്യമല്ലേ? അതിനെതിരെ ഗവൺമെന്റ് നടപടി സ്വീകരിക്കണം. സ്വാഭാവികമായും പോലീസ് എഴുതിക്കൊടുത്തതാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി വായിക്കുന്നത്. പക്ഷേ ഇക്കാര്യത്തിൽ അടിയന്തര നടപടി ഉണ്ടാകേണ്ടതാണ്. അതിന് ഗവൺമെന്റ് തയ്യാറാകുമോ?

ശ്രീ. പിണറായി വിജയൻ: സർ, ഇക്കാര്യത്തിൽ അന്വേഷണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടി ശരിയാണോ തെറ്റാണോ എന്നാണ് പരിശോധിക്കേണ്ടത്. ആ പരിശോധനയിൽ ഗവൺമെന്റ് കടക്കുന്നതിന്റെ ഭാഗമായിട്ടുള്ളതാണ് ഞാൻ അവസാനം പറഞ്ഞ വാചകം. ഞാൻ അത് ഒന്നുകൂടി ആവർത്തിക്കാം. അന്വേഷണ ഉദ്യോഗസ്ഥന്റെ നടപടി നിയമപരമായി ശരിയാണോയെന്ന് പരിശോധിച്ച് റിപ്പോർട്ട് നൽകാൻ പ്രോസിക്യൂഷൻ ഡയറക്ടർ ജനറലിനോട് നിർദ്ദേശിച്ചിട്ടുണ്ട്.(.....ബഹളം...) ആവശ്യമായ പരിശോധനയും റിപ്പോർട്ടുമില്ലാതെ ആഭ്യന്തര വകുപ്പിന് നടപടിയെടുക്കാൻ കഴിയില്ലെന്ന് ബഹുമാന്യനായ പ്രതിപക്ഷ നേതാവിന് അറിയാം. (.....ബഹളം...) അതുകൊണ്ട് ഇതുമായി ബന്ധപ്പെട്ട് ആവശ്യമായ പരിശോധന നടത്തുകയാണ്. റിപ്പോർട്ട് ലഭിച്ചതിനുശേഷം വേണ്ട നടപടി സ്വീകരിക്കും. (.....ബഹളം...)

ശ്രീ. രമേശ് ചെന്നിത്തല: സർ, ഇത് പ്രഥമദൃഷ്ട്യാ മുഖ്യമന്ത്രിക്ക് മനസ്സിലാകുന്ന കാര്യമല്ലേ? ഇതിൽ എന്ത് നിയമോപദേശമാണ് വേണ്ടത്? കുറ്റകൃത്യം ചൂണ്ടിക്കാണിച്ച വ്യക്തിക്കുനേരെ പോലീസ് അനാവശ്യമായ പീഡനം അഴിച്ചുവിടുകയാണ്. ആ ഉദ്യോഗസ്ഥർക്കെതിരെ നടപടി സ്വീകരിക്കാത്ത സർക്കാർ നടപടിയിൽ പ്രതിഷേധിക്കാൻ ഞങ്ങൾക്ക് അവകാശമില്ലേ എന്ന് ഞാൻ മുഖ്യമന്ത്രിയോട് ചോദിക്കുകയാണ്. (.....ബഹളം...)

ശ്രീ. പിണറായി വിജയൻ: സർ, എന്റെ ബോദ്ധ്യത്തിന്റെയോ ബോദ്ധ്യക്കേടിന്റേയോ പ്രശ്നമല്ല ഇത്. ഏതൊരു നടപടിയെടുക്കുമ്പോഴും അതിന് സാധാരണഗതിയിൽ പാലിക്കേണ്ട ചട്ടങ്ങളുണ്ട്. ഇതൊരു അന്വേഷണ

ഉദ്യോഗസ്ഥൻ കേസുമായി ബന്ധപ്പെട്ട് സ്വീകരിച്ച നടപടിയാണ്. എന്റെ പ്രാഥമികമായ അന്വേഷണത്തിൽ ഇതുമായി ബന്ധപ്പെട്ട് അദ്ദേഹം മുകളിലുള്ള ആരോടും ചോദിച്ച് സ്വീകരിച്ച നടപടിയല്ല. (.....ബഹളം...) തിയേറ്റർ ഉടമയ്ക്കെതിരെ നടപടി സ്വീകരിച്ചത് നിയമപരമായി ശരിയാണോയെന്ന് റിപ്പോർട്ട് ചെയ്യാൻ ആധികാരികതയുള്ള ഉദ്യോഗസ്ഥനോടാണ് ആവശ്യപ്പെട്ടിട്ടുള്ളത്. അത് ലഭിച്ചതിനുശേഷം മറ്റ് കാര്യങ്ങൾ തീരുമാനിക്കാം.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

<u>ശ്രീ. രമേശ് ചെന്നിത്തല</u>: സർ, ബഹുമാനപ്പെട്ട സ്പീക്കറുടെ നിയോജകമണ്ഡലത്തിലുള്ള ഒരു പോലീസ് സ്റ്റേഷനിലാണ് ഈ സംഭവം നടന്നത്. ബഹുമാനപ്പെട്ട മന്ത്രി ഡോ. കെ. ടി. ജലീലിന്റെ നിയോജകമണ്ഡലത്തിലാണ് ഇത് നടന്നത്. ഇത് വളരെ ഗൗരവമുള്ള ഒരു കാര്യമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് അന്വേഷണവിധേയമായി ആ പോലീസുകാരെ സസ്പെന്റ് ചെയ്യാമല്ലോ. പരാതി പറഞ്ഞ, തെളിവ് നൽകിയ ആളിനെ അനാവശ്യമായി പോലീസുകാർ പീഡിപ്പിക്കുകയാണ്. പത്ത് തവണയാണ് അദ്ദേഹത്തെ പോലീസ് സ്റ്റേഷനിലേയ്ക്ക് വിളിപ്പിച്ചത്. (.....ബഹളം....) ഇത്രയും ഗുരുതരമായ സംഭവമുണ്ടായിട്ടും അന്വേഷണവിധേയമായി ആ ഉദ്യോഗസ്ഥരെ സസ്പെന്റ് ചെയ്യാൻ മുഖ്യമന്ത്രി തയ്യാറാകുന്നില്ല. ഇത് ശരിയായ നടപടിയല്ല. (.....ബഹളം.....)

<u>മി. സ്പീക്കർ</u>: പ്ലീസ്....പ്ലീസ്..... അങ്ങ് ഉന്നയിച്ച പ്രശ്നത്തിന് ഗൗരവത്തോടെയുള്ള മറുപടിയാണ് ഇവിടെ പറഞ്ഞത്. (.....ബഹളം...) പ്ലീസ്.... പ്ലീസ്..... അന്വേഷണത്തിന് വിധേയമായി റിപ്പോർട്ട് ലഭ്യമാകുന്ന മുറയ്ക്ക് നടപടി സ്വീകരിക്കാമെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി പറഞ്ഞത്. (.....ബഹളം...) പ്ലീസ്......പ്ലീസ്....

(യു.ഡി.എഫ്. അംഗങ്ങൾ ബഹുമാനപ്പെട്ട സ്പീക്കറുടെ ഡയസിനുമുന്നിൽ വന്നുനിന്ന് മുദ്രാവാക്യം വിളിച്ച് ബഹളം വച്ചുകൊണ്ടിരുന്നു.)

ഇത് ശരിയല്ല. (.....ബഹളം...) ബന്ധപ്പെട്ട ഉദ്യോഗസ്ഥന്റെ ഭാഗത്തുനിന്നും എന്തെങ്കിലും പാളിച്ചകൾ സംഭവിച്ചിട്ടുണ്ടോയെന്ന അന്വേഷണത്തിന്റെ അടിസ്ഥാനത്തിൽ നടപടി സ്വീകരിക്കാമെന്നാണ് പറഞ്ഞത്. (.....ബഹളം...) പ്ലീസ്....പ്ലീസ്.... പ്രതിപക്ഷ നേതാവ് സംസാരിക്കട്ടെ. ദയവായി നിങ്ങൾ സീറ്റുകളിലേയ്ക്ക് പോകൂ.

ശ്രീ. രമേശ് ചെന്നിത്തല: സർ, ഈ ഗവൺമെന്റ് തെറ്റായ ഒരു സന്ദേശമാണ് കൊടുക്കുന്നത്. ഇതിൽ രാഷ്ട്രീയം കാണരുത്. കേരളീയ സമൂഹത്തെ ഞെട്ടിപ്പിച്ച അതിദയനീയമായ സംഭവമാണിത്. അന്വേഷണ വിധേയമായി ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് ഈ ഉദ്യോഗസ്ഥന്മാരെ സസ്പെന്റ് ചെയ്യാനുള്ള അധികാരമുണ്ടെന്നുള്ളത് ഒരു മുൻ ആഭ്യന്തര വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാൻ അങ്ങയെ അറിയിക്കാൻ ആഗ്രഹിക്കുകയാണ്. സർക്കാരിന്റെ ഈ തെറ്റായ നയത്തിൽ പ്രതിഷേധിച്ച് ഞങ്ങൾ വാക്കൗട്ട് ചെയ്യുകയാണ്.

(ഗവൺമെന്റ് നിലപാടിൽ പ്രതിഷേധിച്ച് യു.ഡി.എഫ്. അംഗങ്ങൾ സഭ വിട്ട് പുറത്തുപോയി.)

ശ്രീ. പിണറായി വിജയൻ: സർ, ഇതിൽ രാഷ്ട്രീയത്തിന്റെ യാതൊരു പ്രശ്നവുമില്ല, രാഷ്ട്രീയമായി കണ്ടിട്ടുമില്ല. ഈ നടപടി ശരിയാണോയെന്നാണ് ബഹുമാനപ്പെട്ട പ്രതിപക്ഷ നേതാവ് ചോദിച്ചത്. ആ നടപടി ശരിയാണോയെന്നാണ് പരിശോധിക്കുന്നത്. അത് പരിശോധിക്കുന്നതിനുമുമ്പ് എന്തെങ്കിലുമൊരു നടപടി സ്വീകരിക്കുന്നത് ശരിയല്ലെന്നാണ് എന്റെ ബോദ്ധ്യം. അതുകൊണ്ടാണ് ഇപ്പോൾ നടപടികളിലേയ്ക്ക് കടക്കാത്തത്.

(പുറത്തുപോയ അംഗങ്ങൾ അല്പസമയത്തിനുശേഷം തിരികെ ഹാജരായി.)

## (2) കുട്ടികളുടെ ദുരൂഹ മരണം

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, പീരുമേട് നിയോജകമണ്ഡലത്തിലെ കുമിളി പഞ്ചായത്തിൽ ആനക്കുഴി പൊയ്കയിൽ വീട്ടിൽ അനീഷിന്റെ ഒമ്പതും ആറും വയസ്സുള്ള രണ്ട് കുട്ടികളെ 01.6-2018-ന് കാണാതായി. ഇവരുടെ വീട്ടിൽനിന്നും ഏതാണ്ട് 600 മീറ്റർ അകലെയുള്ള 15 അടിയോളം താഴ്ചയുള്ള പടുതാകുളത്തിൽനിന്നും 2-6-2018-ന് രണ്ട് കുട്ടികളുടെയും മൃതദേഹം കണ്ടെടുക്കുകയുണ്ടായി. അവിടെയുള്ള ജനപ്രതിനിധികളും അതോടൊപ്പം കുട്ടികളുടെ അച്ഛൻ അടക്കമുള്ള ആളുകളും കുട്ടികളുടെ മരണവുമായി ബന്ധപ്പെട്ട് ദുരൂഹത ആരോപിക്കുന്നുണ്ട്. 15 അടിയോളം താഴ്ചയുള്ള പടുതാകുളത്തിന് സമീപത്തായി കുട്ടികൾക്ക് കളിക്കാനും കുളിക്കാനും അനുയോജ്യമായ ഏതാണ്ട് അഞ്ചോളം ചെറിയ കുളങ്ങളുണ്ടെന്നിരിക്കെ അവയിലൊന്നും കുട്ടികൾ കളിക്കാതെ 15 അടിയോളം താഴ്ചയുള്ള മൂടിക്കെട്ടിയ പടുതാകുളം തുറന്ന് അതിനുള്ളിൽ ഇറങ്ങി കളിച്ചുവെന്ന് പറയുന്നതിലാണ് ആളുകൾ സംശയം പ്രകടിപ്പിച്ചിട്ടുള്ളത്. കുട്ടികളുടെ അച്ഛൻ അടക്കമുള്ള ആളുകൾ ചില ആളുകളുടെ പേരിൽ സംശയം ഉന്നയിച്ചിട്ടുണ്ട്. ഈ കുട്ടികളുടെ അമ്മയും അച്ഛനും ഒരു വർഷമായി പിരിഞ്ഞ് താമസിക്കുകയാണ്. ഈ സാഹചര്യമെല്ലാം പരിഗണിച്ചുകൊണ്ട് ഞങ്ങൾ പോലീസുമായി

സംസാരിച്ചിരുന്നു. ഏതാണ്ട് ഒരു വർഷക്കാലത്തോളം സമയം കിട്ടിയാൽ മാത്രമേ അന്വേഷണം പൂർത്തിയാക്കാൻ കഴിയുകയുള്ളൂ എന്നാണ് സർക്കിൾ ഇൻസ്പെക്ടർ പറഞ്ഞത്. കാരണം വാട്സ് ആപ്, ഫെയ്സ് ബുക്ക് മെസ്സേജുകളൊക്കെ എടുക്കണമെങ്കിൽ കൂടുതൽ സമയം വേണ്ടിവരുമെന്ന് പറഞ്ഞ സാഹചര്യത്തിലാണ് ഉന്നതതല അന്വേഷണം വേണമെന്ന് ആവശ്യപ്പെടുന്നത്. കുട്ടികളുടെ മരണത്തിൽ ദുരൂഹതയുണ്ടെന്നുള്ളതുകൊണ്ട് ഒരു ഉന്നതതല അന്വേഷണം നടത്തണമെന്ന് അങ്ങയോട് ആവശ്യപ്പെടുകയാണ്.

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കുമിളി ആനക്കുഴിയിൽ പൊയ്കയിൽ വീട്ടിൽ അനീഷ് മോന്റെയും ഇശക്കിയമ്മയുടെയും മക്കളായ അഭിജിത്ത് (8 വയസ്സ്), ലക്ഷ്മിപ്രിയ (6 വയസ്സ്) എന്നിവരെ 01.6-2018-ന് കാണാതായെന്ന് അമ്മ ഇശക്കിയമ്മ നൽകിയ പരാതിയെത്തുടർന്ന് കുമിളി പോലീസ് സ്റ്റേഷനിൽ കെ. പി. ആക്ട് 57 പ്രകാരം ക്രൈം 330/18 ആയി കേസ് രജിസ്റ്റർ ചെയ്യുകയുണ്ടായി. തുടർന്ന് നടത്തിയ അന്വേഷണത്തിൽ 02.6-2018-ന് എച്ച്.എം.എൽ. ലയത്തിന് ഒരു കിലോമീറ്റർ ദൂരെയുള്ള ഏലത്തോട്ടത്തിന് വെള്ളം ശേഖരിക്കുന്ന പടുതാകുളത്തിന് സമീപം കുട്ടികളുടെ വസ്ത്രങ്ങൾ കിടക്കുന്നതുകണ്ട് പോലീസുകാരും നാട്ടുകാരും ചേർന്ന് വെള്ളം വറ്റിച്ച് കുളത്തിൽനിന്നും കുട്ടികളുടെ മൃതദേഹം കണ്ടെത്തി. കോട്ടയം മെഡിക്കൽ കോളേജിൽ നടത്തിയ പോസ്റ്റ്മോർട്ടം പരിശോധനയിൽ മരണകാരണം മുങ്ങിമരണമാണെന്ന് പറഞ്ഞിട്ടുള്ളതാണ്. പോലീസ് കേസിലെ കെ. പി. ആക്ട് 57 എന്നത് 174 Cr.PC ആയി മാറ്റി കട്ടപ്പന ഡിവൈ.എസ്.പി.-യുടെ നേതൃത്വത്തിൽ അന്വേഷണം നടത്തിവരുന്നു.

## (3) പട്ടയം നൽകൽ

ശ്രീ. ഒ. ആർ കേളു: സർ, എന്റെ മണ്ഡലമായ മാനന്തവാടി താലൂക്കിൽ 16 വില്ലേജുകളിലായി ഭൂമിക്ക് രേഖ കൊടുക്കുന്നതിനുള്ള സർവ്വേ ആരംഭിച്ചിരുന്നു. പക്ഷേ അത് വേണ്ട രീതിയിൽ പുരോഗമിക്കുന്നില്ല. ജീവനക്കാരുടെ കുറവും നിലവിലുള്ളവരുടെ സ്ഥലംമാറ്റവും കാരണം സർവ്വേ നടപടി ഇപ്പോൾ നിർത്തിവച്ചിരിക്കുകയാണ്. അതുകൊണ്ട് മാനന്തവാടി മണ്ഡലത്തിലെ ഭൂമി പരിശോധന വേഗത്തിലാക്കാനാവശ്യമായ ജീവനക്കാരെ നിയമിക്കുന്നതിനും ഏകദേശം ആയിരത്തോളം കുടുംബങ്ങൾക്ക് രേഖ കൊടുക്കുന്നതിനുമുള്ള നടപടി ത്വരിതപ്പെടുത്തണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം കഴിഞ്ഞ 40 വർഷമായി ഭൂമി

കൈവശം വച്ച് വീടുവച്ച് താമസിക്കുന്നവർക്ക് കൈവശരേഖ നൽകുന്നതിനെപ്പറ്റി വ്യക്തമാക്കിയിരുന്നു. മാനന്തവാടി മണ്ഡലത്തിൽ ഇത്തരത്തിലുള്ള ആളുകൾക്ക് പട്ടയം നൽകുന്നതിനുള്ള നടപടിക്രമങ്ങൾ സംബന്ധിച്ച വിവരം ചുവടെ ചേർക്കുകയാണ്.

വയനാട് ജില്ലയിൽ മാനന്തവാടി താലൂക്കിൽ 1-1-1977-ന് മുമ്പ് കൈവശം വച്ചുവരുന്ന വനഭൂമിക്ക് പട്ടയം നൽകുന്നതിന് റവന്യൂ/വനം വകുപ്പുകൾ സംയുക്ത പരിശോധന നടത്തി കൈവശക്കാരുടെ പട്ടിക തയ്യാറാക്കിയിട്ടുള്ളതാണ്. മുമ്പ് കൈവശരേഖ നൽകിയ കേസ്സുകൾ ഉൾപ്പെടെ 360 അപേക്ഷകൾ അംഗീകരിക്കുകയും 10 അപേക്ഷകൾ വനംവകുപ്പിൽ നിന്ന് തീരുമാനമാകാനുമുണ്ട്. ഇവയുടെ സർവ്വേ, സ്കെച്ച് എന്നിവ തയ്യാറാക്കുന്ന ജോലികൾ നടന്നുവരികയാണ്. അതിനുശേഷം കേന്ദ്ര വനം-പരിസ്ഥിതി മന്ത്രാലയത്തിന്റെ അനുമതി ലഭ്യമാകുന്ന മുറയ്ക്ക് പട്ടയം നൽകാൻ സാധിക്കുന്നതാണ്. ഇക്കാര്യത്തിൽ തഹസീൽദാർ, ഡി.എഫ്.ഒ.- നോർത്ത് വയനാട്, സൗത്ത് വയനാട് എന്നിവരെ ഉൾപ്പെടുത്തി 30-5-2018-ൽ യോഗം ചേർന്നിട്ടുള്ളതും സർവ്വേ അടിയന്തരമായി പൂർത്തീകരിക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതുമാണ്. മറ്റ് താലൂക്കുകളിലുള്ള സർവ്വേകൂടി പൂർത്തിയായതിനുശേഷം ഒരുമിച്ചുള്ള ശിപാർശയാണ് വനം-പരിസ്ഥിതി മന്ത്രാലയത്തിന് സമർപ്പിക്കേണ്ടതെന്നാണ് വനം വകുപ്പ് പ്രിൻസിപ്പൽ ചീഫ് കൺസർവേറ്റർ ഓഫ് ഫോറസ്റ്റ് അറിയിച്ചിട്ടുള്ളത്. വനഭൂമിയല്ലാതെ സർക്കാർ ഭൂമി കയ്യേറി കൈവശം വച്ചുവരുന്നവർക്കും അർഹതയുടെ അടിസ്ഥാനത്തിൽ പട്ടയം നൽകുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നുണ്ട്.

## (4) തൂക്കുപാലത്തിന്റെ അറ്റകുറ്റപ്പണികൾ

<u>ശ്രീമതി ഗീതാ ഗോപി:</u> സർ, എന്റെ നിയോജകമണ്ഡലത്തിലെ നാട്ടിക–താന്ന്യം പഞ്ചായത്തുകളെ തമ്മിൽ ബന്ധിപ്പിക്കുന്ന ചെമ്മാപ്പിള്ളി തൂക്കുപാലം 2013-14 സാമ്പത്തിക വർഷത്തിൽ RMF ഫണ്ട് ഉപയോഗിച്ച് നിർമ്മിച്ചിട്ടുള്ളതാണ്. ഏകദേശം ഒന്നേകാൽ കോടി രൂപ ചെലവുവരുന്ന ഫണ്ടാണ് ഈ പാലത്തിന്റെ നിർമ്മാണത്തിന് ചെലവഴിച്ചിട്ടുള്ളത്. ഈ തൂക്കുപാലം കഴിഞ്ഞ അഞ്ചുവർഷത്തിലേറെയായി പൊതുജനങ്ങൾ ഉപയോഗിച്ചു വരുന്നു. നിർദ്ദിഷ്ട പാലത്തിന്റെ നിലവിലുള്ള അറ്റകുറ്റപ്പണികൾ നടത്താത്തതിനാൽ വലിയൊരു അപകടാവസ്ഥ ഇപ്പോഴും നിലനില്ക്കുന്നുണ്ട്. സ്കൂൾ-കോളേജ് വിദ്യാർത്ഥികളും തദ്ദേശീയരും കടന്നുപോകുന്ന ഒരു പാലമായതുകൊണ്ട് രണ്ട് പഞ്ചായത്തുകളിലെയും ജനങ്ങൾ പ്രശ്നമുണ്ടാക്കി

ക്കൊണ്ടിരിക്കുന്നു. ഡി.ഡി.സി യോഗത്തിലും ജില്ലാ കളക്ടറോടും സ്ഥലം എം.എൽ.എ. എന്ന നിലയിൽ ഞാൻ വ്യക്തമായി കാര്യങ്ങൾ ബോദ്ധ്യപ്പെടുത്തിയതാണ്. ഒരു അടിയന്തര യോഗം ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ചേർന്നുവെന്നല്ലാതെ യാതൊരു നടപടിയും ഉണ്ടായിട്ടില്ല. ഇൂക്കുപാലത്തിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിന് ബന്ധപ്പെട്ട രണ്ട് പഞ്ചായത്തുകൾക്കും നിർദ്ദേശം നൽകി നടപ്പിലാക്കുന്നതിന് അടിയന്തര നടപടി സ്വീകരിക്കണമെന്ന് ബഹുമാനപ്പെട്ട റവന്യൂ വകുപ്പുമന്ത്രിയോട് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർത്ഥിക്കുന്നു.

റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി (ശ്രീ. ഇ. ചന്ദ്രശേഖരൻ): സർ, തൃശ്ശൂർ ജില്ലയിലെ നാട്ടിക നിയോജകമണ്ഡലത്തിലെ കനോലി കനാലിന് കുറുകെ താന്ന്യം-നാട്ടിക ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിക്കുന്ന ചെമ്മാപ്പിള്ളി ഇൂക്കുപാലം 2013-ൽ പണികഴിപ്പിച്ചതാണ്.അറ്റകുറ്റപ്പണികൾ യഥാസമയം നടക്കാത്തതിനാൽ പ്രസ്തുത ഇൂക്കുപാലം അപകടാവസ്ഥയിലാണെന്നും ആയതിനാൽ പാലം അടച്ചുപൂട്ടണമെന്നും നാട്ടിക എം.എൽ.എ. ആവശ്യപ്പെട്ടിരുന്നു. പ്രസ്തുത പാലത്തിന്റെ അറ്റകുറ്റപ്പണികൾ റിവർ മാനേജ്മെന്റ് ഫണ്ടുപയോഗിച്ചോ സംസ്ഥാന ദുരന്തപ്രതികരണ നിധി ഉപയോഗിച്ചോ നടത്തണമെന്ന ആവശ്യം ഉന്നയിച്ചിരുന്നതാണ്. റിവർ മാനേജ്മെന്റ് ഫണ്ട് നദീതീര സംരക്ഷണ പ്രവർത്തനങ്ങൾക്കുവേണ്ടി മാത്രം ഉപയോഗിക്കേണ്ടതാണെന്ന് 2001-ലെ കേരള നദീതീര സംരക്ഷണവും മണൽ വാരൽ നിയന്ത്രണവും നിയമത്തിലും ചട്ടത്തിലും വ്യവസ്ഥ ചെയ്തിട്ടുണ്ട്. ആയതിനാൽ പാലങ്ങളുടെ അറ്റകുറ്റപ്പണിക്ക് ഈ ഫണ്ട് ഉപയോഗിക്കുന്നത് ചട്ടവിരുദ്ധമാണ്. സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും തുക അനുവദിക്കുന്നത് കേന്ദ്ര ധനകാര്യ കമ്മീഷന്റെ വ്യവസ്ഥകൾ പ്രകാരമാണ്. നിലവിലുള്ള വ്യവസ്ഥകൾ പ്രകാരം സംസ്ഥാന ദുരന്ത പ്രതികരണനിധിയിൽ നിന്നും ഇൂക്കുപാലം നിർമ്മാണത്തിന് തുക അനുവദനീയമല്ലാത്തതിനാൽ ജീർണ്ണാവസ്ഥയിലുള്ള ചെമ്മാപ്പിള്ളി ഇൂക്കുപാലത്തിലൂടെയുള്ള കാൽനടയാത്ര, ഗതാഗതം എന്നിവ അടിയന്തരമായി നിരോധിക്കേണ്ടതും അപകടാവസ്ഥയിലായതിനാൽ ഇൂക്കുപാലം അടച്ചു പൂട്ടേണ്ടതുമാണെന്നും ജില്ലാ കളക്ടർ നിർദ്ദേശം നൽകിയിട്ടുള്ളതാണ്. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ തീരുമാനപ്രകാരം പാലത്തിന്റെ അറ്റകുറ്റപ്പണികൾ യഥാസമയം നടത്തുന്നതിന് സംരക്ഷണ ചുമതലയും ഉടമസ്ഥാവകാശവും ജില്ലാ പഞ്ചായത്തിന് കൈമാറി നൽകാനും ജില്ലാ കളക്ടർക്ക് നിർദ്ദേശം നൽകിയിട്ടുള്ളതാണ്.

## (5) ഗ്രാന്റ് അനുവദിക്കൽ

ശ്രീ. എ. എം. ആരിഫ്: സർ, 'കാശ് കൊടുത്ത് കടിക്കുന്ന പട്ടിയെ വാങ്ങി' എന്ന് നാട്ടിൽ ഒരു ചൊല്ലുണ്ട്. അതുപോലൊരു സംഭവത്തിന് ഇരയായിപ്പോയതുകൊണ്ടാണ് ഞാനിത് പറയുന്നത്. പെരുമ്പളം ഗ്രാമ പഞ്ചായത്തിലെ യാത്രാദുരിതം പരിഹരിക്കുന്നതിന് പഞ്ചായത്ത് കേരള സ്റ്റേറ്റ് ഇൻലാൻഡ് നാവിഗേഷൻ കോർപ്പറേഷനിൽനിന്ന് പ്രതിദിനം 9000 രൂപ വാടകയ്ക്കെടുത്ത് ടെണ്ടർ ചെയ്ത് അവിടെ ജങ്കാർ സർവ്വീസ് നടത്തിവരികയായിരുന്നു. മൈനസ് പഞ്ചായത്തായ പെരുമ്പളം പഞ്ചായത്തിന് പ്രതിദിനം 9,000 രൂപ ലാഭിക്കാമല്ലോയെന്ന് കരുതി പോർട്ട് ഡിപ്പാർട്ടുമെന്റിന്റെയും കെ.എസ്.ഐ.എൻ.സി.-യുടെയും എസ്റ്റിമേറ്റ് പ്രകാരം ഞാൻ 2012-ൽ ആസ്തി വികസന ഫണ്ടിൽ നിന്ന് ഒന്നേമുക്കാൽ കോടി രൂപ അനുവദിപ്പിച്ചു. പോർട്ട് വകുപ്പിൽ നിന്ന് അനുവാദം നേടി അഡ്വാൻസ് പൈസ അനുവദിപ്പിച്ച് കെ.എസ്.ഐ.എൻ.സി.-യെക്കൊണ്ട് നിർമ്മാണം പൂർത്തീകരിച്ച് അവിടെ സർവ്വീസ് നടത്തിക്കൊണ്ടിരുന്നു. ഇപ്പോൾ അതിന് ധാരാളം സാങ്കേതിക പ്രയാസങ്ങളും ബുദ്ധിമുട്ടുകളും വരികയാണ്. അനുവദിപ്പിച്ച് കഴിഞ്ഞപ്പോൾത്തന്നെ ഇല്ലാത്ത അഴിമതി ആരോപണവും കേട്ടു. ശ്രീ. കെ. ബാബുവിന്റെ വകുപ്പിൽ കയറി ഞാൻ അഴിമതി നടത്തിയെന്ന് അവിടത്തെ കോൺഗ്രസ്സുകാർ എഴുതി വയ്ക്കുകയും ചെയ്തു. അതുകൊണ്ടാണ് കാശ് കൊടുത്ത് കടിക്കുന്ന പട്ടിയെ വാങ്ങിയെന്ന് ഞാൻ പറഞ്ഞത്. ജങ്കാർ സർവ്വീസ് നടത്തുന്നതിന് നേരത്തെ 90-100 ലിറ്ററും രണ്ട് സ്റ്റാഫും മതിയായിരുന്നു. ഇപ്പോൾ പുതിയ വെസ്സൽ മാനുഫാക്ചറിംഗിന്റെ സ്പെസിഫിക്കേഷൻ അനുസരിച്ചുള്ള നിർമ്മാണരീതി വന്നപ്പോൾ നിയമപ്രകാരം 190 ലിറ്ററും 4 സ്റ്റാഫും വേണമെന്നായി. അപ്പോൾ ജങ്കാർ സർവ്വീസ് നടത്തുന്നതും അതിന്റെ പീരിയോഡിക്കൽ മെയിന്റനൻസ് നടത്തുന്നതും അധിക ബാദ്ധ്യതയായി വന്നു. ഈ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയോട് ഞാൻ ആവശ്യപ്പെട്ടതനുസരിച്ച് യോഗം വിളിച്ചുചേർത്ത് അതിന്റെ ഉടമസ്ഥാവകാശം പഞ്ചായത്തിൽ നിന്ന് കെ.എസ്.ഐ.എൻ.സി.-ക്ക് കൈമാറുന്നതിന് തീരുമാനമെടുക്കുകയും അധിക ബാദ്ധ്യതത്തുക ഗ്രാന്റായി നൽകി പഞ്ചായത്തിനെ സഹായിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് ആവശ്യപ്പെടുകയും ചെയ്തു. എന്നാൽ വകുപ്പധികൃതരോട് ചോദിച്ചപ്പോൾ ഗ്രാന്റായി നൽകുന്നതിന് സാങ്കേതിക ബുദ്ധിമുട്ടുണ്ടെന്നും അതുകൊണ്ട് നോൺ-റോഡ് മെയിന്റനൻസ് ഫണ്ടിൽ നിന്ന് കൊടുക്കാനേ സാധിക്കുവെന്നും പറഞ്ഞു. ഇപ്പോൾ അതിനും ബുദ്ധിമുട്ടാണ് എന്ന നിലയിലാണ് പറയുന്നത്. ഏതെങ്കിലും നിലയിൽ ആ സർവ്വീസ് നടത്തിക്കൊണ്ട് പോയില്ലെങ്കിൽ പത്ത് - പതിനാലായിരത്തോളം വരുന്ന ജനങ്ങളാകെ ബുദ്ധിമുട്ടിലാകും. അതുകൊണ്ട് അവിടത്തെ ജനങ്ങളെ സംരക്ഷിക്കുന്നതിനും യാത്രാദുരിതം പരിഹരിക്കുന്നതിനുംവേണ്ടി പാലം നിർമ്മാണം പൂർത്തീകരിക്കുന്നതുവരെ എങ്കിലും തദ്ദേശ്വയംഭരണ വകുപ്പ് ഇക്കാര്യത്തിൽ അടിയന്തരമായി ഇടപെട്ട് സഹായിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ സബ്മിഷനിലൂടെ അഭ്യർത്ഥിക്കാനുള്ളത്.

തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ. ടി. ജലീൽ): സർ, ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ഇതുമായി ബന്ധപ്പെട്ട് ഒരു മീറ്റിംഗ് നടന്നിരുന്നു. ആ മീറ്റിംഗിലെ തീരുമാനത്തിന്മേൽ ധനകാര്യ വകുപ്പ് ചില അധിക വിവരങ്ങൾ ആവശ്യപ്പെടുകയുണ്ടായി. ആ അധിക വിവരങ്ങൾ ധനകാര്യ വകുപ്പിന് ഉടൻതന്നെ നൽകും. അതോടൊപ്പംതന്നെ അന്ന് ഉയർന്നുവന്ന മറ്റൊരു കാര്യം, നോൺ-റോഡ് ഫണ്ട് ഈ ആവശ്യത്തിനായി അനുവദിക്കണം എന്നുള്ളതായിരുന്നു. ചട്ടപ്രകാരം നോൺ-റോഡ് ഫണ്ട് ഈ ആവശ്യത്തിനായി അനുവദിക്കാൻ കഴിയില്ല. ഈ വിവരം ബഹുമാനപ്പെട്ട സഭയെ അറിയിക്കുകയാണ്.

## (6) ടി.ബി. സെന്റർ

ശ്രീ. കെ. ജെ. മാക്സി: സർ, എറണാകുളം ജില്ലയിലെ ടി.ബി. സെന്റർ പ്രവർത്തിക്കുന്നത് കൊച്ചി മണ്ഡലത്തിലെ കരുവേലിപ്പടിയിലാണ്. ഒരുകാലത്ത് കിടത്തി ചികിത്സ ഉൾപ്പെടെയുണ്ടായിരുന്ന കരുവേലിപ്പടി ആശുപത്രിയിൽ കഴിഞ്ഞ 15 വർഷത്തിലധികമായി ഔട്ട്പേഷ്യന്റ് ചികിത്സ മാത്രമാണുള്ളത്. കിടത്തി ചികിത്സയ്ക്കായി ഉപയോഗിച്ചിരുന്ന പഴയ വാർഡ് കെട്ടിടങ്ങൾ ആകെ പൊട്ടിപ്പൊളിഞ്ഞ് ഉപയോഗശൂന്യമായ നിലയിലാണ്. ഇപ്പോൾ എൻ.ആർ.എച്ച്.എം.-ന്റെ 10 ജീവനക്കാരുൾപ്പെടെ 20-ഓളം പേർ ജോലി നോക്കുന്നത് പ്രസ്തുത ക്ഷയരോഗ ചികിത്സാ കേന്ദ്രത്തിൽ നിന്നുമാണ്. എറണാകുളം ജില്ലയിൽ ക്ഷയരോഗ നിവാരണത്തിനാവശ്യമായ മരുന്ന് സംഭരിച്ച് പ്രാഥമികാരോഗ്യ കേന്ദ്രങ്ങളിലേയ്ക്ക് വിതരണം ചെയ്യുന്നതു കൂടാതെ ലാബ് ടെക്നീഷ്യൻ, ഫീൽഡ് ഓഫീസർമാർ എന്നിവരുടെ സേവനം പ്രയോജനപ്പെടുത്തി ക്ഷയരോഗ ആശുപത്രിയുടെ കീഴിൽ ഫീൽഡ് ലെവൽ ആക്ടിവിറ്റീസും നടത്തിവരുന്നുണ്ട്. നിലവിൽ എറണാകുളം ജില്ലയിലെ ക്ഷയരോഗികൾക്ക് കിടത്തി ചികിത്സ നൽകുന്നത് എറണാകുളം ജനറൽ ആശുപത്രിയിലെ ഐസൊലേഷൻ വാർഡിൽ മാത്രമാണ്. ജനറൽ ആശുപത്രിയിലെ ചികിത്സാ സംവിധാനങ്ങളും സൗകര്യങ്ങളും മെച്ചപ്പെട്ടതാണെങ്കിലും ക്ഷയരോഗികളെ കിടത്തി ചികിത്സിക്കുന്ന ഐസൊലേഷൻ വാർഡിന്റെ സൗകര്യങ്ങൾ അപര്യാപ്തമാണ്. മേൽ സാഹചര്യത്തിൽ കരുവേലിപ്പടിയിലുള്ള ജില്ലാ ടി.ബി. സെന്ററിലെ ഉപയോഗശൂന്യമായ കെട്ടിടങ്ങൾ പൊളിച്ചുമാറ്റി പുനർനിർമ്മാണം നടത്തേണ്ടതിന്റെയും കാട് പിടിച്ചുകിടക്കുന്ന ആശുപത്രി പരിസരം വൃത്തിയാക്കി അവശ്യംവേണ്ട അറ്റകുറ്റപ്പണികൾ നടത്തേണ്ടതിന്റെയും ജില്ലാ ടി.ബി. സെന്ററിലെ ചികിത്സാ സൗകര്യങ്ങൾ വിപുലീകരിച്ച് കിടത്തി ചികിത്സ ഉൾപ്പെടെയുള്ള മെച്ചപ്പെട്ട സേവനങ്ങൾ രോഗികൾക്ക് ലഭ്യമാക്കേണ്ടതിന്റെയും ആവശ്യകത സഭയുടെ ശ്രദ്ധയിൽ കൊണ്ടുവരുന്നതോടൊപ്പം അവയ്ക്കെല്ലാം സർക്കാർ നടപടി സ്വീകരിക്കണമെന്നാണ് ഞാൻ ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുന്നത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, എറണാകുളം ജില്ലയിലെ കരുവേലിപ്പടിയിൽ 75 സെന്റ് സ്ഥലത്ത് സ്ഥിതി ചെയ്യുന്ന എറണാകുളം ജില്ലാ ടി.ബി. സെന്ററിൽ നിലവിൽ കിടത്തി ചികിത്സയില്ല. ഈ സ്ഥാപനത്തിൽ പ്രതിദിനം ശരാശരി 20 പേർ ഒ.പി. വിഭാഗത്തിൽ ചികിത്സ തേടുന്നുണ്ട്. കരുവേലിപ്പടി അടക്കമുള്ള സംസ്ഥാനത്തെ ടി.ബി. സെന്ററുകൾ നിലവിൽ കിടത്തി ചികിത്സാ സൗകര്യങ്ങളോടെയല്ല പ്രവർത്തിച്ചുവരുന്നത്. കിടത്തി ചികിത്സ ആവശ്യമുള്ളപക്ഷം ഈ രോഗികളെ സമീപത്തുള്ള ജില്ലാ/ജനറൽ/താലൂക്ക് ആശുപത്രികളിൽ അഡ്മിറ്റ് ചെയ്ത് ചികിത്സ നൽകി വരികയാണ് ചെയ്യുന്നത്. കരുവേലിപ്പടി ടി.ബി. സെന്ററും അതിന്റെ ഓഫീസും എക്സ്റേ, ഫാർമസി, ലാബ് സംവിധാനങ്ങളും നിലവിൽ ഒരു കെട്ടിടത്തിലാണ് പ്രവർത്തിച്ചുവരുന്നത്. ഈ സ്ഥാപനത്തിലെ ഉപയോഗ യോഗ്യമല്ലാത്ത ഐ.പി. വിഭാഗം, അടുക്കള എന്നിവ പ്രവർത്തിച്ചിരുന്ന കെട്ടിടം പൊളിച്ചുമാറ്റുന്നതിന് അനുമതി നൽകിയിട്ടുണ്ട്. കരുവേലിപ്പടി ടി.ബി. സെന്ററിൽ പുതിയ കെട്ടിടം നിർമ്മിക്കുന്നതിനുള്ള പ്രൊപ്പോസൽ സർക്കാരിൽ ലഭിച്ചിട്ടില്ല. പ്രൊപ്പോസൽ തയ്യാറാക്കുന്നതിന് ആവശ്യപ്പെട്ടിട്ടുണ്ട്. ആവശ്യമായ സൗകര്യങ്ങൾ ഏർപ്പെടുത്തിക്കൊണ്ട് ടി.ബി. സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്താൻ ഗവൺമെന്റ് തയ്യാറാകും. മാത്രമല്ല, ഇപ്പോൾ എസ്.ഡി.ജി.യുടെ ഭാഗമായി ടി.ബി. ഇറാഡിക്കേഷന്റെ ഒരു സ്പെഷ്യൽ ടീം പ്രവർത്തിക്കുന്നുണ്ട്. ആ ടീമിന്റെകൂടി ശ്രദ്ധയോടെ ഈ ടി.ബി. സെന്ററിന്റെ പ്രവർത്തനം മെച്ചപ്പെടുത്തുന്നതാണ്.

## (7) തമ്മനം-പുല്ലേപ്പടി റോഡ്

ശ്രീ. പി. ടി. തോമസ്: സർ, തമ്മനം-പുല്ലേപ്പടി എന്നറിയപ്പെടുന്ന എം.ജി. റോഡിൽ നിന്നാരംഭിച്ച് പുല്ലേപ്പടി-തമ്മനം ബൈപ്പാസ്, അറക്കകടവ്, സീ-പോർട്ട്, എയർപോർട്ട്, ഇടച്ചിറ വഴി കളമശ്ശേരിയിൽ എത്തിച്ചേരുന്ന എം.ജി. റോഡ് എറണാകുളം സിറ്റിയുടെ വികസനവുമായി ബന്ധപ്പെട്ട ഏറ്റവും പ്രാധാന്യമുള്ള ഒന്നാണ്. ഇതിനായി ഗവൺമെന്റ് കഴിഞ്ഞ വർഷം 100 കോടി രൂപ മാറ്റിവച്ചിരുന്നു. നിർഭാഗ്യവശാൽ, റോഡ് നിർമ്മാണത്തിന്റെ സ്ഥലമെടുപ്പിന് ടി തുക ഉപയോഗിക്കാൻ സാധിക്കാത്തതുകൊണ്ട് പ്രസ്തുത ഫണ്ട് ലാപ്സായി. ഈ വർഷത്തെ ബഡ്ജറ്റിൽ ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രി 300 കോടി രൂപ മാറ്റിവച്ചിട്ടുണ്ട്. ആ തുകയും ചെലവഴിക്കാൻ കഴിയാത്ത സാഹചര്യം വന്നിരിക്കുകയാണ്. രണ്ട് കാരണങ്ങളാണ് അതിന് തടസ്സമായിട്ടുള്ളത്. ഒന്നാമത്, ഈ റോഡ് പൊതുമരാമത്ത് വകുപ്പ് ഏറ്റെടുത്തിട്ടില്ല. ബഹുമാനപ്പെട്ട ധനകാര്യ വകുപ്പുമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും സംയുക്തമായി എറണാകുളം

പട്ടണത്തിന്റെ പ്രാധാന്യവും മെട്രോ രണ്ടാംഘട്ടത്തിന്റെ പണി ആരംഭിക്കുമ്പോൾ പാലാരിവട്ടം മുതൽ കാക്കനാട് വരെയുണ്ടാകാവുന്ന ഗതാഗതക്കുരുക്കും പരിഗണിച്ച് ഈ റോഡ് പ്രത്യേകമായി ഏറ്റെടുക്കുന്നതിന് നടപടി സ്വീകരിക്കാമെന്ന് സഭയിൽ ഉറപ്പ് നൽകുകയുണ്ടായി. എന്നാൽ അതുമായി ബന്ധപ്പെട്ട കാര്യങ്ങൾ മുന്നോട്ട് പോകുന്നില്ല. എം.ജി. റോഡ് മുതൽ കളമശ്ശേരി വരെയുള്ള ഈ റോഡ് കൊച്ചി മെട്രോയുടെ രണ്ടാംഘട്ട വികസനം വരുമ്പോൾ ഗതാഗതക്കുരുക്ക് ഒഴിവാക്കാനും ഇൻഫോ പാർക്കിന്റെ വികസനത്തിനുമൊക്കെ ഏറ്റവും പ്രധാനപ്പെട്ടതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും പൊതുമരാമത്ത് വകുപ്പുമന്ത്രിയും ധനകാര്യ വകുപ്പുമന്ത്രിയുമൊക്കെയുള്ള സാഹചര്യത്തിൽ, അടിയന്തരമായി കൊച്ചിൻ കോർപ്പറേഷൻ, തൃക്കാക്കര മുനിസിപ്പാലിറ്റി, ധനകാര്യ വകുപ്പ് എന്നിവ അടക്കമുള്ള ബന്ധപ്പെട്ടവരുടെ യോഗം വിളിച്ചുചേർത്ത് സമയബന്ധിതമായി ഇതിനൊരു തീർപ്പുകല്പിക്കണമെന്ന അഭ്യർത്ഥന വിനയപൂർവ്വം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്.

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, ഡിസ്ട്രിക്ട് ഫ്ലാഗ്ഷിപ്പ് ഇൻഫ്രാസ്ട്രക്ച്ചർ പ്രോജക്ടിൽ ഉൾപ്പെടുത്തി കോർപ്പറേഷന്റെ അധീനതയിലുള്ള തമ്മനം-പുല്ലേപ്പടി റോഡിന്റെ വികസനത്തിനായി 2015-ൽ 300 ലക്ഷം രൂപയ്ക്ക് തത്വത്തിൽ അംഗീകാരം നൽകി ഗവൺമെന്റ് ഒരു സർക്കുലർ പുറപ്പെടുവിച്ചിരുന്നു. പക്ഷെ ആ ഗവൺമെന്റിന്റെ ഭരണകാലത്ത് യാതൊരു നടപടിയും സ്വീകരിച്ചില്ല. അങ്ങനെ ആ ഫണ്ട് ലാപ്സാകുകയാണുണ്ടായത്. തുടർന്ന് പിണറായി ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം പ്രസ്തുത റോഡിന്റെ പ്രവൃത്തി കിഫ്ബി മുഖാന്തരം നടപ്പാക്കുന്നതിനായി പൊതുമരാമത്ത് വകുപ്പിന്റെ 1-11-2016-ലെ സർക്കുലർ പ്രകാരം ധനകാര്യ വകുപ്പ് അംഗീകരിച്ച 10 കോടി രൂപയും 10-7-2017-ലെ മറ്റൊരു ഉത്തരവുപ്രകാരം 100 കോടി രൂപയും ഭരണാനുമതി നൽകിയിട്ടുണ്ട്. 7-3-2017-ന് പൊതുമരാമത്ത് വകുപ്പുമന്ത്രിയുടെ അദ്ധ്യക്ഷതയിൽ ചേർന്ന യോഗ തീരുമാനപ്രകാരം റോഡ് വികസനത്തിനുള്ള ഭൂമി കൊച്ചി കോർപ്പറേഷനിൽ നിന്നും കൈമാറി ലഭിച്ചശേഷം സാങ്കേതികാനുമതിക്കായി എസ്റ്റിമേറ്റ് സമർപ്പിക്കാൻ നിർദ്ദേശിക്കുകയുണ്ടായി. പ്രസ്തുത റോഡ് വികസനത്തിനായി ഏകദേശം 4.1063 ഹെക്ടർ ഭൂമി ഏറ്റെടുത്ത് ലഭിക്കേണ്ടതായിട്ടുണ്ട്. അതിൽ 1.1934 ഹെക്ടർ ഭൂമി ഭൂവുടമകൾ സൗജന്യമായി നൽകിയിട്ടുണ്ട്. എങ്കിലും സൗജന്യമായി നൽകിയ ഭൂമി സിംഗിൾ സ്ട്രെച്ച് അല്ലാത്തതിനാൽ മുഴുവൻ അക്വിസിഷൻ നടത്തിയാൽ മാത്രമേ ടി റോഡ് 15 മീറ്റർ വീതിയിലും ആർ.ഒ.ഡബ്ല്യു. 22 മീറ്ററായും വികസിപ്പിക്കാൻ കഴിയുകയുള്ളൂ. കൊച്ചി

മെട്രോയുടെ ആരംഭത്തോടെ നിലവിൽ 7 മീറ്റർ വീതിയുള്ള ടി റോഡിന് ഗതാഗതക്കുരുക്കുമൂലം കൂടുതൽ ബുദ്ധിമുട്ടുണ്ടാകും. കോർപ്പറേഷന്റെ അധീനതയിലുള്ള പ്രസ്തുത റോഡ് കൈമാറുന്നതിന് മേയർ സമ്മതപത്രം നൽകിയിട്ടുണ്ട്. റോഡ് വികസനത്തിനുള്ള ഭൂമി മുഴുവനായി കോർപ്പറേഷൻ ഏറ്റെടുത്ത് പൊതുമരാമത്ത് വകുപ്പിന് കൈമാറിയാൽ മാത്രമേ വികസനം സാദ്ധ്യമാകുകയുള്ളൂ. മുമ്പും ഇതുസംബന്ധിച്ച് മറുപടി നൽകിയിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞപ്രകാരം യോഗം ചേർന്ന് മറ്റു നടപടികൾ സ്വീകരിക്കാവുന്നതാണ്. ഇതെല്ലാം ഗവൺമെന്റ് അംഗീകരിച്ച കാര്യങ്ങളാണ്. സാങ്കേതിക പ്രശ്നങ്ങളാണുള്ളത്.

## (8) ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ഏറ്റെടുക്കൽ

ശ്രീ. വി. എസ്. അച്ചുതാനന്ദൻ: സർ, 1974 മുതൽ എന്റെ നിയോജക മണ്ഡലത്തിലെ പുതുശ്ശേരി ഗ്രാമപഞ്ചായത്തിലെ കഞ്ചിക്കോട് പ്രവർത്തിക്കുന്ന ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിന്റെ ശോചനീയാവസ്ഥയും കേന്ദ്ര സർക്കാർ കമ്പനിയെ കയ്യൊഴിഞ്ഞ സ്ഥിതിക്ക് സംസ്ഥാന സർക്കാർ ഏറ്റെടുക്കേണ്ട ആവശ്യകതയും സംബന്ധിച്ച് ഞാൻ ഇതിനുമുമ്പും സബ്മിഷൻ ഉന്നയിച്ചിട്ടുള്ളതാണ്. പ്രവർത്തനം ആരംഭിച്ചകാലം മുതൽ ലാഭത്തിലായിരുന്ന ഈ കൺട്രോൾ വാൽവ് നിർമ്മാണ കമ്പനി രാജ്യത്തിനുതന്നെ അഭിമാനമായ ഒരു പൊതുമേഖലാ സ്ഥാപനമാണ്. 273 സ്ഥിരം ജീവനക്കാരും 160-ഓളം കരാർ ജീവനക്കാരുമുള്ള ഈ സ്ഥാപനത്തിൽ 1997 മുതലുള്ള ജീവനക്കാരുടെ ശമ്പള പരിഷ്കരണവും മറ്റ് ആനുകൂല്യങ്ങളും മുടങ്ങിക്കിടക്കുകയാണ്. കൂടാതെ വർഷങ്ങളായി കമ്പനിയിൽ സേവനമനുഷ്ഠിച്ച് വിരമിച്ച ജീവനക്കാരുടെ ആനുകൂല്യങ്ങൾ മാനേജ്മെന്റ് വിതരണം ചെയ്തിട്ടില്ല. എന്നാൽ ഇത്തരം പ്രതിസന്ധികൾ നിലനിൽക്കുമ്പോഴും ജീവനക്കാരുടെ ആത്മാർത്ഥമായ സേവനത്താൽ കഴിഞ്ഞ 10 വർഷത്തിനിടയിൽ 162 കോടി രൂപയുടെ ലാഭം നേടാൻ കമ്പനിക്ക് കഴിഞ്ഞിട്ടുണ്ട്. രാജസ്ഥാനിലെ കോട്ടയിൽ പ്രവർത്തിച്ചിരുന്ന കമ്പനിയുടെ മാതൃസ്ഥാപനം 2016-ലെ കേന്ദ്ര ക്യാബിനറ്റ് തീരുമാനമനുസരിച്ച് അടച്ചുപൂട്ടി. മാതൃസ്ഥാപനം അടച്ചുപൂട്ടിയശേഷം പാലക്കാട് യൂണിറ്റിന്റെ കാര്യത്തിൽ തുടരുന്ന അനിശ്ചിതാവസ്ഥ സ്ഥാപനത്തെ തകർച്ചയിലേയ്ക്ക് നയിക്കുമെന്നതിൽ തർക്കമില്ല. ആയതിനാൽ കൈമാറ്റ നടപടികൾ പൂർത്തീകരിച്ച് കേരളത്തിലെ വ്യവസായരംഗത്തെ ഒരു മാതൃകാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റിനെ സർക്കാർ ഏറ്റെടുക്കുന്നതിനാവശ്യമായ അടിയന്തര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുകയാണ്.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, കേന്ദ്ര സർക്കാരിന്റെ ഖന വ്യവസായ വകുപ്പിനുകീഴിൽ രാജസ്ഥാനിലെ കോട്ട ആസ്ഥാനമായി പ്രവർത്തിക്കുന്ന പൊതുമേഖലാ സ്ഥാപനമായ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ മറ്റൊരു യൂണിറ്റ് പാലക്കാടാണ് പ്രവർത്തിക്കുന്നത്. പ്രാരംഭകാലം മുതൽ പാലക്കാട് ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് ലാഭത്തിലാണ് പ്രവർത്തിക്കുന്നത്. എന്നാൽ 1993 മുതൽ നഷ്ടത്തിൽ പ്രവർത്തിച്ചുവരുന്ന കോട്ട യൂണിറ്റ് ഇപ്പോൾ പ്രവർത്തനരഹിതമാണ്. രണ്ട് യൂണിറ്റുകളുമുൾപ്പെടെയുള്ള കമ്പനിയെ 1993-ൽ ബി.എഫ്.ആർ.-ന് റഫർ ചെയ്യുകയുണ്ടായി. 10-11-2015-ൽ ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ ഭാവി പ്രവർത്തനങ്ങൾക്കായി വിവിധ സാദ്ധ്യതകൾ, സംയുക്ത സംരംഭങ്ങൾ, പി.പി.പി. മോഡൽ, ദേശീയതല ലയനം തുടങ്ങിയ നിർദ്ദേശങ്ങൾ കേന്ദ്ര സർക്കാർ പരിശോധിച്ചെങ്കിലും ഫലം കണ്ടെത്തിയിരുന്നില്ല. തുടർന്ന് പാലക്കാട് യൂണിറ്റിന്റെ പുനരുദ്ധാരണത്തിനും തുടർ പ്രവർത്തനത്തിനും യൂണിറ്റ് കേരള സർക്കാർ ഏറ്റെടുക്കുന്ന കാര്യം പരിഗണിക്കണമെന്ന് കേന്ദ്ര ഖന വ്യവസായ മന്ത്രാലയം സംസ്ഥാന സർക്കാരിനോട് അഭ്യർത്ഥിക്കുകയുണ്ടായി. സ്ഥാപനം ഏറ്റെടുക്കുന്നത് സംബന്ധിച്ച് ഒരു സമഗ്ര പ്രൊപ്പോസൽ നൽകാൻ റിയാബിനെ ചുമതലപ്പെടുത്തി. ഇതിനെത്തുടർന്ന് ആസ്തി ബാദ്ധ്യതകൾ വിലയിരുത്താനും കമ്പനി ഏറ്റെടുക്കുന്നതുമായി ബന്ധപ്പെട്ട സാദ്ധ്യതകൾ അവലോകനം ചെയ്ത് നടപടിക്രമങ്ങൾ തീരുമാനിക്കാനും രൂപീകരിച്ച ഉന്നതതല സമിതി സർക്കാരിന് റിപ്പോർട്ട് സമർപ്പിക്കുകയുണ്ടായി. ഈ റിപ്പോർട്ട് പ്രകാരം കമ്പനിയുടെ മൊത്തം ബാദ്ധ്യത 122.14 കോടി രൂപയായതിനാൽ പൂജ്യം മൂല്യത്തിൽ ബാദ്ധ്യത ഒഴിവാക്കി യൂണിറ്റ് ഏറ്റെടുക്കാനുള്ള നിർദ്ദേശം കേന്ദ്ര സർക്കാർ മുമ്പാകെ വയ്ക്കാൻ തീരുമാനമായി. പ്രസ്തുത നിർദ്ദേശം അംഗീകരിക്കാൻ കഴിയില്ലെന്ന് 16-3-2017-ൽ കേന്ദ്ര സർക്കാർ അറിയിക്കുകയുണ്ടായി. കേന്ദ്ര സർക്കാർ പ്രതിനിധികളുമായി നടത്തിയ തുടർ ചർച്ചകളെ തുടർന്ന് ആസ്തി ഏറ്റെടുക്കുന്നതിന് സംസ്ഥാന സർക്കാർ നൽകേണ്ട തുക നിർണ്ണയിക്കുന്നതിനുള്ള മാർഗ്ഗങ്ങൾ തീരുമാനിക്കുകയുണ്ടായി. 22-2-2018-ൽ നടന്ന അപ്പെക്സ് കമ്മിറ്റി യോഗത്തിൽ കേന്ദ്ര സർക്കാരിന്റെയും ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡിന്റെ പ്രതിനിധികളുടെയും സാന്നിദ്ധ്യത്തിൽ പുതിയ റിപ്പോർട്ടും അതിന്മേലുള്ള റിയാബിന്റെ അഭിപ്രായവും വിശദമായി ചർച്ച ചെയ്യുകയും കമ്പനിയുടെ ടോട്ടൽ നെറ്റ് അസെറ്റ് വാല്യൂ 76.63 കോടി രൂപയാണെന്നും ബാദ്ധ്യത 23.61 കോടി രൂപയാണെന്നും യോഗം വിലയിരുത്തുകയും ചെയ്തു. പ്രസ്തുത ചർച്ചയുടെ അടിസ്ഥാനത്തിൽ യൂണിറ്റ് കൈമാറ്റം ചെയ്യുന്നതിനുള്ള സംരംഭക മൂല്യം അറിയിക്കണമെന്നും ധാരണാ

പത്രത്തിന് അന്തിമ രൂപം നൽകണമെന്നും കേന്ദ്ര ഖന വ്യവസായ മന്ത്രാലയം സംസ്ഥാന സർക്കാരിനോട് 2018 ഏപ്രിലിൽ അഭ്യർത്ഥിക്കുകയുണ്ടായി. അപ്പെക്സ് കമ്മിറ്റി ശിപാർശ ചെയ്ത പ്രകാരം 53.2 കോടി രൂപ ആസ്തിയായി കണക്കാക്കി ഇൻസ്ട്രുമെന്റേഷൻ ലിമിറ്റഡ് പാലക്കാട് യൂണിറ്റ് ഏറ്റെടുക്കുന്നതു സംബന്ധിച്ച വിഷയം മന്ത്രിസഭാ യോഗത്തിന്റെ പരിഗണനയ്ക്ക് സമർപ്പിക്കാൻ തീരുമാനിച്ചിട്ടുണ്ട്. ഇതിനായി സത്വര നടപടികൾ സ്വീകരിച്ചുവരികയാണ്.

## (9) ചെങ്കൽ ഖനനം

ശ്രീ. വി. ടി. ബൽറാം: സർ, ഇന്ന് ലോക പരിസ്ഥിതി ദിനമാണ്. മനുഷ്യന് ജീവിക്കാൻ ഭൂമി മാത്രമേയുള്ളൂവെന്ന തിരിച്ചറിവിലാണ് ലോകം മുഴുവൻ ഇതുമായി ബന്ധപ്പെട്ട പരിപാടികളും പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുന്നത്. നമ്മുടെ നാട്ടിലും വൃക്ഷത്തൈ വച്ചുപിടിപ്പിക്കലും ശുചീകരണവും ബോധവത്കരണ ക്ലാസ്സുമായി മുന്നോട്ടുപോകുകയാണ്. പക്ഷേ ഒരു ഭാഗത്ത് ഇത്തരത്തിലുള്ള വികസന പരിപാടികളും ബോധവത്കരണ പ്രവർത്തനങ്ങളും നടക്കുമ്പോഴും പരിസ്ഥിതിയെ സമൂലമായി നശിപ്പിക്കുന്ന വിധത്തിലുള്ള പ്രവർത്തനങ്ങൾ നിർബാധം നടന്നുകൊണ്ടിരിക്കുന്നുവെന്നത് ഒരു യാഥാർത്ഥ്യമായി നിൽക്കുകയാണ്. എന്റെ നിയോജകമണ്ഡലമായ തൃത്താല അടക്കമുള്ള പ്രദേശത്തിന്റെ പശ്ചാത്തലംകൂടി കണക്കിലെടുത്താണ് ഞാൻ പറയുന്നത്. ഞങ്ങളുടെ പ്രദേശത്ത് ധാരാളം കുന്നുകളുണ്ട്. അവിടത്തെ ഭൂഗർഭ ജലവിതാനത്തെ നിലനിർത്തുന്നതും നിരവധി ജീവികളുടെ ആവാസ വ്യവസ്ഥയായി പ്രവർത്തിക്കുന്നതും ഈ കുന്നുകളാണ്. അതുപോലെ വളരെ പാരിസ്ഥിതിക പ്രാധാന്യമുള്ളതാണ് ചെങ്കൽ കുന്നുകൾ. വ്യാപകമായ രീതിയിൽ മണ്ണെടുക്കുന്നതുമൂലം ചെങ്കൽ കുന്നുകൾ നാശോന്മുഖമാകുകയാണ്. ഇതിൽ യാതൊരു തരത്തിലുള്ള നിയന്ത്രണവും പ്രായോഗിക തലത്തിലുണ്ടാകുന്നില്ല എന്നതാണ് യാഥാർത്ഥ്യം. എന്റെ നിയോജകമണ്ഡലത്തിലെ കക്കുർ, ആനക്കര അടക്കമുള്ള സ്ഥലങ്ങളിൽനിന്നും മലപ്പുറം ജില്ലയിലേയ്ക്കും മറ്റും വികസനാവശ്യത്തിനെന്ന പേരിലാണ് മണ്ണ് എടുത്തുകൊണ്ടുപോകുന്നത്. അവിടെ ഒരുതരത്തിലുള്ള പരിശോധനയുമില്ല. ഒരു നിശ്ചിത അളവിനുവേണ്ടി അനുമതി നൽകിയാൽ അതിന്റെ പത്തുപതിനഞ്ച് ഇരട്ടി മണ്ണ് രാത്രിക്കുരാത്രി അവിടെനിന്നും കടത്തുകയാണ്. നിന്നനിൽപ്പിൽ ഒരു കുന്ന് ഇല്ലാതാകുന്ന അവസ്ഥയാണ് നിലനിൽക്കുന്നത്. ഇക്കാര്യത്തിൽ ജില്ലാ വികസന സമിതിയിൽ നിരന്തരം ആവശ്യം ഉന്നയിച്ചിട്ടും യാതൊരു തരത്തിലുള്ള ഇടപെടലുമുണ്ടാകുന്നില്ല. അവിടെ പരിശോധിക്കാനുള്ള ഉദ്യോഗസ്ഥരില്ല. വികസനപ്രവർത്തനങ്ങൾക്ക് അനുമതി നൽകണം, അത് സ്വാഭാവികമാണ്, അത് വേണ്ടെന്ന് പറയാൻ ആർക്കും

സാധിക്കില്ല. പക്ഷേ അനുമതിക്കനുസരിച്ച് മാത്രമേ മണ്ണെടുക്കുന്നുള്ളൂവെന്ന് ഉറപ്പുവരുത്തുന്നതിനുള്ള സംവിധാനമില്ല. മണ്ണ് മാഫിയ വലിയ രീതിയിലുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുപോകുകയാണ്. ഇക്കാര്യത്തിൽ ഇടപെട്ട് നിയന്ത്രണമുണ്ടാക്കാൻ നടപടി സ്വീകരിക്കണം. ഇതുമായി ബന്ധപ്പെട്ട പാരിസ്ഥിതിക ആഘാത പഠനം മുമ്പുണ്ടായിരുന്നത് ഇപ്പോൾ നടക്കുന്നില്ലെന്നതാണ് ഏറ്റവും വലിയ പ്രശ്നം. ജനങ്ങളുടെ അത്തരത്തിലുള്ള പരാതികളെങ്കിലും പരിശോധിക്കണമായിരുന്നു, പബ്ലിക് ഹിയറിംഗ് നടത്തണമായിരുന്നു. ഇപ്പോൾ അത്തരത്തിൽ ഒരു നിർബന്ധവുമില്ല. എല്ലാ സ്ഥലങ്ങളിലും ജനകീയ സമരങ്ങൾ ഉയർന്നുവരികയാണ്. കുടിവെള്ളം കിട്ടാതെ ജനങ്ങൾ സമരരംഗത്തേയ്ക്ക് ഇറങ്ങുകയാണ്. ഈ പ്രശ്നം അതിന്റെ ഗൗരവത്തിൽ ഉൾക്കൊണ്ട്, ഇത്തരത്തിൽ ഖനനം നടത്തുന്നത് നിയന്ത്രണ വിധേയ മായിട്ടാണെന്ന് ഉറപ്പുവരുത്തുന്നതിനുള്ള ജാഗ്രതാ സംവിധാനങ്ങൾ ഏർപ്പെടുത്തണം. ജനങ്ങൾക്ക് പരാതിയുണ്ടെങ്കിൽ അത് പരിഹരിക്കാനുള്ള സംവിധാനങ്ങൾ സർക്കാർ തലത്തിൽ, റവന്യൂ ഉദ്യോഗസ്ഥ തലത്തിൽ ഏർപ്പെടുത്താൻ ഗവൺമെന്റ് നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. അതോടൊപ്പം മറ്റ് ജില്ലകളുടെ വികസന ആവശ്യത്തിനായി തൃത്താല പ്രദേശത്തുനിന്ന് മണ്ണെടുക്കുന്നത് പരിശോധിക്കാനും തടഞ്ഞുവയ്ക്കാനുമുള്ള അടിയന്തര ഇടപെടൽകൂടി ഗവൺമെന്റിന്റെ ഭാഗത്തു നിന്നുമുണ്ടാകണം.

വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, 2015-ലെ കേരള മൈനർ മിനറൽ കൺസ്ട്രക്ഷൻ ചട്ടങ്ങൾ പ്രകാരമാണ് ചെങ്കൽ ഖനനത്തിന് അനുമതി നൽകുന്നത്. സുപ്രീംകോടതി വിധിപ്രകാരം എല്ലാ ഖനന പ്രവർത്തനങ്ങൾക്കും ഇപ്പോൾ പാരിസ്ഥിതികാനുമതി നിർബന്ധമാണ്. പാരിസ്ഥിതികാനുമതി കരസ്ഥമാക്കിയാൽ മാത്രമേ ചെങ്കൽ ഖനനത്തിന് അനുമതി നൽകുന്നുള്ളൂ. അഞ്ച് ഹെക്ടറിൽ താഴെ വിസ്തീർണ്ണമുള്ള സ്ഥലങ്ങളിൽ ജില്ലാതല പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റികളും അഞ്ച് ഹെക്ടറിൽ കൂടുതൽ വിസ്തീർണ്ണമുള്ള സ്ഥലങ്ങളിൽ സംസ്ഥാന പരിസ്ഥിതി ആഘാത നിർണ്ണയ അതോറിറ്റിയുമാണ് പാരിസ്ഥിതികാനുമതി നൽകുന്നത്. 2015-ൽ ചട്ടങ്ങൾ നിലവിൽ വരുന്നതിനുമുമ്പ് അശാസ്ത്രീയ ഖനനം നടത്തിയതിന്റെ ഫലമായി പരിസ്ഥിതി പ്രശ്നമുണ്ടായിട്ടുണ്ടെന്നുള്ളത് വസ്തുതയാണ്. എന്നാൽ മൈനിംഗ് പ്ലാനും പാരിസ്ഥിതികാനുമതിയും നിർബന്ധമാക്കിയ സാഹചര്യത്തിൽ പരിസ്ഥിതിക്ക് കോട്ടംതട്ടാതെ ഖനനം നടത്തുന്ന സ്ഥിതി സംജാതമായിട്ടുണ്ട്. കുന്നിടിച്ചും മറ്റുമുള്ള ഖനനം തടയുന്നതിന് പോലീസ്, റവന്യൂ, മൈനിംഗ്,

ജിയോളജി ഉദ്യോഗസ്ഥർ പരിശോധന നടത്തി നടപടി സ്വീകരിച്ചുവരുന്നുണ്ട്. അനധികൃത ഖനനത്തിന് പിഴ മാത്രമായി അഞ്ച് ലക്ഷം രൂപ വരെ ഈടാക്കാൻ ചട്ടത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇതിനുപുറമെ, അനധികൃതമായി നീക്കം ചെയ്തവയുടെ വിലയും റോയൽറ്റിയും ഈടാക്കി വരുന്നുണ്ട്. കുന്നിടിക്കലും അനധികൃത ഖനനവും തടയുന്നതിനും അതുപോലെ അനുവദിച്ചതിൽ കൂടുതൽ അളവിൽ മണ്ണ് കൊണ്ടുപോകുന്നുണ്ടോയെന്ന് പരിശോധിക്കുന്നതിനും സത്വര നടപടി സ്വീകരിച്ചുവരുന്നു. ഇവിടെ പ്രശ്നം ഉന്നയിച്ച സ്ഥലങ്ങളിൽ പ്രത്യേക പരിശോധന നടത്താം.

## (10) പ്ലസ് വൺ സീറ്റ് വർദ്ധിപ്പിക്കൽ

ശ്രീ. പി. ഉബൈദുള്ള: സർ, എസ്.എസ്.എൽ.സി. പരീക്ഷ പാസ്സായ മുഴുവൻ വിദ്യാർത്ഥികൾക്കും തുടർപഠനത്തിന് അവസരമൊരുക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഏകജാലകം വഴിയുള്ള പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷ സമർപ്പിക്കേണ്ട തീയതി മേയ് 31-ന് അവസാനിച്ചിരിക്കുന്നു. അപേക്ഷ സമർപ്പിച്ചവരിൽ നല്ലൊരു ശതമാനം കുട്ടികൾക്കും പ്രവേശനം നേടാനാകാതെ മറ്റ് സമാന്തര പഠന സൗകര്യങ്ങൾ തേടേണ്ടിവരുന്ന അവസ്ഥയാണ് നിലവിലുള്ളത്. ഇത് ഏറ്റവും കൂടുതൽ ബാധിക്കുന്നത് മലബാർ ജില്ലകളെയാണ്; വിശേഷിച്ചും മലപ്പുറം ജില്ല. ഈ വർഷം എല്ലാ വിഷയങ്ങളിലും എ പ്ലസ് കരസ്ഥമാക്കിയ ഏറ്റവും കൂടുതൽ വിദ്യാർത്ഥികളുള്ള ജില്ല മലപ്പുറമാണ്. ഓരോ വർഷവും എസ്.എസ്.എൽ.സി. പരീക്ഷ ജയിച്ചവരുടെയും പ്ലസ് വൺ സീറ്റുകളുടെയും അന്തരം വർദ്ധിച്ചുവരികയാണ്. മലപ്പുറം ജില്ലയിൽ എസ്.എസ്.എൽ.സി. പരീക്ഷയിൽ യോഗ്യത നേടിയ വിദ്യാർത്ഥികളെക്കാൾ കൂടുതൽ പേർ ഇത്തവണ പ്ലസ് വൺ-ന് അപേക്ഷ നൽകിയിട്ടുണ്ട്. അയൽ ജില്ലകളിലുള്ളവർകൂടി ഇവിടെ അപേക്ഷിച്ചു വെന്നാണ് ഇതിൽനിന്നും മനസ്സിലാക്കേണ്ടത്. സി.ബി.എസ്.ഇ. പരീക്ഷാഫലം പുറത്തുവന്നതോടുകൂടി 4367 പേരാണ് പുതിയതായി അപേക്ഷ സമർപ്പിച്ചിട്ടുള്ളത്. ഐ.സി.എസ്.ഇ, ഇതര സംസ്ഥാനം എന്നിവിടങ്ങളിൽനിന്ന് 1481 പേരും സ്പോർട്സ് ക്വാട്ടയിൽ 1397 പേരുമാണ് അപേക്ഷ നൽകിയിട്ടുള്ളത്. സർക്കാരിന്റെ ഔദ്യോഗിക കണക്കുപ്രകാരം ഇതുവരെ മലപ്പുറം ജില്ലയിൽ അപേക്ഷ സമർപ്പിച്ചത് 83533 പേരാണ്. കേരള സിലബസിൽ പ്രവേശന യോഗ്യത നേടിയവർ 77922 പേരാണ്. ഗവൺമെന്റ് എയ്ഡഡ്/അൺഎയ്ഡഡ് മേഖലകളിൽ മൊത്തമുള്ള സീറ്റ് 60695 ആണ്. 22838 പേർ തുടർപഠനത്തിന് അവസരം കിട്ടാതെ പുറത്തുനിൽക്കുകയാണ്. അൺഎയ്ഡഡ് മേഖലകൂടി കഴിഞ്ഞാലും 22838 പേർക്ക് തുടർപഠനത്തിന് അവസരം ലഭിക്കാത്ത

സാഹചര്യമാണുള്ളത്. കോഴിക്കോട് ജില്ലയിൽ 50000 സീറ്റ് വേണ്ടിടത്ത് 40000 മാത്രമേയുള്ളൂവെന്നാണ് ശ്രീ. പാറക്കൽ അബ്ദുല്ല പറഞ്ഞത്. അവിടെയും പതിനായിരം സീറ്റ് കുറവാണ്. കഴിഞ്ഞവർഷം മലപ്പുറം ജില്ലയിൽ 21000 പേർ ഓപ്പൺ സ്കൂളിനെ ആശ്രയിച്ചാണ് പഠിച്ചത്. ഇപ്പോൾ മലപ്പുറം, പാലക്കാട് ജില്ലകളിലെ കുട്ടികൾ ആശ്രയിച്ചിരുന്ന ഓപ്പൺ സ്കൂൾ മേഖലാ കേന്ദ്രവും നിർത്തലാക്കിയിരിക്കുന്നു. വിജയ ശതമാനത്തിലുണ്ടായിരിക്കുന്ന ഉയർച്ചയ്ക്കനുസരിച്ച് തുടർ പഠന സൗകര്യങ്ങൾ ലഭ്യമാക്കണമെന്ന് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി സർക്കാരിനോട് ആവശ്യപ്പെട്ട സാഹചര്യത്തിൽ സംസ്ഥാനതലത്തിലും ജില്ലാതലത്തിലും ഹയർ സെക്കണ്ടറി ഡയറക്ടർമാരുടെയും ആർ.ഡി.ഡി.-മാരുടെയും നേതൃത്വത്തിൽ വിദ്യാഭ്യാസ ആവശ്യകതയും സൗകര്യവും പരിശോധിക്കുന്നതിന് മുൻസർക്കാർ നിയോഗിച്ച കമ്മിറ്റി സർക്കാരിന് റിപ്പോർട്ട് സമർപ്പിച്ചതായിട്ടാണ് അറിയുന്നത്. പ്രസ്തുത കമ്മിറ്റിയുടെ ശിപാർശയ്ക്കനുസരിച്ച് തുടർനടപടി സ്വീകരിക്കാൻ സർക്കാർ മുന്നോട്ടുവരണം. അല്ലാത്തപക്ഷം പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ ഉന്നത പഠന കവാടത്തിന് പുറത്തിരിക്കേണ്ടിവരും. ഈ വർഷം എസ്.എസ്.എൽ.സി. പരീക്ഷയിൽ മുന്നൂറിലധികം കുട്ടികൾ പാസ്സായ നാല് ബാച്ചുകളുള്ള സ്കൂളുകളിൽ പുതിയതായി ഒരു പ്ലസ് വൺ ബാച്ചുകൂടി അനുവദിക്കണമെന്നാണ് ഇതിന് പരിഹാരമായി എനിക്ക് നിർദ്ദേശിക്കാനുള്ളത്. നിലവിൽ 50 വീതമുള്ള നാല് ബാച്ചുകളിലായി 200 കുട്ടികൾക്ക് മാത്രമേ ഈ സ്കൂളുകളിൽ സീറ്റുള്ളൂ. അതുപോലെ 2013-14-ൽ അനുവദിക്കപ്പെട്ട പുതിയ ഹയർ സെക്കണ്ടറി സ്കൂളുകളിൽ രണ്ട് ബാച്ച് വീതമാണ് നിലവിലുള്ളത്. ഇവിടെ 100 കുട്ടികൾക്കാണ് പഠിക്കാൻ അവസരമുള്ളത്. ഈ വിദ്യാലയങ്ങളിൽ ഒരു ബാച്ചുകൂടി അനുവദിക്കണം. ഇരുപത് ശതമാനം സീറ്റ് വർദ്ധിപ്പിക്കുക എന്നതാണ് തുടർന്നുവരുന്ന രീതി. ഇരുപത് ശതമാനം സീറ്റ് വർദ്ധിപ്പിച്ചാൽ തീരുന്നതല്ല ഇവിടത്തെ പ്രശ്നങ്ങൾ. കഴിഞ്ഞവർഷം വർദ്ധിപ്പിച്ച പത്ത് ശതമാനം സീറ്റ് ഭൗതിക സൗകര്യമില്ലാത്തതിനാൽ സ്വീകരിക്കാത്ത സ്കൂളുകളുണ്ട്. സീറ്റ് ക്ഷാമം അനുഭവിക്കുന്ന മലബാർ മേഖലയിൽ നിലവിൽ ഒരു ക്ലാസ്സിൽ 50-ൽ അധികം വിദ്യാർത്ഥികളുണ്ട്. ഇനി അത് 60-ൽ കൂടുതലാകും. ഇത്രയധികം വിദ്യാർത്ഥികൾ ഒരു ക്ലാസ്സിൽ പഠിക്കാനിരുന്നാലുണ്ടാകുന്ന പ്രയാസങ്ങൾ ഊഹിക്കാവുന്നതേയുള്ളൂ. പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നടപ്പാക്കുന്ന ഘട്ടത്തിൽ പൊതുവിദ്യാലയങ്ങളിൽത്തന്നെ മുഴുവൻ കുട്ടികൾക്കും പഠിക്കാനാവശ്യമായ സൗകര്യം ഗവൺമെന്റുണ്ടാക്കണം. അതിന് സത്വര നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ ഉന്നയിക്കുകയാണ്.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2017-18 അദ്ധ്യയന വർഷം മലബാർ മേഖലയിൽനിന്നും 261768 വിദ്യാർത്ഥികൾ എസ്.എസ്.എൽ.സി. പരീക്ഷ വിജയിച്ച് ഉപരിപഠനത്തിന് അർഹത നേടി. സംസ്ഥാനത്തെ വിദ്യാർത്ഥികളുടെ ഉപരിപഠന സാദ്ധ്യത മെച്ചപ്പെടുത്തുന്നതിലേക്കായി 20 ശതമാനം മാർജിനൽ സീറ്റ് വർദ്ധനവ് സർക്കാർ എയ്ഡഡ് ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സ്കൂളുകളിൽ വരുത്തുകയുണ്ടായി. ഇതിന്റെ ഫലമായി മലബാർ മേഖലയിൽ ഹയർ സെക്കണ്ടറി സീറ്റുകളുടെ എണ്ണം 237165 ആയും വൊക്കേഷണൽ ഹയർ സെക്കണ്ടറിയിൽ സീറ്റുകളുടെ എണ്ണം 11550 ആയും വർദ്ധിക്കുകയുണ്ടായി. ഇത്തരത്തിൽ മലബാർ മേഖലയിൽ ഉന്നത വിദ്യാഭ്യാസത്തിന് യോഗ്യത നേടിയ വിദ്യാർത്ഥികളുടെ എണ്ണത്തിന് ആനുപാതികമായി ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി സീറ്റുകൾ വർദ്ധിപ്പിച്ചിട്ടുണ്ട്. ഈ വർഷം ഹയർ സെക്കണ്ടറി പ്ലസ് വൺ പ്രവേശനത്തിന് മലബാർ മേഖലയിൽ ലഭ്യമായ 231165 സീറ്റുകൾക്ക് പുറമെ വി.എച്ച്.എസ്.ഇ.-ൽ 11550 സീറ്റുകളും കൂടാതെ ഐ.ടി.ഐ., പോളിടെക്നിക് സീറ്റുകളും ലഭ്യമാണ്. സി.ബി.എസ്.ഇ., ഐ.സി.എസ്.ഇ. തുടങ്ങിയ സിലബസുകളിൽ പത്താംതരം പരീക്ഷ വിജയിച്ച വിദ്യാർത്ഥികൾ സംസ്ഥാനത്തെ പ്ലസ് വൺ പ്രവേശനത്തിന് അപേക്ഷിച്ചിട്ടുണ്ടെങ്കിലും ടി വിദ്യാർത്ഥികളിൽ എല്ലാപേരും സംസ്ഥാന സിലബസിൽ പ്രവേശനം തേടാറില്ല. കൂടാതെ ഒരേ വിദ്യാർത്ഥിതന്നെ ഹയർ സെക്കണ്ടറി, വൊക്കേഷണൽ ഹയർ സെക്കണ്ടറി, ഡിപ്ലോമ എന്നിവയ്ക്ക് ഒരേസമയം അപേക്ഷിക്കാറുണ്ട്. ജില്ലാ അതിർത്തിയിലുള്ള വിദ്യാർത്ഥികൾ പ്ലസ് വൺ പ്രവേശനത്തിന് ഒന്നിലധികം ജില്ലകളിൽ അപേക്ഷ നൽകാറുണ്ട്. മുൻകാല അനുഭവങ്ങളാണിതെല്ലാം. അതിനാൽ മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിനായി അപേക്ഷിച്ചിട്ടുള്ള എല്ലാ വിദ്യാർത്ഥികൾക്കും പ്രവേശനം ലഭ്യമാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ട്. മലബാർ മേഖലയിൽ പ്ലസ് വൺ പ്രവേശനത്തിന് നിലവിൽ അനുവദിച്ചിരിക്കുന്നതും വർദ്ധനവ് വരുത്തിയിരിക്കുന്നതും കൂടി കണക്കാക്കിയാൽ സീറ്റ് വർദ്ധിപ്പിക്കേണ്ട സാഹചര്യമുള്ളതായി ഇപ്പോൾ സർക്കാർ കരുതുന്നില്ല. സംസ്ഥാനത്ത് ഉപരിപഠനത്തിന് അർഹരായ എല്ലാ വിദ്യാർത്ഥികൾക്കും പഠന സൗകര്യം ഉറപ്പാക്കുന്നതാണ്.

# V മേശപ്പുറത്തുവച്ച കടലാസ്സുകൾ

ചട്ടം 166 (1 ) പ്രകാരമുള്ളത്

I. മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 114/2018 | ജി.ഒ.(എംഎസ്.) നമ്പർ 20/2018/ഹോം. | 16-2-2018 | അല്ല |
| 2 | 127/2018 | ജി.ഒ.(പി) നമ്പർ 2/2018/ജിഎഡി. | 28-2-2018 | അല്ല |
| 3 | 147/2018 | ജി.ഒ.(ആർറ്റി) നമ്പർ 496/2018/ഹോം. | 16-2-2018 | അല്ല |
| 4 | 164/2018 | ജി.ഒ.(ആർറ്റി) നമ്പർ 685/2018/ഹോം | 09-3-2018 | അല്ല |
| 5 | 165/2018 | ജി.ഒ.(ആർറ്റി) നമ്പർ 739/2018/ഹോം. | 14-3-2018 | അല്ല |
| 6 | 196/2018 | ജി.ഒ.(ആർറ്റി) നമ്പർ 447/2018/ഹോം. | 09-2-2018 | അല്ല |
| 7 | 213/2018 | ജി.ഒ.(ആർറ്റി) നമ്പർ 773/2018/ഹോം. | 17-3-2018 | അല്ല |
| 8 | 214/2018 | ജി.ഒ.(ആർറ്റി) നമ്പർ 899/2018/ഹോം. | 28-3-2018 | അല്ല |
| 9 | 221/2018 | ജി.ഒ.(എംഎസ്.) നമ്പർ 59/2018/ഹോം. | 05-4-2018 | അല്ല |
| 10 | 222/2018 | നം.ഹോം-എസ്എസ്എ 5/38/2018- ഹോം | 10-4-2018 | അല്ല |
| 11 | 233/2018 | ജി.ഒ.(ആർറ്റി) നമ്പർ 1068/2018/ഹോം. | 12-4-2018 | അല്ല |
| 12 | 239/2018 | ജി.ഒ.(പി) നമ്പർ 13/2018/ഹോം. | 24-3-2018 | അല്ല |
| 13 | 247/2018 | ജി.ഒ.(ആർറ്റി) നമ്പർ 1034/2018/ഹോം. | 09-4-2018 | അല്ല |
| 14 | 267/2018 | ജി.ഒ.(പി) നമ്പർ 17/2018/ഹോം. | 19-4-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 15 | 269/2018 | ജി.ഒ.(പി) നമ്പർ 11/2018/ഹോം. | 21-3-2018 | അല്ല |
| 16 | 270/2018 | ജി.ഒ.(പി) നമ്പർ 12/2018/ഹോം. | 21-3-2018 | അല്ല |
| 17 | 271/2018 | ജി.ഒ.(ആർറ്റി) നമ്പർ 1140/2018/ഹോം. | 19-4-2018 | അല്ല |
| 18 | 282/2018 | ജി.ഒ.(ആർറ്റി) നമ്പർ 1237/2018/ഹോം. | 28-4-2018 | അല്ല |
| 19 | 284/2018 | ജി.ഒ.(ആർറ്റി) നമ്പർ 1250/2018/ഹോം. | 30-4-2018 | അല്ല |
| 20 | 291/2018 | നം. 48308/സിഡിഎൻ5/ 2015/ജിഎഡി | 10.5-2018 | അല്ല |
| 21 | 293/2018 | ജി.ഒ.(പി) നമ്പർ 9/2018/പി&എആർ ഡി. | 11-5-2018 | അല്ല |
| 22 | 294/2018 | നം. 60903/എസ്എസ്എ 2/ 2016/ഹോം | 11-5-2018 | അല്ല |
| 23 | 300/2018 | ജി.ഒ.(എംഎസ്.) നമ്പർ 71/2018/ഹോം. | 24-4-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | രാജീവ് ഗാന്ധി അക്കാദമി ഫോർ ഏവിയേഷൻ ടെക്നോളജി | 2015-16<br>2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് എക്സ് സർവീസ് മെൻ ഡെവലപ്മെന്റ് & റീഹാബിലിറ്റേഷൻ കോർപ്പറേഷൻ | 2013-14 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 71/2018 | ജി.ഒ.(ആർറ്റി) നമ്പർ 325/ 2018/ഹോം. | 30-1-2018 |
| 2 | 78/2018 | ജി.ഒ.(പി) നമ്പർ 3/2018/ പി&എആർഡി. | 7-2-2018 |
| 3 | 121/2018 | ജി.ഒ.(എംഎസ്.) നമ്പർ 30/ 2018/ഹോം. | 1-3-2018 |
| 4 | 144/2018 | ജി.ഒ.(ആർറ്റി) നമ്പർ 495/ 2018/ഹോം. | 16-2-2018 |
| 5 | 145/2018 | ജി.ഒ.(ആർറ്റി) നമ്പർ 498/ 2018/ഹോം. | 16-2-2018 |
| 6 | 159/2018 | ജി.ഒ.(എംഎസ്.) നമ്പർ 58/ 2018/ജിഎഡി. | 13-3-2018 |

II. പട്ടികജാതി പട്ടികവർഗ്ഗ പിന്നോക്ക സമുദായക്ഷേമവും നിയമവും സാംസ്കാരികവും പാർലമെന്ററികാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. കെ. ബാലൻ): സർ, ഞാൻ താഴെപ്പറയുന്ന കടലാസുകൾ മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 15/2018 | ജി.ഒ.(പി)നമ്പർ 01/2018/ നിയമം. | 8-1-2018 | അതെ |
| 2 | 178/2018 | ജി.ഒ.(പി) നമ്പർ 2/2018/ നിയമം. | 24-3-2018 | അല്ല |
| 3 | 262/2018 | ജി.ഒ.(പി) നമ്പർ 4/2018/ നിയമം. | 12-4-2018 | അല്ല |
| 4 | 280/2018 | ജി.ഒ.(പി) നമ്പർ 5/2018/ എസ്സിഎസ്റ്റിഡിഡി. | 26-4-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സാഹിത്യ അക്കാദമി | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സംസ്ഥാന പിന്നോക്ക വിഭാഗ കമ്മീഷൻ | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 130/2018 | ജി.ഒ.(ആർറ്റി) നമ്പർ 256/ 2018/ നിയമം. | 6-3-2018 |
| 2 | 146/2018 | ജി.ഒ.(എംഎസ്.) നമ്പർ 38/ 2018/ നിയമം. | 9-3-2018 |

III. റവന്യൂവും ഭവനനിർമ്മാണവും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 205/2016 | നമ്പർ 46977/ എൻ2/ 2013/ ആർഡി | 20-2-2016 | അതെ |
| 2 | 193/2018 | ജി.ഒ.(എംഎസ്.) നമ്പർ 3/ 2018/ ഹൗസിംഗ്. | 29-3-2018 | അല്ല |
| 3 | 237/2018 | ജി.ഒ.(പി) നമ്പർ 16/2018/ ആർഡി. | 6-4-2018 | അല്ല |
| 4 | 258/2018 | ജി.ഒ.(പി) നമ്പർ 19/2018/ ആർഡി. | 19-4-2018 | അല്ല |

IV. ജലവിഭവ വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തു വയ്ക്കുന്നു.

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 125/2018 | ജി.ഒ.(പി) നമ്പർ1/2018/ ഡബ്ല്യൂആർഡി. | 18-2-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഡാം സുരക്ഷ അതോറിറ്റി | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |

V. ഗതാഗത വകുപ്പുമന്ത്രിക്കുവേണ്ടി ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 181/2018 | ജി.ഒ.(പി) നമ്പർ 11/2018/ട്രാൻ. | 28-3-2018 | അല്ല |
| 2 | 187/2018 | ജി.ഒ.(പി) നമ്പർ 9/2018/ ട്രാൻസ്. | 21-3-2018 | അല്ല |
| 3 | 197/2018 | ജി.ഒ.(പി) നമ്പർ 10/2018/ട്രാൻ. | 28-3-2018 | അല്ല |
| 4 | 272/2018 | ജി.ഒ.(പി) നമ്പർ 13/2018/ട്രാൻ. | 30-4-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നം. | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ട്രാൻസ്പോർട്ട് ഡെവലപ്മെന്റ് ഫിനാൻസ് കോർപ്പറേഷൻ | 2013-14 | | 30-1-18 -ന സഭയിൽ സമർപ്പിച്ച കാലതാമസ പത്രികയിൻമേലുള്ള തിരുത്തൽ പത്രിക |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ് .ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 102/2018 | ജി.ഒ.(പി) നമ്പർ 3/2018/ട്രാൻ. | 19-2-2018 |

VI. തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 105/2018 | ജി.ഒ.(പി) നമ്പർ 4/2018/ സിഎൽഎഡി. | 22-2-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 103/2018 | ജി.ഒ.(എംഎസ്.) നമ്പർ 2/ 2018/ എഫ്&പിഡി. | 15-2-2018 |

VII. ധനകാര്യവും കയറും വകുപ്പുമന്ത്രി (ഡോ. ടി. എം. തോമസ് ഐസക്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 19/2018 | ജി.ഒ.(പി) നമ്പർ 1/2018/ടാക്സസ്. | 16-1-2018 | അതെ |
| 2 | 140/2018 | ജി.ഒ.(പി) നമ്പർ 23/2018/ ടാക്സസ്. | 9-3-2018 | അല്ല |
| 3 | 156/2018 | ജി.ഒ.(പി) നമ്പർ 27/2018/റ്റിഡി. | 15-3-2018 | അല്ല |
| 4 | 157/2018 | ജി.ഒ.(പി) നമ്പർ 28/2018/റ്റിഡി. | 15-3-2018 | അല്ല |
| 5 | 168/2018 | ജി.ഒ.(പി) നമ്പർ 29/2018/റ്റിഡി. | 16-3-2018 | അല്ല |
| 6 | 169/2018 | ജി.ഒ.(പി) നമ്പർ 30/2018/റ്റിഡി. | 16-3-2018 | അല്ല |
| 7 | 189/2018 | ജി.ഒ.(പി) നമ്പർ 46/2018/ ടാക്സസ്. | 31-3-2018 | അല്ല |
| 8 | 190/2018 | ജി.ഒ.(പി) നമ്പർ 47/2018/ ടാക്സസ്. | 31-3-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 9 | 205/2018 | ജി.ഒ.(പി) നമ്പർ 49/2018/റ്റിഡി. | 7-4-2018 | അല്ല |
| 10 | 206/2018 | ജി.ഒ.(പി) നമ്പർ 50/2018/റ്റിഡി. | 7-4-2018 | അല്ല |
| 11 | 207/2018 | ജി.ഒ.(പി) നമ്പർ 51/2018/റ്റിഡി. | 7-4-2018 | അല്ല |
| 12 | 208/2018 | ജി.ഒ.(പി) നമ്പർ 52/2018/റ്റിഡി. | 7-4-2018 | അല്ല |
| 13 | 209/2018 | ജി.ഒ.(പി) നമ്പർ 53/2018/റ്റിഡി. | 7-4-2018 | അല്ല |
| 14 | 210/2018 | ജി.ഒ.(പി) നമ്പർ 54/2018/റ്റിഡി. | 7-4-2018 | അല്ല |
| 15 | 211/2018 | ജി.ഒ.(പി) നമ്പർ 56/2018/റ്റിഡി. | 7-4-2018 | അല്ല |
| 16 | 250/2018 | ജി.ഒ.(പി) നമ്പർ 63/2018/ ടാക്സസ്. | 23-4-2018 | അല്ല |

(ii)വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ഫിനാൻഷ്യൽ എന്റർപ്രൈസസ് ലിമിറ്റഡ് | 2015-16 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന :

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 757/2017 | ജി.ഒ.(പി) നമ്പർ 32/2017 /ഐഎൻഡി. | 8-11-2017 |
| 2 | 49/2018 | ജി.ഒ.(പി) നമ്പർ 7/ 2018/ടാക്സസ്. | 27-1-2018 |
| 3 | 79/2018 | ജി.ഒ.(പി) നമ്പർ 12/ 2018/ ടാക്സസ്. | 7-2-2018 |
| 4 | 88/2018 | ജി.ഒ.(പി) നമ്പർ 16/ 2018/ ടാക്സസ്. | 15-2-2018 |
| 5 | 131/2018 | ജി.ഒ.(പി) നമ്പർ 22/ 2018/ ടാക്സസ്. | 6-3-2018 |
| 6 | 138/2018 | ജി.ഒ.(പി) നമ്പർ 15/2018/ഫിൻ. | 6-2-2018 |
| 7 | 141/2018 | ജി.ഒ.(പി) നമ്പർ 24/ 2018/ ടാക്സസ്. | 9-3-2018 |
| 8 | 142/2018 | ജി.ഒ.(പി) നമ്പർ 25/ 2018/ ടാക്സസ്. | 9-3-2018 |

VIII. കൃഷി വകുപ്പുമന്ത്രിക്കുവേണ്ടി പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

(i) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന കർഷക കടാശ്വാസ കമ്മീഷൻ | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് വെയർഹൗസിംഗ് കോർപ്പറേഷൻ | 2013-14 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |

IX. ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 152/2018 | ജി.ഒ. (പി) നമ്പർ6/2018/ എസ്ജെഡി. | 07-3-2018 | അല്ല |
| 2 | 215/2018 | ജി.ഒ. (പി) നമ്പർ40/2018/ എച്ച്&എഫ്ഡബ്ല്യുഡി. | 09-4-2018 | അല്ല |
| 3 | 216/2018 | ജി.ഒ. (പി) നമ്പർ05/2018/ആയുഷ്. | 26-3-2018 | അല്ല |
| 4 | 223/2018 | ജി.ഒ. (പി) നമ്പർ42/2018/ എച്ച്&എഫ്ഡബ്ല്യുഡി. | 12-4-2018 | അല്ല |
| 5 | 228/2018 | ജി.ഒ. (പി) നമ്പർ43/2018/ എച്ച്&എഫ്ഡബ്ല്യുഡി. | 13-4-2018 | അല്ല |
| 6 | 240/2018 | ജി.ഒ. (പി) നമ്പർ45/2018/ എച്ച്&എഫ്ഡബ്ല്യുഡി. | 21-4-2018 | അല്ല |
| 7 | 297/2018 | ജി.ഒ. (പി) നമ്പർ46/2018/ എച്ച്&എഫ്ഡബ്ല്യുഡി. | 27-4-2018 | അല്ല |

(ii)വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സംസ്ഥാന വികലാംഗ ക്ഷേമ കോർപ്പറേഷൻ ലിമിറ്റഡ് | 2009-10 | വാർഷിക റിപ്പോർട്ട് | അതെ |

X. പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, താഴെപ്പറയുന്ന കടലാസ്സുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 160/2018 | ജി.ഒ.(പി) നമ്പർ 31/2018/റ്റിഡി. | 16-3-2018 | അല്ല |
| 2 | 161/2018 | ജി.ഒ.(പി) നമ്പർ 32/ 2018/ റ്റിഡി. | 16-3-2018 | അല്ല |
| 3 | 172/2018 | ജി.ഒ.(പി) നമ്പർ 33/2018/റ്റിഡി. | 22-3-2018 | അല്ല |
| 4 | 173/2018 | ജി.ഒ.(പി) നമ്പർ 34/ 2018/ റ്റിഡി. | 22-3-2018 | അല്ല |
| 5 | 174/2018 | ജി.ഒ.(പി) നമ്പർ 35/2018/റ്റിഡി. | 22-3-2018 | അല്ല |
| 6 | 176/2018 | ജി.ഒ.(പി)നമ്പർ36 /2018/റ്റിഡി. | 24-3-2018 | അല്ല |

XI. തൊഴിലും എക്സൈസും വകുപ്പുമന്ത്രിക്കുവേണ്ടി ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 153/2018 | ജി.ഒ.(പി) നമ്പർ25/2018/ എൽബിആർ. | 10-3-2018 | അല്ല |
| 2 | 154/2018 | ജി.ഒ.(പി) നമ്പർ 26/2018/റ്റിഡി. | 14-3-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 191/2018 | ജി.ഒ.(പി) നമ്പർ 44/2018/റ്റിഡി. | 31-3-2018 | അല്ല |
| 4 | 192/2018 | ജി.ഒ.(പി) നമ്പർ 45/2018/റ്റിഡി. | 31-3-2018 | അല്ല |
| 5 | 195/2018 | ജി.ഒ.(പി) നമ്പർ 48/2018/ടാക്സസ്. | 4-4-2018 | അല്ല |
| 6 | 201/2018 | ജി.ഒ.(പി.നമ്പർ 27/2018/ എൽബിആർ. | 1-4-2018 | അല്ല |
| 7 | 202/2018 | ജി.ഒ.(പി) നമ്പർ27/2018/എൽബിആർ. | 1-4-2018 | അല്ല |
| 8 | 218/2018 | ജി.ഒ.(പി) നമ്പർ28/2018/എൽബിആർ. | 6-4-2018 | അല്ല |
| 9 | 244/2018 | ജി.ഒ.(പി) നമ്പർ 62/2018/റ്റിഡി. | 23-4-2018 | അല്ല |
| 10 | 245/2018 | ജി.ഒ.(പി) നമ്പർ33/ 2018/ എൽബിആർ. | 23-4-2018 | അല്ല |
| 11 | 254/2018 | ജി.ഒ.(പി) നമ്പർ65/2018/റ്റിഡി. | 27-4-2018 | അല്ല |
| 12 | 260/2018 | ജി.ഒ.(പി) നമ്പർ30/2018/ എൽബിആർ. | 23-4-2018 | അല്ല |
| 13 | 261/2018 | ജി.ഒ.(പി) നമ്പർ31/2018/ എൽബിആർ. | 23-4-2018 | അല്ല |
| 14 | 275/2018 | ജി.ഒ.(പി) നമ്പർ 29/2018/ എൽബിആർ. | 20-4-2018 | അല്ല |
| 15 | 285/2018 | സ.ഉ.(അച്ചടി)നമ്പർ 37/2018/ തൊഴിൽ. | 29-4-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ഈറ്റ, കാട്ടുവള്ളി, തഴ തൊഴിലാളി ക്ഷേമനിധി ബോർഡ് | 2014-15<br>2015-16<br>2016-17 | ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 2 | കേരള സ്റ്റേറ്റ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഡിസൈൻ | 2012-13 | വാർഷിക ഭരണ റിപ്പോർട്ടും ആഡിറ്റ് റിപ്പോർട്ടും | അതെ |
| 3 | കേരള അക്കാദമി ഫോർ സ്കിൽസ് എക്സലൻസ് | 2012-13 മുതൽ 2016-17 വരെ | വാർഷിക കണക്കുകൾ | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 37/2018 | സ.ഉ. (അച്ചടി) നം. 6/2018/ തൊഴിൽ | 17-1-2018 |
| 2 | 69/2018 | ജി.ഒ.(എംഎസ്.) നമ്പർ 6/ 2018/എൽബിആർ. | 08-1-2018 |
| 3 | 99/2018 | ജി.ഒ.(പി) നമ്പർ 17/2018/റ്റിഡി. | 20-2-2018 |
| 4 | 120/2018 | ജി.ഒ.(എംഎസ്.) നമ്പർ 8/ 2018/ എൽബിആർ. | 26-2-2018 |
| 5 | 126/2018 | ജി.ഒ.(എംഎസ്.) നമ്പർ 9/2018/എൽബിആർ. | 2-3-2018 |
| 6 | 143/2018 | ജി.ഒ.(പി) നമ്പർ 24/2018/എൽബിആർ. | 5-3-2018 |

XII. ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പുമന്ത്രി (ശ്രീ. പി. തിലോത്തമൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 227/2018 | ജി.ഒ. (പി) നമ്പർ4/2018/ സിഎഡി. | 12-4-2018 | അല്ല |

XIII. സഹകരണവും വിനോദസഞ്ചാരവും ദേവസ്വവും വകുപ്പുമന്ത്രി (ശ്രീ. കടകംപള്ളി സുരേന്ദ്രൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ.നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| (1) | (2) | (3) | (4) | (5) |
| 1 | 77/2018 | ജി.ഒ.(പി) നമ്പർ 75/2017/ കോ-ഓപ്. | 11-12-2017 | അല്ല |
| 2 | 124/2018 | ജി.ഒ.(പി) നമ്പർ 16/2018/ കോ-ഓപ്. | 21-2-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | 129/2018 | ജി.ഒ.(പി) നമ്പർ 19/2018/ കോ-ഓപ്. | 26-2-018 | അല്ല |
| 4 | 133/2018 | ജി.ഒ.(പി) നമ്പർ 14/2018/ കോ-ഓപ്. | 15-2-2018 | അല്ല |
| 5 | 150/2018 | ജി.ഒ.(പി) നമ്പർ 12/2018/ കോ-ഓപ്. | 11-2-2018 | അല്ല |
| 6 | 151/2018 | ജി.ഒ.(പി) നമ്പർ 20/2018/ കോ-ഓപ്. | 26-2-2018 | അല്ല |
| 7 | 162/2018 | ജി.ഒ.(പി) നമ്പർ 17/2018/ കോ-ഓപ്. | 24-2-2018 | അല്ല |
| 8 | 163/2018 | ജി.ഒ.(പി) നമ്പർ 25/2018/ കോ-ഓപ്. | 13-3-2018 | അല്ല |
| 9 | 167/2018 | ജി.ഒ.(പി) നമ്പർ 23/2018/ കോ-ഓപ്. | 08-3-2018 | അല്ല |
| 10 | 171/2018 | ജി.ഒ.(പി) നമ്പർ 29/2018/ കോ-ഓപ്. | 21-3-2018 | അല്ല |
| 11 | 175/2018 | ജി.ഒ.(പി) നമ്പർ 24/2018/ കോ-ഓപ്. | 09-3-2018 | അല്ല |
| 12 | 179/2018 | ജി.ഒ.(പി) നമ്പർ 33/2018/ കോ-ഓപ്. | 22-3-2018 | അല്ല |
| 13 | 198/2018 | ജി.ഒ.(പി) നമ്പർ 38/2018/ കോ-ഓപ്. | 6-4-2018 | അല്ല |
| 14 | 199/2018 | ജി.ഒ.(പി) നമ്പർ 15/2018/ കോ-ഓപ്. | 15-2-2018 | അല്ല |
| 15 | 200/2018 | ജി.ഒ.(പി) നമ്പർ 28/2018/ കോ-ഓപ്. | 21-3-2018 | അല്ല |
| 16 | 212/2018 | ജി.ഒ.(പി) നമ്പർ 39/2018/ കോ-ഓപ്. | 7-4-2018 | അല്ല |
| 17 | 219/2018 | ജി.ഒ.(പി) നമ്പർ 32/2018/ കോ-ഓപ്. | 22-3-2018 | അല്ല |

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 18 | 229/2018 | ജി.ഒ.(പി) നമ്പർ 13/2018/ കോ-ഓപ്. | 14-2-2018 | അല്ല |
| 19 | 230/2018 | ജി.ഒ.(പി) നമ്പർ 27/2018/ കോ-ഓപ്. | 20-3-2018 | അല്ല |
| 20 | 231/2018 | ജി.ഒ.(പി) നമ്പർ 34/2018/ കോ-ഓപ്. | 23-3-2018 | അല്ല |
| 21 | 241/2018 | ജി.ഒ.(പി) നമ്പർ 41/2018/ കോ-ഓപ്. | 10-4-2018 | അല്ല |
| 22 | 246/2018 | ജി.ഒ.(പി) നമ്പർ 31/2018/കോ-ഓപ്. | 21-3-2018 | അല്ല |
| 23 | 251/2018 | ജി.ഒ.(പി) നമ്പർ 44/2018/കോ-ഓപ്. | 21-4-2018 | അല്ല |
| 24 | 252/2018 | ജി.ഒ.(പി) നമ്പർ 30/2018/കോ-ഓപ്. | 21-3-2018 | അല്ല |
| 25 | 290/2018 | ജി.ഒ.(പി) നമ്പർ 40/2018/കോ-ഓപ്. | 9-4-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്.ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 770/2016 | ജി.ഒ.(പി) നമ്പർ 602/2016/ ആർഡി. | 20-12-2016 |
| 2 | 53/2017 | ജി.ഒ.(പി) നമ്പർ 9/2017/ ആർഡി. | 27-1-2017 |
| 3 | 54/2017 | ജി.ഒ.(പി) നമ്പർ 10/2017/ ആർഡി. | 27-1-2017 |
| 4 | 122/2018 | ജി.ഒ.(പി) നമ്പർ 2/2018/കോ-ഓപ്. | 17-1-2018 |
| 5 | 123/2018 | ജി.ഒ.(പി) നമ്പർ 5/2018/കോ-ഓപ്. | 24-1-2018 |
| 6 | 128/2018 | ജി.ഒ.(പി) നമ്പർ 18/2018/കോ-ഓപ്. | 24-2-2018 |
| 7 | 134/2018 | ജി.ഒ.(പി) നമ്പർ 21/2018/കോ-ഓപ്. | 28-2-2018 |
| 8 | 135/2018 | ജി.ഒ.(പി) നമ്പർ 22/2018/കോ-ഓപ്. | 1-3-2018 |
| 9 | 136/2018 | ജി.ഒ.(പി) നമ്പർ 11/2018/കോ-ഓപ്. | 5-3-2018 |
| 10 | 149/2018 | ജി.ഒ.(പി) നമ്പർ 09/2018/കോ-ഓപ്. | 4-2-2018 |
| 11 | 166/2018 | ജി.ഒ.(പി) നമ്പർ 26/2018/കോ-ഓപ്. | 17-3-2018 |

XIV. വ്യവസായവും സ്പോർട്സും യുവജനകാര്യവും വകുപ്പുമന്ത്രി (ശ്രീ. എ. സി. മൊയ്തീൻ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ് . ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാല താമസ പത്രിക സഹിത മാണോ യെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 207/2016 | ജി.ഒ. (പി) നമ്പർ19/2016/ എസ്‌വൈഎ. | 1-3-2016 | അതെ |
| 2 | 239/2016 | ജി.ഒ. (പി) നമ്പർ21/2016/ എസ് & വൈഎ. | 3-3-2016 | അതെ |
| 3 | 240/2016 | ജി.ഒ. (പി) നമ്പർ22/2016/ എസ്& വൈഎ. | 3-3-2016 | അതെ |
| 4 | 241/2016 | ജി.ഒ. (പി) നമ്പർ23/2016/ എസ് & വൈഎ. | 3-3-2016 | അതെ |
| 5 | 261/2016 | ജി.ഒ. (പി) നമ്പർ27/2016/ എസ് & വൈഎ. | 4-3-2016 | അതെ |
| 6 | 501/2016 | ജി.ഒ. (പി) നമ്പർ38/2016/ എസ് &വൈഎ. | 22-7-2016 | അതെ |
| 7 | 510/2016 | ജി.ഒ. (പി) നമ്പർ39/2016/ എസ് & വൈഎ. | 27-7-2016 | അതെ |
| 8 | 525/2016 | ജി.ഒ. (പി) നമ്പർ40/2016/എസ് & വൈഎ. | 5-8-2016 | അതെ |
| 9 | 541/2016 | ജി.ഒ. (പി) നമ്പർ42/2016/ എസ് & വൈഎ. | 12-8-2016 | അതെ |
| 10 | 565/2016 | ജി.ഒ. (പി) നമ്പർ43/2016/ എസ് & വൈഎ. | 22-8-2016 | അതെ |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള ദിനേശ് ബീഡി തൊഴിലാളി കേന്ദ്ര സഹകരണ സംഘം ക്ലിപ്തം | 2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 2 | ട്രാവൻകൂർ കൊച്ചിൻ കെമിക്കൽസ് ലിമിറ്റഡ് | 2015-16<br>2016-17 | വാർഷിക റിപ്പോർട്ട് | അതെ |
| 3 | കേരള കരകൗശല വികസന കോർപ്പറേഷൻ ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ടും കണക്കുകളും | അതെ |
| 4 | ട്രാവൻകൂർ ടൈറ്റാനിയം പ്രോഡക്ട്സ് ലിമിറ്റഡ് | 2010-11 | വാർഷിക റിപ്പോർട്ട് | അതെ |

XV.മത്സ്യബന്ധനവും ഹാർബർ എഞ്ചിനീയറിംഗും കശുവണ്ടി വ്യവസായവും വകുപ്പുമന്ത്രി (ശ്രീമതി ജെ. മേഴ്സിക്കുട്ടി അമ്മ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ.ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 135/2017 | ജി.ഒ.(പി) നമ്പർ 5/2017/ എഫ്&പിഡി. | 6-3-2017 | അതെ |
| 2 | 182/2018 | ജി.ഒ.(പി) നമ്പർ 6/2018/ എഫ്&പിഡി. | 28-3-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്ന :

| ക്രമ നമ്പർ | എസ്.ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 84/2018 | സ.ഉ.(അച്ചടി.) നമ്പർ 3/ 2017/മഉവ. | 7-2-2018 |

XVI. വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 177/2018 | ജി.ഒ.(പി) നമ്പർ 03/2018/ എച്ച്ഇഡിഎൻ. | 12-3-2018 | അല്ല |

(ii) വിവിധ സ്ഥാപനങ്ങളുടെ റിപ്പോർട്ടുകൾ

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | നാഷണൽ യൂണിവേഴ്സിറ്റി ഓഫ് അഡ്വാൻസ്ഡ് ലീഗൽ സ്റ്റഡീസ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

XVII. വനവും മൃഗസംരക്ഷണവും മൃഗശാലകളും വകുപ്പുമന്ത്രിക്കുവേണ്ടി വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിത മാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 137/2018 | ജി.ഒ.(പി) നമ്പർ 2/2018/ എഎച്ച്ഡി. | 27-2-2018 | അല്ല |
| 2 | 188/2018 | ജി.ഒ.(എംഎസ്.) നം. 16/2018/ എഫ്&ഡബ്ല്യൂഎൽഡി. | 31-3-2018 | അല്ല |

XVIII. തദ്ദേശസ്വയംഭരണവും ന്യൂനപക്ഷക്ഷേമവും വഖഫ് ഹജ്ജ് തീർത്ഥാടനവും വകുപ്പുമന്ത്രി (ഡോ. കെ.ടി. ജലീൽ): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | നമ്പർ | തീയതി | |
| 1 | 170/2018 | സ.ഉ.(പി) നമ്പർ 16/2018/ തസ്വഭവ. | 21-3-2018 | അല്ല |
| 2 | 203/2018 | സ.ഉ.(അച്ചടി) നമ്പർ 18/2018/ തസ്വഭവ. | 31-3-2018 | അല്ല |
| 3 | 204/2018 | സ.ഉ.(പി) നമ്പർ 23/2018/ തസ്വഭവ. | 5-4-2018 | അല്ല |
| 4 | 220/2018 | സ.ഉ.(അച്ചടി) നമ്പർ 22/2018/ തസ്വഭവ. | 4-4-2018 | അല്ല |
| 5 | 234/2018 | സ.ഉ.(അച്ചടി) നമ്പർ 20/2018/ തസ്വഭവ. | 4-4-2018 | അല്ല |
| 6 | 235/2018 | സ.ഉ.(അച്ചടി) നമ്പർ 21/2018/ തസ്വഭവ. | 4-4-2018 | അല്ല |
| 7 | 236/2018 | ജി.ഒ.(പി) നമ്പർ 14/2018/ എൽഎസ്ജിഡി. | 27-2-2018 | അല്ല |
| 8 | 266/2018 | ജി.ഒ.(പി) നമ്പർ 32/2018/ എൽഎസ്ജിഡി. | 20-4-2018 | അല്ല |
| 9 | 289/2018 | സ.ഉ.(അച്ചടി) നമ്പർ 38/2018/ തസ്വഭവ. | 4-5-2018 | അല്ല |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | 95/2018 | ജി.ഒ.(പി) നമ്പർ 11/2018/ എൽഎസ്ജിഡി. | 15-2-2018 |
| 2 | 96/2018 | ജി.ഒ.(പി) നമ്പർ 12/2018/ എൽഎസ്ജിഡി. | 15-2-2018 |
| 3 | 148/2018 | ജി.ഒ.(പി) നമ്പർ 15/2018/ എൽഎസ്ജിഡി. | 12-3-2018 |

XIX. വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി) : സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | റിപ്പോർട്ടിന്റെ | | കാലതാമസ പത്രിക സഹിതമാണോയെന്ന് |
|---|---|---|---|---|
| | | വർഷം | സ്വഭാവം | |
| 1 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2015-16 | വാർഷിക ഭരണ റിപ്പോർട്ട് | അതെ |
| 2 | കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് ലിമിറ്റഡ് | 2015-16 | വാർഷിക റിപ്പോർട്ട് | അതെ |

വീണ്ടും മേശപ്പുറത്തുവയ്ക്കുന്നു :

| ക്രമ നമ്പർ | എസ്. ആർ. ഒ. നമ്പർ | വിജ്ഞാപനത്തിന്റെ | |
|---|---|---|---|
| | | നമ്പർ | തീയതി |
| 1 | - | 2114/എഡിഎൽ/ കെഎസ്ഇആർസി / 2014. | 1-2-2018 |

XX. നിയമസഭാ സെക്രട്ടറി (ശ്രീ. വി. കെ. ബാബുപ്രകാശ്): സർ, താഴെപ്പറയുന്ന കടലാസുകൾ ഞാൻ മേശപ്പുറത്തുവയ്ക്കുന്നു:

| ക്രമ നം. | ആക്റ്റിന്റെ | | |
|---|---|---|---|
| | വർഷം | നമ്പർ | പേര് |
| (1) | (2) | (3) | (4) |
| 1 | 2018 | 1 | ദി കോമൺവെൽത്ത് ട്രസ്റ്റ്, കോഴിക്കോട് (അക്വിസിഷൻ ആൻഡ് ട്രാൻസ്ഫർ ഓഫ് അണ്ടർടേക്കിംഗ്) ആക്ട്, 2012 |
| 2 | 2018 | 3 | 2018-ലെ കേരള ധനവിനിയോഗ ആക്ട് |
| 3 | 2018 | 4 | 2018-ലെ കേരള ധനവിനിയോഗ (2-ാം നമ്പർ)ആക്ട് |
| 4 | 2018 | 5 | ദി കേരള ഫിനാൻസ് ആക്ട്, 2018 |
| 5 | 2018 | 6 | 2018-ലെ കേരള ധനകാര്യ (2-ാം നമ്പർ)ആക്ട് |
| 6 | 2018 | 7 | 2018- ലെ കേരള ധനസംബന്ധമായ ഉത്തരവാദിത്ത (ഭേദഗതി) ആക്ട്. |
| 7 | 2018 | 8 | ദി പേയ്മെന്റ് ഓഫ് സാലറീസ് ആൻഡ് അലവൻസസ് (അമെന്റ്മെന്റ്) ആക്ട്, 2018 |

| (1) | (2) | (3) | (4) |
|---|---|---|---|
| 8 | 2018 | 9 | ദി കേരള പേയ്മെന്റ് ഓഫ് പെൻഷൻ റ്റു മെമ്പേഴ്സ് ഓഫ് ലെജിസ്ലേച്ചർ (അമെന്റ്മെന്റ്) ആക്ട്, 2018. |
| 9 | 2018 | 10 | 2018-ലെ കേരള റോഡ് സുരക്ഷാ അതോറിറ്റി (ഭേദഗതി) ആക്ട്. |
| 10 | 2018 | 11 | ദി കേരള കോ-ഓപ്പറേറ്റീവ് സൊസൈറ്റീസ് (അമെന്റ്മെന്റ്) ആക്ട്, 2018 |
| 11 | 2018 | 12 | ദി മദ്രാസ് ഹിന്ദു റിലീജിയസ് ആൻഡ് ചാരിറ്റബിൾ എൻഡോവ്മെന്റ്സ് (അമെന്റ്മെന്റ്) ആക്ട്, 2018 |
| 12 | 2018 | 13 | ദി കേരള ഇൻവെസ്റ്റ്മെന്റ് പ്രമോഷൻ ആൻഡ് ഫെസിലിറ്റേഷൻ ആക്ട്, 2018 |
| 13 | 2018 | 14 | 2018-ലെ കേരള നിക്ഷേപം പ്രോൽസാഹിപ്പിക്കലും സുഗമമാക്കലും (2-ാം നമ്പർ)ആക്ട് |

## VI റിപ്പോർട്ട് സമർപ്പണം

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് ഞാൻ സമർപ്പിക്കുന്നു.

മി. സ്പീക്കർ: റിപ്പോർട്ട് സമർപ്പിക്കപ്പെട്ടിരിക്കുന്നു.

## VII റിപ്പോർട്ട് പരിഗണന

കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട്

മുഖ്യമന്ത്രി (ശ്രീ. പിണറായി വിജയൻ): സർ, കാര്യോപദേശക സമിതിയുടെ പന്ത്രണ്ടാമത് റിപ്പോർട്ട് അംഗീകരിക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

തുറമുഖവും മ്യൂസിയവും പുരാവസ്തു സംരക്ഷണവും വകുപ്പുമന്ത്രി (ശ്രീ. രാമചന്ദ്രൻ കടന്നപ്പള്ളി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: പ്രമേയം പാസ്സായിരിക്കുന്നു. റിപ്പോർട്ട് അംഗീകരിച്ചിരിക്കുന്നു.

11.00 AM]

## VIII നിയമനിർമ്മാണ കാര്യം

### താഴെപ്പറയുന്ന ബില്ലുകളുടെ അവതരണവും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന പ്രമേയവും

(i) 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ

(ii) 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ

(iii) 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലും ഞാൻ അവതരിപ്പിക്കുന്നു. ഓർഡിനൻസ് പ്രഖ്യാപിച്ചുകൊണ്ട് സത്വര നിയമനിർമ്മാണം നടത്താനുണ്ടായ സാഹചര്യം വിശദീകരിച്ചുകൊണ്ടുള്ള സ്റ്റേറ്റുമെന്റുകളും ഞാൻ മേശപ്പുറത്ത് വയ്ക്കുന്നു.

മി. സ്പീക്കർ: ബില്ലുകൾ അവതരിപ്പിക്കപ്പെട്ടിരിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 2018-ലെ ശ്രീ. ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബില്ലും 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബില്ലും വിദ്യാഭ്യാസം സംബന്ധിച്ച VI-ാം നമ്പർ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയം അവതരിപ്പിക്കുന്നു.

വൈദ്യുതി വകുപ്പുമന്ത്രി (ശ്രീ. എം. എം. മണി): സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

മി. സ്പീക്കർ: മൂന്ന് ബില്ലുകളും ഒന്നിച്ചാണ് ചർച്ച ചെയ്യുന്നത്. മൂന്ന് ബില്ലിനും കൂടി 12 പേരാണ് സംസാരിക്കാനുള്ളത്. ഉച്ചയ്ക്ക് 12.30-ന് സഭാ നടപടികൾ നിർത്തിവച്ച് 2 മണിക്കൂർ അടിയന്തരപ്രമേയം ചർച്ച ചെയ്യുന്നതാണ്. സമയത്തെക്കുറിച്ച് ഓർമ്മപ്പെടുത്തുന്നത് അംഗങ്ങൾക്ക് പൊതുവെ സുഖകരമായ അനുഭവമായിട്ടല്ല തോന്നുന്നത്. സമയം ക്രമീകരിച്ച് 10 മിനിട്ടിൽ ഒതുക്കി സംസാരിക്കുന്നതാണ് ഭംഗി. ബില്ലിന്മേലുള്ള ചർച്ചയ്ക്ക് സമയക്രമമില്ലെന്നൊരു ധാരണ നമുക്കുണ്ടെങ്കിലും ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണ മെന്നുതന്നെയാണ് ചട്ടത്തിൽ പറയുന്നത്. ബില്ലിനെ സംബന്ധിച്ചുള്ള ചർച്ചയിൽ

എന്തും പറയാമെന്നുള്ള സമീപനം ചട്ടം അനുവദിക്കുന്നില്ല എന്നുകൂടി ചെയർ ഓർമ്മപ്പെടുത്തുകയാണ്.

ശ്രീ. കെ. എം. ഷാജിക്കുവേണ്ടി ശ്രീ. ടി. വി. ഇബ്രാഹിം: Sir, I move that "This House resolves to disapprove The Sree Sankaracharya University of Sanskrit (Amendment) Ordinance, 2018 (Ordinance No. 24 of 2018)"

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല 1994-ൽ ശ്രീ. ഇ. ടി. മുഹമ്മദ് ബഷീർ വിദ്യാഭ്യാസ വകുപ്പുമന്ത്രിയായിരുന്നപ്പോൾ സ്ഥാപിതമായ യൂണിവേഴ്സിറ്റിയാണ്. അതിനെ മറ്റ് സർവ്വകലാശാലകളുടെ നിലവാരത്തിലേയ്ക്ക് നിയമപരമായി കൊണ്ടെത്തിക്കുക എന്നുപറയുന്നത് നല്ല കാര്യമാണ്. പക്ഷേ ഓർഡിനൻസുകൾ enactment-നുവേണ്ടിയാണ് വന്നുകൊണ്ടിരിക്കുന്നത്. സംസ്ഥാനത്ത് ഏറ്റവും കൂടുതൽ ഓർഡിനൻസുകൾ ഇറക്കിയ സർക്കാർ ഇതാകുമോയെന്ന് ഭയപ്പെടുന്ന രീതിയിലേയ്ക്കാണ് പോയിക്കൊണ്ടിരിക്കുന്നത്. ആവശ്യമാണെങ്കിലും അല്ലെങ്കിലും അനാവശ്യ സംഗതികൾക്കുവേണ്ടിയും ഓർഡിനൻസ് ഇറക്കിക്കൊണ്ടിരിക്കുകയാണ്. ഏതായാലും ഓർഡിനൻസ് ആക്ടാക്കി മാറ്റുന്നതിൽ നിയമസഭയുടെ ഉത്തരവാദിത്വം നമ്മൾ നിർവ്വഹിക്കുകയാണ്. നമുക്കെല്ലാവർക്കുമറിയാവുന്നതുപോലെ ഈ സർവ്വകലാശാലയിൽ യു.ജി.സി. സ്റ്റാഫ്, അദ്ധ്യാപകർ എന്നിവരുണ്ട്. അവരുടെ റിട്ടയർമെന്റ് പ്രായം മറ്റ് സർവ്വകലാശാലകളിലേതുമായി ഒന്നിച്ചുപോകുന്നു. അതോടൊപ്പം നോൺ യു.ജി.സി. സ്റ്റാഫിന്റെയും മറ്റ് അദ്ധ്യാപകേതര സ്റ്റാഫിന്റെയും കാര്യത്തിൽ പഴയതുപോലെതന്നെ തുടരും എന്നുള്ളതാണ് ഈ ഓർഡിനൻസിൽ പറഞ്ഞിരിക്കുന്നത്. എന്നാൽ സംസ്കൃത സർവ്വകലാശാലയുടെ മറ്റ് കാര്യങ്ങൾകൂടി ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പരിഗണിക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. ഏകദേശം 2500-ഓളം വിദ്യാർത്ഥികളും നൂറിലധികം ടീച്ചിംഗ് ഫാക്കൽറ്റിയുമുള്ള ഈ സർവ്വകലാശാലയ്ക്ക് ഇന്ന് 8 റീജിയണൽ സെന്ററുകളുണ്ട്. റീജിയണൽ സെന്ററുകളുടെ കാര്യം പറയുമ്പോൾ വളരെ മോശമായ, പാരലൽ കോളേജുകളുടെ നിലവാരത്തിലുള്ള റീജിയണൽ സെന്ററുകളാണ് പലയിടത്തുമുള്ളത് എന്നത് നമുക്ക് അപമാനമാണ്. അത് നല്ല രീതിയിലേക്ക് മാറ്റിക്കൊണ്ടുവരേണ്ടതുണ്ട്. സംസ്കൃത ഭാഷയുടെ പേരിൽ ഒരു സർവ്വകലാശാല സ്ഥാപിച്ചത് വളരെ ദീർഘദൃഷ്ടിയോടുകൂടിയാണ്. മദ്ധ്യേഷ്യയിൽനിന്നും വന്നതാണെങ്കിലും ലാറ്റിൻ, ഗ്രീക്ക് ഭാഷകളോട് കിടപിടിക്കുന്ന രീതിയിലുള്ള സാഹിത്യ സമ്പുഷ്ടമായ ഭാഷയാണ് 5000 വർഷത്തെ പഴക്കമുള്ള പൗരാണിക ഭാഷകളിൽപ്പെട്ട സംസ്കൃതം. വേദങ്ങളുടെ ഭാഷയാണത്. പ്രത്യേകിച്ചും ഹിന്ദുമത രീതിയിലുള്ള എല്ലാ ശാസ്ത്രങ്ങളുടെയും ഭാഷയാണ്. ഉപനിഷത്തുക്കളുടെ ഭാഷയാണ്, ഭഗവത്ഗീതയും രാമായണവും മഹാഭാരതവും രചിക്കപ്പെട്ട ഭാഷയാണ്. അതോടൊപ്പംതന്നെ കൂടിയാട്ടം, മാർഗ്ഗംകളി, കഥകളി, തുള്ളൽ, മോഹിനിയാട്ടം തുടങ്ങിയ കലകളും.....

പൊതുമരാമത്തും രജിസ്ട്രേഷനും വകുപ്പുമന്ത്രി (ശ്രീ. ജി. സുധാകരൻ): സർ, സംസ്കൃത ഭാഷയ്ക്ക് 500 വർഷത്തെ പഴക്കമല്ല ഉള്ളത്. ഉപനിഷത്തുകൾ എഴുതിയിട്ട് ആയിരത്തിലധികം വർഷങ്ങളായി. കാലഘട്ടത്തിന്റെ പോരായ്മ ഞാൻ ശ്രദ്ധയിൽപ്പെടുത്തുകയാണ്. സംസ്കൃത ഭാഷയുണ്ടായിട്ട് ആയിരക്കണക്കിന് വർഷങ്ങളായി.

മി. സ്പീക്കർ: സംസ്കൃത ഭാഷയുടെ പഴക്കത്തെക്കുറിച്ച് അങ്ങ് പറഞ്ഞതിലുള്ള വസ്തുതാപരമായ പിശകാണ് ചൂണ്ടിക്കാണിച്ചത്.

ശ്രീ. ടി. വി. ഇബ്രാഹിം: ഭാഷയ്ക്ക് 5000 വർഷത്തെ പഴക്കമുണ്ടെന്നാണ് ഞാൻ പറഞ്ഞത്. ആയുർവ്വേദം, യോഗ പോലുള്ള എല്ലാ ഗ്രന്ഥങ്ങളുടെയും ഭാഷയാണിത്. ആ രീതിയിൽ ഭാഷയുടെ സമ്പുഷ്ടമായ സാഹിത്യത്തെയും അതിലുള്ള ഗവേഷണങ്ങളെയുമൊക്കെ പുഷ്ടിപ്പെടുത്തുകയും അതിന്റെ എല്ലാ സാധ്യതകളെയും ഉപയോഗപ്പെടുത്തുകയെന്നതാണ് സംസ്കൃത സർവ്വകലാശാലയുടെ ലക്ഷ്യമായി കണ്ടിട്ടുള്ളത്. ഞാൻ സുദീർഘമായി സംസാരിക്കാൻ ആഗ്രഹിക്കുന്നില്ല. കണാദശാസ്ത്രം, കപിലശാസ്ത്രം, ജ്യോതിശാസ്ത്രം, ആര്യഭടീയം, വരാഹമിഹിരന്റെ ഗ്രന്ഥങ്ങൾ തുടങ്ങി എല്ലാ ശാസ്ത്ര ഗ്രന്ഥങ്ങൾക്കും ഏറെ സംഭാവന ചെയ്ത ഭാഷയാണത്. മാത്രമല്ല, ഇന്ത്യയുടെ സംസ്കാരം, സാഹിത്യം, തത്വചിന്ത, വ്യാകരണം തുടങ്ങിയവയിലൊക്കെ അങ്ങേയറ്റം ചൂഴ്ന്നുനിൽക്കുന്ന ഒരു ഭാഷയെന്ന നിലയ്ക്ക് ഈ സർവ്വകലാശാലയെ ശക്തിപ്പെടുത്തേണ്ടതുമുണ്ട്. വ്യാസന്റെ മഹാഭാരതവും ഭഗവത്ഗീതയും കാളിദാസന്റെ ശാകുന്തളവും മേഘസന്ദേശവും വാത്മീകി മഹർഷിയുടെ രാമായണവും വേദങ്ങളായ ഋഗ്വേദം, യജ്ജുർവേദം, സാമവേദം, അഥർവ്വവേദം എന്നിവയെല്ലാം സംസ്കൃത ഭാഷയിൽ നമ്മുടെ പൗരാണികമായ സംസ്കാരവുമായി ബന്ധപ്പെട്ടുകിടക്കുകയാണ്. ഈ ഭാഷ ശക്തിപ്പെടുത്താൻ ഭാഷയും അതിനോടനുബന്ധിച്ചുള്ള സാഹിത്യരംഗത്തെ ഗവേഷണങ്ങളും മറ്റും ശക്തിപ്പെടുത്തേണ്ടതും പുഷ്ടിപ്പെടുത്തേണ്ടതുമുണ്ട്. അതിനുവേണ്ട നിയമനിർമ്മാണം വളരെ അത്യാവശ്യമാണ്.

കേരളത്തിൽ ധാരാളം സർവ്വകലാശാലകൾ ഉണ്ടായിട്ടുണ്ട്. കേരള സർവ്വകലാശാല ഒഴികെ ബാക്കിയെല്ലാം കേരളം രൂപീകൃതമായതിനുശേഷം സ്ഥാപിച്ചവയാണ്. കാലിക്കറ്റ് സർവ്വകലാശാല സി. എച്ച്. മുഹമ്മദ്കോയയുടെ കാലത്തും കണ്ണൂർ സർവ്വകലാശാലയും സംസ്കൃത സർവ്വകലാശാലയും ശ്രീ. ഇ. ടി. മുഹമ്മദ് ബഷീറിന്റെ കാലത്തും സ്ഥാപിച്ചതാണ്. സി. എച്ച്. മുഹമ്മദ് കോയയുടെ കാലത്തുതന്നെയാണ് കുസാറ്റും സ്ഥാപിച്ചിട്ടുള്ളത്. ശ്രീ. പി. കെ. അബ്ദു റബ്ബിന്റെ സമയത്താണ് മലയാളം സർവ്വകലാശാലയും ശാസ്ത്ര സാങ്കേതിക സർവ്വകലാശാലയും സ്ഥാപിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട പ്രൊഫ. സി.

രവീന്ദ്രനാഥിന്റെ സമയത്ത് ഒരു സർവ്വകലാശാല കേരളത്തിലുണ്ടായിയെന്ന് പറയണം. അതിന് സച്ചാർ കമ്മീഷൻ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ശ്രീ. പാലോളി മുഹമ്മദ് കുട്ടി ചെയർമാനായ കമ്മിറ്റി ശിപാർശ ചെയ്ത അറബിക് സർവ്വകലാശാല എന്തുകൊണ്ട് സ്ഥാപിച്ചുകൂടാ? ഇത് എൽ.ഡി.എഫ്.-ന്റെ പ്രകടനപത്രികയിൽ പറഞ്ഞിട്ടുള്ള സർവ്വകലാശാലകൂടിയാണ്. അത് എന്തുകൊണ്ട് പ്രാവർത്തികമാക്കിക്കൂടാ? ഇപ്പോൾ ഇടതുപക്ഷ സർക്കാരിന്റെ പ്രോഗ്രസ് റിപ്പോർട്ടൊക്കെ വന്നുകഴിഞ്ഞു. അറബിക് സർവ്വകലാശാല സ്ഥാപിക്കാനാവശ്യമായ എന്ത് നടപടിയെടുത്തുവെന്ന് ആ പ്രോഗ്രസ് റിപ്പോർട്ടിൽ കാണുന്നില്ല. സ്വന്തം കുട്ടിയെ പരിപാലിച്ച് പോറ്റി വളർത്താനുള്ള ബാധ്യത ഇടതുപക്ഷ സർക്കാരും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഏറ്റെടുക്കണമെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. അറബിക് സർവ്വകലാശാലയുടെ സാധ്യതകളും മറ്റും ബോദ്ധ്യപ്പെട്ടതുകൊണ്ടാകണം ബഹുമാനപ്പെട്ട പാലോളി മുഹമ്മദ് കുട്ടി അടക്കമുള്ള ആളുകൾ ഇത് പറഞ്ഞിട്ടുള്ളത്. കേരളത്തിൽ സ്കൂൾതലത്തിലും ഹയർ സെക്കണ്ടറി തലത്തിലുമായി 8000 ടീച്ചർമാരും 10 ലക്ഷം വിദ്യാർത്ഥികളും അറബി ഭാഷ കൈകാര്യം ചെയ്യുന്നുണ്ട്. 24 രാജ്യങ്ങളുടെ ഔദ്യോഗിക ഭാഷയാണ് അറബി. മാത്രമല്ല, OPEC രാജ്യങ്ങളുടെ മുഴുവൻ ഔദ്യോഗിക ഭാഷ അറബിയാണ്. യു.എൻ.ഒ. പോലും അംഗീകരിച്ച 6 ഭാഷകളിലൊന്നാണ് അറബി. ലോകത്തുള്ള 630 കോടി ജനങ്ങളിൽ 45 കോടിയോളം പേർ സംസാരിക്കുന്ന ഭാഷയാണ് അറബി. വികസിത രാജ്യമായ അമേരിക്കയിലെ പല യൂണിവേഴ്സിറ്റികളിലും അറബിക് മീഡിയത്തിൽ പഠനം നടത്തുന്നു. കൂടാതെ, കേരളത്തിന്റെ ടൂറിസം മേഖലയിലും അതുമായി ബന്ധപ്പെട്ട full form ട്രാൻസിലേഷൻ മേഖലയിലുമുള്ള കാര്യങ്ങൾ, അറബ് പൗരസ്ത്യ രാജ്യങ്ങളിലുള്ള തൊഴിലവസരങ്ങൾ തുടങ്ങി അറബി ഭാഷയുമായി ബന്ധപ്പെട്ട് ധാരാളം സാധ്യതകളുണ്ട്. ഇന്ത്യയിലെ 14 സംസ്ഥാനങ്ങളിൽ അറബി പഠിപ്പിക്കുന്നുണ്ട്. ഇതൊക്കെയാണെങ്കിലും അറബി പഠനത്തിനോ അതിന്റെ സാധ്യതകൾ ഉപയോഗപ്പെടുത്തുന്നതിനോ കൃത്യവും വ്യവസ്ഥാപിതവുമായ പഠന രീതിയോ സൗകര്യങ്ങളോ ഉന്നത വിദ്യാഭ്യാസ രംഗത്തില്ല. സാഹിത്യരംഗത്ത് അനേകം സാധ്യതകളുണ്ട്. മുസ്ലീം സമുദായത്തിൽപ്പെട്ടവർ അവരുടെ മതഗ്രന്ഥമായി കാണുന്ന പരിശുദ്ധ ഖുറാൻതന്നെ അറബി സാഹിത്യത്തിന്റെ ഉന്നതകോടിയിലുള്ള ഏറ്റവും നല്ലൊരു ഗ്രന്ഥമാണ്. സാഹിത്യത്തിലും ഫിലോസഫിയിലും വൈദ്യശാസ്ത്രത്തിലും ഗോളശാസ്ത്രത്തിലുമുള്ള അറബി ഗ്രന്ഥങ്ങൾ അമൂല്യങ്ങളാണ്. യൂറോപ്യൻ സർവ്വകലാശാലകളിൽപോലും Ibn Sina-യുടെ 'The Canon of Medicine' എന്ന ഗ്രന്ഥം പ്രത്യേക പഠനവിഷയമായി ഉൾപ്പെടുത്തിയിട്ടുണ്ട്. ഈ സാധ്യതകളൊന്നും ഉപയോഗിക്കാൻ കേരളത്തിൽ കഴിയുന്നില്ല. മാത്രമല്ല, പ്രവാചകൻ മുഹമ്മദ് നബി വരുന്നതിനുമുമ്പുതന്നെ അറേബ്യയിലെ Mu'allaqat എന്നുപറയുന്ന 7 സാഹിത്യകാരന്മാരുടെ ഗ്രന്ഥങ്ങളാണ് ഇന്ന് കഅ്ബയിൽ കെട്ടിത്തൂക്കിയതായി നിൽക്കുന്നത്.

Mu'allaqat എന്നാൽ കെട്ടിത്തൂക്കപ്പെട്ട സാഹിത്യഗ്രന്ഥങ്ങൾ എന്നാണ്. ആ ഗ്രന്ഥങ്ങളിൽ, കേരളത്തിലെയും ഇന്ത്യയിലെയും എല്ലാവരും ക്വാട്ട് ചെയ്യുന്നതാണ് Imru' al-Qais എന്ന കവിയുടെ കൃതികൾ. Imru' al-Qais, Tarafa, Zuhayr, Labid, Antara Ibn Shaddad, Amr ibn Kulthum, Harith ibn Hilliza എന്നീ 7 സാഹിത്യകാരന്മാരുടെ ലോകം അംഗീകരിച്ച സാഹിത്യസൃഷ്ടികളൊന്നും കേരളത്തിലെ ഒരു ഉന്നത പഠന ഗവേഷണത്തിനും full form വിധേയമാക്കാത്തവിധം മരവിച്ചുനിൽക്കുകയാണ്. അതുകൊണ്ട് ആ സാധ്യതകൾ തീർച്ചയായും ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും ഉപയോഗിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ഇന്ത്യയുടെ പ്രഥമ പ്രധാനമന്ത്രി ജവഹർലാൽ നെഹ്റുവിന്റെ പേരിലെ 3 പദങ്ങൾപോലും അറബിയിൽ നിന്നാണ് വരുന്നത്. ജവഹർ എന്നുപറയുന്നത് ഡയമണ്ട് എന്നുപറയുന്നതിന്റെ അറബി പദമാണ്. നെഹ്റു എന്നാൽ അറബിയിൽ റിവർ എന്നാണ് അർത്ഥം. നദീതട സംസ്കാരത്തിൽനിന്നും ഉടലെടുത്ത ഒരു കുടുംബത്തിൽനിന്നും ജവഹർലാൽ നെഹ്റു വന്നുവെന്നതുകൊണ്ടാണ് റിവർ എന്ന് അർത്ഥം വരുന്ന നെഹ്റു എന്ന പേരുപോലും ഉണ്ടായിട്ടുള്ളത്. ഈ സാധ്യതകൾ മുഴുവൻ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ഉപയോഗിച്ച് അറബിക് സർവ്വകലാശാല ഇതോടനുബന്ധിച്ച് രൂപീകരിക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഉന്നത വിദ്യാഭ്യാസ രംഗത്ത് വലിയ മരവിപ്പ് നിലനിൽക്കുകയാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പ്രൊഫ. സി. രവീന്ദ്രനാഥ് ഒരു കോളേജ് അദ്ധ്യാപകനാണ്. 2010-നുശേഷം കേരളത്തിലെ കോളേജുകളിലെ അദ്ധ്യാപകരുടെ പ്രൊമോഷന് ഒരു നടപടിയും സ്വീകരിച്ചിട്ടില്ല. ഇന്ത്യയിൽ ആ രീതിയിൽ മുന്നോട്ടുപോകാൻ കഴിയാത്ത ഏക സംസ്ഥാനം കേരളം മാത്രമാണ്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് കൊണ്ടുവന്ന 22 കോളേജുകളിലെ അദ്ധ്യാപകരുടെ പോസ്റ്റ് ക്രിയേഷനടക്കമുള്ള നടപടി ക്രമങ്ങൾ പൂർത്തിയാകാതെ നിൽക്കുകയാണ്. കോളേജുകളിൽ കിഫ്ബി വഴി ധാരാളം കെട്ടിടങ്ങളും സൗകര്യങ്ങളും ഉണ്ടാക്കുന്നുവെന്ന് പറയുമ്പോൾത്തന്നെ അക്കാദമിക സൈഡിൽ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധ ഒന്നുകൂടി പതിയേണ്ടതുണ്ട്. ഉന്നത വിദ്യാഭ്യാസ രംഗത്ത് മരവിപ്പ് നിലനിൽക്കുന്നുവെന്ന് ഞാൻ പറയുന്നത്, ASAP (Additional Skill Acquisition Programme), WWS (Walk with a Scholar Programme), SSP (School Support Programme) പോലുള്ള പുതിയ സ്കീമുകളും പ്രോഗ്രാമുകളും ഒന്നും കൃത്യമായി സപ്പോർട്ട് ചെയ്യപ്പെടുന്നില്ലെന്നതുകൊണ്ടാണ്. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള വലിയ പോരായ്മ, ബഹുമാനപ്പെട്ട പി. ഉബൈദുള്ള എം.എൽ.എ. ഇവിടെ അവതരിപ്പിച്ച സബ്മിഷനിൽ പറഞ്ഞതുപോലെ, ഹയർ സെക്കണ്ടറിയിലെ പഠനസൗകര്യങ്ങളുടെ കുറവാണ്. അതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി മറുപടിയായി പറഞ്ഞത് ഡിപ്പാർട്ടുമെന്റ് എഴുതിക്കൊടുത്ത കണക്ക് മാത്രമാണ്. ആ കണക്ക് തെറ്റാണെന്ന് ബഹുമാനപ്പെട്ട മന്ത്രിയെ

ബോദ്ധ്യപ്പെടുത്താൻ ഞങ്ങൾ ശ്രമിക്കുകയാണ്. മലപ്പുറത്ത് ഓപ്പൺ സ്കൂളിന്റെ റീജിയണൽ ഓഫീസ് നിർത്തിലാക്കിയെന്നുള്ള കുറ്റം ബഹുമാനപ്പെട്ട വിദ്യാഭ്യാസ മന്ത്രിയിൽ കാണുന്നുണ്ട്. കഴിഞ്ഞ വർഷം ഓപ്പൺ സ്കൂളിൽ രജിസ്റ്റർ ചെയ്ത കുട്ടികളിൽ ഇരുപത്തിയൊന്നായിരത്തിലധികം കുട്ടികളും മലപ്പുറം ജില്ലയിൽ നിന്നുള്ളവരാണ്. ഞാൻ മലപ്പുറത്തെ മാത്രം കണക്ക് പറയുകയല്ല. മലപ്പുറത്തുമാത്രം ഇരുപത്തിയൊന്നായിരത്തിലധികം കുട്ടികൾ ഓപ്പൺ സ്കൂളിൽ പോയത് അവിടെ സീറ്റിന്റെ അപര്യാപ്തതയുള്ളതുകൊണ്ടാണ്. അതിന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറഞ്ഞ, ഉദ്യോഗസ്ഥർ എഴുതിക്കൊടുത്ത കണക്ക് തെറ്റാണെന്ന് പറയാനാണ് ഞാൻ ഇത് സൂചിപ്പിക്കുന്നത്. ഇത് ഉദാഹരണമായി പറഞ്ഞുവെന്നു മാത്രം. മാത്രമല്ല, ഹയർ സെക്കണ്ടറിയിൽ പ്രത്യേകിച്ച് അൺ-എയ്ഡഡ്/സെൽഫ് ഫിനാൻസിംഗ് കോളേജുകളെ നിങ്ങൾ പ്രോത്സാഹിപ്പിക്കുന്നില്ല; പ്രോത്സാഹിപ്പിക്കരുത്. പക്ഷെ, ഗവൺമെന്റ്, എയ്ഡഡ് കോളേജുകളിൽ അതിനുള്ള സൗകര്യം ചെയ്തുകൊടുത്തതിനുശേഷം മാത്രമേ അത് നിരുത്സാഹപ്പെടുത്താവൂ. അതിനുപകരം കുട്ടികൾക്ക് പഠിക്കാൻ സൗകര്യമുണ്ടെന്ന് പറയുമ്പോൾ സെൽഫ് ഫിനാൻസിംഗ് കോളേജുകളിലും അൺ-എയ്ഡഡ് സ്കൂളുകളിലുമുള്ള സൗകര്യങ്ങൾ എടുത്തുകാണിക്കുന്നു. മലപ്പുറത്തും മലബാറിലുമുള്ള കുട്ടികൾ മുഴുവൻ ഫീസ് കൊടുത്ത് പഠിക്കട്ടെയെന്ന നിലപാടിൽനിന്നും സർക്കാർ പിന്തിരിയണം. അവിടെ അൺ-എയ്ഡഡ് മേഖലയിലും സെൽഫ്-ഫിനാൻസിംഗ് കോളേജുകളിലുമുള്ള സൗകര്യങ്ങൾ ചൂണ്ടിക്കാണിച്ചുകൊണ്ട് കുട്ടികൾക്ക് സൗകര്യമുണ്ടെന്ന് പറയരുത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ബഹുമാനപ്പെട്ട മന്ത്രി, ഞാൻ ഹയർ സെക്കണ്ടറി അദ്ധ്യാപകനാണ്. കഴിഞ്ഞ വർഷം 30 ശതമാനം സീറ്റ് മാർജിൻ ഇൻക്രീസാണ് ഹയർ സെക്കണ്ടറിക്ക് കൊടുത്തത്. 65 കുട്ടികളെ ഒരു ക്ലാസ്സിലിരുത്തി പഠിപ്പിക്കുന്നത് എങ്ങനെയാണ്? മാത്രമല്ല, ഓരോ കുട്ടിയേയും പ്രത്യേകം ശ്രദ്ധിച്ച് അവർക്കൊക്കെ സി.ഇ. മാർക്ക് കൊടുക്കുന്നതിനും അദ്ധ്യാപകർ ബാദ്ധ്യസ്ഥരാണ്. എങ്ങനെ അതിന് കഴിയുമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്കുതന്നെ അറിയാം. മാർജിനൽ സീറ്റ് ഇൻക്രീസ് കൊടുക്കുന്നതിനുപകരം ഗവൺമെന്റ് എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് സ്ഥാപനങ്ങളിലും പുതിയ കോഴ്സുകളും മറ്റും കൊടുക്കുകയാണ് വേണ്ടത്. അതിനുപകരം ഇതുപോലുള്ള ഇരുട്ടുകൊണ്ട് ഓട്ടയടക്കുന്ന രീതി പാടില്ലെന്നുള്ളതാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

കോളേജുകളുടെ സീറ്റിന്റെ കാര്യത്തിൽ മലപ്പുറത്തും മലബാറിലും ഏറെ അപര്യാപ്തത നിലനിൽക്കുകയാണ്. അതിന്റെ റേഷ്യോ ഞാൻ പറയാം. കാലിക്കറ്റ് യൂണിവേഴ്സിറ്റിയുടെ കണക്കുകൾ പ്രകാരം കേരളത്തിലെ ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏറ്റവും കുറവ് സീറ്റുള്ളത് മലബാറിലാണ്. കാസർഗോഡ് ജില്ലയിൽ പ്ലസ് ടു പാസ്സായ കുട്ടികളുടെ എണ്ണം 11081 ആണ്. അവിടെയുള്ള ഡിഗ്രി സീറ്റുകളുടെ

എണ്ണം 1330 ആണ്. അതായത്, 11.10 ശതമാനം കുട്ടികൾക്ക് മാത്രമേ സീറ്റ് കിട്ടുന്നുള്ളൂ. കണ്ണൂർ ജില്ലയിൽ 16 ശതമാനം കുട്ടികൾക്ക് മാത്രമേ സീറ്റ് കിട്ടുന്നുള്ളൂ. വയനാട്ടിൽ മൊത്തം പാസ്സായ കുട്ടികൾ 7557 ആണെങ്കിൽ അവിടെയുള്ള സീറ്റ് 1322 ആണ്. അതായത്, 17.49 ശതമാനം കുട്ടികൾക്കേ സീറ്റുള്ളൂ. കോഴിക്കോട് 16.99 ശതമാനം കുട്ടികൾക്കാണ് സീറ്റ് കിട്ടുന്നത്. മലപ്പുറത്ത് കഴിഞ്ഞ വർഷം പ്ലസ് ടു പാസ്സായ കുട്ടികളുടെ എണ്ണം 43733 ആണ്.

ശ്രീ. പി. ഉബൈദുള്ള: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ടി. വി. ഇബ്രാഹിം ഉന്നത വിദ്യാഭ്യാസ മേഖലയിലെ സീറ്റുകളുടെ അപര്യാപ്തതയെക്കുറിച്ചാണ് ഇവിടെ സംസാരിച്ചുകൊണ്ടിരിക്കുന്നത്. മൂന്ന് വർഷം മുമ്പാണ് മലപ്പുറത്ത് ഒരു ഗവൺമെന്റ് വിമൻസ് കോളേജ് ആരംഭിച്ചത്. ഇപ്പോൾ അവിടെനിന്ന് ഒരു ബാച്ച് കോഴ്സ് പൂർത്തിയാക്കി പുറത്തുപോയി. പക്ഷേ മൂന്ന് വർഷമായിട്ടും ഈ കോളേജിന് പുതിയ കെട്ടിടമുണ്ടായിട്ടില്ല. കെട്ടിടം നിർമ്മിക്കുന്നതിനായി കഴിഞ്ഞ ഗവൺമെന്റിന്റെ കാലത്ത് 5 ഏക്കർ സ്ഥലം വിട്ടുകൊടുത്തിരുന്നു. റവന്യൂ വകുപ്പ് ആ സ്ഥലം അളന്ന് തിട്ടപ്പെടുത്തി ഉന്നത വിദ്യാഭ്യാസ വകുപ്പിന് കൈമാറാത്തതുകൊണ്ട് ഇതുവരെയും അവിടെ കെട്ടിടം നിർമ്മിക്കാൻ സാധിച്ചിട്ടില്ല. കെട്ടിടം നിർമ്മിക്കാനാവശ്യമായ 3 കോടി രൂപ എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് ഞാൻ മാറ്റിവച്ചിട്ടുണ്ട്. മൂന്ന് വർഷം മുമ്പ് ആരംഭിച്ച ഈ ഗവൺമെന്റ് വിമൻസ് കോളേജിൽ ഇതുവരെയും പ്രിൻസിപ്പലിന്റെയോ അദ്ധ്യാപകരുടെയോ തസ്തികകൾ സൃഷ്ടിച്ചിട്ടില്ല. ഇക്കാര്യം ബഹുമാനപ്പെട്ട അംഗത്തിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ഇക്കാര്യം എന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. ഞാനും മലപ്പുറത്തുകാരനാണ്. ബഹുമാനപ്പെട്ട ശ്രീ. പി. ഉബൈദുള്ള എം.എൽ.എ.-യുടെ നിയോജകമണ്ഡലത്തിലെ ഒരു വോട്ടർ കൂടിയാണ് ഞാൻ. മലപ്പുറത്തെ ഏറ്റവും പ്രധാനപ്പെട്ടൊരു വിഷയമാണിത്. കുട്ടികൾ മുഴുവൻ കോളേജിൽ പോകുന്നു, അവിടെ കെട്ടിടമില്ല, സൗകര്യമില്ല, അദ്ധ്യാപകരുമില്ല. സർക്കാരിന്റെ, പ്രത്യേകിച്ച് വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ അടിയന്തര ശ്രദ്ധ പതിയേണ്ട കാര്യമാണിത്.

മലപ്പുറം ജില്ലയിൽ കഴിഞ്ഞ പ്രാവശ്യം കേരള സിലബസിൽ 43733 കുട്ടികൾ പ്ലസ് ടു പാസ്സായപ്പോൾ അവിടെ ആകെയുള്ള സീറ്റുകൾ 4506 എണ്ണം മാത്രമാണ്. അതായത് 10.30 ശതമാനം കുട്ടികൾക്ക് മാത്രമാണ് ഉന്നത വിദ്യാഭ്യാസ രംഗത്ത് പഠിക്കാൻ സൗകര്യമുള്ളത്. പാലക്കാട് ജില്ലയിൽ 16 ശതമാനം കുട്ടികൾക്കും തൃശ്ശൂർ ജില്ലയിൽ 25 ശതമാനം കുട്ടികൾക്കും പഠിക്കാനുള്ള സൗകര്യങ്ങളുണ്ട്. ഇങ്ങനെ തെക്കോട്ട് പോകുന്തോറും സീറ്റുകളുടെ ലഭ്യത കൂടി വരുന്നു. പത്തനംതിട്ട ജില്ലയിൽ 42.70 ശതമാനം കുട്ടികൾക്ക് ഉന്നത

വിദ്യാഭ്യാസ രംഗത്ത് പഠിക്കാൻ സൗകര്യമുണ്ട്. മലപ്പുറത്ത് അത് 10 ശതമാനം മാത്രമാണ്. ഈ വലിയ അന്തരം എന്നാണ് തീർക്കുക? ഇനിയും അവിടെ ആവശ്യത്തിന് കോഴ്സുകളും സൗകര്യങ്ങളുമുണ്ടെന്ന് ദയവായി പറയരുത്. അതുകൊണ്ട് കൃത്യമായ മാനദണ്ഡങ്ങളുടെ അടിസ്ഥാനത്തിൽ......

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം, 10 മിനിട്ട് എന്നുപറഞ്ഞത് ഇപ്പോൾ 18 മിനിട്ടായി.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, വിദൂര വിദ്യാഭ്യാസം എന്നത് വിദ്യാർത്ഥികൾക്ക് വലിയ ആശ്രയമായിരുന്നു. സാമാന്യ നിലവാരമുള്ള, ആവറേജ് മാർക്ക് വാങ്ങി ജയിക്കുന്ന വിദ്യാർത്ഥികൾ എന്നും ആശ്രയിച്ചിരുന്നത് വിദൂര വിദ്യാഭ്യാസത്തെയാണ്. എന്നാൽ ഇനി മുന്നോട്ട് കൊണ്ടുപോകാൻ കഴിയാത്തവിധം സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ പഠനം നിർത്തിയിരിക്കുകയാണ്. അതിന് അവർ മുന്നോട്ടുവയ്ക്കുന്ന കാരണം, യു.ജി.സി. മാനദണ്ഡങ്ങൾക്ക് അനുസൃതമായി വിദൂര വിദ്യാഭ്യാസത്തിന് രജിസ്ട്രേഷൻ നൽകാൻ നിവൃത്തിയില്ല എന്നതാണ്. സർവ്വകലാശാലകൾ വിദൂര വിദ്യാഭ്യാസ പ്രവർത്തനങ്ങൾ നിർത്തിലാക്കുന്നതിലൂടെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾക്ക് പഠിക്കാനുള്ള അവസരം നഷ്ടമാകുകയാണ്. ഈ പ്രശ്നം പരിഹരിക്കുന്നതിനുവേണ്ടി അങ്ങേയ്ക്ക് ഏതെങ്കിലും തരത്തിലുള്ള നിർദ്ദേശം വയ്ക്കാനുണ്ടോ?

ശ്രീ. ടി. വി. ഇബ്രാഹിം: സർ, ബഹുമാനപ്പെട്ട അംഗം ശ്രീമതി ഇ.എസ്. ബിജിമോൾ പറഞ്ഞത് വളരെ പ്രധാനപ്പെട്ടൊരു കാര്യമാണ്. സീറ്റിന്റെ അപര്യാപ്തത വരുമ്പോൾ കുട്ടികൾക്ക് പഠിക്കാനുള്ള ഏക ആശ്രയം ഡിസ്റ്റൻസ് എഡ്യൂക്കേഷനാണ്. ഇപ്പോൾ കേരളത്തിലെ ഒരു സർവ്വകലാശാലയിലും വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ കഴിയാത്തവിധം യു.ജി.സി.-യുടെ പുതിയ ഗ്രേഡിംഗ് വന്നിരിക്കുകയാണ്. അതുപ്രകാരം 3.26 ഗ്രേഡിംഗിലെത്തിയ സർവ്വകലാശാലകൾക്ക് മാത്രമേ വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്താൻ കഴിയുകയുള്ളൂ. വിദൂര വിദ്യാഭ്യാസ കോഴ്സുകൾ നടത്തണമെങ്കിൽ കേരളത്തിലെ സർവ്വകലാശാലകളുടെ ഗ്രേഡിംഗ് ഉയർത്തണം. ഇന്നലെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി വി.സി.-മാരുടെ യോഗം വിളിച്ചുചേർത്തു. സാധാരണ വി.സി.-മാരുടെ യോഗം വിളിച്ചുചേർക്കുന്നത് ഗവർണർമാരാണ്. യു.ജി.സി.-യുടെ ഗ്രേഡിംഗിനുള്ള ലോവർ ലിമിറ്റ് 3.26 ആണെങ്കിൽ കേരളത്തിലെ സർവ്വകലാശാലകളെ ഉൾക്കൊള്ളാൻ പറ്റുന്ന രീതിയിലേയ്ക്ക് അതിന്റെ ഗ്രേഡിംഗ് നില താഴ്ത്തണം. അല്ലെങ്കിൽ സർവ്വകലാശാലയുടെ ഗ്രേഡിംഗ് ഉയർത്തണം. 2009-ലെ ഇടതുപക്ഷ

ഗവൺമെന്റിന്റെ കാലത്ത് കേരളത്തിൽ ഒരു ഓപ്പൺ യൂണിവേഴ്സിറ്റി സ്ഥാപിക്കാനുള്ള നിർദ്ദേശമുണ്ടായിരുന്നു. അതിനുവേണ്ടി സ്പെഷ്യൽ ഓഫീസറെയും വച്ചു. 2010 മുതൽ തുടങ്ങുമെന്നാണ് പറഞ്ഞിരുന്നത്. പക്ഷേ തുടങ്ങിയില്ല, ഇപ്പോഴും തുടങ്ങാൻ യാതൊരു നിവൃത്തിയുമില്ല.

ഉന്നത വിദ്യാഭ്യാസ രംഗത്ത് എഞ്ചിനീയറിംഗ് കോഴ്സിന്റെയും മറ്റും സാധ്യത മങ്ങിപ്പോയപ്പോൾ പഴയ കൺവെൻഷണൽ രീതിയിലുള്ള ആർട്സ് ആൻഡ് സയൻസ് വിഷയങ്ങളിലേയ്ക്ക് കുട്ടികൾ തിരിച്ചുവന്നുകൊണ്ടിരിക്കുകയാണ്. അങ്ങനെ തിരിച്ചുവരുന്ന കുട്ടികൾക്ക് പഠിക്കാനാവശ്യമായ ഒരു സൗകര്യവും കേരളത്തിലില്ല. അക്കാര്യത്തിൽ പ്രത്യേക ശ്രദ്ധ സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകണം. ഇവിടെ ഏത് ഗവൺമെന്റ് ഭരിച്ചാലും രാഷ്ട്രീയത്തിലും ഭരണകൂടത്തിലും സ്വാധീനമുള്ളവർ കൂടുതൽ കോഴ്സുകളും കോളേജുകളും കൊണ്ടുപോകും. യു.ഡി.എഫ്. ഭരിച്ചപ്പോഴും അങ്ങനെയുണ്ടായിട്ടുണ്ട്. പക്ഷെ കഴിഞ്ഞ പ്രാവശ്യം യു.ഡി.എഫ്. വിപ്ലവകരമായൊരു തീരുമാനമെടുത്തു. കോളേജുകൾ അനുവദിക്കുന്ന കാര്യത്തിൽ കൃത്യമായ മാനദണ്ഡം വച്ചു. ഏത് അസംബ്ലി മണ്ഡലത്തിലാണോ കോളേജ് ഇല്ലാത്തത് അവിടെ ഒരു കോളേജ് കൊടുക്കുന്നു. അത് സത്യത്തിൽ മലബാറിലും കോഴ്സുകളില്ലാത്ത സ്ഥലത്തും വലിയ അനുഗ്രഹമായി. ഈ ഗവൺമെന്റ് നാല് കോളേജുകൾ കഴിഞ്ഞ വർഷം തുടങ്ങി. അക്കാര്യത്തിൽ എന്ത് മാനദണ്ഡമാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും ഗവൺമെന്റും എടുത്തതെന്ന് ഞങ്ങൾക്കറിയില്ല. കൃത്യമായ മാനദണ്ഡം വേണം. വിജയിച്ച കുട്ടികളുടെയും എൻറോൾമെന്റ് റേഷ്യോയുടെയും അനുപാതം വച്ച് കൃത്യമായ മാനദണ്ഡം ഉപയോഗിച്ച് പുതിയ കോളേജുകളും കോഴ്സുകളും തുടങ്ങണം. അത്തരത്തിൽ പുതിയ കോഴ്സുകളും കോളേജുകളും തുടങ്ങുന്നതിനായി 2006-ൽ യു.ജി.സി. നിശ്ചയിച്ച ത്യാഗരാജൻ കമ്മിറ്റി കൊടുത്ത റിപ്പോർട്ടുപോലും കേരളത്തിൽ നടപ്പാക്കിയിട്ടില്ല. കേരളത്തിലെ പാലക്കാട്, മലപ്പുറം, വയനാട്, കാസർഗോഡ് ജില്ലകൾ ഉന്നത വിദ്യാഭ്യാസ രംഗത്ത് വളരെ പിന്നോക്കമാണെന്നും അവിടെ അടിയന്തരമായി കോളേജുകളും കോഴ്സുകളും കൊടുക്കണമെന്നുമായിരുന്നു ത്യാഗരാജൻ കമ്മിറ്റി കണ്ടെത്തിയത്. അതിന് കൃത്യമായ മാനദണ്ഡമുണ്ട്. ബെഞ്ച് മാർക്കിന്റെ അടിസ്ഥാനത്തിൽ പഠനം നടത്തിയാണ് അങ്ങനെ ചെയ്തിരിക്കുന്നത്. ത്യാഗരാജൻ കമ്മിറ്റി റിപ്പോർട്ടിൽ 4 ജില്ലകൾ ഏറ്റവും പിന്നോക്കമാണെന്നും അവിടെ അടിയന്തരമായി മോഡൽ കോളേജുകൾ കൊടുക്കണമെന്നും പറഞ്ഞിരുന്നു. അതുസംബന്ധിച്ച് തുടക്കത്തിൽ ഒരു അന്വേഷണമൊക്കെ നടത്തിയെന്നല്ലാതെ മോഡൽ കോളേജുകൾ കൊടുക്കാൻ സർക്കാർ തയ്യാറായിട്ടില്ല. ഇപ്രാവശ്യം പുതിയ കോഴ്സുകളും

കോളേജുകളും വേണം. ഇതൊക്കെ അനുവദിക്കുമ്പോൾ കൃത്യമായ മാനദണ്ഡം വേണമെന്നാണ് സൂചിപ്പിക്കാനുള്ളത്. ഏറ്റവും പ്രധാനപ്പെട്ട കാര്യമായതുകൊണ്ട് ഈ ബില്ലിന്റെ ചർച്ചാവേളയിൽ ഇത് പറയാതിരിക്കാൻ നിർവ്വാഹമില്ല.

ഹയർ സെക്കണ്ടറി മേഖലയിൽനിന്നാണ് ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് കുട്ടികൾ കടന്നുവരുന്നത്. ഹയർ സെക്കണ്ടറി മേഖല ഇപ്പോഴും അപര്യാപ്തതകളുടെ വലിയൊരു കൂടാരമാണ്. ഈ മേഖലയിലെ എന്ത് പ്രശ്നങ്ങൾ പറഞ്ഞാലും വിദ്യാഭ്യാസ വകുപ്പുമന്ത്രിയും മുഖ്യമന്ത്രിയും പറയുന്നത് രണ്ടും ഇന്റഗ്രേറ്റ് ചെയ്തതിനുശേഷം എല്ലാം പരിഹരിക്കാമെന്നാണ്. ഇത് സത്യത്തിൽ ലോകം അംഗീകരിച്ച തത്വത്തിന് എതിരാണ്. വികേന്ദ്രീകരിക്കുക-ശക്തിപ്പെടുത്തുക, കേന്ദ്രീകരിക്കുക-ദുർബലപ്പെടുത്തുക എന്നത് ലോകം അംഗീകരിച്ച തത്വമാണ്. Decentralization-ന്റെ കാലമാണ്. പക്ഷേ ഇപ്പോൾ ഹയർ സെക്കണ്ടറിയെ കേരളത്തിലെ സെക്കണ്ടറി വിദ്യാഭ്യാസത്തോട് കൂട്ടിക്കെട്ടി അവിടെയുള്ള പ്രശ്നങ്ങൾ പരിഹരിക്കാമെന്നാണ് പറയുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തേയ്ക്ക് കടന്നുപോകുന്നതിനുള്ള കവാടമാണ് ഹയർ സെക്കണ്ടറി മേഖല. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയെ ഒരു ഉപകരണമാക്കിക്കൊണ്ട് മാർക്സിസ്റ്റ് പാർട്ടിയും എൽ.ഡി.എഫ്.-ഉം കെ.എസ്.ടി.എ.-ഉം നടത്തുന്ന ഒരു ഗൂഢതന്ത്രമാണിത്. ഹയർ സെക്കണ്ടറി മേഖലയിൽ കെ.എസ്.ടി.എ. എന്ന അദ്ധ്യാപക സംഘടനയ്ക്ക് യാതൊരു റോളുമില്ല. കേരളത്തിലെ ഏറ്റവും വലിയ അദ്ധ്യാപക സംഘടനയാണ് കെ.എസ്.ടി.എ. പക്ഷെ ഹയർ സെക്കണ്ടറി മേഖലയിൽ കെ.എസ്.ടി.എ.-യ്ക്ക് 10 ശതമാനം അദ്ധ്യാപകരെപോലും കിട്ടാതായപ്പോൾ സെക്കണ്ടറി മേഖലയിലും പ്രൈമറി മേഖലയിലുമുള്ള അദ്ധ്യാപകരെ കൂടെക്കൂട്ടി ഹയർ സെക്കണ്ടറി മേഖലയെ തകർക്കാനുള്ള വലിയ നീക്കമാണിതെന്നുള്ളത് ഈ സഭയിൽ ഞാൻ വളരെ ഉത്തരവാദിത്വത്തോടുകൂടി പറയാൻ ആഗ്രഹിക്കുകയാണ്. ഇന്ത്യയിൽ ഏറ്റവും നിലവാരമുയർത്തുന്ന മേഖലയാണ് കേരളത്തിലെ ഹയർ സെക്കണ്ടറി മേഖല. ആ ഹയർ സെക്കണ്ടറി മേഖലയെ സെക്കണ്ടറി മേഖലയിലേക്ക് കൂട്ടിക്കൊണ്ടുപോയി ഒതുക്കരുത്. മാത്രമല്ല അതിനെക്കുറിച്ച് പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ നിയോഗിച്ച കമ്മിറ്റിയാണ് എം. എ. ഖാദർ കമ്മിറ്റി. എം. എ. ഖാദർ കമ്മിറ്റിയുടേതാണ് കെ.എസ്.ടി.എ. റിപ്പോർട്ട്. ആ റിപ്പോർട്ടിൽ ധാരാളം കാര്യങ്ങൾ പറഞ്ഞിട്ടുണ്ട്. കെ.എസ്.ടി.എ. റിപ്പോർട്ട് തയ്യാറാക്കിയ കമ്മിറ്റിയിലെ ഒരു അംഗമായിരുന്നു എം. എ. ഖാദർ. അദ്ദേഹത്തെയാണ് വീണ്ടും ഇത് പഠിക്കാൻ നിയോഗിച്ചത്. കെ.എസ്.ടി.എ. റിപ്പോർട്ട് അതുപോലെ കൊണ്ടുവരാനാണ് എം. എ. ഖാദർ കമ്മിറ്റി ശ്രമിച്ചുകൊണ്ടിരിക്കുന്നത്. അതിൽ വളരെ

വിസ്മയകരമായ എല്ലാവരെയും അത്ഭുതപ്പെടുത്തുന്ന ശിപാർശകളാണുള്ളത്. അക്കാദമിക് ഹെഡ്ഡായി ഹയർ സെക്കണ്ടറി പ്രിൻസിപ്പാളും ഡെപ്യൂട്ടി പ്രിൻസിപ്പാളായി സ്കൂളിലെ എച്ച്.എം.-ഉം ആയിരിക്കണമെന്നാണ് അതിൽ പറയുന്നത്. സ്കൂളിലെ എച്ച്.എം.-ന് ഹയർ സെക്കണ്ടറിയിലെ പ്രിൻസിപ്പാളിനെപ്പോലും നിയന്ത്രിക്കാനുള്ള അധികാരമുണ്ട്. ആ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ രണ്ട് മേഖലയും ഒന്നാക്കിയാൽ ഇപ്പോഴുള്ള പ്രശ്നങ്ങൾ കൂടുതൽ വഷളാകും. പ്രിൻസിപ്പാളിനെ നിയന്ത്രിക്കുന്നത് എച്ച്.എം. ആണ്. വൈസ് പ്രിൻസിപ്പാളിന് ക്ലാസിലും പോകേണ്ട പഠിപ്പിക്കുകയും വേണ്ട. എന്നാൽ പ്രിൻസിപ്പാളിന് 21 പിരീഡ് ക്ലാസിലും പോകണം അതിന്റെ ഹെഡ്ഡായി നിൽക്കുകയും വേണം. ഈ പ്രശ്നം പരിഹരിക്കുന്നതിന് സപ്പോർട്ടിംഗ് സ്റ്റാഫിനെ കൊടുക്കണം. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റ് 3 ലൈബ്രേറിയനെയും ഒരു ക്ലാർക്കിനെയും ഒരു അറ്റൻഡറെയും കൊടുക്കാൻ തീരുമാനിച്ചതാണ്. അതൊന്നും നടപ്പിലാക്കാതെ ഇതിനുള്ള ഏക പരിഹാരം രണ്ടുംകൂടി ഒന്നാക്കുക എന്നതല്ല. കേരളത്തിലെ മൊത്തം പത്ത് ലക്ഷത്തോളം വരുന്ന വിദ്യാർത്ഥികളെയും അവരുടെ രക്ഷിതാക്കളെയും മുപ്പതിനായിരത്തോളം വരുന്ന അദ്ധ്യാപകരെയും ബാധിക്കുന്ന ഒരു വിഷയമെന്ന നിലയ്ക്കാണ് ഞാനിത് പറയുന്നത്. ഇതൊരു പൊളിറ്റിക്കൽ ഈഗോയായെടുക്കരുതെന്നാണ് എനിക്ക് അപേക്ഷിക്കാനുള്ളത്. കെ.എസ്.ടി.എ.-ക്കുവേണ്ടി ഹയർ സെക്കണ്ടറി മേഖലയുടെ ആരാച്ചാരായി മാറരുത് എന്നാണ് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയോട് എല്ലാ ബഹുമാനവും നിലനിർത്തിക്കൊണ്ട് എനിക്ക് സൂചിപ്പിക്കാനുള്ളത്.

വളരെ പ്രധാനപ്പെട്ട ഒരു കാര്യം കൂടി പറയാനുണ്ട്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് യൂണിഫോമിനുള്ള പണമായിരുന്നു സ്കൂളുകളിലെ എച്ച്.എം.-മാർക്ക് കൊടുത്തിരുന്നത്. എന്നാൽ ഇപ്രാവശ്യം സ്കൂളുകൾക്ക് നേരിട്ട് യൂണിഫോമിനുള്ള തുണിയാണ് കൊടുക്കുന്നത്. ആൺകുട്ടികൾക്ക് ഹാഫ് ട്രൗസറിനുള്ള തുണിയേ കൊടുക്കുന്നുള്ളൂ. ഹാഫ് ട്രൗസറിന്റെ സംസ്കാരം എങ്ങനെ വന്നുവെന്നറിയില്ല. കഴിഞ്ഞ പ്രാവശ്യം കാശ് കൊടുത്തതുകൊണ്ട് എച്ച്.എം.-മാർക്ക് അവരുടെ ഡിസ്ക്രിഷൻ ഉപയോഗിച്ച് തുണി വാങ്ങാൻ കഴിയുമായിരുന്നു. ആർ.എസ്.എസ്. സംസ്കാരം സ്വാധീനം ചെലുത്തിയോ എന്ന് അറിയില്ല, ഏതായാലും രണ്ട് ഹാഫ് ട്രൗസറിന് കൊടുക്കുന്ന തുണിയാണ് കുട്ടികൾ ഒറ്റ പാന്റാക്കി മാറ്റുന്നത്. ഒരു സ്കൂളുകളിലും ഇപ്പോൾ ഹാഫ് ട്രൗസറില്ല. ഇത് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോയെന്ന് എനിക്കറിയില്ല, അതുകൊണ്ട് ഞാൻ ഇതുകൂടി പറഞ്ഞുകൊണ്ട് നിരാകരണപ്രമേയം അവതരിപ്പിക്കുന്നു, എന്റെ വാക്കുകൾ നിർത്തുന്നു.

ശ്രീ. അൻവർ സാദത്തിനുവേണ്ടി <u>ശ്രീ. റോജി എം. ജോൺ:</u> സർ, ഞാൻ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. അദ്വൈത സിദ്ധാന്തത്തിന്റെ ഉപജ്ഞാതാവായ ജഗദ്ഗുരു ആദി ശങ്കരാചാര്യരുടെ നാമധേയത്തിൽ അദ്ദേഹത്തിന്റെ ജന്മനാടായ കാലടിയിൽ മുൻമുഖ്യമന്ത്രി കെ. കരുണാകരന്റെ പ്രത്യേക താല്പര്യപ്രകാരം സ്ഥാപിതമായ സർവ്വകലാശാലയാണ് കാലടി സംസ്കൃത സർവ്വകലാശാല. സംസ്കൃതത്തിന്റെ വിവിധ ശാഖകളെക്കുറിച്ചുള്ള പഠനത്തോടൊപ്പം ഭാരതീയ ഭാഷകളെയും തത്വശാസ്ത്രത്തെയും സംസ്കാരത്തെയും കുറിച്ചൊക്കെ നിരവധി ഗവേഷണങ്ങൾ നടക്കുന്ന, നമ്മുടെ സംസ്ഥാനത്തിനുതന്നെ അഭിമാനമായ ഒരു വിദ്യാഭ്യാസ സ്ഥാപനമാണിത്. ഈ യൂണിവേഴ്സിറ്റിയുടെ ആരംഭഘട്ടത്തിൽ, അതായത് 1994-95 കാലഘട്ടത്തിലുണ്ടായിരുന്ന ടീച്ചിംഗ് സ്റ്റാഫ് പാറ്റേണും 2004-ലെ നോൺ ടീച്ചിംഗ് സ്റ്റാഫ് പാറ്റേണുമാണ് ഇന്നും നിലനിൽക്കുന്നത്. യൂണിവേഴ്സിറ്റി കഴിഞ്ഞ 25 വർഷംകൊണ്ട് വളരെയധികം വളർന്നിട്ടുണ്ട്. പുതിയ കോഴ്സുകൾക്ക് തുടക്കം കുറിക്കുകയും വിദ്യാർത്ഥികളുടെ എണ്ണത്തിൽ കാര്യമായ വർദ്ധനവുണ്ടാകുകയും ചെയ്തിട്ടുണ്ട്. വാർഷിക പരീക്ഷകളിൽ നിന്നും മാറി സെമസ്റ്റർ സംവിധാനത്തിലേയ്ക്ക് വരികയും ചോയ്സ് ബേസ്ഡ് ക്രെഡിറ്റ് സിസ്റ്റം നടപ്പിലാക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ ഓരോ 6 മാസം കൂടുമ്പോഴും പരീക്ഷകൾ നടത്തുകയും അതിന്റെ ഫലങ്ങൾ പുറപ്പെടുവിക്കുകയും സർട്ടിഫിക്കറ്റുകൾ കൊടുക്കുകയും ചെയ്യേണ്ട രീതിയിലേയ്ക്ക് യൂണിവേഴ്സിറ്റിയുടെ ജോലിഭാരം വർദ്ധിച്ചിരിക്കുകയാണ്. ജീവനക്കാരുടെ അപര്യാപ്തത യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ ഗൗരവമായി ബാധിച്ചിരിക്കുന്നു. സർവ്വകലാശാലകളിൽ സ്ഥിരം അദ്ധ്യാപകർ ഉണ്ടായിരിക്കണമെന്നാണ് യൂണിവേഴ്സിറ്റിതന്നെ നിഷ്കർഷിക്കുന്നത്. എന്നാൽ കാലടി സംസ്കൃത സർവ്വകലാശാലയിൽ 200-ഓളം താൽക്കാലിക അദ്ധ്യാപകരെ നിയമിച്ചു കൊണ്ടാണ് മുന്നോട്ടുപോകുന്നത്. ഇത് അദ്ധ്യാപനത്തെയും ഗവേഷണത്തെയും കാര്യമായി ബാധിക്കുകയാണ്. വിദ്യാർത്ഥികൾക്ക് വലിയ പ്രശ്നങ്ങളുണ്ടാകുന്നു, വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരത്തിൽ ഇടിവുണ്ടാകുന്നു. ജോലിയിലുള്ള അനശ്ചിതത്വം നിലനിൽക്കുന്നതുകൊണ്ട് ആ അദ്ധ്യാപകർക്ക് അദ്ധ്യാപനത്തിൽ ഫോക്കസ് ചെയ്യാൻ കഴിയുന്നില്ല. അത് ഒരു അദ്ധ്യാപകൻ കൂടിയായ വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് മനസ്സിലാകും. അതുകൊണ്ട് യൂണിവേഴ്സിറ്റി സമർപ്പിച്ചിട്ടുള്ള നിവേദനങ്ങളുടെയും പ്രൊപ്പോസലുകളുടെയും അടിസ്ഥാനത്തിൽ അദ്ധ്യാപകർക്ക് സ്ഥിരനിയമനം നൽകുന്നതിന് സർക്കാർ അടിയന്തര നടപടി സ്വീകരിക്കണം.

അതുപോലെ ഈ സർക്കാർ അധികാരത്തിൽ വന്നശേഷം കണ്ണൂർ സർവ്വകലാശാലയിൽ മാത്രം 100 അനദ്ധ്യാപക തസ്തികകൾ സ്ഥിരപ്പെടുത്തുകയുണ്ടായി. കണ്ണൂർ യൂണിവേഴ്സിറ്റിയോട് കാണിച്ച ആ സ്നേഹം കാലടി സംസ്കൃത സർവ്വകലാശാലയോടും കാണിക്കണം.

രണ്ട് അദ്ധ്യാപകരെ മാത്രം വച്ചുകൊണ്ട് പി.ജി. കോഴ്സും ഗവേഷണവുമൊക്കെ നടത്തുന്ന ഡിപ്പാർട്ടുമെന്റുകളുണ്ട്. ഇങ്ങനെ പോയാൽ സംസ്കൃത പഠനത്തിനുവേണ്ടി പ്രത്യേകമായി സ്ഥാപിതമായ ഈ സർവ്വകലാശാലയുടെ ഭാവി എന്താകുമെന്ന് നമുക്ക് ആലോചിക്കാവുന്നതേയുള്ളൂ. ഓരോ വർഷവും കൂടുതലായി വിദ്യാർത്ഥികൾ അഡ്മിഷനുവേണ്ടി യൂണിവേഴ്സിറ്റിയിലേയ്ക്ക് വന്നുകൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റിയുടെ നടത്തിപ്പും ഗവേഷണവും വിദ്യാഭ്യാസത്തിന്റെ ഗുണനിലവാരവും ഉയർത്തേണ്ടത് പരിഗണിച്ചുകൊണ്ടുതന്നെ ടീച്ചിംഗ്-നോൺ ടീച്ചിംഗ് സ്റ്റാഫ് പാറ്റേണിൽ ഗണ്യമായ മാറ്റം വരുത്തി യു.ജി.സി. നിഷ്കർഷിക്കുന്ന തരത്തിലുള്ള ഒരു സ്റ്റാഫ് പാറ്റേൺ നടപ്പിൽവരുത്താൻ സർക്കാർ തയ്യാറാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്.

യൂണിവേഴ്സിറ്റിയുടെ നോൺ പ്ലാൻ ഫണ്ടിൽ ഓരോ വർഷവും വളരെ പരിമിതമായ തുക അതായത്, 63 കോടി 44 ലക്ഷം രൂപ മാത്രമാണ് ഇപ്പോൾ സർക്കാർ കൊടുത്തുകൊണ്ടിരിക്കുന്നത്. ഇത് യൂണിവേഴ്സിറ്റിയുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഫെബ്രുവരി, മാർച്ച് മാസങ്ങളിലൊക്കെ യൂണിവേഴ്സിറ്റി സ്റ്റാഫിന് ശമ്പളവും വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പും മറ്റ് ആനുകൂല്യങ്ങളും നൽകുന്നതിനുമൊക്കെ വലിയ പ്രതിസന്ധി അഭിമുഖീകരിക്കുകയാണ്. അതുകൊണ്ട് നോൺ പ്ലാൻ ഫണ്ട് വർദ്ധിപ്പിച്ച് നൽകണമെന്നാവശ്യപ്പെട്ട് യൂണിവേഴ്സിറ്റി സർക്കാരിനെ സമീപിച്ചിട്ടുണ്ട്. 76 കോടി രൂപയെങ്കിലും ലഭിച്ചെങ്കിൽ മാത്രമേ യൂണിവേഴ്സിറ്റിയുടെ പ്രവർത്തനം നല്ലരീതിയിൽ മുന്നോട്ട് കൊണ്ടുപോകാൻ കഴിയുകയുള്ളൂ. ആ തുക അനുവദിക്കാൻ സർക്കാർ തയ്യാറാകണം. യൂണിവേഴ്സിറ്റിയുടെ സ്റ്റാറ്റ്യൂട്ട് പ്രകാരം ഓരോ ഡിപ്പാർട്ടുമെന്റിലെയും ഏറ്റവും സീനിയറായ അദ്ധ്യാപകൻ ആ ഡിപ്പാർട്ടുമെന്റിന്റെ എച്ച്.ഒ.ഡി. ആകണമെന്നാണ് നിഷ്കർഷിച്ചിരിക്കുന്നത്.

നമ്മുടെ സംസ്ഥാനത്തെ എല്ലാ യൂണിവേഴ്സിറ്റികളും ഇതേ മാനദണ്ഡം തന്നെയാണ് ഫോളോ ചെയ്യുന്നത്. സംസ്കൃത സർവ്വകലാശാലയിലും ഇക്കാലമത്രയും ഇതേ മാനദണ്ഡത്തിന്റെ അടിസ്ഥാനത്തിലാണ് ഓരോ ഡിപ്പാർട്ടുമെന്റിലും ഹെഡ് ഓഫ് ദി ഡിപ്പാർട്ടുമെന്റിനെ നിയമിച്ചുകൊണ്ടിരുന്നത്.

പക്ഷേ കഴിഞ്ഞ നാളുകളിൽ ഏറ്റവും മുതിർന്ന അദ്ധ്യാപകനെ എച്ച്.ഒ.ഡി. ആക്കുന്ന രീതി മാറ്റി റൊട്ടേഷൻ സംവിധാനം കൊണ്ടുവന്നിരിക്കുകയാണ്. അതുകൊണ്ട് ജൂനിയറായ അദ്ധ്യാപകർപോലും എച്ച്.ഒ.ഡി. ആയി മാറുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. ഇത് മുതിർന്ന അദ്ധ്യാപകരോടുള്ള അവഹേളനമാണ്. ഇക്കാര്യത്തിൽ സർക്കാർ ഇടപെടണം. അതുപോലെ കാലടി ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിൽ താത്ക്കാലിക ജീവനക്കാരെ യാതൊരു കാരണവും കൂടാതെ പിരിച്ചുവിട്ടുകൊണ്ടിരിക്കുകയാണ്. ഒരു ഭരണസമിതിയുടെയും കാലഘട്ടത്തിൽ ഉണ്ടായിട്ടില്ലാത്ത നടപടിയാണ് ഇപ്പോൾ സർവ്വകലാശാല സ്വീകരിച്ചുകൊണ്ടിരിക്കുന്നത്. അവിടെ നിരവധി താത്ക്കാലിക ജീവനക്കാർ വർഷങ്ങളായി ജോലിയെടുക്കുന്നുണ്ട്. സർക്കാരുകളും യൂണിവേഴ്സിറ്റി വൈസ്ചാൻസലർമാരും മാറിമാറി വരാറുണ്ട്. യൂണിവേഴ്സിറ്റിയുടെ ആവശ്യങ്ങൾ വർദ്ധിക്കുന്നതിനനുസരിച്ച് പുതിയ ജീവനക്കാരെ നിയമിക്കാറുണ്ട്. ഇത്തരത്തിൽ നിയമിച്ച ജീവനക്കാരെ പിരിച്ചുവിടുന്ന സാഹചര്യം യൂണിവേഴ്സിറ്റിയുടെ ചരിത്രത്തിൽ ഉണ്ടായിട്ടില്ല. പക്ഷേ ഇപ്പോൾ മുമ്പെങ്ങുമില്ലാത്തവിധം രാഷ്ട്രീയ താല്പര്യത്തിന്റെ അടിസ്ഥാനത്തിൽ താത്കാലിക ജീവനക്കാരെ പിരിച്ചുവിടുന്ന ഒരു സാഹചര്യം ഉണ്ടായിരിക്കുന്നു. ഇത് യൂണിവേഴ്സിറ്റിയിൽ വലിയ പ്രതിഷേധത്തിന് ഇടവരുത്തിയിട്ടുണ്ട്. ഇക്കാര്യത്തിൽ സർക്കാർ ഗൗരവമായ ഇടപെടൽ നടത്തണം.

കാലടി ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയിലെ അദ്ധ്യാപകർക്ക് സൂപ്പർ ആന്വേഷൻ ബെനിഫിറ്റ് ലഭിക്കുക എന്നതാണ് ഈ ബില്ലിന്റെ ഉദ്ദേശ്യം. യൂണിവേഴ്സിറ്റിയിലെ അദ്ധ്യാപകർക്ക് അത്തരത്തിലുള്ള ആനുകൂല്യം ലഭിക്കുമ്പോൾ കേരളത്തിലെ മറ്റ് അദ്ധ്യാപകർക്ക്, പ്രത്യേകിച്ച് കോളേജുകളിലെ അദ്ധ്യാപകർക്ക് അതേ ആനുകൂല്യം ലഭിക്കുമെന്ന് ഉറപ്പ് നൽകാൻ സർക്കാർ തയ്യാറാകണം. സാന്ദർഭികമായി മറ്റൊരു കാര്യംകൂടി ഞാനിവിടെ സൂചിപ്പിക്കുകയാണ്, ഇന്നത്തെ പത്രത്തിൽ 'റൂസ (RUSA)' ഫണ്ടുമായി ബന്ധപ്പെട്ട ഒരു വാർത്ത വന്നിട്ടുണ്ട്. എയ്ഡഡ് കോളേജുകൾക്കും ഈ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാഹചര്യമുണ്ടാക്കണമെന്ന് സംസ്ഥാന സർക്കാർതന്നെ ഈ വർഷം കേന്ദ്രത്തിന് സമർപ്പിച്ച പദ്ധതിരേഖയിൽ ആവശ്യപ്പെട്ടിരുന്നു. അത് കേന്ദ്രം അംഗീകരിച്ചത് വലിയൊരു കാര്യമാണ്. വിദ്യാഭ്യാസ രംഗത്ത് എയ്ഡഡ് കോളേജുകൾ നടത്തുന്ന പ്രവർത്തനം എടുത്തുപറയേണ്ടതാണ്. 2 കോടി രൂപയാണ് ഒരു കോളേജിന് ഈ ഫണ്ടിൽനിന്നും ലഭിക്കുന്നത്. നവീകരണ പ്രവർത്തനങ്ങൾക്കും പുസ്തകങ്ങൾ വാങ്ങുന്നതിനും അടിസ്ഥാന സൗകര്യ വികസനത്തിനുമൊക്കെയാണ് ഈ ഫണ്ട് വിനിയോഗിക്കപ്പെടുന്നത്. ഈ ഫണ്ടിനുവേണ്ടി അപേക്ഷിക്കുന്നതിന് ചില മാനദണ്ഡങ്ങൾ വച്ചിട്ടുണ്ട്. നാക് (NAAC) അക്രഡിറ്റേഷനിൽ മൂന്ന് പോയിന്റിൽ കൂടുതൽ കിട്ടിയിട്ടുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടിന് അപേക്ഷിക്കാൻ യോഗ്യതയില്ല. ഇപ്പോൾ എല്ലാ

കോളേജുകളും വിദ്യാഭ്യാസ സ്ഥാപനങ്ങളും നാക് അക്രെഡിറ്റേഷനായി പരിശ്രമിച്ചുകൊണ്ടിരിക്കുകയാണ്. അവരുടെ അക്രഡിറ്റേഷൻ സ്കോർ ഏറ്റവും ഉന്നതമാക്കുന്നതിനായാണ് എല്ലാ വിദ്യാഭ്യാസ സ്ഥാപനങ്ങളും ശ്രമിച്ചു കൊണ്ടിരിക്കുന്നത്. മൂന്ന് പോയിന്റിന് മുകളിൽ സ്കോർ ലഭിച്ച വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ഈ ഫണ്ടിന് അപേക്ഷിക്കാൻ യോഗ്യതയില്ല എന്നാണ് 'റൂസ (RUSA)' ഇപ്പോൾ പറയുന്നത്. അതിൽ സർക്കാർ ഗൗരവമായി ഇടപെടണം. മൂന്ന് പോയിന്റിന് മുകളിൽ സ്കോർ ലഭിച്ച ഒരു വിദ്യാഭ്യാസ സ്ഥാപനം ഉന്നത നിലവാരം പുലർത്തുന്നുവെന്നത് ഒരു കുറവായി കാണാൻ പാടില്ല. അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് അവരുടെ നിലവാരം നിലനിർത്തുന്നതിനും അത് കൂടുതൽ മെച്ചപ്പെടുത്തുന്നതിനുമായി അടിസ്ഥാന സൗകര്യം വർദ്ധിപ്പിക്കാൻ കൂടുതൽ ഫണ്ട് ലഭ്യമാക്കുന്നതിനുള്ള സാഹചര്യമൊരുക്കുകയാണ് ചെയ്യേണ്ടത്. മൂന്ന് പോയിന്റ് ലഭിച്ചതുകൊണ്ട് ഇനിയൊരു ഫണ്ടിന് യോഗ്യതയില്ല എന്ന തരത്തിൽ മാനദണ്ഡങ്ങൾ നിഷ്കർഷിക്കുന്നത് ഈ വിദ്യാഭ്യാസ സ്ഥാപനങ്ങളോട് കാണിക്കുന്ന നീതികേടാണ്. അതുകൊണ്ട് സർക്കാർ ഇടപെട്ട് അത്തരം വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും പ്രസ്തുത ഫണ്ട് ലഭ്യമാക്കണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ഞാൻ മറ്റ് വിഷയങ്ങളിലേയ്ക്ക് കടക്കുന്നില്ല, നിർത്തുന്നു.

ശ്രീമതി യു. പ്രതിഭ ഹരി: സർ, 2018-ലെ ശ്രീ ശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30-6-2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

അടിയന്തര പ്രാധാന്യമുള്ള സംഗതികളിൽ ഓർഡിനൻസുകൾ കൊണ്ടു വരുന്നതിനും അത് സഭയുടെ പൊതുവായ ചർച്ചയ്ക്ക് വയ്ക്കുന്നതിനും ഈ ഗവൺമെന്റ് തയ്യാറാകുന്നുണ്ട്. എനിക്കുമുമ്പ് ഒരംഗം സംസാരിച്ചപ്പോൾ ഓർഡിനൻസ് നിരന്തരമായി കൊണ്ടുവരുന്നു എന്നുള്ള ആക്ഷേപം പറയുന്നത് കേട്ടു. എന്നാൽ ഓർഡിനൻസ് കൊണ്ടുവരിക മാത്രമല്ല, അത് ലാപ്സായിപ്പോകാതിരിക്കാൻ ഇടപെടൽ നടത്തുകയും ഈ സഭയുടെ മുമ്പാകെ ചർച്ചയ്ക്കുള്ള അവസരം ഗവൺമെന്റ് നൽകുകയും ചെയ്യുന്നുണ്ട്. കൂടാതെ ഇന്ത്യയിൽത്തന്നെ ഏറ്റവും കൂടുതൽ തവണ, കൃത്യമായി സഭ കൂടി കാര്യങ്ങൾ ചെയ്യുന്ന നിയമനിർമ്മാണസഭ എന്ന ഖ്യാതി ഇന്ന് കേരളത്തിന് അഭിമാനിക്കാവുന്ന തരത്തിലേയ്ക്ക് ഉയർന്നിട്ടുണ്ട്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയെ സംസ്കൃത ഭാഷാ പഠന കേന്ദ്രമെന്ന നിലയിൽ ലോകത്തിന്റെ വിവിധ ഭാഗങ്ങളിലുള്ള ഗവേഷകരെ ആകർഷിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് ഉയർത്താൻ കഴിയുന്നതാണ്. അവിടെ ബി.എഡ്. സെന്ററുകളും റീജിയണൽ സെന്ററുകളും തുടങ്ങിയിട്ടുണ്ട്. അത്തരം കാര്യങ്ങളെല്ലാം ന്യായീകരണത്തിനുവേണ്ടി പറഞ്ഞാലും ഒരു സാധാരണ സർവ്വകലാശാലയുടെ നിലയിലേയ്ക്ക് അത് വരുന്നതായി കാണാം. പതിനാല് സർവ്വകലാശാലകളിൽ പത്ത് സർവ്വകലാശാലകളും പ്രത്യേക വിഷയങ്ങളിൽ

വൈദഗ്ദ്ധ്യം നേടുന്നതിന് സഹായകരമായ കോഴ്സുകളാണ് നടത്തുന്നത്. ലോകത്തെ ആദ്യ ഭാഷകളിലൊന്നായി സംസ്കൃത ഭാഷയെ കാണാവുന്നതാണെന്ന് നേരത്തെ ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ഇന്ത്യയുടെ തന്നെ ഭാഷയായി സംസ്കൃതം മാറുമായിരുന്നു. എന്നാൽ സംസ്കൃത ഭാഷ വരേണ്യ വർഗ്ഗത്തിന്റെ ഭാഷയാണെന്ന രൂപത്തിൽ മാറ്റിയപ്പോൾ എല്ലാവർക്കും അത് പ്രാപ്യമായില്ല. എല്ലാവർക്കും ആ ഭാഷ പഠിക്കാനുള്ള അവസരം കിട്ടിയില്ല. ഒരുകാലത്ത് പിന്നോക്ക വിഭാഗത്തിനോ അദ്ധ്വാനിക്കുന്നവനോ സംസ്കൃത ഭാഷ കേൾക്കാനോ പഠിക്കാനോ കഴിയുമായിരുന്നില്ല. സംസ്കൃത ഭാഷ കേൾക്കുന്നത് ഒരു പിന്നോക്ക വർഗ്ഗക്കാരനാണെങ്കിൽ അവന്റെ ചെവിയിൽ ഈയം ഉരുക്കിയൊഴിക്കുന്ന ഒരു കാലമുണ്ടായിരുന്നു. അങ്ങനെ ഒരു പ്രത്യേക വിഭാഗത്തിന്റെ കയ്യിൽ ഒതുങ്ങിപ്പോയതുകൊണ്ടാണ് ഇന്ത്യയുടെ ഭാഷയായി സംസ്കൃതം മാറാതിരുന്നത് എന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഉപനിഷത്തും ഗീതയടക്കമുള്ള പുരാണഗ്രന്ഥങ്ങൾ സംസ്കൃത ഭാഷയിലാണ് രചിച്ചിരിക്കുന്നത്. എല്ലാവരിലേയ്ക്കും എത്തിക്കാൻ കഴിയുന്ന വിധത്തിൽ സംസ്കൃതത്തെ ജനകീയ ഭാഷയാക്കി മാറ്റുന്നതിന് ഈ യൂണിവേഴ്സിറ്റിയെ നമുക്ക് ഫലപ്രദമായി ഉപയോഗിക്കാവുന്നതാണ്. ഇന്നും ചാതുർവർണ്ണ്യത്തിന്റെ വക്താക്കൾ നമ്മുടെ നാട്ടിലുണ്ട്. അടുത്ത കാലത്താണ് ഒരു യൂണിവേഴ്സിറ്റിയിലെ ഗവേഷക വിദ്യാർത്ഥി തന്റെ ജന്മം പാപമാണെന്നുപറഞ്ഞ് ആത്മഹത്യാക്കുറിപ്പ് എഴുതിവച്ച് മരിച്ചത്. എന്നാൽ ബ്രിട്ടീഷ് ഭരണകാലത്തുതന്നെ യൂണിവേഴ്സിറ്റി ഓഫ് ട്രാവൻകൂർ ഇവിടെ സ്ഥാപിതമായി. ഇന്ത്യയിലെ മറ്റ് പ്രൊവിൻഷ്യൽ മേഖലകളിലൊഴികെ ഏറ്റവും നല്ല യൂണിവേഴ്സിറ്റിയായി, ഇന്ത്യയിലെ പതിനാറാമത്തെ യൂണിവേഴ്സിറ്റിയായി അന്നുതന്നെ യൂണിവേഴ്സിറ്റി ഓഫ് ട്രാവൻകൂർ മാറിയിരുന്നു. 600 നാട്ടുരാജ്യങ്ങളിൽ അഞ്ചാം സ്ഥാനം യൂണിവേഴ്സിറ്റി ഓഫ് ട്രാവൻകൂറിനുണ്ടായിരുന്നു. ഇന്നും ഇന്ത്യയിലെ മറ്റ് സംസ്ഥാനങ്ങളിൽ പലയിടത്തും സ്ത്രീകൾക്കും ദളിത് വിഭാഗത്തിൽപ്പെട്ടവർക്കും ഉന്നത വിദ്യാഭ്യാസം മാത്രമല്ല പ്രൈമറി വിദ്യാഭ്യാസംപോലും സാധ്യമാകാത്ത സ്ഥിതിയുണ്ട്. അവർക്ക് ഉന്നത വിദ്യാഭ്യാസത്തെപ്പറ്റി പറയാൻപോലും സാധിക്കുന്നില്ല. കേരളത്തിൽ സ്ത്രീകൾക്കും ദളിത് വിഭാഗങ്ങളിൽപ്പെട്ടവർക്കുമെല്ലാം പഠിക്കാൻ കഴിയുന്ന സാഹചര്യമുണ്ടായത് ഉന്നത വിദ്യാഭ്യാസ മേഖലയിൽ കേരളം കൈവരിച്ച നേട്ടങ്ങൾ കൊണ്ടുതന്നെയാണ്.

ക്വാളിറ്റി ഓഫ് എഡ്യൂക്കേഷനെക്കുറിച്ച് ശ്രീ. റോജി. എം. ജോൺ സംസാരിക്കുന്നത് കേട്ടു. നമ്മുടെ സർവ്വകലാശാലകൾക്ക് ഗ്രേഡിംഗ് ഏർപ്പെടുത്തുമ്പോൾ 3.26 എന്ന ശതമാനത്തിൽനിന്നും ഉയർത്തേണ്ടതായിട്ടുണ്ട്. ക്വാളിറ്റി ഓഫ് എഡ്യൂക്കേഷൻ വർദ്ധിപ്പിക്കേണ്ടതുണ്ട്. ബഹുമാനപ്പെട്ട പ്രൊഫ. സി. രവീന്ദ്രനാഥാണ് ഈ വകുപ്പിന്റെ മന്ത്രി. അദ്ദേഹംതന്നെ കോളേജ് പ്രൊഫസർ എന്ന നിലയിൽ ഒരുപാട് കാര്യങ്ങൾ ഈ മേഖലയിൽ ചെയ്തിട്ടുണ്ട്.

ഗവൺമെന്റിന് ഇക്കാര്യത്തിൽ വലിയ താത്പര്യമാണ്. ഉന്നത വിദ്യാഭ്യാസ മേഖലയെ പ്രത്യേകമായി സംരക്ഷിക്കുന്നതിന് അവിടെ എത്രത്തോളം പുരോഗതി കൊണ്ടുവരാമോ അത്രത്തോളം ഗവൺമെന്റ് ഇടപെടുന്നുണ്ട്. അദ്ദേഹത്തിന് ഒരുപാട് മാറ്റങ്ങൾ ഈ മേഖലയിൽ വരുത്താൻ കഴിയും. സ്റ്റുഡന്റ്സിനെ ശത്രുക്കളായി കാണുന്ന യൂണിവേഴ്സിറ്റികളുമുണ്ട്. അതൊക്കെ മാറണം. ക്വാണ്ടിറ്റി ഓഫ് എഡ്യൂക്കേഷനെക്കാളുപരി ക്വാളിറ്റി ഓഫ് എഡ്യൂക്കേഷൻ ഫോക്കസ് ചെയ്യേണ്ടതായിട്ടുണ്ടെന്ന് ഈ അവസരത്തിൽ ചൂണ്ടിക്കാണിക്കുകയാണ്. കൂടുതൽ ഗവേഷകരെ ആകർഷിക്കാൻ നമ്മുടെ സംസ്കൃത സർവ്വകലാശാലയ്ക്ക് കഴിയേണ്ടതുണ്ട്.

ശ്രീമതി ഇ. എസ്. ബിജിമോൾ: സർ, യു.ജി.സി. മാനദണ്ഡങ്ങൾക്കനുസരിച്ച് വേണ്ടത്ര പോസ്റ്റുകളില്ലാത്തതുകൊണ്ടാണ് പലപ്പോഴും നമ്മുടെ യൂണിവേഴ്സിറ്റികൾ ഗ്രേഡിംഗിൽ പിന്നിലായിപ്പോകുന്നത് എന്നാണ് മനസ്സിലാക്കാൻ കഴിയുന്നത്. അതുകൊണ്ട് റൂസ അടക്കമുള്ള ഫണ്ടുകൾ ചെലവഴിക്കാൻ കഴിയുന്നില്ല. വിദൂര വിദ്യാഭ്യാസ രംഗത്ത് കോഴ്സുകൾ ഓഫർ ചെയ്യാൻ കഴിയാത്തതും ഗ്രേഡിംഗിൽ പിന്നിൽ പോകുന്നതുകൊണ്ടാണ്. നമ്മുടെ കുട്ടികൾ കേരളത്തിനകത്തോ ഇന്ത്യയ്ക്കകത്തോ കിട്ടേണ്ട വിദ്യാഭ്യാസം നാൽപ്പതും അമ്പതും ലക്ഷം രൂപയൊക്കെ കൊടുത്ത് വിദേശത്ത് പോയി പഠിക്കേണ്ട സാഹചര്യമുണ്ടാകുന്ന എന്നുള്ളതുകൊണ്ട് യു.ജി.സി.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി പോസ്റ്റ് ക്രിയേഷൻ നടത്തേണ്ടതുണ്ട്. എൽ.ഡി.എഫ്. ഗവൺമെന്റ് വന്നതിനുശേഷം ആരോഗ്യ മേഖലയിൽ കുറെയധികം പോസ്റ്റുകൾ ക്രിയേറ്റ് ചെയ്യുന്നതിന് നടപടി സ്വീകരിച്ചു. അതുപോലെ വിദ്യാഭ്യാസ രംഗത്ത്, പ്രത്യേകിച്ച് ഉന്നത വിദ്യാഭ്യാസ രംഗത്ത് യൂണിവേഴ്സിറ്റികളുടെ ഗ്രേഡിംഗ് ഉയർത്തുന്നതിനായി യു.ജി.സി.-യുടെ മാനദണ്ഡങ്ങൾക്ക് വിധേയമായി പോസ്റ്റ് ക്രിയേഷൻ നടത്തുന്നതിന് അടിയന്തരമായി ഗവൺമെന്റിന്റെ ഇടപെടൽ ആവശ്യമുണ്ട്. ഇക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം അറിയാൻ താല്പര്യമുണ്ട്.

ഡോ. എൻ. ജയരാജ്: സർ, കോളേജുകൾക്ക് ഓട്ടോണമസ് പദവി കൊടുത്തു. ഞാൻ മനസ്സിലാക്കിയ ഒരു കാര്യം സാധാരണ കോളേജുകളിലേയ്ക്കുള്ള ആപ്ലിക്കേഷൻ ക്ഷണിക്കുന്നതിനുമുമ്പുതന്നെ ഓട്ടോണമസ് കോളേജുകളിൽ അഡ്മിഷൻ ഏതാണ്ട് പൂർത്തീകരിക്കുന്ന സ്ഥിതിയാണുള്ളത്. ഇത് ശരിയല്ല. ഇക്കാര്യത്തിൽ നിയന്ത്രണം ഉണ്ടാകണം. വർത്തമാനകാല സമൂഹത്തിൽ ഇന്ന് കാണപ്പെടുന്ന ഒട്ടേറെ അപചയങ്ങളുടെ പ്രധാന കാരണം പലപ്പോഴും വിദ്യാഭ്യാസ രംഗത്ത് കൊണ്ടുവരുന്ന തെറ്റായ പ്രവണതകളാണ്. അതിന്റെ ആത്യന്തികമായ ഫലമാണ് പിന്നീട് നമ്മൾ അനുഭവിക്കുന്നത്. വിദ്യാഭ്യാസത്തിന്റെ ലക്ഷ്യങ്ങളിൽനിന്ന് നാം പലപ്പോഴും പുറകോട്ട് പോകുകയാണ്. ആ സാമൂഹ്യദർശനം തിരികെ കൊണ്ടുവരാനുള്ള ബാദ്ധ്യതയുണ്ട്. ഒരുപക്ഷേ നാം

ഇന്ന് നേടിയെടുത്ത നവോത്ഥാന വിശ്വാസങ്ങളും സങ്കൽപ്പങ്ങളുമൊക്കെത്തന്നെ കേരളം ആർജ്ജിച്ച വിദ്യാഭ്യാസത്തിലൂടെ മാത്രം ലഭിച്ചതാണ്. വേറൊരു ഇൻവെസ്റ്റുമെന്റുമല്ല. അതുകൊണ്ട് ഇക്കാര്യങ്ങളിൽ വളരെ ഗൗരവമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. അക്കാര്യത്തിൽ അങ്ങയുടെ അഭിപ്രായം എന്താണെന്ന് അറിയാനുള്ള ആഗ്രഹമുണ്ട്.

ശ്രീമതി യു. പ്രതിഭ ഹരി: സർ, അതുസംബന്ധിച്ചൊക്കെ വലിയ ചർച്ചകൾ നടക്കുന്നുണ്ട്. വേണ്ടത്ര പരിശോധനകളില്ലാതെ സ്വയംപദവി കൊടുത്തതൊക്കെ നമ്മൾ കാലങ്ങളായി ചർച്ച ചെയ്തുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ദിവസം നടന്ന ഒരു സെമിനാറിൽ ശ്രീ. പ്രഭാത് പട്നായിക് പറഞ്ഞ ഒരു സ്റ്റേറ്റ്മെന്റ് 'ഓട്ടോണമസ് റെഗുലേഷൻ സംസ്ഥാനത്തിന്റെ അധികാരം കവരുന്നതാണ് എന്നാണ്. അതായത് യു.ജി.സി.-യുടെ പുതിയ ഓട്ടോണമസ് റെഗുലേഷൻ ഉന്നത വിദ്യാഭ്യാസത്തിന്റെ കച്ചവടവത്കരണം ശക്തിപ്പെടുത്തുന്നതാണെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടതായി വായിച്ചു. സംസ്ഥാനങ്ങളുടെ അധികാരം കവർന്നെടുക്കുന്ന ഉത്തരവുകൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നാം നേരിടുന്ന ഏറ്റവും വലിയ പ്രശ്നം തന്നെയാണ്. നമ്മുടെ മുന്നോട്ടുപോക്ക് പലപ്പോഴും സാധ്യമാകുന്നില്ല. ഡോ. യു. ആർ. അനന്തമൂർത്തി ഉൾപ്പെടെയുള്ള വി.സി.-മാരുടെ പേരുകൾ നമ്മളെല്ലാവരും അഭിമാനപൂർവ്വം പറഞ്ഞിരുന്നതാണ്. എന്നാൽ ഇന്ന് വൈസ് ചാൻസലർമാരായി യോഗ്യതയില്ലാത്തവരെ നിയമിക്കുന്ന തരത്തിലുള്ള മൂല്യച്യുതിയിലേയ്ക്ക് വിദ്യാഭ്യാസമേഖല മാറി. അതിലൊക്കെ മാറ്റം വരുത്തേണ്ടതായിട്ടുണ്ട്. അതാണ് ഞാൻ നേരത്തെ സൂചിപ്പിച്ചത്, ബഹുമാനപ്പെട്ട മന്ത്രിയുടെ സാന്നിദ്ധ്യത്തിൽതന്നെ വലിയ രൂപത്തിൽ ഈ മേഖലയിൽ ഇടപെടാൻ കഴിയുന്ന ഒരവസരമാണ് ഇപ്പോൾ നമുക്ക് ലഭിച്ചിരിക്കുന്നത്.

ശ്രീ. കെ. ബി. ഗണേഷ് കുമാർ: സർ, ഇതൊരു സംസ്കൃത സർവ്വകലാശാലയുടെ വിഷയമാണ്. എല്ലാ ഭാഷകളുടെയും മാതാവായാണ് സംസ്കൃതത്തെ കാണുന്നത്. ഉറുദു, തെലുങ്ക്, തമിഴ്, മലയാളം തുടങ്ങിയ ഭാഷകളുടെയെല്ലാം മാതാവാണ്. ഭാരതത്തിന്റെ, ഏഷ്യയുടെതന്നെ സംസ്കാരത്തിന്റെ ഒരു ഭാഗമാണത്. അതുകൊണ്ട് ആ സംസ്കാരം നിലനിർത്തുന്നതിനും ഭാരതീയ സംസ്കാരത്തിന്റെ അന്തസ്സുൾക്കൊള്ളുന്ന കുട്ടികളെ വാർത്തെടുക്കാനുമാണ് സംസ്കൃത സർവ്വകലാശാല രൂപീകരിച്ചിട്ടുള്ളത്. ശ്രീമതി യു. പ്രതിഭ ഹരി പറഞ്ഞതിനോട് ഞാൻ യോജിക്കുകയാണ്. യൂണിവേഴ്സിറ്റി വൈസ്ചാൻസലർ തലയ്ക്ക് വെളിവില്ലാത്തവനാകുന്ന ഒരു സാഹചര്യം കേരളത്തിൽ ഉണ്ടായിരുന്നുവെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ? തലയ്ക്ക് വെളിവില്ലാത്ത ആൾ യൂണിവേഴ്സിറ്റിയുടെ തലവനായിരിക്കുക, കുട്ടികൾ അകത്തേയ്ക്ക് ചെല്ലാതിരിക്കാൻ വേണ്ടി ഓഫീസിന്റെ വാതിൽ ഗ്രില്ലിട്ട് പൂട്ടുക, തുടങ്ങിയ കാര്യങ്ങൾ ചെയ്യുന്ന മാനസിക രോഗികളെയൊക്കെ വൈസ്ചാൻസലർമാരായി നിയമിക്കുന്നതിനോട് അംഗത്തിന് യോജിപ്പുണ്ടോ?

ശ്രീമതി യു. പ്രതിഭ ഹരി: ഡോ. യു. ആർ. അനന്തമൂർത്തിയെപ്പോലെയുള്ള വൈസ് ചാൻസലർമാർ നമ്മുടെ നാട്ടിലുണ്ടായിരുന്നു. എന്നാൽ പിന്നീട് ആ മേഖലയിലുണ്ടായ മൂല്യച്യുതിയെ സംബന്ധിച്ച് ഞാൻ നേരത്തെ സൂചിപ്പിച്ചിരുന്നു. സ്ത്രീകളോടുള്ള ബഹുമാനത്തെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോഴും മനുസ്മൃതിയിൽ " ന സ്ത്രീ സ്വാതന്ത്ര്യമർഹതി" എന്ന ഭാഗമാണ് കൂടുതലും കേട്ടിട്ടുള്ളത്. ചാതുർവർണ്ണ്യത്തിന്റെ വക്താക്കൾ, ഇന്നും ആർ.എസ്.എസ്., അവരുടെ ഭാഷയാണ്, ഞങ്ങളുടെ കയ്യിലിരിക്കേണ്ടത് മാത്രമാണ് സംസ്കൃതം എന്ന രൂപത്തിലുള്ള ഇടപെടൽ ഇന്നും നടത്തുന്നുണ്ട്. 'ന സ്ത്രീ സ്വാതന്ത്ര്യമർഹതി' എന്നുള്ളത് വലിയ പ്രചരണം നേടി. എന്നാൽ ഭാരതത്തിന്റെ സംസ്കാരത്തെ അല്ലെങ്കിൽ മുന്നോട്ടുപോക്കിനെ സഹായിക്കാൻ കഴിയുന്ന തരത്തിൽ ഉപനിഷത്തിലും ഭഗവത്ഗീതയിലുമൊക്കെ എഴുതിയിരിക്കുന്നത് എല്ലാവരിലും എത്താതിരിക്കുന്നതിന് സംസ്കൃത ഭാഷയെ തടഞ്ഞുവച്ചുകൊണ്ട് അതിന്റെ വ്യാപനം തടയാനുള്ള ബോധപൂർവ്വമായ ശ്രമം മുൻകാലം മുതൽതന്നെ നടന്നിരുന്നു. ശ്രീമതി ഇ. എസ്. ബിജിമോൾ എം.എൽ.എ. ഇവിടെ സൂചിപ്പിച്ചതുപോലെ, ഒരുപാടുപേർക്ക് തൊഴിൽ നൽകാൻ വേണ്ടിയുള്ള സ്റ്റാർട്ട് അപ് അടക്കമുള്ള കാര്യങ്ങൾ നമ്മുടെ ഗവൺമെന്റ് ചെയ്യുന്നുണ്ട്. എന്നാൽ വർഷംതോറും നിരവധി കുട്ടികളാണ് കോളേജുകളിൽനിന്നും പഠനം പൂർത്തിയാക്കി പുറത്തുവരുന്നത്. ഗവൺമെന്റിന്റെ പോളിസിയാണ് സ്റ്റാർട്ട് അപ് തുടങ്ങുക എന്നുള്ളത്. കോളേജുകളിൽ നിന്നുതന്നെ അവരെ ഓരോ പ്രത്യേക മേഖലയിലേക്ക് ജോലിക്ക് പ്രാപ്തരാക്കുന്ന രൂപത്തിൽ കൃത്യമായ ദിശാബോധത്തോടുകൂടി പുറത്തേയ്ക്കുവിട്ടാൽ ഗവൺമെന്റിന്റെ നയത്തിനനുസരിച്ച് കൂടുതൽ തൊഴിലവസരങ്ങൾ സൃഷ്ടിക്കാൻ കഴിയും. അതുപോലെ, ഓപ്പൺ യൂണിവേഴ്സിറ്റിയുടെ സാധ്യത പരമാവധി പ്രയോജനപ്പെടുത്തുന്നതിനുള്ള ഇടപെടൽ സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകണം.

ശ്രീ. വി. അബ്ദുറഹിമാൻ: സർ, കേരളത്തിൽ വിദ്യാഭ്യാസ പരിഷ്കരണവുമായി ബന്ധപ്പെട്ട് വലിയ പ്രവർത്തനങ്ങളാണ് സർക്കാർ നടത്തിവരുന്നത്. ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള ചില കാര്യങ്ങളിൽ കൂടുതൽ ശ്രദ്ധ പതിപ്പിക്കണമെന്നുള്ള അഭിപ്രായം അങ്ങേയ്ക്കുണ്ടോ? സമയബന്ധിതമായും കൃത്യനിഷ്ഠ പാലിച്ചും ബിരുദാനന്തര കോഴ്സുകളുടെ റിസൾട്ട് പ്രസിദ്ധപ്പെടുത്തുന്നതിലും സർവ്വകലാശാലകളുടെ കാര്യക്ഷമത വർദ്ധിപ്പിക്കുന്നതിലും സർക്കാർ കൂടുതൽ ശ്രദ്ധ പതിപ്പിക്കേണ്ടതുണ്ടെന്ന അഭിപ്രായം അങ്ങേയ്ക്കുണ്ടോ?

ശ്രീമതി യു. പ്രതിഭ ഹരി: സർ, അതിനുവേണ്ട ശക്തമായ ഇടപെടൽ നമ്മുടെ ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടായിട്ടുണ്ട്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ

വകുപ്പുമന്ത്രി നടത്തിയ ഒരു സ്റ്റേറ്റ്മെന്റ് നമ്മുടെയെല്ലാം ശ്രദ്ധയിൽ വന്നിട്ടുണ്ട്. സംസ്ഥാനത്തെ സർവ്വകലാശാലകൾക്കായി അക്കാദമിക് പരീക്ഷാ കലണ്ടർ രൂപീകരിക്കാനും വാർഷിക വെക്കേഷനുകൾക്കുപകരം സ്പ്ലിറ്റ് വെക്കേഷൻ സമ്പ്രദായം നടപ്പാക്കാനും പ്രൊ-വൈസ് ചാൻസലർമാരുടെ കമ്മിറ്റി രൂപീകരിക്കാനുള്ള പുതിയ നടപടികൾക്ക് വിദ്യാഭ്യാസ വകുപ്പ് ശ്രമിക്കുന്നുണ്ട് എന്നാണ് അതിൽ പറയുന്നത്.

തൊഴിലില്ലായ്മ വലിയൊരു പ്രശ്നമാണ്. ഇന്ത്യയിൽ ഏകദേശം രണ്ടരക്കോടിയിലധികം പേർക്ക് പ്രതിവർഷം ജോലി കൊടുക്കാമെന്ന് പറഞ്ഞാണ് കഴിഞ്ഞ പ്രധാനമന്ത്രി അധികാരത്തിലേറിയതെങ്കിലും ഇന്ന് സ്ഥിരം തൊഴിൽപോലുമില്ലാത്ത ഒരു സംവിധാനത്തിലേയ്ക്ക് നമ്മുടെ രാജ്യം എത്തിച്ചേർന്നിരിക്കുകയാണ്. കേരളത്തിൽ വിദ്യാഭ്യാസത്തിന്റെ ക്വാളിറ്റി വർദ്ധിപ്പിച്ച് യുവജനങ്ങളെ തൊഴിലിന് പ്രാപ്തരാക്കാൻ എന്തെല്ലാം ചെയ്യാൻ കഴിയുമെന്നുകൂടി ഈ അവസരത്തിൽ ചർച്ച ചെയ്യാവുന്നതാണ്. അവിടെയാണ് സ്റ്റാർട്ട് അപ്പുകളുടെ പ്രസക്തിയുള്ളത്.

ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാലയ്ക്ക് അപാരമായ സാധ്യതയാണുണ്ടായിരുന്നത്. ഒരുപക്ഷേ കേരളത്തിന് ആ അവസരങ്ങൾ പലപ്പോഴും നഷ്ടമായി എന്ന് നമുക്ക് പറയേണ്ടിവരും. സംസ്കൃത ഭാഷ ഏതെങ്കിലുമൊരു വിഭാഗത്തിന്റേതു മാത്രമല്ലെന്നും താത്പര്യമുള്ള എല്ലാവർക്കും പഠിക്കാൻ കഴിയുമെന്നുമുള്ള ധാരണയുണ്ടാകണം. നേരത്തെ അറബിക് യൂണിവേഴ്സിറ്റി സ്ഥാപിക്കുന്നതിനെക്കുറിച്ച് ഇവിടെ പറയുകയുണ്ടായി. ഒരു ഭാഷയും ആരുടെയും സ്വന്തമല്ല. പഠിക്കാൻ ആഗ്രഹിക്കുന്ന ആർക്കും ആ ഭാഷ പഠിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാകണം. പ്രത്യേകിച്ച് മതേതരത്വത്തിന്റെ ഏറ്റവും വലിയ തുരുത്തായി കേരളം മാറുമ്പോൾ അല്ലെങ്കിൽ മതേതരത്വത്തിന്റെ വക്താക്കളായി കേരളത്തിലെ ഭരണം മാറുമ്പോൾ പഴയകാലത്തെ ഇത്തരം ചിന്തകൾക്ക് മാറ്റം വരുത്താൻ ഇത്തരം യൂണിവേഴ്സിറ്റികളെ ഉപയോഗിക്കാവുന്നതാണ്. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള ഗവേഷകരെ ആകർഷിക്കാൻ കഴിയുന്ന തരത്തിലേയ്ക്ക് ഈ കോളേജിനെ മാറ്റേണ്ടതായിട്ടുണ്ട്. ക്യാമ്പസ് സർവ്വകലാശാലയെന്ന നിലയിൽ ഒരു ഗവേഷക കേന്ദ്രമാക്കി നമുക്ക് ഈ സ്ഥാപനത്തെ ഉയർത്താൻ കഴിയും. വ്യാകരണത്തിന്റെയൊക്കെ കാര്യത്തിൽ സംസ്കൃതത്തിന് ഒരു പെർഫെക്ഷനുണ്ട്. ആർ.എസ്.എസ്.-ന്റേതാണ്, ചാതുർവർണ്യത്തിന്റെ വക്താക്കളുടേതാണ് അല്ലെങ്കിൽ വരേണ്യവർഗ്ഗത്തിന്റേതാണ് എന്നുള്ള രൂപത്തിൽ ഈ ഭാഷയെ

കൈകാര്യം ചെയ്യാൻ ഇപ്പോൾ ഒരു കൂട്ടർ ശ്രമിക്കുമ്പോൾ അതിനെതിരെയുള്ള ഒരു ക്യാമ്പയിനായി ഏറ്റെടുക്കുന്നതിന് ഈ ഭേദഗതി സഹായകരമാണ്. കാരണം ഇതിൽ വളരെ വ്യക്തമായി പറയുന്നുണ്ട്. അക്കാദമിക് ഇയറിന്റെ ആരംഭത്തിൽ അദ്ധ്യാപകർ വിരമിക്കുന്നത് കുട്ടികൾക്ക് വലിയ ബുദ്ധിമുട്ടുണ്ടാക്കുന്നു. അത് ഒഴിവാക്കാനുള്ള ഇടപെടലാണ് ഈ ഭേദഗതിയിലൂടെ നടത്തിയിരിക്കുന്നത്. അദ്ധ്യയന വർഷത്തിന്റെ തുടക്കത്തിലാണ് വിരമിക്കേണ്ടതെങ്കിൽ അത് അദ്ധ്യയന വർഷത്തിന്റെ അവസാനമാക്കി ഏകീകരിക്കുന്നുവെന്ന് മാത്രമേയുള്ളൂ. മറ്റ് യൂണിവേഴ്സിറ്റികളിലേതുപോലെ ഏകീകരിക്കാനുള്ള ശ്രമമാണ് നടത്തിയിരിക്കുന്നത്. കുട്ടികൾക്ക് സഹായകരമാകുന്ന തരത്തിലുള്ള ഭേദഗതിയാണിത്. സംസ്കൃത ഭാഷയ്ക്ക് പ്രചരണം നൽകുന്നതിന് ശ്രീശങ്കരാചാര്യ യൂണിവേഴ്സിറ്റിക്ക് കഴിയട്ടെ എന്ന് ആത്മാർത്ഥമായി ആഗ്രഹിക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ: സർ, 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

ഇടതുപക്ഷ ജനാധിപത്യ മുന്നണി ഗവൺമെന്റ് അധികാരത്തിലേറി രണ്ട് വർഷം പൂർത്തീകരിക്കുമ്പോൾ കേരളത്തിന്റെ സമസ്ത മേഖലകളിലുമുണ്ടായ ഉണർവ് വളരെ പ്രകടമാണ്. വിദ്യാഭ്യാസ മേഖലയുടെ സമഗ്ര പുരോഗതിക്കായി നടപ്പിലാക്കിവരുന്ന പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞം നഗര-ഗ്രാമ ഭേദമെന്യേ കേരള ജനത ഏറ്റെടുത്തിരിക്കുകയാണ്. യു.ഡി.എഫ്. ഭരണകാലത്ത് തകർച്ചയുടെ വക്കിലെത്തിയ പൊതുവിദ്യാഭ്യാസത്തെ ശരിയായ പാതയിലേയ്ക്ക് നയിക്കുന്നതിനുവേണ്ടി ഒരു മിഷൻതന്നെ കേരളത്തിൽ നടപ്പിലാക്കുകയാണ്. ലോകോത്തര നിലവാരത്തിലുള്ള സൗകര്യങ്ങൾ പൊതുവിദ്യാലയങ്ങളിൽ സജ്ജമാക്കിയതോടെ പൊതുവിദ്യാഭ്യാസ മേഖലയ്ക്ക് കിട്ടിയ പുത്തൻ ഉണർവ് കേരളത്തിന്റെ സാമൂഹിക പുരോഗതിക്കും വരുംകാല മാറ്റങ്ങൾക്കും ഏറെ സഹായകരമാകുമെന്നതിന് സംശയമില്ല. സംസ്ഥാനത്തെ പൊതു വിദ്യാലയങ്ങളിലെ 45000 ക്ലാസ് മുറികൾ ഹൈടെക് നിലവാരത്തിലേയ്ക്ക് ഉയർത്തുകയും കമ്പ്യൂട്ടറുകളും അനുബന്ധ ഉപകരണങ്ങളും ലഭ്യമാക്കുകയും ചെയ്തു. പൊതുവിദ്യാലയങ്ങൾ മികവിന്റെ കേന്ദ്രങ്ങളായി മാറിക്കൊണ്ടിരിക്കുകയാണ്. അടിസ്ഥാന വിദ്യാഭ്യാസ മേഖലയിലുണ്ടായ മാറ്റങ്ങൾക്ക് അനുസൃതമായ വ്യതിയാനങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിലും ഉണ്ടാകേണ്ടിയിരിക്കുന്നു. വിദ്യാഭ്യാസ കച്ചവടത്തിന്റെ വക്താക്കളായ യു.ഡി.എഫ്. ഉന്നത വിദ്യാഭ്യാസ മേഖലയെ സ്വാശ്രയ മുതലാളിമാരുടെ മുന്നിൽ അടിയറവ് വയ്ക്കുകയും അവരുടെ കീശ വീർപ്പിക്കുന്നതിനുള്ള നിയമ നിർമ്മാണം നടത്തുകയും ചെയ്തു. സ്വാശ്രയ

മാനേജ്മെന്റുകൾ ഉന്നത വിദ്യാഭ്യാസത്തിന്റെ കടിഞ്ഞാൺ ഏറ്റെടുക്കുന്ന നിലയിലെത്തി. മെഡിക്കൽ സർവ്വകലാശാലയിലെ ഉന്നത ഉദ്യോഗസ്ഥൻ കൈക്കൂലി വാങ്ങുന്ന ദൃശ്യങ്ങൾ മാധ്യമങ്ങളിൽ നിറഞ്ഞു. ജാതിമത വിഭാഗങ്ങൾക്ക് സർവ്വകലാശാലകളുടെ നേതൃസ്ഥാനം വീതം വച്ചു. കെടുകാര്യസ്ഥതയും അഴിമതിയും ധൂർത്തും സർവ്വകലാശാലകളുടെ മുഖമുദ്രയായി. യു.ഡി.എഫ്. ഭരണകാലം ഉന്നത വിദ്യാഭ്യാസ മേഖലയുടെ ശനിദശയായിരുന്നു.

വർദ്ധിച്ചുവരുന്ന വിജ്ഞാനവ്യാപനം കണക്കിലെടുത്ത് സിലബസുകൾ നിരന്തരം പരിഷ്കരിക്കേണ്ടതുണ്ട്. NAAC-ന്റെ 'എ' ഗ്രേഡ് അക്രഡിറ്റേഷൻ നേടുന്ന കാമ്പസുകൾ കേരളത്തിൽ കുറഞ്ഞുവരികയാണ്. എന്നാൽ തമിഴ്നാട് അടക്കമുള്ള സംസ്ഥാനങ്ങളിൽ പ്രൈവറ്റ് യൂണിവേഴ്സിറ്റി വരെ 'എ' ഗ്രേഡ് അക്രഡിറ്റേഷൻ നേടുകയാണ്. ഇവിടത്തെ സർവ്വകലാശാലകൾക്ക് അവയുടെ പ്ലാനിംഗിലും കാമ്പസ് നവീകരണത്തിലും അക്കാദമിക നിലവാരമുയർത്ത ലിലുമൊന്നും ആത്മാർത്ഥതയില്ല. സർവ്വകലാശാലകളിലെ ലൈബ്രറിയും റഫറൻസ് സെന്ററും 24 മണിക്കൂറും പ്രവർത്തിക്കുന്ന തരത്തിലേയ്ക്ക് മാറേണ്ടിയിരിക്കുന്നു. സർവ്വകലാശാലകളുടെയും ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളുടെയും കാര്യക്ഷമത ഉയർത്തുന്നതിനുവേണ്ടിയുള്ള സമഗ്ര പദ്ധതികൾ നടപ്പിലാക്കുന്നത് പ്രതീക്ഷ ഉണർത്തുന്ന കാര്യമാണ്. ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാർ വിവിധ സർവ്വകലാശാലകളുടെയും ഗവേഷണ സ്ഥാപനങ്ങളുടെയും കർമ്മശേഷി വർദ്ധിപ്പിച്ച് ഗൗരവതരമായ ഗവേഷണത്തെ പ്രോത്സാഹിപ്പിക്കുന്നതിനുവേണ്ടി കൈരളി ഗവേഷണ പുരസ്കാരം ഏർപ്പെടുത്തിയിട്ടുണ്ട്. ബഹുവൈജ്ഞാനിക കോഴ്സുകൾ ആരംഭിക്കുന്നത് ഉൾപ്പെടെ കരിക്കുലം നവീകരിക്കുന്നതിനുള്ള പ്രവർത്തനങ്ങൾ വിവിധ സർവ്വകലാശാലകളിൽ നടന്നുവരികയാണ്. ഇത് ഉന്നത വിദ്യാഭ്യാസ മേഖലയുടെ കുതിച്ചുചാട്ടത്തിന് സഹായിക്കുമെന്നതിൽ സംശയമില്ല.

കേന്ദ്ര ഗവൺമെന്റ് നടപ്പിലാക്കുന്ന പിന്തിരിപ്പൻ ഫാസിസ്റ്റ് അജണ്ട ഉന്നത വിദ്യാഭ്യാസ മേഖലയെ മലീമസമാക്കുകയാണ്. ഇതിനെതിരായി എല്ലാ ഭാഗത്തുനിന്നും പ്രതിഷേധങ്ങൾ ഉയരുന്നു. ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഹിന്ദുത്വം കുത്തിനിറയ്ക്കുന്നതിനും കാവിവൽക്കരിക്കപ്പെടുന്നതിനുമുള്ള ശ്രമങ്ങൾ നടക്കുമ്പോൾ നമ്മുടെ രാഷ്ട്രം നൂറ്റാണ്ടുകളായി പിന്തുടരുന്ന മതേതരത്വ മൂല്യങ്ങൾ നഷ്ടപ്പെടാതിരിക്കുന്നതിന് സർവ്വകലാശാലകൾ മതേതരത്വത്തിന്റെ പ്രതീകങ്ങളായി സംരക്ഷിക്കപ്പെടേണ്ടിയിരിക്കുന്നു. ഇതിനായി ഉറച്ച നിലപാടുകളെടുക്കുന്നതിന് ഇടതുപക്ഷ ജനാധിപത്യ മുന്നണി സർക്കാരിന് സാധ്യമാകുമെന്നതിൽ സംശയമില്ല.

സർവ്വകലാശാലകളുടെ പ്രവർത്തനം സുഗമവും പുരോഗമനാത്മകവുമാക്കുന്നതിന് സർവ്വകലാശാലകളിൽ ജനാധിപത്യ സ്വഭാവത്തോടുകൂടിയ ഭരണ അക്കാദമിക സമിതികൾ ഉണ്ടാകേണ്ടിയിരിക്കുന്നു. കാര്യക്ഷമവും സുശക്തവുമായ സർവ്വകലാശാല ഭരണം ഉറപ്പാക്കുന്നതിനുവേണ്ടി അവതരിപ്പിച്ച നിയമഭേദഗതികൾ ഉന്നത വിദ്യാഭ്യാസ മേഖലയിലുണ്ടാകാൻ പോകുന്ന മാറ്റത്തിന്റെ സൂചനയാണ്. വിവര വിജ്ഞാന മേഖല അനുദിനം മാറിക്കൊണ്ടിരിക്കുന്ന സാഹചര്യത്തിൽ ഈ മേഖലയിൽനിന്നും പ്രതിനിധികൾ സർവ്വകലാശാലയുടെ ഭരണ കൗൺസിലിൽ ഉണ്ടാകേണ്ടത് അനിവാര്യമാണെന്നു സൂചിപ്പിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീമതി ഇ.എസ്. ബിജിമോൾ)

12.00 Noon]

ശ്രീ. മഞ്ഞളാംകുഴി അലിക്കുവേണ്ടി പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ: Sir, I move that- " This House resolves to disapprove The Kerala University (Alternate Arrangement Temporarily of Senate and Syndicate) Ordinance, 2018 (Ordinance No.36 of 2018)."

കേരളത്തിലെ വിദ്യാഭ്യാസ മേഖലയുടെ പ്രവർത്തനം അരക്ഷിതാവസ്ഥയിലാകുന്ന തരത്തിലാണ് കാര്യങ്ങൾ മുന്നോട്ടുപോകുന്നത്. ഗവേഷണവും നടപടിയും ഒരുപോലെ മുന്നോട്ടുപോകണമെന്ന് ആഗ്രഹിക്കുകയാണ് ഉന്നത വിദ്യാഭ്യാസ മേഖല. എന്നാൽ ഗവേഷണത്തിന്റെ ഭാവി കരുപ്പിടിപ്പിക്കേണ്ടുന്ന സർവ്വകലാശാലകൾക്ക് അതിനുള്ള ശേഷി കൈമോശം വന്ന അവസ്ഥയാണ് ഇന്ന് കാണാൻ സാധിക്കുന്നത്. രാഷ്ട്രീയമായി നമുക്ക് അപ്പുറത്തും ഇപ്പുറത്തും നിന്ന് പറയാമെങ്കിലും ഒരു പ്രൊഫസർ കൂടിയായ ബഹുമാന്യനായ വിദ്യാഭ്യാസ വകുപ്പുമന്ത്രി കേരളത്തിലെ വിദ്യാഭ്യാസ രംഗം പരിശോധിച്ചാൽ, ഉന്നത വിദ്യാഭ്യാസ മേഖല ഗുണകരമായ തരത്തിലൂടെയല്ല മുന്നോട്ടുപോകുന്നതെന്ന് മനസ്സിലാക്കാൻ സാധിക്കും. ദേശീയ-അന്തർദ്ദേശീയ മികവുകളുടെ പട്ടികയിൽനിന്ന് കേരളം പിന്തള്ളപ്പെട്ടുപോയിരിക്കുകയാണെന്ന് നമുക്ക് അറിയാവുന്നതാണ്. പലപ്പോഴും അതിനുള്ള കാരണങ്ങൾ നമ്മൾ ആലോചിക്കുമ്പോൾ സങ്കുചിതമായ രാഷ്ട്രീയ ഇടപെടലുകളുടെ ഭാഗമാണെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. അക്കാദമികതലത്തെ ഷണ്ഡീകരിച്ച് സർവ്വകലാശാലകളെ നാശത്തിന്റെ വക്കിലേയ്ക്ക് പിന്തള്ളിക്കൊണ്ടിരിക്കുകയാണ്. അക്കാദമികരംഗം തകരുന്നതോടൊപ്പം ഭൗതിക സാഹചര്യങ്ങളുടെ ഇല്ലായ്മയും നിലവാരത്തകർച്ചയും അനുഭവപ്പെടുകയാണ്. പൊതുവിദ്യാഭ്യസ യജ്ഞത്തിന്റെ

ഭാഗമായി പ്രൈമറി മുതൽ ഹയർ സെക്കണ്ടറിതലം വരെ മാറ്റംവരുത്തുന്നതിന് ശ്രമിക്കുന്നുണ്ടെങ്കിലും ഉന്നത വിദ്യാഭ്യാസ രംഗത്തുള്ള പരിമിതികൾ ധാരാളമാണ്. കേരള യൂണിവേഴ്സിറ്റിയിലെ ചില ജീവനക്കാർ എം.എൽ.എ. ഹോസ്റ്റലിലെ ക്യാന്റീനിൽ ഭക്ഷണം കഴിക്കാൻ വരുന്നത് കാണാറുണ്ട്. അവിടെ ക്യാന്റീനില്ലെന്നു മാത്രമല്ല, ജീവനക്കാർക്ക് ആവശ്യമായ സാനിട്ടേഷൻ സൗകര്യം പോലുമില്ലെന്ന് അവർ പലപ്പോഴും പറയാറുണ്ട്. അത്രമാത്രം ഭൗതിക സാഹചര്യങ്ങളില്ലാത്ത അവസ്ഥ ഉണ്ടായിക്കൊണ്ടിരിക്കുന്നു. അക്കാദമിക രംഗത്തും ഭൗതിക രംഗത്തും ഉന്നത വിദ്യാഭ്യാസ മേഖല പ്രയാസങ്ങൾ അനുഭവിക്കുന്ന പരിതാപകരമായ അവസ്ഥാവിശേഷമുണ്ട്. അത് പരിഹരിക്കപ്പെടാനാവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

അനദ്ധ്യാപക നിയമനങ്ങൾ പി.എസ്.സി.-ക്ക് വിട്ടുകൊടുക്കാൻ തീരുമാനിച്ചതിലൂടെ ബിരുദ-ബിരുദാനന്തര പരീക്ഷകൾ നടത്തുന്ന സ്ഥാപനത്തിന് അവിടത്തെ അനദ്ധ്യാപകരുടെ നിയമനത്തിന് കഴിവില്ലെന്ന് സ്വയം സമ്മതിക്കുന്ന അവസ്ഥാവിശേഷം നിലനിൽക്കുകയാണ്. കേരള യൂണിവേഴ്സിറ്റിയിൽ സംഭവിച്ച രാഷ്ട്രീയ ഇടപെടലുകളുടെ ഭാഗമായുണ്ടായ നിയമനവിവാദങ്ങളുടെ കാര്യത്തിലാണ് അത്തരം നടപടിയും നിലപാടും സ്വീകരിച്ചതെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല.

യൂണിവേഴ്സിറ്റിയുടെ സാമ്പത്തിക ഇടപാടുകൾ ട്രഷറിയിലേയ്ക്ക് മാറ്റി അവരുടെ സ്വയംഭരണത്തെ നശിപ്പിക്കുകയും ഗവൺമെന്റ് തലത്തിലുള്ള സെക്രട്ടറിമാർ അടക്കമുള്ള ഉദ്യോഗസ്ഥർ അത് നിയന്ത്രിക്കുകയും ചെയ്യുമ്പോൾ യൂണിവേഴ്സിറ്റിയുടെ ഭരണം ചില സർക്കാർ വകുപ്പുകളുടെ തരത്തിലേയ്ക്ക് പോകുമോയെന്ന് സംശയിക്കേണ്ടതുണ്ട്.

ഇടതുപക്ഷ സംഘടനകൾക്കാണ് സർവ്വകലാശാലകളിൽ കരുത്തുള്ളത് എന്ന കാര്യം മറച്ചുവയ്ക്കുന്നില്ല. ഒരു കാലത്ത് മികവിന്റെ കേന്ദ്രങ്ങളായിരുന്നു ഇൻഡ്യയിലെ വിവിധ സർവ്വകലാശാലകൾ. അതിൽ ഉൾപ്പെട്ടതാണ് ഏറ്റവും ഉന്നത നിലവാരം പുലർത്തിയിരുന്ന ബംഗാളിലെ സർവ്വകലാശാലകൾ. ഇന്ന്, ബംഗാളിലെ സർവ്വകലാശാലകൾ മൂന്നാംകിട സർവ്വകലാശാലകളായി മാറിയ ഒരു അവസ്ഥാവിശേഷമുണ്ട്. അങ്ങനെയുള്ള രാഷ്ട്രീയ നിലപാടുകൾ സ്വീകരിച്ച് മുന്നോട്ടുപോയാൽ നാളെ കേരളവും അത്തരമൊരു പരിതാപകരമായ അവസ്ഥാ വിശേഷത്തിലേയ്ക്ക് പോകും. അങ്ങ് ഇവിടെ അവതരിപ്പിക്കുന്ന കേരള സർവ്വകലാശാല ബിൽ അതിന് സാധിക്കുന്ന തരത്തിലുള്ള ഒരു ബില്ലായി മാറുമോയെന്ന് ഞാൻ സംശയിക്കുകയാണ്.

1937-ൽ ആരംഭിച്ച തിരുവിതാംകൂർ യൂണിവേഴ്സിറ്റിയുടെ ആദ്യത്തെ ചാൻസലർ മൺമറഞ്ഞ ശ്രീചിത്തിര തിരുനാൾ ബാലരാമവർമ്മ മഹാരാജാവും വൈസ് ചാൻസലർ ദിവാൻ സി. പി. രാമസ്വാമി അയ്യരുമായിരുന്നു. മഹാകലാശാലയാക്കി മാറ്റാനായിരുന്നു സർ സി.പി.-യുടെ ഉദ്ദേശ്യം. എന്റെ അറിവ് ശരിയാണെങ്കിൽ പ്രശസ്ത ശാസ്ത്രജ്ഞനായിരുന്ന ആൽബർട്ട് ഐൻസ്റ്റീനെ ഈ സർവ്വകലാശാലയുടെ വി.സി. ആക്കണമെന്ന് ഉദ്ദേശിച്ചിരുന്നതായി ചരിത്രരേഖകളിൽ വായിച്ചിട്ടുണ്ട്. പക്ഷെ എന്തുകൊണ്ടോ അദ്ദേഹത്തിന് അതിന് കഴിഞ്ഞില്ല. തിരുവിതാംകൂർ സർവ്വകലാശാലയെ നളന്ദ, തക്ഷശില എന്നീ പുരാതന സർവ്വകലാശാലകളുടെ മാതൃകയിൽ വികസിപ്പിക്കാൻ അദ്ദേഹം ശ്രമിച്ചിരുന്നു. 1957-ൽ കേരള യൂണിവേഴ്സിറ്റി ആക്ട് നിലവിൽ വന്നപ്പോൾ തിരുവിതാംകൂർ യൂണിവേഴ്സിറ്റി കേരള സർവ്വകലാശാലയായി മാറി. അന്ന് കേരള യൂണിവേഴ്സിറ്റിയിൽ തിരുവനന്തപുരം, കോഴിക്കോട്, എറണാകുളം എന്നിങ്ങനെ മൂന്ന് കാമ്പസുകൾ പ്രവർത്തിച്ചിരുന്നു. 1968-ൽ കോഴിക്കോട് കാമ്പസ് സ്വതന്ത്രമായി കോഴിക്കോട് സർവ്വകലാശാലയായി മാറി. അത്തരത്തിൽ നിലനിൽക്കുന്ന സർവ്വകലാശാലകളിൽ അങ്ങ് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ബില്ലിലൂടെ മാറ്റം വരാൻ പോകുകയാണ്. 1974-ൽ നിലവിൽവന്ന സർവ്വകലാശാല നിയമത്തിൽ തെരഞ്ഞെടുക്കപ്പെടുന്ന അംഗങ്ങളുടെ ഘടനയിൽ മാറ്റം വരുത്താൻ മുൻ സർക്കാരുകളൊന്നും നാളിതുവരെ ശ്രമിച്ചില്ല. ഗവൺമെന്റുകൾ മാറിമാറി വരുമ്പോൾ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും സംസ്ഥാന സർക്കാരുകളുടെ താല്പര്യങ്ങൾക്കനുസരിച്ച് സ്ട്രക്ചറിൽ മാറ്റം വരുത്താതെ ചില കൂട്ടിച്ചേർക്കലുകളും ഒഴിവാക്കലുമൊക്കെ നടത്തി തങ്ങൾക്ക് താല്പര്യമുള്ള ആളുകളെ കൊണ്ടുവരാൻ ശ്രമിക്കാറുണ്ട്. ഇതുവരെ ഒരു ഗവൺമെന്റും യഥാർത്ഥ സ്ട്രക്ചർ തകിടം മറിച്ചുകൊണ്ട് ഇങ്ങനെയൊരു നിലപാട് സ്വീകരിക്കാൻ മുന്നോട്ടുവന്നിട്ടില്ല. അങ്ങ് വിദ്യാഭ്യാസ മന്ത്രിയായിരിക്കുന്ന കാലഘട്ടത്തിലാണ് ഈയൊരു നിലപാട് വച്ച് ബിൽ അവതരിപ്പിക്കാൻ ശ്രമിക്കുന്നതെന്ന കാര്യം വളരെ ഖേദകരമാണ്. ഇന്ന് കേരള യൂണിവേഴ്സിറ്റിയുടെ കീഴിൽ 21 ഗവൺമെന്റ് ആർട്ട്സ് ആൻഡ് സയൻസ് കോളേജുകളും 46 ഗവൺമെന്റ് എയ്ഡഡ് കോളേജുകളും 158 എയ്ഡഡ് കോളേജുകളും പ്രവർത്തിക്കുന്നുണ്ട്. ലാ കോളേജ് പോലുള്ള പ്രൊഫഷണൽ കോളേജുകളും സ്വാശ്രയ കോളേജുകളും മാനേജ്മെന്റ് കോളേജുകളും ബി.എഡ്., ഫാർമസി, നഴ്സിംഗ് കോളേജുകളും മുമ്പത്തേക്കാളേറെ വർദ്ധിച്ചിട്ടുണ്ടെന്ന് നമുക്കറിയാം. 2018-ലെ കേരള സർവ്വകലാശാല ബില്ലിലെ 17-ാം വകുപ്പിലെ 11-ാം ഉപവകുപ്പിൽ ഉണ്ടായിരുന്ന മാനേജരുടെ പ്രാതിനിധ്യം നാലിൽ നിന്ന് ഒന്നാക്കി കുറയ്ക്കുകയാണ് അങ്ങ് ഈ ബില്ലിലൂടെ ചെയ്യുന്നത്. ഇത് എയ്ഡഡ്/സ്വാശ്രയ രംഗത്തെ വിദ്യാഭ്യാസ സ്ഥാപനങ്ങളെയും അവർ

പ്രതിനിധാനം ചെയ്യുന്ന സമൂഹത്തിന്റെയും പ്രാതിനിധ്യം ഇല്ലാതാക്കുകയാണ് ചെയ്യുന്നത്. എയ്ഡഡ് മേഖലയിൽ പ്രവർത്തിക്കുന്ന കോളേജുകൾ അധികവും എസ്.എൻ.ഡി.പി., എസ്.എൻ. ട്രസ്റ്റ്, എൻ.എസ്.എസ്., ക്രിസ്ത്യൻ സംഘടനകൾ കൂടാതെ വ്യക്തിഗത മാനേജ്മെന്റുകൾ തുടങ്ങിയവയുടെ കീഴിലാണ്. അവയുടെ സംഭാവനകൾ നമുക്ക് വിസ്മരിക്കാൻ കഴിയില്ല. ഉന്നത വിദ്യാഭ്യാസം സാർവ്വത്രികമാക്കുന്നതിനും പിന്നോക്ക ന്യൂനപക്ഷ വിഭാഗങ്ങൾ തിങ്ങിപ്പാർക്കുന്ന മേഖലകളിൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കുന്നതിനും സ്വന്തം പ്രയത്നവും പണവും ചെലവഴിച്ചവരെ നാം മറന്നുപോകരുത്. അവരുടെ അധ്വാനത്തിന്റെ ഫലമാണ് ഇന്ന് കേരളത്തിൽ കാണുന്ന ഉന്നത വിദ്യാഭ്യാസരംഗത്തെ നേട്ടം. അതുകൊണ്ട് മാനേജർമാരുടെ പ്രാതിനിധ്യം 1974-ൽ നിലവിലുണ്ടായിരുന്നതുപോലെ 4 എന്നാക്കി നിലനിർത്തുന്നതായിരിക്കും ഉചിതം. പ്രൊപ്പോർഷണേറ്റ് റെപ്രസന്റേഷൻ മാറ്റിമറിക്കുകയാണ് അങ്ങ് ഈ ഭേദഗതിയിലൂടെ ചെയ്യുന്നത്. കോളേജുകളുടെ പ്രാതിനിധ്യമനുസരിച്ച് ഉണ്ടായിരുന്ന മാനേജർമാരുടെ എണ്ണം 4-ൽ നിന്ന് ഒന്നാക്കി ചുരുക്കുകയാണ്. ഒരു സിസ്റ്റത്തിനുവേണ്ടി അംഗങ്ങളുടെ എണ്ണം കുറയ്ക്കാനാണെങ്കിൽ മറ്റുപല മേഖലകളിലും അതിന് സാധിക്കുമായിരുന്നു. ട്രേഡ് യൂണിയനുകളുടെയും ലോക്കൽ ബോഡിയുടെയും എം.എൽ.എ.-മാരുടെയും ആളുകൾ അംഗങ്ങളായുണ്ട്. ട്രേഡ് യൂണിയനിലെ ആളുകളുടെ എണ്ണം 2-ൽ നിന്ന് ഒന്നാക്കുകയോ അല്ലെങ്കിൽ ലോക്കൽ ബോഡിയിലെ ആളുകളുടെ എണ്ണത്തിൽ കുറവ് വരുത്തുകയോ ചെയ്ത് മാനേജർമാർക്ക് പ്രാതിനിധ്യം നൽകാമായിരുന്നു. യൂണിവേഴ്സിറ്റിയുമായി ഏറ്റവുമധികം ബന്ധപ്പെട്ടുകൊണ്ടിരിക്കുന്ന, വിദ്യാഭ്യാസരംഗത്ത് ഏറ്റവും നല്ല പ്രവർത്തനം നടത്തിക്കൊണ്ടിരിക്കുന്ന അഭിപ്രായ വ്യത്യാസങ്ങളുണ്ടെങ്കിലും വിദ്യാഭ്യാസ മേഖലയിൽ ഏറെ സഹായങ്ങളും സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന മാനേജർമാർ ട്രേഡ് യൂണിയനിലെയോ ലോക്കൽ ബോഡിയുടെയോ ആളുകളുടെ മുന്നിൽച്ചെന്ന് അഭിപ്രായം പറയേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷം ഉണ്ടാകില്ലേയെന്ന് ഞാൻ സംശയിക്കുകയാണ്. ആരെ ഉദ്ദേശിച്ചാണ്; എന്തിനുവേണ്ടിയാണ് അങ്ങ് മാനേജർമാരുടെ എണ്ണം കുറയ്ക്കുന്നതെന്ന് മനസ്സിലാകുന്നില്ല. ആ നിലപാട് ശരിയാണോയെന്ന് അങ്ങ് സ്വയം പരിശോധിക്കണമെന്ന് വളരെ വിനീതമായി അഭ്യർത്ഥിക്കുകയാണ്.

മാനേജർമാരുടെ മേഖലകളിൽ ഉള്ളതുപോലെതന്നെ പ്രിൻസിപ്പാൾ മേഖലയിലും നിലവിലുള്ള അനുപാതം തകർക്കുകയാണ് അങ്ങ് അവതരിപ്പിക്കുന്ന ബില്ലുകളിലൂടെ ചെയ്യുന്നത്. മൂന്ന് ഗവൺമെന്റ് കോളേജുകളിൽനിന്ന് മൂന്ന് പേരും എയ്ഡഡ് കോളേജുകളിൽനിന്ന് മൂന്ന് പേരും അൺ എയ്ഡഡ് മേഖലയിൽനിന്ന്

ഒരാളും എന്ന തരത്തിലേയ്ക്ക് അതിന്റെ സ്ട്രക്ചർ മാറ്റുകയാണ്. ഞാൻ നേരത്തെ സൂചിപ്പിച്ചതുപോലെ സ്ട്രക്ചറിൽ മാറ്റം വരുത്തുമ്പോൾ ആരെ കൊണ്ടുവരാനാണ് ഉദ്ദേശിക്കുന്നത്; അല്ലെങ്കിൽ ആർക്കുവേണ്ടിയാണ് ഇത് നടത്തുന്നത് എന്നൊരു സംശയം സ്വാഭാവികമായും ഉണ്ടാകുകയാണ്. അതോടൊപ്പം അൺ എയ്ഡഡ് കോളേജുകളിൽനിന്ന് വിജയിച്ച് സെനറ്റിലേയ്ക്ക് വരുന്ന ആളുകൾ സിൻഡിക്കേറ്റിലേയ്ക്ക് മത്സരിക്കാൻ പാടില്ലെന്ന വ്യവസ്ഥ കൊണ്ടുവരുമ്പോൾ, എം.എൽ.എ. ആകാം മന്ത്രിയാകാൻ പാടില്ല, അല്ലെങ്കിൽ പഞ്ചായത്ത് മെമ്പറാകാം പഞ്ചായത്ത് പ്രസിഡന്റാകാൻ പാടില്ല എന്നൊക്കെ പറയുന്നതുപോലെയാണ്. സെനറ്റിലേയ്ക്ക് മത്സരിച്ച് വിജയിച്ചുവരുന്ന അൺ എയ്ഡഡ് മേഖലയിൽ നിന്നുള്ള ഒരു പ്രിൻസിപ്പാൾ സിൻഡിക്കേറ്റിലേയ്ക്ക് വരാൻ പാടില്ലെന്ന് പറയുന്നതിലൂടെ അങ്ങ് ഉദ്ദേശിച്ചതെന്താണെന്ന് വ്യക്തമാക്കണം, അല്ലെങ്കിൽ അത് പരിശോധിക്കപ്പെടണം എന്നുകൂടി പറയുകയാണ്.

സർവ്വശ്രീ ടി. വി. ഇബ്രാഹിം, പി. ഉബൈദുള്ള, റോജി എം. ജോൺ എന്നിവരൊക്കെ വിദ്യാഭ്യാസ മേഖലയിലെ പ്രയാസങ്ങളെക്കുറിച്ച് ഇവിടെ സൂചിപ്പിച്ചു. മലബാർ മേഖലയിലും തിരുവിതാംകൂർ മേഖലയിലുമൊക്കെയുള്ള വ്യത്യാസങ്ങളെക്കുറിച്ചും അവർ സൂചിപ്പിച്ചു. കേരള സർവ്വകലാശാലയിൽത്തന്നെ കഴിഞ്ഞ വർഷം 78000 കുട്ടികളാണ് അപേക്ഷിച്ചത്. 78000 കുട്ടികൾക്ക് 28000 സീറ്റ് മാത്രമാണുണ്ടായിരുന്നത്. മലബാറിലെ സ്ഥിതിയാണ് ശ്രീ. ടി. വി. ഇബ്രാഹിം, ശ്രീ. പി. ഉബൈദുള്ള എന്നിവർ ഇവിടെ സൂചിപ്പിച്ചത്. മലബാറിലെ സീറ്റിന്റെ വ്യത്യസ്തതകൾക്കപ്പുറത്ത് കോളേജ് അനുവദിക്കുന്നതിലും കോഴ്സുകൾ നൽകുന്നതിലും പോരായ്മകളുണ്ട്. കഴിഞ്ഞ ഗവൺമെന്റ് മലബാറിൽ രണ്ട് കോഴ്സുകൾ നൽകി ഒരുപരിധിവരെ ആ പ്രശ്നം പരിഹരിക്കാൻ ശ്രമിച്ചെങ്കിലും ഇന്നും അതിന്റെ പോരായ്മകൾ നിലനിൽക്കുകയാണ്. ആ പോരായ്മകൾ പരിഹരിക്കുന്നതിനാവശ്യമായ നിലപാടുകൾ അങ്ങയുടെ ഭാഗത്തു നിന്നുണ്ടാകണമെന്ന് ഞാൻ സന്ദർഭോചിതമായി സൂചിപ്പിക്കുകയാണ്. കഴിഞ്ഞ ജനാധിപത്യ മുന്നണി സർക്കാരാണ് ഓട്ടോണമസ് കോളേജുകൾ കൊണ്ടുവന്നത്. ഓൺ ഓട്ടോണമസ് കോളേജസ്, 2018 എന്ന ആക്ട് യു.ജി.സി. പാസ്സാക്കിയിട്ട് വർഷങ്ങൾ കഴിഞ്ഞു. ആ ആക്ട് ഇതുവരെ കേരളത്തിൽ ഇംപ്ലിമെന്റ് ചെയ്തിട്ടില്ല എന്നത് ഓട്ടോണമസ് കോളേജുകളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കുന്നുണ്ട്. ഓട്ടോണമസ് കോളേജുകളെ ഗവൺമെന്റ് ഉദ്ദേശിച്ച തലത്തിലേയ്ക്ക് അതായത് ഉന്നത വിദ്യാഭ്യാസരംഗത്തേയ്ക്ക് ഉയർത്തിക്കൊണ്ടു വരുന്നതിനുള്ള പ്രവർത്തനത്തിന് ഗുണകരമാകുന്ന തരത്തിൽ ആ ആക്ട് കേരളത്തിൽ ഇംപ്ലിമെന്റ് ചെയ്യുന്നതിന് അടിയന്തര ഇടപെടലുകൾ അങ്ങയുടെ ഭാഗത്തുനിന്നുണ്ടാകണമെന്നുകൂടി പറയുകയാണ്.

ഓട്ടോണമസ് കോളേജുകൾ പരീക്ഷ നടത്തി റിസൾട്ട് യൂണിവേഴ്സിറ്റിക്ക് കൊടുക്കുമ്പോൾ യൂണിവേഴ്സിറ്റിയാണ് സർട്ടിഫിക്കറ്റ് കൊടുക്കുന്നത്. ആ സർട്ടിഫിക്കറ്റാണ് കേരളത്തിലെ മറ്റെല്ലാ സർവ്വകലാശാലകളും അംഗീകരിക്കുകയും അതിനനുസരിച്ച് അവർക്ക് അഡ്മിഷൻ കൊടുക്കുകയും ചെയ്യേണ്ടത്. പക്ഷെ കോഴിക്കോട് ജില്ലയിലെ ഫറോക്ക് കോളേജിൽനിന്നും എം.കോം. പാസ്സായി കാലിക്കട്ട് യൂണിവേഴ്സിറ്റിയിൽ നിന്നും സർട്ടിഫിക്കറ്റ് കിട്ടിയ ഒരു കുട്ടി കേരള യൂണിവേഴ്സിറ്റിയിൽ എം.ഫിൽ-ന് അപേക്ഷിച്ചപ്പോൾ അഡ്മിഷൻ നിരാകരിച്ച സംഭവമുണ്ടായി. കേരളത്തിൽത്തന്നെയുള്ള ഒരു ഓട്ടോണമസ് കോളേജിൽ പരീക്ഷ നടത്തി യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ് കൊടുത്തിട്ടും ആ സർട്ടിഫിക്കറ്റ് ഇവിടത്തെ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ അംഗീകരിക്കാത്തത് അനുവദിക്കാൻ കഴിയുന്നതാണോയെന്ന് അങ്ങ് പരിശോധിക്കേണ്ടതാണ്. ഓട്ടോണമസ് കോളേജുകളിൽ നിന്നും പരീക്ഷയെഴുതുന്ന കുട്ടികൾക്ക് യഥാസമയം യൂണിവേഴ്സിറ്റി സർട്ടിഫിക്കറ്റ് നൽകിയാൽ മറ്റ് സംസ്ഥാനങ്ങളിൽ അവർക്ക് അഡ്മിഷനെടുക്കുന്നതിനുള്ള സമയവും സൗകര്യവുമൊക്കെ ലഭിക്കും. അതൊക്കെ നിരാകരിക്കുന്ന, അതിന്റെ ഗുണം കുട്ടികൾക്ക് ലഭിക്കാത്ത തരത്തിൽ യൂണിവേഴ്സിറ്റികൾ സർട്ടിഫിക്കറ്റ് നൽകാത്ത അവസ്ഥാവിശേഷവും നിലനിൽക്കുകയാണ്. അത് പരിഹരിക്കാനാവശ്യമായ നടപടികൾകൂടി അങ്ങയുടെ ഭാഗത്തുനിന്ന് ഉണ്ടാകണമെന്ന് അഭ്യർത്ഥിക്കുകയാണ്.

ശ്രീ. ടി. വി. ഇബ്രാഹിം സൂചിപ്പിച്ചതുപോലെ എയ്ഡഡ് മേഖലയിൽ കഴിഞ്ഞ ഗവൺമെന്റ് അംഗീകരിച്ച ഗവൺമെന്റ് കോളേജുകളിലെ അദ്ധ്യാപകർക്ക് അംഗീകാരം നൽകാത്തതിന്റെ ബുദ്ധിമുട്ടുകൾ അവർ അനുഭവിച്ചു കൊണ്ടിരിക്കുകയാണ്. അത് പരിഹരിക്കാനും 2016-ൽ അദ്ധ്യാപകർക്ക് ലഭിക്കേണ്ടിയിരുന്ന യു.ജി.സി. സ്കെയിൽ അനുസരിച്ചുള്ള ശമ്പളം നൽകാനുമാവശ്യമായ നടപടി ഇതുവരെ സ്വീകരിച്ചിട്ടില്ല. അതിനുള്ള നടപടികൂടി അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. അമിതമായ രാഷ്ട്രീയവൽക്കരണം ഒഴിവാക്കി ഉന്നതവിദ്യാഭ്യാസ രംഗത്തെ യാഥാർത്ഥ്യബോധത്തോടെ കണ്ട് മുന്നോട്ടുപോകാനാവശ്യമായ ശ്രമം അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണം. ഈ ബില്ലിലൂടെ മാനേജർമാരുടെ എണ്ണം നാലിൽനിന്ന് ഒന്നാക്കി ചുരുക്കിയതും പ്രിൻസിപ്പാൾമാരുടെ ഭാഗത്തുണ്ടാക്കിയ മാറ്റവുംമൂലം മറ്റൊരു യൂണിവേഴ്സിറ്റിയിലുമില്ലാത്ത തരത്തിലൊരു പരിഷ്കരണമാണ് വരുത്തുന്നത്. അത് എന്തിനാണെന്ന് അറിയില്ല. അങ്ങനെയൊരു മാറ്റമുണ്ടാക്കുന്നതിലൂടെ കേരളത്തിലെ വിദ്യാഭ്യാസരംഗത്തുള്ളവർ അനുഭവിക്കുന്ന പ്രയാസങ്ങളെ ദൂരീകരിക്കാൻ കഴിയുന്നതല്ല. അതുകൊണ്ട് അതിനാവശ്യമായ നടപടികൾ അങ്ങയുടെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. അനൂപ് ജേക്കബ്</u> : സർ, നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. മൂന്നാമത്തെ ഓർഡിനൻസാണ് ഈ ഗവൺമെന്റ് ഇതുമായി ബന്ധപ്പെട്ട് ഇവിടെ പുറപ്പെടുവിച്ചിരിക്കുന്നത്. യു.ഡി.എഫ്.-ന്റെ ഭരണകാലത്ത് ഓർഡിനൻസ് ഭരണമാണ് ഈ സംസ്ഥാനത്ത് നടക്കുന്നതെന്ന് ആക്ഷേപിച്ചവരാണ് ഒരു വിഷയത്തിൽ മൂന്നാമത്തെ ഓർഡിനൻസ് ഇറക്കിയതെന്നത് ഇത്തരുണത്തിൽ സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇന്ന് കേരള സർവ്വകലാശാല നേരിടുന്ന ഒട്ടനവധി പ്രശ്നങ്ങളുണ്ട്. അത്തരത്തിലുള്ള ഏതെങ്കിലും വിഷയത്തെ പ്രോപ്പറായി അഡ്രസ്സ് ചെയ്യാൻ കഴിയുന്ന എന്തെങ്കിലും ഈ ബില്ലിലുണ്ടോയെന്ന സ്വയം പരിശോധന ഗവൺമെന്റ് നടത്തേണ്ടതുണ്ട്. പൂർണ്ണമായും സിൻഡിക്കേറ്റടക്കം ഇടതുപക്ഷത്തിന്റെ അധീനതയിൽ കൊണ്ടുവരാനുള്ള ഭേദഗതികളായി മാത്രമേ ഇതിനെ കാണാൻ കഴിയൂ. അതുകൊണ്ടാണ് ബഹുമാനപ്പെട്ട പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ ഇവിടെ സൂചിപ്പിച്ചതുപോലെ ഇതിന്റെ ദുരുദ്ദേശ്യങ്ങളെക്കുറിച്ചുള്ള സംശയങ്ങൾ ഇന്ന് ഉയർന്നുവരുന്നത്. ഇത് ചില താല്പര്യങ്ങൾ മുൻനിർത്തി കൊണ്ടുവന്നിട്ടുള്ള ഭേദഗതികളാണെന്ന് ഞങ്ങൾ പറയുന്നതും അതിന്റെ അടിസ്ഥാനത്തിലാണ്. ചില വിഭാഗങ്ങൾക്ക് മതിയായ പ്രാതിനിധ്യമില്ലെന്നും മറ്റ് ചിലർക്ക് അമിത പ്രാതിനിധ്യം ലഭിക്കുന്നുവെന്നും അങ്ങയുടെ സ്റ്റേറ്റ്മെന്റിൽ പറഞ്ഞിട്ടുണ്ട്. ഇവിടെ സ്വകാര്യ കോളേജ് മാനേജർമാർക്കും പ്രിൻസിപ്പാൾമാർക്കുമാണ് അധിക പ്രാതിനിധ്യമെന്നാണ് അങ്ങ് കണക്കാക്കിയിരിക്കുന്നത്. ബാക്കിയുള്ള ഒരു ഇലക്ടഡ് മെമ്പേഴ്സിന്റെയും എണ്ണം കുറയ്ക്കാൻ ഈ ഭേദഗതിയിൽ ശിപാർശ ചെയ്തതായി കാണുന്നില്ല. ഈ രണ്ട് വിഭാഗങ്ങളിൽ മാത്രം മാറ്റങ്ങൾ വരുത്തിക്കൊണ്ട് മുന്നോട്ട് പോകുമ്പോഴാണ് ഒരു പ്രത്യേക താല്പര്യം ഗവൺമെന്റിനുണ്ടെന്ന സംശയം ഉയരുന്നത്. ഇവർക്ക് പ്രാതിനിധ്യം നൽകുന്നതുകൊണ്ട് എന്ത് സാങ്കേതിക നിയമ പ്രശ്നമാണ് ഉണ്ടാകുന്നതെന്നും എണ്ണം കുറയ്ക്കുന്നതിന്റെ അടിസ്ഥാനമെന്താണെന്നും അങ്ങ് വ്യക്തമാക്കണമെന്ന് സൂചിപ്പിക്കാൻ ആഗ്രഹിക്കുകയാണ്. ആനുപാതികമായൊരു റെപ്രസെന്റേഷൻ തീർച്ചയായും ഉണ്ടാകേണ്ടതുണ്ട്. അതിവിടെ വരുന്നില്ലെന്നത് പ്രസ്താവ്യമായൊരു വിഷയമാണ്. സിൻഡിക്കേറ്റിലേയ്ക്കുള്ള തെരഞ്ഞെടുപ്പടക്കം കോടതി സ്റ്റേ ചെയ്തിരിക്കുന്ന പശ്ചാലത്തിലാണ് മതിയായ പ്രാതിനിധ്യ സ്വഭാവമില്ലാത്തൊരു ബില്ലുമായി അങ്ങ് വരുന്നത്. ഇത് കോടതിയിൽ ചോദ്യം ചെയ്യപ്പെടാനുള്ള സാഹചര്യമുണ്ടാകും, വീണ്ടുമൊരു നിയമയുദ്ധത്തിലേയ്ക്ക് ഇത് എത്തിച്ചേരാൻ പോകുന്നുവെന്ന് സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈയൊരു ബില്ലിലൂടെ അംഗങ്ങളുടെ എണ്ണം കുറയ്ക്കുന്നു, മാറ്റങ്ങൾ കൊണ്ടുവരുന്നു. അടിസ്ഥാനപരമായി ഇന്ന് നമ്മുടെ യൂണിവേഴ്സിറ്റികൾ നേരിടുന്ന നിരവധി പ്രശ്നങ്ങളുണ്ട്. നേരത്തെ സംസാരിച്ച ഭരണപക്ഷാംഗങ്ങൾപോലും അക്കാര്യങ്ങൾ ഇവിടെ ചൂണ്ടിക്കാട്ടുകയുണ്ടായി. ഉന്നത വിദ്യാഭ്യാസ രംഗത്ത് ഏതൊക്കെ തലത്തിൽ മാറ്റം കൊണ്ടുവരണമെന്നതിനെ സംബന്ധിച്ച് ഗവൺമെന്റ് ആലോചിക്കേണ്ടതല്ലേ?

കേരള യൂണിവേഴ്സിറ്റിയുടെ വൈസ് ചാൻസലർ, പ്രൊ. വി.സി, രജിസ്ട്രാർ, എഫ്.ഒ തുടങ്ങിയ തസ്തികകളെല്ലാം ദീർഘകാലമായി ഒഴിഞ്ഞുകിടക്കുന്നത് വിസ്മരിക്കാവുന്നതല്ല. സെലക്ഷൻ ബോർഡ് നിയോഗിക്കുകയും കാലാവധി കഴിഞ്ഞപ്പോൾ പുനഃക്രമീകരിക്കുകയും ചെയ്തുവെന്നാണ് അറിയാൻ കഴിഞ്ഞത്. വി.സി.യെ നിയോഗിച്ചിട്ടില്ല. അവിടെ കൺട്രോളർ ഓഫ് എക്സാമിനേഷനുണ്ട്, സ്റ്റാറ്റ്യൂട്ടറി പോസ്റ്റുകളിലൊന്ന്. പക്ഷെ അവിടത്തെ പരീക്ഷാ നടത്തിപ്പുമായി ബന്ധപ്പെട്ട കാര്യങ്ങൾ എങ്ങനെയാണ് നിൽക്കുന്നത്? യഥാസമയം പരീക്ഷകൾ നടത്താനോ കൃത്യമായി മൂല്യനിർണ്ണയം നടത്താനോ റിസൾട്ട് പ്രസിദ്ധീകരിക്കാനോ സർട്ടിഫിക്കറ്റുകൾ ലഭ്യമാക്കാനോ കഴിയുന്നുണ്ടോ? മുഖ്യമന്ത്രി കഴിഞ്ഞ ദിവസം യോഗം വിളിച്ചുചേർത്ത് സമയബന്ധിതമായി റിസൾട്ട് പ്രസിദ്ധീകരിക്കണമെന്ന് പറയേണ്ട സാഹചര്യത്തിലേയ്ക്ക് കാര്യങ്ങളെത്തിയെന്നത് ഇത്തരുണത്തിൽ ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഒരു വർഷംവരെ റിസൾട്ടിനായി കാത്തിരിക്കുന്ന സാഹചര്യമാണുള്ളത്. സർവ്വകലാശാലയുടെ അഡ്മിനിസ്ട്രേഷൻ പരിപൂർണ്ണമായും തകർന്നിരിക്കുന്നു എന്നുവേണം മനസ്സിലാക്കാൻ. മൂല്യനിർണ്ണയം അനന്തമായി നീണ്ടുപോകുകയാണ്. അദ്ധ്യാപകർ സഹകരിക്കാത്ത സാഹചര്യമുണ്ട്. അവരുടെ വിഷയങ്ങൾ അങ്ങയുടെ ശ്രദ്ധയിലുണ്ടാകും. അദ്ധ്യാപകരെക്കൂടി വിശ്വാസത്തിലെടുത്ത് മുന്നോട്ടുപോകണമെന്നാണ് എനിക്ക് പറയാനുള്ളത്. കേരളത്തിലെ ഏറ്റവും പാരമ്പര്യമുള്ള സർവ്വകലാശാലകളിലൊന്നായ കേരള സർവ്വകലാശാലയിലെ മൂല്യനിർണ്ണയവും ഫലപ്രഖ്യാപനവും ഇന്ന് വിവാദങ്ങളിലേയ്ക്ക് നീങ്ങിക്കൊണ്ടിരിക്കുകയാണ്. യൂണിവേഴ്സിറ്റിയിൽനിന്ന് കേൾക്കുന്നത് അക്കാഡമിക് എക്സലൻസിനെക്കുറിച്ചുള്ള ചർച്ചകളല്ല, മറിച്ച് വിവാദങ്ങളെയും വെട്ടിനിരത്തലുകളെയും പ്രതികാര നടപടികളെയും കുറിച്ചുള്ള വാർത്തകളാണ് പലപ്പോഴും പുറത്തുവരുന്നത്. ഏകോപനമില്ലായ്മവഴി അക്കാഡമിക് എക്സലൻസ് തന്നെ ഇല്ലാതായിപ്പോകുന്നൊരു സാഹചര്യവും ഇന്നവിടെ സംജാതമായിരിക്കുകയാണ്.

സ്വതന്ത്രസ്വഭാവത്തോടെ യൂണിവേഴ്സിറ്റികൾ പോകണം. പക്ഷെ ആ സ്വതന്ത്ര സ്വഭാവത്തിന്റെ പരിധി എന്താകണമെന്നതിനെക്കുറിച്ച് അനവധി ചർച്ചകൾ ഉയർന്നുവന്നിട്ടുണ്ട്. ഓരോ സന്ദർഭങ്ങളിൽ ഓരോ വിഷയങ്ങളും ഉണ്ടായിട്ടുണ്ട്. ഒരു വിദ്യാർത്ഥിയെ സംബന്ധിച്ച് ഏറ്റവും പ്രധാനപ്പെട്ട ഒന്നാണ് റിസൾട്ട്. അതിനുവേണ്ടി അനന്തമായി കാത്തിരിക്കേണ്ടിവരുന്നുവെന്ന് പറയുന്നത് ഏറ്റവും ഗുരുതരമായൊരു സാഹചര്യം ഇവിടെ ഉണ്ടായിരിക്കുന്നുവെന്നതിന്റെ തെളിവല്ലേ? ഉന്നത വിദ്യാഭ്യാസരംഗത്തെ നിലവാരം ഇനിയും ഉയർത്തേണ്ടതായിട്ടുണ്ട്. നമ്മുടെ ഏറ്റവും വലിയ സമ്പത്ത് യുവജനങ്ങളായതിനാൽ അവർക്ക് മെച്ചപ്പെട്ട വിദ്യാഭ്യാസം നൽകുകയെന്നതാണ് നമ്മുടെ ലക്ഷ്യം. അങ്ങനെ വിദ്യാഭ്യാസം നൽകി മുന്നോട്ട് കൊണ്ടുവരുമ്പോൾ അവരുടെ കഴിവുകൾകൂടി വിനിയോഗിക്കാനുള്ള നടപടി നമ്മൾ സ്വീകരിക്കുകയാണ്.

അവസരങ്ങൾ വരണം, അതിനായി കൂടുതൽ നിക്ഷേപങ്ങളെത്തിക്കാൻ കഴിയണം. കഴിഞ്ഞ ഒന്നര-രണ്ട് ദശാബ്ദങ്ങൾക്കിടയ്ക്ക് ഇത് ലക്ഷ്യം വച്ചുകൊണ്ടുള്ള ധാരാളം പദ്ധതികൾ മാറിമാറിവന്ന ഗവൺമെന്റുകൾ നടപ്പിലാക്കിയിട്ടുണ്ട്. കുറെയൊക്കെ വിജയിക്കാനും കഴിഞ്ഞിട്ടുണ്ട്. അവസരങ്ങൾ സൃഷ്ടിക്കാൻ നെട്ടോട്ടം ഓടുമ്പോൾ, രാഷ്ട്രീയത്തിനതീതമായി പരിശ്രമിക്കുമ്പോഴാണ് ഉന്നത വിദ്യാഭ്യാസ മേഖലയിൽ ഇത്തരത്തിലുള്ള അരക്ഷിതാവസ്ഥ സംജാതമായിക്കൊണ്ടിരിക്കുന്നത്. ഇന്നത്തെ ആധുനിക വികസന പരിണാമങ്ങൾക്കൊപ്പമെത്തുന്നതിന് മറ്റ് സർവ്വകലാ ശാലകളുമായി ആശയവിനിമയം നടത്തി നിലവാരമുയർത്തി കൊണ്ടുവരാനുള്ള നടപടികൾ സ്വീകരിക്കാൻ കഴിയണം. പക്ഷെ ഇവിടെ സംഭവിക്കുന്നത് നിലവാരത്തകർച്ചയാണ്, കുട്ടികളുടെ ഭാവിതന്നെ അനിശ്ചിതത്വത്തിലാക്കുന്ന തരത്തിലുള്ള ശീതയുദ്ധങ്ങളാണ്. ഈ ബിൽ പാസ്സാകുന്നതോടുകൂടി ഒരു ജനാധിപത്യ ധ്വംസനവുംകൂടി ആ മേഖലയിൽ ഉണ്ടാകുന്നുവെന്ന് പറയേണ്ടതുണ്ട്.

നിയമ പരീക്ഷയെഴുതിയ വിദ്യാർത്ഥികളുടെ പ്രശ്നങ്ങൾ അങ്ങയുടെ ശ്രദ്ധയിൽ വന്നിട്ടുണ്ടാകും. അവരുടെ മാർക്കിനെ സംബന്ധിച്ച് വളരെയേറെ ആക്ഷേപങ്ങൾ ഉയർന്നു വരികയും കോടതി ഇടപെടലിലൂടെ പുനർമൂല്യനിർണ്ണയം നടത്തി അവർക്ക് കൂടുതൽ മാർക്ക് ലഭിക്കുകയും ചെയ്തു. എന്നാൽ അവർക്ക് നഷ്ടപ്പെട്ടുപോയ സമയത്തിന് ഉത്തരവാദികളായവർക്കെതിരെ നടപടിയെടുക്കുന്നത് ഗവൺമെന്റിന്റെകൂടി ഉത്തരവാദിത്വമാണെന്ന് ഓർമ്മിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്. പരീക്ഷകളെ സംബന്ധിച്ചും അനദ്ധ്യാപക നിയമനങ്ങളെ സംബന്ധിച്ചും ധാരാളം ആക്ഷേപങ്ങൾ ഉയർന്നുവരുന്നുണ്ട്. വിവാദങ്ങളുടെ ഈറ്റില്ലമായി സർവ്വകലാശാല മാറുന്നത് ഏറെ വേദനാജനകമാണ്. ഞാൻ ആദ്യമേ പറഞ്ഞതുപോലെ അക്കാദമിക് എക്സലൻസിൽ നിന്ന് വ്യതിചലിച്ചുപോകാനുള്ള പ്രധാന കാരണം യൂണിയനുകളുടെ അതിപ്രസരം തന്നെയാണ്. നിയന്ത്രണം അത്തരത്തിലുള്ള മേഖലകളിലേയ്ക്ക് നീങ്ങുന്നുവെന്നതാണ് അവിടത്തെ പ്രധാന പ്രശ്നങ്ങളിലൊന്നായി കാണാൻ കഴിയുന്നത്. അതുകൊണ്ടുതന്നെ ഇതിനോട് ചേർത്ത് വായിക്കേണ്ട ഒന്നാണ് ഭൗതിക സാഹചര്യങ്ങളുടെ അഭാവം അവിടെയുണ്ടാകുന്നുവെന്നത്. യൂണിവേഴ്സിറ്റികളിൽ ഭൗതിക സാഹചര്യം എത്രമാത്രം വർദ്ധിപ്പിക്കാൻ കഴിയും, ഒരു സൗഹൃദ അന്തരീക്ഷം സൃഷ്ടിച്ചെടുക്കാൻ എങ്ങനെ കഴിയും എന്നതിനെക്കുറിച്ച് ഗൗരവമായി ചിന്തിക്കേണ്ട സമയം അതിക്രമിച്ചിരിക്കുകയാണ്. കേരളാ യൂണിവേഴ്സിറ്റിയിൽത്തന്നെയുള്ള റിസർച്ച് വിദ്യാർത്ഥികളിൽ ബയോമെഡിക്കൽ/ എഞ്ചിനീയറിംഗ്/ജേണലിസം വിദ്യാർത്ഥികൾക്ക് തീസിസ് സബ്മിറ്റ് ചെയ്യാൻ കഴിയാത്ത സാഹചര്യം ഉടലെടുത്തിട്ടുണ്ട്. ഇത്തരത്തിലുള്ള അനവധി പ്രശ്നങ്ങൾ ആ സർവ്വകലാശാലയിൽ കാണാൻ കഴിയും. അത്തരം വിഷയങ്ങൾ

പരിഹരിക്കപ്പെടുന്നതിനുള്ള യാതൊരു നടപടിയും ഉണ്ടാകുന്നില്ല. ഇപ്പോൾ വിവര സാങ്കേതിക വിദ്യാഭ്യാസ രംഗത്തു നിന്നും ഒരാളെ നിയമിക്കാൻ 5-ാം ഉപവകുപ്പുകൂടി എഴുതിച്ചേർത്തിട്ടുണ്ട്. ഞാൻ ആദ്യമേ പറഞ്ഞതുപോലെ, വിവര സാങ്കേതിക രംഗത്ത് നമുക്ക് ഇനിയും മുന്നേറാൻ കഴിയണം. അടിസ്ഥാനപരമായ അനവധി പ്രശ്നങ്ങൾ അഡ്രസ് ചെയ്യാൻ കഴിയാതെ ഇത്തരത്തിലുള്ള മാറ്റങ്ങൾ കൊണ്ടുവരുന്നതുകൊണ്ട് യാതൊരു പ്രയോജനവുമുണ്ടാകില്ല. ഇത് ഇവിടെ മാത്രം പരിമിതപ്പെടുത്തി നിർത്താൻ കഴിയില്ല. മറ്റ് യൂണിവേഴ്സിറ്റികളിൽ നോക്കുമ്പോഴും ഇതുപോലുള്ള നിരവധി പ്രശ്നങ്ങൾ ചൂണ്ടിക്കാണിക്കാൻ കഴിയും. കാലിക്കറ്റ് യുണിവേഴ്സിറ്റിയിലും എം.ജി. യൂണിവേഴ്സിറ്റിയിലും ഇത്തരത്തിലുള്ള പ്രശ്നങ്ങളുണ്ട്. വളരെ പ്രതീക്ഷയോടെ നമ്മൾ കൊണ്ടുവന്ന KTU ശൈശവ ദശയിൽത്തന്നെ കാലിടറി പോകുകയാണോയെന്ന് ചിന്തിക്കേണ്ടതുണ്ട്. ആദ്യ ബാച്ചിലെ വിദ്യാർത്ഥികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റ് ലഭ്യമാകാത്ത സാഹചര്യം വന്നു. ആറ് മാസത്തെ വാലിഡിറ്റിയുള്ള പ്രൊഫഷണൽ ഡിഗ്രി സർട്ടിഫിക്കറ്റ് മാത്രമാണ് അവർക്ക് ലഭിച്ചത്. അതുപയോഗിച്ച് തുടർപഠനം നടത്താനോ ഇന്റർവ്യൂവിന് ഹാജരാകാനോ കഴിയുമോ? KTU-ൽ വൈസ് ചാൻസലറുണ്ടോ? പ്രസക്തമായ അനവധി ചോദ്യങ്ങൾ ഇവിടെ ഉയരുകയാണ്. ഈ ഗവൺമെന്റിന്റെ സമയത്ത് ടെക്നിക്കൽ യൂണിവേഴ്സിറ്റിയെ ശ്വാസംമുട്ടിക്കുന്ന നിലയിലേയ്ക്ക് കാര്യങ്ങൾ നീങ്ങിക്കൊണ്ടിരിക്കുന്നു. യൂണിവേഴ്സിറ്റികളുടെ സ്വതന്ത്ര സ്വഭാവത്തെ അട്ടിമറിക്കാനുള്ള നടപടികളും ഇന്ന് ഓരോ ഭാഗത്തുനിന്നുമുണ്ടാകുകയാണ്. യു.ജി.സി.യുടെ പുതിയ ഗൈഡ്ലൈൻസ് വരുമ്പോൾ സിലബസ് ഏകീകരണമടക്കമുള്ള കാര്യങ്ങളിലേയ്ക്ക് നീങ്ങുന്നത് ഇപ്പോൾത്തന്നെ പ്രശ്നങ്ങളാൽ കലുഷിതമായി നിൽക്കുന്ന ഈ മേഖലയെ കൂടുതൽ സങ്കീർണ്ണമാക്കാനുള്ള സാഹചര്യം സൃഷ്ടിക്കും. അതിനെ സംബന്ധിച്ച് ഗവൺമെന്റ് ശക്തമായ നടപടിയും നിലപാടുകളും വ്യക്തമാക്കണമെന്നുകൂടി പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ഈ ഭേദഗതികൾ ഇവിടെ കൊണ്ടുവന്നിരിക്കുന്നത് തികച്ചും രാഷ്ട്രീയ പ്രേരിതമായിട്ടാണ്. ക്രിയേറ്റീവായ യാതൊരു മാറ്റവും കൊണ്ടുവരാൻ ഇതുകൊണ്ട് സാധിക്കുകയില്ല. അതിനാൽ നിരാകരണ പ്രമേയത്തെ ഞാൻ അനുകൂലിക്കുന്നു.

ശ്രീ. പി. കെ. ബഷീറിനുവേണ്ടി ശ്രീ. കെ. എൻ. എ. ഖാദർ: സർ, 2018- ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 10-12-2018-വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി അവതരിപ്പിക്കുന്നു.

കേരള സർവ്വകലാശാല (ഭേദഗതി) ബില്ലിന്റെ ചർച്ചയിൽ പ്രതിപാദിക്കപ്പെട്ട വിഷയങ്ങൾ ആവർത്തിക്കാൻ ഞാൻ ആഗ്രഹിക്കുന്നില്ല. നിലവിലുള്ള സർവ്വകലാശാല നിയമത്തിന്റെ 17, 21 വകുപ്പുകൾക്ക് ആവശ്യമായ ഭേദഗതികൾ കൊണ്ടുവന്ന് വിവര സാങ്കേതികവിദ്യയിൽ പ്രാവീണ്യമുള്ള ഒരാളെക്കൂടി ഉൾപ്പെടുത്തുന്നത് സംബന്ധിച്ചും സെനറ്റ്, സിൻഡിക്കേറ്റ് എന്നിവയുടെ അംഗസംഖ്യയെ സംബന്ധിച്ചുമുള്ള പരിമിതമായ ചില ഉദ്ദേശ്യങ്ങളോടുകൂടി കൊണ്ടുവന്ന ഭേദഗതി ബില്ലാണ് ഇവിടെ ബഹുമാനപ്പെട്ട മന്ത്രി അവതരിപ്പിച്ചിട്ടുള്ളത്. കേരള സർവ്വകലാശാല ആദ്യം നിലവിൽ വന്ന സർവ്വകലാശാലകളിലൊന്നാണ്. കേരളത്തിലെ ഏറ്റവും പ്രധാനപ്പെട്ട സർവ്വകലാശാലയാണിത്. 228-ലേറെ കോളേജുകളുടെ അഫിലിയേഷനുള്ള ഈ സർവ്വകലാശാലയുടെ കഴിഞ്ഞകാല പ്രവർത്തനങ്ങൾ ധാരാളം വിമർശനങ്ങൾക്കിടയാക്കിയെങ്കിലും കേരളത്തിന്റെ അഭിമാനമെന്ന നിലയിൽ ഉയർന്നുനിൽക്കുന്ന സർവ്വകലാശാലയാണ്. ഈ സർവ്വകലാശാല സംവരണ വിഷയങ്ങളിലൊക്കെ വലിയ അട്ടിമറി നടത്തുകയും അതിനെതിരെ പല ആക്ഷേപങ്ങൾ ഉയർന്നുവരികയും ചെയ്തിട്ടുണ്ട്. അതുപോലെ പരീക്ഷാ നടത്തിപ്പിലും മാർക്ക് തട്ടിപ്പിലും സാധാരണ സർവ്വകലാശാലകൾക്കെതിരായി ഉയർന്നുവരാറുള്ള തരത്തിൽ പല ആക്ഷേപങ്ങളും ഉയർന്നുവന്നിട്ടുണ്ടെങ്കിലും ഇപ്പോൾ കൊണ്ടുവന്ന ഭേദഗതി ഇത്തരം പ്രശ്നങ്ങൾക്ക് പരിഹാരമാകുന്ന ഭേദഗതിയാണെന്ന് ഞാൻ കരുതുന്നില്ല. ശാസ്ത്ര സാങ്കേതിക മേഖലകളിൽ ലോകത്ത് വലിയ വികാസമുണ്ടായിട്ടുണ്ട്. ഇൻഫർമേഷൻ ടെക്നോളജി, ജൈവ സാങ്കേതിക വിദ്യ, വിവര സാങ്കേതികവിദ്യ, നാനോ ടെക്നോളജി തുടങ്ങിയ ശാസ്ത്ര സാങ്കേതിക മേഖലകളിൽ അഭൂതപൂർവമായ പല വികാസവും ലോകത്തിന്റെ ചരിത്രത്തിലേറ്റവും കൂടുതലുണ്ടായ സന്ദർഭമാണിത്. അഡ്മിനിസ്ട്രേറ്റീവ് ബോഡിയായിട്ടാണ് വാസ്തവത്തിൽ സെനറ്റിനെയും സിൻഡിക്കേറ്റിനെയും കാണേണ്ടത്. അഡ്മിനിസ്ട്രേറ്റീവ് ചുമതലകൾ നിർവ്വഹിക്കുന്ന, യൂണിവേഴ്സിറ്റിയുടെ പൊതുവായ കാര്യങ്ങൾ നിയന്ത്രിക്കുന്ന അല്ലെങ്കിൽ മന്ത്രിസഭയ്ക്ക് തുല്യമായ ഭരണസമിതി എന്ന നിലയിൽ ആ സമിതിയിൽ ഒരു പ്രത്യേക വിവര സാങ്കേതികവിദ്യാ വിദഗ്ദ്ധൻ അംഗമായതുകൊണ്ട് വലിയ മാറ്റങ്ങൾ സംഭവിക്കുമെന്ന് എനിക്ക് തോന്നുന്നില്ല. ആ രംഗത്ത് വൈദഗ്ദ്ധ്യമുള്ളവരും അല്ലാത്തവരും ഇത്തരം വിഷയങ്ങളിൽ ഒരുപോലെ ശ്രദ്ധിച്ച് പ്രവർത്തിക്കേണ്ട ഒന്നാണ് സാധാരണഗതിയിലുള്ള സർവ്വകലാശാലാ സിൻഡിക്കേറ്റുകൾ. ലോകത്തിലെ സർവ്വകലാശാലകളുടെ നിലവാരവുമായി താരതമ്യം ചെയ്യുമ്പോൾ കേരളത്തിലെ സർവ്വകലാശാലകൾ വളരെ പുറകിലാണ്. സർവ്വകലാശാലകളുടെ ജോലി പ്രധാനമായും ഗവേഷണവും പുതിയ അറിവുകളുടെ വികാസവും വ്യാപനവുമൊക്കെയാണെങ്കിലും അത്തരം രംഗങ്ങളിൽ ശ്രദ്ധ കേന്ദ്രീകരിക്കാതിരിക്കുകയും മറ്റ് പല കാര്യങ്ങളും ശ്രദ്ധിക്കുകയും ചെയ്യുന്ന ചില തകരാറുകൾ

സർവ്വകലാശാലകൾക്കെതിരെ ചൂണ്ടിക്കാണിക്കാൻ സാധിക്കും. പ്രധാനമായും പരീക്ഷ കൃത്യസമയത്ത് നടത്താതിരിക്കലും നടത്തിയ പരീക്ഷയുടെ മാർക്ക് കൂട്ടിക്കൊടുക്കലും പരീക്ഷാ പേപ്പറുകൾ വഴിയോരത്തുനിന്ന് കിട്ടുന്നതും പരസ്പരപോരും സർവ്വകലാശാലകളിൽ കാണപ്പെടുന്നു. അതൊക്കെ വളരെ നിർഭാഗ്യകരമായ സംഗതികളാണ്. ലോകത്തിലെ ഏറ്റവും പ്രധാനപ്പെട്ട 100 സർവ്വകലാശാലകളെടുത്താൽ അതിൽ 58 സർവ്വകലാശാലകളും അമേരിക്കയിലാണെന്ന് കാണാൻ സാധിക്കും. അതുപോലെതന്നെ ലോകത്തിലെ ഏറ്റവും മികച്ച 10 സർവ്വകലാശാലകളെടുത്താൽ 8 സർവ്വകലാശാലകളും അമേരിക്കയിലാണ്. ഹാർവാർഡ് യൂണിവേഴ്സിറ്റി, യൂണിവേഴ്സിറ്റി ഓഫ് കാലിഫോർണിയ, യൂണിവേഴ്സിറ്റി ഓഫ് ചിക്കാഗോ, യൂണിവേഴ്സിറ്റി ഓഫ് മിഷിഗൻ, കൊളംബിയ യൂണിവേഴ്സിറ്റി, എയിൽ യൂണിവേഴ്സിറ്റി, പ്രിൻസ്ടൺ യൂണിവേഴ്സിറ്റി, മസാചുസെറ്റ്സ് യൂണിവേഴ്സിറ്റി ഇങ്ങനെ തുടങ്ങി ലോകത്തിലെ അറിയപ്പെടുന്ന പല പ്രധാന സർവ്വകലാശാലയും അവ ഏത് രാജ്യത്താണെന്നുള്ളതല്ല, അവയുടെ പ്രവർത്തനങ്ങൾ പരിശോധിച്ചാൽ നോബൽ പ്രൈസ് ജേതാക്കളായ അമ്പതിലധികം ആളുകൾ ഒരേ സർവ്വകലാശാലയിൽ പഠിച്ച് അവിടെത്തന്നെ അദ്ധ്യാപകരായി സേവനമനുഷ്ഠിക്കുന്നതായി കാണാം. അതുപോലെതന്നെ മില്യൺ കണക്കിന് ഗ്രന്ഥങ്ങളുള്ള ലൈബ്രറികൾ ഇത്തരം സർവ്വകലാശാലകൾക്കുണ്ട്. ഇത്തരം സർവ്വകലാശാലകളുടെ പ്രത്യേക സംവിധാനങ്ങളും ശാസ്ത്രീയ രംഗത്തെ നേട്ടങ്ങളും ശാസ്ത്ര വിഷയങ്ങൾ പഠിപ്പിക്കുന്ന ഫാക്കൽറ്റിയും പരിശോധിച്ചാൽ ബഹിരാകാശ ഗവേഷണ രംഗത്ത് നാസയ്ക്ക് ആവശ്യമായ ഉപകരണങ്ങൾ വരെ നിർമ്മിച്ചുകൊടുക്കുന്ന സർവ്വകലാശാലാ ലബോറട്ടറികളുണ്ടെന്ന് മനസ്സിലാകും. കേരളത്തിലെ സർവ്വകലാശാലകളും അത്തരം സർവ്വകലാശാലകളും തമ്മിൽ താരതമ്യം ചെയ്താൽ നമ്മൾ എത്രയോ അകലെയാണെന്ന് കാണാൻ സാധിക്കും. സർവ്വകലാശാലയെന്നു പറയുന്നത് വാസ്തവത്തിൽ അറിവിന്റെ, വിദ്യാഭ്യാസത്തിന്റെ മേഖലയിൽ കേരളത്തെയും ലോകത്തെയും മുന്നോട്ടുകൊണ്ടുപോകുന്ന സർവ്വകലാശാലകളുടെ....

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

മി. സ്പീക്കർ: ശ്രീ. കെ. എൻ. എ. ഖാദർ 12.30-ന് അടിയന്തര പ്രമേയത്തിന്മേലുള്ള ചർച്ചയാണ്. അങ്ങേയ്ക്ക് നിർബന്ധമാണെങ്കിൽ അതിനുശേഷം സംസാരിക്കാം.

ശ്രീ. കെ. എൻ. എ. ഖാദർ: സർ, എനിക്ക് നിർബന്ധമാണ്. Already it is 12.30 pm. ഇവിടെ ആദ്യം സംസാരിച്ചയാൾ 27 മിനിട്ടെടുത്തു.

മി. സ്പീക്കർ: അടിയന്തരപ്രമേയ ചർച്ചയ്ക്കുശേഷം അങ്ങേയ്ക്ക് പ്രസംഗം തുടരാം.

(ചർച്ച തുടരും)

# IX അടിയന്തരപ്രമേയ ചർച്ച

## നിപ വൈറസ് ബാധ

ഡോ. എം. കെ. മുനീർ: സർ, അടിയന്തരപ്രമേയ ചർച്ചയ്ക്കായി സഭ നിർത്തിവയ്ക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ശ്രീ. അനൂപ് ജേക്കബ്: സർ, ഞാൻ പ്രമേയത്തെ പിന്താങ്ങുന്നു.

ഡോ. എം. കെ. മുനീർ : സർ, കോഴിക്കോട്, മലപ്പുറം ജില്ലകളിലായി നിപ വൈറസ് ബാധിച്ച് പതിനേഴോളം പേർ മരണപ്പെടുകയും രണ്ടായിരത്തിലധികം ആളുകൾ നിരീക്ഷണത്തിലുമാണ്. ഇപ്പോഴും ഈ വൈറസിന്റെ ഉറവിടം കണ്ടെത്താൻ നമുക്ക് സാധിച്ചിട്ടില്ല. വവ്വാലുകളാണ് ഇത് പരത്തുന്നതെന്ന കാര്യത്തിൽ സംശയമില്ലെങ്കിലും എങ്ങനെയിത് ആ പ്രദേശത്ത് വലിയ ദുരന്തം വിതച്ചുവെന്നുള്ളതിനെക്കുറിച്ച് ആരോഗ്യ വകുപ്പും ബന്ധപ്പെട്ടവരും ഇപ്പോഴും അന്വേഷിച്ചുകൊണ്ടിരിക്കുകയാണ്. പക്ഷെ ഇതിനിടയിൽ വലിയ രീതിയിലുള്ള പ്രചരണങ്ങൾ, പ്രത്യേകിച്ച് സമൂഹമാധ്യമങ്ങളിൽ നടന്നുകൊണ്ടിരിക്കുന്നു. അതുപോലെ ഇതുമായി യാതൊരു ബന്ധവുമില്ലാത്തവരുടെ പ്രചരണങ്ങൾമൂലം വലിയ ഭയപ്പാട് കോഴിക്കോട് ജില്ലയിൽ പ്രത്യേകിച്ചും മലപ്പുറം ജില്ലയിൽ കാണാൻ സാധിക്കും. അതുകൊണ്ടുതന്നെ എല്ലാവരും ഭീതിയിലാണ്. ഇത് മാറ്റിയെടുക്കുന്നതിന് കഠിന പരിശ്രമം നമുക്കാവശ്യമുണ്ട്. ഉദാഹരണത്തിന് മാസ്ക് ധരിക്കുന്നതിനെക്കുറിച്ച് ഇന്നലെ ചർച്ച ചെയ്തു. കോഴിക്കോട് നഗരത്തിലുള്ള പോലീസുകാർ മുഴുവൻ മാസ്ക് ധരിച്ചിരിക്കുകയാണ്. മാസ്ക് ധരിച്ചവരുടെ ധാരാളം ഫോട്ടോകൾ അവിടത്തെ മാധ്യമങ്ങളിൽ നമുക്ക് കാണാൻ സാധിക്കും. കോഴിക്കോട് റെയിൽവേ സ്റ്റേഷനിൽ ചെന്നാൽ മാസ്ക് ധരിച്ചവരെയാണ് കാണാൻ സാധിക്കുന്നത്. എനിക്ക് അങ്ങയോട് ഒരു കാര്യം പറയാനുണ്ട്. നിയമസഭയുടെ മുമ്പിലുള്ള ഇൻഫർമേഷൻ ഓഫീസിൽ ആളുകൾ മാസ്ക് ധരിച്ചിരിക്കുന്നതെന്തിനാണെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ഇവിടെ നിപയുണ്ടോ? ഇന്നലെ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞതനുസരിച്ച് ഒന്നുകിൽ നിപ വേണം, അല്ലെങ്കിൽ നിപയുള്ളവരുമായി സമ്പർക്കം പുലർത്തണം. അതൊന്നുമില്ലാതെ ഇവിടെയുള്ളവരടക്കം മാസ്ക് ധരിച്ചിട്ടുണ്ടെങ്കിൽ അതിനർത്ഥം ദൂരെനിന്ന് വരുന്നവർ......., .....(ബഹളം).. .....

മി. സ്പീക്കർ: അദ്ദേഹം സംസാരിക്കട്ടെ, നിങ്ങൾ ഇടപെടണ്ട. അങ്ങ് സംസാരിക്കൂ.

ഡോ. എം. കെ. മുനീർ: സർ, ഇൻഫർമേഷൻ ഓഫീസിലുള്ള ആളുകളെല്ലാം മാസ്ക് ധരിക്കാനുള്ള കാരണമറിയാൻ ഞങ്ങൾക്ക് ആഗ്രഹമുണ്ട്. അങ്ങനെയാണെങ്കിൽ ഞങ്ങളും ധരിക്കണമല്ലോ.

മി. സ്പീക്കർ: പരിശോധിച്ച് അങ്ങയെ അറിയിക്കാം.

ഡോ. എം. കെ. മുനീർ: സർ, അത് അന്വേഷിക്കണം. ഞങ്ങളുടെ ഒരു നിഗമനം, അവിടെയെത്തി എൻക്വയർ ചെയ്യുന്നവരിൽനിന്നും നിപ ഞങ്ങൾക്ക് പകരുമോയെന്ന പേടി ഇവിടെയുള്ളവർക്കും വന്നിരിക്കുന്നു എന്നാണ്. രാഷ്ട്രീയപരമായല്ല നമ്മളിത് കൈകാര്യം ചെയ്തതെന്ന് ആരോഗ്യ വകുപ്പുമന്ത്രിക്കറിയാം. ഇതിന്റെ തുടക്കം മുതൽ ഓരോ ഘട്ടത്തിലും ആരോഗ്യ വകുപ്പുമന്ത്രി അവിടെ വന്നപ്പോഴും എല്ലാ കാര്യത്തിലും രാഷ്ട്രീയപരമായല്ല നമ്മൾ ഇടപെട്ടിട്ടുള്ളത്. അതിനിടയ്ക്ക് വേറൊരു വാർത്ത അവിടെയൊക്കെ പ്രചരിച്ചിരിക്കുന്നു. നിപയുടെ സെക്കന്റ് വേവ് വന്നിരിക്കുന്നുവെന്ന്. പുതിയ കേസുകൾ കാണുമ്പോഴാണ് അതിനെ സെക്കന്റ് വേവ് എന്നുവിളിക്കുന്നത്. പക്ഷെ സത്യത്തിൽ അവിടെ സെക്കന്റ് വേവ് ഉണ്ടായിട്ടില്ല. പഴയ കേസുകളിലെ വൈറസ് ബാധിതരിൽനിന്നും പകർന്നുവന്നിട്ടുള്ളതാണ് ഇത്രയും മരണത്തിനിട യാക്കിയിട്ടുള്ളത്. ഏതായാലും ഇത് കൺട്രോൾ ചെയ്തുവെന്ന് പറയുമ്പോഴും നമുക്കുള്ള പ്രശ്നം, ഇത് വളരെ ക്രിട്ടിക്കലായതുകൊണ്ട് ഇൻകുബേഷൻ പിരീഡ് എന്നുപറയുന്നത് 21 ദിവസമാണെന്നാണ് കണക്കാക്കിയിട്ടുള്ളത്. ആ ഇൻകുബേഷൻ പിരീഡിന്റെ ഒരിരട്ടി കൂടി വച്ചാണ് നമ്മൾ യഥാർത്ഥ ഇൻകുബേഷൻ പിരീഡ് ഫിക്സ് ചെയ്യുന്നത്. അങ്ങനെയാണെങ്കിൽ നിപ അവിടെനിന്ന് പൂർണ്ണമായും വിമുക്തമായോയെന്ന് അറിയണമെങ്കിൽ ഇനി 42 ദിവസംകൂടി കാത്തിരിക്കണം. അവിടെ സ്കൂളുകൾ തുറക്കാൻ സാധിക്കുന്നില്ല, അതുപോലെ കോടതികൾ. അവിടത്തെ കോടതിയിലെ ഒരു ജൂനിയർ സൂപ്രണ്ട് മരിക്കുകയുണ്ടായി. കോടതിയിലുള്ള വക്കീലന്മാർ ബേജാറായി, അവിടെയുള്ള ജഡ്ജിമാർക്ക് പ്രശ്നങ്ങളായി. അവർ ജില്ലാ കളക്ടറെ കണ്ടതിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് കോടതിയിൽ ഇപ്പോൾ സിറ്റിംഗ് നിർത്തിവച്ചിരിക്കുന്നു. 33-ഓളം ബസ് റൂട്ടുകൾ ക്യാൻസൽ ചെയ്തിരിക്കുന്നു. അങ്ങേയറ്റത്തെ വേദന തോന്നിയത്, പേരാമ്പ്രയിൽ നിർത്തിയിട്ടിരുന്ന ഒരു ബസിൽ പേരാമ്പ്ര താലൂക്കാശുപത്രിയിലെ ഒരു നഴ്സ് കയറിയപ്പോൾ ബസിലുള്ള ബാക്കിയെല്ലാവരും ഇറങ്ങിപ്പോകുന്ന ഒരു അവസ്ഥയുണ്ടായി. എക്സാജറേഷനല്ല, സത്യം പറയുകയാണ്. ഒരു എക്സാജറേഷനും എനിക്ക് ഇതിനകത്ത് പറയേണ്ട ആവശ്യമില്ല. എല്ലാവരും കോഴിക്കോട് വന്ന് നോക്കിയിട്ട് ഇത് എക്സാജറേഷനാണോ എന്നുപറഞ്ഞാൽ മതി. ആശുപത്രികളുടെ സ്ഥിതിയെന്താണ്; ആശുപത്രികളിൽ ആളുണ്ടോ? താലൂക്ക് ആശുപത്രികൾ തന്നെയെടുക്കാം; പേരാമ്പ്ര, ബാലുശ്ശേരി താലൂക്കാശുപത്രികളുടെ അവസ്ഥയെന്താണ്? മെഡിക്കൽ കോളേജിന്റെ സ്ഥിതിയെന്താണ്? ആശുപത്രിയിൽ പോയാൽ അവിടെനിന്നും പകരുമോയെന്ന് ആളുകൾ പേടിക്കുന്ന ഒരു അവസ്ഥയിലേയ്ക്ക് കാര്യങ്ങൾ നീങ്ങുന്നു. ഈ പരിഭ്രാന്തി മാറ്റുന്നതിന് വലിയ പരിശ്രമം നടത്തേണ്ടതുണ്ട്. ഇന്നലെ സർവ്വകക്ഷിയോഗം വിളിച്ചു. സ്വാഗതാർഹമായ കാര്യമാണത്. സാധാരണ അടിയന്തരപ്രമേയം കൊണ്ടു വന്നാലുള്ള ഒരു ധാരണ, എല്ലാം എതിർക്കുന്നതിന് അല്ലെങ്കിൽ ശക്തമായ ഒരു

വിമർശനത്തിനുവേണ്ടിയാണെന്നാണ്, അങ്ങനെയല്ല. ഇന്നത്തെ വളരെ ഭയാനകമായ അവസ്ഥയ്ക്ക് മാറ്റമുണ്ടാക്കി ജനങ്ങളുടെ ആശങ്ക അകറ്റുന്നതിന് നമ്മൾ എന്ത് ചെയ്യണമെന്നുള്ളത് സഭ നിർത്തിവച്ച് ചർച്ച ചെയ്യാനെടുത്ത തീരുമാനത്തിൽ ബഹുമാനപ്പെട്ട സ്പീക്കറെയും സഭാനേതാവ് എന്ന നിലയ്ക്ക് മുഖ്യമന്ത്രിയെയും ആരോഗ്യ വകുപ്പുമന്ത്രിയെയുമൊക്കെ ഞങ്ങളുടെ നന്ദി അറിയിക്കുകയാണ്. ഇത് ചർച്ച ചെയ്യേണ്ടത് അനിവാര്യമാണ്.

ലോകത്തെ എല്ലാ വവ്വാലുകളിലും നിപ വൈറസ് ഇല്ല. ഒരു പ്രത്യേകതരം വവ്വാലിൽ മാത്രമേ ഇത് കാണാൻ സാധിക്കുകയുള്ളൂ. Fruit Bat എന്നുപറയുന്ന അല്ലെങ്കിൽ Flying Fox എന്ന് വിശേഷിപ്പിക്കുന്ന ഒരുതരം വവ്വാലിൽ മാത്രമേ ഇത് കാണുകയുള്ളൂ. Pteropus Giganteus എന്നുപറയുന്ന ഒരുതരം വവ്വാലിൽ ഇതുണ്ട്. മൂന്നുനാല് ഘട്ടങ്ങളിലായി അതിന്റെ സലൈവയിലൂടെയാണ് ഇത് പുറത്തുവരുന്നത്. ഒന്ന്, അത് ഇണ ചേരുന്ന സമയത്ത്. രണ്ട്, അതിന്റെ പ്രജനന സമയത്ത്. മൂന്ന്, ചിലപ്പോൾ ഫോറസ്റ്റിൽ നിന്ന് അതിന്റെ ആവാസസ്ഥലം മാറി അതിന് ഭക്ഷണം കിട്ടാതെ വരുമ്പോഴുണ്ടാകുന്ന സ്ട്രെസ്സിൽ നിന്നൊക്കെയാണ്. ഇതിനെയാണ് സ്പിൽ ഓവർ ഇൻഫെക്ഷൻ എന്നുപറയുന്നത്. ഈ സ്പിൽ ഓവർ ഇൻഫെക്ഷനാണ് ഇവിടെ ഇതുണ്ടാക്കിയതെന്നുള്ള നിഗമനത്തിലാണ് നമ്മൾ ഇപ്പോഴും നിൽക്കുന്നത്. വവ്വാൽ തന്നെയാണ് ഇതിന് മുഖ്യകാരണം എന്നുള്ള കാര്യത്തിൽ സംശയമില്ല. പക്ഷെ വവ്വാലിൽ നിന്ന് വേറെ മൃഗത്തിലേയ്ക്ക് പോകുകയും അല്ലെങ്കിൽ വവ്വാലിൽനിന്ന് മനുഷ്യർക്ക് കിട്ടുകയും ചെയ്താൽ മനുഷ്യനിൽനിന്നും മനുഷ്യനിലേയ്ക്ക് ഇത് വേഗംവേഗം പടർന്നുപോകും. പക്ഷെ ഏറ്റവും ക്രിട്ടിക്കലായി നിൽക്കുന്ന സമയത്ത് മാത്രമേ ഇത് പകരുകയുള്ളൂ. ഉദാഹരണത്തിന് ഈ രോഗത്തിന്റെ ആദ്യലക്ഷണം പനിയും സന്ധിവേദനയും ശ്വാസതടസ്സവുമാണ്. പിന്നീട് അത് ബ്രെയിനിലേയ്ക്ക് പോയി encoughtelise ആയി മാറുന്ന ഘട്ടമെത്തുമ്പോഴേക്കും അതിന്റെ മൂർദ്ധന്യാവസ്ഥയിൽ എത്തിയെന്ന് മനസ്സിലാക്കാം. ആ സമയത്ത് ആരാണോ പരിചരിക്കുന്നത് അവർക്കത് പകരും. അങ്ങനെയാണ് നഴ്സായ ലിനി മരിച്ചത്. അവരുടെ സമർപ്പണം എന്ന് വേണമെങ്കിൽ പറയാം. ആദ്യം രോഗം പിടിപെട്ട സാബിത്തിനെ പനിയാണെന്നു പറഞ്ഞ് പേരാമ്പ്ര ആശുപത്രിയിൽ പ്രവേശിച്ചപ്പോൾമുതൽ ആ നഴ്സ് അയാളെ പരിചരിച്ചിരുന്നു. അതിന്റെ ഫലമായാണ് അവർക്ക് വൈറസ് പകർന്നതും സ്വന്തം കുട്ടികളെപ്പോലും കാണാനാകാതെ മരിക്കുകയും ചെയ്തത്. സ്വകാര്യ ആശുപത്രിയിലാണ് രണ്ടാമത്തെ രോഗിയെ കൊണ്ടുവന്നത്. അവിടെ വച്ച് രണ്ടോമൂന്നോ ഡോക്ടർമാരുടെ മനസ്സിൽ നിപ വൈറസ് സംബന്ധിച്ച് സ്ട്രൈക്ക് ചെയ്തതുകൊണ്ടുമാത്രമാണ് മണിപ്പാൽ വൈറോളജി സെന്ററിലേയ്ക്ക് പരിശോധനയ്ക്ക് അയച്ചത്. അവിടെനിന്ന് വൈറസ് സ്ഥിരീകരിച്ചതായി ഡോക്ടർ അരുൺ, ബേബി

മെമ്മോറിയൽ ഹോസ്പിറ്റലിനെ അറിയിച്ചതോടൊപ്പം ഡി.എച്ച്.എസ്.-നും വിവരം നൽകി. അപ്പോഴാണ് നിപ വൈറസ് ആണെന്ന് ബോധ്യമായത്. ആദ്യത്തെ രോഗി മരിച്ചപ്പോൾ ശവസംസ്കാരത്തിനുള്ള പ്രോട്ടോകോൾ പാലിക്കാൻ സാധിച്ചില്ല. രണ്ടാമത്തെ ആൾ മരിച്ചപ്പോൾ പ്രോട്ടോകോൾ പ്രകാരമാണ് ശവസംസ്കാരം നടത്തിയത്. പിന്നീട് നടന്ന മരണങ്ങളിലൊക്കെ പലതരത്തിലുള്ള ആശയക്കുഴപ്പങ്ങൾ ഉണ്ടായിരുന്നു. അതിൽ മതപരമായ വിഷയങ്ങളുണ്ടായിരുന്നു. അതൊക്കെ മന്ത്രിയും ഞങ്ങളുമൊക്കെ ഇടപെട്ട് സൗമ്യമായ രീതിയിൽ പരിഹരിച്ചു. ഇതൊക്കെ ഓരോ ദിവസവും ജനങ്ങളിലുണ്ടാക്കുന്ന ആശങ്ക വലുതാണ്. ഡി.എം.ഒ.-യുടെ ലെറ്റർ ഹെഡ്ഡിലുള്ള ഒരു വ്യാജ സന്ദേശം വാട്ട്സ്ആപ്പിൽ വന്നു. അതിന്റെ പേരിൽ എന്ത് നടപടി സ്വീകരിച്ചുവെന്ന് അറിയില്ല. പ്രസ്തുത സന്ദേശത്തിൽ ബംഗാളിലെ മജിസ്ട്രേറ്റിന്റെ സീലും ഒപ്പുമാണ് വച്ചിട്ടുള്ളത്. അത് വ്യാജമായി നിർമ്മിച്ചതാണ്. നിപ വൈറസ് ബാധ കോഴികളിലൂടെ പകരുന്നുവെന്ന വാർത്ത ലാബ് പരീക്ഷണത്തിലൂടെ തെളിഞ്ഞിരിക്കുന്നുവെന്നും തമിഴ്നാട്ടിൽനിന്നും വരുന്ന അറുപത് ശതമാനം കോഴികളിലും നിപ വൈറസുള്ളതായി ആരോഗ്യ വകുപ്പ് കണ്ടെത്തിയിട്ടുണ്ടെന്നും ഇനിയൊരു അറിയിപ്പുണ്ടാകുന്നതുവരെ കോഴിയിറച്ചി കഴിക്കുന്നത് വിലക്കണമെന്ന് ആരോഗ്യവകുപ്പ് മുന്നറിയിപ്പ് നൽകുന്നുവെന്നും പറഞ്ഞാണ് സന്ദേശം വന്നിട്ടുള്ളത്. വവ്വാലിൽക്കൂടിയാണോ പകരുന്നതെന്ന് കണ്ടുപിടിച്ചിട്ടില്ല, പിന്നെയാണ് കോഴി. ഇത് കോഴികളിലേയ്ക്ക് വരില്ല. എനിക്ക് അയച്ചുതന്ന സുഹൃത്തിനോട് ഇത് ഫോർവേഡ് ചെയ്തത് എന്തിനാണെന്ന് ചോദിച്ചപ്പോൾ കോഴിക്ക് വില കൂടിയത് കുറയ്ക്കാൻവേണ്ടി ചെയ്തതാണെന്നാണ് പറഞ്ഞത്. ഡേറ്റ്സിൽ നിന്നാണ് ബംഗ്ലാദേശിൽ ഈ രോഗം ഉണ്ടായത്. ഡേറ്റ്സ് ബംഗ്ലാദേശിൽ നിന്നാണ് നമ്മുടെ സംസ്ഥാനത്തേയ്ക്ക് വരുന്നത്. റംസാൻ വ്രതസമയത്ത് ഡേറ്റ്സ് കഴിക്കാൻ പാടില്ലെന്നുപറഞ്ഞ് വേറൊരു മെസ്സേജ്. ഇങ്ങനെ ആളുകളെ കുഴപ്പത്തിലാക്കുന്ന രീതിയിലുള്ള മെസ്സേജുകൾ വന്നുകൊണ്ടിരിക്കുകയാണ്.

മഴയുമായി ബന്ധപ്പെട്ട് പുതിയതായി പല രോഗങ്ങളും വരാനുണ്ട്. ഡെങ്കി, വീൽസ് ഡിസീസസ് (Weil's diseases) ഒക്കെ വരാനുണ്ട്. അതിനൊക്കെ പനി, സന്ധിവേദന തുടങ്ങിയ ലക്ഷണങ്ങളൊക്കെ ഉണ്ടാകും. ഇതെല്ലാം നിപ വൈറസിന്റെ ഗണത്തിലേയ്ക്ക് മാറ്റി ആളുകൾ ഭയപ്പെടുന്ന അവസ്ഥ നിലനിൽക്കുന്നുണ്ട്. സോഷ്യൽ മീഡിയകളിൽ ഇത്തരം മെസ്സേജുകൾ വരുമ്പോൾ ഇനിയെങ്കിലും ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് വിഷ്വലായി കാര്യങ്ങൾ പറയണം. ആരോഗ്യ വകുപ്പുമന്ത്രി വിഷ്വലായി വന്ന് സംസാരിച്ചില്ലെങ്കിൽ ആളുകളെ

തെറ്റിദ്ധരിപ്പിക്കാൻ എളുപ്പമാണ്. അതുപോലെ നമ്മുടെ എ.സി.എസ്.-ന് പറയാനുള്ളത് വിഷ്വലായി പറയട്ടെ; ഡി.എച്ച്.എസ്. പറയട്ടെ; ജനങ്ങളിൽ പരിഭ്രാന്തിയില്ലാതാക്കാനുള്ള നടപടിയെടുക്കണം.

മലപ്പുറം, കോഴിക്കോട് ആശുപത്രികളിൽ ശ്രദ്ധിക്കേണ്ട ഒന്നുരണ്ട് നിർദ്ദേശങ്ങൾ മാത്രം വച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കാം. സംസ്ഥാനതല സാംക്രമികരോഗ പഠന ഗവേഷണകേന്ദ്രം സ്ഥാപിക്കണം. തിരുവനന്തപുരം, കോഴിക്കോട്, മഞ്ചേരി മെഡിക്കൽ കോളേജുകളിൽ മൈക്രോ ബയോളജി വിഭാഗത്തിൽ വൈറോളജി ലബോറട്ടറികൾ ഉടൻ ആരംഭിക്കണം. ഇപ്പോൾ നിപ വൈറസ് നിയന്ത്രണവിധേയമാണെങ്കിലും മറ്റൊരു സന്ദർഭത്തിൽ വീണ്ടും ഒരു എപ്പിസോഡ് കൂടി ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ട് എന്നുള്ളത് മനസ്സിൽ കണ്ടുകൊണ്ട് വൈറോളജി സെന്റർ കോഴിക്കോട് ജില്ലയിൽ സ്ഥാപിക്കുന്നതിനെക്കുറിച്ച് ആലോചിക്കണം. ആലപ്പുഴയിൽ വേണമെന്നുള്ള കാര്യത്തിൽ യാതൊരു സംശയവുമില്ല. ഇതിൽ രണ്ട് പ്രധാനപ്പെട്ട പരിശോധനകളാണ് നടത്തേണ്ടത്. എലിസ ടെസ്റ്റാണ് നമ്മൾ ചെയ്യുന്നതെങ്കിലും മറ്റൊരു ടെസ്റ്റ് കൂടി ഇതിനോടൊപ്പം ചെയ്യേണ്ടതുണ്ട്. പോളിമറൈസ് ചെയിൻ റിയാക്ഷൻ ടെസ്റ്റ് ചെയ്യാനുള്ള സൗകര്യമില്ലാത്തതുകൊണ്ട് അത്തരം സൗകര്യമുള്ള വൈറോളജി സെന്ററുകളാണ് നമുക്ക് ആവശ്യം. ഇൻഫെക്ഷ്യസ് ഡിസീസസ് വരുമ്പോൾ അതിനെ പ്രതിരോധിക്കാൻ ഇൻഫെക്ഷൻ കൺട്രോൾ യൂണിറ്റ് ആശുപത്രിയിൽ വേണം. മെഡിക്കൽ കോളേജിലെ സ്റ്റാഫിനെ ഞാൻ കുറ്റപ്പെടുത്തുകയല്ല. അവർ നന്നായി സഹകരിച്ച്, ജീവൻ പണയപ്പെടുത്തിയാണ് രക്ഷാപ്രവർത്തനങ്ങൾ നടത്തിയിട്ടുള്ളതെങ്കിലും മൂന്ന് മരണങ്ങളുണ്ടായത് സി.ടി. സ്കാൻ ടേബിളിന്റെ മുകളിൽ നിന്നാണ്. ഈ രോഗവുമായി യാതൊരു ബന്ധവുമില്ലാതെ അവിടെ വന്ന് സി.ടി. സ്കാൻ ടേബിളിൽ കിടന്ന ആളുകൾക്കും നിപ വൈറസ് പിടിപെട്ടിരിക്കുന്നു. കാരണം അതിനുമുമ്പ് വൈറസ് ബാധിച്ച ഒരാളെ അതേ ടേബിളിൽ കിടത്തി സ്കാൻ ചെയ്തതുകൊണ്ടാണ്. ഇപ്പോൾ പ്രോട്ടോകോൾ മുഴുവൻ പാലിച്ച് എല്ലാ ഇൻഫെക്ഷൻസിനെയും മാറ്റി മെഡിക്കൽ കോളേജും മറ്റും വിജിലന്റായി നിൽക്കുന്നതിൽ ആരോഗ്യവകുപ്പിനെ അഭിനന്ദിക്കുകയാണ്. എല്ലാ ആശുപത്രികളിലും ആ യൂണിറ്റ് വേണമെന്നതിനുപുറമെ ഇതിനെ കോ-ഓർഡിനേറ്റ് ചെയ്യുന്നതിനായി പബ്ലിക് ഹെൽത്ത് ആക്ട് ആവശ്യമായ സന്ദർഭം കൂടിയാണ് ഇത്. ആന്റിബയോട്ടിക് ആൻഡ് ഇൻഫെക്ഷൻ കൺട്രോൾ ചെയ്യുന്നതിനായി നാഷണൽ പോളിസി നിലവിലുണ്ട്. ആ പോളിസി സംസ്ഥാനത്ത് ആവിഷ്കരിക്കണമെന്ന നിർദ്ദേശം ഞാൻ മുന്നോട്ടുവയ്ക്കുകയാണ്. ഇവിടെ സൂചിപ്പിച്ചതുപോലെ, ഗവൺമെന്റ്

ഹോസ്പിറ്റലിന് പുറമെ സ്വകാര്യ ആശുപത്രികളുടെയും പ്രവർത്തനങ്ങൾമൂലമാണ് നമുക്കിത് അറിയാൻ കഴിഞ്ഞത്. അല്ലെങ്കിൽ നമ്മളിത് കാണാതെ പോകുകയും ധാരാളം മരണങ്ങൾ സംഭവിക്കുകയും എലി/കൊതുക് എന്നിവയിൽ നിന്നാണ് വൈറസ് പകരുന്നതെന്ന ധാരണയിലെത്തുകയും ചെയ്യുമായിരുന്നു. പിറ്റേദിവസം തന്നെ വൈറോളജി സെന്ററിലേയ്ക്ക് സാമ്പിളുകൾ അയയ്ക്കാൻ സാധിച്ചതുകൊണ്ടുമാത്രമാണ് അത് നിയന്ത്രിക്കാൻ സാധിച്ചത്. ഇവിടെ അതിനാവശ്യമായ സെല്ലുകൾ പ്രവർത്തിക്കുന്നുണ്ട്. ആ സെല്ലുകൾ കൃത്യമായി അവിടെ പ്രവർത്തിക്കുകയും എപ്പിഡമോളജിസ്റ്റ്, മൈക്രോബയോളജിസ്റ്റ്, കമ്മ്യൂണിറ്റി മെഡിസിൻ, വൈറോളജിസ്റ്റ് തുടങ്ങിയ ടീമുകളുടെ നിരന്തരമായ ഇടപെടലുകളിലൂടെ നമുക്ക് ഒരുമിച്ച് നിയന്ത്രിക്കാൻ സാധിക്കട്ടെയെന്ന് മാത്രം ആഗ്രഹിച്ചുകൊണ്ട് ഞാൻ പ്രമേയം അവതരിപ്പിക്കുന്നു.

1.00 PM]

ശ്രീ. എ. പ്രദീപ്കുമാർ: സർ, നിപ വൈറസ് ബാധയുമായി ബന്ധപ്പെട്ട് ഇവിടെ അടിയന്തരപ്രമേയം അവതരിപ്പിച്ചുകൊണ്ട് ഡോ. എം. കെ. മുനീർ നടത്തിയ പ്രസംഗത്തെ ഈ മേഖലയിൽ സർക്കാർ നടത്തിയ ഇടപെടലുകൾക്കുള്ള ഏറ്റവും നല്ല സർട്ടിഫിക്കറ്റായാണ് കാണുന്നത്. യഥാർത്ഥത്തിൽ സോഷ്യൽ മീഡിയയുമായി ബന്ധപ്പെട്ട് നടക്കുന്ന തെറ്റായ ചില രീതികളെ സംബന്ധിച്ചാണ് അദ്ദേഹം ഉന്നയിച്ചത്. അത് നമ്മളെല്ലാവരും പ്രത്യേകമായി കൈകാര്യം ചെയ്യേണ്ട ഒന്നാണ്. ഇന്നത്തെ മാതൃഭൂമി പത്രത്തിന്റെ മുഖപ്രസംഗത്തിൽ "ഞങ്ങൾ നമിക്കുന്നു" എന്ന തലക്കെട്ടോടെ ഒരു കാര്യം പറഞ്ഞിട്ടുണ്ട്. അവിടെ അവതരിപ്പിക്കപ്പെട്ട പ്രമേയത്തെ നമ്മൾ ഒന്നായി പിന്തുണയ്ക്കാം എന്നാണ് തോന്നുന്നത്. "ഭീതിയുടെ ആകാശത്ത് പ്രത്യാശയുടെ മഴ പെയ്യുകയാണിപ്പോൾ. 16 പേരുടെ ജീവനെടുത്ത, കേരളത്തെ മരണത്തിന്റെ മുൾമുനയിൽ നിർത്തിയ നിപ വൈറസ് ഭീഷണിയോട് പൊരുതി ഇപ്പോൾ രണ്ട് പേർ വൈറസ് മുക്തരായിരിക്കുന്നു. ചികിത്സയില്ലെന്നും പിടിപ്പെട്ടാൽ മരണം സുനിശ്ചിതമെന്നും കരുതപ്പെട്ട ഈ വൈറസ് ആക്രമണം പൊതു ജീവിതത്തെതന്നെ താറുമാറാക്കിയ സാഹചര്യത്തിലാണ് ഈ അപൂർവ്വ വിജയം. ഇപ്പോൾ പുതിയ രോഗികളില്ലാത്ത അവസ്ഥയിൽ എത്തിയിട്ടുണ്ട്. സ്വന്തം ജീവൻപോലും അപകടപ്പെടാവുന്ന സാഹചര്യം അവഗണിച്ച് നമ്മുടെ ആരോഗ്യ പ്രവർത്തകർ ഒറ്റക്കെട്ടായി പണിയെടുത്ത് നേടിയ നേട്ടമാണിത്. ഇത് സാദ്ധ്യമാക്കിയ ഡോക്ടർമാരും നഴ്സുമാരും ശുചീകരണ തൊഴിലാളികളും ലാബ് ടെക്നീഷ്യന്മാരും അടങ്ങുന്ന ആരോഗ്യ പ്രവർത്തകരുടെ ഈ നിസ്വാർത്ഥ

സേവനത്തിന് മുന്നിൽ ഞങ്ങൾ നമിക്കുന്നു. "നിപ വൈറസ് ഉയർത്തിയ യുദ്ധമുഖത്തുനിന്ന് കേരളത്തെ കരകയറ്റാനുള്ള ആത്മാർത്ഥമായ ശ്രമത്തെ ഞങ്ങൾ നമിക്കുന്നു" എന്നാണ് ഇതിൽ പറയുന്നത്. ഇതാണ് കേരളമാകെ പറയുന്നത്. അതിൽനിന്നും വ്യത്യസ്തമായി ചെറിയൊരു അലോസരമുണ്ടായത് ഇന്നലെ ഈ സഭയിൽ കണ്ട ഒരു സംഭവം മാത്രമാണ്. (.....ബഹളം....)

മി. സ്പീക്കർ: പ്ലീസ്......പ്ലീസ്........അങ്ങ് സംസാരിക്കൂ.

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഞാനൊന്നും പറഞ്ഞില്ല. ഇന്നലെ സഭയിൽ കണ്ട ഒരു പ്രവണതയെന്നാണ് പറഞ്ഞത്. ഭരണകക്ഷി പ്രതിപക്ഷ ഭേദമെന്യേ ഒരേ മനസ്സോടെയാണ് ആരോഗ്യ പ്രവർത്തകരുടെ പരിശ്രമങ്ങൾക്ക് പിന്തുണ നൽകിയത്. ഇന്നത്തെ സ്ഥിതിയിൽ മെഡിക്കൽ കോളേജ് ആശുപത്രിയിൽ 24 ആളുകൾ ഇപ്പോഴും നിരീക്ഷണത്തിലുണ്ട്. അവരൊന്നും 'നിപ' ബാധ സ്ഥിരീകരിച്ചവരല്ല. പ്രത്യേക പനിയുള്ളതുകൊണ്ട് അവരെ നിരീക്ഷണത്തിന് വിധേയരാക്കിയതാണ്. നേരത്തെ 18 ആളുകളിലാണ് ഈ വൈറസ് ബാധ പോസിറ്റീവായി കണ്ടത്. അതിൽ 16 ആളുകൾ മരണപ്പെട്ടു. മെഡിക്കൽ കോളേജിൽ നടത്തിയ ചികിത്സയിലൂടെ രണ്ടുപേർക്ക് രോഗം ഭേദമായിട്ടുണ്ട്. Ribavirin എന്നൊരു മരുന്നാണ് നൽകിയത്. ഈ വൈറസ് ബാധയുണ്ടായാൽ മരണമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്ന് ഭീതിപ്പെട്ട് നിന്നിരുന്ന സാഹചര്യത്തിന് ചെറിയൊരു ആശ്വാസവും മാറ്റവും ഇപ്പോൾ ഉണ്ടായിട്ടുണ്ട്. അത് സർക്കാർ ആശുപത്രികളുടെ പ്രവർത്തനത്തിലൂടെ ഉണ്ടായതാണ്. ഇക്കാര്യത്തിൽ സ്വകാര്യ ആശുപത്രികൾ വഹിച്ച പങ്കിനെ ആരും കുറച്ചുകാണുന്നില്ല. മഹത്തായ പങ്കാണ് സ്വകാര്യ ആശുപത്രികളും വഹിച്ചത്. ഗവൺമെന്റ് ഹോസ്പിറ്റലുകളെയും സ്വകാര്യ ആശുപത്രികളെയും ഒരുപോലെ പ്രവർത്തനസജ്ജമാക്കി നിർത്തുകയാണ് ഗവൺമെന്റ് ചെയ്തത്. അവരുടെ മീറ്റിംഗുകളൊക്കെ വിളിച്ചുചേർത്തിരുന്നു. പക്ഷേ ഈ നേട്ടമുണ്ടാക്കിയത് നമ്മുടെ മെഡിക്കൽ കോളേജാണ്. ഇപ്പോൾ രണ്ടുപേരെ രോഗവിമുക്തരാക്കിയെന്നാണ് കാണുന്നത്. ഡോ. എം. കെ. മുനീർ പറഞ്ഞതുപോലെ ഇൻകുബേഷൻ പിരീഡിലുള്ള ജാഗ്രത തുടർന്നും പുലർത്തേണ്ടതായിട്ടുണ്ട്. 2018 മെയ് 3-ാം തീയതി പേരാമ്പ്ര താലൂക്കാശുപത്രിയിൽ ഈ രോഗം ബാധിച്ച ആദ്യത്തെ രോഗിയായ സാബിത്തിനെ കൊണ്ടുവന്നപ്പോൾ ഈ രോഗത്തെക്കുറിച്ച് മനസ്സിലായില്ല. പിന്നീട് ആ രോഗിയെ മെഡിക്കൽ കോളേജിൽ കൊണ്ടുവരികയും ഏതാനും മണിക്കൂറുകൾക്കുള്ളിൽ അയാൾ മരിക്കുകയും ചെയ്തു. ഇതുപോലൊരു മാരക രോഗത്തിന് ഇരയായിട്ടാണ് അദ്ദേഹം മരിച്ചതെന്ന് ആർക്കും മനസ്സിലായില്ല. 2018 മെയ് 17-ാം തീയതി അദ്ദേഹത്തിന്റെ സഹോദരനെ രോഗബാധിതനായി

ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ കൊണ്ടുവന്നപ്പോഴാണ് ഇതൊരു സാധാരണ പനിയല്ലെന്നും ഗുരുതരമായതാണെന്നും അവിടത്തെ ഡോക്ടർ ശ്രീ. എ. എസ്. അനൂപ് കുമാർ നിരീക്ഷിച്ചത്. ഉടൻതന്നെ അദ്ദേഹം മറ്റ് ഡോക്ടർമാരെ വിളിച്ച് ഇക്കാര്യം ചർച്ച ചെയ്തു. ന്യൂറോ സംബന്ധമായ കാര്യമുണ്ടെന്ന തോന്നലിൽ ന്യൂറോ വിദഗ്ദ്ധനായ ഡോ. ജയകൃഷ്ണനുമായി സംസാരിച്ചു. ബംഗ്ലാദേശിലൊക്കെ മുമ്പുവന്ന 'നിപ' രോഗത്തിന്റെ സാദ്ധ്യതയെക്കുറിച്ച് ആദ്യമായി പറഞ്ഞത് ഡോ. ജയകൃഷ്ണനാണ്. ഉടൻതന്നെ അവർ ഈ വിവരം ആരോഗ്യ വകുപ്പിനെ അറിയിക്കുകയും മണിപ്പാലിലുള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് ഈ വിവരം നൽകുകയും അവരുമായി കൺസൾട്ട് ചെയ്യുകയും ചെയ്തു. ആ സമയത്തുതന്നെ ആരോഗ്യ വകുപ്പ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ തലവനായ ഡോ. ജി. അരുൺ കുമാറുമായി സംസാരിച്ചു. അങ്ങനെയാണ് 'നിപ' സാദ്ധ്യതയെക്കുറിച്ചുള്ള അന്വേഷണം ആദ്യമായി നടക്കുന്നത്. ഈ വിവരം അറിഞ്ഞപ്പോൾത്തന്നെ ബഹുമാനപ്പെട്ട മന്ത്രിയുടെ നിർദ്ദേശമനുസരിച്ച് ആരോഗ്യവകുപ്പ് അധികൃതർ വളരെ ശക്തമായി ഇടപെട്ടു. ഡയറക്ടർ ഓഫ് ഹെൽത്ത് സർവ്വീസസിലെ ഉദ്യോഗസ്ഥരും അവരുടെ സഹപ്രവർത്തകരും നേരിട്ട് കോഴിക്കോട് വന്നു. ആദ്യമായി 'നിപ' രോഗം ബാധിച്ച് മരണപ്പെട്ട സാബിത്തും രണ്ടാമതായി രോഗം ബാധിച്ച അദ്ദേഹത്തിന്റെ സഹോദരനും ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ മണ്ഡലത്തിലെ പേരാമ്പ്രയിൽ ആയതുകൊണ്ട് അദ്ദേഹവും തുടക്കം മുതൽ ഈ പ്രശ്നത്തിൽ നേരിട്ട് ഇടപെട്ടു. 'നിപ' വൈറസ് ബാധ സ്ഥിരീകരിച്ചതോടെ തൊട്ടടുത്ത ദിവസംതന്നെ ആരോഗ്യ വകുപ്പുമന്ത്രിയും സ്ഥലത്തെത്തി. ആരോഗ്യ വകുപ്പ് സെക്രട്ടറി നേരിട്ട് വന്ന് ഈ പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അവിടത്തെ ഡി.എം.ഒ. എല്ലാ പ്രവർത്തനങ്ങൾക്കും നേതൃത്വം നൽകുകയും ജില്ലാ കളക്ടർ പ്രവർത്തനങ്ങളെ കോ-ഓർഡിനേറ്റ് ചെയ്യുകയും ചെയ്തു. നമ്മളൊക്കെ എം.എൽ.എ. ആയതിനുശേഷവും മുമ്പും പകർച്ചവ്യാധികളെ പ്രതിരോധിക്കുന്ന പ്രവർത്തനങ്ങൾ കണ്ടിട്ടുണ്ട്. പക്ഷേ ഇതുപോലൊരു ഇടപെടൽ മറ്റെങ്ങും കണ്ടിട്ടില്ല. ഞങ്ങളൊക്കെ അതിന്റെ ഭാഗമായി സഹകരിച്ചവരാണ്. അതുല്യം, അനുപമം, അഭിനന്ദനാർഹം ഇതാണ് ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ നടന്ന പ്രതിരോധ പ്രവർത്തനത്തെക്കുറിച്ച് എനിക്ക് വിശേഷിപ്പിക്കാനുള്ളത്. സാധാരണ രീതിയിലുള്ള പ്രതിരോധ പ്രവർത്തനങ്ങളെ കാണുന്ന ലാഘവത്തോടെ അതിനെ കണ്ടിരുന്നെങ്കിൽ ഇങ്ങനെയാകുമായിരുന്നില്ല. ഗവൺമെന്റിന്റെയും ആരോഗ്യ വകുപ്പിന്റെയും നിർദ്ദേശമനുസരിച്ച് ആരോഗ്യവകുപ്പിലെ ഉന്നത ഉദ്യോഗസ്ഥർ, സഹപ്രവർത്തകർ, കോഴിക്കോട് മെഡിക്കൽ കോളേജിലെയും ബന്ധപ്പെട്ട

താലൂക്ക് ആശുപത്രികളിലെയും ആരോഗ്യ പ്രവർത്തകർ, ഡോക്ടർമാർ, നഴ്സുമാർ, ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെ ഡോക്ടർമാർ, ശുചീകരണ തൊഴിലാളികൾ തുടങ്ങിയവരെല്ലാം എല്ലാ ഘട്ടങ്ങളിലും ഗംഭീരമായി പ്രവർത്തിച്ചു. എങ്ങനെയാണ് അത് വിശദീകരിക്കേണ്ടതെന്ന് എനിക്കറിയില്ല. ആ ഇടപെടലും പ്രവർത്തനങ്ങളുമൊക്കെ എന്റെ വാക്കുകൾക്ക് അതീതമാണ്. ഇത്രയും ചുരുങ്ങിയ സമയത്തിനുള്ളിൽ അത് വിശദീകരിച്ച് പറയാൻ കഴിയില്ല. നിപ രോഗമാണെന്ന് അറിയാതെ മെഡിക്കൽ കോളേജിൽ ആദ്യത്തെ രോഗി വന്നപ്പോൾ അന്ന് വേണ്ടത്ര ജാഗ്രതയില്ലാതിരുന്നതുകൊണ്ട് സംഭവിച്ച ചില പ്രശ്നങ്ങളുണ്ട്. ഇവിടെ പറഞ്ഞതുപോലെ സ്കാനിംഗ് ടേബിളിലുണ്ടായെന്ന് പറയുന്ന കാര്യങ്ങൾ, ആളുകൾ ശ്രദ്ധിക്കാതെ ഇടപെടുകയും സ്പർശിക്കുകയും ചെയ്തതിന്റെ ഭാഗമായാണ് പകർച്ചയുണ്ടായത്. ഈ രോഗികളുമായി ഏതെങ്കിലും തരത്തിൽ സമ്പർക്കം പുലർത്തിയിട്ടുള്ള രണ്ടായിരത്തിൽപ്പരം ആളുകളുടെ ലിസ്റ്റെടുക്കുകയാണ്. അത് സാഹസികമായ ജോലിയാണ്. അവരെ മുഴുവൻ നിരീക്ഷണത്തിലാക്കുകയാണ്. അവർ നിരീക്ഷണത്തിലിരിക്കുമ്പോൾ മറ്റുള്ളവരുമായി സമ്പർക്കം പുലർത്താതെ അവരുടെ വീട്ടിലോ പ്രത്യേക സ്ഥലത്തോ നിൽക്കേണ്ടതുണ്ട്. അവർക്കുവേണ്ട ഭക്ഷണം ഉൾപ്പെടെയുള്ള എല്ലാ സൗകര്യങ്ങളും പ്രത്യേകിച്ച് ജോലിക്ക് പോകാതിരിക്കുന്ന ആളുകളുടെ എല്ലാ കാര്യങ്ങളും സർക്കാർതലത്തിൽതന്നെ ചെയ്തിട്ടുമുണ്ട്. ഈ രോഗം ബാധിച്ചതുമൂലമുണ്ടായ 16 മരണങ്ങളും വളരെ വേദനാജനകമാണ്. പക്ഷേ അതിൽ നഴ്സായ ലിനിയുടെ മരണം നമ്മുടെ മനസ്സിനെ വല്ലാതെ സ്പർശിച്ചു. രോഗപ്രതിരോധ പ്രവർത്തനത്തിൽ സമർപ്പിത മനസ്സോടെയുള്ള പ്രവർത്തനത്തിന്റെ രക്തസാക്ഷിത്വമായിരുന്നു ലിനിയുടെ മരണം. അവരുടെ കുടുംബത്തിനുവേണ്ടി ഗവൺമെന്റ് പിന്നീട് ചെയ്തതൊക്കെ ഇവിടെ പ്രധാനമായും പറയേണ്ട കാര്യമാണെന്ന് തോന്നുന്നില്ല. ആ നിലയിൽ എല്ലാവരും ജീവൻ പണയം വച്ചാണ് ഇടപെട്ടത്. ഇങ്ങനെയുള്ള മാരക വൈറസ് ബാധ വരുമ്പോൾ ജീവന് എന്ത് അപകടവും ഉണ്ടാകാമെന്നറിഞ്ഞിട്ടും ഇപ്പോഴും ഡോക്ടർമാരും നഴ്സുമാരുമൊക്കെ അവിടെ പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. ഡോ. എം. കെ. മുനീർ സംസാരിച്ചപ്പോൾ ചില കുറവുകൾ പറഞ്ഞു. കോഴിക്കോടാകെ മാസ്ക് ധരിച്ച ആളുകളെ കാണുന്നുവെന്ന് പറഞ്ഞു. അത് നല്ലതാണ്. പക്ഷേ ആവശ്യത്തിന് മാസ്ക് ലഭിക്കാത്ത ചെറിയൊരു കുറവുണ്ടായിരുന്നെങ്കിലും അതവിടെ അനുഭവപ്പെട്ടില്ല, അനുഭവപ്പെടാൻ ഗവൺമെന്റ് അനുവദിച്ചില്ല. മന്ത്രി ഉൾപ്പെടെ ബന്ധപ്പെട്ട് വിദേശത്തുനിന്നും ഡോക്ടർ വി. പി. ഷംസീർ ഏതാണ്ട് ഒന്നേമുക്കാൽ കോടി രൂപ വിലമതിക്കുന്ന മാസ്കും ഡിഫൻസിനുള്ള ഡ്രസ്സുകളും വിമാന മാർഗ്ഗം അയച്ചു. നമുക്കെല്ലാവർക്കും അദ്ദേഹത്തോട് വലിയ നന്ദിയുണ്ട്. മാസ്കിന്റെ കുറവ്

ചെറുതായി അനുഭവപ്പെട്ടിരുന്നു. അവിടെ മാസ്കില്ലാതെ വിഷമിക്കുന്ന സമയത്താണ് ഒരു മാസ്കുമായി എം.എൽ.എ. സഭയിലേയ്ക്ക് വന്നത്. അത് അവിടെ നൽകിയാൽ മതിയായിരുന്നു. അവിടെ സ്കൂളുകൾ തുറക്കുന്നില്ല, ഇപ്പോൾ തുറക്കേണ്ടതില്ല. അതിലൊന്നും വേവലാതിപ്പെടേണ്ടതില്ല. അതുപോലെ കോടതിയുടെ കാര്യത്തിലുള്ള ചില ക്രമീകരണങ്ങളെക്കുറിച്ച് ഹൈക്കോടതിതന്നെ പറഞ്ഞതാണെന്ന് തോന്നുന്നു, അതെല്ലാം നടക്കട്ടെ. ആശുപത്രികളിൽ ആളില്ല. രോഗമുള്ളവരൊക്കെ ആശുപത്രിയിൽ പോകുന്നുണ്ട്. പക്ഷേ ആശുപത്രി സന്ദർശനം ഒരു ആഘോഷമാക്കുന്ന സംസ്കാരം നമ്മുടെ നാട്ടിലുണ്ട്. കല്യാണത്തിന് പോകുന്നതുപോലെ നല്ല വസ്ത്രങ്ങളും ആഭരണങ്ങളും അണിഞ്ഞ് ആശുപത്രിയിൽ പോയി ഭക്ഷണം കഴിക്കുന്ന രീതി. പ്രൈവറ്റ് ഹോസ്പിറ്റലുകളിലൊക്കെ അങ്ങനെയാണ്. ഇങ്ങനെ ആഘോഷിക്കുന്ന ഒരു രീതിയുണ്ട്. അതിലെല്ലാം ഒരു കുറവ് വരണം. ഇങ്ങനെയുള്ള ആളുകൾ ആശുപത്രികളിൽ പോകുന്നില്ലെന്നുള്ളത് മാത്രമാണ് ഇപ്പോഴുള്ള പ്രശ്നം. മറ്റ് കാര്യങ്ങളെല്ലാം പൊതുവെ നിയന്ത്രണത്തിലായിട്ടുണ്ട്. ആളുകൾക്ക് പരിഭ്രമമുണ്ടാകരുതെന്നാണ് നമ്മൾ ആഗ്രഹിക്കുന്നത്. ഒരു തരത്തിലും പരിഭ്രമിക്കേണ്ട സാഹചര്യമില്ല; എന്നാൽ ജാഗ്രത വേണം, വളരെ ലാഘവത്തോടെ കണ്ടാൽ പറ്റില്ല. ഇൻകുബേഷൻ പിരീഡ് ഇപ്പോൾ കൺട്രോൾഡാണ്; പൂർണ്ണമായും പകരുന്ന സാഹചര്യമില്ലെങ്കിലും ഇൻകുബേഷൻ പിരീഡിലും അങ്ങേയറ്റത്തെ ജാഗ്രത നമ്മൾ പുലർത്തേണ്ടതായിട്ടുണ്ട്. ഇതുമൂലമുണ്ടായ ആഘാതം ചെറിയ നിലയിലാക്കി ഒതുക്കിത്തീർക്കാൻ ആരോഗ്യവകുപ്പിന് കഴിഞ്ഞിട്ടുണ്ടെങ്കിലും ഈ ദുരന്തത്തിൽ ചില ജീവൻ നഷ്ടപ്പെട്ടത് ദുഃഖകരം തന്നെയാണ്. അതേസമയം നമ്മൾ അതിനെ പ്രതിരോധിക്കാൻ നടത്തിയ പ്രവർത്തനങ്ങളിൽ കൈവരിച്ച നേട്ടം കേരളത്തിന്റെ മാത്രം നേട്ടമല്ല; അത് ലോകത്തിന് കേരളം കൊടുക്കുന്ന നേട്ടമാണ്.

ഞാൻ മനസ്സിലാക്കുന്നത്, WHO-യുടെ ആരോഗ്യമേഖലയിലെ മികവിന്റെ അടിസ്ഥാനത്തിൽ ചില റേറ്റിംഗുണ്ട്. അതിൽ യൂറോപ്പിനെക്കാളും യു.എസ്-നെക്കാളുമൊക്കെ മുകളിൽ നിൽക്കുന്ന ഒരു രാജ്യമാണ് സിംഗപ്പൂർ. സിംഗപ്പൂരിലും മലേഷ്യയിലും ഇത് നേരത്തെ ഉണ്ടായിട്ടുണ്ട്. അക്കാലത്ത് അവർക്ക് നേടാൻ കഴിയാത്ത നേട്ടമാണ് കേരളത്തിന് ഇക്കാര്യത്തിൽ നേടാൻ കഴിഞ്ഞതെന്ന് ലോകാരോഗ്യസംഘടന തന്നെ വിലയിരുത്തുന്നുണ്ട്. ലോകാരോഗ്യസംഘടന നമ്മളെ അഭിനന്ദിച്ചുവെന്ന് പറഞ്ഞു. അതുപോലെ കേന്ദ്ര ആരോഗ്യ ഏജൻസികൾ ഇക്കാര്യത്തിൽ നമ്മളെ പിന്തുണയ്ക്കാനും സഹായിക്കാനും വന്നിട്ടുണ്ട്. അവരെല്ലാം വളരെ സംതൃപ്തി രേഖപ്പെടുത്തുകയും സംസ്ഥാന ഗവൺമെന്റ് നടത്തിയ

പ്രവർത്തനങ്ങളെ അഭിനന്ദിക്കുകയും ചെയ്തിട്ടുണ്ട്. ഇതിനുമുമ്പ് 1998-99-ൽ ഈ രോഗബാധ 265 പേർക്ക് ഉണ്ടാകുകയും അതിൽ 105-ഓളം പേർ മരിക്കുകയും ചെയ്തുവെന്നാണ് കണക്ക്. ഇപ്പോഴാണ് അതിന്റെ കണക്കുകൾ നമ്മൾ ശ്രദ്ധിക്കുന്നത്. സിംഗപ്പൂർ, ഫിലിപ്പൈൻസ്, ബംഗ്ലാദേശ് എന്നിവിടങ്ങളിലൊക്കെ ഈ രോഗബാധയുണ്ടാകുകയും 209 പേർക്ക് രോഗം ബാധിക്കുകയും 161 പേർ മരിക്കുകയും ചെയ്തിട്ടുണ്ട്. വെസ്റ്റ് ബംഗാളിനെ ഒരുകാലത്ത് ഈ രോഗം പിടികൂടിയിട്ടുണ്ട്. അവിടെയും മരണമുണ്ടായിട്ടുണ്ട്. ഇൻഡ്യയെപ്പോലും ചെറിയ നിലയിൽ അത് ബാധിച്ചു. അക്കാലം മുതൽ രാജ്യത്ത് ഇതിന്റെ സാദ്ധ്യതയൊക്കെ മുന്നിൽ കണ്ടുകൊണ്ടുള്ള പ്രതിരോധ പ്രവർത്തനങ്ങളൊക്കെ നമുക്ക് നടത്താനായി. നമുക്ക് ലോകത്തിനുമുന്നിൽ അവതരിപ്പിക്കാവുന്ന നിലയിൽ ആരോഗ്യ വകുപ്പിന്റെ നേതൃത്വത്തിൽ നിപ വൈറസിനെ കീഴടക്കാനുള്ള പ്രതിരോധപ്രവർത്തനം ഫലവത്തായി നടന്നു. അതിന് നേതൃത്വം കൊടുത്ത ആരോഗ്യ വകുപ്പുമന്ത്രിയെയും അവരുടെ സഹപ്രവർത്തകരെയും ഭരണ-പ്രതിപക്ഷ ഭേദമില്ലാതെ മുഴുവൻ ആളുകളെയും പ്രത്യേകിച്ചും കോഴിക്കോട് നിന്നുള്ള ജനപ്രതിനിധിയെന്ന നിലയിൽ ഡോ. എം.കെ. മുനീറിനെയും നന്ദിയോടെ വിലയിരുത്താനാകും.

ഇതിന്റെയൊക്കെ പശ്ചാത്തലത്തിൽ നമ്മൾ തുടർന്ന് ആലോചിക്കേണ്ട ചില കാര്യങ്ങളുണ്ട്. ഇതിപ്പോൾ നമ്മൾ ഒതുക്കിയാലും ഇതിൽ വിജയിച്ചാലും ഇതല്ലെങ്കിൽ മറ്റൊരു തരത്തിലുള്ള എന്തെങ്കിലും പകർച്ചവ്യാധികളോ ആപത്തുകളോ നാളെയും വന്നേക്കാം. അങ്ങനെ വരാതിരിക്കട്ടെ, അങ്ങനെയാണെങ്കിൽ അതിനെ പ്രതിരോധിക്കാൻ നമ്മൾ സുസജ്ജമായിരിക്കണം. മുൻകരുതലുകളെടുക്കുന്ന കാര്യത്തിൽ ലോകത്തിന് മാതൃകയാകാൻ കേരളത്തിന് കഴിയണം. നമ്മുടെ സംസ്ഥാനത്ത് ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് ഉണ്ടാകണമെന്നുള്ളതിനെപ്പറ്റി ഡോ. എം. കെ. മുനീർ ഇവിടെ പറഞ്ഞു. അത് ലോകോത്തര നിലവാരത്തിൽ തന്നെയുള്ളതാകണം. അതിലൊരു കാലവിളംബമുണ്ടായിട്ടുണ്ടെങ്കിൽ നമുക്കത് വേഗതയിൽ യാഥാർത്ഥ്യ മാക്കാനാകണം. അതുപോലെ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മെഡിക്കൽ കോളേജുകളിൽ ഐസൊലേഷൻ വാർഡുകളൊക്കെ നന്നായി സജ്ജീകരിച്ചിട്ടുണ്ട്. ഐസൊലേഷൻ വാർഡുകൾ അല്ലെങ്കിൽ റൂമുകളുണ്ടാക്കുക മാത്രമല്ല, ഒരു ഇന്റർനാഷണൽ ട്രീറ്റ്മെന്റ് പ്രോട്ടോക്കോൾ അനുസരിച്ച് അതിന്റെ എല്ലാ ക്രമീകരണങ്ങളും അവലംബിച്ചുകൊണ്ടാണ് അവിടെ കാര്യങ്ങൾ നിർവ്വഹിച്ചുവരുന്നത്. ഈ ദുരന്തമുണ്ടായപ്പോൾ നമ്മൾ ഒരുക്കിയ അതിവേഗതയ്ക്കും പ്രത്യേക അഭിനന്ദനമുണ്ടായിരുന്നു. കാരണം 24 മണിക്കൂറുകൊണ്ടാണ് ഇതെല്ലാം സുസജ്ജമാക്കിയത്. തിരക്കേറിയ കോഴിക്കോട് മെഡിക്കൽ കോളേജ് പോലുള്ള

സ്ഥലത്താണ് ഈ സംവിധാനങ്ങൾ ഒരുക്കിയത്. ഇത്തരത്തിലുള്ള സംവിധാനങ്ങൾ സ്ഥിരമായിട്ടുണ്ടാകണം. ഏതെങ്കിലും തരത്തിലുള്ള പകർച്ചവ്യാധിയെ അല്ലെങ്കിൽ മാരകരോഗത്തെ നേരിടേണ്ടി വന്നാൽ അതിനെ പ്രതിരോധിക്കാൻ ഐസൊലേഷൻ വാർഡ് അപ്പോൾ തട്ടിക്കൂട്ടുകയല്ല വേണ്ടത്; അത് നേരത്തെതന്നെ സുസജ്ജമാക്കാനാകണം. അന്താരാഷ്ട്ര മാനദണ്ഡങ്ങൾക്ക് അനുസരിച്ച് നമുക്ക് ചെയ്യാനാകണം.

ഈയൊരു സന്ദർഭത്തെ ഉപയോഗിച്ചുകൊണ്ട് നമുക്ക് മാലിന്യത്തിനെതിരെയുള്ള യുദ്ധം പ്രഖ്യാപിക്കാനാകണം. നമ്മൾ നിരവധി കാമ്പയിനുകൾ നടത്തിയിട്ടുണ്ട്; കുറേ പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്. ഇപ്പോൾ നിപ പ്രതിരോധ പ്രവർത്തനത്തിന്റെ ഭാഗമായി മാലിന്യ നിർമ്മാർജ്ജനത്തിന് പ്രാദേശികതലത്തിൽ വാർഡുതല ജാഗ്രതാ സമിതികളും മറ്റും ഉണ്ടാക്കാനുള്ള ശ്രമങ്ങൾ കോഴിക്കോട്ടും മലപ്പുറത്തുമൊക്കെ നടന്നിട്ടുണ്ട്. ആരോഗ്യ വകുപ്പ് തന്നെ അതിൽ നന്നായി ഇടപെട്ടിട്ടുണ്ട്. എന്നാൽ അതുകൊണ്ടുമാത്രമായില്ല, ഇത് കഴിയുമ്പോൾ അത് മറക്കും. മാലിന്യത്തെ വളരെ സംസ്കാരശൂന്യമായി കൈകാര്യം ചെയ്യുന്ന രീതി നമുക്കുള്ള ഒരു ദുശ്ശീലമാണ്. അതിന് പരിഹാരമുണ്ടാകണം. ഇപ്പോൾ നാടാകെ ഈ പ്രശ്നത്തിൽ വളരെ ജാഗ്രതയോടുകൂടി നിൽക്കുകയാണ്. ഈ സാഹചര്യം ഉപയോഗിച്ചുകൊണ്ട് വിട്ടുവീഴ്ചയില്ലാത്ത ഒരു യുദ്ധം ഇക്കാര്യത്തിൽ നടത്തണം. ബോധവൽക്കരണം മാത്രമല്ല, പ്രായോഗിക നടപടിയുമുണ്ടാകണം. അത് ലംഘിക്കുന്ന, സഹകരിക്കാത്ത ആളുകൾക്കെതിരായി ശക്തമായ നിയമ നടപടിയുണ്ടാകണം. കേരളീയ സമൂഹത്തെ മാലിന്യ വിമുക്തമാക്കാനുള്ള യുദ്ധത്തിൽ നമുക്ക് കൂടുതൽ ശക്തമായ നിയമം ആവശ്യമുണ്ടെങ്കിൽ ഒരു നിയമനിർമ്മാണത്തെക്കുറിച്ച് ആലോചിക്കണം. അത് ഈ സന്ദർഭത്തിൽ ഉപയോഗിക്കണം. ഞാൻ നേരത്തെ പറഞ്ഞതുപോലെ, ആശുപത്രിയെ സമീപിക്കുന്ന കാര്യത്തിൽ; രോഗം വന്നാൽ ഡോക്ടറെ കാണുന്നതിനും ആശുപത്രിയിൽ പോകുന്നതിനും പ്രൈമറി ഹെൽത്ത് സെന്ററിൽ ചികിത്സിക്കാവുന്നതുൾപ്പെടെയുള്ള കാര്യങ്ങൾക്കും എല്ലാവരും മെഡിക്കൽ കോളേജിലേക്ക് പോകും. ഇത്തരം കാര്യങ്ങളിൽ ഒരു പുതിയ സംസ്കാരം നമുക്ക് വികസിപ്പിക്കാനാകണം. നമ്മളെല്ലാവരും പൊതുജനങ്ങളുമായി ബന്ധപ്പെടുന്നവരാണ്; നാട്ടിൽ ജനങ്ങളോട് സംസാരിക്കുന്നവരാണ്. നമ്മുടെ ഓരോരുത്തരുടെയും വാക്കുകൾ ആളുകൾ കേൾക്കാറുണ്ടല്ലോ? അതുകൊണ്ട് നമ്മളും ഉദ്യോഗസ്ഥരും എല്ലാവരും അക്കാര്യങ്ങൾ സംസാരിക്കണം. ഒരു ദുരന്തമുണ്ടായ ഈ സന്ദർഭത്തിൽ നമ്മുടെ നാടിന്റെ നല്ല നാളേയ്ക്കുവേണ്ടി, മാറ്റത്തിനുവേണ്ടി ഏറ്റവും സൃഷ്ടിപരമായ ഒരു ഇടപെടൽ ഗവൺമെന്റിന്റെ

ഭാഗത്തുനിന്നുണ്ടാകണം. അതിനെ എല്ലാവരും ഒറ്റമനസ്സോടെ പിന്തുണയ്ക്കുമെന്ന പ്രതീക്ഷയോടുകൂടി ഞാൻ അവസാനിപ്പിക്കുന്നു.

ശ്രീ. വി. എസ്. ശിവകുമാർ: സർ, ഈ ആധുനിക കാലഘട്ടത്തിൽ കേരളത്തിന്റെ ചരിത്രത്തിൽ ആദ്യമായാണ് ഇത്തരത്തിലൊരു ദുരന്തമുണ്ടായത്. അതിന്റെ പ്രാധാന്യം കണക്കിലെടുത്തുകൊണ്ട് സംസ്ഥാന ഗവൺമെന്റും നമ്മുടെ ജനപ്രതിനിധികളുമൊക്കെ ആത്മാർത്ഥമായ പരിശ്രമങ്ങൾ നടത്തിയിട്ടുണ്ട്. കേരളീയ സമൂഹത്തിന്റെ ആകമാനമുള്ള പിന്തുണ ഇക്കാര്യത്തിൽ നൽകുന്നതും അതുകൊണ്ടുതന്നെയാണ്. നമ്മുടെ സംസ്ഥാനത്ത് ഇതുമായി ബന്ധപ്പെട്ട് 17 പേർ മരണപ്പെടുകയും 2000-ത്തോളം ആളുകൾ നിരീക്ഷണത്തിലുമാണ്. യഥാർത്ഥത്തിൽ ഇത്രയും വലിയൊരു ദുരന്തമുണ്ടായതിന്റെ ഉറവിടം നമുക്ക് കണ്ടുപിടിക്കാൻ ഇതുവരെ കഴിഞ്ഞില്ലെന്നുള്ളത് ഏറ്റവും പ്രധാനപ്പെട്ട കാര്യമാണ്. ഗവൺമെന്റിനെ കുറ്റപ്പെടുത്തുകയല്ല. കേന്ദ്ര ഗവൺമെന്റും അതുപോലെ WHO-പോലെയുള്ള സംഘടനകളുമായി ബന്ധപ്പെട്ട് അതിന്റെ ഉറവിടം നമുക്ക് കണ്ടുപിടിക്കാം. അതിപ്പോൾ മനുഷ്യരിൽ നിന്ന് മനുഷ്യരിലേയ്ക്കും കൂടുതൽ തലങ്ങളിലേയ്ക്കും പടർന്നുകൊണ്ടിരിക്കുകയാണ്. അത് എവിടെ നിന്നുണ്ടായി? അതിന്റെ ഉത്ഭവസ്ഥാനം കണ്ടെത്തിയില്ലെങ്കിൽ മറ്റുപല പ്രദേശങ്ങളിലും ഇത് വരാനുള്ള സാദ്ധ്യതയുണ്ട്. ഉത്ഭവസ്ഥാനം കണ്ടെത്തുന്നതിനുവേണ്ട നടപടികൾ വളരെ ഊർജ്ജിതമായി കേന്ദ്ര-സംസ്ഥാന സർക്കാരുകൾ സംയോജിച്ചുകൊണ്ട് ഏറ്റെടുക്കണം. വവ്വാലുകളുടെ കാര്യത്തെക്കുറിച്ചൊക്കെ ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അതിന്റെയൊക്കെ പ്രവർത്തനങ്ങൾ ഏറ്റവും കാര്യക്ഷമമായി ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകാനുള്ള സാഹചര്യമുണ്ടാകണം. അതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം.

അതുപോലെതന്നെ ഇക്കാര്യത്തിൽ സമയോചിതമായ ഇടപെടൽ ഉണ്ടായില്ലായെന്നുള്ളത് ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്. ഇതുപോലുള്ള ഒരു ഔട്ട്ബ്രേക്ക് ഉണ്ടാകുമ്പോൾ സമയോചിതമായ കണ്ടെത്തൽ നടന്നോയെന്ന് നമ്മൾ ആലോചിക്കണം. കാരണം ഇവിടെ മേയ് 5-നാണ് സാബിത്ത് മരിച്ചത്. പേരാമ്പ്ര ആശുപത്രിയിൽ ചികിത്സിച്ച ഡോക്ടർതന്നെ ഒരു പ്രത്യേക വൈറസാണ് അയാളെ ബാധിച്ചിരിക്കുന്നതെന്ന് പറഞ്ഞു. അപ്പോൾത്തന്നെ പഠനം നടത്തിയിരുന്നെങ്കിൽ നിപ വൈറസാണെന്ന് സ്ഥിരീകരിക്കാമായിരുന്നു, കൂടുതൽ മരണങ്ങൾ ഒഴിവാക്കാമായിരുന്നു. മേയ് 17 വരെ, അതായത് 13 ദിവസം യാതൊരു നടപടിയുമുണ്ടായില്ല. അത് സ്ഥിരീകരിച്ചത് സാബിത്തിന്റെ സഹോദരൻ സാലിഹ് മരിച്ചതിനുശേഷമാണ്. തുടർന്ന് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ എത്തിച്ചു. അവിടത്തെ ഡോക്ടർമാർ നേരത്തെ ശ്രീ. എ. പ്രദീപ്കുമാർ സൂചിപ്പിച്ചതുപോലെ

ബാംഗ്ലൂരിലേയ്ക്ക് അയച്ചു. അങ്ങനെയാണ് ഇത് കണ്ടുപിടിച്ചത്. ഏകദേശം 13 ദിവസം യാതൊരുവിധ പ്രവർത്തനങ്ങളും നടന്നില്ലായെന്ന് നമ്മൾ മനസ്സിലാക്കണം.

കേരളത്തിലെ ആരോഗ്യവകുപ്പിന് കീഴിലുള്ള ആശുപത്രികളിൽ പകർച്ച വ്യാധികൾമൂലം ആളുകൾ മരണപ്പെടുന്നു. ഇതുമായി ബന്ധപ്പെട്ട് കണക്കെടുപ്പുകളും ഡെത്ത് ഓഡിറ്റുമൊക്കെ നടക്കുന്നുണ്ട്. പകർച്ചവ്യാധികളിലൂടെയുള്ള മരണത്തിന്റെ കാരണം കണ്ടെത്തുന്നതിനുള്ള നടപടികൾ ഫലപ്രദമാക്കണം. കേരളത്തിലെ 60 ശതമാനത്തോളം മരണങ്ങളുടെയും കാരണം കണ്ടെത്താൻ കഴിയാത്ത സാഹചര്യമുണ്ട്. അതിന് വ്യക്തമായ സംവിധാനങ്ങൾ ഏർപ്പെടുത്തണം. രോഗം ആളുകളിൽനിന്നും പകരുന്നതായാണ് നമുക്ക് ഇപ്പോൾ മനസ്സിലായിരിക്കുന്നത്. 18-ഓളം ആളുകൾ മരണപ്പെട്ടു. എങ്ങനെയാണ്? അവസാന സമയമായപ്പോൾ പേരാമ്പ്ര ആശുപത്രിയിൽനിന്നും സാബിത്തിനെ മെഡിക്കൽ കോളേജിലേക്ക് കൊണ്ടുപോയി. സാധാരണ ഒരു രോഗിയെ കൊണ്ടുപോകുന്നതുപോലെ സ്ട്രക്ചറിൽ ഇടുങ്ങിയ വരാന്തയിലൂടെയാണ് ഐ.സി. യൂണിറ്റിലേക്ക് കൊണ്ടുപോയത്. വളരെ സീരിയസ്സായ സ്റ്റേജിൽ അദ്ദേഹത്തിന് ശ്വാസമുട്ടലും ചുമയും അനുഭവപ്പെട്ടു. അതുമൂലമുണ്ടായ സ്രവത്തിൽനിന്നും അവിടെയുള്ള മുഴവൻ ഡോക്ടർമാർക്കും രോഗികൾക്കും വരാന്തയിൽ നിന്ന മുഴവൻ ആളുകൾക്കും രോഗം പകരുകയുണ്ടായി. അതിനുശേഷം മരണപ്പെട്ട ആളുകൾക്ക് ഇതിൽനിന്നും രോഗം പകർന്നുവെന്നാണ് മനസ്സിലാക്കേണ്ടിയിരിക്കുന്നത്. ആ സമയത്ത്, അതായത് മേയ് 4-ന് രണ്ടായിരത്തോളം ആളുകൾ ആ ആശുപത്രി സന്ദർശിച്ചു. കോഴിക്കോട് മെഡിക്കൽ കോളേജ് മാത്രമല്ല സംസ്ഥാനത്തെ എല്ലാ ആശുപത്രികളെയും ഇൻഫെക്ഷൻ ഫ്രീയാക്കുന്നതിനുള്ള നടപടികളുണ്ടാകണം. ഈ സംഭവവുമായി ബന്ധപ്പെട്ട സാഹചര്യങ്ങൾ വിലയിരുത്തുമ്പോൾ അത് ഏറ്റവും പ്രധാനപ്പെട്ടൊരു കാര്യമാണ്. പകർച്ചവ്യാധികളുടെ കാലഘട്ടത്തിൽ ആശുപത്രികളിൽ പോകുന്നവർക്ക് രോഗം ബാധിക്കുന്ന സ്ഥിതിവിശേഷം ഉണ്ടാകരുത്. അതുപോലെതന്നെ ഡോക്ടർമാരുടെ സുരക്ഷ ഉറപ്പുവരുത്തണം. ഈ രോഗം പ്രതിരോധിക്കുന്നതിനുവേണ്ടി സജീവമായി പ്രവർത്തിച്ച ആരോഗ്യ വകുപ്പിലെ മുഴവൻ ജീവനക്കാരെയും ഞാൻ ഈ അവസരത്തിൽ പ്രത്യേകമായി അഭിനന്ദിക്കുകയാണ്. അവർക്ക് സുരക്ഷിതത്വം നൽകാനാവശ്യമായ നടപടി സ്വീകരിക്കണം. എൻ.സി.ഡി.സി.-യുടെ (നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ) ഗൈഡ്‌ലൈൻസ് എല്ലാ ആരോഗ്യമേഖലകളിലും നടപ്പിലാക്കു ന്നതിനുള്ള നടപടി സ്വീകരിക്കണം. അത് ഇല്ലാത്തതുകൊണ്ടാണ് സ്വന്തം ജീവൻ പണയം വച്ചതിലൂടെ നിപ ബാധിച്ച ലിനി എന്ന സഹോദരിയെ നമുക്ക് നഷ്ടപ്പെട്ടത്. ആ കുട്ടിക്ക് അന്ത്യചുംബനം കൊടുക്കാൻപോലും കുടുംബാംഗങ്ങൾക്ക് കഴിഞ്ഞില്ല. പഴയകാലത്ത് വസൂരി ബാധിക്കുന്നവരെ ചികിത്സിക്കുന്ന ഡോക്ടർമാർ മരിക്കുമെന്ന് നമ്മൾ കേട്ടിട്ടുണ്ട്. ആധുനിക കാലഘട്ടത്തിൽ, ശാസ്ത്രരംഗം ഇത്രയും

പുരോഗമിച്ച കാലഘട്ടത്തിൽ ചികിത്സകർക്ക് സംരക്ഷണം നൽകുന്നതിനുള്ള നടപടികൾ ഉണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

വ്യാജപ്രചരണങ്ങൾ തടയുന്നതിനും ഔദ്യോഗികമായി അവെയർനെസ്സ് കൊടുക്കുന്നതിനുംവേണ്ടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ബഹുമാനപ്പെട്ട വകുപ്പുമന്ത്രിയും ഹെൽത്ത് സെക്രട്ടറിയും ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സംസാരിക്കണം. ഇത് പ്രതിരോധിക്കുന്നതിനുവേണ്ടി മാധ്യമങ്ങളിലൂടെ ഏറ്റവും നല്ല പ്രചരണം ഉണ്ടാകണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. അതുപോലെ ഇതിന്റെ കൂടുതൽ പരിശോധനയ്ക്കായി പൂനെയിലോ ഭോപ്പാലിലോ ഉള്ള വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടുകളിലേയ്ക്ക് അയയ്ക്കണം. ഘട്ടംഘട്ടമായി കേരളത്തിലെ എല്ലാ ജില്ലകളിലും ഓരോ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് സ്ഥാപിക്കണം. ഒറ്റയടിക്ക് സാധ്യമാകില്ലെന്ന് നമുക്കറിയാം. എങ്കിലും രോഗം പെട്ടെന്ന് കണ്ടുപിടിക്കുന്നതിനും ചികിത്സിക്കുന്നതിനുമുള്ള നടപടികൾ സ്വീകരിക്കേണ്ടിയിരിക്കുന്നു. പകർച്ചവ്യാധി നിയന്ത്രിക്കുന്നതിനും മനസ്സിലാക്കുന്നതിനും Institute of Epidemology, Disease Control and Research കേരളത്തിൽ സ്ഥാപിക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നാണ് എനിക്ക് ഈ അവസരത്തിൽ സൂചിപ്പിക്കാനുള്ളത്. പകർച്ചവ്യാധികൾ പടർന്നുപിടിക്കുന്ന കാലഘട്ടമാണിത്. ബഹുമാനപ്പെട്ട മന്ത്രിയുടെ നേതൃത്വത്തിലുള്ള പ്രവർത്തനങ്ങൾ അവിടെ നടക്കുന്നുണ്ടെങ്കിലും കേരളത്തിൽ ഇതുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ കാര്യക്ഷമമായി ഏറ്റെടുക്കേണ്ട സമയമാണ്. കഴിഞ്ഞ വർഷം ഇതേസമയം (ജൂൺ 30-ന്) 66 ആളുകളാണ് മരണപ്പെട്ടതെങ്കിൽ ആരോഗ്യ ജാഗ്രതാ പദ്ധതികൾ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ഈ വർഷം 82 ആളുകൾ മരണപ്പെട്ടു. വളരെ കാര്യക്ഷമമായ പ്രതിരോധ പ്രവർത്തനങ്ങൾ ഏറ്റെടുത്തുകൊണ്ട് മുന്നോട്ടുപോകണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

(അദ്ധ്യക്ഷവേദിയിൽ പാനൽ ഓഫ് ചെയർമാൻ ശ്രീ. കെ. എൻ. എ. ഖാദർ)

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, നിപ വൈറസ് സാധാരണ പകർച്ചപ്പനി പോലെ കണ്ടുപോയതുകൊണ്ടാണ് ഈ വിഷയത്തിന് ഇത്രയേറെ ഗൗരവമുണ്ടായത്. സാബിത്ത് മേയ് 5-ാം തീയതി ആശുപത്രിയിലായി. പനി ബാധിച്ച സാബിത്തിനെ ഏതെങ്കിലും ഒരു സ്വകാര്യ ആശുപത്രിയിലോ ക്ലിനിക്കിലോ അല്ല, മെഡിക്കൽ കോളേജിലാണ് കൊണ്ടുപോയത്. മെഡിക്കൽ കോളേജ് എന്നുപറയുന്നത് ഒരു റിസർച്ച് സെന്റർ കൂടിയാണ്. അവിടെനിന്ന് മരണപ്പെട്ട ഈ രോഗിയുടെ ബോഡി തിരിച്ചുകൊടുക്കുകയാണ് ചെയ്തത്. അവർ സാധാരണ ചെയ്യുന്നതുപോലെയുള്ള കർമ്മങ്ങൾ ചെയ്തു. അതിനുശേഷം 13 ദിവസം കഴിഞ്ഞപ്പോൾ സാബിത്തിന്റെ അനുജന് പനി വരികയാണ്. സാബിത്തിന്റേത് വളരെ പാവപ്പെട്ട കുടുംബമാണ്. അവർക്ക് സാമ്പത്തികമായി വലിയ

സൗകര്യമൊന്നമില്ല. മെഡിക്കൽ കോളേജിലെ അശ്രദ്ധകൊണ്ടാണ് എന്റെ മൂത്തമകൻ മരിച്ചതെന്ന് ആ കുടുംബം ധരിച്ചു. അതുകൊണ്ട് കാശില്ലെങ്കിലും എവിടെ നിന്നെങ്കിലും കടം വാങ്ങാമെന്ന് വിചാരിച്ച് സാബിത്തിന്റെ അനുജനെ സ്വകാര്യ ആശുപത്രിയായ ബേബി മെമ്മോറിയൽ ആശുപത്രിയിലേയ്ക്ക് കൊണ്ടുപോയി. അങ്ങനെ കൊണ്ടുപോകാൻ ദൈവം അവരെ തോന്നിപ്പിച്ചതുകൊണ്ടാണ് ഇന്ന് നമ്മൾ ഇവിടെയിരുന്ന് സമാധാനത്തോടെ ചർച്ചചെയ്യാനുള്ള സാഹചര്യമുണ്ടായത്. അല്ലെങ്കിൽ ആയിരക്കണക്കിന് ആളുകൾ കേരളത്തിൽ മരിച്ചു വീഴുമായിരുന്നു. ഞാൻ ആരോഗ്യ മേഖലയെ തള്ളിപ്പറയുന്നില്ല. മികച്ച സേവനമാണ്, ജീവൻ തൃണവൽക്കരിച്ചാണ് അവരുടെ പ്രവർത്തനം. എല്ലാ മഴക്കാലത്തും പനി വരുന്നു. ഏതൊക്കെ തരത്തിലുള്ള പനിയാണ് വരുന്നതെന്ന് നമുക്ക് മനസ്സിലാക്കാൻ സാധിക്കുന്നില്ല. യൂറോപ്പിനൊക്കെ മാതൃകയായി അല്ലെങ്കിൽ അതിന് മുകളിലായി കേരളത്തിലെ ആരോഗ്യരംഗം നിൽക്കുന്നുവെന്ന് പറയുമ്പോഴും ഒരു പകർച്ചപ്പനി വന്നാൽ ആ പനി ഏതെന്ന് കണ്ടുപിടിക്കാനുള്ള സംവിധാനം കേരളത്തിലില്ല. ബേബി മെമ്മോറിയൽ ആശുപത്രിയിലെ ഡോക്ടർ സാലിഹിന്റെ രക്തമെടുത്ത് ഭാര്യാപിതാവിന്റെ കയ്യിൽ കൊടുത്തിട്ട് നിങ്ങൾ മണിപ്പാലിലേക്ക് പോയി പരിശോധിക്കണമെന്ന് പറയുകയാണ് ചെയ്തത്. നാലഞ്ച് മണിക്കൂർ ഈ രക്തവുമായി ഓടി നടന്നതിനുശേഷം മണിപ്പാലിൽ പോയാണ് സാലിഹിന്റെ ഭാര്യാപിതാവ് രക്തം പരിശോധിക്കുന്നത്. ആരോഗ്യമേഖലയിൽ മികച്ച സംവിധാനമുണ്ടെന്ന് പറഞ്ഞിട്ട് പ്രാവർത്തികമാകുന്നത് എവിടെയാണെന്നാണ് നമ്മൾ പരിശോധിക്കേണ്ടത്. അത് വലിയൊരു വിഷയമല്ലേ? ഇത്ര മാരകമായൊരു വൈറസ് അടങ്ങുന്ന രക്തം രോഗിയുടെ ഭാര്യാപിതാവിന്റെ കയ്യിൽ കൊടുത്തയച്ചു. അത് കൈമോശം വരികയോ അതിന് എന്തെങ്കിലും അപകടം സംഭവിക്കുകയോ ചെയ്തിരുന്നുവെങ്കിൽ എന്തൊക്കെ സംഭവിക്കുമായിരുന്നു? ഈ രംഗത്തെക്കുറിച്ച് നമ്മൾ വളരെ ഗൗരവത്തോടെ ചർച്ച ചെയ്യണം. ഞാൻ ആരെയും കുറ്റപ്പെടുത്തുന്നില്ല. ഇന്നലെ ഞാൻ ഇവിടെ മാസ്ക് ധരിച്ചുവന്നതാണ് വലിയ വിഷയമായി മാറിയത്. അതിന് എന്നെ കളിയാക്കിയവരും അതിനെ വേഷം കെട്ടെന്ന് പറഞ്ഞവരുമുണ്ട്. ഇന്നലെ എനിക്ക് പറയാൻ അവസരം കിട്ടിയില്ല. ഞാൻ ഇന്നലെ മാസ്ക് ധരിച്ചുവന്നു, ശരിയാണ്. എന്നെ ആ വികാരത്തിലേക്ക് എത്തിച്ച ഒരു അവസ്ഥാവിശേഷമുണ്ട്. സ്വന്തം മകൻ അല്ലെങ്കിൽ സ്വന്തം മകൾ ആശുപത്രിയിലാണ്, രോഗശയ്യയിലാണ്, മരണാസന്ന നിലയിലാണ്, ഇപ്പോൾ മരിക്കുമെന്ന് ചാനലുകളിൽ കാണിക്കുന്നു, മീഡിയകൾ പറയുന്നു. ഈ കുട്ടിയുടെ അച്ഛനും അമ്മയും വീട്ടിലിരുന്ന് കരഞ്ഞുകൊണ്ട്, വിതുമ്പിക്കൊണ്ട് ഇത് കാണുകയാണ്. പക്ഷെ അവർക്ക് ആ

കുട്ടിയെ കാണാനായി പോകാൻ പറ്റുന്നില്ല. അവസാനം മരിച്ചുവെന്ന വിവരം വരികയാണ്. കൈ വളരുന്നോ കാൽ വളരുന്നോയെന്ന് നോക്കി വളർത്തിയ, നിലത്ത് വച്ചാൽ ഉറുമ്പരിക്കും തലയിൽ വച്ചാൽ പേനരിക്കും എന്ന രൂപത്തിൽ വളർത്തിയ മകളോ മകനോ മരിച്ചിരിക്കുന്നുവെന്ന് പറഞ്ഞിട്ടും അന്ത്യചുംബനം കൊടുക്കാനോ ആ ബോഡിയൊന്ന് അകലെ നിന്നുപോലും കാണാനോ കഴിയാതെ, സ്വന്തം നാട്ടിൽ കൊണ്ടുവരാൻ കഴിയാതെ കത്തിച്ചുകളയേണ്ടി വരുന്നൊരു സാഹചര്യം ഭീതിജനകമാണ്.

കോഴിക്കോട് പ്രദേശത്ത്, പേരാമ്പ്ര, കുറ്റ്യാടി, വടകര എന്നിവിടങ്ങളിൽ എങ്ങനെയാണിത് പകരുന്നതെന്ന് ആളുകൾക്ക് അറിയില്ല. ഈ രോഗിയെ കൊണ്ടുപോയ ഓട്ടോറിക്ഷാ ഡ്രൈവർ നിപ ബാധിച്ച് മരിച്ചു. അങ്ങനെ വന്നപ്പോൾ ആളുകൾ ഭയവിഹ്വലരായി. ഇപ്പോഴും എവിടെയാണ് ഇതിന്റെ ഉറവിടമെന്ന് കണ്ടെത്താൻ കഴിഞ്ഞിട്ടില്ല. നാളെ എവിടെയെങ്കിലും പൊട്ടിപ്പുറപ്പെടുമോ; അങ്ങനെ ഉണ്ടാകാതിരിക്കട്ടെ. രോഗത്തിന്റെ ഉറവിടം എവിടെയാണെന്ന് കണ്ടെത്താൻ സാധിക്കാത്തൊരു സാഹചര്യമുണ്ട്. ജനങ്ങൾ ഭീതിയോടെ ജീവിക്കുകയാണ്. ആ പ്രദേശത്തുള്ള ബസ്സുകളിൽ ആളില്ല. ആരും ബസ്സിൽ കയറി കോഴിക്കോട്ടേയ്ക്ക് പോകുന്നില്ല. ആട്ടോറിക്ഷകളിൽ ആളില്ല. ഇവിടെ പറഞ്ഞു, ആശുപത്രികളിൽ പോകുന്നില്ല, ആശുപത്രി സന്ദർശനമില്ല എന്നൊക്കെ. ആയിരക്കണക്കിന് രോഗികളുണ്ട്. നിങ്ങൾ കണക്കെടുക്കു. ഒരു ദിവസം 1000-ഉം 1300-ഉം 1400-ഉം രോഗികൾ വരുന്ന ഈ പനി സീസണിൽ 200-ഉം 250-ഉം 50-ഉം രോഗികളാണ് ആശുപത്രിയിൽ എത്തുന്നത്. പനിയില്ലാത്തതു കൊണ്ടാണോ ആരും ആശുപത്രിയിൽ വരാത്തത്? അല്ല. ഞങ്ങൾക്ക് പിടിച്ചിരിക്കുന്നത് ഏത് പനിയാണ്; ഞങ്ങളെ പിടിച്ച് ഐസൊലേഷൻ വാർഡിൽ ഇടും, ഞങ്ങൾ എവിടെയെങ്കിലും കിടക്കേണ്ടിവരും, ഇതിന്റെ പേരിൽ പീഡിപ്പിക്കപ്പെടേണ്ടിവരുന്ന സാഹചര്യമുണ്ടാകും എന്നാണ് അവർ ചിന്തിക്കുന്നത്. അതുകൊണ്ട് പനിപിടിച്ചവർ വീട്ടിനകത്തുനിന്ന് പുറത്തിറങ്ങാതിരിക്കുകയാണ്. ആ പ്രദേശങ്ങളിൽ പനി ബാധിച്ച രോഗി ഡോക്ടറുടെയടുത്ത് പോയാൽ മൂന്ന് മീറ്റർ അകലെ വച്ച് ഡോക്ടർ മരുന്നിന്റെ സ്ലിപ്പെഴുതി കൊടുക്കുകയാണ്. ഡോക്ടർക്ക് പേടി. ഡോക്ടറെ കുറ്റപ്പെടുത്താൻ സാധിക്കില്ല, അങ്ങനെയുള്ള അവസ്ഥാ വിശേഷമാണ്. പരസ്പരം സംസാരിക്കാൻ ആളുകൾ തയ്യാറാകുന്നില്ല. ഒരു മീറ്റർ അപ്പുറത്ത് നിന്നാൽ പകരുമെന്ന് പറയുന്നു. ആരോഗ്യ വകുപ്പുതന്നെ പല രൂപത്തിലുള്ള റിപ്പോർട്ടുകൾ പുറത്തിറക്കിയിട്ടുണ്ട്. ഇതൊക്കെ വച്ചുകൊണ്ട് സാധാരണക്കാരായ ജനങ്ങൾ ഭീതിയോടെ, മരണഭയത്തോടെ അവിടെ ജീവിക്കുകയാണ്. ആ അവസ്ഥയിൽ ആ പ്രദേശത്തിന്റെ വികാരമാണ് ഞാൻ ഒരു

മാസ്ക് ധരിച്ച് വന്ന് പ്രതിഷേധിച്ചത്. ഞാൻ എവിടെയാണ് വേഷം കെട്ടുന്നത്? നിങ്ങൾ പറയൂ. ....(ബഹളം).... പത്രത്തിൽ വന്നു, ചാനലുകൾ റിപ്പോർട്ട് ചെയ്തു, അഞ്ച് ലക്ഷം മാസ്ക് അവിടെ വിറ്റഴിഞ്ഞു. മാത്രമല്ല, മാസ്ക് കോഴിക്കോട് ജില്ലയിൽ കിട്ടാനില്ല. അബുദാബിയിൽ നിന്നും ഒരു പ്രവാസി മലയാളിയായ യൂസഫ് അലിയുടെ മകളുടെ ഭർത്താവ് 10 ലക്ഷം മാസ്ക് കോഴിക്കോട് മെഡിക്കൽ കോളേജിലേയ്ക്ക് ചാർട്ടേഡ് ഫ്ലൈറ്റിൽ അയയ്ക്കുന്നു. വാർത്ത വരുന്നു. ജനങ്ങൾ ഇത്രമാത്രം ഭീതിയോടെ ജീവിക്കുന്നിടത്തുനിന്നും അവിടത്തെ ജനപ്രതിനിധിയെന്ന നിലയിൽ നിയമസഭയുടെ ശ്രദ്ധ പിടിച്ചുപറ്റാൻ, പ്രതിഷേധത്തിനുവേണ്ടിയല്ല അതിനാണ് മാസ്കുമായി വന്നത്. കോമാളിവേഷമാണെന്ന് പറയുന്നത് എന്തിന്റെ അടിസ്ഥാനത്തിലാണെന്ന് എനിക്ക് മനസിലാകുന്നില്ല. ഇവിടെ ഞാൻ വേറെ അർത്ഥത്തിൽ പറയുന്നില്ല, ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽ കൊണ്ടുവരികയാണ്. അപ്പോൾ ചോദിക്കും, നിങ്ങൾ അവിടെ എന്തുചെയ്തുവെന്ന്. ഈ മരണം സംഭവിച്ചതിനുശേഷം പേരാമ്പ്ര നിയോജകമണ്ഡലത്തിന് പുറത്ത് ആദ്യമായി റിപ്പോർട്ട് ചെയ്ത നിപ ആരോഗ്യ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നത് ഞാനാണ്. ഏതാണ്ട് പത്തിരുപത് ദിവസം മുമ്പ് ഞാൻ മന്ത്രിയോടുപറഞ്ഞു, ഇങ്ങനെ ഗുരുതരമായ ഒരു വിഷയമുണ്ട്. ഡി.എം.ഒ.യെ വിളിച്ചപ്പോൾ കൃത്യമായ മറുപടിയല്ല കിട്ടിയത്. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി അതിലിടപ്പെട്ടു, വളരെ ഗൗരവത്തോടെ കാണണം, മന്ത്രിയുടെ ഇടപെടൽ വളരെ നന്നായി. അവിടെ കളക്ടർ ശ്രീ. ജോസ് ഒരു മാസമായി ഉറങ്ങാതെ, രാപ്പകലില്ലാതെ ഇതിനുവേണ്ടി എല്ലാ പ്രവർത്തനങ്ങളും നടത്തുന്നു. ആരെയും ഞാൻ കുറ്റപ്പെടുത്തുന്നില്ല. വളരെ നന്നായി പ്രവർത്തനങ്ങൾ നടക്കുന്നു. പ്രതിപക്ഷവും ഭരണപക്ഷവും ഇതിൽ സഹകരിക്കുന്നു. ഇതിൽ രാഷ്ട്രീയമില്ല.

<u>മി. ചെയർമാൻ</u>: തർക്കമില്ലാത്ത ഒരു വിഷയമാണ്.

<u>ശ്രീ. പാറക്കൽ അബ്ദുല്ല</u>: സർ, കാണുന്നതിലൊക്കെ രാഷ്ട്രീയം കലർത്തുന്ന നിലപാട് അവസാനിപ്പിക്കണം. ഇതിൽ നിങ്ങൾ എന്തിന് രാഷ്ട്രീയം കാണുന്നു. മാസ്ക് വയ്ക്കുന്നത് രാഷ്ട്രീയമാണോ? എന്റെ പ്രദേശത്ത് ഭീതിജനകമായ അന്തരീക്ഷമാണ്. ആളുകൾ പണിക്ക് പോകുന്നില്ല. ഇപ്പോൾ റംസാൻ സീസണാണ്. ഈ സീസണിൽപ്പോലും ഒരു കടയിലും ആളുകളില്ല. കച്ചവടക്കാരൊക്കെ വളരെ പ്രയാസത്തിലാണ്. ബസ്സിലെ തൊഴിലാളികൾക്ക് പണിയില്ല. ബസ്സൊക്കെ ലോണിലാണ്. അതിന്റെ ലോണടയ്ക്കാൻ സാധിക്കാതെ മാസങ്ങളായി അവർ കഷ്ടപ്പെടുന്നു. അവിടെ എല്ലാ മേഖലയും നിശ്ചലമാണ്. അതുകൊണ്ട് എനിക്ക് പറയാനുള്ളത്, ഇതുമായി ബന്ധപ്പെട്ട് മാസങ്ങളായി

നിലനിൽക്കുന്ന ഈ അവസ്ഥയ്ക്ക് പരിഹാരമുണ്ടാക്കാൻ ഒരു സ്പെഷ്യൽ പാക്കേജ് പ്രഖ്യാപിക്കണം. അതുപോലെ കുറ്റ്യാടി, പേരാമ്പ്ര താലൂക്ക് ആശുപത്രികൾ, 40000-45000 രോഗികൾ വരുന്ന ആശുപത്രികളാണ്. അവിടെ വിപുലീകരണത്തിനുവേണ്ട സംവിധാനമൊരുക്കണം. സാധാരണ പകർച്ചപ്പനി വന്നാൽപോലും എല്ലാ ആളുകളും മെഡിക്കൽ കോളേജിനെ ആശ്രയിക്കേണ്ട സാഹചര്യമാണ്. അതുകൊണ്ട് അതിനൊക്കെ ഒരു പരിധിവരെ കുറ്റ്യാടിയിലും പേരാമ്പ്രയിലും ചികിത്സ ലഭ്യമാക്കാനുള്ള സംവിധാനമൊരുക്കണം. എനിക്ക് ഏതായാലും സന്തോഷമുണ്ട്. ഇന്നലെ ഞാൻ മാസ്ക് ധരിച്ചുവന്നു, ഇന്ന് അടിയന്തരപ്രമേയമായി അത് ചർച്ചചെയ്യാൻ അവസരമൊരുക്കി എന്നുള്ളത് ഏറെ സന്തോഷമുള്ള കാര്യമാണെന്നുകൂടി സൂചിപ്പിക്കുന്നു.

ശ്രീ. ഇ. കെ. വിജയൻ: സർ, കഴിഞ്ഞ ഇരുപത് വർഷമായി നിപ വൈറസ് രോഗം ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമായി നമ്മൾ അഭിമുഖീകരിക്കുകയാണ്. തലച്ചോറിനെ ബാധിക്കുന്ന ഈ അസുഖത്തിന് മതിയായ മരുന്നില്ലെന്ന വസ്തുതയുണ്ടെങ്കിൽപ്പോലും കോഴിക്കോട് മെഡിക്കൽ കോളേജിൽ രോഗം പോസിറ്റീവായ രണ്ടുപേരിൽ ഇന്ന് അത് നെഗറ്റീവായി വന്നുവെന്നത് ആശ്വാസകരമാണ്. 1998-ൽ മലേഷ്യയിൽ ഈ അസുഖമുണ്ടായപ്പോൾ അത് ഇന്ത്യയിലേയ്ക്ക് വളരെവേഗം കടന്നുവരാൻ സാധ്യയുണ്ടെന്ന് മലയാള പത്രങ്ങൾ ഉൾപ്പെടെ അറിയിച്ചതാണെങ്കിലും അതിനനുസൃതമായ നിലപാടുകളോ നടപടികളോ നമ്മുടെ രാജ്യത്തുണ്ടായില്ല എന്നതാണ് യാഥാർത്ഥ്യം. നേരത്തെ ഇവിടെ സൂചിപ്പിച്ചത്, ബംഗാളിലും പിന്നീടിത് ആവർത്തിച്ചുവെന്നാണ്. പകർച്ചവ്യാധികളിൽ എബോളമൂലമാണ് ലോകത്ത് ഏറ്റവും കൂടുതൽ ഡോക്ടർമാരും നഴ്സുമാരും മരിച്ചത്. പിന്നീട് സൂററ്റിലാണ് എലിപ്പനിമൂലം ആളുകൾ അനിയന്ത്രിതമായ രീതിയിൽ മരിക്കുന്ന സാഹചര്യമുണ്ടായത്. നേരത്തെ ചിക്കുൻഗുനിയ തുടങ്ങിയ പനികൾ വന്നപ്പോൾ മുന്നൂറിലേറെ പേർ നമ്മുടെ സംസ്ഥാനത്ത് മരണപ്പെട്ടിരുന്നു. ആ സന്ദർഭത്തിൽ അവരെ സഹായിക്കാൻ എന്തെങ്കിലും പദ്ധതികളുണ്ടോയെന്ന് ഒരു സബ്മിഷനിലൂടെ ഞാൻ ചോദിച്ചിരുന്നു. അന്നത്തെ മുഖ്യമന്ത്രി പറഞ്ഞത്, പനികൊണ്ട് എല്ലാ വർഷവും ആളുകൾ മരിക്കുമ്പോൾ സാമ്പത്തിക സഹായം നൽകാനുള്ള നിലപാടുകളിലേയ്ക്ക് ഗവൺമെന്റ് പോയിട്ടില്ല എന്നാണ്. എല്ലാ വർഷവും ആളുകൾ മരിക്കുന്നു, അതുപോലെ ഒരു പനിയുടെ അടിസ്ഥാനത്തിൽ മരണം സംഭവിക്കുന്നു. അത് ഏത് വൈറസാണെന്ന് തിട്ടപ്പെടുത്താനുള്ള സാഹചര്യമൊരുങ്ങിയില്ല. ഒരേ കുടുംബത്തിൽ വീണ്ടും അതേ പനി വന്നപ്പോഴാണ് ബേബി മെമ്മോറിയൽ ആശുപത്രിയിൽ വച്ച് ഏത് വൈറസാണ് ഈ രോഗം പരത്തുന്നതെന്ന് കണ്ടെത്താനുള്ള ശ്രമത്തിന്റെ ഫലമായി നിപയാണെന്ന് തിട്ടപ്പെടുത്തുന്നത്. ഇവിടെ സൂചിപ്പിച്ചതുപോലെ, ആ രംഗത്ത് പ്രവർത്തനം നടത്തിയ ഡോ. അനൂപ്, ഡോ. ജയകൃഷ്ണൻ, ഡോ. അരുൺകുമാർ, മെഡിക്കൽ

കോളേജിലെ ഡോ. രാജേന്ദ്രൻ, സൂപ്രണ്ട് സജീഷ് തുടങ്ങിയ ഡോക്ടർമാർ നടത്തിയ ആത്മാർത്ഥമായ പ്രവർത്തനത്തെ എത്ര അഭിനന്ദിച്ചാലും മതിവരില്ല. അതോടൊപ്പം നഴ്സുമാർ ഉൾപ്പെടെയുള്ള പാരാ മെഡിക്കൽ ജീവനക്കാർ ജീവൻ പണയപ്പെടുത്തിയാണ് പ്രവർത്തിച്ചത്. എന്താണ് രോഗമെന്ന് അറിയുന്നവരാണ് അവർ. എന്നിട്ടും ധീരമായി ഈ രോഗം പകരാതിരിക്കാനുള്ള പ്രവർത്തനങ്ങളുമായി മുന്നോട്ടുവന്നു. അതോടൊപ്പം, ലിനിയെക്കുറിച്ച് സൂചിപ്പിക്കുകയുണ്ടായി. തനിക്ക് ബാധിച്ചത് നിപയാണെന്ന് അവർക്ക് നല്ല ബോധ്യമുണ്ടായിരുന്നു. സ്വന്തം അമ്മയും ബന്ധുക്കളും തന്റെ അടുത്തേയ്ക്ക് വരരുതെന്ന് കുടുംബാംഗങ്ങളെ അറിയിക്കുകയും തന്നെ കാണരുതെന്ന് പറയുകയും ചെയ്തതിലൂടെ അവർ എത്ര ദീർഘവീക്ഷണത്തോടെയാണ് ഈ രോഗത്തെ കണ്ടത് എന്ന് നാം ഓർക്കണം. മരണപ്പെട്ട എല്ലാവരുടെയും സ്മരണയ്ക്കുമുന്നിൽ ഞാൻ ആദരാഞ്ജലി അർപ്പിക്കുകയും ആ കുടുംബാംഗങ്ങളുടെ ദുഃഖത്തിൽ പങ്കുചേരുകയും ഈ സഭയിൽ വച്ച് അനുശോചനം അറിയിക്കുകയുമാണ്. എത്ര അഭിനന്ദിച്ചാലും മതിവരാത്ത രീതിയിലുള്ള പ്രവർത്തനമാണ് ആരോഗ്യ വകുപ്പും കോഴിക്കോട് ജില്ലാ ഭരണകൂടവും നടത്തിയത്. യുദ്ധമുന്നണിയിലെ തയ്യാറെടുപ്പുപോലെയാണ് ഓരോ ദിവസവും ചാർട്ട് ചെയ്ത് പ്രവർത്തനങ്ങൾ അവർ നടത്തിക്കൊണ്ടിരുന്നത്. അവിടത്തെ ഗസ്റ്റ് ഹൗസിൽ പ്രത്യേക കൺട്രോൾ റൂം തയ്യാറാക്കിക്കൊണ്ടുള്ള പ്രവർത്തനങ്ങളാണ് നടത്തിയത്. മുമ്പ് നമുക്ക് ഇതുപോലുള്ള ഒരനുഭവമില്ല. ഡോ. എ. ആർ. മേനോനാണ് കോഴിക്കോട് മെഡിക്കൽ കോളേജ് ആരംഭിക്കുന്ന സമയത്ത് ആശുപത്രിയുടെ വളർച്ച, ഓരോ ദിവസത്തെ മുന്നേറ്റം എന്നിവ മനസ്സിലാക്കി അന്നത്തെ ക്യാബിനറ്റ് തീരുമാനത്തിന്റെ ഭാഗമായി അവിടെ ക്യാമ്പ് ചെയ്ത് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകിയത്. അതുപോലെയാണ് നമ്മുടെ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ. ഈ പ്രശ്നമുണ്ടായപ്പോൾ ആരോഗ്യ വകുപ്പുമന്ത്രിയും ഡി.എച്ച്.എസ്.-ഉം അവിടെയുള്ള ആരോഗ്യ പ്രവർത്തകരും ജില്ലാ കളക്ടറും ഒരുമിച്ച് നിന്ന് രോഗത്തെ തടയാനും ജനങ്ങളുടെ ഭീതിയകറ്റാനും രോഗം പകരാതിരിക്കാനുമുള്ള തയ്യാറെടുപ്പുകൾ നടത്തി. വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ ഉൾപ്പെടെ ലോകത്തിലെ വിവിധ സംഘടനകൾ കേരള ഗവൺമെന്റ് എടുത്ത നിലപാടിനെ അഭിനന്ദിക്കുകയുണ്ടായി. ഹിന്ദു, മാതൃഭൂമി ഉൾപ്പെടെയുള്ള മലയാള പത്രങ്ങൾ മുഖപ്രസംഗം എഴുതുകയും മറ്റെല്ലാ പത്രങ്ങളും അതിന്റെ ഗൗരവം ചോർന്നുപോകാതെയുള്ള വാർത്തകൾ നൽകുന്ന നിലപാടുകൾ സ്വീകരിക്കുകയും ചെയ്തു. ദേശീയ ഇൻസ്റ്റിറ്റ്യൂട്ടുകൾ ഈ പ്രവർത്തനങ്ങളെ വളരെ ശക്തമായി അഭിനന്ദിക്കുകയും മാതൃകാപരമായ പ്രവർത്തനമെന്ന് പറയുകയുമുണ്ടായി. കേന്ദ്രമന്ത്രിമാർ ഉൾപ്പെടെ അഭിനന്ദിക്കുകയുണ്ടായി.

ഞാൻ ഇവിടെ സൂചിപ്പിച്ചതുപോലെ വകുപ്പുമന്ത്രിയെന്ന നിലയിൽ ശ്രീമതി കെ. കെ. ശൈലജ ടീച്ചർ, ജില്ലയുടെ ചുമതലക്കാരനായ മന്ത്രിയെന്ന നിലയിൽ

ശ്രീ. റ്റി. പി. രാമകൃഷ്ണൻ, ശ്രീ. എ. കെ. ശശീന്ദ്രൻ തുടങ്ങിയവർ അവിടെ കേന്ദ്രീകരിച്ച് പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. അതോടൊപ്പം എല്ലാ രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെ നേതാക്കന്മാരെയും ജനപ്രതിനിധികളെയും പങ്കെടുപ്പിച്ചുകൊണ്ട് പ്രാദേശിക യോഗങ്ങൾ ചേരുകയും എല്ലാവരുടെയും സർവ്വാത്മനായുള്ള പിന്തുണ പ്രഖ്യാപിച്ചുകൊണ്ട് പ്രവർത്തനങ്ങൾ നടത്താനുള്ള നിലപാട് സ്വീകരിക്കുകയും ചെയ്തു. എന്റെ മണ്ഡലത്തിൽ രണ്ടുപേർ മരിക്കാനിടയായി. ഞാൻ തെരഞ്ഞെടുപ്പുമായി ബന്ധപ്പെട്ട് ചെങ്ങന്നൂരിലായിരുന്നെങ്കിലും വളരെ പെട്ടന്ന് ബേബി മെമ്മോറിയൽ ആശുപത്രിയിലും മരണവീട്ടിലും എത്തിച്ചേർന്നു. ഗ്രാമപഞ്ചായത്തിന്റെയും ജനങ്ങളുടെയും രാഷ്ട്രീയ പ്രസ്ഥാനങ്ങളുടെയും ബ്ലോക്കിന്റെയുമൊക്കെ യോഗം വിളിച്ചുചേർത്തു. അങ്ങനെ ദുരിതബാധിത മേഖലകളിൽ ഒരു ജനകീയ അവബോധം ഉയർത്തിപ്പിടിച്ചു കൊണ്ടുള്ള വലിയ പ്രവർത്തനം നടന്നു. പിറ്റേദിവസം മുതൽ ജനങ്ങളെയെല്ലാം പങ്കെടുപ്പിച്ചുകൊണ്ട് ശുചീകരണ പ്രവർത്തനം നടത്തുന്നതിനുള്ള നിലപാട് സ്വീകരിച്ചു.

ശ്രീ. കെ. കൃഷ്ണൻ കുട്ടി: സർ, കേന്ദ്ര ആരോഗ്യ സ്റ്റാന്റിംഗ് കമ്മിറ്റി കൂടി കേരള ഗവൺമെന്റിനെ അഭിനന്ദിച്ചത് അങ്ങയുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. ഇ. കെ. വിജയൻ: സർ, ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. അതിന്റെ വലിയ ലിസ്റ്റ് തന്നെ എന്റെ കയ്യിലുണ്ട്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടിയിൽ അതുസംബന്ധിച്ച് സൂചിപ്പിക്കാനിടയുണ്ടെന്നാണ് പ്രതീക്ഷിക്കുന്നത്. അതുകൊണ്ടാണ് ഞാൻ അത് സൂചിപ്പിക്കാതിരുന്നത്. ഇന്ത്യയിലെ ഡോക്ടർമാർ മാത്രമല്ല, ലോകത്ത് അറിയപ്പെടുന്ന വൈറോളജി വിദഗ്ദ്ധർ ഉൾപ്പെടെ നമ്മുടെ നിലപാടിനെ അഭിനന്ദിച്ചുകൊണ്ട് റിപ്പോർട്ടുകൾ എഴുതിയത് പത്രങ്ങളിലൂടെ വായിക്കാൻ ഇടയായിട്ടുണ്ട്. അതോടൊപ്പം ആരോഗ്യ വകുപ്പുമന്ത്രിയുടെ നേതൃത്വത്തിൽ സ്വകാര്യ ആശുപത്രികളിലെ മാനേജ്മെന്റുകളുടെ യോഗം വിളിച്ചുചേർക്കുകയും അവരുടെ പരിപൂർണ്ണ പിന്തുണയും സഹായവും ഉറപ്പുവരുത്തുന്ന നിലപാട് സ്വീകരിക്കുകയുമുണ്ടായി. രോഗികളെ സ്വകാര്യ ആശുപത്രിയിൽ എത്തിക്കുമ്പോൾ ആ രോഗികളുടെ ചെലവ് ഗവൺമെന്റ് വഹിക്കുമെന്ന് തീരുമാനിക്കാനുള്ള സാഹചര്യമുണ്ടായി.

സോഷ്യൽ മീഡിയയുടെ കാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. പറഞ്ഞതൊന്നും ഞാൻ ആവർത്തിക്കുന്നില്ല. മദ്യം ഉപയോഗിക്കുന്നവർക്ക് ഈ രോഗം വരില്ലെന്ന് ഇപ്പോൾ സോഷ്യൽ മീഡിയയിൽ വന്നിട്ടുണ്ട്. ലോകാരോഗ്യ സംഘടനയുടേതാണ് എന്നുപറഞ്ഞാണ് സന്ദേശങ്ങൾ വരുന്നത്. അതിന്റെ ആധികാരികതയെ സംബന്ധിച്ച് പറയേണ്ടതുണ്ട്. ഇങ്ങനെ ഗൗരവമേറിയ

പ്രശ്നങ്ങൾ ഉയർന്നുവരുമ്പോൾ ശവസംസ്കാരത്തിനൊക്കെ മദ്യപാനികൾ വരാറുണ്ട്, സഹായിക്കാറുണ്ട്. പണ്ട് കോളറയും വസൂരിയും ഉണ്ടായപ്പോൾ അങ്ങനെയുള്ള നിലപാടുകൾ എടുത്തതിനെക്കുറിച്ച് പറഞ്ഞുകേട്ടിട്ടുണ്ട്. ഇപ്പോൾ അങ്ങനെയൊരു വാർത്ത വന്നിരുന്നു. കോഴിയിറച്ചിയുടെ കാര്യം ഡോ. എം. കെ. മുനീർ ഇവിടെ സൂചിപ്പിക്കുകയുണ്ടായി. അത് തടയാൻ നടപടിയെടുക്കേണ്ടതുണ്ട്. ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് ആധികാരികമായി കമ്മ്യൂണിക്കേറ്റ് ചെയ്യേണ്ടതുണ്ട്. അതിനായി എല്ലാ ദിവസവും മീഡിയയെ കാണാൻ ഗസ്റ്റ് ഹൗസിൽ ഒരു പ്രത്യേക യോഗം ചേരുന്നതിന് തീരുമാനിച്ചിട്ടുണ്ട്.

നമ്മൾ അലോപ്പതിയെക്കുറിച്ച് മാത്രമാണ് പറയുന്നത്. ആയുർവേദ, ഹോമിയോ മരുന്നുകളുമായി ബന്ധപ്പെട്ട് എന്തെങ്കിലും സാദ്ധ്യതയുണ്ടോയെന്ന് ആരായേണ്ടതല്ലേ? നമ്മുടെ പാരമ്പര്യ ചികിത്സാ സംവിധാനങ്ങളുണ്ട്. ആയുർവേദത്തിൽ എല്ലാ പനിക്കും വിഷജ്വരം എന്നാണ് പറയുന്നത്. നേരത്തെ ചിക്കൻഗുനിയ ഉണ്ടായപ്പോൾ കാൽമുട്ടുവേദന, കൈമുട്ടുവേദന, പുറംവേദന, കഴുത്ത് വേദന എന്നിവയ്ക്ക് ആയുർവേദ ആശുപത്രികളെ അഭയം തേടിയ അനുഭവം നമ്മുടെ മുന്നിലുണ്ട്. അത്തരം സാദ്ധ്യതയുണ്ടോയെന്ന് പരിശോധിക്കേണ്ടതുണ്ട്. ഇത്രയേറെ വർഷങ്ങൾ കഴിഞ്ഞിട്ടും നമുക്ക് അതുമായി ബന്ധപ്പെട്ട് മുന്നോട്ടുപോകാൻ കഴിഞ്ഞില്ല. ശാസ്ത്രം ഏറെ വികസിച്ചു, ആരോഗ്യമേഖലയിൽ വളരെ മുന്നോട്ടുപോകാൻ കഴിഞ്ഞെങ്കിലും ഈ രംഗത്ത് മുന്നോട്ടുപോകാൻ കഴിയുന്നില്ലെന്നത് വസ്തുതയാണ്.

കുരങ്ങുപനിയെത്തുടർന്ന് വയനാട്ടിൽ ദിവസേന ആളുകൾ മരിക്കുന്ന സാഹചര്യമുണ്ടായപ്പോൾ സി.പി.ഐ. പാർലമെന്ററി പാർട്ടിയുടെ നേതൃത്വത്തിൽ ഒരു നിവേദക സംഘം അവിടെ സന്ദർശിച്ചിരുന്നു. അപ്പോൾ അവിടത്തെ ജനങ്ങൾ അവിടെ ഒരു വൈറോളജി യൂണിറ്റിന്റെ അനിവാര്യതയുണ്ടെന്ന് സൂചിപ്പിക്കുകയുണ്ടായി. ആ വിഷയം ഞാൻ നിയമസഭയ്ക്കകത്ത് ഉന്നയിക്കുകയുണ്ടായി. കേവലം കുരങ്ങുപനിയുമായി ബന്ധപ്പെട്ട വൈറൽ പ്രശ്നമെന്ന രീതിയിൽ കാണുക മാത്രമല്ല ഭാവിയിൽ നമുക്ക് ഒട്ടേറെ ദുരന്തങ്ങൾ വരാനിടയുണ്ട് എന്നുള്ളതുകൊണ്ട് വളരെ ഗൗരവമായി ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കുന്നതിനായി വൈറോളജി യൂണിറ്റ് സ്ഥാപിക്കേണ്ടതുണ്ട്. കാരണം ഇപ്പോൾ കോഴിക്കോട് നിന്ന് മണിപ്പാലിലേയ്ക്ക് പോകുന്നതിനും തിരുവനന്തപുരത്തേയ്ക്ക് വരുന്നതിനുമുള്ള ദൂരം ഒരുപോലെയാണ്. പ്രധാനപ്പെട്ട മെഡിക്കൽ കോളേജുകളിലൊക്കെ വൈറോളജി യൂണിറ്റുകൾ ഉണ്ടാകേണ്ടതുണ്ട്.

ആശുപത്രികൾക്ക് ഒരു പ്രോട്ടോക്കോൾ വയ്ക്കേണ്ടതുണ്ട്. ടൂറിസ്റ്റുകൾ പോകുന്നതുപോലെയാണ് രോഗികളെ സന്ദർശിക്കുന്നതിനായി ജനം മെഡിക്കൽ കോളേജുകളിൽ എത്തുന്നത്. കോഴിക്കോട് മെഡിക്കൽ കോളേജിൽ കാൽ വയ്ക്കാൻ കഴിയാത്തത്ര തിരക്കാണുണ്ടാകുന്നത്. അത് നിയന്ത്രിക്കാനുള്ള നിലപാടുണ്ടാകണം. ബാംഗ്ലൂരിലെ സായി ബാബയുടെ ആശുപത്രിയിൽ ചികിത്സ

സൗജന്യമാണ്, പക്ഷേ സന്ദർശനമില്ല. അവിടെ നിന്ന് രോഗികൾ ഭേദപ്പെട്ട് പുറത്തേയ്ക്ക് വരുന്നുണ്ട്. മെഡിക്കൽ കോളേജുകളെ റഫറൽ ആശുപത്രികളാക്കി മാറ്റി പ്രോട്ടോക്കോൾ തയ്യാറാക്കി ജനങ്ങളെ നിയന്ത്രിക്കുന്ന അവസ്ഥയുണ്ടാകണമെന്നാണ് എനിക്ക് സൂചിപ്പിക്കാനുള്ളത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അനുവദിച്ചതിന്റെ അടിസ്ഥാനത്തിൽ ഇങ്ങനെയൊരു ചർച്ച നടത്തുന്നതിനും കേരളത്തിലെ ജനങ്ങളുടെ ഭീതിയകറ്റുന്നതിനും അവസരമുണ്ടാക്കിയ ബഹുമാനപ്പെട്ട സ്പീക്കർക്ക് പ്രത്യേക നന്ദിയും ഈ പ്രവർത്തനങ്ങൾക്ക് എല്ലാവിധ പിന്തുണയും പ്രഖ്യാപിക്കുന്നു. ഒരു ജനപ്രതിനിധിയെന്ന നിലയിൽ ആ പ്രദേശത്തെ ജനങ്ങളെ സംഘടിപ്പിച്ചുകൊണ്ട് ഈ പ്രവർത്തനത്തോടൊപ്പം ഉണ്ടാകും എന്നുകൂടി ഓർമ്മപ്പെടുത്തിക്കൊണ്ട് ഞാൻ എന്റെ വാക്കുകൾ അവസാനിപ്പിക്കുന്നു.

ശ്രീ. കെ. എം. മാണി: സർ, നിപ പകർച്ചവ്യാധിയെ തടയുന്നതിനുവേണ്ടി ഗവൺമെന്റെടുത്ത നടപടികളെല്ലാം ബഹുമാനപ്പെട്ട ഡോ. എം. കെ. മുനീർ ഇവിടെ പ്രതിപാദിക്കുകയുണ്ടായി. ഗവൺമെന്റിനെ ഇക്കാര്യത്തിൽ ഞാൻ പ്രത്യേകമായി അനുമോദിക്കുന്നു. അതോടൊപ്പം വളരെ പ്രധാനപ്പെട്ട മറ്റൊരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽ ഞാൻ കൊണ്ടുവരട്ടെ. സംസ്ഥാനത്ത് പബ്ലിക് ഹെൽത്തിനും പകർച്ചവ്യാധികൾ നിയന്ത്രിക്കുന്നതിനുമായി ഒരു ഏകീകൃത നിയമമില്ല. നിലവിലുള്ള നിയമത്തിൽ ആ കാലഘട്ടത്തിൽ പടർന്നു കൊണ്ടിരിക്കുന്ന പകർച്ചവ്യാധികളെപ്പറ്റിയാണ് പ്രതിപാദിക്കുന്നത്. 2006 കഴിഞ്ഞപ്പോൾ സംസ്ഥാനത്ത് രണ്ട് പുതിയ പകർച്ചവ്യാധികൾ പടർന്നു പിടിക്കുകയുണ്ടായി. അതായത്, ചിക്കൻഗുനിയയും ഡെങ്കിപ്പനിയും. ഇതിന്റെ ഉറവിടം ആരോഗ്യ വകുപ്പിന്റെ നിതാന്ത പരിശ്രമ ഫലമായി ഇന്ന് നിയന്ത്രണ വിധേയമാണ്. 2018-ൽ പുതിയൊരു പകർച്ചവ്യാധി കോഴിക്കോട് ജില്ലയിൽ പടർന്നുപിടിച്ചതിന്റെ ഫലമായി 18 പേരുടെ ജീവൻ അപഹരിക്കുകയുണ്ടായി. അതിന്റെ ഉറവിടം എവിടെ നിന്നാണെന്ന് കേന്ദ്ര സംസ്ഥാന സർക്കാരുകൾക്കോ ആരോഗ്യ വകുപ്പിനോ നാളിതുവരെ കണ്ടുപിടിക്കാൻ സാധിച്ചിട്ടില്ല. നിപ വൈറസ് നിയന്ത്രണ വിധേയമാണെന്ന് ആരോഗ്യ വകുപ്പ് പറയുമ്പോഴും അധികൃതർ കോടതികൾ നിർത്തിവയ്ക്കാനും പൊതു സ്വകാര്യ പരിപാടികൾ മാറ്റിവയ്ക്കാനും ആവശ്യപ്പെടുകയാണ്. അവിടെ കച്ചവടം നടക്കുന്നില്ല. ആ ജില്ല നിരോധനാജ്ഞ പ്രഖ്യാപിച്ച രീതിയിലാണ്. പുതിയതായി ഒരു പകർച്ചവ്യാധി പടർന്നുപിടിച്ചാൽ ഉടനടി ചെയ്യേണ്ട പല കാര്യങ്ങളും ഇന്ന് നമ്മുടെ നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടില്ല. അതുമൂലം ഉദ്യോഗസ്ഥരും അധികാരികളും ഇരുട്ടിൽ തപ്പുകയാണ്. അതെല്ലാം ശരിയാകണമെങ്കിൽ ഒരു ഏകീകൃത പബ്ലിക് ഹെൽത്ത് നിയമവും പകർച്ചവ്യാധി നിയമവും സംസ്ഥാനത്ത് കൊണ്ടുവരേണ്ടത് അത്യാവശ്യമാണെന്ന് ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയെ ഞാൻ ഓർമ്മിപ്പിക്കുകയാണ്.

മറ്റൊരു പ്രധാനപ്പെട്ട കാര്യം, അന്യ സംസ്ഥാനത്തുനിന്നും കേരളത്തിൽ വന്ന തൊഴിലാളികളിൽ നിന്ന് നിപ വൈറസ് വന്നതാകാമെന്നാണ് പറയുന്നത്. നിപ വൈറസിന്റെ ഉറവിടം ബംഗ്ലാദേശ് ആണെന്നാണ് നിഗമനം. ബംഗ്ലാദേശിൽ നിന്ന് ബംഗാൾ വഴിയെത്തിയ തൊഴിലാളികൾ വഴിയും അത് പകർന്നിരിക്കാം. അതുസംബന്ധിച്ച് വിപുലമായ അന്വേഷണം നടത്താൻ നിലവിലെ നിയമങ്ങൾ പര്യാപ്തമല്ല. നിപ വൈറസ് പിടിപെട്ടവരിൽ ഭൂരിഭാഗം പേരും മരണപ്പെടുക യാണുണ്ടായത്. ഈ രോഗം തടയാനോ നിയന്ത്രിക്കാനോ ഒരു മരുന്നും ഇന്ത്യയിൽ നിലവിലില്ലെന്ന് നാളിതുവരെയുള്ള അന്വേഷണത്തിൽ അറിയാൻ കഴിഞ്ഞു. ഇത്തരം പകർച്ചവ്യാധികൾ വരുമ്പോൾ ശ്രദ്ധിക്കേണ്ട കാര്യങ്ങളെയും മരുന്നുകളെയും സംബന്ധിച്ച് ജനങ്ങളെ ബോധവത്കരിക്കാനാവശ്യമായ സംവിധാനമുണ്ടാക്കുകയും വേണമെന്നാണ് എന്റെ വിനീതമായ അഭിപ്രായം. ഗവൺമെന്റ് ഇക്കാര്യത്തിൽ സത്വര ശ്രദ്ധ പതിപ്പിക്കേണ്ടതാണ്.

<u>ശ്രീ. അനൂപ് ജേക്കബ്:</u> സർ, ഇവിടെ ഗവൺമെന്റ് എടുക്കുന്ന പ്രതിരോധ നടപടികൾക്ക് ഞങ്ങളുടെ എല്ലാ അർത്ഥത്തിലുമുള്ള പിന്തുണയുണ്ടാകും. ഇതിന്റെ നടപടികളുമായി മുന്നോട്ടുപോകുമ്പോഴും 18 പേർ മരണപ്പെട്ടുവെന്നത് നമ്മുടെ മുമ്പിലെ യാഥാർത്ഥ്യമാണ്. ഇതിന്റെ സോഴ്സ് കണ്ടെത്താൻ കഴിയാത്തത് ആശങ്ക വർദ്ധിപ്പിക്കുകയാണ്. ബോധവൽക്കരണമടക്കമുള്ള കാര്യങ്ങളിൽ ജനങ്ങളുടെയിടയിൽ വലിയ ഭീതിയുണ്ട്. ഇതിന്റെ സോഴ്സ് വവ്വാൽ ആണെന്നും അല്ലെന്നുമുള്ള റിപ്പോർട്ടുകൾ വരുന്നു. അതുസംബന്ധിച്ച് അവ്യക്തത നിലനിൽക്കുന്നതിനാൽ വളരെ വ്യക്തമായ ബോധവൽക്കരണം നടത്താൻ ഗവൺമെന്റ് തയ്യാറാകണം. അത് പ്രാദേശികമായി നടത്തുകയാണ് ഏറ്റവും പ്രധാനം. പ്രാദേശികമായി സംഘടിപ്പിച്ചെടുക്കാൻ കഴിയണം. പനി വരുന്നവർ വീട്ടിൽത്തന്നെയിരുന്ന് ചികിത്സ സ്വീകരിക്കുന്ന സമീപനമുണ്ട്. മലബാറിൽ വലിയ രീതിയിൽ ഭീതിയുണ്ടെന്നത് സത്യമാണ്. പൊതു പരിപാടികൾ ഒഴിവാക്കുന്നു, കോടതികൾ അടയ്ക്കുന്നു, കളക്ടറുടെ നിർദ്ദേശങ്ങൾ വരുന്നു. ആശങ്കപ്പെടാൻ ഒന്നുമില്ലെന്ന നിലയിലാണ് ഗവൺമെന്റ് പറയുന്നത്. ഇക്കാര്യത്തിൽ വലിയ കോൺട്രഡിക്ഷനുണ്ട്. അതുകൊണ്ട് ഇതിലൊരു ഏകീകൃത സമീപനം സ്വീകരിക്കാൻ ഗവൺമെന്റ് തയ്യാറാകണം. ഇതിന്റെ സ്ഥിരീകരണം സ്വകാര്യ ആശുപത്രിയിൽനിന്നാണ് വന്നതെന്ന കാര്യം അങ്ങ് ശ്രദ്ധിക്കേണ്ടതാണ്. ഗവൺമെന്റ് ആശുപത്രികൾ ഇക്കാര്യത്തിൽ കൂടുതൽ സജ്ജീകരിക്കപ്പെടേണ്ടതായിട്ടുണ്ട്.

സോഷ്യൽ മീഡിയകളിലെ തെറ്റായ പ്രചരണങ്ങളാണ് ഏറ്റവും കൂടുതൽ ഇവിടെ പ്രതിപാദിക്കപ്പെട്ട വിഷയം. ഇന്ന് ജനങ്ങൾക്കുണ്ടാകുന്ന ഭീതി സോഷ്യൽ മീഡിയയെ അടിസ്ഥാനമാക്കിയുള്ളതു തന്നെയാണ്. അത് നിയന്ത്രിക്കുന്ന കാര്യത്തിൽ സർക്കാർ പൂർണ്ണമായും പരാജയപ്പെട്ടിരിക്കുന്നുവെന്ന് പറയാതിരിക്കാൻ നിർവ്വാഹമില്ല. സോഷ്യൽ മീഡിയയെ നിയന്ത്രിച്ചുനിർത്താനും

പ്രവർത്തനങ്ങൾക്ക് ഏകോപനം കൊണ്ടുവരാനും പ്രാദേശികമായ ബോധവൽക്കരണ പരിപാടികളിലേയ്ക്ക് നീങ്ങാനും ഗവൺമെന്റ് തയ്യാറാകണം. എന്തായാലും ഇതിൽ ആരോഗ്യ പ്രവർത്തകർ അവരുടെ ജീവൻപോലും പണയം വച്ച് മുമ്പോട്ടുപോകുന്നുണ്ട്. അവരെയൊക്കെ അഭിനന്ദിക്കാൻ ഈ സന്ദർഭം ഞാൻ വിനിയോഗിക്കുന്നു. അതോടൊപ്പം ലിനിയെന്ന നഴ്സിനെ സ്മരിക്കാൻകൂടി ഈ സന്ദർഭം ഞാൻ വിനിയോഗിക്കുകയാണ്.

ശ്രീ. സി. കെ. നാണു: സർ, കോഴിക്കോട് ജില്ലയിൽനിന്നുള്ള പാർലമെന്റ് അംഗങ്ങളും എം.എൽ.എ.-മാരും ജില്ലാ കളക്ടറും രാഷ്ട്രീയ പാർട്ടികളും ഒരു കാലത്തും ഉണ്ടാകാത്തവിധം ഒരുമിച്ചുചേർന്ന് നമ്മൾ അഭിമുഖീകരിക്കാൻ പോകുന്ന രോഗത്തിന്റെ ഭീഷണി എങ്ങനെ പരിഹരിക്കുമെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്തി. കോടതി നടക്കുന്നില്ല, സ്കൂളുകളിൽ കുട്ടികൾ പോകുന്നില്ല, ടൗണിൽ കച്ചവടം നടക്കുന്നില്ല തുടങ്ങിയവയൊക്കെ ഉണ്ടാകാൻ കാരണം ഇങ്ങനെ ഒരു വൈറസ് വന്നതും അതിന്റെ അപകടങ്ങൾ ബോദ്ധ്യപ്പെട്ടതുമാണ്. ഏത് മരുന്നുകൊണ്ട് ഇതിൽനിന്നും പെട്ടെന്ന് രക്ഷപ്പെടുമെന്ന് ബോദ്ധ്യപ്പെടുന്നില്ല. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽനിന്നും ഇന്നുള്ള സൗകര്യങ്ങൾ ഉപയോഗിച്ച് അന്വേഷണം നടത്തിയ ശേഷമാണ് രണ്ട് മരുന്നുകൾ വിദേശത്തുനിന്നും എത്തിക്കാൻ സാധിച്ചത്. കഴിഞ്ഞ ദിവസം യോഗം ചേർന്നപ്പോൾ ഒരു മരുന്ന് ഇതിന് ഫലപ്രദമാണെന്ന് ബോദ്ധ്യപ്പെടുത്തുന്ന രൂപത്തിൽ വിശദീകരണം വന്നു. ഇത് നമ്മൾ സാധാരണ അഭിമുഖീകരിക്കുന്ന രോഗമല്ല. സാമ്പത്തികമായും ശാസ്ത്രീയമായും വൈദ്യശാസ്ത്രരംഗത്തും പുരോഗതിയിലെത്തിയ ലോക രാജ്യങ്ങൾക്കുപോലും പെട്ടെന്ന് രക്ഷപ്പെടുത്താൻ സാധിക്കാത്ത രോഗമാണ് നമുക്ക് വന്നത്. ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രിയും കോഴിക്കോട് ജില്ലയിൽനിന്നുള്ള മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനും ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രനും കോഴിക്കോട് ജില്ലാ കളക്ടറും മുന്നിൽ നിന്ന് നടത്തിയ പ്രവർത്തനത്തിന്റെ ഫലമായി ഇതൊരു ഭീഷണിയാണെന്ന് ജനങ്ങളെ ബോദ്ധ്യപ്പെടുത്താൻ സാധിച്ചു. ബസിൽ കുറച്ച് ദിവസത്തേയ്ക്ക് ആളുകൾ കയറാത്തതുകൊണ്ട് അപകടമുണ്ടാകില്ല. സ്കൂളിൽ കുട്ടികൾ പോകുന്നില്ലെങ്കിൽ അതും മാറ്റിവയ്ക്കാം. ഇതൊരു ഗുരുതരമായ അവസ്ഥയാണ്. ആ ഗുരുതരാവസ്ഥയെ ഫലപ്രദമായി നമ്മൾ കൈകാര്യം ചെയ്തു. മുഖംമൂടി വയ്ക്കുന്നതിനുള്ള സൗകര്യങ്ങളൊക്കെ ചെയ്തു. ആ ഭീഷണി മറ്റുള്ള ജില്ലകളിലേയ്ക്ക് എത്തിക്കാതിരിക്കാൻ നമ്മൾ പരമാവധി ശ്രമിച്ചു. ഞാൻ ദീർഘിപ്പിക്കുന്നില്ല. എല്ലാവരും കൂട്ടായി ഗൗരവമായ ഈ പ്രശ്നത്തെ അഭിമുഖീകരിച്ചു. ഞാൻ ആവർത്തിക്കുന്നു, അതിനുള്ള മരുന്നുകൾ പെട്ടെന്ന് അയയ്ക്കാൻ ആരോഗ്യ വകുപ്പുമന്ത്രി പറഞ്ഞാൽ ഒരു രാജ്യത്തും മരുന്ന് അയയ്ക്കാൻ ആളില്ല. വേറെ പനിയൊക്കെ വന്നാൽ ഒരു മരുന്ന് വേണമെന്ന് പറഞ്ഞാൽ അതിനുള്ള ഇഞ്ചക്ഷനും മറ്റുമൊക്കെ കിട്ടുമായിരുന്നു. ഇതൊരു ഭീഷണിയാണ്. അതിനെ കൈകാര്യം ചെയ്യാൻ നമ്മൾ ജാഗരൂകരാകണം. കുറച്ച് ദിവസം കഴിയുമ്പോൾ

ഇതിനെ നമ്മൾ നേരിടും. അപ്പോൾ സ്കൂളുകളും കോടതിയും തുറക്കും, കച്ചവടങ്ങൾ നടക്കും. ജനങ്ങൾക്ക് കൂടുതൽ അപകടമുണ്ടായില്ല. അങ്ങനെ കണ്ടാൽ മതി. ഇന്ത്യ ആരോഗ്യ പരിപാലന രംഗത്ത് ലോകത്തിൽ ഏറ്റവും മുമ്പിൽ നിൽക്കുന്ന രാജ്യവും ശാസ്ത്രീയമായ നേട്ടങ്ങളൊക്കെ കണ്ടുപിടിച്ച രാജ്യവുമാണ്. സാമ്പത്തികമായി കഴിവുള്ള അമേരിക്കയിലും മറ്റ് രാജ്യങ്ങളിലും ഇതുപോലെ പടർന്നുപിടിക്കുന്ന രോഗങ്ങൾ വരുന്നില്ലേ? അങ്ങനെ മാത്രമേ നമ്മൾ ഇതിനെ കാണാവൂ. പുതിയ പുതിയ രോഗങ്ങൾ വരുന്നു. യഥേഷ്ടം വനം നശിപ്പിച്ചതിന്റെ ഫലമായി വനത്തിലെ ജീവജാലങ്ങളൊക്കെ മനുഷ്യൻ ജീവിക്കുന്നിടത്തേയ്ക്ക് വന്നു. അതിന്റെ പ്രതിസന്ധികൾ വരും, നമ്മൾ അതിനെ അഭിമുഖീകരിക്കും. ഡോ. എം. കെ. മുനീറാണ് കോഴിക്കോട് യോഗം ചേർന്നപ്പോൾ ഏറ്റവും ഫലപ്രദമായി ഇതുസംബന്ധിച്ച് സംസാരിച്ചത്. അതുപോലെ പലരുമുണ്ട്. എം.പി.മാരൊക്കെ സംസാരിച്ചു. എല്ലാവരും യോജിച്ചത് ഒരു മഹാസംഭവമാണ്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ജനങ്ങളെ ഇതിൽനിന്നും എങ്ങനെ സംരക്ഷിക്കുമെന്ന് ഭയപ്പെട്ട ഒരു ഘട്ടത്തിൽ വളരെ സജീവമായി ഇടപെടാൻ എങ്ങനെ ശ്രീമതി കെ. കെ. ശൈലജ ടീച്ചർക്ക് സാധിച്ചുവെന്നതിൽ എനിക്ക് അത്ഭുതം തോന്നുകയാണ്. ശ്രീ. റ്റി. പി. രാമകൃഷ്ണൻ രോഗിയായിരുന്നു. ആശുപത്രിയിൽനിന്നും വന്നതാണെങ്കിലും ശ്രീ. റ്റി. പി. രാമകൃഷ്ണൻ ഒരു സ്പോർട്സ്മാനെപ്പോലെ അങ്ങോട്ടുമിങ്ങോട്ടും ഓടിനടക്കുന്നു, മീറ്റിംഗിൽ നല്ലതുപോലെ പ്രസംഗിക്കുകയും ചെയ്യുന്നു. ശ്രീ. എ. കെ. ശശീന്ദ്രനും ആരോഗ്യപരമായ പ്രശ്നങ്ങളുണ്ടെങ്കിലും വളരെ ആക്ടീവായിരുന്നു. ഇത്തരമൊരു ഭീഷണിയെ ഫലപ്രദമായി നമുക്ക് നേരിടാൻ സാധിച്ചു. അത് ആകസ്മികമാകാം. ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെ ഡോക്ടർമാരും മെഡിക്കൽ കോളേജിലെ ഡോക്ടർമാരും കാര്യങ്ങളൊക്കെ നന്നായി വിശദീകരിച്ചിരുന്നു. ഇത്തരത്തിലുള്ള രോഗങ്ങൾ ഇനി വരാതിരിക്കാൻ എന്തുചെയ്യാൻ സാധിക്കുമെന്നും, രോഗങ്ങൾ വരുന്നതിനെ നേരിടാനുള്ള മരുന്നുകൾ എന്തൊക്കെയാണെന്നുമൊക്കെ അവർ പറയുകയുണ്ടായി. ഇവിടെ ശ്രീ. ഇ. കെ. വിജയൻ പറഞ്ഞതുപോലെ നമ്മുടേത് ആയുർവ്വേദത്തിന്റെ നാടാണ്. ഒരു ആയുർവ്വേദ സസ്യത്തിന്റെ ഇല കഴിച്ചാൽ രോഗങ്ങൾ മാറുമായിരുന്നു. അതുകൊണ്ട് ആയുർവ്വേദത്തെ സംബന്ധിച്ചും പരിശോധിക്കണം. എല്ലാ system of medicines-നെയും ഉപയോഗിക്കാൻ സാധിക്കണമെന്ന് പറഞ്ഞുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. സി. ജോർജ്: സർ, ഡോ. എം. കെ. മുനീർ അവതരിപ്പിച്ച പ്രമേയത്തെ അനുകൂലിക്കുകയാണ്. പക്ഷെ, ഇന്ന് അദ്ദേഹം സഭയിൽ പറഞ്ഞ കാര്യങ്ങൾ കഴിഞ്ഞ ദിവസത്തെ സർവ്വകക്ഷി യോഗത്തിൽ പറഞ്ഞത് തന്നെയാണ്. നിപയുമായി ബന്ധപ്പെട്ട പ്രശ്നത്തിൽ ഗവൺമെന്റ് വളരെ ശക്തമായ നടപടികൾ സ്വീകരിച്ചിട്ടുണ്ട്. പ്രതിപക്ഷവും ആ നിലയിൽത്തന്നെ പ്രവർത്തിച്ചിട്ടുണ്ട്. എല്ലാ രാഷ്ട്രീയകക്ഷികളും മാന്യമായ പ്രവർത്തനം

നടത്തിയതുകൊണ്ടാണ് നിപ വൈറസിനെ പ്രതിരോധിക്കാൻ നമുക്ക് കഴിഞ്ഞത്. അതിന് നേതൃത്വം കൊടുത്ത ആരോഗ്യ വകുപ്പുമന്ത്രിയെയും കോഴിക്കോട് ജില്ലാ കളക്ടറെയും അഭിനന്ദിക്കാതിരിക്കാൻ കഴിയില്ല. അവരുടെ പ്രവർത്തനങ്ങളെ ഞാൻ അഭിനന്ദിക്കുന്നു. ശ്രീ. പാറക്കൽ അബ്ദുല്ല ഒരു മാസ്ക് ധരിച്ച് വന്നതുകൊണ്ടാണ് ഇന്ന് ഈ ചർച്ചയുംകൂടി നടന്നതെന്ന് എനിക്ക് തോന്നുന്നു. ഇല്ലെങ്കിൽ ഈ ചർച്ച വരില്ല. രാഷ്ട്രീയലാഭം ലക്ഷ്യമിട്ടുകൊണ്ടാണ് ഇന്ന് പ്രതിപക്ഷം അടിയന്തരപ്രമേയം കൊണ്ടുവന്നതെന്ന ഒരു സംശയം എനിക്കുണ്ട്.

മി. ചെയർമാൻ: ബഹുമാനപ്പെട്ട കെ. ദാസൻ, അങ്ങേയ്ക്ക് 19 മിനിട്ട്.

ശ്രീ. പി. സി. ജോർജ്: ഞാൻ നിർത്തുകയാണ്. ഇതിനുമുമ്പ് പല സ്പീക്കർമാരും ഇരുന്ന കസേരയാണ്. അവരെല്ലാം മാന്യത കാണിച്ചിട്ടുണ്ട്.

മി. ചെയർമാൻ: മാന്യതയ്ക്ക് ഒരു കുറവുമില്ല.

ശ്രീ. പി. സി. ജോർജ്: മാന്യത കാണിച്ചിട്ടുണ്ടെന്നാണ് ഞാൻ പറഞ്ഞത്. പ്രതിപക്ഷം രാഷ്ട്രീയലാഭവുമായി വന്നപ്പോൾ കൊടുക്കാവുന്ന നല്ല തിരിച്ചടിയെന്ന നിലയിൽ ചർച്ചയ്ക്ക് അവസരം ഒരുക്കിക്കൊണ്ട് ഗവൺമെന്റ്.....

മി. ചെയർമാൻ: യെസ്..... പ്ലീസ്..... ബഹുമാനപ്പെട്ട എല്ലാ അംഗങ്ങളും കൃത്യസമയം പാലിച്ചിട്ടുണ്ട്.

ശ്രീ. പി. സി. ജോർജ്: ബഹുമാനപ്പെട്ട എല്ലാ അംഗങ്ങൾക്കും പത്തും പതിനെട്ടും ഇരുപതും മിനിട്ടുണ്ട്. എനിക്ക് ഒരു മിനിട്ടാണുള്ളതെന്ന് അങ്ങേയ്ക്ക് അറിയില്ലേ?

മി. ചെയർമാൻ: എല്ലാവരും അതിനനുസരിച്ചാണ് സംസാരിച്ചത്.

ശ്രീ. പി. സി. ജോർജ്: അത് സമ്മതിച്ചു. അതുകൊണ്ട് നിർത്തുകയാണ്. നിങ്ങൾ പറഞ്ഞില്ലെങ്കിലും ഞാൻ നിർത്തുമായിരുന്നു. പറഞ്ഞ് അവസാനിപ്പിക്കാൻ അനുവദിക്കൂ. പ്രതിപക്ഷം കൊണ്ടുവന്ന അതേ നാണയത്തിൽ തിരിച്ചടിച്ച് ഒരു ചർച്ചയ്ക്ക് അവസരമൊരുക്കിയ ഗവൺമെന്റിനോട് നന്ദി രേഖപ്പെടുത്തിക്കൊണ്ട് ഞാൻ നിർത്തുന്നു. നന്ദി. നമസ്കാരം. അങ്ങേയ്ക്ക് പ്രത്യേക നമസ്കാരം.

ശ്രീ. കെ. ദാസൻ: സർ, അധികമാരും കേട്ടുകേൾവിയില്ലാത്ത രോഗമാണ് നിപ. ഇതിന്റെ പ്രതിരോധ മാർഗ്ഗങ്ങളെ സംബന്ധിച്ചും മറ്റുമുള്ള ചർച്ചകൾ ഞാൻ ഇതുവരെ കേട്ടിട്ടില്ല. ഇപ്പോഴാണ് നിപ ഇത്രയധികം ആളുകളുടെ ജീവനെടുക്കുന്നൊരു വൈറസാണെന്നും അത് തലച്ചോറിനെ ബാധിക്കുമെന്നും ശ്വാസകോശങ്ങളെ തകർക്കുമെന്നും അതിന്റെയെല്ലാം ഭാഗമായി മരണമല്ലാതെ മറ്റൊരു മാർഗ്ഗവുമില്ലെന്നുമുള്ള ആരോഗ്യ രംഗത്തെ പുതിയ റിപ്പോർട്ട് വന്നിട്ടുള്ളത്.

സംസ്ഥാന ഗവൺമെന്റ് നിപ വൈറസിനെ തുരത്താൻ സമാനതകളില്ലാത്ത ജാഗ്രത കാണിച്ചു. കേരളത്തിലെ എല്ലാ ദൃശ്യ-പത്രമാധ്യമങ്ങളും വലിയ തലക്കെട്ടോടുകൂടി വാർത്തകൾ നിരത്തുകയും എല്ലാ പാർട്ടിയിൽപ്പെട്ട ജനപ്രതിനിധികളും രാഷ്ട്രീയം നോക്കാതെ ഒരുമിച്ചുനിന്ന് പ്രവർത്തിക്കുകയും ചെയ്തു. കോഴിക്കോട്, മലപ്പുറം ജില്ലകളിലായി കേരളത്തിലെ ബഹുമാന്യരായ മന്ത്രിമാർ, നിയമസഭാ സ്പീക്കർ, തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി, തൊഴിൽ വകുപ്പുമന്ത്രി, എല്ലാ രംഗത്തും സജീവമായി നേതൃത്വം കൊടുത്ത ആരോഗ്യ വകുപ്പുമന്ത്രി, സന്ദർഭത്തിനൊത്ത് ഉണർന്ന് പ്രവർത്തിച്ച കേരളത്തിലെ മുഖ്യമന്ത്രി എന്നിങ്ങനെ സംസ്ഥാന ഗവൺമെന്റിന്റെ സമാനതകളില്ലാത്ത പ്രവർത്തനത്തിലൂടെയാണ് നിപ വൈറസിനെ നേരിടാൻ സാധിച്ചത്. ഇങ്ങനെ ഉണർന്ന് പ്രവർത്തിച്ചിരുന്നില്ലെങ്കിൽ ഉണ്ടാകുമായിരുന്ന ആപത്ത് എന്തായിരുന്നു? ഇതാകുമായിരുന്നില്ല ചിത്രം. പഴയ ആരോഗ്യ വകുപ്പുമന്ത്രി ഇവിടെ സൂചിപ്പിക്കുന്നത് കേട്ടു, 13 ദിവസം കഴിഞ്ഞാണ് നിപ വൈറസിനെ സംബന്ധിച്ച് പരിശോധിക്കുന്നതെന്ന്. ആദ്യം സാധാരണ വൈറൽ പനിയാണെന്നാണ് കരുതിയത്. പിന്നീട് രണ്ടാമതും ഒരു കുടുംബത്തിലെ അംഗം മരിച്ചപ്പോഴാണ് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലേയ്ക്ക് കൊണ്ടുപോയത്. അതിൽ നിർണ്ണായകമായത് ഡോ. അരുൺകുമാറിന്റെ ഇടപെടലാണ്. അദ്ദേഹത്തെ സഹായിച്ചുകൊണ്ട് അവിടെ ഡോ. ജയകുമാർ, ഡോ. ഉമ്മർ, ഡോ. ഗംഗാപ്രസാദ്, ഡോ. അജിത് ഗോപൻ എന്നിവരും പ്രവർത്തിച്ചിട്ടുണ്ട്. അങ്ങനെ നിരവധി ഡോക്ടർമാരുടെ സഹായത്തോടുകൂടി ഇതൊരു പ്രത്യേക വൈറസാണെന്നും അത്യാധുനിക സൗകര്യങ്ങളോടുകൂടിയാണ് ഇതിനെ നേരിടേണ്ടതെന്നും മനസ്സിലാക്കുകയും അതിനുവേണ്ടിയാണ് ഐ.സി.യൂണിറ്റിൽ പ്രത്യേക സംവിധാനങ്ങൾ ഒരുക്കുകയും ചെയ്തത്. മേയ് 17-ാം തീയതിയാണ് സാലിഹ് എന്ന ചെറുപ്പക്കാരനെ രോഗം ബാധിച്ച് കൊണ്ടുവന്നത്. അദ്ദേഹത്തിന്റെ അസാധാരണമായ ലക്ഷണങ്ങൾ കണ്ട് ഇതൊരു വ്യത്യസ്തമായ പനിയാണെന്ന് തിരിച്ചറിഞ്ഞു. ആ പനി ബാധിച്ച് രണ്ടാഴ്ച മുമ്പ് അദ്ദേഹത്തിന്റെ സഹോദരൻ മരിച്ചിരുന്നു. അന്ന് പനി ബാധിച്ച വീട്ടിലുണ്ടായിരുന്ന മറ്റുള്ള ആളുകൾ, അദ്ദേഹത്തിന്റെ ബാപ്പ, ബാപ്പയുടെ അനിയൻ എന്നിവരെയെല്ലാം നിരീക്ഷണത്തിലാക്കുകയും അടുത്ത ബന്ധുക്കളായ മറിയം, ഹാത്തിഫ എന്നിവരെ വിളിച്ചുവരുത്തി അതുമായി ബന്ധപ്പെട്ട കാര്യങ്ങളെല്ലാം വിലയിരുത്തുകയും ചെയ്തു. മണിപ്പാൽ കസ്തൂർബാ മെഡിക്കൽ കോളേജിലെ ഡോ. ജി. അരുൺകുമാർ കോഴിക്കോട് വന്നു. അന്ന് രാത്രിതന്നെ രോഗിയുടെ മൂത്രം, നട്ടെല്ലിൽനിന്ന് കുത്തിയെടുത്ത നീര്, തൊണ്ടയിൽ നിന്നെടുത്ത ദ്രാവകം എന്നിവയെല്ലാം

പരിശോധിക്കുകയും 18-ാം തീയതി ക്രിട്ടിക്കൽ കെയർ യൂണിറ്റിലേയ്ക്ക് മാറ്റുകയുമുണ്ടായി. ന്യൂറോളജി വിഭാഗത്തിലെ ഡോ. ജയകൃഷ്ണൻ ഇതിന്റെ ഭാഗമായി പ്രവർത്തിച്ചു. ഡോ. കെ. ഉമ്മർ, ഡോ. ഭാർഗ്ഗവൻ എന്നിവരൊക്കെ ആ ഹോസ്പിറ്റലിലെത്തി. എല്ലാ കാര്യങ്ങളും കൃത്യമായി പരിശോധിച്ച് നിപ വൈറസാണെന്ന് ബോദ്ധ്യപ്പെട്ടശേഷമാണ് അവർ ഗവൺമെന്റിന്റെ മുന്നിലേയ്ക്ക് വരുന്നത്. നമ്മുടെ ബഹുമാനപ്പെട്ട എക്സൈസ് വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ മുൻകയ്യെടുത്ത് 18-ാം തീയതി തന്നെ അവിടെയൊരു അടിയന്തര മീറ്റിംഗ് വിളിച്ചുചേർത്തു. അന്ന് ജനപ്രതിനിധികളെയൊന്നും വിളിച്ചിരുന്നില്ല. 19-ാം തീയതി ബഹുമാനപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി സ്ഥലത്തെത്തുകയും അടിയന്തരമായി ജനപ്രതിനിധികളുടെ യോഗം വിളിച്ചു ചേർക്കുകയും ചെയ്തു. ആ യോഗത്തിൽ ശ്രീ. പാറക്കൽ അബ്ദുല്ല വന്നില്ല. ഞങ്ങളെല്ലാവരും ഉണ്ടായിരുന്നു. നാല് പ്രാവശ്യം യോഗം വിളിച്ചിട്ടും ബഹുമാനപ്പെട്ട എം.എൽ.എ. വന്നില്ല. ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ വന്നിരുന്നു.

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, ഒരു പ്രാവശ്യം മാത്രമേ യോഗം വിളിച്ചിട്ടുള്ളൂ.

ശ്രീ. കെ. ദാസൻ: സർ, 19-ാം തീയതി രാവിലെ ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ നേതൃത്വത്തിൽ ഒരു യോഗം ചേർന്നു. 19-ാം തീയതിതന്നെ ബഹുമാന്യയായ ആരോഗ്യ വകുപ്പുമന്ത്രി ശ്രീമതി കെ. കെ. ശൈലജ ടീച്ചർ വൈകിട്ടോടുകൂടി കോഴിക്കോട് വന്ന് അടിയന്തരമായി എം.എൽ.എ.മാരെയെല്ലാം വിളിച്ചിരുന്നു. ഞാൻ ഈ സംഭവത്തിലെല്ലാം ഉള്ളതുകൊണ്ടാണ് പറയുന്നത്.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. പാറക്കൽ അബ്ദുല്ല ഇന്നലെ ഇവിടെ മാസ്ക് ധരിച്ച് വന്നതുകൊണ്ടാണ് ഡോ. എം. കെ. മുനീറിന് ഈ അടിയന്തരപ്രമേയം അവതരിപ്പിക്കേണ്ടി വന്നതെന്നാണ് അദ്ദേഹം പറഞ്ഞത്. യഥാർത്ഥത്തിൽ ചട്ടം 300 അനുസരിച്ച് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ ഒരു പ്രസ്താവന വച്ചതിനുശേഷമാണ് ഇന്ന് രാവിലെ അടിയന്തരപ്രമേയത്തിന് നോട്ടീസ് നൽകിയതെന്നാണ് മനസ്സിലാക്കുന്നത്.

ശ്രീ. കെ. ദാസൻ: സർ, കുറ്റ്യാടി എം.എൽ.എ. അല്ല മാസ്ക് ധരിച്ച് വരേണ്ടത്. ഡോ. എം. കെ. മുനീറാണ് മാസ്ക് ധരിച്ച് ഇവിടെ വരേണ്ടത്. അദ്ദേഹം ഒരു ഡോക്ടറാണ്. മെഡിക്കൽ കോളേജ് അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ഉൾപ്പെട്ടതാണ്. അദ്ദേഹത്തിന് ഞങ്ങളെക്കാൾ നല്ല ധാരണയുണ്ട്. മാസ്ക് ധരിച്ച് വരണമെങ്കിൽ ഡോ. എം. കെ. മുനീറാണ് ഇവിടെ വരേണ്ടത്. അദ്ദേഹം അതിന് യോഗ്യനാണ്. കാരണം അദ്ദേഹം ഡോക്ടറാണ്. ഞങ്ങളേക്കാൾ നല്ല

ധാരണയുണ്ട്. അദ്ദേഹം എല്ലാ യോഗത്തിലും പങ്കെടുത്തുവെന്നുമാത്രമല്ല, വൈദ്യശാസ്ത്രത്തെ സംബന്ധിച്ച് കൃത്യമായ ധാരണയുള്ള ആളായതുകൊണ്ട് എം.എൽ.എ.മാരായ ഞങ്ങൾക്കെല്ലാം അതുസംബന്ധിച്ച വിവരങ്ങൾ തരികയും ചെയ്തു. ഡോക്ടർമാർ ഞങ്ങളോട് പറഞ്ഞത് ഇത് വായുവിലൂടെ സഞ്ചരിക്കുന്നില്ല, ജലത്തിലൂടെയോ കൊതുകിലൂടെയോ പകരുന്നില്ല അതുകൊണ്ട് നിങ്ങൾ മാസ്ക് ധരിക്കേണ്ടതില്ല എന്നാണ്. ഇക്കാര്യം ബഹുമാനപ്പെട്ട എം.എൽ.എ.യ്ക്ക് അറിയില്ലേ? നിങ്ങൾ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുകയല്ലേ ചെയ്യുന്നത്?

ശ്രീ. പാറക്കൽ അബ്ദുല്ല: സർ, എന്ത് വർത്തമാനമാണ് ബഹുമാനപ്പെട്ട എം.എൽ.എ. പറയുന്നത്? നിങ്ങൾ അനാവശ്യ കാര്യങ്ങൾ പറയരുത്. (...ബഹളം...)

ശ്രീ. കെ. ദാസൻ: സർ, ഇത് ഞങ്ങളോട് പറഞ്ഞത് ഡോക്ടർമാരാണ്. ബഹുമാനപ്പെട്ട മന്ത്രി, എം.എൽ.എ.മാർ, പഞ്ചായത്ത് പ്രസിഡന്റുമാർ, ജില്ല/ബ്ലോക്ക് പഞ്ചായത്ത് അംഗങ്ങൾ എന്നിവരെല്ലാമുണ്ടായിരുന്ന യോഗത്തിൽ കസ്തൂർബാ മെഡിക്കൽ കോളേജിലെ ഡോ. ജി. അരുൺകുമാർ ഇതുസംബന്ധിച്ചെല്ലാം പറഞ്ഞിരുന്നു. അന്ന് ബഹുമാനപ്പെട്ട എം.എൽ.എ. ഉണ്ടാകേണ്ടതല്ലേ? അതുകൊണ്ട് ഞങ്ങൾ ഇതുവരെ മാസ്ക് ധരിച്ചിട്ടില്ല, എന്റെ മണ്ഡലത്തിലെ ഒരാളോടുപോലും മാസ്ക് ധരിക്കാൻ പറഞ്ഞിട്ടില്ല.

ശ്രീ. പി. കെ. ബഷീർ: സർ, ബഹുമാനപ്പെട്ട എം.എൽ.എ. മാസ്ക് ധരിച്ചതിനെ സംബന്ധിച്ച് അദ്ദേഹംതന്നെ വിശദീകരിച്ചിട്ടുണ്ട്. ഞങ്ങൾ ഇക്കാര്യത്തെ രാഷ്ട്രീയവൽക്കരിച്ചിട്ടില്ല. നിങ്ങളാണ് ഈ വിഷയത്തെ രാഷ്ട്രീയവൽക്കരിക്കുന്നത്. (...ബഹളം...)

ശ്രീ. കെ. ദാസൻ: സർ, അദ്ദേഹം വിശദീകരിച്ചത് തെറ്റായ കാര്യങ്ങളാണ്. അദ്ദേഹത്തിന് ഇന്നും ബോദ്ധ്യപ്പെട്ടിട്ടില്ല. നിപ വൈറസിന്റെ അപകടത്തെ സംബന്ധിച്ച് ഒന്നും ബോദ്ധ്യപ്പെടാത്ത ഒരാളായി മാറുകയാണ് അദ്ദേഹം. (...ബഹളം...)

ശ്രീ. എ. പ്രദീപ്കുമാർ: സർ, ഇവിടെ ബഹുമാനപ്പെട്ട പാറക്കൽ അബ്ദുല്ലയുടെ നിലപാട് വിമർശന വിധേയമായത് അത് പ്രതിപക്ഷമെടുത്ത ഒരു നിലപാടല്ല, പക്ഷേ അദ്ദേഹം പ്രതിപക്ഷത്തുള്ള ഒരു എം.എൽ.എ. ആണ് എന്നതാണ്. ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗെടുത്ത നിലപാടുമല്ല. അവരാരും അതിനെ പിന്തുണച്ചിട്ടില്ല. നമ്മളെല്ലാവരും ഇക്കാര്യത്തിൽ ഒന്നായി നിന്നതാണ്. അദ്ദേഹം അതിൽ നിന്ന് വേറിട്ട നിലപാടാണെടുത്തത്. എനിക്ക് തോന്നുന്നത് ഇന്ത്യൻ യൂണിയൻ മുസ്ലീം ലീഗിൽ നിന്നും മാറി, ഇന്ത്യൻ യൂണിയൻ മാസ്ക് ലീഗ് ആയിട്ടുണ്ടോയെന്നാണ്.

ശ്രീ. കെ. ദാസൻ: സർ, കുറച്ച് ദിവസമായി കോഴിക്കോട്ടുള്ള ഡോക്ടർമാരും ആരോഗ്യപ്രവർത്തകരും ജനപ്രതിനിധികളുമെല്ലാം ഇക്കാര്യങ്ങളിൽ വളരെയധികം ഇടപെടുന്നു. ആരോഗ്യപ്രവർത്തകരും ഡോക്ടർമാരും നഴ്സുമാരും സ്വജീവിതം മുന്നിൽ കാണാതെയാണ് മറ്റുള്ളവരുടെ ജീവൻ രക്ഷിക്കാനുള്ള പ്രവർത്തനങ്ങളിൽ ഏർപ്പെടുന്നത്. എന്റെ മണ്ഡലത്തിലെ ചേലിയ എന്ന പ്രദേശത്തുള്ള ഒരു നഴ്സിംഗ് വിദ്യാർത്ഥിനിക്ക് രോഗം ബാധിച്ചെങ്കിലും അവർ ഇപ്പോൾ രോഗവിമുക്തി നേടിയിട്ടുണ്ട്. രോഗം പടരാതിരിക്കുന്നതിന് ജാഗ്രതയോടുകൂടിയാണ് അവിടത്തെ ഹോസ്പിറ്റലും ആരോഗ്യപ്രവർത്തകരുമെല്ലാം പ്രവർത്തിച്ചത്. അതിനെയാണ് ഞാൻ അഭിനന്ദിക്കുന്നത്. യഥാർത്ഥത്തിൽ ഭൂമിയിലെ മാലാഖമാരാണ് നഴ്സുമാർ. സ്വജീവൻ നോക്കാതെ രോഗിയെ സ്വന്തം സഹോദരിയോടെന്നപോലെ അവരുടെ സ്രവം മാറ്റിയും മരുന്ന് കൊടുത്തും പരിപാലിച്ചും ലോകത്തുതന്നെ കേട്ടുകേൾവിയില്ലാത്ത രീതിയിലാണ് കോഴിക്കോട്ടുള്ള ആ കുട്ടിയെ രക്ഷപ്പെടുത്തിയത്. അങ്ങനെ രണ്ട് കുട്ടികൾ രക്ഷപ്പെട്ടു. നിപാ വൈറസുണ്ടെന്ന് കണ്ടെത്തിയ രോഗികളാണ്. ലിനിയെ ശുശ്രൂഷിക്കാൻ നിന്ന കുട്ടിയാണ്. ഒരുതരത്തിലും ജീവിതത്തിലേക്ക് തിരിച്ചുവരില്ലെന്നാണ് ധരിച്ചിരുന്നത്. ലിനി സ്വർഗ്ഗത്തിലേയ്ക്ക് പോയെങ്കിലും ഈ കുട്ടിയെ രക്ഷിക്കാൻ ഭൂമിയിലെ മാലാഖമാരെന്ന് പറയുന്ന നഴ്സുമാർക്കും അവിടത്തെ ഡോക്ടർമാർക്കും കഴിഞ്ഞു. നമ്മൾ അഭിനന്ദിക്കേണ്ട കാര്യമാണത്. അതിനെ അപഹാസ്യമാക്കുന്ന ഏത് രീതിയിലുള്ള പ്രവർത്തനങ്ങളും പ്രചാര വേലകളും പൊതുസമൂഹം അംഗീകരിക്കില്ല എന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല. ജനങ്ങളെ തെറ്റിദ്ധരിപ്പിക്കുന്ന ഒരു നിലപാടും നമ്മൾ സ്വീകരിക്കാൻ പാടില്ല. ജനങ്ങൾക്ക് ശരിയായ വിവരം കൊടുക്കേണ്ടവരാണ് ജനപ്രതിനിധികൾ. അവർതന്നെ ഈ രോഗം വായുവിലൂടെ പറന്ന് കളിക്കുകയാണെന്ന രീതിയിലുള്ള ധാരണ വരുത്തിയാലോ? എല്ലാവരും ഇങ്ങനെ പോയാലോ? ആരെയെങ്കിലും കുറ്റപ്പെടുത്താനോ ആരോപണകർത്താവായി ചിത്രീകരിക്കാനോ അല്ല ഞാൻ ഉദ്ദേശിച്ചത്. ആ നിലപാട് ശരിയല്ലെന്നുള്ളതാണ്. രാത്രിയാണോ പകലാണോ എന്നുപോലും നോക്കാതെ മന്ത്രിമാർ നെട്ടോട്ടം ഓടുകയാണ്. ഓരോ വകുപ്പും കൈകാര്യം ചെയ്യുന്ന മന്ത്രിമാർ ഈ ജില്ലകളിൽ സഹായത്തിന് എത്തിയിട്ടുണ്ട്.

ശ്രീ. പി. ടി. എ. റഹീം: സർ, ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന് അസുഖമായിരുന്നിട്ടുപോലും അദ്ദേഹം മാസ്ക് ധരിക്കാതെയാണ് എല്ലാ നഴ്സുമാരെയും പോയി കണ്ടത് എന്ന കാര്യം അങ്ങ് ശ്രദ്ധിച്ചിട്ടുണ്ടോ?

<u>ശ്രീ. വി. അബ്ദുറഹിമാൻ</u>: സർ, നിപ വൈറസുമായി ബന്ധപ്പെട്ട ചർച്ചയാണ് ഇവിടെ നടക്കുന്നത്. ഇത് പുറംലോകം വളരെ ശ്രദ്ധയോടെ കേൾക്കുകയാണ്. നിങ്ങൾ ഇതിനെ രാഷ്ട്രീയപ്രശ്നമായി ഒരിക്കലും കാണാൻ പാടില്ല. മലപ്പുറം ജില്ലയടക്കമുള്ള സ്ഥലങ്ങളിൽ നമ്മളെല്ലാവരും ഒന്നിച്ച് ചേർന്ന് നല്ലരീതിയിലുള്ള പ്രവർത്തനമാണ് നടത്തിയിട്ടുള്ളത്. മലപ്പുറം ജില്ലയിൽ പ്രധാനമായും അവിടത്തെ ഡി.എം.ഒ. ഡോ. സക്കീന, ജില്ലാ കളക്ടർ, ആരോഗ്യ പ്രവർത്തകർ എല്ലാവരും ഒറ്റക്കെട്ടായി പ്രവർത്തിച്ചതിന്റെ ഫലമായി മൂർക്കനാട്ടും തെന്നലയിലും രണ്ട് പേർക്കുണ്ടായ രോഗബാധ കൂടുതൽ സ്ഥലങ്ങളിലേയ്ക്ക് വ്യാപിച്ചില്ല. മലപ്പുറം ജില്ലയിലെ മുഴുവൻ ആരോഗ്യ പ്രവർത്തകരെയും ജില്ലാ കളക്ടറെയും ഡി.എം.ഒ.-യെയും ഞാൻ അഭിനന്ദിക്കുന്നു.

<u>ശ്രീ. കെ. ദാസൻ</u>: ബഹുമാനപ്പെട്ട മന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണനൊപ്പം ഗതാഗത വകുപ്പുമന്ത്രി ശ്രീ. എ. കെ. ശശീന്ദ്രന്റെ സാന്നിദ്ധ്യവും നിർദ്ദേശവും കോഴിക്കോട് ജില്ലയിലെ എല്ലാ പ്രവർത്തനങ്ങളിലുമുണ്ടായിരുന്നു. ബഹുമാനപ്പെട്ട അംഗം പറഞ്ഞതുകൊണ്ടാണ് ഞാൻ ശ്രീ. റ്റി. പി. രാമകൃഷ്ണന്റെ പേര് പറയാത്തത്. ശ്രീ. എ. കെ. ശശീന്ദ്രൻ മന്ത്രിയെന്ന നിലയ്ക്ക് നിരവധി തവണ മീറ്റിംഗുകളിൽ പങ്കെടുത്ത് നിർദ്ദേശങ്ങൾ നൽകിയിട്ടുണ്ട്. അദ്ദേഹത്തിന്റെ പ്രവർത്തനവും അഭിനന്ദനം അർഹിക്കുന്നതാണ്.

<u>ശ്രീ. കെ. വി. അബ്ദുൾ ഖാദർ</u>: സർ, വിദേശ രാജ്യങ്ങളിൽ, പ്രത്യേകിച്ച് യു.എ.ഇ. കോഴിക്കോട് നിന്നുള്ള പച്ചക്കറിയുടെ കയറ്റുമതി നിരോധിച്ചിരിക്കുകയാണ്. അവിടെ നിന്നും കോഴിക്കോട്ടേയ്ക്കുള്ള യാത്ര ഒഴിവാക്കണമെന്ന് അവർ നിർദ്ദേശിച്ചിരിക്കുകയാണ്. സത്യത്തിൽ ഭരണപക്ഷവും പ്രതിപക്ഷവും ആരോഗ്യവകുപ്പുമൊക്കെ ചേർന്ന് നടത്തിയ ശ്രമങ്ങൾ വളരെ ശ്ലാഘനീയമാണ്. മറിച്ചൊരു മെസ്സേജ് നൽകുന്നത് പ്രവാസി സമൂഹത്തിന് ആപത്താണ്, ദോഷമാണ്. നമ്മുടെ കയറ്റുമതിക്ക് അത് പ്രയാസമാണെന്നുകൂടി നാം മനസ്സിലാക്കേണ്ടതുണ്ട്. എത്രയുംപെട്ടെന്ന് ഈ ആപത്ത് അവസാനിപ്പിക്കുന്നതിനുള്ള ശ്രമങ്ങൾ തുടരുകയല്ലേ യഥാർത്ഥത്തിൽ വേണ്ടത്?

<u>ശ്രീ. കെ. ദാസൻ</u>: അത് ശരിയാണ്. കൃത്യമായ ധാരണയോടുകൂടിയാണ് നമ്മൾ സമീപിക്കേണ്ടത്. എല്ലാ ദിവസവും 7 മണിക്ക് കോഴിക്കോട് ഗസ്റ്റ്ഹൗസിൽ ജില്ലാ കളക്ടറും ഡി.എം.ഒ.-യും, ആരോഗ്യപ്രവർത്തകരും ചേർന്ന് മീഡിയയ്ക്ക് കൃത്യമായ വിവരങ്ങൾ കൊടുക്കുന്നുണ്ടായിരുന്നു. എം.എൽ.എ.-മാരോടെല്ലാം പറഞ്ഞിരുന്നത് ആ വാർത്ത മാത്രമേ അംഗീകരിക്കാവൂ എന്നാണ്. മാത്രമല്ല ഒരു ഹെൽപ്പ് ലൈൻ നമ്പറും കൊടുത്തിട്ടുണ്ടായിരുന്നു. ഞങ്ങൾ ആ

നമ്പരിലാണ് ബന്ധപ്പെടുന്നത്. രോഗ ലക്ഷണമുള്ളവർ ഉണ്ടെങ്കിൽ വിവരങ്ങൾ നൽകണമെന്ന് പറഞ്ഞിട്ടുണ്ട്. അങ്ങനെ നിരീക്ഷണത്തിന് കൃത്യമായ സംവിധാനമാണ് ഒരുക്കിയത്. കാൾ സെന്ററിന്റെ പ്രവർത്തനം കൃത്യമായി നടന്നുകൊണ്ടിരിക്കുകയാണ്. രോഗിയുമായി സമ്പർക്കം പുലർത്തിയ ആളുകളുടെ പട്ടിക തയ്യാറാക്കി ദിവസവും വിളിച്ച് അവരുടെ രോഗവിവരങ്ങൾ അന്വേഷിച്ച് പ്രതിരോധ പ്രവർത്തനങ്ങൾക്കായി ചെയ്യേണ്ട കാര്യങ്ങളെന്താണെന്ന് കൃത്യമായി പറഞ്ഞുകൊടുക്കുകയാണ് ചെയ്യുന്നത്. ആംബുലൻസ് സർവ്വീസ് കൃത്യമായി നടന്നു, അതിനാവശ്യമായ പരിശീലനം നൽകിയ ഡ്രൈവർമാരെ തയ്യാറാക്കി നിർത്തിയിട്ടുണ്ട്. കേന്ദ്ര സംഘം വന്നപ്പോൾ അവർക്ക് കാര്യങ്ങൾ മനസ്സിലാക്കാനാവശ്യമായ ഏർപ്പാടുകൾ ചെയ്തു. റിവ്യൂ മീറ്റിംഗ് മുഖ്യമന്ത്രിയുടെ സാന്നിദ്ധ്യത്തിൽ തലസ്ഥാന നഗരിയിലടക്കം നടക്കുന്നുണ്ട്. ഇന്നത്തെ ആധുനിക സംവിധാനങ്ങൾ ഉപയോഗിച്ച് ജില്ലാ കേന്ദ്രങ്ങളിൽ ഡി.എം.ഒ.-യോടും ഡി.എച്ച്.എസ്.-നോടും ആരോഗ്യ വകുപ്പിലെ അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. രാജീവ് സദാനന്ദൻ ഉൾപ്പെടെയുള്ളവർ ചർച്ചചെയ്യുകയും എല്ലാ ദിവസവും നിപ സെൽ അംഗങ്ങൾ ഗസ്റ്റ്ഹൗസിൽ യോഗംചേർന്ന് അവരുടെ പ്രവർത്തനം വിലയിരുത്തുകയും ചെയ്യുന്നുണ്ട്. ഡോക്ടർമാരുടെയും നഴ്സുമാരുടെയും മാനസിക സംഘർഷം ലഘൂകരിക്കുന്നതിനായി മെന്റൽ ഹെൽത്ത് ടീമിന്റെ കൃത്യമായ ഇടപെടൽ നടന്നിട്ടുണ്ട്. അങ്ങനെയുള്ള സമയബന്ധിതമായ ഒരു പരിപാടിയാണ് കോഴിക്കോട് നടന്നത്. പിന്നെ എന്തിനാണ് ഇത്തരം കാര്യങ്ങളെ സംബന്ധിച്ച് തെറ്റായ രീതിയിൽ പ്രചരിപ്പിക്കുന്നത്? മലയാള മനോരമയിലെ അവതാരക വളരെ മോശമായ രീതിയിലാണ് ആ ആരോഗ്യപ്രവർത്തനത്തെ കണ്ടതും പ്രചരിപ്പിച്ചതും. അവരുടെ പേരിൽ നടപടിയെടുക്കാത്തത് എന്താണെന്ന് അന്വേഷിക്കേണ്ടതുണ്ട്. അത് പൊതുജനങ്ങൾ സംശയത്തോടെ കാണേണ്ടി വന്നു. അക്കാര്യങ്ങൾ പരിശോധിക്കണമെന്ന് അഭ്യർത്ഥിച്ചുകൊണ്ട് എന്റെ വാക്കുകൾ ചുരുക്കുന്നു.

2.00 PM]

പ്രതിപക്ഷ നേതാവ് (ശ്രീ. രമേശ് ചെന്നിത്തല): സർ, എബോള ലോകത്തുണ്ടായപ്പോഴെടുത്ത കരുതൽ നടപടികൾ നമുക്ക് മാതൃകയാകണം. ലോക രാജ്യങ്ങളിൽ അതിനെടുത്ത ഒരു പ്രോട്ടോക്കോളുണ്ട്. എബോളയുടെ അത്രയും ഗുരുതരമല്ല നിപ വൈറസ് എങ്കിലും ആ പ്രോട്ടോക്കോൾ അനുസരിച്ചുള്ള നടപടികളെടുക്കാൻ നമ്മൾ തയ്യാറാകണം. വൈറസുകളെ പ്രതിരോധിക്കുന്നതിൽ കേരളം ഇനിയും ഒരുപാട് മുന്നോട്ടുപോകേണ്ടതുണ്ട്. ഈ മേഖലയിൽ ഗവേഷണം നടക്കാത്തത് വലിയ പോരായ്മയാണ്. അന്തർദ്ദേശീയ നിലവാരത്തിലുള്ള ഒരു

വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് തിരുവനന്തപുരത്ത് ആരംഭിക്കേണ്ട സമയം അതിക്രമിച്ചിരിക്കുന്നു എന്നാണ് എന്റെ വിശ്വാസം. ആരോഗ്യ രംഗത്ത് വലിയ നേട്ടങ്ങളുണ്ടാക്കിയ സംസ്ഥാനമാണ് കേരളം. കേരള മോഡൽ എന്നുപറയുന്നത് ആരോഗ്യ-വിദ്യാഭ്യാസ രംഗത്ത് നാം കൈവരിച്ച നേട്ടങ്ങളുടെ ഫലമാണ്. പക്ഷെ ആരോഗ്യ രംഗത്ത് തുടർച്ചയായ തിരിച്ചടികൾ നമ്മൾ നേരിടുകയാണ്. കഴിഞ്ഞ വർഷം ഡെങ്കിപ്പനി, എച്ച് 1 എൻ1, ചിക്കുൻഗുനിയ, എലിപ്പനി, മഞ്ഞപ്പിത്തം, കോളറ തുടങ്ങിയവ ബാധിച്ച് ഏതാണ്ട് തൊള്ളായിരത്തിലധികംപേർ മരിച്ചു. 30 ലക്ഷം പേർക്ക് പനി ബാധിച്ചു. ഈ വർഷംതന്നെ പനിയും സാംക്രമിക രോഗങ്ങളുംമൂലം 99 പേർ മരിച്ചു. ഇതെല്ലാം ചൂണ്ടിക്കാണിക്കുന്നത് വളരെ ഗൗരവപൂർവ്വമായ സമീപനം രോഗപ്രതിരോധത്തിലും വൈറസ് ബാധയെ നേരിടുന്നതിലും ഉണ്ടാകണം എന്നുള്ളതാണ്. ബഹുമാന്യനായ പ്രമേയാവതാരകൻ ഡോ. എം. കെ. മുനീർ വളരെ വിശദമായിത്തന്നെ കാര്യങ്ങൾ പറഞ്ഞു. ഇന്ന് മലബാറിൽ, പ്രത്യേകിച്ച് കോഴിക്കോട്ടും മലപ്പുറത്തുമുള്ള ജനങ്ങൾക്ക് ഭീതിയുണ്ട് എന്നുള്ളത് ഒരു യാഥാർത്ഥ്യമാണ്. അതുകൊണ്ട് ആളുകൾ പുറത്തിറങ്ങാൻ മടിക്കുന്നു, ബസ്സുകളിൽ കയറാൻ മടിക്കുന്നു, യാത്രാബുദ്ധിമുട്ടുകൾ നേരിടുന്നു. അങ്ങനെ പല തരത്തിലുള്ള ഭീതി നിലനില്ക്കുന്നുണ്ട്. നമ്മൾ എല്ലാവരും ചേർന്ന് ആ ഭീതി കുറയ്ക്കുകയാണ് വേണ്ടത്, ഭീതി കൂട്ടുകയല്ല. വ്യാപകമായി മരണം വാരിവിതറിയിട്ടുള്ള വസൂരി, പ്ലേഗ് തുടങ്ങിയ മാരക രോഗങ്ങളെ നിയന്ത്രിക്കാൻ നമുക്ക് കഴിഞ്ഞിട്ടുണ്ട്. ഇന്ന് നമ്മൾ കണ്ടിട്ടും കേട്ടിട്ടുമില്ലാത്ത പുതിയതരം രോഗങ്ങളാണ് വരുന്നത്. കഴിഞ്ഞ 30 വർഷത്തിനിടയിൽ മുപ്പതിലധികം മാരകമായ പുതിയ രോഗങ്ങൾ ലോകത്ത് പ്രത്യക്ഷപ്പെട്ടിട്ടുണ്ട്. 1997-ൽ ഹോങ്കോങ്ങിൽ പക്ഷിപ്പനിയുണ്ടായി. 1999-ൽ മലേഷ്യയിൽ നിപ ബാധ കണ്ടെത്തി. 2003-ൽ ചൈനയിൽ സാർസ് ബാധ കണ്ടെത്തി. 2009-ൽ മെക്സിക്കോയിൽ എച്ച്1 എൻ1 പ്രത്യക്ഷപ്പെട്ടു. 2013-ൽ മധ്യേഷ്യയിൽ MERS-CoV(Middle East Respiratory Syndrome) coronavirus കണ്ടെത്തി. അങ്ങനെ പലതരത്തിലുള്ള രോഗങ്ങൾ പ്രത്യക്ഷപ്പെടുമ്പോൾ അതിനനുസരിച്ചുള്ള പ്രോട്ടോക്കോൾ ഉണ്ടാക്കുകയും അതിനെ നേരിടുകയും ചെയ്യുക എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. മലേഷ്യയിലെ ക്യാംപംഗ് സുഗായി നിപ (Kampung Sungai Nipah, Malaysia) എന്ന സ്ഥലത്താണ് 1998-ൽ ആദ്യമായി നിപ വൈറസ് കാണപ്പെട്ടത്. പന്നികളിലാണ് ഇത് ആദ്യമായി കണ്ടത്. പന്നികളെ കൂട്ടത്തോടെ കൊന്നൊടുക്കി. പിന്നീടാണ് വവ്വാലുകൾ കടിച്ച പഴങ്ങളിൽ നിന്നാണ് അത് ബാധിച്ചതെന്ന് മനസ്സിലാക്കിയത്. വവ്വാലുകളാണ് യഥാർത്ഥത്തിൽ ഈ വൈറസ് വാഹകർ എന്നാണ് ഇപ്പോൾ കണ്ടെത്തിയിരിക്കുന്നത്. അതുസംബന്ധിച്ച് ധാരാളം ആശങ്കകളും അവ്യക്തതകളും ഇപ്പോഴും നിലനിൽക്കുന്നുണ്ട്. 2004-ൽ ബംഗ്ലാദേശിൽ പനയിൽ നിന്നെടുക്കുന്ന പാനീയം

കുടിച്ചവരിൽ ഈ വൈറസ് കണ്ടെത്തി. ഇന്ത്യയിൽ 2001-ൽ ബംഗാളിലെ സിലിഗുരിയിലും നാദിയയിലുമാണ് ഈ വൈറസ് ബാധ ആദ്യമായുണ്ടായത്. മനുഷ്യന്റെ തലച്ചോറിനെ ബാധിക്കുന്ന കടുത്ത പനി, ശ്വാസതടസ്സം, ഛർദ്ദി എന്നിവയാണ് രോഗലക്ഷണങ്ങൾ. ലോകത്ത് ഇതുവരെ 477 പേർക്ക് ഈ രോഗം ബാധിക്കുകയും 252 പേർ മരിക്കുകയും ചെയ്തിട്ടുണ്ട്. മലേഷ്യയിൽ 265 പേരിൽ വൈറസ് ബാധയുണ്ടാകുകയും 105 പേർ മരിക്കുകയും ചെയ്തു. ലോകത്തെമ്പാടും വൈറസുകളെ പ്രതിരോധിക്കാനുള്ള ആധുനിക സംവിധാനങ്ങൾ നിലനിൽക്കുന്നുണ്ടെന്ന് ചൂണ്ടിക്കാണിക്കാൻവേണ്ടിയാണ് ഞാനിത് പറഞ്ഞത്. ഡോ. ശാരംഗധരന്റെ ഒരു ലേഖനം ഞാൻ വായിച്ചിരുന്നു. ഇതുപോലുള്ള അപൂർവ്വ വൈറസുകൾ ബാധിക്കുന്ന രോഗികളെ അമേരിക്കയിലെ ഡോക്ടർമാർ എങ്ങനെ ചികിത്സിക്കുന്നു, നഴ്സുമാർ എങ്ങനെ പരിചരിക്കുന്നു എന്ന് അദ്ദേഹത്തിന്റെ ലേഖനത്തിൽ പറഞ്ഞിട്ടുണ്ട്. മനോരമയിലാണ് ആ ലേഖനം വന്നത്. അത് വായിച്ചാൽ ഇക്കാര്യത്തിൽ നമ്മൾ എത്ര പിന്നിലാണെന്ന് മനസ്സിലാകും. ആധുനിക കാലഘട്ടത്തിൽ ഈ വൈറസുകളെ പ്രതിരോധിക്കാനുള്ള വലിയ സംവിധാനങ്ങൾ നമുക്കുണ്ടാകണം. ജാഗ്രത പുലർത്തിയാൽ നിപ വൈറസ് ബാധ പൂർണ്ണമായും നിയന്ത്രണവിധേയമാക്കാനാകും എന്നാണ് കണ്ടെത്തിയിട്ടുള്ളത്. കാരണം മാരകമാണെങ്കിലും വ്യാപനശേഷി വളരെ കുറവാണ്. ഇത് സാധാരണ 30 മുതൽ 40 ദിവസങ്ങൾക്കുള്ളിൽ കെട്ടടങ്ങുന്നുണ്ട്. വവ്വാലുകളുടെ സ്രവങ്ങളിൽ അധിക സമയം ഈ വൈറസുകൾ ജീവിച്ചിരിക്കില്ല എന്ന് കണ്ടെത്തിയിട്ടുണ്ട്. അതിനാലാണ് വ്യാപനശേഷി കുറഞ്ഞുവന്നിട്ടുള്ളത്. ഒന്നോ രണ്ടോ മനുഷ്യർക്ക് വവ്വാലുകളിൽ നിന്നോ വളർത്തുമൃഗങ്ങളിൽ നിന്നോ വൈറസ് ബാധയുണ്ടാകുകയും തുടർന്ന് അവരുമായി സമ്പർക്കത്തിലാകുന്നവർക്ക് രോഗം പകരുകയും ചെയ്യുന്നു എന്നാണ് കണ്ടെത്തിയിരിക്കുന്നത്. ആദ്യമായി ഇത് ബാധിച്ചയാൾ കഴിഞ്ഞ 30 ദിവസക്കാലം എവിടെയെല്ലാം സഞ്ചരിച്ചുവെന്ന് പരിശോധിച്ചാൽ അതുസംബന്ധിച്ച് ശരിയായ വിവരം കിട്ടുമെന്നാണ് എന്റെ വിശ്വാസം. 2011-ൽ ബംഗ്ലാദേശിൽ ഈ രോഗം ബാധിച്ച 11 കുട്ടികളും സഹപാഠികളായിരുന്നു. 2001-ൽ സിലിഗുരിയിൽ രോഗബാധയുണ്ടായപ്പോൾ രോഗികളുമായി സമ്പർക്കത്തിലായവർക്കാണ് രോഗം വന്നത്. കേരളത്തിലും അതുതന്നെയാണ് സംഭവിച്ചത്. രോഗികളുമായി സമ്പർക്കമുള്ളവരാണ് മരിച്ചുകൊണ്ടിരിക്കുന്നത്. ഈ സന്ദർഭത്തിൽ കോഴിക്കോട് ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെ ഡോ. അനൂപ്, ഡോ. ജയകൃഷ്ണൻ എന്നീ രണ്ട് ഡോക്ടർമാരെ ഞാൻ അഭിനന്ദിക്കുകയാണ്, അവരാണ് ഇത് നിപ വൈറസാണെന്ന് കണ്ടെത്തിയത്.

ആരോഗ്യ പ്രവർത്തകർക്ക് ആരോഗ്യ ഇൻഷ്വറൻസ് ഏർപ്പെടുത്തേണ്ടത് അത്യാവശ്യമാണ്. ഡോ. ഷംസീർ, ഒന്നരക്കോടി രൂപയുടെ മാസ്ക്, ഡ്രസ് എന്നിവ

അയച്ചുതന്നു. അദ്ദേഹത്തെയും ഞാൻ അഭിനന്ദിക്കുകയാണ്. സമയക്കുറവുമൂലം ഞാൻ കൂടുതൽ കാര്യങ്ങളിലേയ്ക്ക് കടക്കുന്നില്ല. റിബാവൈറിൻ എന്ന മരുന്നാണ് ഇപ്പോൾ കിട്ടിയിട്ടുള്ളത്. ആസ്ട്രേലിയലിലെ ഡോ. ക്രിസ്റ്റഫർ സി. ബ്രോഡർ കണ്ടുപിടിച്ച മോണോക്ലോണൽ 102.4 ആന്റിബോഡിക്ക് ഐ.സി.എം.ആർ., എൻ.ഒ.സി. നൽകിയിട്ടുണ്ടെന്നുള്ളത് ആശാവഹമായ കാര്യമാണ്. ജപ്പാനിൽ കണ്ടെത്തിയ ഫെവിപിരാവിർ (Favipiravir) എന്ന മരുന്നുകൂടി ഐ.സി.എം.ആർ. അനുവദിച്ചാൽ നമുക്ക് ഈ രോഗത്തെ ഒരു പരിധിവരെ നിയന്ത്രിക്കാൻ കഴിയുമെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വിവരം. ഇവിടെ ബേസിക്കായി വേണ്ടത് മൂന്ന് കാര്യങ്ങളാണ്. ഒന്ന്, ഈ രോഗത്തിന്റെ കാരണം കണ്ടെത്തണം. രണ്ട്, പരസ്പരവിരുദ്ധ വിലയിരുത്തൽ പ്രതിരോധ നടപടികളെ ബാധിക്കുന്നുണ്ട്; അത് ശ്രദ്ധിക്കണം. മൂന്ന് മുൻവിധി പാടില്ല. രോഗബാധ റിപ്പോർട്ട് സൂചിപ്പിക്കുന്നത് ഭാവിയിൽ ഏഷ്യയിൽ കൂടുതൽ വൈറസ് അറ്റാക്കുകൾ ഉണ്ടാകാനുള്ള സാദ്ധ്യതയുണ്ടെന്നാണ്. അതുകൊണ്ട് ഇക്കാര്യത്തിൽ നമ്മൾ വളരെ ഗൗരവമായ സമീപനം സ്വീകരിക്കേണ്ടിയിരിക്കുന്നു. ഒരു കാര്യം കൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം.

നമുക്ക് ഇക്കാര്യത്തിൽ രാഷ്ട്രീയമില്ല. പക്ഷേ ഇവിടെ സംസാരിച്ച പലരും രാഷ്ട്രീയം പറഞ്ഞതിൽ എനിക്ക് ദുഃഖമുണ്ട്. ഇത് രാഷ്ട്രീയ പ്രേരിതമായി ഞങ്ങൾ കൊണ്ടുവന്ന അടിയന്തര പ്രമേയമല്ല. ഡോ. എം. കെ. മുനീർ അടിയന്തര പ്രമേയം അവതരിപ്പിച്ചത് ആ പ്രദേശങ്ങളിലെ ജനങ്ങൾക്കുള്ള ആശങ്ക മാറ്റാനാവശ്യമായ കാര്യങ്ങൾ പറയാനാണ്. ഇതിൽ ഒരു രാഷ്ട്രീയവുമില്ല. എല്ലാവരും ശ്രീ. പാറക്കൽ അബ്ദുല്ലയെ ഇകഴ്ത്തിക്കാണിച്ചത് തെറ്റായിപ്പോയി. അദ്ദേഹം ഒരു എം.എൽ.എ. എന്ന നിലയിൽ പ്രതീകാത്മകമായി മാസ്ക് ധരിച്ചുവന്നത് തെറ്റായിപ്പോയെന്ന് ഞാൻ കരുതുന്നില്ല. വിവരങ്ങൾ ജനസമൂഹത്തിന്റെ മുമ്പിൽ അവതരിപ്പിക്കാനാണ് അദ്ദേഹം ശ്രമിച്ചത്. അതിനപ്പുറത്തേയ്ക്ക് ഒരു അർത്ഥം അദ്ദേഹം അതിൽ കണ്ടില്ല എന്നുള്ളതാണ് യാഥാർത്ഥ്യം. ഈ സന്ദർഭത്തിൽ പരസ്പരം കുറ്റപ്പെടുത്തിയത് ശരിയായില്ല എന്നാണ് എനിക്ക് പറയാനുള്ളത്. ഇതിനെ നമ്മൾ ഒരുമിച്ച് നേരിടണം. ഇനിയും ഇങ്ങനെയുള്ള വൈറസ് ആക്രമണങ്ങളും സാംക്രമിക രോഗങ്ങളും ഈ സംസ്ഥാനത്ത് ഉണ്ടാകാതിരിക്കാനുള്ള ശക്തമായ നടപടികളാണ് ഉണ്ടാകേണ്ടത്. ഇതിനകത്ത് വ്യത്യസ്ത രാഷ്ട്രീയ അഭിപ്രായങ്ങൾക്ക് സ്ഥാനമില്ല. നമ്മുടെ ജനത നേരിടുന്ന ഈ ദുര്യോഗം, സമൂഹം ആകമാനം നേരിടുന്ന പ്രയാസം പരിഹരിക്കാനാവശ്യമായ നടപടികൾ ഒരുമിച്ചുനിന്ന് ചെയ്യുക എന്നതാണ് ഏറ്റവും പ്രധാനപ്പെട്ട ആവശ്യം. ആധുനിക വൈദ്യശാസ്ത്രം കൈവരിച്ച വമ്പിച്ച നേട്ടങ്ങൾ നമ്മുടെ സമൂഹത്തിനും രാജ്യത്തിനും ജനങ്ങൾക്കുമെത്തിക്കാനുള്ള കൂട്ടായ പരിശ്രമമാണ് വേണ്ടത് എന്നാണ് എനിക്ക് പറയാനുള്ളത്.

ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പുമന്ത്രി (ശ്രീമതി കെ. കെ. ശൈലജ ടീച്ചർ): സർ, ഞാനാദ്യം തന്നെ നിപ വൈറസ് ബാധ ചെറുക്കുന്നതിനുവേണ്ടി പ്രവർത്തിക്കുന്നതിനിടയിൽ മരണപ്പെട്ട നമ്മുടെ പ്രിയപ്പെട്ട നഴ്സിംഗ് സ്റ്റാഫ് ലിനിയുടെ മരണത്തിലും അതോടൊപ്പം മരണപ്പെട്ടുപോയ മറ്റ് സഹോദരങ്ങളുടെ വേർപാടിലും അനുശോചനം രേഖപ്പെടുത്തുകയാണ്.

ഒരു മഹാവിപത്തായി നമ്മുടെ സമൂഹത്തിൽ ഒരുപാട് പേരുടെ ജീവൻ നഷ്ടപ്പെടുമായിരുന്ന വലിയൊരു രോഗത്തെ ചെറുക്കാൻ കഴിഞ്ഞത് നമ്മുടെ കൂട്ടായ പരിശ്രമത്തിന്റെ ഭാഗമായാണ്. ഇന്ന് ഈ നിമിഷം സഭയിൽ ചർച്ച ചെയ്യുന്നതുവരെയും നമ്മളെല്ലാവരും ഒറ്റക്കെട്ടായി ഈയൊരു ദുരന്തത്തെ നേരിടാൻ പരിശ്രമിച്ചു, അതിന് ഫലം കണ്ടിട്ടുണ്ട് എന്നാണ് എനിക്ക് പറയാനുള്ളത്. എങ്ങനെയാണ് നിപ വൈറസ് ബാധയുണ്ടാകുന്നതെന്നും എവിടെയൊക്കെയാണ് ഉണ്ടായിട്ടുള്ളതെന്നും, ആ സമയത്തുള്ള പ്രത്യേകതകൾ എന്തൊക്കെയായിരുന്നുവെന്നും പ്രമേയം അവതരിപ്പിച്ചുകൊണ്ട് ഒരു ഡോക്ടർ കൂടിയായ ഡോ. എം. കെ. മുനീർ ഇവിടെ വിശദമായി പറഞ്ഞിട്ടുണ്ട്. അതുപോലെതന്നെ നമ്മളെല്ലാവരും അതിനെക്കുറിച്ച് പഠിക്കുകയുമുണ്ടായി. ഒരു കാര്യം ഉണ്ടാകുമ്പോഴാണ് നമ്മൾ അതിന്റെ വരുംവരായ്കകളും സാദ്ധ്യതകളുമൊക്കെ പഠിക്കുന്നത്. ഇവിടെ സംസാരിച്ച മിക്ക മെമ്പർമാരും അതിനെക്കുറിച്ച് പഠിച്ച് കാര്യങ്ങൾ അവതരിപ്പിച്ചു. എങ്കിലും നമ്മുടെ മനസ്സിൽ ചില ആശങ്കകൾ നിലനിൽക്കുന്നുണ്ട്. ആരോഗ്യ വകുപ്പിനെ സംബന്ധിച്ചിടത്തോളം നിപ വൈറസ് ബാധ എന്നത് ആദ്യത്തെ അനുഭവമാണ്. പക്ഷെ ഏറ്റവും ആദ്യം അത് കണ്ടെത്താൻ സാധിച്ചുവെന്നാണ് ലോകത്തെമ്പാടും നിന്നുള്ള വിദഗ്ദ്ധരുടെയെല്ലാം അഭിപ്രായം. ആ അഭിപ്രായം കലവറയില്ലാതെ നമുക്കൊപ്പം പങ്കുവയ്ക്കുകയും ചെയ്തിട്ടുണ്ട്. സാബിത്തിന്റെ മരണത്തോടെ ഇത് കണ്ടെത്തിയിരുന്നെങ്കിൽ അപകടങ്ങൾ ഒഴിവാക്കാൻ കഴിയുമായിരുന്നില്ലേയെന്ന് ഇവിടെ ബഹുമാനപ്പെട്ട ചില മെമ്പർമാർ സംശയം പ്രകടിപ്പിച്ചു. ലോകത്തൊരിടത്തും നിപ വൈറസ് ബാധയുണ്ടായ സ്ഥലത്ത് രണ്ടാമത്തെ മരണത്തോടുകൂടി കണ്ടുപിടിക്കപ്പെട്ടിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. ഒരുപാട് ആളുകൾ മരണപ്പെടുമ്പോഴാണ് ഈ വൈറസ് ബാധയെക്കുറിച്ച് തിരിച്ചറിയാൻ ഇന്നോളമുണ്ടായിട്ടുള്ള എല്ലാ സംവിധാനങ്ങൾക്കും കഴിഞ്ഞിട്ടുള്ളത്. ഒന്നാമത് വൈറൽ ഫീവർ വരുമ്പോൾ പലവിധത്തിലുള്ള അസുഖങ്ങൾക്ക് ഒരേ ലക്ഷണങ്ങൾ കാണിക്കാറുണ്ട്. ഛർദ്ദി, വിറയൽ, തലച്ചോറിലുണ്ടാകുന്ന അസ്വസ്ഥതകൾ എല്ലാംതന്നെ മറ്റ് പല വൈറൽ ഫീവറുകൾക്കും ഉണ്ടാകാറുണ്ട്. അത്തരത്തിലുള്ള എല്ലാ കാര്യങ്ങളും ഇതുപോലെ പടർന്ന് കൂട്ടത്തോടെ ആളുകളുടെ ജീവനെടുക്കുന്ന ഒന്നായി വ്യാഖ്യാനിക്കാൻ നമുക്ക് കഴിയില്ല.

(അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ)

മേയ് 2-ാം തീയതി മെഡിക്കൽ കോളേജിൽ പ്രവേശിപ്പിക്കപ്പെട്ട സാബിത്ത് 5-ാം തീയതിയാണ് മരിക്കുന്നത്. സാബിത്ത് മരണപ്പെടുമ്പോൾ ഇത്തരത്തിലൊരു വൈറസ് ബാധ സംശയിക്കപ്പെടേണ്ടതില്ല എന്നുള്ളതാണ് അവസ്ഥ. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് പോകുന്നില്ല. സാബിത്തിന്റെ മരണം ഉൾപ്പെടെയുള്ള കാര്യങ്ങളെല്ലാം ഐ.ഡി.എസ്.പി. സെല്ലിലേയ്ക്ക് റിപ്പോർട്ട് ചെയ്തിട്ടുണ്ട്. സാധാരണ നടക്കുന്ന അവലോകനങ്ങൾ നടക്കുന്നുണ്ട്. അപ്പോഴും ഇതൊരു അപൂർവ്വ വൈറസാണെന്ന് സംശയിക്കേണ്ട കാര്യമേ വരുന്നില്ലെന്നതാണ് വസ്തുത. എന്നാൽ സാബിത്തിന്റെ സഹോദരൻ സാലിഹ്, ബേബി മെമ്മോറിയൽ ഹോസ്പിറ്റലിൽ അഡ്മിറ്റായതിനുശേഷം വളരെ വിഗറസായ രോഗലക്ഷണങ്ങൾ കാണിച്ചപ്പോൾ ഇതേ രോഗലക്ഷണത്തോടുകൂടി ഈ കുടുംബത്തിലെ മറ്റൊരാൾ മരണപ്പെട്ടിട്ടുണ്ടെന്ന് അറിഞ്ഞതിനാലാണ് അങ്ങനെ സംശയിക്കാൻ കാരണമായത്. ഡോ. അനൂപ്, ഡോ. ജയകൃഷ്ണൻ എന്നിവരെ ഞാൻ അങ്ങേയറ്റം അനുമോദിക്കുകയാണ്.

ഇന്നലെ ചേർന്ന സർവ്വകക്ഷി യോഗത്തിലെടുത്ത തീരുമാനങ്ങൾ നാട്ടുകാരോട് വിശദീകരിക്കുന്നതിനും ജനങ്ങളുടെ ഭീതിയകറ്റുന്നതിനുമുള്ള പ്രചരണത്തിൽ ഇടപെടുന്നതിനുവേണ്ടി ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി ഒരു ദിവസത്തെ പെർമിഷൻ വാങ്ങി നാട്ടിലേക്ക് പോയിരിക്കുകയാണ്. അദ്ദേഹത്തിന്റെ മണ്ഡലത്തിൽ ചങ്ങരോത്താണ് ഇതുണ്ടായത്. അപ്പോൾത്തന്നെ എന്നെയും ആരോഗ്യ വകുപ്പിലെ ബന്ധപ്പെട്ട എല്ലാവരേയും വിളിച്ച് ആ കുടുംബത്തിലെ രണ്ടാമത്തെ ആൾക്കും പനി വന്നിട്ടുണ്ട്, മറ്റ് രണ്ട് പേർക്കും രോഗലക്ഷണങ്ങളുണ്ട് ഇത് ഏതെങ്കിലും അപൂർവ്വ രോഗമായിരിക്കുമോ എന്ന് ചോദിച്ചു. ഉടൻതന്നെ ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. സരിത, അഡീഷണൽ ഡയറക്ടർ ഡോ. റീന എന്നിവർ ബേബി മെമ്മോറിയൽ ഹോസ്പിറ്റലിലെ ഡോ. അനൂപുമായി ബന്ധപ്പെടുകയും അവർ തമ്മിൽ ഡിസ്കഷൻ നടത്തുകയും ചെയ്തു. അവരെല്ലാവരുംകൂടി നടത്തിയ ചർച്ചയുടെ അനന്തരഫലമായിട്ടാണ് ഇതൊരു അപൂർവ്വ വൈറസാകാൻ സാധ്യതയുണ്ടെന്ന് മനസ്സിലായത്. ഡോ. അനൂപ് പറഞ്ഞത് അദ്ദേഹം തൊട്ടടുത്ത ദിവസങ്ങളിൽ വായിച്ച ലിറ്ററേച്ചർ നിപ വൈറസിനെക്കുറിച്ചായിരുന്നു, അതും സംശയങ്ങൾക്ക് ബലം നൽകിയിട്ടുണ്ടെന്നാണ്. ഡോ. അനൂപ്, ഡോ. സരിത, ഡോ. റീന ഉൾപ്പെടെയുള്ള എല്ലാവരും ചേർന്ന് അങ്ങനെയാണെങ്കിൽ ഇത് മണിപ്പാൽ ലാബിൽ അയയ്ക്കുന്നതായിരിക്കും നല്ലതെന്ന് തീരുമാനിക്കുകയും അവരുടെയെല്ലാം തീരുമാനത്തിന്റെ ഫലമായി അവിടേയ്ക്ക് അയയ്ക്കുകയും ചെയ്തു. ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ശ്രീ. രാജീവ് സദാനന്ദനും ആരോഗ്യ വകുപ്പുമന്ത്രിയെന്ന നിലയിൽ ഞാനും മണിപ്പാൽ ലാബുമായി ബന്ധപ്പെട്ടു. അവിടെ പരിശോധിച്ച ഉടൻതന്നെ റിസൾട്ട് ലഭിച്ചു. പക്ഷെ ഞങ്ങൾക്ക് അത് അനൗൺസ് ചെയ്യാൻ കഴിയില്ലായിരുന്നു. കാരണം ഇത്തരത്തിലുള്ള അപൂർവ്വ വൈറസിന്റെ

സാന്നിദ്ധ്യം വെളിപ്പെടുത്തണമെങ്കിൽ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയിൽ ടെസ്റ്റ് ചെയ്യണമായിരുന്നു. പക്ഷേ അപൂർവ്വ വൈറസാണെന്ന് മനസ്സിലാക്കിയ ഉടൻതന്നെ ബാക്കിയുള്ള സുരക്ഷാ നടപടികളെല്ലാം സ്വീകരിക്കാൻ കഴിഞ്ഞു. അതുകൊണ്ടുതന്നെയാണ് കൂടുതൽ മരണങ്ങൾ ഒഴിവാക്കാൻ കഴിഞ്ഞതും. നിപ വൈറസാണെന്ന് ഐഡന്റിഫൈ ചെയ്തുവരുന്നതുവരെ കാത്തുനിന്നില്ല. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. സരിതയെ ചുമതലപ്പെടുത്തിയതിനെത്തുടർന്ന് വളരെ പെട്ടെന്ന് അവർ കോഴിക്കോട്ടെത്തി ദ്രുതകർമ്മസേന യോഗവും ടാസ്ക് ഫോഴ്സ് രൂപീകരിക്കലുമൊക്കെ നടത്തി. അതെല്ലാം നിമിഷംപ്രതി നടത്തുകയായിരുന്നു. റിസൾട്ട് വരുന്നതിനുമുമ്പുതന്നെ അതെല്ലാം നടത്തിയിരുന്നു. എൻ.ഐ.വി (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി)-യിൽ നിന്നുള്ള റിസൾട്ട് വരാൻ ഒരു ദിവസത്തെ ഗ്യാപ് വേണ്ടിവരുമെന്ന് ഞങ്ങൾക്ക് അറിയാമായിരുന്നു. അതുകൊണ്ട് ആ ഒരു ദിവസത്തിനകം നിപ വൈറസ് ബാധ എങ്ങനെ ചെറുക്കണമെന്നുള്ള ഗൈഡ്‌ലൈൻ അനുസരിച്ച് മറ്റ് രാഷ്ട്രങ്ങളുമായും ഡബ്ല്യു.എച്ച്.ഒ., ഐ.സി.എം.ആർ. (ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ച്) തുടങ്ങിയവയുമായും ബന്ധപ്പെട്ടു. ഡബ്ല്യു.എച്ച്.ഒ. എബോള ബാധ ചെറുക്കുന്നതിനുണ്ടാക്കിയ പ്രോട്ടോക്കോൾ അനുസരിച്ചുകൊണ്ട് അതേ രീതിയിലുള്ള ഇടപെടലുകളാണ് അവിടെ നടത്തിയത്. അതുകൊണ്ടാണ് വിവിധ തരത്തിലുള്ള കമ്മിറ്റികളും ഇടപെടലുകളും ഉണ്ടായത്. സമയം വളരെ കുറവായതുകൊണ്ട് ദിനംപ്രതി നടത്തിയ കാര്യങ്ങളുടെ വിശദാംശത്തിലേയ്ക്ക് പോകുന്നില്ല. റിപ്പോർട്ട് ഞാൻ മേശപ്പുറത്ത് വയ്ക്കാം. അവിടത്തെ ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ദ്രുതകർമ്മസേനയുണ്ടാക്കി. ബഹുമാനപ്പെട്ട മന്ത്രി റ്റി. പി. രാമകൃഷ്ണൻ ഇടപെട്ട് യോഗം നടത്തി. മേയ് 19-ാം തീയതി വൈകുന്നേരം ഞാൻ അവിടെ എത്തി. ഞങ്ങളെല്ലാവരും ഒരുമിച്ചുചേർന്ന് ആവശ്യമായ നടപടികൾ സ്വീകരിച്ചു. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ആവശ്യമായ നിർദ്ദേശങ്ങൾ നൽകി. ഇതെല്ലാം വളരെപെട്ടെന്ന് ചെയ്തിട്ടുള്ള കാര്യങ്ങളാണ്. അതുകൊണ്ട് സാബിത്തിന്റെ മരണം സംഭവിച്ച ഉടൻതന്നെ കണ്ടെത്താൻ കഴിയാത്തത് മോശമായിപ്പോയി എന്നുള്ള രീതിയിൽ പറയരുത്. ഭാവിയിൽ നമുക്ക് ഇത്തരം കാര്യങ്ങളിൽ വീണ്ടും ഇടപെടാനുള്ളതാണ്. ആദ്യ കേസിൽത്തന്നെ കണ്ടെത്താൻ കഴിയുമോയെന്നുള്ളതിനെക്കുറിച്ച് നമുക്ക് പരിശ്രമിക്കാം. കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ജെ. പി. നഡ്ഡ പറഞ്ഞു, 'The outbreak is "unlikely" to spread as early and efficient containment measures were being taken.' ആദ്യത്തെ ആൾ മരിച്ചപ്പോൾ കണ്ടെത്തിയില്ലെന്ന് അദ്ദേഹം കുറ്റപ്പെടുത്തിയില്ല. അതിനെക്കുറിച്ച് പഠിച്ചിട്ടാണ് പറയുന്നത്. വളരെ പെട്ടെന്നുള്ള containment measures എടുത്തതുകൊണ്ട് ഇത് പടരാനിടയില്ല, the outbreak appears to be a "localised" occurrence എന്നുകൂടി അദ്ദേഹം പറഞ്ഞു. മാത്രമല്ല 'ദി ഹിന്ദു' പത്രത്തിന്റെ എഡിറ്റോറിയലിൽ "The good news is that Kerala's public

health systems have acted with extraordinary efficiency so far. Doctors identified the virus in the very second patient, a diagnostic speed unrivaled in developing countries." This must be commented- ഇത് ചൂണ്ടിക്കാണിക്കേണ്ടതാണ് എന്നുപറഞ്ഞു. നമുക്ക് സാധ്യമായതിന്റെ ഏറ്റവും വേഗതയിൽ കണ്ടുപിടിക്കാൻ കഴിഞ്ഞത് ഭാഗ്യമായി. അത് നമുക്കെല്ലാം ഗുണകരമായി വന്നുവെന്നുള്ളതാണ്. പിന്നീട് എല്ലാ പ്രതിരോധ നടപടികളും സ്വീകരിക്കാൻ നമുക്ക് സാധിച്ചു. അതുപോലെതന്നെ ഡബ്ല്യു.എച്ച്.ഒ, എൻ.സി.ഡി.സി., നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജിയുടെ സംഘം, നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയുടെ സംഘം, മഹാരാഷ്ട്ര ആരോഗ്യ വകുപ്പുമന്ത്രി ഡോ. ദീപക് സാവന്ത്, പ്രതിപക്ഷ നേതാവ് ശ്രീ. രമേശ് ചെന്നിത്തല, ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ തുടങ്ങിയ ധാരാളം ആളുകൾ ഫോണിൽ ബന്ധപ്പെട്ട് ഇത് എളുപ്പം കണ്ടുപിടിച്ചത് നന്നായി എന്നുപറയുകയുണ്ടായി. കാരണം ഇതിനെക്കുറിച്ച് പഠിച്ചിട്ടുള്ളവർക്കെല്ലാം അറിയാം ഏറ്റവും എളുപ്പത്തിലാണ് ഇത് കണ്ടുപിടിച്ചതെന്നുള്ളത്. അതിനുശേഷം നമ്മൾ നിരവധി നടപടിക്രമങ്ങൾ ആരംഭിച്ചു. അത് ഫലപ്രദമായി വരികയും ചെയ്തു. ആ നടപടിക്രമത്തിന്റെ വിശദാംശത്തിലേയ്ക്ക് ഞാൻ പോകുന്നില്ല. ഇതിന്റെ ഭാഗമായി ദൈനംദിനം സ്വീകരിച്ച നടപടിക്രമങ്ങളുടെ വിശദാംശങ്ങൾ മേശപ്പുറത്തുവയ്ക്കുന്നു.+

ഇവിടെ സംശയാസ്പദമായി ചൂണ്ടിക്കാണിച്ച ചില കാര്യങ്ങളെക്കുറിച്ച് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതായത് 17 പേർ മരണപ്പെട്ടു എന്നുപറഞ്ഞു. ഔദ്യോഗിക കണക്കുപ്രകാരം 16 എന്നുപറയുന്നത് സാബിത്തിന്റെ സാമ്പിൾ ടെസ്റ്റ് ചെയ്തിട്ടില്ലാത്തതിനാൽ നിപ ഐഡന്റിഫൈഡ് എന്ന് ഔദ്യോഗികമായി പറയാൻ കഴിയില്ല. പക്ഷേ സാബിത്തിനെയും നിപ വൈറസ് ബാധമൂലമുണ്ടായ മരണത്തിന്റെ കൂട്ടത്തിൽ തന്നെയാണ് ഗവൺമെന്റ് ഉൾപ്പെടുത്തിയിട്ടുള്ളത്. ആ അർത്ഥത്തിൽ മരണസംഖ്യ 17 എന്നുതന്നെ പറയാം. കോഴിക്കോട്ടും മലപ്പുറത്തുമാണ് ഇതുണ്ടായിട്ടുള്ളത്. മലപ്പുറത്തുള്ള മൂന്നുപേർ കോഴിക്കോട് മെഡിക്കൽ കോളേജിൽവന്ന് ചികിത്സ നടത്തി. സ്വാഭാവികമായും ഒറ്റ സോഴ്സിൽനിന്നും അതായത് സാബിത്തിന്റെ കുടുംബാംഗങ്ങളിൽ നിന്നുമാണ് രോഗം പകരാനിടയായിട്ടുള്ളത്. മലപ്പുറത്തുള്ള മൂന്ന് പേർ കോഴിക്കോട് മെഡിക്കൽ കോളേജിൽ വരികയും സാബിത്തിന്റെ കുടുംബാംഗങ്ങളുമായി സമ്പർക്കം പുലർത്തുകയും ചെയ്തതുകൊണ്ടാണ് അവർക്ക് രോഗം ഉണ്ടായിട്ടുള്ളത്.

ഈ വാർത്ത 21-ാം തീയതി കേട്ടയുടൻ ഞാനും ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. ആർ. എൽ. സരിതയും വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലെ ഡോ. അരുണും വളരെ പെട്ടെന്ന് മലപ്പുറത്ത് എത്തുകയും അവിടെ അടിയന്തരമായി ജില്ലാ കളക്ടറുടെ

+ അനുബന്ധമായി ചേർക്കുന്നു.

അദ്ധ്യക്ഷതയിൽ മീറ്റിംഗ് വിളിച്ചുകൂട്ടുകയും ടാസ്ക് ഫോഴ്സ് പോലുള്ള എല്ലാ നടപടിക്രമങ്ങളും പൂർത്തീകരിക്കുകയും ചെയ്തു. അതുകൊണ്ടുതന്നെ മലപ്പുറം ജില്ലയിൽ നിപ വൈറസ് പടരാൻ ഇടയായില്ല. നേരത്തെ ഇവിടെ ഒരു മെമ്പർ സൂചിപ്പിച്ചതുപോലെ, ഡി.എം.ഒ. സക്കീന, മലപ്പുറം ജില്ലാ കളക്ടർ തുടങ്ങിയവരുടെ നേതൃത്വത്തിൽ യോഗം ചേർന്നു. ശ്രീ. അബ്ദുൾ ഹമീദ് പി., പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ എന്നീ രണ്ട് എം.എൽ.എ.-മാരും യോഗത്തിൽ പങ്കെടുത്തിരുന്നു. രാവിലെയാണ് എം.എൽ.എ.-മാരെ യോഗവിവരം അറിയിച്ചതെങ്കിലും സാഹചര്യത്തിന്റെ ഗൗരവം കണക്കിലെടുത്ത് ഉച്ചയ്ക്ക് നടത്തിയ യോഗത്തിന് എം.എൽ.എ.-മാർ എത്തിച്ചേർന്നതിനെ ഞാൻ അഭിനന്ദിക്കുകയാണ്. ആ രീതിയിൽ നമുക്ക് ഇടപെടാൻ സാധിച്ചിട്ടുണ്ട്. ധാരാളം തെറ്റിദ്ധാരണകൾ ഇതുസംബന്ധിച്ച് ഉണ്ടായിട്ടുണ്ട്. സെക്കന്റ് വേവ് ഉണ്ടാകുമോ എന്ന് ചിലർ ചോദിച്ചു. നമുക്കത് സംബന്ധിച്ച് അറിയുമായിരുന്നില്ല. വൈറസ് ബാധയുണ്ടായ ചില സ്ഥലങ്ങളിൽ സെക്കന്റ് വേവ് ഉണ്ടായതായി കണ്ടിട്ടുണ്ട്. അതുകൊണ്ട് നമ്മളും പ്രതീക്ഷിക്കണം. ഒന്നാമത്തെ ഘട്ടത്തിൽ ആളുകൾക്ക് രോഗപ്പകർച്ച ഉണ്ടായപ്പോഴാണ് രണ്ടാമതൊന്ന് പ്രതീക്ഷിക്കണമെന്ന് കരുതി എല്ലാ മുൻകരുതൽ നടപടികളും പ്രതിരോധ നടപടികളും സ്വീകരിച്ചത്. മെഡിക്കൽ കോളേജിൽ ഐസൊലേഷൻ വാർഡും അതിനകത്ത് ആവശ്യമായ എല്ലാ സജ്ജീകരണങ്ങളും ഏർപ്പെടുത്തി. സാധാരണ പനി വന്നാൽ ആശുപത്രികളിൽ മാസ്കും കയ്യുറയും ധരിക്കാറില്ല. അതുകൊണ്ട് ഇത്തരം ഉപകരണങ്ങൾ ധാരാളമായിട്ടില്ല. ദുബായിൽ നിന്ന് വരുന്നതിനുമുമ്പുതന്നെ കേരളത്തിൽ കെ.എം.എസ്.സി.എൽ. മുഖേന പരമാവധി കയ്യുറകളും പി.പി.ഇ (പേഴ്സണൽ പ്രൊട്ടക്ഷൻ എക്യുപ്മെന്റ്)-യും ആവശ്യമായ മറ്റ് കിറ്റുകളും കൊണ്ടുവന്നു. അവയൊന്നും കിട്ടാത്ത അവസ്ഥ ഒരിക്കലും ഉണ്ടായിട്ടില്ല. പൊതുജനങ്ങൾക്ക് മുഴുവനും ഇതൊന്നും ആവശ്യമില്ല. എല്ലാവരും മനസ്സിലാക്കിയ കാര്യമായതുകൊണ്ട് ഞാൻ അതുസംബന്ധിച്ച് വിശദീകരിക്കുന്നില്ല.

വായുവിലൂടെ വൈറസ് അധിക ദൂരമൊന്നും പകരില്ല. നോക്കിയാലും പകരില്ല. അടുത്തുനിന്ന് ചുമയ്ക്കുകയും തുമ്മുകയും സംസാരിക്കുകയും ചെയ്യുമ്പോൾ ഉമിനീരും സ്രവങ്ങളും മറ്റൊരാളിലേയ്ക്ക് സന്നിവേശിക്കുമ്പോഴാണ് രോഗം പകരുന്നത്. അതുകൊണ്ട് വളരെ ദൂരെയുള്ള ആളുകൾ മാസ്ക് ധരിച്ച് നടക്കേണ്ടതില്ലെന്നാണ് പറഞ്ഞത്. എന്നാൽ ആശുപത്രി ജീവനക്കാരെ സംബന്ധിച്ച് ഇത് വളരെ പ്രധാനപ്പെട്ടതാണ്. ഒരു രോഗിയെ ശുശ്രൂഷിക്കുന്ന ഡോക്ടറോ നഴ്സോ പി.പി.ഇ. ധരിച്ചാൽ മൂന്ന് തവണയൊക്കെ മാറ്റേണ്ടിവരും. അത്രയും എണ്ണം വേണമായിരുന്നു, അത് കിട്ടാനില്ലായിരുന്നു. അപ്പോഴാണ്

വിദേശത്തുള്ളവർ സഹായിച്ചത്. ധാരാളം ആളുകൾ വിളിച്ച് സഹായം വാഗ്ദാനം ചെയ്തിരുന്നു. ഡോ. ഷംസീർ വയലിൽ ഇത്തരത്തിലുള്ള സാധനങ്ങളുടെ വലിയൊരു ബണ്ടിൽ എത്തിച്ചിരുന്നു. എൻ.എം.സി. ആശുപത്രിയിലെ ശ്രീ. പ്രശാന്ത് എന്ത് സഹായം വേണമെങ്കിലും ചെയ്യാമെന്ന് പറഞ്ഞിരുന്നു. അതുപോലെ മറ്റ് ധാരാളംപേർ സഹായിക്കാമെന്ന് അറിയിച്ചിരുന്നു. ശ്രീ. റ്റി. പി. രാമകൃഷ്ണൻ ഇടപെട്ടതിന്റെ ഫലമായി ബിവറേജസ് കോർപ്പറേഷനിൽനിന്ന് 20 ലക്ഷം രൂപ കോഴിക്കോട് മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെ അക്കൗണ്ടിലേയ്ക്ക് മാറ്റുകയും കൊച്ചിൻ ഷിപ്പിയാർഡ് 30 ലക്ഷം രൂപ നൽകുകയും ചെയ്തു. പണത്തിന്റെ അഭാവംകൊണ്ട് അവിടെ ഒന്നിനും കുറവുവരരുതെന്നാണ് ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഞങ്ങളോട് പറഞ്ഞത്. അടിയന്തരമായി ഈ രോഗത്തെ നേരിടാൻ അവിടെ താൽക്കാലിക സംവിധാനവും ഐസൊലേഷൻ വാർഡും സജ്ജീകരിക്കുന്നതിനും ഉപകരണങ്ങൾ വാങ്ങുന്നതിനും പണം ഒരു പ്രശ്നമേയല്ല, അത് ഗവൺമെന്റ് നിർവ്വഹിക്കുമെന്ന ഉറപ്പ് അന്നുതന്നെ തന്നിരുന്നു. നമ്മുടെ പ്രവർത്തനത്തെ നന്നായി മുന്നോട്ടുകൊണ്ടുപോകാൻ ഇതെല്ലാം സഹായിച്ചിട്ടുണ്ട്.

നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് എപ്പിഡമോളജിയിലെ ഡോ. സുഗുണൻ സെക്കന്റ് വേവിനെക്കുറിച്ച് ഇന്നലെ പറഞ്ഞത്, സെക്കന്റ് വേവ് എന്ന് പറയേണ്ടതില്ല, സെക്കന്റ് പീക്ക് ഉണ്ടായി എന്നാണ്. ആദ്യം സാബിത്ത് ആണ് മരിച്ചത്. അത് ഐഡന്റിഫൈ ചെയ്തിട്ടില്ല. സാബിത്തിൽ നിന്ന് വൈറസ് രോഗം ബാധിച്ച 14 പേർ മരണപ്പെട്ടിട്ടുണ്ട്. എന്നാൽ അവസാനം മരണപ്പെട്ട റസിലിന് ഈ രോഗം പകരുന്നത് സാബിത്തിൽ നിന്ന് നേരിട്ടല്ല, സാബിത്തിൽ നിന്ന് പകർന്ന ഇസ്മായിലിൽ നിന്നാണ്. അതുകൊണ്ടാണ് സെക്കന്റ് പീക്ക് എന്നുപറഞ്ഞത്. സെക്കന്റ് പീക്ക് ദുർബലമായിരുന്നുവെന്നാണ് ഡോ. സുഗുണൻ പറഞ്ഞത്. അതുകൊണ്ടുതന്നെ സെക്കന്റ് വേവ് എന്ന നിലയിൽ ഉണ്ടാകില്ല എന്നുള്ള ഉറപ്പിലാണ് ഇപ്പോൾ നിൽക്കുന്നത്. കാരണം, ഇന്നലെയും ഇന്നുമൊക്കെയായി ടെസ്റ്റ് ചെയ്തതിന്റെയെല്ലാം റിസൾട്ട് നെഗറ്റീവായിരുന്നു. എന്നാൽ നാം ഒരിക്കലും അശ്രദ്ധ കാണിച്ചുകൂടാ. ഇതിന്റെ ഇൻകുബേഷൻ പിരീഡ് 21 ദിവസമാണെങ്കിൽ അവസാനത്തെ ആളിൽ നിന്നുള്ള ഇൻകുബേഷൻ പിരീഡ് അവസാനിച്ചിട്ടില്ല. 2 മുതൽ 15 ദിവസത്തിനിടയ്ക്കുതന്നെ രോഗം പ്രത്യക്ഷപ്പെട്ടതായാണ് കണ്ടത്. ഇൻകുബേഷൻ പിരീഡ് ഇരട്ടിയായ 42 ദിവസമാണ് എടുക്കുന്നത്. അതുകൊണ്ട് ജൂൺ മാസം അവസാനം വരെ ശ്രദ്ധയുണ്ടാകണമെന്നാണ് ഡോ. എം. കെ. മുനീർ ഉൾപ്പെടെയുള്ളവർ പറഞ്ഞിട്ടുള്ളത്, വിദഗ്ധരെല്ലാം അങ്ങനെയാണ് പറയുന്നത്. എല്ലാ വിദഗ്ധരും

അവിടെ എത്തിയിരുന്നു. ഇപ്പോഴും അവിടെ ഒരു വിദഗ്ദ്ധ ടീമുണ്ട്. സെക്കന്റ് വേവ് എന്നുപറയേണ്ടതില്ലെങ്കിലും രണ്ടാമത്തെ പീക്ക് കൂടുതൽ ശക്തമാകാതെ നോക്കാൻ സാധിക്കണം. ക്രിട്ടിക്കൽ സ്റ്റേജിൽ മാത്രമാണ് പകരുന്നതെന്ന് ഞാൻ പറഞ്ഞത് ആവർത്തിക്കുന്നില്ല. രോഗം ആദ്യം മനസ്സിലാക്കാൻ സാധിക്കില്ല. ആദ്യംതന്നെ സംശയം തോന്നി കോൺടാക്റ്റുള്ള ഒരാളുടെ രക്ത സാമ്പിളും സ്രവവും പരിശോധിച്ചാലും വൈറസിനെ ഐഡന്റിഫൈ ചെയ്യാൻ കഴിയില്ല. വളരെ vigorous ആയ ലക്ഷണങ്ങൾ കാണിക്കുമ്പോഴാണ് ഐഡന്റിഫൈ ചെയ്യാൻ കഴിയുക എന്നുള്ളതും ഇതിന്റെ പ്രത്യേകതയാണ്. വളരെ ശ്രദ്ധിക്കണമെന്ന് പറഞ്ഞിരുന്നതുകൊണ്ട് ആളുകൾ കൂട്ടമായി ആശുപത്രിയിലേയ്ക്ക് വരുന്നത് കുറഞ്ഞിട്ടുണ്ട്.

18-ാം തീയതി സാലിഹ് മരിക്കുന്നു, 19-ാം തീയതി വൈകുന്നേരത്തോടെ നിപ ആണെന്ന് മനസ്സിലാകുന്നു. 20-ാം തീയതി ചെങ്ങരോത്ത് ഞാനും ശ്രീ. റ്റി.പി. രാമകൃഷ്ണനും പോയി രണ്ട് പഞ്ചായത്തിലെ ആളുകളെ വിളിച്ചുചേർത്ത് അവരുടെ സംശയങ്ങൾ ദൂരീകരിച്ചിരുന്നു. എന്നാലും മാധ്യമങ്ങളിലെ പ്രചരണം കേട്ടപ്പോൾ ദൂരെ നിന്നാലും രോഗം വരുമോയെന്ന വലിയ ഉത്കണ്ഠ ജനങ്ങൾക്കുണ്ടായിരുന്നു. ഉത്കണ്ഠ ഉണ്ടാകും, അത് ക്രമേണ ദൂരീകരിക്കണം. എല്ലാവരും മാസ്ക് ധരിച്ച് നടക്കേണ്ടതില്ലെന്ന് ഞങ്ങൾ പറഞ്ഞിട്ടുണ്ട്. വാർത്തകളുടെ കാര്യത്തിൽ ന്യൂ മീഡിയകളെ ആശ്രയിക്കാൻ പാടില്ല. ജനങ്ങൾ ഇന്ന് അതിനെയാണ് കൂടുതലായി ആശ്രയിക്കുന്നത്. വ്യത്യസ്തമായ വാർത്തകൾ ആരോഗ്യ വകുപ്പ് കൊടുത്തുവെന്ന് ശ്രീ. പാറക്കൽ അബ്ദുല്ല ആണെന്ന് തോന്നുന്നു, ഇവിടെ പറയുകയുണ്ടായി. അത് അദ്ദേഹത്തിന്റെ തെറ്റിദ്ധാരണയാണ്. വ്യത്യസ്തമായ വാർത്തകൾ ആരോഗ്യ വകുപ്പ് കൊടുത്തിട്ടേയില്ല. എല്ലാ ദിവസവും വൈകുന്നേരം 6.0 മണിക്ക് യോഗം ചേരുകയും 6.30-ഓടുകൂടി എത്രപേർ പുതിയതായി വന്നു, എത്രപേർ ഒബ്സർവേഷനിലുണ്ട്, എത്ര പേരെ പോസിറ്റീവായി ഐഡന്റിഫൈ ചെയ്തു, മണിപ്പാലിൽ നിന്നുള്ള റിസൾട്ട് തുടങ്ങിയ കാര്യങ്ങൾ സംബന്ധിച്ച് അവലോകനം നടത്തി കൃത്യം 7 മണിക്ക് മീഡിയയെ കാണും എന്നുമാണ് ഞങ്ങൾ ആദ്യ ദിവസംതന്നെ തീരുമാനിച്ചത്. അതിനായി ഒരു സ്പോക് പേഴ്സണെ ഏർപ്പാടാക്കി. അവിടെ ഡി.എം.ഒ., ഡി.എച്ച്.എസ്. എന്നിവർ മാത്രമേ സംസാരിക്കാവൂ എന്നും മറ്റാരും മീഡിയയോട് സംസാരിക്കാൻ പാടില്ലെന്നും തീരുമാനിച്ചു. മന്ത്രിമാരുള്ള ദിവസം കാര്യങ്ങൾ മനസ്സിലാക്കി മന്ത്രിമാർ മീഡിയയോട് സംസാരിക്കുകയാണ് ചെയ്തത്. അതുകൊണ്ട് വ്യത്യസ്ത തരത്തിലുള്ള യാതൊരു വിവരവും ആരോഗ്യ വകുപ്പിൽനിന്നും പുറത്ത് പോയിട്ടില്ല. ഇവിടെ സൂചിപ്പിച്ചതുപോലെ, നവമാധ്യമങ്ങൾ വളരെ മോശമായ പ്രചരണം

നടത്തി. അത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. പോലീസ് ഡിപ്പാർട്ടുമെന്റ് 12 പേർക്കെതിരെ കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. ബഹുമാനപ്പെട്ട മെമ്പർമാർ ഇവിടെ സൂചിപ്പിച്ച ചില കാര്യങ്ങളുണ്ട്. കോഴിയിറച്ചിയിൽ നിന്ന് വൈറസ് പടരുന്നുവെന്ന് പറഞ്ഞു. ഒരു തരത്തിലുള്ള സാഡിസമോ വകതിരിവ് ഇല്ലായ്മയോ ആണ് അതൊക്കെ കാണിക്കുന്നത്. സമൂഹത്തിൽ ആ രീതിയിലുള്ള ചില എലിമെന്റ്സ് ഉണ്ട്. ഇത്രയും ഗൗരവമായി ഒരു പ്രശ്നം ഡീൽ ചെയ്യുമ്പോൾ വളരെ ലാഘവത്തോടെ കോഴിയിറച്ചിക്ക് വില കുറയ്ക്കാനെന്നുപറഞ്ഞ് ആരോഗ്യ വകുപ്പിന്റെ ലെറ്റർ പാഡിൽ ആരോഗ്യ വകുപ്പിന്റെ മുദ്ര കൃത്രിമമായി നിർമ്മിച്ച് വാർത്ത കൊടുക്കുകയാണ് ചെയ്തത്. അയാളെ അറസ്റ്റ് ചെയ്തിട്ടുണ്ട്. മുഹമ്മദ് ഹനീഫ, അബ്ദുൾ അസീസ്, അൻസാർ തുടങ്ങിയ ആളുകളാണ് ഇതിന്റെ പിന്നിൽ പ്രവർത്തിച്ചത്. പേരുവിവരങ്ങളെല്ലാമുണ്ട്. u/s 468, 471 IPC & 120 എന്നിവയും കേരള പോലീസ് ആക്ടിലെ വ്യവസ്ഥയും വച്ചുകൊണ്ട് കേസ് രജിസ്റ്റർ ചെയ്ത് അവരെ അറസ്റ്റ് ചെയ്തിട്ടുണ്ട്. കേസ് രജിസ്റ്റർ ചെയ്തതിന്റെ ഇതുവരെയുള്ള രേഖകളാണ് എന്റെ കയ്യിലുള്ളത്. സമയക്കുറവുകൊണ്ട് ഞാൻ വിശദീകരിക്കുന്നില്ല. നവമാദ്ധ്യമങ്ങളെ പിടിക്കാൻ തീരുമാനിച്ചിട്ടുണ്ട്. അതൊരു വല്ലാത്ത ലോകമാണ്. ആരൊക്കെ എന്തൊക്കെയാണ് പ്രചരിപ്പിക്കുന്നതെന്ന് വളരെ ശ്രദ്ധിച്ചാൽ മാത്രമേ മനസ്സിലാക്കാൻ സാധിക്കുകയുള്ളൂ. സോഷ്യൽ മീഡിയിലൂടെയുള്ള ഇത്തരം അപകടകരമായ കളി അവസാനിപ്പിക്കാൻ കൂട്ടായ പരിശ്രമം നടത്തണം. ബഹുമാനപ്പെട്ട മുഖ്യമന്ത്രി മുൻകയ്യെടുത്ത് ആഭ്യന്തര വകുപ്പ് മുഖേന നടപടി എടുത്തിട്ടുണ്ടെന്നാണ് അതിനെക്കുറിച്ച് പറയാനുള്ളത്.

ഇവിടെ സൂചിപ്പിച്ച മറ്റൊരു കാര്യം, വൈറോളജി ലാബ് സ്ഥാപിക്കുന്നതാണ്. അതുസംബന്ധിച്ച് ബഹുമാനപ്പെട്ട മെമ്പർമാർക്ക് ഒരു തെറ്റിദ്ധാരണയും ഉണ്ടാകരുത്. ഡോ. എം. കെ. മുനീർ ഒരു ഡോക്ടറായതുകൊണ്ട് എല്ലാ ജില്ലകളിലും വൈറോളജി ലാബ് വേണമെന്ന ആവശ്യം പറഞ്ഞിട്ടില്ലെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അങ്ങനെ എല്ലാ ജില്ലകളിലും വൈറോളജി ലാബ് സ്ഥാപിക്കുന്ന രീതി ശാസ്ത്രലോകം അംഗീകരിക്കുന്നില്ല. വളരെ സാങ്കേതികമായി പുരോഗതി പ്രാപിച്ച അമേരിക്കൻ ഐക്യനാടുകളിൽപോലും ഉന്നത നിലവാരത്തിലുള്ള ലാബുകൾ വളരെ കുറച്ച് മാത്രമേയുള്ളൂ. അറ്റ്ലാന്റയിൽ നിന്ന് 90 കിലോമീറ്ററിലേറെ ദൂരത്താണ് ലാബുള്ളത്. അവർക്ക് സാധിക്കാത്തുകൊണ്ടല്ല, അങ്ങനെ വൈറോളജി ലാബ് സ്ഥാപിക്കുന്നത് ആരും പ്രോത്സാഹിപ്പിക്കുന്നില്ലെന്നുള്ളതാണ് പ്രധാനം. കേരളത്തിൽ അടുത്ത കാലത്ത് ഇതുപോലുള്ള പകർച്ചവ്യാധികൾ

പ്രത്യക്ഷപ്പെടുന്നതുകൊണ്ട് കുറച്ചുകൂടി നല്ല നിലവാരത്തിലുള്ള ലാബുകൾ സ്ഥാപിക്കേണ്ടതായിട്ടുണ്ട്. എല്ലാ ലാബുകളിലും നിപ വൈറസ് പരിശോധിക്കാൻ സാധിക്കില്ല. ഇതിന്റെ ബയോ സേഫ്റ്റി ലെവൽ അനുസരിച്ച് വ്യത്യസ്തമായ തരത്തിലുള്ള ലാബുകളിലാണ് പരിശോധിക്കുന്നത്. ബയോ സേഫ്റ്റി ലെവൽ (ബി.എസ്.എൽ.) 4 ആണ് ഇതിന്റെ അവസാനത്തെ പരിശോധന നടത്താൻ നിലവാരമുള്ള ലാബ്. അതിപ്പോൾ പൂനെയിലെ നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് വൈറോളജി (എൻ.ഐ.വി.)-യിൽ മാത്രമേയുള്ളൂ. ബി.എസ്.എൽ. 3 ആണ് മണിപ്പാൽ സെന്റർ ഫോർ വൈറസ് റിസർച്ച് (എം.സി.വി.ആർ.)-ൽ ഉള്ളത്. അതിലും താഴെ ലെവലിലുള്ള ലാബ് മാത്രമാണ് ആലപ്പുഴയിലുള്ളത്. കുരങ്ങുപനി പിടിപെട്ടപ്പോൾ വയനാട് ഒരു വൈറോളജി ലാബ് എം.സി.വി.ആർ.-ന്റെ സഹായത്തോടെ സ്ഥാപിച്ചിരുന്നു. അത്തരം ലാബുകൾ റീജിയണലായി തുടങ്ങാം. ഇപ്പോൾ ബഹുമാനപ്പെട്ട മുഖ്യമന്ത്രിതന്നെ മുൻകയ്യെടുത്ത് കേവലം ലാബ് എന്നുള്ള നിലയിലല്ല, റിസർച്ച് അടക്കം പ്രോത്സാഹിപ്പിക്കുന്നതിനുള്ള ഒരു വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന് തറക്കല്ലിട്ടുകഴിഞ്ഞു. അമേരിക്കൻ മലയാളികളുടെയടക്കം, ഡോ. എം.വി. പിള്ളയെപ്പോലുള്ളവരുടെയൊക്കെ സഹായത്തോടുകൂടി സ്ഥാപിക്കുന്നുണ്ട്. അതോടൊപ്പംതന്നെ കോഴിക്കോട് ഈ സംഭവമുണ്ടായപ്പോൾ ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ഒന്നിടവിട്ട ദിവസങ്ങളിൽ നേരിട്ട് ടെലിഫോണിലൂടെ വിളിച്ച് കാര്യങ്ങൾ ആരായുന്നുണ്ടായിരുന്നു. അപ്പോൾ എന്ത് സഹായമാണ് വേണ്ടതെന്ന് ചോദിച്ചപ്പോൾ കോഴിക്കോട് ഒരു ബി.എസ്.എൽ.3 നിലവാരത്തിലുള്ള ലാബ് സെറ്റ് ചെയ്യുന്ന കാര്യം ഞങ്ങൾ നേരത്തെ ആലോചിച്ചിരുന്നുവെന്ന് അദ്ദേഹത്തോട് പറഞ്ഞു. കേന്ദ്രം അതിനാവശ്യമായ സഹായം ചെയ്യാമെന്ന് അദ്ദേഹം പറയുകയും ആരോഗ്യ വകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറി ഇന്ത്യൻ കൗൺസിൽ ഓഫ് മെഡിക്കൽ റിസർച്ചുമായി ബന്ധപ്പെട്ട് അങ്ങനെയൊരു ലാബ് അവിടെ സെറ്റ് ചെയ്യാനുള്ള നടപടിക്രമങ്ങൾ നീക്കുകയുമാണ്. പോളിമെറേസ് ചെയിൻ റിയാക്ഷൻ (പി.സി.ആർ.) ടെസ്റ്റ്, റിവേഴ്സ് ട്രാൻസ്ക്രിപ്ഷൻ പോളിമെറേസ് ചെയിൻ റിയാക്ഷൻ (ആർ.ടി.പി.സി.ആർ.) ടെസ്റ്റ് എന്നിവയൊക്കെ ചെയ്യാൻ സാധിക്കുന്ന തരത്തിലുള്ള ലാബാണ് അവിടെ സ്ഥാപിക്കാനുദ്ദേശിക്കുന്നത്. അതോടൊപ്പം നമ്മുടെ തലസ്ഥാനത്ത് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ട് വന്നാൽ വലിയ തോതിൽ റിസർച്ച് അടക്കം പ്രോത്സാഹിപ്പിക്കാൻ കഴിയുന്ന സ്ഥിതിയുണ്ടാകും. പൊതുവെ ലബോറട്ടറി സംവിധാനം ശക്തമാക്കാനാണ് ആരോഗ്യ വകുപ്പ് ആഗ്രഹിച്ചത്.

മെഡിക്കൽ കോളേജിലെ തിരക്കിനെപ്പറ്റി ഇവിടെ ധാരാളം ആളുകൾ പറഞ്ഞു. അതെല്ലാവർക്കും അറിയാവുന്നതാണ്. അതുപോലെതന്നെ ബഹുമാനപ്പെട്ട

മുൻമന്ത്രി സംസാരിക്കുമ്പോൾ സ്കാനിംഗ് നടത്തുന്ന സ്ഥലം വളരെ ഇടുങ്ങിയ ഒന്നാണ് എന്നുപറഞ്ഞു. അത് ശരിയാണ്, സ്പേസ് വളരെ കുറവാണ്. നമ്മുടെ മെഡിക്കൽ കോളേജുകളിൽ ധാരാളം കാര്യങ്ങൾ ഇനിയും ആവശ്യമാണ്. മെഡിക്കൽ കോളേജുകളുടെ ഭൗതിക സാഹചര്യവും മറ്റ് സാങ്കേതിക സൗകര്യവും മെച്ചപ്പെടുത്താൻ 'ആർദ്രം' മിഷന്റെ ഭാഗമായി തീരുമാനിച്ചിട്ടുണ്ട്. നല്ലൊരു മാസ്റ്റർപ്ലാൻ അവിടെ തയ്യാറാക്കിയിട്ടുണ്ട്. പ്രധാൻ മന്ത്രി സ്വാസ്ഥ്യ സുരക്ഷാ യോജന (പി.എം.എസ്.എസ്.വൈ.)-യുടെ കെട്ടിടം പണി പൂർത്തിയായി കൊണ്ടിരിക്കുന്നു. അതുപോലെ അവിടത്തെ ട്രോമാ കെയറിന്റെ കെട്ടിടവും പൂർത്തിയാകുന്നു. അതെല്ലാം പൂർത്തിയായി വരുമ്പോൾ മെഡിക്കൽ കോളേജിലെ തിരക്ക് ഒഴിവാക്കാൻ സാധിക്കും. എന്തായാലും ഈ ഗവൺമെന്റിന്റെ കാലഘട്ടത്തിൽ ഇടുങ്ങിയ സ്ഥലത്ത് സി.ടി. സ്കാൻ പ്രവർത്തിക്കുന്ന അവസ്ഥയൊക്കെ മാറ്റിയെടുക്കാം. വലിയ മാറ്റമാണ് കോഴിക്കോട് മെഡിക്കൽ കോളേജിൽ ഉണ്ടാകാൻ പോകുന്നത്.

മെഡിക്കൽ കോളേജുകളിലേയ്ക്കുള്ള രോഗികളുടെ ഒഴുക്കിനെപ്പറ്റി മിക്കവാറും എല്ലാവരും പറഞ്ഞു, അതൊരു വസ്തുതയാണ്. രോഗാതുരതയും കൂടുതലാണ്. ചെറിയൊരു അസുഖമുണ്ടാകുമ്പോൾതന്നെ കൂട്ടത്തോടെ ആശുപത്രിയിലേയ്ക്ക് പോകുകയാണ്. ആശുപത്രിയിൽ പോകുന്നത് നിരുത്സാഹപ്പെടുത്താൻ നമുക്ക് സാധിക്കില്ല, പക്ഷെ, ഇത് കുറച്ചുകൊണ്ടുവരാനാണ് 'ആർദ്രം' മിഷൻ ലക്ഷ്യമിട്ടിരിക്കുന്നത്. നാട്ടിൻപുറത്തെ പ്രൈമറി ഹെൽത്ത് സെന്ററുകളെ ഫാമിലി ഹെൽത്ത് സെന്ററുകളാക്കി അവിടെവച്ച് പ്രാഥമിക പരിശോധന നടത്തി ആവശ്യമുള്ളവരെ മാത്രം റഫർ ചെയ്താൽ മതി. റഫറൽ സിസ്റ്റം ഇല്ലാത്തതിന്റെ അപാകത കേരളത്തിലെ ആരോഗ്യരംഗത്തുണ്ട്. നിപ വൈറസ് വരുന്നതിനുമുമ്പുതന്നെ അത് പരിഹരിക്കുന്നതിനുള്ള നടപടികളിലേയ്ക്ക് കേരളം നീങ്ങിക്കഴിഞ്ഞു. 170 ഫാമിലി ഹെൽത്ത് സെന്ററുകൾ നമ്മുടെ നാട്ടിൽ ആരംഭിച്ചു. അതിന്റെ പ്രവർത്തനം തുടങ്ങുകയാണ്. ഞാൻ ഒരു കാര്യംകൂടി പറയാം, അപൂർവ്വം പ്രൈമറി ഹെൽത്ത് സെന്ററുകളിലാണ് നേരത്തെ ലാബുണ്ടായിരുന്നത്. 126 പുതിയ ലാബുകളാണ് ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം പ്രൈമറി ഹെൽത്ത് സെന്ററുകളിൽ പുതുതായി സെറ്റ് ചെയ്തത്. ഇപ്പോൾ 170 ഫാമിലി ഹെൽത്ത് സെന്ററുകളിലും ലാബുണ്ട്. പബ്ലിക് ഹെൽത്ത് ലാബുകളുടെ സ്ഥിതി പരമദയനീയമായിരുന്നു. അവ മെച്ചപ്പെടുത്തുന്നതിനുവേണ്ടി മലപ്പുറം, പത്തനംതിട്ട, വയനാട് എന്നിവിടങ്ങളിലെ പബ്ലിക് ഹെൽത്ത് ലാബുകളിലായി 35 പുതിയ തസ്തികകളാണ് സൃഷ്ടിച്ചത്. ആരോഗ്യ വകുപ്പിൽ ആകെ 4300 തസ്തികകൾ സൃഷ്ടിച്ചതിൽ ലാബുകളെ പ്രത്യേകം കണ്ടുകൊണ്ട്

മലപ്പുറത്ത് 10, പത്തനംതിട്ടയിൽ 15, വയനാട് 10 എന്നിങ്ങനെ തസ്തികകൾ സൃഷ്ടിച്ച് പബ്ലിക് ഹെൽത്ത് ലാബുകൾ മെച്ചപ്പെടുത്തുന്നതിനുള്ള പരിശ്രമവും നടത്തിയിട്ടുണ്ടെന്നാണ് ഇതുസംബന്ധിച്ച് പറയാനുള്ളത്.

മരുന്നുകളുടെ കാര്യം ഇവിടെ പറഞ്ഞു, മരുന്നില്ല എന്നുള്ളത് ഒരു വസ്തുതയാണ്. ഇതിനായി പ്രത്യേക മെഡിസിൻ കണ്ടുപിടിക്കപ്പെട്ടില്ല. എങ്കിലും ലോകമാകെ അന്വേഷിച്ചപ്പോഴാണ് റിബാവിറിൻ ടാബ്‌ലെറ്റ് ഇതിന് കുറെയേറെ ഫലം ചെയ്യുമെന്ന് കണ്ടെത്തിയത്. അതിവിടെ ഉണ്ടായിരുന്നില്ല. ഞങ്ങൾ ഉടൻതന്നെ ടാബ്‌ലെറ്റ് വരുത്തി ട്രീറ്റ്മെന്റും ആരംഭിച്ചു. എന്തായാലും നമുക്ക് അഭിമാനിക്കാം, നമ്മുടെ സർക്കാർ മെഡിക്കൽ കോളേജിൽ വളരെ റിസ്കായ ഒരു ഘട്ടത്തിൽ, വളരെ ശക്തമായ ഇൻഫെക്ഷനുള്ള സമയത്ത് ട്രീറ്റ്മെന്റ് നടത്തി രണ്ടുപേരെ നമുക്കിപ്പോൾ രക്ഷിക്കാൻ സാധിച്ചിരിക്കുന്നു. റിബാവിറിൻ ടാബ്‌ലെറ്റ് ഉപയോഗിച്ചു. എന്നാൽ ടാബ്‌ലെറ്റാണോ അവരുടെ ഇമ്മ്യൂണിറ്റി സേഷനാണോയെന്ന് പരിശോധനയ്ക്ക് വിധേയമാക്കിയിട്ട് മാത്രമേ പറയാൻ സാധിക്കുകയുള്ളൂ. പക്ഷെ ടാബ്‌ലെറ്റ് കൊടുത്തിരുന്നു. അവരെ രക്ഷപ്പെടുത്താൻ സർക്കാർ സംവിധാനത്തിന് കഴിഞ്ഞുവെന്നുള്ളത് നമുക്കെല്ലാവർക്കും അഭിമാനിക്കാൻ കഴിയുന്ന കാര്യമാണ്. ഇപ്പോൾ മറ്റൊരു മെഡിസിൻ, നിങ്ങളെല്ലാവരും ഇവിടെ പറഞ്ഞതുപോലെ ഹ്യൂമൻ മോണോക്ലോണൽ ആന്റിബോഡി ആസ്ട്രേലിയയിലാണ് ഉണ്ടായിരുന്നത്. അത് ലഭിക്കുന്നതിനുവേണ്ടി പരിശ്രമിക്കുകയുണ്ടായി. എല്ലാ മേഖലകളിലും അന്വേഷിക്കുന്നതിനിടയിലാണ് ഇങ്ങനെയൊരു മരുന്ന് കണ്ടുപിടിച്ചിട്ടുണ്ട് എന്ന് മനസ്സിലാക്കുകയും അത് വാങ്ങിയെടുക്കുന്നതിനുള്ള പരിശ്രമം ആരോഗ്യ വകുപ്പ് നടത്തുകയും ചെയ്തത്. ആരോഗ്യ വകുപ്പ് സെക്രട്ടറി ഈ മേഖലയിലുള്ളവരെ ഡബ്ല്യു.എച്ച്.ഒ., ഐ.സി.എം.ആർ. എന്നിവ മുഖേന ബന്ധപ്പെട്ടു. ഡോ. ക്രിസ്റ്റഫർ ഡി. ബ്രോഡർ എന്ന സയന്റിസ്റ്റ് വികസിപ്പിച്ചെടുത്തതാണ് ആ മരുന്ന്. ഒരു അമേരിക്കൻ മലയാളിയായ മനോജ് മോഹൻ വഴിയാണ് നമ്മൾ അദ്ദേഹത്തെ ബന്ധപ്പെട്ടത്. ആസ്ട്രേലിയൻ പ്രവിശ്യയായ ക്വീൻസ് ലാന്റ് ഗവൺമെന്റിന്റെ കയ്യിലാണ് ആ മരുന്ന് സ്റ്റോക്ക് ചെയ്തിട്ടുള്ളതെന്നറിഞ്ഞ് അവിടെ ബന്ധപ്പെട്ടു. നമ്മൾ മാത്രം ആവശ്യപ്പെട്ടാൽ ആ മരുന്ന് ലഭിക്കില്ല. കേന്ദ്ര ഗവൺമെന്റ് ആവശ്യപ്പെട്ടാലാണ് ലഭിക്കുന്നത്. ബഹുമാനപ്പെട്ട മുഖ്യമന്ത്രി ഇടപെട്ട് ഐ.സി.എം.ആർ. വഴി ഡ്രഗ് കൺട്രോളർ ഓഫ് ഇന്ത്യയുടെ എൻ.ഒ.സി. വാങ്ങുകയും ആസ്ട്രേലിയയിലെ ഇന്ത്യൻ എംബസി വഴി മരുന്ന് കൊണ്ടുവരാൻ ശ്രമിക്കുകയും ചെയ്തു. ഇൻഫെക്ഷൻ ബാധിച്ചവർക്കുമാത്രമാണ് ആ മരുന്ന് കൊടുക്കാൻ സാധിക്കുന്നത്. ഇപ്പോൾ സുഖപ്പെട്ടവർക്ക് അത് കൊടുക്കേണ്ട കാര്യമില്ല. അതുകൊണ്ടുതന്നെ അതിവിടെ സൂക്ഷിച്ചു. ഇനിയൊരു സെക്കന്റ് വേവോ മറ്റോ ഉണ്ടാകുമ്പോൾ നമുക്ക് തീർച്ചയായും അത് പ്രയോഗിക്കാൻ സാധിക്കും. അതും ഐ.സി.എം.ആർ. വിദഗ്ദ്ധർ പറയുന്ന പ്രോട്ടോക്കോൾ അനുസരിച്ചുമാത്രമേ നൽകാൻ സാധിക്കുകയുള്ളൂ. ആ വിദഗ്ദ്ധർ ഇവിടെയുള്ള നമ്മുടെ ഡോക്ടർമാർക്കും ഫാർമക്കോളജിസ്റ്റിനും

അതുപോലെ നഴ്സമാർക്കും ട്രെയിനിംഗ് നൽകിയിട്ടുണ്ട്. ഇനി എന്തെങ്കിലുമുണ്ടായാൽ ആ മരുന്ന് പ്രയോഗിക്കാൻ കഴിയും. -80 ഡിഗ്രിയിൽ അത് സൂക്ഷിച്ചുവയ്ക്കേണ്ടതാണ്, അങ്ങനെ സൂക്ഷിച്ചുവച്ചിട്ടുണ്ട്. നമുക്ക് ആവശ്യമില്ലാത്ത ഘട്ടം വരുമ്പോൾ അത് ഐ.സി.എം.ആർ.-ന് കൈമാറണം. നമുക്കിത് സൂക്ഷിക്കാനും സാധിക്കില്ല എന്നുള്ളതാണ്. അങ്ങനെ മോണോക്ലോണൽ ആന്റിബോഡി ഇവിടെ എത്തിക്കാൻ സാധിച്ചത് വലിയ പ്രവർത്തനങ്ങളുടെ ഫലമായാണ്.

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം, ഇൻഫെക്ഷൻ കൺട്രോൾ വലിയ പ്രശ്നംതന്നെയാണ്. കേരളത്തിൽ നമ്മളതിനെക്കുറിച്ച് നല്ല പഠനം നടത്തണം. ഈ ഗവൺമെന്റ് അധികാരത്തിൽവന്ന് രണ്ട് വർഷത്തിനിടയിൽ ഇൻഫെക്ഷൻ കൺട്രോളുമായി ബന്ധപ്പെട്ട് ഡബ്ല്യു.എച്ച്.ഒ. ടീമുമായി നിരവധി മീറ്റിംഗുകൾ നടത്തുകയും അതിന്റെ ഫലമുണ്ടാകുകയും ചെയ്തിട്ടുണ്ട്. അത് പൂർണ്ണമായിട്ടില്ല, ഇപ്പോഴും ചർച്ചകൾ നടക്കുകയാണ്. വളരെ പ്രധാനപ്പെട്ട ഒരു കാര്യമെന്നുപറയുന്നത് ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെകൂടി നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ വിദഗ്ദ്ധർ അടങ്ങിയ ഒരു ടീം തന്നെ ആന്റിമൈക്രോബിയൽ റസിസ്റ്റൻസുമായി ബന്ധപ്പെട്ട കാര്യങ്ങൾ പഠിക്കാൻ നിശ്ചയിച്ചിട്ടുണ്ട് എന്നുള്ളതാണ്. അതിന്റെ ഭാഗമായി ആരോഗ്യവകുപ്പിലെ പ്രവർത്തകർക്ക് നല്ല ട്രെയിനിംഗ് നൽകി. ഇതിനെല്ലാമിടയിലും നാഷണൽ സെന്റർ ഫോർ ഡിസീസ് കൺട്രോൾ (എൻ.സി.ഡി.സി.) ഡയറക്ടറും സംഘവുംകൂടി നിപ വൈറസ് ആക്രമണത്തിന്റെ ഭാഗമായി പേരാമ്പ്ര ആശുപത്രി സന്ദർശിച്ചിരുന്നു. അവിടെ സന്ദർശിച്ച് തിരിച്ചുവന്നിട്ട് എൻ.സി.ഡി.സി. ചെയർമാൻ എന്നോട് പറഞ്ഞത്, 'Minister it is fantastic' എന്നാണ്. കാരണം ഒരു താലൂക്ക് ആശുപത്രിയിലെ ക്ലീനിംഗ് സ്റ്റാഫിനോട് ഛർദ്ദിയൊക്കെയുണ്ടായപ്പോൾ എങ്ങനെ ക്ലീൻ ചെയ്തുവെന്ന് ചോദിച്ചപ്പോൾ അവർ ഹൈപ്പോക്ലോറേറ്റ് സൊല്യൂഷൻ അടക്കം ഉപയോഗിച്ചാണ് ചെയ്തതെന്ന് വളരെ ശാസ്ത്രീയമായി പറഞ്ഞുകൊടുത്തു. ഒരു താലൂക്ക് ആശുപത്രിയിൽ അങ്ങനെ സങ്കൽപ്പിക്കാൻ കഴിയില്ലെന്നാണ് അദ്ദേഹം പറഞ്ഞത്. എന്നാലും നമ്മൾ പൂർണ്ണമൊന്നുമല്ല. എല്ലാ സ്ഥലത്തും ട്രെയിനിംഗ് വേണ്ടത്ര ആയിട്ടില്ല. പക്ഷെ എ.എം.ആർ. റിഡക്ഷനുമായി ബന്ധപ്പെട്ട് നമ്മൾ നൽകിയ ട്രെയിനിംഗിന്റെ ഫലമാണെന്ന് കാണുന്നതിൽ ഒരു ആത്മവിശ്വാസമുണ്ട് എന്നുള്ളതാണ് അതിനെക്കുറിച്ച് പ്രധാനമായും പറയാനുള്ളത്. എ.എം.ആർ.-നുവേണ്ടി വളരെ എക്സ്പേർട്ടായ ഡബ്ല്യു.എച്ച്.ഒ. പ്രതിനിധികളും രാജീവ് ഗാന്ധി സെന്റർ ഫോർ ബയോടെക്നോളജിയിലുള്ളവരും അടങ്ങുന്ന ഒരു ടീം രൂപീകരിച്ചിട്ടുണ്ട്. സ്വീകരിക്കാവുന്ന എല്ലാ പ്രതിരോധ നടപടികളും സ്വീകരിച്ചു. എല്ലാവരും ഒരേ മനസ്സോടുകൂടി സഹകരിച്ചു. വിദഗ്ദ്ധ ടീമിനെ ഇവിടെ അയയ്ക്കണമെന്ന് ശ്രീ. മുല്ലപ്പള്ളി രാമചന്ദ്രൻ, എം. കെ. രാഘവൻ എന്നിവർ അടങ്ങിയ എം.പി.മാർ,

കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രി ശ്രീ. ജെ.പി. നഡ്ഡയോട് ആവശ്യപ്പെട്ടിരുന്നു. അതെല്ലാം സഹായകരമായ ഒരു അവസ്ഥയുണ്ടാക്കി. നമുക്ക് ഇതൊരു അനുഭവപാഠമാണ്. ഇനിയും ഇത്തരത്തിലുള്ള കാര്യങ്ങളുണ്ടാകുമ്പോൾ എങ്ങനെ നമുക്ക് കൈകോർക്കാം, എത്ര എളുപ്പത്തിൽ പ്രവർത്തിക്കാം എന്നതിന്റെ വലിയൊരു അനുഭവപാഠമാണ്. ഞാൻ ഈ അവസരത്തിൽ അഭിനന്ദനങ്ങൾ അർപ്പിക്കാനാഗ്രഹിക്കുന്നത് മെഡിക്കൽ ടീമിനാണ്. സമാനതകളില്ലാത്ത പ്രവർത്തനമാണ് അവർ കാഴ്ചവച്ചത്. മെഡിക്കൽ കോളേജിലെ പ്രിൻസിപ്പാളും സൂപ്രണ്ടും അടങ്ങിയ സംഘവും നഴ്സുമാരും ആശാവർക്കർമാരുമടക്കമുള്ള ആളുകൾ നടത്തിയ പ്രവർത്തനങ്ങൾ സമാനതകളില്ലാത്തതാണ്.

മൃതശരീരം മറവ് ചെയ്യുന്നത് സംബന്ധിച്ച് വലിയ പ്രശ്നമുണ്ടായിരുന്നു. മതപരമായ കർമ്മങ്ങൾ നടത്തേണ്ട ഘട്ടം വന്നപ്പോൾ ഡോ. എം. കെ. മുനീറിനെയും പാണക്കാട് തങ്ങളെയും ശ്രീ. പി. കെ. കുഞ്ഞാലിക്കുട്ടിയെയുമൊക്കെ നേരിട്ട് വിളിച്ചു. മൃതദേഹം വീട്ടിൽ കൊണ്ടുപോകാൻ കഴിയില്ല, ഇതൊരു മുൻകരുതലാണ്, ഇവിടെ മറവ് ചെയ്തേ മതിയാകൂ എന്നുപറഞ്ഞപ്പോൾ എങ്ങനെ മതവികാരം വ്രണപ്പെടുത്താതെ ഏറ്റവും ശാസ്ത്രീയമായി മറവ് ചെയ്യാമെന്ന് ഞങ്ങളെല്ലാവരുംകൂടി തീരുമാനിച്ചു. വലിയ പൊട്ടലും ചീറ്റലുമില്ലാതെ ഞങ്ങൾക്കത് ചെയ്യാൻ സാധിച്ചു. ഞാൻ ഇവിടെ ഡോ. അനൂപിനെയും ഡോ. ജയകൃഷ്ണനെയുമെല്ലാം അങ്ങേയറ്റം അനുമോദിക്കുകയാണ്. അതുപോലെ കോർപ്പറേഷന്റെ ഹെൽത്ത് ഓഫീസറായ ബോബനാണ് മൃതദേഹങ്ങൾ മറവ് ചെയ്യാൻ തയ്യാറായത്. പേടിച്ച് ആരും മൃതദേഹം തൊടുന്നില്ലായിരുന്നു. ബോബനെ എങ്ങനെയാണ് അഭിനന്ദിക്കേണ്ടതെന്ന് മനസ്സിലാകുന്നില്ല. അതിന് അദ്ദേഹം തയ്യാറായിയെന്നുള്ളത് വളരെ ആശ്വാസപ്രദമാണ്.

ഹെൽത്ത് ഡിപ്പാർട്ട്മെന്റിന് മറ്റെല്ലാ ഡിപ്പാർട്ട്മെന്റുകളുടെയും സഹകരണം ലഭിച്ചിട്ടുണ്ട്. മന്ത്രിമാരായ ശ്രീ. റ്റി. പി. രാമകൃഷ്ണൻ, ശ്രീ. എ. കെ. ശശീന്ദ്രൻ തുടങ്ങി എല്ലാവരും ഒരുമിച്ചിടപെട്ട് പ്രവർത്തിച്ചു. ഇവിടെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ഉദ്യോഗസ്ഥരുടെ യോഗവും സർവ്വകക്ഷിയോഗവും ചേർന്നു. വിവിധ വകുപ്പുകളിലെ ഉദ്യോഗസ്ഥരടക്കം യോഗം ചേർന്നാണ് ഈ പ്രവർത്തനം നടത്തിയത്. അതൊരു മാതൃക തന്നെയാണ്. ഇനി ആർക്കും ഈ അസുഖം വരാതിരിക്കട്ടെയെന്ന് നമുക്ക് ആശിക്കാം. അഥവാ ആർക്കെങ്കിലും ഈ രോഗലക്ഷണം കണ്ടാൽ വളരെ പെട്ടെന്ന് ഇടപെടാനുള്ള എല്ലാ സൗകര്യങ്ങളും ഒരുക്കിയിട്ടുണ്ടെന്നുള്ള ആത്മവിശ്വാസം ആരോഗ്യ വകുപ്പിനുണ്ട്. ഇനി വരാനിരിക്കുന്ന മറ്റ് രോഗങ്ങളെ പ്രതിരോധിക്കുന്നതിൽ ഒറ്റ വാക്കിൽ ഞാൻ പറയുന്നു, ജനുവരി മാസം ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ ചേർന്ന ആരോഗ്യ ജാഗ്രതാ കാമ്പയിൻ മുതൽ ഞങ്ങൾ തുടങ്ങിയതാണ്. എന്നാൽ ആ പറഞ്ഞ രീതിയിൽ കീഴ്ത്തട്ടിലുള്ള എല്ലാവരും അതനുസരിച്ചോ എന്നത് ഒന്നുകൂടി

പരിശോധിക്കണം. ബഹുമാനപ്പെട്ട എം.എൽ.എ.-മാരും അവരവരുടെ നിയോജക മണ്ഡലത്തിൽ ഇടപെടണം. വകുപ്പ് മന്ത്രിമാർ ഇടപെടുന്നുണ്ട്. ഓരോ പഞ്ചായത്തും ഓരോ വാർഡ് മെമ്പറും ഓരോ വ്യക്തിയും ഇടപെട്ടുകൊണ്ട് കൊതുകുജന്യ, ജലജന്യ രോഗങ്ങളൊക്കെ ഒഴിവാക്കാനുള്ള പരിശ്രമം ജാഗ്രതയോടെ നടത്തണമെന്നുകൂടി സൂചിപ്പിച്ചുകൊണ്ട് ഞങ്ങളുടെ ഈ സംരംഭവുമായി, രോഗനിയന്ത്രണ പ്രവർത്തനവുമായി സഹകരിച്ച എല്ലാവർക്കും ഒരിക്കൽകൂടി നന്ദി രേഖപ്പെടുത്തിക്കൊണ്ട് ജനങ്ങളുടെ ഭീതിയകറ്റാനുള്ള പരിശ്രമത്തിൽ എല്ലാവരും സഹകരിക്കണമെന്നുകൂടി പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

മി. സ്പീക്കർ : ചർച്ചയും മറുപടിയും അവസാനിച്ചിരിക്കുകയാണ്. ഡോ. എം. കെ. മുനീർ, അങ്ങയുടെ പ്രമേയം പ്രസ് ചെയ്യുന്നുണ്ടോ?

ഡോ. എം. കെ. മുനീർ : സർ, ഞാൻ പ്രസ് ചെയ്യുന്നില്ല.

മി. സ്പീക്കർ: പ്രമേയം സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങേയ്ക്ക് ചർച്ച തുടരാവുന്നതാണ്. ഇനിയും അഞ്ചുപേർ സംസാരിക്കാനുണ്ട്. ഇന്ന് സ്പീക്കറുടെ ഇഫ്താർ പാർട്ടിയുണ്ട്. മറക്കാതെ എല്ലാ അംഗങ്ങളും അതിൽ പങ്കെടുക്കണം എന്നുകൂടി ഓർമ്മപ്പെടുത്തിക്കൊള്ളുന്നു.

## നിയമനിർമ്മാണകാര്യം - തുടർച്ച

ശ്രീ. കെ. എൻ. എ. ഖാദർ: സർ, ഇവിടെ കേരള യൂണിവേഴ്സിറ്റി നിയമത്തിൽ നിർദ്ദേശിക്കപ്പെട്ട ഭേദഗതികളെക്കുറിച്ചാണ് ഞാൻ നേരത്തെ സംസാരിച്ചുകൊണ്ടിരുന്നത്. കേരള സർവ്വകലാശാല ഉൾപ്പെടെയുള്ളവയുടെ നിലവാരത്തകർച്ചയും അവ ആധുനിക കാലഘട്ടത്തിൽ സ്വീകരിക്കുന്ന പല നിലപാടുകളും വിദ്യാഭ്യാസ മേഖലയിൽ ഇന്നത്തെ താല്പര്യങ്ങളെ പ്രതിനിധാനം ചെയ്യുന്നില്ല തുടങ്ങിയ കാര്യങ്ങളാണ് ഞാൻ നേരത്തെ വ്യക്തമാക്കിയത്. ഒരു ഐ.ടി. വിദഗ്ധനെ സർവ്വകലാശാലയിലെ ഭരണസമിതിയിൽ ഉൾപ്പെടുത്തുന്നതിനും അതുപോലെ അതിലെ അംഗത്വത്തിൽ കുറച്ച് ഭേദഗതികൾ വരുത്തുന്നതിനും വേണ്ടിയാണ് ഈ ഭേദഗതി ബിൽ പ്രധാനമായും ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. ഇവിടെ നേരത്തെ ഞാൻ ചൂണ്ടിക്കാണിച്ചതുപോലെ ലോകത്തെ ശാസ്ത്ര-സാങ്കേതിക മേഖലകളിലുണ്ടായ വികാസവും മറ്റും കണക്കിലെടുക്കുമ്പോൾ വളരെ പിന്നണിയിൽ സ്ഥിതി ചെയ്യുന്നവയാണ് നമ്മുടെ സർവ്വകലാശാലകൾ. അതിലൊരു മാറ്റം വരുത്തുന്നതിനെക്കുറിച്ച് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയും കേരള സർക്കാരും നമ്മളെല്ലാവരും ആലോചിക്കേണ്ടതാണ്. ഇപ്പോൾ ഈ സർക്കാർ വിദ്യാഭ്യാസ രംഗത്ത് പല പുതിയ പരിഷ്കാരങ്ങളും വിഭാവനം ചെയ്തിട്ടുണ്ട്. അതിൽ ഹയർ സെക്കണ്ടറി

സ്കൂളുകൾ തമ്മിൽ ലയനം നടത്തുന്നതിനെക്കുറിച്ചൊരു ശിപാർശ വന്നിട്ടുണ്ട്. നേരത്തെ ഇവിടെ പലരും അതിനെ എതിർക്കുകയുണ്ടായി. ഹയർ സെക്കണ്ടറി വിഭാഗമെന്നുപറഞ്ഞാൽ ഏതാണ്ട് 9 ലക്ഷം വിദ്യാർത്ഥികളും 2000 വിദ്യാഭ്യാസ സ്ഥാപനങ്ങളും 45 ഓപ്ഷനുകളുമുള്ള ഒരു വലിയ പ്രസ്ഥാനമാണ്. 10+2+3 തന്നെയാണ് ഇപ്പോഴും ഇന്ത്യ പിന്തുടരുന്ന മാർഗ്ഗമെന്ന് പാർലമെന്റിൽ ലോകസഭാംഗങ്ങളുടെ ചോദ്യങ്ങൾക്ക് ഉത്തരമായി കേന്ദ്ര വിദ്യാഭ്യാസ വകുപ്പുമന്ത്രി അടുത്തകാലത്ത് പറയുകയുണ്ടായി. അങ്ങനെ വരുമ്പോൾ കേരളത്തിൽ ഉണ്ടാകാൻ പോകുന്ന പുതിയ പരിഷ്കാരത്തിൽനിന്ന് വിഭിന്നമായി മറ്റുപല സംസ്ഥാനങ്ങളിലും ഹയർ സെക്കണ്ടറി വേറിട്ട് നിൽക്കുകയാണ്. കർണ്ണാടക, ആസ്സാം, ഒറീസ്സ, തെലുങ്കാന, വെസ്റ്റ് ബംഗാൾ എന്നീ സംസ്ഥാനങ്ങളിലൊക്കെ ഹയർ സെക്കണ്ടറിക്ക് പ്രത്യേക ഡയറക്ടറേറ്റും സംവിധാനങ്ങളുമൊക്കെയുണ്ട്. കേരളത്തിൽ അവ തമ്മിൽ എന്തിനാണ് ലയിപ്പിക്കുന്നതെന്നുള്ളൊരു ചോദ്യമുണ്ട്. ഹയർ സെക്കണ്ടറിയിൽ ഏതാണ്ട് 26800-ഓളം വരുന്ന അദ്ധ്യാപകരിൽ വാല്യുവേഷൻ ഡ്യൂട്ടിക്ക് നിയോഗിക്കുന്നവർ ഈ വിഷയത്തിൽ പ്രതിഷേധിക്കുന്നതിനായി വാല്യുവേഷൻ ക്യാമ്പുകൾ ബഹിഷ്കരിക്കുകയുണ്ടായി. വാല്യുവേഷൻ ക്യാമ്പുകളിൽ 21890 അദ്ധ്യാപകർ പങ്കെടുക്കേണ്ടിയിരുന്നതിൽ 16168 പേരാണ് ബഹിഷ്കരിച്ചത്. അത് ഹയർ സെക്കണ്ടറി മേഖലയിലെ അദ്ധ്യാപകരിൽ മഹാഭൂരിപക്ഷവും ഇതിനോട് യോജിക്കുന്നില്ലെന്നാണ് വ്യക്തമാക്കുന്നത്. സർക്കാർ കൊണ്ടുവന്ന ഏത് കാര്യത്തെയും എതിർക്കുക എന്ന അർത്ഥത്തിലല്ല, സദുദ്ദേശ്യത്തോടുകൂടി മാത്രമാണ് ഞാനിത് പറയുന്നത്. സർക്കാർ കൊണ്ടുവരുന്ന പല പരിഷ്കാരങ്ങളോടും യോജിക്കുന്ന ആളാണ് ഞാൻ. പൊതുവിദ്യാഭ്യാസത്തെ ശക്തിപ്പെടുത്തുന്നതിനുവേണ്ടി ഗവൺമെന്റ് നടത്തുന്ന എല്ലാ സംരംഭങ്ങളെയും പിന്തുണയ്ക്കുന്നൊരാളാണ് ഞാൻ. അതേസമയം ഇത് ആരോഗ്യകരമായൊരു പ്രവണതയല്ല എന്നാണ് എനിക്ക് തോന്നുന്നത്. ഇത് സ്പെഷ്യലൈസേഷന്റെ കാലഘട്ടമാണ്. അത് ഞാൻ മുമ്പിവിടെ ചോദ്യോത്തരവേളയിലും സബ്മിഷനായുമൊക്കെ അവതരിപ്പിച്ചിട്ടുള്ള കാര്യമാണ്. പ്രത്യേക അറ്റൻഷൻ ലഭിക്കണമെങ്കിൽ പ്രൈമറി/ഹൈസ്കൂൾ/ഹയർ സെക്കണ്ടറി വിഭാഗങ്ങൾക്ക് വെവ്വേറെ സംവിധാനങ്ങൾ ആവശ്യമാണ്. ഹയർ സെക്കണ്ടറി ഡയറക്ടറേറ്റിനെ കാര്യക്ഷമമാക്കുകയും ഹയർ സെക്കണ്ടറി വിദ്യാഭ്യാസ സ്ഥാപനങ്ങളിലെ കുട്ടികൾക്കും അധ്യാപകർക്കും അവരുടെ പാഠ്യേതര പ്രവർത്തനങ്ങൾ മുന്നോട്ടു കൊണ്ടുപോകുന്നതിനാവശ്യമായ സംവിധാനങ്ങളൊരുക്കുകയും നോൺ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കുകയുമൊക്കെയാണ് വേണ്ടത്. അതിനുപകരം ഇതെല്ലാംകൂടി ലിങ്ക് ചെയ്യുന്നതുകൊണ്ട് വലിയ പ്രയോജനമുണ്ടാകുമെന്ന് എനിക്ക് തോന്നുന്നില്ല. അത് വളരെ വലിയ ആപത്തുണ്ടാക്കും.

മുമ്പ് മന്ത്രിസഭയിൽ ഇത്രയധികം മന്ത്രിമാരുണ്ടായിരുന്നില്ല. ഇപ്പോൾ പല കാലഘട്ടത്തിലായി മന്ത്രിമാരുടെ എണ്ണം വർദ്ധിപ്പിച്ച് 20-ഉം 21-ഉം ഒക്കെയായി. വിദ്യാഭ്യാസത്തിനൊരു മന്ത്രിയുണ്ട്, സംസ്കാരത്തിന് വേറൊരു മന്ത്രിയുണ്ട്. വാസ്തവത്തിൽ വിദ്യാഭ്യാസം തന്നെയാണ് സംസ്കാരം. അപ്പോൾ വിദ്യാഭ്യാസവും സംസ്കാരവും ഒരു മന്ത്രിയുടെ കീഴിലായാൽ ഒരു പ്രിൻസിപ്പൽ സെക്രട്ടറി മതിയാകും. അതുപോലെ കൃഷി, ക്ഷീര വികസനം, മൃഗസംരക്ഷണം തുടങ്ങിയവും അനുബന്ധ സംഗതികളും കൂട്ടിച്ചേർത്ത് വേണമെങ്കിൽ ഒരു വകുപ്പാക്കാവുന്നതാണ്. അതിന്റെ ന്യായീകരണങ്ങൾ അപ്പോൾ പറയാൻ സാധിക്കും. വേറിട്ട് നിൽക്കുമ്പോൾ അതിന്റെ ന്യായീകരണങ്ങളും പറയാൻ സാധിക്കും. പക്ഷെ അത് നമ്മൾ ചെയ്യുന്നില്ലല്ലോ. സ്പെഷ്യലൈസേഷന്റെ ഗുണം എപ്പോഴുമുണ്ട്. ജോയിന്റ് ഫാമിലികളായിരുന്നു പണ്ട് കേരളത്തിലുണ്ടായിരുന്നത്. ജോയിന്റ് ഫാമിലിയെന്ന് പറയുമ്പോൾ നൂറ് കണക്കിന് ആളുകൾ ഉണ്ണാനായി ഊട്ടുപുരയിലുണ്ടാകും. ഇതിൽ മക്കളേതാണ്, മരുമക്കളേതാണ്, പേരക്കിടാങ്ങളേതാണ് എന്ന് മുത്തച്ഛനും മുത്തശ്ശിക്കുംവരെ അറിയില്ല. ആരൊക്കെയോ വന്ന് ഉണ്ടിട്ട് പോകുന്നൊരു അവസ്ഥയാണ്. എല്ലാവരുംകൂടി അവരുടെ ഭൂസ്വത്തുക്കളിൽനിന്ന് ആദായമെടുക്കുന്നു, അതിന്റെ അനുഭവം പങ്കിടുന്നു. അങ്ങനെയൊരു രീതിയായിരുന്നു അന്നുണ്ടായിരുന്നത്. ജോയിന്റ് ഫാമിലിക്ക് അതിന്റേതായ ഗുണമുണ്ടായിരുന്നു. പിന്നെ എങ്ങനെയാണ് അത് ചെറിയ കുടുംബങ്ങളായി മാറിയത്? നമുക്കൊരു മകനും ഒരു മകളും അല്ലെങ്കിൽ ഒരു സന്തതി മാത്രമാകുമ്പോൾ അവർക്ക് പ്രത്യേക അറ്റൻഷൻ കിട്ടണമെന്ന് രക്ഷിതാക്കൾ കരുതുന്നതുകൊണ്ടാണ് അവർ വെവ്വേറെയായത്. വേണമെങ്കിൽ അതിനെ ഡീസെൻട്രലൈസേഷൻ എന്നും പറയാം. വികേന്ദ്രീകരണത്തിന്റെ കാലഘട്ടത്തിൽ ഒരു കേന്ദ്രീകരണ ചിന്ത എങ്ങനെ വന്നു എന്നാണ് ഞാൻ ചോദിക്കുന്നത്. കേന്ദ്ര ഗവൺമെന്റ് നടപ്പാക്കിക്കൊണ്ടിരിക്കുന്ന വിദ്യാഭ്യാസ അവകാശ നിയമത്തെ കുറ്റപ്പെടുത്താൻ ചില ആളുകൾ അതൊരു ന്യായീകരണമായി പറയുന്നുണ്ട്. വിദ്യാഭ്യാസം കൺകറന്റ് ലിസ്റ്റിൽപ്പെട്ടതായതു കൊണ്ട് സംസ്ഥാന ഗവൺമെന്റുകൾക്ക് അവരുടേതായ സ്വാതന്ത്ര്യമുണ്ട്. കേന്ദ്ര ഗവൺമെന്റ് അതിനൊന്നും നിർബന്ധിക്കുന്നില്ല. പരിശീലന കാര്യങ്ങളിലൊക്കെ ആർ.എം.എസ്.എ.യും എസ്.എസ്.എ.യും കൂട്ടിച്ചേർത്ത് സമഗ്രമായൊരു പരിശീലന പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നല്ലാതെ അത് വേറിട്ട് നിൽക്കുന്നതിൽ അവരൊരിക്കലും എതിരാണെന്ന് പറയാൻ സാധിക്കില്ല. വിദ്യാഭ്യാസ മേഖലയിൽ ഡീസെൻട്രലൈസേഷൻ ആവശ്യമാണ്.

ആരോഗ്യ വകുപ്പിലെ ഒരു പ്രധാനപ്പെട്ട വിഷയമാണ് ഇപ്പോൾ ഇവിടെ ഡിസ്കസ് ചെയ്തത്. ബഹുമാനപ്പെട്ട മന്ത്രി വളരെ ആവേശത്തോടുകൂടി പറഞ്ഞ

കാര്യങ്ങളൊക്കെ ഡീസെൻട്രലൈസേഷന്റെ ഭാഗം തന്നെയാണ്. മുമ്പ് വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിന്റെ ആവശ്യമില്ലായിരുന്നു. മുമ്പ് എല്ലാത്തിനുംകൂടി ഒരു ഡോക്ടർ ആയിരുന്നു. എം.ബി.ബി.എസ്. പാസ്സായ ഒരു ഡോക്ടർക്ക് എത്ര വലിയ ആരാധകരാണ് ഉണ്ടായിരുന്നത്. രാജ്യം മുഴുവൻ എം.ബി.ബി.എസ്. പാസ്സായ ഡോക്ടറുടെ പിന്നാലെയായിരുന്നു. ഓർത്തോപീഡിക്സും ഒഫ്താൽമോളജിയും ഗൈനക്കോളജിയും ഒബ്സ്റ്റട്രിക്സും ജെറിയാട്രിക്സും എങ്ങനെയാണ് വന്നത്? ഓരോന്നിനും സ്പെഷ്യലൈസേഷൻ വരികയാണ്. കണ്ണിന്റെ സ്പെഷ്യലൈസേഷൻ വന്നപ്പോൾ പണ്ടൊരു കണ്ണാശുപത്രിയുണ്ടായിരുന്നു. ഇപ്പോൾ കണ്ണാശുപത്രിയിൽ കണ്ണിനുതന്നെ പല വിഭാഗങ്ങളാക്കി അതിന്റെ സ്പെഷ്യലൈസേഷനുണ്ട്. അങ്ങനെയൊരു കാലഘട്ടത്തിൽ നമ്മൾ 9 ലക്ഷം കുട്ടികളെയും 2000 വിദ്യാഭ്യാസ സ്ഥാപനങ്ങളെയും 26800 അദ്ധ്യാപകരെയുംകൂടി ഹൈസ്കൂളിന്റെ തലയിൽ കെട്ടിവച്ച് അവരുമായി ഒരുമിച്ച് നിൽക്കണമെന്ന് പറയുന്നതിൽ അർത്ഥമില്ല. ഹയർ സെക്കണ്ടറിക്ക് കൂടുതൽ ശ്രദ്ധ കൊടുക്കുകയാണ് വേണ്ടത്. വിദ്യാഭ്യാസ മേഖലയിൽ സിൻഡിക്കേറ്റുകളെയും സർവ്വകലാശാലകളെയും കുറിച്ചൊക്കെ പറയുമ്പോൾ അവ എന്തിനുവേണ്ടിയാണോ നിർമ്മിക്കപ്പെട്ടത് ആ ഉദ്ദേശ്യം നിർവ്വഹിക്കപ്പെടുന്നില്ല. പല സർവ്വകലാശാലകളും വ്യവസ്ഥാപിതമായ ചില രീതികളിൽ പരീക്ഷ നടത്തുന്നവരും അത്തരം കാര്യങ്ങളിൽ മാത്രം ശ്രദ്ധിക്കുന്നവരും സ്വന്തം താൽപര്യങ്ങൾ സംരക്ഷിക്കുന്ന തരത്തിൽ പ്രവർത്തിക്കുന്നവരും ഭാവനാ സമ്പന്നത ഇല്ലാത്തവരുമൊക്കെയായി മാറിയിട്ടുണ്ട്. ഇതിൽ നിന്ന് വിഭിന്നമായ ആളുകൾ ആ സർവ്വകലാശാലയിലുണ്ടാകാം, ഇല്ലെന്ന് ഞാൻ പറയുന്നില്ല. ചില ആളുകൾക്ക് ഡോക്ടറേറ്റ് കിട്ടാനുള്ള സംവിധാനമൊക്കെയുണ്ട്. ഡോക്ടറേറ്റ് കിട്ടിയ ആൾ മികവിന്റെ പ്രതിനിധിയായൊന്നും ഇന്ന് അറിയപ്പെടുന്നില്ല. ഡോക്ടറേറ്റ് കിട്ടിയവർ മികവുള്ളവരാണെന്ന് നമുക്ക് പറയാൻ സാധിക്കില്ല. കാരണം ഡോക്ടറേറ്റൊക്കെ ഫോർമൽ സംഗതിയായി മാറി. ചില വ്യവസ്ഥകൾ അംഗീകരിച്ച് ചെറിയൊരു പരിശീലനം കിട്ടിയാൽ അല്ലെങ്കിൽ ഒരു തീസിസ് തയ്യാറാക്കിയാൽ ഡോക്ടറായി. വിദ്യാഭ്യാസ സ്ഥാപനങ്ങളിൽനിന്ന് ഇന്ന് ഒരു ഐൻസ്റ്റീനോ പൈതഗോറസോ ഒരു ഐസക് ന്യൂട്ടനോ വരുന്നുണ്ടോ? ഒരു വിദ്യാഭ്യാസ സ്ഥാപനത്തിൽനിന്നും ഒരു യൂണിവേഴ്സിറ്റിയിൽനിന്നും അങ്ങനെയുള്ള ആരും വരുന്നില്ല. സർവ്വകലാശാലകളിൽ അങ്ങനെയുള്ള തിയറി പഠിക്കുകയോ ഗവേഷണം നടത്തുകയോ പ്രോത്സാഹനം നൽകുകയോ ചെയ്യുന്നില്ല. അവിടെയെല്ലാം ഫോർമലായി ചില ബിരുദങ്ങളും ബിരുദാനന്തര ബിരുദങ്ങളും മാത്രമാണ് നൽകുന്നത്. ആ സർട്ടിഫിക്കറ്റ് കൈവശം വയ്ക്കുന്നതാണ് വിദ്യാഭ്യാസമെന്ന് കരുതുന്നത് തെറ്റാണ്. Knowledge is entirely

different from knowing. Knowledge is the experience of others. മറ്റുള്ളവരുടെ അനുഭവ സമ്പത്താണ് knowledge. അത് ഭൂതകാലത്തിന്റെ സമ്പത്താണ്. knowing എന്നത് our own experience ആണ്. ഇന്ന് പഠിക്കുന്ന കുട്ടികൾക്കോ അദ്ധ്യാപകർക്കോ our own experience ഉണ്ടോ? Our own experience ഇല്ല. അവർക്കൊക്കെ borrowed knowledge ആണുള്ളത്. Borrowed experience മാത്രമാണ് അറിവിന്റെ ഭാരം പേറി നടക്കുന്നവരിലുള്ളത്. അദ്ധ്യാപകർ പഠിപ്പിക്കുന്നത് അവർ 30 വർഷം മുമ്പ് പഠിച്ച കാര്യങ്ങളാണ്. ആ കുട്ടി അദ്ധ്യാപകനാകുമ്പോൾ വീണ്ടും ആ കാര്യമാണ് പഠിപ്പിക്കാൻ പോകുന്നത്. അതുപോലെതന്നെ കേരളത്തിന്റെ വിദ്യാഭ്യാസപരമായ ഉയർച്ചയെക്കുറിച്ചൊക്കെ നമ്മൾ പറയാറുണ്ട്. ലോകത്ത് എന്തെങ്കിലും ഒരു ദുരന്തം സംഭവിച്ചാൽ, ഹെയ്തിയിൽ ഭൂകമ്പമുണ്ടായി, അതിൽ മലയാളികളില്ലെന്നാണ് പിറ്റേന്ന് നമ്മുടെ പത്രങ്ങളെഴുതുക. അതോടുകൂടി നമുക്ക് സമാധാനമായി. കാരണം മലയാളികൾക്കൊന്നും സംഭവിച്ചില്ല. ആൽപ്സ് പർവ്വത നിരയിൽ ഒരു വിമാനം തകർന്നുവീണാൽ മലയാളികളില്ലെങ്കിൽ നമുക്ക് സമാധാനമാണ്. മനുഷ്യരെക്കുറിച്ച് നമുക്ക് യാതൊരു കൺസെപ്റ്റുമില്ല. നമ്മുടെ അദ്ധ്യാപകർക്കും വിദ്യാർത്ഥികൾക്കും ഭാരതം എന്താണെന്നും ലോകം എന്താണെന്നും അറിയില്ല. അതുകൊണ്ട് exchange of students and teachers ആവശ്യമാണ്. Fulbright Scholarship കിട്ടിയ ആളുകളെ വിദേശ രാജ്യങ്ങളിലേയ്ക്കൊക്കെ കൊണ്ടുപോകാറുണ്ട്. ഹയർ സെക്കണ്ടറിയിൽ നിന്നും സർവ്വകലാശാലകളിൽ നിന്നും അങ്ങനെ പോകാറുണ്ട്. അമേരിക്കയിലും ഇംഗ്ലണ്ടിലും വിദേശ രാഷ്ട്രങ്ങളിലും ഇന്ത്യയിലെ വിവിധ സംസ്ഥാനങ്ങളിലും നമ്മുടെ കുട്ടികളെ കുറച്ചുദിവസം കൊണ്ടുപോയി പഠിപ്പിച്ചും അവിടത്തെ വിദ്യാർത്ഥികളെ ഇവിടെ കൊണ്ടുവന്നും ഇന്റഗ്രേറ്റഡായ രീതിയിൽ കൾച്ചറും വിദ്യാഭ്യാസപരമായ കാര്യങ്ങളും പരസ്പരം എക്സ്ചേഞ്ച് ചെയ്യുന്ന പഠന സമ്പ്രദായം നമ്മൾ ആവിഷ്കരിക്കുന്നില്ല. ഞാൻ രാഷ്ട്രീയമായ ഉദ്ദേശ്യത്തോടുകൂടി പറയുകയല്ല. മാധ്യമങ്ങളോട് വളരെ വിരുദ്ധമായ സമീപനമാണ് പലപ്പോഴും നമ്മുടെ ഗവൺമെന്റിലെ പല പ്രതിനിധികളും ചിലപ്പോഴൊക്കെ ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും സ്വീകരിക്കുന്നത്. അതിൽ സങ്കടം തോന്നിയിട്ടുണ്ട്. വാസ്തവത്തിൽ മാധ്യമങ്ങളുടെ സർവ്വീസ് അത്ഭുതകരമാണ്. നീതിക്കും ജനാധിപത്യത്തിനു വേണ്ടിയും ഫാസിസത്തിനെതിരായും നടത്തുന്ന പോരാട്ടങ്ങളിൽ മാധ്യമങ്ങൾ വഹിക്കുന്ന പങ്ക് നിസ്സാരമല്ല. അവർ ആ പ്രവൃത്തി ഒരു പ്രത്യേക രാഷ്ട്രീയ ഉദ്ദേശ്യത്തോടുകൂടി നടത്തുന്നതല്ല. നമ്മുടെ തന്നെ ദൃശ്യ-മാധ്യമങ്ങളിൽ ശ്രീമതി

സിന്ധു സൂര്യകുമാർ, ശ്രീമതി ഷാനി പ്രഭാകരൻ, ശ്രീ. സനീഷ്, ശ്രീ. വേണു, ശ്രീ. വിനു വി. ജോൺ അതുപോലുള്ള ആളുകളൊക്കെ ജനാധിപത്യത്തിനുവേണ്ടി ധാരാളം കാര്യങ്ങൾ ചെയ്യുന്നുണ്ട്. അങ്ങനെയുള്ള പലരുമുണ്ട്. സീറ്റ് കിട്ടുന്നതുവരെ ശ്രീ. നികേഷ് കുമാറുമുണ്ടായിരുന്നു. ഇങ്ങനെയുള്ള പലയാളുകളും നടത്തിക്കൊണ്ടിരിക്കുന്ന പ്രവർത്തനങ്ങളുടെകൂടി അനന്തരഫലമായാണ് ഈ ഗവൺമെന്റ് വന്നത്. ഐക്യജനാധിപത്യമുന്നണി ഗവൺമെന്റിന്റെ കാലത്ത് ആ ഗവൺമെന്റിന്റെ തെറ്റായ പ്രവൃത്തികളെ ശക്തമായി വിമർശിച്ചുകൊണ്ട് എൽ.ഡി.എഫ്.-ന് അടിത്തറയുണ്ടാക്കുന്നതിൽ അവർ പ്രധാന പങ്ക് വഹിച്ചിട്ടുണ്ട്. അതിന്റെകൂടി ഫലമായാണ് ഈ ഗവൺമെന്റ് വന്നത്. ഇപ്പോഴും അതുപോലെയുള്ള തെറ്റുകളെ അവർ വിമർശിക്കുന്നു. വിപ്ലവകരമായ സാഹചര്യം സൃഷ്ടിക്കണമെങ്കിൽ പത്രമാധ്യമങ്ങൾക്ക് അതിൽ വലിയ പങ്കുണ്ടെന്ന് അറിയാത്തവരല്ലല്ലോ നമ്മളാരും. ലോകത്തിലെ വിപ്ലവ പ്രസ്ഥാനത്തിന്റെ തലവനായിരുന്ന ലെനിൻ തന്നെ ആദ്യം തുടങ്ങിയത് 'ഇസ്ക്ര' എന്നുപറയുന്ന തീപ്പൊരി എന്നർത്ഥം വരുന്ന പത്രമാണ്. അത് പുറത്തുകാണിക്കാൻ പാടില്ലാത്തതുകൊണ്ട് സ്യൂട്ട്കേസിനകത്ത് കള്ള അറകളുണ്ടാക്കിയാണ് ലെനിൻ അത് കൊണ്ടുനടന്നത്. അതുകഴിഞ്ഞ് ലെനിൻ തുടങ്ങിയത് 'പ്രവ്ദ' എന്ന പത്രമാണ്. 'പ്രവ്ദ' എന്നാൽ 'സത്യമേവ ജയതേ' എന്നാണ്. 'വദ' എന്നാൽ പറയുക എന്നാണ്. 'പ്രൗ' സത്യമാണ്. സംസ്കൃതത്തെക്കുറിച്ച് ഇവിടെ നമ്മൾ ചർച്ച ചെയ്തല്ലോ. സംസ്കൃതവും റഷ്യൻ ഭാഷയും തമ്മിൽ നല്ല ബന്ധമുണ്ട്. 'ബ്രാത്' എന്നാണ് റഷ്യൻ ഭാഷയിൽ സഹോദരനെ പറയുന്നത്. 'ഭ്രദ:' എന്നാണ് സംസ്കൃത ഭാഷയിൽ പറയുന്നത്. 'അഗ്നി' എന്ന് സംസ്കൃതത്തിൽ പറയുന്നത്, റഷ്യൻ ഭാഷയിൽ 'അഗ്ന്' എന്നാണ് പറയുന്നത്. പ്രവ്ദ, ഇസ്ക്ര എന്നീ പത്രങ്ങൾ സ്റ്റാലിൻ തന്നെ പട്ടാളക്കാരുടെയും തൊഴിലാളികളുടെയുമിടയിൽ വിതരണം ചെയ്തിരുന്നു. അതുപോലെ എത്രയെത്ര ആളുകൾ, എഴുത്തുകാർ? അവരൊക്കെ നടത്തിയ സേവനത്തിന്റെ ഫലമായല്ലേ വിപ്ലവം നടത്താൻ സാധിച്ചത്? അതുകൊണ്ടല്ലേ ഓരോ പാർട്ടിയും ഓരോ പത്രം തുടങ്ങിയിട്ടുള്ളത്? മാധ്യമങ്ങളുടെ സഹായം നമ്മൾ സ്വീകരിക്കുന്നു. മാധ്യമങ്ങളിൽ കോബ്രാ പോസ്റ്റ് പുറത്തുകൊണ്ടുവന്നതുപോലെയുള്ള ആളുകളുണ്ടാകും. ഏതെങ്കിലും പ്രത്യേക ലക്ഷ്യത്തോടുകൂടി വർഗ്ഗീയ ധ്രുവീകരണത്തിനുവേണ്ടി പ്രവർത്തിക്കുന്നവരുണ്ടാകും. അവരെയും പുറത്തുകൊണ്ടുവരുന്നത് വേറെ മാധ്യമങ്ങളാണെന്ന് നമ്മൾ വിസ്മരിക്കാൻ പാടില്ല. ദൃശ്യ-മാധ്യമങ്ങൾക്കും പ്രിന്റ് മീഡിയയ്ക്കും വലിയൊരു പങ്ക് ഈ മാറ്റങ്ങൾ വരുത്തുന്നതിലുണ്ട്. അത് ഒരിക്കലും ലഘൂകരിക്കാനോ നിസാരവത്കരിക്കാനോ പാടില്ല. റഷ്യൻ വിപ്ലവത്തെക്കുറിച്ച് നമ്മൾ ധാരാളം കേട്ടിട്ടുണ്ട്, പക്ഷെ നമ്മൾ കണ്ടിട്ടില്ലല്ലോ.

3.00PM]

<u>മി. സ്പീക്കർ</u>: ശ്രീ. കെ. എൻ. എ. ഖാദർ, സർവ്വകലാശാലാ ബില്ലാണ് വിഷയം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: റഷ്യൻ വിപ്ലവം നേരിട്ട് കണ്ടതുപോലൊരു അനുഭവം നമുക്കുണ്ടാക്കിത്തന്നത് 'Ten days that shook the world' - 'ലോകത്തെ പിടിച്ചുകുലുക്കിയ പത്ത് ദിവസങ്ങൾ' എന്ന പുസ്തകമാണ്. അത് ആര് എഴുതിയതാണ്? ഒളിവിൽ താമസിച്ചിരുന്ന സഖാവ് ലെനിൻ വിപ്ലവത്തിന്റെ തീച്ചൂളയിലേയ്ക്ക് എടുത്തുചാടാൻവേണ്ടി ഒളിവിൽനിന്ന് പുറത്തുവന്ന് ആദ്യം റെയിൽവേ സ്റ്റേഷനിൽ ഇറങ്ങിയ സമയം മുതൽ പത്തു ദിവസംകൊണ്ട് വിപ്ലവം പൂർത്തിയാക്കി അധികാരം ഏറ്റെടുത്ത ദിവസം വരെയുള്ള സംഭവങ്ങൾ റിപ്പോർട്ട് ചെയ്തത് അമേരിക്കൻ പത്രപ്രവർത്തകനാണ്. അമേരിക്കൻ പത്രപ്രവർത്തകൻ ഇല്ലായിരുന്നെങ്കിൽ വിപ്ലവം നേരിട്ടുകണ്ട അനുഭവം ആ പുസ്തകം വായിക്കുമ്പോൾ കിട്ടുമായിരുന്നില്ല. അന്ന് അമേരിക്കൻ പത്രപ്രവർത്തകൻ അവിടെ വന്നിറങ്ങുമ്പോൾ ലെനിൻ 'കടക്ക് പുറത്ത്' എന്ന് പറഞ്ഞിരുന്നെങ്കിൽ വിപ്ലവത്തെക്കുറിച്ച് അറിയാൻ നമുക്ക് ഒരവസരവും കിട്ടുമായിരുന്നില്ല. അതൊരു നിസ്സാരമായ കാര്യമാണോ? മാധ്യമത്തിന്റെ പങ്ക്, ഒരു പത്രപ്രവർത്തകന്റെ പങ്ക് തള്ളിക്കളയാൻ സാധിക്കുമോ?

<u>മി. സ്പീക്കർ</u>: അങ്ങേയ്ക്ക് ചട്ടം 77 അറിയാവുന്നതല്ലേ, ഞാൻ വായിക്കണോ?

<u>ശ്രീ. എം. സ്വരാജ്</u>: സർ, വഴങ്ങിയ സ്ഥിതിക്ക് ഒരു കാര്യം പറയാം. ചർച്ച ചെയ്യുന്ന ബില്ലുമായി വലിയ ബന്ധമൊന്നുമില്ലെങ്കിലും അങ്ങ് ബില്ലുമായി ബന്ധപ്പെടുത്തുമെന്ന് എനിക്കറിയാം. അതൊരു ആക്ഷേപമായി പറയുകയല്ല. വളരെ ദീർഘനേരമായി മാധ്യമങ്ങളെയും മാധ്യമപ്രവർത്തകരെയും ശ്ലാഘിച്ചു പറയുകയുണ്ടായി. അതിലൊന്നും വിയോജിപ്പില്ല. അങ്ങ് അങ്ങയുടെ സംസാരം ലെനിന്റെ ഇസ്ക്രയിൽ നിന്നും പ്രവ്ദയിൽ നിന്നും തുടങ്ങി അവസാനം ജോൺ റീഡിന്റെ പുസ്തകത്തിലൊക്കെയാണ് എത്തി നിൽക്കുന്നത്. അതിനെയെല്ലാം സ്വാഗതം ചെയ്യുമ്പോൾത്തന്നെ ഇവിടെ മുഖ്യമന്ത്രിയും മന്ത്രിമാരും മാധ്യമ പ്രവർത്തകരോട് അനുഭാവമില്ലാത്ത സമീപനം സ്വീകരിക്കുന്നതിനെയാണ് അങ്ങ് വിമർശിച്ചത്. യഥാർത്ഥത്തിൽ മാധ്യമങ്ങളോടോ മാധ്യമ പ്രവർത്തകരോടോ അല്ല, മാധ്യമങ്ങളുടെ പ്രാധാന്യവും പ്രസക്തിയും തെറ്റായ ദിശയിൽ ഉപയോഗിക്കുന്ന മാധ്യമ പ്രവർത്തകരെയും ആ സമീപനത്തെയുമാണ് വിമർശിച്ചിട്ടുള്ളത്. അത്തരം മാധ്യമ പ്രവർത്തകരെ സംബന്ധിച്ച് ലെനിൻ പറഞ്ഞ വാചകമെന്താണെന്നും ലെനിൻ ഉപയോഗിച്ച വാക്കെന്താണെന്നും അങ്ങേയ്ക്ക് ഓർമ്മയുണ്ടോ?

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: നിങ്ങൾ പറയുന്നത് ഓർമ്മിക്കാൻ വേണ്ടിയല്ലല്ലോ ഞാൻ ഇവിടെ നിൽക്കുന്നത്. ബഹുമാനപ്പെട്ട സ്പീക്കർ ചട്ടം 77 എന്നെ ഓർമ്മിപ്പിച്ചുകൊണ്ടിരിക്കുകയാണ്. അതാണ് ഞാൻ ആദ്യം ഓർമ്മിക്കേണ്ടത്. കോബ്രാ പോസ്റ്റ് ചില പത്രമാധ്യമങ്ങൾ നടത്തുന്ന ജനവിരുദ്ധ നിലപാടുകളെ എങ്ങനെയാണ് പുറത്തുകൊണ്ടുവന്നത് എന്ന് സെൽഫ് ക്രിട്ടിക്കലായി ഞാൻ പറഞ്ഞപ്പോൾ ആ വിഷയം തീർന്നു. അതുപോലെ ജസ്റ്റിസ് മാർക്കണ്ഡേയ ഖട്ജു പത്രപ്രവർത്തനത്തിലെ വീഴ്ചകളെക്കുറിച്ച് പറഞ്ഞിട്ടുണ്ട്. വാർത്തകൾ ബ്രാന്റഡാക്കുക, paid news ആക്കുക, നോൺ ഇഷ്യുവിനെ ഇഷ്യുവാക്കി മാറ്റുക, ഇതൊക്കെയാണ് ഇന്ത്യയിലെ പത്രപ്രവർത്തകരുടെ തെറ്റുകളെന്ന് ജസ്റ്റിസ് മാർക്കണ്ഡേയ ഖട്ജു പറഞ്ഞിട്ടുണ്ട്. അതിന്റെ അർത്ഥം പത്രപ്രവർത്തകരെല്ലാം ശരിയാണെന്നല്ല. രാഷ്ട്രീയ പ്രവർത്തകരെല്ലാം ശരിയല്ലാത്തതുപോലെ പത്ര പ്രവർത്തകരും എല്ലാം ശരിയായിരിക്കില്ല. ജനറലായി ഒരു വിഷയത്തെ കാണുമ്പോൾ പത്രമാധ്യമങ്ങൾക്ക് നിർണ്ണായകമായ പങ്കാണുള്ളത്. ഫാസിസ്റ്റ് വിരുദ്ധം നമ്മൾ ഇത്രയധികം പ്രസംഗിച്ചിട്ടും ദൃശ്യമാധ്യമങ്ങളിൽ ഞാൻ നേരത്തെ പറഞ്ഞ ചില പ്രഗത്ഭരായ മാധ്യമ പ്രവർത്തകർ, പ്രത്യേകിച്ചും സ്ത്രീകളായ ശ്രീമതി സിന്ധു സൂര്യകുമാറും ശ്രീമതി ഷാനി പ്രഭാകരനുമൊക്കെ പറയുന്നതുപോലെ ഇത്ര ഷാർപ്പായി ശ്രീ. നരേന്ദ്ര മോദിയുടെ മുഖത്തുനോക്കി പറയുന്ന എത്രയാളുകളെ നമ്മൾ കണ്ടിട്ടുണ്ട്. കമ്മ്യൂണിസ്റ്റ് പാർട്ടി ശക്തിപ്പെടാൻ ഒരു പ്രധാന കാരണം കെ.പി.എ.സി.-യുടെ നാടകങ്ങളാണ്. എന്റെ സ്നേഹിതനായ മുകേഷിന്റെ അച്ഛൻ ഒ. മാധവൻ, അമ്മ ശ്രീമതി വിജയകുമാരി, വയലാർ, തോപ്പിൽഭാസി, കൃഷ്ണപിള്ള എന്നിവരൊക്കെ നാടകമെന്ന മാധ്യമത്തെ എന്തുമാത്രം പ്രയോജനപ്പെടുത്തിയിട്ടാണ് പാർട്ടി വലുതായത്. അപ്പോൾ മാധ്യമം എന്നുപറഞ്ഞാൽ വെറുമൊരു പത്രപ്രവർത്തനം മാത്രമല്ല.

<u>മി. സ്പീക്കർ</u>: സർവ്വകലാശാല സെനറ്റുമായി ബന്ധപ്പെട്ട ബില്ലിന്റെ ചർച്ചയാണ്. ബഹുമാനപ്പെട്ട അംഗം ദയവായി അവസാനിപ്പിക്കുക. ബാക്കിയുള്ള അംഗങ്ങൾക്ക് സംസാരിക്കണം.

<u>ശ്രീ. കെ. എൻ. എ. ഖാദർ</u>: സർ, സർവ്വകലാശാലകൾ ഇതൊക്കെയാണ് ചെയ്യേണ്ടത്. നിർഭാഗ്യവശാൽ ഇവിടത്തെ സർവ്വകലാശാലകൾ ഇക്കാര്യങ്ങളിലൊന്നും ഇടപെടാതെ പരീക്ഷകൾ മാത്രം നടത്തി കുട്ടികൾക്ക് മാർക്ക് കൂട്ടിക്കൊടുക്കുകയും പരീക്ഷാ പേപ്പറുകൾ വഴിയിലിടുകയുമാണ് ചെയ്യുന്നത്. കലയും സംസ്കാരവും മാധ്യമപ്രവർത്തനവും സർവ്വകലാശാലയുടെ പരിധിയിൽ വരുന്ന വിഷയമാണ്. പക്ഷേ സർവ്വകലാശാലകൾ ഇതൊന്നുമല്ലല്ലോ എന്ന്

സാറുപോലും ചോദിക്കാൻ കാരണം, സർവ്വകലാശാലകൾ നമ്മളെ വഴിതെറ്റിച്ചതുകൊണ്ടാണ്. സർവ്വകലാശാലകൾ നമ്മളെ വഴിതെറ്റിക്കുന്നുണ്ട് എന്നത് നമ്മൾ വിസ്മരിക്കാൻ പാടില്ല. അതുകൊണ്ട് സർവ്വകലാശാല എന്നുപറയുമ്പോൾ ആ പേര് ധ്വനിപ്പിക്കുന്നതുപോലെതന്നെ ഒരു മഹത്തായ സംഭവമാണ്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് ധാരാളം ആശയങ്ങളുണ്ട്. Unfortunately he is a theoretician, pragmatic അല്ല. ലെനിൻ പറഞ്ഞിട്ടുള്ളത് തിയറിയും പ്രാക്ടിക്കലുംകൂടി വരുമ്പോഴാണ് വിപ്ലവം നടത്താൻ സാധിക്കുന്നത് എന്നാണ്. അദ്ദേഹം theoretician ആണ്. ബഹുമാനപ്പെട്ട വൈദ്യുതി വകുപ്പുമന്ത്രി ശ്രീ. എം. എം. മണി Pragmatic ആണ്, അദ്ദേഹത്തിന് theory ഇല്ല. പ്രൊഫ. സി. രവീന്ദ്രനാഥ് theoretical ആണ്, പക്ഷെ പ്രാക്ടിക്കലല്ല. ഇവിടെ Theory, Practice, Dogmatism, Opportunism, Revisionism എന്നിവയെല്ലാമുണ്ട്. മുഖ്യമന്ത്രി ഇത് രണ്ടുമല്ല. അതാണ് ഇവിടത്തെ നിർഭാഗ്യകരമായ അവസ്ഥ. അതുകൊണ്ട് മാർക്സിസം/ലെനിനിസം വിഭാവനം ചെയ്ത തെറ്റുകളിൽനിന്നും മാറി, നേർമാർഗ്ഗത്തിലൂടെ സഞ്ചരിച്ചാൽ മാത്രമേ സർവ്വകലാശാലകളെ നമുക്ക് നന്നാക്കാൻ സാധിക്കുകയുള്ളൂ എന്നുമാത്രം പറഞ്ഞുകൊണ്ട് എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണനുവേണ്ടി ശ്രീ. അനിൽ അക്കര: സർ, 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2(ബി) ഭേദഗതി അവതരിപ്പിക്കുന്നു.

കേരളത്തിലെ ആദ്യത്തേതും ഏറ്റവും പ്രധാനപ്പെട്ടതുമായ യൂണിവേഴ്സിറ്റിയാണ് കേരള യൂണിവേഴ്സിറ്റി എന്നത് നമുക്കെല്ലാവർക്കും അറിയാവുന്നതാണ്. കേരളത്തിന്റെ കലയും സംസ്കാരവും ഭാഷയുമൊക്കെ സംരക്ഷിക്കാനാണ് തിരുവിതാംകൂർ സർവ്വകലാശാലയെ കേരള സർവ്വകലാശാലയാക്കി മാറ്റിയത്. സർവ്വകലാശാലയുമായി ബന്ധപ്പെട്ടും അതിന് അനുബന്ധമായുമുള്ള കാര്യങ്ങളെക്കുറിച്ചും നേരത്തെ സംസാരിച്ചവരെല്ലാം സൂചിപ്പിച്ചു. സർവ്വകലാശാലയുടെ അക്കാദമിക് കാര്യങ്ങളിലോ ഭൗതിക വിഷയങ്ങളിലോ മാറ്റം വരുത്താൻ വേണ്ടിയല്ല ഈ ബിൽ അവതരിപ്പിച്ചിട്ടുള്ളത്. തങ്ങൾക്ക് താല്പര്യമുള്ള ആളുകളെ ഇതിനകത്ത് കുത്തിക്കയറ്റാൻ വേണ്ടിയും പാർട്ടി സ്കൂൾ പോലെ ഇത് പിടിച്ചടക്കാൻ വേണ്ടിയുമുള്ള ഭേദഗതിയാണ് ഓർഡിനൻസായി ഇറക്കിയത്. ഓരോരോ കാര്യങ്ങളിലേയ്ക്ക് ഞാൻ പോകുന്നില്ല. 21-ാമത്തെ വകുപ്പിൽ 13 അംഗങ്ങളെ 12 ആക്കി ചുരുക്കിയിരിക്കുകയാണ്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിക്ക് വളരെ താല്പര്യമുള്ളതായതുകൊണ്ടാണ്

അദ്ദേഹം 13 എന്ന നമ്പർ ഉപയോഗിക്കുന്നത്. ഇവിടെ 13 എന്നുള്ളത് 12 ആക്കി ചുരുക്കിയിരിക്കുകയാണ്. വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അന്ധവിശ്വാസങ്ങളോട് താല്പര്യമുള്ളതുകൊണ്ടാണോ 13 എന്നുള്ളത് 12 ആക്കിയത് എന്ന സംശയം നിൽക്കുകയാണ്. എനിക്ക് 13-നോട് വലിയ താല്പര്യമാണ്. കാരണം അറ്റൻഡൻസ് ബുക്കിലെ എന്റെ നമ്പർ 13 ആണ്, 13 എന്ന നമ്പരിലാണ് ഞാൻ ഒപ്പിടുന്നത്. ബഹുമാന്യനായ ധനകാര്യ വകുപ്പുമന്ത്രിയുടെ നമ്പരും 13 ആണ്. ഇവിടെ 13 എന്നുള്ളത് 12-ലേയ്ക്ക് മാറ്റിയിരിക്കുകയാണ്. പട്ടികജാതിയുമായോ പട്ടികവർഗ്ഗവുമായോ ബന്ധപ്പെട്ട കാര്യത്തിൽ അത് ആറാക്കി കുറച്ചിരിക്കുകയാണ്. അങ്ങനെ ഓരോ അംഗങ്ങളെയും ഓരോ വിഷയത്തിലും ചുരുക്കി സർവകലാശാലകളെയും സിൻഡിക്കേറ്റിനെയും സെനറ്റിനെയും പാർട്ടി സ്കൂൾ പോലെ അതിന്റെ അച്ചടക്കം തങ്ങളുടെ കയ്യിലേയ്ക്ക് വരുന്ന രീതിയിലേയ്ക്ക് മാറ്റിയിരിക്കുകയാണ്.

യൂണിവേഴ്സിറ്റിയുമായി ബന്ധപ്പെട്ട് ധാരാളം കാര്യങ്ങൾ നമ്മുടെ മുന്നിലുണ്ട്. ജയിച്ചാലും ഡിഗ്രി സർട്ടിഫിക്കറ്റ് ഇല്ല, അതുപോലെതന്നെ വിദൂര കോഴ്സുകൾക്ക് അംഗീകാരമില്ല. യൂണിവേഴ്സിറ്റിക്ക് വൈസ് ചാൻസലറും പ്രോ-ചാൻസലറും രജിസ്ട്രാറുമില്ലാത്ത സാഹചര്യം നിലനിൽക്കുകയാണ്. അങ്ങനെയുള്ള കാര്യങ്ങൾ ശ്രദ്ധിക്കുന്നതിനുപകരം ഇങ്ങനെ വളഞ്ഞ വഴിയിലൂടെ അത് പിടിച്ചടക്കുന്നതിനുവേണ്ടി ശ്രമിക്കുന്നത് പ്രോത്സാഹിപ്പിക്കാൻ കഴിയുകയില്ല.

പ്ലസ് ടു കഴിഞ്ഞുവരുന്ന കൂടുതൽ കുട്ടികളും ബി.കോം-ന് ചേരാനാണ് താല്പര്യപ്പെടുന്നത്. പണ്ടത്തെപ്പോലെ എഞ്ചിനീയറിംഗിന് പോകുന്നില്ല. 90 ശതമാനത്തിനു മുകളിൽ മാർക്കുള്ള കുട്ടികൾക്ക് എഞ്ചിനീയറിംഗ് കോളേജുകളിൽ അഡ്മിഷൻ ഫ്രീയാണ്. 80 ശതമാനത്തിനു മുകളിൽ മാർക്കുള്ള കുട്ടികൾക്ക് 15000 രൂപ മാത്രമാണ് വാർഷിക ഫീസ്. 90 ശതമാനത്തിനു മുകളിൽ മാർക്കുള്ള കുട്ടികളെ മുഴുവൻ സൗജന്യമായി പഠിപ്പിക്കാൻ എഞ്ചിനീയറിംഗ് കോളേജ് തയ്യാറായി നിൽക്കുകയാണ്. അത് സാങ്കേതിക സർവ്വകലാശാലയുമായി ബന്ധപ്പെട്ട വിഷയങ്ങളാണ്. അതിലേയ്ക്ക് ദീർഘമായി കടന്നുപോകുന്നില്ല.

ആരോഗ്യ സർവ്വകലാശാല തൃശ്ശൂർ ജില്ലയിലെ വടക്കാഞ്ചേരി മണ്ഡലത്തിലെ മുളങ്കുന്നത്തുകാവിലാണ് പ്രവർത്തിക്കുന്നത്. ആ കാമ്പസിനോട് ചേർന്നാണ് തൃശ്ശൂർ മെഡിക്കൽ കോളേജ് പ്രവർത്തിക്കുന്നത്. മെഡിക്കൽ കോളേജ് പ്രിൻസിപ്പലിന്റെയും സൂപ്രണ്ടിന്റെയും പ്രധാന പണി എന്താണ്? കേടായ ലിഫ്റ്റ്, ഫാൻ, വീൽ ചെയറുകൾ എന്നിവ റിപ്പെയർ ചെയ്യുന്നതാണ് പണി. ആരോഗ്യ

സർവ്വകലാശാലയുടെ കാമ്പസിനുള്ളിലുള്ള തൃശ്ശൂർ മെഡിക്കൽ കോളേജിന്റെ സ്ഥിതി ഇതാണ്. അഡ്മിനിസ്ട്രേറ്റീവ് വിഭാഗത്തിലേയ്ക്ക് പുതിയ ആളുകളെ കൊണ്ടുവരുന്നില്ല. കോഴിക്കോട് മെഡിക്കൽ കോളേജുമായി ബന്ധപ്പെട്ട് 'നിപ' പോലുള്ള വിഷയങ്ങൾ വരുമ്പോൾ വളരെ ആക്ടീവായി ഇടപെടേണ്ട പ്രിൻസിപ്പൽ, സൂപ്രണ്ട് എന്നിവരുൾപ്പെടെയുള്ള ആളുകൾക്ക് മെഡിക്കൽ കോളേജിലെ ലിഫ്റ്റ് നന്നാക്കൽ, ട്യൂബ് ലൈറ്റ് മാറ്റൽ, വീൽ ചെയർ നന്നാക്കൽ തുടങ്ങിയ കാര്യങ്ങൾ ചെയ്യേണ്ടിവരുന്നു. പ്ലംബ്ബിംഗിന്റെ കാര്യങ്ങൾക്കുപോലും പ്രിൻസിപ്പലും സൂപ്രണ്ടുമൊക്കെ ഇടപെടേണ്ട സ്ഥിതിയിലേയ്ക്ക് പോകുകയാണ്. നമുക്ക് ധാരാളം സർവ്വകലാശാലകളുണ്ട്. സർവ്വകലാശാലകളിലെ ഭൗതികമായ സാഹചര്യങ്ങളും അക്കാദമിക് കാര്യങ്ങളുമൊക്കെ ബന്ധപ്പെട്ട തലത്തിലേയ്ക്ക് മാറ്റുന്നതിനുപകരം ഇങ്ങനെയുള്ള വിഷയങ്ങൾ മാത്രമാണ് ശ്രദ്ധിക്കുന്നത്.

95-98 ശതമാനം മാർക്കുള്ള കുട്ടികൾക്ക് മാത്രമാണ് എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് കോളേജിലും അതുപോലെ സെൽഫ് ഫിനാൻസ് കോളേജിലുമൊക്കെ അഡ്മിഷൻ കിട്ടുന്നത്. അതുകൊണ്ട് ഇവരൊക്കെ ആശ്രയിക്കുന്നത് പാരലൽ കോളേജുകളെയാണ്. കേരളത്തിൽ ഏറ്റവും കൂടുതൽ കുട്ടികൾ പഠിക്കുന്ന, ഏറ്റവും പ്രധാനപ്പെട്ട വിദ്യാഭ്യാസ സ്ഥാപനമെന്ന രീതിയിലേയ്ക്ക് പാരലൽ കോളേജുകൾ മാറിയിട്ടുണ്ട്. അവിടെ നിരവധി ആളുകൾ ജോലി ചെയ്യുന്നുണ്ട്. പാരലൽ കോളേജുകളെ പൂർണ്ണമായും അവഗണിക്കുന്ന സമീപനമാണ് സർക്കാർ സ്വീകരിക്കുന്നത്. അവരുടെ രജിസ്ട്രേഷൻ ഫീസ് കുത്തനെ വർദ്ധിപ്പിച്ചിരിക്കുന്നു. ഇക്കാര്യങ്ങളിലൊന്നും ഗവൺമെന്റ് ഇടപെടുന്നില്ല. അതുകൊണ്ട് പാരലൽ കോളേജുകളുടെ വിഷയത്തിൽ അടിയന്തരമായി ഗവൺമെന്റിന്റെ ശ്രദ്ധയുണ്ടാകണം.

പൊതുവിദ്യാഭ്യാസ രംഗത്ത് വലിയ മാറ്റമുണ്ടാക്കിയെന്നത് ഞാൻ സമ്മതിക്കുകയാണ്. ഞങ്ങളുടെ മണ്ഡലത്തിലൊക്കെ ഹൈസ്കൂളുകളെ ഹൈടെക്കാക്കുന്നതിനും പുതിയ കെട്ടിടം പണിയുന്നതിനും ഗവൺമെന്റിന് വലിയ താൽപര്യമുണ്ട്. അതിനെ സ്വാഗതം ചെയ്യാനും അഭിനന്ദിക്കാനും ഞാൻ ഈ അവസരം വിനിയോഗിക്കുകയാണ്. ഉന്നതവിദ്യാഭ്യാസ രംഗത്തേയ്ക്ക് വരുമ്പോൾ സെന്റ് തോമസ് ഉൾപ്പെടെയുള്ള ആട്ടോണമസ് കോളേജുകളോട് മത്സരിക്കുന്നത് സർക്കാർ കോളേജുകളാണ്. സർക്കാർ കോളേജുകളിൽ നാഥനില്ലാത്ത അവസ്ഥയുണ്ട്. പൊതുവിദ്യാഭ്യാസ രംഗത്ത് ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള സ്കൂളുകളിൽ ഭൗതിക സാഹചര്യങ്ങളുണ്ടായത് 1995-ലെ പഞ്ചായത്ത് രാജ് ഭേദഗതി അനുസരിച്ച് അവയുടെ സംരക്ഷണം

പഞ്ചായത്തുകളെയും ജില്ലാ പഞ്ചായത്തുകളെയും ഏൽപ്പിച്ചപ്പോഴാണ്. മെയിന്റനൻസ് ഗ്രാന്റ് വലിയ തോതിൽ പഞ്ചായത്തുകളിലേയ്ക്ക് വന്നപ്പോൾ അപ്പർ പ്രൈമറി വരെയുള്ള സ്കൂളുകൾ പഞ്ചായത്തുകളും ഹയർ സെക്കണ്ടറി ജില്ലാ പഞ്ചായത്തുകളും ഏറ്റെടുത്ത് നടത്തുകയാണ്. എന്തുകൊണ്ട് സർക്കാർ കോളേജുകളെ ജില്ലാ പഞ്ചായത്ത് പോലെയുള്ള ഉത്തരവാദിത്വമുള്ള ത്രിതല പഞ്ചായത്തുകളെ ഏൽപ്പിക്കാൻ കഴിയുന്നില്ല? ഒരു മേൽനോട്ടമുണ്ടായാൽ തീർച്ചയായും അതിന്റെ മെയിന്റനൻസ് ഉൾപ്പെടെയുള്ള കാര്യങ്ങളിൽ വലിയ മാറ്റമുണ്ടാക്കാൻ കഴിയും. സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും പഞ്ചായത്തിന്റെ പ്രതിനിധികളുണ്ട്. പഞ്ചായത്തിന്റെ പ്രതിനിധികൾക്ക് സെനറ്റിലും സിൻഡിക്കേറ്റിലും പോയി എന്ത് പറയാൻ സാധിക്കും? ഒന്നാം ക്ലാസ് മുതൽ പന്ത്രണ്ടാം ക്ലാസ് വരെയുള്ള കാര്യമാണോ അവിടെ ചർച്ച ചെയ്യേണ്ടത്? അക്കാദമിക് കാര്യങ്ങളിൽ ഇടപെടണമെന്നല്ല ഞാൻ സൂചിപ്പിക്കുന്നത്, അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്ന കാര്യത്തിൽ ജില്ലാ പഞ്ചായത്ത് ഉൾപ്പെടെയുള്ള സ്ഥാപനങ്ങളെ ഏൽപ്പിച്ചാൽ വലിയ മാറ്റമുണ്ടാകും. അതൊന്നും ചെയ്യാതെ ഏതോ കോടതിയുടെ ഉത്തരവ് വാങ്ങി ഒരു പാർട്ടിയെയോ സ്കൂളിനെയോ നിയന്ത്രിക്കുന്നതുപോലെ സർവ്വകലാശാലകളെ നിയന്ത്രിക്കുന്നത് ശരിയായ പ്രവണതയല്ലെന്നുമാത്രം സൂചിപ്പിച്ചുകൊണ്ട് സമയക്കുറവുകൊണ്ട് ഞാൻ നിർത്തുന്നു.

ശ്രീ. പി. ടി. തോമസ് :Sir, I move that- " This House resolves to disapprove The Kerala University (Alternate arrangements Temporarily Senate and Syndicate) Ordinance, 2018 (Ordinance No.36 of 2018)"

"കേരള സർവ്വകലാശാലയുടെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും അധികാരങ്ങൾ വിനിയോഗിക്കുന്നതിനും ചുമതലകൾ നിർവ്വഹിക്കുന്നതിനും താൽക്കാലിക ബദൽ ക്രമീകരണത്തിനുവേണ്ടിയുള്ള പ്രത്യേക വ്യവസ്ഥ.- (1) 1974-ലെ കേരള സർവ്വകലാശാല ആക്ടിലോ (1974-ലെ 17) അതിൻകീഴിൽ ഉണ്ടാക്കിയിട്ടുള്ള ഏതെങ്കിലും സ്റ്റാറ്റ്യൂട്ടിലോ റെഗുലേഷനിലോ ഓർഡിനൻസിലോ" എന്തുതന്നെ പറഞ്ഞിരുന്നാലും എന്ന് തുടങ്ങുന്ന ഈ ബദൽ സംവിധാനം വേണ്ടിവന്നതുതന്നെ 1974-ലെ ആക്ട് നിലവിൽ വന്നതിനുശേഷം ഇന്നുവരെ അതിന്റെ ഘടനയിൽ മാറ്റം വരുത്താൻ മാറിമാറി വന്നിട്ടുള്ള ഒരു ഗവൺമെന്റും തയ്യാറായിട്ടില്ല എന്നതിനാലാണ്. എന്നാൽ ആദ്യമായി ഈ ഗവൺമെന്റ് അതിന്റെ ഘടനയിൽ മാറ്റം വരുത്താൻ തയ്യാറായിരിക്കുന്നു എന്നുള്ളതാണ് ഒരു പ്രധാനപ്പെട്ട പ്രശ്നം. അങ്ങനെ ഘടനയിൽ മാറ്റം വരുത്താൻ തീരുമാനിച്ചതിനെയാണ് കോടതി ചോദ്യം ചെയ്യുകയും തൽക്കാലത്തേയ്ക്ക്

സെനറ്റിനെയും സിൻഡിക്കേറ്റിനെയും നോമിനേറ്റ് ചെയ്യേണ്ട സാഹചര്യം ഉണ്ടാകുകയും ചെയ്തത്. അത് ഗവൺമെന്റിന്റെ വീഴ്ചയാണെന്ന് പറയാൻ ഈ അവസരത്തിൽ ആഗ്രഹിക്കുകയാണ്. കണ്ണൂർ വി.സി.യാണ് മൂന്ന് മാസമായി കേരള യൂണിവേഴ്സിറ്റിയുടെ ചാർജ് വഹിക്കുന്നത്. യഥാർത്ഥത്തിൽ ഒരു പിൻസീറ്റ് ഡ്രൈവിംഗാണ് കേരള യൂണിവേഴ്സിറ്റിയിൽ നടക്കുന്നത്. ഇപ്പോൾ യൂണിവേഴ്സിറ്റിയിലെ ഒരു അദ്ധ്യാപകൻ, പേര് ഞാൻ പ്രത്യേകം പറയുന്നില്ല, ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാവുന്നതാണ്; അദ്ദേഹമാണ് രജിസ്ട്രാറുടെയും വി.സി.യുടെയും ഉത്തരവാദിത്വം നിർവ്വഹിക്കുന്നതെന്ന് അവിടെ അങ്ങാടിപ്പാട്ടാണ്. അദ്ദേഹം പാർട്ടിയോട് അനുഭാവമുള്ള ഒരു അദ്ധ്യാപകനാണ്. അദ്ദേഹം പ്രഗത്ഭനാണോ അല്ലയോ എന്നൊന്നും പറയാൻ ഞാൻ ആഗ്രഹിക്കുന്നില്ല, അത് എനിക്ക് അറിവുള്ള കാര്യവുമല്ല. അങ്ങനെയുള്ള ഒരു അദ്ധ്യാപകനാണ് കേരള യൂണിവേഴ്സിറ്റിയുടെ ഭരണത്തിന്റെ 90 ശതമാനവും നിയന്ത്രിക്കുന്നത്. അവരെയൊക്കെ ഉൾപ്പെടുത്തിക്കൊണ്ടുള്ള സിൻഡിക്കേറ്റ് എന്ന് പറയുമ്പോൾ എന്താണ് സംഭവിക്കാൻ പോകുന്നത് എന്നറിയാം. കേരള യൂണിവേഴ്സിറ്റിയെ യൂണിവേഴ്സിറ്റി കോളേജിന് തുല്യമാക്കി മാറ്റാനുള്ള പാർട്ടിപരമായ ആലോചനയുടെ പ്രതിഫലനം കൂടിയാണ് സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും നോമിനേഷൻ അല്ലെങ്കിൽ ബദൽ സംവിധാനമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. ക്വാളിറ്റി അഷ്വറൻസ് കൗൺസിൽ കഴിഞ്ഞ കുറേ വർഷങ്ങളായി കേരള യൂണിവേഴ്സിറ്റിയിൽ പ്രവർത്തിക്കുന്നതാണ്. അതിൽ എട്ട് അംഗങ്ങളാണ് ഉണ്ടായിരുന്നത്. അതിൽ അഞ്ച് അദ്ധ്യാപകർ ഇടതുപക്ഷ സംഘടനകളോട് ആഭിമുഖ്യം പുലർത്തുന്നവരായിരുന്നു. അവിടെ രാഷ്ട്രീയമോ മറ്റ് ചിന്തകളോ ഒന്നുമില്ലാതെ മുന്നോട്ട് പോകുകയായിരുന്നു. എന്നാൽ അതിനെപ്പോലും പിരിച്ചുവിട്ടുകൊണ്ട് ഒമ്പത് അംഗങ്ങളുള്ള സമിതി ഉണ്ടാക്കിയിരിക്കുകയാണ്. അതിനകത്ത് വ്യത്യസ്തമായ അഭിപ്രായമുള്ള ആരെയും ഉൾപ്പെടുത്താതെ ഒമ്പത് ആളുകളെയും കുത്തിനിറച്ച് യൂണിവേഴ്സിറ്റി കോളേജ് എങ്ങനെ പോകുന്നോ അതേ തലത്തിലേയ്ക്ക് യൂണിവേഴ്സിറ്റിയെ കൊണ്ടുപോകാനുള്ള ശ്രമമാണ് ഇന്നവിടെ നടന്നുകൊണ്ടിരിക്കുന്നതെന്ന് പറയേണ്ടിവന്നതിൽ ഖേദമുണ്ട്. അതുപോലെ ചർച്ചനടക്കുന്ന ചെറിയ കമ്മിറ്റികളെപ്പോലും നിർവീര്യമാക്കാനുള്ള ശ്രമമാണ് നടന്നുകൊണ്ടിരിക്കുന്നത്. അതിന്റെ ഏറ്റവും വലിയ ഉദാഹരണമാണ്, യൂണിവേഴ്സിറ്റി സ്റ്റാറ്റ്യൂട്ടിൽ ചട്ടങ്ങളിലൊന്നും സ്ഥാനമില്ലാതിരുന്നിട്ടുപോലും യൂണിവേഴ്സിറ്റിയുടെ ഒരു സിൻഡിക്കേറ്റ് അംഗം അടുത്തകാലത്ത് നടന്ന ചില വിവാദമായ നിയമനങ്ങളിൽ അദ്ധ്യക്ഷനായി പ്രവർത്തിച്ചു എന്നുള്ളത് വളരെ ഗൗരവമായി കാണേണ്ടതാണ്. യൂണിവേഴ്സിറ്റി ടീച്ചേഴ്സ് അപ്പോയ്മെന്റിൽ സിൻഡിക്കേറ്റ് അംഗത്തിന് ഇരിക്കാൻ സാധിക്കില്ല എന്നാണ് യൂണിവേഴ്സിറ്റി നിയമം. എന്നാൽ അത് ലംഘിച്ചുകൊണ്ടുള്ള പ്രവർത്തനമാണ് അവിടെ

നടക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു. അതുപോലെ ഇലക്ഷനിൽ തോറ്റവരെ നിയമിക്കാനുള്ള വേദിയായി യൂണിവേഴ്സിറ്റി അധ:പതിച്ചുകൂടാ. പ്യൂൺ, ടീച്ചർ നിയമനം മാത്രം ലക്ഷ്യം വച്ചുകൊണ്ടാണ് യൂണിവേഴ്സിറ്റിയിലുണ്ടാകുന്ന പരിഷ്കാരങ്ങൾ എന്ന് തോന്നുന്ന രീതിയിലാണ് പല കാര്യങ്ങളും മുന്നോട്ടുപോകുന്നത്. യു.ജി.സി. ഗുണനിലവാരം അട്ടിമറിക്കാനുള്ള ഒരു വേദിയായിട്ടാണ് സ്വാശ്രയ സ്ഥാപനങ്ങളെ ഇപ്പോൾ കാണുന്നത്. യു.ജി.സി. നിബന്ധന പാലിച്ചുകൊണ്ടുമാത്രമേ യൂണിവേഴ്സിറ്റി സെന്റർ സ്ഥാപിക്കാവൂ എന്നിരിക്കെ ഗവൺമെന്റ് നോംസ് പാലിക്കാതെ സർവ്വകലാശാലയുടെ ഭാഗമായി തുടങ്ങുന്ന പ്രവണത ശരിയല്ല. യൂണിവേഴ്സിറ്റിയുടെ സൽപ്പേര് മറയാക്കി ഇത്തരം സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നത് ചട്ടവിരുദ്ധമായിട്ടാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി തീരുന്നത് കൃത്യമായി അറിയാമായിരുന്നിട്ടും ജാഗ്രതയോടെ, ഉത്തരവാദിത്വത്തോടെ ഏറ്റെടുത്ത് കൃത്യസമയത്ത് പുന:സംഘടന നടത്താൻ കഴിയാത്തത് ഗവൺമെന്റിന്റെ വീഴ്ചയാണ്. യൂണിവേഴ്സിറ്റിയുടെ കീഴിൽ ഓട്ടോണമസ് സെൽഫ് ഫിനാൻസിംഗ് അടക്കമുള്ള സെക്ടർ ഉണ്ടെന്ന് പാടെ മറന്നാണ് ഈ പുന:സംഘടനയിൽ അതിന്റെ പ്രാതിനിധ്യം ഉണ്ടാക്കിയിരിക്കുന്നതെന്ന് പറഞ്ഞാൽ നൂറ് ശതമാനവും ശരിയാണ്. ഇന്നത്തെ വിദ്യാഭ്യാസ മേഖലയെ താങ്ങിനിർത്തുന്ന വിഭാഗങ്ങളിൽ സിൻഡിക്കേറ്റിന് പ്രാതിനിധ്യമില്ല. അത് ഗവൺമെന്റ് ഗൗരവതരമായി പരിശോധിച്ച് വേണ്ട ക്രമീകരണം നടത്തണമെന്ന് ആവശ്യപ്പെടുകയാണ്. ആക്ടും സ്റ്റാറ്റ്യൂട്ടും വന്ന കാലഘട്ടത്തിൽ ഉണ്ടായിരുന്നതിൽനിന്നും പതിന്മടങ്ങ് കോളേജുകൾ കേരള യൂണിവേഴ്സിറ്റിയിൽ വർദ്ധിച്ചിട്ടുണ്ട്. എന്റെ അറിവ് ശരിയാണെങ്കിൽ ഗവൺമെന്റ് എയ്ഡഡ് കോളേജുകളെക്കാൾ എത്രയോ കൂടുതലാണ് അൺ എയ്ഡഡ് കോളേജുകൾ. അൺ എയ്ഡഡ് മേഖലയിൽനിന്നും രണ്ടോളം ഓട്ടോണമസ് കോളേജുകളിൽനിന്നും യാതൊരു പ്രാതിനിധ്യവും സിൻഡിക്കേറ്റിലോ സെനറ്റിലോ കൊടുത്തിട്ടില്ലായെന്നാണ് ഞാൻ മനസ്സിലാക്കുന്നത്. അത് തീർച്ചയായും തെറ്റായ നടപടിയാണ്. അതോടൊപ്പംതന്നെ വളരെ സ്ട്രിക്ടായ റിസർച്ച് പോളിസിയാണ് യൂണിവേഴ്സിറ്റി അവലംബിച്ച് പോരുന്നത്. എന്നാൽ സർവ്വകലാശാലയിൽ നിലനിൽക്കുന്ന ആ പോളിസി യൂണിവേഴ്സിറ്റി ഡിപ്പാർട്ടുമെന്റിൽനിന്ന് ഒരു അദ്ധ്യാപകനെ മാത്രം നിയമിച്ചുകൊണ്ട്, മറ്റ് എയ്ഡഡ് കോളേജുകളിലും ഗവൺമെന്റ് കോളേജുകളിൽ നിന്നുമുള്ള അദ്ധ്യാപകർ വരുമ്പോൾ യഥാർത്ഥത്തിൽ റിസർച്ചിന്റെ പ്രൊ-സബ്മിഷനും ഓപ്പൺ ഡിഫൻസുമടക്കം സർവ്വകലാശാല കാലങ്ങളായി നിലനിർത്തി പോരുന്ന അതിന്റേതായ ഔന്നത്യം തകർന്നടിഞ്ഞ് പോകാനുള്ള സാധ്യതയും തള്ളിക്കളയാൻ കഴിയില്ല. ഈ ഗവേഷണങ്ങളുടെ ഗൗരവസ്വഭാവം നഷ്ടപ്പെടുമെന്ന

കാര്യവും ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുകയാണ്. നോമിനേറ്റഡ് അംഗങ്ങൾക്ക് അവരെ നോമിനേറ്റ് ചെയ്യുന്നവരോട് കൂറ് ഉണ്ടാകുന്നത് സ്വഭാവികമാണ്. ഇപ്പോൾത്തന്നെ കണ്ണൂർ യൂണിവേഴ്സിറ്റി വി.സി.-യെ നിയന്ത്രിച്ച് നിർത്തി ഭരണം നടത്തിക്കൊണ്ടുപോകുന്ന ആളുകളുടെമേൽ അവർക്ക് ഏൽപ്പിച്ച് കൊടുക്കുന്ന ഒന്നായാണ് യൂണിവേഴ്സിറ്റിയെ കാണാൻ കഴിയുന്നതെന്ന് ഞാൻ വിചാരിക്കുന്നു. കുട്ടികൾ ഏത് കോളേജിൽ പഠിക്കുന്നുവെന്നത് കുട്ടികളുടെ കുറ്റമല്ലല്ലോ. കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഡസൺ കണക്കിന് സ്വാശ്രയ കോളേജിലെ കുട്ടികളെ പ്രതിനിധാനം ചെയ്യുന്നവർക്ക് വിദ്യാർത്ഥി പ്രാതിനിധ്യം കൊടുക്കേണ്ടതല്ലേ? ആ കുട്ടികൾക്കോ അവിടെയുള്ള അദ്ധ്യാപകർക്കോ പ്രിൻസിപ്പാളിനോ പ്രാതിനിധ്യമുണ്ടോ? മാനേജ്മെന്റ് പ്രതിനിധിയെ വെട്ടിച്ചുരുക്കിയത് ആ മേഖലയിൽ തെരഞ്ഞെടുപ്പ് നടന്നാലുണ്ടാകാവുന്ന അനുഭവം എന്താണെന്ന് ബോധ്യം വരുന്നു എന്നുള്ളതുകൊണ്ടാണെന്ന് തെറ്റിദ്ധരിച്ചാൽ ഗവൺമെന്റിന് കുറ്റപ്പെടുത്താൻ കഴിയുമോ? അങ്ങനെയുള്ള കാര്യങ്ങൾ ഗൗരവതരമായി കാണണമെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ബി.ബി.എ., എം.സി.എ., ബി.സി.എ. തുടങ്ങിയ കോഴ്സുകൾ സംഘടിപ്പിക്കുന്ന യൂണിവേഴ്സിറ്റി ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി, അതുപോലെ യൂണിവേഴ്സിറ്റി കോളേജ് ഓഫ് ടീച്ചർ എഡ്യൂക്കേഷൻ തുടങ്ങിയവയുടെയെല്ലാം നിയന്ത്രണം ഇന്ന് ഡയറക്ടായി യൂണിവേഴ്സിറ്റിയുടെ കയ്യിലേയ്ക്ക് വരുന്നത് യു.ജി.സി.യുടെ പല നിബന്ധനകളെയും മറികടക്കാനുള്ള ഒരു ആയുധമായി ഉപയോഗിക്കുകയാണ്. യു.ജി.സി.യുടെ ചട്ടങ്ങൾ കർക്കശമാണ്. ആ ചട്ടങ്ങളൊന്നും ബാധകമല്ലാതെ ഇത്തരം ഡസൺ കണക്കിന് സ്ഥാപനങ്ങൾ യൂണിവേഴ്സിറ്റിയുടെ കീഴിലുണ്ടാക്കി പ്യൂണിനെയും ടീച്ചർമാരെയും ഇഷ്ടംപോലെ നിയമിക്കാനുള്ള മറയാക്കാനാണ് ഉദ്ദേശിക്കുന്നതെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്.

സെൽഫ് ഫിനാൻസിനെ അംഗീകരിക്കുന്നില്ലെങ്കിൽ എങ്ങനെയാണ് ഈ രംഗത്ത് ക്രോഡീകരിച്ചുകൊണ്ടുള്ള നിയമനങ്ങളും കാര്യങ്ങളും നടന്നിരിക്കുന്നതെന്ന കാര്യംകൂടി ആലോചിക്കേണ്ടതാണ്. എം.എൽ.എ.മാർ, ട്രേഡ് യൂണിയൻ നേതാക്കൾ, മാനേജർമാർ, നോൺ ടീച്ചിംഗ് സ്റ്റാഫ്, യൂണിവേഴ്സിറ്റി ജീവനക്കാർ, തദ്ദേശഭരണ സ്ഥാപനങ്ങൾ ഇവരുടെ പ്രതിനിധികളെയൊന്നും ഈ നോമിനേറ്റഡ് കമ്മിറ്റിയിൽ ഉൾപ്പെടുത്തിയതായി കാണുന്നില്ല. ആ ഗ്രൂപ്പിൽ നിന്നാരും യൂണിവേഴ്സിറ്റി ഭരണവുമായി ബന്ധപ്പെട്ട് വേണ്ടെന്നാണ് ഉദ്ദേശിക്കുന്നത്. സ്റ്റുഡന്റ്സ് സെന്ററിന്റെ ചുമതലയുണ്ടായിരുന്ന വിജയലക്ഷ്മി ടീച്ചറുടെ അനുഭവം നമുക്കറിയാം. യൂണിവേഴ്സിറ്റി യൂണിയന്റെ ഭാരവാഹികൾ ചെലവഴിച്ച തുകയുടെ കണക്ക് ചോദിച്ചതിന് പ്രഗത്ഭയായ

വിജയലക്ഷ്മി ടീച്ചറിന്റെ മുടിക്ക് പിടിക്കുകയും ആക്ഷേപിക്കുകയും പീഡിപ്പിക്കാൻ ശ്രമിക്കുകയും ചെയ്ത സംഭവംപോലും ഉന്നതരായ വ്യക്തികളുടെ ഭാഗത്തുനിന്നുണ്ടായ കാലഘട്ടത്തിലാണ് സർക്കാരിന്റെ പരിപൂർണ്ണ നിയന്ത്രണത്തിൽ ചുട്ടെടുത്ത അപ്പം പോലുള്ള സിൻഡിക്കേറ്റും സെനറ്റും വരുന്നത് എന്നുള്ളത് ഗൗരവതരമായി കാണേണ്ട വസ്തുതയായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്.

മറ്റൊരു കാര്യം എനിക്ക് ചൂണ്ടിക്കാണിക്കാനുള്ളത്, ബഹുമാനപ്പെട്ട മന്ത്രി പൊതുവിദ്യാഭ്യാസത്തെക്കുറിച്ചും വിദ്യാഭ്യാസ യജ്ഞത്തെക്കുറിച്ചുമൊക്കെ ധാരാളം പറയുന്നുണ്ട്. കേരളത്തിൽ അറുപതോളം മലയാളം അദ്ധ്യാപകരുടെ പോസ്റ്റ് ഒഴിഞ്ഞുകിടക്കുകയാണ്. ഞാനിത് വെറുതെ പറയുന്നതല്ല. ഉദാഹരണത്തിന് കേരളത്തിലെ മിക്ക ഗവൺമെന്റ് ആർട്സ് ആൻഡ് സയൻസ് കോളേജുകളിലും നാലും അഞ്ചും വർഷം പിന്നിട്ടിട്ടും മലയാളം അദ്ധ്യാപകരെ നിയമിക്കാൻ കഴിഞ്ഞിട്ടില്ല. മലയാളം ശ്രേഷ്ഠഭാഷയായെന്നും മലയാളത്തിനുവേണ്ടിയാണ് ജീവിക്കുന്നതെന്നുമൊക്കെ വീമ്പിളക്കുകയും അല്ലെങ്കിൽ അതിനുവേണ്ടിയുള്ള നിലപാട് സ്വീകരിച്ചുവെന്ന് അഭിമാനിക്കുകയും ചെയ്യുമ്പോൾ ഇങ്ങനെയുള്ള നടപടി ന്യായീകരിക്കാൻ കഴിയുന്നതാണോ? അറുപത് പോസ്റ്റുകൾ ഫിൽ ചെയ്യാൻ കിടക്കുകയാണ്. ഒരു മലയാളം അദ്ധ്യാപകനെ നിയമിക്കാൻ കഴിയുന്നില്ല. ഇംഗ്ലീഷ്, കണക്ക് അതുപോലെയുള്ള മറ്റ് വിഷയങ്ങൾക്കൊക്കെ അദ്ധ്യാപകരെ നിയമിച്ചപ്പോഴും മലയാളം അദ്ധ്യാപകരെ നിയമിക്കാൻ തയ്യാറായിട്ടില്ല. അതിന്റെ കാരണം വ്യക്തമാക്കേണ്ടതുണ്ട്. പരിപൂർണ്ണമായും ഗവൺമെന്റിന്റെ കൺട്രോളിലുള്ള സിൻഡിക്കേറ്റും സെനറ്റുംകൂടി വരുമ്പോൾ മലയാളം പഠിപ്പിക്കേണ്ട അദ്ധ്യാപകരോടുള്ള ഈ ചിറ്റമ്മനയം തുടരുമോയെന്ന് ഭയപ്പെടേണ്ടതുണ്ട്. ഇംഗ്ലീഷിന് 103-ഉം കെമിസ്ട്രിക്ക് 43- ഉം കണക്കിന് 39-ഉം ഫിസിക്സിന് 33-ഉം എക്കണോമിക്സിന് 31-ഉം ഉദ്യോഗാർത്ഥികൾക്ക് നിയമനം നൽകിയപ്പോൾ ഒരു മലയാളം അദ്ധ്യാപകനെപ്പോലും നിയമിച്ചിട്ടില്ലെന്നുള്ളത് മലയാളികൾക്ക് അഭിമാനിക്കാൻ കഴിയുന്നതാണോ? മലയാളം അദ്ധ്യാപകരുടെ അറുപതോളം ഒഴിവുകളുണ്ടെന്നുള്ളത് ബഹുമാനപ്പെട്ട മന്ത്രി മറന്നുപോകാൻ പാടില്ലാത്ത കാര്യമാണെന്ന് വ്യക്തമാക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

ഒരു കാര്യംകൂടി പറഞ്ഞ് ഞാൻ അവസാനിപ്പിക്കാം. എന്റെ കയ്യിലിരിക്കുന്നത് ലോക്കൽ ഫണ്ട് ഓഡിറ്റിന്റെ കണക്കാണ്. കേരള സർവ്വകലാശാല സ്വന്തമായ അക്കൗണ്ടിംഗ് ചട്ടങ്ങളോ നിബന്ധനകളോ സാമ്പത്തിക അച്ചടക്കമോ പാലിക്കുന്നില്ലെന്ന ഗുരുതരമായ ആക്ഷേപങ്ങൾ നിയമസഭാ കമ്മിറ്റി ചൂണ്ടിക്കാണിച്ചിട്ടുണ്ട്. അക്കൗണ്ട് സൂക്ഷിപ്പിനും വാർഷിക കണക്കുകൾ തയ്യാറാക്കുന്നതിനും കേരള ഫിനാൻഷ്യൽ കോഡ്, കേരള

അക്കൗണ്ട്സ് കോഡ്, കേരള ട്രഷറി കോഡ് ഇവയൊക്കെ സർവ്വകലാശാലകൾ, പ്രത്യേകിച്ച് കേരള സർവ്വകലാശാല പരിപൂർണ്ണമായും അവഗണിക്കുന്ന എന്നുള്ളതാണ്. അതോടൊപ്പം 1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെഷൻ 9 (i) പ്രകാരം സാമ്പത്തിക വർഷം അവസാനിച്ച് നാല് മാസത്തിനകം കണക്കുകളൊക്കെ ശരിപ്പെടുത്തേണ്ടതാണ്. എന്നാൽ അതൊന്നും ചെയ്യാൻ കേരള സർവ്വകലാശാലയ്ക്ക് കഴിയുന്നില്ല. അതുപോലെ സ്റ്റോർ പർച്ചേസ് നിയമങ്ങൾ പാലിക്കപ്പെടുന്നില്ല. അതോടൊപ്പം പെൻഷൻ ഫണ്ട് നടത്തിപ്പിൽ വ്യാപകമായ ക്രമക്കേട് നടക്കുന്നു. ഇങ്ങനെയുള്ള നിരവധി പ്രശ്നങ്ങൾ നടക്കുമ്പോൾ ഈ നോമിനേറ്റഡ് സിൻഡിക്കേറ്റും സെനറ്റുംകൂടി വന്നാൽ അതെല്ലാം പൂർത്തിയാകുമെന്ന് മാത്രമേ പറയാനുള്ളൂ. കേരള സർവ്വകലാശാല സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം എന്നുള്ളത് പാർട്ടി നിയമിക്കപ്പെടുന്ന കുറെ ആളുകൾ കേരള സർവകലാശാലയുടെ ഭരണം ശക്തമായി കൈപ്പിടിയിലൊതുക്കി അവശേഷിക്കുന്ന ജനാധിപത്യ അവകാശങ്ങൾകൂടി കവർന്നെടുക്കാനുള്ള ബോധപൂർവ്വമായ ഒരു ശ്രമമാണെന്ന് ചൂണ്ടിക്കാണിക്കാൻ ഞാൻ ആഗ്രഹിക്കുന്നു. അതുകൊണ്ട് ദയവായി സർക്കാർ ഇതിൽനിന്ന് പിന്തിരിയണമെന്ന ആവശ്യം മുന്നോട്ടുവയ്ക്കുകയാണ്.

<u>ശ്രീ. എൻ. എ. നെല്ലിക്കുന്ന്</u>: സർ, ഞാൻ ഈ നിരാകരണ പ്രമേയത്തെ പിന്താങ്ങുകയാണ്. ഞാൻ പ്രസംഗിക്കാൻ തയ്യാറായാണ് വന്നതെങ്കിലും കൂടുതൽ പ്രസംഗിക്കുന്നില്ല. ഇഫ്താറിനെക്കുറിച്ച് ചെയർ ഓർമ്മപ്പെടുത്തിയതുകൊണ്ട് ഞാൻ പെട്ടെന്ന് നിർത്താം.

ഈ ബിൽ അവതരിപ്പിക്കുന്നതിനെക്കാളും സർവ്വകലാശാലകൾ നന്നാക്കാനുള്ള നടപടികളാണ് ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതെന്നാണ് എനിക്ക് വളരെ വിനയപൂർവ്വം പറയാനുള്ളത്. നമ്മുടെ സർവ്വകലാശാലയെക്കുറിച്ച് 2016-ൽ മനോരമയിൽ 'കണ്ണീർ കുടിപ്പിക്കും സർവ്വകലാശാലകൾ' എന്ന പേരിൽ അഞ്ച് ദിവസത്തെ ഒരു പരമ്പര വന്നിരുന്നു. ആ ദുരവസ്ഥ ഇപ്പോഴും നമ്മുടെ സർവ്വകലാശാലകളിൽ നിലനിൽക്കുന്നുവെന്ന് എന്നെക്കാൾ കൂടുതൽ ബഹുമാനപ്പെട്ട മന്ത്രിക്ക് അറിയാമെന്ന് ഞാൻ വിശ്വസിക്കുന്നു. അതിന്റെ ഓരോ കാര്യത്തിലേയ്ക്കും ഞാൻ കടക്കുന്നില്ല.

സർവ്വകലാശാലകളുടെ അക്കാഡമിക് സ്വഭാവവും സ്വയം ഭരണാധികാരവും ലംഘിക്കുകയാണ് ഈ ബില്ലിലൂടെ സർക്കാർ ചെയ്യുന്നതെന്ന് പറയേണ്ടിവരുന്നതിൽ എനിക്ക് വളരെയധികം ഖേദമുണ്ട്. ശ്രീ. പി. ടി. തോമസ്

സൂചിപ്പിച്ചതുപോലെ സർക്കാരിന്റെ നോമിനികൾ ഏകപക്ഷീയമായി ഈ സമിതികളിൽ വരുന്നതോടെ സർവ്വകലാശാലകളുടെ സ്വയംഭരണാവകാശത്തിന് സമ്പൂർണ്ണ നിയന്ത്രണം കൊണ്ടുവരുന്ന എന്നതാണ് ഈ ബില്ലുകൊണ്ട് സർക്കാർ ഉദ്ദേശിക്കുന്നത്. സെനറ്റും സിൻഡിക്കേറ്റും എന്നുപറയുമ്പോൾ അത് നമ്മുടെ സമൂഹത്തിന്റെ ഒരു പരിച്ഛേദമാണെന്ന് നമുക്കെല്ലാവർക്കും അറിയാം. സമൂഹത്തിന്റെ ഗ്രിപ്പാണ് ഈ ബില്ലിലൂടെ നഷ്ടപ്പെടാൻ പോകുന്നത്. ഭരണക്കാർക്ക് സ്വന്തം ആളുകളെ തിരുകിക്കയറ്റാനുള്ള വലിയൊരു അവസരമാണ് ഈ ബില്ലിലൂടെ സംജാതമാകുന്നത്. തീരുമാനങ്ങൾ ഏകപക്ഷീയമാകും. അതിവിടെ ശ്രീ. പി. ടി. തോമസ് സൂചിപ്പിച്ചുകഴിഞ്ഞു.

ഇന്ത്യൻ സർവ്വകലാശാലയുടെ ചരിത്രത്തിൽ സമാനമായൊരു സ്ഥിതിവിശേഷം കൊളോണിയൽ വാഴ്ചക്കാലത്ത് മാത്രമാണ് കാണാൻ കഴിഞ്ഞിരുന്നത്. 1904-ൽ വൈസ്രോയിയായിരുന്ന കഴ്സൺ പ്രഭു കൊണ്ടുവന്ന ഇന്ത്യൻ സർവ്വകലാശാല നിയമത്തിലെ വ്യവസ്ഥകൾക്ക് സമാനമാണിത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി പറയുന്നതുപോലെയായിരുന്നു അന്ന് കഴ്സൺ പ്രഭുവും പറഞ്ഞിരുന്നത്. വിദ്യാഭ്യാസത്തിന്റെ സർവ്വതോന്മുഖമായ പുരോഗതി ഉദ്ദേശിച്ചാണ് ഈ നിയമമെന്നായിരുന്നു അന്ന് കഴ്സൺ പ്രഭു പറഞ്ഞിരുന്നത്. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ പലതരത്തിലുള്ള കാഴ്ചപ്പാടുകളെയും അഗാധമായ പാണ്ഡിത്യത്തെയും ബഹുമാനിക്കുന്ന ഒരാളാണ് ഞാൻ. അങ്ങയെ ചരിത്രം മറ്റൊരു കഴ്സൺ പ്രഭുവായി ചിത്രീകരിക്കുന്ന അവസ്ഥയുണ്ടാകാൻ പാടില്ല. ചരിത്രത്തിൽ അങ്ങയെക്കുറിച്ച് അങ്ങനെ ആരും അടയാളപ്പെടുത്താൻ പാടില്ലെന്ന ആത്മാർത്ഥമായ ആഗ്രഹം എനിക്കുണ്ട്. അതുകൊണ്ട് അത്തരത്തിലുള്ള ഒരാളെന്ന നിലയിൽ അങ്ങ് ഈ ബിൽ കൊണ്ടുവന്നതിൽ വളരെയധികം വിഷമമുണ്ടെന്ന് അങ്ങയെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

തെരഞ്ഞെടുക്കപ്പെട്ട സെനറ്റുകളുടെ എണ്ണത്തെ ഗണ്യമായി കുറച്ചുകൊണ്ടും സർവ്വകലാശാലകൾക്കുണ്ടായിരുന്ന അവകാശങ്ങളെ കവർന്നെടുത്തുകൊണ്ടും സർക്കാർ നിയന്ത്രണം സർവ്വകലാശാലകൾക്കുമേൽ ഉറപ്പിക്കുകയായിരുന്നു കഴ്സൺ പ്രഭുവിന്റെ ലക്ഷ്യം. വളർന്നുവരുന്ന ദേശീയ പ്രക്ഷോഭത്തിന്റെ പ്രഭവ കേന്ദ്രങ്ങളായിരുന്ന കാമ്പസുകളെ തകർക്കുകയായിരുന്നു ബ്രിട്ടീഷുകാരുടെ ലക്ഷ്യമെന്ന് നമുക്കെല്ലാം അറിയാം. ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രി ആ മാതൃക പിന്തുടരുന്നത് വളരെയധികം ഖേദകരമാണെന്ന് ഒരിക്കൽക്കൂടി സൂചിപ്പിക്കാൻ ഞാൻ ആഗ്രഹിക്കുന്നു.

ജനാധിപത്യ സംവിധാനങ്ങളോട് ഈ സർക്കാരിന് ഒരു ബഹുമാനവും ഇല്ലെന്നുള്ളതാണ് ഈ ബില്ലുകൊണ്ട് അർത്ഥമാക്കുന്നതെന്ന് ഞാനിവിടെ സൂചിപ്പിക്കുകയാണ്. സർക്കാർ നാമനിർദ്ദേശംവഴി സർക്കാരിന്റെ താല്പര്യം മാത്രം സംരക്ഷിക്കുന്ന ഒരു സംവിധാനമായി സർവ്വകലാശാലകൾ മാറുകയാണ് ചെയ്യുന്നത്. ഈ സർക്കാരിനെ കൊളോണിയൽ ഭ്രതം ആവേശിച്ചിരിക്കുന്നുവെന്ന് പറഞ്ഞാൽ അധികം ആളുകളും അതിനോട് വിയോജിക്കുമെന്ന് തോന്നുന്നില്ല. സെനറ്റും സിൻഡിക്കേറ്റും ഇല്ലാതാക്കാനല്ല സർക്കാരും മന്ത്രിയും തുനിയേണ്ടത്. നമ്മുടെ സർവ്വകലാശാലകളുടെ നിലവാരത്തെയും അടിസ്ഥാന സൗകര്യങ്ങളെയും മെച്ചപ്പെടുത്തുന്നതിനുവേണ്ടി ധാരാളം കാര്യങ്ങൾ ബഹുമാനപ്പെട്ട മന്ത്രിക്ക് ചെയ്യാൻ സാധിക്കുമെന്ന കാര്യത്തിൽ യാതൊരു സംശയവുമില്ല.

ചില കാര്യങ്ങൾകൂടി അങ്ങയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുന്നു. നമ്മുടെ സർവ്വകലാശാലകളിൽനിന്ന് കുട്ടികൾക്ക് ഡിഗ്രി സർട്ടിഫിക്കറ്റുകൾ ലഭിക്കുന്നതിലുള്ള കാലവിളംബത്തെക്കുറിച്ച് നമുക്കെല്ലാവർക്കും അറിയാം. റിസൾട്ടിനോടൊപ്പം ഡിഗ്രി സർട്ടിഫിക്കറ്റുകളും ലഭ്യമാക്കാനും എല്ലാ യൂണിവേഴ്സിറ്റികളിലെയും റിസൾട്ട് ഒരേസമയത്ത് പ്രസിദ്ധീകരിക്കാനുമുള്ള നടപടി സർക്കാരിന്റെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടത് അത്യാവശ്യമാണ്.

വിദൂര വിദ്യാഭ്യാസ കേന്ദ്രങ്ങൾ പുനഃസ്ഥാപിച്ച് പ്രാദേശികമായി മുഴുവൻ സമയ പഠനകേന്ദ്രങ്ങൾ ആരംഭിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. പിന്നോക്ക ജില്ലകളിൽ കൂടുതൽ ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ആരംഭിക്കണം. വിദ്യാഭ്യാസ പിന്നോക്കാവസ്ഥ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ വിദഗ്ദ്ധ സമിതിയെ നിയമിക്കണമെന്നുള്ള നിർദ്ദേശം ഞാൻ അങ്ങയുടെ മുമ്പിൽ വയ്ക്കുകയാണ്.

യൂണിവേഴ്സിറ്റികളുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ ഫയലുകൾ ഡിജിറ്റലൈസ് ചെയ്യേണ്ടത് അത്യന്താപേക്ഷിതമാണ്. സർവ്വകലാശാലകൾക്ക് സ്ഥിരം അദ്ധ്യാപകരെയും അനദ്ധ്യാപകരെയും അനുവദിക്കണം. ഇന്നിപ്പോൾ നമ്മുടെ കോളേജുകൾ പ്രവർത്തിക്കുന്നത് ഗസ്റ്റ് ലക്ചറർമാരെക്കൊണ്ടാണെന്ന് നമുക്കെല്ലാം അറിയാം. കാസർഗോഡ് ഗവൺമെന്റ് കോളേജ് പ്രവർത്തിക്കുന്നതുതന്നെ ഗസ്റ്റ് ലക്ചറർമാരെക്കൊണ്ടാണ്. അതുകൊണ്ട് സ്ഥിരം അദ്ധ്യാപകരെ കോളേജിൽ നിയമിക്കാനുള്ള നടപടിയുണ്ടാകണമെന്നാണ് എനിക്ക് പറയാനുള്ളത്.

[അദ്ധ്യക്ഷവേദിയിൽ മി. ഡെപ്യൂട്ടി സ്പീക്കർ]

ഗസ്റ്റ് ലക്ചറർമാരെ മാത്രമല്ല, കോളേജുകളിൽ താൽക്കാലിക പ്രിൻസിപ്പാൾമാരെ നിയമിക്കാൻ പാടില്ല; സ്ഥിരം പ്രിൻസിപ്പാൾമാരെ നിയമിക്കണമെന്നുള്ള കോടതി വിധിപോലും വന്നിട്ടുണ്ട്. മാത്രമല്ല, അങ്ങനെ നിയമിക്കുന്ന പ്രിൻസിപ്പാൾമാർ പിഎച്ച്.ഡി. ബിരുദധാരികളായിരിക്കണം എന്നുകൂടി വിധിയിൽ പറഞ്ഞിട്ടുണ്ടെന്ന് ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിക്ക് അറിയാം. അതുപോലെതന്നെ സ്റ്റാറ്റ്യൂട്ടറി ഓഫീസർമാരെ നിയമിക്കുമ്പോൾ അക്കാദമിക മികവ് പോലെതന്നെ അവരുടെ കാര്യപ്രാപ്തിയും പരിഗണിക്കണമെന്നുള്ള നിർദ്ദേശംകൂടി എനിക്ക് വയ്ക്കാനുണ്ട്. സ്വയംഭരണം ഉറപ്പുവരുത്താൻ കൃത്യസമയത്തുതന്നെ സെനറ്റിലേയ്ക്കും സിൻഡിക്കേറ്റിലേയ്ക്കും തെരഞ്ഞെടുപ്പ് നടത്തേണ്ടതുണ്ട്. എന്നാൽ, നമ്മളിപ്പോൾ ആ സെനറ്റിനെയും സിൻഡിക്കേറ്റിനെയുമാണ് ഇല്ലാതാക്കുന്നത്. ഞാൻ ദീർഘിപ്പിക്കുന്നില്ല.

കാസർഗോഡ് ഗവൺമെന്റ് കോളേജിനെ സെന്റർ ഓഫ് എക്സലൻസായി ഉയർത്താൻ അങ്ങയോട് നിരവധി തവണ ആവശ്യപ്പെട്ടിട്ടുണ്ട്. തലശ്ശേരി ബ്രണ്ണൻ കോളേജിനുശേഷം മലബാർ ഭാഗത്തുള്ള ഏറ്റവും ഉന്നതമായ ഒരു കോളേജാണ് അതെന്ന് നമുക്കെല്ലാവർക്കുമറിയാം. സെന്റർ ഓഫ് എക്സലൻസായി ഉയർത്താനുള്ള എല്ലാ സംവിധാനങ്ങളും സൗകര്യങ്ങളും ആ കോളേജിലുണ്ട്. അതിന് അനുകൂലമായ ഒരു നടപടിയുണ്ടാകണം. അതുപോലെതന്നെ അംഗീകാരമില്ലാത്ത അൺഎയ്ഡഡ് സ്കൂളുകൾ അടച്ചുപൂട്ടാനുള്ള സർക്കാരിന്റെ കർശനമായ നിർദ്ദേശമാണുള്ളത്. കച്ചവടക്കണ്ണുകളോടുകൂടി പ്രവർത്തിക്കുന്ന ധാരാളം അൺഎയ്ഡഡ് സ്കൂളുകളുണ്ട്. അത് പൂട്ടേണ്ടത് വളരെ അത്യന്താപേക്ഷിതമാണ്. പക്ഷെ, കോർപ്പറേറ്റ് മാനേജ്മെന്റിന്റെ കീഴിൽ പ്രവർത്തിക്കുന്ന, നാടിന് സേവനം ചെയ്യണം, പാവപ്പെട്ട കുട്ടികൾക്ക് വിദ്യാഭ്യാസം നൽകണം എന്ന സാമൂഹിക പ്രതിബദ്ധതയോടുകൂടി പ്രവർത്തിക്കുന്ന അംഗീകാരമില്ലാത്ത ധാരാളം അൺഎയ്ഡഡ് സ്കൂളുകളുണ്ട്. അത്തരം സ്കൂളുകൾക്ക് അംഗീകാരം നൽകുന്ന കാര്യത്തിൽ ഗവൺമെന്റിന്റെ ഭാഗത്തുനിന്ന് അനുഭാവപൂർവ്വമായ ഒരു നിലപാടുണ്ടാകണമെന്നാണ് എനിക്ക് ഇതുസംബന്ധിച്ച് പറയാനുള്ളത്.

മറ്റൊന്ന്, പൊതുവിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തിന്റെ ഭാഗമായി ഓരോ മണ്ഡലത്തിലും കുറേ സ്കൂളുകളെ മികവിന്റെ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുണ്ട്. എന്റെ മണ്ഡലത്തിലും ഒരു സ്കൂൾ കിട്ടി. ഒരു സ്കൂളിനെ മികവിന്റെ കേന്ദ്രമാക്കി മാറ്റുമ്പോൾ ചിലപ്പോൾ ആ സ്കൂൾ മറ്റ് സ്കൂളുകളെക്കാൾ അടിസ്ഥാന സൗകര്യങ്ങളുള്ള വിദ്യാഭ്യാസ സ്ഥാപനമായിരിക്കും. അതുകൊണ്ട് അത്തരം സ്കൂളുകളിൽ അടിസ്ഥാന സൗകര്യങ്ങളൊരുക്കുമ്പോൾ അടിസ്ഥാന സൗകര്യങ്ങളില്ലാത്ത സ്കൂളുകൾ വിസ്മൃതിയിലായിപ്പോകരുത്, അത്തരം സ്കൂളുകളെക്കൂടി പരിഗണിക്കണം.

അടിസ്ഥാന സൗകര്യങ്ങൾ തീരെയില്ലാത്ത വിദ്യാഭ്യാസ സ്ഥാപനങ്ങൾ ഓരോ മണ്ഡലത്തിലുമുണ്ട്. അതുകൊണ്ട് അത്തരം സ്കൂളുകളെക്കൂടി പരിഗണിക്കണം.

ഗവൺമെന്റ് തലത്തിൽ പ്രവർത്തിക്കുന്ന ധാരാളം എൽ.പി./യു.പി. സ്കൂളുകളുണ്ട്. കാലാകാലങ്ങളായി അപ്ഗ്രഡേഷൻ കാത്തിരിക്കുന്ന എൽ.പി./യു.പി. സ്കൂളുകളാണവ. അത്തരം സ്കൂളുകളെ അപ്ഗ്രേഡ് ചെയ്യുന്ന നടപടി ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകണം. ഇക്കാര്യം ഞാൻതന്നെ പലതവണ ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുള്ളതാണ്. ഇപ്പോൾ മലയാളം ശ്രേഷ്ഠഭാഷയാക്കി. മലയാളമെന്ന് പറയുമ്പോൾ നമ്മുടെ സിരകളിൽ രക്തമോടുന്നുണ്ട്. പക്ഷെ, ഒരു കാര്യം ഈ സഭയിൽ വളരെ ഖേദത്തോടുകൂടി പറയാൻ ആഗ്രഹിക്കുന്നു. എന്റെ നിയോജകമണ്ഡലമായ കാസർഗോഡ് മലയാളം മീഡിയം ഹൈസ്കൂളില്ലാത്ത ഒരു പഞ്ചായത്തുണ്ടെന്ന് പറഞ്ഞാൽ മലയാളം ശ്രേഷ്ഠഭാഷയായി അംഗീകരിച്ച സംസ്ഥാനത്തിനുതന്നെ അത് നാണക്കേടാണ്. കുമ്പഡജെ പഞ്ചായത്ത് കാസർഗോഡ് നിയോജകമണ്ഡലത്തിലുള്ളതാണ്. ആ പഞ്ചായത്തിൽ ഒരു മലയാളം മീഡിയം ഹൈസ്കൂളുണ്ടാക്കാൻ ഇതുവരെ സാധിച്ചിട്ടില്ല. അതുംകൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ഞാൻ ആഗ്രഹിക്കുകയാണ്.

ലാഭകരമല്ലാത്തതും ലാഭകരമായതും എന്നുപറഞ്ഞ് സ്കൂളുകളെ നമ്മൾ വേർതിരിച്ചിരിക്കുകയാണ്. അങ്ങനെ ഒരിക്കലും പറയാൻ പാടില്ല. സ്കൂൾ എന്നുപറയുന്നത് വിദ്യാഭ്യാസ സ്ഥാപനമാണ്, കച്ചവടസ്ഥാപനമല്ല. നമ്മൾ ഒരു പീടികയിൽ കച്ചവടം നടത്തിയാൽ അത് ലാഭകരമാണോ അല്ലയോ എന്ന് പറയാൻ സാധിക്കും. ഒരു സ്കൂൾ നമുക്ക് ലാഭകരമാണ്, ലാഭകരമല്ലാത്തതെന്ന് ഒരിക്കലും പറയാൻ സാധിക്കില്ല. എന്നാൽ, ഗവൺമെന്റ് തലത്തിൽ പ്രവർത്തിക്കുന്ന ഒരു എൽ.പി. സ്കൂളായാലും യുപി. സ്കൂളായാലും 25-30 കുട്ടികളെ വച്ച് നടത്തിക്കൊണ്ടുപോകുക എന്നുപറയുന്നത് ഒരു സർക്കാരിനെ സംബന്ധിച്ചിടത്തോളം ഏറ്റവും വലിയ സാമ്പത്തിക ബാദ്ധ്യതയാണ് എന്ന കാര്യത്തിൽ യാതൊരു തർക്കവുമില്ല. കുട്ടികൾ 20-25 ആയിരിക്കും, അദ്ധ്യാപകർ അഞ്ചോ ആറോ കാണും. അത് വലിയ ബാദ്ധ്യതയാണ്. ഒരു ഗ്രാമത്തിലെ കുട്ടികൾക്ക് ആ ഗ്രാമത്തിലുള്ള സ്കൂളല്ലാതെ ആശ്രയിക്കാൻ മറ്റൊന്ന് ഉണ്ടാകണമെന്നില്ല. അതുകൊണ്ട് അത്തരം സ്കൂളുകൾ നമുക്ക് പൂട്ടാനും കഴിയുകയില്ല. സർക്കാരിനെ സംബന്ധിച്ചിടത്തോളം അത് അൺ-ഇക്കണോമിക്കലാണ്. അക്കാര്യത്തിൽ നമുക്ക് എന്തുചെയ്യാൻ സാധിക്കുമെന്നതിനെക്കുറിച്ച് ആലോചിക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന് പറയാൻ ഞാൻ ആഗ്രഹിക്കുന്നു.

അതുപോലെ ഇപ്പോൾ വിദ്യാഭ്യാസ സംരക്ഷണ യജ്ഞത്തെക്കുറിച്ച് പറയുന്നുണ്ട്. സ്കൂൾ തുറന്നു, പഠിപ്പിക്കാൻ ആളില്ല എങ്കിൽ എങ്ങനെയാണ് നമ്മുടെ വിദ്യാഭ്യാസം മുന്നോട്ടുകൊണ്ടുപോകുന്നത്? പല സ്കൂളുകളിലും അദ്ധ്യാപകരില്ല. എയ്ഡഡ് സ്കൂളുകളിൽ നിയമിക്കപ്പെട്ട അദ്ധ്യാപകരുടെ അപ്പോയ്മെന്റ് രണ്ടും മൂന്നും വർഷമായിട്ടും അംഗീകരിക്കാതെ കിടക്കുകയാണ്. അത്തരം കാര്യങ്ങളിൽക്കൂടി ബഹുമാനപ്പെട്ട മന്ത്രിയുടെ ഭാഗത്തുനിന്ന് വളരെ അനുകൂലമായ നിലപാട് പ്രതീക്ഷിക്കുകയാണ്.

യു.ജി.സി. ഗ്രാന്റ് കിട്ടണമെങ്കിൽ മൾട്ടി ഫാക്കൽറ്റി കോളേജുകളാകണം എന്നതാണ് നിബന്ധന. ഓറിയന്റൽ കോളേജുകൾ മൾട്ടി ഫാക്കൽറ്റി കോളേജുകളാക്കുന്നതിന് ഗവർണറുടെ അസെന്റിന് അയച്ചിട്ടുണ്ട്. അതിപ്പോൾ കോൾഡ് സ്റ്റോറേജിലാണ് എന്നാണ് മനസ്സിലാക്കുന്നത്. അക്കാര്യത്തിൽ ബഹുമാനപ്പെട്ട മന്ത്രി ഇടപെടണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കാനുള്ളത്. ഞാൻ ദീർഘിപ്പിക്കുന്നില്ല. ഞാൻ നേരത്തെ പറഞ്ഞതുപോലെ, ഇത്തരത്തിലുള്ള കുറേ കാര്യങ്ങൾ നമുക്ക് ചെയ്യാനുണ്ട്. നമ്മുടെ സർവ്വകലാശാലകളുടെ നിലവാരം ഉയർത്തേണ്ടതുണ്ട്. എനിക്കുണ്ടായ ഒരനുഭവം ഞാൻ പറയാം, കഴിഞ്ഞ പ്രാവശ്യം എന്റെ ഒരു ബന്ധു കേരള യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള ഒരു കോളേജിൽനിന്ന് പഠിച്ച് പാസ്സായി ഗൾഫ് നാട്ടിൽ നല്ലൊരു ജോലിയും കിട്ടി. എന്നാൽ സർട്ടിഫിക്കറ്റിനുവേണ്ടി പഠിച്ച കോളേജിൽ പോയപ്പോൾ മൂന്ന് മാസമാണ് അതിനായി ഓടേണ്ടി വന്നത്. അവസാനം ഗൾഫിൽ ലഭിച്ച ജോലിയും പോയി. നമ്മുടെ വിദ്യാർത്ഥികളെയും രക്ഷകർത്താക്കളെയും ബുദ്ധിമുട്ടിക്കുന്ന ഇതിനെക്കാളും മോശമായ പ്രവണതകൾ എല്ലാ സർവ്വകലാശാലകളിലും കാണുന്നുണ്ട്. അത്തരം കാര്യങ്ങൾക്ക് ഒരു വിരാമമിടാൻ, കുട്ടികൾക്കും രക്ഷകർത്താക്കൾക്കും അവരുടെ ജീവിതത്തിൽ പുതിയ പ്രതീക്ഷകൾ നൽകാൻ, അവർക്ക് നല്ലൊരു ഭാവിയുണ്ടാക്കാൻ ഇത്തരം ദുരവസ്ഥ പരിഹരിക്കുന്നതിനുള്ള ഒരു നടപടിയാണ് ഈ ബില്ലിനെക്കാൾ മുമ്പ് ബഹുമാനപ്പെട്ട മന്ത്രി ചെയ്യേണ്ടിയിരുന്നത്. അങ്ങേയ്ക്ക് ഈയൊരു ബിൽ അവതരിപ്പിക്കേണ്ടി വന്നല്ലോയെന്നോർത്ത് ഞാൻ വിലപിക്കുന്നു. ഞാൻ നേരത്തെ പറഞ്ഞതുപോലെ, അങ്ങ് പല കാര്യങ്ങളിലും നല്ല കാഴ്ചപ്പാടും അഗാധമായ പാണ്ഡിത്യവുമുള്ള ആളാണ്. അങ്ങയുടെ ആ പാണ്ഡിത്യത്തെയും കാഴ്ചപ്പാടിനെയും ആദരിച്ചുകൊണ്ട് ഈ നിരാകരണ പ്രമേയത്തെ ഞാൻ പിന്തുണയ്ക്കുന്നു; എന്റെ വാക്കുകൾ ഉപസംഹരിക്കുന്നു.

4.00 PM]

ശ്രീ. എസ്. ശർമ്മയ്ക്കുവേണ്ടി ശ്രീ. ആർ. രാജേഷ്: സർ, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ

ക്രമീകരണം) ബിൽ പൊതുജനാഭിപ്രായം ആരായുന്നതിനായി 30/06/2018 വരെ സർക്കുലേറ്റ് ചെയ്യണമെന്ന 1 (എ) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർവ്വകലാശാലകളെ സംബന്ധിച്ച് വ്യക്തമായ കാഴ്ചപ്പാട് ഗവൺമെന്റിനുള്ളതുകൊണ്ടാണ് ഇത്തരമൊരു നിയമനിർമ്മാണത്തിലേയ്ക്ക് കടന്നത്. അല്ലാതെ പ്രത്യേകിച്ചൊരു ഓർഡിനൻസ് പുറത്തിറക്കണമെന്ന താൽപ്പര്യത്തിന്റെ ഭാഗമായല്ല. കേരള സർവ്വകലാശാലയുടെ കീഴിൽ നൂറുകണക്കിന് കോളേജുകളുണ്ട്. ആ കോളേജുകളിലൊക്കെ പതിനായിരക്കണക്കിന് വിദ്യാർത്ഥികൾ പഠിക്കുന്നുമുണ്ട്. അവിടെ ഒരു ഭരണ പ്രതിസന്ധിയുണ്ടാകാൻ പാടില്ലെന്ന താൽപ്പര്യത്തിന്റെ ഭാഗമായാണ് ഈ ഓർഡിനൻസ് പുറപ്പെടുവിച്ചിരിക്കുന്നത്.

യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് 2014 മേയ് 17-ാം തീയതി കേരള സർവ്വകലാശാലയുടെ സെനറ്റും സിൻഡിക്കേറ്റും പുനഃസംഘടിപ്പിച്ചപ്പോൾ ജനാധിപത്യപരമായ അവകാശങ്ങൾ ഇല്ലാതാക്കി സർവ്വകലാശാലകളെ കശാപ്പ ചെയ്യുകയാണ് ചെയ്തത്. മുമ്പ് പ്രസംഗിച്ച ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, ഏതെങ്കിലുമൊരു പാർട്ടിയുടെ ജില്ലാ കമ്മിറ്റി തീരുമാനം പോലെയല്ല, ഹൈക്കമാന്റ് തീരുമാനമാണോയെന്ന് സംശയിക്കുന്ന നിലയിൽ സെനറ്റിലേക്കും സിൻഡിക്കേറ്റിലേക്കും തങ്ങൾക്ക് ഇഷ്ടപ്പെട്ടയാളുകളെ മാത്രം തിരുകിക്കയറ്റി ജനാധിപത്യപരമല്ലാത്ത രീതിയിൽ സർവ്വകലാശാലകൾ പിടിച്ചെടുക്കുന്നൊരു തീരുമാനം യു.ഡി.എഫ്. ഗവൺമെന്റ് സ്വീകരിച്ചിരുന്നു. അത്തരമൊരു തീരുമാനത്തിലേക്കൊന്നും ഈ ഗവൺമെന്റ് പോകുന്നില്ല. 2014 മേയ് 17-ാം തീയതി നിങ്ങൾ കോൺസ്റ്റിറ്റ്യൂട്ട് ചെയ്ത സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി നാല് വർഷക്കാലമാണ്. 2018 മേയ് 16 ആകുമ്പോൾ അതിന്റെ കാലാവധി അവസാനിക്കുകയാണ്. കാലാവധി അവസാനിക്കുമ്പോൾ പുതിയ സെനറ്റിനെയും സിൻഡിക്കേറ്റിനെയും തെരഞ്ഞെടുക്കുന്നതിനാവശ്യമായ നടപടികളിലേയ്ക്ക് നിലവിലുള്ള സർവ്വകലാശാല ഭരണസമിതി പോയിട്ടുണ്ട്. എന്നാൽ ആ തെരഞ്ഞെടുപ്പ് നടപടി നിർത്തിവയ്ക്കണമെന്ന കോടതിവിധി ഉണ്ടാകുകയാണ്. ആരാണ് അത്തരമൊരു വിധി പുറപ്പെടുവിക്കുന്നതിനുവേണ്ടി കോടതിയിലേയ്ക്ക് പോയത്? യു.ഡി.എഫ്.ന്റെ കാലത്തുണ്ടായിരുന്ന സിൻഡിക്കേറ്റ് മെമ്പർമാരാണ് കോടതിയിൽ പോയത്. യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് നിയമിച്ച സിൻഡിക്കേറ്റ് അംഗങ്ങളും വി.സി.യും തമ്മിൽ സർവ്വകലാശാലയ്ക്കകത്ത് ആഭ്യന്തരമായ പ്രശ്നങ്ങൾ ഉണ്ടായിരുന്നുവെന്നത് യാഥാർത്ഥ്യമാണ്. അതെല്ലാം പത്രമാധ്യമങ്ങളിലൂടെ നമ്മൾ

കണ്ടതാണ്. ആ സിൻഡിക്കേറ്റ് മെമ്പർമാരാണ് ഈ തെരഞ്ഞെടുപ്പ് നടത്താൻ പാടില്ലെന്ന് പറയുന്നത്. സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് കൂടുതൽ നിയന്ത്രണവും അധികാരവുമുള്ളൊരു സർവ്വകലാശാലയും അതിന്റെ സിൻഡിക്കേറ്റാകാൻ പാടില്ലെന്ന നിലപാട് ഗവൺമെന്റ് സ്വീകരിച്ചതിന്റെ ഭാഗമായി ജനാധിപത്യപരമായി സർവ്വകലാശാലയുടെ സെനറ്റിനെയും സിൻഡിക്കേറ്റിനെയും പുനഃസംഘടിപ്പിക്കാൻ തീരുമാനിക്കുന്നു. അതിൽ രണ്ട് കാര്യങ്ങൾ ചൂണ്ടിക്കാണിക്കുന്നുണ്ട്. ഒന്ന്, സർക്കാർ കോളേജിലെ പ്രിൻസിപ്പാൾമാർ സെനറ്റിലേയ്ക്ക് തെരഞ്ഞെടുക്കപ്പെടുമ്പോൾ അൺ-എയ്ഡഡ് സ്ഥാപനത്തിലെ പ്രിൻസിപ്പാൾമാർക്ക് വോട്ട് രേഖപ്പെടുത്താം. എയ്ഡഡ് സ്ഥാപനത്തിലെ പ്രിൻസിപ്പാൾമാരുടെയും മേഖല വരുമ്പോൾ അൺ-എയ്ഡഡ് സ്ഥാപനത്തിലെ പ്രിൻസിപ്പാൾമാർക്ക് വോട്ട് രേഖപ്പെടുത്താം. അങ്ങനെ സർക്കാർ സ്ഥാപനത്തിലെ പ്രിൻസിപ്പാളിനെയും എയ്ഡഡ് മേഖലയിലെ പ്രിൻസിപ്പാളിനെയും തെരഞ്ഞെടുക്കാൻ സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനത്തിലെ പ്രിൻസിപ്പാൾമാർക്ക് അധികാരം കൊടുക്കുന്നൊരു കീഴ്വഴക്കം മാറ്റുകയാണ് ഈ ഗവൺമെന്റ് ചെയ്തത്. സ്വകാര്യ സ്ഥാപനത്തിലെ പ്രിൻസിപ്പാൾമാരുടെ മേഖലയിൽ തെരഞ്ഞെടുപ്പ് നടത്തുമ്പോൾ അവർക്ക് വോട്ട് ചെയ്യാം. എയ്ഡഡ് സ്ഥാപനത്തിലെ പ്രിൻസിപ്പാൾമാർ അവരുടെ റെപ്രസെന്റേറ്റീവ്സിനെ തെരഞ്ഞെടുക്കുന്നതിന് ആ മേഖലയിൽ നിന്നുമാത്രം വോട്ട് രേഖപ്പെടുത്തിയാൽ മതിയെന്ന് പറയുന്ന തികച്ചും ജനാധിപത്യപരമായൊരു തീരുമാനത്തിന് എതിരായാണ് സിൻഡിക്കേറ്റ് മെമ്പർമാർ കോടതിയിലേക്ക് പോയത്. സ്റ്റാൻഡിംഗ് കൗൺസിലല്ല, പി.വി.സി. തീരുമാനിച്ചൊരു സ്വകാര്യ അഭിഭാഷകനാണ് ആ കേസ് വാദിച്ചത്. അത്തരം കാര്യങ്ങൾകൂടി ഗവൺമെന്റ് പരിശോധിക്കുമെന്നാണ് കരുതുന്നത്. തെരഞ്ഞെടുപ്പ് നടക്കാത്തതുകൊണ്ട് ഒരു പുതിയ സിൻഡിക്കേറ്റോ സെനറ്റോ അധികാരത്തിലേയ്ക്ക് വരാത്ത സ്ഥിതിയുണ്ടായി. മേയ് 16-ാം തീയതി പഴയ സിൻഡിക്കേറ്റിന്റെയും സെനറ്റിന്റെയും കാലാവധി അവസാനിക്കുമ്പോൾ സർവ്വകലാശാലയ്ക്കകത്ത് ഒരു ഭരണ പ്രതിസന്ധിയുണ്ടാകാൻ പാടില്ല എന്നതുകൊണ്ടാണ് ഇത്തരമൊരു ഓർഡിനൻസ് ഗവൺമെന്റ് പുറത്തിറക്കിയിട്ടുള്ളത്. എനിക്കുമുമ്പ് പ്രസംഗിച്ച അംഗങ്ങൾ ചൂണ്ടിക്കാണിച്ചതുപോലെ കണ്ണൂർ ഡി.സി.യുടെ തീരുമാനപ്രകാരമല്ല. മുമ്പ് ഹൈക്കമാന്റിന്റെ തീരുമാനപ്രകാരമായിരുന്നു നിങ്ങൾ സെനറ്റിനെയും സിൻഡിക്കേറ്റിനെയും നിയമിച്ചത്. തങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെ കാലിക്കറ്റ് സർവ്വകലാശാലയുടെ വി.സി. ആയി നിയമിക്കുകയും യോഗ്യതയില്ലാത്ത ആളുകളെ കണ്ണൂർ സർവ്വകലാശാലയുടെ വി.സി. ആയി നിയമിക്കുകയുമാണ് ചെയ്തത്. നിയമപ്രകാരമല്ലാതെ ജനാധിപത്യ ധ്വംസനം നടത്തി കേരള സർവ്വകലാശാല

പിടിച്ചെടുത്തത് ഏത് തീരുമാനത്തിന്റെ ഭാഗമായിട്ടായിരുന്നു? ആ സന്ദർഭത്തിൽ ഞങ്ങൾ റൂൾ 50 അവതരിപ്പിച്ച് അക്കാലത്തെ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിരുന്നു. ജനാധിപത്യപരമെന്ന് പറയുമ്പോൾ ഏറ്റവും പ്രാധാന്യം കൊടുക്കേണ്ടത് സ്റ്റുഡൻസിനല്ലേ? നിങ്ങൾ മുമ്പ് തീരുമാനിച്ച സിൻഡിക്കേറ്റിനകത്ത് ഒരു വിദ്യാർത്ഥി പ്രതിനിധിയെ ഉൾപ്പെടുത്തിയിരുന്നോ? ഒരു കലാലയത്തിന്റെ, കാമ്പസിന്റെ ഗതി നിർണ്ണയിക്കപ്പെടുന്ന സർവ്വകലാശാലയുടെ ഭരണനേതൃത്വത്തിലേക്ക് ഒരു വിദ്യാർത്ഥി പ്രതിനിധിയുണ്ടാകണമെന്ന് നിയമസഭയിൽ ഞങ്ങൾ എത്രയോ തവണ ആവശ്യപ്പെട്ടു. അതിനെ കശാപ്പ് ചെയ്തവരല്ലേ നിങ്ങൾ? ഒരു വിദ്യാർത്ഥി പ്രതിനിധിയെ സിൻഡിക്കേറ്റിൽ ഉൾപ്പെടുത്താൻ തയ്യാറാകാത്തൊരു കാലഘട്ടം ഉണ്ടായിരുന്നു. അവിടെയാണ് വിദ്യാർത്ഥി പ്രതിനിധികൾ, പ്രിൻസിപ്പാൾമാർ ജനാധിപത്യപരമായി തെരഞ്ഞെടുക്കപ്പെടണമെന്ന നിലപാട് സ്വീകരിച്ചിട്ടുള്ളത്. ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്കൊന്നും പോകുന്നില്ല.

കേരള സർക്കാർ ശരിയായ ദിശയിൽ തന്നെയാണ് മുന്നോട്ടുപോകുന്നത്. എല്ലാ സർവ്വകലാശാലകളെയും ശരിയായ ദിശയിൽ നയിച്ചുകൊണ്ട് മുന്നോട്ടുപോകുകയാണ്. പൊതുവിദ്യാഭ്യാസ രംഗത്തെ ശാക്തീകരിച്ച് സമാനതകളില്ലാത്ത നിലയിൽ നേട്ടങ്ങളുണ്ടാക്കുകയും ഉന്നത വിദ്യാഭ്യാസ മേഖലയെക്കൂടി ശക്തിപ്പെടുത്താനാവശ്യമായ നടപടികൾ സ്വീകരിച്ചു കൊണ്ടിരിക്കുകയുമാണ്. സർവ്വകലാശാലകളെ കുറേക്കൂടി മെച്ചപ്പെട്ട നിലയിലേയ്ക്ക് മാറ്റണം.

1937-ൽ സ്ഥാപിതമായ കേരള സർവ്വകലാശാലയാണ് ആദ്യത്തെ സർവ്വകലാശാല. ഞാൻ ചരിത്രത്തിലേയ്ക്ക് പോകുന്നില്ല. മഹാനായ ആൽബർട്ട് ഐൻസ്റ്റീനെ ഒരു unsuccessful effort എന്ന നിലയിലാണ് ഒരുപക്ഷേ ക്ഷണിച്ച് സർവ്വകലാശാലയുടെ വി.സി.യാക്കാൻ ആഗ്രഹിച്ചത്. അത്തരം മഹത് വ്യക്തികളെ ക്ഷണിച്ച് സർവ്വകലാശാലയുടെ സാരഥ്യത്തിലേയ്ക്ക് കൊണ്ടുവരാൻ പരിശ്രമിച്ച മാതൃസർവ്വകലാശാലയാണ് കേരള സർവ്വകലാശാല. ചരിത്രപരമായി ഒട്ടേറെ തീരുമാനമെടുത്ത സർവ്വകലാശാലയാണത്. 1977-ൽ ഇന്ത്യയിൽ ആദ്യമായി സ്റ്റുഡന്റ് റെപ്രസെന്റേറ്റീവിന് അംഗീകാരം കൊടുത്ത, ലോക മലയാള സമ്മേളനം സംഘടിപ്പിച്ച സർവ്വകലാശാലയാണ് കേരള സർവ്വകലാശാല. ശ്രീ. കെ.എൻ.എ. ഖാദർ ചൂണ്ടിക്കാണിച്ച കാര്യം വളരെ പ്രസക്തമാണ്. ലോകത്തെ ചില സർവ്വകലാശാലകളുടെ നിലവാരത്തിലേയ്ക്ക് നമ്മുടെ സർവ്വകലാശാലകൾ മാറുന്നില്ലെന്നത് ഒരു യാഥാർത്ഥ്യമാണ്.

സർവ്വകലാശാലകളുടെ പ്രധാന ഉത്തരവാദിത്വം ഗവേഷണം നടത്തുക എന്നുള്ളതാണ്. ലോകത്തിലെ പല സർവ്വകലാശാലകളും ഗവേഷണ തല്പരരായി നോബൽപ്രൈസ് ലക്ഷ്യമിട്ടു കൊണ്ടുള്ള നടപടികളിലേക്ക് പോകുമ്പോൾ നമുക്ക് അത്തരമൊരു ടാർജറ്റിലേയ്ക്ക് പോകാൻ കഴിയുന്നില്ല. അത്തരം ടാർജറ്റ് ഇട്ടുകൊണ്ട് സർവ്വകലാശാലകളെ ശക്തിപ്പെടുത്താനാവശ്യമായ നടപടികളിലേയ്ക്ക് പോകണം. ചരിത്രത്തിലാദ്യമായി വിവിധ സർവ്വകലാശാലകളുടെ ഗവേഷണ താല്പര്യം മുൻനിർത്തി അതിനാവശ്യമായ ലബോറട്ടറികൾ, ലൈബ്രറികൾ, അക്കാഡമിക് ഇൻസ്റ്റിറ്റ്യൂഷൻസ് എന്നിവ സ്ഥാപിക്കുന്നതിനും അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിനുമായി 789 കോടി രൂപ വകയിരുത്തിക്കൊണ്ടാണ് ഈ ഗവൺമെന്റ് മുന്നോട്ടുപോകുന്നത്. കഴിഞ്ഞ അഞ്ച് വർഷക്കാലത്തെ സ്ഥിതിയല്ല ഇപ്പോഴുള്ളത്. കഴിഞ്ഞ അഞ്ച് വർഷക്കാലം ജനാധിപത്യപരമല്ലാത്ത രീതിയിൽ സർവ്വകലാശാലകളെ കൊണ്ടുപോയി. അക്കാഡമിക് സമിതികളുടെ താളം തെറ്റിച്ചു. ഉന്നതസ്ഥാനങ്ങളിൽ ആളുകളെ നിയമിക്കുന്നതിൽ രാഷ്ട്രീയം, ജാതി, മതം എന്നിവയുടെ പരിഗണനയാണ് നൽകിയത്. കഴിഞ്ഞ യു.ഡി.എഫ്. ഗവൺമെന്റിന്റെ കാലത്ത് ഏത് സർവ്വകലാശാലയിലെയും നിയമനം സംബന്ധിച്ച് നോക്കിയാൽ അങ്ങനെയാണ് പരിഗണിച്ചിരുന്നതെന്ന് മനസ്സിലാക്കാം. ഇന്ന സർവ്വകലാശാലയുടെ വി.സി. ഇന്ന ജാതി, ഇന്ന മതം, ഇന്നയാൾ, ഇന്ന രാഷ്ട്രീയം, കണ്ണൂർ സർവ്വകലാശാലയുടെ വി.സി. ആയിരുന്ന ആളുടെ യോഗ്യത എന്തായിരുന്നു? അദ്ദേഹം കോൺഗ്രസ് സീറ്റിൽ മത്സരിച്ചുവെന്ന യോഗ്യത മാത്രമേ ഉണ്ടായിരുന്നുള്ളൂ. മത്സരിച്ചു തോൽക്കുമ്പോൾ ഒരു സർവ്വകലാശാലയുടെ വി.സി.യുടെ ചുമതലയിലേക്ക് അയാളെ നിയമിക്കുകയാണ്. ജാതി-മത-രാഷ്ട്രീയ താല്പര്യങ്ങൾ വച്ചുപുലർത്തിയിരുന്ന കാലത്തുനിന്നും ജനാധിപത്യപരമായി സർവ്വകലാശാലയെ കൊണ്ടുപോകുന്നതിനുള്ള വലിയ പരിശ്രമങ്ങൾ നടത്തുകയാണ്. സ്വാശ്രയ സ്ഥാപനത്തിൽ സാമൂഹ്യനിയന്ത്രണവും അക്കാഡമിക് മികവും ഉറപ്പുവരുത്തുന്നതിനുവേണ്ടി ഈ ഗവൺമെന്റ് പൊതുസമൂഹത്തോട് പറഞ്ഞ കാര്യങ്ങളൊക്കെ നടപ്പിലാക്കിക്കൊണ്ടുവരികയാണ്. ജസ്റ്റിസ് കെ. കെ. ദിനേശൻ കമ്മിറ്റിയെ നിയോഗിച്ച് സർവ്വകലാശാലകളുടെ പ്രശ്നങ്ങൾ പഠിക്കുന്നതിനും പരിഹരിക്കുന്നതിനും ആവശ്യമായ നടപടികൾ സ്വീകരിച്ചു വരികയാണ്. അക്കാഡമിക് മാസ്റ്റർ പ്ലാൻ തയ്യാറാക്കി സർവ്വകലാശാലകളെ ശക്തിപ്പെടുത്താനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. ഗവേഷണം പ്രോൽസാഹിപ്പിക്കാൻ കൈരളി ഗവേഷണ പുരസ്കാരം ഏർപ്പെടുത്തുകയാണ്. സിലബസ് നിർമ്മാണത്തിന് സർവ്വകലാശാലകളെ ചുമതലപ്പെടുത്തുന്ന

നടപടികൾ ആരംഭിച്ചുവരികയാണ്. ടീച്ചിംഗ്/നോൺ ടീച്ചിംഗ് സ്റ്റാഫിനെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. മുമ്പ് ഒരംഗം ചൂണ്ടിക്കാണിച്ചതുപോലെ, ഇത്തരം പ്രധാനപ്പെട്ട ഉന്നത വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കരാർ അടിസ്ഥാനത്തിൽ അദ്ധ്യാപകർ ഉണ്ടാകാൻ പാടില്ല. അതായത്, സ്ഥിരം അദ്ധ്യാപകരെ നിയമിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. ഒന്നുരണ്ട് വർഷം കഴിയുമ്പോൾ മാറിപ്പോകുന്ന കരാർ അദ്ധ്യാപകരല്ല നമ്മുടെ ഉന്നത വിദ്യാഭ്യാസമേഖലയിൽ സേവനമനുഷ്ഠിക്കേണ്ടത്. നിലവിലുള്ള അത്തരം അദ്ധ്യാപകരെ പടിപടിയായി കുറച്ച് സീറോ സ്റ്റേജിൽ കൊണ്ടുവന്ന് സ്ഥിരാദ്ധ്യാപകരെ പരിപൂർണ്ണമായി നിയമിക്കാനാവശ്യമായ നടപടികൾ സ്വീകരിക്കണം. ഡിജിറ്റലൈസേഷൻ നടപടികൾ, ലൈബ്രറികൾ പഠനകേന്ദ്രമാക്കുന്ന നടപടികൾ എന്നിവ ആരംഭിച്ചിട്ടുണ്ട്, അത് വേഗത്തിൽ പൂർത്തീകരിക്കാനാവശ്യമായ നടപടി സ്വീകരിക്കണം. സ്കോളർഷിപ്പുകൾ കൂടുതലായി കൊടുക്കുന്നതിനാണ് നടപടി സ്വീകരിച്ചിട്ടുള്ളത്. കേരളാ ഗവൺമെന്റ് കൂടുതൽ സ്കോളർഷിപ്പ് കൊടുക്കുമ്പോൾ കേന്ദ്ര ഗവൺമെന്റ് സ്കോളർഷിപ്പ് കുറയ്ക്കാനുള്ള നടപടി സ്വീകരിക്കുകയാണ്. ഇപ്പോൾ ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മാനേജ്മെന്റ് ആൻഡ് ടെക്നോളജി, ജംഷഡ്പൂർ യൂണിവേഴ്സിറ്റി, ജെ.എൻ.യു. പോലുള്ള സ്ഥാപനങ്ങളിലൊക്കെ സ്കോളർഷിപ്പുകൾ കുറയ്ക്കുകയാണ്. സ്കോളർഷിപ്പ് കുറയ്ക്കുന്നത് കേന്ദ്രസർക്കാരാണ്. എന്തുകൊണ്ടാണ് കുറയ്ക്കുന്നത്? സർവ്വകലാശാലകളിലെ സ്കോളർഷിപ്പ് കുറയ്ക്കുന്നതിൽ കേന്ദ്ര സർക്കാരിന് അജണ്ടയുണ്ട്. ഈ സർവ്വകലാശാലകളുടെ ജനാധിപത്യപരമായ, ശാസ്ത്രീയമായ വളർച്ചയൊന്നും ഇഷ്ടപ്പെടാത്ത ഒരു സെൻട്രൽ ഗവൺമെന്റാണ്, രാഷ്ട്രീയമാണ് ഇന്ന് നിലവിലുള്ളത്. അതുകൊണ്ട് സാധാരണ വിഭാഗത്തിലെ, താഴെക്കിടയിലുള്ള ജനവിഭാഗത്തിലെ ധാരാളം കുട്ടികൾ സ്കോളർഷിപ്പ് വാങ്ങി ഇത്തരം സ്ഥാപനങ്ങളിലേയ്ക്ക് കടന്നുവരുന്ന എന്നതുകൊണ്ടാണ് സ്കോളർഷിപ്പുകൾ കുറയ്ക്കുന്നത്. അവിടെ ഒരു മുദ്രാവാക്യം ഉയരുന്നുണ്ട്, അതാണ് 'ലാൽസലാം നീൽ സലാം' എന്നുള്ളത്. അത് ഇല്ലാതാകുക എന്നുള്ളത് സെൻട്രൽ ഗവൺമെന്റിന്റെ പോളിസിയാണ്. അതില്ലാതാകുന്നതിനുവേണ്ടിയുള്ള പ്രാഥമികമായ നടപടിയാണ് സ്കോളർഷിപ്പ് കുറയ്ക്കുകയെന്നത്. കാൾസാഗനെപ്പോലൊരു (Carl Sagan) ശാസ്ത്രസാഹിത്യകാരനായി അറിയപ്പെടാനായിരുന്നു എന്റെ ആഗ്രഹം എന്നുപറഞ്ഞ, എന്റെ ജനനമാണ് എനിക്ക് സംഭവിച്ച ദുരന്തം എന്നുപറഞ്ഞ, വാനനിരീക്ഷണത്തിൽ ഒരു മികച്ച ശാസ്ത്രകാരനാകാൻ കൊതിച്ച ഹൈദ്രാബാദ് സർവ്വകലാശാലയിലെ രോഹിത് വെമുല എന്ന വിദ്യാർത്ഥി, എന്റെ ജനനമാണ്

എനിക്ക് സംഭവിച്ച ദുരന്തം എന്നുപറഞ്ഞുകൊണ്ട് ആത്മഹത്യ ചെയ്തു. ആ വിദ്യാർത്ഥി ഇവർക്കെതിരായ നിലപാട് സ്വീകരിച്ചുകൊണ്ട് ഹൈദരാബാദ് സർവ്വകലാശാലയിലേയ്ക്ക് വന്നത് മികച്ച സ്കോളർഷിപ്പോടുകൂടിയ പഠനത്തിന്റെ ഭാഗമായിട്ടാണ്. ഇത്തരം വിദ്യാർത്ഥികൾ കടന്നുവരാതിരിക്കുന്നതിന് സ്കോളർഷിപ്പുകൾ ഇല്ലാതാക്കാനുള്ള നടപടികളാണ് സെൻട്രൽ ഗവൺമെന്റ് സ്വീകരിക്കുന്നത്. ഒരു സർവ്വകലാശാലയുടെ പ്രഥമമായ ലക്ഷ്യംതന്നെ ഇക്വിറ്റി ആൻഡ് എക്സലൻസ് എന്നതാണ്. കേരളത്തിലെ ഗവൺമെന്റ് ഇക്വിറ്റിക്കും എക്സലൻസിനും ഒരു മാതൃക സൃഷ്ടിച്ചുകൊണ്ട് മുന്നോട്ട് പോകുമ്പോൾ, ഈ രാജ്യത്തെ സർവ്വകലാശാലകളിൽ ഇക്വിറ്റിയും എക്സലൻസും ഇല്ലാതാക്കാനാവശ്യമായ നടപടിയാണ് കേന്ദ്രസർക്കാരും അവരെ നിയന്ത്രിക്കുന്ന പൊളിറ്റിക്കൽ പാർട്ടിയും സ്വീകരിക്കുന്നത്. എക്സലൻസ് കുറയ്ക്കാൻ സെൻട്രൽ ഗവൺമെന്റ് ചെയ്യുന്നതെന്താണ്? സർവ്വകലാശാലകൾക്കുള്ള ഫണ്ട് കുറയ്ക്കുകയാണ്. വിദേശരാജ്യങ്ങളിൽ ഉന്നത വിദ്യാഭ്യാസരംഗത്തേയ്ക്ക് പൂൾ ചെയ്യുന്നതിനെക്കാൾ കുറവാണ് നമ്മുടെ രാജ്യത്ത് പൂൾ ചെയ്യുന്ന പണം. എന്നാൽ ഇപ്പോൾ മോദി സർക്കാർ അധികാരത്തിൽ വന്നതിനുശേഷം ആർ.എസ്.എസ്. നിയന്ത്രിക്കുന്ന നരേന്ദ്രമോദിയുടെ ഗവൺമെന്റ് ആ പണം കൂടി കുറയ്ക്കാനാവശ്യമായ നടപടി സ്വീകരിക്കുകയാണ്. ടീച്ചിംഗ്/നോൺ ടീച്ചിംഗ് മേഖലയിലെ ശമ്പളം കുറയ്ക്കുന്നു. ഇങ്ങനെ കുറയ്ക്കുന്നതെന്തിനാണ്? സ്റ്റേറ്റിന് അതിന്റെ ഭാഗമായി വിഹിതം വകയിരുത്താനാവില്ല. അപ്പോൾ അവിടെ പഠിപ്പിക്കുന്ന അദ്ധ്യാപകർ, അവിടത്തെ നോൺ ടീച്ചിംഗ് സ്റ്റാഫ്, അവിടത്തെ സൗകര്യങ്ങൾ തുടങ്ങി എക്സലൻസ് ഇല്ലാതാക്കുന്നതിനുള്ള ബോധപൂർവ്വമായ പരിശ്രമമാണ് സെൻട്രൽ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. മറ്റൊന്ന് ഇക്വിറ്റിയാണ്. ഇക്വിറ്റി ഇല്ലാതാക്കാനാവശ്യമായ നടപടി സ്വീകരിക്കുന്നു. നമ്മുടെ സർവ്വകലാശാലകൾ എന്തിനുവേണ്ടിയുള്ളവയാണ്? വൈജ്ഞാനികമായ, കേവലമായ ശാസ്ത്രനേട്ടം കൈവരിക്കാനാണോ? ശാസ്ത്രനേട്ടം മാത്രം പോരാ, ടെക്നോളജി മാത്രം പോരാ, ശാസ്ത്രാവബോധമുള്ള മനുഷ്യനുണ്ടാകണം. കേവലമായൊരു യന്ത്രമനുഷ്യനെയല്ല സമൂഹത്തിൽ ഉല്പാദിപ്പിക്കപ്പെടേണ്ടത്. ശാസ്ത്രാവബോധമുള്ള മനുഷ്യന് മാനവിക ബോധമുണ്ടാകണം, മതേതരത്വമുണ്ടാകണം, അവന്റെ മനസ്സിൽ സെക്യുലറിസമുണ്ടാകണം. ഇതെല്ലാം ഇല്ലാതാക്കാനാവശ്യമായ നടപടി കേന്ദ്രസർക്കാർ സ്വീകരിച്ചുകൊണ്ടിരിക്കുകയാണ്. നമ്മുടെ ശാസ്ത്ര-വൈജ്ഞാനിക നേട്ടങ്ങളെയെല്ലാം തകർത്തുതരിപ്പണമാക്കാനാവശ്യമായ നിലപാട് സ്വീകരിക്കുന്നത് ഈ രാജ്യത്തിന്റെ ഭരണാധികാരികൾ തന്നെയാണ്.

ബ്രഹ്മഗുപ്തൻ, ഭാസ്കരാചാര്യർ, ആര്യഭടൻ, സി. വി. രാമൻ, ഇ.സി.ജി. സുദർശനൻ, വിക്രം സാരാഭായ്, ശകുന്തളാദേവി, ശ്രീനിവാസ രാമാനുജൻ തുടങ്ങി എണ്ണമറ്റ ശാസ്ത്രകാരന്മാരെ സംഭാവന ചെയ്തത് ഈ ഭാരതത്തിന്റെ മണ്ണിലാണ്. ഇന്ത്യൻ സയൻസ് കോൺഗ്രസ് എന്നുപറയുന്ന വിശ്വവിഖ്യാതമായ സമ്മേളനം നടക്കുമ്പോൾ ഇന്ത്യയുടെ പ്രധാനമന്ത്രി അവിടെ വന്ന് പറയുകയാണ് ക്ലോണിംഗ്, ഇന്റർനെറ്റ് തുടങ്ങിയ ശാസ്ത്രനേട്ടങ്ങളുടെ ആശയങ്ങൾ പൂർവ്വകാലത്ത് ഇന്ത്യയിലുണ്ടായിരുന്നുവെന്ന്. ഒരുപക്ഷേ ഉണ്ടായിരുന്നിരിക്കാം. നമ്മൾ ഇപ്പോൾ സൂര്യനിൽ പോകാൻ ആഗ്രഹിക്കുന്നില്ലേ? ഞാനോ ഇവിടെയിരിക്കുന്ന ഏതെങ്കിലുമൊരു അംഗമോ സൂര്യനിൽ പോകാൻ ആഗ്രഹിച്ചാൽ അതൊരു ആശയമാണ്. അത് നമ്മുടെ മനസ്സിലുണ്ടാകുകയാണ്. പ്രായോഗികതയിലേയ്ക്ക് വരുമ്പോഴാണ് അതൊരു ശാസ്ത്രനേട്ടമായി മാറുക. ശാസ്ത്രനേട്ടങ്ങളെ ഇല്ലാതാക്കാനുള്ള, ചരിത്രം തിരുത്തിക്കുറിക്കാനുള്ള വലിയ പരിശ്രമം നമ്മുടെ രാജ്യത്ത് നടന്നുകൊണ്ടിരിക്കുമ്പോൾ സർവ്വകലാശാലകൾ അതിന് ബദൽ സൃഷ്ടിക്കേണ്ടതാണ്. അതിൽ ഏറ്റവും വലിയ ബദൽ സൃഷ്ടിക്കേണ്ടത് കേരളമാണ്. ശാസ്ത്രനേട്ടങ്ങളെയും വൈജ്ഞാനിക നേട്ടങ്ങളെയും ഇല്ലാതാക്കുന്ന ഇന്ത്യയുടെ രാഷ്ട്രീയത്തിൽനിന്നും വ്യത്യസ്തമായ സമീപനം സ്വീകരിക്കുന്ന ഒരു സ്റ്റേറ്റായി കേരളം മാറുമ്പോൾ അതിൽ ഏറ്റവും പ്രധാനപ്പെട്ട നിലപാട് സ്വീകരിക്കേണ്ടത് കേരളത്തിലെ സർവ്വകലാശാലകളാണ്. നമുക്ക് നല്ല ശാസ്ത്രബോധമുള്ള, മാനവികബോധമുള്ള, മതേതര ബോധമുള്ള, മാനുഷികമായ താല്പര്യങ്ങൾ സംരക്ഷിക്കാൻ കഴിയുന്ന ഒരു പുതിയ തലമുറയെ സൃഷ്ടിച്ചെടുക്കണം. ചെറുതാണെന്ന് നമുക്ക് തോന്നുമെങ്കിലും എം.ജി. യൂണിവേഴ്സിറ്റി ഒരു മാതൃകയാണ്. കാരണം, എം.ജി. യൂണിവേഴ്സിറ്റി ജൈവകൃഷി രംഗത്ത് ആ യൂണിവേഴ്സിറ്റിയുടെ കീഴിലുള്ള മുഴുവൻ കോളേജുകളിലെയും എൻ.എസ്.എസ്. വോളന്റിയർമാരെ അണിനിരത്തി ജൈവകൃഷി പ്രോത്സാഹിപ്പിക്കുന്നതിനുള്ള വിപുലമായ പദ്ധതി ആവിഷ്കരിച്ച് പ്രായോഗികമായി, ഫലപ്രദമായി നടപ്പിലാക്കുകയാണ്. അത്തരം മാനവികബോധമുള്ള, സെക്യുലറിസമുള്ള ഒരു പുതിയ തലമുറയെ സൃഷ്ടിക്കാനുള്ള വലിയ പരിശ്രമമാണ് ഈ ഗവൺമെന്റ് നടത്തിക്കൊണ്ടിരിക്കുന്നത്. അതിനിടയിലാണ് ഈ സർവ്വകലാശാലയിൽ ഭരണ പ്രതിസന്ധിയുണ്ടാകാതിരിക്കാനാവശ്യമായ ഒരു ഓർഡിനൻസ് ഗവൺമെന്റ് പുറത്തിറക്കിയിട്ടുള്ളത്. ഈ ഓർഡിനൻസിനെയും ഉന്നതവിദ്യാഭ്യാസ രംഗത്തെ ശക്തിപ്പെടുത്താൻ സർക്കാർ സ്വീകരിക്കുന്ന മുഴുവൻ നടപടികളെയും പിന്തുണച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

<u>ശ്രീ. ഷാഫി പറമ്പിൽ</u>: സർ, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ ഒരു സെലക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന 2 (ബി) ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

'If imparting information is the sole purpose of a varsity, it is at risk of becoming obsolete. Good educational resources are available on the web.' കേവലം വിവരം കൊടുക്കുക, അത് പരീക്ഷ നടത്തി ഓർമ്മയുണ്ടോയെന്ന് പരിശോധിക്കുക എന്നത് മാത്രമാണ് ഒരു സർവ്വകലാശാലയുടെ ഉത്തരവാദിത്വമെങ്കിൽ അധികം വൈകാതെ ആ സ്ഥാപനങ്ങൾ അടച്ചുപൂട്ടി പോകാൻ സാധ്യതയുണ്ടെന്നാണ് ഈ ഇംഗ്ലീഷ് ക്വാട്ട് വ്യക്തമാക്കുന്നത്. ലോകത്തെ മികച്ച 200 സർവ്വകലാശാലകൾ തെരഞ്ഞെടുക്കപ്പെട്ടപ്പോൾ അതിൽ ഇന്ത്യയിൽ നിന്നുള്ള ഒരെണ്ണംപോലും ഉൾപ്പെടുന്നില്ലെന്നുള്ളത് ഖേദകരമാണ്. ലോകത്ത് വിദ്യാഭ്യാസ മേഖലയിലുണ്ടായിക്കൊണ്ടിരിക്കുന്ന മാറ്റങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടവയായി അവർ എടുത്ത് കാണിക്കുന്ന കുറച്ച് കാര്യങ്ങളുണ്ട്. അവരുടെ ഓരോ വിദ്യാഭ്യാസ സ്ഥാപനവും ഇപ്പോൾ പ്രധാനമായും ശ്രദ്ധിച്ചുകൊണ്ടിരിക്കുന്ന പോയിന്റുകളിൽ ഒന്ന്, നാഷണൽ ഇന്റർനാഷണലൈസേഷൻ സ്ട്രാറ്റജീസാണ്. വിദേശ രാജ്യങ്ങളിൽ നിന്നുമുള്ള വിദ്യാർത്ഥികളെ ഉൾക്കൊള്ളാൻ കഴിയുന്ന, അവരുടെ കൾച്ചർ ഉൾക്കൊള്ളാൻ കഴിയുന്ന, അവർക്ക് വന്ന് പഠിക്കാൻ കഴിയുന്ന, അവരുടെ രാജ്യത്ത് തിരിച്ച് ചെല്ലുമ്പോൾ അവരെ കൂടുതൽ എക്വിപ്ഡ് ആക്കുന്ന തരത്തിലുള്ള വിദ്യാഭ്യാസ മാറ്റങ്ങൾ കോഴ്സിലും അവയുടെ തെരഞ്ഞെടുപ്പിലും സ്കീമിലും നടത്തിപ്പിലും അക്കാദമിക്സിലും പഠിപ്പിക്കുന്നതിലും സ്റ്റുഡന്റ് എക്സ്പീരിയൻസ് ഉൾപ്പെടെയുള്ള എല്ലാ കാര്യങ്ങളിലും വരുത്തി ഒരു വിദ്യാഭ്യാസ സ്ഥാപനത്തെ, ഒരു യൂണിവേഴ്സിറ്റിയെ ഒരു ഗ്ലോബൽ പെർസ്പെക്ടീവിൽ നോക്കിക്കാണാവുന്നതരത്തിൽ നിലവാരം ഉയർത്താനുള്ള ശ്രമങ്ങളാണ് നടത്തിക്കൊണ്ടിരിക്കുന്നത്. സ്റ്റീരിയോ ടൈപ്പുകളിൽപ്പെട്ടുപോയാൽ, ഈ പറയുന്ന പ്രാഥമിക നേട്ടങ്ങൾക്കപ്പുറത്ത് നമ്മുടെ വിദ്യാഭ്യാസ മേഖലയെ കൊണ്ടുവരാൻ കഴിഞ്ഞില്ലെങ്കിൽ ഒരുപക്ഷേ ഇന്ത്യയ്ക്കുതന്നെ മാതൃകയാകാവുന്ന നേട്ടങ്ങൾ കൊണ്ടുവരാൻ കേരളത്തിന് കഴിയുമെങ്കിലും ഉന്നത വിദ്യാഭ്യാസ മേഖലയിൽ അത്തരം നേട്ടങ്ങൾ ഇല്ലാതെ പോയാൽ കാലം നമുക്ക് മാപ്പ് തരില്ല. ആഭ്യന്തര വകുപ്പിന്റെ ഓരോ വീഴ്ചയും എടുക്കുന്നത് ഓരോ ജീവനാണെങ്കിൽ വിദ്യാഭ്യാസ വകുപ്പിന്റെ വീഴ്ച കേരളത്തിന്റെ മൊത്തം നേട്ടങ്ങളെയും തകർക്കും. അതുകൊണ്ട് അതീവ ജാഗ്രതയോടെ ഈ പ്രശ്നങ്ങളെ അഭിമുഖീകരിക്കേണ്ടിയിരിക്കുന്നു, അഡ്രസ് ചെയ്യേണ്ടിയിരിക്കുന്നു.

ഇപ്പോൾ ഇവിടെ കൊണ്ടുവന്ന ബില്ലിലെ വിദ്യാർത്ഥി പ്രാതിനിധ്യം ഉൾപ്പെടെയുള്ള കാര്യങ്ങൾ സംബന്ധിച്ച് ശ്രീ. ആർ. രാജേഷ് പറഞ്ഞു. ശ്രീ. ആർ. രാജേഷിന് തന്നെ അറിയാം, ടെക്നിക്കൽ യൂണിവേഴ്സിറ്റി ഉൾപ്പെടെയുള്ള യൂണിവേഴ്സിറ്റികൾ ഫ്ലോട്ട് ചെയ്യുമ്പോൾ സെനറ്റിലും സിൻഡിക്കേറ്റിലും വിദ്യാർത്ഥി പ്രാതിനിധ്യമുണ്ടാക്കുന്നതിനാണ് അന്ന് കമ്മിറ്റികളിലുണ്ടായിരുന്ന നമ്മളെല്ലാവരും പ്രവർത്തിച്ചതും അനുകൂല തീരുമാനമെടുത്തതും. ഇപ്പോഴുണ്ടാകുന്ന മാറ്റങ്ങളുടെ കാര്യകാരണങ്ങളെ സംബന്ധിച്ച് ചിന്തിക്കുമ്പോൾ എന്ത് gain ആണ് അതിനകത്തുണ്ടാകുന്നത് എന്നുള്ളതാണ്. സെൽഫ് ഫിനാൻസിംഗ് കോളേജിന് കൊടിപിടിക്കാൻവേണ്ടി പ്രസംഗിക്കാൻ ഞാൻ ഉദ്ദേശിക്കുന്നില്ല. ആർക്കും അതിന് താല്പര്യമുണ്ടാകുമെന്ന് കരുതുന്നുമില്ല. പക്ഷേ സെൽഫ് ഫിനാൻസിംഗ് കോളേജുകളും ഒരു യാഥാർത്ഥ്യമാണെന്നുള്ളത് മറച്ചുവച്ചുകൊണ്ട് വളരെ ഇമോഷണലായ സ്റ്റാന്റെടുത്ത് അവരെ ഏതെങ്കിലും ഭാഗത്തുനിന്നും ഒഴിവാക്കി എന്തെങ്കിലും നേട്ടമുണ്ടാക്കാമെന്ന തരത്തിലുള്ള പ്രചരണം നടത്തിയാൽ അതിന്റെ പിന്നിൽ ഒളിച്ചിരിക്കുന്ന രാഷ്ട്രീയ താല്പര്യങ്ങൾ മറച്ചുവയ്ക്കപ്പെടുമെന്ന് ഞാൻ കരുതുന്നുമില്ല. സെൽഫ് ഫിനാൻസിംഗ് കോളേജിലെ മാനേജർമാരുടെയും പ്രിൻസിപ്പാൾമാരുടെയും കാര്യം അവിടെ നിൽക്കട്ടെ. അത് വേണോ വേണ്ടയോ എന്ന് സർക്കാരിന്റെ പോളിസി ഡിസിഷൻ പ്രകാരം മാറ്റി നിർത്തി എന്തോ വലിയ കാര്യം ചെയ്തുവെന്നാണ് ശ്രീ. ആർ. രാജേഷ് അവകാശപ്പെടുന്നത്. സെൽഫ് ഫിനാൻസിംഗ് കോളേജിൽ പഠിക്കുന്ന വിദ്യാർത്ഥിക്ക് ഒരു ശബ്ദം വേണമല്ലോ. ആ കോളേജിൽ ചൂഷണം ഉൾപ്പെടെയുള്ള എന്തെങ്കിലും നടക്കുന്നുണ്ടെങ്കിൽ അത് ചോദ്യം ചെയ്യാനുള്ള അവകാശം ആ വിദ്യാർത്ഥിക്ക് നൽകുമ്പോൾ, വിദ്യാർത്ഥി പ്രതിനിധിയെ തെരഞ്ഞെടുക്കുമ്പോൾ, അവരെ മാറ്റിനിർത്തണമെന്ന തീരുമാനമെടുക്കുന്നതിലൂടെ ഏത് ഇന്ററസ്റ്റാണ് പ്രൊട്ടക്ട് ചെയ്യപ്പെടുന്നത്? സെൽഫ് ഫിനാൻസിംഗ് കോളേജിലോ എയ്ഡഡ് കോളേജിലോ ഗവൺമെന്റ് കോളേജിലോ പഠിക്കുന്ന കുട്ടിയാണെങ്കിലും ഒരു വിദ്യാർത്ഥി എന്ന നിലയ്ക്ക് അവർ പ്രതിനിധാനം ചെയ്യുന്ന വിഭാഗത്തിന്റെ ആവശ്യങ്ങൾ ബന്ധപ്പെട്ട ആളുകളുടെ മുമ്പിൽ അവതരിപ്പിക്കാനുള്ള അവകാശം അവർക്ക് നിഷേധിക്കപ്പെടുന്ന സാഹചര്യമുണ്ടാകരുത്. Dishonest intention എന്ന് വിളിക്കാവുന്ന ചില intentions ഇതിനകത്ത് കടന്നുകൂടിയിട്ടുണ്ടോയെന്ന് സംശയിക്കേണ്ടിയിരിക്കുന്നു. അതിൽ തിരുത്തലുണ്ടാകണം. എണ്ണം വർദ്ധിപ്പിച്ചിട്ടായാലും ഒരു criterion വച്ച് എല്ലാ വിഭാഗത്തിൽ നിന്നുമുള്ള വിദ്യാർത്ഥി പ്രതിനിധികളെ ഉൾക്കൊള്ളിച്ചാൽ മാത്രമേ ഇന്ന് പല സ്ഥാപനങ്ങളിലും അടച്ചിട്ട മുറികളിൽ നടക്കുന്ന വിദ്യാർത്ഥി വിരുദ്ധ പ്രവർത്തനങ്ങളെ തുറന്ന് കാണിക്കാനും ചോദ്യം ചെയ്യാനുമുള്ള അവസരം അവർക്ക് ലഭിക്കുകയുള്ളൂ.

ഞാനും നിങ്ങളുമൊക്കെ യൂണിവേഴ്സിറ്റിയുടെ മൊത്തം നിലവാരത്തെക്കുറിച്ച് വലിയ പ്രസംഗം നടത്തുന്നുണ്ട്. കേരളാ സർവ്വകലാശാലയ്ക്ക് ഇപ്പോൾ ഒരു വൈസ് ചാൻസലറില്ല, പ്രോ-വൈസ് ചാൻസലറില്ല, ഒരു രജിസ്ട്രാർ ഇല്ല, ഒരു ഫിനാൻഷ്യൽ ഓഫീസർ പോലുമില്ല. ഒരു സർവ്വകലാശാലയെ ഹെഡ് ചെയ്യേണ്ട പ്രധാനപ്പെട്ട പോസ്റ്റുകളെല്ലാം വേക്കന്റായി കിടക്കുകയാണ്. റിസർച്ച് കമ്മിറ്റിയുടെ പ്രവർത്തനങ്ങൾ തുടങ്ങിയിട്ട് എത്രയോ മാസങ്ങളായി. രണ്ടാമത് റിസർച്ച് കമ്മിറ്റി വച്ചു. യൂണിവേഴ്സിറ്റിയെ ഹെഡ് ചെയ്യുന്നതിന് വേറെ യൂണിവേഴ്സിറ്റിക്ക് ചാർജ് കൊടുത്ത് അത് ദീർഘിപ്പിച്ച് കൊണ്ടുപോകുന്ന, ഒരു പ്രോ-വി.സി.യെപ്പോലും വയ്ക്കാൻ കഴിയാത്ത സാഹചര്യമുൾപ്പെടെയുണ്ടാകുന്ന അലംഭാവം യൂണിവേഴ്സിറ്റിയുടെ ഏതെങ്കിലും തരത്തിലുള്ള നിലവാരത്തിന്റെ ഉയർച്ചയ്ക്ക് സഹായകരമായിരിക്കുമെന്ന് ഞാൻ കരുതുന്നില്ല. രാഷ്ട്രീയമായി ഒരു സിൻഡിക്കേറ്റിനെ അവിടെ സ്ഥാപിക്കാനുള്ള ശ്രമത്തിന് ഏത് തരത്തിലും ഇപ്പോൾ തീരുമാനമെടുക്കാം, ഇവിടെ കൊണ്ടുവരാം, നടപ്പാക്കാം. അത് ഭാവിയിൽ കോടതിയിൽ എന്താകുമെന്ന് നമുക്കറിഞ്ഞുകൂടാ. അങ്ങനെയുള്ള നീക്കങ്ങളൊക്കെ നടത്താമെങ്കിലും അടിസ്ഥാനപരമായി ഈ യൂണിവേഴ്സിറ്റിയെ നടത്തിക്കൊണ്ടുപോകുന്നതിനുള്ള ഒരു സംവിധാനമൊരുക്കുന്നതിനാണ് ഗവൺമെന്റ് പ്രാധാന്യം കൊടുക്കേണ്ടത്. ആൽബർട്ട് ഐൻസ്റ്റീനെപ്പോലും സർവ്വകലാശാലയുടെ മേധാവിയായി നമ്മൾ വിളിച്ചകാര്യം ഇവിടെ സൂചിപ്പിക്കുകയുണ്ടായി. ആ ഔന്നത്യത്തെക്കുറിച്ച് സംസാരിക്കുമ്പോഴും ജോൺ മത്തായി സാറിനെ കാണുന്നതിന് അപ്പോയിൻമെന്റ് ചോദിച്ച ഏലംകുളം മനയ്ക്കൽ ശങ്കരൻ നമ്പൂതിരിപ്പാടിന്റെ ഔന്നത്യത്തെക്കുറിച്ച് സംസാരിക്കുമ്പോഴും വൈസ് ചാൻസലർമാരെ വിളിച്ചുവരുത്തി മുഖ്യമന്ത്രി നിർദ്ദേശം കൊടുത്തുവെന്നുള്ള അർത്ഥത്തിലാണ് നമുക്ക് കഴിഞ്ഞ ദിവസം വാർത്ത വായിക്കേണ്ടി വന്നത്. ആ ഒരു നിലവാരത്തിലെ മാറ്റം ഇപ്പോൾ നമ്മളെ സംബന്ധിച്ചിടത്തോളം പ്രകടമാണ്. ലോകത്തെ യൂണിവേഴ്സിറ്റികൾ മാറുന്നത് സ്റ്റീരിയോ ടൈപ്പുകളെ പൊട്ടിച്ചെറിഞ്ഞുകൊണ്ടാണ്. നാഷണൽ ഇന്റർനാഷണലൈസേഷൻ സ്ട്രാറ്റജീസ് അവർ എടുക്കുന്നുണ്ടെന്ന് ഞാൻ നേരത്തേ സൂചിപ്പിച്ചു. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ നിന്നുള്ള വിദ്യാർത്ഥി വിഭാഗം തങ്ങളുടെ രാജ്യത്തേയ്ക്ക്, തങ്ങളുടെ സ്ഥാപനങ്ങളിലേയ്ക്ക് വരട്ടെ, അവർ പഠിക്കുകയും വളരുകയും ചെയ്യട്ടെ, അവരുടെ നാട്ടുകളിലേയ്ക്ക് തിരിച്ചുപോകുമ്പോൾ ഈ നാടിന്റെ അഡ്രസ്സും ലേബലും കൊണ്ടുപോകട്ടെ എന്നതാണ് അവരുടെ റിക്രൂട്ട്മെന്റ് ടാർജറ്റ്. നമുക്ക് ഇന്റർനാഷണൽ സ്ട്രാറ്റജീസ് പോയിട്ട് നമ്മുടെ നാട്ടിലെ കുട്ടികളെ പൂർണ്ണമായി ഉൾക്കൊള്ളാൻ കഴിയുന്ന സ്ട്രാറ്റജീസ് നമ്മുടെ ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾക്കുണ്ടോ എന്ന സംശയം രാഷ്ട്രീയ കണ്ണോടെയല്ല, രണ്ട് ഭരണകാലത്തും ഞാൻ പ്രകടിപ്പിച്ചിട്ടുണ്ട്.

മൾട്ടി സെക്ടർ കോ-ഓപ്പറേഷനാണ് മറ്റ് യൂണിവേഴ്സിറ്റികളുടെയൊക്കെ മുഖമുദ്രയായി വരുന്നത്. ഓരോ സെക്ടറിലെയും എക്സ്പെർട്ട്സുമായി കോഴ്സുകൾ അവർ കണക്ട് ചെയ്യുകയാണ്. ആ മൾട്ടി സെക്ടർ കോ-ഓപ്പറേഷൻ വഴി മറ്റ് മേഖലകളുമായുള്ള ഇന്റർനാഷണൽ ഇന്റേൺഷിപ്പ് പോലും ഒരു വെർച്വൽ ലോകത്തേക്ക് മാറിക്കൊണ്ടിരിക്കുന്ന ഈ കാലഘട്ടത്തിലും അത്തരം കാര്യങ്ങളെ സംബന്ധിച്ച് ചിന്തിക്കാൻ നമുക്ക് കഴിയുന്നില്ല. നമ്മുടെ ചിന്തകളും പരിമിതികളും ഇപ്പോഴും പരീക്ഷാ നടത്തിപ്പ് കേന്ദ്രമായി യൂണിവേഴ്സിറ്റികളെ ഒതുക്കുന്ന, ഒതുക്കുന്ന തരത്തിലാണ്. എന്നാൽ അതുപോലും സമയത്തിന് നടത്താൻ ഇപ്പോൾ കേരളാ സർവ്വകലാശാലയ്ക്ക് കഴിയുന്നില്ല. ഡിഗ്രി, പി.ജി. റിസൾട്ടൊക്കെ വൈകിപ്പോകുന്ന സാഹചര്യം നമുക്കിടയിലുണ്ടാകുന്നു. എക്സ്പെർട്ട്സുമായും ഇൻസ്റ്റിറ്റ്യൂഷൻസുമായും ഫേംസുമായും സെക്ടർവൈസ് കോ-ഓപ്പറേഷൻ ഉറപ്പുവരുത്തുന്നതിന് ഒന്നോ രണ്ടോ ടെക്നിക്കൽ യൂണിവേഴ്സിറ്റികളിലെ ഏതെങ്കിലും രണ്ട് കോളേജുകളെ മാത്രമായി ഒതുക്കിനിർത്താനും കഴിയില്ല. ഉന്നത വിദ്യാഭ്യാസ മേഖലയിലെ മുഴുവൻ സ്ഥാപനങ്ങളിലേയ്ക്കും നേതൃത്വം നൽകുന്ന യൂണിവേഴ്സിറ്റികളിലും ഇത്തരത്തിലുള്ള കോ-ഓപ്പറേഷൻ ഉറപ്പുവരുത്താനുള്ള നടപടികളാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകേണ്ടത്.

അതുപോലെ തന്നെയാണ് എഡ്യൂക്കേഷൻ ടെക്നോളജി. ഞാൻ സൂചിപ്പിച്ചു, നമ്മൾ ഇപ്പോൾ ഇന്റേൺഷിപ്പിന് കുട്ടികളെ പുറത്തേയ്ക്ക് അയയ്ക്കുന്ന സിസ്റ്റമുണ്ട്. വിദേശരാജ്യങ്ങളിലൊക്കെ ഇപ്പോൾ ഇന്റേൺഷിപ്പ് വെർച്വലാക്കി മാറ്റുകയാണ്. അതിനുവേണ്ടിവരുന്ന സമയവും ചെലവും കുറച്ചുകൊണ്ട് ഈ ടെക്നോളജി പരമാവധി ഉപയോഗപ്പെടുത്തി വെർച്വൽ ഇന്റേൺഷിപ്പ് നൽകുന്ന തരത്തിലുള്ള ടെക്നോളജിയുടെ യൂസേജ് ഏറ്റവും പോസിറ്റീവായി നടന്നുകൊണ്ടിരിക്കുകയാണ്. അവിടെയും നമ്മൾ പുറകിൽ നിൽക്കുകയാണ്. കേരളത്തിലെ സാധാരണ പ്രൈവറ്റ് സ്കൂളുകളിലെ റിസൾട്ട് പോലും വെബ്സൈറ്റിലും മൊബൈൽ ആപ്ലിക്കേഷൻസ് വഴിയും വന്നുകൊണ്ടിരിക്കുമ്പോൾ ഇപ്പോഴും കുറ്റമറ്റ രീതിയിൽ നമുക്ക് അത് നടപ്പിലാക്കാൻ കഴിയുന്നില്ല. വാല്യുവേഷനും ടാബുലേഷനും കഴിഞ്ഞ് മാർക്ക് ഓൺലൈനായി കൃത്യമായി പ്രസിദ്ധീകരിക്കുന്ന കാര്യത്തിൽ ഇപ്പോഴും വീഴ്ചയുണ്ടായിക്കൊണ്ടിരിക്കുകയാണ്. ഇന്റേൺഷിപ്പുവരെ വെർച്വലായി മാറിക്കൊണ്ടിരിക്കുന്ന കാലഘട്ടത്തിൽ ഇത്തരം കാര്യങ്ങളിലുള്ള നമ്മുടെ സ്വപ്നങ്ങൾ പോലും തീരെ ചെറുതാകുന്നു. മാറ്റങ്ങൾക്കുവേണ്ടി നാം സ്വീകരിക്കുന്ന നടപടികൾപോലും മിനിമം ചിന്തകളുടെ ഭാഗമാകുകയാണ്. ലോകത്തെ ഉന്നത നിലവാരം പുലർത്തുന്ന സ്ഥാപനങ്ങളുമായി താരതമ്യം ചെയ്ത് അവിടത്തെ ട്രെൻഡ് അനുസരിച്ച് കാര്യങ്ങൾ സെറ്റ് ചെയ്ത് കൊടുക്കാനും ഒരു ഗ്ലോബൽ

പെർസ്പെക്ടീവിൽ കാര്യങ്ങളെ കാണാനും നമ്മൾ ഇനിയും മടിക്കുകയാണ് എന്നുള്ളതാണ് ഏറ്റവും പ്രധാനപ്പെട്ട കാര്യം. പ്രത്യേകിച്ച് ടെക്നോളജി ഉൾപ്പെടെയുള്ളവയിൽ കൂടുതൽ കാര്യങ്ങൾ അപ്ലൈ ചെയ്യാൻ നമുക്ക് കഴിയുന്നില്ല. ഏതെങ്കിലും ഒരു ഇന്റേൺഷിപ്പിന് നമ്മുടെ കുട്ടികൾ നമ്മുടെ അടുത്തുവന്ന് പറയുന്നത് എന്താണ്? ആ കമ്പനിയിൽ ഒന്ന് വിളിച്ചുപറയുമോ; ഗൾഫിൽ ആരെയെങ്കിലും പരിചയമുണ്ടോ; ഏതെങ്കിലും ഒരു പൊതുമേഖലാ സ്ഥാപനത്തിൽ ഞങ്ങൾ നാലുപേർക്ക് ഒരു മാസത്തേയ്ക്ക് ഒന്ന് വിളിച്ചുപറയുമോ എന്നാണ്. ആ കോഴ്സിന്റെ ഭാഗമായ ചില നടപടിക്രമങ്ങളിൽ മാത്രമായി ഒതുങ്ങുന്ന തരത്തിൽ ഇന്റേൺഷിപ്പിനെ ആ അർത്ഥത്തിൽത്തന്നെ നമ്മൾ തളച്ചിട്ടിരിക്കുകയാണ്.

അതുപോലെതന്നെ പ്രധാനപ്പെട്ട ഒന്നാണ് ഡിമാന്റ് ഫോർ സ്കിൽസ് എന്നുപറയുന്ന വർക്ക്പ്ലേസ്. വർക്ക്പ്ലേസ് റെഡ്യൂസ് സ്കിൽസ് എന്നാണ് പറയുന്നത്. ഒരു സ്ഥാപനം ഉന്നതവിദ്യാഭ്യാസം നേടിയ ഒരു മലയാളി കുട്ടിയെ അക്വയർ ചെയ്യാൻ, ഉൾക്കൊള്ളാൻ ആഗ്രഹിക്കുന്നുണ്ടെങ്കിൽ ആ സ്ഥാപനത്തിന്റെ വർക്ക്പ്ലേസിന് അനുസരിച്ച് സ്കിൽ ഡെവലപ് ചെയ്യുന്ന കാര്യത്തിൽ ആ കുട്ടിക്ക് വീഴ്ച പറ്റുകയാണ്. അത് നോർമൽ യൂണിവേഴ്സിറ്റിയിൽ മാത്രമല്ല, ടെക്നിക്കൽ യൂണിവേഴ്സിറ്റിയിലാണെങ്കിൽപ്പോലും നമ്മുടെ കുട്ടികളുടെ ജോബ് സ്യൂട്ടബിലിറ്റിക്ക് അവർ പഠിച്ച സ്ഥാപനത്തിൽ പിന്നെയും ട്രെയിനിംഗ് നൽകിയാണ് അവരെ യഥാർത്ഥ ജോലിക്കാരാക്കുന്നത്. സ്കിൽ ഡെവലപ്മെന്റും സ്കിൽ അക്വിസിഷനുമൊക്കെ നമ്മളിൽ കുറെ മാറ്റങ്ങൾ വരുത്തുന്നുണ്ടെങ്കിൽപ്പോലും കോഴ്സുകളെ ഡിസൈൻ ചെയ്യുന്നതിനോ പരമ്പരാഗതമായി തുടർന്നുപോകുന്ന കോഴ്സുകളെ പൂർണ്ണമായി റീ-ഡിസൈൻ ചെയ്യുന്നതിനോ കഴിയുന്നില്ല എന്നുള്ളതാണ് വസ്തുത.

അതുപോലെതന്നെ ഇംപാക്ട് ഓഫ് ലാംഗ്വേജ് - ഭാഷയുടെ കാര്യത്തിലും ഏറ്റവും വലിയ റിസോഴ്സ് എന്നുപറയുന്നത് ഹ്യൂമൺ റിസോഴ്സ് തന്നെയാണ്. നമ്മുടെ മാനവ വിഭവശേഷിയാണ് നമ്മുടെ ഏറ്റവും വലിയ കരുത്ത്. പത്താം ക്ലാസ് ഉൾപ്പെടെയുള്ള ക്ലാസ്സുകളിലെ റിസൾട്ട് വലിയ അഭിമാനത്തോടെയാണ് നമ്മൾ പങ്കുവയ്ക്കുന്നത്. പക്ഷേ ആ കുട്ടികളുടെ ഭാഷാ നൈപുണ്യമൊക്കെ ആശങ്ക ജനിപ്പിക്കുന്ന തരത്തിൽ ഇപ്പോഴും നിലനിൽക്കുന്നുവെന്നുള്ളത് വേദനയാണ്.

നമ്മുടെ യൂണിവേഴ്സിറ്റികളുടെ ഏറ്റവും അവസാനത്തെ അജണ്ടകളിൽ ഒന്നാണ് focus on student's experience. നിയമങ്ങളും ചട്ടങ്ങളും ഇതിന്റെ നടത്തിപ്പുകാർക്കും ജീവനക്കാർക്കും അതുമായി ബന്ധപ്പെട്ട ആളുകൾക്കും സിൻഡിക്കേറ്റ് ഉൾപ്പെടെയുള്ള സംവിധാനങ്ങൾക്കും അമിത പ്രാധാന്യം

നൽകുമ്പോൾ കുട്ടികൾ ലോകത്തെ മറ്റ് യൂണിവേഴ്സിറ്റികൾ തേടിപ്പോകുകയാണ്. പണ്ട് ഇൻസ്റ്റിറ്റ്യൂഷന്റെ പേരും ബ്രാൻഡുമായിരുന്നു പ്രധാനമെങ്കിൽ ഭാവിയിൽ ലഭിക്കാൻ പോകുന്ന പ്ലേസ്മെന്റും അവസരങ്ങളും അവിടെയുള്ള പ്രദേശത്തെ കോസ്റ്റ് ഓഫ് ലിവിംഗും ഉൾപ്പെടെയുള്ള കാര്യങ്ങളാണ് ഇന്ന് അന്താരാഷ്ട്ര തലത്തിലുള്ള വിദ്യാഭ്യാസ സ്ഥാപനങ്ങൾ തെരഞ്ഞെടുക്കുന്നതിൽ കുട്ടികൾ പാലിക്കുന്ന മാനദണ്ഡങ്ങളിൽ ഏറ്റവും പ്രധാനപ്പെട്ടത്.

കുട്ടികൾ വിദേശ യൂണിവേഴ്സിറ്റികളിലേയ്ക്ക് കടന്നുചെല്ലുമ്പോഴും പഠിക്കുമ്പോഴും അവിടെ താമസിക്കുമ്പോഴും അവരുടെ experiences-ന് വലിയ ഫോക്കസ് നൽകിക്കൊണ്ടിരിക്കുകയാണ്. കൃത്യസമയത്ത് റിസൾട്ട് പ്രസിദ്ധീകരിക്കുന്ന കാര്യത്തിൽപ്പോലും നിരന്തരം നമുക്ക് വീഴ്ചയുണ്ടാകുകയും റിസൾട്ട് വൈകിയതിന്റെ പേരിൽ പി.ജി.യ്ക്ക് അപ്ലൈ ചെയ്യാൻ കഴിയാതെ വരികയും ചെയ്യുമ്പോൾ കുട്ടികൾക്കുതന്നെ തൃപ്തിയില്ലാതാകുന്ന സാഹചര്യം ഉന്നത വിദ്യാഭ്യാസ മേഖലയിൽ തുടരുകയാണെങ്കിൽ നമ്മൾ തലമുറയോടും ഈ നാടിനോടും ചെയ്യുന്ന ഏറ്റവും വലിയ അനീതികളിലൊന്നായി അത് മാറും. അതുകൊണ്ട് അഭിമാനത്തോടെ നാം പറയാറുള്ള പ്രാഥമിക വിദ്യാഭ്യാസ മേഖലയിലെ നേട്ടങ്ങൾ അവിടെ ഒതുക്കാതെ ഉന്നത വിദ്യാഭ്യാസ മേഖലയിലേയ്ക്ക് കൊണ്ടുവരണമെങ്കിൽ ഒരു ചെറിയ മാറ്റം പോരാ. ഒരു പാരഡൈൻ ഷിഫ്റ്റ് എന്ന് പറയുന്നതുപോലെ സ്റ്റീരിയോ ടൈപ്പുകളെ പൊളിച്ചെഴുതി ഈ കാലഘട്ടത്തിന് ചേർന്ന വിദ്യാഭ്യാസ രീതി നമ്മുടെ സർവ്വകലാശാലകളിലേയ്ക്ക് കൊണ്ടുവരാനുള്ള ബോധപൂർവ്വമായ ശ്രമം, ദീർഘവീക്ഷണം നമ്മുടെ ഭാഗത്തുനിന്നും ഉണ്ടാകേണ്ടതുണ്ട്. ലോകത്തെ ഏത് സർവ്വകലാശാലയുമായി താരതമ്യപ്പെടുത്തിയാലും അഭിമാനത്തോടെ തലയുയർത്തിപ്പിടിച്ച് നിൽക്കാൻ കഴിയുന്ന വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് ജന്മം കൊടുക്കേണ്ട ഈ കേരളത്തിന്റെ മണ്ണിൽ അത്തരം സ്ഥാപനങ്ങളും സർവ്വകലാശാലകളുമാണ് ഉണ്ടാകേണ്ടത്. അതിന് രാഷ്ട്രീയത്തിന്റെ അതിപ്രസരം, അല്ലെങ്കിൽ ഇവിടെ സൂചിപ്പിച്ചതുപോലെ അത് കയ്യിലൊതുക്കാനുള്ള അജണ്ടകൾ മാത്രമായി ഓർഡിനൻസും ബില്ലുകളും വരുന്ന സാഹചര്യം നമുക്ക് ഒഴിവാക്കേണ്ടതുണ്ട്. ഒരു കാര്യത്തിൽ ഞാൻ ശ്രീ. ആർ. രാജേഷിനോട് യോജിക്കുന്നു, ഇന്ത്യാ രാജ്യത്തെ സർവ്വകലാശാലകളിൽനിന്നും ഉയരുന്ന ശബ്ദങ്ങൾ രാജ്യത്തിന് പ്രതീക്ഷ നൽകുന്നതുതന്നെയാണ്. രാജ്യം ഒരുപോലെ ചിന്തിക്കണം, ഒരു ജാതിയിൽ വിശ്വസിക്കണം, ഒരു മതത്തിൽ വിശ്വസിക്കണം തുടങ്ങിയ തിട്ടൂരങ്ങൾ കാമ്പസുകളിൽ കൊടുക്കുന്നത് ശരിയല്ല, അങ്ങനെയുള്ള ചിന്തകൾക്ക് കീഴ്പ്പെടാൻ ഒരുക്കമല്ല. അതിനെ ചോദ്യം ചെയ്യുമെന്ന് വിശ്വസിക്കുകയും ചിന്തിക്കുകയും ചെയ്യുന്ന വിദ്യാർത്ഥികളെ ദേശവിരുദ്ധരായി ചിത്രീകരിക്കാനുള്ള ഒരു വിഭാഗത്തിന്റെ ശ്രമങ്ങൾക്ക് എതിരായിട്ടുകൂടി കേരളത്തിന്റെ സർവ്വകലാശാലകളാണ് ഒരു പ്രതിരോധം തീർക്കേണ്ടത്. അതിന് കേരളത്തിന് സാധിക്കട്ടെയെന്ന് ഞാൻ ആശംസിക്കുന്നു.

വിദ്യാഭ്യാസ വകുപ്പുമന്ത്രി (പ്രൊഫ. സി. രവീന്ദ്രനാഥ്): സർ, 3 ബില്ലുകളാണ് ഇവിടെ അവതരിപ്പിച്ചിട്ടുള്ളത്. വളരെ വിശദമായ, ഉന്നത വിദ്യാഭ്യാസ മേഖലയുടെ സർവ്വതലസ്പർശിയായ, സമ്പന്നമായ ഒരു ചർച്ചയാണ് ഇവിടെ നടന്നത്. ഈ ബില്ലുകൾ വളരെ സദുദ്ദേശ്യപരമാണെന്നതാണ് എനിക്ക് ഊന്നി പറയാനുള്ള ഒരു കാര്യം. കാരണം, ഒന്നുരണ്ട് പേർ അത് ദുരുദ്ദേശ്യപരമാണെന്നും രാഷ്ട്രീയപ്രേരിതമാണെന്നും പറഞ്ഞു. അങ്ങനെയല്ല, ശ്രീ. ഷാഫി പറമ്പിൽ പറഞ്ഞതുപോലെ നമുക്കെല്ലാം അഭിമാനിക്കാവുന്നവിധം നമ്മുടെ സർവ്വകലാശാലകളെ ദേശീയ-അന്തർദേശീയ തലത്തിലേയ്ക്ക് ഉയർത്തുന്നതിനുള്ള ഒരു ശ്രമം മാത്രമാണ്. അതിന്റെ അർത്ഥം, ഈ 3 ബില്ലുകളിലൂടെ ഇതെല്ലാം കഴിയുമെന്നൊന്നുമല്ല. ഇനിയും എത്രയോ മാറ്റങ്ങൾ ഉന്നത വിദ്യാഭ്യാസ മേഖലയിൽ നടക്കേണ്ടതുണ്ട്. അതിന് തുടക്കം കുറിച്ചുകഴിഞ്ഞു. എല്ലാവരും സംസാരിച്ചതിൽനിന്നും വ്യക്തമാണ്, കേരളത്തിലെ ഉന്നത വിദ്യാഭ്യാസ മേഖല ഇനിയും ഉയരേണ്ടതുണ്ടെന്നത്. അതിന്റെ അർത്ഥം ഇതുവരെ നമുക്കതിന് സാധിച്ചിട്ടില്ല എന്നുതന്നെയാണ്. അങ്ങനെ ഇതുവരെ അന്താരാഷ്ട്ര തലത്തിലേയ്ക്ക് നമ്മുടെ സർവ്വകലാശാലകളെ ഉയർത്താൻ കഴിഞ്ഞിട്ടില്ലെന്ന പശ്ചാത്തലത്തിൽ നിന്നുകൊണ്ട് എങ്ങനെ അതിനെ ദേശീയ-അന്തർദേശീയ തലത്തിലേയ്ക്ക് ഉയർത്താൻ പറ്റുമെന്ന ചിന്തകളാണ് സംസ്ഥാന സർക്കാർ ഇപ്പോൾ ജനങ്ങളുടെ മുന്നിൽ വച്ചിട്ടുള്ളത്. അതിന്റെ ഫലമായുണ്ടായ കുറെ മാറ്റങ്ങൾ കഴിഞ്ഞ രണ്ട് വർഷംകൊണ്ടുതന്നെ നമുക്ക് കാണാൻ കഴിഞ്ഞിട്ടുണ്ട്. എല്ലാം വിശദീകരിക്കാൻ ഞാൻ ശ്രമിക്കുന്നില്ല.

ഇവിടെ 3 ബില്ലുകൾ അവതരിപ്പിച്ചതിൽ പ്രധാനപ്പെട്ട കണ്ടന്റ് മാത്രമേ ഞാൻ പ്രധാനമായി സൂചിപ്പിക്കുന്നുള്ളൂ. അന്താരാഷ്ട്രതലത്തിൽ നമ്മുടെ സർവ്വകലാശാലകൾ അറിയപ്പെടണമെന്ന് ആഗ്രഹിക്കുമ്പോൾത്തന്നെ കഴിഞ്ഞ വർഷം ദേശീയതലത്തിൽ റാങ്കിംഗ് നടന്നപ്പോൾ ചരിത്രത്തിലാദ്യമായി 100 റാങ്കിനുള്ളിൽ കേരളത്തിലെ 4 സർവ്വകലാശാലകൾ വന്നിട്ടുണ്ട്. അത് പൂർണ്ണമായും ഒരു കൊല്ലത്തെ പ്രവർത്തനം കൊണ്ടാണെന്ന് പറയുന്നില്ല. എങ്കിലും കഴിഞ്ഞ ഒരു വർഷക്കാലത്തെ പ്രവർത്തനംകൊണ്ട് നമുക്ക് നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ റാങ്കിംഗ് പെർസ്പെക്ടീവിലുള്ള ചില ഘടനാമാറ്റങ്ങളിലൂടെ ദേശീയ റാങ്കിംഗിൽ കേരളത്തിലെ സർവ്വകലാശാലകൾക്ക് വരാൻ കഴിഞ്ഞു. അതിൽ കേരള സർവ്വകലാശാലയ്ക്ക് 30-ാമത്തെ റാങ്കാണ്. 30-ാമത്തെ റാങ്ക് വലിയൊരു റാങ്കാണെന്നൊന്നും നമ്മൾ വിചാരിക്കുന്നില്ല. ഒന്നാമത്തെ റാങ്ക് വേണമെന്ന് ആഗ്രഹിക്കുന്ന ഒരു ജനതയാണ് നമ്മൾ. 34-ാത്തെ റാങ്ക് മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും 63-ാമത്തെ റാങ്ക് കുസാറ്റിനും 76-ാമത്തെ

റാങ്ക് കാലിക്കറ്റ് സർവ്വകലാശാലയ്ക്കുമാണ്. ഇതെല്ലാം കുറച്ച് നേട്ടങ്ങളാണ്, പൂർണ്ണമായി എന്ന് അർത്ഥമില്ല. എങ്കിലും അഭിമാനിക്കാവുന്ന നേട്ടങ്ങളാണ്. അവിടെനിന്നും ദേശീയ-അന്തർദേശീയ തലത്തിലേയ്ക്ക് ഉയരാം. അതുതന്നെയാണ് ചിന്ത, അതുതന്നെയാണ് എല്ലാവരും ഇവിടെ പങ്കുവച്ചിട്ടുള്ളത്. അതിൽ യൂണിവേഴ്സിറ്റികളെ എങ്ങനെ ദേശീയ-അന്തർദേശീയ തലത്തിലേയ്ക്ക് ഉയർത്താൻ കഴിയുമെന്നുള്ള എല്ലാ പോസിറ്റീവ് അഭിപ്രായങ്ങളും സർക്കാർ മുഖവിലയ്ക്കെടുക്കുകയാണ്. തീർച്ചയായും അത് നമ്മുടെ കൂട്ടായ ഒരു ശ്രമംകൊണ്ട് ആ തലത്തിലേയ്ക്ക് ഉയർത്തപ്പെടേണ്ടതാണ്.

റിസൾട്ടിനെക്കുറിച്ച് എല്ലാവരും പറഞ്ഞു. നേരത്തെ ശ്രീ. ഷാഫി പറമ്പിലൊക്കെ പറഞ്ഞതുപോലെ റിസൾട്ട് മാത്രമല്ല ഒരു സർവ്വകലാശാലയുടെ പ്രധാനപ്പെട്ട നേട്ടം. ഗവേഷണം തന്നെയാണ് സർവ്വകലാശാലയിൽ നടക്കേണ്ടത്. അതിലൂടെ ഉണ്ടാകുന്ന ആശയോത്പാദനത്തിലൂടെ മാത്രമേ സമൂഹം മുന്നോട്ടുപോകുകയുള്ളൂ. നാളത്തെ തലമുറയ്ക്കുവേണ്ടി ആശയങ്ങൾ ഉത്പാദിപ്പിക്കുന്ന തരത്തിൽ സർവ്വകലാശാലയെ മാറ്റാൻ നാം ശ്രമിക്കുമ്പോൾ അഫിലിയേറ്റഡ് കോളേജുകളും ഉണ്ട്. ആ കോളേജുകളുടെ റിസൾട്ടുകൾ, അവരുടെ തുടർപഠനം, അവരുടെ ഉപരിപഠനം മുതലായവയും പ്രധാനപ്പെട്ട കാര്യമാണെന്നുള്ളതുകൊണ്ട് റിസൾട്ട് കൃത്യമായി വരത്തക്കരീതിയിൽ വലിയൊരു ശ്രദ്ധ കഴിഞ്ഞ രണ്ട് വർഷക്കാലം നടത്തിയിട്ടുണ്ട്. രണ്ട് സർവ്വകലാശാലകൾ വളരെയധികം മുന്നോട്ടുവന്നിട്ടുണ്ട്. മഹാത്മാഗാന്ധി സർവ്വകലാശാല ഈ വർഷത്തെ പരീക്ഷ നടത്തി 12 ദിവസത്തിനുള്ളിൽ റിസൾട്ട് പ്രസിദ്ധീകരിച്ചുവെന്നുള്ളത് നമുക്കെല്ലാം വളരെയധികം സന്തോഷം നൽകുന്ന കാര്യമാണ്. അതുപോലെതന്നെ കാലിക്കറ്റ് സർവ്വകലാശാല ജൂലൈ മാസത്തിൽ പ്രസിദ്ധീകരിച്ചിരുന്ന റിസൾട്ടുകൾ മേയ് മാസത്തിൽ പ്രസിദ്ധീകരിച്ചിട്ടുണ്ട്. ആ യൂണിവേഴ്സിറ്റികളിൽത്തന്നെ ഇതിനേക്കാൾ മുമ്പ് റിസൾട്ട് പബ്ലിഷ് ചെയ്യാനുള്ള ശ്രമം നടക്കുകയാണ്. കേരള യൂണിവേഴ്സിറ്റിയിലാണ് നേരത്തെ ഇവിടെ എല്ലാവരും സൂചിപ്പിച്ചതുപോലെ പ്രശ്നങ്ങൾ ഉണ്ടായിരുന്നത്. ആ പ്രശ്നങ്ങളെല്ലാം മറികടന്ന് ജൂലൈ മാസത്തോടുകൂടി നേരത്തെ പ്രസിദ്ധീകരിക്കാതിരുന്ന ചില റിസൾട്ടുകളും ഈ വർഷത്തെ റിസൾട്ടുകളും പ്രസിദ്ധീകരിക്കാനുള്ള വലിയ ഒരു ശ്രമത്തിലാണ്. കണ്ണൂർ സർവ്വകലാശാലയും അതുപോലെതന്നെ റിസൾട്ടിന്റെ കാര്യത്തിൽ മുന്നോട്ട് വന്നിട്ടുണ്ട്. ഇക്കാര്യങ്ങൾ നമ്മൾ വിസ്മരിക്കരുത്. കുറവുകളുണ്ടെന്ന് പറഞ്ഞത് അംഗീകരിക്കുന്നു. പക്ഷെ, ഇതുംകൂടി നാം കാണേണ്ടതുണ്ട്. കാരണം, നമ്മൾ സർവ്വകലാശാലയെ വളർത്താനാണ് ശ്രമിക്കേണ്ടത്. നേട്ടങ്ങളും കോട്ടങ്ങളും ഒരുപോലെ മനസ്സിലാക്കേണ്ടതുണ്ട്. ഇൻഫ്രാസ്ട്രക്ച്ചർ വികസനത്തിന് വേണ്ടി

സംസ്ഥാന സർക്കാർ കുസാറ്റിന് 240 കോടി രൂപയാണ് നൽകിയത്. അതിലൂടെ അവിടത്തെ ലബോറട്ടറികളിൽ വലിയ മാറ്റമുണ്ടാകാൻ പോകുകയാണ്. ലൈബ്രറികൾ അന്തർദേശീയ നിലവാരത്തിലേയ്ക്ക് മാറാൻ പോകുന്നു. അതെല്ലാം നാളത്തെ അന്തർദേശീയ തലത്തിലേയ്ക്കുള്ള സർവ്വകലാശാലയുടെ ഉയർച്ചയ്ക്കുള്ള വഴികളാണ്. കേരള സർവ്വകലാശാലയ്ക്കും മഹാത്മാഗാന്ധി സർവ്വകലാശാലയ്ക്കും കാലിക്കറ്റ് സർവ്വകലാശാലയ്ക്കുമൊക്കെ നൂറുകണക്കിന് രൂപയുടെ പ്രവൃത്തികൾക്കാണ് ഭരണാനുമതി നൽകിയിട്ടുള്ളത്. അതിന്റെ ഫലമായി കുസാറ്റിന് 1000 കോടി രൂപയുടെ ഒരു പ്രോജക്ടിന് അപ്ലൈ ചെയ്യാനുള്ള അവസരമുണ്ടായി. കേരള സർവ്വകലാശാലയ്ക്കും അതുപോലെതന്നെയാണ്. ഞാൻ അതിന്റെ വിശദീകരണത്തിലേയ്ക്കല്ല പോകുന്നത്. അതുകൊണ്ട് വളരെ പ്രധാനപ്പെട്ട ചില നേട്ടങ്ങൾ കഴിഞ്ഞ 4 വർഷംകൊണ്ട് ഈ സർവ്വകലാശാലകൾക്ക് ഉണ്ടാക്കാൻ കഴിഞ്ഞതിൽ ഒരു വശത്ത് നമുക്ക് അഭിമാനിക്കാവുന്നതാണ്. മറ്റുചില കാര്യങ്ങൾ ഇവിടെ പറഞ്ഞത് ശരിയാണ്. പോസ്റ്റ് ക്രിയേഷൻ ആവശ്യമുണ്ട്. കോഴ്സുകളും കോളേജുകളും യൂണിവേഴ്സിറ്റികളും വേണമെന്ന് പറഞ്ഞു. അതുപോലെ പെർമനെന്റ് അദ്ധ്യാപകർ വേണമെന്നും നോൺ-പ്ലാൻ ഫണ്ട് കുറയുന്നുവെന്നുമൊക്കെയുള്ള കുറെ പ്രധാനപ്പെട്ട കാര്യങ്ങൾ പറഞ്ഞു. കോഴ്സുകളുടെ കാര്യത്തിൽ വളരെ പ്രധാനപ്പെട്ട ഒരു തീരുമാനം വിദ്യാഭ്യാസ വകുപ്പ് എടുത്തിട്ടുണ്ട്. കോഴ്സുകളും കോളേജുകളും എത്ര വേണം; ആർക്ക്, എവിടെ വേണം, ഏതെല്ലാം വേണം എന്നുള്ളതിന് ഹയർ എഡ്യൂക്കേഷൻ കൗൺസിൽ ഒരു പെർസ്പെക്ടീവ് പ്ലാൻതന്നെ ഉണ്ടാക്കിക്കൊണ്ടിരിക്കുകയാണ്. ഇതെല്ലാം ചരിത്രത്തിലാദ്യമായി നമ്മൾ ചെയ്യുന്ന കാര്യങ്ങളാണ്.

ശ്രീ. ഷാഫി പറമ്പിൽ: സർ, കോഴ്സുകളുടെ കാര്യം പറഞ്ഞപ്പോൾ ഒരു കാര്യം അങ്ങയെ ഓർമ്മപ്പെടുത്താൻ ആഗ്രഹിക്കുകയാണ്. എം.ടി.യുടെ കോളേജാണ് പാലക്കാട് വിക്ടോറിയ കോളേജ്. എം.എ. മലയാളം കോഴ്സ് പാലക്കാട് വിക്ടോറിയ കോളേജിൽ ഇല്ലാത്തത് വളരെ ഖേദകരമായ ഒരു കാര്യമാണ്. അതിന്റെ എല്ലാ പ്രാധാന്യവും അറിയാവുന്ന ആളാണ് അങ്ങ്. അടിയന്തരമായി ആ പ്രശ്നത്തിന് പരിഹാരമുണ്ടാക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

പ്രൊഫ. സി. രവീന്ദ്രനാഥ്: സർ, അക്കാര്യം പരിശോധിക്കാം. 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബില്ലിൽ ഒരു കാര്യം മാത്രമാണ് പ്രധാനമായും പറഞ്ഞിട്ടുള്ളത്. സർവ്വകലാശാല ഗ്രാന്റ്സ് കമ്മീഷന്റെ റെഗുലേഷനുകൾ പ്രകാരമുള്ള യോഗ്യതയുള്ള അദ്ധ്യാപകരുടെ സമിതിയിൽ 60 വയസ്സായിരിക്കുന്നതും അങ്ങനെയുള്ള ഒരു അദ്ധ്യാപകന്റെ വിരമിക്കൽ തീയതി

അക്കാദമിക് വർഷത്തിനുള്ളിൽ വരികയാണെങ്കിൽ അദ്ദേഹം അക്കാദമിക വർഷത്തിന്റെ അവസാനം വരെ സർവ്വീസിൽ തുടരേണ്ടതാണെന്നുള്ളൊരു അമെന്റ്മെന്റാണ് പ്രധാനമായിട്ടുള്ളത്. ഇതോടുകൂടി സംസ്കൃത സർവ്വകലാശാലയിലെ എല്ലാ പ്രശ്നങ്ങളും തീർന്നു എന്നൊന്നും പറയുന്നില്ല. പക്ഷേ അക്കാദമിക് രംഗത്ത് ഒരു ചുവടുകൂടി വച്ചു. ഇനിയും ധാരാളം ചുവടുകൾ വയ്ക്കാനുണ്ട്. അതുകൊണ്ട് ഇതിലെന്തെങ്കിലും ഉൾപ്പെടുത്തണമെന്നുണ്ടെങ്കിൽ സബ്ജക്ട് കമ്മിറ്റിയിൽ ചർച്ച ചെയ്യാവുന്നതാണ്.

ഈ ഭേദഗതി രാഷ്ട്രീയ പ്രേരിതമാണെന്നെല്ലാം പറയുകയുണ്ടായി. അതെല്ലാം തെറ്റാണ്. ഇത് പൂർണ്ണമായും അക്കാദമിക് ലക്ഷ്യം വച്ചുകൊണ്ടുള്ളതാണ്. കേരള സർവ്വകലാശാല ആക്ടിൽ സെനറ്റിൽ 17-ാം വകുപ്പ് നാല് മേഖലയിലാണ്. ഒന്ന്, എക്സ്-ഒഫീഷ്യോ അംഗങ്ങൾ. അത് എക്സ്-ഒഫീഷ്യോ അംഗങ്ങൾ തന്നെയാണ്. രണ്ട്, തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ. മൂന്ന്, ആജീവനാന്ത അംഗങ്ങൾ. നാല്, മറ്റംഗങ്ങൾ. ഇങ്ങനെ നാല് കാറ്റഗറിയിലാണ് സെനറ്റിൽ അംഗങ്ങളുള്ളത്. അതിൽ 'തെരഞ്ഞെടുക്കപ്പെട്ട അംഗങ്ങൾ' എന്നതിലാണ് ചെറിയ മാറ്റമുള്ളത്. ഘടനാപരമായ മാറ്റം വരുത്തി എന്നുപറയുമ്പോൾ എന്തോ വലിയ മാറ്റം വന്നുവെന്നൊക്കെ ചിലപ്പോൾ തോന്നും. അതുകൊണ്ടാണ് അത് കൃത്യമായി പറയുന്നത്. 7 പ്രിൻസിപ്പാൾമാർ എന്നാണ് നേരത്തെയുള്ള ആക്ടിലുള്ളത്. പക്ഷേ, അന്നുണ്ടായിരുന്ന അവസ്ഥയിൽനിന്നും വലിയ മാറ്റങ്ങൾ സംഭവിച്ചിട്ടുണ്ട്. കേരള ടെക്നിക്കൽ യൂണിവേഴ്സിറ്റി (KTU)-യും ആരോഗ്യ സർവ്വകലാശാലയും വന്നു. അതോടെ കേരള സർവ്വകലാശാലയിൽനിന്നും പല സ്വകാര്യ കോളേജുകളും പ്രൊഫഷണൽ കോളേജുകളും വിട്ടുപോയി. ജൂനിയർ കോളേജ് എന്നുള്ള സങ്കൽപ്പം മുമ്പുണ്ടായിരുന്നത് ഇല്ലാതായി. അതുകൊണ്ട് അന്ന് 7 പ്രിൻസിപ്പാൾമാരെ ഒറ്റ നിയോജകമണ്ഡലത്തിൽനിന്ന് എല്ലാവരുംകൂടി തെരഞ്ഞെടുത്തിരുന്നതിന്റെ പ്രസക്തി മാറി എന്നുള്ളതുകൊണ്ടാണ് ഇന്നത്തെ ഒരവസ്ഥ പരിഗണിച്ച് അത് ഇത്തരത്തിൽ മാറ്റി നിർദ്ദേശിച്ചിട്ടുള്ളത്. സർക്കാർ കോളേജിൽനിന്ന് മൂന്ന് അദ്ധ്യാപകർ, അവർക്കുവേണ്ടി ഒരു കോൺസ്റ്റിറ്റ്യുവൻസി. നേരത്തെ 7 പേർക്കുവേണ്ടി ഒരു കോൺസ്റ്റിറ്റ്യുവൻസി ആയിരുന്നു. അപ്പോൾ സ്വകാര്യ കോളേജിലെ അദ്ധ്യാപകരെല്ലാം ഉണ്ടാകും. കുറച്ച് സർക്കാർ കോളേജിലെ അദ്ധ്യാപകരുണ്ടാകും. അവരെ എങ്ങനെയാണ് തെരഞ്ഞെടുക്കുക എന്നുള്ളത് നമുക്കറിയാം. അതിൽ മാറ്റംവരുത്തി എല്ലാവരുടേയും പ്രാതിനിധ്യം ഉറപ്പാക്കാൻവേണ്ടിയാണിത്. ഏതാണ് ജനാധിപത്യപരമെന്നത് ശ്രദ്ധിക്കണം. സർക്കാർ കോളേജിൽ 3 അദ്ധ്യാപകരെ തെരഞ്ഞെടുക്കാം. അതിന് ഒരു നിയോജകമണ്ഡലം. അതിൽ സർക്കാർ കോളേജിലെ പ്രിൻസിപ്പാൾമാർ

തന്നെയാണ് അവരുടെ പ്രതിനിധിയെ തെരഞ്ഞെടുക്കുന്നത്. മുമ്പ് അങ്ങനെയല്ല. എയ്ഡഡ് കോളേജിൽനിന്ന് 3 പ്രതിനിധികൾ. എയ്ഡഡ് കോളേജിലെ പ്രിൻസിപ്പാൾമാർ തന്നെയാണ് ആ കോൺസ്റ്റിറ്റ്യുവൻസിയിൽനിന്നും അവരുടെ പ്രതിനിധിയെ തെരഞ്ഞെടുക്കുക. അൺഎയ്ഡഡ് കോളേജിൽനിന്ന് ഒന്ന്. അവരുടെ പ്രതിനിധികൾ ഓരോരുത്തരെ തെരഞ്ഞെടുക്കുക. അങ്ങനെ 7 ആണ്. ആ ഏഴും അങ്ങനെതന്നെ നിലനിർത്തിയിരിക്കുന്നു. പക്ഷേ എല്ലാ മേഖലകളിൽനിന്നും പ്രാതിനിധ്യം ഉറപ്പാക്കി. ഒരു നിയോജക മണ്ഡലത്തിൽനിന്ന് 7 പ്രിൻസിപ്പാൾമാരെ തെരഞ്ഞെടുത്തിരുന്നുവെങ്കിൽ എല്ലാ മേഖലകളിൽനിന്നും ഒരുപോലെ പ്രാതിനിധ്യമുണ്ടാക്കാൻ കഴിയുമായിരുന്നില്ല എന്നതുകൊണ്ട് ഓരോ മേഖലയുടെയും പ്രാതിനിധ്യം കൂടുതൽ ഉറപ്പാക്കാൻ വേണ്ടിയാണ് മൂന്ന് മണ്ഡലമാക്കിയതും ഇങ്ങനെ തീരുമാനിച്ചതും.

ഇനി 'മറ്റംഗങ്ങൾ' എന്നതിനെക്കുറിച്ച് ഇവിടെ എല്ലാവരും പറഞ്ഞു. അതിൽ ഐ.റ്റി. വിദഗ്ദ്ധൻ. അതുകൊണ്ട് ഇവിടത്തെ ഐ.റ്റി. പ്രശ്നങ്ങളെല്ലാം പരിഹരിക്കും എന്നൊന്നും ആരും പറയുന്നില്ല. എങ്കിലും ഒരു ഐ.റ്റി. വിദഗ്ദ്ധനെക്കൂടി അതിൽ ഉൾപ്പെടുത്തുന്നു. നേരത്തെ ഇവിടെ സൂചിപ്പിച്ചതുപോലെ മാനേജർമാർ നാല് പേരുണ്ടായിരുന്നു. പ്രൊഫഷണൽ കോളേജുകൾ പലതും കെ.റ്റി.യു.ലേയ്ക്ക് പോയി. ചിലത് ആരോഗ്യ സർവ്വകലാശാലയിലേയ്ക്ക് പോയി. അവരുടെ എണ്ണം കുറഞ്ഞതുകൊണ്ട് അവരുടെ പ്രാതിനിധ്യം കുറച്ചുമതി. അത് മാനേജർമാരാണ്; അക്കാദമീഷ്യൻസല്ല.

സിൻഡിക്കേറ്റ് എക്സ്-ഒഫീഷ്യോ അംഗങ്ങളും മറ്റംഗങ്ങളുമാണ്. സെനറ്റിൽനിന്ന് തെരഞ്ഞെടുത്ത 13 അംഗങ്ങളെ 12 ആക്കി ചുരുക്കി. അതു സംബന്ധിച്ച് നമ്പറിന്റെ കാര്യമൊക്കെ ഇവിടെ പറഞ്ഞു. അങ്ങനെ മനസ്സിൽപോലും ആരും കണ്ടിട്ടില്ല. 11 ആയിരുന്നപ്പോൾ 7 അദ്ധ്യാപകരുണ്ടായിരുന്നു. നേരത്തെ സൂചിപ്പിച്ചതുപോലെ അദ്ധ്യാപകരുടെ എണ്ണം ഏഴിൽനിന്ന് ആറാക്കി കുറച്ചു. സ്വാശ്രയ കോളേജിന്റെ പ്രിൻസിപ്പാളില്ലെന്ന് പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ പറഞ്ഞു. പഴയ സെനറ്റിലും അത് ഫസ്റ്റ് ഗ്രേഡ് കോളേജായാലും ഗവൺമെന്റ് കോളേജായാലും രണ്ടുപേർ മാത്രമേ സിൻഡിക്കേറ്റിൽ പ്രതിനിധികളായി ഉണ്ടായിരുന്നുള്ളൂ. പക്ഷേ ഇപ്പോൾ ഫസ്റ്റ് ഗ്രേഡ് കോളേജ് എന്നൊന്നില്ല. അതുകൊണ്ട് ഫസ്റ്റ് ഗ്രേഡ് കോളേജ് എന്നതിനുപകരം എയ്ഡഡ് കോളേജാക്കി. മുമ്പ് രണ്ട് പ്രിൻസിപ്പാൾമാർ ആയിരുന്നു, ഇപ്പോഴും രണ്ട് പേരാണ്. രണ്ട് പ്രിൻസിപ്പാളിൽ ഒരു പ്രിൻസിപ്പാൾ ഗവൺമെന്റ് കോളേജിൽനിന്നും മറ്റൊരാൾ എയ്ഡഡ് കോളേജിൽനിന്നുമാണ്. വളരെ കൃത്യമാണത്. പിന്നെ വേറെ രണ്ട് പേരെ

മാറ്റേണ്ടതുണ്ടോ? പിന്നെയുള്ളത് നോമിനേറ്റ് ചെയ്ത അംഗം. ഇതാണ് അതിന്റെ മാറ്റം. ഇതാണ് കേരള സർവ്വകലാശാല (ഭേദഗതി) ബിൽ.

2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ, സെനറ്റിനും സിൻഡിക്കേറ്റിനും പകരം നോമിനേറ്റ് ചെയ്യലല്ല. നേരത്തെ സൂചിപ്പിച്ച കാലികമായ, പ്രസക്തിയുള്ള മാറ്റങ്ങൾ. മൂന്ന് കോൺസ്റ്റിറ്റ്യുവൻസിയായി പ്രിൻസിപ്പാളിനെ മാറ്റിയപ്പോൾ കോടതിയിൽ പോകുകയും തൽക്കാലം കോടതി അത് തടഞ്ഞുവയ്ക്കുകയും ചെയ്ത സന്ദർഭത്തിൽ ഇവിടെ സെനറ്റിലും സിൻഡിക്കേറ്റിലും ഇലക്ഷൻ നടക്കാത്ത സാഹചര്യമുണ്ടായി. ജനാധിപത്യ രീതിയിലുള്ള സെനറ്റും സിൻഡിക്കേറ്റും വരാനുള്ള ശ്രമം തുടങ്ങിയതാണ്. പക്ഷേ അത് നിർത്തിവയ്ക്കാനുള്ള കോടതി നിർദ്ദേശം വന്നതോടുകൂടി ഈ മേയ് മാസത്തിൽ കാലാവധി തീരുന്ന സെനറ്റിലേയ്ക്കും കോ-ടെർമിനസായ സിൻഡിക്കേറ്റിലേയ്ക്കും തെരഞ്ഞെടുപ്പ് നടക്കാൻ കഴിയാതെ വന്നു. തെരഞ്ഞെടുപ്പിനുള്ള പ്രവർത്തനങ്ങൾ ആരംഭിച്ചതാണ്, തെരഞ്ഞെടുപ്പില്ലാതെ സിൻഡിക്കേറ്റിനെ നോമിനേറ്റ് ചെയ്യണമെന്ന് തീരുമാനിച്ചതല്ല. അങ്ങനെ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും തെരഞ്ഞെടുപ്പ് നിർത്തിവയ്ക്കേണ്ട ഘട്ടത്തിൽ സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും കാലാവധി തീരുമ്പോൾ സെനറ്റും സിൻഡിക്കേറ്റും ഇല്ലാതെ ഒരു സർവ്വകലാശാല വരും. അല്ലെങ്കിൽത്തന്നെ അവിടത്തെ പല പ്രശ്നങ്ങളെപ്പറ്റിയും എല്ലാവരും പറഞ്ഞു. അതുകൊണ്ടാണ് പരമാവധി 6 മാസത്തേയ്ക്ക് ഒരു താത്കാലിക സമിതി വരട്ടെയെന്ന് തീരുമാനിച്ചത്. അതിനുമുമ്പ് തെരഞ്ഞെടുത്ത സമിതി വരികയാണെങ്കിൽ അങ്ങനെയാകാം. അതാണ് ഈ താൽക്കാലിക ഭേദഗതി എന്നുപറയുന്നത്. സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം.

മൂന്ന് ബില്ലുകളും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന് അഭ്യർത്ഥിക്കുന്നു.

മി. ഡെപ്യൂട്ടി സ്പീക്കർ: ശ്രീ. ടി. വി. ഇബ്രാഹിം, 2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീമതി യു. പ്രതിഭ ഹരി, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീമതി യു. പ്രതിഭ ഹരി: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ആർ. രാമചന്ദ്രൻ, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ ശ്രീശങ്കരാചാര്യ സംസ്കൃത സർവ്വകലാശാല (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ, 2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ ?

(ബഹുമാനപ്പെട്ട അംഗം സീറ്റിൽ ഇല്ലാതിരുന്നതിനാൽ പ്രസ്സ് ചെയ്തില്ല.)

പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. കെ. എൻ. എ. ഖാദർ, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. കെ. എൻ. എ. ഖാദർ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. അനിൽ അക്കര, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. അനിൽ അക്കര: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള സർവ്വകലാശാല (ഭേദഗതി) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

ശ്രീ. പി. ടി. തോമസ്, 2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ സംബന്ധിച്ച ഓർഡിനൻസ് നിരാകരിക്കണമെന്ന പ്രമേയം പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. പി. ടി. തോമസ്: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: പ്രമേയം സഭ നിരാകരിച്ചിരിക്കുന്നു.

ശ്രീ. ആർ. രാജേഷ്, അങ്ങയുടെ 1 (എ) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ആർ. രാജേഷ്: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

ശ്രീ. ഷാഫി പറമ്പിൽ, അങ്ങയുടെ 2 (ബി) ഭേദഗതി പ്രസ്സ് ചെയ്യുന്നുണ്ടോ?

ശ്രീ. ഷാഫി പറമ്പിൽ: സർ, പ്രസ്സ് ചെയ്യുന്നില്ല.

മി. ഡെപ്യൂട്ടി സ്പീക്കർ: ഭേദഗതി സഭയുടെ അനുമതിയോടെ പിൻവലിച്ചിരിക്കുന്നു.

2018-ലെ കേരള സർവ്വകലാശാല (സെനറ്റിന്റെയും സിൻഡിക്കേറ്റിന്റെയും താൽക്കാലിക ബദൽ ക്രമീകരണം) ബിൽ വിദ്യാഭ്യാസം സംബന്ധിച്ച സബ്ജക്ട് കമ്മിറ്റി VI-ന്റെ പരിഗണനയ്ക്ക് അയയ്ക്കണമെന്ന പ്രമേയത്തെ

അനുകൂലിക്കുന്നവർ .........

പ്രതികൂലിക്കുന്നവർ .........

പ്രമേയം സഭ അംഗീകരിച്ചിരിക്കുന്നു.

ബിൽ സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്ക് അയയ്ക്കുന്നു.

# X അറിയിപ്പ്

## ഇഫ്ത്താർ വിരുന്ന്

മി. ഡെപ്യൂട്ടി സ്പീക്കർ: ത്യാഗത്തിന്റെയും ക്ഷമയുടെയും മഹത്തായ അനുഭവങ്ങൾ പ്രദാനം ചെയ്യുന്ന റംസാന്റെ സന്ദേശവും സന്തോഷവും പങ്കുവയ്ക്കുന്നതിനായി ഇന്ന് വൈകുന്നേരം 6.15-ന് നിയമസഭാ മന്ദിരത്തിന്റെ മെമ്പേഴ്സ് ലോഞ്ചിൽ ഒരു ഇഫ്ത്താർ വിരുന്ന് ഒരുക്കിയിട്ടുണ്ട്. ഇതുസംബന്ധിച്ച ക്ഷണക്കത്ത് എല്ലാവർക്കും ലഭ്യമാക്കിയിട്ടുണ്ട്. ഈ സൗഹൃദ വിരുന്നിൽ ബഹുമാനപ്പെട്ട എല്ലാ സാമാജികരുടെയും പങ്കാളിത്തം ഉണ്ടാകണമെന്ന് ഒരിക്കൽക്കൂടി അഭ്യർത്ഥിക്കുന്നു.

ഓർഡർ... ഓർഡർ... സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(2018 ജൂൺ മാസം 6-ാം തീയതി ബുധനാഴ്ച രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതിനായി സഭ വൈകുന്നേരം 4.40-ന് പിരിഞ്ഞു.)

# XI അനുബന്ധം

## ആരോഗ്യ വകുപ്പുമന്ത്രി മേശപ്പുറത്തുവച്ച നിപ വൈറസ് ബാധയുമായി ബന്ധപ്പെട്ട വിശദാംശങ്ങൾ

തെക്ക കിഴക്കൻ ഏഷ്യയിലെ ചില രാജ്യങ്ങളിൽ കഴിഞ്ഞ ഇരുപത് വർഷത്തോളമായി ഉയർന്നുവന്നിട്ടുള്ള ഒരു പ്രധാന പൊതുജനാരോഗ്യ പ്രശ്നമാണ് നിപ വൈറസ് രോഗം. "പ്റ്ററോപ്പസ്" എന്ന ജനുസ്സിൽപ്പെട്ട പഴം തീനി വവ്വാലുകളാണ് (ഫ്രൂട്ട് ബാറ്റ്സ്/ഫ്ലയിംഗ് ഫോക്സ്) ഈ വൈറസിന്റെ സ്വഭാവിക സംഭരണി. അവയിൽ ചില ഘട്ടങ്ങളിൽ വൈറസിന്റെ അമിതമായ വർദ്ധനവുണ്ടാകുമ്പോൾ മാത്രമാണ് അത് പന്നി, കുതിര, ആട്, പട്ടി മുതലായ വളർത്തുമൃഗങ്ങളിലേയ്ക്കും മനുഷ്യരിലേയ്ക്കും എത്തിപ്പെടുന്നത്. ജനുവരി മുതൽ ജൂൺവരെയാണ് ഈ രോഗം കൂടുതലായി റിപ്പോർട്ട് ചെയ്യപ്പെടുന്നത്.

ഈ രോഗത്തിന്റെ മരണനിരക്ക് വളരെ കൂടുതലാണ്. ഇതിനെതിരെ വാക്സിനോ, മരുന്നോ ലഭ്യമല്ല. ഇന്ത്യയിൽ 2001-ൽ ബംഗ്ലാദേശിനടുത്തുള്ള വെസ്റ്റ് ബംഗാളിലെ 'സിലിഗുരി'യിലാണ് ആദ്യമായി നിപ വൈറസ് രോഗബാധ ഉണ്ടായിട്ടുള്ളത്. 66 പേർക്ക് രോഗബാധയും 45 പേർ മരിക്കുകയും ചെയ്തിരുന്നു. (മരണനിരക്ക് 68 ശതമാനം) തുടർന്ന് 2007-ൽ വെസ്റ്റ് ബംഗാളിലെതന്നെ 'നാദിയ' എന്ന ജില്ലയിൽ 5 പേർക്ക് രോഗബാധയുണ്ടാകുകയും അവരെല്ലാവരും മരണപ്പെടുകയും ചെയ്തിരുന്നു.

കേരളത്തിൽ 2018 മേയ് മാസം കോഴിക്കോട് ജില്ലയിലെ 'ചങ്ങരോത്ത്' പഞ്ചായത്തിലെ 9-ാം വാർഡിൽ താമസിക്കുന്ന ഒരു കുടുംബത്തിലെ മൂന്ന് പേർക്കാണ് ആദ്യമായി നിപ വൈറസ് രോഗബാധയും മരണവും സംഭവിച്ചിട്ടുള്ളത്. തുടർന്ന് ഇന്നുവരെ 18 പേർക്ക് നിപ രോഗം സ്ഥിരീകരിക്കുകയും 16 പേർ മരണപ്പെടുകയും ചെയ്തിട്ടുണ്ട്. ഇതിൽ 3 പേർ മലപ്പുറം ജില്ലയിലുള്ളവരാണ്. എല്ലാവരും ആദ്യം രോഗം ബാധിച്ച് മരിച്ചവരുമായി ഏതെങ്കിലും വിധത്തിൽ ബന്ധമുള്ളവരുമാണ്. ഈ കുടുംബത്തിൽപ്പെട്ട 2 സഹോദരങ്ങൾ മരണപ്പെട്ടപ്പോൾ രോഗലക്ഷണത്തെക്കുറിച്ച് സംശയം ഉയർന്ന ഉടൻ സാമ്പിളുകൾ മണിപ്പാലിലെ വൈറോളജി ഇൻസ്റ്റിറ്റ്യൂട്ടിലേയ്ക്ക് പരിശോധനയ്ക്കായി അയച്ചു. അതുകൊണ്ടുതന്നെ താമസിയാതെ നിപ വൈറസാണ് മരണകാരണമെന്ന് കണ്ടെത്താനായി.

ഇതറിഞ്ഞപ്പോൾ 18-5-2018-ന് കോഴിക്കോട് ജില്ലാ മെഡിക്കൽ ആഫീസറുടെ നേതൃത്വത്തിൽ ദ്രുതകർമ്മ സേനായോഗം വിളിച്ചുകൂട്ടുകയും ജില്ലാ കളക്ടറെ വിവരമറിയിക്കുകയും മേൽനടപടികളെക്കുറിച്ച് ചർച്ച ചെയ്യുകയും ചെയ്തു.

19-5-2018-ന് രാവിലെ ബഹുമാനപ്പെട്ട തൊഴിലും എക്സൈസും വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണൻ അവർകളുടെ നേതൃത്വത്തിൽ ജില്ലാ ദ്രുതകർമ്മസേനാംഗങ്ങളടക്കം യോഗം ചേർന്നു. ആരോഗ്യ വകുപ്പ് ഡയറക്ടർ ഡോ. സരിതയെ പിന്നീടുള്ള പ്രവർത്തനങ്ങളുടെ ഉത്തരവാദിത്വം ഏറ്റെടുക്കുന്നതിനായി സർക്കാർ കോഴിക്കോട് നിയോഗിച്ചു. അന്നുതന്നെ ആരോഗ്യ വകുപ്പുമന്ത്രിയുടെയും തൊഴിൽ വകുപ്പുമന്ത്രി ശ്രീ. റ്റി. പി. രാമകൃഷ്ണന്റെയും നേതൃത്വത്തിൽ ജില്ലയിലെ മുഴുവൻ ആശുപത്രി പ്രതിനിധികളും പങ്കെടുത്ത് മീറ്റിംഗ് നടത്തുകയുണ്ടായി. ആരോഗ്യ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും കോഴിക്കോട് കേന്ദ്രീകരിച്ച് തുടർന്നുള്ള പ്രവർത്തനങ്ങൾക്ക് നേതൃത്വം നൽകി. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ബഹുമാനപ്പെട്ട കേന്ദ്ര ആരോഗ്യ വകുപ്പുമന്ത്രിയും ഓരോ ഘട്ടത്തിലും സ്ഥിതിഗതികൾ വിലയിരുത്തിയിരുന്നു.

20-5-2018-ന് രാവിലെ 10 മണിക്ക് കോഴിക്കോട് ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ജില്ലാ ടാസ്ക് ഫോഴ്സ് രൂപീകരിക്കുകയും, പ്രവർത്തന രേഖ രൂപീകരിക്കുകയും പ്രതിരോധ പ്രവർത്തനം ഊർജ്ജിതമാക്കുന്നതിനുള്ള നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. ജില്ലയിലെ മെഡിക്കൽ ഓഫീസർമാരുടെ മീറ്റിംഗ് വിളിച്ചുകൂട്ടുകയും ചങ്ങരോത്ത് പ്രാഥമികാരോഗ്യ കേന്ദ്രത്തിന്റെയും പേരാമ്പ്ര താലൂക്ക് ആശുപത്രിയുടെയും പരിസരത്ത് മെഡിക്കൽ ക്യാമ്പ് നടത്തുകയും ചെയ്തു. ഇതോടൊപ്പം മൃഗസംരക്ഷണ വകുപ്പിന്റെ നേതൃത്വത്തിലുള്ള അന്വേഷണവും ആരംഭിച്ചു. രോഗം ബാധിച്ച വ്യക്തികളുമായി ബന്ധമുള്ള എല്ലാവരുടെയും വിവരം ശേഖരിക്കുകയും അവരെ ഹൗസ് ക്വാറന്റൈൻ ആക്കുകയും ചെയ്തു. ഇവരിൽ രോഗലക്ഷണമുള്ളവരെ പ്രത്യേക ആംബുലൻസിൽ മെഡിക്കൽ കോളേജിൽ എത്തിച്ചു.

20-ാം തീയതി മുതൽ നിപ വൈറസ് രോഗം സംശയിക്കുന്ന രോഗികൾക്കുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിൽ പ്രത്യേക നിരീക്ഷണ വാർഡ്, ഐസൊലേഷൻ വാർഡ് എന്നിവ തുറന്നു പ്രവർത്തിക്കുകയും ഈ വാർഡുകളിൽ പ്രവേശിപ്പിക്കപ്പെട്ട രോഗികളിൽനിന്നും മറ്റുള്ളവർക്ക് രോഗം പകരാതിരിക്കാനുള്ള മുൻകരുതലുകൾ സ്വീകരിക്കുകയും ചെയ്തു. 21-5-2018-നുതന്നെ കേന്ദ്ര ഗവൺമെന്റ് നിയോഗിച്ച വിദഗ്ദ്ധ സംഘം എത്തിച്ചേരുകയും സ്ഥിതിഗതികൾ വിലയിരുത്തി നിർദ്ദേശങ്ങൾ നൽകുകയും ചെയ്തു. നിപ വൈറസിനെതിരെ ബംഗ്ലാദേശിൽ (20-1-2010) രൂപീകരിച്ച

മാർഗ്ഗരേഖയും W.H.O.-യുടെ മാർഗ്ഗരേഖയും അടിസ്ഥാനപ്പെടുത്തി വിദഗ്ദ്ധസംഘം ഒരു മാർഗ്ഗരേഖയുണ്ടാക്കുകയും ആയത് എല്ലാ ജില്ലകളിലേയ്ക്കും അയയ്ക്കുകയും ചെയ്തു. 22-5-2018-ന് ജില്ലയിലെ പ്രധാനപ്പെട്ട സ്വകാര്യ ആശുപത്രികളിലും താലൂക്ക്/ജനറൽ ആശുപത്രികളിലും അടിയന്തര ചികിത്സയ്ക്കാവശ്യമായ സജ്ജീകരണങ്ങളൊരുക്കി.

മേയ് 23, 24, 25 തീയതികളിൽ ചങ്ങരോത്ത് സാബിത്ത് സുഹൃത്തുക്കളോടൊപ്പം അവസാന നാളുകളിൽ ജോലി ചെയ്തിരുന്ന സ്ഥലങ്ങളിൽ നിന്ന് environmental sample ശേഖരിച്ചു. മൃഗസംരക്ഷണ വകുപ്പ്, ഡിസാസ്റ്റർ മാനേജ്മെന്റ് അതോറിറ്റി, വനം വകുപ്പ്, റവന്യൂ വകുപ്പ്, ആഭ്യന്തര വകുപ്പ്, തദ്ദേശ സ്വയംഭരണ വകുപ്പ് പ്രതിനിധികളുടെ പങ്കാളിത്തത്തോടെ രോഗപ്രതിരോധ പ്രവർത്തനം ശക്തമാക്കി. രോഗചികിത്സയ്ക്ക് ആവശ്യമായ റിബാവൈറിൻ ഉൾപ്പെടെയുള്ള മരുന്നുകൾ ആവശ്യാനുസരണം ലഭ്യമാക്കി.

ജനങ്ങൾക്കിടയിലുള്ള ആശങ്കകൾ ദൂരീകരിക്കുന്നതിനായി രോഗത്തെപ്പറ്റിയും രോഗപ്രതിരോധ പ്രവർത്തനങ്ങളെപ്പറ്റിയും ദൃശ്യ-ശ്രാവ്യ മാധ്യമങ്ങളിൽ വാർത്തകൾ നൽകുകയും ജനങ്ങളുടെ ആശങ്കകൾ അകറ്റുകയും ചെയ്തു. അതോടൊപ്പം സാമൂഹ്യ മാധ്യമങ്ങളിൽക്കൂടിയുള്ള തെറ്റായ പ്രചരണങ്ങൾ നടത്തുന്നവർക്കെതിരെ നിയമ നടപടികൾ സ്വീകരിക്കുകയും ജനങ്ങൾക്ക് ശരിയായ മാർഗ്ഗനിർദ്ദേശങ്ങൾ നൽകുകയും ചെയ്തു.

1-6-2018-ന് നിപ വൈറസ് ബാധ രണ്ടാം ഘട്ടത്തിലേയ്ക്ക് കടന്നതായി സംശയിക്കപ്പെട്ട സാഹചര്യത്തിൽ രോഗ നിരീക്ഷണവും രോഗികളുമായി സമ്പർക്കം പുലർത്തിയിട്ടുള്ള വ്യക്തികളുടെ നിരീക്ഷണവും കൂടുതൽ ശക്തിപ്പെടുത്തുകയും ജാഗ്രതാ നിർദ്ദേശം എല്ലാ ജില്ലകൾക്കും നൽകുകയും ചെയ്തു.

ഐ.സി.എം.ആർ.-ന്റെ നിർദ്ദേശപ്രകാരം ചികിത്സാർത്ഥം വിദേശത്തു നിന്ന് ഹ്യൂമൺ മോണോക്ലോണൽ ആന്റിബോഡി 2-6-2018-ന് കേരളത്തിൽ എത്തിച്ചേരുകയും ആയത് ഇപ്പോൾ ജീവിച്ചിരിക്കുന്ന രോഗികൾക്ക് ഉപയോഗിക്കുന്നതിനുവേണ്ടി കോഴിക്കോട് മെഡിക്കൽ കോളേജിലേക്ക് എത്തിച്ചുകൊടുക്കുകയും ചെയ്തിട്ടുണ്ട്.

2-6-2018 രാവിലെ 10.30-ന് ഉള്ള റിപ്പോർട്ട് പ്രകാരം മലപ്പുറം ജില്ലയിൽ ഒരു കേസും കോഴിക്കോട് ജില്ലയിൽ 26 കേസുകളും ഉൾപ്പെടെ ആകെ 27 കേസ്സുകൾ നിപ സംശയിച്ച് നിരീക്ഷണത്തിലാണ്. 204 രോഗികളുടെ വിവിധ

സാമ്പിളുകൾ പരിശോധിച്ചതിൽ 18 പേർ നിപ ബാധിതരാണെന്ന് കണ്ടെത്തിയിട്ടുണ്ട്. ഇതിൽ 16 പേർ മരണപ്പെട്ടിട്ടുണ്ട്. ഇതിൽ രോഗികളെ പരിചരിച്ച നഴ്സ് ലിനി സജീഷും ഉൾപ്പെടുന്നു. 2 പേർ കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലാണ്. നിപ ബാധിതൻ എന്ന് സംശയിക്കുന്ന ആദ്യത്തെ വ്യക്തിയുടെ മരണം നിപയാണെന്ന് സ്ഥിരീകരിക്കാൻ കഴിഞ്ഞിട്ടില്ല.

ഇതുമായി ബന്ധപ്പെട്ട കാര്യങ്ങൾ പരിശോധിക്കുന്നതിനും തുടർ പ്രവർത്തനങ്ങൾ ആലോചിക്കുന്നതിനുംവേണ്ടി ആരോഗ്യ വകുപ്പുമന്ത്രിയും തൊഴിൽ വകുപ്പുമന്ത്രിയും ഗതാഗത വകുപ്പുമന്ത്രിയും പങ്കെടുത്തുകൊണ്ട് 25-5-2018-ന് കോഴിക്കോടും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ 4-6-2018-ന് തിരുവനന്തപുരത്തും സർവ്വകക്ഷിയോഗം വിളിച്ചു ചേർക്കുകയുണ്ടായി. കൂടാതെ 23-05-2018-ന് രാത്രി 10 മണിക്കും 3-6-2018-ന് ഉച്ചയ്ക്ക് 3 മണിക്കും മുഖ്യമന്ത്രിയുടെ നേതൃത്വത്തിൽ സംസ്ഥാനതലത്തിൽ ഉന്നത ഉദ്യോഗസ്ഥരുടെ യോഗം ചേർന്ന് സ്ഥിതിഗതികൾ വിലയിരുത്തി. കൂട്ടായ പ്രവർത്തനത്തോടെ ഒരു മഹാദുരന്തം ഒഴിവാക്കാൻ കഴിയുന്ന രീതിയിൽ നിപ വൈറസ് ബാധയെ നേരിടാൻ കേരളത്തിന് കഴിഞ്ഞു എന്നത് ആശ്വാസമാണ്. ഇൻകുബേഷൻ കാലാവധി കഴിയുന്നതുവരെ ഇപ്പോൾ കാണിക്കുന്ന ജാഗ്രതാ നിർദ്ദേശങ്ങൾ തുടരേണ്ടതുണ്ട്.

സോഷ്യൽ മീഡിയ വഴി ജനങ്ങളിൽ ഭീതി ജനിപ്പിക്കുന്ന പ്രചാരവേല നടത്തിയതിന് കേസുകൾ രജിസ്റ്റർ ചെയ്ത് അന്വേഷണം നടത്തിവരികയാണ്. സോഷ്യൽ മീഡിയ ഉൾപ്പെടെ വിവിധ മാധ്യമങ്ങൾ വഴിയും ലഘുലേഖകൾ വഴിയും ആരോഗ്യവകുപ്പും സംസ്ഥാനത്തിനകത്തും പുറത്തുമുള്ള വിവിധ ഡോക്ടർമാരും ജനങ്ങളുടെ ആശങ്കയകറ്റാനും ജാഗ്രത പാലിക്കാനും എന്തെല്ലാം കാര്യങ്ങൾ ശ്രദ്ധിക്കണമെന്നും പ്രചരണം നടത്തിയിട്ടുണ്ട്. അത് തുടർന്നും നടത്തേണ്ടതുണ്ട്. മാധ്യമങ്ങൾ ജനങ്ങളെ ബോധവൽക്കരിക്കുന്നതിന് സഹായകരമായി പ്രവർത്തിച്ചിട്ടുണ്ട്. കേരളം ആദ്യമായി നേരിട്ട ഈ പ്രതിസന്ധിയെ അതിജീവിക്കാൻ പ്രതിപക്ഷമടക്കമുള്ള എല്ലാ രാഷ്ട്രീയകക്ഷികളും ജനപ്രതിനിധികളും ഉദ്യോഗസ്ഥരും കേരളത്തിനകത്തും പുറത്തുമുള്ള ഡോക്ടർമാരുൾപ്പെടെയുള്ള ആരോഗ്യമേഖലയിലെ ജീവനക്കാരും സർക്കാർ-സ്വകാര്യ ആശുപത്രികളും മാധ്യമ പ്രവർത്തകരും കേന്ദ്ര മെഡിക്കൽ സംഘവും W.H.O.-യും അഭിനന്ദനാർഹമായ പങ്കാണ് വഹിച്ചത്. സ്വന്തം ആരോഗ്യം പോലും പരിഗണിക്കാതെയുള്ള സേവനമാണ് ഇവർ നിർവ്വഹിച്ചുവരുന്നത്. അതുമൂലമാണ് ഇത് നിയന്ത്രണവിധേയമാക്കാൻ കഴിഞ്ഞത്. ഇത്തരത്തിൽ സഹകരിച്ച എല്ലാവരുടെയും പ്രവർത്തനങ്ങൾ സർക്കാർ കൃതജ്ഞതയോടെ സ്മരിക്കുന്നു.

NIPA DETAILS -2018 ( up to 4-6-2018) updated on 5.00 pm

| District | Suspected Case | Un confirmed Death | Confirmed case | Confirmed Death |
|---|---|---|---|---|
| Trivandrum | | | | |
| Kollam | | | | |
| Pathanamthitta | | | | |
| Idukki | | | | |
| Kottayam | | | | |
| Alappuzha | | | | |
| Ernakulam | | | | |
| Thrissur | | | | |
| Palakkad | | | | |
| Malappuram | | | 4 | 3 |
| Kozhikode | 24 | 1 | 14 | 13 |
| Wayanad | | | | |
| kannur | | | | |
| Kasargod | | | | |
| Total | 24 | 1 | 18 | 16 |
| Total number of samples tested for NIPAH Virus :244<br>Total number of positive : 18<br>Total number of negatives :226 | | | | |

©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2021

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്. 2021